ശക്തിഭദ്രന്റെ *ആശ്ചര്യചൂഡാമണി* കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തർജ്ജമ ചെയ്തതിൽ നിന്നും.

3.87 തേൻ തരുന്ന കനി. . . (ജ്യോതി)

രഥോദ്ധത

തേൻ തരുന്ന കനി പാണ്ടിനാടു "തേൻ–
കായ"യെന്നു മൊഴിചാർത്തി നിൽക്കവേ
മെച്ചമാർന്ന നറുതേൻ കണക്കെയി–
ങ്ങുച്ചരിപ്പു മലയാളി തേങ്ങയിൽ!

3.88 മാറു ചേർത്ത വരനെ. . . (ഉമേഷ്)[21]

രഥോദ്ധത

മാറു ചേർത്ത വരനെപ്പുണർന്ന വാ–
മോരു നൽകി മുഖമാഗ്രഹിക്കവേ
ചാരുകാഞ്ചി തൊടുമാ വരന്റെ കൈ–
ത്താരു തട്ടൽ വളരെപ്പതുക്കെയായ്.

കണ്ടൂർ നാരായണമേനോന്റെ *കുമാരസംഭവം തർജ്ജമ*യിൽ (8:14) നിന്ന്.

3.89 ചന്ദ്രശേഖര, പ്രപഞ്ചനായകാ. . . (രാജേഷ്)[22]

രഥോദ്ധത

ചന്ദ്രശേഖര, പ്രപഞ്ചനായകാ,
സുന്ദരേശ, ഭവരോഗനാശകാ
മന്ദബുദ്ധികളിൽ നിന്നുമെന്നെ നീ
സന്തതം കരുണയോടു കാക്കണേ.

രാജേഷിന്റെ സ്വന്തം കൃതി.

3.90 മർത്യജന്മമിഹ. . . (വാസുദേവൻ)

രഥോദ്ധത

മർത്യജന്മമിഹ തന്നതങ്ഗനാ–
ഭൃത്യവേലയതിനോ, ഭവപ്രിയേ?
അസ്തു കൽപ്പിതമെനിക്കതെങ്കിൽ, നിൻ
നിത്യദാസ്യമടിയന്നു സമ്മതം.

3.91 ആറ്റിൻ വക്കിലൊടുക്കം. . . (ഉമേഷ്)[23]

ശാർദ്ദൂലവിക്രീഡിതം

ആറ്റിൻ വക്കിലൊടുക്കമച്ചഷകവും നീട്ടിക്കൃപാപൂർണ്ണനാ–
യുറ്റോരുത്സവമാർന്ന നിന്നുയിരിനെ പ്രത്യാഹരിച്ചീടുവാൻ
മുറ്റീടുന്ന കറുത്ത വീഞ്ഞിയലുമക്കാലൻ ക്ഷണിക്കുമ്പൊൾ നീ
ചെറ്റും പേടിയെഴാതെയൊറ്റവലിയാൽ വേഗം കുടിച്ചേക്കണം

Omar Khayyam-ന്റെ *Rubaiyat*-ന് എം. പി. അപ്പന്റെ തർജ്ജമയായ *ജീവിതോത്സവത്തിൽ* നിന്ന്.

---

[21] [*ഉമേഷ്*] ശ്ലോകം **3.88 :** മൂലശ്ലോകം (കാളിദാസൻ) :

സ്വ സ്വജേ പ്രിയമുരോനിപീഡിതം
പ്രാർത്ഥിതം മുഖമനേന നാഹരേത്
മേഖലാപനയലോലതാം ഗതം
ഹസ്തമസ്യ ശിഥിലം രുരോധ ച

[22] 'മ' എന്ന അക്ഷരത്തിനു രണ്ടു പേർ ശ്ലോകങ്ങളയച്ചപ്പോൾ ഇടയിൽ തിരുകാനായി അതേ വൃത്തത്തിൽ രചിച്ച ശ്ലോകം.

[23] [*ഉമേഷ്*] ശ്ലോകം **3.91 :** മൂലപദ്യം (ഉമർ ഖയ്യാം) :

So when that Angel of the darker Drink
At last shall find you by the river-brink
And, offering his Cup, invite your Soul
Forth to your Lips to quaff–you shall not shrink!

3.92 മർത്യാകാരേണ ഗോപീ. . . (ഹരി)

സ്രഗ്ധര

മർത്യാകാരേണ ഗോപീവസനനിര കവർന്നോരു ദൈത്യാരിയെത്തൻ
ചിത്തേ ബന്ധിച്ച വഞ്ചീശ്വര! തവ നൃപനീതിക്കു തെറ്റില്ല, പക്ഷേ
പൊൽത്താർ മാതാവിതാ തൻ കണവനെ വിടുവാനാശ്രയിക്കുന്ന ദാസീ–
വൃത്യാ നിത്യം ഭവാനെ, ക്കനിവവളിലുദിക്കൊല്ല കാരുണ്യരാശേ!

കവി : ഒറവങ്കര

3.93 പാലിൽച്ചായയൊഴിയ്ക്കയോ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പാലിൽച്ചായയൊഴിയ്ക്കയോ ഗ്രണകരം? ചേലോടെയച്ചായതൻ-
മേലേ പാലതൊഴിയ്ക്കയോ ഗ്രണകരം? തർക്കിച്ചു വീട്ടമ്മമാർ
പാലും ചായയുമൊന്നിനൊന്നുപകരം ചാലിച്ചു ചാലിച്ചു പോയ്
പാലിൽ ചായയൊഴിയ്ക്കുകെന്നു വിധിയായ്, ചാലേ ഗവേഷിപ്പവർ!

ഏവൂർ പരമേശ്വരന്റെ *മോഡേൺ മുക്തകങ്ങളിൽ* നിന്ന്.

3.94 പണ്ടേയുണ്ടു മനുഷ്യനിഗ്ഗുണ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

പണ്ടേയുണ്ടു മനുഷ്യനിഗ്ഗുണപുരോഭാഗിത്വ, മദ്ദുർഗ്ഗുണം
കണ്ടേറുന്ന വിവേകശക്തിയതിനെക്കൊന്നില്ലയിന്നേവരെ.
മിണ്ടേണ്ടാ കഥ - ഹന്ത, യിന്നിതു വെറും മൂർഖത്വമോ മോഹമോ
വണ്ടേ, നീ തുലയുന്നു, വീണയി വിളക്കും നീ കെടുക്കുന്നിതേ!

കുമാരനാശാന്റെ *പ്രരോദന*ത്തിൽ നിന്ന്.

3.95 മൂടില്ലാത്തൊരു മുണ്ടുകൊണ്ടു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

മൂടില്ലാത്തൊരു മുണ്ടുകൊണ്ടു മുടിയും മൂടീട്ടു വൻ കറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തു തിരുകി പ്രാഞ്ചിക്കിതച്ചങ്ങിനെ
നാടൻ കച്ചയുടുത്തു മേനിമുഴുവൻ ചേറും പുരണ്ടിപ്പൊഴീ–
പ്പാടത്തുന്നു വരുന്ന നിൻ വരവു കണ്ടേറെക്കൊതിക്കുന്നു ഞാൻ

കവി : പൂന്തോട്ടത്തു നമ്പൂതിരി

3.96 നീയിന്ത്യയ്ക്കൊരു ശാപമായി. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

നീയിന്ത്യയ്ക്കൊരു ശാപമായിവരുമെന്നാരോർത്തു! യജ്ഞപ്പുക–
ത്തീയിൽപ്പണ്ടു കരുത്ത മാനവമഹാസംസ്കാരമല്ലല്ലി നീ?
ചായില്യങ്ങൾ വരച്ച പൊയ്മുഖവുമായ് നിൻ മന്ത്രവാദം നിന–
ക്കീയില്ലത്തു നിറുത്തുവാൻ സമയമായില്ലേ, സമൂഹാന്ധതേ?

കവി: വയലാർ

3.97 ചെന്നായിൻ ഹൃത്തിനും ഹാ. . . (ഉമേഷ്)

സ്രഗ്ധര

ചെന്നായിൻ ഹൃത്തിനും ഹാ, ഭുവി നരഹൃദയത്തോളമയ്യോ, കടുപ്പം
വന്നിട്ടില്ലാ, ഭൂജിപ്പൂ മനുജനെ മനുജൻ, നീതി കൂർക്കം വലിപ്പൂ,
നന്നാവില്ലിപ്രപഞ്ചം, ദുരയുടെ കൊടിയേ പൊങ്ങൂ, നാറ്റം സഹിച്ചും
നിന്നീടാനിച്ഛയെന്നോ? മഠയ, മനുജ, നീ പോകൂ, മിണ്ടാതെ പോകൂ!

കവി : ചങ്ങമ്പുഴ

3.98 നാരീമൗലികൾ വന്നണഞ്ഞ്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നാരീമൗലികൾ വന്നണഞ്ഞടിതൊഴുന്നെന്നോമനപ്പുത്രിയാൾ
“സാരീഗാമപധാനി”യെന്ന സരസം സപ്തസ്വരം സാദരം
സ്ഫാരീഭൂതവിലാസമോടു നിയതം പാടുന്നതിൻ ധാടി കേ–
ട്ടാരീ വത്സല ഭാവമോടിനി രസിച്ചീടുന്ന കൂട്ടം മുദാ?

കെ. സി. കേശവപിള്ളയുടെ *ആസന്ന മരണ ചിന്താശതകത്തിൽ* നിന്ന്.

3.99 സാനന്ദം സുപ്രഭാതോദയ. . . (ഹരി)

സ്രഗ്ധര

സാനന്ദം സുപ്രഭാതോദയ മഹിമ പുകഴ്ത്തുന്ന പക്ഷിവ്രജത്തിൻ
ഗാനത്താലോ ഗവാക്ഷം വഴി ദിനമണി തൻ കൈകളാൽ പുൽകയാലോ
തേനഞ്ചും വാണിയാളേ, ചുടലയൊടു സമീപിച്ച നിൻ ദീർഘ നിദ്ര–
യ്ക്കുനം പറ്റില്ല, നിൻ കണ്ണുകൾ നിയതി നിയോഗത്തിനാൽ മുദ്രിതങ്ങൾ

വി. സി. ബാലകൃഷ്ണപ്പണിക്കരുടെ *ഒരു വിലാപത്തിൽ* നിന്ന്.

3.100 തെണ്ടേണം പല ദിക്കിൽ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

തെണ്ടേണം പല ദിക്കിൽ നാഥനു തുണയ്, ക്കെന്നാലുമന്നന്നു കോൽ
കൊണ്ടേറെ പ്രഹരം സഹിക്കണമഹോ പെട്ടത്തലയ്ക്കാണതും.
പണ്ടേ നീ പരതന്ത്രനാം, കയർ വരിഞ്ഞംഗങ്ങൾ ബദ്ധങ്ങളായ്,
ചെണ്ടേ നിന്റെയകത്തെ വേദന പുറത്താരുണ്ടറിഞ്ഞീടുവാൻ?

കവി: ടി. എം. വി.

3.101 പദ്യം നൂറു തികഞ്ഞു. . . (ഉമേഷ്)[24]

ശാർദ്ദൂലവിക്രീഡിതം

പദ്യം നൂറു തികഞ്ഞു, ശാസ്ത്രയുഗമാമിന്നക്ഷരശ്ലോകമാം
വിദ്യയ്ക്കിത്രയുമാളിരിപ്പതതിയാമാഹ്ലാദമേകുന്നു മേ!
ഹൃദ്യം ശ്ലോകവിശിഷ്ടഭോജ്യമിനിയും നൽകേണമീ സാഹിതീ–
സദ്യയ്ക്കേവരു, മെൻ കൃതജ്ഞതയിതാ നിങ്ങൾക്കു നൽകുന്നു ഞാൻ!

ഉമേഷിന്റെ സ്വന്തം കൃതി.

3.102 ഹലധാരിയായ ബലരാമനോടു. . . (ജ്യോതി)

മഞ്ജുഭാഷിണി

ഹലധാരിയായ ബലരാമനോടു ചേർ–
ന്നുലകിന്റെ ഭാരമഖിലം ഹരിയ്ക്കുവാൻ
അവതാരമാർന്ന ഹരി കട്ട ശുദ്ധമാം
നവനീത ഗോപവനിതാമനസ്സുകൾ

3.103 അമ്പാടിക്കൊരു ഭ്രഷണം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

അമ്പാടിക്കൊരു ഭ്രഷണം, രിപുസമൂഹത്തിന്നഹോ ഭീഷണം,
പൈമ്പാൽ വെണ്ണ തയിർക്കു മോഷണ, മതിക്രൂരാത്മനാം പേഷണം,
വൻപാപത്തിനു ശോഷണം, വനിതമാർക്കനന്ദസംപോഷണം,
നിൻപാദം മതി ഭ്രഷണം - ഹരതു മേ മഞ്ജീരസങ്ഘോഷണം

പൂന്താനത്തിന്റെ *ശ്രീകൃഷ്ണകർണ്ണാമൃത*ത്തിൽ നിന്നും.

3.104 വീർത്തുന്തും വയറേന്തി. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വീർത്തുന്തും വയറേന്തി നൊന്തു വിവശം പെറ്റോരു മാതാവിനേ
തീർത്തും തീവ്രമപത്യദുഃഖമറിയൂ സാരാജ്ഞനഹീര, പ്രഭോ;
പേർത്തും മക്കൾ മരിച്ചതോർത്തുമഴലാൽ ചീർത്തും ചുടുക്കണ്ണുനീർ
വാർത്തും വാണിടുമെന്റെ ദുർദ്ദശ കൃപിക്കെന്നാളുമുണ്ടാകൊലാ

പ്രേംജിയുടെ *നാൽക്കാലി*കളിൽ നിന്ന്.

3.105 പശുക്കിടാവായൊരു. . . (വിശ്വപ്രഭ)

ഉപേന്ദ്രവജ്ര

പശുക്കിടാവായൊരു പാപി വന്നു
ശിശുക്കൾ കൂട്ടത്തിലടുത്ത നേരം
വശത്തു വെച്ചങ്ങു വധിച്ചു കണ്ണൻ
നശിക്കുമല്ലായ്കിലി വിശ്വമെല്ലാം

3.106 വിശ്വാധീശം ഗിരീശം. . . (കർത്താ)

സ്രുദ്ധര

വിശ്വാധീശം ഗിരീശം കതിചിദഭിജുഹുഃ കേശവം കേചിദാഹു–
സ്തേഷ്വിത്യന്യോന്യ വാദവ്യതികര വിവശേഷ്വന്തരുദ്യദ്ദയാർദ്രഃ

[24] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. E-sadass 100 ശ്ലോകങ്ങൾ തികച്ചപ്പോൾ എഴുതിയത്.

യസ്സാക്ഷാദ് ത്രയ സാക്ഷാദുപദിശതിപരം തത്ത്വമദ്വൈതമാദ്യം
സോയം വിശ്വൈകവന്ദ്യോ ഹരിഹര തനയഃ പൂരയേന്മങ്ഗളം വഃ

എണ്ണയ്ക്കാട്ടു രാജരാജവർമ്മ തകഴി ശാസ്താവിനെപ്പറ്റി എഴുതിയത്.

3.107 യുക്തിശ്രീനയനങ്ങളിൽത്തളിക. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

യുക്തിശ്രീനയനങ്ങളിൽത്തളികയിറ്റീടുന്ന ശീതാഞ്ജനം
മുക്തിശ്രീകബരീഭരത്തിലനിശം ചൂടുന്ന ചന്ദ്രക്കല
ഭക്തിശ്രീതിരുനാവുകൊണ്ടു നകരും ദിവ്യാനുരാഗാമൃതം
സേവിച്ചീടുക രാമനാമദശമൂലാരിഷ്ടമെല്ലായ്പ്പൊഴും

കവി : **ഓട്ടൂർ ഉണ്ണിനമ്പൂതിരി**

3.108 ഭവാനുഭവ യോഗ്യമാം. . . (കർത്താ)

പൃഥ്വി

ഭവാനുഭവ യോഗ്യമാം ഭുവനഭാഗ്യമേ! പങ്കജോദ്–
ഭവാബ്ജിഭവനാദി ഭക്തജന ഭുക്തിമുക്തിപ്രദേ!
ഭവാനിഭയമാറ്റണേ, ഭവദനുഗ്രഹം തെറ്റിയാൽ
ഭവാനി! ഭവനും ഭവദ്ഭവഭയം ഭവിക്കും ഭൃശം

കവി : **കണ്ടൂർ നാരായണ മേനോൻ**

3.109 ഭങ്ഗ്യാ ഭാസുരഗാത്രിയാകുമിവളെ. . . (ഹരി)[25]

ശാർദ്ദൂലവിക്രീഡിതം

ഭങ്ഗ്യാ ഭാസുരഗാത്രിയാകുമിവളെസ്സൃഷ്ടിച്ചവൻ ബ്രഹ്മനോ?
ശൃങ്ഗാരി സ്മരനോ? സിതാംശു ഭഗവാൻ താനോ? വസന്താഖ്യനോ?
മങ്ങാതോത്തു മുഷിഞ്ഞിരുന്നരുകഴിച്ചിഗ്ഗന്ധമില്ലാത്തൊരാ–
ച്ചങ്ങാതിക്കിഴവൻ മുനിക്കിവളെ നിർമ്മിപ്പാൻ തനിച്ചാകുമോ?

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ *വിക്രമോർവ്വശീയം* തർജ്ജമയിൽ നിന്ന്.

3.110 മല്ലാരിപ്രിയയായ ഭാമ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മല്ലാരിപ്രിയയായ ഭാമ സമരം ചെയ്തീലയോ? തേർ തെളി–
ച്ചില്ലേ പണ്ടു സുഭദ്ര? പാരിതു ഭരിക്കുന്നില്ലെ വിക്ടോറിയാ?
മല്ലാക്ഷീമണികൾക്കു പാടവമിവയ്ക്കെല്ലാം ഭവിച്ചീടുകിൽ
ചൊല്ലേറും കവിതയ്ക്ക മാത്രമവരാളല്ലെന്നു വന്നീടുമോ?

ഇക്കാവമ്മയുടെ *സുഭദ്രാധനഞ്ജയം* നാടകത്തിൽ നിന്ന്.

3.111 മണ്ണിലുണ്ടു കരിവിണ്ണിലുണ്ടു. . . (ജ്യോതി)

കുസുമമഞ്ജരി

മണ്ണിലുണ്ടു കരിവിണ്ണിലുണ്ടു കളിയാടിടുന്ന കലമാനിലും

[25] [*ഉമേഷ്*] ശ്ലോകം **3.109 :** മൂലശ്ലോകം (**കാളിദാസൻ**):

അസ്യാഃ സർഗ്ഗവിധൗ പ്രജാപതിരഭൂച്ചന്ദ്രോ നു കാന്തപ്രദഃ
ശൃങ്ഗാരൈകരസഃ സ്വയം നു മദനോ മാസോ നു പുഷ്പാകരഃ
വേദാഭ്യാസജഡഃ കഥം നു വിഷയവ്യാവൃത്തകൗളൂഹലോ
നിർമ്മാതും പ്രഭവേന്മനോഹരമിദം ത്രുപോ പുരാണോ മുനിഃ?

കണ്ണിറുക്കി നറുപാൽ കുടിയ്ക്കുമൊരു പൂച്ച, പൂ, പുഴ, പശുക്കളിൽ
കണ്ണിനുള്ള വിഷയങ്ങളായവയിലൊക്കെ രാധികയറിഞ്ഞതാ
വെണ്ണ കട്ടവനെ; യന്നു തൊട്ടു ഹരി കണ്ണനെന്ന വിളി കേട്ടുപോൽ!

കവി : പി. സി. മധുരാജ്

3.112 കാടല്ലേ നിന്റെ ഭർത്താവിനു. . . (ഉമേഷ്)

സ്രഗ്ധര

"കാടല്ലേ നിന്റെ ഭർത്താവിനു ഭവന?" – "മതേ, നിന്റെയോ?"; "നിന്മണാളൻ
ചൂടില്ലേ പന്നഗത്തെ?" – "ശ്ശരി, തവ കണവൻ പാമ്പിലല്ലേ കിടപ്പൂ?";
"മാടല്ലേ വാഹനം നിൻ ദയിത" – "നതിനെയും നിൻ പ്രിയൻ മേയ്പ്പതില്ലേ?";
"കൂടില്ലേ തർക്ക" - മെന്നങ്ങുമ രമയെ മടക്കും മൊഴിയ്ക്കായ് തൊഴുന്നേൻ!

കവി : വെണ്മണി മഹൻ

3.113 മല്ലന്മാർക്കിടിവാൾ. . . (ഋഷി)[26]

ശാർദ്ദൂലവിക്രീഡിതം

മല്ലന്മാർക്കിടിവാൾ, ജനത്തിനരചൻ, മീനാങ്കനേണാക്ഷിമാർ–
ക്കില്ലത്തിൽ സഖി വല്ലവർ,ക്കരി ഖലർ,ക്കന്നന്ദനോ നന്ദനൻ,
കാലൻ കംസനു, ദേഹികൾക്കിഹ വിരാൾ, ജ്ഞാനിക്കു തത്ത്വം പരം,
മൂലം വൃഷ്ണികുലത്തിനെന്നു കരുതീ മാലോകരക്കണ്ണനെ.

*ഭാഗവത*ത്തിലെ ഒരു ശ്ലോകത്തിനു **ഏ. ആർ. രാജരാജവർമ്മ**യുടെ തർജ്ജമ.

3.114 കട്ടിന്മേൽ മൃദുമെത്തയിട്ട്. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കട്ടിന്മേൽ മൃദുമെത്തയിട്ടതിനുമേലേറെഗ്ഗുണം ചേർന്നിടും
പട്ടും മറ്റുവിശേഷമുള്ളവകളും നന്നായ് വിരിച്ചങ്ങിനെ
ഇഷ്ടം പോലെ കിടന്നുറങ്ങുമവരാപ്പാറപ്പുറത്തേറ്റവും
കഷ്ടപ്പെട്ടു കിടന്നതോർത്തധികമായുൾത്താരു കത്തുന്നു മേ.

നടുവത്തച്ഛന്റെ *ഭഗവദ്ദൂത്* നാടകത്തിൽ നിന്ന്.

3.115 ഈവണ്ണമമ്പൊടു. . . (കർത്താ)

വസന്തതിലകം

ഈവണ്ണമമ്പൊടു വളർന്നഥ നിന്റെയങ്ഗ–
മാവിഷ്കരിച്ചു ചില ഭങ്ഗികൾ മോഹനങ്ങൾ
ഭാവം പകർന്നു വദനം, കവിൾ കാന്തിയാർന്നു,
പൂവേ! അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു.

കുമാരനാശാന്റെ *വീണപൂവിൽ* നിന്ന്.

3.116 ഭക്ത്യാ ഞാനെതിരേ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭക്ത്യാ ഞാനെതിരേ കൂളിച്ചു ഭഗവത്പാദാരവിന്ദങ്ങളെ–
ച്ചിത്തേ ചേർത്തൊരരക്ഷണം മിഴിയടച്ചമ്പോടിരിക്കും വിധൗ
അപ്പോൾ തോന്നിയെനിക്കു ബാലശശിയും കോടീരവും ഗങ്ഗയും
ബ്രഹ്മന്റേ തലയും കറുത്ത ഗളവും മറ്റുള്ള ഭൂതാക്കളും

കവി : ചേലപ്പറമ്പു നമ്പൂതിരി

3.117 അഭ്യുദ്ഗച്ഛദഖണ്ഡശീത. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അഭ്യുദ്ഗച്ഛദഖണ്ഡശീതകിരണാഹങ്കാരസർവങ്കഷ–
സ്ഫായന്മഞ്ജിമസമ്പദാനനഗളത്കാരുണ്യമന്ദസ്മിതം
ഖദ്യോതായുതകോടിനിസ്തുലമഹസ്സന്ദോഹപാരമ്പരീ–
ഖദ്യോതീകരണപ്രവീണസുഷമം വാതാലയേശം ഭജേ

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ *ശ്രുവായുപുരേശസ്തവത്തിൽ* നിന്ന്.

3.118 ഖേദത്രാസനിമിത്തമിപ്പൊഴളവാം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഖേദത്രാസനിമിത്തമിപ്പൊഴളവാം സ്വേദാംബുവാൽ തിങ്കളിൻ
പാദം കൊണ്ടു കിനിഞ്ഞ ചന്ദ്രമണി ചേർന്നുണ്ടായ ഹാരത്തിനെ
ഖേദിപ്പിച്ചിടുമിക്കരം പ്രിയതമേ, വൈദേഹി, യെൻ ജീവനാ–
മോദം നൽകുവതിന്നു വേണ്ടിയുടനെൻ കണ്ഠത്തിലർപ്പിക്കെടോ!

ഭവഭൂതിയുടെ *ഉത്തരരാമചരിതം നാടക*ത്തിനു **ചാത്തുക്കുട്ടി മന്നാടിയാ**രുടെ തർജ്ജമയിൽ നിന്ന്.

3.119 ഖണ്ഡിക്ക വഹ്നിയതിൽ. . . (ഹരി)[27]

വസന്തതിലകം

ഖണ്ഡിക്ക വഹ്നിയതിലിട്ടതിതാപമേറ്റി–
ട്ടുണ്ഡിക്കയെന്നിവയിലില്ലൊരു ദുഃഖവും മേ
കുന്നിക്കെഴുന്ന കുരുവോടു സുവർണ്ണമാകു–
മെന്നൊക്കലർത്തിയിഹ തുക്കുവതാണു കഷ്ടം

കെ. സി കേശവപിള്ളയുടെ സുഭാഷിത രത്നാകരത്തിൽ നിന്ന്.

3.120 കണ്ടാൽ ശരിയ്ക്കു കടലിന്മകൾ. . . (ഉമേഷ്)

വസന്തതിലകം

കണ്ടാൽ ശരിയ്ക്കു കടലിന്മകൾ, നാവിളക്കി–

[26] [*ഉമേഷ്*] ശ്ലോകം **3.113 :** മൂലശ്ലോകം:

മല്ലാനാമശനിർ, നൃണാം നരവരഃ, സ്ത്രീണാം സ്മരോ മൂർത്തിമാൻ,
ഗോപാനാം സ്വജനോ∫സതാം ക്ഷിതിഭുജാം ശാസ്താ, സ്വപിത്രോഃ ശിശുഃ
മൃത്യുർഭോജപതേർ, വിരാഡവിദുഷാം, തത്വം പരം യോഗിനാം,
വൃഷ്ണീനാം കലദേവതേതി വിദിതോ രങ്ഗം ഗതഃ സാഗ്രജഃ

[27] ഈ ശ്ലോകം മുതൽ ചെറിയ വൃത്തങ്ങ(19-ൽ കുറച്ച് അക്ഷരങ്ങൾ ഒരു വരിയിലുള്ളവ)ളിലുള്ള ശ്ലോകങ്ങൾ മാത്രം ചൊല്ലാനുള്ള ഒരു അഭ്യാസം നടന്നു. അത് ശ്ലോകം 151 വരെ നീണ്ടു.

ക്കൊണ്ടാൽ സരസ്വതി, കൃപാണിയെടുത്തു നിന്നാൽ
വണ്ടാറണിക്കുഴലി ദുർഗ്ഗ, യിവണ്ണമാരും
കൊണ്ടാടുമാറു പല മട്ടു ലസിച്ചിരുന്നു.

ഉള്ളൂരിന്റെ *ഉമാകേരള*ത്തിൽ നിന്ന്.

3.121 വൈരാഗ്യമേറിയൊരു. . . (രാജേഷ്)

വസന്തതിലകം

വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേറ്റ–
വൈരിയ്ക്കു മുമ്പുഴറിയോടിയ ഭീരുവാട്ടെ
നേരേ വിടർന്നു വിലസീടിന നിന്ന നോക്കി–
യാരാകിലെന്തു, മിഴിയുള്ളവർ നിന്നിരിക്കാം.

കുമാരനാശാന്റെ *വീണ പൂവിൽ* നിന്ന്.

3.122 നാരായണൻ തന്റെ. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നാരായണൻ തന്റെ പദാരവിന്ദം
നാരീജനത്തിന്റെ മുഖാരവിന്ദം
മനുഷ്യനായാലിവരണ്ടിലൊന്നു
നിനച്ചുവേണം ദിവസം കഴിപ്പാൻ

3.123 മഹീപതേ ഭാഗവതോപമാനം. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മഹീപതേ ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാം
അർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്

കവി : രാമപുരത്തു വാര്യർ

3.124 നിന്ദന്തു നീതിനിപുണാഃ. . . (ഉമേഷ്)

വസന്തതിലകം

നിന്ദന്തു നീതിനിപുണാഃ യദി വാ സ്തുവന്തു
ലക്ഷ്മീ സമാവിശതു ഗച്ഛതു വാ യഥേഷ്ടം
അദ്യൈവ വാ മരണമസ്തു യുഗാന്തരേ വാ
ന്യായ്യാത് പഥഃ പ്രവിചലന്തി പദം ന ധീരാഃ

ഭർത്തൃഹരിയുടെ *നീതിശതക*ത്തിൽ നിന്ന്.

3.125 അങ്ഗത്തിലെങ്ങുമണിയാത്തൊരു. . . (രാജേഷ്)[28]

വസന്തതിലകം

അംഗത്തിലെങ്ങുമണിയാത്തൊരു ഭ്രഷണം താൻ

[28] [*ഉമേഷ്*] **ശ്ലോകം 3.125 :** മൂലശ്ലോകം (കാളിദാസൻ) :

അസംഭൃതം മണ്ഡനമങ്ഗയഷ്ടേ–
രനാസവാഖ്യം കരണം മദസ്യ
കാമസ്യ പുഷ്പവ്യതിരിക്തമസ്ത്രം
ബാല്യാത് പരം സാഥ വയഃ പ്രപേദേ.

മദ്യാഖ്യയെന്നിയെ മദത്തിനു കാരണം താൻ
കാമനു പൂമലരൊഴിഞ്ഞൊരു സായകം താൻ
ബാല്യം കഴിഞ്ഞൊരു വയസ്സുവളാശ്രയിച്ചാൾ

ഏ. ആർ. രാജരാജ വർമ്മയുടെ *കുമാരസംഭവം തർജ്ജമ* (1:30) യിൽ നിന്ന്.

3.126 കല്പദ്രുകല്പദ്രുപദേന്ദ്ര. . . (ഹരി)

ഇന്ദ്രവജ്ര

കല്പദ്രുകല്പദ്രുപദേന്ദ്ര പൃത്ഭീ–
സാരസ്യ സാരസ്യ നിവാസ ഭ്രമിം
നാളീക നാളീക ശരാർദ്ദിതാസാ
മന്ദാക്ഷമന്ദാക്ഷരമേവമൂചേ

കവി : കോട്ടയത്തു തമ്പുരാൻ

3.127 ന യത്ര സ്ഥേമാനം. . . (കർത്താ)

ശിഖരിണി

ന യത്ര സ്ഥേമാനം ദധുരതിഭയോദ്ഭ്രാന്തനയനാ
ഗളദ്ദാനോദ്ദാമഭ്രമദളികദംബാഃ കരടിനഃ
ലുഠന്മുക്താഹാരേ ഭവതി പരലോകം ഗതവതോ
ഹരേരദ്യ ദ്വാരേ ശിവശിവ! ശിവാനാം കളകളഃ

കവി : പടുത്തോൾ വിദ്വാൻ നമ്പൂതിരിപ്പാട്

3.128 ലീലാരണ്യേ വിഹഗമൃഗയാ. . . (ഉമേഷ്)

മന്ദാക്രാന്ത

ലീലാരണ്യേ വിഹഗമൃഗയാലോലനായേകദാ ഞാൻ
നീലാപാംഗേ, കമപി നിഹനിച്ചീടിനേൻ നീഡജത്തെ
മാലാർന്നാരാൽ മരുവുമിണയെക്കണ്ടു നീ താം ച നേത്രം
കാലാഗാരം സപദി കൃപയാ കാതരേ, ചൊല്ലിയില്ലേ?

കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ *മയൂരസന്ദേശ*ത്തിൽ നിന്ന്.

3.129 മായാവിനാഥ ഹരിണാകഥി. . . (കർത്താ)

വസന്തതിലകം

മായാവിനാഥ ഹരിണാകഥി സാരസേന–
പൃത്വീപ്രപൂജ്യവദനേ സ്ഫുട സാരസേന
ഹാ ദ്വേഷപാത്രമഹമസ്ത്യുരുസാരസേന–
ഭ്രമീഭൃതാം ത്വയി പരം തമസാ രസേന

കുട്ടമത്തുത് ചെറിയ രാമക്കുറുപ്പിന്റെ *രുക്മിണീ സ്വയംവരം* യമക കാവ്യത്തിൽ നിന്ന്.

3.130 ഹാ ജന്യസീമ്നി പല. . . (ഉമേഷ്)

വസന്തതിലകം

ഹാ! ജന്യസീമ്നി പല യോധഗണത്തെയൊറ്റയ്–
ക്കോജസ്സു കൊണ്ടു വിമഥിച്ച യുവാവു തന്നെ
വ്യാജപ്പയറ്റിൽ വിജയിച്ചരുളുന്ന ദൈത്യ–
രാജന്നെഴും സചിവപുംഗവ, മംഗളം തേ!

വള്ളത്തോളിന്റെ *ബന്ധനസ്ഥനായ അനിരുദ്ധനിൽ* നിന്ന്.

3.131 വ്യാളം വിഭ്രതിയിവ. . . (രാജേഷ്)

വസന്തതിലകം

വ്യാളം വിഭ്രതിയിവ പൂ, ണ്ടഖിലാഗമങ്ങൾ–
ക്കാലംബമായ്, ഭൃതഗ്രഹത്വമൊടൊത്തുകൂടി,
കോലം ശിവാകലിതമാക്കിയുമിഗ്ഗിരീശൻ
ശ്രീലദ്രിജാധിപനെ മൗലിയിലേന്തിടുന്നു.

ഉള്ളൂരിന്റെ *ഉമാകേരള*ത്തിൽ നിന്ന്.

3.132 കിഴവനെ യുവാവാക്കും. . . (ഉമേഷ്)

ഹരിണി

കിഴവനെ യുവാവാക്കും വാക്കും തിലപ്രസവപ്രഭയ്–
ക്കഴലന്നദിനം മൂക്കും മൂക്കും മിന്നത്തൊരു ഗണ്ഡവും
മിഴികളടിയാലാക്കും ലാക്കും തകർപ്പൊരു കാറണി–
ക്കുഴലിയിവൾ തൻ നോക്കും നോക്കും തരുന്നൊരു കൗതുകം.

കുട്ടമത്തിന്റെ ഒരു യമകശ്ലോകം.

3.133 മുമ്പിൽ ഗമിച്ചീടിന ഗോവു. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മുമ്പിൽ ഗമിച്ചീടിന ഗോവു തന്റെ
പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം
ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം

കൃഷ്ണൻ നമ്പ്യാരുടെ *ശ്രീകൃഷ്ണചരിതം മണിപ്രവാള*ത്തിൽ നിന്ന്.

3.134 ഒരല്ലലില്ലെങ്കിലെനിക്കു. . . (രാജേഷ്)

ഉപേന്ദ്രവജ്ര

ഒരല്ലലില്ലെങ്കിലെനിക്കു കല്പാ–
യിരിക്കലാണെത്രെയുമേറെയിഷ്ടം
മരിച്ചുപോം മർത്യതയെന്തിനായി–
ക്കരഞ്ഞിടാനും കരയിച്ചിടാനും.

നാലാപ്പാട്ടു നാരായണമേനോന്റെ *കണ്ണുനീർത്തുള്ളി*യിൽ നിന്ന്.

3.135 മഞ്ഞുത്വമാർന്ന മണിരാശി. . . (ഹരി)[29]

വസന്തതിലകം

മഞ്ഞുത്വമാർന്ന മണിരാശി പെരും മലയ്ക്ക
മഞ്ഞിന്റെ ബാധയഴകിന്നൊരു ഹാനിയല്ല
മുങ്ങുന്നപോൽ ഗുണഗണങ്ങളിലൊറ്റ ദോഷ–
മങ്കം ശശാങ്കകിരണങ്ങളിലെന്നപോലെ

ഏ. ആർ രാജരാജ വർമ്മയുടെ *കുമാരസംഭവം തർജ്ജമ*യിൽ നിന്ന്.

[29] [*ഉമേഷ്*] ശ്ലോകം **3.135 :** മൂലശ്ലോകം (കാളിദാസൻ) :

അനന്തരത്നപ്രഭവസ്യ യസ്യ
ഹിമം ന സൗഭാഗ്യവിലോപി ജാതം
ഏകോ ഹി ദോഷോ ഗുണസന്നിപാതേ
നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ

3.136 മണപ്പിച്ചു ചുംബിച്ചു. . . (ഉമേഷ്)

ഭുജംഗപ്രയാതം

മണപ്പിച്ചു ചുംബിച്ചു നക്കിക്കടിച്ചി–
ട്ടിണങ്ങാതെ താഴത്തെറിഞ്ഞാൻ കുരങ്ങൻ
മണിശ്രേഷ്ഠ! മാഴ്ചാല്ല, നിന്നുള്ള കാണ്മാൻ
പണിപ്പെട്ടടയ്ക്കാഞ്ഞതേ നിന്റെ ഭാഗ്യം!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ

3.137 മാതേവ രക്ഷതി പിതേവ ഹിതേ. . . (ഹരി)

വസന്തതിലകം

മാതേവ രക്ഷതി പിതേവ ഹിതേ നിയുങ്ക്തേ
കാന്തേവ ചാപി രമയത്യപനീയ ഖേദം
ലക്ഷ്മീം തനോതി വിതനോതി ച ദിക്ഷു കീർത്തിം
കിം കിം ന സാധയതി കല്പലതേവ വിദ്യാ

3.138 ലാളിച്ചു പെറ്റ ലത. . . (ഉമേഷ്)

വസന്തതിലകം

ലാളിച്ചു പെറ്റ ലതയമ്പൊടു ശൈശവത്തിൽ,
പാലിച്ചു പല്ലവപുടങ്ങളിൽ വെച്ചു നിന്നെ;
ആ ലോലവായു ചെറുതൊട്ടിലുമാട്ടി, താരാ-
ട്ടാലാപമാർന്നു മലരേ, ദലമർമ്മരങ്ങൾ

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.139 അസ്ത്യുത്തരസ്യാം ദിശി. . . (ഹരി)[30]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോനാമ നഗാധിരാജഃ
പൂർവാപരൗ തോയനിധീ വഗാഹ്യ
സ്ഥിതഃ പൃഥിവ്യാ ഇവ മാനദണ്ഡഃ

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.140 പലവഴി പതറി. . . (കർത്താ)

പുഷ്പിതാഗ്ര

പലവഴി പതറിപ്പടർന്ന കോപ-
ജ്വലനനെരിഞ്ഞു പുകഞ്ഞു കണ്ണുരുട്ടി
ഖലനവനരവാൾ വലിച്ചു വായ്ക്കും
ബലമൊടു ജാനകി തന്റെ നേർക്കു ചാടി

കവി : ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട് , കൃതി : *മദ്ധ്യസ്ഥയായ മണ്ഡോദരി*

[30] [*ഉമേഷ്*] ശ്ലോകം **3.139 :** പദ്യതർജ്ജമ (ഉമേഷ് നായർ) :

വടക്കുദിക്കിങ്കൽ ഹിമാലയാഖ്യൻ
നിൽക്കുന്നിതേ ദൈവികനദ്രിരാജൻ
മേക്കും കിഴക്കും കടലിൻ നടുക്കായ്
ഭൂമിയ്ക്കളക്കാനൊരു കോലു പോലെ.

3.141 ഖേദിച്ചിടൊല്ല കളകണ്ഠ. . . (ഉമേഷ്)

വസന്തതിലകം

ഖേദിച്ചിടൊല്ല കളകണ്ഠ! വിയത്തിൽ നോക്കി
രോദിച്ചിടേണ്ട, ഋജയേകമതിജ്ജനത്തിൽ
വേദിപ്പതില്ലിവിടെയുണ്മ തമോവൃതന്മാ-
രാദിത്യലോകമറിയുന്നിതു നിൻ ഗുണങ്ങൾ.

കവി : കുമാരനാശാൻ

3.142 വനഭ്രുവിൽ നശിപ്പു താൻ പെറും. . . (കർത്താ)

വിയോഗിനി

വനഭ്രുവിൽ നശിപ്പു താൻ പെറും
ധനമന്യാർത്ഥമകന്ന ശാലികൾ
ഘനമറ്റു കിടപ്പു മുത്തു തൻ
ജനനീശ്രുക്തികൾ നീർക്കയങ്ങളിൽ

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.143 ഘോരാഗ്നിയല്ല. . . (ഹരി)

വസന്തതിലകം

ഘോരാഗ്നിയല്ല,പടയല്ലി,ടിയല്ലിതുഗ്ര-
വാരാശിയല്ല,രിയഭ്രമികുലുക്കമല്ല
പാരാളിടും ചുഴലിയല്ലിതു,പിന്നെയെന്താ-
ണാരാൻ വരുന്ന പുകവണ്ടി,യതാണു ഘോഷം

കവി : ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ

3.144 പനിമതിമകുടാലങ്കാര. . . (കർത്താ)

മാലിനി

പനിമതിമകുടാലങ്കാര! നീയേ സഹായം
ജനിമൃതിഭയമയ്യോ! നൊന്തിടുന്നന്തരങ്ഗം
ഘനചരിത രസാബ്ധേ! നിന്നെയുന്നി സ്തുതിപ്പാൻ
തുനിയുമളവു തോന്നും വാണി നാണിച്ചിടുന്നു

കവി : കുമാരനാശാൻ, കൃതി : *സുബ്രഹ്മണ്യശതകം*

3.145 ഘനനിര തനിയേ. . . (ഉമേഷ്)[31]

പുഷ്പിതാഗ്ര

ഘനനിര തനിയേ തരുന്ന തണ്ണീർ,
അമൃതകരൻ ചൊരിയുന്ന പൂനിലാവ്,
ഇതുകൾ പരമവൾക്കു പാരണയ്ക്കായ്
അചരജഗത്തതിനെന്ന പോലെ തന്നെ.

കവി : ഏ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *കുമാരസംഭവം തർജ്ജമ (5:22)*

[31] [*ഉമേഷ്*] ശ്ലോകം **3.145 :** മൂലശ്ലോകം (കാളിദാസൻ):

അയാചിതോപസ്ഥിതമംബു കേവലം
രസാത്മകസ്യോഡുപതേശ്ച രശ്മയഃ
ബഭ്രുവ തസ്യാഃ ഖലു പാരണാവിധിർ-
ന വൃക്ഷവൃത്തിവ്യതിരിക്തസാധനം.

3.146 ഇവളെന്തിനിതന്യഭക്തയായ്. . . (വിശ്വപ്രഭ)

വിയോഗിനി

ഇവളെന്തിനിതന്യഭക്തയാ-
ളവനീസംഭവയാൾ വിരക്തയാൾ?
തവ ദേവവധുക്കൾ തോൽക്കുവോ-
രവരോധാങ്ഗനമാർകളില്ലയോ?

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ / ശക്തിഭദ്രൻ, കൃതി : *ആശ്ചര്യചൂഡാമണി തർജ്ജമ*

3.147 തരങ്ഗതരളാക്ഷി നിൻ. . . (കർത്താ)

പൃഥ്വി

തരങ്ഗതരളാക്ഷി! നിൻ തിരുമിഴിത്തലത്തല്ലിനാൽ
തരം കെടുകയാൽ ത്വദുൾത്തളിർ തെളിഞ്ഞു താപം കെടാൻ
തരം തളിർ തൊഴും തനോ! തരമൊടോർത്തു താരമ്പനി-
ത്തരം തവ തദർദ്ധമെയ് തരുമുമേ! തുണയ്ക്കേണമേ

കവി : കുണ്ടൂർ നാരായണമേനോൻ

3.148 തമ്മിൽക്കളിച്ചു കലഹിച്ചു. . . (വിശ്വപ്രഭ)

വസന്തതിലകം

തമ്മിൽക്കളിച്ചു കലഹിച്ചു നിലത്തുവീണാർ
ചെമ്മേ ചുവട്ടിൽ വശമായ് ബലഭദ്രനപ്പോൾ
തന്മേൽക്കിടന്നു സുഖമേ മധുസൂദനൻ താ-
നമ്മയ്ക്കനന്തശയനം വെളിവാക്കിനാൻ പോൽ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.149 തത്സേവാർത്ഥം തരുണസഹിതാഃ. . . (ഉമേഷ്)[32]

മന്ദാക്രാന്ത

തത്സേവാർത്ഥം തരുണസഹിതാസ്ത്വാമുപാദാരവിന്ദാ-
സ്ത്വാമുന്മധ്യാസ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്തരളനയനാസ്തർജ്ജനീയാളകാഢ്യാ-
സ്തത്രസ്യാഃ സ്യുഃ സ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ

കവി : ലക്ഷ്മീദാസൻ, കൃതി : *ശുകസന്ദേശം*

3.150 തീരത്തിതാ നിൻ വദനം. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തീരത്തിതാ നിൻ വദനം പ്രസന്നം
നീരത്തിലത്താമരയും പ്രബുദ്ധം
കണ്ടിട്ടിതാ തേൻ നുകരാൻ തുനിഞ്ഞ
വണ്ടിണ്ട മണ്ടുന്നിതു രണ്ടിടത്തും.

[32] [*ഉമേഷ്*] ശ്ലോകം **3.149 :** പദ്യപരിഭാഷ (മഠം പരമേശ്വരൻ നമ്പൂതിരി) :

ആരാധിപ്പാ, നരുണപദമാ, രൻപരൊ, ത്താരമാണ്ടോ,-
രാരായേണ്ടോരരയൊ, ടടിപെട്ടാരവാർകൊങ്കവായ്പ്പാൽ,
ആരാജശ്രീമുഖവു, മലസാ, ക്ഷ്യഭ്രകേശങ്ങളും ചേർ,-
ന്നാരാൽക്കാണാ, മബലകളെയ, ങ്ങാലവട്ടങ്ങളോടും.

മൂലത്തിലുള്ള ആദ്യക്ഷരപ്രാസം ഈ വൃത്താനുവൃത്തപരിഭാഷയിലും പകർത്തിയിരിക്കുന്നതു ശ്രദ്ധിക്കുക.

കവി : എ. ആർ. രാജരാജവർമ്മ

3.151 കാവ്യം സുഗേയം. . . (രാജേഷ്)[33]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കാവ്യം സുഗേയം, കഥ രാഘവീയം,
കർത്താവു തുഞ്ചത്തുളവായ ദിവ്യൻ,
ചൊല്ലുന്നതോ ഭക്തിമയസ്വരത്തി,-
ലാനന്ദലബ്ധിയ്ക്കിനിയെന്തു വേണം?

കവി : വള്ളത്തോൾ, കൃതി : *ഒരു തോണി യാത്ര (സാഹിത്യമഞ്ജരി)*

3.152 ചേലക്കള്ളൻ ചിലപ്പോൾ. . . (ഉമേഷ്)

സ്രഗ്ധര

ചേലക്കള്ളൻ ചിലപ്പോൾ, ചില സമയമൊടുങ്ങാതരക്കെട്ട ചുറ്റാൻ
നീളത്തിൽപ്പട്ട നൽകുന്നവ; നിടയനിട, യ്ക്കെപ്പൊഴും രാജരാജൻ;
ലീലാലോലൻ ചിലപ്പോ, ളഖിലസമയവും നിർഗ്ഗുണബ്രഹ്മ; - മെന്നെ-
പ്പോലുള്ളോരെന്തറിഞ്ഞൂ പുരഹരവിധിമാർ പോലുമോരാത്ത തത്ത്വം!

കവി : വി. കെ. ജി.

3.153 ലക്ഷണാ പരവശീകൃത. . . (കർത്താ)

സ്വാഗത

ലക്ഷണാ പരവശീകൃതചിത്താ-
നാവിദൻ ക്ഷിതിഭൃതോധ്വനി വൃത്തം
ഹന്ത! തേ ബുബുധിരേ ന കഥം വാ
സ്വാഭിലാഷവിഷയാനുപപത്തിം?

കവി : എണ്ണയ്ക്കാട്ടു രാജരാജവർമത്തമ്പുരാൻ, കൃതി : *ലക്ഷണാസ്വയംവരം ചമ്പു*

3.154 ഹേമാങ്ഗനാദിവിഷയാംബുധിയിൽ. . . (ഹരി)

വസന്തതിലകം

ഹേമാങ്ഗനാദിവിഷയാംബുധിയിൽപ്പതിച്ചു
കാമാദി വൈരിവശരായ്ക്കഷണിച്ചിടാതെ
നാമിപ്രപഞ്ചപരമാർത്ഥമറിഞ്ഞു ചുമ്മാ
നാമം ജപിക്ക ജനതേ, ജനിയാതിരിപ്പാൻ

കവി : ശീവൊള്ളി

3.155 നിൽക്കട്ടേ ജാരനായ്. . . (കർത്താ)

സ്രഗ്ധര

നിൽക്കട്ടേ ജാരനായ് നീയതുമിതുമുരചെയ്തിട്ടു ഞാൻ കേട്ട, തെന്ന-
ല്ലിക്കട്ടിന്മേൽ കിടക്കുന്നവനെയരികിൽ ഞാൻ കണ്ടതും കൂട്ടിടേണ്ട;
ധിക് കഷ്ടം! ദുഷ്ടശീലേ! പറക പറക നീ; നിന്റെ കോളാമ്പിയിൽത്താ-
നിക്കട്ടുപ്പലിതുയ്ക്കനവധി നിറവാനെന്തഹോ! ഹന്ത! ബന്ധം?

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ , കൃതി : *ഉപ്പുൽക്കോളാമ്പി*

[33] കുഞ്ചുവൃത്തങ്ങളുടെ അഭ്യാസത്തിലെ അവസാനശ്ലോകം.

3.156 ഡിഗ്ഡിഗ് രാക്ഷസരാജ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഡിഗ്ഡിഗ് രാക്ഷസരാജ! ദുഷ്പരിഭവം വായ്പിച്ചു നിൻ ദോർബ്ബലം
വിദ്യുജ്ജിഹ്വവിപത്തി മാത്രമെളുതാമങ്ങേയ്ക്കു നീചപ്രഭോ!
കഷ്ടം, നിസ്തപ! നോക്കു, കണ്ണിരുപതും ചേർക്ക, വെറും താപസൻ
കുട്ടിക്രീഡയിൽ വാളിളക്കിയതിനാൽ നിൻ പെങ്ങളീ മട്ടിലായ്!

കൃതി : *നിരനുനാസികപ്രബന്ധം തർജ്ജമ*

3.157 ക്ഷിപ്രപ്രസാദി ഭഗവാൻ. . . (രാജേഷ്)

വസന്തതിലകം

ക്ഷിപ്രപ്രസാദി ഭഗവാൻ ഗണനായകോ മേ
വിഘ്നങ്ങൾ തീർത്തു വിളയാടുക സർവ്വകാലം
സർവത്ര കാരിണി സരസ്വതി ദേവി വന്നെൻ
നാവിൽക്കളിക്ക കുമുദേഷു നിലാവുപോലെ

3.158 സ്മൃതിധാര,യുപേക്ഷയാം. . . (കർത്താ)

വിയോഗിനി

സ്മൃതിധാര,യുപേക്ഷയാം തമോ-
വൃതിനീങ്ങിച്ചിലനാൾ സ്മരിക്കയാം
ഋതുവിൽ സ്വയമുല്ലസിച്ചുടൻ
പുതുപുഷ്പം കലരുന്ന വല്ലി പോൽ.

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

3.159 ഋതുവിലംഗജദീപനമാം. . . (ഉമേഷ്)[34]

ദ്രുതവിളംബിതം

ഋതുവിലംഗജദീപനമാം സുമ-
പ്പുതുമ പോലെയശോകതരുക്കളിൽ
സുതളിർ കാതിലതാ പ്രിയ ചേർത്ത ചാ-
രുത വിടാതവിടാർത്തി വിടർത്തിടും

കവി : **കണ്ണൂർ / കാളിദാസൻ**, കൃതി : *രഘുവംശം തർജ്ജമ (9:28)*

3.160 സീതാദേവിയെ രാക്ഷസേന്ദ്രൻ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

സീതാദേവിയെ രാക്ഷസേന്ദ്രനതുപോലിഗ്രന്ഥവും വ്യാജമാ-
യേതാനും ചിലരോടു ചേർന്നൊരു പുമാൻ തൻ കൈക്കലാക്കീടിനാൻ;
പിന്നെത്തന്നുടെയാക്കുവാൻ പദമതിൽ ചേർത്തീടിലോ നിന്ദ്യമാ-
യെന്നും സീതയെയെന്നപോലിതിനെയും ശങ്കിക്കുമല്ലോ ജനം.

കവി : **ഉത്തരരാമചരിതം തർജ്ജമ**, കൃതി : *ചാത്തുക്കുട്ടി മന്നാടിയാർ*

[34] [*ഉമേഷ്*] **ശ്ലോകം 3.159 :** മൂലശ്ലോകം (കാളിദാസൻ):

കുസുമമേവ ന കേവലമാർത്തവം
നവമശോകതരോഃ സ്മരദീപനം
കിസലയപ്രസവോ∫ പി വിലാസിനാം
മദയിതാദയിതാശ്രവണാർപ്പിതഃ

3.161 പാമ്പുണ്ടൊന്നു തലയ്ക്കു ചുറ്റി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പാമ്പുണ്ടൊന്നു തലയ്ക്കു ചുറ്റിയിയലുന്നൻപോടു കണ്ടുത്തിലും
പാമ്പാണുള്ളതു, കൈയ്ക്കുമുണ്ടു വളയായ് തോളോളമപ്പാമ്പുകൾ
അമ്പാ! പാമ്പുകൾതന്നെ നിന്നരയിലും കാൽക്കും, സമസ്താങ്ഗവും
പാമ്പേ പാമ്പുമയം! തദാഭരണനാം പാമ്പാട്ടി മാം പാലയ.

കവി : ശീവൊള്ളി

3.162 അമ്മേ ഞാൻ മണ്ണുതിന്നീല. . . (ഹരി)

സ്രുദ്ധര

"അമ്മേ ഞാൻ മണ്ണുതിന്നീലതുമനസി നിനക്കില്ല വിശ്വാസമെങ്കിൽ
ചെമ്മേ കാൺ"കെന്നു ചൊല്ലി, ച്ചെറിയ പവിഴ വായ് കാട്ടിയമ്മക്കൊരുന്നാൾ
അന്നേരം വിശ്വമെല്ലാമതിലനവധികണ്ടമ്മ മോഹിക്കുമപ്പോ-
"ലമ്മേ! അമ്മിഞ്ഞനൽ"കെന്നൊരു നിപുണത ഞാൻ കണ്ടിടാവൂ മുകുന്ദ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

3.163 അല്ലേ ഭാരതസൂര്യ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അല്ലേ! ഭാരതസൂര്യ! ദുർവിധിബലത്താൽ നിന്നെയും ഹന്ത നിൻ
ചൊല്ലേറും പ്രജയേയുമുന്നതതരുച്ഛേട്ടത്തെയും നിത്യവും
പുല്കേന്ദീവരകാന്തി പൂണ്ട ഗഗനത്തിൽപ്പൂത്തിണങ്ങുന്നതാം
നല്കോരാക്കുസുമോൽക്കരത്തെയുമിതാ കൈവിട്ടു പോകുന്നു ഞാൻ

കവി : കുമാരനാശാൻ, കൃതി : *'ഒരു യാത്രാവഴങ്ങൽ'*

3.164 ഫലകഥ മറയത്തുപോട്ടെ. . . (ഋഷി)

പുഷ്പിതാഗ്ര

ഫലകഥ മറയത്തുപോട്ടെ പൂവി,-
ല്ലലിയുമതിങ്കൽ; മറിഞ്ഞു താഴെ വീഴാൻ
ചില ഞൊടിയിട വേണമെന്ന മട്ടായ്,
നില; ചെടി വാടി വരണ്ടു പട്ടുപോയി

കവി : ഉള്ളൂർ , കൃതി : *കോമൻ*

3.165 ചിരിക്കും മദ്ധ്യത്തിൽ. . . (വിശ്വപ്രഭ)

ശിഖരിണി

ചിരിക്കും മദ്ധ്യത്തിൽ കരയു,മിതിനേതും നിയമമി-
ല്ലുരയ്ക്കും തെറ്റിക്കൊണ്ടമൃതസമമസ്പഷ്ടമൊഴിയെ,
സ്മരിച്ചല്പം കാണാം ചില ചെറിയ പല്ലിങ്ങിനെ ലസി-
ച്ചിരിക്കും ബാല്യേ നിൻ മുഖകമലമോർക്കുന്നിതതു ഞാൻ.

കവി : ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭ്രുതി, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

3.166 സ്ഫാരദ്യുതിസ്ഫടിക. . . (കർത്താ)

വസന്തതിലകം

സ്ഫാരദ്യുതിസ്ഫടികദർപ്പണദർപ്പഹാരി-
ഗണ്ഡോല്ലസദ്ഭുജഗ കുണ്ഡല ലോഭനീയം
ബിംബാധരച്ഛവികരംബിതദന്തപങ്ക്തി-
കാന്തിച്ഛടാച്ഛുരിതസുന്ദരമന്ദഹാസം

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *വ്യാഘ്രാലയേശ ശതകം*

3.167 ബോധിപ്പിക്കാം സുഖമൊട്. . . (രാജേഷ്)

മന്ദാക്രാന്ത

ബോധിപ്പിക്കാം സുഖമൊടറിവില്ലാതെയുള്ളോരെ നന്നായ്
ബോധിപ്പിക്കാമതിസുഖമൊടേ നല്ല സാരജ്ഞരേയും
ബോധം ചെട്ടുള്ളതിലതിമദം ചേർന്ന ദുർബുദ്ധിതന്നെ-
ബ്ബോധിപ്പിക്കുന്നതിനു വിധിയും തെല്ലുമാളല്ല നൂനം

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.168 ബുധനാം ഭവന്റെ. . . (ഉമേഷ്)

മഞ്ജുഭാഷിണി

ബുധനാം ഭവന്റെ സഹധർമ്മിണീപദം
മുധയെന്നു മന്നിലൊരു മുഗ്ധയോർക്കുമോ?
ക്ഷുധ കൊണ്ടു ചാവുമൊരുവന്റെ വായിൽ നൽ
സുധ വന്നു വീഴിലതു തുപ്പിനിൽക്കുമോ?

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.169 ക്ഷീണിക്കാത്ത മനീഷയും . . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ക്ഷീണിക്കാത്ത മനീഷയും മഷിയുണങ്ങീടാത്ത പൊൻപേനയും
വാണിക്കായ് തനിയേയെഴുന്നു വരമായ് നേടീ ഭവാൻ സിദ്ധികൾ
കാണിച്ചൂ വിവിധാത്ഭുതങ്ങൾ വിധിദൃഷ്ടാന്തങ്ങളായ്, വൈരിമാർ
നാണിച്ചൂ, സ്വയമംബ കൈരളി തെളിഞ്ഞീക്ഷിച്ചു മോക്ഷത്തെയും

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.170 കഷ്ടം സ്ഥാനവലിപ്പമോ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കഷ്ടം സ്ഥാനവലിപ്പമോ പ്രഭുതയോ സജ്ജാതിയോ വംശമോ
ദുഷ്ടശ്രീ തനുധാടിയോ ചെറുതുമിങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെപ്പുക്കസ്തമിക്കുന്നിത-
ങ്ങിഷ്ടന്മാർ പിരിയുന്നു, ഹാ! ഇവിടമാണദ്ധ്യാത്മവിദ്യാലയം!

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.171 സ്പഷ്ടം ഭ്രമിമറയ്ക്കിൽ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സ്പഷ്ടം ഭ്രമിമറയ്ക്കിലിന്നു തെളിയും, വീണ്ടും മുഹൂർത്തത്തിലു-
പ്പുഷ്ടശ്രീരവി മൂടിയാലുമുയരും, പക്ഷം കഴിഞ്ഞാൽ മതി;
ദുഷ്ടക്കാലമഹാഗ്രഹത്തിനിരയായീ "രാജരാജേ"ന്നു! ഹാ!
കഷ്ടം "രോഹിണി" യക്കലേശനെയിനിക്കാണില്ല കേണാലുമേ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.172 ദുഷ്കർമ്മത്തിന്റെയൂക്കാൽ. . . (രഘുരാജ്)

സ്രുദ്ധര

ദുഷ്കർമ്മത്തിന്റെയൂക്കാൽ ചതിയുടെ കഴിയിൽ പെട്ടുഴന്നേ,നസംഖ്യം
മുഷ്കന്മാരോടു ചേർന്നെൻ സഹജഗജഗണം ചെയ്ത ഭേദ്യം സഹിച്ചേൻ;
ഗർവ്വം തീർന്നിട്ടു താഴും മമ ശിരസി ഹരേ! പൊൽത്തിടമ്പേറുവാനാ–
യെത്തീ നിന്മുമ്പി - ലിന്നാടുക കനിവൊടു നീ ഹസ്തിരാജേന്ദ്രമോക്ഷം!

കവി : പി. സി. രഘുരാജ്

3.173 ഗ്രഹിക്കേണം നീയി. . . (കർത്താ)

ശിഖരിണി

ഗ്രഹിക്കേണം നീയിദ്ദുരിതനിരയാം ഗ്രാഹമതിനാൽ
ഗ്രഹിക്കപ്പെട്ടീടുന്നടിയനെ യമധ്വംസന! വിഭോ!
ഗ്രഹിക്കും മൂവർക്കും ഗതികളരുളും കൽപ്പകതരോ!
ഗ്രഹിക്കേണം വേഗാലഗതി പറയും സങ്കടമഹോ.

കവി : കുമാരനാശാൻ, കൃതി : *അനുഗ്രഹപരമദശകം*

3.174 ഗ്രഹിക്കണം വന്നണയുന്ന. . . (രാജേഷ്)

ഉപേന്ദ്രവജ്ര

ഗ്രഹിക്കണം വന്നണയുന്നതെല്ലാം
ത്യജിക്കണം പോവതുമപ്രകാരം
രസിക്ക, ദുഃഖിക്കയുമെന്തിനോർത്താൽ?
വിധിക്കു നീക്കം വരികില്ല തെല്ലും.

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.175 രണ്ടായിരം രസന. . . (ഹരി)

വസന്തതിലകം

രണ്ടായിരം രസന കണ്ടതലത്തിലുള്ള
തണ്ടാർദളാക്ഷനുടെ തല്പമതാം ഫണിക്കും
ഉണ്ടാകയില്ലിതുകണക്കു സദസ്യരാകെ
കൊണ്ടാടുമാറൊരു നിരർഗള വാഗ് വിലാസം

കവി : ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ

3.176 ഉമ്മ വെച്ചിടണമെങ്കിൽ. . . (ജ്യോതി)

കുസുമമഞ്ജരി

ഉമ്മ വെച്ചിടണമെങ്കിൽ നീ തരിക വെണ്ണ, മാലയിതുചൂടുവാൻ
സമ്മതിപ്പതിനു വെണ്ണ, ഞാൻ മുരളിയൂതുവാനുരുള വേറെയും
അമ്മയോടു മണിവർണ്ണനോതിയതറിഞ്ഞു ദേവമുനിസംകുലം
ബ്രഹ്മസാധന വെടിഞ്ഞു വല്ലവഴി തേടി വല്ലവികളാകുവാൻ!

കവി : പി. സി. മധുരാജ്

3.177 അകരുണത്വമകാരണ. . . (ഹരി)

ദ്രുതവിളംബിതം

അകരുണത്വമകാരണവിഗ്രഹം
പരധനേ പരയോഷിതി ച സ്പൃഹാ
സുജന ബന്ധുജനേഷ്വസഹിഷ്ണുതാ
പ്രകൃതിസിദ്ധമിദം ഹി ദുരാത്മനാം

കവി : ഭർത്തൃഹരി

3.178 സമയമതിലുയർന്ന . . . (കർത്താ)

വസന്തമാലിക

സമയമതിലുയർന്ന ഘോരവാരി-
ഭ്രമമൊടകാലികവൃദ്ധി രേവയാർന്നു,
ഘുമഘുമരയഘോഷമേറ്റിയാരാൽ
യമപുരിതന്നിലടിച്ച ഭേരിപോലെ

കവി : കുമാരനാശാൻ, കൃതി : *ലീല*

3.179 ഘ്രാണിച്ചും മുത്തിയും. . . (രാജേഷ്)

സ്രുദ്ധര

ഘ്രാണിച്ചും മുത്തിയും പിന്നെയുമുടനവലേഹിച്ചുമേറ്റം ചുവച്ചും
നാണിക്കാതുറ്റ വൈരസ്യമൊടു ഭുവി കളഞ്ഞെന്നതിൽ കേണിടൊല്ല
ചേണേറും രത്നമേ! നിന്നുടെയകമതു കണ്ടീടുവാൻ കീശനശ്മ-
ക്കോണാൽ നിന്നെപ്പൊടിക്കാഞ്ഞതു പരമുപകാരം നിനക്കെന്നറയ്ക്ക.

കവി : കേ സി കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.180 ചക്കിപ്പെണ്ണേ ചടുലനയനേ. . . (കർത്താ)

മന്ദാക്രാന്ത

ചക്കിപ്പെണ്ണേ! ചടുലനയനേ! ചത്തു ഞാനെന്നിവണ്ണം
ദുഃഖിക്കൊല്ലേ! ചതിയരുടെയച്ചപ്പടാച്ചിക്കു ചെറ്റും
തർക്കം വച്ചും തകൃതി പറകിൽത്താമസിക്കാതെകണ്ടോ-
ത്തക്കം നോക്കി പ്രിയതമയെ ഞാൻ വേൾക്കുവൻ കേൾക്ക ബാലേ!

കവി : കെ. സി. നാരായണൻ നമ്പിയാർ, കൃതി : *ചക്കീചങ്കരം നാടകം*

3.181 തന്റെ കാര്യമഖിലം നടക്കണം. . . (ഹരി)

രഥോദ്ധത

തന്റെ കാര്യമഖിലം നടക്കണം
തന്റെ ദാരസുതരും സുഖിക്കണം
അന്യരാകെയതിഖിന്നരാകണം
തന്നെവന്നനുദിനം വണങ്ങണം

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണ ചരിതം മണിപ്രവാളം*

3.182 അസ്മദേ വപുഷി തേ. . . (രഘുരാജ്)[35]

രഥോദ്ധത

അസ്മദേ വപുഷി തേ പ്രയത്നതോ
ധാരയേമ ധിഷണാം മുഹുർമുഹുഃ
തേന ഭക്തിരസമന്തരാർദ്രതാ-
മുദ്വഹേമ ഭവദങ്ഘ്രിചിന്തകാഃ

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം (4:4)*

3.183 തന്നതില്ല പരനുള്ളു. . . (ഉമേഷ്)

രഥോദ്ധത

തന്നതില്ല പരനുള്ളുകാട്ടുവാൻ
ഒന്നുമേ നരനുപായമീശ്വരൻ
ഇന്നു ഭാഷയതപൂർണ്ണമിങ്ങഹോ,
വന്നുപോം പിഴയുമർത്ഥശങ്കയാൽ.

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.184 ഇവിടെ മഴ ചുരുങ്ങീ. . . (കർത്താ)

മാലിനി

ഇവിടെ മഴ ചുരുങ്ങീ; വാപിയൊട്ടൊട്ടുണങ്ങീ;
ദിവി ബഹുപൊടി പൊങ്ങീ; ഭാനുമാൻ കൂടി മങ്ങീ;
വിവശതയൊടു തെങ്ങിൻ കുമ്പുപോലും വഴങ്ങീ;
ശിവ! ശിവ! കൃഷി മങ്ങീ; കർഷകന്മാർ കുഴങ്ങീ.

കവി : കുമ്മനം ഗോവിന്ദപ്പിള്ള, കൃതി : *ശ്രീചിത്രോദയം മഹാകാവ്യം (സർഗ്ഗം 33)*

3.185 വെണ്മതികലാഭരണൻ. . . (രാജേഷ്)

ഇന്ദുവദന

വെണ്മതികലാഭരണ, നംബിക, ഗണേശൻ,
നിർമ്മലഗുണാ കമല, വിഷ്ണുഭഗവാനും,
നാനുഖനുമാദി കവിമാതു ഗുരുഭ്രതർ
നന്മകൾ വരുത്തുക നമുക്കു ഹരിരാമ!

കവി : എഴുത്തച്ഛൻ, കൃതി : *രാമായണം ഇരുപത്തിനാലുവൃത്തം*

---

[35] [*ഉമേഷ്*] ശ്ലോകം **3.182 :** പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):

അസ്മടം തവ സുരൂപമൊന്നിലെൻ
ഹൃത്തടം ദൃഢമണച്ചു നിർത്തിടാം;
അപ്പൊഴുള്ളലിവു ഭക്തിദാർഢ്യവും
ത്വത്പദസ്മരണയാർന്നു നേടുവൻ.

3.186 നാരായണൻ നമ്പിയെ. . . (കർത്താ)

ഇന്ദ്രവജ്ര

നാരായണൻ നമ്പിയെ നമ്പരിന്നായ്
നേരായയച്ചിട്ടെഴുതാൻ തുടങ്ങി;
നാരായണൻ ചക്രമെടുത്തു ചാടു-
ന്നോരോ സ്ഥലം വൃത്ത വിചിത്രമത്രേ

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.187 നരനു നരനശുദ്ധ വസ്തു. . . (രാജേഷ്)

പുഷ്പിതാഗ്ര

നരനു നരനശുദ്ധവസ്തു പോലും!
ധരയിൽ നടപ്പതു തീണ്ടലാണു പോലും!
നരകമിവിടമാണു ഹന്ത കഷ്ടം!
ഹര ഹര ഇങ്ങനെ വല്ല നാടുമുണ്ടോ?

കവി : കുമാരനാശാൻ

3.188 നാമാമൃതം നാവിൽ. . . (ഋഷി)

ഇന്ദ്രവജ്ര

നാമാമൃതം നാവിലിരിക്കുമപ്പോൾ
സോമാമൃതം വിസ്മൃതമായ് വരുന്നു
നാമാമൃതം പാർത്തു നിറച്ചു കണ്ടാൽ
നാമാമൃതം കാണമൃതം മൃതാനാം

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണ കർണ്ണാമൃതം*

3.189 നിരയാംബുധി നീന്തി. . . (കർത്താ)

തോടകം

നിരയാംബുധി നീന്തി നിറഞ്ഞഴലെ-
ന്നിരുപാധിക നിന്നെ നിനച്ചടിയൻ
ഉരുമോദമിനിക്കരുണാംബുരസം
കരവിട്ടു കവിഞ്ഞൊഴുകും കടലേ!

കവി : കുമാരനാശാൻ, കൃതി : *ശാങ്കര ശതകം*

3.190 ഉഡുരാജമുഖീ. . . (രാജേഷ്)[36]

തോടകം

ഉഡുരാജമുഖീ മൃഗരാജകടീ
ഗജരാജ വിരാജിത മന്ദഗതീ
യദി സാ യുവതീ ഹൃദയേ വസതീ
ക്വ ജപഃ? ക്വ തപഃ? ക്വ സമാധി വിധി?

[36] [*ജ്യോതി*] ശ്ലോകം **3.190 :** ഈ ശ്ലോകത്തിന്റെ ഒരു അനുകരണം (പി. സി. മധുരാജ്) :

യദി ഹൃത്കമലേ മധുപാനരതോ
വരദോ മുരളീധര ഭൃങ്ഗവരഃ
സുമഗന്ധ സുഭക്തിരസേ സരസഃ
ക്വ സഖേ തരുണീ കബരീ വിപിനം?

3.191 യവനീ രമണീ. . . (ഉമേഷ്)

തോടകം

യവനീ രമണീ വിപദഃ ശമനീ
കമനീയതമാ നവനീതസമാ
“ഉഹി ഊഹി” വചോമൃത പൂർണമുഖീ
സ സുഖീ ജഗതീഹ യദങ്കഗതാ

കവി : ജഗന്നാഥപണ്ഡിതർ

3.192 ഉണ്ടായിമാറുമറിവുണ്ടായി. . . (കർത്താ)

മത്തേഭം

ഉണ്ടായിമാറുമറിവുണ്ടായി മുന്നമിതു കണ്ടാറ്റുമംഗമകവും
കൊണ്ടായിരം തരമിരുണ്ടാശയം പ്രതി ചുരുണ്ടാ മഹസ്സിൽ മറയും
കണ്ടാലുമീ നിലയിലുണ്ടാകയില്ലറിവഖണ്ഡാനുഭൂതിയിലെഴും
തണ്ടാരിൽ വീണ മധുവുണ്ടാരമിക്കുമൊരു വണ്ടാണു സൂരി സുകൃതി!

കവി : ശ്രീനാരായണ ഗുരു, കൃതി : *നവരത്നമഞ്ജരി*

3.193 ക്രൂലാതിഗാമിഭയത്നുലാവലീ. . . (ഉമേഷ്)

മത്തേഭം

ക്രൂലാതിഗാമിഭയത്നുലാവലീജ്വലനകീലാ, നിജസ്തുതിവിധൗ
കോലാഹലക്ഷപണകാലാമരീകുശലകീലാലപോഷണനഭാ,
സ്ഥൂലാ കുചേ, ജലദനീലാ കചേ, കലിതലീലാ കദംബവിപിനേ,
ശൂലായുധപ്രണതിശീലാ, വിഭാതു ഹൃദി, ശൈലാധിരാജതനയാ.

കവി : ശങ്കരാചാര്യർ

3.194 സരിഗമപധ കൊച്ചുവീണ. . . (ജ്യോതി)

പുഷ്പിതാഗ്ര

’സരിഗമപധ’ - കൊച്ചുവീണ ഞാനി-
ന്നമരുവതുന്നതഗായകന്റെ കയ്യിൽ
ഒരു നിമിഷവുമെന്നെയെങ്ങു മേവി-
ട്ടകലുവതങ്ങു സഹിയ്ക്കയില്ല നൂനം.

കവി : സിസ്റ്റർ മേരി ബെനീഞ്ജ

3.195 ഒരു വേള പഴക്കമേറിയാൽ. . . (ഹരി)

വിയോഗിനി

ഒരു വേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ് വരാം
ശരിയായ് മധുരിച്ചിടാം സ്വയം
പരിശീലിപ്പൊരു കയ്പുതാനുമേ

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.196 ശമമാം സുമഗന്ധം. . . (രാജേഷ്)[37]

തോടകം

ശമമാം സുമഗന്ധമുതിർന്നിടുമെൻ
ഹൃദയത്തിലെ ഭക്തിരസം നുകരാൻ
സരസൻ ഹരിയാമളിയെത്തിടുകിൽ
തരുണീ കബരീ വനമെന്തിവന്?

പി. സി. മധുരാജിന്റെ ഒരു സംസ്കൃതമുക്തകത്തിനു രാജേഷ് വർമ്മയുടെ അതേ വൃത്തത്തിലുള്ള പരിഭാഷ.

3.197 സാരാനർഘപ്രകാശ. . . (കർത്താ)[38]

സ്രഗ്ധര

സാരാനർഘപ്രകാശ പ്രചുരിമ പുരളും ദിവ്യരത്നങ്ങളേറെ-
പ്പാരാവാരത്തിനുള്ളിൽപ്പരമിരുൾ നിറയും കന്ദരത്തിൽ കിടപ്പൂ
ഘോരാരണ്യച്ചുഴൽക്കാറ്റടികളിലിളകും ധ്വനം വ്യർത്ഥമാക്കു-
ന്നോരപ്പൂവെത്രയുണ്ടാമവകളിലൊരു നാളൊന്നു കേളിപ്പെടുന്നൂ.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.198 ഘോരായുധവ്രണിത. . . (ഋഷി)

വസന്തതിലകം

ഘോരായുധവ്രണിതകാന്തകളേബരം കൈ-
ത്താരാൽക്കനിഞ്ഞഹഹ, തൊട്ടുതലോടിടുമ്പോൾ
ശ്രീരാജകന്യകൾ കൊതിച്ചുവരുന്ന വീര-
ദാരാസ്പദത്തിലുമുഷ്യൂ വിരക്തി തോന്നി!

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.199 ശൃങ്ഗാരത്തിന്റെ നാമ്പോ. . . (കർത്താ)

സ്രഗ്ധര

ശൃങ്ഗാരത്തിന്റെ നാമ്പോ, രസികതയൊഴുകിപ്പോകുവാനുള്ള തുമ്പോ,
സൗന്ദര്യത്തിന്റെ കാമ്പോ, മദനരസചിദാനന്ദ പൂന്തേൻകുഴമ്പോ,
ബ്രഹ്മാവിൻ സൃഷ്ടിവമ്പോ, നയനസുഖലതയ്യുന്ന നൽകുന്ന കമ്പോ,
കന്ദർപ്പൻ വിട്ടൊരമ്പോ, ത്രിഭുവനവിജയത്തിന്നിവൻ? തോഴി! യമ്പോ!

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ, കൃതി : *രസസ്വരൂപ നിരൂപണം*

---

[37] [*ഉമേഷ്*] ശ്ലോകം **3.196 :** മൂലശ്ലോകം (പി. സി. മധുരാജ്) :

യദി ഹൃത്കമലേ മധുപാനരതോ
വരദോ മുരളീധര ഭൃങ്ഗവരഃ
സുമഗന്ധ സുഭക്തിരസേ സരസഃ
കഃ സഖേ തരുണീ കബരീ വിപിനം?

[38] [*ഉമേഷ്*] ശ്ലോകം **3.197 : Thomas Gray**-യുടെ *Elegy Written in a Country Churchyard* എന്ന കവിതയിലുള്ള

Full many a gem of purest ray serene,
The dark unfathom'd caves of ocean bear:
Full many a flow'r is born to blush unseen,
And waste its sweetness on the desert air.

എന്ന പദ്യത്തിന്റെ ആശയാനുവാദം.

3.200 ബ്രഹ്മാവിന്റെയും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ബ്രഹ്മാവിന്റെയുമന്തകന്റെയുമഹോ ഡിപ്പാർട്ടുമെന്റിൽക്കിട-
ന്നമ്മേ ഞാൻ തിരിയുന്നിതെത്ര യുഗമായ്, എന്നാണിതിൻ മോചനം?
ധർമ്മാധർമ്മ പരീക്ഷണത്തിനിനിമേൽ കാലന്റെ കച്ചേരിയിൽ
ചെമ്മേ ഹാജരെനിക്കിളച്ചു തരണേ! തദ്ദർശനം കർശനം!

കവി : ഒറവങ്കര

3.201 ധനിയ്ക്കും ധനം തെല്ലും. . . (ജ്യോതി)

ഭുജംഗപ്രയാതം

ധനിയ്ക്കും ധനം തെല്ലുമില്ലാത്തവർക്കും
മുനിയ്ക്കും മനസ്സെത്ര പുണ്ണായവർക്കും
പഴിയ്ക്കുന്നവർക്കും നിനയ്ക്കിൽജ്ജനിക്കെ-
ട്ടഴിയ്ക്കാൻ തുണയ്ക്കും ഹരിയ്ക്കായ് നമിക്കാം

കവി : പി. സി. മധുരാജ്

3.202 പുഷ്പപ്രേമമൊടെന്നൊട്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പുഷ്പപ്രേമമൊടെന്നൊടൊത്തു വിളയാടീടുള്ള ശിഷ്ടാഗ്രരാ-
മിഷ്ടന്മാർ മമ ദിഷ്ടദോഷമിതിനെക്കേട്ടീടിൽ ഞെട്ടിപ്പരം
ദൃഷ്ടിത്തെല്ലുതിൽ നിന്നു മന്ദമൊഴുകുന്നശ്രുക്കൾ പൂണ്ടെത്രയും
"കഷ്ടം കഷ്ട"മിതെന്നു ചൊല്ലിയധികം ഖേദിച്ചു രോദിച്ചിടും.

കവി : കെ. സി. കെശവ പിള്ള, കൃതി : *ആസന്നമരണചിന്താശതകം*

3.203 ദേവന്മാർക്കമൃതം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ദേവന്മാർക്കമൃതം, മുകുന്ദനു രമാം, ധാത്രിയ്ക്കു മര്യാദയും
ദേവേന്ദ്രനു സുരദ്രുമം, ഗിരിജ തൻ കാന്തനു ചന്ദ്രക്കല
ഏവം പ്രീതിദമായ്കൊടുത്തു ശരണം ഭൃത്യത്തുകൾക്കും തദാ-
പ്യുണ്ടായീലൊരുവൻ തുണപ്പതിനഗസ്ത്യൻ നമ്മെ മോക്ഷം വിധൗ.

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ

3.204 എന്നാലുമിങ്ഗ്ലീഷറിയും. . . (കർത്താ)

ഇന്ദ്രവജ്ര

എന്നാലുമിങ്ഗ്ലീഷറിയും ജനങ്ങൾ
നന്നായിയെന്നായ് പറയും ചിലേടം
ഒന്നാണെനിക്കീയിതിൽ മെച്ച, മിങ്ഗ്ലീ-
ഷിൻ നാറ്റമേൽക്കാതിതു ചെയ്യുവല്ലോ.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരൻ

3.205 ഓർക്കിലാക്കിഴവനാം. . . (ജ്യോതി)

രഥോദ്ധത

ഓർക്കിലാക്കിഴവനാം ജടായു പോയ്
സ്വർഗ്ഗമെത്തിയതിലെന്തഴൽപ്പെടാൻ
ജൂർജ്ജരാങ്ഗമുടൽ നൽകി നേടിനാൻ
ചന്ദ്രികാധവളമാം യശസ്സുവൻ

കവി : പി. ചന്ദ്രശേഖരവാരിയർ, അഷ്ടമിച്ചിറ, കൃതി : *കൈരളീഭ്രഷണം*

3.206 ജാതിത്തത്തിന്റെ. . . (കർത്താ)

സ്രഗ്ധര

ജാതിത്തത്തിന്റെ രാജൻ, ദ്രുതകവിതയതിൽക്കുഞ്ഞുഭട്ടജാനി, ഭാഷാ-
രീതിക്കൊക്കും പഴക്കത്തിനു നടുവ, മിടയ്ക്കച്യുതൻ മെച്ചമോടേ
ജാതപ്രാസം തകർക്കും, ശ്രുചിമണി രചനാഭങ്ഗിയിൽ പൊങ്ങിനിൽക്കും,
ചേതോമോദം പരക്കെത്തരുവതിനൊരുവൻ കൊച്ചു കൊച്ചുണ്ണി ഭൂപൻ!

കവി : വെണ്മണി അച്ഛൻ

3.207 ജഗന്നിവാസാ. . . (രാജേഷ്)

ഉപേന്ദ്രവജ്ര

ജഗന്നിവാസാ കരുണാംബുരാശേ
മുകുന്ദ, ഭക്തപ്രിയ, വാസുദേവ,
വരുന്ന രോഗങ്ങളകന്നു പോകാൻ
വരം തരേണേ ഗുരുവായുരപ്പാ

3.208 വളഞ്ഞോരച്ചില്ലിക്കൊടി. . . (കർത്താ)

ശിഖരിണി

വളഞ്ഞോരച്ചില്ലിക്കൊടിയുടനിളക്കിപ്പ്രമകം
തെളിഞ്ഞപ്പോളാഴീസുരനൊടുരചെയ്താൾ വിധുമുഖി
വളം ഞാൻ നൽകുന്നു വിഷമവിശിഖന്നെങ്കിലുടനേ
കളഞ്ഞാലും നന്നായധരമധുനാ താപമധുനാ.

കവി : കണ്ണൂർ, കൃതി : *അജാമിള മോക്ഷം*

3.209 വല്ലവീകര. . . (ജ്യോതി)

രഥോദ്ധത

വല്ലവീകരസരോരുഹങ്ങളിൽ
പ്പോല്ലസിച്ചു മരുവുന്ന വണ്ടിനെ
വല്ലവണ്ണവുമിവന്റെ മാനസ-
ക്കല്ലറയ്ക്ക മണച്ചിടാവതോ!

3.210 വിലയാർന്ന വിശിഷ്ട. . . (കർത്താ)

വിയോഗിനി

വിലയാർന്ന വിശിഷ്ട വസ്തുവും
വിലസും പൊന്മണിഭൂഷണങ്ങളും
ഖലരാം വനകപപംക്തിമേൽ
കലരും പുഷ്പലതാവിതാനമാം

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.211 ഖേദിയ്ക്കകൊണ്ടു. . . (രാജേഷ്)

വസന്തതിലകം

ഖേദിയ്ക്കകൊണ്ടു ഫലമില്ല, നമുക്കതല്ല
മോദത്തിനും ഭുവി വിപത്തു വരാം ചിലപ്പോൾ
ചൈതന്യവും ജഡവുമായ് കലരാം ജഗത്തി-
ലേതെങ്കിലും വടിവിലീശ്വര വൈഭവത്താൽ

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

3.212 ചന്തം ചിന്തുന്ന ചന്ദ്രോത്സവം. . . (ജ്യോതി)

സ്രഗ്ധര

ചന്തം ചിന്തുന്ന ചന്ദ്രോത്സവ, മനുഭവരാസിക്യ സമ്പന്നമുക്താ-
വൃന്ദം നാരായണീയം, പുനമഹിഷകൃതോൽകൃഷ്ട ചമ്പൂകദംബം,
സന്ദേശച്ചാർത്തു മേഘദ്രുമരഘുകമയൂരാദി സാഹിത്യമൂല്യം
സ്പന്ദിച്ചീടും തരംഗോജ്ജ്വലതരളിതമാണക്ഷരശ്ലോകസിന്ധു!

കവി : വി.കെ. ഗോവിന്ദൻ നായർ, കൃതി : *അവിൽപ്പൊതി*

3.213 സന്താപത്തിനു തോണിയായ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

സന്താപത്തിനു തോണിയായ കവിതേ, നീ പുത്രദുഃഖത്തിനോ
പൂന്തേനായ്? തളർവാതരോഗമുടനേ മാറ്റുന്ന ഭൈഷജ്യമായ്!
മീൻതൊട്ടിട്ടു സുഗന്ധമായ്, കനകധാരാദ്വൈതി തൻ ചെപ്പിലെ-
പ്പന്തായ്, കാലടിളപ്പുമെൻ കരളിലെപ്പൊന്നോമനപ്പീലിയായ്?

കവി : രമേശൻ നായർ , കൃതി : *സോപാനഗീതം*

3.214 മുന്നേ ഞാൻ നിരൂപിച്ചപോൽ. . . (ജ്യോതി)[39]

ശാർദ്ദൂലവിക്രീഡിതം

മുന്നേ ഞാൻ നിരൂപിച്ചപോൽ സദൃശനായുള്ളോരു ഭർത്താവിനെ-
ത്തന്നേ ഭാഗ്യവശേന മൽപ്രിയസുതേ പ്രാപിച്ചു നീ സാമ്പ്രതം
ഔന്നത്യം കലരും രസാലവരനമ്മുല്ലയ്ക്കുമായ് വല്ലഭൻ
നിന്നെച്ചൊല്ലിയുമില്ല കില്ലിനിയെനി, യ്ക്കിമ്മുല്ലയെച്ചൊല്ലിയും

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ഭാഷാശാകുന്തളം*

3.215 ഔദാര്യവാനരചനന്നു. . . (കർത്താ)

വസന്തതിലകം

ഔദാര്യവാനരചനന്നു ധനാന്നവസ്ത്ര-
ഗോദാനപൂർവകമശേഷജനങ്ങളേയും
മോദാർണവത്തിൽ മുഴുകിച്ചു മുറയ്ക്കുവന്നു
ഗോദാനകർമ്മവുമനാകുലമായ്കഴിച്ചു

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.216 മുട്ടുകുത്തിമണിമണ്ഡനസ്വനം. . . (ജ്യോതി)

കുസുമമഞ്ജരി

മുട്ടുകുത്തി, മണിമണ്ഡനസ്വനമുയർന്നിടാതെ, യതിസാഹസ-
പ്പെട്ടിഴഞ്ഞു, കതകൊച്ചയറ്റവിധമായ് ഉറന്നു, ചരിതാർത്ഥനായ്
കട്ടിലിൻ മുകളിലെത്തിനിന്നുറിയിൽ വെച്ച വെണ്ണ മലർവായ്കുക-
ത്തിട്ടു കട്ടുപുലരുന്ന തസ്കരകലാവിശാരദനു കൈതൊഴാം

കവി : വി. കെ. ജി., കൃതി : *അവിൽപ്പൊതി*

---

[39] [*ഉമേഷ്*] ശ്ലോകം **3.214 :** മൂലശ്ലോകം (കാളിദാസൻ):

സങ്കല്പിതം പ്രഥമമേവ മയാ തവാർത്ഥേ
ഭർത്താരമാത്മസദൃശം സുകൃതൈർഗതാ ത്വം
ചൂതേന സങ്ഗതവതീ നവമാലികേയ-
മസ്യാമഹം ത്വയി ച സമ്പ്രതി വീതശോകഃ

3.217 കുന്നിയ്ക്കും കുറയാതെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കുന്നിയ്ക്കും കുറയാതെ കുന്നൊടു കുശ്രമ്പേറും കുചം പേറിടും
കുന്നിൻനന്ദിനി കുന്ദബാണനു കൊലക്കേസൊന്നു പാസ്സായതിൽ
ഒന്നാം സാക്ഷിണിയായ നീ കനിവെഴും വണ്ണം കടക്കണ്ണിടു-
ത്തൊന്നെന്നിൽ പെരുമാറണേ പെരുവനത്തപ്പന്റെ തൃപ്പെൺകൊടീ!

കവി : ശീവൊള്ളി

3.218 ഓണക്കോടി ഞൊറിഞ്ഞുടുത്തു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഓണക്കോടി ഞൊറിഞ്ഞുടുത്തു കമുകിൻ പൊൻപൂക്കുലച്ചാർത്തുമായ്
പ്രാണപ്രേയസി കാവ്യകന്യ കവിളത്തൊന്നുമ്മവെച്ചീടവേ
വീണക്കമ്പികൾ മീട്ടി മാനവ മനോരാജ്യങ്ങളിൽ ചെന്നു ഞാൻ
നാണത്തിന്റെ കിളുന്നുകൾക്കു നിറയെപ്പാദസ്വരം നൽകുവാൻ

കവി : വയലാർ രാമവർമ്മ, കൃതി : *സർഗ്ഗസങ്ഗീതം*

3.219 വെള്ളം വെട്ടിത്തിളച്ചാൽ. . . (ഹരി)

സ്രുദ്ധര

വെള്ളം വെട്ടിത്തിളച്ചാൽ പൊടിയിടണ, മടച്ചാവി പോവാതെ വാങ്ങി-
പ്പൊള്ളാതായാൽ തുറന്നൂറ്റണ, മതിനു സമം വെന്തപാൽ ചേർത്തിടേണം
വെള്ളപ്പൻസാരയും ചേർത്തലിവതിനു നാലഞ്ചുവട്ടം പകർത്തി-
ക്കൊള്ളുന്നേരം പതഞ്ഞാലവനിയിലുതിയില്ലെന്ന വല്ലായ്മ തീരും.

3.220 വക്കത്തുത്കണുയാലുത്കട. . . (ജ്യോതി)

സ്രുദ്ധര

വക്കത്തുത്കണുയാലുത്കടരുജ തടവും വല്ലവസ്നേഹിതന്മാ-
രാക്രന്ദിയ്ക്കെ, ക്കടക്കൺനനവൊടു പശ്രുവ്രുന്ദങ്ങളങ്ങമ്പരക്കേ
അർക്കാപത്യാന്തരാളാദുപരിയുയരുമക്കാളിയപ്പത്തി തന്മേ-
ലക്കാർവർണ്ണൻ നടത്തീടിന നടനകലാവിപ്ലവം വെൽവുതാക!

കവി : വി. കെ. ജി, കൃതി : *അവിൽപ്പൊതി*

3.221 അഗ്രേപശ്യാമി തേജോനിബിഡ. . . (ഋഷി)[40]

സ്രുദ്ധര

അഗ്രേ പശ്യാമി തേജോനിബിഡതരകളായാവലീ ലോഭനീയം
പീയൂഷാപ്ലാവിതോഹം തദനുതദുദരേ ദിവ്യ കൈശോരവേഷം
താരുണ്യാരംഭരമ്യം പരമസുഖരസാസ്വാദരോമാഞ്ചിതാംഗൈ-
രാവീതം നാരദാദ്യൈർവിലസദുപനിഷത്സുന്ദരീ മണ്ഡലൈശ്ച

കവി : മേല്പത്തൂർ, കൃതി : *നാരായണീയം (100:1)*

[40] [*ഉമേഷ്*] ശ്ലോകം **3.221 :** പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):

കായാമ്പൂവിന്റെ കാന്തിപ്രചുരിമ തിരളും മുഗ്ധതേജസ്സു കണ്ടേൻ;
പീയൂഷത്തിൽ കുളിച്ചേ; നതിനു നടുവിലായ് ദിവ്യബാലസ്വരൂപം
തോയും സച്ചിദ്രസത്തേൻ പുളകമൊടു നകർന്നുള്ള ദേവർഷിവൃന്ദം
സ്ഥായത്കാന്താങ്ഗിമാരാം നിഗമതരുണിമാരൊത്തു നിൽക്കുന്ന ചുറ്റും.

3.222 തന്നിഷ്ടക്കാരനാകും യമനൊരു. . . (ജ്യോതി)

സ്രഗ്ധര

തന്നിഷ്ടക്കാരനാകും യമനൊരു നിയമം നോക്കലില്ലാനയേയും
തന്നുള്ളിൽ ചേർപ്പു സൗദാമിനിയുടെ കനകക്കയ്യെ പെട്ടെന്നു നീട്ടി
എന്നാലീ വൃദ്ധനാമെന്നുടലുയിരുകളെ പ്രത്യഹം നുള്ളി നുള്ളി–
ത്തിന്നുന്നൂ ചൂടു കൂട്ടും കറിയൊരു കൊതിയൻ കുട്ടിപോലക്കൃതാന്തൻ

കവി : വി. കെ.ജി., കൃതി : *അവിൽപ്പൊതി*

3.223 ഏന്തില്ലായുധമെന്ന തന്റെ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഏന്തില്ലായുധമെന്ന തന്റെ ശപഥം തെറ്റിച്ചു, ഞാൻ ചെയ്തതാ-
മേന്തിച്ചീട്ടമതെന്ന സത്യമൃതമാക്കുംമാറു ചക്രായുധം
ഏന്തി, ബ്ഭൂമികുലുക്കി, മേൽപുടവയൂർന്നെൻനേർക്കു തേർത്തട്ടിൽ നി-
ന്നേന്തിച്ചാടിയണഞ്ഞ പാർത്ഥസഖനിൽ പ്രേമം ഭവിക്കാവു മേ!

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.224 എന്റേതെന്നു നിനച്ചതൊക്കെ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

എന്റേതെന്നു നിനച്ചതൊക്കെ വെടിവേൻ; ഒന്നാഗ്രഹം; വാങ്മനഃ-
കർമ്മാകാരമെടുത്തു വിശ്വമഖിലം വ്യാപിച്ച ഹേ വാമന!
വാഗർഥങ്ങൾ മരന്ദമേകുവതിനായ് വർണ്ണാഭ പൂ, ണ്ടക്ഷര-
ശ്ലോകപ്പൂ വിരിയിപ്പതാവണമെനിയ്ക്കേതാണ്ടുമീ ശ്രാവണം!

കവി : പി. സി. മധുരാജ്

3.225 വാരാളുന്നീ വേടരോ. . . (കർത്താ)

ശാലിനി

വാരാളുന്നീ വേടരോ, വിന്ധ്യകേതു-
പ്പേരാർന്നാത്മസ്വാമിതൻ ശാസനത്താൽ,
ഘോരാരണ്യേ പൂരുഷന്മാരെയങ്ങി-
ങ്ങാരായുന്നോരാണു, ദേവീബലിക്കായ്.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.226 ഘോരാകാരാട്ടഹാസ. . . (ഉമേഷ്)

സ്രഗ്ധര

ഘോരാകാരാട്ടഹാസപ്രകടിതകലഹം മൃത്യു വന്നെത്തി നോക്കും
നേരം നാരീജനത്തിൻ കളികളുമിളിയും നോക്കുമുക്കുള്ള വാക്കും
പോരാ പോരിൽത്തടുപ്പാൻ; പരമശിവപദാംഭോജരേണുപ്രസാദം
പോരും പോരും കൃതാന്തപ്രതി ഭയമകലത്താക്കുവാനാർക്കുമെന്നും!

കവി : കുമാരനാശാൻ

3.227 പീലിക്കാർകൂന്തൽ കെട്ടീട്ടഴകൊടു. . . (ഋഷി)

സ്രഗ്ധര

പീലിക്കാർകൂന്തൽ കെട്ടീട്ടഴകൊടു നിടിലേ ചാരുഗോരോചനം ചേർ-
ത്തേലസ്സും പൊൻചിലമ്പും വളകളുമണിയിച്ചമ്മതന്നങ്കഭാഗേ
ലീലാഗോപാലവേഷത്തൊടു മുരളിയുമായ് കാലി മേയ്ക്കുന്ന കോലും
ചലേ കൈക്കൊണ്ടു മന്ദസ്മിതമൊടു മരുവും പൈതലേ, കൈതൊഴുന്നേൻ!

കവി : പൂന്തോട്ടത്തു നമ്പൂതിരി

3.228 ലളിതം ഫണി തന്നടെ. . . (ഉമേഷ്)[41]

തോടകം

ലളിതം ഫണി തന്നടെ പത്തികളിൽ
തളിർ തന്നൊളി വെന്നൊരു ചേവടിയാൽ
തളയും വളയും കളസുസ്വനമോ-
ടിളകും വിധമാടി വിളങ്ങി ഭവാൻ.

കവി : സി. വി. വാസുദേവ ഭട്ടതിരി, കൃതി : *നാരായണീയം പരിഭാഷ (55:9)*

3.229 തിണ്ണം ചെന്നിട്ടു തീയിൽ. . . (ഋഷി)[42]

സ്രഗ്ധര

തിണ്ണം ചെന്നിട്ടു തീയിൽ തെളിവിനൊടു തിളയ്ക്കുന്ന പാലൊട്ടു പൊന്നിൻ
കിണ്ണം കൊണ്ടമ്മ കാണാതളവിലുടനടൻ മുക്കി, മുക്കിൽ പതുങ്ങി
കർണ്ണം പാർത്തങ്ങു നിന്നിട്ടതു ചൊടിയിണകൊണ്ടതിയൂതിക്കുടിക്കും
കണ്ണൻ കാരുണ്യപൂർണൻ കളകമലദളക്കണ്ണനെൻ കണ്ണിലാമോ?

കവി : കാത്തുള്ളിൽ അച്യുതമേനോൻ

3.230 ക്ഷണപ്രഭാഗണ. . . (കർത്താ)

പഞ്ചചാമരം

ക്ഷണപ്രഭാഗണപ്രഭാസമപ്രഭാലസൽപ്രഭാ-
കരപ്രഭാധികസ്ഫുരന്മണിപ്രദീപ്തഭ്രഷണാ
ഹരിപ്രിയാദ്യശേഷഖേചരപ്രിയാനുഭാവിതാ
ഹരപ്രിയാ ജഗൽപ്രിയാ വരപ്രദാസ്തു മേ സദാ

കവി : കട്ടിക്കുഞ്ഞു തങ്കച്ചി

3.231 ഹാസം പോലെ വെളുപ്പു ചേർന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഹാസം പോലെ വെളുപ്പു ചേർന്നു, മനുരാഗാവിഷ്ട തൻ ദീർഘനി-
ശ്വാസം പോലെ കനപ്പു ചേർന്നു, മവൾ തൻ കണ്ണിൻ കറുപ്പാർന്നുമേ
മാസം വാസരമെന്നതല്ല നിമിഷം തോറും വിഭിന്നാത്മകോ-
ല്ലാസം പൂണ്ടുപരന്ന കാർമുകിൽ രസം ലുകുന്നിതെല്ലാടാവും.

[41] [*ഉമേഷ്*] ശ്ലോകം **3.228 :** തെറ്റിപ്പോയ ഒരു ല-ത ശ്ലോകത്തിനു പകരം വെച്ചതു്. ഇതിന്റെ മൂലശ്ലോകം (**മേൽപ്പുത്തൂർ**):

അധിരുഹ്യ തതഃ ഫണിരാജഫണാൻ
നന്വതേ ഭവതാ മൃദുപാദരുചാ
കളശിഞ്ജിതനൂപുരമഞ്ജുമിളത്-
കരകങ്കണസങ്കലസങ്കണിതം

[42] [*ഉമേഷ്*] ശ്ലോകം **3.229 :** *കർണ്ണം പാർത്തങ്ങു നിന്നായതു* എന്നും *കണ്ണൻ കല്യാണപൂർണ്ണൻ* എന്നും പാഠഭേദം.

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.232 മേലേ മേലേ പയോധൗ. . . (കർത്താ)

സ്രഗ്ധര

മേലേ മേലേ പയോധൗ തിരനിരയതുപോൽ ഗദ്യപദ്യങ്ങളോർക്കും
കാലേ കാലേ ഭവിപ്പാൻ ജഗമതിലൊളിവായ് ചിന്നിടും തേൻ കഴമ്പേ!
ബാലേ ബാലേ മനോജ്ഞേ പരിമൃദുലതനോ! യോഗിമാർ നിത്യമുണ്ണും
പാലേ! ലീലേ വസിക്കെൻ മനസി സുകൃതസന്താനവല്ലീ സുചില്ലീ!

കവി : ചട്ടമ്പി സ്വാമികൾ

3.233 ബാണൻ തൻ കോട്ട കാത്തു. . . (ഉമേഷ്)

സ്രഗ്ധര

ബാണൻ തൻ കോട്ട കാത്തു ഭഗവതി, ഭുവനാധീശനാം നിൻ മണാളൻ;
ബാണം വർഷിച്ചു മെയ് മൂടിയ രണപടുവാം ഫൽഗുനന്നിഷ്ടമേകീ;
വേണം തൻ ഭക്തരോടിത്രയുമകമലിവങ്ങെങ്കിൽ നിൻ ഭക്തനാമെൻ
ത്രാണത്തിന്നെന്തമാന്തം തവ? സതി പതിസാധർമ്മ്യമേൽക്കേണ്ടതല്ലോ.

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.234 വൃത്തം വൃത്തികുറഞ്ഞതായി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വൃത്തം വൃത്തികുറഞ്ഞതായി, പദവിന്യാസം ക്രമം വിട്ടതായ്
അത്യന്താധുനികത്വനാട്യബഹുലം രൂപം ചിതംകെട്ടതായ്,
കഷ്ടം കൈരളിമങ്കയാൾക്കെഴുമലങ്കാരങ്ങളും നഷ്ടമായ്,
അർത്ഥം തന്നെയനർത്ഥമായ്, വിരസമായ് ഭാവത്തിനാവർത്തനം!

കവി : ഡോക്ടർ എം.ജി.എസ്സ്. നാരായണൻ, കൃതി : *മലയാളകവിത*

3.235 കൃതമിദം ഹരിണശ്ചരിതം. . . (കർത്താ)

ദ്രുതവിളംബിതം

കൃതമിദം ഹരിണശ്ചരിതം ശുഭം
സകലപാപഹരം പഠതാം നൃണാം
ഗുരുഗുഹാലയഹൈമവതീകൃപാ-
ലവയുതേന തു ഭാസ്കരശർമണാ

കവി : വട്ടപ്പള്ളി ഭാസ്കരൻ മൂസത്, കൃതി : *ശ്രീകൃഷ്ണോദന്തം*

3.236 ഗേയം നിൻ തിരുനാമകീർത്തനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഗേയം നിൻ തിരുനാമകീർത്തനമൊഴിച്ചെന്തുള്ളു ഹേ ശ്രീപതേ!
പേയം നിൻ മുരളീരവാമൃതമൊഴിച്ചെന്തുള്ളു ഗീതാംബുധേ!
ധ്യേയം നിൻ പദപദ്മമൊന്നൊഴികെ മറ്റെന്തുള്ളു ദാമോദരാ!
ജ്ഞേയം നിൻ മഹിമാവൊഴിച്ചു പരമെന്താനന്ദരത്നാകര!

കവി : യൂസഫ് അലി കേച്ചേരി, കൃതി : *അഹൈന്ദവം*

3.237 ധരാധരേന്ദ്രനന്ദിനീ. . . (ജ്യോതി)

പഞ്ചചാമരം

ധരാധരേന്ദ്രനന്ദിനീവിലാസബന്ധുബന്ധുര-
സ്ഫുരദ്ദിഗന്തസന്തതിഃ പ്രമോദമാനമാനസേ
കൃപാകടാക്ഷധോരണീ നിരുദ്ധദുർധരാപതിഃ
കൃചിദ്ദിഗംബരേ മനോവിനോദമേതുവസ്തുനി

കവി : രാവണൻ (ഐതിഹ്യം), കൃതി : *ശിവതാണ്ഡവസ്തോത്രം*

3.238 കൃതാന്തബന്ധബന്ധനൈക. . . (ഉമേഷ്)

പഞ്ചചാമരം

കൃതാന്തബന്ധബന്ധനൈകകൃന്തനം മുരാന്തകം
നിതാന്തഭാസുരം വരം വരേണ്യമീശ്വരം ഹരിം
കൃപാകദംബമാധുരീരസപ്രവാഹനിർഗ്ഗള-
മുഖാരവിന്ദമച്യുതം നമാമി ലോകനായകം.

കവി : ഇലഞ്ഞിർ നാരായണൻ വൈദ്യർ

3.239 കരാളഫാലപട്ടികാ. . . (ജ്യോതി)

പഞ്ചചാമരം

കരാളഫാലപട്ടികാധഗദ്ധഗദ്ധഗജ്ജ്വല-
ദ്ധനഞ്ജയാധരീകൃതപ്രചണ്ഡപഞ്ചസായകേ
ധരാധരേന്ദ്രനന്ദിനീകുചാഗ്രചിത്രപത്രക-
പ്രകല്പനൈകശില്പിനി ത്രിലോചനേ മതിർമ്മമ

കവി : രാവണൻ (ഐതിഹ്യം), കൃതി : *ശിവതാണ്ഡവസ്തോത്രം*

3.240 ധന്യാഭാനോഃ പുലരിവഴി. . . (കർത്താ)

മന്ദാക്രാന്ത

ധന്യാഭാനോഃ പുലരിവഴിവെള്ളാട്ടി ഭാനുക്കളെന്നും
പൊന്നിൻ ചൂൽകൊണ്ടിരുൾമയമടിക്കാടടിച്ചങ്ങു നീക്കി
ഇമ്പം ചേരും ഗഗനഭവനം ചുറ്റുമുറ്റത്തളിപ്പാ-
നംഭോരാശൗ ശശധരകുടം കാൺക മുക്കിന്റവാറ്

കൃതി : *ചക്രവാകസന്ദേശം*

3.241 ഇന്ദ്രത്വം പണ്ടു ഗോവർദ്ധന. . . (ജ്യോതി)

സ്രഗ്ധര

ഇന്ദ്രത്വം പണ്ടു ഗോവർദ്ധനഗിരിയിലുറപ്പിച്ചു, വേഗം പിണങ്ങും
വൃന്ദാരാമത്തുടിപ്പാം പശുപയുവതി തൻ താപമാറ്റിക്കൊടുത്തും
സന്ദേഹം തീർത്തുമിന്ദ്രാത്മജ,നൊരു ദിനവും ദുഷ്ടനീതിജ്ഞരോടായ്-
സ്സന്ധിയ്ക്കാതേ ജയിയ്ക്കും മൊഴിയുടയവനെൻ വാക്കു മുത്താക്കിടട്ടെ!

കവി : പി.സി. രഘുരാജ്

3.242 സ്രവന്തീ പാഷാണേ പഥി. . . (കർത്താ)

ശിഖരിണി

സ്രവന്തീ പാഷാണേ പഥി പഥി ഘൂമിങ്കാരസുരവൈഃ
സ്ഖലന്തീ കാന്താരേ സ്വപതിമരമബ്ധിം നിപതിതും
ഭ്രമന്തീ പശ്യത്വം വിരഹവിവശാ സാതികലുഷാ
തദന്തീ ധാനന്തീ വ്യഥിതദമയന്തീതി സുമുഖീ

കവി : കുമാരനാശാൻ

3.243 ഭുവനത്രയഭാരഭൃതോ. . . (ജ്യോതി)[43]

തോടകം

ഭുവനത്രയഭാരഭൃതോ ഭവതോ
ഗുരുഭാരവികമ്പിവിജൃംഭി ജലാ
പരിമജ്ജയതി സ്മ ധനുശ്ശതകം
തടിനീ ത്വടിതി സ്ഫുടഘോഷവതീ

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം (55:3)*

3.244 പൂമാതല്ലേ കളത്രം?. . . (ഋഷി)

സ്രുദ്ധര

പൂമാതല്ലേ കളത്രം? ചപലകളിലവൾക്കഗ്രഗണ്യത്വമില്ലേ?
പൂമെയ് പാമ്പിന്മെലല്ലേ? വിഷമെഴുമവനൊന്നുതിയാൽ ഭസ്മമല്ലേ?
ഭീമഗ്രാഹാദിയാദോഗണമുടയ കടൽക്കുള്ളിലല്ലേ നിവാസം?
സാമാന്യം പോലെയെന്തുള്ളതു പറക നിനക്കത്തു പൂർണ്ണത്രയീശ!

കവി : ഒറവങ്കര

3.245 ഭാഷാരീതിപ്പഴക്കത്തിനു. . . (കർത്താ)

സ്രുദ്ധര

ഭാഷാരീതിപ്പഴക്കത്തിനു നടുവ, മതിപ്രാസമെണ്ണിപ്പെറുക്കി-
ശ്ശോഷിച്ചീടാതെ കുത്തിത്തിരുകിവിടുവതിന്നച്യുതൻ മെച്ചമോടേ,
ഘോഷിക്കും കുഞ്ചുഭ്രപൻ, ലഘുരസഫലിതം രാജവിപ്രൻ ചമയ്ക്കും,
തോഷം സർവ്വർക്കുമൊപ്പം തരുവതിനൊരുവൻ കൊച്ചുകൊച്ചുണ്ണിഭ്രപൻ!

കവി : വെണ്മണി മഹൻ

3.246 ഘനനീലവർണ കരുണാർണ്ണവം. . . (രഘുരാജ്)

മഞ്ജുഭാഷിണി

ഘനനീലവർണ കരുണാർണ്ണവം ജഗത്-
ഭ്രമണൈകചക്രധരവിക്രമാർണ്ണവം
പ്രണവാക്ഷരധ്വനിതസച്ചിദർണ്ണവം
പ്രണതാർത്തിഹാരി ഹരി തീർക്ക സങ്കടം

കവി : വി. കെ. ജി. , കൃതി : *അവിൽപ്പൊതി*

[43] [*ഉമേഷ്*] ശ്ലോകം **3.243 :** പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):

ഉലകങ്ങളെയുള്ളിലൊതുക്കിയ നിൻ
വലുതായൊരു മെയ്യല ചേർത്തു ഭൂലോം
ഒലി പൂണ്ടൊരു നൂറു ധനുസ്സകലം
ജലമഗ്നമതായ് കര രണ്ടുമഹോ!

3.247 പ്രാണായാമക്രമത്തിൽ. . . (ജ്യോതി)

സ്രഗ്ധര

പ്രാണായാമക്രമത്തിൽ പവനവിധൃതിചെയ്താനന ശ്രോത്രനേത്ര-
ഘ്രാണം രോധിച്ചു, ദക്ഷശ്രുതിയിലകമണച്ചുജ്ജ്വിത സ്ഥൂലഘോഷം
വാണീടുന്നോർക്കു നീയാമൊരു ചെറുരണിതം കേട്ടിടാമപ്രണാദ-
ത്രാണം നാദാനുസന്ധാന, മതമൃതമയം തല്ലയം തല്ലയം പോൽ

3.248 വാടീരസാലാഗത. . . (കർത്താ)

ഇന്ദ്രവജ്രാ

വാടീരസാലാഗതവായുസങ്ഗാ-
ലാടീ രസാലാളി ലതാവധൂടീ
പാടീരസാലാശ്രിതകോകിലാളി
പാടീ രസാലംബിവിയോഗിപാളീ

കവി : കടത്തനാട്ട് കൃഷ്ണ വാര്യർ, കൃതി : *സീമന്തിനീചരിതം*

3.249 പരമ കിമു ബഹ്വക്ത്യാ. . . (ജ്യോതി)[44]

മാലിനി

പരമ! കിമു ബഹ്വക്ത്യാ, ത്വത്പദാംഭോജഭക്തിം
സകലഭയവിനേത്രീം സർവ്വകാമോപനേത്രീം
വദസി ഖലു ദൃഢം ത്വം, തദ് വിധൂയാമയാൻ മേ
ഗുരുപവനപുരേശ! ത്വയ്യുപാധത്സ്വ ഭക്തിം.

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം (15:10)*

3.250 വെണ്ണക്കിരന്നു വഴിയേ. . . (ഋഷി)

വസന്തതിലകം

വെണ്ണക്കിരന്നു വഴിയേ മണിയും കിലുക്കി-
ക്കുഞ്ഞിക്കരങ്ങളുമുയർത്തി നടന്ന നേരം
കണ്ണിൽ തെളിഞ്ഞ പുതുവെണ്ണ ലഭിച്ച നില്പോ-
രുണ്ണിക്കിടാവു ചിരിപൂണ്ടതു കണ്ടിതാവു

കവി : പൂന്താനം

3.251 കരുതാം കമനീയമീ. . . (ഉമേഷ്)[45]

വിയോഗിനി

കരുതാം കമനീയമീ സദ-
സ്സിരുന്നൂറ്റമ്പതിലെത്തി നിൽക്കയാൽ

[44] [*ഉമേഷ്*] ശ്ലോകം **3.249 :** "വ" എന്ന അക്ഷരത്തിനു രണ്ടു പേർ ശ്ലോകങ്ങളയച്ചപ്പോൾ അവയ്ക്കിടയിൽ തിരുകാൻ വേണ്ടി ചൊല്ലിയത്. പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):

പരമ, പലതുരച്ചിട്ടെന്തു? നിൻ ഭക്തിയൊന്നേ
നരനഭയമണയ്ക്കും, നൽകിടും കാമമെല്ലാം;
ഗുരുപവനപുരേശാ, നീയിതോതുന്നു തിട്ടം;
ഗുരുഗദപരിതാപം നീക്കി നീ ഭക്തി നൽക!

[45] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. E-sadass 250 ശ്ലോകങ്ങൾ തികച്ചതിനെപ്പറ്റി എഴുതിയത്. "ആയിരം ശ്ലോക മറിഞ്ഞാൽ അരക്കവിയായി" എനോരു ചൊല്ലുണ്ടല്ലോ.

പെരുതായ കവിത്വമെട്ടിലൊ-
ന്നൊരുമിച്ചിന്ന കരസ്ഥമാക്കി നാം!

കവി : ഉമേഷ് നായർ

3.252 പോരുമ്പോഴമ്മചുറ്റിച്ചൊരു. . . (ജ്യോതി)

സ്രഗ്ധര

പോരുമ്പോഴമ്മചുറ്റിച്ചൊരു ചെറുവസനത്തിന്റെ തുമ്പിൽച്ചവിട്ടി-
ച്ചേറാക്കി, ത്തെല്ലുഴിഞ്ഞെങ്കിലുമിടതുകരംകൊണ്ടു താങ്ങിപ്പിടിച്ച്
ഭാരം തോന്നും സ്ലെയിറ്റുക്കുടയുടെ പകരം ചാരു മൂർദ്ധാവിലേറ്റി
സ്വൈരം പോകുന്ന വിദ്യാലയമണയുവതിന്നിക്കിടാവുത്ക്കടാഭം.

കവി : വി. കെ. ജി. , കൃതി : *അവിൽപ്പൊതി*

3.253 ഭർത്തുത്വേ കേരളാനാം. . . (കർത്താ)

സ്രഗ്ധര

ഭർത്തുത്വേ കേരളാനാം മണിതവിലസിതേ പാണ്ഡ്യഭൂപണ്ഡിതാനാം
ചോളാനാം ചാരുഗീതേ യവനകുലഭുവാം ചുംബനേ കാമുകാനാം
ഗൗദാനാം സീൽകൃതേഷു പ്രതിനവവിവിധാലിങ്ഗനേ മാളവാനാം
ചാതുര്യം ഖ്യാതമേതത്ത്വയി സകലമിദം ദൃശ്യതേ വല്ലഭാദ്യ.

കവി : കോഴിക്കോട് മാനവിക്രമ ഏട്ടൻ തമ്പുരാൻ , കൃതി : *ശൃങ്ഗാരമഞ്ജരി*

3.254 ഗ്രാമത്തിന്നരികിൽച്ചിരിച്ചു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഗ്രാമത്തിന്നരികിൽച്ചിരിച്ച രസമായ് നിൽക്കുന്ന കന്നിന്നടു-
ത്താനന്ദത്തികവാർന്ന, ചോലകൾ നറും രാഗം ചൊരിഞ്ഞീടവേ,
ഗാനത്തിന്ന പികങ്ങൾ, പയ്യകലുവാൻ മാകന്ദ, മേവം സുഖ-
സ്തോമത്തിന്റെ നടുക്കിണങ്ങിയ വസന്തം ഹാ മനോഹാരി താൻ!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.255 ഗന്ധം ചേർന്നിതളുള്ള. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ഗന്ധം ചേർന്നിതളുള്ള പൂനിര ചൊരിഞ്ഞീടട്ടെ കാറെപ്പൊഴും,
ചിന്തും സ്വർനദിവീചിശീതളമലം വീശട്ടെ മന്ദാനിലൻ;
ചന്തം ചേർത്തണയട്ടെയാറുതുവുമൊത്തുദ്യാനശോഭയ്ക്കിനി
സ്വന്തം രശ്മി സുഖം വിരിച്ചു ശശിയും ചുറ്റട്ടെ ദിക്കൊക്കെയും.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃതി : *ആശ്ചര്യചൂഡാമണി തർജ്ജമ*

3.256 ചിത്തം മേ വാസുദേവ. . . (കർത്താ)

സ്രഗ്ധര

ചിത്തം മേ വാസുദേവ! പ്രചുരകരുണയാ ശോധയ പ്രീതിപൂർവം
നിത്യം സങ്കർഷണാഹങ്കരണജപരിതാപാംശ്ച ദൂരീകുരുഷ്വ
ബുദ്ധേഃ പ്രദ്യുമ്ന! സക്തിം ഹര ഭവവിഷയാം മാനസം ചാനിരുദ്ധ!
ത്വത്തത്ത്വജ്ഞാനയുക്തം കുരു; നിഖിലസുഖം ദേഹി നാരായണ ത്വം

കവി : കൊച്ചി വലിയ ഇക്കു അമ്മത്തമ്പുരാൻ , കൃതി : *സൗഭദ്രസ്തവം*

3.257 ബാലേന്ദുശേഖര മഹേശ്വര. . . (ബാലേന്ദു)

വസന്തതിലകം

ബാലേന്ദുശേഖര മഹേശ്വര ദേവദേവ
ഫാലേന്ദു മദ്ധ്യനയനേന കടാക്ഷമേകി
രാകേന്ദു രാത്രി മുഴുവൻ പകരും പ്രകാശം
പോലേന്തുകാഭ മമ ജീവിതമാം തമസ്സിൽ

കവി : ബാലേന്ദു

3.258 രണ്ടാൾ ചേർന്നൊരു പാപകർമ്മം. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

രണ്ടാൾ ചേർന്നൊരു പാപകർമ്മമിവിടെച്ചെയ്താ, ലതിൻശിക്ഷയാ
രണ്ടാൾക്കും സമമല്ലിവേണ്ടു? സുരതം ദണ്ഡാർഹമെന്നെണ്ണുകിൽ.
രണ്ടായ്ഗ്ഗർഭഭരപ്രയാസവുമൊരീപ്പേറ്റിന്റെ നോവും സമം
ഖണ്ഡം ചെയ്യ കൊടുക്കു പൂരുഷനു, മെന്തിപ്പക്ഷപാതം, പ്രഭോ?

കവി : ടി.എം.വി

3.259 രമ്യാ സാ വനിതാ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

രമ്യാ സാ വനിതാ പുരോഭ്യുപനതാ യാ ഭർത്തുരന്തർഹിതം
ഹൃദ്യാവിഷ്കൃതേ ശ്രുതിപ്രണയവൽസാരസ്യവച്ചാരുദൃക്
യോഗാഭ്യാസബലേന യത്ര ഭവതി ത്രൈവർഗ്ഗികീ ധന്യതാ
നിസ്സാരസ്വധരാശയൈകവശഗാ സമ്യഗ്വിവിക്തേ രതിഃ

കവി : എലത്തൂർ രാമസ്വാമി ശാസ്ത്രികൾ

3.260 യക്ഷാധീശ്വരപട്ടമോ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

യക്ഷാധീശ്വരപട്ടമോ, മഹിതമാം സ്വാരാജ്യസാമ്രാജ്യമോ,
ത്ര്യക്ഷാദിത്രിദശാധികാരനിലയോ വേണ്ടാ നമുക്കെൻ വിഭോ!
ലക്ഷാദിത്യസമാനമായൊരനഘജ്യോതിസ്സു ചിന്നുന്ന നി-
ന്നക്ഷാമാദ്ഭുതചിത്സ്വരൂപമകമേ കാണായ് വരേണം സദാ!

കവി : വള്ളത്തോൾ, കൃതി : *നാരായണാഷ്ടകം*

3.261 ലാലസിപ്പതു സമുദ്ര. . . (കർത്താ)

രഥോദ്ധത

ലാലസിപ്പതു സമുദ്രവീചികാ-
മാലയിൽപ്പതിതമർക്കമണ്ഡലം
ലോലമായടിയിൽ നിന്നു ബാഡബ-
ജ്വാല തെല്ലുടനയർന്നതിൻ വിധം

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.262 ലോലനാര്യന്നരുവിട്ടു. . . (ഉമേഷ്)

രഥോദ്ധത

ലോലനാര്യന്നരുവിട്ടു കേട്ടൊരാ
ബാലപാഠമഖിലം മനോഹരം
കാലമായധിക, മിന്നൊരക്ഷരം
പോല്വുമായതിൽ മറപ്പതില്ല ഞാൻ

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.263 കണ്ടാൽ സൂര്യകുലേ ജനിച്ച. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

കണ്ടാൽ സൂര്യകുലേ ജനിച്ച ശിശുവോയെന്നുള്ള സന്ദേഹമി-
ന്നുണ്ടാക്കും മുനി ബാലനേഷ തനിയേ കുംഭീന്ദ്രകുംഭങ്ങളിൽ
ടണ്ടാങ്കാരഭയങ്കരദ്ധ്വനി വളർത്തത്യുഗ്രബാണങ്ങളെ-
ക്കൊണ്ടെൻ സൈന്യശരീരസന്ധികൾ പിളർന്നേകുന്ന മേ കൗതുകം!

കവി : ചാത്തുക്കുട്ടി മന്നാടിയാർ, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

3.264 ടിക്കറ്റിന്ന തപസ്സുചെയ്യണം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ടിക്കറ്റിന്ന തപസ്സുചെയ്യണ, മൊരോ കഷ്ടം സഹിക്കേണ, മ-
പ്പെട്ടിക്കെട്ടുകൾ, മെത്ത, ക്ലേശ, പലതും കെട്ടിപ്പെറുക്കീടണം;
മുട്ടിത്തട്ടി മുഷിഞ്ഞു, കാശു മുഴുവൻ ദീപാളി, കോമാളിയായ്
നാട്ടിൽപ്പോക്കു നടത്തിടുന്ന മലയാളത്താനു കൈകൂപ്പണം!

കവി : ഏവൂർ പരമേശ്വരൻ, കൃതി : *മോഡേൺ മുക്തകങ്ങൾ*

3.265 മുറ്റത്തീണത്തിലോടി. . . (ഹരി)

സ്രഗ്ധര

മുറ്റത്തീണത്തിലോടി, ക്കുസൃതികൾ പലതും കാട്ടി, ഞാൻ വാടിവീഴ്ക-
ത്തെറ്റെന്നെത്തിക്കരത്താലുടനടി നെടുതായ് താങ്ങി മെയ്യിൽത്തലോടി,
മുറ്റും മുത്തങ്ങളേകി, ത്തിറമൊടു മടിയിൽ വെച്ചു, മമ്മിഞ്ഞ തന്നും
മറ്റും പാലിച്ചൊരമ്മേ, തവ പദമലർ വിട്ടില്ല മറ്റാശ്രയം മേ

3.266 മാനം ചേർന്ന മനീഷികൾക്കു. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

മാനം ചേർന്ന മനീഷികൾക്കു സുജനദ്രോഹേ മഹോത്സാഹമാം
ഹീനന്മാരുടെ ദുഷ്പ്രവാദമണുവും ചേർക്കില്ല ദുഷ്ടീർത്തിയെ.
മാനം പുക്കലമ്പിളിക്കല വിളങ്ങുമ്പോൾ കുശുമ്പാൽ കുറെ
ശ്വാനന്മാർ കുര കൂട്ടിയാൽ നിറനിലാവെങ്ങാൻ നിറം മങ്ങുമോ?

കവി : ടി.എം.വി.

3.267 മെയ്യാകെച്ചാമ്പൽ തേച്ചും. . . (ബാലേന്ദു)

സ്രഗ്ധര

മെയ്യാകെച്ചാമ്പൽ തേച്ചും, നെറുകയിലണിരുദ്രാക്ഷഹാരം പിണച്ചും,
കയ്യിൽ ശൂലം പിടിച്ചും, പലവടിവിലിരപ്പാളിവേഷങ്ങൾ കാൺകെ
ഇയ്യുള്ളോനമ്പരപ്പാ, ണവരിലൊരുവനെൻ കണ്ണുകാണാൻ കൊതിക്കും
നീയാകാമാരുകണ്ടു തവകളിവിളയാട്ടങ്ങൾ കൈലാസവാസിൻ!

കവി : എൻ. കെ. ദേശം

3.268 ഈരും പേനും പൊതിഞ്ഞീടിന. . . (കർത്താ)

സ്രഗ്ധര

ഈരും പേനും പൊതിഞ്ഞീടിന തലയുമഹോ! പീള ചേർന്നോരു കണ്ണും
പാരം വാനാറ്റവും കേളിളിയുമൊളിയളിഞ്ഞൊട്ടു മാറൊട്ടു ഞാനും
ക്രൂരോടയ്യൻ കൊടുത്തീടിന തുണിമുറിയും കൊഞ്ഞലും കൊട്ടുകാലും
നേരമ്പോക്കല്ല ജാത്യം പലതുമിനിയുമുണ്ടെങ്കിലും മങ്കയല്ലേ?

കവി : വെണ്മണി മഹൻ

3.269 കന്യാകുബ്ജത്തിലല്ലായ്കയൊ. . . (വിശ്വപ്രഭ)

സ്രഗ്ധര

കന്യാകുബ്ജത്തിലല്ലായ്കയൊ ജനനമതോ ദാസിയെക്കാമിയാഞ്ഞോ,
ത്വന്നാമത്തിന്നുമിപ്പോൾ കലിയുഗമതുകൊണ്ടുള്ള വീര്യം കുറഞ്ഞോ,
എന്നോ നാലക്ഷരം താൻ മുഴുവനരുതതിൽ കുറ്റമെന്നിൽ പിണഞ്ഞോ
ത്വന്നാമം ഞാനറിഞ്ഞിട്ടുമദിനമുരചെയ്തെന്നതോ വാസുദേവ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.270 എനനായതു ഭുവനേ. . . (കർത്താ)

ശങ്കരചരിതം

എനനായതു ഭുവനേ നനു ദിനനായകനിവനേ
ജനനാവനഹനനാദികൾ തുനിയുന്നതു തനിയേ
തുണയായതു വിധിമാധവഗിരിശാദികൾ പലരും
വിനതാപതി സവിതാപദി സവിതാ മമ ശരണം

3.271 തണ്ടാർമാതിൻ മുലക്കുങ്കുമരസം. . . (ഉമേഷ്)[46]

സ്രഗ്ധര

തണ്ടാർമാതിൻ മുലക്കുങ്കുമരസമിഴുകും ചാരുദോരന്തരാളേ
വണ്ടത്താന്മാർ മുരണ്ടെത്തിന മണമിളകും വന്യമാലാഭിരാമം
കൊണ്ടാടിത്താപസന്മാരഹരനുതിരയും സച്ചിദാനന്ദരൂപം
കണ്ടാവൂ ഞാൻ കളായദ്യുതി കഴൽ പണിയുന്നോരു കാന്തിപ്രവാഹം.

3.272 കേട്ടോളം നൈഷധത്തിൽ. . . (ബാലേന്തു)[47]

സ്രഗ്ധര

കേട്ടോളം നൈഷധത്തിൽക്കലിയുടെ വരവൊന്നുണ്ടു രണ്ടാം ദിനത്തിൽ
വിട്ടീടും മൂന്നിലെന്നാണിതുവരെയെതിരായ്കണ്ടതില്ലെന്നുമെങ്ങും
കേട്ടേൻ നൂറ്റാണ്ടൊടുക്കം കവിയുടെ കരയിൽത്തന്നെ നാലാം ദിനത്തിൽ
ചട്ടം തെറ്റിച്ചുകേറീ കലി നള(ട)നകമേ പെപ്സിതൻ കുപ്പിമാർഗ്ഗം.

കവി : ബാലേന്തു

[46] അക്ഷരക്രമം തെറ്റിയപ്പോൾ ഇടയ്ക്കു തിരുകിയത്.

[47] [*ബാലേന്തു*] ശ്ലോകം **3.272 :** 1999-ൽ ഒരു കഥകളിക്ക് നളന്റെ വേഷമെടുത്ത ഒരു നടൻ പെപ്സിയിൽ മദ്യം ചേർത്തു കഴിക്കുകയാൽ കളി അലങ്കോലമായതിനെപ്പറ്റി.

3.273 കാണം വിറ്റോണമുണ്ണം പതിവു. . . (ജ്യോതി)

സ്രഗ്ധര

കാണം വിറ്റോണമുണ്ണം പതിവു പടി തുറന്നു വിദേശിയ്ക്ക, പിന്നീ-
ടാണത്തം രാജ്യവും വെച്ചടിയറവു പറഞ്ഞോണമുണ്ട മഹാന്മാർ
കാണം തീർന്നു തിരിച്ചു ധ്വര, ദ്വര തറവാടോരിവെച്ചുണ്ടു നാമി-
ന്നോണം വിറ്റുണ്ടിടാം, പാടുക പശികെടുവാൻ "ടൂറിസം വെൽവുതാക"!

കവി : പി.സി.മധുരാജ്

3.274 ക്ലൂഴച്ചക്ക കലത്തിലിട്ടു. . . (ബാലേന്തു)[48]

ശാർദ്ദൂലവിക്രീഡിതം

ക്ലൂഴച്ചക്ക കലത്തിലിട്ടു കറിയായ് മാറ്റുന്ന സൂത്രങ്ങളു-
ണ്ടോമല്പൈങ്കിളിമാർക്കു നോവലെഴുതിത്തീർത്തുള്ള പൃഷ്ഠങ്ങളും
ക്ലൂടെക്കള്ളികൾ കോറിവെച്ച കരളിൽത്തട്ടാത്ത കാർട്ടൂണുമായ്
മാടപ്പീടികതന്റെ തട്ടുവഴിയായെത്തുന്നു 'മ'പ്പുസ്തകം

കവി : ബാലേന്തു

3.275 കേയസ്സാറു കടക്കുവാൻ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കേയസ്സാറു[49] കടക്കുവാൻ കഠിനമായ് നീന്തിക്കുഴങ്ങുന്ന ഞാ-
നേയീയോ[50] നില കൈവരും വിധമിതിന്നങ്ങേക്കരയ്ക്കെത്തുകിൽ
ആയർപ്പെൺ തുണിമോഷണോത്സുക!, തുലാഭാരം നടത്താമിളം-
പ്രായക്കാരികൾ ടീച്ചർമാരുടെയടിപ്പാവാടയാലന്നു ഞാൻ!

കവി : ടി.എം.വി

3.276 ആരമ്യാംബരചുംബികൾക്കിടയിലെ. . . (ബാലേന്തു)[51]

ശാർദ്ദൂലവിക്രീഡിതം

ആരമ്യാംബരചുംബികൾക്കിടയിലെച്ചേരിക്കുപിന്നാമ്പുറ-
ത്തോരോ നാറി ദുഷിച്ചിടുന്ന നഗരോപാന്തപ്രദേശങ്ങളിൽ
ആരണ്ടർവെയർ മാത്രമിട്ടു റയിൽവേപ്പാളത്തിലങ്ങിങ്ങു ന-
ല്ലോരം തേടിയലഞ്ഞിടുന്നു; പുലരിക്കാദ്യം തരും ദർശനം.

---

[48] [*ഉമേഷ്*] ശ്ലോകം **3.274 :** ഇത് വയലാർ രാമവർമ്മയുടെ

കാടത്തത്തെ മനസ്സിലിട്ടു കവിയായ് മാറ്റുന്ന വല്മീകമു–
ണ്ടോടപ്പുൽക്കുഴലിന്റെ ഗീതയെഴുതിസ്സൂക്ഷിച്ച പൊന്നോലയും
കോടക്കാർനിര കൊണ്ടുവന്ന മനുജാത്മാവിന്റെ കണ്ണീരുമായ്
മൂടൽമഞ്ഞിൽ വിരിഞ്ഞു നിൽക്കുമിവിടെപ്പൂക്കും വനജ്യോത്സ്നകൾ.

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണമാണ്. മലയാളത്തിലെ 'മ'പ്രസിദ്ധീകരണങ്ങളെപ്പറ്റി.

[49] K.S.R. = Kerala Service Rule

[50] A.E.O. = Assistant Educational Officer

[51] [*ഉമേഷ്*] ശ്ലോകം **3.276 :** വയലാർ രാമവർമ്മയുടെ

ആരണ്യാന്തരഗഹ്വരോദരതപസ്ഥാനങ്ങളിൽ സൈന്ധവോ–
ദാരശ്യാമമനോഭിരാമപുളിനോപാന്തപ്രദേശങ്ങളിൽ
ആരന്തർമുഖമിപ്രപഞ്ചപരിണമോദ്ഭിന്നസർഗ്ഗക്രിയാ–
സാരം തേടിയലഞ്ഞു പണ്ടവരിലെച്ചൈതന്യമെൻ ദർശനം

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം. മുംബെയിൽ രാവിലെ റെയിൽപ്പാളങ്ങളിൽ മലവിസർജ്ജനത്തിനു സ്ഥലം തേടുന്ന പാവങ്ങളെപ്പറ്റി.

കവി : ബാലേന്ദു

3.277 അങ്കത്തട്ടിലിരുത്തിയമ്മ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

അങ്കത്തട്ടിലിരുത്തിയമ്മയലിവാർന്നമ്മിഞ്ഞനൽകുമ്പൊഴാ-
ത്തങ്കക്കട്ടയിതാദ്യമായി മുള പൊട്ടും കൊച്ചരിപ്പല്ലിനാൽ
കൊങ്കക്കണ്ണിലൊരല്പമാർന്ന കൃസൃതിത്തത്താൽക്കടിച്ചീടവേ
മങ്കത്തയ്യൊരുനോവിലൊന്നു പുളയുന്നേരം ചിരിച്ചാനവൻ.

കവി : ടി.എം.വി

3.278 കാണിയ്ക്ക കഷ്ടമെവനും. . . (കർത്താ)

വസന്തതിലകം

കാണിയ്ക്ക കഷ്ടമെവനും നിജസദ്ഗുണൗഘം
കാണിക്കുവാൻ കഠിനതാപമുദിച്ചിടേണം;
ശ്ലാഘിക്കുവാൻ മണമുയർത്തണമെങ്കിലോ സാ-
മ്രാണിക്കു തീയതു പിടിക്കണമെന്നു നൂനം.

കവി : കൊട്ടാരത്തിൽ ശങ്കുണ്ണി , കൃതി : *ലക്ഷ്മീഭായി ശതകം*

3.279 ശ്ലാഘിക്കാത്ത സുമം. . . (ഉമേഷ്)[52]

ശാർദ്ദൂലവിക്രീഡിതം

ശ്ലാഘിക്കാത്ത സുമം, നഖൈരദലിതം ബാലപ്രവാളം, തുളയ്–
ക്കാണിക്കോലണയാത്ത നന്മണി, നവം താർത്തേനനാസ്വാദിതം,
ക്ഷീണിക്കാത്ത തപഃഫലം തദനഘം രൂപം മഹാഭാഗ്യനാം
പ്രാണിക്കേവനു ദൈവമേകമനുഭോഗ്യത്തി, ന്നറിഞ്ഞീല ഞാൻ!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ / കാളിദാസൻ, കൃതി : *മണിപ്രവാളശാകുന്തളം*

3.280 ക്ഷേമം നൽകുന്ന വർണ്ണാശ്രമ. . . (വിശ്വപ്രഭ)

സുശ്ലര

ക്ഷേമം നൽകുന്ന വർണ്ണാശ്രമവിധി നിലനിൽക്കേണമാചന്ദ്രതാരം,
പ്രേമത്തോടും നൃപന്മാർ പ്രജകളുടെ ഹിതം പോലെ രക്ഷിച്ചിടേണം,
ക്ഷാമം കൂടാതെ വേണ്ടും വിധമിഹ മഴയും പെയ്യണം, ലോകരെല്ലാ–
മാമോദം പൂണ്ടസൂയാകലഹരുചികൾ വിട്ടൊത്തു വാണീട വേണം

കവി : ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

3.281 ക്ഷീണാപാണ്ഡുകപോലമാം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്, തൻ മന്ദിരത്താഴ്വര–

[52] [*ഉമേഷ്*] ശ്ലോകം **3.279 :** മൂലശ്ലോകം (കാളിദാസൻ) :

അനാഘ്രാതം പുഷ്പം, കിസലയമലൂനം കരരുഹൈ–
രനാവിദ്ധം രത്നം, മധു നവമനാസ്വാദിതരസം,
അഖണ്ഡം പുണ്യാനാം ഫലമിവ ച തദ്രൂപമനഘം,
ന ജാനേ ഭോക്താരം കമിഹ സമുപസ്ഥാസ്യതി വിധിഃ

ഇത് ഔത്തരാഹപാഠമാണ്. ***"അനാവിദ്ധം രത്നം"*** എന്നതിനു പകരം ***"അനാമൃക്തം രത്നം"*** (***"മെയ്യിൽച്ചാർത്താത്ത രത്നം"*** എന്ന് ഏ. ആറിന്റെ തർജ്ജമ.) എന്ന പാഠമുള്ള ദാക്ഷിണാത്യപാഠമാണ് ഭ്രരിപക്ഷം പണ്ഡിതരും അങ്ഗീകരിച്ചിട്ടുള്ളത്.

ത്തുണാലൊട്ടു മറഞ്ഞുനിന്നു, നെടുതാം വീർപ്പിട്ടുകൊണ്ടങ്ങനെ
“കാണാം താമസിയാതെ” യെന്നൊരുവിധം ബന്ധുക്കളോടോതിടും
പ്രാണാധീശനെ, യശ്രുപൂർണ്ണമിഴിയായ് നോക്കുന്ന മൈക്കണ്ണിയാൾ.

കവി : വള്ളാത്തോൾ, കൃതി : *വിലാസലതിക*

3.282 കൊണ്ടാടിക്കാവ്യമോതും. . . (കർത്താ)[53]

സ്രഗ്ധര

കൊണ്ടാടിക്കാവ്യമോതും കവികളുടെ വചോവല്ലരീസാരഭാരം
തെണ്ടീടും കാതിലെത്തിക്കടമിഴിയിണയാം രണ്ടു വണ്ടിൻ കിടാങ്ങൾ
ഉണ്ടീടുന്നമുഖപ്പെട്ടരുനവരസമെന്നുള്ളിലീർഷ്യാസുബന്ധം–
കൊണ്ടാണല്ലീ! ചുവന്നു ജനനി! കൊതിയോടും ചെറ്റു നിൻ നെറ്റിനേത്രം

കവി : കുമാരനാശാൻ, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

3.283 ഉത്സർപദ്വലിഭങ്ഗ. . . (വിശ്വപ്രഭ)[54]

ശാർദ്ദൂലവിക്രീഡിതം

ഉത്സർപദ്വലിഭങ്ഗഭീഷണഹനുഹ്രസ്വസ്ഥവീയസ്തര–
ഗ്രീവം പീവരദോശ്ശതോദ്ഗതനഖ ക്രൂരാംശുദുരോല്ബണം
വ്യോമോല്ലങ്ഘിഘനാഘനോപമഘനപ്രദ്ധ്വാനനിർദ്ധാവിത–
സ്പർദ്ധാലുപ്രകരം നമാമി ഭവതസ്തന്നാരസിംഹം വപുഃ

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം (25:4)*

3.284 വിജയസി യശസാ. . . (കർത്താ)

പുഷ്പിതാഗ്ര

വിജയസി യശസാ നരേന്ദ്ര, കാന്ത്യാ
മദനസി, കർണ്ണസി നിത്യദാനരീത്യാ,
ബലസി ഭുജബലേന, രാമവർമ്മ–
ക്ഷിതിവര! ധർമ്മബലേന ധർമ്മസി ത്വം.

മേടയിൽക്കൊട്ടാരത്തിൽ പൂയം തിരുനാൾ രവിവർമ്മത്തമ്പുരാൻ എഴുതി സ്വാതി തിരുനാളിനു സമർപ്പിച്ചത്.

3.285 ബാഷോച്ചാരണസുദ്ദിയില്ല. . . (ബാലേന്തു)

ശാർദ്ദൂലവിക്രീഡിതം

“ബാഷോച്ചാരണസുദ്ദിയില്ല പൊതുവേ” കേഴുന്നു ഭാഷഗുരു –
“ദോഷം കണ്ടു തിരുത്തുവേണ്ടതരുളാനുജ്ഝാഹമില്ലാർക്കുമേ”

[53] [*ഉമേഷ്*] ശ്ലോകം **3.282 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

കവീനാം സന്ദർഭസ്തബകമകരന്ദൈകരസികം
കടാക്ഷവ്യാക്ഷേപഭ്രമരകളഭൗ കർണ്ണയുഗളം
അമുഞ്ചന്തൗ ദൃഷ്ട്വാ തവ നവരസാസ്വാദതരളാ–
വസൂയാസംസർഗ്ഗാദളികനയനം കിഞ്ചിദരുണം.

[54] [*ഉമേഷ്*] ശ്ലോകം **3.283 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

അത്യുഗ്രം ഞെറിയാർന്ന താടി, കുറുകിച്ചീർത്തുള്ളതാം കണ്ണുവും,
തത്തും തീപ്പൊരി ചിന്തിടും നഖമെഴും സാലോഗ്രബാഹുക്കളും,
തട്ടിദ്ദിക്കുകൾ പൊട്ടുമുഗ്രമിടി പോൽ രൂക്ഷാട്ടഹാസങ്ങളും
ദുഷ്ടക്കുട്ടരെയാട്ടിമാറ്റിയകലേയ്ക്കാ നിന്റെ കാൽ കുപ്പുവൻ.

രോഷം പൂണ്ടു പറഞ്ഞിടുന്ന മഹിതൻ ഹെഡ്മാസ്റ്റർ ഗംഭീരനായ്
"മാഷന്മാർക്കു കുറച്ചുകൂടിയതിലും നിർബ്ബന്ധമുണ്ടാവണം."

കവി : ബാലേന്തു

3.286 രണ്ടുകയ്യിലുമുരുണ്ടവെണ്ണയും. . . (ജ്യോതി)

കുസുമമഞ്ജരി

രണ്ടുകയ്യിലുമുരുണ്ടവെണ്ണയുമിരുണ്ട നീണ്ട കചഭാരവും
കണ്ടുദേശമതിൽ വണ്ടണഞ്ഞ മലർകൊണ്ടു തീർത്ത വനമാലയും
പൂണ്ടു, പായസവുമുണ്ടുകൊണ്ടഴകിലണ്ടർകോൻനദിയിലാണ്ടെഴും
കൊണ്ടൽവർണ്ണ ജയ! മണ്ടിവന്നു കുടികൊണ്ടുകൊൾക മനമേറി മേ.

കവി : വെണ്മണി മഹൻ

3.287 പുറ്റും പാവുമായി. . . (ബാലേന്തു)

സ്രുദ്ധര

പുറ്റും പാവുമായിട്ടൊരുകവിനിലയം രാമനെക്കേമനാക്കീ;
പെറ്റ മീൻകാരിയഞ്ചാമതുമൊരുമറ പണ്ടായതോ കൃഷ്ണനേയും
ചെറ്റഴിക്കോർമ്മനിൽക്കുംപടി മുനിസുത തൻ വൃത്തമന്യൻ കഥിച്ചാൻ
അറ്റ പിന്നെക്കവിത്വം; ച്യുതസുമകവിതാകാരനിൽപ്പൂത്തു വീണ്ടും.

രമേശൻ നായർ മഹാകവി കുമാരനാശാനെപ്പറ്റിയെഴുതിയത്. (ച്യുതസുമം = വീണ പൂവ്)

3.288 ചേലഞ്ഞും നവപരിണീതം. . . (കർത്താ)

പ്രഹർഷിണി

ചേലഞ്ഞും നവപരിണീതമാർക്കുചേരും
വൈലക്ഷ്യപ്രണയഭയാദി മേളനത്താൽ
ലീലപ്പൂമണിയറയിൽപ്പരുങ്ങി നിൽക്കും
ബാലപ്പെണ്മണിയെ ഹഠേന പൂണ്മനോ ഞാൻ!

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.289 ലാവണ്യൈകനിധാനമായ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ലാവണ്യൈകനിധാനമായ മഴവില്ലുണ്ടാക്കുവാൻ വാർഷിക–
ശ്രീയും സന്ധ്യ രചിയ്ക്കുവാൻ തപനനും ക്ലേശം സഹിപ്പീലയോ?
രാവാകും കവയിത്രിയെത്രസമയം കുത്തിക്കുറിച്ചാണഹഃ–
കാവ്യം തീർപ്പതു! ഭാവുകർക്കവ രസം നൽകീടിലെന്തത്ഭുതം!

കവി : വി. കെ. ജി

3.290 രാവിൽ സ്വൈരമനിദ്രയായ്. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

രാവിൽ സ്വൈരമനിദ്രയായ്, ത്വയി ലയിച്ചാനീലപത്രാഭമാം
ദ്യോവിൽ പൊന്മഷി കൊണ്ടു തന്നെ പലതും കുത്തിക്കുറിക്കുന്നു താൻ,
ആവില്ലെന്നഥ മായ്ച്ചിടുന്നു, കുതുകാൽ വീണ്ടും തുടങ്ങുന്നു - പേർ–
ത്തീ വിശ്വപ്രകൃതിക്കുമത്ര വശയായിട്ടില്ല ദുഷ്പ്രാപ നീ!

കവി : വള്ളത്തോൾ, കൃതി : *കവിത (സാഹിത്യമഞ്ജരി)*

3.291 അനർഘമിച്ഛാമി. . . (കർത്താ)

വംശസ്ഥം

അനർഘമിച്ഛാമി ശ്രുചിത്വമാത്മനാഃ
സദാ മനസ്സീദതി വാച്യകാതരം
ഖലോ ഹി ലോകോപ്യപവാദകൗതുകീ
കഥം ന ജീവാമ്യഥവാ കൃതം ഭിയാ.

കവി : കുമാരനാശാൻ

3.292 ഖം വായുമഗ്നിം. . . (വിശ്വപ്രഭ)

ഇന്ദ്രവജ്രാ/ഉപേന്ദ്രവജ്രാ

ഖം വായുമഗ്നിം സലിലം മഹീം ച
ജ്യോതീംഷി സത്ത്വാനി ദിശോ ദ്രുമാദീൻ
സരിത്സമുദ്രാംശ്ച ഹരേഃ ശരീരം
യത് കിഞ്ച ഭൂതം പ്രണമേദനന്യഃ

കൃതി : *ശ്രീമഹാഭാഗവതം 11.2.41*

3.293 സ്മരാസ്ത്രംകൊണ്ടേറ്റം. . . (കർത്താ)

ശിഖരിണി

സ്മരാസ്ത്രംകൊണ്ടേറ്റം പരവശത പൂണ്ടന്യവധുവിൻ
ഭുജാകാണ്ഡം ഭോഗിപ്രവരസുഭഗം തൻ ഗളതലേ
ദൃഢം ചുറ്റീ; പോകാൻ തുടരുമസുവായുക്കളെയുടൻ
പണിപ്പെട്ടും നിർത്തുന്നതിനു മുതിരുന്നെന്നതുവിധം.

കവി : എം.കൃഷ്ണൻ വാര്യർ / മാനവേദരാജാ, കൃതി : *കൃഷ്ണാട്ടം തർജ്ജമ*

3.294 ദാരിദ്ര്യം കടുതായ് ദഹിച്ചു. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ദാരിദ്ര്യം കടുതായ് ദഹിച്ചു തൃണവും ദാരുക്കളും ദൈവമേ!
നീരില്ലാതെ നിറഞ്ഞു സങ്കടമഹോ! നീയൊന്നുമോർത്തീലയോ?
ആരുള്ളിത്തൃ കൃപാമൃതം ചൊരിയുവാനെന്നോർത്തിരുന്നോരിലീ-
ക്രൂരത്തീയിടുവാൻ തുനിഞ്ഞതഴകോ? ക്രൂരർദ്ധനാരീശ്വരാ!

കൃതി : *അർദ്ധനാരീശ്വരസ്തവം*

3.295 ആറ്റുവഞ്ചികളിലാർത്തു. . . (കർത്താ)[55]

കുസുമമഞ്ജരി

ആറ്റുവഞ്ചികളിലാർത്തു പൈങ്കിളികൾ വാഴ്കയാലലർ കൊഴിഞ്ഞുവീ-
ണേറ്റവും പുതുമണം പുലർന്ന തെളിവാർന്ന നല്ല കുളിർനീരൊടും
ചെറു കായകൾ പഴുത്തിരുണ്ട നിറമാർന്ന ഞാവല്കുകൾ തന്മുടി-
ക്കേറ്റു ചോലകളിരമ്പലോടവിടെയങ്ങുമിങ്ങുമൊഴുകുന്നിതാ.

കവി : പാലിയത്തു ചെറിയ കുഞ്ഞുണ്ണി അച്ഛൻ / ഭവഭൂതി, കൃതി : *മഹാവീരചരിതം തർജ്ജമ*

3.296 ചന്ദ്രാഗൃഹേ കിമുത. . . (വിശ്വപ്രഭ)[56]

വസന്തതിലകം

ചന്ദ്രാഗൃഹേ കിമുത ചന്ദ്രഭഗാഗൃഹേ ന
രാധാഗൃഹേ ന ഭവനേ കിമു മൈത്രവിന്ദേ
ധൂർത്തോ വിളംബത ഇതി പ്രമദാഭിരുച്ചൈ-
രാശങ്കിതോ നിശി മരുത്പുരനാഥ, പായാഃ

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം*

3.297 ധീമച്ചിത്താബ്ജവാടീ. . . (കർത്താ)

സ്രഗ്ധര

ധീമച്ചിത്താബ്ജവാടീവിഹരണവരടീഭാവഭാഗംബരാടീ
കോടീകോടീരകോടീമണിഘൃണിപരിദീപ്താങ്ഘ്രിരാമ്നായവാടീ
പാടീരപ്രൗഢഗന്ധിജ്വലിതകുചതടീലംബിതാനർഘശാടീ
കൂടീഭൂതാ ശ്രിയാം മേ ധൃതവിധുമകുടീ ഭാതു ധാതുർവധൂടീ.

കവി : കട്ടമത്തു ചെറിയ രാമക്കുറുപ്പ്, കൃതി : *ദേവീസ്തോത്രം*

3.298 പച്ചക്കള്ളം വിതറ്റി. . . (വിശ്വപ്രഭ)

സ്രഗ്ധര

പച്ചക്കള്ളം വിതറ്റിപ്പഴവിന കുടികെട്ടിക്കിടക്കുന്നൊരിമ്മെ-
യ്യെച്ചിൽച്ചോറുണ്ടിരപ്പോടൊരുവടിയുമെടുത്തോടിമൂടറ്റിടും മുൻ-
പച്ചപ്പൊന്മെലിലേറിപ്പരിചിനൊടെഴുനള്ളിപ്പടിക്കൽ കിടക്കും
പിച്ചക്കാരന്നു വല്ലോമൊരു ഗതിതരണേ മറ്റെനിക്കാരുമില്ലേ!

കവി : ശ്രീനാരായണഗുരു, കൃതി : *സുബ്രഹ്മണ്യസ്തുതി*

3.299 പട്ടിൻ കൂപ്പായമൊന്നങ്ങ്. . . (ബാലേന്തു)

സ്രഗ്ധര

പട്ടിൻ കൂപ്പായമൊന്നങ്ങഴകൊടു പണിയുന്നമ്മ മോനൊടു ചൊല്ലീ
“കുട്ടാ നീ കേൾക്കു ചൊല്ലാം വെറുമൊരു പുഴുവിപ്പട്ടു നമ്മൾക്കു തന്നു”;
വീട്ടിൽക്കാണുന്ന നിത്യക്കശപിശയഖിലം പുത്രനോർത്തിട്ടു ചൊല്ലീ,
“സത്യം തന്നാണു മമ്മീ പറയുവതറിയാം, ഡാഡിതൻ കാര്യമല്ലേ?”

കവി : ബാലേന്തു

3.300 വീണക്കമ്പി മുറുക്കിടുന്നു. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

വീണക്കമ്പി മുറുക്കിടുന്നു മൃദുകൈത്താരാലൊരാരോമലാൾ,
ചാണക്കല്ലിലൊരുത്തി ചന്ദനമരയ്ക്കുന്നു ചലശ്രോണിയായ്,
ശോണശ്രീചഷകത്തിൽ നന്മധുനിറയ്ക്കുന്നു ശരിക്കന്യയാ-
മേണപ്പെണ്മിഴി, സർവ്വതോ മധുരമീ മണ്ഡോദരീ മന്ദിരം!

---

[55] ഇതു് ഒരു സംസ്കൃതശ്ലോകത്തിന്റെ *പച്ചമലയാള*ത്തിലുള്ള തർജ്ജമയാണു്.

[56] [*ഉമേഷ്*] ശ്ലോകം **3.296 :** പദ്യതർജ്ജമ (സി. വി. വാസുദേവഭട്ടതിരി):
ആ രാധ, ചന്ദ്രഭഗ, ചന്ദ്ര, യതല്ലയെങ്കിൽ
പാരാതെ വാഴ്വിതവനൊത്തിഹ മൈത്രവിന്ദ
ആ രാവിൽ നാരികളിലീവിധശങ്ക ചേർത്ത
നാരായണാ, ഗുരുപുരേശ്വര, കാക്കുകെന്നെ.

3.301 ശൈത്യം, കാകോളദൗഷ്ട്യം. . . (ബാലേന്ദു)

സ്രഗ്ധര

ശൈത്യം, കാകോളദൗഷ്ട്യം, വ്രജകുലപരിഷത്കാർത്തികൾ തീർത്തു, വൻവൈ-
രൂപ്യം കൂനിക്കു തീർത്തു, വെറുമൊരു നൊടിയിൽ സ്നേഹിതന്മാർത്തി തീർത്തു,
ക്ലൈബ്യം പാർത്ഥന്നു തീർത്തു, കവിയുടെ വലുതാം വാതരോഗാർത്തി തീർത്തു;
വൈദ്യം താനേ മറന്നോ കഴലിലൊരു കണത്തുമ്പുകൊണ്ടോരുനേരം?

കവി : ബാലേന്ദു

3.302 കഷ്ടമിക്കലിയിൽക്കിടന്ന്. . . (വിശ്വപ്രഭ)

മല്ലിക

കഷ്ടമിക്കലിയിൽക്കിടന്നുഴലുന്നതൊക്കെയുമങ്ങു സ-
ന്തുഷ്ടനായ് സുഖമോടു കണ്ടു രസിച്ചിരിക്കുക യോഗ്യമോ?
ക്ലിഷ്ടതയ്ക്കൊരിടം കൊടുക്കണമെന്നു നിന്തിരുവുള്ളിലു-
ണ്ടിഷ്ടമെങ്കിലടിക്കടുത്തിടുമെന്നിലോ, ഗ്രഹ പാഹിമാം.

കവി : ശ്രീനാരായണഗുരു , കൃതി : *ഷണ്മുഖസ്തോത്രം*

3.303 കോലേന്തിവന്നൊരിടയൻ. . . (ബാലേന്ദു)

വസന്തതിലകം

കോലേന്തിവന്നൊരിടയൻ പരിരക്ഷയേകും
പോലല്ല ദൈവമരുളുന്നു നരന്നു ശർമ്മം;
പാലിപ്പതിന്നു കനിയുമ്പൊളവന്നു താനേ
ചേലൊത്ത ബുദ്ധിയകമേ തെളിയിച്ചിടുന്നു.

കവി : ബാലേന്ദു.

3.304 പിനാകം രഥാങ്ഗം. . . (വിശ്വപ്രഭ)

ദ്രുജംഗപ്രയാതം

പിനാകം രഥാങ്ഗം വരം ചാഭയം ച
പ്രഫുല്ലാംബുജാകാര ഹസ്തൈർദ്ദധാനം
ഫണീന്ദ്രാതപത്രം ശുചീനേന്ദുനേത്രം
നമസ്കുർമഹേ ശൈലവാസം നൃസിംഹം!

കൃതി : *ദശാവതാരസ്തോത്രങ്ങൾ - നരസിംഹം*

3.305 ഫാലം ചാരു ലലന്തികാവിലസിതം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഫാലം ചാരു ലലന്തികാവിലസിതം ബാലേന്ദുമൗലിസ്ഥലം
ലോലംബാളകചുംബികുങ്കുമലസത്കസ്തൂരികാസുന്ദരം
നീലത്താമരലോചനം നിഖിലനിർമ്മാണത്തിൽ നിഷ്ണാതമാം
ഭൂലാസ്യങ്ങളുമംബ! കാണണമെനിക്കനന്ദസന്ദായകം.

കവി : കുട്ടമത്ത്, കൃതി : *മൂകാംബികാകടാക്ഷമാല (മരണശയ്യയിൽക്കിടന്നെഴുതിയ അവസാനകൃതി)*

3.306 നന്ദന്നോ കർണ്ണപുണ്യം. . . (ബാലേന്ദു)

സുശ്ലര

നന്ദന്നോ കർണ്ണപുണ്യം, സഖന ഗുരുമുഖം, രാധികാഹർഷധാമം,
വൃന്ദാരണ്യപ്രജാനാം കളകളമമൃതം പെയ്ത സങ്ഗീതമേഘം,
നിന്ദ്യൻ കംസന്ന കാലപ്രവചന, മതുപോൽ പൂതനാമോക്ഷവാടം,
ഭ്രാന്ത്യാ ബ്രഹ്മാണ്ഡമമ്മയ്, ക്കിദമിഹ ഹരിതൻ വക്ത്രമുദ്ഭാസതാം മേ

കവി : ബാലേന്ദു, കൃതി : *പൂതനാമോക്ഷം*

3.307 നിത്യം നശ്ചിത്തപദ്മേ. . . (കർത്താ)[57]

സുശ്ലര

നിത്യം നശ്ചിത്തപദ്മേ പരിലസതു കപാലീ കപാലീകപാലീ-
മാലാധാരീ സമസ്തപ്രമദജനകലാപഃ കലാപഃ കലാപഃ
ഭൂത്വാ നിർഭാതി യസ്യാധികമസുസമരീണാമരീണാമരീണാ-
മുത്പേഷ്ടാ യശ്ച ദൂരീകൃതകമലമഹസ്തോമഹസ്തോമഹസ്തഃ

കവി : കൊടുങ്ങല്ലൂർ വിദ്വാൻ ഇളയ തമ്പുരാൻ, കൃതി : *രസസദനം*

3.308 ഭക്തർക്കിഷ്ടം കൊടുക്കും. . . (ഉമേഷ്)

സുശ്ലര

ഭക്തർക്കിഷ്ടം കൊടുക്കും ഭുവനജനനി, നിൻ ചെഞ്ചൊടിക്കും, ചൊടിക്കും
ദൈത്യന്മാരെപ്പൊടിക്കും വിരുതിനു, മിരുളിൻ പേർ മുടിക്കും മുടിക്കും,
അത്താടിക്കും തടിക്കും രുചിയുടെ ലഹരിക്കുത്തടിക്കും തടിക്കും
നിത്യം കൂപ്പാമടിക്കും, ഗണപതി വിടുവാനായ് മടിക്കും മടിക്കും.

കവി : ശീവൊള്ളി

3.309 അശ്വത്ഥത്തിന്നിലയ്ക്കും. . . (കർത്താ)

സുശ്ലര

അശ്വത്ഥത്തിന്നിലയ്ക്കും തൊഴുക ശിശുനിലയ്ക്കും നിലയ്ക്കും നിലയ്ക്കും
വിശ്വം താനാഹരിയ്ക്കും വ്രജഭുവി വിഹരിക്കും ഹരിക്കും ഹരിക്കും
ശശ്വദ്ഭക്തങ്കലാപത്സമയമണികലാപത്കലാപത്കലാപത്-
പാർശ്വം സ്വഃ പാദപായാസകരശുഭദ! പായാദപായദപായാഃ

കവി : ശങ്കുണ്ണിക്കുട്ടൻ

3.310 ശരണത്തിനീദൃശ. . . (ബാലേന്ദു)

മഞ്ജുഭാഷിണി

ശരണത്തിനീദൃശ രണത്തിലുത്തമാ-
ചരണത്തിനെത്തി ചരണത്തിലിന്നു ഞാൻ
തിരയേറ്റുലഞ്ഞു തിരയേ ഭവാംബുധൗ
തരണം നമുക്കു തരണം ഭവപ്രിയേ

കവി : അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ

3.311 തിരിയാതിരിയാതിരിയായ്. . . (കർത്താ)

ഗീതി

തിരിയാതിരിയാതിരിയായ്
തിരിയാദരിയാതെയെരിയുമെരിയായി
പിരിയാപിരിയാപിരിയായ്
പിരിയാതരുളുന്ന പിടിയെ വന്ദിക്കാം

കവി : കുമാരനാശാൻ, കൃതി : *പരമപഞ്ചകം*

3.312 പാതിരാത്രി, പതിതൻ. . . (ബാലേന്ദു)

രഥോദ്ധത

പാതിരാത്രി, പതിതൻ തലയ്ക്കുമേൽ
പാതിരാത്രിപതി, തൻ തലയ്ക്കുമേൽ
വാണിതൻപതി വരച്ചുവച്ചപോൽ
വാണിതാ പഥി വരച്ചു വച്ചപോൽ.

കവി : അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ

3.313 വിമലമാമലമാനിനി. . . (ഉമേഷ്)

ദ്രുതവിളംബിതം

വിമലമാമലമാനിനി, ബാലനാം
മമ ഹിതം മഹി തന്നിൽ വിളങ്ങുവാൻ
ഇനി ഭവാനി ഭവാഭിധസിന്ധു തൻ
സുതരണം തരണം തവ നോക്കുകൾ

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ

3.314 ഇളകാത്ത ഹൃത്തൊടിളകാത്തവന്റെ. . . (ബാലേന്ദു)[58]

മഞ്ജുഭാഷിണി

ഇളകാത്ത ഹൃത്തൊടിളകാത്തവന്റെ വൻ
കളവാണിതെന്നു കളവാണി കേൾക്കവേ
പരമാർത്ഥമോർത്തു പരമാർത്ഥചിത്തനാ–
യരി കുത്തുമുള്ളൊടരികത്തു നിന്നുപോയ്.

കവി : അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ

3.315 പിതുരനന്തരം. . . (ഉമേഷ്)[59]

ദ്രുതവിളംബിതം

പിതുരനന്തരമുത്തരകോസലാൻ
സമധിഗമ്യ സമാധിജിതേന്ദ്രിയഃ
ദശരഥഃ പ്രശശാസ മഹാരഥോ
യമവതാമവതാം ച ധുരി സ്ഥിതഃ

കവി : കാളിദാസൻ, കൃതി : *രഘുവംശം (9:1)*

3.316 ദയിതനായിത. . . (രാജേഷ്)[60]

ദ്രുതവിളംബിതം

ദയിതനായിത നാളുകളെന്നുമെ–
ന്നകമിതാ കമിതാവിനെയോർക്കവേ
പെരിയ മാരിയമർത്തിയ മാറെഴും
ഘനസമാനസമാധിയിലാണ്ടുപോയ്

കവി : രാജേഷ്

3.317 പണിക്കുവന്നും. . . (ബാലേന്തു)

ഉപേന്ദ്രവജ്ര

പണിക്കുവന്നും വിപണിക്കുവന്നും
ഹരിച്ചിടുന്നു വിഹരിച്ചിടുന്നു
ധരാസുരൻ കണ്ണധരാസുരൻ കാൺ
തവാലയത്തിൽ കിതവാലയത്തിൽ.

കവി : അരിയന്നൂർ ഉണ്ണിക്കൃഷ്ണൻ

3.318 ധ്വജപടം മദനസ്യ. . . (ഉമേഷ്)[61]

ദ്രുതവിളംബിതം

ധ്വജപടം മദനസ്യ ധനുർഭൃത–

[57] ഈ ശ്ലോകം മുതൽ യമകശ്ലോകങ്ങൾ മാത്രം ചൊല്ലുന്ന ഒരു അഭ്യാസം നടന്നു.

[58] [*ഉമേഷ്*] **ശ്ലോകം 3.314 :** ഇളകാത്ത (അചഞ്ചലമായ) ഹൃത്തൊട്ട് (ഹൃദയത്തോടുകൂടി) ഇള കാത്തവന്റെ (ഭൂമിയെ കാത്തുരക്ഷിച്ചവന്റെ - രാജാവിന്റെ) വൻ കളവ് ആണ് ഇത് എന്നു കളവാണി (നല്ല ശബ്ദമുള്ളവൾ) കേൾക്കവേ പരമാർത്ഥം ഓർത്തു പരം ആർത്തചിത്തൻ (ദുഃഖിച്ച മനസ്സോടു കൂടിയവൻ) ആയ് അരി (ശത്രു) കത്തും ഉള്ളൊട്ട് (മനസ്സോട്) അരികത്തു നിന്നുപോയ് എന്ന് അന്വയം.

[59] [*ഉമേഷ്*] **ശ്ലോകം 3.315 :** പദ്യതർജ്ജമ (**കുണ്ടൂർ നാരായണമേനോൻ**):

പ്രശമിതേന്ദ്രിയനായ് രസയന്നു കൈ–
വശമണഞ്ഞതു പിന്നെ മഹാരഥൻ
ദശരഥൻ ന്യവരപ്പട്ട കാത്തതേ
ഭൂശമവൻ, ശമവമ്പുമെഴുന്നവൻ

[60] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. 'ദ' എന്ന അക്ഷരത്തിനു ദ്രുതവിളംബിതത്തിൽ നാലു വരിയിലും യമകത്തോടുകൂടി.

[61] [*ഉമേഷ്*] **ശ്ലോകം 3.318 :** പദ്യപരിഭാഷ (**കുണ്ടൂർ നാരായണ മേനോൻ**):

സുരകൊടിപ്പടമായ് ഭൂത ലക്ഷ്മി തൻ
വരമുഖപ്പൊടിയായ് മലർവാടിയിൽ
പരമലർപ്പൊടി പൊങ്ങുവതോർത്തു വ–
ണ്ടരമുദാരമുദാ ബത ചെന്നുതേ.

ശ്രവവികരം മുഖചൂർണ്ണമുതുശ്രിയഃ
കുസുമകേസരരേണുമളിവ്രജാഃ
സപവനോപവനോത്ഥിതമന്വയുഃ

കവി : കാളിദാസൻ, കൃതി : *രഘുവംശം (9:45)*

3.319 കല്യാ കല്യാണദാനേ. . . (കർത്താ)

സ്രുദ്ധര

കല്യാ കല്യാണദാനേ ജഗതി ഖലു രമാ യസ്യ കാന്താതികാന്താ
ലോകാലോകായ ഹേളു ബഹ്വലതരതമോമോചനേ ലോചനേ ച
സാരം സാരങ്ഗചഞ്ചദ്ദരമപി ദരഹാസം ദധാനഃ പ്രധാനം
ഭൂയോ ഭൂയോപി ഭദ്രം വിതരതു സ കൃപാസദ്മ വഃ പദ്മനാഭഃ

കവി : കടത്തനാട്ട് ശങ്കരവർമ്മത്തമ്പുരാൻ, കൃതി : *ദമയന്തീകല്യാണം നാടകം*

3.320 സതി വിദർഭജ. . . (ഉമേഷ്)[62]

ദ്രുതവിളംബിതം

സതി വിദർഭജേ രുക്മിണി നിങ്കലേ
മതിയുറച്ചുവസിച്ചു; സഹോദരൻ
കരുതി തത്പതി ചേദിപനായിടാൻ
കുമതി തൻ മതി തൻ ഖലസക്തിയാൽ

കവി : സി. വി. വാസുദേവ ഭട്ടതിരി / മേൽപ്പുത്തൂർ, കൃതി : *നാരായണീയം തർജ്ജമ (78:3)*

3.321 ക്വചിൽ പദനമന്മഹി. . . (കർത്താ)

പൃഥ്വി

ക്വചിത് പദനമന്മഹി, ക്വചന മന്ദപാദക്രമം
ക്വചിജ്ജയിജടാഭ്രമി, ക്വചന കമ്പമാനാളകം
ക്വചിത് സഫണിഫൂൽകൃതി, ക്വചന കങ്കണക്വാണവൽ
കരോതു ശിവയോസ്സുഖം നടനകർമ തത്താദൃശം

കവി : ദിവാകരകവി, കൃതി : *ലക്ഷ്മീമാനവേദം നാടകം*

3.322 കുളവരമ്പിൽ മുളച്ചു. . . (ഹരി)

ദ്രുതവിളംബിതം

കുളവരമ്പിൽ മുളച്ചുവളർന്നതും
വളരെ നീണ്ടു വെളുത്തു തടിച്ചതും
പുളിയൊഴിച്ചു കറിക്കുവിശേഷമാം
ഇളയ 'താളു' മഹാരസികൻ സഖേ!

3.323 പുറ്റിൻ മൗനത്തിൽ വാചാലത. . . (ഉമേഷ്)

സ്രുദ്ധര

പുറ്റിൻ മൗനത്തിൽ വാചാലതയുടെ നിധി നീ തേടിയെത്തിപ്പിടിച്ചും,

[62] [*ഉമേഷ്*] ശ്ലോകം **3.320 :** മൂലശ്ലോകം (മേൽപ്പുത്തൂർ) :

അഥ വിദർഭസുതാം ഖലു രുക്മിണീം
പ്രണയിനീം ത്വയി ദേവ, സഹോദരഃ
സ്വയമദിത്സത ചേദിമഹാളജേ
സ്വതമസാ തമസാധുമുപാസയൻ.

നെറ്റിക്കണ്ണന്റെ ഢക്കാരവതടിനിയിൽ നീരാടി നീന്തിത്തുടിച്ചും,
മുറ്റിപ്പീയൂഷമോലും മുരഹരമുരളീരന്ധ്രകല്പം കഴിച്ചും,
ചെറ്റിമ്പം ശാരദേ! നീ തരുമളവിളയിൽ ജീവിതം ജീവിതവ്യം!

കവി : യൂസഫ് അലി കേച്ചേരി

3.324 മാരൻ പൂമെയ് കരിക്കാം. . . (ബാലേന്ദു)

സ്രഗ്ധര

മാരൻ പൂമെയ് കരിക്കാ, മരിയ പുരമെരിക്കാ, മെരിക്കും ധരിക്കാം,
പാരീരെഴും ഭരിക്കാം, പരിചിനൊടുമുടിക്കാം, നടിക്കാം ചിതായാം,
ഗൗരിക്കങ്ഗം പകുക്കാം, ഝടിതി കടുകടെക്കാളകൂടം കുടിക്കാ,-
മോരോന്നേ വിസ്മയം നിൻ തിരുവുരു തിരുവൈക്കത്തെഴും തിങ്കൾമൗലേ!

3.325 ഗായം ഗായം തദന്യ. . . (കർത്താ)

മന്ദാക്രാന്ത

ഗായം ഗായം തദന്യ സ മുനിർന്നാമധേയാനി ശൗരേഃ
സ്മാരം സ്മാരം സജലജലദശ്യാമളം കോമളാങ്ഗം
പായം പായം ഭവഭയഹരം തസ്യ ചിത്രം ചരിത്രം
ലാഭം ലാഭം പ്രമദമമിതം വിഷ്ടപേ സഞ്ചചാര.

കൃതി : *നാരദമോഹനം*

3.326 പിച്ചക്കാരൻ ഗമിച്ചാൻ. . . (രാജേഷ്)[63]

സ്രഗ്ധര

“പിച്ചക്കാരൻ ഗമിച്ചാനെവിടെ?”,
“ബലിമഖം തന്നിൽ”;
“എങ്ങിന്യ നൃത്തം?”,
“മെച്ചത്തോടാച്ചിമാർ വീടതിൽ”;
“എവിടെ മൃഗം?”,
“പന്നി പാഞ്ഞെങ്ങു പോയോ?”;
“എന്തേ കണ്ടില്ല മൂരിക്കിഴടിനെ?”,
“ഇടയൻ ചൊല്ലുമക്കാര്യമെല്ലാം”
സൗന്ദര്യത്തർക്കമേവം രമയുമുമയുമായുള്ളതേകട്ടെ മോദം.

കവി : ഏ. ആർ. രാജരാജവർമ്മ

3.327 ഏകഭാവനയൊടേതിനത്തിലും. . . (ബാലേന്ദു)

രഥോദ്ധത

ഏകഭാവനയൊടേതിനത്തിലും
ലോകശില്പി നിജശില്പകൗശലം
ഹാ! കനിഞ്ഞു വെളിവാക്കിടുന്ന കാൺ-
കാകമാനമഴകാർന്ന കോഴിയെ.

[63] [*ഉമേഷ്*] ശ്ലോകം **3.326 :** മൂലശ്ലോകം (കാളിദാസൻ):

“ഭിക്ഷാർത്ഥീ സ ക്വ യാതഃ, സുതനു?” - “ബലിമഖേ”; “താണ്ഡവം ക്വാദ്യ ഭദ്രേ?” -
“മന്യേ വൃന്ദാവനാന്തേ”; “ക്വനു സ മൃഗശിശുർ?” - “നൈവ ജാനേ വരാഹം”;
“ബാലേ, കച്ചിന്ന ദുഷ്ടോ ജരഠവൃഷപതിർ?” - “ശ്ലോപ ഏവാത്ര വേത്താ”
ലീലാസല്ലാപ ഇത്ഥം ജലനിധിഹിമവത്കന്യയോസ്സ്മായതാം വഃ

കവി : വള്ളത്തോൾ

3.328 ഹാ! വാഴേണ്ടിയിരുന്നയേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഹാ! വാഴേണ്ടിയിരുന്നയേ വിദിതവൃത്താന്തൻ ഭവത്താതനി-
ന്നാ വിദ്യാപ്രണയിക്കെഴും രസവുമാർക്കെത്തും കൃതാർത്ഥത്വവും
ഭൂവിൽ ധീഗതിപോലെയോ പിണയുമാശാതന്തുവെപ്പോലെയോ
ജീവൻ നീളുവതില്ല മർത്ത്യനയി, കഷ്ടം! പോട്ടെ ദൈവേഷ്ടമാം.

കവി : കുമാരനാശാൻ, കൃതി : *വനമാല*

3.329 ഭസിത ഭുജഗഭൂഷം. . . (രാജേഷ്)

മാലിനി

ഭസിത ഭുജഗഭൂഷം ഭക്തദത്താഭിലാഷം
ശമിത സകലദോഷം ശാന്തമിഷ്ടപ്രദോഷം
ഹൃദയ തിമിരമോഷം ഹൃദ്യവാമാങ്കയോഷം
നടനകലിതഘോഷം നൗമി തേജോവിശേഷം

കവി : കടത്തനാട്ടു വാസുനമ്പി

3.330 ഹ്രീങ്കാരക്ഷീരവാരാന്നിധി. . . (കർത്താ)

സ്രുദ്ധര

ഹ്രീങ്കാരക്ഷീരവാരാന്നിധിപരമസുധേ, പാണിചഞ്ചൽകൃപാണീ-
ഭാങ്കാരത്രാസിതാഖണ്ഡലവിമതകലേ, വിശ്വവല്ലിക്കു വേരേ!
ഞാൻ കാലിൽ കൂപ്പിടുന്നേൻ, യതിഹൃദയമിളിന്ദാളി മേളിക്കുമോമൽ-
പ്പൂങ്കാവേ നിന്റെപേരിൽ ഭഗവതി, ലളിതേ, ഭക്തി സിദ്ധിക്കണം മേ!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം (ഭക്ത്യാശംസ)*

3.331 ഞെരിയുമാറകമക്ഷിനിറഞ്ഞു. . . (ബാലേന്ദു)

ദ്രുതവിളംബിതം

ഞെരിയുമാറകമക്ഷിനിറഞ്ഞു ഹാ!
കരയുവാൻ ചെറുപൈതൽ വിതുമ്പവേ
ത്വരിതമമ്മ മുകർന്നു തദാനനം
സുരുചിരം ചിരിയായിനിരന്തരം

കവി : കെ. വി. പി. നമ്പൂതിരി

3.332 താതാതാതതയാ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

താതാതാതതയാ തനോഷി വിരഹേ വാരാങ്ഗനാനാം ശതം
സാസാസാസസരാസമാനരസമപ്യേതദ് ദ്വശോസ്ത്വന്മുഖം
മീമീമീമിമിയാമിനീശനിടിലപ്രോദ്യച്ഛിഖാബന്ധനം
മാമാമാമ! നിമ്നകാനനഭവാം മാമാശു സഞ്ജീവയ

കവി : കിളിമാനൂർ രാജരാജവർമ്മകോയിത്തമ്പുരാൻ

3.333 മയ്യൽക്കണ്ണാൾ മനോജ്ഞാകൃതി. . . (ബാലേന്ദു)

സ്രഗ്ധര

മയ്യൽക്കണ്ണാൾ മനോജ്ഞാകൃതി മിഥിലസുതാ രാമനെക്കേട്ടു മാര-
ത്തീയിൽച്ചാടിച്ചിരം വെന്തഴലൊടുമൊരുനാളുച്ചയായോരു നേരം
പയ്യെപ്പയ്യെപ്പുതുങ്ങീ രഘുവരഭവനം തേടിയൊടീയിടത്തേ-
ക്കയ്യിൽ ത്തൈയംബകം മറ്റതിലൊരുമഴുവും കൊണ്ടയോദ്ധ്യയ്ക്കുനേരേ.

കവി : രാമക്കുറുപ്പു മൻഷി , കൃതി : *ചക്കീചങ്കരം*

3.334 പുരം ഭ്രാമം ഭ്രാമം. . . (കർത്താ)

ശിഖരിണി

പുരം ഭ്രാമം ഭ്രാമം മലയശിഖരിണ്യേഷ പവനഃ
പുനഃ സ്പർശം സ്പർശം വനജവനമാത്താൻ പരിമളാൻ
ഇദാനീം തന്വീനാമുപഹരതി സംസ്വിന്നവപുഷാം
പ്രതിദ്രവ്യം ലിപ്സുർമ്മുഖപരിമളാഖ്യം ദ്വഢമിവ.

കവി : മൂളൂകറിശ്ശി ഭാസ്കരൻ നമ്പൂതിരി, കൃതി : *ശൃങ്ഗാരലീലാതിലകം*

3.335 ഈരണ്ടുപൂവുകൃഷിചെയ്തിടവും. . . (ബാലേന്ദു)

വസന്തതിലകം

ഈരണ്ടുപൂവുകൃഷിചെയ്തിടവും പറമ്പും
പാരം തഴച്ചുവളരുന്നതു ജാതി, കൊക്കോ;
കേരം കഴിഞ്ഞു, പകരം റബറായി മുഖ്യം
പേരിങ്ങു ഹാ! 'റബറളം' മതിയിന്നി മേലിൽ.

കവി : ബാലേന്ദു

3.336 കാലകാലമഥ. . . (കർത്താ)

കുസുമമഞ്ജരി

കാലകാലമഥ ഫാലലാലസദരാളബാലശശിജാലകം
കാലകൂടഗരകാളശോഭിഗളനാളലോലഫണിജാലകം
ബാലയാ ലളിതമാലയാ മിളിതമേത്യ ശൈലകുലകന്യയാ
പാലകം ധൃതകപാലകം ത്രിദശപാലകഃ സ്തുതിഗിരാലപൽ

കവി : ഇലഞ്ഞൂർ രാമസ്വാമി ശാസ്ത്രികൾ, കൃതി : *ജലന്ധരാസുരവധം ആട്ടക്കഥ*

3.337 ബാലേന്ദുസ്മിതഭങ്ഗിചേരുമധരം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ബാലേന്ദുസ്മിതഭങ്ഗിചേരുമധരം ത്രൈലോക്യരക്ഷാകരം
ഫാലേന്ദുസ്ഫുടമൂർദ്ധ്വപുണ്ഡ്രലസിതം നീലാരവിന്ദം മുഖം
മാലേന്തുന്ന മനസ്സുകൾക്കു കുളിരപ്രാലേയമന്ദാനിലൻ
പോലേന്തും പദമാശ്രയിക്ക ധരണീപാലം മുദാ മാധവം.

കവി : ബാലേന്ദു

3.338 മന്ദാരത്തളിർ പോലെ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

മന്ദാരത്തളിർ പോലെ, മന്മഥ ശരം പോലേ, വസന്തത്തിലെ-
പ്പൊൻതാരക്കുട ചൂടുമിന്ദുകലയെപ്പോലേ മനോജ്ഞാങ്ഗിയായ്
വിണ്ണാറിൻ കടവിങ്കൽ നിന്നൊരഴകിൻ മന്ദസ്മിതത്തോണിയിൽ
വന്നാളിന്ദ്രസദസ്സിലെ പ്രിയകലാരോമാഞ്ചമാം മേനക.

കവി : വയലാർ രാമവർമ്മ, കൃതി : *ശകുന്തള* എന്ന ചലച്ചിത്രത്തിലെ ശ്ലോകം.

3.339 വൃക്ഷോദഞ്ചിതപാണിയായ്. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വൃക്ഷോദഞ്ചിതപാണിയായ് മുദിതയായ് നില്പൂ വനശ്രീ തെളി-
ഞ്ഞിക്ഷോണിക്കു മുകിൽക്കുടത്തെളിജലം താഴത്തിറക്കിത്തരാൻ
വിക്ഷോഭം ലവമേശിടാതടിമുറിക്കാനെത്തുവോർക്കും ഭൃശം
വക്ഷോജാദ്രിപയസ്സിനാൽ കുളിരണച്ചീടുന്നിതദ്ദേവിയാൾ.

കവി : യൂസഫലി കേച്ചേരി

3.340 വാനവപ്പുഴ കളിന്ദകന്യക. . . (കർത്താ)

കുസുമമഞ്ജരി

വാനവപ്പുഴ കളിന്ദകന്യകയൊടെന്നപോലമലവേഷമാം
മാനവേന്ദ്രനുടെ സൈന്യമാശ്ശബരസേനതന്നൊടിടചേരവേ
യാനഖിന്നതുരഗത്തിൽനിന്നവനിറങ്ങി, യിഷ്ടജനയുക്തനായ്-
ത്താനണഞ്ഞഥ രഥാവരുഢപിതൃപാദസീമനി വണങ്ങിനാൻ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.341 യാവത്തോയധരാധരാ. . . (ബാലേന്ദു)[64]

ശാർദ്ദൂലവിക്രീഡിതം

യാവത്തോയധരാധരാധരധരാ ധാരാധരാ ശ്രീധരാ
യാവച്ചാരുതചാരുചാരുചമരം ചാമീകരം ചാമരം
യാവദ് ഭോഗവിഭോഗഭോഗവിമുഖൈർ ഭോഗീകവൽസത്യയം
യാവദ്രാവണരാമരാവണവധം രാമായണം സൂയതേ.

3.342 യദ്വക്ത്രം ചന്ദ്രഭം യോ. . . (കർത്താ)

സുശ്ലര

യദ്വക്ത്രം ചന്ദ്രഭം യോ ധൃതമകരമണീകുണ്ഡലോയോതിഗോമാം
ശാർങ്ഗം ചാപം ദധദ്യോ മിളദളിവനമാലോജഹര്യാശ്രിതോ യഃ
യോ ദേവോങ്ഗശ്രിയാപ്തോ ദ്ധഷദുഗളിതുലാം രാധികോരോജകുംഭാ-
ശ്ലേഷീ യസ്സ്യാനുദേ വോ ബുധശരനപദസ്സോഖിലക്ഷേമരാശിഃ

കവി : കുട്ടമത്ത് ചെറിയ രാമക്കുറുപ്പ , കൃതി : *ഗോവിന്ദശതകം*

3.343 യാ കുന്ദേന്ദുതുഷാര. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

യാ കുന്ദേന്ദുതുഷാരഹാരധവളാ യാ ശുഭ്രവസ്ത്രാവൃതാ

[64] ഇതു മുതലുള്ള എട്ടു ശ്ലോകങ്ങൾ യഷ്ണ യ കൊടുക്കുന്നവയാണ്.

യാ വീണാവരദണ്ഡമണ്ഡിതകരാ യാ ശ്വേതപദ്മാസനാ
യാ ബ്രഹ്മാച്യുതശങ്കരപ്രഭൃതിഭിർദ്ദേവൈസ്സദാ പൂജിതാ
സാ മാം പാതു സരസ്വതീ ഭഗവതീ നിശ്ശേഷജാഡ്യാപഹാ.

3.344 യസ്യാസ്യമധ്യേധികം. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

യസ്യാസ്യമധ്യേധികമുന്നതാഗ്രോ
ജാഗർത്തി ഘണ്ടോഞ്ഛിതസൗധ ഏകഃ
യേന സ്വനാദൈർദ്ദിവിഷജ്ജനോപി
വിജ്ഞപ്യതേ കാലകലാവിഭാഗാൻ

കവി : എം. കുഞ്ഞൻ വാര്യർ, കൃതി : *ശ്രീരാമവർമ്മ വിജയം*

3.345 യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാഃ. . . (ഉമേഷ്)[65]

സ്രഗ്ധര

യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാഃ, വഹതി വിധിഹുതം യാ ഹവിർ, യാ ച ഹോത്രീ,
യേ ദ്വേ കാലം വിധത്തഃ, ശ്രുതിവിഷയഗുണാ യാ സ്ഥിതാ വ്യാപ്യവിശ്വം,
യാമാഹുഃ സർവ്വഭൂതപ്രകൃതിരിതി, യയാ പ്രാണിനഃ പ്രാണവന്തഃ
പ്രത്യക്ഷാഭിഃ പ്രപന്നസ്തനുഭിരവതു വസ്താഭിരഷ്ടാഭിരീശഃ

കവി : കാളിദാസൻ, കൃതി : *ശാകുന്തളം (നാന്ദി)*

3.346 യാദവർക്കു പല. . . (ബാലേന്തു)

രഥോദ്ധത

യാദവർക്കു പല കക്ഷിയുള്ളതിൽ
ഭേദമെന്തു നിജലാഭമോർക്കുകിൽ
യോഗ്യമായ പരിപാടിയൊന്നുമാ-
യാദ്യമാരുവരുമങ്ങു ചേരണം.

കവി : ബാലേന്തു

3.347 യുക്തിയുള്ള വചനങ്ങൾ. . . (രാജേഷ്)

രഥോദ്ധത

യുക്തിയുള്ള വചനങ്ങൾ ബാലനോ
തത്തയോ പറവതും ഗ്രഹിച്ചിടാം

[65] [*ഉമേഷ്*] ശ്ലോകം **3.345 : അർത്ഥം**: യാ സ്രഷ്ടുഃ ആദ്യാ സൃഷ്ടിഃ (സ്രഷ്ടാവിന്റെ ആദ്യത്തെ സൃഷ്ടി – വെള്ളം), യാ വിധിഹുതം ഹവിസ് വഹതി (ഹവിസ്സിനെ വിധിഹുതമായി വഹിക്കുന്ന ആൾ – അഗ്നി), ഹോത്രീ, യേ ദ്വേ കാലം വിധത്തഃ (കാലത്തെ ഉണ്ടാക്കുന്ന രണ്ടുപേർ – സൂര്യനും ചന്ദ്രനും), യാ ശ്രുതിവിഷയഗുണാ വ്യാപ്യവിശ്വം സ്ഥിതാ (ശ്രുതിവിഷയഗുണയായി വിശ്വം മുഴുവൻ വ്യാപിച്ചത് – ആകാശം), യാം സർവഭൂതപ്രകൃതിഃ ഇതി ആഹുഃ (എല്ലാ ഭൂതങ്ങളുടെയും പ്രകൃതി എന്നു പറയപ്പെടുന്നത് - ഭൂമി), യയാ പ്രാണിനഃ പ്രാണവന്തഃ (ജീവികൾക്കു ജീവൻ കൊടുക്കുന്ന ആൾ – വായു) – താഭിഃ പ്രത്യക്ഷാഭിഃ അഷ്ടാഭിഃ തനുഭിഃ (ഈ പ്രത്യക്ഷങ്ങളായ എട്ടു ശരീരങ്ങളെക്കൊണ്ട്) പ്രപന്നഃ (വ്യാപിച്ച) ഈശഃ (ഈശൻ - അഷ്ടമൂർത്തിയായ ശിവൻ) അവതു (രക്ഷിക്കട്ടേ.). ഈ ശ്ലോകത്തിനു വ്യാഖ്യാതാക്കൾ വളരെയധികം അർത്ഥം പറഞ്ഞിട്ടുണ്ട്. ശ്ലോകത്തെ മാത്രമല്ല, വ്യാഖ്യാനത്തെയും കൂടി പരിഭാഷപ്പെടുത്തിയ **കേരള വർമ്മ വലിയകോയിത്തമ്പുരാ**ന്റെ ശ്ലോകം താഴെച്ചേർക്കുന്നു:

ധാതാവാദൗ ചമച്ചോരുദക, മഥ ഹവിർവാഹിയാം വീതിഹോത്രൻ,
ഹോതാ താനും, ദിനേശൻ, നിശയുടെ പതിയും, നാദലക്ഷ്യം നഭസ്സും,
ഭൂതാളിക്കൊകെയേകപ്രകൃതി പൃഥിവിയും, പ്രാണദൻ മാരുതൻ താൻ,
ഏതാവദ്വ്യക്തമൂർത്യഷ്ടകനുലകുടയോൻ നിങ്ങളെക്കാത്തിടട്ടേ!

യുക്തിഹീന മൊഴിയെ ഗ്രഹിക്കൊലാ
ദേവദേശികനരച്ചുവെങ്കിലും

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.348 യദജ്ഞാനാദ്വിശ്വം. . . (കർത്താ)

ശിഖരിണി

യദജ്ഞാനാദ്വിശ്വം ഭവതി ഫണിവദ്ദ്രജ്ജുശകലേ
നിലീനം യജ് ജ്ഞാനാജ്ജഡിതി സനിദാനം ത്രിഭുവനം
യദുച്ചൈരാമ്നായൈർവിശദമവഗമ്യം മുനിജനൈ-
സ്തദേതദ്ബ്രഹ്മാഹം സഹജപരമാനന്ദമധുരം.

കവി : ഗോവിന്ദാമൃതയതി , കൃതി : *നാടകാഭരണം വ്യാഖ്യാനം (കൃഷ്ണമിശ്രമഹാകവിയുടെ പ്രബോധചന്ദ്രോദയം നാടകത്തിന്റെ വ്യാഖ്യാനം)*

3.349 യദാലോകേ സൂക്ഷ്മം. . . (ഉമേഷ്)

ശിഖരിണി

യദാലോകേ സൂക്ഷ്മം, വ്രജതി സഹസാ തദ്വിപുലതാം;
യദർദ്ധേ വിച്ഛിന്നം, ഭവതി കൃതസന്ധാനമിവ തത്;
പ്രകൃത്യാ യദ്വക്രം, തദപി സമരേഖം നയനയോർ;-
ന മേ ദൂരേ കിഞ്ചിത് ക്ഷണമപി, ന പാർശ്വേ രഥജവാത്.

കവി : കാളിദാസൻ, കൃതി : *അഭിജ്ഞാനശാകുന്തളം*

3.350 പോട്ടിന്നായതു പിന്നെയും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പോട്ടിന്നായതു പിന്നെയും പ്രിയ സഖേ പിറ്റേദ്ദിനം രാത്രിയിൽ
പേട്ടയ്ക്കായുമടുത്തനാളവിടവും വിട്ടും പുറപ്പെട്ടു ഞാൻ
ഡാക്കൂർ ശ്രീയുതനാകുമപ്പുരുഷരത്നത്തോടുമിദ്ദിക്കിൽ വ-
ന്നിട്ടഞ്ചാറുദിനം കഴിഞ്ഞുടനെയക്കാർഡും ഭവാനിട്ടു ഞാൻ.

കവി : കുമാരനാശാൻ

3.351 ഡംഭോടിത്ഥം ഭയം വിട്ട്. . . (ഉമേഷ്)

സ്രുദ്ധര

ഡംഭോടിത്ഥം ഭയം വിട്ടിടിയടിപെടുമാമ്മാറു സംഭാഷണം ചെയ്-
തംഭോധിപ്രൗഢി തേടും ഭടരൊടുമുടനേ നീചനാം മേചകൻ താൻ
ജംഭപ്രദ്വേഷി വാഴും പുരമതിൽ വിലസും ഗോപുരദ്വാരി പുക്കാ-
സ്തംഭത്തേലിട്ടടിച്ചൊന്നലറി ഹരിയൊടായാഹവായാഹ വാചം.

കവി : വെണ്മണി മഹൻ

3.352 ജ്വാലവിജ്ഞാനഗദത്തെ. . . (കർത്താ)

വംശസ്ഥം

ജ്വാലവിജ്ഞാനഗദത്തെ നീളവേ
നിവാരണംചെയ്വതിനുറ്റൊരൗഷധം
ഭവാദൃശാഭ്യാഗമമല്പപുണ്യരാ-
ലവാപ്യമാമോ? ഭുവനാഭിപൂജിതേ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.353 ഭക്ത്യാ കൈക്കൊണ്ടു ചിത്തേ. . . (ഉമേഷ്)[66]

സ്രഗ്ധര

ഭക്ത്യാ കൈക്കൊണ്ടു ചിത്തേ ഭഗവതി, ഭവതീം കാമരാജാങ്കശയ്യാ-
മധ്യാസീനാം, പ്രസന്നാം, പ്രശിഥിലകബരീസൗരഭാപൂരിതാങ്ഗാം,
മെത്തും മാധ്വീമദാന്ധാം, ശ്രവണപരിലസത്സ്വർണ്ണതാടങ്കചക്രാ,
മുദ്യദ്ബാലാർക്കശോണാ, മുരസി നിഹിതമാണിക്യവീണാ, മുപാസേ.

3.354 മെല്ലെച്ചെന്നിട്ടു ഷെൽഫിൽ. . . (ബാലേന്ദു)[67]

സ്രഗ്ധര

മെല്ലെച്ചെന്നിട്ടു ഷെൽഫിൽത്തുണിയുടെ പുറകിൽക്കണ്ട റമ്മൊട്ടു ചില്ലിൻ
വെള്ളഗ്ലാസ്സിൽപ്പകർന്നിട്ടടവിലൊരുതുടം പൊക്കി മുക്കിൽപ്പതുങ്ങി
വെള്ളം പോലും തൊടാതങ്ങതു ഞൊടിയിടകൊണ്ടൊറ്റവീർപ്പിൽക്കുടിക്കും
കള്ളൻ, സീമന്തപുത്രൻ, ബഹുവിധദുരിതം നൽകുവോൻ കയ്യിലാമോ?

കവി : ബാലേന്ദു

3.355 വെള്ളം ചേർക്കാതെടുത്തോരമൃതിനു. . . (ഉമേഷ്)

സ്രഗ്ധര

വെള്ളം ചേർക്കാതെടുത്തോരമൃതിനു സമമാം നല്ലിളം കള്ളു, ചില്ലിൻ
വെള്ളഗ്ലാസ്സിൽ പകർന്നങ്ങനെ രുചികരമാം മത്സ്യമാംസാദി കൂട്ടി
ചെല്ലും തോതിൽ ചെലുത്തി, ക്കളിചിരികൾ തമാശൊത്തു മേളിപ്പതേക്കാൾ
സ്വർല്ലോകത്തും ലഭിക്കില്ലപരിയൊരു സുഖം - പോക വേദാന്തമേ നീ!

കവി : ചങ്ങമ്പുഴ

3.356 ചുറ്റും നോക്കിച്ചിരിച്ചും. . . (രാജേഷ്)[68]

സ്രഗ്ധര

ചുറ്റും നോക്കിച്ചിരിച്ചും, പുനരതിനിടയിൽക്കണ്ണുനീരൊട്ടു വാർത്തും,
മറ്റുള്ളോരെശ്ശപിച്ചും, ചെളിയുടെ കുഴിയിൽ കാലുതെറ്റിപ്പതിച്ചും,
ചെറ്റാ റോഡിൽക്കിടന്നും, പലപടുതിയിഴഞ്ഞാലയം പൂകിടുമ്പോൾ
തെറ്റെന്നോർത്തിട്ടു വീണ്ടും മദിര നുകരുവാൻ പോകുവോരെത്തൊഴുന്നേൻ!

കവി : രാജേഷ് വർമ്മ

3.357 ചന്തയ്ക്കങ്ങല്പദൂരേ. . . (ബാലേന്ദു)

സ്രഗ്ധര

ചന്തയ്ക്കങ്ങല്പദൂരേ കവലയിൽ വരുവോർക്കന്തിയിൽച്ചെറുമോന്താ-

---

[66] ഈ ശ്ലോകത്തിലെ *മെത്തും മാധ്വീമദാന്ധാം* എന്ന പ്രയോഗം കൊണ്ടു മത്ത പിടിച്ചിട്ടാണോ എന്തോ, അടുത്ത 14 ശ്ലോകങ്ങൾ *മദ്യശ്ലോകങ്ങൾ* ആയിരുന്നു.

[67] [*ബാലേന്ദു*] **ശ്ലോകം 3.354 : കാത്തുള്ളിൽ അച്യുതമേനോന്റെ**

തിണ്ണം ചെന്നിട്ടു തീയിൽ തെളിവിനൊടു തിളയ്ക്കുന്ന പാലൊട്ടു പൊന്നിൻ
കിണ്ണം കൊണ്ടമ്മ കാണാതളവിലുടനടൻ മുക്കി, മുക്കിൽ പതുങ്ങി
കർണ്ണം പാർത്തങ്ങു നിന്നിട്ടതു ചൊടിയിണകൊണ്ടതിയൂതിക്കുടിക്കും
കണ്ണൻ കല്യാണപൂർണൻ കളകമലദളക്കണ്ണനെൻ കണ്ണിലാമോ?

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

[68] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. 'ച'യ്ക്ക സ്രഗ്ധരയിൽ മദ്യശ്ലോകം.

നന്തിക്കള്ളുള്ള ഷാപ്പുണ്ടതിനടെയരുകിൽപ്പൊന്തി ചാരായഷാപ്പും;
സന്താപം വേണ്ട വിസ്കിക്കടയുമവിടങ്ങന്തികത്തുണ്ടൊരെണ്ണം;
ചിന്തിച്ചാലെന്തെളുപ്പം ലഹരിയിൽ മുഴുകാൻ – ഹന്ത, ഭാഗ്യം, ജനാനാം!

കവി : ബാലേന്ദു

3.358 സുരുചിരലഘുകാവ്യം. . . (ഉമേഷ്)[69]

മാലിനി

സുരുചിരലഘുകാവ്യം, കാനനച്ഛായ, പാത്രം
നിറയെ മധു, കഴിക്കാനിത്തിരിബ്ഭക്ഷണം കേൾ
അരികിൽ മധുരഗാനം പാടുവാനോമനേ നീ,
സുരപുരിയിവനെന്നാൽ കാനനം പോലുമാഹാ!

കവി : ഉമേഷ് നായർ, കൃതി : *ഉമർ ഖയ്യാമിന്റെ ചതുഷ്പദികൾ*

3.359 അരുതരുതു വിരോധം ഭിന്നമദ്യങ്ങൾ. . . (ബാലേന്ദു)[70]

മാലിനി

അരുതരുതു വിരോധം ഭിന്നമദ്യങ്ങളെല്ലാ-
മൊരുവനു വ്യഥ തീർക്കാനുള്ള വസ്തുക്കളല്ലോ;
കരുതുകയിവയും പണ്ടാഴിയെത്താൻ കടഞ്ഞി-
ട്ടരുളിയ നിധിയത്രേ വേണമെങ്കിൽക്കഴിപ്പിൻ.

കവി : ബാലേന്ദു

3.360 കിട്ടാനില്ലത്രയേറെപ്പണം. . . (ഉമേഷ്)

സ്രുദ്ധര

കിട്ടാനില്ലത്രയേറെപ്പണ, മനവധിയാണാഞ്ഞടുത്തെത്തി നിൽക്കും
നിത്യാവശ്യങ്ങൾ, രോഗാദികളകരുണമാക്രമിങ്ങിടുന്നുണ്ടു താനും,
ചിത്താനന്ദത്തിനെന്നാൽ പലതുമിവിടെയുണ്ടെങ്കിലും മർത്ത്യരെങ്ങും
മദ്യാസക്തിയ്ക്ക ഹാ! മാനസമടിയറ വയ്ക്കുന്നതാണദ്ഭുതം മേ.

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.361 ചേരാ കള്ളിന്നു വെള്ളം. . . (ബാലേന്ദു)

സ്രുദ്ധര

ചേരാ കള്ളിന്നു വെള്ളം, ബിയറിലുമതുപോൽ, വീഞ്ഞിലും വർജ്ജ്യമേറ്റം,

---

[69] [*ഉമേഷ്*] ശ്ലോകം **3.358 :** മൂലപദ്യം (ഉമർ ഖയ്യാം) :

A Book of Verses underneath the Bough,
A Jug of Wine, a Loaf of Bread–and Thou
Beside me singing in the Wilderness–
Oh, Wilderness were Paradise enow!

[70] [*കർത്താ*] ശ്ലോകം **3.359 :** ഇതു പാലിയത്തു ചെറിയ കുഞ്ഞുണ്ണീയച്ചന്റെ

അരുതരുതു വിരോധം ഭിന്നവർഗ്ഗങ്ങളെല്ലാ–
മൊരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളല്ലോ;
പൊരുളിതു വെളിവാക്കിക്കേരളത്തിന്റെ നന്മ–
യ്ക്കൊരുമയൊടിനി യത്നം ചെയ്യുവിൻ നാട്ടുകാരേ!

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണമാണ്.

ചേരും ബ്രാണ്ടിയ്ക്കൊരല്പം, നരപതയിയലും സോഡ വിസ്കിയ്ക്കിണക്കം,
നീരം പോലുള്ള ജിന്നിൽ പിഴിയുക പഴമെന്നാകിലേറ്റം വിശേഷം,
ചേരും റമ്മിന്നിതെല്ലാം - ലഹരി പെരുകുവാൻ കോക്കെയിൽക്കുട്ടു കേമം!

കവി : ബാലേന്തു

3.362 നാട്ടിൽത്തല്ലു വഴക്കഴുക്കു. . . (ഉമേഷ്)

സ്രുദ്ധര

നാട്ടിൽത്തല്ലു, വഴ, ക്കഴുക്കു, ഭരണിപ്പാട്ടും, മനം നൊന്തു തൻ
വീട്ടിൽക്കുട്ടിനിരിപ്പവൾക്കു ഹൃദയത്തീ, യെന്നതും മാത്രമോ
നോട്ടിൻ പോ, ക്കഭിമാനനഷ്ട, മിവയും സൃഷ്ടിക്കുമാ മദ്യപ-
ക്കുട്ടം മന്നിൽ മറഞ്ഞുപോകിലിവിടം സ്വർല്ലോകമാകില്ലയോ?

3.363 നീരാനായകനല്പദായ. . . (ബാലേന്തു)

ശാർദ്ദൂലവിക്രീഡിതം

നീരാനായകനല്പദായ ധനവൻചോരായ ഹാലാഹല-
ച്ഛായാസുന്ദരമന്ദിരായ വനിതാസങ്ഗൈകശൃങ്ഗാരിണേ
സദ്യാമാഹരണേ ദുശാമരുണിനേ നിശ്ശേഷമാരാസ്ത്രിണേ
വേഗൈഃ സങ്കലനേ സുഖേന സുഖിനേ മദ്യായ നിത്യം നതിഃ

കവി : കെ. വി. പി. നമ്പൂതിരി

3.364 സരിത്തടമലംകൃതം. . . (ഉമേഷ്)[71]

പൃഥ്വി

സരിത്തടമലംകൃതം കുസുമസഞ്ചയത്താലയേ!
വശ്യ, മണി പിഴിഞ്ഞൊരീ മദിരയാസ്വദിക്കു ക്ഷണാൽ.
ഒടുക്കമതിലും കറുത്തയു യമൻ നിനക്കേകുവാ-
നടുക്കിലുടനായതും മടി വെടിഞ്ഞു സേവിക്ക നീ!

കവി : സർദാർ കെ. എം. പണിക്കർ, കൃതി : *രസികരസായനം*

3.365 ഒന്നായതൊക്കെയിഹ കാണ്മതു. . . (ബാലേന്തു)

വസന്തതിലകം

ഒന്നായതൊക്കെയിഹ കാണ്മതു രണ്ടുവീതം
നന്നായടിച്ചു പിരികേറിയെനിക്കു പൊന്നേ
മുന്നെക്കണക്കുവരുവാനിനിയെന്തു മാർഗ്ഗം?
ഇന്നല്ലയെങ്കിലുടനെങ്ങിനെ വീട്ടിലെത്തും?

കവി : ബാലേന്തു

3.366 മദ്യം നിന്ദ്യ, മതേതൊരാൾക്കും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മദ്യം നിന്ദ്യ, മതേതൊരാൾക്കുമപകർഷത്തെക്കൊടുക്കും, വെറും

[71] [*ഉമേഷ്*] ശ്ലോകം **3.364 :** മൂലപദ്യം (Omar Khayyam/Fitsgerald, Rubaiyat V:43) :

So when that Angel of the darker Drink
At last shall find you by the river-brink,
And, offering his Cup, invite your Soul
Forth to your Lips to quaff - you shall not shrink.

ക്ഷുദ്രം നീചമനർഹകർമ്മനിവഹം ചെയ്യാനിടം കൂട്ടിടും,
ചിത്തം പങ്കിലമാക്കിടും, മദമഹങ്കാരം വിതയ്ക്കും, നര-
ന്നൊട്ടും നന്മ വരുത്തുകി, ല്ലതിൽ ജനം മോഹിപ്പതാണദ്ഭുതം!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.367 ചാരായാദിക്രമത്തിൽ. . . (ബാലേന്ദു)[72]

സ്രഗ്ധര

ചാരായാദിക്രമത്തിൽ പലവിധ മധുപാനീയമുണ്ടുള്ളിലാക്കി-
'പ്പൂക്കുറ്റിപ്രായമായി', പ്പരിസരമറിയാതൊട്ടസഭ്യം പുലമ്പി
സ്വന്തം വീടെത്തുവനുള്ളിടവഴി പിടികിട്ടാതെ വട്ടം കറങ്ങും
തോഴൻ നേരിട്ടുവന്നാലുടനെയവനെ നാം തല്ലണോ തള്ളിടേണോ?

കവി : പി. രാമൻ എളയത്, മുംബൈ

3.368 സമ്പത്തായ് സംയമത്തെ. . . (ഉമേഷ്)[73]

സ്രഗ്ധര

സമ്പത്തായ് സംയമത്തെക്കരുതി മരുവുമീ നമ്മെയും, തൻ കുലത്തിൻ
വമ്പും, ബന്ധുക്തി കൂടാതിവൾ നിജഹൃദയം നിങ്കലർപ്പിച്ചതും നീ
നന്നായോർത്തിട്ടു ദാരപ്പരിഷയിലിവളെക്കൂടി മാനിച്ചിടേണം
പിന്നത്തേ യോഗമെല്ലാം വിധിവശ, മതിലിജ്ഞാതികൾക്കില്ല ചോദ്യം.

കവി : ഏ. ആർ. രാജരാജവർമ്മ/കാളിദാസൻ, കൃതി : *മലയാളശാകുന്തളം*

3.369 നിന്മഞ്ഞപ്പുകലർന്ന. . . (ബാലേന്ദു)[74]

ശാർദ്ദൂലവിക്രീഡിതം

നിന്മഞ്ഞപ്പുകലർന്ന ചെന്നിറമെരിഞ്ഞത്യുഗ്രമമാശയം
തന്നിൽ പ്രോജ്വലിതാർത്തി പാരമരുളും ഭാവസ്വഭാവങ്ങളും
ഉന്മാദാവൃത വൻകടൽത്തിരകളലാടിച്ചുപാടിച്ചിടും
സമ്മോദോൽസവവും മനോഹരി, മുടിപ്പിക്കും കുടിപ്പിച്ചു നീ.

കവി : കെ. വി. പി. നമ്പൂതിരി

---

[72] മദ്യശ്ലോകപരമ്പരയിലെ അവസാനശ്ലോകം. **മധുരാജ്** പിന്നീട് ഇങ്ങനെ പറഞ്ഞു:

ശാസ്ത്രം പാടി, ല്ലാദ്യമാരോ ശഠിച്ചൂ
സ്തോത്രം വേണ്ടാ, (നമ്മളാരെ സ്തുതിക്കാൻ?)
വേദം പോലും വർജ്ജ്യമായ്, പിന്നെ ബോധം
കെട്ടാൽ നാറും മദ്യമായ് - ഈ-സദസ്സിൽ!

[73] [*ഉമേഷ്*] ശ്ലോകം **3.368 :** മൂലശ്ലോകം (**കാളിദാസൻ**) :

അസ്മാൻ സാധു വിചിന്ത്യ സംയമധനാ, നച്ചൈഃ കുലം ചാത്മന,–
സ്ത്വയ്യസ്യാഃ കഥമപ്യബാന്ധവകൃതാം സ്നേഹപ്രവൃത്തിം ച താം
സാമാന്യപ്രതിപത്തിപൂർവ്വകമിയം ദാരേഷു ദൃശ്യാ ത്വയാ
ഭാഗ്യായത്തമതഃ പരം ന ഖലു തദ്വാച്യം വധൂബന്ധുഭിഃ

[74] [*ഉമേഷ്*] ശ്ലോകം **3.369 :** ഇതു **വി. കെ. ജി.** യുടെ

നിന്നാദ്യസ്മിത, മാദ്യചുംബന, മനസ്യൂതസ്മരന്മാധുരീ–
മന്ദാക്ഷം, പുളകാഞ്ചിതസ്തനയുഗം, പ്രേമാഭിരാമാനനം,
കന്ദാസ്തോത്സവചഞ്ചലത്പൃഥുനിതംബശ്രീസമാശ്ലേഷസ–
മ്പന്നാനന്ദമഹോ മനോഹരി! മരിപ്പിക്കും സ്മരിപ്പിച്ചു നീ!

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണമാണ്.

3.370 ഉണ്ടോ നേരത്തുടുക്കും. . . (കർത്താ)

സ്രഗ്ധര

ഉണ്ടോ നേരത്തുടുക്കും തളിരൊടമരടിക്കും ചൊടിക്കും, ചൊടിക്കും
കൊണ്ടല്ലേറെക്കടുക്കുന്നഴകുമൊരു മിടുക്കും മുടിക്കും മുടിക്കും
കണ്ടാലുൾക്കാമ്പിടിക്കുന്നഴലു കിടപിടിക്കും പിടിക്കും പിടിക്കും
കൊണ്ടാടേണ്ടും നടയ്ക്കും മുടിയഴിയുമിടയ്ക്കൊന്നടിക്കുന്നടിക്കും.

കവി : കണ്ണൂർ നാരായണ മേനോൻ, കൃതി : *പാക്കനാർ*

3.371 കൊണ്ടൽച്ചായൽക്കറുപ്പും. . . (ഉമേഷ്)

സ്രഗ്ധര

കൊണ്ടൽച്ചായൽക്കറുപ്പും, സ്തനയുഗമദനച്ചെപ്പുറപ്പും, വെടിപ്പും,
ചുണ്ടിൻ ചോപ്പും, കരിംകൂവളചകിതമിഴിച്ചഞ്ചലിപ്പും, നടപ്പും,
കൊണ്ടാടും പട്ടുടുപ്പും, സരസമിയലുമിപ്പെൺകിടാവിൻ പൊടിപ്പെ-
ക്കണ്ടാൽ തണ്ടാർശരന്നും സരഭസമുളവാം നെഞ്ചിടിപ്പും ചടപ്പും!

3.372 കൽക്കണ്ടം കളകണ്ഠമെന്നിവ. . . (ബാലേന്ദു)

സ്രഗ്ധര

കൽക്കണ്ടം കളകണ്ഠമെന്നിവകളുൾക്കുണ്ടുത്വമാർന്നൂ, കരി-
ങ്കൽക്കണ്ടം ഗ്രളഖണ്ഡമെന്ന നിലയായ്, ക്ഷീണിച്ചു വീണാധരൻ,
ഉൾക്കൊണ്ടൂ മധു കുണ്ഠിതം മധുരിപോ, വീഞ്ഞിൻകണം പൊക്കണം
കൈക്കൊണ്ടൂ, കലികൊണ്ടു തുള്ളിയമൃതം നീ വേണ വായിക്കവേ.

കവി : വി. കെ. ജി.

3.373 ഉണ്ണിത്തുക്കാലിണയ്ക്കും. . . (ഉമേഷ്)

സ്രഗ്ധര

ഉണ്ണിത്തുക്കാലിണയ്ക്കും, പനിമതികിരണം പോന്നൊളിക്കുന്നൊളിക്കും,
വെണ്ണയ്ക്കൊക്കുന്ന മെയ്ക്കും, കനകമണിയരഞ്ഞാൺ തുടയ്ക്കും തുടയ്ക്കും,
എണ്ണം തീരാ വണക്കം, തിരുമരിയസുതപ്പൂഞ്ചൊടിക്കും, ചൊടിക്കും
കണ്ണിൻ കോണിൽക്കളിക്കും ഭുവനദുരിതമെല്ലാമൊഴിക്കും മൊഴിക്കും.

കവി : കോതനല്ലൂർ ജോസഫ്

3.374 എച്ചൈവിയെന്ന വിന. . . (ബാലേന്ദു)

വസന്തതിലകം

എച്ചൈവി[75]യെന്ന വിന വാനിലുമെത്തി നൂനം
അച്ചന്ദ്രനും ഗ്രസിതനായി മെലിഞ്ഞു പാവം
സ്വച്ഛന്ദമായി നിശ താരകനാരിമാരൊ-
ത്തച്ചേതരം പലവിധം ചെലവിട്ട മൂലം.

കവി : ബാലേന്ദു

[75] എച്ചൈവി = HIV

3.375 സമ്പൽപ്പരമ്പര പരം. . . (രാജേഷ്)[76]

വസന്തതിലകം

സമ്പൽപ്പരമ്പര പരം പരിപുഷ്ടമാക്കി
മുമ്പമ്പലപ്പുഴ ഭരിച്ച ധരാനിലിമ്പൻ
തുമ്പയ്ക്ക തുമ്പമെഴു, മമ്പിളി കമ്പിളിയ്ക്കും
കമ്പിയ്ക്കുമാരു,മിതി ചെമ്പകശേരി രാജാ

കവി : സാഹിത്യപഞ്ചാനൻ പീ. കേ. നാരായണപിള്ള

3.376 തത്ത്വാർത്ഥമായി. . . (ബാലേന്ദു)

വസന്തതിലകം

തത്ത്വാർത്ഥമായി ശബരീശ്വരനായി വാഴും
ത്വത്പാദമാണു ശരണം മമ ദേവദേവ
മത്പ്രാണദേഹമിവയുള്ള ദിനം വരേയ്ക്കും
സിദ്ധിക്കണം വിമലമാം തവ ഭക്തിഭാവം.

കവി : ബാലേന്ദു

3.377 മുല്ലചാരുതരമല്ലികാം. . . (കർത്താ)

കുസുമമഞ്ജരി

മുല്ലചാരുതരമല്ലികാമുകുളകന്ദളനമധുരസം നുകർ-
ന്നുല്ലുളല്ലുളിതഭൃങ്ഗഝംകൃതി കലർന്ന മന്ദമദമന്ഥരം
നല്ല നല്ല സരസീഷു മുങ്ങി, നളിനേഷു തങ്ങി, വദനേ ചല-
ച്ചില്ലിവല്ലിവലയേ വലന്തമഭിനന്ദ തന്വി! മലയാനിലം.

3.378 നാണം കെട്ട നടന്റെ. . . (ബാലേന്ദു)[77]

ശാർദ്ദൂലവിക്രീഡിതം

നാണം കെട്ട നടന്റെ ഗോഷ്ടി കലരും കോമാളിനാട്യത്തിലും
മാനം വിപ്പൊരു വേശ്യ തക്ക വിടനെത്തേടുന്ന നോട്ടത്തിലും
നാനാചാനലിലെപ്പരമ്പരകളായെത്തും രസക്കേടിലും
കാണാനില്ലൊരു ലേശവും കവിതതൻ സൗന്ദര്യമെന്നേ വരൂ.

കവി : ബാലേന്ദു

3.379 നാവേ, നിനക്കു. . . (കർത്താ)

വസന്തതിലകം

നാവേ, നിനക്കു വലിയോരുപദേശമുണ്ടേ;

[76] [*രാജേഷ്*] ശ്ലോകം **3.375 :** ധരാനിലിമ്പൻ - ഭൂദേവൻ (ബ്രാഹ്മണൻ) - മറ്റു രാജാക്കന്മാരിൽ നിന്നു വിരുദ്ധമായി അമ്പലപ്പുഴ (ചെമ്പകശ്ശേരി) രാജാവായ ദേവനാരായണന്റെ വംശം ബ്രാഹ്മണരായിരുന്നു. തുമ്പയ്ക്ക് ദുഃഖവും ചന്ദ്രനു ജാള്യവും ഉണ്ടാകുന്നതു രാജാവിന്റെ യശോധാവല്യം നിമിത്തമാണ്.

[77] [*ഉമേഷ്*] ശ്ലോകം **3.378 :** വള്ളത്തോളിന്റെ

മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറും കൈവാളിളക്കത്തിലും,
മാനഞ്ചും മിഴി തൻ മനോരമണനിൽച്ചായുന്ന കൺകോണിലും,
സാനന്ദം കളിയാടിടുന്ന ശിശുവിൻ തൂവേർപ്പണിപ്പൂങ്കവിൾ–
സ്ഥാനത്തും, നിഴലിച്ചു കാണു കവിതേ, നിൻ മണ്ണുരുപത്തെ ഞാൻ!

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

നാവാല്വരപ്പതിനു ഞാൻ തുനിയുന്നു കേൾ നീ
നാരായണന്റെ തിരുനാമമുറക്കെയാമ്പോൾ
നാണിച്ചു പോകരുതതേ തവ വേണ്ടതുള്ളൂ.

കവി : പൂന്താനം, കൃതി : *ഭാഷാകർണാമൃതം*

3.380 നാണിക്കുന്ന നവോഢയെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നാണിക്കുന്ന നവോഢയെപ്പുരുഷമായ് കെട്ടിപ്പിടിക്കുന്നതും,
ശ്ലാഘിക്കാൻ ത്വരയാർന്നു കൊച്ചുമുകളും നുള്ളിപ്പൊളിക്കുന്നതും,
ആണത്തം പൊടിമീശയിൽ തെളിയുവാൻ ചായം പുരട്ടുന്നതും,
കാണിപ്പൂ മധുരാനുഭൂതി തടയും മർത്ത്യക്ഷമാശ്ലന്യത.

കവി : വി. കെ. ജി.

3.381 ആകപ്പാടേ വിമർശിച്ച്. . . (കർത്താ)[78]

സ്രഗ്ധര

ആകപ്പാടേ വിമർശിച്ചറിയുവതിനസാധ്യങ്ങളാകുന്നു നാനാ-
പാകം പറ്റുന്ന ദിവ്യപ്രകൃതിയുടെ വികാരങ്ങൾ വിശ്വോത്തരങ്ങൾ;
ലോകം രങ്ഗം, നരന്മാർ നടരിതു വളരെസ്സാരമാം തത്ത്വമെങ്ങോ
പോകട്ടേ; മാംസമേദോമലകലിതമുടൽക്കെട്ടിതുൽകൃഷ്ടമാണോ?

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.382 ലോകത്തുള്ള സമസ്തവൃക്ഷവും. . . (ബാലേന്തു)

ശാർദ്ദൂലവിക്രീഡിതം

ലോകത്തുള്ള സമസ്തവൃക്ഷവുമുത്തദ്ദിക്കിലെല്ലാം നട-
ന്നാശയ്ക്കൊത്തു കഴിച്ചു കാടിതു പണത്തോട്ടങ്ങളാക്കീടുവാൻ
ആകെപ്പൂത്തുതളിർത്ത മാമല റബർക്കാടാക്കി മാറ്റീടുവാൻ
നീ കാംക്ഷിപ്പതു സാദ്ധ്യമാണു, ചെറുതാം മന്ത്രിപ്രസാദം മതി.

കവി : ബാലേന്തു

3.383 ആമോദം പൂണ്ടു കൈകൊണ്ടമരർ. . . (കർത്താ)[79]

സ്രഗ്ധര

ആമോദം പൂണ്ടു കൈകൊണ്ടമരരഭയമോടൊത്തഭീഷ്ടം കൊടുക്കും;
നീമാത്രം ദേവി! യെന്നാൽ നലമൊടവയെ നൽകുന്നതമ്മട്ടിലല്ലാ;

[78] [*ഉമേഷ്*] ശ്ലോകം **3.381 :** ഷേക്സ്പിയറുടെ

All the world's a stage,
And all the men and women merely players

എന്ന പദ്യം പരാമർശിച്ചിരിക്കുന്നു.

[79] [*ഉമേഷ്*] ശ്ലോകം **3.383 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

തദന്യഃ പാണിഭ്യാമഭയവരദോ ദൈവതഗണഃ
ത്വമേകാ നൈവാസി പ്രകടിതവരാഭീത്യഭിനയാ
ഭയാത്ത്രാതും ദാതും ഫലമപി ച വാഞ്ഛാസമധികം
ശരണ്യേ ലോകാനാം തവ ഹി ചരണാവേവ നിപുണൗ

ഭീ മാറ്റിപ്പാലനംചെയ്വതിനുമുടനഭീഷ്ടാധികം നൽകുവാനും
സാമർത്ഥ്യം പൂണ്ടതോർക്കിൽ തവ കഴലിണയാകുന്ന ലോകൈകനാഥേ!

കവി : കുമാരനാശാൻ, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

3.384 ഭ്രുപാളങ്ങളുറങ്ങിടുന്നു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ഭ്രുപാളങ്ങളുറങ്ങിടുന്നു, ഹരികാംബോജിക്കു നാവു, റുഷഃ-
കാലാരോഹണസംക്രമത്തിലിടറിത്തെന്നുന്നു ഹംസധ്വനി,
മായാമാളവഗൗള മൗനഭജനം പൂണ്ടു, വയറ്റത്തടി-
ച്ചോരോ പട്ടിണി പാടു നീട്ടിയിവിടെച്ചുറ്റുന്നു വറ്റുണ്ണുവാൻ.

കവി : എസ്. രമേശൻ നായർ, കൃതി : *സ്വാതിമേഘം*

3.385 മുണ്ടീ നെട്ടുന്നു, നെട്ടീ. . . (കർത്താ)

സ്രുദ്ധര

മുണ്ടീ നെട്ടുന്നു, നെട്ടീ പുനരഴകിയലും മുണ്ടനയ്യോ!, തടിച്ചി-
ക്കുണ്ടാമല്ലോ തദാനീം മെലിയ, നിഹ മെലിച്ചിക്കൊരോ പൊണ്ണരുണ്ടാം;
കണ്ടാലാകാതവന്നങ്ങൊരു തരുണി മഹാസുന്ദരീ, സുന്ദരന്ന-
ക്കണ്ടാലാകാത നാരീ – പരിചിനൊടു വയോവർണ്ണമീവണ്ണമല്ലോ.

കവി : പുനം നമ്പൂതിരി, കൃതി : *ഭാഷാരാമായണം ചമ്പു*

3.386 കാളിപ്പെണ്ണിന്റെ കാലിൽ. . . (ബാലേന്ദു)

സ്രുദ്ധര

കാളിപ്പെണ്ണിന്റെ കാലിൽക്കയറിയഥ കടിച്ചോരു നീർക്കോലിയെത്തൻ
കാലാൽത്തല്ലിച്ചതച്ചിട്ടൊരു കൊടിയ 'ബഡാ' ശ്രുരനാം ശൗരിയാരേ
വാലിൽച്ചുറ്റിപ്പിടിച്ചിട്ടവനുടെ തലയിൽത്താളവട്ടം തകർക്കും
നീലപ്പയ്യാ! നിനയ്ക്കുമ്പൊഴതൊരു രസികൻ തന്നെ നീ പൊന്നുമോനേ!

കവി : കെ. വി. പി. നമ്പൂതിരി

3.387 വാകച്ചാർത്തിനു വല്ലവണ്ണവും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വാകച്ചാർത്തിനു വല്ലവണ്ണവുമുണർന്നെത്തുമ്പൊഴേക്കമ്പലം
മാകന്ദാശ്രുഗമാനദണ്ഡമഹിളാമാണിക്യമാലാഞ്ചിതം
വാകപ്പൂമുടുമെയ്യു മെയ്യിലുരസുമ്പോ, ഴെന്റെ ഗോപീജന-
ശ്രീകുമ്രുസ്തനകുങ്കുമാങ്കിത, മനസ്സോടുന്നു വല്ലേടവും!

കവി : വി. കെ. ജി.

3.388 വക്ത്രം നത്തിനു മിത്രം. . . (കർത്താ)

സ്രുദ്ധര

വക്ത്രം നത്തിനു മിത്രം; പ്രകൃതിവിരസബീഭത്സവൈരുപ്യസമ്പൽ-
സിദ്ധിക്ഷേത്രേ ച നേത്രേ; ജടിലതരപലാലപ്രകാശാശ്ച കേശാഃ;
സ്ഥൂലസ്ഥൂലൗ കപോലൗ; മടിയിലതിതരാം ഞാനു ങ്ങിക്കിടക്കും
വക്ഷോജൗ ഭങ്ഗഭാജൗ; ശിവ ശിവ ജരയാ ശ്ലഷ്ടബിംബോ നിതംബഃ.

കവി : രാമപാണിവാദൻ, കൃതി : *ദുർഭാഗ്യമഞ്ജരി*

3.389 സൗന്ദര്യം സൗമ്യശീലം. . . (ബാലേന്ദു)

സ്രഗ്ധര

സൗന്ദര്യം സൗമ്യശീലം സകലകലയിലും വൈഭവം തന്മയത്വം
നന്ദിക്കും സൽഗുണങ്ങൾക്കഖിലവുമിവളാം ധാമമിന്നത്രയല്ലാ
വന്ദിപ്പാനായ് മടിക്കില്ലൊരുവനുമിവളേ നാട്ടുകൂട്ടത്തിൽ വച്ചും
ചിന്തിച്ചാലൊക്കെ മെച്ചം കുറവിഹയിവളെൻ ഭാര്യയാണത്ര മാത്രം.

കവി : ബാലേന്ദു

3.390 വിലയേറിടും വിമലമാം. . . (കർത്താ)

മഞ്ജുഭാഷിണി

വിലയേറിടും വിമലമാമുടുപ്പൊടൊ,-
ത്തുലയറ്റ കാഞ്ചനസഭാതലത്തവർ
വിലസീ വിശിഷ്ടരുചി, നെൽവിളഞ്ഞകോൾ-
നിലമാർന്ന സാരസഖഗങ്ങൾ പോലവേ

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.391 വിണ്ണിൽച്ചെല്ലുകിലും തനിക്കു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വിണ്ണിൽച്ചെല്ലുകിലും തനിക്കു പുതുതായ് ഹർമ്മ്യം രചിച്ചീടുവോൻ,
കണ്ണിൽപ്പെട്ട ജഡത്തിലും തഴുകുകിൽജ്ജീവൻ കൊടുത്തീടുവോൻ,
തൻ നാടെന്നൊരു നാഭിനാളദൃഢമാം ബന്ധം പുലർത്തീടുവോൻ,
വെന്നീടുന്ന സരസ്വതീരസികനാം കുഞ്ചൻ വിരിഞ്ചോപമൻ.

കവി : വി. ഏ. കേശവൻ നമ്പൂതിരി. കുഞ്ചൻ നമ്പ്യാരെപ്പറ്റി.

3.392 തൻ കാര്യത്തെ വെടിഞ്ഞും. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

തൻ കാര്യത്തെ വെടിഞ്ഞുമന്യനതകുന്നോനെത്രയും സത്തമൻ,
തൻ കാര്യത്തെ വിടാതെയന്യനതകുന്നോനിങ്ങു സാമാന്യനാം,
തൻ കാര്യത്തിനിഹാന്യകാര്യഹനനം ചെയ്യുന്നവൻ രാക്ഷസൻ,
വ്യർത്ഥം ഹന്ത പരാർത്ഥനാശകനു പേരെന്തെന്നറിഞ്ഞീല ഞാൻ

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.393 തുള്ളൽപ്പാട്ടുകളമ്പലപ്പുഴ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

തുള്ളൽപ്പാട്ടുകളമ്പലപ്പുഴമഹാക്ഷേത്രത്തിലുണ്ടായി പോൽ
കൊള്ളാം! മറ്റെവിടത്തിലിത്രമധുരിച്ചീടുന്ന പാൽപ്പായസം?
കില്ലില്ലിങ്ങൊരു തുള്ളിയെങ്കിലുമിതിൻ സ്വാദുള്ളിലെത്തീടുകിൽ-
ത്തള്ളിക്കേറിവരും തിമിർപ്പൊടെവനും തുള്ളിക്കളിച്ചീടുമേ!

കവി : വി. ഏ. കേശവൻ നമ്പൂതിരി

3.394 കല്ലിനെപ്പെരിയ കായലാക്കലാം. . . (കർത്താ)

രഥോദ്ധത

കല്ലിനെപ്പെരിയ കായലാക്കലാം;
കായലെപ്പെരിയ കല്ലുമാക്കലാം;
വല്ലവാറു പലനാളുഴയ്ക്കിലും
വല്ലുവാനരിയതൊന്നു വൈശികം.

കൃതി : *വൈശികതന്ത്രം*

3.395 വൃത്തമുണ്ടമലപദ്യമോ. . . (ബാലേന്ദു)

രഥോദ്ധത

വൃത്തമു, ണ്ടമല പദ്യമോ? ഫലം
മൊത്തമുണ്ടു, ശരിയായ കർമ്മമോ?
ഒത്തവണ്ണമിയലുന്ന രംഭ തൻ
പത്രമുണ്ടു, സുരനാഥഹസ്തമോ?

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.396 ഓംകാരത്തിന്നുമൊറ്റത്തരിയുടയ. . . (കർത്താ)

സ്രഗ്ധര

ഓംകാരത്തിന്നുമൊറ്റത്തരിയുടയ മുഴക്കത്തിനും ലക്ഷ്യമെങ്കിൽ
ഭാംകാരത്തിന്നുമേവം പലതിനുമതുപോലാകുമെന്നാകുമെന്യേ
ഞാൻ കാണുന്നില്ല ചൊല്ലുന്നതിനൊരു പദവും നാദബിന്ദുക്കളേറ്റ-
ത്തേൻകാരുണ്യപ്രവാഹം ത്രിഭുവനവടിവായ് നിന്നൊരൊന്നാണു ദൈവം

കവി : **കുമാരനാശാൻ**, കൃതി : *നിജാനന്ദവിലാസം*

3.397 ഞാനെന്നാൽ ഞായരക്ഷക്കൊരു. . . (ബാലേന്ദു)

സ്രഗ്ധര

ഞാനെന്നാൽ ***ഞായ***രക്ഷയ്ക്കൊരു ഗുണവഴിയേ പോകയാം ***തിങ്ക***ളൊക്കും
മാനം ***ചൊവ്വാ***യ് വഹിക്കും ***ബുധ***നതിമതിമാൻ ***വ്യാഴ***തുല്യപ്രഭാവൻ
ന്യനം പൊൻ***വെള്ളി***യെന്നീവക ***ശനി***നിയതം വിദ്യതാൻ വിത്തമെന്നാ
ജ്ഞാനം മേ തന്നൊരച്ഛൻ കനിയണമിഹമേ വെണ്മണിക്ഷ്മാസുരേന്ദ്രൻ.

കവി : **കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.**

3.398 നാരായണാച്യുതഹരേതി. . . (മധുരാജ്)

വസന്തതിലകം

നാരായണാച്യുതഹരേതി സദാ ജപിച്ചാൽ
പാപം കെടും പശികെടും വ്യസനങ്ങൾ തീരും
നാവിന്നുണർച്ച വരുമേറ്റവുമന്ത്യകാലേ
ഗോവിന്ദപാദകമലങ്ങൾ തെളിഞ്ഞു കാണാം

പൂന്താനത്തിന്റെ ഒരു പ്രസിദ്ധശ്ലോകത്തിന്റെ ഒന്നാം വരിയിലെ വൃത്തഭംഗം മധുരാജ് ശരിയാക്കിയതിനുശേഷം.

3.399 നാരായണായനമ ജാതിവിഷ. . . (ബാലേന്ദു)

വസന്തതിലകം

നാരായണായനമ ജാതിവിഷദ്രുമത്തിൻ
നാരായവേരു പിഴതോരു മഹാനുഭാവ
നേരായ ധർമ്മമിതരന്നുടെ ജാതിയേതെ-
ന്നാരായലല്ല; ഭവദീയമതം വരേണ്യം.

കവി : ബാലേന്ദു. ശ്രീ നാരായണഗുരുവിനെപ്പറ്റി.

3.400 നീതാഃ കിം പൃഥുമോദകാ. . . (കർത്താ)[80]

ശാർദ്ദൂലവിക്രീഡിതം

നീതാഃ കിം പൃഥുമോദകാ ന ദിവസാ നാസ്വാതമമ്മാമ്പഴം
കിന്നോന്മീലിതചാരുജീരകരസാസ്സോഢാശ്ച പാകാനിലാഃ
സീൽക്കാരഃ കടുകും വറത്തു കറിയിൽക്കുട്ടുന്ന നേരം ശ്രുതോ;
നിർവ്യാജം വിരുണേഷ്വധീര ഇതി മാം കേനാഭിധത്തേ ഭവാൻ?

കവി : തോലൻ, കൃതി : *മന്ത്രാങ്കം (വിദൂഷകവാക്യം)*

[80] [*കർത്താ*] ശ്ലോകം **3.400** : *നാഗാനന്ദത്തിലെ*

നീതാഃ കിം ന നിശാശ്ശശാങ്കരുചയോ നാസ്വാതമിന്ദീവരം
കിന്നോന്മീലിതമാലതീസുരഭയസ്സോഢാഃ പ്രദോഷാനിലാഃ
ദ്ധങ്കാരഃ കമലാകരേ മധുലിഹാം കിം വാ മയാ ന ശ്രുതോ
നിർവ്യാജം വിധുരേഷ്വധീര ഇതി മാം കേനാഭിധത്തേ ഭവാൻ?

എന്ന നായകവാക്യത്തിന്റെ ഹാസ്യാനുകരണം.

3.401 സ്വത്തിന്നാർത്തി പെരുത്തതാം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

സ്വത്തിന്നാർത്തി പെരുത്തതാം, കൊടിയതാം ശസ്ത്രങ്ങളാർജ്ജിപ്പതാം,
ചിത്താവേശമടക്കുവാൻ ഹനനവും സംഭോഗവും ചെയ്വതാം,
ക്ഷുത്തില്ലാതെ ഭുജിപ്പതാം, തനയർ തൻ സമ്പാദ്യമിച്ഛിപ്പതാം,
മർത്യന്നന്യമൃഗങ്ങളെക്കവിയുമാ നിസ്തുല്യമാം വൈഭവം!

കവി : ബാലേന്ദു

3.402 ക്ഷുദ്രാന്നഭോഗസുലഭക്ഷുധയറ്റു. . . (കർത്താ)

വസന്തതിലകം

ക്ഷുദ്രാന്നഭോഗസുലഭക്ഷുധയറ്റ മുറ്റും
ഭദ്രാന്നഭുക്തിപരനാം പരഹംസനെന്നും
ഹൃദ്ദ്രാവകം ഹിമസുധായിതസാരസച്ചി-
ന്മുദ്രാർത്ഥമൗനമധുരം പറയാവതല്ലേ.

കവി : കുമാരനാശാൻ, കൃതി : *ശിവസുരഭി*

3.403 ഹാ! പാപമോമൽമലരേ. . . (ബാലേന്ദു)

വസന്തതിലകം

ഹാ! പാപമോമൽമലരേ ബത നിന്റെ മേല്പും
ക്ഷേപിച്ചിതേ കരുണയറ്റ കരം കൃതാന്തൻ!
വ്യാപാരമേ ഹനനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും!

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

3.404 വെള്ളം വെണ്ണീർ വൃഷം. . . (കർത്താ)

സ്രുദ്ധര

വെള്ളം, വെണ്ണീർ, വൃഷം, വെണ്മഴു, വരകരിതോ, ലാര്യവിത്താധിപൻ തൊ–
ട്ടുള്ളോരീ നൽക്കൃഷിക്കോപ്പുകളഖിലമധീനത്തിലുണ്ടായിരിക്കെ
പള്ളിപ്പിച്ചയ്ക്കുഴന്നുള്ളരുളു പുരരിപോ! കാട്ടുവെട്ടിത്തെളിച്ചാ
വെള്ളിക്കുന്നിൽകൃഷിച്ചെയ്കുക, പണിവതിനും ഭൃതസാർത്ഥം സമൃദ്ധം!

കവി : ശീവൊള്ളി

3.405 പള്ളിക്കൈവില്ലു പൊൻകുന്ന്. . . (ഉമേഷ്)

സ്രുദ്ധര

പള്ളിക്കൈവില്ലു പൊൻകു, ന്നലർമകൾപതിയാമമ്പു, തോഴൻ ധനേശൻ,
വെള്ളിക്കുന്നായ വീ, ടിപ്പെരുമകൾ കലരും പോറ്റി തൻ കെട്ടിലമ്മേ!
കൊള്ളിച്ചാലെന്തു തൃക്കണ്ണടിയനി, ലവിടേയ്ക്കിഷ്ടയാം ദാസിയായ് പാർ–
പ്പുള്ളിശ്രീദേവി പോന്നെൻ പുരയിലധിവസിക്കേണ്ടി വന്നേക്കുമെന്നോ?

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.406 കീർത്ത്യാ പാരേഴരണ്ടും. . . (ബാലേന്ദു)

സ്രഗ്ധര

കീർത്ത്യാ പാരേഴരണ്ടും, കരിയുടെ പൊടിയാൽ പല്ല മുപ്പത്തിരണ്ടും,
വൃത്ത്യാ വീടിന്റെ ളണം ചുവരു, മഥ വെളുത്തേടനെക്കൊണ്ടു മുണ്ടും,
നിത്യം ഭസ്മേന നെറ്റിത്തടമപിച നഖം നാപിതൻ കത്തികൊണ്ടും
സത്യം പാരം വെളുപ്പിച്ചിയലിനൊരു മജ്ജിസ്സേട്ടു പാലിച്ചിടട്ടേ.

കവി : മൻഷി രാമക്കുറുപ്പ്, കൃതി : *ചക്കീചങ്കരം*

3.407 നേദിച്ചു നിന്റെ. . . (മധുരാജ്)

സ്രഗ്ധര

നേദിച്ചു നിന്റെ മുന്നിൽഗ്ഗുരുപവനപുരാധീശ പട്ടേരി കട്ടി-
ക്കാവ്യത്തുവെണ്ണ, വെള്ളോട്ടുരുളിയിൽ നിറയെപ്പാന പൂന്താനവും തേ;
വാടീടാബ്ഭക്തിയാൽ മഞ്ഞുള മധുരതരം മാലയും ചാർത്തി, ഞാനെ-
ന്തേകാനായ്? വാസനാപൂരിതമൊരു കളഭക്കിണ്ണ, മിന്നെന്മനസ്സോ?

കവി : പി. പി. കെ. പൊതുവാൾ, കൃതി : *കിളിയുടെ നാവ്*

3.408 വെള്ളം മുമ്പു കുടിപ്പതിന്നു. . . (ഉമേഷ്)[81]

ശാർദ്ദൂലവിക്രീഡിതം

വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ നിങ്ങൾക്കു നൽകാതെയാർ,
നുള്ളാറില്ലണിവാൻ കൊതിക്കുകിലുമാരൻപാൽ ഭവത്പല്ലവം,
നല്ലോരുത്സവമാർക്കു നിങ്ങടെ കടിഞ്ഞൂൽപ്പൂപ്പിറ, പ്പേകുകി-
ങ്ങെല്ലാരും വിട, യശ്ശകുന്തളയിതാ പോകുന്നു കാന്താലയേ.

കവി : വള്ളത്തോൾ/കാളിദാസൻ, കൃതി : *അഭിജ്ഞാനശാകുന്തളം തർജ്ജമ*

3.409 നേത്രം രണ്ടുമടച്ചും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നേത്രം രണ്ടുമടച്ചു, മഞ്ജലിപുടം മൂർദ്ധാവിൽ വച്ചും ബലാൽ,
ഗാത്രം തെല്ലു ചലിച്ചിടാതെയൊരു കാൽ മാത്രം നിലത്തുന്നിയും,
ഗോത്രാധീശസുധാവരാംഘ്രികമലം ഹൃത്താരിലോർത്തും, മഹാൻ
ഗോത്രാധീശനമർന്നിടുന്ന വലുതാം കുറ്റിക്കുതുല്യം സദാ.

കവി : കൊട്ടാരത്തിൽ ശങ്കുണ്ണി, കൃതി : *ഗംഗാവതരണം*

3.410 ഗൗരിക്കാശ്രയമേകി, യൊത്ത ചുടല. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ഗൗരിക്കാശ്രയമേകി, യൊത്ത ചുടലക്കാടാക്കി വാണോരിടം
പാരം ഭീതിദകാളികുളിനികരം കൂട്ടാക്കി കൂത്താടുവാൻ,
താരൊത്തുള്ളുടൽ ചാമ്പലാക്കിയൊളിയമ്പൊന്നിൻ പ്രയോഗത്തിനാൽ,
മാരാരേ തവ കേളി കേട്ട കഥ കേട്ടാലാർത്തമാകും മനം!

കവി : ബാലേന്ദു, കൃതി : *നേതാവുവിക്രീഡിതം*

[81] **[ഉമേഷ്] ശ്ലോകം 3.408 :** മൂലശ്ലോകം (കാളിദാസൻ) :

പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ,
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം,
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാഃ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം, സർവൈരനുജ്ഞായതാം.

3.411 തതോ മദപരിപ്ലവ. . . (മധുരാജ്)[82]

പൃഥ്വി

തതോ മദപരിപ്ലവപ്ലവഗവീരസാമ്രാവിണ–
ക്ഷണക്ഷുഭിതകോണപപ്രഹരപാണികോണാഹതഃ
രവൈരധികഭൈരവൈരുപരുരോധ രോദോന്തരം
തരംഗിതഘനാഘനസ്തനിതബന്ധുഭിർദുന്ദുഭിഃ

കവി : **ലക്ഷ്മണ പണ്ഡിതർ**, കൃതി : *ചമ്പൂരാമായണം*

3.412 രവിശശിഗഗനാനിലാനലാംഭഃ. . . (കർത്താ)

പുഷ്പിതാഗ്ര

രവിശശിഗഗനാനിലാനലാംഭഃ–
ക്ഷിതിപുരുഷാഷ്ടകമിത്യസി ത്വമേകഃ
ജഗതി വിമൃശതാം ന വിദ്യതേന്യൽ
കിമപി വിഭോ! പരമാത്മനേ നമസ്തേ.

കവി : **താഴൺ പരമേശ്വര ഭട്ടതിരി**, കൃതി : *സാഹസ്രിക*

3.413 ജാതീ, ജാതാനുകമ്പാ ഭവ. . . (ഉമേഷ്)

സ്രഗ്ധര

ജാതീ, ജാതാനുകമ്പാ ഭവ, ശരണമയേ! മല്ലികേ, ക്ലപ്പുകൈ തേ
കൈതേ, കൈതേരി മാക്കം കബരിയിലണിവാൻ കയ്യയർത്തും ദശായാം
ഏതാ, നേതാൻ മദീയാനലർശരപരിതാപോദയാ, നാശു നീ താൻ
നീ താൻ, നീ താനണർത്തീടുക ചടുലകയൽക്കണ്ണി തൻ കർണ്ണമൂലേ!

കേരളവർമ്മ പഴശ്ശിരാജാ തന്റെ ഭാര്യയായ **കൈതേരി മാക്കത്തിനെ** ഉദ്ദേശിച്ചെഴുതിയ പ്രണയശ്ലോകം.

3.414 എങ്ങോട്ടാണീ പ്രയാണം. . . (ബാലേന്ദു)

സ്രഗ്ധര

“എങ്ങോട്ടാണീ പ്രയാണം?”, “രഘുകുലതിലകം രാമനുണ്ടായ ദേശം”;
“എങ്ങാ ടിക്കറ്റു കാട്ടൂ” “നിജമതു പറയാം; വാങ്ങിയില്ലേതുമേ ഞാൻ”;
“എന്നാൽ പൈനിങ്ങെടുക്കൂ”, “തുകയൊരു ചെറുതും കയ്യിലില്ലാത്തവൻ ഞാൻ”;
“എങ്കിൽപ്പോന്നോളൂ വാഴാം യദുകുലതിലകം കൃഷ്ണനെപ്പെറ്റ ദിക്കിൽ”.

3.415 എവിടെ മരുവിടുന്നു. . . (മധുരാജ്)[83]

മാലിനി

എവിടെ മരുവിടുന്നു യോഗവിത്താം മുകുന്ദൻ

[82] [*മധുരാജ്*] ശ്ലോകം **3.411 :** **ഭോജരാജാ**വും **ലക്ഷ്മണപണ്ഡിത**രും ചേർന്നെഴുതിയ *ചമ്പൂരാമായണ*ത്തിൽ നിന്ന്. ഭ്രരിഭാഗവും എഴുതിയതു **ഭോജരാജ**നാണ്. പൂർത്തിയാക്കുന്നതിനുമുമ്പു അദ്ദേഹം മരിച്ചുപോയി. പിന്നീടു **ലക്ഷ്മണപണ്ഡിതർ** ഈ ഗ്രന്ഥം പൂർത്തിയാക്കി. ഈ ശ്ലോകം **ലക്ഷ്മണ പണ്ഡിതർ** എഴുതിയ യുദ്ധകാണ്ഡത്തിൽ നിന്നുള്ളതാണ്. യോജിച്ച പദങ്ങൾ ഉപയോഗിച്ചു ഒരു യുദ്ധത്തിന്റെ അന്തരീക്ഷം ഇതിൽ ഉണ്ടാക്കിയിരിക്കുന്നു.

അന്വയം: തതഃ മദപരിപ്ലവ പ്ലവഗവീര സാമ്രാവിണ ക്ഷണ ക്ഷുഭിത കോണപ പ്രഹര പാണികോണാഹതഃ ദുന്ദുഭിഃ തരംഗിതഘനാഘനസ്തനിതബന്ധുഭിഃ അധികഭൈരവൈഃ രവൈഃ രോദോന്തരം ഉപരുരോധ.

[83] [*മധുരാജ്*] ശ്ലോകം **3.415 :** ഭഗവദ്ഗീതയിലെ

യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർത്ഥോ ധനുർദ്ധരഃ
തത്ര ശ്രീർവിജയോ ഭൂതിർ ധ്രുവോ നീതിർമതിർമമ

എന്ന ശ്ലോകത്തിന്റെ ഛായ.

സുവിദിത നിജ കർമ്മവ്യഗ്രനായ് സവ്യസാചി
അവിടെ സതതമുണ്ടാം ശ്രീ, ജയം, നീതി, ധർമ്മം
ധ്രുവമവികലമാകും ഭ്രതിയും - ഗീത ചൊൽവൂ

3.416 അയല കനലടുപ്പിൽച്ചൂട്ടതും. . . (ബാലേന്ദു)

മാലിനി

അയല കനലടുപ്പിൽച്ചൂട്ടതും തേങ്ങയുള്ളീ-
മളവിനു മുളകുപ്പും ചേർത്ത കപ്പപ്പുഴുക്കും
ഇലയിൽ നടുവിൽ വച്ചിട്ടൊഞ്ഞനാം തിന്നതോർത്താൽ
കൊതി ഹൃദി പെരുകുന്നപ്പോയകാലത്തിലെത്താൻ.

3.417 ഇള്ളക്കിടാവിളകി. . . (കർത്താ)

വസന്തതിലകം

ഇള്ളക്കിടാവിളകി; കണ്ണിനുപറ്റി; നോവോ
പിള്ളയ്ക്കു തട്ടി; യൊരുമുക്കിനിയത്രയായി;
വെള്ളം തളിപ്പതിനൊരുക്കുക, യെന്നകായി-
ലുള്ളപ്പരിഭ്രമ വചസ്സുകൾ കേട്ടു വിപ്രൻ.

കവി : നടുവത്ത് മഹൻ നമ്പൂതിരി, കൃതി : *സന്താനഗോപാലം*

3.418 വൻ നർമ്മദാനദിയെയും. . . (ഉമേഷ്)

വസന്തതിലകം

വൻ നർമ്മദാനദിയെയും വഴിമേൽത്തടഞ്ഞ
മന്നന്റെ വീര്യ, മവളോതിയറിഞ്ഞൊരാഴി
തന്നന്തികത്തിലവനെസ്സകലം വധിച്ചു
വന്നപ്പൊഴബ്ഭൃഗുസുതന്നിതു കാഴ്ചവച്ചു.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.419 തിങ്ങിപ്പൊങ്ങും തമസ്സിൽ. . . (കർത്താ)

സ്രഗ്ധര

തിങ്ങിപ്പൊങ്ങും തമസ്സിൽക്കടലിലൊരു കടം പോലെ ഭ്രചക്രവാളം
മുങ്ങിപ്പോയീ മുഴുക്കെ; ക്കുളിരിളകുമിളം കാറ്റു താനേ നിലച്ചു;
മങ്ങിക്കാണുന്ന ലോകപ്രകൃതിയുടെ പകർപ്പെന്ന മട്ടുന്ന മൗനം
തങ്ങിക്കൊണ്ടർദ്ധരാത്രിക്കൊരു പുരുഷനിരുന്നീടിനാനാടലോടേ.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.420 മയ്യഞ്ഞും തിരുമെയ്യു ചെന്നു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

മയ്യഞ്ഞും തിരുമെയ്യു ചെന്നു തടവും, നക്കും പദാബ്ജങ്ങൾ ഞാൻ,
പയ്യാറും മമ യാമുനോദകവുമാ വൃന്ദാവനപ്പൂൽകളും,
നിയ്യുതും മുരളീരവം നുകരുമെന്നായർക്കിടാവേ, വെറും
പയ്യായാൽ മതിയായിരുന്നു തിരുവമ്പാടിക്കകത്തന്നു ഞാൻ.

കവി : വി.കെ.ജി

3.421 നാഭീപത്മേ നിഖിലഭുവനം. . . (കർത്താ)

മന്ദാക്രാന്ത

നാഭീപത്മേ നിഖിലഭുവനം ഞാറുപെയ്താത്മയോനിം
നാഗേന്ദ്രന്മേൽബ്ബുത! മധുമതപ്പുള്ളികൊള്ളും പിരാനെ
നാഗാരാതിദ്ധ്വജനെ നവരം മുമ്പിൽ നീ കുമ്പിടേണ്ടും
നാൽവേതത്തിൻ പരമപൊരുളാം നമ്മുടേ തമ്പിരാനെ.

കൃതി : *ഉണ്ണുനീലിസന്ദേശം*

3.422 നിൻവർഷത്താലുയരുമുലകിൻ. . . (ബാലേന്തു)[84]

മന്ദാക്രാന്ത

നിൻവർഷത്താലുയരുമുലകിൻ രമ്യമാം ഗന്ധമേറ്റും
മന്ദം നാസാധ്വനിതമുണരും ദന്തിതൻ ഘ്രാണമേറ്റും
അത്തിക്കേകിപ്പലവുമലരും കാട്ടിലാശ്ശീതവാതം
വീശും നീയങ്ങണയുമളവിൽ ദേവശൈലത്തിൽ മെല്ലെ.

കവി : , കൃതി : *മേഘസന്ദേശം തർജ്ജമ (1:42)*

3.423 ആരായുകിൽ തിരകൾ. . . (ഗോപകുമാർ)

മത്തേഭം

ആരായുകിൽ തിരകൾ നീരായിടുന്ന, ഫണി നാരായിടുന്ന, കടവും
പാരായിട്ട, ന്നതിനു നേരായിടുന്നുലകമോരായ്കിലുണ്ണഖിലവും
വേരായ നിൻ കഴലിലാരാധനം തരണമാരാലിതിന്നൊരു വരം
നേരായി വന്നിടുക വേറാരുമില്ല ഗതി ഹേ രാജയോഗജനനി!

കവി : ശ്രീ നാരായണ ഗുരു

3.424 വമ്പന്മാരുടെ ഭാഷണം. . . (ബാലേന്തു)[85]

ശാർദ്ദൂലവിക്രീഡിതം

വമ്പന്മാരുടെ ഭാഷണം, സിനിസമൂഹത്തിന്നഹോ പോഷണം,
ഷാമ്പൂ സോപ്പു വിശേഷണം, പലതരം തട്ടിപ്പു സംഘോഷണം,
എമ്പാടും കഥ മോഷണം, കഥയെഴാതുള്ളോരു സംഭാഷണം,
അമ്പേ കണ്ണിനു ദൂഷണം - ടെലവിഷൻ തൻ മൂഢ സംപ്രേഷണം!

കവി : ബാലേന്തു

---

[84] [*ഉമേഷ്*] ശ്ലോകം **3.422 :** മൂലശ്ലോകം (കാളിദാസൻ) :

ത്വന്നിഷ്യന്ദോച്ഛ്വസിതവസുധാഗന്ധസമ്പർക്കരമ്യഃ
സ്രോതോ രന്ധ്രധ്വനിതസുഭഗം ദന്തിഭിഃ പീയമാനഃ
നീചൈർവാസ്യത്യുപജിഗമിഷോർദ്ദേവപൂർവ്വം ഗിരിം തേ
ശീതോ വയുഃ പരിണമയിതാ കാനനോദ്ദംബരാണാം.

[85] [*ബാലേന്തു*] ശ്ലോകം **3.424 :** പൂന്താനത്തിന്റെ

അമ്പാടിക്കൊരു ഭ്രഷണം, രിപുസമൂഹത്തിന്നഹോ ഭീഷണം,
പൈമ്പാൽ വെണ്ണ തയിർക്കു മോഷണ, മതിക്രൂരാത്മനാം പേഷണം,
വൻപാപത്തിനു ശോഷണം, വനിതമാർക്കനന്ദസംപോഷണം,
നിൻപാദം മതി ഭ്രഷണം - ഹരയുമേ മഞ്ജീരസങ്ഘോഷണം

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

3.425 ഏലസ്സും മണിയും ചിലമ്പു. . . (ഗോപകുമാർ)

ശാർദ്ദൂലവിക്രീഡിതം

ഏലസ്സും മണിയും ചിലമ്പു തളയും കോലാഹലത്തോടെയ-
മ്മേളത്തിൽ കളിയും ചിരിച്ച മുഖവും തൃക്കൈകളിൽ താളവും
കാലിക്കാൽപൊടിയും കളായനിറവും കാരുണ്യവായ്പും തഥാ
ബാലൻ കൃഷ്ണനടുത്തുവന്നൊരു ദിനം കണ്ടാവു കൺകൊണ്ടു ഞാൻ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.426 കൂകീ കോഴി വനാന്തരേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കൂകീ കോഴി വനാന്തരേ വിറകുമായ് നിന്നോരു രാവേ തഥാ
കൂകീ കോകിലവാണിമാർ കുചതടേ മേവീടുമാ രാവിലും;
കൂകും കോഴികൾ തമ്മിലുള്ള സുകൃതം ചെമ്മേ പറഞ്ഞീടുവാ-
നാകുന്നീല; ചരാചരങ്ങളിലുമുണ്ടത്യന്തഗത്യന്തരം.

കവി : പൂന്താനം, കൃതി : *ഭാഷാകർണ്ണാമൃതം*

3.427 കന്ദർപ്പപ്പട തീർന്നവാറവൾ. . . (ബാലേന്ദു)[86]

ശാർദ്ദൂലവിക്രീഡിതം

കന്ദർപ്പപ്പട തീർന്നവാറവൾ തൃണച്ചോർക്കേകി സമ്മാനമായ്
മുന്നം വസ്ത്രമരയ്ക്ക്, മാല മുലകൾ, ക്കക്കാതിനോ കുണ്ഡലം,
പിന്നെച്ചുണ്ടിനു വെറ്റിലച്ചുരുൾ പരം, കൈ രണ്ടിനും കങ്കണം,
പിന്നിൽത്തുങ്ങിയുലഞ്ഞ വാർകുഴലിനോ ചേരും വിധം ബന്ധനം.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃതി : (തർജ്ജമ)

3.428 പീലി ചിന്നി വിരിയുന്ന. . . (കർത്താ)

കുസുമമഞ്ജരി

പീലി ചിന്നി വിരിയുന്ന വേണിയിൽ മറഞ്ഞ കോമളമുഖാബ്ജമാ-
ലോലഹാരനവഹേമസൂത്ര വനമാലികാമകരകുണ്ഡലം
ഫാലബാലമതിമേലണിഞ്ഞ കമനീയഘർമ്മകണികാങ്കുരം
കോലമഞ്ചിതരഥം ഗതം ജയതി ജൈഷ്ണവം കിമപി വൈഷ്ണവം.

കവി : പൂന്താനം, കൃതി : *പാർത്ഥസാരഥീ സ്തവം*

3.429 ഫുല്ലാബ്ജത്തിനു രമ്യതക്കു. . . (വിശ്വപ്രഭ)[87]

ശാർദ്ദൂലവിക്രീഡിതം

ഫുല്ലാബ്ജത്തിനു രമ്യതക്കു കുറവോ പായൽ പതിഞ്ഞീടിലും?
ചൊല്ലാർന്നോരഴകല്ലയോ പനിമതിക്കങ്കം കറുത്തെങ്കിലും?
മല്ലാക്ഷീമണിയാൾക്കു വല്ക്കലമിതും ഭ്രയിഷ്ടശോഭാവഹം;
നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും.

കവി : കേരളവർമ്മ വലിയ കോയിത്തമ്പുരാൻ/കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.430 മുറ്റും സൗഖ്യമിയന്നിടുന്നൊരു രസം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

മുറ്റും സൗഖ്യമിയന്നിടുന്നൊരു രസം കണ്ടെത്തിനേനന്നു ഞാൻ
അത്യാനന്ദമിയന്നതിമ്പടി ഗൃഹേ ചെയ്യുന്നൊരുമ്പെട്ടതും
മുറ്റത്തെത്തി വഴക്കടിച്ചൊരു മഹാമാലാഖ സാത്താനുമായ്
'കഷ്ടം പാപമിതെ'ന്നൊരാ, ലിതരനോ ചൊന്നാൻ 'പവിത്രം' പരം.

കവി : ബാലേന്ദു / ഖലിൽ ജിബ്രാൻ

3.431 മേദസ്സറ്റു മെലിഞ്ഞു കൃക്ഷി. . . (ഉമേഷ്)[88]

ശാർദ്ദൂലവിക്രീഡിതം

മേദസ്സറ്റു മെലിഞ്ഞു കൃക്ഷി ലഘുവായ് ദേഹം വിഹാരക്ഷമം
ഭേദപ്പെട്ടു മൃഗങ്ങൾ തൻ പ്രകൃതിയും കാണാം ഭയക്രോധയോഃ
കോദണ്ഡിക്കിളകുന്ന ലാക്കിലിഷുവെയ്തെൽപ്പിപ്പതും ശ്രൈഷ്യമാം
വാദം വേട്ടയസാധുവെന്നതു മൃഷാ, മറ്റെന്തിലുള്ളീ രസം?

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ / കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.432 കൊമ്പൻ പോയവഴിക്കു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

കൊമ്പൻ പോയവഴിക്കു മോഴ തിരിയാ, മപ്പങ്ങൾ കട്ടുണ്ണുവോ-
രെമ്പ്രാനമ്പലവാസികൾക്കുമുഴുവൻ കക്കാൻ തരം വച്ചിട്ടും,

---

[86] [*ഉമേഷ്*] ശ്ലോകം **3.427 :** മൂലശ്ലോകം :

ശാന്തേ മന്മഥസങ്ഗരേ രണകൃതാം സത്ക്കാരമാതന്വതീ :-
വാസോ ∫ ദാജ്ജഘനസ്യ, പീനകുചയോർഹാരം, ശ്രുതേഃ കുണ്ഡലം,
ബിംബോഷ്ഠസ്യ ച വീടികാം, ശ്രമവതോർബാഹോശ്ചലത്കങ്കണം,
പശ്ചാല്ലംബിനി കേശപാശനിചയേ യുക്തോ ഹി ബന്ധഃ കൃതഃ

[87] [*ഉമേഷ്*] ശ്ലോകം **3.429 :** മൂലശ്ലോകം (കാളിദാസൻ) :

സരസിജമനുവിദ്ധം ശൈവലേനാപി രമ്യം
മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്ക്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം.

[88] [*ഉമേഷ്*] ശ്ലോകം **3.431 :** മൂലശ്ലോകം (കാളിദാസൻ) :

മേദച്ഛേദകൃശോദരം ലഘു ഭവത്യുത്ഥാനയോഗ്യം വപുഃ
സത്ത്വാനാമപി ലക്ഷ്യതേ വികൃതിമച്ചിത്തം ഭയക്രോധയോഃ
ഉത്കർഷഃ സ ച ധന്വിനാം യദിഷവഃ സിദ്ധ്യന്തി ലക്ഷ്യേ ചലേ
മിഥ്യാ ഹി വ്യസനം വദന്തി മൃഗയാമീദൃഗ്വിനോദഃ കുതഃ?

അമ്പത്തൊന്നു പിഴയ്യ ശിഷ്യനൊരു തെറ്റാശാൻ വരുത്തുമ്പൊഴേ,-
യ്ക്കമ്പോ! കൈപ്പിഴയാൽ ഗ്രഹപ്പിഴ, ഭരിക്കുന്നോർ ധരിച്ചീടണം.

കവി : വി. എ. കേശവൻ നമ്പൂതിരി

3.433 അംഭോരാശികുടുംബിനീതിലകമേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അംഭോരാശികുടുംബിനീതിലകമേ! നൽച്ചാലിയാരേ! തൊഴാം
അമ്പെന്നെപ്രതി കൈവരേണമതിനായ് നിൻ കാലു സംപ്രാർത്ഥയേ
തേനോലും മൊഴി! തന്വി! സമ്പ്രതി മണിപ്പോതം കടപ്പോളവും
ഗംഭീരാരവമോളവും ചുഴികളും കാറ്റും കുറച്ചീറ്റണം.

കവി : *ചേലപ്പറമ്പു നമ്പൂതിരി*

3.434 തേടിത്തേടി നടന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തേടിത്തേടി നടന്നു കാലടി കഴയ്ക്കട്ടേ, ഭവത്കീർത്തനം
പാടിപ്പാടി വരണ്ടുണങ്ങുകിലുണങ്ങീടട്ടെ ജിഹ്വാഞ്ചലം
കൂടെക്കൂടെ നടത്തുമർച്ചന തളർത്തീടട്ടെ കൈ രണ്ടു, മി-
ക്കുടാത്മാവു വെടിഞ്ഞിടും വരെ ഹരേ! നിന്നെ സ്മരിച്ചാവു ഞാൻ!

കവി : വി. കെ. ജി.

3.435 കാമാരിയായ ഭഗവാനുടെ. . . (ഋഷി)

വസന്തതിലകം

കാമാരിയായ ഭഗവാനുടെ പാതി ദേഹം
രോമാളിയാകുമതിരിട്ടു പകുത്തെടുത്തു
ആമോദമോടരുളുമദ്രികുമാരികേ! നിൻ
പൂമേനി തൻ പുതുമയെന്തു പുകഴ്ത്തിടേണ്ടൂ?

കവി : വെണ്മണി അച്ചൻ

3.436 ആഴക്കുവറ്റടിയിൽ. . . (ബാലേന്ദു)

വസന്തതിലകം

ആഴക്കുവറ്റടിയിലുള്ളതു കിട്ടുവാനാ-
യേഴെട്ടിടങ്ങഴി ജലം വെറുതേ കുടിച്ചു
കോഴപ്പഴാധരിയെയൊന്നു പുണർന്നു പോരാൻ
തോഴീജനത്തെ വെറുതേ തഴകേണ്ടി വന്നു.

കവി : ഒരവങ്കര

3.437 ക്രുദ്ധാമുവാച ഗിരിശോ. . . (ഉമേഷ്)

വസന്തതിലകം

ക്രുദ്ധാമുവാച ഗിരിശോ ഗിരിരാജകന്യാം:
"മഹ്യം പ്രസീദ ദയിതേ, ത്യജ വൈപരീത്യം;
നോ ചേദ് ഭവിഷ്യതി ജഗത്യധുനൈവ വാർത്താ
ഭസ്മീചകാര ഗിരിശം കില ചിത്തജന്മാ"

കവി : വൈക്കത്തു പാച്ചുമൂത്തതു് (സമസ്യാപൂരണം)

3.438 നിൻപത്തുതന്നെ നിരൂപിക്കിൽ. . . (ബാലേന്ദു)

വസന്തതിലകം

നിൻപത്തുതന്നെ നിരൂപിക്കിലെനിക്കു സർവ്വ-
സമ്പത്തുമെന്നുകരുതിസ്സതതം ഭജിച്ചു
വെമ്പിത്തളർന്നവരുമീയഗതിക്കു നിന്റെ-
യൻപെത്തിടായ്കിലിനിയാരൊരു ബന്ധുവുള്ളൂ?

കവി : കുമാരനാശാൻ

3.439 വാരാശി, തന്നൊടുവിലെശ്ശിശു. . . (ഉമേഷ്)

വസന്തതിലകം

വാരാശി, തന്നൊടുവിലെശ്ശിശു കേരളത്തെ
നേരായ് പുലർത്തിടണമെന്നു കരാറു വാങ്ങി
ധാരാളമംബുവരുളുന്നതുകൊണ്ടു മേന്മേൽ
ധാരാധരങ്ങളിതിൽ മാരി പൊഴിച്ചിടുന്നു.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.440 ധാരാളമാണു മരണം. . . (ബാലേന്ദു)

വസന്തതിലകം

ധാരാളമാണു മരണം രണഭൂവിലെല്ലാ-
പ്പോരാളിമാർക്കുമിതു കാംക്ഷിതമെന്നിരിക്കേ
വീരാഗ്ര്യ, പുത്രമൃതിയെക്കരുവാക്കിവെച്ചി-
ട്ടാരാൽച്ചതിക്കുവതു പൗരുഷമാകുമെന്നോ?

3.441 വരമൊഴിയുടെ മേന്മ. . . (ഉമേഷ്)[89]

പുഷ്പിതാഗ്ര

വരമൊഴിയുടെ മേന്മ നമ്മളെല്ലാ-
വരുമറിയും, സിബുവെന്തറിഞ്ഞു പാവം!
മരുമകനറിയും മകൾക്കു വായ്ക്കും
സുരതപടുത്വ, മതച്ഛനെന്തറിഞ്ഞു?

കവി : ഉമേഷ് നായർ

3.442 മതിമേൽ മൃഗതൃഷ്ണപോൽ. . . (കർത്താ)

വിയോഗിനി

മതിമേൽ മൃഗതൃഷ്ണപോൽ ജഗൽ-
സ്ഥിതിയെന്നും, സ്ഥിരമായ ശാന്തിയെ
ഗതിയെന്നുമലിഞ്ഞു ബുദ്ധിയിൽ-
പ്പതിയും മട്ടരുൾ ചെയ്ത മാമുനി

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

[89] [*ഉമേഷ്*] ശ്ലോകം **3.441 :** കമ്പ്യൂട്ടറിൽ മലയാളം ടൈപ്പു ചെയ്യാനുള്ള സോഫ്റ്റ്വെയറായ **വരമൊഴി** ഉണ്ടാക്കിയ **സിബു**വിനെക്കുറിച്ച്.

കവിതാരസചാതുര്യം വ്യാഖ്യാതാ വേത്തി നോ കവിഃ
സുതാസുരതസാമർഥ്യം ജാമാതാ വേത്തി നോ പിതാ

എന്ന ശ്ലോകത്തിന്റെ ഛായ.

3.443 ഗണിക്കുമായുസ്സു. . . (ഉമേഷ്)[90]

വംശസ്ഥം

ഗണിക്കുമായുസ്സു സുദീർഘമെന്നു താൻ
ഗ്രഹങ്ങൾ നോക്കിഗ്ഗണകൻ, ഭിഷഗ്വരൻ
മരുന്നിനാൽ നീട്ടിടു, മൊറ്റ മാത്രയിൽ
ഹരിച്ചിടുന്നു വിധി രണ്ടുപേരെയും.

കവി : ഉമേഷ് നായർ / ഏ. ആർ. രാജരാജവർമ്മ

3.444 മലർശരജയവൈജയന്തി. . . (ബാലേന്തു)

പുഷ്പിതാഗ്ര

മലർശരജയവൈജയന്തി, മഞ്ഞി-
ന്മലയുടെ മംഗളമഞ്ജുളക്കുരുന്നേ
മലയജമഹനീയ മന്ദഹാസാ-
മലവദനേ ജയ, മാമരക്കഴമ്പേ.

3.445 മിന്നും പൊന്നിൻ കിരീടം. . . (ഋഷി)

സ്രുദ്ധര

മിന്നും പൊന്നിൻ കിരീടം, തരിവള, കടകം, കാഞ്ചി, പൂഞ്ചേല, മാലാ
ധന്യശ്രീവത്സ, സൽകൗസ്തുഭമിടകലരും ചാരുദോരന്തരാളം,
ശംഖം, ചക്രം, ഗദാ, പങ്കജമിതി വിലസും നാലു തൃക്കൈകളോടും
സങ്കീർണ്ണശ്യാമവർണ്ണം ഹരിവപുരമലം പൂരയേന്മംഗളം വഃ

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.446 ശ്യാമാകാശമണിഞ്ഞിടുന്നു. . . (ബാലേന്തു)

ശാർദ്ദൂലവിക്രീഡിതം

ശ്യാമാകാശമണിഞ്ഞിടുന്നു രുചിരസ്സായാഹ്ന പീതാംബരം
സീമാതീതലയാനുഭൂതിയകമേ പെയ്യുന്നു ശംഖധ്വനം
ആത്മാന്ധത്വമകന്ന ഭക്തനിവഹം ഹേ കൃഷ്ണ! നിൻവിഗ്രഹം
കാണ്മാനെത്തുകയായ്, നിരുദ്ധനിവനോ നില്പാണകന്നേകനായ്.

കവി : യൂസഫലി കേച്ചേരി

3.447 ആകമ്രം മദ്ധ്യമുദ്യന്മണിഗ്രണനികരം. . . (ഉമേഷ്)[91]

സ്രുദ്ധര

ആകമ്രം മദ്ധ്യമുദ്യന്മണിഗ്രണനികരം, നീലനീരസ്രുമേഘ-
ശ്രീ കക്കും വേണി നൽസ്രുദ്ധര, പരിചിയലും ശ്രോണിയോ പൃഥ്വി തന്നെ,
ശ്രീകണ്ടങ്കൽ പ്രഹർഷിണ്യയി ഭഗവതി, നിൻ ദൃഷ്ടി ഹാ ഹന്ത, ചിത്രം!
നൈകച്ഛന്ദോവിശേഷാകൃതിയിലമരുവോളാര്യയാണെങ്കിലും നീ!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

[90] [*ഉമേഷ്*] ശ്ലോകം **3.443 :** ദ്രുതകവനം (ഗ-മ ശ്ലോകം). മൂലശ്ലോകം (**ഏ. ആർ. രാജരാജവർമ്മ**):

ഗണയതി ഗണകസ്സുദീർഘമായുർ–
ഗഗനഗതഗ്രഹഗോളസന്നിവേശൈഃ
വനതൃണരസമേളനൈശ്ച വൈദ്യോ
ഹരതി വിധിർമിഷിതാമഥോഭയേഷാം.

[91] ഇടയ്ക്കു തിരുകിയതു്.

3.448 ശ്രീ കാളുമിപ്പല നിറം. . . (കർത്താ)

വസന്തതിലകം

ശ്രീ കാളുമിപ്പല നിറം കളമിട്ടതെങ്കിൽ
ഭാകാരമാകെയരി വാരിയെറിഞ്ഞതെങ്കിൽ
രാകാളികോമരമൊഴിഞ്ഞ മൃഗാങ്കനെങ്കിൽ
ആകാശമല്ലിതൊരു ഉള്ളിയൊഴിഞ്ഞ കാവാം.

കവി : മാപ്രാണം നാരയണപ്പിഷാരടി, കൃതി : *ഉദയാദുദയാന്തം*

3.449 രണ്ടാളുകേട്ടു രസമാർന്നതു. . . (ബാലേന്തു)

വസന്തതിലകം

രണ്ടാളുകേട്ടു രസമാർന്നതു മുക്തകണ്ഠം
കൊണ്ടാടണം കൃതി രസോജ്ജ്വലമായിടേണം
പണ്ടങ്ങളാകൃതി ഗുണത്തിനു ചേർന്നിണങ്ങി–
ക്കൊണ്ടാകിലീ കവനകൗതുകമാമതെല്ലാം.

3.450 പീതാംബരം കരവിരാജിത. . . (ഋഷി)

വസന്തതിലകം

പീതാംബരം കരവിരാജിതശംഖചക്ര-
കൗമോദകീസരസിജം കരുണാസമുദ്രം
രാധാസഹായമതിസുന്ദരമന്ദഹാസം
വാതാലയേശമനിശം ഹൃദി ഭാവയാമി

3.451 രുദ്രാക്ഷവും രജതകാന്തി കലർന്ന. . . (ബാലേന്തു)

വസന്തതിലകം

രുദ്രാക്ഷവും രജതകാന്തികലർന്ന നീറും
ഭദ്രം ധരിച്ചു ഭവദാലയപാർശ്വമാർന്നു
ചിദ്രൂപ നിൻ ചരണസേവയിലെന്നു നിന്നു
നിദ്രാദിയും നിശി മറന്നു ശയിക്കുമീ ഞാൻ?

3.452 ചിന്തിച്ചതില്ലിവൾ ഗുരുക്കളെ. . . (ഉമേഷ്)[92]

വസന്തതിലകം

ചിന്തിച്ചതില്ലിവൾ ഗുരുക്കളെ, യങ്ങുമൊട്ടു
ചോദിച്ചതില്ല വധുബന്ധുജനാനുവാദം
ബോധിച്ച പോലിരുവർ നിങ്ങൾ രഹസ്യമായി-
സ്സാധിച്ച സംഗതിയിലാരൊടെവന്നു ചോദ്യം?

കവി : ഏ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ (മലയാളശാകുന്തളം)*

3.453 ബാലേന്തുശേഖരഹരി. . . (ബാലേന്തു)

വസന്തതിലകം

ബാലേന്തുശേഖരഹരിപ്രണയപ്രസൂനം

[92] [*ഉമേഷ്*] ശ്ലോകം **3.452 :** ഈ ശ്ലോകത്തിന്റെ മൂലം പ്രാകൃതത്തിലാണ്. (സംസ്കൃതനാടകങ്ങളിൽ സ്ത്രീകളും നീചകഥാപാത്രങ്ങളും സംസാരിക്കുന്നതു പ്രാകൃതത്തിലാണ്.) ശ്ലോകം താഴെച്ചേർക്കുന്നു:

ണാവേക്ഖിഓ ഗുരുഅണോ / ഇമ ഏ ഉ ഏ വിണ പുച്ഛിദോ ബന്ധൂഃ
ഏക്കക്കമ എവ്വ കിദേ / ഭണാമി കിം ഏക്കമേക്കസ്സെ?

നീലാരവിന്ദനയനം ശ്രിതപാരിജാതം
ലീലാഭികാമ്യകരുണാമയചാരുരൂപം
കാലേ സ്മരാമി ശബരീശ്വരമിഷ്ടദേവം.

കവി : ബാലേന്ദു

3.454 ലളിതലളിതമാർന്ന. . . (മധുരാജ്)

അപരവക്ത്രം

ലളിതലളിതമാർന്ന യൗവനം
കുലസുത, 'ലീല'- അതാണവൾക്കു പേർ
ലലനകളുടെ ഭാഗ്യയന്ത്രമാ-
നിലയിൽ മനസ്സു തിരിഞ്ഞ പോലെ പോം

കവി : കുമാരനാശാൻ, കൃതി : *ലീല*

3.455 ലളിതമാം കരതാരുകൾ. . . (ബാലേന്ദു)

ദ്രുതവിളംബിതം

ലളിതമാം കരതാരുകൾ, രാഗസ-
മ്മിളിതവീക്ഷണ, മുന്നതമാറിടം
തളിരുമേ തളരും തനു, പൂശര-
ക്കുളിരിതാരിവളപ്സരനാരിയോ?

കവി : കെ. വി. പി. നമ്പൂതിരി

3.456 തെക്കിൻ കൈലാസശൈല. . . (കർത്താ)

സ്രുധര

തെക്കിൻ കൈലാസശൈലാലയമുടയ ജഗന്നാഥ! ബാലേന്ദുമൗലേ!
തെക്കിൻ നാഥാ! മുരാരേ! നടുവിൽ വടിവെഴും ബാണതാർബാണബന്ധോ!
ചൊൽക്കൊണ്ടീടുന്ന ഭക്ത്യാ കഴലിണ പണിയുന്നെന്നെ മുന്നിൽക്കുറിക്കൊ-
ണ്ടുൽകം പാലിച്ചുകൊള്ളുന്നതു വിപദി ഭവാനോ, ഭവാനോ, ഭവാനോ?

3.457 ചെന്നൂലാൽപ്പുത്രനേകൻ. . . (ബാലേന്ദു)

സ്രുധര

ചെന്നൂലാൽപ്പുത്രനേകൻ പണിവതു ഭുവനം, കേടുപോക്കുന്നിതന്യൻ
വെൺനൂലാ, ലന്യനയ്യോ പുനരതു കരിനൂലാലെ കത്തിച്ചിടുന്നു;
മുന്നുലും വേണ്ടതേകിത്തനയരുടെ ശിശുക്രീഡ കാണാനിവണ്ണം
നിന്നീടും നീ തുണച്ചീടടിയനയി ജഗജ്ജാലമൂലായമാനേ!

കവി : കെ. കെ. രാജാ

3.458 മോഹത്താൽ തുനിയുന്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മോഹത്താൽ തുനിയുന്ന നിങ്ങൾ, മൃദുവാമിമ്മേനിയെ? ങുഗ്രനീ
ദാഹവ്യാപൃതനെങ്കു വഹ്നി? - യഥവാ , സത്യം പതങ്ഗങ്ങളേ!
ദേഹം നശ്വരമാർക്കു, മിങ്ങതൊരുവൻ കാത്താലിരിക്കാ, സ്ഥിര-
സ്നേഹത്തെക്കരുതി സ്വയം കഴികിൽ നൂറാവൃത്തി ചത്തീടുവിൻ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.459 ദുർഗ്ഗേ ദുർഗ്ഗതി നീക്കണേ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ദുർഗ്ഗേ ദുർഗ്ഗതി നീക്കണേ ദുരധിഗേ ദുർഗ്ഗേശമന്ദാരമേ
ഭദ്രേ ഭദ്രതയേകണേ ഭഗവതീ ഭക്തർക്കഭീഷ്ടപ്രദേ
കാളീ കാളിമ മാറ്റണേ കളകളാലാപേ കലേശാനനേ
മായേ മോഹമകറ്റണേ മധുഹരേന്ദ്രാദിസ്തുതേ നിസ്തുലേ!

കവി : ബാലേന്ദു

3.460 കാളിന്ദിപ്പുഴവക്കിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാളിന്ദിപ്പുഴവക്കിലുണ്ടൊരരയാൽവൃക്ഷം, കണിക്കൊന്നയെ-
ക്കാളും മഞ്ഞളമായ മഞ്ഞവസനം ചാർത്തുന്നൊരാളുണ്ടതിൽ,
കാളാബ്ദാഞ്ചിതകോമളാകൃതികലാപാലംകൃതോഷ്ണീഷനാ-
ണാ, ളെൻ നിർഭരഭാഗ്യമേ, മദനഗോപാലൻ മദാലംബനം!

കവി : വി. കെ. ജി

3.461 കാളാംഭോദാളി ലാളിച്ചടിതൊഴും. . . (കർത്താ)

സ്രഗ്ധര

കാളാംഭോദാളി ലാളിച്ചടിതൊഴുമഴകാണ്ടുള്ള കാർകൂന്തൽ കെട്ടി-
ച്ചാലേ മൈൽപ്പീലി ചാർത്തീട്ടനഘനവമണിശ്രേണി മിന്നും കിരീടം
ലോലംബാലോലനീലാളകരുചി ചിതറിദ്ധൂളി മേളിച്ചു കിഞ്ചിൽ
സ്വേദാംഭസ്സാൽ നനഞ്ഞുള്ളൊരു തൊടുകുറിയും ഹന്ത! ലോകാഭിരാമം.

കവി : ഇരയിമ്മൻ തമ്പി

3.462 ലാളിച്ചീടാൻ യശോദാ. . . (ബാലേന്ദു)

സ്രഗ്ധര

ലാളിച്ചീടാൻ യശോദാകരലതികകളിൽ പിഞ്ചുകുഞ്ഞായി, ലോകം
പാലിച്ചീടാൻ കഠോരാസുരവരനികരധ്വംസിയായ്, കംസജിത്തായ്,
കേളിക്കാടാൻ വ്രജസ്ത്രീജനഹൃദയമണിപ്പൊത്തിലെത്തത്തയായും
മേളിച്ചീടുന്ന വാതാലയസുകൃതപതാകയ്ക്കിതാ കുമ്പിടുന്നേൻ.

കവി : വി. കെ. ജി.

3.463 കാരോടിക്കും വപുസ്സും. . . (ഉമേഷ്)

സ്രഗ്ധര

കാരോടിക്കും വപുസ്സും, രമ നിജ കുചകുംഭത്തിലെക്കുങ്കുമത്താ-
ലാരാടിപ്പോരുരസ്സും, തിറമൊടു മയിലിൻ പീലി ചൂടും ശിരസ്സും,
ക്രൂരാളും സന്മനസ്സും, നളിനപദരജസ്സും, സ്വഭക്തനുവേണ്ടി-
ത്തേരോടിക്കും യശസ്സും, കരുതുക മനമേ! സാർത്ഥമാം നിൻ ജനുസ്സും!

കവി : വി. കെ. ജി.

3.464 കോലം നേർപാതിയായീ. . . (കർത്താ)[93]

സ്രഗ്ധര

കോലം നേർപാതിയായീ ബത; കുസുമശരൻ വൈരി; വെൺതിങ്കൾ ചൂടാ;-
മാലേപം ചാല വെണ്ണീ; റശനമപി വിഷപ്രായമോർക്കും ദശായാം;
ലീലാരാമം ചിതാകാനന; മനലമയം ചിത്രകം; ചിത്രമേവം
ബാലേ! മേ വന്നുകൂടി ഗിരിശത പിരളീനായികേ! നിൻവിയോഗേ.

3.465 ലോലംബാവലിലോഭനീയസുഷമം. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

ലോലംബാവലിലോഭനീയസുഷമം ലോലം വിഹാരേ, വധൂ-
ജാലം വ്യാകുലയന്ത, മസ്യുടഗിരം, വ്യാലംബികാഞ്ചീഗുണം
ആലംബം ജഗതാം, മുഖാംബുജഗളല്ലാലം, ഗളാന്തോല്ലളൽ-
ബാലം ത്വാം ഹരിദംബരം മമ മനോബാലം ബതാലംബതേ.

കവി : മാനവേദ രാജാ , കൃതി : *കൃഷ്ണഗീതി*

3.466 ആർ വന്നാൽ ഭരണത്തിൽ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ആർ വന്നാൽ ഭരണത്തിലെന്നു? ജനതാസീതയ്ക്കവൾക്കേതിലും
നോവാ, ണാശരരാജനെങ്കിലപഹർത്താവായി ദണ്ഡിച്ചിടും;
വേവും പാവകശോധനയ്ക്കുപരിയും തീരാത്ത ശങ്കാവശാൽ
പോവാൻ കൽപ്പനയേകിടും പുനർവനേ, രാമൻ ഭരിച്ചീടുകിൽ!

കവി : ബാലേന്ദു

3.467 വാണീലാ വരവർണ്ണിനീ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വാണീലാ വരവർണ്ണിനീമണികൾ തൻ വാർകുന്തളത്തിൽ സുഖം,
വീണീലാ വിധിപോലെ ചെന്നു ഭഗവത്പാദാരവിന്ദങ്ങളിൽ,
ക്ഷോണീധൂസരധൂളി പറ്റിയൊളിയും മങ്ങിക്കിടക്കുന്നതി-
ന്നാണീ ശ്രേഷ്ഠകുലേ ജനിച്ചതു ഭവാനെന്നോ നറും പുഷ്പമേ?

കവി : വള്ളത്തോൾ

3.468 ക്ഷോണീതലത്തിലൊരു. . . (ബാലേന്ദു)

വസന്തതിലകം

ക്ഷോണീതലത്തിലൊരു കാലടിവയ്ക്കുവാനായ്
വാനോർ കൊതിച്ചളവു കാത്തൊരു ചക്രവർത്തി
പ്രഹ്ലാദപൗത്രനരിയോരു വരം കൊടുത്തോൻ
ആഹ്ലാദപൂർവ്വമടിയന്നു ശുഭം തരട്ടെ!

കവി : ബാലേന്ദു

3.469 പ്രാണാധിഭർത്തി, കരയായ്ക. . . (ഉമേഷ്)

വസന്തതിലകം

പ്രാണാധിഭർത്തി, കരയാ, യ്കരിമുക്തനാനാ-

[93] ഇടയ്ക്കു തിരുകിയതു്.

ബാണാളി താങ്ങുവതിനീയൊരു നെഞ്ചു പോരും;
ബാണാത്മജാനയനനീരൊരു തുള്ളി പോല്പം
വീണാൽ സഹിപ്പതനിരുദ്ധനസാദ്ധ്യമത്രേ!

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.470 ബുക്കും വായനയും മറന്നു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ബുക്കും വായനയും മറന്നു സിനിമാഗാനം നുകർന്നീടുവാ-
നൊക്കുമ്പോളുളവാം രസസ്രുതി നുണച്ചുംകൊണ്ടിരുന്നീടവേ,
ആർക്കും വേണ്ട പരീക്ഷയെന്ന പരമാദർശം, ജയിയ്ക്കുന്നതി-
ന്നുക്കുണ്ടാവതിലില്ലൊരത്ഭുത, മിതാണിന്നത്തെ വിദ്യാഗതി.

കവി : ടി. പ്രഭാകരൻ നായർ

3.471 ആനന്ദാസ്പദമായ നിന്നനുപമാ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആനന്ദാസ്പദമായ നിന്നനുപമാരാമത്തിലേയ്ക്കാർത്തനാം
ഞാനും കൂടി വരട്ടയോ മരണമേ? നീറുന്നു ഹാ! മന്മനം;
ഗാനം വേണ്ട ജഗത്തിനാത്മസുഖസംപ്രാപ്തിക്കു, പൊൻനാണയ-
സ്വാനം പോരു, മെനിക്കതിന്നു കഴിവി, ല്ലാവശ്യമില്ലിങ്ങു ഞാൻ!

കവി : ചങ്ങമ്പുഴ

3.472 ഗോകദംബഗ്രണങ്ങളാലൊരുണർച്ച. . . (കർത്താ)

മല്ലിക

ഗോകദംബഗ്രണങ്ങളാലൊരുണർച്ചയെങ്ങുമണച്ചിട്ടം
ലോകബാന്ധവനിങ്ങയച്ചൊരനൂരുവിന്റെ സമാഗമാൽ
ഭീകരോഗ്രതമസ്സിൽനിന്നൊരുമട്ടൊഴിഞ്ഞു തെളിഞ്ഞ ദി-
ക്കാകവേ നെടുവീർപ്പിടുന്നു ഉഷാരമാരുതകൈതവാൽ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.473 ഭംഗ്യാ പിംഗേ ഭുജംഗാവലി. . . (ഉമേഷ്)

സ്രുദ്ധര

ഭംഗ്യാ പിംഗേ ഭുജംഗാവലിരചിതവിമർദ്ദേ കപർദ്ദേ ദധാനം
തുംഗാൻ ഗംഗാതരംഗാൻ, നിടിലഹുതവഹജ്വാലയാ ശോഭമാനം
ശൃംഗാരാദ്വൈതവിദ്യാപരിമളലഹരീം വാമഭാഗേ വഹന്തം
മംഗല്യം കൈവളർപ്പാൻ ദിനമനു മനമേ, ചന്ദ്രചൂഡം ഭജേഥാഃ

കവി : മഴമംഗലം, കൃതി : *ഭാഷാനൈഷധചമ്പു*

3.474 ശ്രീവൈയ്ക്കത്തപ്പനായിട്ട്. . . (ബാലേന്ദു)

സ്രുദ്ധര

ശ്രീവൈയ്ക്കത്തപ്പനായിട്ടശനമരുളിടുന്നങ്ങുപിന്നേറ്റുമാനൂർ-
ക്കോവിൽക്കുള്ളിൽക്കളിപ്പൂ സ്ഥിതിലയനടനം താണ്ഡവം ദേവ, ശംഭോ!
ഏവം വെവ്വേറിടത്തിൽപ്പലഗ്രണമതിലോരോന്നുകാട്ടുന്നുവെന്നാൽ
കാവാലിക്കുന്നിലെത്ത്വദ്ധനരഹിതഗ്രണം താപസം ഭൈഷജം വാ?

കവി : ബാലേന്ദു

3.475 ഏറിക്കൊള്ളായിരുന്ന പുരഹര. . . (കർത്താ)

സ്രഗ്ധര

ഏറിക്കൊള്ളായിരുന്ന പുരഹര,സുഖമേ തോൽ പൊളിപ്പാൻ കനത്തോ-
രുഷത്തം നീയൊരാനത്തലവനെ വെറുതേ കൊന്റതെന്തിനുമൗലേ?
ഏറെ പ്രേമോദയംപൂണ്ടഴകിയ തിരുമെയ്യംബികയ്ക്കായ്കൊടുപ്പാ-
നാരപ്പോ! ചൊന്നതാലം പെരുകിന ശിവനേ! പോറ്റി ചെല്ലൂർപ്പിരാനേ!

3.476 ഏറ്റം നീളും വലിച്ചാൽ. . . (ബാലേന്ദു)

സ്രഗ്ധര

ഏറ്റം നീളും വലിച്ചാൽ, പലവിധവടിവായ് മാറുവാനെന്തെളപ്പം
മുറ്റീടും വെണ്മയാദ്യം പകരുമതുക്രമാൽ കൂരിരുട്ടിന്ന നേരായ്
നാറ്റം പാരം പരത്തും, ദഹനനിലെരിയാതില്ല നാശം നിനച്ചാൽ
രാഷ്ട്രീയക്കാരുമിങ്ങാ റബറതുമൊരുപോൽ, കൈരളിക്കാർത്തിയോർത്താൽ.

കവി : ബാലേന്ദു

3.477 നുതിക്കീ നീയൊർത്താൽ. . . (കർത്താ)

ശിഖരിണി

നുതിക്കീ നീയോർത്താൽ നിഖിലജഗദീശാ, വിഷയമോ?
മതിക്കും മാനിപ്പാനരുതു തവ രൂപം ശിവ വിഭോ!
യതിക്കോ നീയല്ലാതൊരുവനൊരുപറ്റില്ല, പരയാം
ഗതിക്കോ നിൻകാലാണറികിലൊരധിഷ്ഠാനമമലം.

കവി : കുമാരനാശാൻ, കൃതി : *അനുഗ്രഹപരമദശകം*

3.478 യുധിഷ്ഠിരമഖത്തിലാ. . . (ബാലേന്ദു)[94]

പൃഥ്വി

യുധിഷ്ഠിരമഖത്തിലാ മഗധഭൂപനോടേറ്റിടാ-
മുപസ്ഥിതകൃതിദ്വയം ശ്രമമതെണ്ണിയേകത്രഗം
പ്രിയപ്രമുഖനുദ്ധവൻ മൊഴിയിതോതവേ താങ്കളും
പൃഥാത്മജപുരിക്കുതാൻ ഗതിതുടർന്ന ബന്ധുക്കളും.

കവി : ടി.വി.പരമേശ്വരൻ / മേൽപ്പത്തൂർ, കൃതി : *നാരായണീയം തർജ്ജമ*

3.479 പ്രിയാഗണമശേഷമൊത്ത്. . . (ഉമേഷ്)[95]

പൃഥ്വി

പ്രിയാഗണമശേഷമൊത്തരികിലെത്തി നീ, ധർമ്മജൻ

[94] [*ഉമേഷ്*] ശ്ലോകം **3.478 :** മൂലശ്ലോകം (മേല്പത്തൂർ) :

യിയാസുരഭിമാഗധം തദനു നാരദാദീരിതാദ്
യുധിഷ്ഠിരമഖോദ്യമാദുഭയകാര്യപര്യാകുലം
വിരുദ്ധജയിനോധ്രരാദുഭയസിദ്ധിരിത്യുദ്ധവേ
ശശംസുഷി നിജൈഃ സമം പുരമിയേഥ യൗധിഷ്ഠിരീം.

[95] [*ഉമേഷ്*] ശ്ലോകം **3.479 :** മൂലശ്ലോകം (മേല്പത്തൂർ) :

അശേഷദയിതായുതേ, ത്വയി സമാഹൃതേ, ധർമ്മജോ
വിജിത്യ സഹജൈർമഹീം ഭവതപാങ്ഗസംവർദ്ധിതൈഃ
ശ്രിയം നിരുപമാം വഹന്നഹഹ! ഭക്തദാസായിതം
ഭവന്തമയി, മാഗധേ പ്രഹിതവാൻ സഭീമാർജ്ജുനം.

ജയിച്ചു മഹി നിൻ മിഴിക്കട വളർത്ത സോദര്യരാൽ
സ്വയം ധനദതുല്യനായഹഹ! മാഗധൻ തന്റെ നേർ–
ക്കയച്ചു സഹജാതരെ, പ്രണതദാസനാം നിന്നെയും.

കവി : സി. വി. വാസുദേവ ഭട്ടതിരി / മേൽപ്പുത്തൂർ, കൃതി : *നാരായണീയം തർജ്ജമ*

3.480 സഹസ്രകരപുത്രജൻ. . . (ബാലേന്ദു)

പൃഥ്വി

സഹസ്രകരപുത്രജൻ പ്രവരപൂജനാർത്ഥം തദാ
വരിച്ചു സഹദേവവാഗനുഗതൻ വിനീതൻ പരം
ഭവാനെ വിധിപോലവേ സദസി വേദമന്ത്രങ്ങളാ-
ലുടൻ സസുരമാനുഷം ഭുവനമൊക്കെയും തൃപ്തമായ്.

കവി : റ്റി.വി.പരമേശ്വര അയ്യർ/ മേല്പത്തൂർ, കൃതി : *നാരായണീയം തർജ്ജമ*

3.481 ഭ്രുരേണുനാ വിശ്വം. . . (ഉമ)

ഇന്ദ്രവജ്ര

ഭ്രുരേണുനാ വിശ്വമിരുട്ടടപ്പി-
ച്ചാരാലണഞ്ഞീടിന ചക്രവാതം
നാരായണൻ തന്നെ വഹിച്ചു മൂഢൻ
പാരാതെ മേൽപ്പോട്ടയരും ദശായാം.

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.482 നാരായണീയം പരമം പവിത്രം. . . (ബാലേന്ദു)

ഇന്ദ്രവജ്ര

നാരായണീയം പരമം പവിത്രം
പാരായണത്തിന്നു മുതിർന്നിടുമ്പോൾ
നേരായി നന്നായുരുവിട്ടിടാനായ്
നാരായണീ നാവിലുദിച്ചിടേണേ.

കവി : ബാലേന്ദു

3.483 നോവിപ്പിക്കാതെ. . . (മധുരാജ്)

സ്രുദ്ധര

നോവിപ്പിക്കാതെ, ശസ്ത്രക്രിയകളുടെ സഹായങ്ങളില്ലാതെ, തിക്തം
സേവിപ്പിക്കാതെ, പൂർവ്വാർജ്ജിതകവനകലാബോധബീജാങ്കുരത്തെ
ഭാവം നോക്കിത്തുടിപ്പി, ച്ചകമലർ വികസിപ്പിച്ചു സഞ്ജാതമാക്കും
പ്രാവീണ്യത്തിന്നു കേൾവിപ്പെട്ടുമൊരു സുധിയാണക്ഷരശ്ലോകവൈദ്യൻ!

കവി : വി. കെ. ഗോവിന്ദൻ നായർ

3.484 ഭക്തർക്കാനന്ദമേകും. . . (ഋഷി)[96]

സ്രുദ്ധര

ഭക്തർക്കാനന്ദമേകും ഗുരുപവനപുരേശന്റെ പാദാരവിന്ദം

[96] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. 'ഭ'യ്ക്ക സ്രുദ്ധരയിൽ.

ഭക്ത്യാ നിത്യം നമിപ്പൂ; ദുരിതമഖിലവും തീർക്കുകെൻ ഭക്തവത്സാ
ഒട്ടേറെച്ചെയ്തുപോയോരടിയനുടെ സമസ്താപരാധം പൊറുത്തി-
ട്ടെപ്പോഴും കാത്തിടേണം, കഴലിണ സതതം കൂപ്പിടുന്നേൻ മുരാരേ!

കവി : ഋഷി കപ്ലിങ്ങാട്

3.485 ഒന്റിന്മേലൊന്റിനാലത്തൊഴിൽ. . . (കർത്താ)

സ്രഗ്ധര

ഒന്റിന്മേലൊന്റിനാലത്തൊഴിലൊരുവനുമാറ്റീടുവാൻ വേല; വേല-
പ്പെണ്ണിൻ പുണ്യൗഘമേ! മന്മനമഗതി വധൂമണ്ഡലേ മഗ്നമല്ലോ;
എന്റാലൊന്റുണ്ടു യാചേ തിരുവടിയൊടു ഞാൻ - ഉത്തമാം മുക്തി നാരീ-
മിന്റേ പൂണായ് വരേണം മമ തവ കൃപയാ ദേവ! നാവാമുരാരേ!

3.486 എന്നായാലും മരിക്കും. . . (ബാലേന്ദു)

സ്രഗ്ധര

എന്നായാലും മരിക്കും, വിധിയുടെ വിഹിതം പോലെയല്ലോ നടക്കും,
പിന്നീടെങ്ങാൻ ജനിക്കാം, മധുഹരകരുണാപാത്രമായെങ്കിലാവാം;
ഒന്നേ മോഹിപ്പൂ - വീണ്ടും ധരണിയിൽ വരുവാനാണു മേ യോഗമെന്നാ-
ലെന്നും നന്ദാത്മജൻ തൻ പദയുഗമകമേ വാഴണം വാഴ്ത്തുവോളം.

കവി : ബാലേന്ദു

3.487 ഒരു ജലകണമേന്താൻ. . . (കർത്താ)

മാലിനി

ഒരു ജലകണമേന്താൻ ചാതകം വാ തുറന്നാൽ-
പ്പെരുമഴ പലതേകം കൊണ്ടലിൻ കൂട്ടുകെട്ടാൽ
ഒരു യവമണി കിട്ടാൻ കർഷകൻ കയ്യയച്ചാ-
ലുരുകളമുടൻ നീ നൂറു നൽകുന്നു തായേ!

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.488 ഒറ്റക്കയ്യുടു കങ്കണങ്ങളെളിയിൽ. . . (ഉമേഷ്)[97]

ശാർദ്ദൂലവിക്രീഡിതം

ഒറ്റക്കയ്യുടു കങ്കണങ്ങളെളിയിൽത്തട്ടുന്ന മട്ടുന്നിയും,
മറ്റേതല്പമയച്ചുവിട്ടു ലഘുവാം ശ്യാമാലതാശാഖ പോൽ,
പുഷ്പം കാൽവിരൽ കൊണ്ടു ചിക്കിന നിലത്തർപ്പിച്ച നോട്ടത്തൊടേ
സ്വല്പം നീണ്ടു നിവർന്ന നില്പിടു തുലോം നൃത്തത്തിലും നന്നഹോ!

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *മാളവികാഗ്നിമിത്രം തർജ്ജമ*

3.489 പൂവൽക്കയ്യുകൾ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പൂവൽക്കയ്യുകൾ മുൻവശത്തു രശനാസ്ഥാനത്തിലർപ്പിച്ചിതാ

[97] **[*ഉമേഷ്*] ശ്ലോകം 3.488 :** മൂലശ്ലോകം (**കാളിദാസൻ**) :

വാമം സന്ധിസ്ഥിമിതവലയം ന്യസ്യ ഹസ്തം നിതംബേ
കൃത്വാ ശ്യാമാവിടപസദൃശം സ്രസ്തമുക്തം ദ്വിതീയം
പാദാങ്ഗുഷ്ഠാലുളിതകുസുമേ കുട്ടിമേ പാതിതാക്ഷം
നൃത്താദസ്യാഃ സ്ഥിതമതിതരാം കാന്തമുദ്വായതാർദ്ധം.

ദേവൻ തൻ കഴൽ മൗലിയാൽ മുകരുവാൻ കുമ്പിട്ടു നിൽപ്പാകയാൽ
താവത്കഞ്ചുകസംവൃതസ്തനഭരവ്യാനമ്രകമ്രാംഗി തൻ
ളവക്ത്രം ഹഹ! തണ്ടൊടിഞ്ഞ നളിനം പോലേ വിളങ്ങുന്നിതേ.

കവി : വള്ളത്തോൾ, കൃതി : *ഒരു സന്ധ്യാ പ്രണാമം*

3.490 താരാഹാരമലങ്കരിച്ചു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

താരാഹാരമലങ്കരിച്ചു, തിമിരപ്പുഞ്ചായൽ പിന്നോക്കമി-
ട്ടാ രാകേന്ദുമുഖത്തിൽ നിന്നു കിരണസ്മേരം ചൊരിഞ്ഞങ്ങനെ
ആരോമൽ കനകാബ്ജകോരകകുചം ളുള്ളിച്ചൊരാമോദമോ-
ടാരാലംഗനയെന്ന പോലെ നിശയും വന്നാളതന്നാളഹോ!

കവി : വെണ്മണി മഹൻ

3.491 അപ്പോഴുദ്യൽകുളിർമതിമുഖീ. . . (കർത്താ)

മന്ദാക്രാന്ത

അപ്പോഴുദ്യൽകുളിർമതിമുഖീ മേഘരാഗാധരോഷ്ഠീ
ചൂഴത്താഴും തിമിരചികുരാ ചാരുതാരാശ്രമാംബുഃ
കിഞ്ചിൽക്കാണാം കുമുദഹസിതാ നൂനമെന്നുണ്ണനീലീം
കാമക്രീഡാരസവിലുളിതാം തന്നെയന്വേതി സന്ധ്യാ.

കൃതി : *ഉണ്ണുനീലി സന്ദേശം*

3.492 കാലേതാനും മടക്കി. . . (ഉമേഷ്)

സ്രഗ്ധര

കാലേതാനും മടക്കി, ത്തുട തുടയുടെ മേൽ ചേർ, ത്തതിന്നബ്ജമാല്യം
പോലേ വാരിക്കു മേൽ നീട്ടിയ രുചിരവലംകയ്യലങ്കാരമാക്കി,
മേലേ വൻ പോർമുലപ്പൊന്നണിചിതറുമിടംകൈ കവിൾത്തട്ടിനേകി-
ച്ചേലേറും കണ്ണടച്ചെൻ ശശികലികയിതാ വെൺനഭസ്സിൽ ശയിപ്പൂ!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.493 മുക്കാലും വഴി മുഗ്ധഭാഷിണി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മുക്കാലും വഴി മുഗ്ധഭാഷിണി ! മുലക്കുന്നും ചുമന്നംഗജ-
പ്രക്ഷോഭേണ നടന്ന നിൻ നട നിനയ്ക്കുമ്പോൾ നടുക്കം വരും
മൽക്കൈകൊണ്ടിടയിൽത്തൊടുമ്പൊഴതിലും മാഴ്കിത്തളർന്നീടുമി-
ത്തുക്കൽചെങ്കമലങ്ങൾ മാരവിരുതേ! കല്ലേറ്റുലഞ്ഞീലയോ?

3.494 മിന്നൽക്കൊക്കുന്ന പൂമെയ്പ്പൊലിമയും. . . (ഉമേഷ്)

സ്രഗ്ധര

മിന്നൽക്കൊക്കുന്ന പൂമെയ്പ്പൊലിമയു, മകതാരിട്ടുലയ്ക്കും മുലക്ക,-
ന്നന്നപ്പോക്കും, മഴക്കാറെതിർതലമുടിയും, മുല്ലമൊട്ടൊത്ത പല്ലും,
കന്നൽക്കണ്ണും, കടുംചോപ്പുടയ ചൊടികളും കാണുകിൽ കൊച്ചുതെക്കൻ-
തെന്നൽത്തേരിൽക്കരേറുന്നവനുടെ തറവാട്ടമ്മയോയെന്നു തോന്നും.

കവി : ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ

3.495 കുംഭാരൻ നാന്മുഖൻ. . . (ബാലേന്ദു)

സ്രഗ്ധര

കുംഭാരൻ നാന്മുഖൻ വെൺകളിയൊളിചിതറും മൂശയിൽച്ചോർത്തി നാരീ-
ബിംബത്തിന്നുണ്മയേകിക്കരമതു കഴുകിത്തോർത്തുവാൻ പോയ നേരം
മുൻഭാരം കണ്ടു വാണീമണി, യഴലണയാൻ, വീണയെപ്പാതിയാക്കി-
പ്പിൻഭാഗത്താത്തമോദം തിരുകിയവിരുതിന്നേകണം പൊൻപണം നാം.

കവി : വാസൻ കഴകപ്പുര

3.496 മദശിഖണ്ഡി. . . (മധുരാജ്)

ദ്രുതവിളംബിതം

മദശിഖണ്ഡിശിഖണ്ഡലമണ്ഡിതം
മദനമന്ഥരമുഗ്ധമുഖാംബുജം
വ്രജവധൂനയനാഞ്ചലവാഞ്ഛിതം
വിജയതാം മമ വാങ്മയജീവിതം!

കവി : ലീലാമ്ബകൻ

3.497 വളരെയുണ്ടു പരിഗ്രഹം. . . (ബാലേന്ദു)[98]

ദ്രുതവിളംബിതം

വളരെയുണ്ടു പരിഗ്രഹമെങ്കിലും
മമ കുലത്തിനു താങ്ങിരുപേർകൾ താൻ
ഉദധിയാമരഞാണെഴുമൂഴിയും
ഭവതിമാരുടെയീ പ്രിയ തോഴിയും

കവി : വള്ളത്തോൾ, കൃതി : *ശാകുന്തളം തർജ്ജമ*

3.498 ഉടനടർക്കെതിരിട്ടൊരു. . . (ഉമേഷ്)[99]

ദ്രുതവിളംബിതം

ഉടനടർക്കെതിരിട്ടൊരു രുക്മിയെ-
ത്തടവിലാക്കി വിരൂപത ചേർത്തു നീ
മദമടക്കിയയച്ചു ബലോക്തിയാൽ
സദയിതൻ, ദയി തൻ പുരി പൂകിനാൻ

കവി : സി. വി. വാസുദേവഭട്ടതിരി / മേൽപ്പുത്തൂർ, കൃതി : *നാരായണീയം തർജ്ജമ* (79:9)

3.499 മേഘശ്യാമളമംഗവും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മേഘശ്യാമളമംഗവും മകുടവും പൂവും ചെവിത്തോടയും

[98] [*ഉമേഷ്*] ശ്ലോകം **3.497 :** മൂലശ്ലോകം (കാളിദാസൻ):

പരിഗ്രഹബഹുത്വേ∫പി / ദ്വേ പ്രതിഷ്ഠേ കുലസ്യ മേ
സമുദ്രരശനാ ചോർവ്വീ / സഖീ ച യുവയോരിയം

[99] [*ഉമേഷ്*] ശ്ലോകം **3.498 :** മൂലശ്ലോകം (മേൽപ്പുത്തൂർ):

തദനു രുക്മിണമാഗതമാഹവേ
വധമുപേക്ഷ്യ നിബദ്ധ്യ വിരൂപയൻ
ഹൃതമദം പരിമുച്യ ബലോക്തിഭിഃ
പുരമയാ രമയാ സഹ കാന്തയാ

രാകാചന്ദ്രനു നാണമാം വദനവും മാർമാലയും മുദ്രയും
ആകൃംവണ്ണമനേകഭൂഷണയുതം നിന്മെയ് കുറിക്കൊണ്ടു ഞാൻ
പോകുന്നേൻ ഭഗവൻ, ജനാർദ്ദന ഭവൽ കാരുണ്യപാത്രേയവാൻ

കവി : പൂന്താനം

3.500 ആരാമേ കാൺ വസന്തോത്സവമയി. . . (കർത്താ)

സ്രുദ്ധര

ആരാമേ കാൺ വസന്തോത്സവമയി ദയിതേ, ചാരുപീയൂഷധാരീ
താരേശൻ തന്ത്രി മുകുന്നിതുവിമലനിലാവായ ഹവ്യം ദിഗന്തേ;
മാരായൻ മാമരാളീ നിജമധുരരവം വാദ്യഘോഷം തുടങ്ങീ;
നേരേ നാം പോക കാണ്മാ,നലർചരനിഹ കോയിമ്മ തേന്മാനവല്ലീ!

3.501 മഞ്ഞിൻ മാമല മോളിലേറി. . . (ഉമേഷ്)[100]

ശാർദ്ദൂലവിക്രീഡിതം

മഞ്ഞിൻ മാമല മോളിലേറി, യുടലിൽ വെണ്ണീറു പൂശി, സ്സദാ
നഞ്ഞും മോന്തിയിരുന്ന പുള്ളിയെയുടൻ സർവ്വജ്ഞനാക്കുന്നൊരാ
കുഞ്ഞിക്കണ്ണ തുറന്നു, ഞങ്ങൾ വിഷമിച്ചെന്തൊക്കെയോ ചെയ്യു വെ–
ച്ചഞ്ഞൂറാക്കിയൊരീ സദസ്സിനെയുമേ! നന്നായ് കടാക്ഷിക്കണേ!

കവി : ഉമേഷ് നായർ

3.502 കാടേറുന്ന മനുഷ്യർ തൻ. . . (ബാലേന്തു)

ശാർദ്ദൂലവിക്രീഡിതം

കാടേറുന്ന മനുഷ്യർ തൻ ഹൃദയമേതാരണ്യജന്തുക്കൾതൻ
കൂടാണെന്നു കഥിക്കുവാൻ പണി, യെനിക്കാശ്ചര്യമില്ലായതിൽ,
നാടേ, നിൻ രഥമോട്ടുവോർക്കുടയ നെഞ്ചിനുള്ളിൽ നാറുന്ന വൻ–
തോടേ കണ്ട കവിക്കുമിങ്ങടവിയുണ്ടെന്നാൽത്തപസ്സേ വരം!

കവി : യൂസഫലി കേച്ചേരി

3.503 നിന്നാദ്യസ്മിത, മാദ്യചുംബനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നിന്നാദ്യസ്മിത, മാദ്യചുംബന, മനുസ്യൂതസ്മരന്മാധുരീ–
മന്ദാക്ഷം, പുളകാഞ്ചിതസ്തനയുഗം, പ്രേമാഭിരാമാനനം,
കുന്ദാസ്ത്രോത്സവചഞ്ചലത്പൃഥുനിതംബശ്രീസമാശ്ലേഷസ–
മ്പന്നാനന്ദമഹോ മനോഹരി! മരിപ്പിക്കും സ്മരിപ്പിച്ചു നീ!

കവി : വി. കെ. ജി.

3.504 കാക്കപ്പുള്ളിയൊരെണ്ണമുണ്ടു. . . (ബാലേന്തു)

ശാർദ്ദൂലവിക്രീഡിതം

കാക്കപ്പുള്ളിയൊരെണ്ണമുണ്ടു കവിളിൻ കാന്തിത്തഴപ്പിൽ, ക്കണ–
ക്കാക്കാനില്ലതൊരുനമായി, മധുരസ്മേരപ്രഭം നിന്മുഖം;
നോക്കും പെൺകൊടിമാരസൂയയിലെരി, ഞെയ്യും കരിങ്കണ്ണുവ–
ന്നേൽക്കായ്വാൻ പണി തീർന്നവാറൊരു മഷിക്കുത്തിട്ടു പൊൽത്താർമകൻ!

കവി : എൻ.കെ. ദേശം.

3.505 നീരാടും ജട, നീറണിഞ്ഞ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നീരാടും ജട, നീറണിഞ്ഞ തിരുമെയ്, നീറുന്ന തൃക്ക, ണ്ണുമാ–
നീരസ്രുപ്രണയാഭിഷിക്തഹൃദയം, നഞ്ഞാണ്ട കണ്ഠസ്ഥലം,
കാളാഹിച്ചുരുൾ കങ്കണം, ശില ഗൃഹം, കാളപ്പുറം തേർത്തടം,
കാലാരേ! ചുടലക്കളക്കളരിയാശാനേ! നമിക്കുന്നു ഞാൻ!

കവി : വി. കെ. ജി.

3.506 കിരാതവേഷം പരിചോടണിഞ്ഞ. . . (ബാലേന്ദു)

ഉപേന്ദ്രവജ്ര

കിരാതവേഷം പരിചോടണിഞ്ഞ–
ക്കിരീടിതൻ ദർപ്പമൊഴിച്ചൊരീശൻ
മരിക്കുവോളം മമ ഹൃത്തിൽ ദർപ്പം
സ്മരിച്ചിടായ്വാൻ തുണയേകിടേണം.

കവി : ബാലേന്ദു

3.507 മഞ്ജീരം മഞ്ജുനാദൈരിവ. . . (ഋഷി)[101]

സ്രുദ്ധര

മഞ്ജീരം മഞ്ജുനാദൈരിവ പദഭജനം ശ്രേയ ഇത്യാലപന്തം
പാദാഗ്രം ഭ്രാന്തിമജ്ജത്പ്രണതജനമനോമന്ദരോദ്ധാരകൂർമ്മം
ഉത്തുംഗാതാമ്രരാജന്നഖരഹിമകരജ്യോത്സ്നയാ ചാശ്രിതാനാം
സന്താപധ്വാന്തഹന്ത്രീം തതിമനുകലയേ മംഗലാമംഗലീനാം

കവി : മേൽപത്തൂർ , കൃതി : *നാരായണീയം* (100:9)

3.508 ഊണിന്നാസ്ഥ കുറഞ്ഞു. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഊണിന്നാസ്ഥ കുറഞ്ഞു, നിദ്ര നിശയിങ്കൽപോലുമില്ലാതെയായ്
വേണുന്നോരോടൊരാഭിമുഖ്യമൊരുനേരം നാസ്തി നക്തം ദിവം,
കാണും, പോന്ന പുറത്തുനിന്ന കരയും ഭൈമീ - നളന്നന്തികേ
താനും പുഷ്കരനും തദീയ വൃഷവും നാലാമതില്ലാരുമേ

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം ആട്ടക്കഥ*

3.509 കാന്തൻ കനിഞ്ഞു പറയുന്നൊരു. . . (ബാലേന്ദു)

വസന്തതിലകം

കാന്തൻ കനിഞ്ഞു പറയുന്നൊരു ചാടുവാക്യം
പൂന്തേൻ തൊഴും മൊഴി നിശമ്യ വിദർഭകന്യാ
ധ്വാന്തം ത്രുപാമയമപാസ്യ നിശേന്ദുനേവ
സ്വാന്തർമ്മുദാ പുരവരേ സഹ തേന രേമേ.

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം ആട്ടക്കഥ*

3.510 ധന്യൻ ചേന്നാസു നമ്പൂതിരി. . . (സുനിൽ)

സ്രുദ്ധര

ധന്യൻ ചേന്നാസു നമ്പൂതിരിയതിമതിമാൻ കണ്ടകക്കൈതതൻ പൂ–
വിന്നോ ചേരുന്നതുണ്ടോ സുലഭതയഴകിത്യാദിയാത്താരിനോർത്താൽ?
മാന്യശ്രീമൽ ബുധേന്ദ്രൻ കവിമണി നിഗമക്കാതലദ്ദേഹമേറ്റം
മിന്നും നൽച്ചമ്പകത്തിൻ നറുമണിമലരായ്തീർക്കമില്ലൊക്കുമല്ലോ

[100] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. 500 ശ്ലോകങ്ങൾ തികച്ചപ്പോൾ എഴുതിയതു്.

[101] [*ഉമേഷ്*] ശ്ലോകം **3.507 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി):

ശ്രേയസ്സുണ്ടാം ഭജിപ്പോർക്കിതു മധുരമുരുസ്സന്ന നിൻ കാൽച്ചിലമ്പും
മായാമഗ്നസ്വഭക്തോദ്ധരണകമഠമായുള്ള പാദാഗ്രവും ഞാൻ
ചെന്താർച്ചെമ്മാർന്ന മിന്നും നഖമതികൾ പെറും പാലൊളിപ്പൂനിലാവാൽ
സന്താപദ്ധ്വാന്തമോർപ്പോർക്കറു, മതു വിധമാം കാൽവിരൽച്ചാർത്തുമോർക്കാം.

കവി : വെണ്മണി മഹൻ, കൃതി : *കവിപുഷ്പമാല*

3.511 മുക്കാൽക്കാശിനു ബീഡി പോലെ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

മുക്കാൽക്കാശിനു ബീഡി പോലെ സുകൃതം വാങ്ങാനു, മാ സ്ത്രീകളെ–
ത്തിക്കാനും തരമാവുമെന്നു കരളിൽ കണ്ടീടുമാണുങ്ങളും
മുക്കാം പണ്ടമണിഞ്ഞു, മേനി മുഴുവൻ കാട്ടി, ക്കുളിക്കാതെയാ
മുക്കാസ്സാരിയുടുത്ത പെണ്മണികളും - നന്നല്ലയിന്നമ്പലം!

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.512 മാനം മേ ഭൂതലം മേ. . . (ബാലേന്ദു)

സ്രുധര

മാനം മേ ഭൂതലം മേ വരതനുരുചി മേ കീർത്തി മേ നത്സുഖം മേ
ജ്ഞാനം മേ വിക്രമം മേ തരുണപദവി മേ സാഹിതീകൗശലം മേ
ഗാനം മേ സദ്ഗുണം മേ ഭുജബലമതു മേ സൽക്കുലം മേ ധനം മേ
നൃനം മേ സർവ്വമിത്ഥം നൃപരജനിരപോലങ്ങു "മേ മേ" കരഞ്ഞാർ.

കവി : ഉള്ളൂർ

3.513 ഗൃഹിണിമാർ നരനായിരമായിടാം. . . (ഹരി)

ദ്രുതവിളംബിതം

ഗൃഹിണിമാർ നരനായിരമായിടാം
മഹിള ചാവൊളമേകപതിവ്രത
മഹിയിതിൽപ്പുരുഷന്റെ മനുഷ്യതാ–
രഹിതമാം ഹിതമാമിതു നീതിയോ ?

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.514 മടിയിൽ മോടിയിൽ. . . (ബാലേന്ദു)

ദ്രുതവിളംബിതം

മടിയിൽ മോടിയിൽ മോഹിനി ഗൗരിയും
മുടിയിൽ മാടിയിൽ മാനിനി ഗംഗയും
ചിടയുമാടയുമാർന്നിടുമീശ! നി–
ന്നടിതലോടി തലോപരി വീണിടാം.

3.515 ചിതമൊടാ മധുഗന്ധം. . . (ഉമേഷ്)[102]

ദ്രുതവിളംബിതം

ചിതമൊടാ മധുഗന്ധമെഴും സുമ–
സ്മിതമണിഞ്ഞ തളിർച്ചൊടി മോടിയാൽ
സുതരു ചേർന്നെവനും നവമല്ലികാ–
ലത രസാൽ തരസാ മദമേറ്റി പോൽ.

[102] [*ഉമേഷ്*] ശ്ലോകം **3.515 :** മൂലശ്ലോകം (കാളിദാസൻ):

അമദയന്മധുഗന്ധസനാഥയാ
കിസലയാധരസങ്ഗതയാ മനഃ
കുസുമസംഭൃതയാ നവമാലികാ
സ്മിതരുചാ തരുചാരുവിലാസിനഃ

കവി : കണ്ണൂർ / കാളിദാസൻ, കൃതി : *രഘുവംശം തർജ്ജമ (9:40)*

3.516 സാ കവിതാ, സാ വനിതാ. . . (സുനിൽ)

ഗീതി

സാ കവിതാ, സാ വനിതാ
യസ്യാഃ ശ്രവണേന ദർശനേനാപി
കവിഹൃദയം, യുവ ഹൃദയം
സരളം തരളം ച സത്വരം ഭവതി

3.517 കരകൾ കവിയുമാറായ്. . . (ജീവി)

മാലിനി

കരകൾ കവിയുമാറായ് വെള്ളമേന്തും കുളത്തി–
ന്നൊരുവഴി പരിരക്ഷയ്ക്കോവു വെക്കുന്നതല്ലോ;
തെരുതെരെയഴൽ തിങ്ങും മാനസത്തിന്നുറക്കെ–
ക്കരയുകിലതുതന്നേ തെല്ലൊരാശ്വാസഹേതു

കവി : ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

3.518 തുക്കയ്യിൽ കബളാന്നവും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തുക്കയ്യിൽ കബളാന്നവും വിരൽകളിൽ സാരോപദംശങ്ങളും
പോത്തും കൊമ്പുമുദാരപത്രവുമിടംകക്ഷേ വഹൻ കൗതുകാൽ
വസ്ത്രാന്തേ മടിയിൽദ്ധരിച്ച മുരളീം ഗോപാലരും താനുമായ്
സ്വർഗ്ഗത്തുള്ളവർ നോക്കിനിൽക്കെ യജനാദ്ധ്യക്ഷൻ ഭുജിച്ചീടിനാൻ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

3.519 വെണ്ണേന്മേരമുഖീം വറത്തു. . . (സുനിൽ)

ശാർദ്ദൂലവിക്രീഡിതം

വെണ്ണേന്മേരമുഖീം വറത്തു വരളും വൃന്താകദന്തച്ഛദാം
ചെറ്റോമൽമധുരക്കറിസ്തനഭരാമമ്ലോപദംശോദരീം
കെൽപ്പാർന്നോരെരുമത്തയിർകടിതടാം ചിങ്ങമ്പഴോരുദ്വയീ–
മേനാം ഭുക്തിവധൂം പിരിഞ്ഞയി സഖേ! ലോകഃ കഥം ജീവതി?

കവി : തോലൻ

3.520 കണ്ണേ മടങ്ങുക. . . (ജീവി)

വസന്തതിലകം

കണ്ണേ മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു
മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ
എണ്ണീടുകാർക്കുമിതുതാൻ ഗതി സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനി വാഴ്വ കിനാവു കഷ്ടം!

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

3.521 എൻ കർമ്മച്ചെടി പൂത്തു. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

എൻ കർമ്മച്ചെടി പൂത്തു കായ്ക്കുകിലതെൻ സാമർത്ഥ്യ, മെൻബുദ്ധി, യെൻ
മുൻകയ്യിങ്ങു പുരോഗതിക്കു പുലരാൻ പൂങ്കോഴിതൻ കൂജനം
സങ്കൽപസ്വരരാഗസാന്ദ്രസുധ ഞാനേവം സ്വദിക്കേ ഭവ–
ച്ചുംഖസ്വാന, മഹംകൃതിത്തകിലടിക്കുമ്പോൾ ചെവിക്കൊള്ളുമോ?

കവി : വി. കെ. ജി.

3.522 സൗന്ദര്യം, സുകുമാരതാ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സൗന്ദര്യം, സുകുമാരതാ, മധുരതാ, കാന്തിർ, മനോഹാരിതാ
ശ്രീമത്താ, മഹിമേതി സർഗ്ഗവിഭവാൻ നിശ്ശേഷനാരീഗുണാൻ
ഏതസ്യാമുപയുജ്യ ദുർവിധതയാ ദീനഃ പരാമാത്മഭൂ–
സ്സ്രഷ്ടും വാഞ്ഛതി ചേത് കരോതു പുനരപ്യത്രൈവ ഭിക്ഷാടനം.

കവി : കുലശേഖര വർമ്മൻ, കൃതി : *സുഭദ്രാധനഞ്ജയം നാടകം*

3.523 ഏവം തത്ത്വങ്ങളോർത്താൽ. . . (കർത്താ)

സ്രഗ്ധര

ഏവം തത്ത്വങ്ങളോർത്താൽ കദനമൊഴിയുവാൻ ന്യായമുണ്ടെങ്കിലും ഞാൻ
ഭൂവിൽപ്പെട്ടീ പ്രപഞ്ചസ്ഥിതിയിലിഹ വസിക്കുന്നൊരാളാകമൂലം
താവും താപം ഹൃദന്തേ ദഹനസദൃശമാം ദുഃഖമുണ്ടാക്കിടുന്നു–
ണ്ടാവൂ, ഞാനെന്തു ചെയ്‌വൂ? സഹനപടുതയില്ലാതെ വല്ലാതെയായേൻ.

കവി : കെ. എം. കൊച്ചീപ്പൻ മാപ്പിള

3.524 താരിൽത്തന്വീകടാക്ഷാഞ്ച. . . (ഉമേഷ്)

സ്രഗ്ധര

താരിൽത്തന്വീകടാക്ഷാഞ്ചലമധുപകുലാരാമ! രാമാജനാനാം
നീരിൽത്താർബാണ! വൈരാകരനികരതമോമണ്ഡലീചണ്ഡഭാനോ!
നേരെത്താതോരു നീയാം തൊടുകുറി കളകായ്ക്കുന്നുമേഷാ കുളിക്കും
നേരത്തിന്നിപ്പുറം വിക്രമനുവര! ധരാ ഹന്ത! കൽപാന്തതോയേ.

കവി : പുനം നമ്പൂതിരി

3.525 ന്ലാവെൻ കണ്ണിന്നു നീ താൻ. . . (കർത്താ)

സ്രഗ്ധര

“ന്ലാവെൻ കണ്ണിന്നു നീ താൻ, മമ തനുവിനു നീ നല്ല പീയൂഷമാ, ണെൻ
ജീവൻ നീ താൻ, ദ്വിതീയം മമ ഹൃദയമതാകുന്നു നീ സുന്ദരാംഗി!”
ഏവം നീയിഷ്ടവാക്യം പലതുമനുസരിച്ചോതിയൊന്നിച്ചു വാണ–
പ്പാവത്തെത്തന്നെ - കഷ്ടം! ശിവ ശിവ! ഇനി ഞാനെന്തിനോതുന്നു ശേഷം?

കവി : ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി, കൃതി : *ഉത്തരരാമ ചരിതം തർജ്ജമ*

3.526 എമ്പാടും സംഭ്രമത്തോടൊരു. . . (ബാലേന്ദു)

സ്രഗ്ധര

എമ്പാടും സംഭ്രമത്തോടൊരുകയർമുറിയോടോടുമമ്മയ്ക്കുമമ്മ–
ട്ടൻപോലും നാരദാദിത്രിദശമുനിമനസ്സിന്നുമജ്ഞാതമായി
അമ്പോ! മായം കളിക്കും കപടനര! ഭവാനെപ്പടിക്കുൾപ്പെടും പാ–
ഴമ്പാടിപ്പെൺകിടാങ്ങൾക്കുടയ ചടുലമാം നേത്രജാലാന്തരത്തിൽ!

കവി : വി. കെ. ജി

3.527 അമ്മാമൻ തന്റെ നെഞ്ഞത്ത്. . . (ഉമേഷ്)

സ്രഗ്ധര

അമ്മാമൻ തന്റെ നെഞ്ഞത്തമരിലമരവേ പോർമിടുക്കിൻ തിളപ്പാൽ,
നിർമ്മായം കാളിയൻ തൻ തലയിൽ വിലസവേ ലാസ്യമേളക്കൊഴുപ്പാൽ,
സമ്മോദം ഗോപകന്യാരതികളിൽ വിഹരിച്ചീടവേ കാമവായ്പാൽ,
ചെമ്മേ തത്തിപ്പുളച്ചോരിടയനുടെയരക്കെട്ടുക്കട്ടെ ദുഃഖം!

കവി : വി. കെ. ജി.

3.528 സേവിക്കു ഗുരുഭ്രതരെ. . . (ബാലേന്ദു)[103]

ശാർദ്ദൂലവിക്രീഡിതം

സേവിക്കു ഗുരുഭ്രതരെ, പ്രിയസഖിക്കൊപ്പം സപത്നീജനേ–
മേവിക്കൊൾ, കരിശം കലർന്നിടയൊലാ കാന്തൻ കയർത്തീടിലും,
ആവും മട്ടു തുണയ്ക്കു ഭൃത്യതതിയെ, ബ്ഭാഗ്യത്തിൽ ഗർവ്വിച്ചിടാ;
ഏവം നാരികൾ നല്ലനാരികളതാം; വംശാധിയേ വാമമാർ!

കവി : പയ്യമ്പള്ളി ഗോപാലപിള്ള / കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.529 അണ്ണാക്കിൽ തങ്ങി വെണ്ണക്കഷണം. . . (ഋഷി)

സ്രഗ്ധര

“അണ്ണാക്കിൽ തങ്ങി വെണ്ണക്കഷണ,മതലിവാൻ തെല്ല പാ”ലെന്നു കള്ള–
ക്കണ്ണീരോടും യശോദയ്ക്കുടയൊരുടുതുകിൽത്തുമ്പു തുങ്ങിപ്പിടിച്ച്
തിണ്ണം ശാഠ്യം പിടിക്കും കപടമനുജനാം കണ്ണനുണ്ണിക്കെഴും തു–
ക്കണ്ണിൻ കാരുണ്യപൂരം കവിത പൊഴിയുമെൻ നാക്കു നന്നാക്കിടട്ടെ!

കവി : ശീവൊള്ളി

3.530 തിരുവുള്ളമിങ്ങു. . . (കർത്താ)

മഞ്ജുഭാഷിണി

തിരുവുള്ളമിങ്ങു കുറവില്ല നമ്മിലെ–
ന്നൊരു ഭള്ളുകൊണ്ടു ഞെളിയായൊരിക്കലും,
പരസൃഷ്ടരസ്ത്രമതു നോക്കി നിൽക്കണം
നരപാലകന്നു ചെവി കണ്ണു നിർണയം

കവി : ഇരയിമ്മൻ തമ്പി, കൃതി : *രാജസേവാക്രമം*

---

[103] [*ഉമേഷ്*] ശ്ലോകം **3.528 :** മൂലശ്ലോകം (കാളിദാസൻ):

മുശ്രൂഷസ്വ ഗുരൂൻ, കുരു പ്രിയസഖീവൃത്തിം സപത്നീജനേ
ഭർത്തുർവിപ്രകൃതാപി രോഷണതയാ മാ സ്മ പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ, ഭാഗ്യേഷ്വനുത്സേകിനീ,
യാന്ത്യേവം ഗൃഹിണീപദം യുവതയോ, വാമാ കുലസ്യാധയഃ

3.531 പെണ്മണിവദനം കണ്ടാൽ. . . (ഉമേഷ്)

ഗീതി

പെണ്മണിവദനം കണ്ടാൽ
വെണ്മതി രണ്ടെന്നു മേവിടുന്ന മനം
ഉണ്മ നിനച്ചിതിലെല്ലാം
വെണ്മ തിരണ്ടെന്നു മേ വിടും നമനം?

കവി : എ. ആർ. രാജരാജവർമ്മ

3.532 ഉപത്യകാസ്വദ്യ. . . (കർത്താ)

വംശസ്ഥം

ഉപത്യകാസ്വദ്യ ഭവന്തമാഗതം
സഹ്യസ്യ ചൈലാമരിചൈകവാസസഃ
ഫലൈശ്ച പുഷ്പൈർഭൃശമർഘ്യപാണയോ
നമന്തി ഭ്രമംസ്തരുഗ്രല്മസമ്പദഃ

കവി : കുമാരനാശാൻ, കൃതി : *സ്വാഗതപഞ്ചകം*

3.533 ഫലഭരേണ തരുക്കൾ. . . (ഉമേഷ്)[104]

ദ്രുതവിളംബിതം

ഫലഭരേണ തരുക്കൾ നമിച്ചിടും,
ജലഭരേണ ഘനങ്ങളുമങ്ങനെ,
അലഘുസംപദി സജ്ജനവും തഥാ
വിലസിടുന്നു - ഗുണം ഗുണികൾക്കിതു്.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.534 അടവിയതിലനല്പം. . . (കർത്താ)

മാലിനി

അടവിയതിലനല്പം വേരുറച്ചും, പഴക്കം
തടവിയു, മളവില്ലാതുള്ള മാഹാത്മ്യമാർന്നും
സ്ഫുടതരബഹുശാഖാലംബിതുഷ്ട്യുദ്ഗിജേന്ദ്ര–
ച്ഛടയൊടു വിലസുന്നു വേദമട്ടായ് മരങ്ങൾ

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.535 സ്ഖലിതഭാഗ്യമണഞ്ഞൊരു. . . (ഉമേഷ്)[105]

ദ്രുതവിളംബിതം

സ്ഖലിതഭാഗ്യമണഞ്ഞൊരു നാളിലും
നില മറക്കരുതാരുമൊരിക്കലും;
ഫലഗണം പൊഴിയും പൊഴുതേറ്റവും
തലയുയർത്തുകയാണു തരുവ്രജം.

[104] [*ഉമേഷ്*] ശ്ലോകം **3.533 :** മൂലശ്ലോകം (കാളിദാസൻ / ഭർത്തൃഹരി):

ഭവന്തി നമ്രാസ്തരവഃ ഫലാഗമൈർ–
നവാംബുഭിർദൂരവിലംബിനോ ഘനാഃ
അനുദ്ധതാഃ സത്പുരുഷാഃ സമൃദ്ധിഭിഃ
സ്വഭാവ ഏവൈഷ പരോപകാരിണാം.

[105] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം (സ-ഫ ശ്ലോകം).

കവി : ഉമേഷ് നായർ

3.536 ഫാലേ നീലാളകങ്ങൾക്കിടയിൽ. . . (ബാലേന്ദു)

സ്രഗ്ധര

ഫാലേ നീലാളകങ്ങൾക്കിടയിലഴകെഴും ചില്ലിതൻ മേൽവശം ത–
ന്മാലേയസ്നിഗ്ധരേഖയ്ക്കിടയിൽ നടുവിൽ നീ തൊട്ടതാം കുങ്കുമാങ്കം
കാലേ സഹ്യാചലത്തിൻ കുടിലവലലതാശ്യാമസീമാഞ്ചലത്തിൻ
മേലേ പൊന്തും വിഭാതദ്യുമണിയൊടെതിരായ്, സുഭ്രു, ശോഭിച്ചിരുന്നു.

കവി : കെ. എൻ. ഡി.

3.537 കുറളയുളർ പറഞ്ഞോർ. . . (കർത്താ)

മാലിനി

കുറളയുളർ പറഞ്ഞോർ ചാലവും കോപതാമ്രം
മുഖമിതി കൃതമൗനം നൂനമച്ചീസുതായാഃ
ഝടിതി തൊഴുതു വീഴ്വോം തോഴരേ, ഹന്ത കൃഷ്ണേ–
നരിയരി നവസന്ധ്യാപാടലം ചന്ദ്രബിംബം

കൃതി : *ചെറിയച്ചീവർണനം*

3.538 ഝഷകേതന, നിൻ സുതൻ. . . (ഉമേഷ്)

വസന്തമാലിക

ഝഷകേതന, നിൻ സുതൻ വരിച്ചോ–
രുഷയാണീ സതി, യെന്നെയീ വിധത്തിൽ
വിഷമത്തിലകപ്പെടുത്തൊലാ നീ,
വിഷയം ത്വത്സൃഷ തന്റെയെന്നുമോർക്ക.

കവി : ഉമേഷ് നായർ

3.539 വരാദ്ഭുതവപുസ്സതിൽപ്പകുതി. . . (കർത്താ)

പൃഥ്വി

വരാദ്ഭുതവപുസ്സതിൽപ്പകുതി വാങ്ങിവാഴുന്നൊരാ
വരാവരവലാന്തകാദ്യമരവർഗ്ഗവന്ദ്യേ! ശിവേ!
വരാംഗി! വലയാലയേ വിലസീടുന്ന വാമാക്ഷി! മാൽ
വരാതെ വരുവാൻ വരം വിരവിൽ നൽക വിശ്വേശ്വരീ!

കവി : കുണ്ടൂർ നാരായണ മേനോൻ

3.540 വേണുവിൻ ശ്രുതിയൊടൊത്തു. . . (ഉമേഷ്)[106]

കുസുമമഞ്ജരി

വേണുവിൻ ശ്രുതിയൊടൊത്തു പാടി മധുരസ്വരത്തി, ലതിനൊത്തുടൻ

[106] [*ഉമേഷ്*] ശ്ലോകം **3.540 :** മൂലശ്ലോകം (**മേൽപ്പത്തൂർ**):

വേണുനാദകൃതതാനഗാനകളഗാനരാഗഗതിയോജനാ-
ലോഭനീയമൃദുപാദപാതകൃതതാളമേളനമനോഹരം
പാണിസംകൃണിതകങ്കണം ച മുഹുരംസലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത രാസകേളിരസഡംബരം

ചേണിയന്ന പടി താളമിട്ട, തള കൊഞ്ചിടുന്ന പദമൂന്നിയും,
പാണി കൊണ്ടു ചുമലിൽപ്പിടിച്ചു, മിളകുന്ന പൊൻവള കിലുങ്ങിയും
ശ്രോണി തന്നിലിളകുന്ന ചേലയൊടു ചെയ്തൊരാ നടനമോർക്കുവിൻ!

കവി : സി. വി. വാസുദേവഭട്ടതിരി / മേൽപ്പത്തൂർ, കൃതി : *നാരായണീയം തർജ്ജമ*

3.541 പുഞ്ചിരിപ്പുതുമ തഞ്ചുമഞ്ചിത. . . (ബാലേന്ദു)

കുസുമമഞ്ജരി

പുഞ്ചിരിപ്പുതുമ തഞ്ചുമഞ്ചിതവിലാസസഞ്ചയരസം തരും
ചഞ്ചലാക്ഷികളണഞ്ഞു കൊഞ്ചുവതുകണ്ടു കിഞ്ചന മയങ്ങൊലാ
കഞ്ജവൈരികലചേർന്ന ചെഞ്ചിടയിലൊത്ത മുണ്ഡശകലം ശിവം
പഞ്ചബാണമദശോഷണം ദുരിതശോഷണം കരുതു ചേതനേ.

3.542 കാമകേളികളനേകമാർന്ന. . . (ഉമേഷ്)[107]

കുസുമമഞ്ജരി

കാമകേളികളനേകമാർന്ന രസമേകിയിട്ടവരുമൊത്തുടൻ
യാമുനോദകവിഹാരമൻപൊടു തുടർന്നിതേറ്റമഴകോടു നീ.
പൂമണം വിതറി വീശിടുന്ന കളിരാർന്ന തെന്നലിയലുന്നതാ–
മാ മനോജ്ഞവനഭൂമിയിങ്കൽ മധുവാണിമാർക്കു മദമേറ്റി നീ.

കവി : സി. വി. വാസുദേവഭട്ടതിരി, കൃതി : *നാരായണീയം തർജ്ജമ*

3.543 പൊട്ടാക്കിപ്പാലവട്ടത്തിരുമിഴി. . . (ജീവി)

സ്രുദ്ധര

പൊട്ടാക്കിപ്പാലവട്ടത്തിരുമിഴി, ജടയെക്കാറൊളിച്ചാരുകുന്തൽ–
ക്കെട്ടാക്കി, ക്കേതകിപ്പൂവതിനടെ വടിവാക്കിപ്പുരം ചന്ദ്രഖണ്ഡം,
മട്ടൊക്കെത്തന്നെ മാറി, പ്പൃഥയുടെ സുതനായ് കാട്ടിലുൾപ്പുക്കു വൈര–
പ്പെട്ടക്കാൽ ജന്യമിട്ടാ മഹിതകപടകാട്ടാളനെക്കൈതൊഴുന്നേൻ!

കവി : വള്ളത്തോൾ

3.544 മറവാമറവായ് മറവാ. . . (കർത്താ)[108]

ഗീതി

മറവാമറവായ് മറവായ്
മറവാവല്ലാത മണിവിളക്കായി
നിറവാനിറവായ് നിറവായ്
നിറവായമൃതായ നിലയെ വന്ദിക്കാം

കവി : കുമാരനാശാൻ, കൃതി : *പരമപഞ്ചകം*

[107] [*ഉമേഷ്*] ശ്ലോകം **3.542 :** മൂലശ്ലോകം (മേൽപ്പത്തൂർ):

കേളിഭേദപരിലാളിതാഭിരതിലാളിതാഭിലബലാളിഭിഃ
സ്വൈരമീശ, നനു സൂരജാപയസി ചാരു നാമ വിഹൃതിം വ്യധാഃ
കാനനേപി ച വിസാരിശീതളകിശോരമാരുതമനോഹരേ
സൂനസൗരഭമയേ വിലേസിഥ വിലാസിനീശതവിമോഹനം.

[108] [*കർത്താ*] ശ്ലോകം **3.544 :**

അർത്ഥം: മറവാ=മറക്കാത്ത മറവായ്=വേദമായി(അറിവായി) മറവായ്=മറയ്ക്കുന്ന വസ്തുവായി മറവാവല്ലത=കുറുത്തവാവല്ലാത്ത/മറയ്ക്കാനാവാത്ത മണിവിളക്കു=ചന്ദ്രൻ നിറവ്=പൂർണത നിറവായ്=ഐശ്വര്യമായ് നിറവായ്=പ്രകാശമായി നിറവായമൃതായ=നിറച്ചും അമൃതായ

3.545 നരയില്ലിവയെൻ മുഖേന്ദു. . . (ബാലേന്ദു)[109]

വസന്തമാലിക

"നരയില്ലിവയെൻ മുഖേന്ദു വീക്ഷം
കിരണൗഘസ്മരദങ്കുരങ്ങളത്രേ".
"ശരിയാണവ കണ്ടു കുമ്പി നിൽപ്പു
തരുണീലോചനനീലനീരജങ്ങൾ".

കവി : എൻ.കെ. ദേശം, കൃതി: (പരിഭാഷ)

3.546 ശ്ലോകമാണഖിലസാരമൂഴിയിൽ. . . (ഋഷി)

രഥോദ്ധത

ശ്ലോകമാണഖിലസാരമൂഴിയിൽ
ശ്ലോകമാണു കദനത്തിനൗഷധം
ശ്ലോകമോതി മരണം വരിയ്ക്കിലോ
നാകലോകമവനാണു നിർണ്ണയം

കവി : ശങ്കരനാരായണൻ നമ്പൂതിരി

3.547 ശോകം വേണ്ടത്രയത്രേ. . . (ബാലേന്ദു)

സ്രഗ്ധര

ശോകം വേണ്ടത്രയത്രേയെവിടെയുമധുനാ ജീവസന്ധാരണാർത്ഥം
വേഗം വാഴ്ക്കന്നൊരോട്ടം പുലരിമുതലഹോ സന്ധ്യയാവോളമെന്നും
സാകം നാലഞ്ചുപേരോടിവിടെയിടപെടാൻ മാർഗ്ഗമില്ലേറെയൊന്നും
ശ്ലോകം ചൊല്ലാനിരുന്നാൽക്കരുതുകയിനിയും ജീവിതം ജീവിതവ്യം.

കവി : ബാലേന്ദു

3.548 സന്തസ്സന്തന്യമാനാമിഹ. . . (കർത്താ)

സ്രഗ്ധര

സന്തസ്സന്തന്യമാനാമിഹ സപദി മയാ ഗദ്യപദ്യസ്വരൂപാ–
മാസ്വാദ്യാസ്വാദ്യ വാണീം ഗളദമൃതരസാം സന്തു സന്തുഷ്ടചിത്താഃ
ഫുല്ലന്മല്ലീലതായാ ഇവ മൃദുപവനസ്യന്ദനാന്ദോളിതായാ
മന്ദം മന്ദം സ്രവന്തീം മധുരസലഹരീം പുഷ്പതഷ്ഷ്ടപദൗഘാഃ

കവി : മേൽപ്പുത്തൂർ

3.549 ഫാലത്തീയിനു വെള്ളമുണ്ടു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഫാലത്തീയിനു വെള്ളമുണ്ടു തലയിൽ, ക്കണ്ഠസ്ഥഹാലാഹല-
ജ്വാലയ്ക്കുണ്ടു ശിവാധരാമൃതരസം, മെയ്യിൽപ്പൊടും പാമ്പിനും
ചേലൊത്തോഷധിനായകൻ തലയിലു, ണ്ടിടിന്നൊന്നു കൊണ്ടും ഭവാ-
നാലസ്യം പിണയാതെ ശങ്കര! ജയിച്ചാലും ജഗന്മണ്ഡലം!

---

[109] [*ഉമേഷ്*] ശ്ലോകം **3.545 :** മൂലശ്ലോകം (ചേലപ്പറമ്പു നമ്പൂതിരി / മനോരമത്തമ്പുരാട്ടി):

"പലിതാനി ശശാങ്കരോചിഷാം
ശകലാനീതി വിതർക്കയാമഹേ"
"അത ഏവ നിമീലതേതരാം
വനിതാലോചനവാരിജൈർമുഖൈഃ"

3.550 ചൂടില്ലാത്തോരു ഫാലം. . . (കർത്താ)

സ്രഗ്ധര

ചൂടില്ലാത്തോരു ഫാലം, ചുടലയിൽ നടമാടാത്ത ചീലം, മതിത്തെൽ
ചൂടീടാത്തൊരു ചൂഡം, പരമൊരു പുഴക്കുടാത കോടീരഭാരം,
ഓടും മാൻപേട തേടാതൊരു കരകമലം, ചാരുതെങ്കെലയിൽപ്പോയ്
നീടാർന്നീടാത നാഥം, തരുണിയൊടയുതം,ദൈവതം നൈവ ജാനേ.

3.551 ഓമൽക്കരങ്ങളിൽ മനോഹര. . . (ഉമ)

വസന്തതിലകം

ഓമൽക്കരങ്ങളിൽ മനോഹര വേണുനാളം
ശ്രീമന്മുഖത്തു മധുരദ്യുതി മന്ദഹാസം
പൂമേനിയിൽ പളപളപ്പിവചേർന്ന മിന്നും
നീ മാത്രമാണിനിയെനിയ്ക്കൊരു ബന്ധു കൃഷ്ണാ

കവി : ഓട്ടൂർ ഉണ്ണി നമ്പൂതിരിപ്പാട്

3.552 പട്ടിക്കു വാലും. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പട്ടിക്കു വാലും പശുവിന്റെ കൊമ്പും
കാക്കയ്ക്കു കൊക്കും പരമപ്രധാനം
ആനയ്ക്കു തുമ്പിക്കരമാണു മുഖ്യം
മനുഷ്യജാതിക്കു കുശുമ്പു മുഖ്യം.

കവി : ശ്ലോകാചാര്യൻ എം.എൻ. ദാമോദരൻ, നെടിയശാല

3.553 അങ്കത്തുങ്കലലംകളങ്കരഹിതം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

അങ്കത്തുങ്കലലംകളങ്കരഹിതം സംക്രാന്തമായീടുമ–
ത്തങ്കപ്പങ്കജമങ്കതൻ കുളിർമുലപ്പങ്കേരുഹത്തിങ്കലേ
തങ്കം കുങ്കുമപങ്കസങ്കലനയാലങ്കാരസങ്കാരമാ–
മങ്കം പങ്കഹരങ്കലാർന്നൊരുടൽ മേ സങ്കേതമാം കേവലം

കവി : കെ. സി. കേശവപിള്ള

3.554 തുപ്പൻ നമ്പൂരിയെത്തീ. . . (ബാലേന്ദു)

സ്രഗ്ധര

തുപ്പൻ നമ്പൂരിയെത്തീ കുതുകമൊടു ചലച്ചിത്രമൊന്നാദ്യമായ് തു–
ക്കൺപാർക്കാൻ - കണ്ടതാദ്യം തരുണിമണി ജലക്രീഡയാടുന്ന രംഗം;
“ഇപ്പോൾ നീരാട്ടമെന്നാലിനി ബഹുസമയം ചുട്ടികുത്താനെടുക്കും,
എപ്പോൾപ്പിന്നാട്ടമാകും? ശിവശിവ! യെഴുനേറ്റീടെടാ രാമ, പോകാം”.

കവി : ബാലേന്ദു

3.555 ഈയാശങ്ക നിനക്കു യം പ്രതി. . . (ഉമേഷ്)[110]

ശാർദ്ദൂലവിക്രീഡിതം

ഈയാശങ്ക നിനക്കു യം പ്രതി ജനം ഭീയാലധീരീകൃതേ

[110] [*ഉമേഷ്*] ശ്ലോകം **3.555 :** മൂലശ്ലോകം (കാളിദാസൻ):

അയം സ തേ തിഷ്ഠതി സങ്ഗമോത്സുകോ

പ്രേയാനാശ പെരുത്തു നിങ്കൽ മരുവുന്നോയാളിഹൈവാന്തികേ
ആയാസിപ്പവനബ്ജിനന്ദിനി വശത്തായാലുമില്ലേലുമാം
ശ്രീയാലീസ്സിതനായവൻ കഥമഹോ! ഭ്രയാദുരാപസ്ഥയാ.

കവി : കേരളവർമ്മ വലിയ കോയിത്തമ്പുരാൻ / കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.556 ആസ്താം താവദിയം. . . (ഋഷി)[111]

ശാർദ്ദൂലവിക്രീഡിതം

ആസ്താം താവദിയം പ്രസൂതിസമയേ ദുർവ്വാരശൂലവ്യഥാ
നൈരുച്യം തനുശോഷണം മലമയീ ശയ്യാച സാംവത്സരീ
ഏകസ്യാപി ന ഗർഭഭാരഭരണക്ലേശസ്യ യസ്യാഃ ക്ഷമോ
ദാതും നിഷ്കൃതിമുന്നതോപി തനയസ്തസ്യൈ ജനന്യൈ നമഃ

കവി : ശങ്കരാചാര്യർ, കൃതി : *മാതൃപഞ്ചകം*

3.557 എന്നുരച്ചു പുനരുത്തരോൽകനായ്. . . (ഉമേഷ്)

രഥോദ്ധത

എന്നുരച്ചു പുനരുത്തരോൽകനായ്
നിന്നുതേ സ്വയമസക്തനാകിലും
സ്യന്ദമാനവനദാരു വാരി മേൽ
മന്ദമാച്ചുഴിയിലാഞ്ഞപോലവൻ.

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.558 സ്ത്രീകൾക്കേറ്റം പടുതസഹജം. . . (ജീവി)[112]

മന്ദാക്രാന്ത

സ്ത്രീകൾക്കേറ്റം പടുതസഹജം, ജന്തുവർഗ്ഗത്തിലുംതാൻ–
ലോകേ കാണാം; പ്രതിഭ കലരുന്നോരിലോതേണ്ടതുണ്ടോ?
ആകെത്തൻമക്കളെയിഹ കയിൽപ്പെണ്ണു താനേപറക്കാ–
റാകുന്നോളം മുറുപറവയെക്കൊണ്ടു പോറ്റുന്നവല്ലോ.

കവി : ആറ്റൂർ / കാളിദാസൻ, കൃതി : *അഭിജ്ഞാന ശാകുന്തളം തർജ്ജമ*

വിശങ്കസേ ഭീരു! യതോ∫വധീരണാം
ലഭേത വാ പ്രാർത്ഥയിതാ ന വാ ശ്രിയം
ശ്രിയാ ദുരാപഃ കഥമീസ്സിതോ ഭവേത്

[111] [*ഉമേഷ്*] **ശ്ലോകം 3.556 :** പരിഭാഷ (മധുരാജ്):

പേറുനോവവിടെ നിന്നിടട്ടെ, രുചിയറ്റ, ദേഹബലശോഷണം
കൂട്ടിടേണ്ട, മലമൂത്രശയ്യയിലൊരാണ്ടു നീക്കുവതുമങ്ങനെ
ഗർഭമാം ചുമടിനുള്ള കൂലിയതുപോലുമേകുവതിനാവുകി–
ല്ലെത്ര യോഗ്യതയെഴുന്ന പുത്രനുമഹോ! മഹാജനനി! കൈ തൊഴാം!

[112] [*ഉമേഷ്*] **ശ്ലോകം 3.558 :** മൂലശ്ലോകം (കാളിദാസൻ):

സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സന്ദൃശ്യതേ, കിമുത യാഃ പ്രതിബോധവത്യാഃ
പ്രാഗന്തരിക്ഷഗമനാത് സ്വമപത്യജാത–
മന്യൈഃ ഖഗൈഃ പരഭൃതാഃ ഖലു പോഷയന്തി

3.559 അക്കാലം വാനവർക്കും. . . (ബാലേന്ദു)

സ്രഗ്ധര

അക്കാലം വാനവർക്കും ക്ഷിതിയിലൊരുപദം വയ്ക്കുവാനേറെ മോഹം
വായ്ക്കും മട്ടിൽ ഭരിച്ചോരസുരപതിബലിക്കിരുപട്ടം കൊടുക്കാൻ
എക്കാലാലായി, സാക്ഷാൽ ഹരിയൊരു വടുവായ് വന്നനാ, ളൻപെഴുന്ന–
ത്തുക്കാൽ ചൂടുന്ന തുക്കാക്കരയിലെ ഭഗവൻ! ത്വൽപദം കൂപ്പിടുന്നേൻ.

കവി : ബാലേന്ദു

3.560 എങ്ങോജസ്സുനിറഞ്ഞ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

എങ്ങോജസ്സു നിറഞ്ഞ തുമുഖമിതിപ്പാവപ്പെട്ടം മാടമൊ–
ന്നെങ്ങോ ഹാ! വിധി വല്ല ചേർക്കുഴിയിലും ചേർക്കുന്ന രത്നങ്ങളെ;
ഇങ്ങോട്ടാസ്ഥയൊടെത്തി നോക്കിടുവതുണ്ടന്തിസ്സമീരസ്ഫുരൽ–
ത്തെങ്ങോലപ്പഴുതിങ്കലൂടെ മറയാൻ പോകുന്ന മാർത്താണ്ഡനും.

കവി : വള്ളത്തോൾ, കൃതി : *സന്ധ്യാപ്രണാമം*

3.561 ഇന്ദ്രനീലനിറമൊത്ത മേനിയും. . . (ഋഷി)

രഥോദ്ധത

ഇന്ദ്രനീലനിറമൊത്ത മേനിയും
സുന്ദരോത്തരമുഖാരവിന്ദവും
കൺകുളിർക്കെയടിയന്നു നിത്യവും
കാണ്മതിന്നു വരമേകണേ ഹരേ

കവി: ഋഷി

3.562 കാട്ടിൽ കൂട്ടുവിളിപ്പതാം. . . (ജീവി)[113]

ശാർദ്ദൂലവിക്രീഡിതം

കാട്ടിൽ കൂട്ടുവിളിപ്പതാം, ശവമതിൻ മെയ്യിൽ തലോടുന്നതാം,
നട്ടീടുന്നതുമാം ബിസം തറയതിൽ, പാഴ്ഴി കർഷിപ്പതാം,
പൊട്ടൻ കാതിലുരപ്പതാം, കുരുടനെക്കണ്ണാടി കാണിപ്പതാം,
പട്ടിക്കുള്ളൊരു വാൽ നിവർത്തിടുവതാം – സേവിപ്പതിങ്ങജ്ഞരെ.

കവി: ഏ. ആർ. രാജരാജവർമ്മ

3.563 പാർക്കുന്നതായ ഭവനം. . . (ജ്യോതി)

വസന്തതിലകം

പാർക്കുന്നതായ ഭവനം, പ്രിയകാന്ത, പുത്രൻ
പ്രാണൻ കളഞ്ഞു കരുതും ധന, മെന്തിനേറേ
താൻതന്നെയെന്നു പലനാളുരുവിട്ട ദേഹം–
പോലും വിഭിന്ന,മൊരു നശ്വര വസ്തു മാത്രം!

കവി : താമരശ്ശേരി കൃഷ്ണൻ ഭട്ടതിരി, കൃതി : *ശ്രീകൃഷ്ണ കഥാമൃതം*

[113] [*ഉമേഷ്*] ശ്ലോകം **3.562 :** മൂലശ്ലോകം (വിഷ്ണുശർമ്മ – *പഞ്ചതന്ത്രം*) :

അരണ്യരുദിതം കൃതം, ശവശരീരമുദ്വർത്തിതം,
സ്ഥലേ∫ ബ്ജമവരോപിതം, സുചിരമൂഷരേ വർഷിതം,
ശ്വപുച്ഛമവനാമിതം, ബധിരകർണ്ണജാപഃ കൃതോ
ധൃതോ∫ന്ധമുഖദർപ്പണോ യദബുധോ ജനഃ സേവിതഃ

3.564 തീഹാറിലെജ്ജയിലിൽ. . . (ബാലേന്ദു)

വസന്തതിലകം

തീഹാറിലെജ്ജയിലിൽ ശിക്ഷ വഹിച്ചുകൊള്ളാം
ബീഹാറിലാണു കഴിയാൻ വിധിയെങ്കിലാകാം
ആഹന്ത ചീർത്ത രസശൂന്യത തന്നെയോതും
ദ്രോഹം നിറുത്തുവതിനായി നമസ്കരിക്കാം.

കവി : ബാലേന്ദു

3.565 അകണ്ഠേ കളങ്കാത്. . . (ഉമേഷ്)[114]

ഭുജംഗപ്രയാതം

അകണ്ഠേ കളങ്കാദനംഗേ ഭുജംഗാ–
ദപാണൗ കപാലാദഫാലേ ന ലാക്ഷാത്
അമൗലൗ ശശാങ്കാദവാമേ കളത്രാ–
ദഹം ദേവമന്യം ന മന്യേ ന മന്യേ

കവി : ശങ്കരാചാര്യർ, കൃതി : *ശിവഭുജംഗം*

3.566 അടുത്ത ദിവസം രവി. . . (ജ്യോതി)[115]

ശംഭുനടനം

“അടുത്ത ദിവസം രവിയുദിച്ചയരു, മപ്പൊഴുതടഞ്ഞ നളിനം മിഴി തുറ–
ന്നിടും, തടവു വിട്ടിടുവ”നെന്ന നിനവൊത്തളിയിരുന്നൊരരവിന്ദമുകുളം
അടുത്തനിമിഷത്തിൽ നളിനീതടമണഞ്ഞ മദയാന ജലകേളി കഴിയെ–
പ്പറിച്ചു രസമായ് ഭുവിയെറിഞ്ഞു – വിധിനിശ്ചയമറിഞ്ഞിടുവതാരുലകിതിൽ?

കവി : മധുരാജ്

3.567 അഹിസാരമസാരം. . . (കർത്താ)

തോടകം

അഹിസാരമസാരമസാരമതിം
തരസാ സരസാദപസാരയിതും
ഉരുസാരരസാദഥ സാനുചരം
മനസാ വ്യവസായമസാവകൃഥാഃ

കവി : കോഴിക്കോട് മാനവേദൻ രാജാ, കൃതി : *കൃഷ്ണഗീതി*

3.568 ഉലകങ്ങളെയുള്ളിൽ. . . (ഉമേഷ്)[116]

തോടകം

ഉലകങ്ങളെയുള്ളിലൊതുക്കിയ നിൻ

[114] [*ഉമേഷ്*] ശ്ലോകം **3.565 :** പരിഭാഷ (**സി. വി. വാസുദേവഭട്ടതിരി**) :

കഴുത്തിൽ കളങ്കം, ഭുജംഗങ്ങൾ മെയ്യിൽ,
കനൽച്ചാർത്തു നെറ്റിക്കു, കയ്യിൽ കപാലം,
ശിരസ്സിൽ ശശാങ്കൻ, മടിത്തട്ടിൽ നല്ലാർ,
ഇതില്ലാത്ത ദൈവത്തെ ഞാനോർക്കുകില്ല.

[115] [*ജ്യോതി/ഉമേഷ്*] ശ്ലോകം **3.566 :** മൂലശ്ലോകം:

“രാത്രിർഗമിഷ്യതി, ഭവിഷ്യതി സുപ്രഭാതം,
ഭാസ്വാനുദേഷ്യതി, ഹസിഷ്യതി പങ്കജശ്രീ”
ഇത്ഥം വിചിന്തയതി കോശഗതേ ദ്വിരേഫേ

വല്യതായൊരു മെയ്യല ചേർത്തു തുലോം
ഒലി പൂണ്ടൊരു നൂറു ധന്യസ്സകലം
ജലമഗ്നമതായ് കര രണ്ടുമഹോ!

കവി : സി. വി. വാസുദേവ ഭട്ടതിരി/മേൽപ്പുത്തൂർ, കൃതി : *നാരായണീയം തർജ്ജമ* (55:3)

3.569 ഒരിടത്തൊരിടത്തൊരു. . . (രാജേഷ്)[117]

തോടകം

ഒരിടത്തൊരിടത്തൊരു സക്കറിയാ
അവനോതിയ കിസ്സകളാർക്കറിയാം?
പുഴുവും പഴുതാരയുമീശ്വരനും
കലരുന്നൊരു വാങ്മയമെന്തു രസം!

കവി : രാജേഷ്

3.570 പുതുനൽത്തളിർ തോറ്റൊരു. . . (ഉമേഷ്)[118]

തോടകം

പുതുനൽത്തളിർ തോറ്റൊരു ചേവടി ചേർ–
ത്തതിലന്നഴകോടു കരേറിയ നീ
അതിഭീകരമോളമുയർത്തിയുടൻ
കൃതികൊണ്ടു കലക്കിമറിച്ചു കയം.

കവി : സി. വി. വാസുദേവ ഭട്ടതിരി/മേൽപ്പുത്തൂർ, കൃതി : *നാരായണീയം തർജ്ജമ* (55:2)

3.571 ആഴിവർണ്ണചരിതം. . . (ഹരി)

കുസുമമഞ്ജരി

ആഴിവർണ്ണചരിതം ഗ്രഹിച്ചവനിവാഴ്വിലുന്നതി വരുത്തുവാ–
നേകി ഭാഗവതമൻപിൽ തൻ മരുമകന്നു മാതുലനൊരാൾ പുരാ
കാലമൊട്ടു കഴിയേ,യനന്തരവനോടു, "മോഹമിനിയെന്തെടോ?"
ഹന്ത! "മാമനുടെ നിഗ്രഹം", വിരുതനോതി, ഞെട്ടിയിതു കാർണവർ.

കവി : ഹരി

3.572 കരുതുവതിഹ ചെയ്യവയ്യ. . . (രാജേഷ്)

പുഷ്പിതാഗ്ര

കരുതുവതിഹ ചെയ്യവയ്യ, ചെയ്യാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം
പരമഹിതമറിഞ്ഞുകൂട,യായു–
സ്ഥിരതയുമി,ല്ലതി നിന്ദ്യമീ നരത്വം

കവി : കുമാരനാഷാൻ

3.573 പഴകിയ തരുവല്ലി. . . (ഉമേഷ്)

അപരവക്ത്രം

പഴകിയ തരുവല്ലി മാറ്റിടാം
പുഴയൊഴുകും വഴി വേറെയാക്കിടാം
കഴിയുമിവ - മനസ്വിമാർ മന-
സ്സൊഴിവതശക്യമൊരാളിലൂന്നിയാൽ

കവി : കുമാരനാശാൻ, കൃതി : *ലീല*

3.574 കൊണ്ടൽവേണിയൊരു. . . (ഋഷി)[119]

കുസുമമഞ്ജരി

കൊണ്ടൽവേണിയൊരു രണ്ടുനാലടി നടന്നതില്ലതിനുമുമ്പു താൻ
കൊണ്ടു ദർഭമുന കാലിലെന്നു വെറുതെ നടിച്ചു നിലകൊണ്ടതേ
കണ്ടുവും ബത തിരിച്ചുനോക്കിയവൾ വൽക്കലാഞ്ചലമിലച്ചിലിൽ-
ക്കൊണ്ടുടക്കുമൊരു മട്ടു കാട്ടി വിടുവിച്ചിടുന്ന കപടത്തൊടേ

കവി : എ. ആർ രാജരാജവർമ്മ , കൃതി : *മലയാള ശാകുന്തളം*

3.575 കണ്ട ദിക്കുകളിലൊക്കെനിന്നു. . . (ബാലേന്തു)[120]

കുസുമമഞ്ജരി

കണ്ട ദിക്കുകളിലൊക്കെ നിന്നു സമയം ക്രമാൽപ്പിറകിലാക്കിയും

ഹ ഹന്ത ഹന്ത! നളിനീം ഗജ ഉജ്ജഹാര.

[116] [*ഉമേഷ്*] ശ്ലോകം **3.568 :** മൂലശ്ലോകം (മേൽപ്പത്തൂർ):
ഭുവനത്രയഭാരഭൃതോ ഭവതോ
ഭുജഭാരവികമ്പിവിജൃംഭി ജലാ
പരിമജ്ജയതി സ്മ ധനുശ്ശതകം
തടിനീ ഝടിതി സ്മടഘോഷവതീ

[117] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം ('ഒ'യ്യ തോടകത്തിൽ).

[118] [*ഉമേഷ്*] ശ്ലോകം **3.570 :** മൂലശ്ലോകം (മേൽപ്പത്തൂർ) :
അധിരുഹ്യ പദാംബുരുഹേണ ച തം
നവപല്ലവതുല്യമനോജ്ഞരുചാ
ഹ്രദവാരിണി ദൂരതരം ന്യപതഃ
പരിഘൂർണ്ണിതഘോരതരങ്ഗഗണേ.

[119] [*ഉമേഷ്*] ശ്ലോകം **3.574 :** മൂലശ്ലോകം (കാളിദാസൻ) :
ദർഭാങ്കുരേണ ചരണഃ ക്ഷത ഇത്യകാണ്ഡേ
തന്വീ സ്ഥിതാ കതിചിദേവ പദാനി ഗത്വാ
ആസീദ് വിവൃത്തവദനാ ച വിമോദയന്തീ
ശാഖാസു വല്ക്കലമസക്തമപി ദ്രുമാണാം.

കുണുരായ നിജയാത്രികൾക്കധികമിണ്ടലേറ്റിയഴലേകിയും
കണ്ടമാനമവരിട്ടിടുന്ന ചവറൊക്കെ നാട്ടിൽ വിതറീട്ടുമേ
കണ്ടിടാം റെയിലു വേഗമാക്കുറവു, മെല്ലെയേറെയിവിടോടിടും.

കവി : ബാലേന്തു

3.576 കേളിഭേദപരിലാളിതാഭി. . . (ഉമേഷ്)[121]

കുസുമമഞ്ജരി

കേളിഭേദപരിലോളിതാഭിരതിലാളിതാഭിരബലാളിഭിഃ
സ്വൈരമീശ നനു സൂരജാപയസി ചാരു നാമ വിഹ്രതിം വ്യധാഃ
കാനനേപി ച വിസാരിശീതളകിശോരമാരുതമനോഹരേ
സൂനസൗരഭമയേ വിലേസിഥ വിലാസിനീശതവിമോഹനം

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം*

3.577 കാലകാലനുടെ കായമെൻ. . . (ബാലേന്തു)

കുസുമമഞ്ജരി

കാലകാലനുടെ കായമെന്മനസി കണ്ടുകൊണ്ടു മരുവീടുവാൻ
കാലമില്ല കമലാക്ഷിമാരുടെ കടാക്ഷശൃംഖലകളേൽക്കയാൽ
കാലമങ്ങുറുതി വന്നിടുമ്പൊഴതു കാലനും വരവതുണ്ടു പോൽ
കാളവാഹന, കടാക്ഷമേകിടുക കാളകണ്ഠ കരുണാനിധേ.

3.578 കാണാമങ്ങോട്ടു ചെന്നാൽ. . . (ഋഷി)

സ്രുദ്ധര

കാണാമങ്ങോട്ടു ചെന്നാൽ നദിയുടെയരികെ തൃപ്രയാറെന്ന ക്ഷേത്രം
കാണാം പൊക്കത്തിൽ ചുറ്റും മതിലുകളരികെ ഗോപുരം നാടശാല
കാണാം ചുറ്റമ്പലങ്ങൾ അതിനുടെ നടുവിൽ മണ്ഡപം നല്ല ശ്രീകോൽ
കാണാമുള്ളിൽ പ്രതിഷ്ഠ മണിമയഭഗവാൻ തേവരാം രാമചന്ദ്രൻ

3.579 കണ്ടന്നേ കട്ടു നീയെൻ. . . (കർത്താ)

സ്രുദ്ധര

കണ്ടന്നേ കട്ടു നീയെൻ കരളതു തിരിയെത്തന്നതില്ലെന്നതല്ലീ-
ക്കണ്ടുള്ളോനെക്കടക്കൺകടുതരവികടച്ചങ്ങലയ്ക്കിട്ടു പൂട്ടി;
കണ്ടിക്കാർകേശി! പിന്നീടിത മദനമഹാരാജനേൽപ്പിച്ചു; കഷ്ടേ!
കണ്ടും കേട്ടിട്ടുമില്ലീവക; തലയിലെഴുത്തോർക്കിലിന്നാർക്കു മായ്ക്കാം?

---

[120] [*ബാലേന്തു*] ശ്ലോകം **3.575 :** കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ *ശാകുന്തളം തർജ്ജമയിലെ*
കണ്ഠനാളമഴകിൽത്തിരി, ച്ചനുപദം രഥം പിറകിൽ നോക്കിയും,
കണ്ഠനായ് ശരഭയേന പൃഷ്ഠമതു പൂർവ്വകായഗതമാക്കിയും,
ഇണ്ടൽ പൂണ്ടു വിവൃതാനുഖാത് പടി ചവച്ച ദർഭകൾ വമിക്കവേ
കണ്ടുകൊൾക, കൃതികൊണ്ടു, കിഞ്ചിദവനൗ, ദൃശം നഭസി, ധാവതി
എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

[121] [*ഉമേഷ്*] ശ്ലോകം **3.576 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :
കാമകേളികളനേകമാർന്നു രസമേകിയിട്ടവരുമൊത്തുടൻ
യാമുനോദകവിഹാരമൻപൊടു തുടർന്നിതേറ്റമഴകോടു നീ.
പൂമണം വിതറി വീശിടുന്ന കുളിരാർന്ന തെന്നലിയലുന്നതാ–
മാ മനോജ്ഞവനഭൂമിയിങ്കൽ മധുവാണിമാർക്കു മദമേറ്റി നീ.

കവി : പെട്ടരഴിയത്ത് വലിയ രാമനിളയത്

3.580 കേറാനെന്തേ മടിക്കുന്നതു. . . (ഉമേഷ്)

സ്രഗ്ധര

കേറാനെന്തേ മടിക്കുന്നതു മമ കരളിൽ? കാമലോഭാദിയാകും
ചേറാണിങ്ങുന്നി വെച്ചീടുകിലടിവഴുതിത്തെറ്റി വീണേക്കുമെന്നോ?
ക്രൂരാളും നീ വിചാരിക്കുകിലിഹ ചളി കൊണ്ടുള്ള കേടാകമാനം
മാറാനുണ്ടോ പ്രയാസം? മകുടജിതലസത്കോടിസൂര്യപ്രകാശേ!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.581 കാളിന്ദീനദിയിങ്കലന്നു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കാളിന്ദീനദിയിങ്കലന്നു കമലപ്പൂമ്പൈതൽ ക്രൂപ്പന്നൊര-
ക്കാളിപ്പെണ്ണു സലീലമത്തരണിയിൽത്തൂക്കാലണയ്ക്കാകിലോ
കേളിപ്പെട്ട പരാശരന്നഭിനവദ്വീപിൽ പ്രകാശോദയം
മേളിയ്ക്കും ഭുവനൈകവന്ദ്യതനയൻ സഞ്ജാതനായീടുമോ?

കവി : കെ. പി. കറുപ്പൻ , കൃതി : *ഉദ്യാനവിരുന്ന്*

3.582 കൂട്ടിക്കാലമതെത്ര. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കൂട്ടിക്കാലമതെത്ര തുഷ്ടികര? മന്നദ്ദേഹമെന്നോടു വേർ-
പെട്ടിട്ടുള്ള ദിനം ചുരുങ്ങു, മൊരുമിച്ചല്ലാതെയില്ലൊന്നുമേ
കിട്ടില്ലൊട്ടിടയിപ്പൊഴസ്സുഭഗനെക്കാണാനുമെന്നായി - പാർ-
ത്തട്ടിൽ ദുഃസ്ഥിതിഹേതുവിങ്ങു ഹതമാമീ യൗവനം താനഹോ!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.583 കാലാരാതി കനിഞ്ഞിടുന്നതുവരെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കാലാരാതി കനിഞ്ഞിടുന്നതുവരെക്കാളും തപം ചെയ്തു തൽ-
ക്കോലം പാതി പകുത്തെടുത്തൊരു കളർക്കുന്നിന്റെ കുഞ്ഞോമനേ!
കാലൻ വന്നു കയർത്തുനിന്നു കയറെൻ കാലിൽ കടന്നിട്ടിടും-
കാലത്താക്കഴുവേറിതൻ കഥ കഴിക്കേണം മിഴിക്കോണിനാൽ

കവി : ശീവൊള്ളി

3.584 കൊണ്ടൽക്കാറണി കൊണ്ടു. . . (ഉമേഷ്)[122]

ശാർദ്ദൂലവിക്രീഡിതം

"കൊണ്ടൽക്കാറണി കൊണ്ടു വിണ്ടലമിരുണ്ടീടുന്നു, മേഘങ്ങളെ-
ക്കൊണ്ടിക്കാട്ടു കറുത്തിട്ടു, ന്നിരവിലിക്കണ്ണനുമുണ്ടിണ്ടൽ കേൾ;

[122] [*ഉമേഷ്*] ശ്ലോകം **3.584 :** മൂലശ്ലോകം (**ജയദേവൻ**):

"മേഘൈർമേദുരമംബരം വനഭുവശ്ശ്യാമാസ്തമാലദ്രുമൈർ–
നക്തം ഭീരുരയം ത്വമേവ തദിമം രാധേ! ഗൃഹം പ്രാപയ"
ഇത്ഥം നന്ദനിദേശിതശ്ചലിതയോഃ പ്രത്യധ്വകുഞ്ജദ്രുമം
രാധാമാധവയോർജയന്തി യമുനാകൂലേ രഹഃകേളയഃ

കൊണ്ടാക്കീടു ഗൃഹത്തിലിന്നിവനെ നീ" യെന്നുള്ള നന്ദോദിതം
കൊണ്ടാടീട്ടഥ രാധയെപ്പഥി രസിപ്പിച്ചോരു കൃഷ്ണൻ ജ്ഞ.

കവി : എ. ആർ. രാജരാജവർമ്മ / ജയദേവൻ

3.585 കാക്കലും ചിലർ തലൈക്കലും. . . (കർത്താ)

കുസുമമഞ്ജരി

കാക്കലും ചിലർ തലൈക്കലും പുനരിരുന്നുകൊണ്ടു കരയുന്ന നാൾ
കാക്കുമോ മരണകാലമെന്നുടലിതാർക്കുവേണ്ടുവതു കശ്മലം?
കാക്ക നാ നരി വലിയ്ക്കയോ പുഴുവരിയ്ക്കയോ ചുടുകയോ ദ്ധ്രുവം?
കാക്ക കാക്കലുടനാക്കി മൂക്കുതലെ മേവുമെൻ ജനനിയാശ്രയം

3.586 കാന്തന്മാരൊത്തു, കാൽത്താർ. . . (ഉമേഷ്)[123]

സുധര

കാന്തന്മാരൊത്തു, കാൽത്താർ, കടി കടുകളവിൽ, ക്ലാന്തമധ്യം, കനത്തിൽ-
ക്കാന്തിപ്പിച്ചുള്ള കൊങ്കക്കുട, മഴകു കലർന്നാടിടും കമ്രഹാരം,
കാന്തത്തിങ്കൾപ്രഭാസ്യം, കളിയുടയ കയൽക്കണ്ണു, കാർകൂന്തലേവം
കാന്ത്യാ കല്യാണിമാർ കൈവിശറിയൊടവിടെദ്ദേവസേവയ്ക്കു കൂടും.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ / ലീലാദാസൻ, കൃതി : *ശുകസന്ദേശം തർജ്ജമ*

3.587 കണ്ടാൽ കാളിന്ദിനീരിൻ. . . (കർത്താ)[124]

സുധര

കണ്ടാൽ കാളിന്ദിനീരിൻ ചെറിയ ചെറിയ കല്ലോലകം പോലെയേതാ–
ണ്ടുണ്ടല്ലോ നിന്റെ നാളോദരമതിലഗജേ ബുദ്ധിമാന്മാർക്കതോർക്കിൽ
കുണ്ടിച്ചേറ്റം ഞെരുങ്ങും കുചഗിരികളിടയ്ക്കുള്ള സൂക്ഷ്മാന്തരീക്ഷം
തെണ്ടും ദിക്കറ്റു നാഭീഗ്രഹയിൽ വരികയാണെന്നു തോന്നീടുമാര്യേ.

കവി : കുമാരനാശാൻ, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

3.588 ക്രീഡിച്ചും കീരവാണീ. . . (ഉമേഷ്)

സുധര

ക്രീഡിച്ചും കീരവാണീമണികളൊ, ടിടയിൽ കയ്യിൽ നെയ് പാലിതെല്ലാം
മേടിച്ചും, കട്ടശിച്ചും, പ്രണതരിലലിവിൻ നീർ തുളിച്ചും, ജ്ഞണച്ചും,
കൂടിച്ചും പാണ്ഡവർക്കുന്നതി, കുരുനിരയെത്തക്കമോർത്തങ്ങു കുണ്ടിൽ–
ച്ചാടിച്ചും വാണ ഗോപീജനസുകൃതസുഖക്കാതലേ, കൈതൊഴുന്നേൻ!

കവി : വെണ്മണി മഹൻ

---

[123] [*ഉമേഷ്*] ശ്ലോകം **3.586 :** മൂലശ്ലോകം (ലീലാദാസൻ) :

തത്സേവാർത്ഥം തരുണസഹിതാസ്ഥാമ്രപാദാരവിന്ദാ-
സ്ഥാമധ്യന്ധ്യാസ്തനഭരനതാസ്താരഹാരാവലീകാഃ
താരേശാസ്യാസ്മരളനയനാസ്മർജ്ജനീയാളകാഢ്യാ-
സ്തത്രസ്യാഃ സ്യുഃ സ്തബകിതകരാസ്താലവൃന്തൈസ്തരുണ്യഃ

[124] [*ഉമേഷ്*] ശ്ലോകം **3.587 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

യദേതത് കാളിന്ദീതനുതരതരങ്ഗാകൃതി ശിവേ
കൃശേ മദ്ധ്യേ കിഞ്ചിജ്ജനനി, തവ യത് ഭാതി സുധിയാം
വിമർദ്ദാദന്യോന്യം കുചകലശയോരന്തരഗതം
തനൂഭൂതം വ്യോമപ്രവിശദിവ നാഭിം കുഹരിണീം.

3.589 കാലം മാറിക്കഴിഞ്ഞു. . . (രാജേഷ്)

സ്രഗ്ധര

"കാലം മാറിക്കഴിഞ്ഞു, കവിതയെഴുതിയലാർക്കുവേണം? ഭവാനി–
ക്കാലത്തെക്കാവ്യമാകം കഥകളെഴുതണം, നോവലായാൽ വിശേഷം!"
കാലംപോൽ ചൊല്ലിടുന്നു പലരുമിതുവിധം, പത്നിയും, കാലമാണി–
ക്കോലം കെട്ടിച്ചിടുന്നു കുശവനതു തിരുത്തീടുവാനാകുമെന്നോ?

കവി : എം. എൻ. പാലൂർ, കൃതി : *കല്യാണക്കാഴ്ച*

3.590 കാലൻ കാളായസാത്യുത്ക്കട. . . (ഉമേഷ്)

സ്രഗ്ധര

കാലൻ കാളായസാത്യുത്ക്കടമുസലവുമായ് കാണികൾക്കുൾനടുങ്ങും
കോലം കോലുന്ന കൂട്ടാളികളൊടുമൊരുമിച്ചാർത്തടുത്തെത്തിടുമ്പോൾ
കാലച്ചെന്തീക്കനൽച്ചാർത്തെതിർമുനയൊടു നിൻ കൈത്തലത്തിൽത്തിളങ്ങും
ശൂലം താനാണ മാഹേശ്വരി, ശരണമെനിക്കാ ഭയപ്പാടൊഴിക്കാൻ.

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.591 കുത്തും തല്ലുമസഹ്യ . . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കുത്തും തല്ലുമസഹ്യമേൽക്കെയിവനോത്തോതിത്തളർന്നുണ്ണുവാ–
നെത്തും മുമ്പെയൊരിക്കലും സഖി കടന്നുണ്ടീടുമാറില്ലനീ
കുത്തും വൻ പശി വാച്ചു വാച്ചു വയർ കാഞ്ഞാലും നിനക്കെന്നൊട–
ന്നൊത്തുണ്ടേ മതിയാവു തുല്യസുഖദുഃഖം താൻ സുഹൃജ്ജീവിതം

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.592 കാളാംഭോധരപാളി താളി . . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാളാംഭോധരപാളി താളി പിഴിയും കറ്റക്കരിംപൂങ്കുഴൽ–
ക്കാലംബായ മുഖാവലോകസമയേ നെയ് വെയ്ക്കുമിച്ചന്ദ്രമാഃ
കോലത്താർചരദ്ഭൂമിപാലകനകക്കുംഭം തൊഴും പോർമുലയ്–
ക്കോലക്കത്തൊടു നിന്നെ വാഴ്ത്തുമതിനാന്റാമല്ല കൗണോത്തരേ!

3.593 കിടക്കുന്ന നായയ്. . . (ബാലേന്തു)

ഭുജംഗപ്രയാതം

കിടക്കുന്ന നായയ്ക്കുടുത്തുടെയോടി-
ക്കടക്കൊല്ല ചാടിപ്പിടിക്കും കടിക്കും
പിടിക്കാൻ വരുന്നോരു നായെക്കുടയ്ക്ക-
ങ്ങടിക്കൊല്ല ചുമ്മാ കടക്കാലൊടിക്കും.

കവി : ബാലേന്തു

3.594 പവനതനയചേതഃ. . . (സുനിൽ)

മാലിനി

പവനതനയചേതഃ പങ്കജാർക്കം മുനീന്ദ്രൈ-
രനുദിനമനുഭാവ്യം ശ്രീപതിം ശ്യാമളാംഗം
ദിനകരകുലദീപം ജാനകീഭാഗ്യരാശീം
കരധൃതശരചാപം നൗമി വില്വാദ്രിനാഥം.

കവി : കൊട്ടാരക്കരത്തമ്പുരാൻ, കൃതി : *സീതാസ്വയംവരം*

3.595 ദൃഷ്ട്വാ തമാലോകം. . . (ബാലേന്ദു)

ഇന്ദ്രവജ്ര

ദൃഷ്ട്വാ തമാലോകമിവാന്ധകാരേ
ജ്യേഷ്ഠസ്സഗർഭ്യൈഃ പ്രയതഃ പ്രണമ്യ
പൃഷ്ടോമനാ വാർത്തമജാതശത്രുർ-
ഹൃഷ്ടസ്തമാചഷ്ട ഗിരം ഗരിഷ്ഠാം.

കവി : കോട്ടയത്ത് തമ്പുരാൻ, കൃതി : *കല്യാണസൗഗന്ധികം*

3.596 പൊയ്യല്ലേ തീയിൽ നിൽക്കാം. . . (ഹരി)

സ്രഗ്ധര

പൊയ്യല്ലേ തീയിൽ നിൽക്കാം, കരിവരഗമനേ കാളകൂടം ഭുജിക്കാം
അയ്യാണ്ടൂണും ത്യജിക്കാമമൃത കിരണനെക്കയ്യിലാക്കിപ്പൊടിക്കാം
ചെയ്യാം ഞാൻ രാജസൂയം, അമൃതമരപുരേ ചെന്നുകൊണ്ടിങ്ങു പോരാം
മയ്യേല്പും കണ്ണിയാളേ, തവ വിരഹമെനിക്കാവതല്ലേ പൊറുപ്പാൻ

കവി : വെണ്മണി മഹൻ

3.597 ചാണത്തിൻ നിറമായ്. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ചാണത്തിൻ നിറമായുടപ്പുമരയിൽ തോൽപ്പട്ടയും മസ്തകേ
ചേണാർന്നീടിന തൊപ്പിയും കരമതിൽ ദണ്ഡും ധരിച്ചങ്ങനേ
ആണത്തം പലതും പറഞ്ഞു വെറുതേ ചുറ്റുന്ന പോലീസുകാ-
രാണിദ്ദിക്കതിലേറ്റമുള്ളതവരെക്കൊണ്ടേതുമുണ്ടോ ഗുണം?

കവി : ഒടുവിൽ കൃഞ്ഞികൃഷ്ണമേനോൻ

3.598 അജാമിളോ നാമ. . . (സുനിൽ)[125]

വംശസ്ഥം

അജാമിളോ നാമ മഹീസുരഃ പുരാ
ചരൻ വിഭോ ധർമപഥാൻ ഗൃഹാശ്രമീ
ഗുരോർഗിരാ കാനനമേത്യ ദൃഷ്ടവാൻ
സുദൃഷ്ടശീലാം കുലടാം മദാകുലാം

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം* (22:1)

3.599 ഗജാനനം ഭൃത. . . (ജീവി)

വംശസ്ഥം

ഗജാനനം ഭൃതഗണാദിസേവിതം

[125] [*ഉമേഷ്*] ശ്ലോകം **3.598 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

അജാമിളൻ പണ്ടൊരു ധർമ്മനിഷ്ഠനാം
ദ്വിജൻ, ഗൃഹസ്ഥൻ ഗുരുശാസനത്തിനാൽ,
അരണ്യമാർന്നപ്പൊഴതങ്ങു കണ്ടുപോൽ
പരം മദം ചേർന്നൊരു ധൃഷ്ടവേശ്യയെ.

കപിത്ഥജംബൂഫലസാരഭക്ഷിതം
ഉമാസുതം ശോകവിനാശകാരണം
നമാമി വിഘ്നേശ്വരപാദപങ്കജം

3.600 ഉല്ലാസമുൾക്കൊണ്ട്. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഉല്ലാസമുൾക്കൊണ്ടുയരെപ്പറക്കു-
മൊരോമനപ്പൈങ്കിളി നമ്മെ നോക്കി
ചെവിക്കരുന്നിൽ തെളിതേൻ തളിയ്ക്കും
സ്വാതന്ത്ര്യ സംഗീതമുയർത്തിടുന്നു

കവി : **ഉള്ളൂർ**, കൃതി : *'സുഖം-സുഖം'*

3.601 ചൊല്ലാനുറച്ച തറവാട്ടുകൾ. . . (ജീവി)

വസന്തതിലകം

ചൊല്ലാനുറച്ച തറവാട്ടുകളേറെയില്ല-
യില്ലിന്നുയർന്ന പണിയുള്ളവരേറെ നമ്മിൽ
മെല്ലെന്നു താഴുമുയരാനിനിയൊന്നുരണ്ടാൾ
വല്ലോരുമോർക്കിൽ - വലുതാം സമുദായമല്ലേ?

കവി : കുമാരനാശാൻ, കൃതി : *തീയ്യുക്കുട്ടിയുടെ വിചാരം*

3.602 മേളം ഗഭീരമതിനില്ലൊരു. . . (ബാലേന്ദു)

വസന്തതിലകം

"മേളം ഗഭീരമതിനില്ലൊരു വാദമല്ലേ?"
ചോദിച്ചൊരാളൊടൊരുവൻ തലയാട്ടി നിൽക്കേ;
"ഇച്ചെണ്ടതന്റെയതിദുസ്സഹമൊച്ചമൂലം
കേൾക്കാനൊരിറ്റു കഴിവില്ല" പറഞ്ഞിതന്യൻ.

കവി : ബാലേന്ദു

3.603 ഇന്നോ വാ നാളെയോ മട്ടിനി. . . (കർത്താ)

സ്രഗ്ധര

ഇന്നോ വാ നാളെയോ മറ്റിനിയൊരുദിവസം തന്നെയോ കാലദൂതൻ
വന്നീടും നാളിലോർത്താലിതിനൊരു കഴിവില്ലെന്നു ചിത്തേ നിനപ്പിൻ;
മുന്നേ താൻ പദ്മനാഭൻ ചരണനളിനമിങ്ങുള്ളിലാക്കീട്ടു നിത്യാ-
നന്ദ! ശ്രീകൃഷ്ണ! നാരായണ! വരദ! രമേശേതി കീർത്തിച്ചുകൊൾവിൻ.

കവി : വിദ്വാൻ കോമ്പിയച്ചൻ

3.604 മണ്ണും പെണ്ണും കൊതിക്കും. . . (ഉമേഷ്)

സ്രഗ്ധര

മണ്ണും പെണ്ണും കൊതിക്കും, കവിതയുടെ വളപ്പിന്റെ വേലിക്കൽ നിന്ന-
പ്പെണ്ണിൻ നീലക്കടക്കണ്ണുന പതിയുവതിന്നാശയാലെത്തി നോക്കും,
ഉണ്ണാനുണ്ടെങ്കിലില്ലാത്തൊരു നില നിരുപിച്ചുള്ളുരുക്കും, നൃജന്മം
കണ്ണാ, ഞാൻ പാഴിലാക്കിത്തുലയുവതിനു മുമ്പെന്നെ രക്ഷിക്ക വേഗം!

കവി : വി. കെ. ജി., കൃതി : *അവിൽപ്പൊതി*

3.605 ഉലകിനുപകരിക്കും. . . (കർത്താ)

പുഷ്പിതാഗ്ര

ഉലകിനുപകരിക്കുമുത്തമന്മാർ
പലരുളവാകിന ഭാസ്കരാന്വയത്തിൽ
ഖലനൊരു നൃപനുടവിച്ചു പണ്ടാ-
ക്കലശപയോധിയിൽ വൻവിഷം കണക്കേ.

കവി : വള്ളത്തോൾ, കൃതി : *ദണ്ഡകാരണ്യം*

3.606 ഖാദിക്കുപ്പായമിട്ടും. . . (ബാലേന്തു)

സ്രഗ്ധര

ഖാദിക്കുപ്പായമിട്ടും സ്ഫടമിരുകരവും കൂപ്പിയും പല്ലിളിച്ചും
ചോദിക്കേ വോട്ടിനേറ്റം വിനയവുമെതിരായുള്ളിലുള്ളോരു ഭാവം
മോദം വേണ്ടത്ര ദാസപ്രവൃതിയിലരുളാൻ വ്യഗ്രമായുള്ള ചിത്തം
സ്വേദം തീണ്ടാത്ത ഫാലം സതതമിതുവിധം ഭാവയേ നേതൃരൂപം.

കവി : ബാലേന്തു, കൃതി : *നേതാസഹസ്രനാമം.*

3.607 മൺപാത്രമെന്നല്ല. . . (ഉമ)

ഇന്ദ്രവജ്ര

മൺപാത്രമെന്നല്ല നമുക്കു ഭാവം
പൊൻപാത്രമിപ്പോളുടയുന്നതെല്ലാം
സമ്പൽക്ഷയേ സങ്കടമെന്നതോർത്താൽ
സമ്പന്നനും നിർദ്ധനനും സമാനം

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.608 സുഖത്തിലുണ്ടാം സഖി. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സുഖത്തിലുണ്ടാം സഖിമാരനേകം,
ദുഃഖം വരുമ്പോൾ പുനരാരുമില്ല;
ഖഗങ്ങൾ മാവിൽ പെരുകും വസന്തേ,
വരാ ശരത്തിങ്കലതൊന്നുപോല്യം.

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.609 ഖരകരനകലത്തായ്. . . (ഹരി)

മാലിനി

ഖരകരനകലത്തായിന്നുവൊന്നിച്ചുതാരാ-
നിര കരിമുകിൽ മദ്ധ്യം തന്നിലെല്ലാം മറഞ്ഞൂ
ഇരുളിൽ മുഴുകി പാരം പാരു മിന്നാമിനുങ്ങേ
ത്വരിതമിനി മിനുങ്ങൂ തെറ്റിയാൽ ചെറു പറ്റാ

കവി : ഗ്രാമത്തിൽ കൊട്ടാരത്തിൽ രവിവർമ കോയിത്തമ്പുരാൻ, കൃതി : *അന്യാപദേശ മാല*

3.610 ഇക്കാലമിന്നുമുഖിമാർ. . . (കർത്താ)

വസന്തതിലകം

ഇക്കാലമിന്നുമുഖിമാർ പലരും കവിത്വ-
വക്കാണമാർന്നു മരുവുന്നു, തദേതദാസ്താം;
ഇക്കാവുപണ്ഡിത പരം മകരന്ദധാരാ-
ധിക്കാരിവാങ്മധുരിമാധുരി മാനനീയാ.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ

3.611 ഇല്ല നിങ്ങളെ നനച്ചിടാതെ. . . (ജ്യോതി)[126]

കുസുമമഞ്ജരി

ഇല്ല നിങ്ങളെ നനച്ചിടാതെയൊരുനാളെവൾക്കു ജലപാനവും,
പല്ലവം തൊടുവതില്ലയേവളതണിഞ്ഞിടാൻ കൊതിയിരിയ്ക്കിലും,
നല്ലൊരുത്സവമെവൾക്കു നിങ്ങളുടെയാദ്യമായ കുസുമോദ്ഗമം,
വല്ലഭന്റെ ഗൃഹമശ്ശകുന്തള ഗമിച്ചിടുന്ന വിട നൽകുവിൻ!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.612 നിത്യം തെണ്ടുവതെത്ര. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

"നിത്യം തെണ്ടുവതെത്ര നീചമരുതേ" - യർത്ഥിച്ചുപോൽ ഷണ്മുഖൻ,
"മറ്റെന്തുണ്ടൊരു മാർഗ്ഗ"മെന്ന കളിയായ് ചോദിച്ചുപോലീശ്വരൻ,
പെട്ടെന്നോതിയൊരാറു ജോലികൾ മുറയ്ക്കോരോന്നുമോരോ മുഖം:
"നൃത്തം, യുദ്ധ, മുടുക്കുകൊട്ടു, കഥനം, നീർസേചനം, ശിക്ഷണം!"

കവി : ബാലേന്ദു

3.613 പ്രാലേയാമലമാത്മദീധിതി. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പ്രാലേയാമലമാത്മദീധിതിസുധാസംക്രാന്തലോകത്രയം
മുക്താജാലവിരാജിതൃപ്യവിലസദ്വ്യേഷാംബരാലംകൃതം
ഭാസ്വത്കൈരവചാരുബാഹുമമലക്ഷൗമാവദാതം പരം
വന്ദേ സോമമരാളനീലവിലസത് കേശം മനോനന്ദനം.

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *വിഷ്ണുവിലാസം*

3.614 ഭീ വിട്ടു കുന്തൽ വല. . . (ഉമേഷ്)

വസന്തതിലകം

ഭീ വിട്ടു കുന്തൽ വല, ചുണ്ടിര, ബാഹു പാശം,
ഭ്രൂ വി, ല്ലപാംഗവിശിഖം, മുഖചന്ദ്രഹാസം,
ഈ വിശ്രുതായുധഗണം കലരും വധുക്കൾ
ഭാവിപ്പു തത്ര യുവഹൃന്മൃഗയാവിനോദം.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.615 ഇല്ലം കത്തി നശിച്ചു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഇല്ലം കത്തി നശിച്ചു, വേളിയതിലങ്ങാപ്പെട്ടു തീപ്പെട്ടു ഹാ,
കൊല്ലപ്പെട്ടിതു തീകെടുത്തുമളവിൽ കൂപത്തിൽ വീണുണ്ണിയും,
ഇല്ലല്ലോ വരുവാനിതിൽ പരമെനിക്കിന്നൊന്നു,മെന്താകിലും
ചെല്ലപ്പെട്ടി തുറന്നിരുന്നിനി മുറുക്കട്ടേ മുറയ്ക്കൊന്നു ഞാൻ!

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

---

[126] [*ഉമേഷ്*] ശ്ലോകം **3.611 :** മൂലശ്ലോകം (കാളിദാസൻ) :
പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ,
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം,
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാഃ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം, സർവൈരനുജ്ഞായതാം.

3.616 ഇല്ലാ ജീവിതമേറെയെങ്കിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇല്ലാ ജീവിതമേറെയെങ്കിലതിനെത്രൾത്താപമോരാൻ, കരി-
ങ്കല്ലാണെന്ന വിധം യുഗാവധി കിടന്നാലെത്ര നിശ്ചേഷ്ടമായ്
എല്ലാ ദിക്കിലുമാത്മസൗരഭമിണക്കിക്കൊണ്ടുറങ്ങാതുയർ-
ന്നുല്ലാസം പകരുന്ന മുല്ലയൊരുനാൾ വാണാലുമേ ധന്യയാം.

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.617 എന്മുറ്റത്തു തഴച്ചിടുന്ന. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

എന്മുറ്റത്തു തഴച്ചിടുന്ന തുളസിത്തയ്യും നറും മുല്ലയും,
കർമ്മൂസും പുഴുതിന്നിടുന്ന പനിനീർച്ചെണ്ടും കറെച്ചീരയും;
അമ്മട്ടെൻ കവിതാങ്കണത്തിലവതൻ സാമാന്യബിംബങ്ങളെ-
ച്ചെമ്മേ നട്ടുനനച്ചു നോക്കി വളരാൻ കൂട്ടാക്കിയില്ലേതുമെ!

കവി : വി.കെ.ജി

3.618 ആറില്ലേ മുഖമാത്മജന്മ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

“ആറില്ലേ മുഖമാത്മജന്മ? മുല നിൻ മാറത്തു രണ്ടും, വിശ-
പ്പാറില്ലെന്മക”നെന്നരച്ചു ഭഗവാനുറിച്ചിരിച്ചീടവേ
“ആറിൽക്കുറു പെരുത്തൊരാളുടെ മകന്നാറായി മോ”റെന്ന തീ
പാറും നേത്രമൊടംബ ശംഭു വിളറും മാറോതിനാളുത്തരം.

കവി : എൻ. കെ. ദേശം

3.619 ആനാലും വരവല്ലവാ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

“ആനാലും വരവല്ലവാ?, ശരിവരട്ടും”, പട്ടരേപ്പൊലെയ-
ത്യാനന്ദത്തൊടനർത്ഥവും പുണരുവോൻ വാഗർത്ഥവിജ്ഞൻ ഭവാൻ;
ആരങ്ങെന്നറിയാത്തവർക്കുമറിയാം നേരൊന്ന സാമാന്യന-
ല്ലാൾ സാധാരണ വാര്യരാകിൽ വരുമോ ശത്രുക്കളിത്രുക്ക മേൽ?!.

കവി : എൻ. കെ. ദേശം

3.620 ആരക്ഷീണതപസ്യയാൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആ, രക്ഷീണതപസ്യയാ, ലഖിലലോകാധീശദത്തം കലാ-
സാരം ചിപ്പിയിൽ മുത്തുപോ, ലസുലഭാനന്ദാഭമാക്കുന്നുവോ,
ആരാൽ കേരളനാടു മന്നിലഭിമാനാഗാരമാകുന്നുവോ,
ആ രാഗാങ്കണരാജപൂജിതമഹാഗന്ധർവ്വ, തേ സ്വാഗതം!

കവി : ഉമേഷ് നായർ. കൃതി: (യേശുദാസിനോട്).

3.621 അഥ പ്രജാനാമധിപഃ. . . (സുനിൽ)[127]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അഥ പ്രജാനാമധിപഃ പ്രഭാതേ
ജായപ്രതിഗ്രാഹിതഗന്ധമാല്യാം
വനായ പീതപ്രതിബദ്ധവത്സാം
യശോധനോ ധേനുമൃഷേർമുമോച

കവി : കാളിദാസൻ, കൃതി : *രഘുവംശം* (2:1)

3.622 വള്ളിപോലെ മൃദുവാം. . . (ജീവി)

സ്വാഗത

വള്ളിപോലെ മൃദുവാമിരുകാലും
തുള്ളി, മേനി തളരും മിശിഹായെ
ഉള്ളിലാർദ്രത നശിച്ചരിവ്വന്ദം
തള്ളി, മാലയരുമാറു നയിച്ചു.

കവി : കട്ടക്കയം ചെറിയാൻ മാപ്പിള, കൃതി : *ശ്രീയേശുവിജയം*

3.623 ഉണ്ടാവാമൊരുപാടുമാറ്റം. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഉണ്ടാവാമൊരുപാടുമാറ്റമുലകി,ന്നൊന്നായിരുന്നോരു നാം
രണ്ടാവാമിരുപേരുമങ്ങിനെ മറന്നേയ്ക്കാം കുറേ ചെല്ലുകിൽ
മിണ്ടാതെൻ പ്രിയതോഴി നീ പിറകിൽ വന്നന്നാദ്യമായോമന
ച്ചുണ്ടാലേകിയ ചുംബനോത്പുളകമോ മായാ മരിപ്പോളവും

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.624 മാതംഗാനനമംബുവാസ. . . (സുനിൽ)

ശാർദ്ദൂലവിക്രീഡിതം

മാതംഗാനന, മംബുവാസരമണീം, ഗോവിന്ദമാദ്യം ഗുരും,
വ്യാസം, പാണിനി ഗർഗനാരദ കണാദാദ്യാൻ മുനീന്ദ്രാൻ ബുധാൻ,
ദുർഗാം ചൈവ മൃദംഗശൈലനിലയാം ശ്രീപോർക്കലീമിഷ്ടദാം
ഭക്ത്യാ നിത്യമുപാസ്മഹേ സപദി നഃ കുർവന്ത്വമീ മംഗളം

കവി : കോട്ടയത്തു തമ്പുരാൻ

3.625 ദേവാനാം പ്രിയനാണു ഞാൻ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ദേവാനാം പ്രിയനാണു ഞാനയി, ഭവാൻ ദേവപ്രിയൻ കേവലം!
ശ്രീവാഴും കടമാണു തേ പുര, മെനിക്കിങ്ങുള്ളതെല്ലാം കടം!
ഭ്രവാനോർവരനാം ഭവാനു പടയുണ്ടൂണിന്നെനിക്കിശ്ശിവൻ-
കോവിൽപെട്ടൊരുണക്കലാണു പട! ഞാനങ്ങയ്ക്കു തുല്യൻ, പരൻ!

കവി : ഒരവങ്കര

[127] [*ഉമേഷ്*] ശ്ലോകം **3.621 :** പരിഭാഷ (കുണ്ടൂർ) :
പിന്നെപ്പുലർന്നളവിളാപതി പൈക്കിടാവു
തന്നെക്കടിച്ചതിനു പിമ്പു പിടിച്ചുകെട്ടി
മാന്യൻ യഷസ്വി ദയിതാർപ്പിതഗന്ധമാല്യ-
മാർന്നുള്ള നന്ദിനിയെ വിട്ടിഹ കാടു പൂകാൻ

3.626 ഭർത്തുർമിത്രം പ്രിയം. . . (ജീവി)

മന്ദാക്രാന്ത

ഭർത്തുർമിത്രം പ്രിയമവിധവേ! വിദ്ധി മാമംബുവാഹം
തത്സന്ദേശാന്മനസി നിഹിതാദാഗതം ത്വത്സമീപം
യോ വൃന്ദാനി ത്വരയതി പഥി ശ്രാമ്യതാമധ്വഗാനാം
മന്ദ്രസ്നിഗ്ധൈർധ്വനിഭിരബലാവേണിമോക്ഷോത്സുകാനി

കവി : കാളിദാസൻ, കൃതി : *മേഘദൂതം*

3.627 യോഗീന്ദ്രാണാം ത്വദംഘ്രേഷ്വധിക. . . (ഹരി)[128]

സ്രഗ്ധര

യോഗീന്ദ്രാണാം ത്വദംഘ്രേഷ്വധികസുമധുരം മുക്തിഭാജാം നിവാസോ
ഭക്താനാം കാമവർഷദ്രിതരുകിസലയം നാഥ! തേ പാദമൂലം
നിത്യം ചിത്തസ്ഥിതം മേ പവനപുരപതേ! കൃഷ്ണ! കാരുണ്യസിന്ധോ!
ഹൃത്വാ നിശ്ശേഷതാപാൻ പ്രദിശതു പരമാനന്ദസന്ദോഹലക്ഷ്മീം.

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം*

3.628 നിൻ നേത്രത്തിനു തുല്യമാം. . . (ജീവി)[129]

ശാർദ്ദൂലവിക്രീഡിതം

നിൻ നേത്രത്തിനു തുല്യമാം കുവലയം വെള്ളത്തിനുള്ളത്തിലായ്
നിന്നാസ്യപ്രഭ തേടുമമ്പിളിയൊളിക്കപ്പെട്ട കാർകൊണ്ടലാൽ
അന്നത്തനൃികൾ നിന്നൊടൊത്ത നടയുള്ളോരങ്ങുമണ്ടീടിനാർ,
നിന്നുപമ്യവുമിന്നുകാൺമതു പൊറുക്കുന്നില്ലഹോ ദുർവിധി.

കവി : എ. ആർ. രാജരാജവർമ്മ

3.629 അമ്മേ വന്നിടുകെന്നു ചൊന്നു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

അമ്മേ വന്നിടുകെന്നു ചൊന്നു കരവും കാലും കുടഞ്ഞാർത്തിപൂ-
ണ്ടമ്മിഞ്ഞക്കു കരഞ്ഞുകൊണ്ടഴലുമെൻ പൊന്നോമനക്കുഞ്ഞിനെ
ചെമ്മേ ചെന്നുടനുമ്മ വെച്ചു വരികെന്നോതിപ്പുണർന്നിട്ടെടു-
ത്തമ്മയ്ക്കുള്ള കരത്തിൽ നൽകുവതിനിച്ചെയ്വാവതോ ദൈവമേ!

കവി : കെ. സി. കേശവപിള്ള , കൃതി : *ആസന്നമരണചിന്താശതകം*

---

[128] [*ഉമേഷ്*] ശ്ലോകം **3.627 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

മുക്തർക്കാവാസഗേഹം, മുനിജനനയനങ്ങൾക്കു പീയൂഷയൂഷം,
ഭക്തർക്കിഷ്ടപ്രദം സ്വർദ്രുമകിസലയമാം നാഥ, നിൻ പാദമൂലം
നിത്യം വാണെന്റെയുള്ളിൽ പവനപുരപതേ! കൃഷ്ണ! കാരുണ്യസിന്ധോ!
കഷ്ടം താപത്തെയാറ്റീട്ടരുളുക പരമാനന്ദ, മാനന്ദരൂപാ!

[129] [*ഉമേഷ്*] ശ്ലോകം **3.628 :** മൂലശ്ലോകം:

യത്ത്വന്നേത്രസമാനകാന്തി സലിലേ മഗ്നേ തദിന്ദീവരം
മേഘൈരന്തയിതഃ പ്രിയേ തവ മുഖച്ഛായാനുകാരീ ശശീ
യേ ∫ പി ത്വദ്ഗമനാനുസാരി ഗതയസ്തേ രാജഹംസാ ഗതാഃ
ത്വത്സാദൃശ്യവിനോദമാത്രമപി മേ ദേവേന ന ക്ഷമ്യതേ!

3.630 ചാണക്കല്ലിലുരച്ച. . . (ജീവി)[130]

ശാർദ്ദൂലവിക്രീഡിതം

ചാണക്കല്ലിലുരച്ച രത്ന, മമരിൽ പുണ്ണേറ്റ വീരൻ, മദ-
ക്ഷീണൻ കുംഭികുലോത്തമൻ, കരതെളിഞ്ഞീടും ശരന്നിമ്നഗാ,
മീനാങ്കാർദ്ദിതയായ മങ്ക, കലയായ് ശേഷിച്ച ദോഷാകരൻ,
ദാനത്താൽ ധനപുഷ്ടികെട്ട നൃപനും കാർശ്യാൽ പ്രകാശിക്കുമേ

കവി : എ. ആർ. രാജരാജവർമ്മ

3.631 മുണ്ടാക്കക്ഷത്തു ചുറ്റി. . . (ഹരി)

മുണ്ടാക്കക്ഷത്തു ചുറ്റിദ്ദഗ്ധമിരുകരവും മാറിലമ്മാറു കെട്ടി-
ക്കുണ്ടോളും ചിന്ത മൂലം തല ചെറുതു കുനിച്ചക്കവീരൻ ചിലപ്പോൾ
കണ്ടാൽ കാണാത്ത ഭാവത്തൊടു മെതിയടിമേൽ വീട്ടുമുറ്റത്തുലാത്തു-
ന്നുണ്ടാ, മപ്പോളുറയ്ക്കാം പ്രതിഭ കവിത തൻ പേറുനോവേറുവെന്നായ്

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*. മഹാകവി വള്ളത്തോളിനെപ്പറ്റി.

3.632 കപാലേ മാർജ്ജാരഃ. . . (സുനിൽ)

ശിഖരിണി

കപാലേ മാർജ്ജാരഃ പയ ഇതി കരാൻ ലേഢി ശശിനഃ
തരുച്ചിദ്രപ്രോതാൻ ബിസമിതി കരിഃ സംകലയതി
രതാന്തേ തല്പസ്ഥാൻ ഹരതി വനിതാപ്യംശുകമിതി
പ്രഭാമത്തശ്ചന്ദ്രോ ജഗദിദമഹോ വിഭ്രമയതി

കവി : ഭാസൻ

3.633 രാവിപ്പോൾ ക്ഷണം. . . (ജീവി)[131]

ശാർദ്ദൂലവിക്രീഡിതം

"രാവിപ്പോൾ ക്ഷണമങ്ങൊടുങ്ങിടു, മുഷസ്സെങ്ങും പ്രകാശിച്ചിടും,
ദേവൻ സൂര്യനുദിക്കു, മിക്കമലവും കാലേ വിടർന്നീടുമേ"
ഏവം മൊട്ടിനകത്തിരുന്നളി മനോരാജ്യം തുടർന്നീടവേ,
ദൈവത്തിൻ മനമാരു കണ്ടു? പിഴുതാൻ ദന്തീന്ദ്രനപ്പത്മിനീം

കവി : എ. ആർ രാജരാജവർമ്മ

3.634 ഏഹ്യാഗച്ഛ സമാശ്രയാസനമിദം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഏഹ്യാഗച്ഛ സമാശ്രയാസനമിദം കസ്മാത് ചിരാദ് ദൃശ്യസേ

---

[130] [*ഉമേഷ്*] **ശ്ലോകം 3.630 :** മൂലശ്ലോകം (ഭർത്തൃഹരി) :

മണിഃ ശാണോല്ലീഢഃ, സമരവിജയീ ഹേതിദലിതോ,
മദക്ഷീണോ നാഗഃ, ശരദി സരിദശ്യാനപുളിനാ,
കലാശേഷശ്ചന്ദ്രഃ, സുരതമൃദിതാ ബാലവനിതാ,
തനിമ്നാ ശോഭന്തേ ഗലിതവിഭവാശ്ചാർത്ഥിഷു നൃപാഃ

[131] [*ഉമേഷ്*] **ശ്ലോകം 3.633 :** മൂലശ്ലോകം:

"രാത്രിർഗമിഷ്യതി, ഭവിഷ്യതി സുപ്രഭാതം,
ഭാസ്വാനുദേഷ്യതി, ഹസിഷ്യതി പങ്കജശ്രീ"
ഇത്ഥം വിചിന്തയതി കോശഗതേ ദ്വിരേഫേ
ഹ ഹന്ത ഹന്ത! നളിനീം ഗജ ഉജ്ജഹാര.

കാ വാർത്താ ഹ്യതിദൂർബലോ ∫ സി കുശലം പ്രീതോ ∫ സ്മി തേ ദർശനാത്
ഏവം യേ സമുപാഗതാൻ പ്രണയിനഃ പ്രഹ്ലാദയന്ത്യാദരാത്
തേഷാം യുക്തമശങ്കിതേന മനസാ ഹർമ്മ്യാണി ഗന്തും സദാ

കവി : വിഷ്ണു ശർമൻ, കൃതി : *പഞ്ചതന്ത്രം*

3.635 എത്ര കഷ്ടമിതത്രപിയായ. . . (കർത്താ)

കുസുമമഞ്ജരി

എത്ര കഷ്ടമിതത്രപിയായ പവമാനനോടു പറയുന്നതെ-
ന്നത്തലാതുമിതു കേട്ടതില്ലതു പുറത്തതിന്നു കരുതും വിധൗ
ഇത്തരം ഭ്രമകപ്പെടും വചസി ചിത്തയോനിട്ടജവിക്രമം
ചിത്തകാമ്പിൽ വളരുന്നകാലമിതു കേൾപ്പിതുണ്ടഖില കാമിനാം.

കവി : മഴമംഗലം, കൃതി : *ഭാഷാനൈഷധം ചമ്പു*

3.636 ഈ രമ്യാമയമാം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഈ രമ്യാമയമാം പ്രഭാതസമയം പാഴാക്കിടാതേൽക്ക; നിൻ
താരഞ്ചും തരളാഭമാം മിഴിതുറന്നീടെന്റെ പൂമ്പൈതലേ!
ആരക്കണ്ണിനു ജീവനേകി, യവനല്ലാതർഹനാരാണതിൻ
സ്ഫാരശ്രീ തിരിയേ, യെടുപ്പതിനവൻ തൽകൃത്യവും ചെയ്യുപോൽ.

കവി : ചങ്ങമ്പുഴ, കൃതി : *ഗീതാഞ്ജലി*

3.637 ആമട്ടോർക്കുകിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആമട്ടോർക്കുകി, ലാത്മഹർഷകരമാം തേൻപൊയ്കയെക്കാളു, മാ
പ്രേമസ്നിഗ്ധഹൃദന്തയായി വിലസും മൈക്കണ്ണിയെക്കാട്ടിലും,
ആമോദപ്രദമാണു പൂവനികയും, ത്രുമന്തിരിച്ചാറു, മാ
സീമാതീതലയാനുരഞ്ജിതലസദ്വീണാനിനാദങ്ങളും!

കവി : ചങ്ങമ്പുഴ

3.638 ആരണ്യാന്തരഗഹ്വരോദര. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ആരണ്യാന്തരഗഹ്വരോദരതപസ്ഥാനങ്ങളിൽ, സൈന്ധവോ-
ദാരശ്യാമമനോഭിരാമപുളിനോപാന്തപ്രദേശങ്ങളിൽ
ആ, രന്തർമുഖമിപ്രപഞ്ചപരിണാമോദ്ഭിന്നസർഗക്രിയാ-
സാരം തേടിയലഞ്ഞു പ, ണ്ടവരിലെച്ചൈതന്യമെൻ ദർശനം

കവി : വയലാർ രാമവർമ്മ, കൃതി : *സർഗ്ഗസംഗീതം*

3.639 അന്നൊത്തപോക്കീ. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അന്നൊത്തപോക്കീ, കുയിലൊത്ത പാട്ടീ,
തേനൊത്ത വാക്കീ, തിലപുഷ്പമൂക്കീ,
ദരിദ്രയില്ലത്തെ യവാഗുപോലെ
നീണ്ടിട്ടിരിക്കും നയനദ്വയത്തീ.

കവി : തോലൻ

3.640 ദൈവം നേരേ തിരിഞ്ഞൂ. . . (കർത്താ)

സ്രഗ്ധര

ദൈവം നേരേ തിരിഞ്ഞൂ; ദയ നരവരനിൽത്തെല്ലുമില്ലാതെ മാഞ്ഞൂ;
ശ്രീവഞ്ചീശൻ മുഷിഞ്ഞൂ; ചിലരുടനവിടെയ്ക്കേഷണിക്കാരണഞ്ഞൂ;
സേവയ്ക്കില്ലം പറഞ്ഞൂ; സകലരുമവിടെക്കോപമേറിച്ചമഞ്ഞൂ;
ഭാവം പാരം മറിഞ്ഞൂ; പരമിനിവരുവാൻ പോന്നതന്നാരറിഞ്ഞൂ?

കവി : കൊട്ടാരത്തിൽ ശങ്കുണ്ണി, കൃതി : *കേരളവർമ്മ ശതകം*

3.641 സംസാരാമയബാധയാൽ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

സംസാരാമയബാധയാൽ മഥിതനായ് ഞാൻ പേയുരയ്ക്കാം, ഭവത്-
സംസത്തിൽ സുഖഭോഗവസ്തുനിചയം യാചിച്ചുവെന്നും വരാം,
കംസാരേ! കൃപയാൽ ഭവാനനുവദിച്ചീടായ്കതൊന്നും, ഭവ-
ധ്വംസാർത്ഥം നിരവദ്യഭക്തിയരുളാൻ മാത്രം പ്രസാദിക്കണേ!

കവി : വി. കെ. ജി.

3.642 കന്നൽക്കണ്ണികൾ മൗലിരത്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കന്നൽക്കണ്ണികൾ മൗലിരത്നകലികാരൂപം ധരിച്ചാദരാൽ
പൊന്നിന്മാലയണിഞ്ഞു പൂതന തദാ മന്ദം നടന്നീടിനാൾ
പിന്നെച്ചെന്നവൾ ഗോകുലേ കളർമുലക്കുന്നിന്നുമീതേ ചിരം
മിന്നും ചന്ദ്രിക പോലെ മന്ദഹസിതം ലുകിപ്പറഞ്ഞീടിനാൾ

കവി : അശ്വതി തിരുനാൾ, കൃതി : *പൂതനാമോക്ഷം*

3.643 പൂണെല്ലുന്തിച്ചടച്ചാടിയ. . . (ഉമേഷ്)

സ്രഗ്ധര

പൂണെല്ലുന്തിച്ചടച്ചാടിയ മമ കവിതപ്പയ്യിനേയന്തിനേര-
ത്താണല്ലൊ ഞാൻ കറക്കാൻ മുതിരുവതു ഭവാനിഷ്ടനൈവേദ്യമേകാൻ;
താണേൻ, ന്യൂനേനകിട്ടിൽപ്പലകുറി, യൊടുവിൽച്ചെറ്റു കൈവന്ന ദുഗ്ധം
നാണം കെട്ടാണു വയ്ക്കുന്നതു പദമലരിൽ, ഗോകുലാനന്ദമൂർത്തേ!

കവി : വി. കെ. ജി.

3.644 തദനു മദനലീലാ. . . (കർത്താ)

മാലിനി

തദനു മദനലീലാലോലബാലാബലാളീ-
വദനകമലലീനൈരീക്ഷണൈരിന്ദ്രലോകേ
അരമത സുരപാളീലാളിതോ ദേവരാജോ
മരകതമണിലീലാമന്ദിരേ മന്ദമന്ദം.

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ഭാരതം ആട്ടക്കഥ*

3.645 അല്ലോളം തവ മന്ദഹാസ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

അല്ലോളം തവ മന്ദഹാസനികടേ കോലും നിലാവും കറു;-
പ്പല്ലിന്നുണ്ടു നിലാവൊളം വെളുവെളുപ്പുല്ലാസി കേശാന്തികേ;
കല്ലോളം കടുതെന്നു തോന്നുമൊരിളം പൂ, മെയ് തൊടുന്നോർക്കഹോ!;
കല്ലും പല്ലവകോമളം തവ മനം ചിന്തിക്കിലേണേക്ഷണേ!

3.646 കുളിർത്ത മണിമാറു. . . (രാജേഷ്)[132]

പൃഥ്വി

കുളിർത്ത മണിമാറു ചേർത്തമൃതമൂട്ടി ശാസ്ത്രാവുമായ്-
ക്കളിച്ചു പ്രണയാർദ്രമാം മിഴികളീശനിൽത്തുകിയും
കിളർന്ന മദനാഗ്നിയിൽ മദനവൈരിയെച്ചുട്ടു നീ
വിളങ്ങുക രമാപതേ മനസി മോഹിനീരൂപനായ്!

കവി : രാജേഷ് വർമ്മ

3.647 കിടത്തി ജടയിൽപ്പിടിച്ച്. . . (ഉമേഷ്)[133]

പൃഥ്വി

കിടത്തി ജടയിൽപ്പിടിച്ചൊരുവളെ, പ്പുരയ്ക്കുകി ത-
ന്നിടത്തുവശമാകവേ - പരിഭവങ്ങൾ തീർത്തിട്ടു, താൻ
കൊടുത്തൊരു വരത്തിനാൽ വലയവേ, സഹായത്തിനാ-
യടുത്തവളൊടൊത്തൊരാ മദനവൈരിയെക്കൈതൊഴാം!

കവി : ഉമേഷ് നായർ

3.648 കളായകുസുമങ്ങളേ. . . (ജീവി)

പൃഥ്വി

കളായകുസുമങ്ങളേ, നവപയോദപോതങ്ങളേ,
മദാന്ധമധുപങ്ങളേ, മുദിതനീലകണ്ഠങ്ങളേ,
തമാലവിടപങ്ങളേ, യമുനയേത്തുമോളങ്ങളേ,
തുണയ്ക്കുക മുകുന്ദനെൻ നിനവിനങ്ങളിൽ തങ്ങുവാൻ.

കവി : വി. കെ. ജി

3.649 തെല്ലുചാറ്റൽമഴ കൊണ്ടവാറു. . . (ഹരി)

കുസുമമഞ്ജരി

തെല്ലുചാറ്റൽമഴ കൊണ്ടവാറു പിടിപെട്ട രുക്ഷ ജലദോഷവും
തുമ്മലോ,ടവശനാക്കിടും കൊടിയ ചീറ്റലും,പരമ സങ്കടം
ചെഞ്ചിടയ്ക്കുനടുവിൽ മഹാനദി കളത്രമായ് കുടിയിരിക്കുമാ
മുപ്പുരാന്തക! ഭവാന്റെ ദൈന്യനിലയോർക്കവയ്യ,പ്രണമിപ്പു ഞാൻ

കവി : ഹരിദാസ്

3.650 ചൂടും പൂവിനു ശണു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ചൂടും പൂവിനു ശണുകൂടുമിരുപേർദ്ദാരങ്ങൾ,കള്ളും കുടി-
ച്ചാടും ജ്യേഷ്ഠ, നഴന്ന കാട്ടിലലയും ബന്ധുക്കളും തോഴരും,
കൂടും പെൺകൊതിയാൽ പരന്റെ തടവിൽ പർത്തോരു പൗത്രൻ, ഹരേ!
വേടൻ തൻ കണ ശാഖിയിൽ തവ ശവം തൂങ്ങാതെ രക്ഷിച്ചതോ?

കവി : വി. കെ. ജി

3.651 കാറ്റിൽ ചാഞ്ഞുചരിഞ്ഞുലഞ്ഞു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാറ്റിൽ ചാഞ്ഞുചരിഞ്ഞുലഞ്ഞു രസമായാടുന്ന പൂവല്ലി പോ,-
ലാറ്റിൻ കുത്തിയൊഴുക്കിലാടിയുലയും നീലക്കരിമ്പണ്ടി പോൽ,
ചേറ്റിൽത്താഴ്ന്നിലുമാർദ്രമാം മുഖമിയന്നീടുന്ന വെള്ളാമ്പൽ പോൽ,
നാട്ടിൽ ചിങ്ങമിയന്ന ലീലകൾ നുകർന്നുല്ലാസമോരുന്ന ഞാൻ!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.652 ചൂടായ്കിൽ തുളസീദളം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ചൂടായ്കിൽ തുളസീദളം, യമഭടത്തല്ലിങ്ങു ചൂടായ്വരും;
പാടായ്കിൽ തിരുനാമ, മന്തകഭടന്മാരിങ്ങു പാടായ്വരും;
കൂടായ്കിൽ സുകൃതങ്ങൾ ചെയ്വതിനഹോ പാപങ്ങൾ കൂടായ്വരും;
വീടായികിൽ കടമേവനും നരകമാം നാടിങ്ങു വീടായ്വരും

കവി : വെണ്മണി വിഷ്ണുനമ്പൂതിരി

3.653 കിട്ടീലെന്നു കഥിക്കുവാൻ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

കിട്ടീലെന്നു കഥിക്കുവാൻ വഴിതരാതേകണ്ടു കാലൻ മിന-
ക്കെട്ടെത്തിച്ചിതു മൂന്നു കണ്ണുകൾ! മറന്നാലോ മരിക്കും കഥ?
ഞെട്ടീലാ നര വന്നപോതു, നയനം മങ്ങീടവേ, മാനസം
ചുട്ടീലാ ചില പല്ലു പോകെ; യമനെപ്പാഴിൽപ്പഴിക്കില്ല ഞാൻ.

കവി : വി. കെ. ജി.

3.654 ഞാനച്ഛനോളം. . . (ജ്യോതി)

ഇന്ദ്രവജ്ര

ഞാനച്ഛനോളം വലുതായിയെങ്കിൽ
ജ്യേഷ്ഠന്റെ പേരേ പറയുള്ളു പിന്നെ
“ഇങ്ങോട്ടുവാടാ ബലരാമ”, നെന്ന-
ങ്ങെന്റൊച്ച കേട്ടിട്ടു വിറയ്ക്കുമേട്ടൻ

3.655 ഇത്ഥം വാതാത്മജാതഃ. . . (കർത്താ)

സ്രുദ്ധര

ഇത്ഥം വാതാത്മജാതഃ സദയമനുനയന്നാത്മകാന്താം നിശാം താം

[132] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം (’ക’യ്ക്ക്.).

[133] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം (’ക’യ്ക പൃഥ്വിയിൽ).

നീത്വാ പശ്ചാദ്ദിനാന്തേ തമസി തമഹിതം പ്രത്യവേക്ഷ്യാധ്വവാത്സീൽ
നൃത്താഗാരം മൃഗാരിർദ്വിപമിവ നിഭൃതം സൂതസൂനുർന്നിദേശാൽ
കൃഷ്ണാകാമാന്തകാനാം തദനു തദുപഗമ്യാത്തമോദം ജഗാദ.

കവി : ഇരയിമ്മൻ തമ്പി, കൃതി : *കീചകവധം*

3.656 നാവാ നാവാമുകുന്ദസ്മരണ. . . (ജീവി)

സ്രുദ്ധര

നാവാ നാവാമുകുന്ദസ്മരണ മരണമാകുംവരെത്തേവരേ തേ
പാടാം പാടാകെ മാറ്റിക്കളക കളകളാഭാവിശേഷം വിശേഷം.
നേരാം നേരാം വിധം സംഭവതു ഭവദുയിർഭാരമാകാ രമാകാ-
മാർത്തൻ മാർത്തട്ടിലേത്തും തരികൾ തരിക പുണ്യോത്തരം മേത്തരം മേ.

3.657 നൃത്യദ്ധൂർജ്ജടികരഗത. . . (കർത്താ)

ഡമരുകരവം

നൃത്യദ്ധൂർജ്ജടികരഗതദമരുകഡുമുഡുമുപടുരവപരിപന്ഥിന്യഃ
കല്പക്ഷ്മാരുഹവികസിതകുസുമജമധുരസമധുരിമസഹചാരിണ്യഃ,
മന്മഥക്ഷ്മാധരവിമഥിതജലനിധിഘുമുഘുമുഘലനരവമദമന്ഥിന്യഃ
ശൈലാബ്ധീശ്വരനൃപവര, വിദധതു ബുധസുഖമയി തവ വചസാം ശ്രേണ്യഃ

കവി : ഉദ്ദണ്ഡ ശാസ്ത്രികൾ

3.658 മന്ദാരപ്പൂക്കൾ വൃന്ദാരക. . . (ജീവി)

സ്രുദ്ധര

മന്ദാരപ്പൂക്കൾ വൃന്ദാരകവിധുമുഖിമാർ ളുകവേ, സനുനീനാം
വൃന്ദം നന്ദിച്ച "നാരായണ ഹരിഹരി"യെന്നുച്ചകൈരുച്ചരിക്കെ,
മന്ദസ്മേരാസ്യമാരാം വ്രജയുവതികളൊന്നിച്ചു നൃത്തം ചവിട്ടും
നന്ദൻ തൻ പുണ്യപൂരം, പവനപുരകൃപാകന്ദളം ഭാവയേഹം.

3.659 മാർഗേ തത്ര നഖമ്പചോഷ്മള. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മാർഗേ തത്ര നഖമ്പചോഷ്മളരജഃ പുഞ്ജേ ലലാടം തപ–
ഗ്രീഷ്മോഷ്മദ്യുതിതാമ്യദാനനസരോജാതാം വിലോക്യാദരാൽ
വാത്യോദ്ധൂളിതധൂളിജാലമലിനച്ഛായാം സ ധർമ്മാത്മജോ
മദ്ധ്യാഹ്നേ പരിദൂയമാനഹൃദയാം താമബ്രവീൽ ദ്രൗപദീം.

കവി : കോട്ടയത്തു തമ്പുരാൻ, കൃതി : *കിർമീരവധം ആട്ടക്കഥ*

3.660 വക്കാണത്തിനു വന്ന വാനവർകളെ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

വക്കാണത്തിനു വന്ന വാനവർകളെപ്പായിച്ച മറ്റേവക–
ക്കാർക്കാണീയുലകെന്നു വന്നതു കണക്കല്ലെന്നു കണ്ടിട്ടുടൻ
മുക്കണ്ണൻ തിരുമേനി മുഷ്ക്കാടുമിടഞ്ഞേറ്റിട്ടു ചെന്തീയണി–
ത്തുക്കണ്ണൊന്നു തുറന്നവാറു വെളിയിൽ കാണായ തായേ തൊഴാം!

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃതി : *നല്ല ഭാഷ*

3.661 മാറില്ലെന്ന വിധം പരസ്പരം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മാറില്ലെന്ന വിധം പരസ്പരമുരച്ചെന്നും പിണങ്ങുന്നൊരീ
നാരീകൊങ്കുകൾ രണ്ടിനേയുമൊരുപോൽ നീ ഭംഗിയാക്കുന്നഹോ!
ചാരുശ്രീ കലരുന്ന ഹാരലതികേ, ചേലുറ്റ നിന്നുള്ളിനെ–
പ്പൂരിക്കുന്നൊരു സൂത്രമിത്ര വലുതാണെന്നോർത്തിരുന്നീല ഞാൻ!

കവി : ഗ്രാമത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ

3.662 ചെറുപ്പകാലങ്ങളിലുള്ള. . . (ഹരി)

ഇരുവഞ്ജ/ഉപേന്ദ്രവജ്ര

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം
കാരസ്കരത്തിൻ കരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.663 കിട്ടാതെ പോകട്ടെ. . . (ഉമേഷ്)

ഇരുവഞ്ജ

കിട്ടാതെ പോകട്ടെ നരേന്ദ്രപട്ടം
പൊട്ടിത്തെറിക്കട്ടെ ശിരസ്സു രണ്ടായ്
വെട്ടിപ്പിളർക്കട്ടെ രിപുക്കൾ കണ്ടും
ചട്ടറ്റ ധർമ്മത്തെ വെടിഞ്ഞിടാ ഞാൻ

കവി : എ. ആർ. രാജരാജ വർമ്മ

3.664 വിധിപോലെ വരും. . . (ജീവി)

വിയോഗിനി

വിധിപോലെ വരും സമസ്തവും
വിഫലം നമ്മുടെയാത്മകാമിതം.
വിലപിപ്പതിലർത്ഥമില്ല - ഹാ,
വിഷമം തന്നെ മനുഷ്യ ജീവിതം.

കവി : ചങ്ങമ്പുഴ, കൃതി : *അപരാധികൾ (തപ്തസന്ദേശം)*

3.665 വെയ്ക്കാനന്തിവിളക്കു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വെയ്ക്കാനന്തിവിളക്കു, വീടു ശുചിയായ് വെക്കാൻ, രുചിക്കും വിധം
വെയ്ക്കാൻ ഭക്ഷണ, മെന്നകത്തു കുടിവെയ്ക്കാൻ പ്രേമ സർവസ്വമായ്
വെയ്ക്കാൻപങ്കുസുഖാസുഖങ്ങ, ളഖിലം നീ സമ്മതം മൂളുകിൽ
വെയ്ക്കാം കൈമലരെന്റെ കയ്യിൽ വിജയിച്ചീടട്ടെ മജ്ജീവിതം!

3.666 വൃത്തം വൃത്തിയിലൊത്തിണങ്ങി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വൃത്തം വൃത്തിയിലൊത്തിണങ്ങി രസമായ്, സംഗീതസമ്പന്നമായ്
ചിത്തംതോറുമലിഞ്ഞുചേർന്നുചിതമായ്, ചൈതന്യസമ്പൂർണ്ണമായ്,
അർത്ഥം കൊയ്യു മെതിച്ചു ചേറി,യറിവിൻ ശുവെള്ളനൈവേദ്യമായ്-
പ്പാത്രത്തെപ്പുരുധന്യമാക്കിനിറയും ശ്ലോകങ്ങളേ വന്ദനം!

കവി : പി. എൻ. വിജയൻ , കൃതി : *ശ്ലോകസ്തോത്രപഞ്ചകം.*

3.667 അർക്കശ്ലഷ്ണഫലകോമളസ്തനീ. . . (ജീവി)

രഥോദ്ധത

അർക്കശ്ലഷ്ണഫലകോമളസ്തനീ
തിന്ത്രിണീദലവിശാലലോചനേ
നിംബപല്ലവസമാനകേശിനീ
കീകസാത്മജമുഖീ വിരാജസേ.

കവി : തോലൻ

3.668 നന്നല്ലിബ്ഭാഷയേതും. . . (കർത്താ)

സ്രഗ്ധര

നന്നല്ലിബ്ഭാഷയേതും നലമൊടു വിബുധന്മാരു വാഴ്ത്തും വിധത്തിൽ–
ക്കുന്നിക്കും ഭങ്ഗിതേടും പല പുതിയ പരിഷ്കാരവും ചേർത്തിടേണം
എന്നെല്ലാമോതി നന്നായ് സഖികളുടനലങ്കാരമോരോന്നു ചേർക്കും
കുന്നിൻപെൺപൈതലാൾതന്നുടെ കുളിർപുതുമെയ് പേർത്തുമിന്നോർത്തിടേണം.

കവി : ലക്ഷ്മീപുരത്തു രവിവർമ

3.669 എന്നാലും താതനല്ലേ?. . . (ഹരി)

സ്രഗ്ധര

എന്നാലും താതനല്ലേ? പുനരവിടെ നടക്കുന്നതും യാഗമല്ലേ?
ചെന്നാലും നിങ്ങളല്ലേ? പരമവിടെ വിശേഷിച്ചു ചെല്ലേണ്ടതല്ലേ?
ഇന്നെന്താണീഷ്ടമില്ലേ? തവ തിരുവെഴുനള്ളത്തിനിബ്ഭാവമില്ലേ?
നന്നല്ലേ മട്ടു, വല്ലെങ്കിലുമിഹ മമ വാക്കിന്നു സിദ്ധാന്തമല്ലേ?

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.670 ഇവിടെയിളയ തെന്നൽ. . . (കർത്താ)

വസന്തമാലിക

ഇവിടെയിളയ തെന്നൽ തന്നിൽ മുങ്ങീ-
ട്ടവികലനിർമലരാക പോകുവാൻ നാം
എവിടെ മണമിതുദ്ഭവിപ്പുവങ്ങെ-
ന്നവിതഥ ജീവിതദൈവതം വസിപ്പൂ.

കവി : കുമാരനാശാൻ, കൃതി : *ലീല*

3.671 ഏതോ സ്വാസ്ഥ്യവിരോധി. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ഏതോ സ്വാസ്ഥ്യവിരോധി വേദന മധിച്ചുദ്ഭ്രാന്തമാവുന്നൊരെൻ
ചേതോവൃത്തിയിതെന്തിനോ ഹഹ! വിതുമ്പാറുണ്ടിടയ്ക്കൊക്കെയും
കാതോർത്താക്കരുണാർദ്രയമ്മയണയാമെന്നെങ്കിലും, തൻ നറും-
പാൽ തോയുന്ന പയോധരങ്ങളരുളീടുൾത്താർ കുളിർപ്പിക്കുവാൻ.

കവി : ടി. എം. വി.

3.672 കാരുണ്യക്കടലേ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാരുണ്യക്കടലേ, പരർക്കു ചൂടലേ, ഗോപാംഗനാമാനസ-
ത്താരേന്ദ്രം തുടലേ, തുനിഞ്ഞു തുടരെക്കൊള്ള മറക്കാതലേ,
സാരസ്യത്തളിരേ, മനസ്സു കുളിരെത്തുക്കണ്ണയച്ചാഗമ-
ത്തേരോട്ടും കരമേ, കനിഞ്ഞു കുരു മേ സാഹായ്യ, മോങ്കാരമേ!

കവി : വി. കെ. ജി.

3.673 സഭാജനവിലോചനൈഃ. . . (കർത്താ)

പൃഥ്വി

സഭാജനവിലോചനൈസ്സമനിപീതരൂപാമൃതാം
സഭാജനകരാംബുജാം സവിധമാഗതാം പാർഷതീം
സഭാജനപുരസ്സരം സമുപസൃത്യ സൂതാത്മജഃ
സ ഭാജനമഥോ മുദാം സരസമേവമൂചേ വചഃ

കവി : ഇരയിമ്മൻ തമ്പി, കൃതി : *കീചകവധം ആട്ടകഥ*

3.674 സത്ക്കാരമേകാനയി. . . (ബാലേന്തു)[134]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സത്ക്കാരമേകാനയി പാന്ഥ കേൾക്ക
തൽക്കാലമിങ്ങില്ല ഗൃഹാധിനാഥൻ
പയോധരത്തിന്റെയുയർച്ച കണ്ടി-
ട്ടീയാധിയെങ്കിൽപ്പുലരെഗ്ഗമിക്കാം.

3.675 പ്രമദാകുലം കുരുവരാംബര. . . (കർത്താ)

മഞ്ജുഭാഷിണി

പ്രമദാകുലം കുരുവരാംബരാർത്ഥി തത്
പ്രമദാകുലോഥ പരിരഭ്യ സാദരം
സഹസാ രഥീ രണജിഗീഷയോത്തരഃ
സഹസാരഥീ നിജപുരാൽ പ്രതസ്ഥിവാൻ.

കവി : ഇരയിമ്മൻ തമ്പി, കൃതി : *ഉത്തരാസ്വയംവരം ആട്ടക്കഥ*

3.676 സരസപല്ലവകോമളമായ. . . (ഉമേഷ്)[135]

ദ്രുതവിളംബിതം

സരസപല്ലവകോമളമായ നിൻ
ചരണതാരിനു ചഞ്ചലലോചനേ!
പരുപരുത്ത മരത്തിലണയ്ക്കയാൽ
പറക, ചെറ്റൊരു വേദന പറ്റിയോ?

കവി : എ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *മാളവികാഗ്നിമിത്രം പരിഭാഷ*

[134] ഇതു മുതൽ 11 ശ്ലോകങ്ങൾ ഒന്നിടവിട്ടു സയും പയും കൊടുക്കുന്നവയാണ്. (സാ . . . പ)

[135] [*ഉമേഷ്*] ശ്ലോകം **3.676 :** മൂലശ്ലോകം (കാളിദാസൻ) :

കിസലയമൃദോർവിലാസിനി! / കഠിനേ നിഹിതസ്യ പാദപസ്യന്ധേ
ചരണസ്യ ന തേ ബാധാ / സംപ്രതി വാമോരു! വാമസ്യ.

3.677 പത്നീവചസ്സാൽ. . . (ബാലേന്ദു)

ഇന്ദ്രവജ്ര

പത്നീവചസ്സാൽക്കലിമൂത്തിടും നാൾ
അത്താഴമുണ്ണാതിവനൃരു ചുറ്റും
സത്യത്തിലേവം മമ സ്വാസ്ഥ്യതത്ത്വം
നിത്യോപവാസം, പതിവായ് നടപ്പും.

കവി : ബാലേന്ദു

3.678 സകലസുരാസുരാദി. . . (ഉമേഷ്)

നർക്കുടകം

സകലസുരാസുരാദിശരണീകരണീയപദഃ
കരിവദനഃ കരോതു കരുണാജലധിഃ കുശലം
പ്രബലതരാന്തരായതിമിരൗഘനിരാകരണ-
പ്രസ്മരചന്ദ്രികായിതനിരന്തരദന്തരുചിഃ

കവി : എ. ആർ. രാജരാജവർമ്മ

3.679 പുരാണമിത്യേവ. . . (രാജേഷ്)[136]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരേൽ ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ

കവി : കാളിദാസൻ, കൃതി : *മാളവികാഗ്നിമിത്രം*

3.680 സ്ത്രീണാമശിക്ഷിതപടുത്വം. . . (ഉമേഷ്)[137]

വസന്തതിലകം

സ്ത്രീണാമശിക്ഷിതപടുത്വമമാനുഷീഷു
സന്ദൃശ്യതേ, കിമുത യാഃ പ്രതിബോധവത്യാഃ
പ്രാഗന്തരിക്ഷഗമനാത് സ്വമപത്യജാത-
മന്യൈഃ ഖഗൈഃ പരഭൃതാഃ ഖലു പോഷയന്തി

കവി : കാളിദാസൻ, കൃതി : *അഭിജ്ഞാനശാകുന്തളം*

3.681 പ്രഥമവയസി ദത്തം. . . (ഹരി)

മാലിനി

പ്രഥമവയസി ദത്തം തോയമൽപം സ്മരന്തഃ

---

[136] [*രാജേഷ്*] ശ്ലോകം **3.679 :** പരിഭാഷ (എ. ആർ. രാജരാജവർമ്മ) :

നന്നല്ല കാവ്യമഖിലം പഴതെന്നു ചൊന്നി–
ട്ടൊന്നോടെ നിന്ദിതവുമല്ല നവത്വമൂലം
വിജ്ഞൻ വിചാരണ കഴിച്ചു തെരഞ്ഞെടുക്കും;
അജ്ഞനു വല്ലവരുമോതുവതാം പ്രമാണം.

[137] [*ഉമേഷ്*] ശ്ലോകം **3.680 :** പരിഭാഷ (കേരളവർമ്മ വലിയകോയിത്തമ്പുരാൻ) :

സ്ത്രീകൾക്കശിക്ഷിതപടുത്വമമാനുഷിക്കു–
മാകല്യ, മെന്തു പറയേണ്ടതു മാനിഷിക്ക്?
ആകാശദേശഗമനത്തിനു മുമ്പപത്യം
കാകാലയത്തിൽ മുരികത്തി വളർത്തിടുന്നു.

ശിരസി നിഹിതഭാരാ നാളികേരാ നരാണാം
സലിലമമൃതകൽപം ദദ്യുരാജീവനാന്തം
നഹി കൃതമുപകാരം സാധവോ വിസ്മരന്തി

കവി : ശാർങ്ഗധരൻ

3.682 സാരം ഭ്രമിയിലേതു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സാരം ഭ്രമിയിലേതു ദേശമധികം? ശ്രീവഞ്ചിരാജ്യം സഖേ!
പാരം സൗഖ്യമതിങ്കലെങ്ങു വസതി? യ്ക്കോതാമനന്താലയം!
പാരിൽ കീർത്തി പരം പുകഴ്ന്ന നൃപനോ? ശ്രീമൂലകക്ഷ്മാപനാ-
ണാരാകുന്നിതു സേവ്യനേവനുമഹോ? ശ്രീപദ്മനാഭൻ പരൻ!

കവി : രാമകൃഷ്ണശാസ്ത്രി

3.683 പഴയതഖിലമെന്നും. . . (ബാലേന്ദു)[138]

മാലിനി

പഴയതഖിലമെന്നും ശ്രേഷ്ഠമാമെന്നുമില്ലാ
പുതിയതുമതുപോലേ വർജ്യമല്ലാകെ മൊത്തം
സതതമറിവെഴുന്നോർ നല്ലപോലൊക്കെ നോക്കീ-
ട്ടിനിയവ തരമാക്കും, മൂഢനൗചിത്യമുണ്ടോ?

കവി : ബാലേന്ദു / കാളിദാസൻ

3.684 സ്മരനുടെ സമരത്തിൽ. . . (ഉമേഷ്)

മാലിനി

സ്മരനുടെ സമരത്തിൽച്ചെയ്തോരാ സാഹസത്താൽ
പരവശതരയായ് ഞാൻ ചേർന്നുറങ്ങുന്ന നേരം
പരിചൊടു കവിൾതന്നിൽ കാന്തനൊന്നുമ്മ വെച്ചാൻ;
പരഭൃതമൊഴി! ഞാനും മാരനും കൂടുണർന്നു.

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ, കൃതി : *രസസ്വരൂപനിരൂപണം*

3.685 പലവിധമുപദേശം. . . (കർത്താ)

മാലിനി

പലവിധമുപദേശം പുണ്യവാന്മാർ വഴിക്ക-
ക്ഖലരിലറിവുദിപ്പാനേകി നിർമ്മായനീശൻ;
ഛലമിയലുമവർക്കാ നീതിവാക്യങ്ങൾ മൂലം
ഫലമൊരു ലവലേശം സംഭവിച്ചില്ല കഷ്ടം!

കവി : കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കൃതി : *: ശ്രീയേശു വിജയം*

3.686 ഛന്ദസ്സിൻ താളമാത്രാ. . . (ഉമേഷ്)

സ്രഗ്ധര

ഛന്ദസ്സിൻ താളമാത്രാഗുരുലഘുയതിവിന്യാസസൗഭാഗ്യമുള്ളിൽ-
ത്തന്നത്താനേ വളർത്തി, സ്സഹൃദയസമുദായത്തിലംഗത്വമേകി,
അന്യൂനോച്ചാരണാർത്ഥസ്ഫുടത പരിചയം കൊണ്ടുറപ്പിച്ചു, ശിഷ്യർ-
ക്കന്നന്നായ് പാഠമേകുന്നൊരു ഗുരുവരനാണക്ഷരശ്ലോകസൂരി!

കവി : വി. കെ. ജി.

3.687 അനന്തമജ്ഞാതം. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അനന്തമജ്ഞാതമവർണ്ണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗ്ഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തറിഞ്ഞു?

കവി : നാലാപ്പാടൻ, കൃതി : *കണ്ണുനീർത്തുള്ളി*

3.688 ആരാൽപ്പൂവനിതന്നിൽ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ആരാൽപ്പൂവനിതന്നിൽ മന്ദമലയും പാറ്റക്ക പിമ്പേ വിടർ-
ന്നോരത്തുമിഴിചേർത്തടക്കമിയലാതോടും മണിക്കുഞ്ഞിലും
നീ രാജിപ്പു മനോജ്ഞതേ! വിപുലമാം ഭോഗാഭിലാഷങ്ങൾ തൻ
തോരാച്ചണ്ഡമരുത്തിൽ നിശ്ചലിതനായ് നിൽക്കും മുനീന്ദ്രങ്കലും.

കവി : ഇടശ്ശേരി ഗോവിന്ദൻ നായർ, കൃതി : *അളകാവലി*

3.689 നീയാം സ്നേഹപയോധരത്തെ . . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

നീയാം സ്നേഹപയോധരത്തെയൊരുനാളെത്തിപ്പിടിച്ചേൻ, ഞൊറി-
ഞ്ഞീ യാഗാശ്രമമൺവിളക്കിനരുകിൽ രാമാംബരം നീർത്തുവാൻ;
മായാംഭോധി കടഞ്ഞുയർന്ന കവിതേ! നീ നിന്റെയന്തർമ്മുഖ-
ശ്രീയാലെന്നിൽ വിരിച്ച ദിവ്യസുരഭീപുഷ്പങ്ങളോർക്കുന്നു ഞാൻ

കവി : വയലാർ

3.690 മൂടിക്കെട്ടിയ മൗനമല്ല. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മൂടിക്കെട്ടിയ മൗനമല്ല, നിഴലിൻ നീലത്തടാകങ്ങളിൽ
വാടിക്കുമ്പിയ മോഹഭംഗമലരിൻ മൊട്ടല്ല മുത്തല്ല ഞാൻ
കാടിന്നുള്ളിലരിച്ചു വീണ വെയില,ല്ലന്തർമുഖദ്ധ്യാനമാം
കൂടിന്നുള്ളിലെ നിദ്രയല്ല, പുലർകാലത്തിൻ ചുവപ്പാണു ഞാൻ.

കവി : വയലാർ, കൃതി : *അദ്ധ്യാനത്തിൻ വിയർപ്പാണു ഞാൻ*

---

[138] **[*ബാലേന്ദു*] ശ്ലോകം 3.683 :** ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. (പ-സ ശ്ലോകം.) മൂലശ്ലോകം (**കാളിദാസൻ**) :

പുരാണമിത്യേവ ന സാധു സർവ്വം
ന ചാപി കാവ്യം നവമിത്യവദ്യം
സന്തഃ പരീക്ഷ്യാന്യതരേൽ ഭജന്തേ
മൂഢഃ പരപ്രത്യയനേയബുദ്ധിഃ

3.691 കൽക്കണ്ടം മുന്തിരിങ്ങാപ്പഴം. . . (ഋഷി)

സ്രഗ്ധര

കൽക്കണ്ടം, മുന്തിരിങ്ങാപ്പഴ, മട, വട, നെയ്പ്പായസം, തേൻവരിക്ക–
ച്ചക്കത്തുണ്ടം, പഴം, പാൽ, പൊരിമല, രവി, ലപ്പം, ഗ്ലളം, നാളികേരം –
ഇക്കോപ്പെല്ലാം തരാം ഞാൻ, കടവയറിതു തിന്നൊട്ടു വീർപ്പിച്ചൊരോട്ട-
ത്തുക്കണ്ണിട്ടെന്നെ രക്ഷിക്കുക തുഹിനഗിരിപ്പെൺകിടാവിൽ കിടാവേ!

കവി : ശീവൊള്ളി

3.692 ഈ നമ്മൾ നമ്മളുടെ നന്മ. . . (ജീവി)

വസന്തതിലകം

ഈ നമ്മൾ നമ്മളുടെ നന്മ നിനയ്ക്ക നല്ല
ശ്രീ ന്യനമാർക്കുമുളവാമിഹ യത്നമാർന്നാൽ,
ഹാ! നമ്മിലീശകൃപയാലുയരുന്ന ഭാഗ്യം!
'ശ്രീ-നാ-ധ-പാ'ഖ്യകലരുന്ന മഹാർഹ'യോഗം'

കവി : കുമാരനാശാൻ, കൃതി : *തീയ്യക്കുട്ടിയുടെ വിചാരം*

3.693 ഹരിണാങ്കനഹോ. . . (കർത്താ)

വസന്തമാലിക

ഹരിണാങ്കനഹോ! പിരിഞ്ഞതിൽപ്പി-
മ്പരികത്തൊന്നണയാത്തതോർക്കയാലോ
അരിയോരുദയാശതൻ മുഖം തെ-
ല്ലരിശം കൊണ്ടവിധം ചുകന്നിരുന്നു.

കവി : കുറ്റിപ്പുറത്ത് കേശവൻ നായർ, കൃതി : *കാവ്യോപഹാരം*

3.694 അക്ലൃഷ്ണനാമഗദ. . . (ജീവി)

വസന്തതിലകം

അക്ലൃഷ്ണനാമഗദഹാരി തുലോം ചെറുപ്പം
കൈക്കൊണ്ടരക്കുറവു പാരമിരിക്കകൊണ്ടോ
ഇക്കണ്ട സിംഹളകുലത്തിലുദിക്കകൊണ്ടോ
ചൊൽക്കൊണ്ട മാരുതപദത്തിനനർഹനായി?

കവി : മൂലൂർ എസ്. പത്മനാഭപ്പണിക്കർ

3.695 ഇസ്പേഡും ക്ലാവരും. . . (ഋഷി)

സ്രഗ്ധര

ഇസ്പേഡും ക്ലാവരും ഡൈമന്നമഴകുടയോരാഢ്യനും ജാതി നാലാ-
ണിപ്പോളോരോന്നിലെണ്ണം പരിചിനൊടു പതിമ്മൂന്നുവീതം ഭവിക്കും
കെൽപേറീടുന്നതാസ്സാ,ണിതിലഥ പറയാം രാജരാണീ, ഗ്ലലാന്മാർ
ചൊൽപൊങ്ങും പത്തുതൊട്ടൊമ്പതു തഴകളുമുണ്ടിക്രമം മിക്കവാറും.

കവി : ഒറവങ്കര , കൃതി : *ശീട്ടുകളി*

3.696 കോരിക്കുട്ടിയ പാഴ്കരിക്കിടയിലെ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

കോരിക്കുട്ടിയ പാഴ്കരിക്കിടയിലെത്തീക്കട്ടയോ, പായലാൽ
പൂരിച്ചുള്ള ചെളിക്കുളത്തിലുളവാം പൊന്താമരപ്പുഷ്പമോ,
മാരിക്കാറണിചൂഴുമിന്ദുകലയോ, പോലേ മനോജ്ഞാംഗിയാ-
ളാരിക്കാണ്മൊരിരുണ്ട കൊച്ചുപുരതൻ കോലായിൽ നിൽക്കുന്നവൾ?

കവി : വള്ളത്തോൾ, കൃതി : *ഒരു സന്ധ്യാപ്രണാമം (സാഹിത്യമഞ്ജരി)*

3.697 മുക്കുട്ടപ്പാതവക്കത്തൊരുതവി. . . (ഹരി)

സ്രുദ്ധര

മുക്കുട്ടപ്പാതവക്കത്തൊരുതവി കളഭം കാഴ്ചയായ് വെച്ചതിന്നാ
മുക്കുനിപ്പെണ്ണിനേയും മുരഹര! മുതു നീ നീർത്തി മുഗ്ധാംഗിയാക്കി
ഉൾക്കുറുമ്പുള്ള സേവിപ്പവരിലനുപമം കാട്ടുമാറുള്ളൊരങ്ങ-
ക്കൊക്കുലെന്നായ് വരില്ലിങ്ങടിതൊഴുമടിയന്നോലുമിക്കാലു നീർത്താൻ

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

3.698 ഉപവനതലേ സൗധേ. . . (കർത്താ)

ഹരിണി

ഉപവനതലേ സൗധേ വാപീതടേ മണിമന്ദിരേ-
പ്യനിശമടതി സ്വൈരം ദാരൈർന്നളേ രതിലാലസേ
ത്രിദശപതയോ നാകം യാന്തോ വിലോക്യ കലിം പഥി
പ്രകടിതനിജാടോപം പാപം പദാനതമൂചിരേ

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം ആട്ടക്കഥ*

3.699 തരം തരം കരം കൊടുത്തു. . . (ബാലേന്ദു)

പഞ്ചചാമരം

തരം തരം കരം കൊടുത്തു ഞാൻ മടുത്തു ദൈവമേ
വരം തപസ്സു തന്നെയെന്നു തോന്നിടുന്ന മട്ടിലായ്;
കരം തരത്തിലൽപമൊന്നിളച്ചെനിക്കു കിട്ടിയാൽ
നിരന്തരം പദാംബുജത്തിലേത്തമിട്ടു കുമ്പിടാം.

കവി : ബാലേന്ദു

3.700 കായ്ക്കാതെ കണ്ടൊരു. . . (ഹരി)

വസന്തതിലകം

കായ്ക്കാതെ കണ്ടൊരു മഹീരുഹമില്ല, സസ്യം
വായ്ക്കാതെ കണ്ടൊരു മഹീതലമി, ല്ലൊരുത്തൻ
പാർക്കാതെ കണ്ടൊരു നികേതനമില്ല, കാര്യം
കേൾക്കാതെ കണ്ടൊരധികാരിയുമില്ല നാട്ടിൽ

കവി : വെന്മണി മഹൻ

3.701 പച്ചക്കല്ലൊളി പൂണ്ട. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

പച്ചക്കല്ലൊളി പൂണ്ട പൂവലുടലിൽ പീതാംബരം ചാർത്തിയ–
ക്കൊച്ചോടക്കുഴലും 'മുടിഞ്ഞ' വടിയും കൈക്കൊണ്ടുഷസ്സെത്തവേ
ഉച്ചയ്ക്കുണ്മതിനമ്മ തന്ന മധുരാഹാരപ്പൊതിക്കെട്ടെടു–
ത്തുച്ചം മാടുതെളിച്ചു പോകുമിടയക്കൊച്ചന്നു കൂപ്പുന്നു ഞാൻ.

കവി : വി. കെ. ജി.

3.702 ഉണങ്ങിടും കൊമ്പു. . . (കർത്താ)

വംശസ്ഥം

ഉണങ്ങിടും കൊമ്പു മുറിച്ചു തള്ളിയാ–
ലണഞ്ഞിടാ കേടു മരത്തിനേതുമേ
ഉണർച്ചയില്ലാതതഗണ്യമാക്കിയാൽ
ക്ഷണം നശിക്കും ദൃമമില്ല സംശയം.

കവി : കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കൃതി : *ശ്രീയേശു വിജയം*

3.703 ഉദിച്ചുയർന്ന. . . (ജീവി)

പഞ്ചചാമരം

ഉദിച്ചുയർന്ന സൂര്യനും പതിച്ചു പശ്ചിമാബ്ധിയിൽ
മദിച്ചുയർന്ന കൂരിരുട്ടുകൊണ്ടു മൂടി ഭൂതലം
വിദഗ്ധനായ മാന്ത്രികന്റെ വിദ്യയാലമർന്നപോ–
ലദൃശ്യരായ് വസിച്ചിരുന്ന താരകാഗണങ്ങളും.

കവി : സിസ്റ്റർ മേരി ബെനീഞ്ജാ

3.704 വായിക്കാൻ കഴിവ്. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വായിക്കാൻ കഴിവസ്തമിച്ചു, കനിവിൽ വാശേവി നേത്രാഞ്ചലം
പായിക്കാൻ മടികാട്ടിടുന്നി, തിരവിൽ കൈവിട്ട മേ നിദ്രയും,
മായാപാശനിമഗ്നിതൻ, പലതരം രോഗങ്ങളാൽ മർദ്ദിതൻ,
തീയാണെന്നുടെയുള്ളിൽ, നീ വരികയെൻ ചാരത്തു നിസ്സംഗതേ!

കവി : നാലാങ്കൽ, കൃതി : *(സമസ്യാപൂരണം)*

3.705 മേഘൈർമ്മേദുരമംബരം. . . (കർത്താ)

"മേഘൈർമ്മേദുരമംബരം വനഭുവഃ ശ്യാമാസ്തമാലദ്രുമൈർ–
ന്നക്തം ഭീരുരയം ത്വമേവ തദിമം രാധേ! ഗൃഹം പ്രാപയ"
ഇത്ഥം നന്ദനിദേശതശ്ചലിതയോഃ പ്രത്യധ്വകുഞ്ജദ്രുമം
രാധാമാധവയോർജ്ജയന്തി യമുനാകൂലേ രഹഃകേളയഃ.

കവി : ജയദേവൻ, കൃതി : *ഗീതഗോവിന്ദം*

3.706 ഇതുമുതൽ വഷളായി. . . (ജീവി)[139]

പുഷ്പിതാഗ്ര

ഇതുമുതൽ വഷളായി രണ്ടുകൂട്ടം
ഗിരിശസമാശ്രയണത്തിലാശമൂലം;
കളുർമതിയുടെ കാന്തികോലുമോമൽ–
ക്കലയതു, കോമളഗാത്രിയായ നീയും.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *കുമാരസംഭവം തർജ്ജമ* (5:71)

3.707 കരുതിന ഫലമീ വിധം. . . (ബാലേന്ദു)[140]

പുഷ്പിതാഗ്ര

കരുതിന ഫലമീവിധം തപസ്സാ–
ലസുലഭമെന്നവളെന്നുതാനറച്ചാൾ
അതുമുതൽ നിനയാതെ തൻ ശരീര–
സ്ഥിതിയതിഘോരതരം തപം തുടർന്നാൾ.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *കുമാരസംഭവം തർജ്ജമ* (5:18)

3.708 അക്കാലം സഖി മാഞ്ഞുപോയൊരു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

അക്കാലം സഖി! മാഞ്ഞുപോയൊരു ദിനം മൂക്കുത്തു വെയ്ക്കുമ്പൊൾ നീ
വക്കാണിച്ചു വലിച്ചെറിഞ്ഞിതൊടുവെൻ നേർക്കങ്ങു കൽച്ചുതുകൾ
ത്വക്കാഴത്തിൽ മുറിഞ്ഞൊരെന്റെ നിടിലേ മായാതെയുണ്ടിന്നുമാ–
ദ്ധിക്കാരം തൊടുവിച്ച പൊൻ തിലകമാം ത്വദ്രാഗമുദ്രാങ്കുരം

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.709 തിരിച്ചു നോട്ടം. . . (ജീവി)[141]

വംശസ്ഥം

തിരിച്ചു നോട്ടം മയി സമ്മുഖസ്ഥിതേ
ചിരിച്ചു വേറെ ചില കാരണങ്ങളാൽ
സ്മരിച്ചു മര്യാദ മനോജനെ സ്പുടീ–
കരിച്ചുമില്ലങ്ങു മറച്ചുമില്ലവൾ

---

[139] [*ഉമേഷ്*] ശ്ലോകം **3.706 :** മൂലശ്ലോകം (കാളിദാസൻ) :
ദ്വയം ഗതം സംപ്രതി ശോചനീയതാം
സമാഗമപ്രാർത്ഥനയാ പിനാകിനഃ
കലാ ച സാ കാന്തിമതീ കലാത്മന–
സ്ത്വമസ്യ ലോകസ്യ ച നേത്രകൗമുദീ

[140] [*ഉമേഷ്*] ശ്ലോകം **3.707 :** മൂലശ്ലോകം (കാളിദാസൻ) :
യദാ ഫലം സർവ്വസമാഃ സമാധിനാ
ന താവതാ ലഭ്യമമംസ്ത വാഞ്ഛിതം
തദാനപേക്ഷ്യ സ്വശരീരമാർദ്ദവം
തപോ മഹത് സാ ചരിതും പ്രചക്രമേ.

[141] [*ഉമേഷ്*] ശ്ലോകം **3.709 :** മൂലശ്ലോകം (കാളിദാസൻ) :
അഭിമുഖേ മയി സംഹൃതമീക്ഷണം
ഹസിതമന്യനിമിത്തകൃതോദയം
വിനയവാരിധിവൃത്തിരതസ്യയാ
ന വിവൃതോ മദനോ, ന ച സംവൃതഃ

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.710 സുലഘു മർത്യനു. . . (ഹരി)

ദ്രുതവിളംബിതം

സുലഘു മർത്യനു ജീവിത കാലമേ
സുലഘു യൗവനമായതിലും തുലോം
അലസനായ്ക്കളയായ്കയു സംശയാ–
കുലഭിയാ, ലഭിയാ ഗതജീവിതം

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.711 അമ്പത്തൊന്നക്ഷരപ്പൂക്കള. . . (ജീവി)

സ്രുദ്ധര

അമ്പത്തൊന്നക്ഷരപ്പൂക്കള, മതിൽ വിരിയും ശ്ലോകസൗന്ദര്യപൂരം,
സമ്പന്നം രാഗധാരാസവ, മതു പകരും സാഹിതീമാദകത്വം,
അമ്പേറും വൈഖരീമാധുരി, പുളകദമാം പ്രൗഢി, ഹാസ്യത്തൊടൊത്തെ–
ന്നമ്പത്തൊന്നക്ഷരാംഗീ, തരു വരമതുലം, കാവ്യശിൽപങ്ങൾ തീർക്കാൻ!

കവി : ഡി. വി. മണയത്താറ്

3.712 അച്ഛൻ പാട്ടിയെ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

അച്ഛൻ പാട്ടിയെ വെപ്പു വെപ്പി, നടിയേറ്റന്തർജ്ജനം പോയവാ–
റച്ഛന്നം മകനാട്ടെ, വെപ്പിതു വെറും വെപ്പാട്ടിയായ്പ്പാട്ടിയെ
തുച്ഛം താൻ പിതൃപുത്രഭേദമിവിടെപ്പാവങ്ങളാം സ്ത്രീകളെ
സ്വച്ഛന്ദം പുരുഷന്നു ഹന്ത വെടിയാം വെയ്ക്കാമറയ്ക്കാതെ താൻ

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.713 താപാർത്താ നളമനുചിന്ത്യ. . . (കർത്താ)

പ്രഹർഷിണി

താപാർത്താ നളമനുചിന്ത്യ ചേദിപൂര്യാം
സാവാത്സീദിഹ സഹ വീരബാഹുപുത്ര്യാ
ഭീമോക്ത്യാ ഭുവി ച വിചിത്യ താം സുദേവോ
ഭൂദേവോ നിഗദിതവാൻ വിലോക്യ ഭൈമീം.

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം ആട്ടക്കഥ*

3.714 ഭോഗേ രോഗഭയം. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഭോഗേ രോഗഭയം, കുലേ ച്യുതിഭയം വിത്തേ നൃപാലാദ് ഭയം
മാനേ ദൈന്യഭയം ബലേ രിപുഭയം രൂപേ ജരായാ ഭയം
ശസ്ത്രേ വാദിഭയം, ഗുണേ ഖല ഭയം, കായേ കൃതാന്താദ് ഭയം
സർവം വസ്തു ഭയാന്വിതം ഭുവി നൃണാം വൈരാഗ്യമേവാഭയം

കവി : ഭർത്തൃഹരി

3.715 ശബ്ദാതിവേഗഗമനോത്സുക. . . (ബാലേന്ദു)

വസന്തതിലകം

ശബ്ദാതിവേഗഗമനോത്സുകമന്ത്രിമുഖ്യം
ലോകാപവാദപരിശോഭിത ചാരബന്ധും
ശ്രീവാസ്തവാദ്യഖിലമൂർഖസുസേവ്യമൂർത്തിം
പ്രാതഃ സ്മരാമി മുരളീധരനിത്യദാസം.

കവി : രവി കവനാട്

3.716 ശ്രീപാർക്കും സ്ഥാനമല്ലോ. . . (ഹരി)

സ്രുദ്ധര

ശ്രീപാർക്കും സ്ഥാനമല്ലോ ഗിരിശ! തവ ശരം, ക്ഷ്ണി രത്നാകരം, നൽ–
ചാപം പൊൻകന്നു, സേവൻ നിധിപതി, രജതക്കുന്നിരിക്കും പ്രദേശം,
ആപീഡം ചന്ദ്രകാന്തം, തന്നവിലണിയുവാൻ ഭ്രതി, പിന്നെപ്പുരാരേ!
നീ പോയിപ്പിച്ചതെണ്ടുന്നതു തലയിലെഴുത്തിന്റെ തായാട്ടമല്ലോ!

കവി : ശീവൊള്ളി

3.717 അലസവനസമീരൻ. . . (കർത്താ)

മാലിനി

അലസവനസമീരൻ വന്നു മെല്ലെന്നലയ്ക്കെ–
ത്തലമുടി തനിയേ തൽക്കൈട്ടഴിഞ്ഞൊട്ടുലഞ്ഞു
വിലസദതുലസന്ധ്യാകാന്തിതൻ കാഞ്ചനച്ചേ–
ണലകളിലതു പാറീ പായലിൻ പാളിപോലെ.

കവി : ജി.ശങ്കരക്കുറുപ്പ്, കൃതി : *ഒരു സ്മരണ*

3.718 വിദ്യാർത്ഥികൾക്കുമിത. . . (ജീവി)

വസന്തതിലകം

വിദ്യാർത്ഥികൾക്കുമിത കൗതുകമേകിയേകീ–
വിശ്വാഭിനന്ദനവിമോഹനകേന്ദ്രമായീ,
വിജ്ഞാനരശ്മികൾ ചൊരിഞ്ഞു ചൊരിഞ്ഞു മേന്മേൽ
വിഖ്യാതി ചേർന്നു വിജയിക്കുക, മാസികേ, നീ!

കവി : ചങ്ങമ്പുഴ

3.719 വൃത്തം വൃത്രാരിസൂനോഃ. . . (കർത്താ)

സ്രുദ്ധര

വൃത്തം വൃത്രാരിസൂനോർമ്മുനിതിലകമുഖാദേവമാകർണ്ണ്യ മോദാൽ
പാർത്ഥാസ്തീർത്ഥാഭിഷേകപ്രണിഹിതമനസഃ പ്രസ്ഥിതാസ്തേന സാകം
ഗോത്രാസത്രാശനാനാം തതിഭിരപി സമം സഞ്ചരന്തസ്സമന്താൽ
സ്വച്ഛപ്രച്ഛായവൃക്ഷപ്രചുരമുനിവനം വീക്ഷ്യ പപ്രച്ഛുരേനം.

കവി : കോട്ടയത്തു തമ്പുരാൻ, കൃതി : *കല്യാണസൗഗന്ധികം*

3.720 ശ്രദ്ധം പാതിരയിൽ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ശ്രദ്ധം പാതിരയിൽ പ്രസിദ്ധമഥുരാകാരാഗൃഹത്തിങ്കൽ നി–
ന്നോടിപ്പോയ്, ശിശുമോഷണക്രിയയിലും കയ്യിട്ടു, ഗോപാലനായ്
ആടിപ്പാടി നടന്നു, വല്ലവികൾതൻ ചേതസ്സുമച്ചേലയും
കൂടിക്കട്ടുമുടിച്ചൊരത്തടവുപുള്ളിക്കായ് നമിക്കാദ്യമായ്.

കവി : വി. കെ. ജി.

3.721 അമ്മൂമ്മ ചൊല്ലി പുനരിങ്ങനെ. . . (കർത്താ)

വസന്തതിലകം

അമ്മൂമ്മ ചൊല്ലി പുനരിങ്ങനെയെങ്കിലും താ–
നമ്മട്ടിലമ്മകൾ മനസ്സു പതിഞ്ഞതില്ല;
ധർമ്മത്തിലുള്ള രതികൊണ്ടവൾ സർവലോക–
സമ്മാന്യയായ് സകലസൗഖ്യമൊടൊത്തു വാണാൾ.

കവി : നട്ടുവത്തച്ചൻ നമ്പൂതിരി, കൃതി : *അംബോപദേശം*

3.722 ധരിക്ക നീ നാഥ. . . (ബാലേന്ദു)

ഉപേന്ദ്രവജ്ര

ധരിക്ക നീ നാഥ നമുക്കിദാനീ–
മൊരിക്കലഷ്ടിക്കുമുപായമില്ല;
കിഴക്കുദിക്കും പൊഴുതാത്മജന്മാർ
കഴൽക്കു കെട്ടിക്കരയുന്ന കാന്ത!

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.723 ക്രൂരകംസാഹം. . . (ജീവി)

ഇന്ദ്രവജ്ര

ക്രൂരകംസാഹൃതി പൂണ്ട ദൈത്യ–
സ്ഥൂലാധമൻ തന്നുടെ മാറു കീറി
ഭൂലോകമത്തേറ്റയിലുദ്ധരിച്ച
കോലാധിനാഥൻ കുശലം തരട്ടെ.

കവി : മൂലൂർ എസ്. പത്മനാഭപ്പണിക്കർ

3.724 ഭൂതേഷു സർവേഷ്വപി. . . (കർത്താ)

ഇന്ദ്രവജ്ര

ഭൂതേഷു സർവേഷ്വപി നിർവിശേഷം
ഭൂയസ്തരാമാഹിതകാരുണീകം
ഭൂദേവതാമംബരവാഹിനീശം
ശ്രീദേവനാരായണമാശ്രയാമഃ

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *അംബരനദീശസ്തവം*

3.725 ഭാഷാകവിത്വമിയലുന്നവരൊക്കെ. . . (ജീവി)

വസന്തതിലകം

ഭാഷാകവിത്വമിയലുന്നവരൊക്കെ, യെന്റെ
ഭാഷാവിശേഷകവിഭാരതമായതിങ്കൽ
തോഷാൽ പതിഞ്ഞിടുവതിന്നു കുറച്ചുനാ, ളാ–
ഘോഷാൽ മനോരമയിൽ വന്നു കളിച്ചിടേണം

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.726 തുള്ളിച്ചാടിക്കളിച്ചും. . . (കർത്താ)

തുള്ളിച്ചാടിക്കളിച്ചും, തുടുതുടെ വിലസും ദേഹമിട്ടൊന്നുലച്ചും,
വെള്ളച്ചൂട്ടുള്ള നെറ്റിത്തടമുടയ മുഖം നീർത്തിനീർത്തിപ്പിടിച്ചും,
ഉള്ളിൽച്ചാഞ്ചല്യമില്ലാതുരുതരസുഖമായ്പ്പൈക്കളോടൊത്തിണങ്ങി–
ത്തള്ളിച്ചാഞ്ചാടി നേരിട്ടൊരു വൃഷഭമിതാ മത്തനായെത്തിടുന്നു.

കവി : കൊച്ചുണ്ണിത്തമ്പുരാൻ, കൃതി : *സോമതിലകം ഭാണം*

3.727 ഉത്കൃഷ്ടോജ്ജൃംഭിതാഭ്രാവലി. . . (ജീവി)

സ്രുദ്ധര

ഉത്കൃഷ്ടോജ്ജൃംഭിതാഭ്രാവലി, കൊടിയ കൊടുംകാറ്റിനാൽ കൂട്ടിമുട്ടി–
ട്ടിക്കൊട്ടും തട്ടിവെട്ടുന്നിടികളുടനുടൻ കേൾക്കുകിൽ കേസരീന്ദ്രൻ
മെക്കെട്ടക്കോടു ചാടീട്ടലറു, മൊരു കുറുക്കൻ കുരച്ചീടുകിൽച്ചെ–
ന്നക്കുട്ടത്തിൽക്കുരക്കി, ല്ലവനവമതിവന്നേക്കുമെന്നോർക്കയാലേ

കവി : വെണ്മണി മഹൻ

3.728 മോദിച്ചുനിന്നു മയിലേറിയ. . . (കർത്താ)

വസന്തതിലകം

മോദിച്ചുനിന്നു മയിലേറിയ മാമരുന്നിൻ–
പാദം നിനച്ചു പലനാൾ പണിചെയ്തിവണ്ണം
ഖേദിച്ചിടേണ്ട മനമേ! കരയേണ്ട നിന്റെ
വേദാന്തമൂലവടിവേലനിതാ വരുന്നു!

കവി : കുമാരനാശാൻ, കൃതി : *സുബ്രഹ്മണ്യശതകം*

3.729 ഖർവ്വാംഗനായ് ദ്വിജഭടൻ. . . (ഉമേഷ്)

വസന്തതിലകം

ഖർവ്വാംഗനായ് ദ്വിജഭടൻ പിടിവിട്ടൊഴിഞ്ഞാ–
ദുർവ്വാരമാം നിജപരശ്വധമൊന്നുലച്ചും
ശർവ്വാത്മജൻ ഝടിതി കാൽക്കു പിടിച്ചെടുത്താ
ഗർവ്വാഢ്യനെദ്ദിവി ചുഴറ്റി സലീലമായ്ത്താൻ

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.730 ശീമപാചകരുത്തു. . . (ജീവി)[142]

രഥോദ്ധത

ശീമപാചകരുത്തു വൃത്തിയായ്
രോമമൊക്കെയുമുരിച്ചു നഗ്നമായ്
ഹാ! മസാലയിൽ വറുത്ത കോഴിയെ–
ക്കാണ്മവർക്കു കൊതി പൊട്ടുകില്ലയോ?

കവി : എസ്. കെ. പൊറ്റക്കാട്ട്, കൃതി : *ഒരു ദേശത്തിന്റെ കഥ*

3.731 ഹാസ്യക്കൊടിക്കൂറ. . . (കർത്താ)

ഇന്ദ്രവജ്ര

ഹാസ്യക്കൊടിക്കൂറ പറത്തിയീവി,
ഹാസോത്സുകൻ സഞ്ജയപത്രകാരൻ!
ഹാ! സർവദുഃഖങ്ങളൊഴിക്കുമാറാ–
യാവിർഭവിച്ചു ചിരിയന്നു നാട്ടിൽ.

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കുട്ടിശ്ലോകങ്ങൾ*

3.732 ഹാ ശുഭേ, നിജഗതാഗതങ്ങൾ. . . (ഉമേഷ്)[143]

രഥോദ്ധത

ഹാ ശുഭേ, നിജഗതാഗതങ്ങൾ ത–
ന്നീശനിശ്ചയമറിഞ്ഞിടാ നരൻ
ആശ നിഷ്ഫലവുമായ് വരുന്നവ–
ന്നാശിയാതിഹ വരുന്നഭീഷ്ടവും

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.733 ആദ്യത്തിൽത്താൻ തുടർന്നും. . . (കർത്താ)

ആദ്യത്തിൽത്താൻ തുടർന്നും ക്രിയ ചെറുതുമതിൽപ്പിന്നെയും വിസ്തരിപ്പാ–
നോർത്തുൾച്ചേർന്നുള്ള ബീജോത്തരഫലമൊളിവായ്കാട്ടിയും തദ്വിമർശം
ഹൃത്താൽ ചെയ്യും ശുഭത്തോടഖിലമവ നിവർത്തിച്ചുമന്നാടകത്തിൻ
കർത്താവും ഹൃത്തിലെന്മാതിരിയെഴുമവനും ക്ലേശമൊപ്പം സഹിപ്പൂ.

കവി : നെയ്യല്ലൂർ കൊട്ടാരത്തിൽ തുക്കേട്ടനാൾ, കൃതി : *മുദ്രാരാക്ഷസം തർജ്ജമ*

3.734 ഹാ, രമ്യോജ്ജ്വലസൂനസഞ്ചയമൊടും. . . (ഉമേഷ്)[144]

ശാർദ്ദൂലവിക്രീഡിതം

ഹാ! രമ്യോജ്ജ്വലസൂനസഞ്ചയമൊടും പുഷ്പർത്തു മാഞ്ഞീടുമേ;

---

[142] [*ഉമേഷ്*] ശ്ലോകം **3.730 :** വള്ളത്തോളിന്റെ *കോഴി* എന്ന (*സാഹിത്യമഞ്ജരി*) കവിതയിലെ

ഭീമഘോഷകർ കുഴത്തറക്കവേ
രാമരാമകരുണസ്വരത്തൊടും
കീഴ്മറിഞ്ഞു പിടയുന്ന കോഴിയെ–
ക്കാണ്മവർക്കു കരൾ പൊട്ടുകില്ലയോ?

എന്ന കവിതയുടെ ഹാസ്യാനുകരണം.

[143] ഇതു മുതൽ 17 ശ്ലോകങ്ങൾ **ഹ, അ** എന്നീ അക്ഷരങ്ങൾ ഒന്നിടവിട്ടു കൊടുക്കുന്നവയാണ്.

[144] [*ഉമേഷ്*] ശ്ലോകം **3.734 :** മൂലശ്ലോകം (**Omar Khayyam / Edward Fitzgerald**) :

സൗരഭ്യം പൊഴിയും യുവാർദ്രകവനം വേഗം സമാപിക്കുമേ;
ആരാൽ മോഹനരാഗമാർന്ന കുയിൽ വന്നെങ്ങുന്നു വന്നെന്നുമീ–
യാരാമസ്ഥലി വിട്ടുപോയതെവിടേയ്ക്കെന്നും ധരിച്ചീല നാം!

കവി : എം. പി. അപ്പൻ / ഉമർ ഖയ്യാം, കൃതി : *ജീവിതോത്സവം* (Rubaiyat translation)

3.735 ആകാശത്തിലൂടൻ. . . (കർത്താ)

ആകാശത്തിലൂടൻ പ്രഭാതവുരുജപൂണ്ടെത്തുന്നിതഞ്ചാറുന–
ല്ലാകാരപ്രഭ ഹംസപക്ഷരുചിയാം മേക്കട്ടിതൻ താഴെയും
ഹാ! കാരുണ്യമിയന്നു കണ്ടിതഖിലം കേഴുന്നു വാശ്രേവി താൻ;
ശോകാവസ്ഥ പരസ്പരം പകരുമിങ്ങാർദ്രാശയർക്കാർക്കുമേ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.736 ഹാ, ശാന്തിയൗപനിഷദോക്തികൾ. . . (ഉമേഷ്)

വസന്തതിലകം

ഹാ! ശാന്തിയൗപനിഷദോക്തികൾ തന്നെ നൽകും
ക്ലേശിപ്പതാത്മപരിപീഡനമജ്ഞയോഗ്യം
ആശാഭരം ശ്രുതിയിൽ വയ്ക്ക നമ്മൾ, പിന്നെ–
യീശാജ്ഞ പോലെ വരുമൊക്കെയുമോർക്ക പൂവേ!

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

3.737 അധിരുഹ്യ പദാംബുരുഹേണ. . . (ഹരി)[145]

തോടകം

അധിരുഹ്യ പദാംബുരുഹേണ ച, തം
നവപല്ലവതുല്യമനോജ്ഞരുചാ
ഹ്രദവാരിണിദൂരതരം ന്യപതഃ
പരിഘൂർണ്ണിത ഘോരതരംഗഗണേ

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം* (65:2)

3.738 ഹാ, പാർക്കിലീ നിഗമനം. . . (ഉമേഷ്)

വസന്തതിലകം

ഹാ! പാർക്കിലീ നിഗമനം പരമാർത്ഥമെങ്കിൽ
പാപം നിനക്കു ഫലമായഴൽ പൂണ്ട വണ്ടേ!
ആപത്തെഴും തൊഴിലിലോർക്കുക മുമ്പു; പശ്ചാ–
ത്താപങ്ങൾ സാഹസികനിങ്ങനെയെന്നുമുണ്ടാം.

Yet Ah, that Spring should vanish with the Rose!
That Youth's sweet-scented manuscript should close!
The Nightingale that in the branches sang,
Ah whence, and whither flown again, who knows!

[145] [*ഉമേഷ്*] ശ്ലോകം **3.737 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

പുതു നൽത്തളിർ തോറ്റൊരു ചേവടി ചേർ–
ത്തതിലന്നഴകോടു കരേറിയ നീ
അതിഭീകരമോളമുയർത്തിയുടൻ
കുതികൊണ്ടു കലക്കി മറിച്ചു കയം.

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

3.739 ആ ലോലംബകദംബചുംബനവശാൽ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ആ ലോലംബകദംബചുംബനവശാൽ വാടിക്കൊഴിഞ്ഞൂ തലോം
താലോലിച്ചു ഭവാൻ വളർത്തിയൊരിളംപൂവൊറ്റനാളിന്നകം
ഹാ ലോലം ഭവി ജീവിതസ്ഥിതി; ഭവാനാപ്പൂമണം പേറിയി–
ന്നീലോകത്തലയുന്നതെന്തിനു വൃഥാ വീർത്തെന്റെ താർത്തെന്നലേ?

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

3.740 ഹാ, മൊഴിഞ്ഞിതു നഖം. . . (ഉമേഷ്)

രഥോദ്ധത

ഹാ! മൊഴിഞ്ഞിതു നഖം പചാശ്രുവാൽ
കോമളം സതി നനച്ചു തത്പദം
ആ മഹാൻ തിരിയെ നിന്നു, നിർമ്മല–
പ്രേമമാം വലയിലാരു വീണിടാ?

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.741 അതന്ദ്രനായാദിനരന്റെ. . . (കർത്താ)

ഉപേന്ദ്രവജ്ര

അതന്ദ്രനായാദിനരന്റെ മൂന്നാം
സുതൻ ഗ്രണാംഭോനിധി സേത്തജസ്രം
ഹിതം സമസ്തേശ്വരനെന്തതേറെ–
ച്ചിതത്തൊടും ചെയ്തു വസിച്ചു മോദാൽ.

കവി : കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കൃതി : *ശ്രീയേശുവിജയം*

3.742 ഹിതമായ് മമ വള്ളി. . . (ഉമേഷ്)[146]

വസന്തമാലിക

ഹിതമായ് മമ വള്ളി! നീയിവൾക്കീ–
ഗ്ഗതിവിഘ്നം ചെറുതൊന്നു ചെയ്ത കാര്യം
അതുകൊണ്ടിവളാനനം ചെരിച്ച–
ച്ചതിയാൽ നോക്കുവതിങ്ങു കണ്ടു ഞാനും.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ / കാളിദാസൻ, കൃതി : *വിക്രമോർവ്വശീയം തർജ്ജമ*

3.743 ആ മൺമെത്തകളാറ്റുനോറ്റ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ആ മൺമെത്തകളാറ്റുനോറ്റ മധുരസ്വപ്നങ്ങൾ തൻ ജീവിത–

[146] [*ഉമേഷ്*] ശ്ലോകം **3.742 :** മൂലശ്ലോകം (കാളിദാസൻ) :

പ്രിയമാചരിതം ലതേ! ത്വയാ മേ
ഗമനേസ്യാഃ ക്ഷണവിഘ്നമാചരന്ത്യാ
യദിയം പുനരപ്യപാംഗനേത്രാ
പരിവൃത്താർദ്ധമുഖീ മയാദ്യ ദൃഷ്ടാ

പ്രേമം പാടിയ സാമഗാനലഹരീഹർഷാഞ്ചിതാത്മാക്കളായ്
ഹാ! മന്വന്തരഭാവശിൽപികൾ നമുക്കെന്നേക്കുമായ്ത്തന്നതാ–
ണോമൽക്കാർത്തികനെയ്‌വിളക്കെരിയുമീയേകാന്തയാഗാശ്രമം!

കവി : വയലാർ, കൃതി : *സർഗ്ഗസംഗീതം*

3.744 ഹാ, കള്ളവെള്ളച്ചിരിയാൽ . . . (ജീവി)

ഇന്ദ്രവജ്ര

ഹാ! കള്ളവെള്ളച്ചിരിയാൽ നിറഞ്ഞ
ലോകത്തിൽ നമ്മൾക്കു സമാശ്വസിപ്പാൻ
ആകമ്രനിഷ്കൃതവമായ് കിടാവാൽ
ളുകപ്പെട്ടും പുഞ്ചിരിയൊന്നുമാത്രം.

കവി : വള്ളത്തോൾ , കൃതി : *സന്താനസൗഖ്യം*

3.745 അച്ചാരുശീലനുമഘാന്വിതൻ. . . (കർത്താ)

വസന്തതിലകം

അച്ചാരുശീലനുമഘാന്വിതനെന്നുതന്നെ–
വെച്ചാലുമെൻ പെരിയ തെറ്റൊഴിയുന്നതാണോ?
ഹ്യച്ചാപലാലനയവർത്തമനി മുമ്പു കാല്വ–
വെച്ചാളെ വിട്ടനുഗനെങ്ങനെ ശിക്ഷ നൽകാം?

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.746 ഹൃദി രാമമന്മഥ. . . (ഉമേഷ്)[147]

മഞ്ജുഭാഷിണി

ഹൃദി രാമമന്മഥസുദുസ്സഹാസ്ത്രമേ–
റ്റതിനാൽ വലഞ്ഞരിയ രക്തചന്ദനം
അതിയായ് നിശാചരിയണിഞ്ഞണിഞ്ഞു പോ–
യഥ ജീവിതേശനണയുന്നൊരാലയേ.

കവി : കുണ്ടൂർ / കാളിദാസൻ, കൃതി : *രഘുവംശം തർജ്ജമ*

3.747 അന്യേഷു വൃക്ഷലതികാദിഷു. . . (കർത്താ)

വസന്തതിലകം

അന്യേഷു വൃക്ഷലതികാദിഷു വീക്ഷിതേഷു
ഖിന്നേ ദൃശൗ നിഷധഭൂമിപതേസ്തദാനീം
ഹംസേ സുവർണസുഷുമേ ദധതുഃ പ്രമോദം
യാവത് സ താവദശയിഷ്ട രതിശ്രമേണ.

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം*

3.748 ഹത്വാ യുദ്ധേ ദശാസ്യം. . . (ഹരി)

സ്രഗ്ധര

ഹത്വാ യുദ്ധേ ദശാസ്യം ത്രിഭുവനവിഷമം, വാമഹസ്തേന ചാപം
ഭ്രമൗ വിഷ്ടഭ്യ തിഷ്ഠ, ന്നിതരകരധൃതം ഭ്രാമയൻ ബാണമേകം,
ആരക്തോപാന്തനേത്രഃ, ശരദളിതവപുഃ, കോടിസൂര്യപ്രകാശോ,
വീരശ്രീബന്ധുരാംഗ, സ്ത്രിദശപതിനുതഃ, പാതു മാം വീരരാമഃ

3.749 അളികളിളകിയോമൽ. . . (ഋഷി)

മാലിനി

അളികളിളകിയോമൽത്താരണിത്തേൻ നുകർന്നും
കിളികൾ കളകളം പൂണ്ടങ്ങുമിങ്ങും പറന്നും
കുളിർ വിളയുമിളങ്കാറ്റുല്ലസിച്ചും മലർപ്പെൺ–
കിളികൾ തുടരുമോരോ വാടിവീടോടിണങ്ങി

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.750 കളിത്തോപ്പിലെപ്പൂഴി. . . (ജീവി)

ഭുജംഗപ്രയാതം

കളിത്തോപ്പിലെപ്പൂഴി, യോമൽസുഹൃത്തിൻ
കരസ്പർശസൗഖ്യം, പിതൃപ്രേമവായ്പും
വിലപ്പെട്ട നേട്ടങ്ങ, ളെന്നാലുമുച്ചം
വിളിക്കുന്നു വിശ്വം 'മറക്കൂ മറക്കൂ'.

കവി : **ബാലാമണിയമ്മ**, കൃതി : *മറക്കൂ മറക്കൂ*

3.751 വ്രജേ വസന്തം. . . (ജ്യോതി)[148]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വ്രജേ വസന്തം നവനീതചോരം
വ്രജാംഗനാനാം ച ദുകൂലചോരം
അനേകജന്മാർജ്ജിതപാപചോരം
ചോരാഗ്രഗണ്യം തമഹം ഭജാമി

3.752 അല്ലാ ഡീയെസ്പിസാറെന്തിവിടെ. . . (ബാലേന്തു)

സ്രഗ്ധര

"അല്ലാ ഡീയെസ്പിസാറെന്തിവിടെ?", "ഒരുമഹാ കള്ളനുണ്ടിങ്ങു വാഴ്ച
ഇല്ലാ ചെയ്യത്തതായിട്ടിവനൊരു കളവും, കണ്ണനെന്നാണു നാമം
മല്ലാണേറെപ്പിടിക്കാനൊരുവനിതുവരേയ്ക്കായതില്ലെങ്കിലിന്നി–
ങ്ങില്ലാ ഭാവം വിടാനാ വിരുതനെയുടനേയുള്ളിലാക്കീടു കാര്യം!"

കവി : **ബാലേന്തു**

---

[147] [*ഉമേഷ്*] ശ്ലോകം **3.746 :** മൂലശ്ലോകം (**കാളിദാസൻ**) :

രാമമന്മഥശരേണ താഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്ഗിരിചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ

[148] ഇതു മുതൽ 5 ശ്ലോകങ്ങൾ എന്തെങ്കിലും മോഷണത്തെ പ്രതിപാദിക്കുന്ന സ്തുതികളാണ്.

3.753 മാടിൻ പാലൊരു തുള്ളിവിടു. . . (ഉമേഷ്)[149]

ശാർദ്ദൂലവിക്രീഡിതം

മാടിൻ പാലൊരു തുള്ളിവിടു മുഴുവൻ തൂവെണ്ണയോ, ടാറ്റിൽ നീ–
രാടും ഗോപവധുക്കൾ തൻ തുണി ഹൃദന്തത്തോടെ, ദുശ്ചിന്തകൾ
മൂടും മാനസമാർന്നൊരെന്നഴലിതാ പാപങ്ങളോടും ഹരി–
ച്ചോടുന്നു ഹരി, യെന്തു ചെയ്‌വു തടയാൻ? കാലിൽ പിടിക്കുന്നു ഞാൻ!

കവി : ഉമേഷ് നായർ

3.754 മോഷ്ടാവായി വധങ്ങൾ ചെയ്തു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

മോഷ്ടാവായി വധങ്ങൾ ചെയ്തു കൊലയിൽപ്പാർത്ഥനു കൂട്ടാളിയായ്
കഷ്ടം, സ്ത്രീഹരണത്തിലില്ലൊരുവനും നീയൊത്തു വേറേ തഥാ;
തൊട്ടാൽത്തൊട്ട വകപ്പുകൊണ്ടുനിറയും നിൻ കുറ്റപത്രം ഹരേ
തെറ്റില്ലിങ്ങു കിടക്കയെൻ ഹൃദയമാം ലോക്കപ്പിലെന്നെന്നുമേ.

കവി : ബാലേന്ദു

3.755 തരമൊടു കരമൊന്നാൽപ്പായസം. . . (രാജേഷ്)[150]

മാലിനി

തരമൊടു മറപറ്റിഗ്ഗൗരി കാണാതെ തുമ്പി–
ക്കരമതിലുരുമോദം മോദകം കൊണ്ടുകൊണ്ടേ
തിരളിയുരുളിയോടക്കയ്യിരണ്ടാൽ ഹരിയ്ക്കും
കരിമുഖനിരുകാലാൽ വാരണം വാരണങ്ങൾ.

കവി : രാജേഷ് വർമ്മ

3.756 തുങ്ഗശ്രീസിംഹവാഹേ. . . (കർത്താ)[151]

സ്രഗ്ധര

തുങ്ഗശ്രീസിംഹവാഹേ! തുഹിനശിഖരിതൻ കന്യകേ! നിസ്തുലാഭേ!
ഭൃങ്ഗാളീകേശി! ചാപബ്ഭ്രുകുടി! മൃഗസമാനാക്ഷി! കുംഭസ്തനാഢ്യേ!
ഭങ്ഗം മീനാക്ഷി! തീർത്തീടുക മധുമഥനാജാദിസേവ്യേ! വൃഷാങ്കോ–
ത്സങ്ഗശ്രീസൗമ്യഗേഹേ! ഭഗവതി! കടകോല്ലാസിഹസ്തേ നമസ്തേ!

കവി : കൊച്ചുണ്ണിത്തമ്പുരാൻ, കൃതി : *മലയാംകൊല്ലം*

3.757 ഭുഞ്ജാനാസ്സാകമേകാം. . . (ഉമേഷ്)

സ്രഗ്ധര

ഭുഞ്ജാനാസ്സാകമേകാ, മഗണിതഹരവോ, ബ്രഹ്മഹത്യസ്തനൃജാഃ,
മുണ്ഡാപൗത്രാശ്ച, രണ്ധാജഠരസമുദിതാഃ, പണ്ഡിതാഃ പാണ്ഡുപുത്രാഃ
ഭ്രൂണഘ്ന്യാസ്സൂന, മേനം ദ്വിജനകതനയം, ഭ്രാതരം പീതശീധോഃ,
കൃഷ്ണം യന്മാനനീയം ജഗൃഹുരിദമലം വർത്തതേ യുക്തരൂപം!

കവി : മേൽപ്പുത്തൂർ, കൃതി : *രാജസൂയം ചമ്പു*

[149] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. (മ-മ ശ്ലോകം, മോഷണം വർണ്ണിക്കുന്ന കൃഷ്ണസ്തുതി).

[150] ഇ-സദസ്സിനുവേണ്ടിയുള്ള ദ്രുതകവനം. ('മ'യ്ക്ക മോഷണം വർണ്ണിക്കുന സ്തുതി).

[151] ഈ ശ്ലോകത്തിൽ പന്ത്രണ്ടു മലയാളമാസങ്ങളുടെയും പേരുകൾ മുദ്രാരൂപേണ ചേർത്തിരിക്കുന്നു.

3.758 ഭവനൈകമനോഹരാംഗ. . . (ജ്യോതി)

വിയോഗിനി

ഭവനൈകമനോഹരാംഗ! നിൻ–
പുകൾ പൂണ്ടീടിന ദിവ്യസൗഭഗം
ഇത്തമാതിരി,യുള്ളിൽ മിന്നി നി–
ന്നിവളെക്കൊണ്ടെഴുതിയ്ക്കയാം വിഭോ!

കവി : താമരശ്ശേരി കൃഷ്ണൻ ഭട്ടതിരി, കൃതി : *കൃഷ്ണകഥാമൃതം*

3.759 ഇക്കാലത്തൊരു പെണ്ണു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഇക്കാലത്തൊരു പെണ്ണു തെറ്റുകളകന്നുള്ളോരെഴുത്തെങ്കിലും
മുക്കാലും ശരിയാക്കിയിങ്ങെഴുതിയാലൊട്ടല്ലതാശ്ചര്യമാം
ഇക്കാണുന്നൊരു ചാരുനാടകമദുഷ്ടാക്ലിഷ്ടശബ്ദാർത്ഥമാ–
യിക്കാവമ്മ ചമച്ചതോർത്തു മുഴുകുന്നുള്ളദ്ഭുതാംഭോനിധൗ.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ

3.760 ഇവനിതാ വനിതാ. . . (ജീവി)

ദ്രുതവിളംബിതം

ഇവനിതാ വനിതാവിഷയാഗ്രഹ–
ക്കടലിലാടലിലാണ്ടുലയുന്നു ഹാ!
സുരവിഭോ! രവിഭോജ്യല, നിൻമിഴി–
പ്രകരമേ കരമേലണയിക്കുവാൻ.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ

3.761 സുമുഖി പോകുവതെങ്ങ്. . . (ഉമേഷ്)[152]

ദ്രുതവിളംബിതം

"സുമുഖി പോകുവതെ"ങ്ങിതുരച്ചുടൻ
കമലനേത്രയെയേറ്റി രഥത്തിൽ നീ
സുഖമൊടങ്ങു ഹരിച്ചവളപ്പുരം
മുഖരമായ് ഖരമായരിയൊച്ചയാൽ.

കവി : സി. വി. വാസുദേവഭട്ടതിരി / മേൽപ്പത്തൂർ, കൃതി : *നാരായണീയം തർജ്ജമ (79:7)*

3.762 സതി കനിവിനൊടും. . . (കർത്താ)

മാലിനി

സതി കനിവിനൊടും പെട്ടെന്നെയിന്നേവരേയ്ക്കും
പതിവിനഴലശേഷം മാറ്റി നീ പോറ്റിയല്ലോ
ഇതിനുപകരമെന്താം നിന്റെ കാര്യത്തിലെങ്കൽ
ക്ഷിതിയിലനിശമമ്മേ! നിൽക്കുമക്രീതദാസ്യം.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

---

[152] [*ഉമേഷ്*] ശ്ലോകം **3.761 :** മൂലശ്ലോകം (മേൽപ്പത്തൂർ) :

"ക്വ നു ഗമിഷ്യസി ചന്ദ്രമുഖീ"തി താം
സരസമേത്യ കരേണ ഹരൻ ക്ഷണാത്
സമധിരോപ്യ രഥം ത്വമപാഹൃഥാ
ഭുവി തതോ വിതതോ നിനദോ ദ്വിഷാം.

3.763 ഇമ്പം നൽകിന ശംഭുവിൻ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇമ്പം നൽകിന ശംഭുവിൻ തിരുമുടിപ്പൈന്തിങ്കൾ പാൽവെൺകതിർ–
ത്തുമ്പപ്പൂക്കൾ ചൊരിഞ്ഞു പൂർണ്ണകലനായ്ത്തീരുന്നതിന്നാം വിധം
ചെമ്പട്ടിൻ മയമേത്തുമേതിനെ യഥാകാലം ഭജിപ്പൂ കലാ–
സമ്പത്തിന്നു നിധാന, മാ ഗിരിസുതാപാദം തരട്ടേ ശുഭം!

കവി : വള്ളത്തോൾ

3.764 ചൊടിപെടുമസുരർക്കു. . . (കർത്താ)

പുഷ്പിതാഗ്ര

ചൊടിപെടുമസുരർക്കു കാളി, നീളെ–
ത്തടിവിറ നൽകിന താവകാട്ടഹാസം
ഝടിതി കരളിലോർമ്മയാകുമാറു–
ള്ളിറ്റിരവവും ചെവി പൂകിടാതെയായ് മേ.

കവി : വള്ളത്തോൾ, കൃതി : *ബധിരവിലാപം*

3.765 ഝടിതി പ്രവിശ ഗേഹം. . . (ഉമേഷ്)

മാലിനി

ഝടിതി പ്രവിശ ഗേഹം, മാ ബഹിസ്തിഷ്ഠ ബാലേ,
സപദി ഗ്രഹണവേലാ വർത്തതേ ശീതരശ്മീ
തവ കുസുമകളങ്കം വീക്ഷ്യ നൂനം സ രാഹുർ–
ഗ്രസതി തവ മുഖേനും പൂർണ്ണചന്ദ്രം വിഹായ

കൃതി : *ശൃംഗാരതിലകം* (കാളിദാസന്റേതെന്നു പറയപ്പെടുന്നു.)

3.766 തമ്മിൽത്തമ്മിലസൂയമൂലം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

തമ്മിൽത്തമ്മിലസൂയമൂല, മളവില്ലാതുള്ളനർത്ഥങ്ങളാ–
ലിമ്മന്നിൽ, സുഖജീവിതം, ശിഥിലമാക്കിത്തീർത്തു, കഷ്ടം, നരൻ!
കൃത്രശ്രീമയവിശ്വഗേഹ, മവനാവാസത്തിനാ, യീശ്വരൻ
നിർമ്മിച്ചേകി, യതും, കൃതഘ്നനവനോ വെട്ടിപ്പകുത്തു ശഠൻ!!

കവി : ചങ്ങമ്പുഴ

3.767 കാണേണം കാണി നേരം. . . (ഋഷി)

സ്രഗ്ധര

കാണേണം കാണി നേരം കനിവൊടു തിരുവുൾക്കാവിൽ മേവും ഭവാനേ
കേണീടുന്നോരു ഞാനും കഴലിണ സതതം ഭക്തിയോടേ തൊഴുന്നേൻ
വേണം മേ ബുദ്ധി, വിദ്യാ, ദ്യുതിനൊരു വരമിങ്ങാശു നൽകീടവേണം
കാരുണ്യത്താൽ തരേണം സകലഗുണമെനിക്കെന്റെ ശ്രീഭ്രതനാഥാ.

3.768 വാക്കോടർത്ഥം കണക്കേ. . . (ബാലേന്തു)

സ്രഗ്ധര

വാക്കോടർത്ഥം കണക്കേയൊരുമയൊടിയലും ഭവ്യവാഗർത്ഥസത്തേ
തീർക്കാൻ ത്രൈലോക്യദുഃഖം കരുണയൊടരുളും സർഗ്ഗസൗഭാഗ്യവിത്തേ
ചേർക്കാൻ ഭാവാർത്ഥയോഗം രസനയിലിവനിന്നക്ഷരശ്ലോകസത്തേ
ഓർക്കാം നിൻ പാദമൂലം വരമരുളുകമാമർദ്ധനാരീശമൂർത്തേ.

കവി : ബാലേന്ദു

3.769 ചിത്താനന്ദം കലർന്നക്കുയിൽ. . . (ജീവി)

സ്രഗ്ധര

ചിത്താനന്ദം കലർന്നക്കുയിലുടനെ ഖലന്മാരിൽനിന്നേതുമാപ–
ത്തെത്തായ്വാനും ശഠന്മാരവരപകൃതിയാൽ പാപമേലായുവാനും
പത്താകും മാർഗ്ഗമെന്നായ് പഴയവസതി കൈവിട്ടു പൊങ്ങിപ്പറന്നി–
ട്ടത്താലോദ്യാനമൊന്നാർന്നിതു പുരജനതാകർണ്ണപുണ്യൈരലകരത്താൽ

കവി : കുമാരനാശാൻ, കൃതി : *ഗ്രാമവൃക്ഷത്തിലെ കുയിൽ*

3.770 പങ്കിട്ടു പാതിദേഹം. . . (ബാലേന്ദു)[153]

സ്രഗ്ധര

പങ്കിട്ടു പാതിദേഹം ഭഗവതി, പകുതിക്കർഹനായ് ശ്രീമുകുന്ദൻ;
ശങ്കിച്ചിട്ടെങ്ങുപോയോ, ഹരനിദമൊഴുകീട്ടാറുപോയാഴിപൂകി;
വിണ്ണബ്ബാലേന്ദു പൂകീ, യരവമതു ധരക്കുള്ളിലാ, യങ്ങു നേടീ
പാണ്ഡിത്യം വല്ലഭത്വം; പുനർ മമ വിഹിതം തെണ്ടുവാനുള്ള ശീലം.

കവി : ബാലേന്ദു / കാളിദാസൻ

3.771 വെണ്ണത്തുമണമാർന്ന. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

വെണ്ണത്തുമണമാർന്ന വായ്മലരിനാൽ ചുംബിക്കെയമ്മയ്ക്ക മൈ–
ക്കണ്ണിൽ തിങ്ങിവഴിഞ്ഞിടുന്ന പരമാനന്ദം സമീക്ഷിക്കവേ,
വിണ്ണിൽപ്പോലുമലഭ്യമാമമൃതൊലിച്ചീടുംവിധം ചെമ്മലർ–
ത്തൊണ്ണിൻ തുമ വെളിപ്പെടുംപടി ചിരിക്കും കണ്ണ! കാക്കേണമേ.

കവി : വി. കെ. ജി.

3.772 വെണ്ണക്കല്ലുപതിച്ച. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വെണ്ണക്കല്ലുപതിച്ച മേടയിൽ നറും പട്ടിന്റെ മെത്തപ്പുറ–
ത്തെണ്ണപ്പെട്ട വിശിഷ്ടഭോഗമിയലും മട്ടല്ലയെന്നാകിലും
മണ്ണിൽക്കാലികൾ തന്റെ കൂട്ടിലൊരുപാഴ്പുൽക്കൂട്ടിലൽപേതരം
ദണ്ഡം പേറിയ ജന്മമാർന്നമവിടുന്നന്നും കരഞ്ഞീല പോൽ.

കവി : ബാലേന്ദു

3.773 മണം തുടങ്ങിയെണ്ണി. . . (കർത്താ)

പഞ്ചചാമരം

മണം തുടങ്ങിയെണ്ണി മണ്ണിലുണ്ണുമെണ്ണമൊക്കെയ–

---

[153] [*ബാലേന്ദു*] ശ്ലോകം **3.770 :** മൂലശ്ലോകം (കാളിദാസൻ) :

അർദ്ധം ദാനവവൈരിണാ, ഗിരിജയാപ്യർദ്ധം ശിവസ്യാഹൃതം
ദേവേത്ഥം ധരണീതലേ സുരഹരാഭവേ സമുന്മീലതി
ഗംഗാ സാഗര, മംബരം ശശികലാ, നാഗാധിപഃ ക്ഷ്മാതലം,
സർവജ്ഞത്വമധീശ്വരത്വമഗമത്ത്വാം, മാം ച ഭിക്ഷാടനം!

റ്റിണങ്ങി നിൽക്കുമുൾക്കരുന്നരുക്കി നെക്കി നക്കിടും
ഹ്രണം നിറഞ്ഞ കോമളക്കുടത്തിലന്നുമിന്നുമി–
ന്നിണങ്ങളങ്ങുമിങ്ങുമെങ്ങുമില്ല നല്ല മങ്ഗളം.

കവി : **ശ്രീ നാരായണഗുരു**, കൃതി : *സദാശിവദർശനം*

3.774 ഗൗരീസൗഭാഗ്യരാശേ. . . (ഹരി)

സ്രഗ്ധര

ഗൗരീസൗഭാഗ്യരാശേ ജയ ജയ തൊഴുതേനമ്പിലെൻ തമ്പുരാനേ
നേരേ വന്നിങ്ങു തൃക്കാലിണയിലടിമ പൂണ്ടീടുമസ്മാനനാഥാൻ
കാരുണ്യത്തോണി തന്മേലഴകൊടു കരയേറ്റി പ്രഭോ കാംക്ഷിതാർത്ഥ–
പ്പേരാം വാരാകരത്തിൻ മുകരയിലണയ്ക്കേണമേ തമ്പിരാനേ

കവി : **നീലകണ്ഠ കവി** , കൃതി : *ചെല്ലൂർ നഘോദയം ചമ്പു*

3.775 കാന്തം സാന്തം വസന്തം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാന്തം സാന്തം വസന്തം, മദനമവപുശം, ദ്വിതീയാമാം തൃയാമാം,
രാകാമേകാം, വധോനാം ഹ്ര്ദയമപദയം, കല്പവൃക്ഷാൻ പരോക്ഷാൻ,
സ്പർദ്ധാഭാഗോ വിദഗ്ധാ, നഹഹ! സുകൃതിനാം കല്പയന്നല്പമായുർ-
ബ്രഹ്മാ ജിഹ്മാന്തരാത്മാ സ മുനിരിതി കഥം കഥ്യതേ തഥ്യവാഗ്ഭിഃ?

കവി : **ഭർത്തൃഹരി**

3.776 സംസാരത്തിൻ കൊളുത്തെൻ. . . (ജ്യോതി)

സ്രഗ്ധര

സംസാരത്തിൻ കൊളുത്തെൻ മുതുകിലമരുമീ ഭക്തർ തന്നാർപ്പിനൊത്തെൻ–
മാംസസ്നായ്വസ്ഥിമേദോമലകലിതമുടൽക്കെട്ടു മാനത്തു പൊങ്ങും
ധ്വംസം ദേഹാത്മഭാവത്തിനു വരണമിവ; ക്കില്ലയെന്നാകിൽ ഞാനെ–
ന്നംസം ഭേദിച്ചു ബീഭത്സത, ജനനി, നിവേദിക്കണോ സത്ത്വരൂപേ?

കവി : **മധുരാജ്. ഇളവൂർ തുക്കത്തിനെപ്പറ്റി.**

3.777 ധീമത്ത്വം,ഫലിതം നിറഞ്ഞ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ധീമത്ത്വം,ഫലിതം നിറഞ്ഞ കവനം, വൈദ്യം മുതൽക്കെന്തിലും
സാമർത്ഥ്യം, ചെറുമെയ്യു, വട്ടവദനം, ഗാത്രം കറുത്തങ്ങനെ
ഓമൽപ്പഞ്ചിരി, മാർ വിരി, ഞ്ഞരകടു, ത്തൽപം വളഞ്ഞെത്രയും
പ്രേമം പൂണ്ടൊരു നോട്ടവും ശിവ, മറക്കാമോ മരിക്കും വരെ?

കവി : **നടുവത്ത് അച്ഛൻ നമ്പൂതിരി** , കൃതി : *(ശിവൊള്ളിയെക്കുറിച്ച്)*

3.778 ഒരു നിശ്ചയമില്ലയൊന്നിനും. . . (ജീവി)

വിയോഗിനി

ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ വന്നപോലെ പോം
വിരയുന്നു മനുഷ്യനേതിനോ
തിരിയാ ലോകരഹസ്യമാർക്കുമേ

കവി : **കുമാരനാശാൻ**, കൃതി : *ചിന്താവിഷ്ടയായ സീത*

3.779 വെള്ളക്കണ്ണാടിപോലുള്ളവളുടെ. . . (ഹരി)

സ്രഗ്ധര

വെള്ളക്കണ്ണാടിപോലുള്ളവളുടെ കവിളിൽ കൈകളെച്ചേർത്തു;വെന്നാ–
ലുള്ളത്തിൽ പേടിമൂലം കിടുകിടെ വിറയാലൊന്നു ചുംബിച്ചതില്ല
വെള്ളത്തിൽ ചാടിയപ്പോളവളുടെയധരം തൊട്ടു ഞാനൊട്ടതിങ്കൽ–
ക്കള്ളംകൂടാതെയോലും പുതുസുധയെ നകർന്നില്ല ദുർദൈവയോഗാൽ

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.780 വഞ്ചിക്ഷോണിക്കൊരു. . . (ജീവി)

മന്ദാക്രാന്ത

വഞ്ചിക്ഷോണിക്കൊരു തിലകമാമപ്പുരത്തേയ്ക്കു പോകും
വഞ്ചിക്കുട്ടം വരുമളവിലത്തോട്ടുവാരത്തൊതുങ്ങി
വഞ്ചിക്കേണം വളരെ മരനീരുള്ളിലുണ്ടാക മൂലം
വൻ ചിത്തഭ്രാന്തെഴുമരയരാം നാവികക്കയ്യരേ നീ.

കവി : കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.781 വായിപ്പോർക്കരുളുന്നനേകവിധമാം. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വായിപ്പോർക്കരുളുന്നനേകവിധമാം വിജ്ഞാന,മേതെങ്കിലും
ചോദിപ്പോർക്കുചിതോത്തരങ്ങളരുളിത്തീർക്കുന്ന സന്ദേഹവും
വാദിപ്പോർക്കുതകുന്ന യുക്തി പലതും ചൂണ്ടിക്കൊടുക്കും വൃഥാ
ഖേദിപ്പോർക്കരുളുന്ന സാന്ത്വനവചസ്സുത്കൃഷ്ടമാം പുസ്തകം

കവി : ആർ. ഈശ്വരപിള്ള

3.782 വേണം പുഷ്പഫലാർദ്രനിത്യ. . . (ബാലേന്തു)

ശാർദ്ദൂലവിക്രീഡിതം

വേണം പുഷ്പഫലാർദ്രനിത്യഹരിതാരാമം നമുക്കെങ്കിലോ
വേരോടാനതിനേകണം വരൾമനസ്സിൻ മണ്ണിൽ നാമൊട്ടിടം
വേറൊന്നില്ലെളുതാമുപായമലസം വ്യർത്ഥപ്രസംഗങ്ങളാ–
ലേറെപ്പോക്കി ദിനങ്ങൾ; വല്ലതുമിനിച്ചെയ്യാം, വരൂ നേരമായ്.

കവി : യൂസഫലി കേച്ചേരി

3.783 വിദ്യാവിഹീനത വരട്ടെ. . . (ജീവി)

വസന്തതിലകം

വിദ്യാവിഹീനത വരട്ടെയിവർക്കുമേലി–
ലുദ്യോഗവും ബലവുമങ്ങിനെപോട്ടെയെന്നാം,
വിദ്യാലയം ചിലതഹോ! തടയുന്നനാട്ടിൽ
വിദ്യാർത്ഥിമന്ദിരമതും ചില നിഷ്കപന്മാർ

കവി : കുമാരനാശാൻ, കൃതി : *തീയ്യക്കുട്ടിയുടെ വിചാരം*

3.784 വാണീദേവി, സുനീലവേണി. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വാണീദേവി, സുനീലവേണി, സുഭഗേ, വീണാരവം കൈതൊഴും
വാണീ, വൈഭവമോഹിനീ, ത്രിജഗതാം നാഥേ, വിരിഞ്ചപ്രിയേ,
വാണീദോഷമശേഷമാശു കളവാനെൻനാവിലാത്താദരം
വാണീടേണ, മതിന്നു നിന്നടിയിൽ ഞാൻ വീഴുന്നു മൂകാംബികേ!

3.785 വിദ്വാനു പണ്ടിഹ. . . (ജീവി)

വസന്തതിലകം

വിദ്വാനു പണ്ടിഹ ദരിദ്രതയിന്നു പാരിൽ
വിദ്യാവിഹീനനതുവന്നു വിരോധമില്ലാ
വിദ്യയ്ക്ക പണ്ടു വില വാങ്ങുകയില്ലയിപ്പോ–
ളുദ്യുക്തനും ധനമൊഴിഞ്ഞതു കിട്ടുകില്ല.

കവി : കുമാരനാശാൻ

3.786 വേദം നിന്നുടെ ശാസനക്കുറി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വേദം നിന്നുടെ ശാസനക്കുറി, പുരാണൗഘം ഹിതോദ്ബോധനം,
സ്വാദതൃന്തമിയന്ന കാവ്യഗണമോ സപ്രേമസംഭാഷണം
വൈദഗ്ധ്യത്തികവാൽ ജഗത്തു മുഴുവൻ താനേ വശത്താക്കി നീ
നാദബ്രഹ്മനുപാസനോപരി വിളങ്ങുന്നു മഹാരാജ്ഞിയായ്.

കവി : വള്ളത്തോൾ, കൃതി : *കവിത*

3.787 വിദ്യാ നാമ നരസ്യ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

വിദ്യാ നാമ നരസ്യ രൂപമധികം പ്രച്ഛന്നഗുപ്തം ധനം
വിദ്യാ ഭോഗകരീ യശഃ സുഖകരീ വിദ്യാ ഗുരൂണാം ഗുരുഃ
വിദ്യാ ബന്ധുജനോ വിദേശഗമനേ വിദ്യാ പരാ ദേവതാ
വിദ്യാ രാജസു പൂജ്യതേ ന തു ധനം വിദ്യാവിഹീനഃ പശുഃ

കവി : ഭർത്തൃഹരി, കൃതി : *നീതിശതകം*

3.788 വിരുതിൽ വിമതരേയും. . . (ബാലേന്തു)

മാലിനി

വിരുതിൽ വിമതരേയും തന്നിരത്നാരമാക്കാൻ
കരുതി രുചിരവേഷം കെട്ടി മട്ടുന്ന മട്ടിൽ
വരുമഴിമതിയാടിപ്പാടി നൃത്തം ചവിട്ടി–
ച്ചിരിയൊടു പുണരുമ്പോൾ പിമ്പരാം വമ്പർപോലും.

കവി : ഡി.വി. മണയത്താറ്റ്

3.789 വെള്ളപ്പളുങ്കുനിറമൊത്ത. . . (ജ്യോതി)

വസന്തതിലകം

വെള്ളപ്പളുങ്കുനിറമൊത്ത വിശുദ്ധരൂപീ
കള്ളം കളഞ്ഞു കമലത്തിലെഴുന്ന ശക്തീ
വെള്ളത്തിലെത്തിരകൾ തള്ളിവരും കണക്കെ–
ന്നുള്ളത്തിൽ വന്നു വിളയാടു സരസ്വതീ നീ!

3.790 വാക്കൊന്നെന്നുടെ വായിൽ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വാക്കൊന്നെന്നുടെ വായിൽ നിന്നൊരുവിധം വീണാലതിന്നേതുമേ
നീക്കം പിന്നെ വരുന്നതല്ലൊരു മുഖം നോക്കും നമുക്കില്ലതിൽ
വക്രത്വത്തൊടു രാജകൽപന വൃഥാ ലംഘിച്ചിടുന്നോർകളെ–
ച്ചക്രശ്വാസമൊടിട്ടിഴച്ചു കഷണിപ്പിക്കും കണക്കെന്നിയേ

കവി : നടുവത്ത് അച്ഛൻ നമ്പൂതിരി, കൃതി : *ഭഗവദ്ദൂത്*

3.791 വിണ്ണാറിൻ വിരിമാറിലർദ്ധവലയ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

വിണ്ണാറിൻ വിരിമാറിലർദ്ധവലയാകാരത്തൊടേഴാകുമാ
വർണ്ണത്തിന്റെ പകിട്ടു കാട്ടിടുമണക്കെട്ടൊന്നുയർത്തി സ്വയം
വർണ്ണിക്കാനരുതാത്ത ചൂടിലുരുകും ലോകർക്കു താപം കെടും
വണ്ണം വെള്ളമൊഴുക്കുവോനുലകിതിൻ ചീഫെഞ്ചിനീറാരുവാൻ!

കവി : ടി. എം. വി.

3.792 വീണക്കമ്പികൾ മീട്ടി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വീണക്കമ്പികൾ മീട്ടി നിൻ കരവിരൽക്കെല്ലാമിരട്ടിക്കുമി–
ശ്ശോണത്വം ബത കണ്ടു "ഗാനമുടനേ നിർത്തേണ"മെന്നക്ഷിയും
"വേണം തെല്ലിടകൂടെ"യെന്നു ദുര കൊണ്ടെൻ കർണ്ണവും തങ്ങളിൽ
പ്രാണപ്രേയസി, തർക്കമാ - ണിവിടെ ഞാൻ മദ്ധ്യസ്ഥതയ്ക്കക്ഷമൻ!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.793 വത്സസ്തോഭം മുകുന്ദൻ. . . (ഹരി)

സ്രഗ്ധര

വത്സസ്തോഭം മുകുന്ദൻ വനഭുവി പശുപന്മാരുമായ് മേച്ച കാലം
വത്സസ്തേയം വിധാതാ വിവശതയിൽ വൃഥാ ചെയ്ത നിർവ്വിണ്ണനായാൻ
വത്സസ്തോമത്തെ നോക്കുംപൊഴതു മകുടവും ഹാരപീതാംബരശ്രീ–
വത്സത്തോടേ വിളങ്ങീ ഭുവനമഖിലവും കണ്ടു വിഷ്ണു സ്വരൂപം

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.794 വാസുദേവ തവ ഭാസമാനമിഹ. . . (ജ്യോതി)[154]

കുസുമമഞ്ജരി

വാസുദേവ തവ ഭാസമാനമിഹ രാസകേളിരസസൗരഭം
ദൂരതോ∫പി ഖലു നാരദാഗദിതമാകലയ്യ കുതുകാകുലാ
വേഷഭൂഷണവിലാസപേശല വിലാസിനീശതസമാവൃതാ
നാകതോ യുഗപദാഗതാ വിയതി വേഗതോ∫ഥ സുരമണ്ഡലീ

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം* (69:3)

[154] [*ഉമേഷ്*] ശ്ലോകം **3.794 :** മൂലശ്ലോകം (മേൽപ്പത്തൂർ):

നീരജാക്ഷ, തവ ശോഭ വായ്ക്കുമൊരു രാസകേളിരസസൗരഭം
ദൂരെ നിന്നുമഥ നാരദന്റെ മൊഴിയാലറിഞ്ഞു കുതുകത്തൊടേ,
ചാരുഭൂഷണവിലാസമാർന്നൊരു വിലാസിനീശതമൊടുമ്പരും
സ്വൈരമായ് സുരപദം വെടിഞ്ഞു ഗഗനത്തിലെത്തി പല സംഘമായ്.

3.795 വർണ്ണിക്കാവല്ല വിഷ്ണോ. . . (ഹരി)

സ്രഗ്ധര

വർണ്ണിക്കാവല്ല വിഷ്ണോ! തവ ഗുണഗണമോരോന്ന ശേഷന്ന പോലും
കണ്ണിൽക്കാണുന്നവർക്കെന്തിഹ വിഷയധിയാമെങ്കിലും പ്രാർത്ഥയേ ഞാൻ
വിണ്ണിൽച്ചുട്ടും ജനങ്ങൾക്കധിപനവശനായ് വന്ന കൈകൂപ്പി വീണോ–
രുണ്ണിത്തുക്കാലൊരിക്കൽ മനസി മമ ധരിക്കായ്വരേണം കൃപാബ്ധേ!

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.796 വിശ്വാമിത്ര, വസിഷ്ഠ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വിശ്വാമിത്ര, വസിഷ്ഠ, ഗൗതമ, ഭരദ്വാജാദികൾ നട്ടൊരാ
വിശ്വാസച്ചെടി കായ്ച്ചുണങ്ങിയ കനിത്തോടേന്തി വേദാന്തമേ!
വിശ്വം, ശക്തിതരംഗചാലിതവിയദ്ഗേഹങ്ങളിൽ, കാലമാ–
മശ്വത്തെപ്പുറകേ നടത്തുമിവിടേക്കെന്തിന്ന വന്നെത്തി നീ?

കവി : വയലാർ, കൃതി : *ഗ്രാമദർശനം*

3.797 വരുന്ന ഗോപാല. . . (ഉമ)

ഉപേന്ദ്രവജ്ര

വരുന്ന ഗോപാലനിതംബിനീനാം
കരം പകർന്നാശു വിളങ്ങി കൃഷ്ണൻ
വിരിഞ്ഞ പുഷ്പങ്ങളിലങ്ങുമിങ്ങും
വിരിഞ്ഞു മണ്ടുന്നൊരു വണ്ടു പോലെ

കവി : കുഞ്ചൻ നമ്പ്യാർ , കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.798 വർത്തിച്ചീടുന്നൊരിക്കൽ. . . (ഹരി)

സ്രഗ്ധര

വർത്തിച്ചീടുന്നൊരിക്കൽ ഗുരുവിന്ന സമമായ്, മിത്രമായ് മറ്റൊരിക്കൽ,
വർത്തിച്ചീടും പിതാവായ്, സപദി ജനനിയായ്, കാന്തയായും കദാചിൽ,
വർത്തിച്ചീടുന്ന വാഗീശ്വരിയുടെ നടനാരാമമായ് സർവ്വകാലം
വർത്തിച്ചീടുന്ന സക്ഷാൽ സുരതരു സദൃശം പുസ്തകം ഹസ്തസംസ്ഥം

കവി : ആർ. ഈശ്വരപിള്ള

3.799 വാവായന്നതുടങ്ങി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വാവായന്നതുടങ്ങിയിങ്ങു പലരും ചൊല്ലുന്ന ശ്ലോകം വെറും
വാവായെന്ന തുടങ്ങിയായതുവരുന്നയ്യഞ്ചു പത്തോളവും;
വാവല്ലാണ്ടൊരു മൂന്ന നാളുകഴിയാറായീ, മുടങ്ങാതിനീം
വാ വല്ലാണ്ടു കഴയ്ക്കുവോളമിതുമട്ടായാൽ രസം കെട്ടുപോം.

കവി : ബാലേന്ദു

3.800 വിനാ ഗോ രസം കോ രസ:. . . (ഹരി)

ഭുജംഗപ്രയാതം

വിനാ ഗോ രസം കോ രസോ ഭോജനാനാം
വിനാ ഗോ രസം കോ രസഃ കർഷകാണാം?
വിനാ ഗോ രസം കോ രസഃ കാമിനീനാം?
വിനാ ഗോ രസം കോ രസഃ പണ്ഡിതാനാം?

3.801 വേണ്ടാതീനമശേഷമുണ്ടു. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

വേണ്ടാതീനമശേഷമുണ്ടു; കുസൃതിക്കുടാം കിടാങ്ങൾക്കതേ–
വേണ്ടൂ പെട്ടിതുറന്നു വെയ്ക്കുകിൽ, വിശേഷിച്ചും പരസ്യങ്ങളിൽ;
തീണ്ടാരിത്തുണി, സോപ്പു, പൂപ്പടിയുടുപ്പിത്യാദി കണ്ടാൽപ്പുറം–
തോണ്ടിക്കൊണ്ടവരെന്തതെന്തിനിതുമട്ടാരായുമോരോന്നുടൻ!

കവി : എൻ.കെ. ദേശം.

3.802 താരാകദംബമിതു. . . (കർത്താ)

വസന്തതിലകം

താരാകദംബമിതു താഴ്ന്നു,തുയർന്നതിനു–
താനെന്നു ഹന്ത! കരുതിക്കവിപുംഗവന്മാർ
താരാധിനായകത ചന്ദ്രനു നൽകിയല്ലോ
ദൂരത്തു നിൽക്കിലറിയാൻ കഴിയാ യഥാർത്ഥം.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *വിശ്വരൂപം*

3.803 തസ്മിൻ പ്രായോപവിഷ്ടേ. . . (ജ്യോതി)

സ്രുദ്ധര

തസ്മിൻ പ്രായോപവിഷ്ടേ സതി സുരതടിനീപുണ്യതീരപ്രദേശേ
തത്രായാതാൻ സ്മരാമി വ്രജപ മുനിഗണാനാഗതം ശ്രീശുകം ച
ദൃഷ്ട്വാ തം പീതചേലം മണിമയമുരളീം പിഞ്ഛജാലം ച ഹിത്വാ
ലക്ഷ്മീകാന്തസ്സമേതി സ്വയമിതി മുനയോ മേനിരേ മാരുതേശ

കവി : ഭക്തകവി വാഴകുന്നം

3.804 ദാരിദ്ര്യാഘാതമേറ്റിട്ടപഗത. . . (ജീവി)

സ്രുദ്ധര

ദാരിദ്ര്യാഘാതമേറ്റിട്ടപഗതധൃതിയായാപതിക്കുമ്പൊഴും, ഞാൻ
സാരൈശ്വര്യപ്രതാപക്കൊടുമുടിയിലിരിക്കുമ്പൊഴും തുല്യമായി
താരാർമാതിന്റെ മാറിന്നണിമരതകഭ്രഷായിതം സർവ്വലോകാ–
ധാരം നീരന്ധ്രുധാരാധരമധുരശരീരം സ്മരിക്കാവു നിത്യം.

കവി : വി. കെ. ജി.

3.805 തരളനരകളാകം. . . (കർത്താ)

മാലിനി

തരളനരകളാകം ചാമരം ലോലശംഖാ–
ഭരണമിതുകൾ ചേരും സാഗരശ്രീകരീന്ദ്രൻ
തരമൊടു തടഘാതക്രീഡചെയ്യുന്ന ചെന്നാ–
പ്പുരിയുടെ മികവേറും കോട്ടമേൽ കോട്ടമെന്യേ.

കവി : കവിയൂർ രാമൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണവിലാസം തർജ്ജമ*

3.806 തേളു തുച്ഛമൊരു കീടകം. . . (ജീവി)[155]

കുസുമമഞ്ജരി

തേളു തുച്ഛമൊരു കീടകം പരമിതെന്തുചെയ്യുമൊരെറുമ്പിനെ–
ക്കാളുമില്ല പണി കൊല്ലുവാനിതിനെ വാഴ്മെന്തുയിതു വാഴ്കിലും;
ആളുകൾക്കു പുനരെന്തുപേടി, യവർ പേരുകേട്ടുമുടനോടിടും;
കാളുമുഗ്രവിഷമുള്ള വാൽമുനയതിന്റെ തീവ്രത കഥിപ്പതോ!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *അന്യാപദേശശതകം തർജ്ജമ*

3.807 ആതങ്കം കൈവളർത്തും. . . (കർത്താ)

സ്രുദ്ധര

ആതങ്കം കൈവളർത്തും കടുവിഷമമൃതായ്ത്തീർന്നിടും; പന്നഗേന്ദ്ര–
വ്രാതം മെയ്പണ്ടമാകും; ഭഗവതി, ചുടലക്കാടൊരുദ്യാനമാകും;
ഭ്രുതപ്രേതാദിവർഗ്ഗം പുനരടിമകളാ; മുജ്ജ്വലാപാങ്ഗനോട്ടം
നീ തട്ടിക്കുന്ന ധന്യന്നൊരു ഭയലവമെ; ങ്ങായവൻ പാരിനീശൻ.

കവി : വള്ളത്തോൾ, കൃതി : *ഭഗവത്സ്തോത്രമാല*

3.808 ഭ്രരിതിക്തമിഹ കമ്പു. . . (ഉമേഷ്)

കുസുമമഞ്ജരി

ഭ്രരിതിക്തമിഹ കമ്പു, തോലതിലുമേറു, മേറുമതിലും ദലം,
പാരിലേറുമതിലും പ്രസൂന, മതിലും ത്വദീയമതിയാം ഫലം,
പാരിഭദ്ര, പരമാദ്ഭുതസ്ത്വ, മഥവാ തവ സ്തവമവാസ്തവം,
സൂരിവർണ്യമിഹ നിംബബീജമതുതാൻ തവാപി ജനനപ്രദം!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ / നീലകണ്ഠശാസ്ത്രികൾ, കൃതി : *അന്യാപദേശശതകം തർജ്ജമ*

3.809 പൂവേ, സൗരഭമുള്ള നാൾ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

പൂവേ, സൗരഭമുള്ള നാൾ ഭ്രവനമാന്യം നീ, പുരാരാമമ–
ല്ലാവാസം, സ്വയമിന്നദിഷ്ടകൃതമായീടുന്ന കാടെങ്കിലും
ഭ്രവിൽത്താണറിയാത്ത ഗർഭമതിലുണ്ടാം ഹീരമേ, സ്വൈരമായ്
മേവാമത്ര കരേറി നീ മഹിതമാം കോടീര കോടീതടം.

കവി : കുമാരനാശാൻ

3.810 ഭ്രവിൽത്താൻ വന്നുചേരും. . . (ഉമേഷ്)

സ്രുദ്ധര

ഭ്രവിൽത്താൻ വന്നുചേരും സമയമനുസരിച്ചാണ പോൽ ജീവിതത്തിൻ
ഭാവം രൂപം സമസ്തപ്രകൃതവുമിവിടെജ്ജീവികൾക്കെന്നു കേൾപ്പൂ;
രാവിൻ നേർപ്പാതിയിൽപ്പാരിതിലവതരണം ചെയ്തതാവാം ഹരേ! നീ–
യേവം ചോരൻ, വിടൻ, ഘ്രാതുക – നിതു വിധമാസ്ത്തീരുവാൻ ബന്ധമോർത്താൽ.

കവി : ടി. എം. വി.

---

[155] *[ഉമേഷ്]* ശ്ലോകം **3.806 :** മൂലശ്ലോകം (നീലകണ്ഠശാസ്ത്രികൾ) :
കീടഃ കശ്ചന വൃശ്ചികഃ, കിയദയം പ്രാണീ, കിയച്ചേഷ്ടതേ,
കോ ഭാരോ ഹനനേ $\int$ സ്യ, ജീവതി സ വാ കായം കിയന്തഃ പുനഃ
നാമ്നോ $\int$ പ്യസ്യ കിയദ് ബിഭേതി ജനതാ ദൂരേ കിയദ് ധാവതി
കിം ബ്രൂമോ ഗരളസ്യ ദുർവ്വിഷഹതാം പുച്ഛാഗ്രഭ്രകസ്പശഃ

3.811 രാവഞ്ചാറായി, വണ്ടിക്കുതിര. . . (ഹരി)

സ്രഗ്ധര

രാവഞ്ചാറായി, വണ്ടിക്കുതിരനിര കുളമ്പിട്ടടിച്ചോട്ടമായീ
പൂവഞ്ചും മേനിമാരും കണവരുമിണവിട്ടങ്ങുമിങ്ങും പിരിഞ്ഞൂ
പൂവമ്പൻ തൻ പുറപ്പാടിനു നെടുകുടയായ്പ്പൊന്തിടും തിങ്കളൊന്നി–
ച്ചാവമ്പേറും കിഴക്കൻ കടലവിടെ വിളങ്ങീടിനാൻ മോടിയോടും.

കവി : ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ

3.812 പാരാവാരം കരേറിക്കരകൾ. . . (ഉമേഷ്)

സ്രഗ്ധര

പാരാവാരം കരേറിക്കരകൾ മുഴുവനും മുക്കിമൂടാത്തതെന്തോ?
താരാവൃന്ദങ്ങൾ തമ്മിൽ സ്വയമുരസി മറിഞ്ഞതു വീഴാത്തതെന്തോ?
നേരായാരാഞ്ഞു നോക്കീടുക മദമിയലും മർത്ത്യരേ, നിങ്ങളെന്നാ–
ലാരാൽ കണ്ടെത്തുമെല്ലാറ്റിനുമുപരി വിളങ്ങുന്ന വിശ്വസ്രുപം.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *വിശ്വസ്രുപം*

3.813 നീലനീരദനിഭാ. . . (കർത്താ)

കുസുമമഞ്ജരി

നീലനീരദനിഭാ നിശാകരനികാശനിർമ്മലനിജാനനാ
ലോലലോചനലലാമശോഭിതലലാടലാലിതലലാപകാ
ശാലിതാ ശകുലശാരദാ ചരണചാരി ശാശ്വതശുഭാവഹാ
കാലകാല കമനീയകാമുക കലാകലാപ കലിതാപദാം.

കവി : ശ്രീനാരയണഗുരു, കൃതി : *ദേവീപ്രണാമദേവ്യഷ്ടകം*

3.814 ശാസിയ്ക്കുവാനിത്തിരി. . . (ജ്യോതി)[156]

ഇന്ദ്രവജ്ര

ശാസിയ്ക്കുവാനിത്തിരിമെല്ലെയൊന്നു–
ഭാവിക്കുകിൽത്തന്നെയുടൻ കുമാരൻ
നന്നായ് ശരച്ചന്ദ്രമുഖം പിളുക്കി–
ക്കരഞ്ഞിടും ചെയ്യുവതെന്തുപിന്നെ

കവി : മുരളി, കൃതി: *ശ്രീകൃഷ്ണകഥാമൃതം*

3.815 നാകമേതു? ഫണിലോകമേതു?. . . (ഉമേഷ്)[157]

കുസുമമഞ്ജരി

നാകമേതു? ഫണിലോകമേതു? നരലോകമേതിവ ഭവിക്കിലി–
ന്നാകണം സകലദർശിയാം തവ വിലോകനത്തിനിതു ഗോചരം
ലോകമുൾഭ്രമമിയന്നു വല്ലതുമുരച്ചിടട്ടെ, മതിമാൻ ഭവാൻ
ഭേകമേ, കിണറിതൊന്നൊഴിഞ്ഞു പുനരന്യമെന്തിഹ ഭവിച്ചിടാം?

[156] തെറ്റിപ്പോയ ഒരു ശ-ന ശ്ലോകത്തിനു പകരം ചൊല്ലിയതു്.

[157] [*ഉമേഷ്*] ശ്ലോകം **3.815 :** മൂലശ്ലോകം (**നീലകണ്ഠശാസ്ത്രികൾ**):

കാദ്യൗ കിം ബലിസത്മ? കാ വസുമതീ സ്യാത് സർവ്വമേദദ്യതി
പ്രത്യക്ഷം ന ഭവേത് കദാചിദപി കിം തേ സർവ്വ സന്ദർശിനഃ
ഭ്രാമ്യന്തു പ്രലപന്തു നാമ വിദിതം മണ്ഡൂക, സമ്യക് ത്വയാ
മുക്തേത്വമം പരമം കൂപമിതരത് കിം നാമ സംഭാവ്യതേ

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ / നീലകണ്ഠദീക്ഷിതർ, കൃതി : *അന്യാപദേശം തർജ്ജമ*

3.816 ലോലംബമാലാലളിതാളകേയം. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ലോലംബമാലാലളിതാളകേയം
ബന്ധൂകനിന്ദാപരദന്തചേലാ
ലവങ്ഗബാലച്ഛദചാരുജിഹ്വാ
ചില്ലീജിതാനങ്ഗശരാസവല്ലീ

കവി : സീതാരാമ കവി, കൃതി : *ബാലരാമവിജയം ചമ്പു*

3.817 ലക്ഷ്യം കൂടാതെ ലങ്കാനഗരം. . . (ജീവി)

സ്രഗ്ധര

ലക്ഷ്യം കൂടാതെ ലങ്കാനഗരമതു തകർത്തക്ഷമം ശ്രുക്ഷനാകം
രക്ഷോജാലാധിപത്യം തടവിന ദശകണ്ഠന്റെ കണ്ടും മുറിപ്പാൻ
ലക്ഷ്യം വച്ചങ്ങു ചീറി ദ്രുതമണയുമൊരത്യുഗ്രമാം രാമബാണം
രക്ഷിച്ചീടട്ടെ നിത്യം കലിമലമകലെപ്പോക്കി നന്നാക്കി നമ്മെ.

കവി : വെണ്മണി മഹൻ, കൃതി : *കവിപുഷ്പമാല*

3.818 ലോകം ശാശ്വതമല്ല. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ലോകം ശാശ്വതമല്ല, ജീവിതസുഖസ്വപ്നങ്ങൾ മായും, വരും
ശോകം, മായികബുദ്ബുദങ്ങൾ മറയും, പായും സരിത്സഞ്ചയം,
നാകം കാല്പനികോത്സവാങ്കിതലസത്ക്കാനൽജലം - പിന്നെയെ–
ന്തേകം, സത്യ, മനശ്വരം? മൃതി - അതേ, മൃത്യോ, ജയിക്കുന്ന നീ!

കവി : ചങ്ങമ്പുഴ

3.819 നീലക്കല്ലാൽ വിരചിതമണി. . . (കർത്താ)

മന്ദാക്രാന്ത

നീലക്കല്ലാൽ വിരചിതമണിച്ചെപ്പുപോലേ വിളങ്ങും
കോലപ്പോർവന്മുല, കുവലയം വെന്റു മുദ്ധേക്ഷണായാഃ
ബാലസ്നിഗ്ധം നഖപദമണിഞ്ഞശ്രുപാതാത്തരേഖം
ചാലത്തോന്റും ചുനയൊഴുകുമച്ചൂതപക്വങ്ങളെന്റ്.

കൃതി : *ഉണ്ണുനീലിസന്ദേശം*

3.820 ബാലാർക്കായുത സത്പ്രഭാകരതലേ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ബാലാർക്കായുതസത്പ്രഭാകരതലേ ലോലംബമാലാകുലാം
മാലാം സന്ദധതിം മനോഹരതനും മന്ദസ്മിതോദ്യന്മുഖീം
മന്ദം മന്ദമുപേയുഷീം വരയിതും ശംഭും ജഗന്മോഹിനീം
വന്ദേ ദേവമുനീന്ദ്രവന്ദിതപദാം ഇഷ്ടാർഥദാം പാർവതീം

3.821 മധുമധുരമുദാരം. . . (ജീവി)

മാലിനി

മധുമധുരമുദാരം പാടിയെത്തുന്ന നാനാ–
മധുകരനികരത്തിൻ പ്രേമഗാനങ്ങൾ കേൾക്കേ,
വിധുരതയിയലാത്തുള്ളോരു പുഷ്പങ്ങൾ മോദാൽ
മധുരതരമരന്ദം ത്തുകിയാട്ടുന്ന മന്ദം!

കവി : ചങ്ങമ്പുഴ, കൃതി : *ഗീതാഞ്ജലി*

3.822 വെജിറ്റേറിയൻ നോൺ. . . (കർത്താ)

ഭുജംഗപ്രയാതം

വെജിറ്റേറിയൻ, *നോൺവെജിറ്റേറിയൻ* – ര–
ണ്ടിനം ഭക്ഷണം നാട്ടിലുണ്ടെന്നു കേൾപ്പൂ;
എജിറ്റേറിയൻ – മുട്ട തിന്നുന്ന വർഗ്ഗം
വെജിറ്റേറിയന്മാർക്കു തുല്യം ഭവിക്കും.

കവി: ഏവൂർ പരമേശ്വരൻ, കൃതി: *കുട്ടിശ്ലോകങ്ങൾ*

3.823 എനിക്കില്ലാ പദ്യാവലി. . . (ഉമേഷ്)

ശിഖരിണി

“എനിക്കില്ലാ പദ്യാവലിയെഴുവാൻ നൈപുണമഹോ!
മിനക്കെട്ടാലുണ്ടാകിലുമതു പിഴച്ചീട്ട, മതിനാൽ
കനക്കുന്നാക്ഷേപം കവികളിലുരയ്ക്കാ” മിതി സദാ
നിനയ്ക്കുന്നുണ്ടിപ്പോൾ ചില വിരുതരീർഷ്യാവസതികൾ.

കവി : വെണ്മണി മഹൻ, കൃതി : *(സമസ്യാപൂരണം)*

3.824 കല്ലും മുള്ളുമതല്ലിടയ്ക്കു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കല്ലും മുള്ളുമതല്ലിടയ്ക്കു കഴിയും മാടും മരഞ്ചാടിയും
പുല്ലും പുറ്റുമിവറ്റകൊണ്ടു നിറയപ്പെട്ടുള്ള കാട്ടിൽസ്സദാ
അല്ലൽപ്പെട്ടു നടന്നുഴന്ന കരകണ്ടീടാതെ കഷ്ടിച്ചിരു–
ന്നല്ലോ മാമക പുത്ര, രായതു നിനച്ചുൾത്താരു കത്തുന്നു മേ

കവി : നടുവത്തച്ഛൻ നമ്പൂതിരി , കൃതി : *ഭഗവദ്ദൂത് നാടകം*

3.825 ആനന്ദൈകതരംഗിണീം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആനന്ദൈകതരംഗിണീമലഹയന്നാളീകഹംസീമണീം
പീനോത്തുംഗഘനസ്തനാം ഘനലസത്പാടീരപങ്കോജ്ജ്വലാം
ക്ഷൗമാവീതനിതംബബിംബരശനാസ്യൂതക്വണത്കിങ്കിണീം
ഏണാംകാംബുജഭാസുരാസ്യനയനാം ശ്രീഭദ്രകാളീം ഭജേ.

കവി : ശ്രീനാരായണഗുരു, കൃതി : *ഭദ്രകാല്യഷ്ടകം*

3.826 ക്ലിന്റൺ ഡേറ്റിനു കേൾക്കുകിൽ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

"ക്ലിന്റൺ ഡേറ്റിനു കേൾക്കുകിൽഇനിയുമോ?" യുയെസ്സിലാരാഞ്ഞൊരാൾ,
"എന്താ സംശയ"മെന്നുരച്ചു ചിലപേർ, ആവേശപൂർണ്ണാത്മനാ;
"വേണ്ടാ സാഹസ"മെന്നു ചൊല്ലി ചിലരോ പിന്മാറി, ശാന്ത്യർത്ഥമായ്
അന്തം വിട്ടു കരഞ്ഞുപോ,"ലിനിയുമോ" ശേഷിച്ച യോഷാജനം!

കവി : ബാലേന്ദു

3.827 വാനീരത്തിൽ മദിച്ചു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വാനീരത്തിൽ മദിച്ചു പക്ഷികളിരിക്കുമ്പോൾ കൊഴിഞ്ഞുള്ള നൽ–
സൂനം കൊണ്ടു സുഗന്ധമാർന്നതിതണുപ്പുള്ളച്ചു വെള്ളത്തൊടും
താനേ കായ്കൾ പഴുത്തു നീലനിറമാം ജംബൂവനേ മുട്ടി നൽ–
ധ്വാനത്തോടൊഴുകുന്ന ചോലകളിതാ നാനാ വഴിക്കങ്ങിനെ

കവി : ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

3.828 തുമ്പത്തമ്പോടുകെട്ടി. . . (ബാലേന്ദു)

സ്രുദ്ധര

തുമ്പത്തമ്പോടുകെട്ടിച്ചുരുൾമുടിപുറകോട്ടിട്ടതിൽച്ചന്തമേന്തും
തുമ്പപ്പൂംതൊത്തിണക്കിഗ്രഥിതദശസുമശ്രീലസന്മാലചാർത്തി
ഇമ്പത്തിൽത്തുമ്പിതുള്ളും നയനമുനയുമായ് നിൽക്കെ, ഞാനോണലക്ഷ്മീ–
സമ്പത്തൊട്ടുകു കണ്ടേൻ സ്തനവിജിതലസൽക്കന്ദുകേ നിന്നിലന്നാൾ.

കവി : കെ.എൻ. ഡി.

3.829 ഇരുണ്ടു നീണ്ടെന്തിതു. . . (കർത്താ)

ഉപേന്ദ്രവജ്ര

ഇരുണ്ടു നീണ്ടെന്തിതു ഹന്ത! നോക്കുവിൻ
കരണ്ടിടുന്നു കരപത്രമെന്നപോൽ
ഇടയ്ക്കിടെപ്പൊന്തിന ദന്തപംക്തിയാൽ
ഉടക്കിവാനാമൊരു ചെമ്പുപാളിയെ.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *മലയവിലാസം*

3.830 ഇരുൾ നിറഞ്ഞൊരു രാത്രിയിൽ. . . (ഹരി)

ദ്രുതവിളംബിതം

ഇരുൾ നിറഞ്ഞൊരു രാത്രിയിൽ വെറ്റില–
ച്ചുരുൾ തരാൻ ചുടുചുംബനമേകുവാൻ
തരുണനാമെവനും സഖ വേണമങ്ങ–
രികിലോരുകിലോമലൊരംഗന

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

3.831 താരത്തിൽക്കണ്ടിടുന്നു. . . (ഉമേഷ്)

സ്രഗ്ധര

താരത്തിൽക്കണ്ടിടുന്നു പല പെരിയ ജനം നിത്യവും നിന്നെ, മൂലാ–
ധാരത്തിൽപ്പിന്നെ വേറേ ചില, രപരജനം താമരത്താരിനുള്ളിൽ;
സാരത്തെക്കണ്ടിടുന്നോരൊരു പൊഴുതിലഹോ! നിന്നെയല്ലാതെയന്യാ–
കാരത്തെക്കണ്ടിടുന്നില്ലയി, മധുരസമുദ്രോദ്ഭവേ ഭ്ർ ഭ്വഃ സ്വഃ

കവി : കെ. കെ. രാജാ

3.832 സകല ഫലസമൃദ്ധ്യെ. . . (ഹരി)

മാലിനി

സകല ഫലസമൃദ്ധ്യെ കേരളാനാം പ്രതാപം
പെരിയ പരശുരാമസ്യാജ്ഞയാ യത്ര നിത്യം
കനിവൊടു മഴകാലം പാർത്തുപാർത്തർഭകാണാം
ജനനി മുലകൊടുപ്പാനെന്നപോലേ വരുന്നു

കൃതി : *ചന്ദ്രോത്സവം*

3.833 കുലാക്രാന്തെഹികാർത്തി. . . (ഉമേഷ്)

സ്രഗ്ധര

കുലാക്രാന്തെഹികാർത്തിക്രകചകൃതികൃതാർത്ഥാങ്കുരഭ്രുകുടീകം,
കൈലാസേശം, കിരീടീകദനകബളനോപാത്തകൈരാതരൂപം,
നാലാമ്നായാന്തനൃത്യം, സുകൃതകൃതനതക്ഷേമദോമോഷിതാങ്കം,
കാളാഭ്രക്ഷ്വേളകണ്ഠം, കലിതകുമുദിനീകാന്തചൂഡം ഭജേഥാഃ

കവി : ശങ്കുണ്ണിക്കുട്ടൻ

3.834 നാദം, താളം, വെളിച്ചം. . . (കർത്താ)

സ്രഗ്ധര

നാദം, താളം, വെളിച്ചം, നിഴൽ, നിറമിവയാൽ നൃത്തശിൽപം രചിക്കും
കാലത്തിൻ കുമ്മനാഭീനളിനകലികയിൽ വീണ കുമഞ്ഞുതുള്ളി
നാളത്തെപ്പൊന്നുഷസ്സിൻ പ്രമദവനികയിൽ കൽപനാപത്മരാഗ–
ത്താലത്തിൽ കാഴ്ചവെക്കാൻ പ്രകൃതിയുടെ കലാശാല ഞാൻ തേടിവന്നു!

കവി : വയലാർ, കൃതി : *ഗ്രാമദർശനം*

3.835 നാവിൻ തുമ്പത്തു തുമ്പം കളയും. . . (ജീവി)

സ്രഗ്ധര

നാവിൻ തുമ്പത്തു തുമ്പം കളയുമളികുലശ്യാമളശ്രീമണാള–
സ്വാമിക്കുള്ളായിരം പേരുക, ളകമലരിൽ സച്ചിദാനന്ദരൂപം
ഏവം ഞാനീ പ്രപഞ്ചം മുഴുവനുമവിടുന്നെന്നു, മീ ഞാനുമെന്നും
ഭാവിക്കാറായ്വരട്ടേ ഭവഭയജലധിക്കക്കരെച്ചെന്നുപറ്റാൻ

കവി : വി. കെ. ജി.

3.836 എന്നില്ലത്തെത്തുമങ്ങോർ. . . (ഹരി)

സ്രഗ്ധര

എന്നില്ലത്തെത്തുമങ്ങോർ വിജയദശമി നാൾ വാണിയെ ഗ്രന്ഥരൂപം
തന്നിൽപ്പൂജയ്ക്ക വെച്ചോരറയുടെ നടയിൽച്ചമ്രമിട്ടങ്ങിരിക്കും
മുന്നിൽത്താന്താൻ പരത്തും മണലിലെഴുതിടും കൈവിരൽത്തുൻപിനാൽ ഹാ
മിന്നിക്കാണമതിൽത്താനഴകിന കവിതാ വിദ്യതൻ പദ്യരൂപം!

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.837 മന്ദം മന്ദം മധുരനിനദൈഃ. . . (ഋഷി)

മന്ദാക്രാന്ത

മന്ദം മന്ദം മധുരനിനദൈർവേണുമാപൂരയന്തം
വൃന്ദം വൃന്ദാവനഭുവിഗവാം ചാരയന്തം ചരന്തം
ഛന്ദോഭാഗേ ശതമഖമഖ ധ്വംസിനാം ദാനവാനാം
ഹന്താരം തം കഥയരസനേ ഗോപകന്യാഭുജംഗം

കവി : ലീലാശുകൻ , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.838 ഛന്നോപാന്തഃ പരിണതഫല. . . (ജീവി)[158]

മന്ദാക്രാന്ത

ഛന്നോപാന്തഃ പരിണതഫലദ്യോതിഭിഃ കാനനാമ്രൈ–
സ്ത്വയ്യാരൂഢേ ശിഖരമചലഃ സ്നിഗ്ധവേണീസവർണേ
നൂനം യാസ്യത്യമരമിഥുനപ്രേക്ഷണീയാമവസ്ഥാം
മധ്യേ ശ്യാമഃ സ്തന ഇവ ഭുവഃ ശേഷവിസ്താരപാണ്ഡുഃ

കവി : കാളിദാസൻ, കൃതി : *മേഘദൂതം*

3.839 നമ്രാണാം സന്നിധത്തേ. . . (ജ്യോതി)[159]

സ്രഗ്ധര

നമ്രാണാം സന്നിധത്തേ സതതമപി പുരസ്തൈരനഭ്യർഥിതാനോ∫–
പ്യർഥാൻ കാമാനജസ്രം വിതരസി പരമാനന്ദസാന്ദ്രാം ഗതിം ച
ഇത്ഥം നിശ്ശേഷലഭ്യോ നിരവധികഫലഃ പാരിജാതോ ഹരേ! ത്വം
ക്ഷുദ്രം തം ശക്രവാടീദ്രുമമഭിലഷതി വ്യർഥമർഥിവ്രജോ∫യം

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം* (1:8)

3.840 ഇക്കാലത്തുള്ള ഭാഷാ. . . (കർത്താ)

സ്രഗ്ധര

ഇക്കാലത്തുള്ള ഭാഷാകവികളെയറിവിൽപ്പെട്ടപോലൊട്ടുപേരെ–

---

[158] [*ഉമേഷ്*] ശ്ലോകം **3.838 :** പരിഭാഷ (ജി. ശങ്കരക്കുറുപ്പ്) :

നീരസ്സ്നിഗ്ധവേണീസമസുഷമ, തവാസംഗമാശ്ലംഗമാർന്നാ–
ലോരം കായ് മൂത്ത തൈമാവണിയിൽ മറയുമുന്നമ്രമാമാമ്രകൂടം
ആരമ്യാഗ്രം കുതിച്ചിട്ടിടമുടയ തടം പാണ്ഡുവായുള്ള ഭൂവി–
ന്നാരപ്പോർകൊങ്ക പോൽക്കണ്ടനിമിഷമിഥുനം കണ്ണിമയ്ക്കാതെ നിൽക്കും.

[159] [*ഉമേഷ്*] ശ്ലോകം **3.839 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ക്ഷുപ്പന്നോർക്കെപ്പൊഴും നീയരികിൽ മരുവിടും, കാമിതം കൈവരുത്തും,
കെൽപ്പോടർത്ഥിച്ചിടാതുള്ളവയുമരുളിടും, മുക്തിസൗഖ്യം കൊടുക്കും,
ഒപ്പം സർവ്വാർത്ഥമേകം, നിരവധി ഫലമാം കല്പകം തന്നെ നീ, വിൺ-
തോപ്പിൽ ചേർന്നുള്ളൊരാപ്പാഴ്മരമതു വെറുതേ യാചകന്മാർ കൊതിപ്പൂ!

ച്ചൊൽക്കൊണ്ടീടുന്ന രാമായണപുരുഷരൊടൊപ്പിച്ചു കൽപ്പിച്ചിവണ്ണം
ദുഷ്ക്കാമാൽ തള്ളിവിട്ടീടിന മമ കൃതിയിൽപ്പട്ടുമത്തെട്ടശേഷം
തക്കത്തിൽ സ്പഷ്ടമാക്കുന്നതിലിവിടെ മനഃഖേദമില്ലേതുകൊണ്ടും.

കവി : മൂലൂർ പദ്മനാഭപ്പണിക്കർ

3.841 ദുഷ്കർമ്മം ചെയ്തിരിയ്ക്കാമഹം. . . (ജ്യോതി)

സ്രഗ്ധര

ദുഷ്കർമ്മം ചെയ്തിരിയ്ക്കാമഹ, മതുമുഴുവൻ ചിത്രഗുപ്തൻ കണക്കിൻ–
ബുക്കിൽ കൊള്ളിച്ചിരിയ്ക്കാം, യമനുമതിനു കണ്ടോട്ടെയെന്നായിരിയ്ക്കാം,
മുക്കണ്ണപ്പാണനാഥേ! ഭഗവതി! തവ തൃക്കാലെഴും കാലമാശു
മുഷ്കെന്നിൽ ചെയ്യുമെന്നുള്ളൊരു ഭയമടിയന്നില്ല പുല്ലാണിതെല്ലാം.

കവി : ഒറവങ്കര

3.842 മീനാങ്കോപമ, കൺകലക്കമവിടേയ്ക്ക്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മീനാങ്കോപമ, കൺകലക്കമവിടേയ്ക്കൊട്ടല്ലുറങ്ങായ്കയാൽ
മ്ലാനാപാണ്ഡുരമായ്ച്ചമഞ്ഞിതു മണം വീശുന്ന പൂമേനിയും;
ഞാനായിന്നലെ രാത്രിമാത്രമയി, ഹാ, വേർപെട്ടതിൻ മൂലമീ–
ദ്ദുനാവസ്ഥയിലായ് ഭവാൻ; മയി തവ സ്നേഹം മഹത്തെത്രയും!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.843 ഞാനീ ഗ്രീഷ്മസരോവരത്തിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഞാനീ ഗ്രീഷ്മസരോവരത്തിൽ വിടരും ചെന്താമരപ്പൂവിലും,
നാണിച്ചീവഴി നൃത്തമാടിയൊഴുകും കാട്ടാറിലും, കാറ്റിലും,
ധ്യാനിക്കുന്ന കലാചലത്തിലലിയും മൗനത്തിലും, കണ്ടു നിൻ
വീണക്കമ്പിയിലംഗുലീമുനകളാൽ നീ തീർത്ത കാവ്യോത്സവം.

കവി : വയലാർ

3.844 ധീരശ്രീ സർവ്വസൈന്യാധിപനുടെ. . . (ഹരി)

സ്രഗ്ധര

ധീരശ്രീ സർവ്വസൈന്യാധിപനുടെ കരവാ,ളൂഴിപന്നുള്ള ചെങ്കോ–
ലീരണ്ടിന്നും നമിക്കാത്തൊരു പഴയമഹാശക്തി മീതേ ജയിപ്പൂ
സാരജ്ഞേ! തൽ പ്രയുക്തം നിയമമനുസരിച്ചിന്നുലോകങ്ങളോരോ
നേരത്തോരോ വിധത്തിൽ തിരിയുമതു തടുത്തീടുവാനാവതല്ല

കവി : വി.സി. ബാലകൃഷ്ണപ്പണിക്കർ , കൃതി : *ഒരു വിലാപം*

3.845 സംസത്തിൽ സ്വാവമാനോദ്യത. . . (ഉമേഷ്)

സ്രഗ്ധര

സംസത്തിൽ സ്വാവമാനോദ്യതനൃപഭടരോടാത്തരോഷൻ, സ്വവീര്യം
ശംസിക്കും സാധുപൗരപരിഷയിലലിവാർന്നുന്മിഷന്മന്ദഹാസൻ,
അംസത്തിൽച്ചന്ദ്രലേഖാവിമലകുവലയാപീഡദന്തങ്ങളേന്തി–
ക്കംസധ്വംസത്തിനോങ്ങും മുരരിപുഭഗവാൻ നിങ്ങളെത്താങ്ങിടട്ടെ!

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *ചാരുദത്തൻ*

3.846 ആകംമട്ടിലധർമ്മകർമ്മമധികം. . . (ഹരി)

ആകം മട്ടിലധർമ്മകർമ്മമധികം ചെയ്തിട്ടു ജീവിക്കിലും
ചാകംനേരമെവൻ വിളിച്ച മകനെ സ്നേഹേന: "നാരായണാ!"
ആ കൃത്സാർഹനജാമിളൻ യമഭടത്തല്ലൊന്നുമേൽക്കാതെ താൻ
വൈകുണ്ഠത്തിലണഞ്ഞു പണ്ടു ഭഗവന്നാമപ്രഭാവത്തിനാൽ

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

3.847 അഥ ദിക്ഷു വിദിക്ഷു. . . (ഉമേഷ്)[160]

തോടകം

അഥ ദിക്ഷു വിദിക്ഷു പരിക്ഷുഭിത–
ഭ്രമിതോദരവാരിനിനാദഭരൈഃ
ഉദഗാദുദഗാദുരഗാധിപതി–
സ്ത്വദുപാന്തമശാന്തരുഷാന്ധമനഃ

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം (55:4)*

3.848 ഊക്കേറും ശാപമൂലം. . . (കർത്താ)[161]

സ്രഗ്ധര

ഊക്കേറും ശാപമൂലം സ്മൃതി മറയുകയാൽ വല്ലഭൻ നിന്നെയന്നാൾ
കൈക്കൊണ്ടില്ലിന്ന പിന്നെക്കലുഷമകലവേ സാദരം സ്വീകരിച്ചു;
ഉൾക്കൊള്ളും ധൂളിമൂലം പ്രതിഫലനബലം മാഞ്ഞുനിൽക്കുന്ന നേര–
ത്തേൽക്കാ കണ്ണാടിയൊന്നും, മലിനതയൊഴിയുന്നേരമെല്ലം ഗ്രഹിക്കും.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *ശാകുന്തളം തർജ്ജമ*

3.849 ഉണ്ണീ വാ വാ കുളിച്ചീടുക. . . (ഹരി)

സ്രഗ്ധര

"ഉണ്ണീ വാ വാ കുളിച്ചീടുക, കുറികളുമിട്ടുണ്ണണം നീ കുമാരാ
ഇന്നല്ലോ നിൻ പിറന്നാൾ പൊടി ചെളികളണിഞ്ഞെന്തിവണ്ണം നടപ്പൂ?"
എന്നീവണ്ണം യശോദാ വചനമുടനെക്കേട്ടൊന്ന മെല്ലേച്ചിരിച്ചോ–
രുണ്ണിക്കണ്ണന്റെ ഭാവം മമ പുനരൊരുനാൾ കാണ്മതിൻ ഭാഗ്യമുണ്ടോ ?

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

3.850 എന്തേ നെട്ടോട്ടമോടാൻ. . . (ബാലേന്തു)

സ്രഗ്ധര

[160] [*ഉമേഷ്*] ശ്ലോകം **3.847 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

തിര തള്ളിയലച്ചൊലി ച്ചുറ്റിലുമ–
ന്നുരുവേഗമൊടൊത്തുയരും സമയം
ഉരഗേശനുമെത്തി ജലോപരി നി–
ന്നരികത്തതിഭീഷണരോഷമൊടേ.

[161] [*ഉമേഷ്*] ശ്ലോകം **3.848 :** മൂലശ്ലോകം (കാളിദാസൻ) :

ശാപാദസി പ്രതിഹതാ സ്മൃതിരോധരൂക്ഷേ
ഭർത്തര്യുപേതതമസി പ്രസൃതാ തഥൈവ
ഛായാ ന മൂർച്ഛതി മലോപഹതപ്രസാദേ
ശുദ്ധേ ഹ ദർപ്പണതലേ സുലഭാവകാശാ

“എന്തേ നെട്ടോട്ടമോടാൻ? അപകടമധികം വല്ലതും വന്നുപെട്ടോ?”
“എന്തൊന്നോതേണ്ടു നാട്ടിൽപ്പകരുമൊരു മഹാവ്യാധിയാകെപ്പടർന്നു!”
“എന്തിന്നായ് നിങ്ങളോടുന്നവിടെയുമിതുപോൽ രോഗമേതാൻ പടർന്നോ?”
“എന്നാലെത്രയ്ക്ക ഭേദം! വികടകവിയൊരാൾ വന്നു, ബാലേന്നു നാമം.”

കവി : ബാലേന്നു

3.851 ഏഴാം സ്വർഗം വിടർന്നു. . . (ഋഷി)

സ്രഗ്ധര

ഏഴാം സ്വർഗം വിടർന്നു തവ കടമിഴിയിൽക്കൂടി,യെന്നല്ല, ഞാനാം
പാഴാം പുൽത്തണ്ടിൽനിന്നും പലപല മധുരസ്വപ്നഗാനം പടർന്നു
കേഴാം ഞാൻ നാളെ, വീഴാ,മടിയിലഖിലവും തേളുചൂഴും തമസ്സിൽ–
ത്താഴാം താഴട്ടെ, കേഴട്ടരികിൽ വരികയേ ഹൃദ്യമേ, മദ്യമേ, നീ!

കവി : ചങ്ങമ്പുഴ

3.852 കണ്ടീടാനുണ്ടെളുപ്പം. . . (കർത്താ)

സ്രഗ്ധര

കണ്ടീടാനുണ്ടെളുപ്പം കളകമലദളക്കണ്ണനാമുണ്ണിയേ നാം
തെണ്ടേണ്ടാ നാടുതോറും ഗുരുപവനപുരത്തിങ്കലും ചെന്നിടേണ്ട
ഉണ്ടോ പൈമ്പാലൊരൽപ്പം, മതിമതിയതുനാമുള്ളിൽ വെയ്ക്കേണമെന്നാൽ
കണ്ടീടാം കണ്ണനെത്തും കൊതിയനതു കവർന്നുണ്ണുവാൻ മെല്ലെ മെല്ലെ.

കവി : കുഞ്ഞുണ്ണി

3.853 ഉദയാസ്തമയങ്ങളെന്നിയെൻ. . . (ഋഷി)

വിയോഗിനി

ഉദയാസ്തമയങ്ങളെന്നിയെൻ
ഹൃദയാകാശമതിങ്കലെപ്പൊഴും
കതിർവീശിവിളങ്ങിനിന്നവെൺ–
മതിതാനും സ്മൃതിദർപ്പണത്തിലായ്

കവി : കുമാരനാശാൻ , കൃതി : *ചിന്താവിഷ്ടയായ സീത*

3.854 കാണാനെന്തൊരു മോഹമെപ്പൊഴും. . . (വാസുദേവൻ)

കാണാനെന്തൊരു മോഹമെപ്പൊഴുമെനിക്കെന്നോ! സുനീലാഞ്ജന–
ച്ചേണാളും തനുകാന്തിയേന്തിയെഴുമാപ്പല്ലാങ്കുഴൽക്കാരനെ.
കാണാതേ ചിലനേരമെന്റെ പിറകിൽക്കൺപൊത്തിയെന്നെത്തലോം–
നാണിപ്പിച്ചുവിടാൻ വരുന്ന കുസൃതിക്കുടായ ഗോവിന്ദനെ!

3.855 കീർത്തിയ്ക്കാം തിരുനാമം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കീർത്തിയ്ക്കാം തിരുനാമ, മക്ഷരലസത്ക്കീർത്തേ, വിചാരങ്ങളാൽ
ചാർത്തിയ്ക്കാം മലർമാല, യെൻ ഹൃദി വിളങ്ങീടുന്ന നിൻമൂർത്തിമേൽ
ഭക്ത്യുന്മത്തഘനം പൊഴിച്ചു മിഴിനീരാറാട്ടുമാ, മെങ്കിലീ–
മർത്ത്യത്വം പരദേവതേ, ക്ഷണികമായാലെ,ന്തെനിയ്ക്കുത്സവം!

കവി : മധുരാജ്

3.856 ഭണ്ഡാരത്തിനകത്തു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭണ്ഡാരത്തിനകത്തു വൻ തുകയിടാൻ ലോക്കറ്റുവാങ്ങിയ്ക്കുവാൻ
പണ്ടംതീർത്തണിയിയ്ക്കുവാൻ ഗജവരന്മാരെത്തരാനും ഹരേ
പണ്ടേതൊട്ടു ദരിദ്രനാകുമടിയന്നാവില്ല; നാമം ജപി–
ച്ചുണ്ടാകും മഹനീയഭക്തിയിവനുണ്ടാകാൻ കടാക്ഷിയ്ക്കണേ!

കവി : ചുണ്ടൽ ബാലകൃഷ്ണപ്പണിക്കർ , കൃതി : *കവനകൗതുകം.*

3.857 പാലാഴിത്തയ്യലാൾ തൻ. . . (ജ്യോതി)

സ്രുദ്ധര

പാലാഴിത്തയ്യലാൾ തൻ തിരുനയനകലാലോലലോലംബമാലാ–
ലീലാരംഗം, ഭുജംഗേശ്വര മണിശയനേ തോയരാശൗ ശയാനം,
മേലേ മേലേ തൊഴുന്നേൻ - ജഗദുദയപരിത്രാണസംഹാരദീക്ഷാ–
ലോലാത്മാനം പദാന്തപ്രണത സകലദേവാസുരം വാസുദേവം

കവി : പുനം നമ്പൂതിരി, കൃതി : *ഭാഷാരാമായണം ചമ്പു*

3.858 മാനം, മര്യാദ, മാന്യപ്രണയ. . . (കർത്താ)

സ്രുദ്ധര

മാനം, മര്യാദ, മാന്യപ്രണയമധുരമാം ശീല, മൊക്കുന്ന മട്ടിൽ
ദാനം തൊട്ടുള്ള നാനാ ഗുണവിഭവമിണങ്ങീടുമെൻ പ്രാണനാഡി!
ജ്ഞാനധ്യാനൈകരൂപാമൃതമണയുവതിന്നുള്ള നിന്നന്ത്യയാത്ര–
യ്ക്കാനന്ദം കൈവരട്ടേ, തവ വിമല കഥാവസ്തു ശേഷിച്ചിടട്ടെ!

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.859 ജ്വലദക്ഷിപരിക്ഷരത്. . . (ജ്യോതി)[162]

തോടകം

ജ്വലദക്ഷിപരിക്ഷരദുഗ്രവിഷഃ
ശ്വസനോഷ്മഭരഃ സ മഹാഭുജഗഃ
പരിദശ്യ ഭവന്തമനന്തബലം
സമവേഷ്ടയദസ്ഫുടചേഷ്ടമഹോ!

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം (55:6)*

3.860 പാടീ കല്യാണി ലോലം. . . (ഋഷി)

പാടീ കല്യാണി ലോലം *നവരസ*രസികം *മോഹനം* മോടികൂട്ടീ
*തോടി*യ്ക്കും, *ഭൈരവി*യ്ക്കും *തരി*വിതറിയിലത്താളമുത്താളമേളം
തേടീ *കാംബോജി*, *നീലാംബരി*, *ബിലഹരി*യെസ്സ*ദ്വിജാവന്തി*യിൽ, കേ–
ട്ടാടീ രാഗപ്രപഞ്ചം ശ്രുതിലയവശഗം, ചേങ്കിലേ മംഗലം തേ!

കവി : ഉണ്ണികൃഷ്ണൻ ന്യൂ ഡൽഹി , കൃതി : *കഥകളി ഭ്രാന്ത്*

---

[162] [*ഉമേഷ്*] ശ്ലോകം **3.859 :** പരിഭാഷ (സി. വി. വാസുദേവഭട്തതിരി) :

ഇരുകണ്ണു ചൊരിഞ്ഞ വിഷാഗ്നി പട്ടം
പരുഷോച്ഛ്വാസതതൊട്ടു മൂർഖനവൻ
ഉരുശക്ത, ഭവത്തനു ചുറ്റി മറ–
ച്ചരിശം സഹിയാതെ കടിച്ചു ശാൻ.

3.861 തന്നെത്താൻ നിജചിന്തയാൽ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

തന്നെത്താൻ നിജചിന്തയാൽ ബലികഴിച്ചാർജ്ജിച്ച നിക്ഷേപമി–
ങ്ങന്യന്മാർ പകരുന്നകണ്ടു കൃതിയായ്ത്തീരുന്ന വിദ്വാൻ സ്വയം
പിന്നെത്തൽപരിപോഷണശ്രമഫലം പാർത്താലവൻ പൂണ്ടിടും
ധന്യത്വം പറയേണ്ടതില്ലയി ഭവാൻ മോദിച്ചു സത്യം മുനേ!

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.862 പണ്ടേയുണ്ടാക്കിയിട്ടുള്ളൊരു. . . (രാജേഷ്)

സ്രഗ്ധര

പണ്ടേയുണ്ടാക്കിയിട്ടുള്ളൊരു കവിതകൾ പീയൂഷതുല്യങ്ങളിപ്പോ–
ളുണ്ടല്ലോ വേണ്ടുവോളം പുനരവകൾ സഹസ്രാംശമിങ്ങാരറിഞ്ഞു?
ഇണ്ടൽപ്പെട്ടെന്തിനിപ്പോൾ ഗ്രഹിലവമണയാതുള്ള പദ്യങ്ങൾ ഞാൻ കൂ–
ട്ടുണ്ടാക്കുന്നെന്നുവെച്ചിട്ടൊരു മടിയുളവാ,യായതോ പോയിതിപ്പോൾ

കവി : മുൻഷി പി. രാമക്കുറുപ്പ്

3.863 ഈറ്റില്ലവും പട്ടടയും. . . (ഋഷി)

ഇന്ദ്രവജ്ര

ഈറ്റില്ലവും പട്ടടയും നിനയ്ക്കി–
ലിങ്ങേതുമങ്ങേതുമിടയ്ക്കുവന്നോ
തൻ ചാൺവയറ്റിൻ കനലിന്ന കത്താൻ
ത്രൈലോക്യമത്രേ വിറകെന്ന ഭാവം

കവി : ഉള്ളൂർ

3.864 തൊഴിലിന്ന വഴിമുട്ടീ. . . (കർത്താ)

മാലിനി

തൊഴിലിന്ന വഴിമുട്ടീ, വിദ്യ ചുമ്മാതെയായീ
അഴിമതി തലപൊക്കീ, നാട്ടിലാസ്വാസ്ഥ്യമായീ;
യുവജനമിവിടെന്തേചെയ്‌വ, തിന്നക്രമത്തിൻ
പൊടിപടലമുയർന്നാൽപോലുമാശ്ചര്യമുണ്ടോ?

കവി : ഏവൂർ പരമേശ്വരൻ

3.865 യോഗാഭ്യാസങ്ങൾ ചെയ്യും. . . (രാജേഷ്)

സ്രഗ്ധര

യോഗാഭ്യാസങ്ങൾ ചെയ്യും ഹിതമശനമൊടും പഥ്യമാം ചര്യയോടും
ദേഹം രക്ഷിച്ചുപോരുന്നവരുമൊരസുഖം വന്ന മാറാതെയായാൽ
വൈകാതിംഗ്ലീഷ് മരുന്നേ ഗതിയിനിയിവനെന്നോർത്തിടും പോലെ നേർക്കും
ശോകാശങ്കാദി നീങ്ങാൻ ജഗദധിപതിയെക്കൂപ്പിടും നാസ്തികന്മാർ.

കവി : രാജേഷ് വർമ്മ

3.866 വാരിരാശി ചുഴലുന്ന. . . (കർത്താ)

കുസുമമഞ്ജരി

വാരിരാശി ചുഴലുന്ന ഭ്രമിയിൽ നിറഞ്ഞുതിങ്ങിന യശോനിലാ-
വാഹ ളകിനൊരു താരകേശ! പലനാൾ വിളങ്ങുക മഹാമതേ!
ഘോരരാമരിയ വൈരിവാരണമുഖേഷു മേവിന മൃഗേന്ദ്ര, നീ
ധീരവീരവര! മാടഭ്രതിലക! വീരകേരളമഹീപതേ!

3.867 ഘോരഘോരരവ. . . (ബാലേന്ദു)

കുസുമമഞ്ജരി

ഘോരഘോരരവപൂരിതാഖിലദിഗന്തരാളനടനാന്തരേ
സൂരകോടിസമഭാസുരാനന ലലാടലോചന ജഗത്പതേ
നാരദാദിമുനിഗീയമാനമഹിതാപദാന ഗിരിജാപതേ
കോടിശൈലപുരവാസിതേ ഭവതു സുപ്രഭാതമതി ശോഭനം.

3.868 നിഹതാസുരനിവഹേ. . . (ജ്യോതി)

ശങ്കരചരിതം

നിഹതാസുരനിവഹേ!യുധി മഹതാ ഭജമഹസാ
ജഹി തം നൃപമതിദുർമ്മതിമഹിതം മമ സഹസാ
നഹി തേ ശ്രമകണികാ ഗിരിദുഹിതുഃ കിരിമുഖി! മാം
മഹിതേ പദകമലേ തവ വിഹിതാനനതിമവിതും

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ദണ്ഡനാഥാസ്തോത്രം*

3.869 നേരോർത്താലൊരു പദ്യം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നേരോർത്താലൊരു പദ്യമെങ്കിലുമഹോ! തീർക്കാതെ പാരൊക്കെയും
പേരാളന്നൊരു നീലകണ്ഠധരണീദേവങ്കലാവിർമ്മുദാ
ധാരാളം ധനമുള്ളതോർത്തിഹ കുബേരസ്ഥാനമർപ്പിക്കുകിൽ
പാരായിത്തരകങ്കലാക്കിലതില്ലം നന്നാകുമെന്നെൻ മനം.

കവി : മൂലൂർ പദ്മനാഭപ്പണിക്കർ

3.870 ധ്യായേത് പദ്മാസനസ്ഥാം. . . (ഋഷി)

സുധര

ധ്യായേത് പദ്മാസനസ്ഥാം വികസിത വദനാം പദ്മപത്രായതാക്ഷീം
ഹേമാംബാം പീതവസ്ത്രാം കരകലിതലസദ്ധേമപദ്മാം വരാംഗീം
സർവ്വാലങ്കാരയുക്താം സതതമഭയദാം ഭക്തനമ്രാം ഭവാനീം
ശ്രീവിദ്യാം ശാന്തമൂർത്തീം സകലസുരനുതാം സർവസമ്പത്പ്രദാത്രീം

3.871 സിന്ദൂരാരുണവിഗ്രഹാം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

സിന്ദൂരാരുണവിഗ്രഹാം ത്രിണയനാം മാണിക്യമൗലീസ്ഫുരത്-
താരാനായകശേഖരാം സ്മിതമുഖീമാപീനവക്ഷോരുഹാം
പാണിഭ്യാമളിപൂർണരക്തചഷകം രക്തോൽപലം ബിഭ്രതീം
സൗമ്യാം രത്നഘടസ്ഥരക്തചരണാം ധ്യായേത് പരാമംബികാം

3.872 പാരേപാഥോനിധി കുലപുരീ. . . (കർത്താ)

മന്ദാക്രാന്ത

പാരേപാഥോനിധി കുലപുരീ കുപകക്ഷ്മാപതീനാം
ലക്ഷ്യാ ലക്ഷ്മീവിതരണകലാസമ്പദോ ഹേമകക്ഷ്യാ
ഫേനക്ഷൗമാംബരനിചുളിതാൻ യന്നിഷദ്യാസു ഹൃദ്യാൻ
വീചീഹസ്തൈർവികിരതി മണീൻ നിത്യമംഭോധിരേവ.

കവി : വാസുദേവൻ നമ്പൂതിരി

3.873 ഫാലനേത്രമതിലുള്ള. . . (ബാലേന്ദു)

കുസുമമഞ്ജരി

"ഫാലനേത്രമതിലുള്ള തീപ്പൊരിപടർന്നുകേറി ജട കത്തിടാം
ജ്വാല വേഗമൊടണച്ചിടുന്നതിനു വേണ്ടിയാറു കരുതുന്നതാം"
ശൈലപുത്രിയുടെകോപമാറ്റുവതിനീവിധത്തിലടവോതുമ-
ക്കാലകാലനുടെ കാലുതാൻ ശരണമേതു വിഘ്നവുമൊഴിക്കുവാൻ.

കവി : ബാലേന്ദു

3.874 ശ്ലോകാർണ്ണവം തപ്പിയെടുത്തു. . . (ഋഷി)

ഇന്ദ്രവജ്ര

ശ്ലോകാർണ്ണവം തപ്പിയെടുത്തു വേണ്ടും
പാകത്തിലാമുത്തുകൾ വേർതിരിച്ച്
ആസ്വാദകർക്കായി നിരത്തിവെച്ചോ-
രാചാര്യരേ, ഞാനിത കുമ്പിടുന്നേൻ

കവി : കരിച്ചിയത്തു മാധവമേനോൻ , കൃതി : *'ഹരിഹരി' സപ്തതി*

3.875 ആസീത് പുരാ പരമ. . . (കർത്താ)

വസന്തതിലകം

ആസീത് പുരാ പരമപാവനകീർത്തിഭൃമാ
നാകോപമേ നിഷധനീവൃതി നീതിശാലീ
രാജാ രതീശസുഭഗോ ജഗദേകവീരഃ
ശ്രീവീരസേനതനയോ നളനാമധേയഃ

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം ആട്ടക്കഥ*

3.876 രാധയ്ക്കാരാധനയ്ക്കോ. . . (ജ്യോതി)

സ്രുദ്ധര

രാധയ്ക്കാരാധനയ്ക്കോ, വിമലമതി യശോദയ്ക്ക നിൻ കൈതവം നിർ-
ബ്ബാധം കൈക്കൊണ്ടതിന്നായ് വിബുധമഹിതമാം സദ്യശസ്സേകുവാനോ
നന്ദാനന്ദത്തിനാണോ വിജയനെ വിജയിപ്പിക്കുവാൻ വേണ്ടിയാണോ
ബന്ധം മോക്ഷം തരില്ലെന്നതു പറവതിനോ നീ യുഗാന്ത്യത്തിൽ വന്നൂ?

കവി : മധുരാജ്

3.877 നീളത്തിലഗ്ഗീതം. . . (ഋഷി)

ഇരുവഞ്ജ

നീളത്തിലഗ്ഗീതമവന്റെ കണ്ണ-
നാളത്തിൽ നിന്നങ്ങു വിനിർഗ്ഗളിയ്ക്കേ
ഓളങ്ങളാകുന്ന കരങ്ങൾകൊണ്ടു
താളം പിടിച്ചൂ നദി മെല്ലെ മെല്ലെ

കവി : വള്ളത്തോൾ , കൃതി : *ഒരു തോണിയാത്ര*

3.878 ഓട്ടീലൊട്ടിച്ചു നാള. . . (കർത്താ)

സ്രഗ്ധര

ഓട്ടീലൊട്ടിച്ചു നാളത്തിരുനടുവെളി പാർത്തങ്ങുങ്കെന്നു തട്ടി-
ക്കുട്ടിപ്പട്ടിപ്പിടിച്ചക്കുതിരയെ നടുറോട്ടടെയോടിച്ചു വേഗം,
ചാട്ടിൻ കൂട്ടിങ്കലുൾച്ചഞ്ചലതരമിളകും പഞ്ചരാജാക്കൾ പോം മുൻ
കൂട്ടക്കൊട്ടൊടു കോട്ടയ്ക്കകമതു കരയേറിസ്സുഖിപ്പാൻ വരം താ.

കവി : ശ്രീനാരായണഗുരു, കൃതി : *സുബ്രഹ്മണ്യകീർത്തനം*

3.879 ചൊല്ലിക്കേൾക്കുമ്പൊഴേയ്ക്കും. . . (വാസുദേവൻ)

സ്രഗ്ധര

ചൊല്ലിക്കേൾക്കുമ്പൊഴേയ്ക്കും ചുരുൾ നിവരുമുദാരാശയശ്രീ, മരന്ദം
വെല്ലും ശബ്ദങ്ങളേല്പും ശ്രുതിസുഖ, മഴകാം ശയ്യ തൻ മെയ്യൊതുക്കം;
കല്യശ്രീ കൽപനാ സൽപ്രഭ - യിവ തികയും ശ്ലോകമാ ശ്രോതൃചിത്തം
തുള്ളും മട്ടാലപിക്കും കലയൊടു തുലനത്തിന്നു മറ്റെന്തു മന്നിൽ?

കവി : ടി. എം. വി., കൃതി : *അക്ഷരശ്ലോകമഹിമ*

3.880 കണ്ണാർക്കും കണ്ടിടാതെ. . . (കർത്താ)

സ്രഗ്ധര

“കണ്ണാർക്കും കണ്ടിടാതുള്ളിരുളിലിഹ നടക്കുന്നതാരാ?”, “പുലച്ചി-
പ്പെണ്ണാണേ തമ്പുരാനേ, തടിവിറകു പിറക്കീടുവാൻ താമസിച്ചേൻ;
ഉണ്ണാൻ മേടിച്ചൊരിക്കല്ലരിമണിയുരിയാണമ്മയാണച്ചനാണെൻ
കണ്ണാണേ തീണ്ടിയെന്നാലതടിയനറിയാഞ്ഞാണു കുഞ്ഞാണെ സത്യം”.

കവി : എം. ആർ. കൃഷ്ണവാര്യർ

3.881 ഉത്പന്നമായതു നശിക്കും. . . (ജീവി)

വസന്തതിലകം

“ഉത്പന്നമായതു നശിക്കും; അണുക്കൾ നില്ക്കും;
ഉത്പന്നനാമുടൽവെടിഞ്ഞൊരു ദേഹി വീണ്ടും;
ഉത്പത്തി കർമ്മഗതിപോലെ വരും ജഗത്തിൽ”
കല്പിച്ചിടുന്നിവിടെയിങ്ങനെയാഗമങ്ങൾ.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.882 ഉണ്ണിയ്ക്ക തീറ്റിയധികം. . . (കർത്താ)

വസന്തതിലകം

ഉണ്ണിയ്ക്ക തീറ്റിയധികം, കളി നാസ്തിയത്രേ,
വണ്ണിയ്ക്കയാണരലുപോലെയവന്റെ ദേഹം;
ദണ്ഡംകുറച്ചധികമാണു, നടപ്പു കണ്ടാൽ
കണ്ണിൽപ്പെടുന്ന ജനമോ കളിയാക്കിടുന്നു.

കവി : ഏവൂർ പരമേശ്വരൻ

3.883 ദദ്യാദ്ദയാനുപവനോ. . . (ജ്യോതി)[163]

വസന്തതിലകം

ദദ്യാദ്ദയാനുപവനോ ദ്രവിണാംബുധാരാ-
മസ്മിന്നകിഞ്ചനവിഹംഗശിശൗ നിഷണ്ണേ
ദുഷ്കർമ്മഘർമ്മമപനീയചിരായദൂരാ-
ന്നാരായണപ്രണയിനീ നയനാംബുവാഹാ

കവി : ശങ്കരാചാര്യർ, കൃതി : *കനകധാരാസ്തവം*

3.884 ദേശേ കാലടിനാമ്നി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ദേശേ കാലടിനാമ്നി കേരളധരാശോഭങ്കരേ സദ്ദ്വിജോ
ജാതശ്ശ്രീപതിമന്ദിരസ്യ സവിധേ സർവജ്ഞതാം പ്രാപ്തവാൻ
ഭ്രത്വാ ഷോഡശവത്സരേ യതിവരോ ഗത്വാ ബദര്യാശ്രമം
കർത്താ ഭാഷ്യനിബന്ധനസ്യ സുകവിശ്ശ്രീശങ്കരഃ പാതു വഃ

കവി : ഗോവിന്ദനാഥൻ

3.885 ഭാരാധിക്യാതിദൂനാ. . . (ബാലേന്ദു)

സ്രഗ്ധര

ഭാരാധിക്യാതിദൂനാ യുവതിയൊരുവളന്നാത്മഹത്യയ്ക്കൊരുങ്ങി–
ക്കേറീ പൊക്കം പെരുത്തോരിരുനില; യവിടുന്നങ്ങു താഴേയ്ക്ക ചാടീ;
നേരം പിന്നിട്ടു; ബോധം തെളിയവെയരികത്തുള്ളൊരാൾ ചൊല്ലിനാൻ, "നി–
സ്സാരം നിങ്ങൾക്കു പറ്റീ, തവ പതനപഥേ നിന്ന മൂന്നാൾ കഴിഞ്ഞൂ".

കവി : ബാലേന്ദു

3.886 നിൽക്കട്ടേ പേറ്റുനോവിൻ. . . (കർത്താ)[164]

സ്രഗ്ധര

നിൽക്കട്ടേ പേറ്റുനോവിൻ കഥ, രുചികുറയും കാല, മേറും ചടപ്പും

[163] [*ഉമേഷ്*] **ശ്ലോകം 3.883 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

കാരുണ്യമാകുമൊരു കാറ്റിലലഞ്ഞുലഞ്ഞു
നാരായണീനയനമാം മുകിൽമാല മേന്മേൽ
ഈ നിസ്വചാതകമുഴന്ന കരഞ്ഞിടുമ്പോൾ
പെയ്യട്ടെ പൊന്മഴയെ ദുഷ്കൃതിതാപമാറ്റാൻ.

[164] [*ഉമേഷ്*] **ശ്ലോകം 3.886 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

ആസ്താം താവദിയം പ്രസൂതിസമയേ ദുർവ്വാരശൂലവ്യഥാ
നൈരുച്യം തനുശോഷണം മലമയീ ശയ്യാ ച സാംവത്സരീ
ഏകസ്യാപി ന ഗർഭഭാരഭരണക്ലേശസ്യ യസ്യാഃ ക്ഷമോ
ദാതും നിഷ്കൃതിമുന്നതോപി തനയ, സ്തസ്യൈ ജനന്യൈ നമഃ

പൊയ്ക്കോട്ടേ, കൂട്ടിടേണ്ടാ മലമതിലൊരു കൊല്ലം കിടക്കും കിടപ്പും,
നോക്കുമ്പോൾ ഗർഭമാകും വലിയ ചുമടെടുക്കുന്നതിൻ കൂലി പോലും
തീർക്കാവല്ലെത്ര യോഗ്യൻ മകനു, മതു നിലയ്ക്കുള്ളൊരമ്മേ തൊഴുന്നേൻ!

കവി: കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃതി : *ശങ്കരാചാര്യചരിതം*

3.887 നക്ഷത്രം വിളയുന്ന മണ്ഡപം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നക്ഷത്രം വിളയുന്ന മണ്ഡപ, മഹങ്കാരത്തെ വാത്സല്യമായ്
ശിക്ഷിക്കും മഹിതത്വ, മന്യകലയിൽക്കണ്ണായ പുണ്യാലയം,
രക്ഷാബന്ധ, മനേകകർമ്മവിരുതിന്നേകത്വ, മാത്മാവിലും
ലക്ഷ്മീദേവിയെടുത്തറിഞ്ഞ കുറി, നീ സൗഭാഗ്യഭാഗ്യക്കുറി!

കവി : എസ്. രമേശൻ നായർ, കൃതി : *സ്വാതിമേഘം*

3.888 രക്ഷയ്ക്കാളാരുമെന്യേ. . . (കർത്താ)

സ്രഗ്ധര

രക്ഷയ്ക്കാളാരുമെന്യേ മിഴി കുഴികളിലായ് മെയ്മെലിഞ്ഞാത്മഭാണ്ഡം
കക്ഷത്തിൽ ചേർത്തു നിത്യം ദിശിദിശി ചുടുമുൾത്തട്ടൊടും സഞ്ചരിക്കും
ഭിക്ഷക്കാരായവർക്കാർദ്രതയുടെ നടനപ്പന്തലാമുള്ളമോടീ
ദക്ഷൻ മൃഷ്ടാന്നമേറെത്തെളിവവരിലുടൻ ചേരുമാറേകിടുന്നു.

കവി : കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കൃതി : *ഉപനയന്മംഗളം*

3.889 ഭസ്മം തൊട്ട നിലാവു നിന്നു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭസ്മം തൊട്ട നിലാവു നിന്നു വിരലാൽ നാരായണീയം പകു,-
ത്തസ്മത്പ്രാണനെ വേണുവാക്കി, യതു നിൻ ചുണ്ടത്തു നേദിയ്ക്കവേ
സസ്മേരം പുളകാംഗിയാം യമുനപോൽ നെയ്യാറുപാഞ്ഞീടവേ
വിസ്മേരം തവലീല ഗോപകുലമാമമ്പാടിയിദ്ദേശവും

കവി : രമേശൻ നായർ, കൃതി : *കൃഷ്ണഗാഥ*

3.890 സമ്പൂർണകുംഭോ ന. . . (ജീവി)

ഇന്ദ്രവജ്ര

സമ്പൂർണകുംഭോ ന കരോതി ശബ്ദം
അർധോ ഘടോ ഘോഷമുപൈതി നൂനം
വിദ്വാൻ കുലീനോ ന കരോതി ഗർവം
മൂഢാസ്തു ജൽപന്തി ഗുണൈർവിഹീനാഃ

3.891 വിജയപുരിനിവാസി. . . (കർത്താ)

അപരവക്ത്രം

വിജയപുരിനിവാസി, വർത്തക-
വ്രജപതി, യാവഴി പോന്നവന്നൊരാൾ
സ്വജനമൊടു വരിച്ചു ലീലയേ
നിജസുതനായി വധൂകരിക്കുവാൻ.

കവി : കുമാരനാശാൻ, കൃതി : *ലീല*

3.892 സന്ധ്യാനാമങ്ങൾ ചൊല്ലും. . . (വാസുദേവൻ)

സ്രഗ്ധര

സന്ധ്യാനാമങ്ങൾ ചൊല്ലും പതിവിനിഹ പുനർജ്ജന്മമുണ്ടായിടട്ടേ!
പൊന്താതാവട്ടെയന്തിക്കതിചപല ചലച്ചിത്ര ഗീതങ്ങൾ മേലാൽ
അന്തത്തോടൊട്ടടുത്താപ്പടുകിഴവർ വരെദ്ദീർഘനിശ്വാസപൂർവം
ചിന്തിക്കും കാര്യമിന്നാക്കമനികളുടെ സദ്‌വൃത്ത, മീശന്റെയല്ല.

കവി : ടി. എം. വി.

3.893 അക്ഷരസ്ഫുടതയോടു. . . (ഋഷി)

രഥോദ്ധത

അക്ഷരസ്ഫുടതയോടു കൂടിയും
രാഗതാളലയഭാവമോടെയും
പാട്ടനേകമതു പാടിമേവിടും
യേശുദാസു വിജയിച്ചു വാഴുക

കവി : ഋഷി

3.894 പ്രീതിക്കാസ്പദമായ മറ്റു. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

പ്രീതിക്കാസ്പദമായ മറ്റു വിഷയം സർവ്വം മറന്നംഗകം
പാതിപ്പെ, ട്ടുയിർ മാത്രശേഷനിവനീക്കൈവെന്ന കൽത്തുണ്ടുമേൽ
ഊതിക്കൊണ്ടു ചുരുണ്ടു രാപ്പകലൊരേ മട്ടാമിരിപ്പാണു, മേൽ
ഭ്രതിക്കുറ്റ നിദാനമായിതൊരു നാൾ മാണിക്യമായെങ്കിലോ!

കവി : ടി. എം. വി.

3.895 ഉമ്പർക്കുൾക്കിടിലം വളർത്തും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഉമ്പർക്കുൾക്കിടിലം വളർത്തുമസുരന്മാരെത്തുലയ്ക്കാൻ ഭവാ-
നമ്പാടിയ്ക്കഴകായ്പ്പിറന്നതു മറന്നാൻപോൽ നിലിമ്പേശ്വരൻ
ഡംഭം പൂണ്ടു പൊഴിച്ച പേമഴയിൽ നീ കുന്നേറ്റമാറായി, ഞാൻ
തുമ്പറ്റോൻ, തവ പൊൽപ്പദങ്ങളെ മറന്നാലും പൊറുക്കേണ്ടയോ?

കവി : വി.കെ. ജി

3.896 ഡയറിയിലെഴുതാൻ. . . (ഉമേഷ്)

പുഷ്പിതാഗ്ര

ഡയറിയിലെഴുതാനെനിക്കു പുണ്യ-
ക്ഷയമൊഴിവായൊരു വസ്തു പോലുമില്ല;
ദയയിവനിലുദിക്കണേ, കൃതാന്തൻ
ജയിലിലടയ്ക്കുവതിന്നു മുമ്പു ശംഭോ!

കവി : ഉമേഷ് നായർ

3.897 ദോഷജ്ഞശ്രേഷ്ഠ. . . (കർത്താ)

സുധര

ദോഷജ്ഞശ്രേഷ്ഠ! കേട്ടീടുക ഭവദനുയോഗോത്തരം വിസ്തരിക്കാ-
തീഷന്മാത്രം കഥിക്കാം പ്രതനകൃതിമതം കേട്ടറിഞ്ഞിട്ടു പണ്ടേ
ഭാഷാപദ്യേഷു പാരം മനസി രസമെനിക്കില്ല ദൗശ്ശീല്യമല്ലേ,
തോഷം ഗീർവാണപദ്യേ സതതമതു ചമയ്പാനനൽപാദരോഹം.

കവി : മൂത്തേടത്തു വാസുദേവൻ പോറ്റി

3.898 ഭിക്ഷയ്ക്കായ് പാത്രമേന്തി. . . (ബാലേന്ദു)

സുധര

ഭിക്ഷയ്ക്കായ് പാത്രമേന്തിപ്പലദിനമുഴറീട്ടമ്പലം പള്ളിമുറ്റം
കൃക്ഷിത്തീയൊട്ടണയ്ക്കാനൊരു വക തടയാതെത്തിനേൻ മദ്യഷാപ്പിൽ;
ദാക്ഷിണ്യം പൂണ്ടുദാരം മദിരയിൽ മുഴുകുന്നോരെനിക്കേകിയന്നം;
പക്ഷം രണ്ടില്ല, ദൈവം കനിവിനൊടിവിടേയ്ക്കാക്കി തൻ മേൽവിലാസം.

കവി : ബാലേന്ദു

3.899 ദേവീ മാങ്കാവിലമ്മേ. . . (ജ്യോതി)

സുധര

ദേവീ മാങ്കാവിലമ്മേ തവപദയുഗളം കുമ്പിടും ഞങ്ങളിൽ നീ
താവും കാരുണ്യപൂരം ചൊരിയണമനിശം മങ്ഗളം വന്നിടാനായ്
ഭക്ത്യാ നിൻ സേവചെയ്വാൻ സതതമിവിടെയിള്ളപ്പുകൈമൊട്ടുമായി-
ട്ടെത്തീ നിൻ മക്കളമ്മേ കനിയുക വരദേ ദേവി ദുർഗ്ഗേ നമസ്തേ!

കവി : പി. സി. ശ്രീദേവിത്തമ്പാട്ടി (ലക്കിടി)

3.900 ഭൂപാളരാഗമതു. . . (ബാലേന്ദു)

വസന്തതിലകം

ഭൂപാളരാഗമതു നിന്നെയുണർത്തുവാനായ്
ആനന്ദഭൈരവി ഭവച്ചരിതങ്ങൾ പാടാൻ
കാംബോജി സാംബശിവകീർത്തനമോതിടാനായ്
നീലാംബരീലഹരി നിദ്രവരുത്തിടാനായ്.

കവി : ബാലേന്ദു

3.901 കാതേ നീ കേൾപ്പതുണ്ടോ. . . (കർത്താ)

സ്രഗ്ധര

കാതേ നീ കേൾപ്പതുണ്ടോ കളമൊരു മുരളീ ഗാനമെങ്ങാൻ, കഥിക്കെൻ
കണ്ണേ നീ കാണ്മതുണ്ടോ കടലൊടിടയുമാറുള്ള കായാമ്പുവർണം
നാസേ നീ ചൊല്ലിടേണം നവമൊരു നവനീതത്തിനുള്ളോരു ഗന്ധം
കിട്ടുന്നാകിൽ ക്ഷണം, ഞാനിവ നുകരുവാനാർത്തിപൂണ്ടാണിരിപ്പൂ.

കവി : കുഞ്ഞുണ്ണി

3.902 നൂറ്റാണ്ടിൽപ്പാതിയോളം. . . (ജീവി)

നൂറ്റാണ്ടിൽപ്പാതിയോളം പകലിരവുമഹങ്കാരചർക്കയ്ക്കുമേലേ
നൂറ്റേൻ ഹാ! പാപനൂലിൻ കഴികളതു കൃപാലോല! ഞാൻ നെയ്തെടുത്തു;
ചുറ്റിക്കാണുന്നൊരിജ്ജീവിതവസനമുപേക്ഷിച്ചു,നിൻ കാൽ തുടയ്ക്കാൻ
പറ്റീടും തോർത്തുമുണ്ടൊന്നിവനിനി വിരചിച്ചീടുവാൻ നേരമുണ്ടോ?

കവി : വി. കെ. ജി.

3.903 ചോരക്കൈവാളിനുണാം. . . (ഋഷി)

സ്രഗ്ധര

ചോരക്കൈവാളിനുണാമരിയൊരജകിശോരത്തെ മീളാൻ കുനിച്ചു–
ള്ളോരക്കണ്ണുത്തിൽ നിന്നുറിന മൃദുകരുണാവായ്പിലാഴുമ്പൊഴെല്ലാം,
“ഹാ, രക്ഷയ്ക്കാത്മകർമ്മം ശരണ, മിതരമി, ല്ലില്ല മാ”പ്പെന്ന ഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ, പിന്നെയും പിന്നെയും നീ.

കവി : ഇടാശ്ശേരി , കൃതി : *മാപ്പില്ല*

3.904 ഹാ കഷ്ടം, മാ വിബുധ. . . (ജീവി)

വസന്തതിലകം

ഹാ! കഷ്ടം, മാ വിബുധകാമിതമാം ഗുണത്താ–
ലാകൃഷ്ടനാ, യനുഭവിച്ചൊരു ധന്യനീയാൾ
പോകട്ടെ നിന്നോടൊരുമിച്ചു മരിച്ചു; നിത്യ–
ശോകാർത്തനായിനിയിരിപ്പതു നിഷ്ഫലംതാൻ!

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.905 പാലൊത്തെഴും പുതുനിലാവിലലം. . . (രാജേഷ്)

വസന്തതിലകം

പാലൊത്തെഴും പുതുനിലാവിലലം കുളിച്ചും
ബാലാതപത്തിൽ വിളയാടിയുമാടലെന്യേ
നീ ലീലപൂണ്ടിളയ മൊട്ടുകളോടു ചേർന്നു
ബാലത്വമങ്ങനെ കഴിച്ചിതു നാളിൽ നാളിൽ

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.906 നിസ്തുല്യോജ്ജ്വല രൂപശിൽപ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

നിസ്തുല്യോജ്ജ്വലരൂപശിൽപമധുരം നൂലിൻ മൃദുത്വത്തിനാൽ
ഹൃദ്യസ്പർശമരാളതുല്യമദമോടിയ്ക്കും മഹാഡംബരം
വിദ്യുദ്ഭ്രാന്തി കരോല്ലസൽക്കസവെഴും നൽദ്ദിവ്യപട്ടാംബരം
നിത്യം നെയ്യുമൊരാൾ നികൃഷ്ടതരകൗപീനങ്ങൾ നെയ്തീടുമോ?

കവി : ടി. എം. വി.

3.907 വലത്തുകൈയിൻ നഖര. . . (ജീവി)[165]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വലത്തുകൈയിൻ നഖരശ്മിയേറ്റ
പരുത്തുതുവൽ പെടുമാശ്ശരത്തിൽ
സന്ധിച്ച കൈയങ്ങനെ നിന്നുപോയി
ചിത്രത്തിലർപ്പിച്ചതുപോലെതന്നെ.

കവി : (കാളിദാസൻ), കൃതി : *രഘുവംശം തർജ്ജമ* (2:31)

3.908 സ്ഫാരദ്വാരപ്രഘാണദ്വിരദ. . . (കർത്താ)

സ്രഗ്ധര

സ്ഫാരദ്വാരപ്രഘാണദ്വിരദമദസമുല്ലോലകല്ലോലഭൃങ്ഗീ–
സങ്ഗീതോല്ലാസഭംഗീമുഖരിതഹരിതസ്സമ്പദഃ കിമ്പചാനാഃ
ഫുല്ലന്മല്ലീമതല്ലീപരിമളലഹരീസമ്പദുദ്ദാമവാചാം
തേഷാം യേഷാം കവീനാമുപരി തവ ദയാ രാമവർമ്മക്ഷിതീന്ദോ!

കവി : സദാശിവദീക്ഷിതർ

3.909 ഫലം സ്വേച്ഛാലഭ്യം. . . (ജീവി)

ശിഖരിണി

ഫലം സ്വേച്ഛാലഭ്യം പ്രതിവനമഖേദം ക്ഷിതിരുഹാം
പയഃ സ്ഥാനേ സ്ഥാനേ ശിശിരമധുരം പുണ്യസരിതാം
മൃദുസ്പർശാ ശയ്യാ സുലളിതലതാപല്ലവമയീ
സഹന്തേ സന്താപം തദപി ധനിനാം ദ്വാരീ കൃപണാഃ

കവി : ഭർത്തൃഹരി , കൃതി : *വൈരാഗ്യശതകം*

3.910 മാനത്തമ്മാമനെക്കണ്ട്. . . (ഋഷി)

സ്രഗ്ധര

മാനത്തമ്മാമനെക്കണ്ടമൃതു പൊഴിയുമക്കണ്ണനുണ്ണിക്കു ചിത്തേ
മാനത്തെക്കൈവളർപ്പാനമൃതകിരണനും മെല്ലെ മേലിന്നിറങ്ങി
മാനിച്ചമ്മയ്ക്ക കാട്ടി പ്രമദപരവശാൽ രണ്ടു കൈകൊണ്ടു മന്ദം
മാനത്തേക്കങ്ങയച്ചീടിനതൊഴിലൊരുനാളാസ്ഥയാ കാണ്മനോ ഞാൻ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

---

[165] [*ഉമേഷ്*] **ശ്ലോകം 3.907 :** മൂലശ്ലോകം (കാളിദാസൻ) :

വാമൈതരസ്യാസ്യ കരഃ പ്രഹർതുർ–
നഖപ്രഭാരുഷിതകങ്കപത്രേ
സക്താംഗുലിഃ സായക ഓംഖ ഏവ
ചിത്രാർപിതാരംഭ ഇവാവതസ്ഥേ

3.911 മൂലൂർ മേവും പണിക്കർക്കുടയ. . . (കർത്താ)

സ്രഗ്ധര

മൂലൂർ മേവും പണിക്കർക്കുടയ കവിതയെപ്പറ്റിയും മറ്റുമോരോ
മാലോകർക്കഭ്യസൂയാവിവശത പിടിപെട്ടെന്ന കാണിച്ചതീ ഞാൻ
ഹാ! ലേശം സമ്മതിക്കില്ലപനയമൊരുവൻ കാട്ടിയാൽ മറ്റവൻ പി–
ന്നാ ലക്ഷ്യം നോക്കി മറ്റേപ്പുറമൊരപനയം കാട്ടുവാൻ നോക്കിടാമോ?

കവി : മൂലൂർ

3.912 ഹാ ചൂത, ഹാ ചമ്പക. . . (ഋഷി)[166]

ഇന്ദ്രവജ്ര

"ഹാ ചൂത, ഹാ ചമ്പക, കർണ്ണികാര,
ഹാ മല്ലികേ, മാലതി, ബാലവല്ല്യഃ,
കിം വീക്ഷിതോ നോ ഹൃദയൈകചോര"
ഇത്യാദി താസ്ത്വത്പ്രവണാ വിലേപുഃ

കവി : മേൽപത്തൂർ , കൃതി : *നാരായണീയം (67:5)*

3.913 കന്ദർപ്പൻ മൂർത്തിമാനോ?. . . (കർത്താ)

സ്രഗ്ധര

കന്ദർപ്പൻ മൂർത്തിമാനോ? കനിവൊടവനിയിൽക്കൽപ്പവൃക്ഷം ജനിച്ചോ?
പൊന്നിൻപൂമാതിനേവം കളിനിലമധുനാ പദ്മനാഭൻ ചമച്ചോ?
ഇന്ദ്രൻ വന്നോ ധരിത്ര്യാം? കലയതു കുറയാതുള്ള പൂർണേന്ദു താനോ?
മന്യേ താപം ജനാനാം ശമയിതുമുളവായിങ്ങു മാർത്താണ്ഡദേവൻ.

കവി : ഇരയിമ്മൻ തമ്പി

3.914 ഇമം ഹി നിത്യമേവം. . . (ജ്യോതി)

പഞ്ചചാമരം

ഇമം ഹി നിത്യമേവമുത്തമോത്തമം സ്തവം
പഠൻ സ്മരൻ ബ്രുവൻ നരോ വിശുദ്ധിമേതിസന്തതം
ഹരേ ഗുരൗ സുഭക്തിമാശു യാതി നാന്യഥാ ഗതിം
വിമോഹനം ഹി ദേഹിനാം തു ശങ്കരസ്യ ചിന്തനം

കവി : രാവണൻ, കൃതി : *ശിവതാണ്ഡവസ്തോത്രം*

3.915 ഹേ പാന്ഥ, പുസ്തകധര, ക്ഷണമൊന്നു. . . (ബാലേന്ദു)[167]

വസന്തതിലകം

ഹേ പാന്ഥ, പുസ്തകധര, ക്ഷണമൊന്നു നിൽക്കു,

[166] [*ഉമേഷ്*] ശ്ലോകം **3.912 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :
"തൈവള്ളി, ഹാ ചമ്പക, പിച്ചി, മുല്ലേ,
മാവേ, മണം വീശിന കർണ്ണികാര,
അവൻ കടന്നെങ്ങു മറഞ്ഞിതുള്ളം
കവർന്നുകൊ"ണ്ടെന്നവരാർത്തു വീർത്താർ.

[167] [*ഉമേഷ്*] ശ്ലോകം **3.915 :** മൂലശ്ലോകം :
ഹേ പാന്ഥ, പുസ്തകധര, ക്ഷണമദ്യ തിഷ്ഠ,
വൈദ്യോ ∫ സി വാ ഗണിതശാസ്ത്രവിശാരദോ വാ
കേനൗഷധേന മമ പശ്യതി നക്തമംബാ?
കിം വാഗമിഷ്യതി പതിഃ പരദേശവാസീ?

നീ വൈദ്യനോ ഗണനവിദ്യയിൽ വിജ്ഞനോ ചൊൽ
അന്തിക്കൊരന്ധ മമ ധാത്രി മരുന്നു ചൊല്ലൂ
എന്നെത്തിടും മമ ധവൻ പരദേശവാസി.

കവി : ബാലേന്ദു

3.916 അതിഭയമൊടു നിത്യം. . . (കർത്താ)

മാലിനി

അതിഭയമൊടു നിത്യം മൂഢലോകം നിറപ്പൂ
മൃതിയുടെ വഴി കല്ലും മുള്ളുമെല്ലാം നിരത്തി
അതിലൊരുവകപോലും ശക്തമായീടുമോ തൽ–
ഗതി തടവതിനെന്നോർക്കാത്തതത്യദ്ഭുതം മേ!

കവി : **ജി. ശങ്കരക്കുറുപ്പ്**, കൃതി : *ഒരു സ്മരണ*

3.917 ആകമ്രസ്മിതകാന്തി ചിന്തി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആകമ്രസ്മിതകാന്തി ചിന്തിയുയരും വാർതിങ്കൾ, വാടാസുമ–
വ്യാകീർണ്ണാംബരവീഥി, മാദകമണം ചോരും ഉഷാരാനിലൻ,
രാഗം മൂളിയലച്ചലച്ച പതറിപ്പായുന്ന പൂഞ്ചോല, ഹാ
പോകാനില്ല മനസ്സെനിക്കിവിടെനി, ന്നെൻ നാകമിന്നാടു താൻ!

കവി : കെ. എൻ. ഡി.

3.918 രേ രേ മാംസികപാശ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

രേ രേ മാംസികപാശ! യത്ത്വമധുനാ ചന്ദ്രസ്യ വന്ദ്യം കുലം
സാക്ഷാന്നിന്ദസി, ഗർവസേ യദപി നഃ, സർവന്തദേതൽ സഹേ;
യത്തൈവം ത്രിപുരദ്വിഹോ ഭഗവതഃ കൃത്സ്നാം വിധത്സേതരാം
തച്ഛ്വോതാരമഹോ ധിഗദ്യ ബത മാം ധിഗ്ദണ്ഡിവം ധിക് ശരാൻ.

കവി : **മേൽപ്പുത്തൂർ**, കൃതി : *കിരാതം*

3.919 യുവതി ഭവതിയെന്തു. . . (ജീവി)[168]

പുഷ്പിതാഗ്ര

യുവതി ഭവതിയെന്തു വൃദ്ധയെപ്പോൽ
മണികൾ വെടിഞ്ഞു വഹിച്ചു ചീവരത്തെ
ഉഡുശശികൾ വിളങ്ങുമന്തിനേര–
ത്തരുണനുദിപ്പതു ഭംഗിയോ നിശയ്ക്ക്?

കവി : **എ. ആർ. രാജരാജവർമ്മ / കാളിദാസൻ**, കൃതി : *കുമാരസംഭവം തർജ്ജമ* (5:44)

3.920 ഉണ്ണിക്കണ്ണനു തൊട്ടിടാൻ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

[168] [*ഉമേഷ്*] **ശ്ലോകം 3.919 :** മൂലശ്ലോകം (കാളിദാസൻ) :

കിമിത്യുപാസ്യാഭരണാനി യൗവനേ
ധൃതം ത്വയാ വാർദ്ധകശോഭി വൽക്കലം?
വദ പ്രദോഷേ വിനികീർണ്ണതാരകാ
വിഭാവരീ യദ്യരുണായ കല്പതേ.

'ഉണ്ണിക്കണ്ണനു തൊട്ടിടാൻ കഴിയുകി, ല്ലുത്തൃക്ക പൊക്കത്തിലാ–
ണമ്മേ ഗോപികൾ കെട്ടിവച്ചതുറി, പാൽ കട്ടില്ലവൻ നിശ്ചയം'
പാ, ലാഴിത്തിരയാകിലെ, ന്തുറിയിലെത്തെല്ലാകിലെ, ന്തീശ! നിൻ
ഗാത്രം താങ്ങുമനന്തൻ; അഗ്രജവചസ്സങ്കാശഹാസം തൊഴാം!

കവി : മധുരാജ്

3.921 പാലാഴിക്കോളിരമ്പത്തിലുമൊരു. . . (ജീവി)

സ്രഗ്ധര

പാലാഴിക്കോളിരമ്പത്തിലുമൊരു പൊഴുതും സ്വാപഭംഗം വരില്ലെ–
ന്നാല്വം മാതാവുഷസ്സിൽദ്ദധി കടയുമൊലിക്കാഞ്ഞുണർന്നേൽപതെന്തോ?
നീലക്കാർവർണ്ണ! ദേവർക്കനുപമമമൃതം നൽകുമത്താമരക്ക–
യ്യാലേ പാലും നറും വെണ്ണയുമടവിലെടുത്തുണ്മതെന്താരറിഞ്ഞു?

കവി : വി. കെ. ജി.

3.922 നന്നായുള്ളതനിഷ്ടമായ്. . . (കർത്താ)[169]

ശാർദ്ദൂലവിക്രീഡിതം

നന്നായുള്ളതനിഷ്ടമായ്; സചിവർ മുന്മട്ടിന്നു സേവിപ്പതി–
ല്ലെന്നും മെത്തയിലാണ്ടുരുണ്ടു നിശ പോക്കീടുന്നു നിർന്നിദ്രനായ്;
ദാക്ഷിണ്യത്തിനു കാന്തമാരുമൊരുമിച്ചാലാപമാർന്നീടുകിൽ
സൂക്ഷിക്കാതിഹ പേരുമാറിയുരചെയ്തൊട്ടൊക്കെ ലജ്ജിച്ചിടും.

കവി : എ.ആർ. രാജരാജവർമ്മ, കൃതി : *ശാകുന്തളം തർജ്ജമ*

3.923 ദ്രുമാഃ സപുഷ്പാഃ സലിലം. . . (ജീവി)[170]

ഉപേന്ദ്രവജ്ര

ദ്രുമാഃ സപുഷ്പാഃ സലിലം സപദ്മം
സ്ത്രിയഃ സകാമാഃ പവനഃ സുഗന്ധിഃ
സുഖാഃ പ്രദോഷാഃ ദിവസാശ്ച രമ്യാഃ
സർവം പ്രിയേ ചാരുതരം വസന്തേ

കവി : കാളിദാസൻ, കൃതി : *ഋതുസംഹാരം*

3.924 സ്തനേഷു ഹാരാഃ. . . (ബാലേന്ദു)[171]

ഉപേന്ദ്രവജ്ര

സ്തനേഷു ഹാരാഃ സിതചന്ദനാർദ്രാ

[169] [*ഉമേഷ്*] ശ്ലോകം **3.922 :** മൂലശ്ലോകം(കാളിദാസൻ) :

രമ്യം ദ്വേഷ്ടി, യഥാ പുരം പ്രകൃതിഭിർ ന പ്രത്യഹം സേവ്യതേ,
ശയ്യാപ്രാന്തവിവർത്തനൈർവിഗമയത്യുന്നിദ്ര ഏവ ക്ഷപാഃ
ദാക്ഷിണ്യേന ദദാതി വാചമുചിതാമന്തഃപുരേഭ്യോ യദാ
ഗോത്രേഷു സ്ഖലിതസ്തദാ ഭവതി ച വ്രീഡാവനമ്രശ്ചിരം.

[170] [*ഉമേഷ്*] ശ്ലോകം **3.923 :** പരിഭാഷ (വിഷ്ണുനാരായണൻ നമ്പൂതിരി) :

പൂക്കും മരം, തണ്ടലരാർന്ന നീരം,
കാമം പെടും മങ്ക, മണത്ത തെന്നൽ,
സുഖം ദിനാന്തം, പകലാകെ രമ്യം –
സർവ്വം പ്രിയേ! ചാരുതരം വസന്തേ.

ഭ്രജേഷു സംഗം വലയാംഗദാനി
പ്രയാന്ത്യനംഗാതുരമാനസാനാം
നിതംബിനീനാം ജഘനേഷു കാഞ്ച്യഃ

കവി : കാളിദാസൻ, കൃതി : *ഋതുസംഹാരം*

3.925 പല്ലണച്ചു ചെറുവിട്ചരങ്ങളെ. . . (ജീവി)

കുസുമമഞ്ജരി

പല്ലണച്ചു ചെറുവിട്ചരങ്ങളെയുപദ്രവിച്ചു വിളയാട്ടുവാൻ
വല്ലഭത്വമെഴുമെത്ര പട്ടികളിരിക്കിലെന്തവ മരിക്കിലും?
നല്ല വന്മലയിലേറി വാണിടണമിച്ഛപോലെവിഹരിക്കണം,
കൊല്ലണം വനഗജങ്ങളെ ശ്രുതി മൃഗേന്ദ്രനെന്നിഹ പരത്തണം.

കവി : കേരളവർമ്മ വലിയ കോയിത്തമ്പുരാൻ , കൃതി : *അന്യാപദേശശതകം തർജ്ജമ*

3.926 നീവാരാൻ വാരനാരീ. . . (കർത്താ)

സ്രുദ്ധര

നീവാരാൻ വാരനാരീകരസരസിരുഹാൽ സാദരം സ്വീകരോതി
ഗ്രീവാമുന്നമ്യ യസ്മിൻ കുവലയരമണോത്സംഗശായീ കുരംഗഃ
ദേവാധീശഃ പുരാന്യാസുലഭശതമഖീപുണ്യനിർവാഹധന്യോ
യാവത് പാദാരവിന്ദനതസകലസുധാദീദിവിർദ്ദേദിവീതി.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *പ്രലംബവധം ആട്ടക്കഥ*

3.927 ദിക്ചക്രം വിറകൊള്ളുമാറു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ദിക്ചക്രം വിറകൊള്ളുമാറു പടഹധ്വാനം മുഴക്കിപ്പട–
ക്കുച്ചണ്ഡായുധമേന്തിട്ടും ഭടരിടഞ്ഞെത്തീ പതിമ്മൂന്നുപേർ
മുച്ചാൺ വീശിയടുത്തു മൽക്കളരിയാശാനാം കുറുപ്പേകനായ്
തച്ചോടിച്ചിതു സർവരേയുമൊരു കൊച്ചോടക്കുഴൽക്കമ്പിനാൽ

കവി : വി. കെ. ജി. , കൃതി : *(ജി. ശങ്കരക്കുറുപ്പിന്റെ ഓടക്കുഴലിനെ അനുസ്മരിച്ച്)*

3.928 മിനുപ്പാർന്ന വർണ്ണങ്ങൾ. . . (ജീവി)

ഭ്രജംഗപ്രയാതം

മിനുപ്പാർന്ന വർണ്ണങ്ങൾ പാളുന്ന ലോകം
നുണയ്ക്കുന്ന ചുണ്ടത്തു മാധുര്യപൂരം
മനസ്സിങ്ങു സംതൃപ്തി, മെന്നാലുമാരാൽ
മനുഷ്യൻ ശ്രുവിപ്പൂ 'മറക്കുള്ള മറക്കുള്ള'

കവി : ബാലാമണിയമ്മ, കൃതി : *മറക്കുള്ള മറക്കുള്ള*

---

[171] *[ഉമേഷ്]* ശ്ലോകം **3.924 :** പരിഭാഷ (വിഷ്ണുനാരായണൻ നമ്പൂതിരി) :
വെൺചന്ദനം പറ്റിയ മാല മാറിൽ,
പൊൻകങ്കണം തോൾവളയും ഭുജത്തിൽ,
ചേർക്കുന്ന മാരാർത്തിയിലുള്ളുലഞ്ഞോർ
പൊൻഞാണരക്കെട്ടിനുമിന്നു നല്ലാർ.

3.929 മുക്തകങ്ങളെഴുതുന്ന. . . (കർത്താ)

കുസുമമഞ്ജരി

മുക്തകങ്ങളെഴുതുന്ന വിദ്യയൊരു വിദ്യതാനതു പലർക്കുമി–
ന്നൊക്കുകില്ല, കവികോകിലങ്ങളതു വിട്ടു മറ്റു പണി നോക്കുവിൻ!
ഗദ്ഗദം കവിതയാർക്കുവോർക്കിതെളുതല്ല ; മുറ്റുമഴകോലുമെൻ
മുക്തകങ്ങൾ മണിമുത്തുപോലെ കവിതയ്ക്കലങ്കരണമാവണം.

കവി : ഏവൂർ പരമേശ്വരൻ

3.930 ഗോവിന്ദസ്മരണൈകനിഷ്ഠയൊട്. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഗോവിന്ദസ്മരണൈകനിഷ്ഠയൊടുണർന്നാവൂ തുറന്നാവു ഞാൻ
കൈവല്യസ്മൃതിയോടു കണ്മിഴികളെക്കണ്ണന്റെ രൂപങ്ങളിൽ,
നാവാദ്യം ഹരിനാമമാധുരി നുകർന്നാവൂ, മറന്നാവു ഹൃ–
ദ്വൈവശ്യപ്രദമായ മുഗ്ധവിഷയത്തായംകളിക്കോപ്പുകൾ!

കവി : വി. കെ. ജി.

3.931 നീ തുമ്പുവിട്ടു മകളേ. . . (കർത്താ)

വസന്തതിലകം

നീ തുമ്പുവിട്ടു മകളേ! പരമെന്തിനിത്ര
പൂതം പിടിച്ചൊരു നടപ്പു? വെടിപ്പു വേണ്ടേ?
ഹേ തന്വി! മേൽക്കഴകണം ; തിരുമിത്തുടച്ച
മാതങ്ഗിതന്നുടയ ചന്തമനന്തമല്ലോ.

കവി : വെണ്മണി മഹൻ, കൃതി : *അംബോപദേശം*

3.932 ഹൃദ്യം പൂർണ്ണാനുകർമ്പാർണ്ണാവ. . . (ഋഷി)[172]

സ്രുദ്ധര

ഹൃദ്യം പൂർണ്ണാനുകർമ്പാർണ്ണാവമൃദുലഹരീചഞ്ചലഭ്രൂവിലാസൈ–
രാനീലസ്നിഗ്ധപക്ഷ്മാവലിപരിലസിതം നേത്രയുഗ്മം വിഭോ, തേ
സാന്ദ്രച്ഛായം വിശാലാരുണകമലദളാകാരമാമുഗ്ധതാരം
കാരുണ്യാലോകലീലാശിശിരിതഭുവനം ക്ഷിപ്യതാം മയ്യനാഥേ

കവി : മേൽപത്തൂർ, കൃതി : *നാരായണീയം (100:3)*

3.933 സചേതനാചേതനം. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സചേതനാചേതനമിപ്രപഞ്ചം
സർവം വിളക്കുന്ന കെടാവിളക്കേ
സമസ്തഭവ്യങ്ങളുമുള്ളിലാഴ്ത്തും
സ്നേഹപ്പരപ്പിൻ കടലേ, തൊഴുന്നേൻ.

കവി : കുമാരനാശാൻ, കൃതി : *ആത്മാർപ്പണം-ഒരു പ്രാർത്ഥന*

---

[172] [*ഉമേഷ്*] ശ്ലോകം **3.932 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

കാരുണ്യാബ്ധിത്തിരച്ചാർത്തടി പണിയുമൊരച്ചില്ലിവില്ലാട്ടമോടും
ചാരുത്വം പൂണ്ടൊരോമന്മിഴിയൊടു, മൃദുവാം നീലപക്ഷ്മങ്ങളോടും,
ചേരും ചെന്തണ്ടലർക്കുള്ളിതളിന സമമായ് നീണ്ട നിൻ നേത്രയുഗ്മം
ചോരുന്നൻപാൽ കളിർപ്പിച്ചുലകിടമഖിലം, കൃഷ്ണ, ചായ്ച്ചീടുകെങ്കൽ!

3.934 സത്തന്മാരപ്പൊഴുതഹിതജ്ഞം. . . (ജീവി)

മന്ദാക്രാന്ത

സത്തന്മാരപ്പൊഴുതഹിതജ്ഞം, നീലകണ്ഠം, ഖഗാനാ–
മുത്തംസത്വം ദധത, മരികിൽകണ്ടുസന്തുഷ്ടരാകും
നൃത്തം ചെയ്യുന്നതിനിഹ യഥാകാലമുത്സാഹവന്തം
ചിത്തംതന്നിൽ ഗ്രഹനൊടധികപ്രേമവന്തം ഭവന്തം.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.935 നന്നായ് സുഖിച്ചു കഴിയും. . . (രാജേഷ്)

വസന്തതിലകം

നന്നായ് സുഖിച്ചു കഴിയും സമയത്തു ദൈവം
തന്നെ സ്മരിക്കുവതിനാരു തുനിഞ്ഞിടുന്നു?
എന്നെങ്കിലും മരണമുണ്ടിവനെന്ന ബോധം
വന്നെങ്കിലേ മനുജനീശ്വര ചിന്ത ചെയ്യൂ!

കവി : ഉമേഷ് നായർ

3.936 ഏണാങ്കചൂഡരമണീം. . . (ഋഷി)

വസന്തതിലകം

ഏണാങ്കചൂഡരമണീം, രമണീയപീന–
ശ്രോണീ നിരസ്തപുളിനാം നളിനായതാക്ഷീം
വീണാധരാമധികബന്ധുരബന്ധുജീവ–
ശോണാധരാമചല രാജസുതാമുപാസേ

3.937 വാദാന്തരത്തിൽ വിധി ഗേഹമിയന്ന. . . (ജീവി)

വസന്തതിലകം

വാദാന്തരത്തിൽ വിധി ഗേഹമിയന്ന നിൻ ഹൃദ്–
ഭേദോപഹാരി ഗളകാകളിയാൽ ലഭിപ്പൂ
നാദാനുസന്ധി പരയോഗിസമാധിസൗഖ്യം
വേദാന്തികദ്വയചിദേകരസാവഗാഹം

കവി : കുമാരനാശാൻ, കൃതി : *ഗ്രാമവൃക്ഷത്തിലെ കുയിൽ*

3.938 നീ താനെൻ ജീവിതാർത്ഥം. . . (കർത്താ)

സ്രഗ്ധര

നീ താനെൻ ജീവിതാർത്ഥം നിയതമയി നിശാനായികേ! കായകൽപ–
ശ്രീ താവും വിശ്രമം നീ പരമരുളി മമായുസ്സിരട്ടിച്ചിടുന്നു
വീതാതങ്കം തവാങ്കേ വിനിഹിതശിരസ്സാ വിശ്വസമ്മോഹനേ! ഞാ–
നേതാനും നേരമേൽപ്പൂ ദിനമനു കനകസ്വപ്നസായൂജ്യ സൗഖ്യം.

കവി : പി. ശങ്കരൻ നമ്പ്യാർ, കൃതി : *രജനി*

3.939 വേഷപ്പകർച്ച ഗുരു. . . (ബാലേന്തു)

വസന്തതിലകം

വേഷപ്പകർച്ച ഗുരു കുഞ്ഞുവിനൊപ്പമാട്ടം
വാഴേങ്കടയ്ക്ക കിട ഭാവന കൃഷ്ണനൊക്കും;
മദ്യപ്രിയത്തിലുലൻ കിടയറ്റൊരാട്ട–
ക്കാരൻ - വരട്ടെ, യതിഗോപ്യമതാണു നാമം.

കവി : ബാലേന്ദു, കൃതി : *വസന്തതിലകം*

3.940 മണ്ണണ്ണം, വെണ്ണയുണ്ണം. . . (രാജേഷ്)

സ്രഗ്ധര

മണ്ണണ്ണം, വെണ്ണയുണ്ണം, കടുതരവിഷസമ്മിശ്രമാം സ്തന്യമുണ്ണം,
മണ്ണം കല്ലും നിറഞ്ഞോരവിലുമരയിലച്ചീരയും തീയുമുണ്ണം,
തിണ്ണം ബ്രഹ്മാണ്ഡമങ്ങേക്കുടവയർ, ഹരുവായൂരെഴും നാഥ, നീയെ–
ന്തുണ്ണില്ലുണ്ണീ? നിവേദിക്കുവനടിമലരിൽ കൃപ്പുമെൻ തപ്തബാഷ്പം!

കവി : വി. കെ. ജി.

3.941 തീയന്മാരിലൊരാൾക്കു വമ്പനടെ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

തീയന്മാരിലൊരാൾക്കു വമ്പനടെ പേർ കണ്ടിട്ടസൂയാമയ–
ത്തീയെൻ മാനസതാരിൽ വന്നു പിടിപെട്ടിട്ടില്ല പിട്ടല്ല മേ
കയ്യന്മാതിരിയേറിയേറി വരുമാക്രുഷ്ണന്നു ശുദ്ധം കട്ടം,
കൈയൻമാരുതി പട്ടമിട്ടതു വെടിപ്പല്ലെന്നു മല്ലിട്ടു ഞാൻ

കവി : കഞ്ഞിക്കുട്ടൻ തമ്പുരാൻ

3.942 കൊലനിലമൊടടുക്കും. . . (കർത്താ)

മാലിനി

കൊലനിലമൊടടുക്കും മുൻപപായം ഭവിക്കും
നിലയിലരിയ സാദം ക്രിസ്തുവിൽക്കാൺകമൂലം
ഖലരരികളമന്ദം പാന്ഥനാകും ശിമോനെ–
ബ്ബലമൊടു സുതനീശൻ തൻ സഹായത്തിനാകി.

കവി : കട്ടക്കയം, കൃതി : *ശ്രീയേശു വിജയം*

3.943 ഖേദങ്ങളൊക്കെയുമകറ്റി. . . (ഋഷി)

വസന്തതിലകം

ഖേദങ്ങളൊക്കെയുമകറ്റി കൃപാരസം നീ–
യേകീടുകെൻ നളിനലോചന, പത്മനാഭ!
ഈ സാധു തൻ ഹൃദയമാം നവനീതമിന്നി–
ത്തൃപ്പാദപദ്മമതിൽ വച്ചു വണങ്ങിടുന്നേൻ!

കവി : ഋഷി

3.944 ഇവൾക്കു ദാരിദ്ര്യഹലത്തിൽ. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഇവൾക്കു ദാരിദ്ര്യഹലത്തിൽ മേന്മേൽ
ചിന്താവ്യഥക്കാളകൾ ചേർത്തുപൂട്ടി
ദൈവംതുടർന്നോരുഴവിന്റെ ചാല്വ
കാണാം ചുളുക്കാർന്ന കപോലഭ്രുവിൽ.

കവി : ഉള്ളൂർ

3.945 ദൂരത്തായി നിരന്ന്. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ദൂരത്തായി നിരന്ന സൈനികമുഖം കണ്ടിട്ടു വൻ പാപഭീ–
ഭാരത്താൽ സ്വജനങ്ങൾ തൻ കൊലയിലേ വൈമുഖ്യമാർന്നീടവേ
സ്വൈരം ഫല്ഗുനനാത്മവിദ്യയുപദേശിച്ചാത്മധൈര്യം കൊടു–
ത്തോരപ്പാർത്ഥസഖന്റെ ചേവടികളിൽ പ്രേമം ഭവിക്കാവു മേ!

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.946 സേവിച്ചീടുക പൂജ്യരെ. . . (ഋഷി)[173]

ശാർദ്ദൂലവിക്രീഡിതം

സേവിച്ചീടുക പൂജ്യരെ, പ്രിയസഖിക്കൊപ്പം സപത്നീജനം
ഭാവിച്ചീടുക, കാന്തനോടിടയൊലാ ധിക്കാരമേറ്റീടിലും,
കാണിച്ചീടുക ഭൃത്യരിൽദ്ദയ, ഞെളിഞ്ഞീടായ്ക ഭാഗ്യങ്ങളാൽ,
വാണിട്ടിങ്ങനെ കന്യയാൾ ഗൃഹിണിയാ, മല്ലെങ്കിലോ ബാധതാൻ

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *മലയാളശാകുന്തളം*

3.947 കാളം പോലേ കുസുമധനുഷോ. . . (ജീവി)

മന്ദാക്രാന്ത

കാളം പോലേ കുസുമധനുഷോ ഹന്ത പൂങ്കോഴി കൂകി
ചോളം പോലേ ചിതറിവിളറീ താരകാണാം നികായം
താളം പോലേ പുലരിവനിതയ്ക്കാഗതൗചന്ദ്രസൂര്യൗ
നാളം പോലേ നളിനകുഹരാദുദ്ഗതാ ഭൃംഗരാജിഃ.

കൃതി : *ഉണ്ണുനീലി സന്ദേശം*

3.948 ശ്രമണം വിതറിനിന്നിടും. . . (ജ്യോതി)

കുസുമമഞ്ജരി

ശ്രമണം വിതറിനിന്നിടും കുസുമമഞ്ജരിയ്ക്കുകമണഞ്ഞിടാൻ
കാമമായിടുമളിക്കു മന്ദമൊരു ഗന്ധവാഹകനുമെത്തിയാൽ
പ്രേമമാം പെരിയ കാറ്റടിയ്ക്കെ യൊളികണ്ണിനാൽ കമലലോചനൻ
തനുഖത്തെയുമുഴിഞ്ഞിടും, പശുപനാരിയാക മമ ചിത്തമേ!

കവി : മധുരാജ്

3.949 പരമൊരുടൽ വഹിച്ചുള്ളുത്സവം. . . (ജീവി)

മാലിനി

പരമൊരുടൽ വഹിച്ചുള്ളുത്സവം പോലെ മോദം
തരുമതിമൃദുവാം നിൻ കങ്കണം ചേർന്നഹസ്തം
തരുണി! മമ കരത്തിൽ ശ്രീശതാനന്ദനർപ്പി–
ച്ചൊരു സമയമതിപ്പോഴെന്നു തോന്നുന്നു കാന്തേ!

കവി : ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

---

[173] [*ഉമേഷ്*] ശ്ലോകം **3.946 :** മൂലശ്ലോകം (കാളിദാസൻ):

ശ്രുശ്രൂഷസ്വ ഗുരൂൻ, കുരു പ്രിയസഖീവൃത്തിം സപത്നീജനേ
ഭർത്തുർവിപ്രകൃതാപി രോഷണതയാ മാ സ്മ പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ, ഭാഗ്യേഷ്വനുത്സേകിനീ,
യാന്ത്യേവം ഗൃഹിണീപദം യുവതയോ, വാമാ കുലസ്യാധയഃ

3.950 തദത്ര ഹംസാ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തദത്ര ഹംസാകൃതിമേവ ഹി ത്വാം
നീത്വാ പുരീം രാമമുഖൈഃ സപക്ഷൈഃ
ബാലാം മൃണാളീമിവ ഹാരയിഷ്യേ
കിഞ്ചിൽ ക്ഷമസ്വേഹ പയോദപീഡാം

കവി : മേൽപത്തൂർ, കൃതി : *സുഭദ്രാഹരണം*

3.951 ബിംബോഷ്ഠി, നീ ഗൃഹിണിയായ്. . . (കർത്താ)

വസന്തതിലകം

ബിംബോഷ്ഠി, നീ ഗൃഹിണിയായ് പുനരമ്മയായി–
ട്ടമ്മൂമ്മയായ് വരുമതേ ഗഡുവുങ്കലെല്ലാം
ധർമ്മം നിജം ചെറുതുമേ പിഴയാതെകണ്ടു
ശർമ്മം വരുത്തുക ചിരം തറവാട്ടിനീദ്ധ്യേ.

കവി : മൂലൂർ, കൃതി : *ഭർത്തൃശ്രുശ്രൂഷ*

3.952 ധനങ്ങളുള്ളോരിനി. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധനങ്ങളുള്ളോരിനി വേണ്ടതിപ്പോ–
ളെനിക്കു തോന്നുന്നതു ഞാനരയ്ക്കാം
ഇദ്ദിക്കിൽ നിന്നാശു കടത്തി വെയ്പാ–
നുദ്യോഗമദ്യൈവ തുടങ്ങിടേണം

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.953 ഇംഗ്ലീഷിന്റെ കഴുത്തു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഇംഗ്ലീഷിന്റെ കഴുത്തു ഞെക്കുക! പലേ നാളായി ഞെക്കുന്നു നാം;
ഇല്ലീ രാക്ഷസനൽപ്പവും ക്ഷതി; മരിക്കില്ലാ മരിക്കില്ലിവൻ!
ഇന്നോ 'മീഡിയ'മെന്ന നവ്യധമനീപൂരത്തിനാലിബ്ബകൻ
കുന്നിക്കു, മൊരു ഭീമസേനനെയൊരുക്കുന്നെത്രനാളായി നാം!

കവി : ഏവൂർ പരമേശ്വരൻ.

3.954 ഇരിക്കൊലാ പൊങ്ങുക. . . (ജീവി)

വംശസ്ഥം

ഇരിക്കൊലാ പൊങ്ങുക വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ
വരിഷ്ഠമാം തങ്കമുരച്ച രേഖപോ–
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

കവി : കുമാരനാശാൻ, കൃതി : *മിന്നാമിനുങ്ങ്*

3.955 വരുമാറു വിധം. . . (കർത്താ)

വിയോഗിനി

വരുമാറു വിധം വികാരവും
വരുമാറില്ലറിവിന്നിതിന്നു നേർ;
ഉരുവാമുടൽ വിട്ടു കീർത്തിയാ–
മുരുവാർന്നിങ്ങനുകമ്പ നിന്നിടും.

കവി : ശ്രീനാരായണഗുരു, കൃതി : *അനുകമ്പാദശകം*

3.956 ഉടുത്തുള്ള പട്ടൊന്നു. . . (ഉമേഷ്)

ഭുജംഗപ്രയാതം

ഉടുത്തുള്ള പട്ടൊന്നു മേൽപോട്ടൊഴുക്കി–
ത്തിടുക്കെന്നരക്കെട്ടു ധൃഷ്ടം മുറുക്കി
മിടുക്കോടിടങ്കൈ മടക്കീടു മുട്ടിൽ–
ക്കടുക്കുന്ന കോപത്തൊടാഞ്ഞൊന്നടിച്ചു

കവി : പന്തളം കേരളവർമ്മ

3.957 മൂഢന്നും പണ്ഡിതന്നും. . . (കർത്താ)

സ്രുദ്ധര

മൂഢന്നും പണ്ഡിതന്നും പെരിയ ധനികനും പിച്ച തെണ്ടുന്നവന്നും
പ്രൗഢന്നും പ്രാകൃതന്നും പ്രഭവിനിടയനും കണ്ട നാഴ്ക്കും നരിക്കും
ബാഢം വ്യാപിക്കുമാറായ് പ്പകലുമിരവിലും ലോകമോർക്കാതെ മായാ–
ഗൂഢക്കയ്യാൽ മയക്കും മഹിതമരണമേ! നിന്റെ ഘോഷം വിശേഷം.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.958 ബാഹ്വദ്വന്ദ്വേന രത്നോജ്ജ്വല. . . (ഉമേഷ്)[174]

സ്രുദ്ധര

ബാഹ്വദ്വന്ദ്വേന രത്നോജ്ജ്വലവലയഭൃതാ ശോണപാണിപ്രവാളേ–
നോപാത്താം വേണുനാളീം പ്രസൃതനഖമയൂഖാംഗുലീസംഗശാരാം
കൃത്വാ വക്ത്രാരവിന്ദേ സുമധുരവികസദ്രാഗമുദ്ഭാവ്യമാനൈഃ
ശബ്ദബ്രഹ്മാമൃതൈസ്ത്വം ശിശിരിതഭുവനൈഃ സിഞ്ച മേ കർണ്ണവീഥിം.

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം (100:3)*

3.959 കടവിലധിഗൃഹം. . . (കർത്താ)

മാലിനി

കടവിലധിഗൃഹം വാണീടുമന്തോണിയോടാ
മടുസമമൊഴിയഭ്യർത്ഥിക്കയാൽ പാരഭാഗം
ഝടിതിയുപനയിച്ചാൻ യക്ഷിയേ നാവികൻതാ–
നുടനവിടെയണഞ്ഞാൻ വേത്രുവാൻ കത്തനാരും.

കവി : മൂലൂർ, കൃതി : *കടമറ്റത്തു കത്തനാരും യക്ഷിയും*

[174] [*ഉമേഷ്*] ശ്ലോകം **3.958 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ചാലേ രത്നങ്ങൾ മിന്നും തരിവള വിലസും ചെന്തളിർപ്പാണിയുഗ്മ–
ത്താലേ നൽത്തുനഖച്ചാർത്തൊളി വിതറിടുമാ വേണു ചെഞ്ചുണ്ടണച്ചും
മോദം മുപ്പാരിനേകം മധുരമധുരമാം രാഗഭേദങ്ങൾ ചോരും
നാദബ്രഹ്മാമൃതത്താൽ ചെവിയിണയിവനും നീ കുളിർപ്പിച്ചിടേണം.

3.960 ൹ഷക്കൂർമ്മവരാഹ. . . (ഉമേഷ്)[175]

വസന്തമാലിക

൹ഷക്കൂർമ്മവരാഹനാരസിംഹാ–
ദ്യവതാരങ്ങളെടുത്തു പദ്മനാഭൻ
പരിണാമവിധേയമാണു ദൈവം
വരെയെല്ലാമിതി ഡാർവിനോടു ചൊല്ലാൻ!

കവി : ഉമേഷ് നായർ

3.961 പണി തീർപ്പതിനെന്തിനാറുമാസം. . . (ബാലേന്ദു)[176]

വസന്തമാലിക

“പണി തീർപ്പതിനെന്തിനാറുമാസം?
പണിതീ വിശ്വമൊരാഴ്ചകൊണ്ടു ദൈവം”
“പണിയിൽ ധൃതി കൂടിയായതിൻ
പണികുറ്റം പറ, കില്ലയോ ജഗത്തിൽ?”

കവി : ബാലേന്ദു

3.962 പാനീയം സ്ഫടികോപമം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പാനീയം സ്ഫടികോപമം; പരിമളം തിങ്ങുന്ന പങ്കേരുഹം;
ചേണാർന്നോരളിസഞ്ചയം; പുളിനമവ്വണ്ണം മനോമോഹനം;
ഞാനെന്തിന്നധികം പറഞ്ഞു സമയം പോക്കുന്നു? ചിന്തിക്കിലീ–
സ്ഥാനം താൻ രസികർക്കു യോഗ്യതരമായീടും വിഹാരസ്ഥലം.

കവി : തോട്ടക്കാട്ട് ഇക്കവമ്മ, കൃതി : *നളചരിതം*

3.963 ഞാനിങ്ങു ചിന്താശകലങ്ങൾ. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഞാനിങ്ങു ചിന്താശകലങ്ങൾ കണ്ണു–
നീരിൽ പിടിപ്പിച്ചൊരു കോട്ട കെട്ടി
അടിച്ചുടച്ചാൻ ഞൊടികൊണ്ടതാരോ;
പ്രപഞ്ചമേ, നീയിതുതന്നെയെന്നും!

കവി : നാലാപ്പാട്ടു നാരായണമേനോൻ , കൃതി : *കണ്ണുനീർത്തുള്ളി*

3.964 അടുത്തു പോയ് മൂവടി. . . (ഉമേഷ്)

ഉപേന്ദ്രവജ്ര

അടുത്തു പോയ് മൂവടി തെണ്ടി, യെന്നി–
ട്ടൊടുക്കമാ മാബലിയെക്കഠോരം
മുടിച്ചവൻ നമ്മുടെയീശ്വരൻ ഹാ!
കടപ്പമാണീശ്വരലീലയെന്നും!

കവി : ഉമേഷ് നായർ, കൃതി : *(സമസ്യാപൂരണം)*

[175] ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (൹ ശ്ലോകം)

[176] ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (വസന്തമാലികയിൽ പ–പ ശ്ലോകം)

3.965 മാനോടൊത്തു വളർന്നു. . . (ഹരി)[177]

ശാർദ്ദൂലവിക്രീഡിതം

മാനോടൊത്തു വളർന്ന മന്മഥകഥാഗന്ധം ഗ്രഹിക്കാത്തൊരാൾ
താനോ നാഗരികാംഗനാരസികനാമെന്നെ ഭ്രമിപ്പിക്കുവാൻ?
ഞാനോരോന്നു വൃഥാ പറഞ്ഞു പരിഹാസാർത്ഥം പരം തോഴരേ!
താനോ ശ്രദ്ധനതൊക്കെയിന്നു പരമാർത്ഥത്വേന ബോധിക്കൊലാ.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ , കൃതി : *മണിപ്രവാളശാകുന്തളം*

3.966 ഞാനോ മാനിനിമാർക്കു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഞാനോ മാനിനിമാർക്കു മന്മഥനഹോ! ശാസ്ത്രത്തിലെന്നോടെതിർ–
പ്പാനോ പാരിലൊരുത്തനില്ല, കവിതയ്ക്കൊന്നാമനാകുന്നു ഞാൻ;
താനോരോന്നിവയോർത്തുകൊണ്ടു ഞെളിയേണ്ടെൻ ചിത്തമേ! നിശ്ചയം
താനോ ജീവനൊരസ്ഥിരത്വമതിനാൽ നിസ്സാരമാണൊക്കെയും.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.967 തളിരുപോലധരം. . . (ഹരി)[178]

ദ്രുതവിളംബിതം

തളിരുപോലധരം സുമനോഹരം
ലളിത ശാഖകൾ പോലെ ഭുജദ്വയം
കിളിമൊഴിക്കുടലിൽ കുസുമോപമം
മിളിതമുജ്ജ്വലമാം നവയൗവനം

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ , കൃതി : *മണിപ്രവാളശാകുന്തളം*

3.968 കനകഭൂഷണസംഗ്രഹണോചിതോ. . . (ഉമേഷ്)

ദ്രുതവിളംബിതം

കനകഭൂഷണസംഗ്രഹണോചിതോ
യദി മണിസ്തൂപുണി പ്രണിധീയതേ
ന സ വിരൗതി ന ചാപി ന ശോഭതേ
ഭവതി യോജയിതുർവചനീയതാ

3.969 നവവധൂടിയൊടൊത്തിഹ. . . (ഹരി)

ദ്രുതവിളംബിതം

നവവധൂടിയൊടൊത്തിഹ ജീവിതാ–
സവരസം നുകരുന്നതിലല്ല, തേ

[177] [*ഉമേഷ്*] ശ്ലോകം **3.965 :** മൂലശ്ലോകം (കാളിദാസൻ) :

കഃ വയം, കഃ പരോക്ഷമന്മഥോ
മൃഗഷാബൈഃ സമമേധിതോ ജനഃ
പരിഹാസവിജല്പിതം സഖേ!
പരമാർത്ഥേന ന ഗൃഹ്യതാം വചഃ

[178] [*ഉമേഷ്*] ശ്ലോകം **3.967 :** മൂലശ്ലോകം (കാളിദാസൻ) :

അധരഃ കിസലയരാഗഃ / കോമളവിടപാനുകാരിണൗ ബാഹൂ
കുസുമമിവ ലോഭനീയം / യൗവനമംഗേഷു സന്നദ്ധം.

ഭവവിമുക്തിയിലാം കൊതിയെങ്കിലീ–
ബ്ഭവനവും വനവും തവ തുല്യമാം

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

3.970 ഭവനമാ വനമാക്കി. . . (ഉമേഷ്)

ദ്രുതവിളംബിതം

ഭവനമാ വനമാക്കി വസിച്ചിടു–
ന്നവരുമേവരുമേ തിരയും വിഭോ!
മഹിതമീ ഹിതമീ വിധമാക്കുകെ–
ന്നകമലം, കമലം തൊഴുമക്ഷികൾ.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ

3.971 മധുകരോപമമിങ്ങനെ. . . (ഹരി)

ദ്രുതവിളംബിതം

മധുകരോപമമിങ്ങനെ നിഷ്ഫലം
വിധുരനായുഴലായ്ക വൃഥാ ഭവാൻ
വധുവൊരുത്തിയെ വേൾക്ക, വിവാഹമേ
മധുരബന്ധുരബന്ധമനുത്തമം

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

3.972 വിവിധനർമ്മഭിരേവമഹർന്നിശം. . . (ഉമേഷ്)[179]

ദ്രുതവിളംബിതം

വിവിധനർമ്മഭിരേവമഹർന്നിശം
പ്രമദമാകലയൻ പുനരേകദാ
ഋജുമതേഃ കില വക്രഗിരാ ഭവാൻ
വരതനോരതനോരതിലോലതാം

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം*

3.973 ഋഷികുമാരവധത്തിൽ. . . (ഹരി)

ദ്രുതവിളംബിതം

ഋഷികുമാരവധത്തിലനാഥനായ്
മരുവുമാ മുനിശാപവചസ്സിനാൽ
പ്രിയസുതന്റെയഭാവമെരിച്ചുകൊ–
ണ്ടുഴറി നേമി സുരാലയമേറിപോൽ

കവി : ഹരിദാസ്

3.974 പുകഴുമാ പ്രഭ. . . (ഉമേഷ്)[180]

ദ്രുതവിളംബിതം

പുകഴുമാ പ്രഭ വേ, ട്ടുഗജാതനി–

[179] [*ഉമേഷ്*] ശ്ലോകം **3.972 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

രതിവിധം പലതാൽ സുഖമേകിയാ
രതിസമസ്സിരവും പകലും ഭവാൻ;
ഋജുമതിക്കഥ വക്രവചസ്സിനാ–

മ്ലഗകളബ്ലിയണഞ്ഞതിനൊത്തുതേ
മഗധകേകയകോസലനാഥർ തൻ
മകളരുൾക്കളരുഢരസം തദാ.

കവി : കണ്ണൂർ / കാളിദാസൻ, കൃതി : *രഘുവംശം തർജ്ജമ*

3.975 മധുരസാന്മധുരം. . . (ഹരി)

ദ്രുതവിളംബിതം

മധുരസാന്മധുരം ഹി തവാധരം
തരുണി മദ്വദനേ വിനിവേശയ
മമ ഗ്രഹാണകരേണ കരാംബുജം
പപ പതാമി ഹഹാ ട്ടട ഭ്രുതലേ

കവി : ജഗന്നാഥ പണ്ഡിതർ

3.976 മലയമാലയമായ. . . (ഉമേഷ്)

ദ്രുതവിളംബിതം

മലയമാലയമായ തപോധനൻ
തല കനിച്ചധരത്തിനു താഴെയും
ബലമൊടെത്തുമവർക്കിരു കയ്യിലും
വിലസി വേ, ലസി വേറെയുമായുധം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.977 ബാലത്വം പൂണ്ടുമേവുന്നളവൊരു. . . (ഹരി)

സ്രുദ്ധര

ബാലത്വം പൂണ്ടുമേവുന്നളവൊരു ദിനമങ്ങന്യഗോപാലരോടേ
മോഹത്താൽ വെണ്ണുരിക്കിൻ കനുമമതിനു തൻ മോതിരം വിറ്റുപോൽ നീ
സ്നേഹത്തിൻ ഭംഗഭീത്യാ ബത രമയുമതിന്നപ്രിയം ഭാവിയാതേ
സേവിച്ചാളെന്ന ലോകോത്തരമധുരിമ ഞാൻ കണ്ടിതാവൂ കൃപാബ്ധേ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.978 സോമാർദ്ധത്തിന്നുദിപ്പാൻ. . . (ഉമേഷ്)

സ്രുദ്ധര

സോമാർദ്ധത്തിന്നുദിപ്പാനുദയഗിരിതടം, ചിത്രകൂടം ട്ടജംഗ-
സ്തോമാനാം, വൈധസീനാമരിയ പിണമിടും കാടു മൂർദ്ധാവലീനാം,
വാർമേവീടും നറും കാഞ്ചനമണികലശം ദിവ്യഗംഗാജലാനാം,
കാമാരേ, നിൻ കപർദ്ദം, ജയതി ഘനകൃപാകല്യ, ചെല്ലൂർപിരാനേ!

ലൂടലിലാടലിലാശ കെടുത്തു നീ.

[180] [*ഉമേഷ്*] **ശ്ലോകം 3.974 :** മൂലശ്ലോകം (**കാളിദാസൻ**) :
തമലഭന്ത പതിം പതിദേവതാഃ
ശിഖരിണാമിവ സാഗരമാപഗാഃ
മഗധകോസലകേകയശാസിനാം
ദുഹിതരോ ∫ ഹിതരോപിതമാർഗ്ഗണം.

3.979 വെച്ചിട്ടൂട്ടിയുമുണ്ടും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

വെച്ചിട്ടൂട്ടിയുമുണ്ടുമൂഴദിവസം പത്നീസപത്നീജനം
മച്ചിന്നുള്ളിലതും കഴിച്ചു തല ചാച്ചീടാൻ കൊതിച്ചെത്തവേ
ഇച്ചിപ്പെണ്ണിനടുത്തുപോയവൾകരിംചുണ്ടാൽപ്പകർന്നേകുവോ–
രെച്ചിൽച്ചാറു കുടിച്ചിടുന്ന കൊശവൻ നമ്പൂരി സംപൂജ്യനാം

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

3.980 ഇത്ഥം രാത്രിഞ്ചരൻ. . . (കർത്താ)

സ്രുദ്ധര

ഇത്ഥം രാത്രിഞ്ചരൻ താൻ പറയുമളവുടൻ സീതയെപ്പുക്കെടുത്തി–
ട്ടത്യന്തം ഘോരമാകും ഗഹനഭുവി നടക്കുന്ന നേരം സ രാമഃ
ധൃത്വാ ബാണം കരാഗ്രേ ജനകസുതയുടെ രോദനം കേട്ടു ജാതം
തീർത്തും സൗമിത്രി ഖേദം പുനരപി തരസാ രാഘവോ വാചമൂച.

കവി : കൊട്ടാരക്കരത്തമ്പുരാൻ, കൃതി : *രാമനാട്ടം*

3.981 ധ്യാനിയ്ക്കുന്ന മനസ്സിൽനിന്നു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ധ്യാനിയ്ക്കുന്ന മനസ്സിൽനിന്നു മധുരം ചാലിച്ച ലാവണ്യമായ്,
മോഹിയ്ക്കുന്ന നഭസ്സിൽനിന്നു സുകൃതം പെയ്യുന്ന കാരുണ്യമായ്,
ദാഹിയ്ക്കുന്ന നിലങ്ങൾതേടിയമൃതം പൊഴുന്ന വാത്സല്യമായ്,
സ്നേഹത്തിന്റെ വിശുദ്ധിയായൊഴുകിടും ശ്ലോകങ്ങളേ കുമ്പിടാം!

കവി : പി. എൻ. വിജയൻ , കൃതി : *ശ്ലോകസ്തോത്രപഞ്ചകം*

3.982 ദയയൊരു ലവലേശം. . . (രാജേഷ്)

മാലിനി

ദയയൊരു ലവലേശം പോലുമില്ലാത്ത ദേശം
പരമിഹ പരദേശം പാർക്കിലത്യന്ത മോശം
പറകിൽ നഹി കലാശം, പാർക്കിലിന്നേകദേശം
സുമുഖി! നരകദേശം തന്നെയാണാപ്രദേശം.

കവി : വെണ്മണി മഹൻ

3.983 പീലിക്കാർക്കുന്തൽ കെട്ടിത്തിരുകി. . . (ഋഷി)

സ്രുദ്ധര

പീലിക്കാർക്കുന്തൽ കെട്ടിത്തിരുകിയതിൽ മയിൽപ്പീലിയും ഫാലദേശേ
ചാലേ തൊട്ടുള്ള ഗോപിക്കുറിയുമഴകെഴും മാലയും മാർവിടത്തിൽ
തോളിൽച്ചേർത്തുള്ളൊരോടക്കുഴലുമണികരേ കാലി മേയ്ക്കുന്ന കോലും
കോലും ഗോപാലവേഷം കലരുമുപനിഷത്തിന്റെ സത്തേ നമസ്തേ!

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ

3.984 തവ ദധിഘൃതമോഷേ. . . (ജ്യോതി)[181]

മാലിനി

തവ ദധിഘൃതമോഷേ ഘോഷയോഷാജനാനാം
അഭജത ഹൃദി രോഷോ നാവകാശം ന ശോകഃ
ഹൃദയമപി മുഷിത്വാ ഹർഷസിന്ധൗ ന്യധാസ്ത്വം
സ മമ ശമയ രോഗാൻ വാതഗേഹാധിനാഥ!

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം* (45:10)

3.985 ഹാ, കാലഭേദം ചെറുതോ?. . . (ഋഷി)

ഇന്ദ്രവജ്ര

ഹാ, കാലഭേദം ചെറുതോ? കരങ്ങ–
ളോരായിരം പൂണ്ട ദിവാകരന്നും
തടുത്തുകൂടാത്ത വിധത്തിലല്ലോ
ജൃംഭിച്ചിടുന്നൂ ജഡമാം ഹിമൗഘം

കവി : വള്ളത്തോൾ , കൃതി : *മഞ്ഞുകാലം*

3.986 താക്കോൽ കൊടുക്കാതെ. . . (ജീവി)

ഇന്ദ്രവജ്ര

താക്കോൽ കൊടുക്കാതരുണോദയത്തിൽ
ത്താനേ മുഴങ്ങും വലിയോരലാറം
പൂങ്കോഴി തൻ പുഷ്കലകണ്ഠനാദം
കേട്ടിങ്ങുണർന്നേറ്റു കൃഷീവലന്മാർ.

കവി : കറ്റിപ്പുറത്തു കേശവൻ നായർ, കൃതി : *ഗ്രാമീണകന്യക*

3.987 പാലെന്നോണം വെളുപ്പാർന്നൊരു. . . (ഋഷി)

സ്രഗ്ധര

പാലെന്നോണം വെളുപ്പാർന്നൊരു പകലിൽനിരക്കും പ്രകാശപ്പരപ്പും
പാലപ്പൂവൊത്ത നൽച്ചന്ദ്രിക വിരവിലിണക്കും നിശീഥത്തുടിപ്പും
പാരിൽ പൊൻചെമ്പരത്തിച്ചെടികളുടെ ദിനാന്തത്തുടിപ്പും രചിക്കി–
ല്ലാരിൽ കൗളഹലത്തിൽ കുളിർമയുമതുലാനന്ദ സാരസ്യവായ്പും.

കവി : ഡി. ശ്രീമാൻ നമ്പൂതിരി , കൃതി : *ആനന്ദത്തിന്*

3.988 പാരാം പാരിങ്കലെല്ലാം. . . (ഉമേഷ്)

സ്രഗ്ധര

പാരാം പാരിങ്കലെല്ലാം പരമചപലയാണെന്നു നിൻ തോഴിയാകും
താരാർമാതിന്നു ദുഷ്പേരിളകിയതവിടേയ്ക്കൊട്ടു പോരായ്മയെങ്കിൽ,
മാരാരാതിപ്രിയേ, ഞാനൊരു വഴി പറയാം, എങ്കലെന്നും വസിക്കാ-
നാരാൽക്കൽപ്പിക്ക തൃക്കണ്മുനയുടെ കളിയാലാളിയെ, ക്കാളി, യെന്നും!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

---

[181] [*ഉമേഷ്*] ശ്ലോകം **3.984 :** പരിഭാഷ (**സി. വി. വാസുദേവഭട്ടതിരി**) :
ദധി, ഘൃതമിവ നിത്യം കട്ടു നീ തിന്നു; വെന്നാൽ
ക്രുധയുമഴലുമൊട്ടും ഗോപിമാരാർന്നതില്ല;
കരളുമപഹരിച്ചിട്ടാശ്ലി ഹർഷാബ്ധി തന്നിൽ
ഗുരുപവനപുരേശാ, നൽക നീ ദേഹസൗഖ്യം!

3.989 മൂന്നാണങ്ങേക്കു പണ്ടേ. . . (ഹരി)

സുശ്ലോകം

മൂന്നാണങ്ങേക്കു പണ്ടേ ദയിതക, ളവരിൽ സ്വസ്ഥയായേക കഷ്ടം!
പിന്നീടുള്ളോൾ പുകൾപ്പെ, ണ്ണവളപരപുരാന്തങ്ങളിൽ സഞ്ചരിപ്പൂ,
ഭാഷായോഷിത്തുപെറ്റിപ്രജകൾ വളരെയാ, യാംഗനർത്ഥത്തിലായീ,
വാർദ്ധക്യത്താലവറ്റിൽ ചിലതിനു ചിലവേകാനുമാകാതെയായോ?

കവി : വി.സി.ബാലകൃഷ്ണപ്പണിക്കർ

3.990 ഭിക്ഷാർത്ഥീ സ ക്വ യാതഃ. . . (ഉമേഷ്)[182]

സുശ്ലോകം

"ഭിക്ഷാർത്ഥീ സ ക്വ യാതഃ, സുതനു?" –
"ബലിമഖേ";
"താണ്ഡവം ക്വാദ്യ ഭദ്രേ?" –
"മന്യേ വൃന്ദാവനാന്തേ";
"ക്വ നു സ മൃഗശിശുർ?" –
"നൈവ ജാനേ വരാഹം";
"ബാലേ, കച്ചിന്ന ദൃഷ്ടോ ജരഠവൃഷപതിർ?" –
"ഗ്ലോപ ഏവാത്ര വേത്താ"
ലീലാസല്ലാപ ഇത്ഥം ജലനിധിഹിമവത്കന്യയോസ്ത്വായതാം വഃ

3.991 ബാലാദിത്യൻ കരത്താൽ. . . (ഹരി)

സുശ്ലോകം

ബാലാദിത്യൻ കരത്താലരിമയൊടു തലോടീടവേ പാടലശ്രീ–
ലീലാരംഗം പ്രഭാവ പ്രകൃതിയുടെമൃദുസ്നിഗ്ധഗണ്ഡം കണക്കേ
മേലാലെത്തും വിപത്തിൻ വിപുലതയെ വിചാരിച്ചു നോക്കുന്നതിന്നും
മേലാതേ നിന്നൊടുക്കം പടുചുടലപനീർപ്പൂവു ചുംബിച്ചിടുന്നു.

കവി : വി.സി.ബാലകൃഷ്ണപ്പണിക്കർ , കൃതി : *ഒരു വിലാപം*

3.992 മമ ഗുരുമിഹ വിത്ത. . . (കർത്താ)

മാലിനി

മമ ഗുരുമിഹ വിത്ത ബ്രഹ്മപൂർവാനുഭൂതിം
സ്തുതിരപി രചിതേയം തൽപ്രസാദന്ന ശക്ത്യാ
ഗുരുവദപി ച ഭക്ത്യാ പദ്മനാഭേ∫നുഭൂതി–
ധ്വനിരപി മമ സംജ്ഞാ ദേവദേവേശപൂർവഃ

കവി : ഈശാനുഭൂതി യതി

---

182 [*ഉമേഷ്*] ശ്ലോകം **3.990 :** പരിഭാഷ (എൻ. കെ. ദേശം) :

"തെണ്ടിച്ചാരെങ്ങുപോയ് പാർവ്വതി?" – "സഖി, ബലിയാഗത്തി"; "ലെങ്ങിന്നു നൃത്തം?" –
"വൃന്ദാരണ്യത്തി"; "ലെങ്ങാച്ചെറുമൃഗമഗജേ?" – "പന്നിയെ, ങ്ങാരറിഞ്ഞൂ?"
"കണ്ടില്ലെങ്ങുണ്ടു കാളക്കിഴവ?" – "നതിടയൻ ചൊല്ലിടും" – നീങ്ങിടാവൂ
നിങ്ങൾക്കിക്കന്നലപ്പെൺകൊടികളുടെ കളിച്ചൊല്ലിനാലല്ലലെല്ലാം!

മറ്റൊരു പരിഭാഷയ്ക്ക് *പിച്ചക്കാരൻ ഗമിച്ചാൻ. . .* (ശ്ലോകം 3.326, പുറം 69) എന്ന ശ്ലോകം കാണുക.

3.993 ഗീതയ്ക്കും നബിവാക്കുകൾക്കുമിവിടെ. . . (ഉമേഷ്)[183]

ശാർദ്ദൂലവിക്രീഡിതം

ഗീതയ്ക്കും നബിവാക്കുകൾക്കുമിവിടെ സ്ഥാനം കൊടുക്കേ, ണ്ടൊരേ
മാതാവാണിരുപേർക്കുമെന്ന കരുതിച്ചേർന്നീടുവിൻ കൂട്ടരേ!
ബോധം വിട്ട നരന്റെ ചെയ്തികളൊരേ നാടായ്ക്കഴിഞ്ഞോരെ നിർ–
ബാധം വേർപിരിയാൻ വിധിച്ചു - പിരിയാൻ വീണ്ടും തുനിഞ്ഞീടൊലാ!

കവി : ഉമേഷ് നായർ

3.994 ബാണാംസ്തേ പുരഭേദിനോപി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ബാണാംസ്തേ പുരഭേദിനോപി ച തന്വദ്വൈധീകൃതിപ്രക്രിയാ–
ധൗരേയാന്മയി മാ പ്രയുങ്ക്ഷ്വ ജഗതീനിർദ്വന്ദകേളീഹരോ,
ലജ്ജന്തേ ന കഥന്വമീ മയി പുനർമ്മുക്ത്വാ പതന്തസ്ത്വയാ
ഫുല്ലന്മല്ലിഹളച്ചകോമളതമസ്വാന്തേ നിതാന്താകുലേ?

കവി : കാക്കശ്ശേരി ഭട്ടതിരി

3.995 ലാക്ഷാനിർമ്മിതമന്ദിരത്തിൽ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ലാക്ഷാനിർമ്മിതമന്ദിരത്തിലിവരെക്കൊണ്ടിട്ടു തീവെച്ചതും
രുക്ഷത്വം കലരുന്ന ഭീമനെ വിഷച്ചോറൂട്ടിയെന്നുള്ളതും
അക്ഷത്തിൽ ചതിചെയ്തകൊണ്ടഖിലവും തട്ടിപ്പറിപ്പിച്ചതും
സൂക്ഷ്മത്തോളമെനിക്കുനല്ലൊരറിവുണ്ടെന്നും പറഞ്ഞീടണം

കവി : നടുവത്തച്ഛൻ നമ്പൂതിരി, കൃതി : *ഭഗവദ്ദൂത്*

3.996 ആനക്കമ്പമൊരുത്ത, നാനനടയാൾ. . . (ഉമേഷ്)[184]

ശാർദ്ദൂലവിക്രീഡിതം

ആനക്കമ്പമൊരുത്ത, നാനനടയാൾക്കമ്പം പര, ന്നീശ്വര–
ദ്ധ്യാനക്കമ്പമൊരാൾക്കു, നൽക്കഥകളിക്കമ്പം മുറയ്ക്കന്യനും
ഗാനക്കമ്പമതാണു പിന്നെയൊരുവ, ന്നീയുള്ളവന്നക്ഷര–
ശ്ലോകക്കമ്പവുമാട്ടെ, യെന്തപകടം? ഭ്രാന്താലയം കേരളം!

കവി : ടി. എം. വി.

3.997 ഗണേശവാണീഹരു. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഗണേശവാണീഹരുദക്ഷിണേശാൻ
വന്ദേ ദയാബ്ധീൻ വരദാനശീലാൻ;
ജന്മാദിമൂലാനി നിരസ്യ ചാഘാ–
ന്യമീ ദിശന്ത്വാശു മദാത്മശുദ്ധിം.

കൃതി : *ആശൗചചിന്താമണി*

---

[183] ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (ഗ–ബ ശ്ലോകം)

[184] ഈ ശ്ലോകം ഗ്രൂപ്പിലേക്ക് ആദ്യമായി അയച്ചതു വാസുദേവൻ ആണ്.

3.998 ജലത്തിലെപ്പോളകളെന്നപോലെ. . . (ഹരി)

ഉപേന്ദ്രവജ്ര

ജലത്തിലെപ്പോളകളെന്നപോലെ
ചലം മനുഷ്യർക്കു ശരീരബന്ധം
കുലം ബലം പുത്രകളത്രജാലം
ഫലം വരാ മൃത്യു വരും ദശായാം

കവി : കഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണ ചരിതം മണിപ്രവാളം*

3.999 കണവന്റെ കരത്തിൽ. . . (കർത്താ)

വിയോഗിനി

കണവന്റെ കരത്തിലംബുജേ–
ക്ഷണയാമന്യ കൊടുത്ത നന്ദനൻ
ഘ്രുണയറ്റ ഭടന്റെ ക്രൂരത്തെഴും
കണയേറ്റിട്ടു മരിച്ചിതഞ്ജസാ.

കവി : കട്ടക്കയം, കൃതി : *ശ്രീയേശുവിജയം*

3.1000 ഘ്രാണിക്കാൻ കുസുമം സഹസ്രദളം. . . (ഉമേഷ്)[185]

ശാർദ്ദൂലവിക്രീഡിതം

ഘ്രാണിക്കാൻ കുസുമം സഹസ്രദള, മത്യുഗ്രാന്ധകാരത്തിലും
കാണിക്കാൻ വഴിയാ സഹസ്രകിരണൻ, സംസാരപീഡാർത്തരായ്
കേണാൽ വീണിടുവാൻ സഹസ്രപദപാദാംഭോജ, മാറ്റീടുവാൻ
ക്ഷീണം ശ്ലോകസഹസ്ര, മിത്ര സുകൃതം നമ്മൾക്കു കൈവന്നുവോ?

കവി : ഉമേഷ്

[185] ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം. ആയിരം ശ്ലോകങ്ങൾ തികച്ചപ്പോൾ എഴുതിയതു്.

3.1001 കൂട്ടക്കാരന്നരച്ച. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കൂട്ടക്കാരന്നരച്ച നേരമുടനേ തന്മിത്രശത്രുപ്പട–
ക്കൂട്ടത്തിന്റെ നടുക്കു പൊന്നണിമണിത്തേർനിർത്തിനിന്നൂർജ്ജസാ
കോട്ടം വിട്ടൊരു കൗരവേന്ദ്രഭടർതന്നായുസ്സിനെക്കേവലം
നോട്ടത്താലെ ഹരിച്ച പാർത്ഥസഖനിൽ പ്രേമം ഭവിക്കാവു മേ!

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.1002 കാളും മോദേന കറ്റച്ചിട. . . (ഋഷി)

സ്രഗ്ധര

കാളും മോദേന കറ്റച്ചിടയന്നമചലക്കുഞ്ഞുമൊന്നിച്ചൊരുന്നാൾ
മേളിച്ചുംകൊണ്ടിരിക്കുന്നളവരികിലണഞ്ഞിട്ടു ശാഠ്യം പിടിച്ച്
ചീളെന്നച്ഛന്റെ മെച്ചം തടവിന ജടയിൽ ചന്ദ്രനെക്കണ്ടു തേങ്ങാ–
പ്പൂളെന്നോർത്തിട്ടു നീട്ടീടിന കരിവദനത്തുമ്പി ഭാഗ്യം തരട്ടേ!

കവി : പെരട്ടഴിയം വലിയ രാമനിളയത്

3.1003 ചതുർഭുജേ ചന്ദ്ര. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചതുർഭുജേ ചന്ദ്രകലാവതംസേ
കുചോന്നതേ കുങ്കുമരാഗശോണേ
പുണ്ഡ്രേക്ഷുപാശാങ്കുശപുഷ്പബാണ–
ഹസ്തേ നമസ്തേ ജഗദേകമാതഃ

കവി : കാളിദാസൻ, കൃതി : *ശ്യാമളാദണ്ഡകം*

3.1004 പാർത്ഥൻ തുടങ്ങി. . . (ബാലേന്ദു)

വസന്തതിലകം

പാർത്ഥൻ തുടങ്ങി നരനായകരെത്ര സ്വർഗ്ഗ–
മെത്തിത്തിരിച്ചു ധരതേടി മടങ്ങിയെത്തി
ധൂർത്താർന്നൊരാവഴിയൊരിക്കലൊരെത്തിനോട്ടം
മാത്രം നടത്തി ഹരി; കേവലയോഗമല്ല.

കവി : ബാലേന്ദു

3.1005 ധനാധിപൻ കാത്തൊരു. . . (ജീവി)[186]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധനാധിപൻ കാത്തൊരു ദിക്കിനർക്കൻ
മര്യാദ വിട്ടേച്ചു ഗമിച്ചനേരം
സമീരണൻ ദക്ഷിണയായ ദിക്കിൻ
മുഖത്തുദിച്ചു നെടുവീർപ്പിനൊപ്പം.

കവി : എ.ആർ. രാജരാജവർമ്മ, കൃതി : *കുമാരസംഭവം തർജ്ജമ* (3:25)

[186] [*ഉമേഷ്*] ശ്ലോകം **3.1005 :** മൂലശ്ലോകം (കാളിദാസൻ) :

കുബേരനാഥാം ദിശമുഷ്ണരശ്മൗ
ഗന്തും പ്രവൃത്തേ സമയം വിലംഘ്യ
ദിശക്ഷിണാ ഗന്ധവഹം മുഖേന
വ്യളീകനിശ്വാസമിവോത്സസർജ്ജ.

3.1006 സ്ത്രീവർഗ്ഗത്തിലെവൾക്കും. . . (ഹരി)

സ്ത്രീവർഗ്ഗത്തിലെവൾക്കുമാണൊരു തൃണയ്ക്കായ് വേണമാരാകിലും
തൈവല്ലിക്കു പടർന്നിടാനൊരു മരം വേണം മുരിക്കാകിലും
ഏവം പ്രാകൃത ബോധവൈകൃതവശാലന്നേ വെറും ഭാര്യയായ്–
പ്പാവം പെണ്ണു, പുമാനഹംകൃതധിയാ മത്താർന്ന ഭർത്താവുമായ്

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.1007 എങ്ങു മച്ചിത്തകാമ്പാം. . . (കർത്താ)

സ്രുധര

എങ്ങു മച്ചിത്തകാമ്പാമഗതി സുവദനേ? പണ്ടു നിൻ മെയ് തിരക്കീ–
ട്ടെങ്ങാനും പോയ്മറഞ്ഞോ? ശിവശിവ! പലനാളായി കണ്ടീല ഞാനോ;
കൺകാണാഞ്ഞോ വലഞ്ഞൂ കുചഭരതിമിരേ? നാഭിപദ്മത്തിൽ മുങ്ങി–
പ്പൊങ്ങാഞ്ഞോ ഹന്ത! പീനസ്തനഗിരിതടതോ വീണു കൈകാലൊടിഞ്ഞോ?

കവി : ചേലപ്പറമ്പു നമ്പൂതിരി

3.1008 കണ്ടിട്ടുള്ള ദിനം മറന്നു. . . (ഹരി)

സ്രുധര

കണ്ടിട്ടുള്ള ദിനം മറന്നു, കുശലോദന്തങ്ങൾ തമ്മിൽച്ചെവി–
ക്കൊണ്ടിട്ടിപ്പോളിരുണ്ടുനീണ്ടൊരിരുപന്തീരാണ്ടു തീരാറുമായ്
ഉണ്ടിന്നും പ്രിയതോഴി മത്സ്മരണയിൽ പൊന്നിൻകിനാവായിരം
ചെണ്ടിട്ടീടിന രണ്ടിളം കരളുചേർന്നൊന്നായൊരന്നാളുകൾ.

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.1009 ഉച്ചത്തിൽപ്പറയുന്നു ഞാൻ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഉച്ചത്തിൽപ്പറയുന്നു ഞാൻ, സരസനാം പട്ടത്തു കുഞ്ഞുണ്ണിയെ–
ന്നൊച്ചപ്പെട്ടു വസിച്ചിടും കവിവരൻ കേടറ്റ നേന്ത്രപ്പഴം,
അച്ഛൻ വെണ്മണി ചിങ്ങനാണു, പുതുവാളമ്പാടി പൂവമ്പഴം,
അച്ചങ്കുണ്ട, നറച്ചിടുന്നിരുമുടിക്കുന്നന്റെ മാണിപ്പഴം.

കവി : അച്ചങ്കുണ്ടത്തു നമ്പിയാർ, വെണ്മണി അച്ഛൻ, അമ്പാടി

3.1010 ആദ്യം വന്നതു കാലബോധം. . . (മധുരാജ്)[187]

ശാർദ്ദൂലവിക്രീഡിതം

ആദ്യം വന്നതു കാലബോധ, മതിനോടൊപ്പം പദാർത്ഥാദിസ–
മ്പാദ്യം, ഹൃത്തിനു തെല്ലൊരാർദ്രത, വെളിച്ചത്തോടവിദ്വേഷവും
ഉദ്യത്പത്രകരോപനീതമുളശ്ലോകം നിവേദ്യങ്ങളായ്
പ്രദ്യോതാർപ്പണമാക്കിടാമിവിടെ നാ, മുദ്യാനവിദ്യാർത്ഥികൾ!

കവി : മധുരാജ്

[187] [*ജ്യോതി*] ശ്ലോകം **3.1010 :**

കാലബോധം	=	സമയബോധം എന്നും, താളബോധം എന്നും
പത്രകരോപനീതം	=	ഇലയെടുത്ത കൈ വഹിക്കുന്നവയെന്നും, കത്തെഴുതുന്ന കൈ ഉണ്ടാക്കിയതെന്നും

3.1011 ഊക്കിൽപ്പെരുത്ത നൃപസൽകൃതി. . . (കർത്താ)

വസന്തതിലകം

ഊക്കിൽപ്പെരുത്ത നൃപസൽകൃതിയാം ബിലാത്തി–
ത്തീക്കപ്പലോടു കിടനോക്കുവതിന്നിദാനീം
ഈക്കെൽപ്പെഴാത്ത മമ ദുഷ്കൃതിയാകുമോടി–
യേൽക്കിൽ പരുന്തൊടിനിയീച്ച പടയ്ക്കാരുങ്ങും.

കവി : **ഉള്ളൂർ**, കൃതി : *ഒരു പദ്യലേഖനം*

3.1012 ഇതര പാപഫലാനി. . . (ഹരി)

ദ്രുതവിളംബിതം

ഇതര പാപഫലാനി യഥേച്ഛയാ
വിലിഖിതാനി സഹേ ചതുരാനന
അരസികേഷു കവിത്വ നിവേദനം
ശിരസി മാ ലിഖ മാ ലിഖ മാ ലിഖ!

കവി : **കാളിദാസൻ**

3.1013 ആയാസത്താൽ വിയർപ്പിൻ. . . (ജീവി)

സ്രുദ്ധര

ആയാസത്താൽ വിയർപ്പിൻ കണികകളണിയും നെറ്റിമേൽ പാതിയോളം
മായും സിന്ദൂരഗോപിക്കുറിയു, മുടലിലക്കാട്ടുചെമ്മണ്ണുമേന്തി
സായംകാലം പുണർന്നീടിന ഘനശകലംപോലെ, മാടിന്റെ പിന്നിൽ
കായാമ്പൂവർണ്ണനെത്തും നയനമധുരമം ചിത്രമോർക്കട്ടെ ചിത്തം.

കവി : **വി. കെ. ജി.**

3.1014 സാശയാ വിധുതപാശയാ. . . (കർത്താ)

കുസുമമഞ്ജരി

സാശയാ വിധുതപാശയാ വിധൃതപാശയാ സരജനീശയാ
ശോശയാനപതപാശയാ കുചവികോശയാ വിനതമേശയാ
സേനയാ സുമഥനാശയാ ഹൃതഹരാശയാ ദമിതനാശയാ
ഹേലയാദൃതസുകോശയാ ദിവി വിമോചയേ വിമതനാശയാ.

കവി : **ശ്രീനാരായണഗുരു**, കൃതി : *ദേവീപ്രണാമദേവ്യഷ്ടകം*

3.1015 സൂരിവ്രജത്തൊടിടപെട്ട്. . . (ഹരി)

വസന്തതിലകം

സൂരിവ്രജത്തൊടിടപെട്ടിതരാനുബന്ധം
ദൂരെ ത്യജിച്ചു ദുരഹങ്കൃതിയുള്ളതെല്ലാം
തീരെക്കളഞ്ഞു തിരുനാമപദം ജപിച്ചാൽ
തീരും നമുക്കു ജനനീജഠരപ്രവേശം

കവി : **ശീവൊള്ളി**

3.1016 തൻ പാപങ്ങളൊരുത്തി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

തൻ പാപങ്ങളൊരുത്തിയശ്രുനദിയായ്പ്പാദത്തിലർപ്പിക്കവേ
നിൻ പേർചൊല്ലി ജനങ്ങളൂർജ്ജിതയൊടന്നോശാന പാടീടവേ
നിൻ പാദങ്ങൾ കരങ്ങൾ പേശികളഹോ ക്ലേശിൽപ്പിടഞ്ഞീടവേ
നീ പ്രാർത്ഥിച്ചതു ലോകനന്മ വരുവാൻ കാരുണ്യമുണ്ടാകുവാൻ!

കവി : ബാലേന്ദു, കൃതി : *ശ്രീയേശുനവകം*

3.1017 നിൽക്കാ ഭ്രമിയിലൊന്നുമെങ്ങും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

നിൽക്കാ ഭ്രമിയിലൊന്നുമെങ്ങുമൊരുപോലെന്നും വെളുപ്പോളവും
കക്കാനൊക്കുകയില്ലൊരാൾക്കു – "പലനാൾ കട്ടാലൊരുന്നാൾ പെടും"
ഇക്കാണുന്നൊരു ക്രൂരിരുൾക്കുഴിയിൽനിന്നൊന്നാകെയിന്നാടിനെ–
പ്പൊക്കാൻ നല്ലൊരു നാളെ വന്നുപുലരും കേഴായ്ക, നാടേ ഭവാൻ!

കവി : പ്രേംജി, കൃതി : *നാൽക്കാലികൾ*

3.1018 ഇല്ലാ വിസ്മയമേകനായ്. . . (ഉമേഷ്)[188]

ശാർദ്ദൂലവിക്രീഡിതം

ഇല്ലാ വിസ്മയമേകനായ് ജലനിധിശ്യാമാങ്കസീമാങ്കഭൂ–
വെല്ലാടം നഗരാർഗ്ഗളോച്ചഭുജനീ രാജാവു പാലിപ്പതിൽ;
നല്ലാരാസുരബദ്ധവൈരകൾ ജയം നേരുന്ന വിൺനാട്ടുകാ–
രെല്ലാം വില്ലനിവന്റെ വിൽക്കൊടിയിലും, ശക്രന്റെ വജ്രത്തിലും.

കവി : കാലടി രാമൻ നമ്പ്യാർ / കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ (കേളീശാകുന്തളം)*

3.1019 നിർമ്മര്യാദങ്ങളിമ്മാണി. . . (കർത്താ)

സ്രഗ്ധര

നിർമ്മര്യാദങ്ങളിമ്മാണികളിരുവരുമായ്ച്ചെയ്തതെല്ലാം പൊറുക്കാം;
കർമ്മം പൊന്നീടിലോ ചെറ്റതിനു പകരവും വീണ്ടുകൊള്ളാമൊരുന്നാൾ;
ധമ്മില്ലം കൊണ്ടു മെല്ലെപ്പിഹിതവദനമയ്യോ! തദാനീം ചിരിച്ചാ–
ളമ്മല്ലാർവേണി; ചൊല്ലാമതു മനസി പൊറായുന്നിതെല്ലായിലും മേ.

കവി : പൂനം നമ്പൂതിരി, കൃതി : *രാമായണം ചമ്പു*

3.1020 ധൂളീധൂഷിതമായ്. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ധൂളീധൂഷിതമായ് പുകക്കറപിടിച്ചംബോധരോൽഘട്ടനം
മൂലം പാടുകൾ വീണ വിഷ്ണുപദമെമ്പാടും പുതുക്കീടുവാൻ
നീലച്ചായമുണക്കി വെച്ച നിലയിൽ കുമ്പാരമായ്ക്കാണുമീ–
ശൈലത്തിൻ വനനീലകോമളിമയാലിന്നാടു ചേതോഹരം!

കവി : വി.കെ.ജി

---

[188] [*ഉമേഷ്*] ശ്ലോകം **3.1018 :** മൂലശ്ലോകം (കാളിദാസൻ) :

നൈതച്ചിത്രം, യദയമുദധിശ്യാമസീമാം ധരിത്രീ–
മേകഃ കൃത്സ്നാം നഗരപരിഘപ്രാംശുബാഹുർ ഭുനക്തി
ആശംസന്തേ സുരയുവതയഃ സക്തവൈരാ ഹി ദൈത്യൈ–
രസ്യാധിജ്യേ ധനുഷി വിജയം, പൗരുഹൂതേ ച വജ്രേ.

3.1021 നാലുംകൂട്ടി മുറുക്കിടുന്നതു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നാലുംകൂട്ടി മുറുക്കിടുന്നതു രസം! താംബൂലസാരം നുണ–
ഞ്ഞേലും തുലഹരീവിലാസമൊരുമട്ടാനന്ദസന്ദായകം,
ചാലേ ചുണ്ടു ചുമന്നുകിട്ടു, മിനിയും തുപ്പുന്ന മട്ടിൽ കുറെ–
ച്ചേല്യ, ണ്ടായതു ദൂരെവേണ, മധികം താംബൂലമാപത്കരം.

കവി : ഏവൂർ പരമേശ്വരൻ

3.1022 ചിന്തുരം തൊട്ടു, ചിന്തും. . . (ജീവി)

സ്രഗ്ധര

ചിന്തുരം തൊട്ടു, ചിന്തും പ്രഭയുടയ മണിക്കോപ്പണി, ഞ്ഞാളിമാരോ–
ടെന്തോ ചെന്താമരക്കണ്മുന ചെറുതു ചെരിച്ചുച്ചരിച്ചും, ചിരിച്ചും
ചെന്താരമ്പൻ ചെറുക്കുന്നതിനു ചെറുതിരച്ചില്ലി ചിന്നിച്ചു, മത്തൻ–
ചന്തിക്കെട്ടും ചലിപ്പിച്ചൊരു തരുണി വരും പിടി നേരിട്ടു കണ്ടേൻ.

കവി : ശീവൊള്ളി, കൃതി : *ഒരു കഥ*

3.1023 ചേലായാൽ മതി പെൺകുളി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ചേലായാൽ മതി പെൺകുളിക്കടവിലെച്ചേലങ്ങൾ കക്കും, മുല–
പ്പാലായാൽ മതിയാസ്വദിക്കണമലം ഹാലാഹലം ചേരിലും,
നീലാറ്റിൻ കരയാകിലും മതി രതിക്രീഡയ്ക്ക, കാട്ടോട തൻ
കോലായാൽ മതി പാടുവാൻ - ചതുരനോ തെമ്മാടിയോ നീ ഹരേ!

കവി : വി. കെ. ജി.

3.1024 നീലക്കാർകാന്തികോലും. . . (കർത്താ)

സ്രഗ്ധര

നീലക്കാർകാന്തികോലും പുരികഴൽനിരതൻ മേന്മ നൻമ്മൈമുകൾക്കും
നീളെത്തുകും മധുളീമധുരകളവചോഭങ്ഗി പെൺകുയ്മുകൾക്കും
ലീലാചാതുര്യമോരോന്നഭിനവലതകൾക്കും കടം നൽകി മെല്ലേ
നീലക്കണ്ണാൾ തപസ്സിന്നുചിതത തടവീടുന്ന വേഷം ധരിച്ചാൾ.

കവി : ലക്ഷ്മീപുരത്തു രവിവർമ്മത്തമ്പുരാൻ, കൃതി : *ഗൗരീപരിണയം*

3.1025 ലോകാനാമേകനാഥം. . . (ഉമേഷ്)

സ്രഗ്ധര

ലോകാനാമേകനാഥം, പദതളിരിൽ വണങ്ങും ജനാനാമശേഷാ-
മാകാംക്ഷാം പൂരയന്തം, നയനശിഖിശിഖാലീഢചൂതായുധാംഗം,
ഏകീഭാവായ കുന്നിൻമകളെ നിജശരീരാർദ്ധമായ് ചേർത്തു, പേർത്തും
ഭോഗോന്മേഷം വളർക്കും വിബുധപരിവൃഢം ചന്ദ്രചൂഡം ഭജേഥാഃ.

3.1026 എന്നോമലിങ്ങുവരികെന്നു. . . (ഹരി)

വസന്തതിലകം

എന്നോമലിങ്ങുവരികെന്നു യശോദ മെല്ലെ–
ച്ചൊന്നാൾ മകന്നു പുതുവെണ്ണ കൊടുപ്പതിന്നായ്
അന്നേരമാർത്തിയൊടെയോടി വിയർത്തുവീണ
കണ്ണന്റെ കാതരത കാണ്മതു കൗതുകം മേ

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

3.1027 അമ്മേരു തന്നുപരിഭാഗമതിൽ. . . (ഉമേഷ്)

വസന്തതിലകം

അമ്മേരു തന്നുപരിഭാഗമതിൽക്കരേറാം
ചെമ്മേ രസാതലമതിന്നടിയിൽഗ്ഗമിക്കാം
ഇമ്മെയ്യൊടാഴിയതിനപ്പുറവും കടക്കാം
അമ്മേ! മഹാവിഷമമാണു കുടുംബഭാരം!

3.1028 ഇതെന്തൊരാനന്ദമിതെന്തു. . . (കർത്താ)

വംശസ്ഥം

ഇതെന്തൊരാനന്ദമിതെന്തു കൗതുകം
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ–
ന്നിതാ തൊടും മുൻപിതു വിണ്ണിലായിതേ

കവി : കുമാരനാശാൻ, കൃതി : *മിന്നാമിനുങ്ങ്*

3.1029 ഇന്ദീവരേണ നയനം. . . (ഹരി)

വസന്തതിലകം

ഇന്ദീവരേണ നയനം, മുഖമംബുജേന
കുന്ദേന ദന്ത, മധരം നവ പല്ലവേന
അംഗാനി ചമ്പകദളൈശ്ച വിധായ വേധാഃ
കാന്തേ കഥം രചിതവാനുപലേന ചേതഃ

കവി : കാളിദാസൻ, കൃതി : *ശൃംഗാരതിലകം*

3.1030 ആക്രാമൻ ദിവി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആക്രാമൻ ദിവി ദക്ഷിണാപരഹരിത്കോണൈകദേശം ക്ഷണം
വൈമാനശ്ചലരശ്മിജാലജടിലോ ഗോളോ∫യമുജ്ജാഗരഃ
ലംബംലംബമുപാരിരംസുരധുനാ സായാഹ്നിവഹ്നിദ്യുതിർ–
ദ്വൈതീയീകദിനേശമണ്ഡലതുലാലിസ്പൃഃ സമുത്പ്രക്ഷ്യതേ.

കവി : എ.ആർ. രാജരാജവർമ്മ, കൃതി : *വിമാനാഷ്ടകം*

3.1031 ലാവണ്യം കൊണ്ടിണങ്ങും. . . (ഹരി)[189]

സ്രുദ്ധര

ലാവണ്യം കൊണ്ടിണങ്ങും പുതുമ, കവിതകൊണ്ടുള്ള സത്കീർത്തി, വിദ്വദ്–
ഭാവം കൊണ്ടുള്ള മാന്യസ്ഥിതി, രണപടുതാമൂലമാം വൻ പ്രതാപം

[189] [*ഉമേഷ്*] ശ്ലോകം **3.1031 : Thomas Gray**-യുടെ *Elegy Written in a Country Churchyard* എന്ന കവിതയിലുള്ള

The boast of heraldry, the pomp of power,
And all that beauty, all that wealth e'er gave,
Awaits alike th' inevitable hour:-
The paths of glory lead but to the grave.

എന്ന പദ്യത്തിന്റെ ആശയാനുവാദം.

ഈവണ്ണം വർണനീയം ഗുണമഖിലമൊരേ വാതിലിൽ തട്ടിമുട്ടി–
ജ്ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ ചെന്നുചേരുന്നുവല്ലോ.

കവി : വി.സി.ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.1032 ഇതിനളഗിരാ യാതേ. . . (കർത്താ)

ഹരിണി

ഇതിനളഗിരാ യാതേ ഹംസേ വിദർഭപുരീം ഗതേ
തദുപവനദേശാന്തേ ശാന്തേ നിഷീദതി കൃത്രചിത്
ശ്രുതനളഗുണാ ഭൈമീ കാമാതിഗ്രഹനന്നിസ്സഹാ
വനമുപഗതാ നീതാ ജാതാദരാഭിരഥാളിഭി.

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം ആട്ടക്കഥ*

3.1033 ശ്രീമാമുനീന്ദ്രമണി. . . (ഋഷി)

വസന്തതിലകം

ശ്രീമാമുനീന്ദ്രമണി 'പുറ്റുമകൻ' ചമച്ച–
രാമായണം സരളകോമളമാദികാവ്യം
ഹേ മാന്യ! സാഹസവശാലടിയൻ കടന്നു
സാമാന്യമൊക്കെയൊരു തർജ്ജമ ചെയ്തതീർത്തേൻ!

കവി : വള്ളത്തോൾ, കൃതി : *(ഡയറി)*

3.1034 ഹൃച്ചഞ്ചലിപ്പു. . . (മധുരാജ്)

വസന്തതിലകം

ഹൃച്ചഞ്ചലിപ്പു, നെടുവീർപ്പു, വിനിദ്രഭാവം,
വിച്ഛിന്നചിന്തകൾ, വിനോദവിരക്തി, ഭക്തി
ഇച്ചൊന്നതപ്പടി സതീർത്ഥ്യരിലേറ്റിടും നി–
ന്നച്ഛാങ്ഗഭങ്ഗി, കമലാക്ഷി, പരീക്ഷ തന്നെ!

കവി : വി. കെ.ജി

3.1035 ഇല്ലസ്പഷ്ടഗുണത്വം. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ഇല്ലസ്പഷ്ടഗുണത്വമങ്ങയിൽ, മഹാരാജത്വവും; പിന്നെയി–
ല്ലല്ലോ മാഗധസൂതവന്ദിനിലയീയുള്ളോനിലും വല്ലതും;
ചൊല്ലാനുള്ളതുമിന്നു നൂറുശതമാനത്തോളവും സത്യമാം;
മൾല്യൂരേ, തടയായ്ക താങ്കൾ പൃഥുപോ, ലീവാഗ്വിസർഗാഞ്ജലി.

കവി : ടി. എം. വി.

3.1036 ചിലമ്പുമക്കാഞ്ചന. . . (ജ്യോതി)

ഉപേന്ദ്രവജ്ര

ചിലമ്പുമക്കാഞ്ചന കാഞ്ചിയോടും
ചിലമ്പുതൻ മഞ്ജുളനാദമോടും
ചലൽപ്പദം ഖേലനലാലസന്മാ–
രലങ്കരിച്ചാരഥ ഗോപവാടം

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.1037 ചോറ്റാനിക്കര വാഴുമംബ. . . (ബാലേന്തു)

ശാർദ്ദൂലവിക്രീഡിതം

"ചോറ്റാനിക്കര വാഴുമംബ, ഭവദീയാജ്ഞയ്ക്ക മദ്ദേഹവും
വിട്ടോടീ ചിരബാധയായൊരുമഹാഗന്ധർവ്വനമ്മേ തൊഴാം"
"ചെറ്റില്ലായതിലെന്റെ മേന്മ, യടിയന്ത്രത്തിന്റെ നാഗസ്വരം
കേട്ടാ ബാധയൊഴിഞ്ഞു, നിത്യമിവിടെക്കാണുന്നതാണീവിധം."

കവി : ബാലേന്തു, കൃതി :

3.1038 ചാടിൻ ചട്ടം ചവിട്ടി. . . (കർത്താ)

സ്രഗ്ധര

ചാടിൻ ചട്ടം ചവിട്ടിച്ചിതറിയതിൽ മുതിർന്നോരോമനക്കാലു പൊക്കി–
ച്ചാടുമ്പോൾ ചന്തി കുത്തിച്ചതുപുതയഥ വീണേറെ മേൽച്ചേറണിഞ്ഞും
ചാടുന്തിപ്പിച്ചവയ്ക്കും ചതിയുടയ ചലൽക്കണ്ണനാം കണ്ണനെച്ചാ–
ഞ്ചാടിച്ചാരത്തു ചാരുസ്മിതരുചി ചിതറിക്കൊണ്ടു കണ്ടീടണം മേ!

കവി : വെണ്മണി മഹൻ, കൃതി : *(സമസ്യാപൂരണം)*

3.1039 ചാരം, വെള്ളം, കരിത്തോൽ. . . (ഉമേഷ്)

സ്രഗ്ധര

ചാരം, വെള്ളം, കരിത്തോൽ, മഴു, വെരു - തിവയു, ണ്ടെപ്പൊഴും ഭ്രുതജാലം
ചാരത്തു, ണ്ടീ നിലയ്ക്കുള്ളൊരു പട്ടമലയൻ കെട്ടിയോളായ തായേ!
സ്വൈരം ത്രൈലോക്യവിത്താം തിരുമിഴിയെ വിത, ച്ചെൻ മനസ്സാം നിലത്തി–
ന്നേരം ഭക്തിക്കൃഷിക്കായ്ക്കടരു, കിതതിനിജ്ജന്മി ചാർത്തിത്തരുന്നു!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.1040 സകലാസു കലാസു. . . (കർത്താ)

വസന്തമാലിക

സകലാസു കലാസു നൈപുണം കൊ–
ണ്ടഖിലാനന്ദവിധായിധന്യശീല!
ചകലാസു പുതച്ചു സൗഖ്യമേൽപ്പാ–
നഭിലാഷം വളരുന്ന സത്യമത്രേ

കവി : അനന്തപുരത്തു രാജരാജവർമ്മ മൂത്തകോയിത്തമ്പുരാൻ

3.1041 ചിന്തുന്ന ചോര സിര തൻ. . . (ഉമേഷ്)

വസന്തതിലകം

ചിന്തുന്ന ചോര സിര തൻ മുറിവായിൽ നിന്നു-;
മെൻ ദേഹമിപ്പൊഴുമിറച്ചി നിറഞ്ഞതത്രേ;
സംതൃപ്തി കിട്ടിയതുമില്ല നിനക്കു; മെന്നി–
ട്ടെന്തിന്നു ഹേ ഗരുഡ, ഭക്ഷണമങ്ങു നിർത്തി?

കവി : ഉമേഷ് നായർ, കൃതി : *(നാഗാനന്ദത്തിലെ ഒരു ശ്ലോകത്തിന്റെ തർജ്ജമ)*

3.1042 സൗധങ്ങൾ മേൽപ്പൊട്ടു. . . (കർത്താ)

ഇന്ദ്രവജ്ര

സൗധങ്ങൾ മേൽപ്പൊട്ടു വളർന്ന നമ്മെ–
ബ്ബാധിക്കുമെന്നുള്ളൊരു സംശയത്താൽ
ധാതാവു പണ്ടേ നിജലോകവാസം
സാധിച്ചതല്ലീ സകലത്തിനും മേൽ?

കവി : അഴകത്തു പദ്മനാഭക്കുറുപ്പ്, കൃതി : *രാമചന്ദ്രവിലാസം*

3.1043 ധരാതലത്തിൽ ധനപുഷ്ടി. . . (ജീവി)

ഉപേന്ദ്രവജ്ര

ധരാതലത്തിൽ ധനപുഷ്ടിയൊത്തു–
ണ്ടൊരാര്യദേശം നിഷധാഭിധാനം
ചിരാൽ വിളങ്ങുന്നു കുബേരദിക്കാം
വരാംഗിയാൾ തൊട്ടൊരു പൊട്ടു പോലെ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.1044 ച്യുതഭാഗ്യനായ്. . . (കർത്താ)

പ്രമിതാക്ഷര

ച്യുതഭാഗ്യനായ് പരിണമിക്കുകയാൽ
നിതരാം നൃശംസനവനാദിമുതൽ;
ഋതമില്ല തെല്ലുവനിലായതിനാൽ
ഗതമായവന്നു നിലനിൽപുമതിൽ.

കവി : കട്ടക്കയം, കൃതി : *ശ്രീയേശു വിജയം*

3.1045 ഋഷിദേവഗണസ്വധാഭുജാം. . . (ബാലേന്ദു)[190]

വിയോഗിനി

ഋഷിദേവഗണസ്വധാഭുജാം
ശ്രുതയാഗപ്രസവൈഃ സ പാർത്ഥിവഃ
അനൃണത്വമുപേയിവാൻ ബഭൗ
പരിധേർമുക്തയിവോഷ്ണദീധിതിഃ

കവി : കാളിദാസൻ, കൃതി : *രഘുവംശം*

3.1046 അടങ്ങാതന്തിയ്ക്കുങ്ങ്. . . (ഉമേഷ്)

ശിഖരിണി

അടങ്ങാതന്തിയ്ക്കുങ്ങലർശരരിപുസ്വാമി നടനം
തുടങ്ങുമ്പോൾ നോക്കിസ്സരസമഥ കൊണ്ടാടുമവനെ
മുടങ്ങാതെപ്പോഴും നവരസമൊലിയ്ക്കുന്ന മിഴിയാൽ
കൊടുങ്ങല്ലൂരമ്മേ! കുശലമടിയങ്ങൾക്കു തരണേ!

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

---

[190] [*ഉമേഷ്*] ശ്ലോകം **3.1045 :** പരിഭാഷ (കുണ്ടൂർ) :

പിതൃദേവമുനിക്കടം വിടാൻ
സുതയാഗശ്രുതയുക്തനായജൻ
ചിതമായ് പരിവേഷമതൊരു–
ദ്ധതസൂര്യന്നെഴുമാഭ തേടിനാൻ.

3.1047 മാതാവേ നിത്യകന്യേ. . . (ബാലേന്ദു)

സ്രഗ്ധര

മാതാവേ, നിത്യകന്യേ, നിരവധി കരുണാധാമമേ, സന്മനസ്സിൻ
ദാതാവേ, സൗമ്യശീലേ, ജഗദഘഹരനാമീശപുത്രന്റെ തായേ,
ശ്രീതാവും നിന്റെ നേത്രം പതിയണമിവനിൽ, ക്കേവലം പ്രീതിയോടേ
ഭ്രാതവായ്ത്തോന്നണം മേ സകലരുമതിനായ് ഭക്തിപൂർവ്വം നമിപ്പേൻ!

കവി : ബാലേന്ദു

3.1048 ശബ്ദബ്രഹ്മേതി കർമ്മേത്യണരിതി. . . (ജ്യോതി)[191]

സ്രഗ്ധര

ശബ്ദബ്രഹ്മേതി കർമ്മേത്യണരിതി ഭഗവൻ, കാല ഇത്യാലപന്തി
ത്വാമേകം വിശ്വഹേതും സകലമയതയാ സർവഥാ കൽപ്യമാനം
വേദാന്തൈർ യത്തു ഗീതം പുരുഷപരചിദാത്മാഭിധം തത്തു തത്ത്വം
പ്രേക്ഷാമാത്രേണ മൂലപ്രകൃതിവികൃതികൃത് കൃഷ്ണ, തസ്മൈ നമസ്തേ!

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം*(98:5)

3.1049 വെണ്ണീറും, വെള്ളെലിമ്പും,. . . (ഉമേഷ്)

സ്രഗ്ധര

വെണ്ണീറും, വെള്ളെലിമ്പും, വിഷധരവിലസത്പാമ്പുമാപാദചൂഡം,
തണ്ണീരെപ്പോഴുമോലും, തലയിലെരികനൽക്കട്ട പൊട്ടിന്റ കണ്ണും,
എണ്ണേറും ഭൂതയൂഥങ്ങളൊടൊരു കളിയും കണ്ടു നിന്നോടിണങ്ങും
പെണ്ണോളം ധൈര്യമുള്ളോരുലകിലൊരുവർ മറ്റില്ല, ചെല്വൂർപിരാനേ!

3.1050 എസ്കേപ്പിസ്റ്റുകളുണ്ടു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

എസ്കേപ്പിസ്റ്റുകളുണ്ടു, രണ്ടു തരമാണല്ലുട്ടരെൻ തോഴരേ!
സെക്സും വിസ്കിയുമിസ്കി,യസ്ഥിതയുണർത്തീടും കഥാകൃത്തുകൾ;
ദുഃഖത്തിൻ നിഴലാ, യരണ്ട മുകിലായ്, ഹോസ്പിറ്റലായ്, സ്വപ്നമായ്
ദിക്കെല്ലാമലയുന്ന കാവ്യകല തൻ വേതാളരൂപങ്ങളും.

കവി : ഏവൂർ പരമേശ്വരൻ

3.1051 ദുർമ്മന്ത്രാന്ധുപതിർവിനശ്യതി. . . (ഉമേഷ്)[192]

ശാർദ്ദൂലവിക്രീഡിതം

ദുർമ്മന്ത്രാന്ധുപതിർവിനശ്യതി, യതിഃ സംഗാത്, സുതോ ലാളനാത്,

[191] [*ഉമേഷ്*] ശ്ലോകം **3.1048 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ശബ്ദബ്രഹ്മം ഭവാൻ താ, നണുവുമളവിധം, കാലവും കർമ്മവും നീ,
വിശ്വത്തിൻ ഹേതു, വിശ്വാത്മകനുമിഹ ഭവാ, നാകയാൽ ചേരുമെന്തും;
വേദാന്തം ചൊല്ലിടുന്നാപ്പുരുഷപരചിദാത്മാഖ്യമാം തത്ത്വവും നീ;
കൺകോണാൽത്താൻ വികാരം പ്രകൃതിയിലുളവാക്കുന്ന നിന്നെത്തൊഴുന്നേൻ.

[192] [*ഉമേഷ്*] ശ്ലോകം **3.1051 :** ഈ ശ്ലോകം അല്പം വ്യത്യാസത്തോടെ ഭർതൃഹരിയുടെ *നീതിശതക*ത്തിൽ കാണുന്നുണ്ടു്:

ദുർമ്മന്ത്ര്യാന്ധുപതിർവിനശ്യതി, യതിഃ സംഗാത്, സുതോ ലാളനാത്,
വിപ്രോ ∫ നദ്ധ്യയനാത്, കുലം കുതനയാ, ച്ഛീലം ഖലോപാസനാത്,
ഹ്രീർമദ്യാ, ദനപേക്ഷണാദപി കൃഷിഃ, സ്നേഹഃ പ്രവാസാശ്രയാ-,
ന്മൈത്രീ ചാപ്രണയാത്, സമൃദ്ധിരനയാ, ത്ത്യാഗാത് പ്രമോദാദ്ധനം.

വിപ്രോ∫നദ്ധ്യയനാത്, കുലം കുതനയാ, ച്ഛീലം ഖലോപാസനാത്,
മൈത്രീ ചാപ്രണയാത്, സമൃദ്ധിരനയാത്, സ്നേഹഃ പ്രവാസാശ്രയാത്,
സ്ത്രീ ഗർവ്വാ, ദനപേക്ഷണാദപി കൃഷിഃ ത്യാഗാത്, പ്രമോദാദ്ധനം.

കവി : **വിഷ്ണുശർമ്മ**, കൃതി : *പഞ്ചതന്ത്രം*

3.1052 മാഴക്കണ്ണാൾക്കൊരു. . . (കർത്താ)

മന്ദാക്രാന്ത

മാഴക്കണ്ണാൾക്കൊരു മയിലുമുണ്ടങ്ങു പിൻകാലൊളം പോയ്–
ത്താഴെച്ചെല്ലും പുരികുഴലഴിച്ചോമൽ നിൽപ്പോരുനേരം
ഊഴത്തം കൊണ്ടിരുൾമുകിലിതെന്റെഞ്ചിതം പീലിജാലം
ചൂഴച്ചിന്തിച്ചുവയൊടുടനേ പാടിയാടീടുവോന്റ്

കൃതി : *ഉണ്ണുനീലിസന്ദേശം*

3.1053 ഉൾക്കാമ്പിനേറീടിന. . . (ഉമേഷ്)

ഇന്ദ്രവജ്ര

ഉൾക്കാമ്പിനേറീടിന ബാധ നൽകും
ചിക്കെന്നു ശയ്യുയ്ക്കുതിദോഷമേകും
തീർക്കായ്കിൽ വേഗത്തിൽ വളർന്നുകൂടും
ദുഷ്കാവ്യവും മുട്ടയുമൊന്നുപോലെ.

കവി : **കെ. സി. കേശവപിള്ള**, കൃതി : *(സമസ്യാപൂരണം)*

3.1054 തോട്ടത്തിലിപ്പോൾ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തോട്ടത്തിലിപ്പോൾ ഗൃഹസാർവഭൗമ–
നതായു സസ്യങ്ങളെയങ്ങുമിങ്ങും
ഗംഭീരമായോരു വിലോകനത്താൽ
സംഭാവനം ചെയ്തു നടന്നിടുന്നു.

കവി : **കുറിപ്പുറത്തു കേശവൻ നായർ**, കൃതി : *ഗ്രാമീണകന്യക*

3.1055 ഗണിച്ചിടാതേ മുനിയായൊരെന്നെ. . . (ഉമേഷ്)[193]

വംശസ്ഥം

ഗണിച്ചിടാതേ മുനിയായൊരെന്നെ നീ
നിനച്ചിടുന്നേവനെയേകതാനയായ്
സ്മരിച്ചിടാ നിന്നെയവൻ, കഥിക്കിലും
ഭ്രമിച്ചവൻ പൂർവ്വകൃതാം കഥാമിവ.

കവി : **കേരളവർമ്മ വലിയകോയിത്തമ്പുരാൻ**, കൃതി : *ശാകുന്തളം തർജ്ജമ*

[193] [*ഉമേഷ്*] ശ്ലോകം **3.1055 :** മൂലശ്ലോകം (**കാളിദാസൻ**) :

വിചിന്തയന്തീ യമനന്യമാനസാ
തപോധനം വേത്സി ന മാമുപസ്ഥിതം
സ്മരിഷ്യതി ത്വാം ന സ ബോധിതോ∫പി സൻ
കഥാം പ്രമത്തഃ പ്രഥമം കൃതാമിവ.

3.1056 സമക്ഷമായ്ക്കാണുകിലെന്നപോലെ. . . (കർത്താ)[194]

വംശസ്ഥം

സമക്ഷമായ്ക്കാണുകിലെന്നപോലെ ഞാൻ
സമാധിമൂലം സുഖമാർന്നിരിക്കവേ
ഭ്രമം കളഞ്ഞെന്തിനു ചിത്രമാക്കി നീ
ചമച്ചു വീണ്ടും കമലായതാക്ഷിയെ?

കവി : എ.ആർ. , കൃതി : *ശാകുന്തളം*

3.1057 ഭ്രരിപൂക്കൾ വിടരുന്ന. . . (ജീവി)

രഥോദ്ധത

ഭ്രരിപൂക്കൾ വിടരുന്ന പൊയ്കയും
തീരവും വഴികളും തരുക്കളും
ചാരുപുൽത്തറയുമോർത്തിടുന്നതിൻ–
ചാരെ നാമെഴുമെഴുത്തുപള്ളിയും.

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.1058 ചിന്തിച്ചിടുന്നെളിമ കണ്ടു. . . (ഹരി)

വസന്തതിലകം

ചിന്തിച്ചിടുന്നെളിമ കണ്ടു ചവിട്ടിയാഴ്ത്താൻ
ചന്തത്തിനായ് സഭകളിൽപ്പറയുന്ന ഞായം
എന്തോർക്കിലും കപടവൈഭവമാർന്ന ലോകം
പൊന്തുന്ന, സാധുനിര താണു വശം കെടുന്നു

കവി : കുമാരനാശാൻ , കൃതി : *ഒരു തീയക്കുട്ടിയുടെ വിചാരം*

3.1059 എന്നല്ലയാംഗലകലാലയ. . . (ജീവി)

വസന്തതിലകം

എന്നല്ലയാംഗലകലാലയ ക്ലുപ്തവിദ്യ–
യൊന്നെന്നിയുന്നതി വരാനിഹ മാർഗ്ഗമില്ല;
എന്നാൽ പഠിക്കുവതിനോ ധനമേറെവേണ–
മിന്നോർക്കിൽ നിസ്വരിഹ നമ്മുടെ കൂട്ടരെല്ലാം.

കവി : കുമാരനാശാൻ, കൃതി : *ഒരു തീയക്കുട്ടിയുടെ വിചാരം*

3.1060 ഏറെക്കൗതുകമുള്ളൊരേണമിഴിയാൾ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഏറെക്കൗതുകമുള്ളൊരേണമിഴിയാൾ താംബൂല ഗർഭാസ്യയായ്
കാറൊക്കും കുഴൽ പിൻപുറത്തഴകിലിട്ടമ്പോടെഴും പോലവേ
പാരം ബാലദിനേശ ഗർഭമുഖിയായ് ശോണാധരത്തോടു നൽ–
സ്വൈരം പ്രാചി വിളങ്ങിടുന്നു തിമിരക്കൂട്ടങ്ങൾ കാട്ടാതഹോ!

കവി : വെണ്മണി മഹൻ , കൃതി : *കാമതിലകം ബാണം*

[194] [*ഉന്മേഷ്*] ശ്ലോകം **3.1056 :** മൂലശ്ലോകം (കാളിദാസൻ) :

ദർശനസുഖമനുഭവതഃ / സാക്ഷാദിവ തന്മയേന ഹൃദയേന
സൃതികാരിണ ത്വയാ മേ / പുനരപി ചിത്രീകൃതാ കാന്താ.

3.1061 പ്രദോഷദീപാവലി. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പ്രദോഷദീപാവലി കണ്ടുകൊണ്ടു
പാശ്ചാത്യഭ്രഭാഗമണഞ്ഞ സൂര്യൻ
പ്രഭാതദീപാവലി കണ്ടുകൊണ്ടു
പൗരസ്ത്യദേശത്തെയണഞ്ഞു വീണ്ടും.

കവി : കറ്റിപ്പുറത്തു കേശവൻ നായർ, കൃതി : *ഗ്രാമീണകന്യക*

3.1062 പ്രണിഹിതമണിനൂപുരാങ്ഘ്ര്യ. . . (കർത്താ)

പുഷ്പിതാഗ്ര

പ്രണിഹിതമണിനൂപുരാങ്ഘ്ര്യപദ്മാ–
മനുപമകാന്തിഝരീപരീതഗാത്രീം
ജനനയനസുധാം, ത്രപാനുരാഗ–
ക്ഷണനതമുഗ്ദ്ധമുഖീം, ദദർശ സീതാം.

കവി : പുനം നമ്പൂതിരി, കൃതി : *രാമായണം ചമ്പു*

3.1063 ജന്തുനാം നരജന്മ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ജന്തുനാം നരജന്മ ദുർലഭ, മതഃ പുംസ്ത്വം, തതോ വിപ്രതാ,
തസ്മാദ് വൈദികധർമമാർഗപരതാ, വിദ്വത്ത്വമസ്മാത്പരം,
ആത്മാനാത്മവിവേചനം സ്വനുഭവോ ബ്രഹ്മാത്മനാ സംസ്ഥിതിർ–
മുക്തിർനോ ശതകോടി ജന്മസുകൃതൈഃ പുണ്യൈർ വിനാ ലഭ്യതേ

കവി : ശങ്കരാചാര്യർ, കൃതി : *വിവേകചൂഡാമണി*

3.1064 ആദൗ ദേവകി ദിവ്യഗർഭജനനം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ആദൗ ദേവകിദിവ്യഗർഭജനനം, ഗോപീഗൃഹേ വർത്തനം,
മായാപൂതന ജീവിതാപഹരണം, ഗോവർദ്ധനോദ്ധാരണം,
കംസശ്ചേദിപകൗരവാദിനിധനം, കുന്തീസുതാപാലനം,
ഏവം ഭാഗവതം പുരാണകഥിതം ശ്രീകൃഷ്ണലീലാമൃതം.

3.1065 കണ്ട പണ്ടമഖിലം. . . (കർത്താ)

കുസുമമഞ്ജരി

കണ്ട പണ്ടമഖിലം കലർന്നഴിയുമിങ്ങുകണ്ണിലതിൽനിന്നതാ–
നണ്ഡപിണ്ഡമഖിലം വിരിഞ്ഞുവരുമെന്നുമൊന്നുമറിയാതഹോ!
പണ്ടുപണ്ടുപരി ചെയ്ത പാപനിരപറ്റിനിന്ന പതറിക്കുമി–
ക്കണ്ടകശ്ശനിയൊഴിച്ചു നീ സപദി കാത്തുകൊൾക പരദൈവമേ!

കവി : കുമാരനാശാൻ, കൃതി : *ശാംകരശതകം*

3.1066 പീലി ചാർത്തിയൊരു കുന്തളം. . . (ഉമേഷ്)

കുസുമമഞ്ജരി

പീലി ചാർത്തിയൊരു കുന്തളം, വടിവിലാടിടും മകരകുണ്ഡലം,
ചാലിൽ മുത്തിഴകൾ, വന്യമാല, കളഭാദി ചേർന്ന പുതുസൗരഭം,
കാലിൽ നൽത്തളകൾ, പൊന്നിടഞ്ഞ തുകിൽ, പിന്നെ മീതെയരഞ്ഞാണുമീ-
ച്ചേലിൽ രാസനടനം തുടർന്ന തവ മൂർത്തി പേർത്തുമിവനോർത്തിടാം

കവി : സി. വി. വാസുദേവഭട്ടതിരി, കൃതി : *നാരായണീയം തർജ്ജമ (69:1)*

3.1067 കേശപാശധൃത. . . (രാജേഷ്)

കുസുമമഞ്ജരി

കേശപാശധൃതപിഞ്ഛികാവിതതി സഞ്ചലന്മകരകുണ്ഡലം
ഹാരജാല വനമാലികാലുളിതമംഗരാഗ ഘനസൗരഭം
പീതചേലധൃതകാഞ്ചികാഞ്ചിദമുദഞ്ചദംഘ്രി മണിനൂപുരം
രാസകേളി പരിഭ്രഷിതം തവ ഹി രൂപമീശ കലയാമഹേ!

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം (69:1)*

3.1068 പിച്ചനെല്ലുവിലിടിച്ചു. . . (ജ്യോതി)

കുസുമമഞ്ജരി

പിച്ചനെല്ലുവിലിടിച്ചുകെട്ടിയ പഴന്തുണിക്കിഴിയുമേന്തിയ–
ന്നച്യുതന്റെ തിരുമൻപിൽ വന്നവനിരന്നതില്ല ധനമെങ്കിലും
അച്ഛസൗഹൃദമുറച്ച ഭക്തിയിലണച്ചു വേണ്ടവിഭവങ്ങൾ നി–
ന്നിച്ഛ തുച്ഛതരമർഹനെങ്കിലരുളാത്തതില്ല കരുണാകരൻ

കവി : വി.കെ.ജി

3.1069 ആഴി തന്നിലുരഗേശനായ. . . (ഉമേഷ്)

കുസുമമഞ്ജരി

ആഴി തന്നിലുരഗേശനായ മണിമെത്തമേലഴകിനോടു ചേർ–
ന്നേഴരണ്ടുലകമൻപിൽ നേത്രമുന കൊണ്ടു കാത്തു കലിതാദരം
ചൂഴുമുള്ള മുനിദേവജാതി പുകഴുന്നതും പരിചിനോടു കേ–
ട്ടാഴിമാതിനൊടു കൂടിയുള്ള കളി കോലുമീശ്വരമുപാസ്മഹേ!

കവി : പൂന്താനം, കൃതി : *പാർത്ഥസാരഥിസ്തവം*

3.1070 ചെമ്പരുത്തിനിറം വഹിക്കും. . . (കർത്താ)

മല്ലിക

ചെമ്പരുത്തിനിറം വഹിക്കുമഹർമ്മുഖത്തെയടുത്തു കു–
ണ്ടമ്പരന്നതുപോലെ പാഞ്ഞൊഴിയുന്ന ക്രൂരിരുൾ ദൂരവേ;
വമ്പനാം തവ രോഷശുഷിതമായ്ച്ചമഞ്ഞ മുഖത്തെയുൾ–
ക്കമ്പമേറിടുമാറു കാണുമരാതിസേനകണക്കിനേ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.1071 വേണുനാദകൃത. . . (ഉമേഷ്)[195]

കുസുമമഞ്ജരി

വേണുനാദകൃതതാനഗാനകളഗാനരാഗഗതിയോജനാ-

[195] [*ഉമേഷ്*] ശ്ലോകം **3.1071 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

വേണുവിൻ ശ്രുതിയൊടൊത്തു പാടി മധുരസ്വരത്തി, ലതിനൊത്തുടൻ
ചേണിയന്ന പടി താളമിട്ടു, തള കൊഞ്ചിടുന്ന പദമൂന്നിയും,
പാണി കൊണ്ടു ചുമലിൽപ്പിടിച്ചു, മിളകുന്ന പൊൻവള കിലുങ്ങിയും
ശ്രോണി തന്നിലിളകുന്ന ചേലയൊടു ചെയ്തൊരാ നടനമോർക്കുവിൻ!

ലോഭനീയമൃദുപാദപാതകൃതതാളമേളനമനോഹരം
പാണിസംക്വണിതകങ്കണം ച മുഹുരംസലംബിതകരാംബുജം
ശ്രോണിബിംബചലദംബരം ഭജത രാസകേളിരസഡംബരം

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം* (69:4)

3.1072 പുണ്യമായ ഭഗവത്കഥാമൃതം. . . (രാജേഷ്)

കുസുമമഞ്ജരി

"പുണ്യമായ ഭഗവത്കഥാമൃതമൊഴിഞ്ഞിനിക്കലിയുഗത്തിലീ
മന്നിടത്തിലുടലാർന്നവർക്കു വഴിയില്ല മോക്ഷപദമേറുവാൻ.
അന്നു ഭാഗവതവും നരന്നു ഹിതമാകയില്ല രതിയെന്നിയേ"
യെന്നു ഗോപികളെ വെന്ന കണ്ണനരുളട്ടെയിന്നിവനു വാഗ്മിത.

കവി : രാജേഷ് വർമ്മ

3.1073 ആരിതിന്നൊരുവനർത്ഥി. . . (ഉമേഷ്)

കുസുമമഞ്ജരി

ആരിതിന്നൊരുവനർത്ഥി? യെന്നു പകരം തനിക്കൊരുപകാരവും
വാരിദങ്ങൾ മഴപെയ്തുഥാപി സുഖമേകിടുന്നിഹ ശരീരിണാം
"മാരി പെയ്യു"മൊരു ഗീരിവണ്ണമുരചെയ്കയാൽ ഗണകനേകനി–
പ്പാരിനേ വില കൊടുത്തു വാങ്ങിയതു പോൽ നിനപ്പതതിദുസ്സഹം!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *അന്യാപദേശശതകം തർജ്ജമ*

3.1074 മുത്തണിഞ്ഞകുട ചാമരം. . . (ബാലേന്തു)

കുസുമമഞ്ജരി

മുത്തണിഞ്ഞകുട ചാമരം തഴ നിറം കലർന്നു, പല വാദ്യവും
പത്തുനൂറു യുവസുന്ദരാംഗികൾ വിളക്കെടുത്തു പുറകേ മുദാ
ഭക്തിപൂണ്ടു പദപങ്കജം തൊഴുതു ലോകർ തിങ്ങിയുടനെങ്ങുമേ
ചിത്രമേ തിരുവനന്തനൽപ്പുരമമർന്ന ശീവെലിമഹോത്സവം.

കവി : കുഞ്ചൻ നമ്പ്യാർ

3.1075 ഭ്രഷണേഷു കില ഹേമവത്. . . (ഉമേഷ്)

കുസുമമഞ്ജരി

ഭ്രഷണേഷു കില ഹേമവ, ജ്ജഗതി മൃത്തികാവദഥവാ ഘടേ,
തന്തുജാലവദഹോ പടേഷ്വപി ച, രാജിതാദ്വയരസാത്മകം
സർവ്വസത്ത്വഹൃദയൈകസാക്ഷിണ, മിഹാതിമായനിജവൈഭവം,
ഭാവയാമി ഹൃദയേ ഭവന്തമിഹ പദ്മനാഭ പരിപാഹി മാം.

കവി : സ്വാതി തിരുനാൾ

3.1076 സോമകോടിസമധാമകഞ്ചുകില. . . (കർത്താ)

കുസുമമഞ്ജരി

സോമകോടിസമധാമകഞ്ചുകിലലാമമഞ്ചതലമാസ്ഥിതം
ശ്യാമതാമരസദാമകോമളരമാദ്ഗഞ്ചിതകരാഞ്ചലം
കാമദായകമമോഘമേഘകുലകാമനീയകഹരം പരം
സാമജാമയഹരം ഹരിം സ മുനിരാനനാമ വനമാലിനം.

കവി : അശ്വതി തിരുനാൾ, കൃതി : *പൗണ്ഡ്രകവധം*

3.1077 കുന്തളാവലി വിയർത്ത. . . (ഉമേഷ്)

കുസുമമഞ്ജരി

കുന്തളാവലി വിയർത്ത പൂങ്കവിളിൽ മിന്നിയും, കുളിർമുലക്കുടം
ചന്തമോടു നടമാടിയും, പൃഥുനിതംബമണ്ഡലമുലഞ്ഞുമേ,
ചെന്തളിർത്തനു തളർന്നിടും പടി, സലീലമദ്രിജ നിജാന്തികേ
പന്തടിക്കെ, നിടിലാക്ഷനാർന്ന പുളകം നമുക്കരുൾക മംഗളം!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക (വന്ദനശ്ലോകം)*

3.1078 ചാഞ്ഞിങ്ങു നീർ തൊട്ടു. . . (ജ്യോതി)

ഇന്ദ്രവജ്ര

ചാഞ്ഞിങ്ങു നീർ തൊട്ടു കിടന്നിടുന്ന
വൻപാറമേൽ ശാന്തസരിത്പ്രവാഹം
ആ മന്ദ്രശബ്ദത്തൊടു ചെന്നലയ്ക്ക
ചിന്നുന്ന നീർത്തുള്ളി പളുങ്കുപോലെ

കവി : വള്ളത്തോൾ

3.1079 അന്തിച്ചുകപ്പംബരമാം. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അന്തിച്ചുകപ്പംബരമാം വനത്തിൽ–
ച്ചെന്തീപടർന്നുള്ളതുപോലെ കാണായ്
ജഗത്തശേഷം ചരമാർക്കകാന്തി–
പ്രദീപ്തിയാൽ ഭാസുരമായ് വിളങ്ങി

3.1080 ജോലിക്കു വയ്ക്കമവരൊക്കെ. . . (ബാലേന്ദു)

വസന്തതിലകം

ജോലിക്കു വയ്ക്കമവരൊക്കെ വിവാഹിതന്മാ–
രാവേണമെന്നൊരു നിബന്ധനയെന്തിനെന്നോ?
ചെറ്റൊച്ചവച്ചു പഴിചൊല്ലുവതെന്റെ ശീലം
കെട്ടാത്തവർക്കതു പൊറുക്കുക ശീലമാകാ.

കവി : ബാലേന്ദു

3.1081 ചൂടേറ്റിട്ടൊട്ടു ഞെട്ടറ്റലർനിരയെ. . . (വിശ്വപ്രഭ)

സ്രഗ്ധര

ചൂടേറ്റിട്ടൊട്ടു ഞെട്ടറ്റലർനിരയെ മദിച്ചാന ഗണ്ഡങ്ങൾ തേച്ചി–
ട്ടാടുമ്പോഴാശു ഗോദാവരിയിലിഹ പൊഴിക്കുന്ന തീരദ്രുമങ്ങൾ;
കൂടേറി പ്രാവു പൂങ്കോഴികൾ കരയുമിവറ്റിന്റെ തോലിൽ ചരിക്കും
കീടത്തെച്ചെന്നു കൊത്തുന്നിതു നിഴലിലിരുന്യഴി മാന്തും ഖഗങ്ങൾ.

കവി : ചാത്തുക്കുട്ടി മന്നാടിയാർ, കൃതി : *ഉത്തരരാമചരിതം*

3.1082 കോഴി,യാടു മുതലായ. . . (രാജേഷ്)

കുസുമമഞ്ജരി

കോഴി,യാടു മുതലായ ജന്തുനിരയെപ്പിടിച്ചു കൃപയെന്നിയേ
പാഴിൽ വെട്ടുവതു കൊണ്ടു ദേവിയുടെ നൽപ്രസാദമുളവാകിലോ
ഊഴി തന്നിൽ നിജപുത്രസന്തതിവധത്തിനാൽ ജനനിയായിടും
കേഴമാന്മിഴിയിലും ഭവിക്കുമതിയായ മോദമതു നിർണ്ണയം

കവി : കെ സി കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.1083 ഉദയതി ശശിബിംബം. . . (കർത്താ)

മാലിനി

ഉദയതി ശശിബിംബം കാന്തമന്തിച്ചുവപ്പിൽ;
പരമപി രവിബിംബം ചെന്നിതസ്തം പ്രയാതി;
ഉഭയമിതമുമ്മിക്കുട്ടുകിൽക്കുങ്കുമാർദ്രം
കുചയുഗമുപമിക്കാം നൂനമച്ചീസുതായാഃ.

, കൃതി : *ചെറിയച്ചീവർണ്ണനം*

3.1084 ഉദ്യോഗസ്ഥകരത്തിലാണു. . . (ബാലേന്തു)[196]

ശാർദ്ദൂലവിക്രീഡിതം

ഉദ്യോഗസ്ഥകരത്തിലാണു ഭരണം സർവ്വം നിയന്ത്രിക്കുമാ
കേമൻ മന്ത്രിവശംഗതൻ, മഹിതനാ നേതാവു കൂറുള്ളവൻ
ഹാ! വമ്പെന്തിതിലേറെ വേണമിവിടെപ്പൂർണ്ണം ജനായത്തമെ–
ന്നേവം കണ്ണുമടച്ചിരിപ്പു സതതം വോട്ടും കൊടുത്തിട്ടു നാം!

കവി : ബാലേന്തു

3.1085 ഹാ കഷ്ടം, നരജീവിതം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഹാ കഷ്ടം! നരജീവിതം ദുരിത, മീ ശോകം മറക്കാൻ സുഖോ-
ദ്രേകം ചീട്ടുകളിക്കയാം ചിലർ, ചിലർക്കാകണ്ഠപാനം പ്രിയം,
മൂകം മൂക്കിനു നേർക്കു കാണു ചിലരിന്നേകം ശിവം സുന്ദരം,
ശ്ലോകം ചൊല്ലിയിരിപ്പു ഞങ്ങൾ ചില, രീ ലോകം വിഭിന്നോത്സവം !

കവി : വൈലോപ്പിള്ളി

3.1086 മായാരണത്തിൽ വളരെ. . . (കർത്താ)

വസന്തതിലകം

മായാരണത്തിൽ വളരെബ്ഭടർ ചേർന്നു തീവ്ര–
വ്യായാമനാകുമനിരുദ്ധനെ വെന്നശേഷം
ധീയാർന്ന ബാണസചിവേന്ദ്രനുഷാഗൃഹത്തിൽ–
പ്പോയാൻ, തദീയസഖി ചെന്നറിയിക്ക മൂലം.

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.1087 ധിക് പാണ്ഡുപുത്രചരിതം. . . (ഉമേഷ്)

വസന്തതിലകം

ധിക് പാണ്ഡുപുത്രചരിതം സ്ഥവിരപ്രമാണം

[196] [*ബാലേന്തു*] ശ്ലോകം **3.1084 :** പ്രേംജിയുടെ

ദൈവത്തിന്റെ കരത്തിലാണു ഭുവനം, സർവ്വം നിയന്ത്രിക്കുമാ
ദേവൻ മന്ത്രവശംഗതൻ, മഹിതമാ മന്ത്രം ദ്വിജാധീനവും;
ഹാ! വമ്പെന്തിതിലേറെ വേണമുലകിൽ ബ്രഹ്മണ്യമാപൂർണ്ണമെ–
ന്നേവം കണ്ണുമടച്ചിരുന്നു സസുഖം നമ്പൂരിതൻ പൂർവ്വികർ.

എന്ന ശ്ലോകത്തിന്റെ അനുകരണം.

ബാലപ്രമാണമപി കഷ്ടമഹോ വിനഷ്ടം!
രേ, ധർമ്മജ! ദ്രുപദജാമപി പൂച്ച കാര്യം;
നാരീപ്രമാണമപി തേ∫ സ്ഥിഹ രാജ്യതന്ത്രം!

കവി : മേൽപ്പത്തൂർ, കൃതി : *രാജസൂയം ചമ്പു*

3.1088 രോമാഞ്ചയൻ ഗോഭിരഹോ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

രോമാഞ്ചയൻ ഗോഭിരഹോ സചേതസഃ
പുരശ്ച പശ്ചാച്ച സമന്തതോ ജനാൻ
ഗീതാഞ്ജലേർഗായക ഏഷ ദൃശ്യതേ
സചക്ഷുഷഃ സ്മഃ സശരൽസഖോ *രവിഃ*.

കവി : കുമാരനാശൻ, കൃതി : *സ്വാഗതപഞ്ചകം*

3.1089 ഗതം തിരശ്ചീനം. . . (ഉമേഷ്)

വംശസ്ഥം

ഗതം തിരശ്ചീനമനൃരുസാരഥേഃ
പ്രസിദ്ധമൂർദ്ധ്വജ്വലനം ഹവിർഭുജഃ
പതത്യധോ ധാമ വിസാരി സർവ്വതഃ
കിമേതദിത്യാകുലമീക്ഷിതം ജനൈഃ

കവി : മാഘൻ, കൃതി : *ശിശുപാലവധം (മാഘം) (1:2)*

3.1090 പ്രീഡിഗ്രി കൊണ്ടു ഗുണമില്ലിനി. . . (കർത്താ)

വസന്തതിലകം

പ്രീഡിഗ്രി കൊണ്ടു ഗുണമില്ലിനി ബീയെയായാൽ
ബീയെഡ്ഡു വേണ, മിനിയെംഫിലതെമ്മെയായാൽ,
ക്ലാസോടു കൂടി വിജയിക്കിലുമിന്നു വേണം
ലേശം ധനം പകിടിയോ പിഴയോ കൊടുക്കാൻ.

കവി : ഏവൂർ പരമേശ്വരൻ

3.1091 കണ്ണേ വിഷം ഭഗവതോ. . . (ഉമേഷ്)

വസന്തതിലകം

കണ്ണേ വിഷം ഭഗവതോ മമ തോഴ, ചിത്തേ
ചിന്താവിഷം നിഹിത, മെങ്ങളിലേഷ ഭേദഃ;
കന്ദർപ്പനോടു പകയാം, കളുർതിങ്കൾ ചൂടാം,
അപ്പാച്ചിയെപ്പിരികിൽ ഞാൻ പരമേശതുല്യഃ

കൃതി : *ലീലാതിലകം*

3.1092 കണ്ണിമയ്പിലഴിയും പ്രപഞ്ചം. . . (കർത്താ)

കുസുമമഞ്ജരി

കണ്ണിമയ്പിലഴിയും പ്രപഞ്ചമിതു കണ്ടു കണ്ടു മുഷിയുന്നൊര–
ക്കണ്ണിൽനിന്നു കരകേറി വന്നു കഴലേറി നിന്നു കളിയാടുവാൻ
കണ്ണുവച്ചു കരയുന്നു വന്നു കലിവേടനാടലിടചേരുമ–
ക്കണ്ണിവച്ചു പിടിപെട്ടു തിന്നുകളയാതെ കാത്തരുൾക ദൈവമേ!

കവി : കുമാരനാശാൻ, കൃതി : *ശാംകരശതകം*

3.1093 കദാചന വ്രജശിശുഭിഃ. . . (വിശ്വപ്രഭ)[197]

അതിരുചിര

കദാചന വ്രജശിശുഭിഃ സമം ഭവാൻ
വനാശനേ വിഹിതമതിഃ പ്രഗേതരാം
സമാവൃതോ ബഹുതരവത്സമണ്ഡലൈഃ
സതേമനൈർനിരഗമദീശ, ജേമനൈഃ.

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം* (51:1)

3.1094 സ്വർഗ്ഗാതിർത്തിയതിക്രമിച്ച. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

സ്വർഗ്ഗാതിർത്തിയതിക്രമിച്ച യമനെപ്പാകാരി ശാസിച്ച പോൽ,
"നിൽക്കൂ നിർത്തു പരാക്രമം തവകൃതം, കേസാക്കുമല്ലെങ്കിൽ ഞാൻ";
ചീർക്കും തൻ ചിരിയൊട്ടൊതുക്കി യമനൊന്നാരാഞ്ഞു, "വാദിക്കുവാൻ
വക്കീലെങ്ങു തവാന്തികേ, സകലരും വന്നുള്ളതിങ്ങോട്ടു താൻ!"

കവി : ബാലേന്ദു

3.1095 ചേതോഭവശ്ചാപല. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര

ചേതോഭവശ്ചാപലതാപ്രസംഗേ
കാ വാ കഥാ മാനുഷലോകഭാജാം?
യദ്ദാഹശീലസ്യ പുരാം വിദേഹൂ–
സ്തഥാവിധം പൗരുഷമർദ്ധമാസീത്.

കവി : കാളിദാസൻ

3.1096 യാദവർക്കു കരു. . . (ബാലേന്ദു)

രഥോദ്ധത

യാദവർക്കു കരു പാണ്ഡവാദിയിൽ
ഭേദമെന്നു നിരുപിച്ചു കാണുകിൽ
മോദമോടിവിടെയാരു മുമ്പിൽവ–
ന്നാദരിക്കുമവരോടു ചേരണം

കവി : നടുവത്തച്ഛൻ, കൃതി : *ഭഗവദ്ദൂത്*

3.1097 മരങ്ങൾ തന്മേൽ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മരങ്ങൾ തന്മേൽ ചില ക്രൂരിയാറ്റ–
ക്കുട്ടുണ്ടു ചന്തത്തൊടു തൂങ്ങി നിൽപ്പൂ
ശിരസ്സു കീഴായ് നിലകൊള്ളുമുഗ്ര–
തപസ്വിമാർ തൻ ജടയെന്നപോലെ

കവി : വള്ളത്തോൾ

---

[197] [*ഉമേഷ്*] ശ്ലോകം **3.1093 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ഒരിക്കൽ നീ ശിശുഗണമൊത്തു രാവിലേ
തിരിച്ചു കാടതിലശനം കഴിക്കുവാൻ
കരത്തിൽ നൽക്കറികളൊടന്നവും മുദാ
ധരിച്ചുകൊണ്ടുടനെ കിടാക്കളോടുമായ്.

3.1098 ശിശുക്കൾ തൻ പുഞ്ചിരി. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ശിശുക്കൾ തൻ പുഞ്ചിരി പോലെനിക്കു
ചിത്തം കുളിർപ്പിപ്പൊരു കൊച്ചു പൂവേ!
വെൺതിങ്കൾ രാകും പൊടികൊണ്ടു തീർത്തു
വേധസ്സു നിന്നെ, യ്യതിനില്ല വാദം.

കവി : **ഉള്ളൂർ**, കൃതി : *ഉമ്പഃപൂവ്*

3.1099 വാല്മീകിയ്ക്കു നിഷാദബാണമിണയെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വാല്മീകിയ്ക്കു നിഷാദബാണമിണയെപ്പൊള്ളിച്ച ദുഃഖാഗ്നിയായ്
വ്യാസന്നന്ത്യരണാങ്കണത്തിലിളയെപ്പാലിച്ച ധർമ്മോക്തിയായ്,
ദാസന്നാത്മസുഗന്ധമായ കലയെക്കാണിച്ചവാഗ്രൂപമായ്
ഭാസിയ്ക്കുന്ന വരിഷ്ടവൃത്തരുചിരശ്ലോകങ്ങളേ വാഴുക!

കവി : **പി. എൻ. വിജയൻ** , കൃതി : *ശ്ലോക സ്തോത്രപഞ്ചകം*

3.1100 ദാനം ചെയ്തിട്ടു വീണ്ടും. . . (ജ്യോതി)

സുധര

ദാനം ചെയ്തിട്ടു വീണ്ടും സുകൃതഫലമിരട്ടിച്ച കർണ്ണന്റെ യാത്രാ–
ദാനം വാങ്ങിച്ച വൃദ്ധദ്വിജനമിതരസം പൂണ്ടു തുള്ളിത്തുടങ്ങീ
താനമ്പോ മട്ടുമാറി, ച്ചെറുതിടയൊഴിവായ്കുണ്ട പാർഥന്റെ സൂത–
സ്ഥാനം ചാടിക്കരേറീ, പടനടുവിലുടൻ പാഞ്ചജന്യം മുഴങ്ങീ

കവി : **വി. കെ. ജി.**

3.1101 തുഞ്ചത്താചാര്യഭാഷാ. . . (ബാലേന്തു)

സ്രഗ്ധര

തുഞ്ചത്താചാര്യഭാഷാകളമൊഴി, മലയാളാംബികേ കുമ്പിടുന്നേൻ
കുഞ്ചൻ നമ്പ്യാർക്കു നർമ്മോജ്വലകവനകരീ കൈരളീ കൈതൊഴുന്നേൻ
നിൻ ചന്തം ചിന്തിടും വാങ്മയതനുവനിശം നെഞ്ചിലെൻ പിഞ്ചുഹൃത്താം
മഞ്ചം തഞ്ചത്തിലേറിസ്സുരസകളകളം കൊഞ്ചിടാൻ കെഞ്ചിടുന്നേൻ.

കവി: കൃഷ്ണൻ കുഞ്ഞുള്ളി, കൃതി : *നാൽക്കാലിപ്രേമം*

3.1102 ന ചോരഹാര്യം. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ന ചോരഹാര്യം ന ച രാജഹാര്യം
ന ഭ്രാതൃഭാജ്യം ന ച ഭാരകാരീ
വ്യയേ കൃതേ വർധത ഏവ നിത്യം
വിദ്യാധനം സർവധനാത് പ്രധാനം

കവി : ഭാമിനി, കൃതി : *സഭാതരംഗിണി*

3.1103 വിസ്മിത്തമേതുമൊരു. . . (ബാലേന്തു)

വസന്തതിലകം

വിസ്മിത്തമേതുമൊരു പെണ്ണിനു പറ്റുകില്ലെ–
ന്നൊട്ടും ധരിച്ചുമിവനൊട്ടു കഥിച്ചുമില്ല;
കട്ടായമിങ്ങു പുരുഷന്നു ശരിക്കിണങ്ങും
മട്ടാണു ദൈവമവളെപ്പണിചെയ്ത മുന്നം.

കവി : ബാലേന്തു

3.1104 കഷ്ടിച്ചൊട്ടറിയാൻ തുടങ്ങിയ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കഷ്ടിച്ചൊട്ടറിയാൻ തുടങ്ങിയ മുതൽക്കുണ്ടായി ക്ലേശങ്ങളും
കഷ്ടപ്പാടുകളും സഹിച്ചൊരുവിധം മുമ്പോട്ട നീങ്ങീടവേ
കഷ്ടം, ഹാ തകിടം മറിഞ്ഞൊരധികപ്പറ്റായി പിന്നീടു ഞാ–
നൊട്ടും മേ കരുതാത്തതാണു വിധിതാൻ തെറ്റല്ല പറ്റിച്ചതും.

കവി : പി. എൻ. എസ്. നമ്പൂതിരി , കൃതി : *നീക്കിയിരിപ്പ്*

3.1105 കണ്ടീ വിപത്തഹഹ. . . (ജീവി)

വസന്തതിലകം

കണ്ടീ വിപത്തഹഹ! കല്ലലിയുന്നിതാടൽ–
കൊണ്ടാശു ദിങ്മുഖവുമിങ്ങനെ മങ്ങിടുന്നു
തണ്ടാർസഖൻ ഗിരിതടത്തിൽ വിവർണ്ണനായ് നി–
ന്നിണ്ടൽപ്പെടുന്നു, പവനൻ നെടുവീർപ്പിടുന്നു.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1106 തായംകാവിൽ കരിങ്കൽപ്പടിയിൽ. . . (ഋഷി)

സ്രഗ്ധര

തായംകാവിൽ കരിങ്കൽപ്പടിയിലിവനിടം കയ്യടിച്ചും, വലങ്കൈ–
ത്താളം തെറ്റാതുരുട്ടാനനവധിദിവസം മുട്ടിവേറിട്ടടിച്ചും
മേളക്കയ്യാലരങ്ങത്തൊരുദിനമിവനും കൊട്ടവേ ചെറ്റുമില്ലാ–
തായീതായം പകച്ചോരിവനെയനുദിനം ചെണ്ടകൊട്ടിയ്ക്കയല്ലോ!

കവി : വടക്കുമ്പാട് നാരായണൻ , കൃതി : *ചെണ്ട*

3.1107 മേൽപ്പറ്റിടും പൊടിയഴുക്കു. . . (ജീവി)

വസന്തതിലകം

മേൽപ്പറ്റിടും പൊടിയഴുക്കു മെഴുക്കുനാറ്റം
വേർപ്പെന്നു തൊട്ടവകളഞ്ഞതിശ്രദ്ധയാക്കി
വായ്പ്പേറിടും തനുസുഖം മനുജർക്കുചേർപ്പാൻ
സോപ്പേ നിനക്കു ശരി വാസനയേതിനുള്ളൂ?

3.1108 വൻ പോരതിൽക്കൊടിയ. . . (ബാലേന്തു)

വസന്തതിലകം

വൻ പോരതിൽക്കൊടിയ ദാരികഹത്യ ചെയ്തി–
ട്ടൻപോടു പാട്ടുപുര തന്നിലമർന്ന ദേവീ!
വൻ പാപമാർത്തി ദുരിതാദികളൊക്കെ നീങ്ങാൻ
നിൻപാദഭക്തി തുണയിന്നുലകത്തിലമ്മേ.

കവി : ബാലേന്തു

3.1109 വാനാറ്റിൻമട്ടുവായ്ക്കും. . . (ഋഷി)

വാനാറ്റിൻമട്ടുവായ്ക്കും ജലഗ്രണമുടയോരേതൊരാറ്റിൽക്കുളിയ്ക്കാൻ
നാനാരാജ്യത്തുനിന്നും പലനരർ പതിവായിട്ടു വന്നെത്തി മേവും
ഞാനാ നല്ലാലുവായിൽ പുഴയുടെയരികത്താണു പാർപ്പെങ്കിലും മേ
സ്നാനാർത്ഥം കാഞ്ഞവെള്ളം വിഹിതമിതിനുമേലെന്തു നിർഭാഗ്യമുള്ളൂ?

കവി : വള്ളത്തോൾ , കൃതി : *ഡയറി*

3.1110 ഞെട്ടറ്റു നീ മുകളിൽ. . . (ജീവി)

വസന്തതിലകം

ഞെട്ടറ്റു നീ മുകളിൽ നിന്നു നിശാന്തവായു
തട്ടിപ്പതിപ്പളവുണർന്നവർ താരമെന്നോ
തിട്ടം നിനച്ചു മലരേ ബത! ദിവ്യഭോഗം
വിട്ടാശു ഭൂവിലടിയുന്നൊരു ജീവനെന്നോ.

കവി : കുമാരനാശാൻ , കൃതി : *വീണപൂവ്*

3.1111 തന്ത്രിക്കേറ്റമടുത്തുപാസന. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തന്ത്രിക്കേറ്റമടുത്തുപാസന നടത്താം, നിന്നെ വന്ദിക്കുവാൻ
മന്ത്രിക്കിത്തിരി മാറിനിൽക്കണ,മയാൾ തന്ത്രജ്ഞനാണെങ്കിലും
മന്ത്രിക്കുന്നു മനം കുറുംകവിത ദൂരാൽക്കുപ്പുമീയെന്നിലെ–
ത്തന്ത്രിക്കമ്പനമെന്റെ കൃഷ്ണ! ഗുരുവായൂരപ്പ! നീയാകണേ!

കവി : കരിമ്പുഴ രാമചന്ദ്രൻ , കൃതി : *ശ്രീകൃഷ്ണ വാങ്മയം*

3.1112 മെച്ചം കൂടുന്ന കച്ചേരികളുടെ. . . (ജീവി)

സ്രഗ്ധര

മെച്ചം കൂടുന്ന കച്ചേരികളുടെ നടുവിൽചെന്ന കാൽ വച്ചു കാൽ മേൽ
പച്ചപ്പേക്കണ്ണു കാട്ടിച്ചിലതു കശപിശപ്പേശിയാൽതന്നെ പോരാ
പിച്ചക്കാരന്നുമീയുള്ളവനടിമപെടാനുള്ളവൻതന്നെയെന്നോർ-
ത്തുച്ചത്തിൽ കൃത്യവർഗ്ഗങ്ങളെയുടനുടനേ തീർക്കണം തർക്കമെന്യേ

കവി : പന്തളം കേരളവർമ്മ

3.1113 പ്രാസത്തിന്നു പദങ്ങളെപ്പലതരം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

പ്രാസത്തിന്നു പദങ്ങളെപ്പലതരം ക്ലേശിച്ചുകൊണ്ടുള്ള വി–
ന്യാസത്തോടെ വലിക്കുനീട്ടിയ വൃഥാസ്ഥൂലപ്രബന്ധോദ്യമം
ഹാ! സദ്യസ്സു വിളിച്ചു പാഴ്ക്കറി വിളമ്പുമ്പോലെ പാരം പരി–
ഹാസം; പോര വിരുന്നുകാരെയപമാനിക്കുന്നതായും വരാം.

കവി : കൃഷ്ണൻ കുത്തുള്ളി

3.1114 ഹാ ധിക് കഷ്ടം കുമാരൗ. . . (ജ്യോതി)[198]

സ്രഗ്ധര

"ഹാ ധിക് കഷ്ടം കുമാരൗ സുലളിതവപുഷൗ മല്ലവീരൗ കഠോരൗ
ന ദ്രക്ഷ്യാമോ, വ്രജാമസ്ത്വരിത"മിതി ജനേ ഭാഷമാണേ തദാനീം
ചാണൂരം തം കരോദ്ഭ്രാമണവിഗളദസും പോഥയാമാസിതോർവ്യാം,
പിഷ്ടോ ∫ ഭ്രമുഷ്ടികോ ∫ പി ദ്രുതമഥ ഹലിനാ നഷ്ടശിഷ്ടൈർദധാവേ

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം* (75:7)

3.1115 ചേലൊത്ത പുഷ്പമൊരു. . . (ജീവി)[199]

വസന്തതിലകം

ചേലൊത്ത പുഷ്പമൊരു ചെന്തളിരിൽ പതിച്ചാ–
ലല്ലെങ്കിൽ മുത്തുമണി നൽപവിഴത്തിൽവെച്ചാൽ,
തൊണ്ടിപ്പഴത്തിനെതിരാം മദിരാക്ഷി തന്റെ
ചുണ്ടിൽപ്പരക്കുമൊരു പുഞ്ചിരിയോടെതിർക്കും.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *കുമാരസംഭവം തർജ്ജമ*

---

[198] [*ഉമേഷ്*] ശ്ലോകം **3.1114 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

"ദുഷ്ടന്മാർ മല്ലരേറ്റം കഠിനർ, മൃദുലരീ ബാലരോ കോമളന്മാർ,
കഷ്ടം! കാണേണ്ട പോകാ"മിതു വിധമവശം പൗരർ ചൊല്ലുന്ന നേരം
വട്ടം ചുറ്റിച്ചു ചാണൂരനെയുടനെ വധിച്ചാഞ്ഞെറിഞ്ഞൂ ഭവാനും,
മുഷ്ടിക്കുത്താലരച്ചാൻ മുസലിയപരനെ, പ്പാഞ്ഞുപോയ് ശേഷമുള്ളോർ.

[199] [*ഉമേഷ്*] ശ്ലോകം **3.1115 :** മൂലശ്ലോകം (കാളിദാസൻ) :

പുഷ്പം പ്രവാളാപഹിതം യദി സ്യാ-
ന്മുക്താഫലം വാ സ്ഫുടവിദ്രുമസ്ഥം
തതോ ∫ നകന്യാദ്വിശദസ്യ തസ്യാ-
സ്താമ്രോഷ്ഠപര്യസ്തരുചഃ സ്മിതസ്യ.

3.1116 തക്കാളിസൂപ്പിലഥ. . . (ബാലേന്ദു)

വസന്തതിലകം

തക്കാളിസൂപ്പിലഥ തൈരുമറിഞ്ഞുവീണാൽ
പക്കാവടയ്ക്കുപരി വെണ്ണ പരത്തി വച്ചാൽ
ലിപ്സ്റ്റിക്കു തേച്ചമിതശോണിമയാർന്നിളിച്ച
ചുണ്ടിൽപ്പരക്കുമവശം ചിരിയോടു നേർക്കും

കവി : ബാലേന്ദു, കഴിഞ്ഞ ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

3.1117 ലീലാലോലേ കദാചിത്ത്വയി. . . (ജ്യോതി)

സ്രഗ്ധര

ലീലാലോലേ കദാചിത്ത്വയി ഫലകുലസംചോരണാത്യന്തകൃപ്യദ്–
ബാലോക്തത്വന്മുദാശശ്രവണകുപിതയാ പ്രോചിഷേ ത്വം ജനന്യാ
വത്സേഹാത്യന്തകൃത്സ്യം ജഗതി മുദശനം കിം കൃതം ദുർവിനീത
ശ്രുത്വാ തദ്വാചമാസ്യം വികചകമലദേശ്യം ത്വയാഗ്ര വ്യദാരി

കവി : മാനവേദരാജ, കൃതി : *കൃഷ്ണഗീതി*

3.1118 വൈരിവൃന്ദമലിവറുടനേ. . . (ജീവി)

സ്വാഗത

വൈരിവൃന്ദമലിവറുടനേ മുൻ–
പൂരിവച്ച മിശിഹായുടെ വസ്ത്രം
താരില്യം മിന്നസമാം തിരുമെയ്യിൽ
ഭ്രരിമാല്യയരുമറണിയിച്ചു.

കവി : കട്ടക്കയം ചെറിയാൻ മാപ്പിള, കൃതി : *ശ്രീയേശുവിജയം*

3.1119 താതൻ ജയിച്ചങ്ങൊരു. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

താതൻ ജയിച്ചങ്ങൊരു മന്ത്രിയാകും
പുത്രൻ തുടങ്ങും പല ഗ്രഢ തന്ത്രം;
അതാണു നാട്ടിൽ പതിവായ് നടക്കും
ആദർശമച്ഛന്നു മകൻ മഹീയാൻ.

കവി : ബാലേന്ദു

3.1120 ആരാ?, ഞാൻ ബലഭദ്രസോദരൻ. . . (ജ്യോതി)[200]

ശാർദ്ദൂലവിക്രീഡിതം

"ആരാ?", "ഞാൻ ബലഭദ്രസോദര, നിതെൻവീടെന്നു തെറ്റിദ്ധരി–
ച്ചാണെ കേറിയ", "തെങ്കിൽ, നെയ്ഭരണിയിൽകയ്യിട്ടതെന്തിന്നു നീ?"
"കാണാതായൊരു കന്നിനെത്തിരയുവാനാ"ണെന്നു കോപിച്ചൊര–
ഗ്ഗോപിക്കേകിയൊരുത്തരം ഹരി! ഹരിച്ചീടട്ടെയെൻമൗഢ്യവും.

കവി : മധുരാജ്

[200] [*ജ്യോതി*] ശ്ലോകം **3.1120 :** മൂലശ്ലോകം (വില്വമംഗലത്തു സ്വാമിയാർ) :

കസ്ത്വം ബാല? ബലാനുജഃ, കിമിഹ തേ? മന്മന്ദിരാശങ്കയാ,
യുക്തം ത,ന്നവനീതഭാണ്ഡവിവരേ ഹസ്തം കിമർഥം ന്യസേഃ?
മാതഃ കഞ്ചന വത്സകം മൃഗയിതും, മാഗാ വിഷാദം ക്ഷണാ-
ദിത്യേവം വ്രജവല്ലവീ പ്രതിവചഃ കൃഷ്ണസ്യ പുഷ്ണാതു നഃ

3.1121 കണ്ടോരുണ്ടോ? തപശ്ശാന്തത. . . (ജീവി)

സ്രഗ്ധര

കണ്ടോരുണ്ടോ? തപശ്ശാന്തത നിറയുമകക്കാമ്പിലേക്കെത്തിനോക്കാ–
റുണ്ടത്രേ, ഗോപിമാർതൻസ്മരമഥിതമനസ്സിങ്കലും തങ്ങുമത്രേ;
ഉണ്ടത്രേ നാമമോരായിര, മുപനിഷദുക്തിക്കെഴും യുക്തിയേയും
തിണ്ടാടിപ്പിച്ച മായാവിയെ, യൊരുകുറി കാണിക്കുമോ കാണിനേരം?

കവി : വി. കെ. ജി.

3.1122 ഉന്മേഷത്തൊടു താൻ മുറുക്കി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഉന്മേഷത്തൊടു താൻ മുറുക്കിയരികത്തൽപ്പം മുറുക്കാനുമായ്
ചുമ്മാതേ മണിപത്തടിപ്പുറവരേ മൂടിപ്പുതച്ചങ്ങനെ
ബ്രഹ്മസ്വം മഠമായതിന്റെ പടിയിൽ പൂർണ്ണാനുമോദം പര–
ബ്രഹ്മം കണ്ടരുളുന്ന വെണ്മണി മഹൻ നമ്പൂരിയെക്കണ്ടു ഞാൻ

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.1123 ബാലാലലാമമണിതൻ. . . (കർത്താ)

വസന്തതിലകം

ബാലാലലാമമണിതന്നലസേക്ഷണങ്ങൾ
നീലാരവിന്ദയുഗളീനിഗളപ്രദങ്ങൾ;
വേലാതിവർത്തിരുചിയാമധരോഷ്ഠബിംബം
ലീലാനിരാകൃതജപാകുസുമാവലേപം.

കവി : ഉള്ളൂർ, കൃതി : *ശിവഗീത*

3.1124 വിണ്ണിൽക്കണ്ണു പതിച്ചു. . . (ഉമേഷ്)[201]

ശാർദ്ദൂലവിക്രീഡിതം

വിണ്ണിൽക്കണ്ണു പതിച്ചു നിൽപ്പു ചില, രെന്നാണോ ഫലം കിട്ടുവാൻ?
മന്നിൻ ഭോഗസുഖങ്ങളിൽ മുഴുകിയും വാഴുന്നു വേറേ ചിലർ;
ഇന്നീക്കയ്യിലിരിപ്പതെന്തതിനെ നീ സൂക്ഷിക്ക, ലാഭം കള-
ഞ്ഞെന്നാലെ? ന്തകലത്തിലുള്ള പടഹധ്വാനങ്ങളും കേൾക്കൊലാ!

കവി : ഉമേഷ് നായർ. ഉമർ ഖയ്യാമിന്റെ ഒരു ചതുഷ്പദിയുടെ പരിഭാഷ.

3.1125 ഇനരശ്മികളേറ്റു. . . (മധുരാജ്)

വിയോഗിനി

ഇനരശ്മികളേറ്റു വാടിയും
മണവും മാദ്ധ്വിയുമറ്റുമന്തിയിൽ
ഒരു പൂ വിലപിച്ചതീ വിധം
മരുദാന്ദോളനജാതമർമ്മരം:

കവി : ഇ. നാരായണൻ

---

[201] [*ഉമേഷ്*] ശ്ലോകം **3.1124 :** മൂലപദ്യം (ഉമർ ഖയ്യാം) :

Some for the Glories of This World; and some
Sigh for the Prophet's Paradise to come;
Ah, take the Cash, and let the Credit go,
Nor heed the rumble of a distant Drum!

3.1126 ഒരു മുട്ടയുമില്ല. . . (ബാലേന്ദു)[202]

വിയോഗിനി

ഒരു മുട്ടയുമില്ല ബാക്കിയായ്
വരുമോരോന്നതു വന്നപോലെ പോം
തിരയുന്ന മനുഷ്യ; രൊന്നുമേ
വിരിയാ, ശോകരഹസ്യമായതും

കവി : ബാലേന്ദു, കൃതി : *ചിന്താവിഷ്ടയായ കോഴി*

3.1127 താരഹാര, മിരുളാം കചം,. . . (ജീവി)

രഥോദ്ധത

താരഹാര, മിരുളാം കചം, വിധു-
സ്മേരവക്ത്രമിവപൂണ്ട രാത്രിയെ
പാരമംബരമൊഴിഞ്ഞു കാൺകയാൽ
കൈരവങ്ങൾ മിഴിപൊത്തി ലജ്ജയാൽ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1128 പ്രാർത്ഥിച്ചിടാം ഞാൻ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പ്രാർത്ഥിച്ചിടാം ഞാനവിടത്തിലെത്തി
പ്രഭോ! മദുർവിക്കു പരാർദ്ധ്യഭവ്യം;
ഭവാനു യോജിച്ച കൃതാന്തദണ്ഡം;
പരാസുവിൻ ജീവനു നിത്യശാന്തി.

കവി : **ഉള്ളൂർ**, കൃതി : *രാമശാസ്ത്രി*

3.1129 ഭർത്താവുള്ളൊരബല. . . (ജീവി)[203]

മന്ദാക്രാന്ത

ഭർത്താവുള്ളൊരബല സതിയായീടിലും ബന്ധുഗേഹേ
നിത്യം പാർത്താൽ ജനമിഹ മറിച്ചോർക്കുമെന്നുള്ള മൂലം
അസ്ഥസ്നേഹം സ്വപതി പെരുമാറീടിലും തത്സമീപേ
വർത്തിക്കേണം വനിത - യതിനാം ബാന്ധവർക്കുള്ളിൽ മോഹം

കവി : **ആറ്റൂർ കൃഷ്ണപ്പിഷാരടി**, കൃതി : *ശാകന്തളം തർജ്ജമ*

---

[202] [*ഉമേഷ്*] ശ്ലോകം **3.1126 :** കുമാരനാശാന്റെ *ചിന്താവിഷ്ടയായ സീത*യിലെ

ഒരു നിശ്ചയമില്ലയൊന്നിനും
വരുമോരോ ദശ, വന്ന പോലെ പോം;
വിരയുന്ന മനുഷ്യനേതിനോ,
തിരിയാ കർമ്മരഹസ്യമാർക്കുമേ

എന്ന ശ്ലോകത്തിന്റെ ഹാസ്യാനുകരണം.

[203] [*ഉമേഷ്*] ശ്ലോകം **3.1129 :** മൂലശ്ലോകം (**കാളിദാസൻ**) :

സതീമപി ജ്ഞാതികുലൈകസംശ്രയാം
ജനോ ∫ന്യഥാ ഭർത്തൃമതീം വിശങ്കതേ
അതഃ സമീപേ പരിണേതുരിഷ്യതേ
തദുജ്ഝിതാപി പ്രമദാ സ്വബന്ധുഭിഃ

3.1130 ആരാധിപ്പാ, നരുണപദമാർ. . . (ഉമേഷ്)

മന്ദാക്രാന്ത

ആരാധിപ്പാ, നരുണപദമാ, രൻപരൊ, ത്താരമാണ്ടോ,-
രാരായേണ്ടോരരയൊ, ടടിപെട്ടാരവാർകൊങ്കവായ്പ്പാൽ,
ആരാജശ്രീമുഖവു, മലസാ, ക്ഷ്യുഭ്തകേശങ്ങളും ചേർ,-
ന്നാരാൽക്കാണാ, മബലകളെയ, ങ്ങാലവട്ടങ്ങളോടും.

കവി : മാം പരമേശ്വരൻ നമ്പൂതിരി, കൃതി : *ശുകസന്ദേശം തർജ്ജമ*

3.1131 അർത്ഥോ നരാണാം. . . (ഹരി)

സ്രുദ്ധര

അർത്ഥോ നരാണാം പതിരംഗനാനാം
വർഷാ നദീനാ, മുതുരാട് തരുണാം
സ്വധർമ്മചാരീ നൃപതിർപ്രജാനാം
ഗതം ഗതം യൗവനമാനയന്തി

കവി : വിഷ്ണുശർമ്മ, കൃതി : *പഞ്ചതന്ത്രം*

3.1132 സ്വാരാട്ടെന്നെയൊരിക്കൽ മുൻപു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സ്വാരാട്ടെന്നെയൊരിക്കൽ മുൻപു ശകലം മാനിക്കുവാൻ വൈകവേ
പാരാതാപ്പുരുഷന്നു ഞാനരുളിടും ശാപം ശമിച്ചീടുവാൻ
ഹാ! രാവും പകലും കിടന്നു പലനാൾ പാഥോധി ദേവാസുര-
ന്മാരാകെക്കടയേണ്ടിവന്ന കഥ നീയുൾക്കാമ്പിലോർക്കുന്നുവോ?

കവി : ഉള്ളൂർ, കൃതി : *അംബരീഷശതകം*

3.1133 ഹന്ത, ക്രീഡയിലിക്കരം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഹന്ത! ക്രീഡയിലിക്കരം കടപറിച്ചിട്ടോരു വെള്ളാന തൻ
ദന്തത്താൽ, മഘവോപലക്കുമിളയും വെച്ചെൻ പ്രസാദാർത്ഥമായ്
വിൺതച്ചൻ വിരചിച്ച പാദുകകളെ സ്വൈരം ത്രിലോകീമലർ-
പ്പെൺതയ്യത്ത തലോടുമെന്നടികളിൽ ചേർക്കുന്നു ചേടീജനം!

കവി : വള്ളത്തോൾ, കൃതി : *രാവണന്റെ അന്തഃപുരഗമനം*

3.1134 വല, ചൂണ്ട, ലിവറ്റ. . . (കർത്താ)

വസന്തമാലിക

വല, ചൂണ്ട, ലിവറ്റ കൊണ്ടുചെന്നാ-
ണരയർക്കീയുലകത്തിൽ മീൻപിടുത്തം;
വല പൂങ്കഴൽ, ചൂണ്ടൽ ചോരിവായീ-
യരയപ്പെണ്ണിനു, ചക്രവർത്തി മത്സ്യം.

കവി : ഉള്ളൂർ, കൃതി : *സത്യവതി*

3.1135 വാചം ന മിശ്രയതി. . . (ജ്യോതി)[204]

വസന്തതിലകം

വാചം ന മിശ്രയതി യദ്യപി മദ്വചോഭിഃ
കർണ്ണം ദദാത്യഭിമുഖം മയി ഭാഷമാണേ
കാമം ന തിഷ്ഠതി മദാനനസമ്മുഖീനാ
ഭ്രയിഷ്ഠമന്യവിഷയാ ന തു ദൃഷ്ടിരസ്യാഃ

കവി : കാളിദാസൻ, കൃതി : *അഭിജ്ഞാനശാകുന്തളം*

3.1136 കൂട്ടിക്കുരംഗമിഴിയാമു മ. . . (ഉമേഷ്)

വസന്തതിലകം

കൂട്ടിക്കുരംഗമിഴിയാമുമതന്റെ ചട്ട
പൊട്ടിക്കുരുത്തിളകുമക്കുളർകൊങ്ക രണ്ടും
മുട്ടിക്കുടിക്കുമൊരു കുംഭിമുഖത്തൊടൊത്ത
കൂട്ടിയ്ക്ക ഞാൻ കുതുകമോടിത കൈതൊഴുന്നേൻ!

കവി : വെണ്മണി മഹൻ

3.1137 മലയപവനനാലും. . . (കർത്താ)

മാലിനി

മലയപവനനാലും മങ്കമാർ തൻ കടാക്ഷാ-
മലതരസുധയാലും മന്ദഹാസത്തിനാലും
മലർമട്ടുമൊഴിയാലും മാന്യയോധർക്കു മന്ദം
മലയൊളിമുലയാലും മാറി മാലാകമാനം.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1138 മാണിക്യം, മാറ്റു കൂട്ടും. . . (രാജേഷ്)

സ്രുദ്ധര

മാണിക്യം, മാറ്റു കൂട്ടും മരതകമിതുമട്ടുള്ള രത്നം പതിച്ചാ-
വാനിൻ തച്ചൻ കുറെത്തച്ചുകൾ പണിതുരകൊള്ളിച്ച പല്ലക്കു താങ്ങി
ക്ഷീണിച്ചീടാത്ത കാൽവെപ്പൊടു കുതി തുടരാൻ വ്യാസവാല്മീകിഭാസ-
ശ്രേണിയ്ക്കെൻ വാണി, നീ തുകിയ കരുണ പൊഴിക്കൊന്നിവന്മേലുമൽപം.

കവി : ടി. എം. വി.

3.1139 കൊള്ളാമിപ്പാളയത്തിൽപ്പട. . . (കർത്താ)

സ്രുദ്ധര

കൊള്ളാമിപ്പാളയത്തിൽപ്പട, ഭരതമഹീപാലർ ദുഷ്കാലവഹ്നി-
യ്ക്കുള്ളായ് ത്താനേ ദഹിപ്പോരവസരമിതിലേക്കാറ്റു ചൂറ്റാൻ വിശേഷം
എല്ലാരും പോരിനായിട്ടുടനടി നടകൊണ്ടീടുവിൻ വീട്ടു കാക്കാ-
നുള്ളാവുണ്ടിങ്ങു കയ്യ്കൊള്ളുക ഝടിതി ജയശ്രീയെയോ ഹൗറിയേയോ.

കവി : ഉള്ളൂർ, കൃതി : *സുജാതോദ്വാഹം*

---

[204] [*ഉമേഷ്*] ശ്ലോകം **3.1135 :** പരിഭാഷ (കേരളവർമ്മ വലിയകോയിത്തമ്പുരാൻ) :
എന്നാലാപമതോടു സമ്മിളിതമായൊന്നും കഥിക്കുന്നതി–
ല്ലെന്നാലും ചെവി നൽകിടുന്ന വിരവിൽ സംഭാഷമാണേ മയി
കന്നൽക്കണ്ണി മമാനനാഭിമുഖിയായ് നിൽക്കുന്നതില്ലെങ്കിലും
തന്വിക്കില്ല മദന്യഗോചരമതിൽ ഭ്രയിഷ്ഠമാലോകനം.

3.1140 എന്നും മറ്റും നിനച്ചും. . . (ഉമേഷ്)

സ്രഗ്ധര

എന്നും മറ്റും നിനച്ചും, ഹൃദി ഭയമൊഴിവാനേറെ മദ്യം കഴിച്ചും,
മുന്നും പിന്നും മറന്നും, മുഴുമതിയെ ഹഠാൽ പോർക്കു നേർക്കായ് വിളിച്ചും,
ചിന്നും ഹാസം കലർന്നും, ചില പൊഴുതിള മേൽ വീണു, മപ്പാപി പിന്നീ-
ടന്നന്മത്തൻ കണക്കെസ്സുതരൊടുമൊരുമിച്ചാത്മഗേഹം ഗമിച്ചാൻ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1141 ചരിതാർത്ഥതയാർന്ന. . . (രാജേഷ്)

വിയോഗിനി

ചരിതാർത്ഥതയാർന്ന ദേഹിയിൽ
തിരിയെശ്ശോഭനമല്ല ജീവിതം
പിരിയേണമരങ്ങിൽ നിന്നുടൻ
ശരിയായിക്കളി തീർന്ന നട്ടുവൻ

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.1142 പ്രോദ്രേകാദ്രീതരൂപേ. . . (കർത്താ)

സ്രഗ്ധര

പ്രോദ്രേകാദ്രീതരൂപേ വിമലവരഗിരാ പൂർവഗീതേഹരൂരോ
ഭാർഗ്ഗശ്രീഗൗരിഹൃപ്താഖിലപുരഗഹരൂ പ്രേര്യഖേര്യാഗതാഗാഃ
ഖേലേഷ്ടാഭ്രാഡ്യരാഗോത്തരപടുഭിരുരു വ്യാപ്രമൈവാഖിലാപ്തൈഃ
പ്രേഡ്യാവിപ്രപ്രവര്യൈരുരുരയമതിഭീ രൂപിണീമേഗ്രഗാസ്താൽ.

കവി : മേൽപ്പുത്തൂർ, കൃതി : *ഋഗ്വേദസൂക്തം*

3.1143 ഖഗങ്ങളേ മൃഗങ്ങളേ. . . (ഋഷി)

പഞ്ചചാമരം

ഖഗങ്ങളേ മൃഗങ്ങളേ വിശാലഭൂരുഹങ്ങളേ,
ദൃഗഞ്ചലേന മണ്ണുനോക്കുമേണ ശാബകങ്ങളേ,
നഗങ്ങളേ, ഗജങ്ങളേ, മനോജ്ഞവണ്ടിനങ്ങളേ,
സുഖേന നിങ്ങൾ കണ്ടിതോ ഘനേ വനേ നളം നൃപം?

കവി : മഴമങ്ഗലം , കൃതി : *ഭാഷാനൈഷധചമ്പു*

3.1144 നന്ദി;യങ്ങതിഖരം. . . (മധുരാജ്)

രഥോദ്ധത

നന്ദി; യങ്ങതിഖരം വിഴുങ്ങിയി–
ട്ടന്യനേകിയതു നല്ലൊരക്ഷരം
നഞ്ഞശിച്ചുലകിനന്നു മങ്ഗളം
തന്നൊരാ സ്മരഹരം സ്മരിപ്പു ഞാൻ!

കവി : മധുരാജ്

3.1145 നല്ല ഹൈമവതഭ്രുവിൽ. . . (ജ്യോതി)

രഥോദ്ധത

നല്ല ഹൈമവതഭ്രുവിൽ – ഏറെയായ്–
ക്കൊല്ലം – അങ്ങൊരു വിഭാതവേളയിൽ
ഉല്ലസിച്ചു യുവയോഗിയേകനത്–
ഫുല്ലബാലരവിപോലെ കാന്തിമാൻ

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.1146 ഉണ്ടാഗ്ഗിരിക്കരികിൽ മേക്കു. . . (ജീവി)

വസന്തതിലകം

ഉണ്ടാഗ്ഗിരിക്കരികിൽ മേക്കു വശത്തൊളിപ്പൂ–
ച്ചെണ്ടായ് ശിവാദ്രിയുടെ തെക്കളകാപുരംപോൽ
തണ്ടാരിൽ മാതിനൊടെ കുത്തുവെളിക്കുനിന്നു
കൊണ്ടാടുമാഴിയതിരാം മലയാളരാജ്യം.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1147 തയ്യാറായ് ചിത്രഫല്ഗുൻ. . . (ജ്യോതി)

സ്രുദ്ധര

തയ്യാറായ് ചിത്രഫല്ഗുൻ സുകൃതദുരിതസമ്പാദ്യമെണ്ണിത്തിരിയ്ക്കാൻ
കൊയ്യാറായ് വിത്തിറക്കീടിന വിധി, യരിവാൾ മൂർച്ചകൂട്ടിത്തുടങ്ങീ
നെയ്യാറായീ പൃതപ്പിപ്പതിനൊരു മരണക്കോടി, യൂക്കുള്ളുലയ്ക്കു–
ക്കയ്യൻ തൻ കാട്ടുപോത്തിൻ കയറൊട്ടു കയറാറായി കൈലാസവാസിൻ!

കവി : വി.കെ.ജി

3.1148 നിഷ്കമ്പം ഞാൻ ത്യജിക്കേ. . . (ഉമേഷ്)[205]

സ്രുദ്ധര

നിഷ്കമ്പം ഞാൻ ത്യജിക്കേ, സ്വജനമനുഗമിച്ചീടുവാനുദ്യമിക്കേ,
"നിൽക്കെ"ന്നായിട്ടുറക്കെഗ്ഗുരുസമഗുരുശിഷ്യാഗ്രനോതിത്തടുക്കേ,
അക്കണ്ണീറ്റിൽക്കുളിക്കേ, കലുഷിതമിഴിയായ് ക്രൂരനാമെങ്കൽ വിട്ടോ–
രക്കോൺനോട്ടം വിഷം തേച്ചൊരു ശരമതുപോലെന്നെ നീറ്റുന്നിതേറ്റം.

കവി : കാലടി രാമൻ നമ്പ്യാർ / കാളിദാസൻ, കൃതി : *ശാകുന്തളം തർജ്ജമ (കേളീശാകുന്തളം)*

3.1149 അതൽപം നിദ്രാലുഃ. . . (ജീവി)

ശിഖരിണി

അതൽപം നിദ്രാലുഃ രജനിഷു കുവാഗ് ദുർഗതതമഃ
മഹാകാതര്യാധ്യോ മനസി വിധുതപ്രോജ്വലയശാഃ
വധാന്മാംസാദാനാം ബഹുവിമതലാഭോ ജനകജേ
കഥം ശ്ലാഘ്യോ രാമഃ ഖലതമസകൃന്മാ സ്പൃഷ ഗിരാ.

കവി : കാമരാജനഗർ രാമശാസ്ത്രി, കൃതി : *സീതാരാവണസംവാദദ്ധരി*

---

[205] **[*ഉമേഷ്*] ശ്ലോകം 3.1148 :** മൂലശ്ലോകം (കാളിദാസൻ) :

ഇതഃ പ്രത്യാദേശാത് സ്വജനമനുഗന്തും വ്യവസിതാ
സ്ഥിതാ "തിഷ്ഠേ"ത്യുച്ചൈരവദതി ഗുരുശിഷ്യേ ഗുരുസമേ
പുനർദൃഷ്ടിർബാഷ്പപ്രസരകലുഷാമർപ്പിതവതീ
മയി ക്രൂരേ യത്തത് സവിഷമിവ ശല്യം ദഹതി മാം.

3.1150 വേദാന്തേഷു യമാഹുരേകപുരുഷം. . . (ഉമേഷ്)[206]

ശാർദ്ദൂലവിക്രീഡിതം

വേദാന്തേഷു യമാഹുരേകപുരുഷം, വ്യാപ്യസ്ഥിതം രോദസീ
യസ്മിന്നീശ്വര ഇത്യനന്യവിഷയഃ ശബ്ദോ യഥാർത്ഥാക്ഷരഃ
അന്തര്യശ്ച മുമുക്ഷുഭിർ നിയമിതപ്രാണാദിഭിർ മൃഗ്യതേ
സ സ്ഥാണുഃ സ്ഥിരഭക്തിയോഗസുലഭോ നിഃശ്രേയസായാസ്തു വഃ

കവി : കാളിദാസൻ, കൃതി : *വിക്രമോർവ്വശീയം*

3.1151 അന്തിക്കുട്ടിലണഞ്ഞിരുന്നു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അന്തിക്കുട്ടിലണഞ്ഞിരുന്ന കുറുകും പ്രാവിൻ സ്വരം, ചോലയിൽ–
ച്ചന്തം നോക്കിയിരുന്നുപോയ കിളിതൻ കാണാത്ത സംഗീതവും
സ്വന്തം പൂക്കളിലുഷ്ണമാർന്ന നിശയെക്കാക്കുന്ന പൂക്കൈതയും
എൻ താളത്തിലലിഞ്ഞൊരർത്ഥമറിയാത്തർത്ഥങ്ങളായുണ്ടു ഞാൻ!

കവി : വി. മധുസൂദനൻ നായർ, കൃതി : *ഏഴു ചുവട്ടുകൾ*

3.1152 സരസിജമനുവിദ്ധം. . . (ജ്യോതി)[207]

മാലിനി

സരസിജമനുവിദ്ധം ശൈവലേനാപിരമ്യം
മലിനമപി ഹിമാംശോർലക്ഷ്മ ലക്ഷ്മീം തനോതി
ഇയമധികമനോജ്ഞാ വല്ക്കലേനാപി തന്വീ
കിമിവ ഹി മധുരാണാം മണ്ഡനം നാകൃതീനാം

കവി : കാളിദാസൻ, കൃതി : *അഭിജ്ഞാനശാകുന്തളം*

3.1153 ഇപ്പോൾ കേരളകൽപ്പകദ്രുമ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഇപ്പോൾ കേരളകൽപ്പകദ്രുമസമാജക്കാർ നിയോഗിക്കയാൽ
താൽപര്യത്തൊടു താഴ്മപൂണ്ടെടമരം വികൂർ വിമുക്താമയം
ചൊൽപൊങ്ങും മിശിഹാചരിത്രമിതു നൽപ്പാട്ടായി നിർമ്മിച്ചതി–
ന്നെപ്പേരും പിഴതീർത്തനുഗ്രഹമെനിക്കേകേണമെല്ലാവരും.

കവി : എടമരത്ത് വികൂർ, കൃതി : *മിശിഹാചരിത്രം*

---

[206] [*ഉമേഷ്*] ശ്ലോകം **3.1150 :** പരിഭാഷ (കുഞ്ഞിക്കുട്ടൻ തമ്പുരാൻ) :

ലോകവ്യാപിയതെന്നു യാതൊരുവനെച്ചൊല്ലുന്നു വേദാന്തവും,
മാഴ്ചാതീശ്വരനെന്ന നാമമെവനിൽത്താനേ യഥാർത്ഥപ്പെട്ട,
ഏകാന്തേ കരണങ്ങൾ വെന്നെവനെയുൾത്തേടുന്ന മോക്ഷാർത്ഥിമാ,–
രേകട്ടേ പ്രിയഭക്തനാശ്ശിവനുടൻ നിങ്ങൾക്കു നിശ്രേയസം.

[207] [*ഉമേഷ്*] ശ്ലോകം **3.1152 :** പരിഭാഷ (കേരളവർമ്മ വലിയകോയിത്തമ്പുരാൻ) :

ഫുല്ലാബ്ജത്തിനു രമ്യതക്കു കുറവോ പായൽ പതിഞ്ഞീടിലും?
ചൊല്ലാർന്നോരഴകല്ലയോ പനിമതിക്കങ്കം കറുത്തെങ്കിലും?
മല്ലാക്ഷിമണിയാൾക്കു വല്ക്കലമിതും ഭ്രയിഷ്ടശോഭാവഹം;
നല്ലാകാരമതിന്നലങ്കരണമാമെല്ലാപ്പദാർത്ഥങ്ങളും.

3.1154 ചിന്താസുന്ദരകാവ്യവും. . . (ഉമേഷ്)[208]

ശാർദ്ദൂലവിക്രീഡിതം

ചിന്താസുന്ദരകാവ്യവും, ലഘുതരം ഭോജ്യങ്ങളും, ചെന്നിറം
ചിന്തിപ്പൂന്ത പൊന്തി വീഞ്ഞു നിറയും സുസ്സാടികക്കിണ്ണവും,
കാന്തേ, യെന്നരികത്തിളം തണലിൽ നീ പാടാനുമുണ്ടെങ്കിലോ
കാന്താരസ്ഥലി പോലുമിന്നിവനു ഹാ സ്വർല്ലോകമാണോമനേ!

കവി : എം. പി. അപ്പൻ , കൃതി : *ജീവിതോത്സവം* (ഉമർ ഖയാമിന്റെ *റുബായിയാത്തി*ന്റെ പരിഭാഷ.)

3.1155 കടഞ്ഞും കമിഴ്ത്തും. . . (കർത്താ)

ഭുജംഗപ്രയാതം

കടഞ്ഞും കമിഴ്ത്തും പണിപ്പെട്ടിഴഞ്ഞും
കളിക്കോപ്പു ചുണ്ടത്തണച്ചും മറിഞ്ഞും
കഴൽപ്പിഞ്ചുവച്ചും കുടുങ്ങിച്ചിരിച്ചും
കരുന്നായ്കളിക്കുന്ന ഭാഗ്യം കൊഴിഞ്ഞു.

കവി : വി. മധുസൂദനൻ നായർ, കൃതി : *നമുക്കിനി മറക്കാം*

3.1156 കമ്പം കൈവിട്ടുണരുക. . . (ഉമേഷ്)[209]

മന്ദാക്രാന്ത

കമ്പം കൈവിട്ടുണരുക, നിശാവേദിയിൽ നിന്നുമാത്തൻ–
മുമ്പിൽക്കാണായിടുമൊരുഡുവൃന്ദത്തെയോടി, ച്ചതിൻ തൻ
പിമ്പേ പായിച്ചിരവിനെയുമാ വിണ്ണിൽ നിന്നും, കരത്താ–
ലമ്പെയ്യുന്നു നൃപഭവനശൃംഗത്തിലാദിത്യദേവൻ.

കവി : ഉമേഷ് നായർ / ഉമർ ഖയ്യാം, കൃതി : *ഉമർ ഖയ്യാമിന്റെ ചതുഷ്പദികൾ (ആദ്യശ്ലോകം)*

3.1157 പാലംഭോരാശിമദ്ധ്യേ. . . (കർത്താ)

സ്രഗ്ധര

പാലംഭോരാശിമദ്ധ്യേ ശശധരധവളേ ശേഷഭോഗേ ശയാനം,
മേളം കോലും കളായദ്യുതിയൊടു പടതല്പന്ന കാന്തിപ്രവാഹം,
നാളന്നേറിത്തുളമ്പും നിരുപമകരുണാഭാരതിമ്യൽകടാക്ഷം
നാളീകത്താരിൽമാതിൻ കുളിർമുലയുഗളീഭാഗധേയം ഭജേഥാഃ.

കവി : മഴമങ്ഗലം, കൃതി : *നൈഷധം ചമ്പു*

3.1158 നാലാമ്നായൈകമൂലം. . . (ഉമേഷ്)

സ്രഗ്ധര

നാലാമ്നായൈകമൂലം, നതജനദിവിഷത്പാദപം, നേത്രവഹ്നി–

[208] [*ഉമേഷ്*] ശ്ലോകം **3.1154 :** മൂലപദ്യം (ഉമർ ഖയ്യാം) :

A Book of Verses underneath the Bough,
A Jug of Wine, a Loaf of Bread – and Thou
Beside me singing in the Wilderness –
Oh, Wilderness were Paradise enow!

[209] [*ഉമേഷ്*] ശ്ലോകം **3.1156 :** മൂലപദ്യം (ഉമർ ഖയ്യാം) :

WAKE! For the Sun, who scatter'd into flight
The Stars before him from the Field of Night,
Drives Night along with them from Heav'n, and strikes
The Sultan's Turret with a Shaft of Light.

ജ്വാലാനിർദ്ദഗ്ധമീനദ്ധ്വജ, മചലസുതാശ്ലഥ്വവാമാങ്കഭാഗം,
കാലാരാതിം, കപർദ്ദോദരകബളിതമന്ദാകിനീമാനനീയം,
കൈലാസാവാസലോലം, കനിവൊടു മനമേ ചന്ദ്രചൂഡം ഭജേഥാ!

3.1159 കത്തിൽച്ചത്തതു മൂന്നു പേർ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

കത്തിൽച്ചത്തതു മൂന്നു പേർ, ടെററിസം കൊണ്ടെട്ടുപത്താളുകൾ,
വൈദ്യം തെറ്റിയൊരമ്പതു, ണ്ടപകടം പറ്റിത്തികച്ചെൺപതും;
യുദ്ധത്തിൽപ്പല ശസ്ത്രമേറ്റു മരണം നൂറോളമെന്റീശ്വരാ,
പത്തഞ്ഞൂറു ഭവാന്റെ പേരിലുളവാം നാനാ മതപ്പോരിലും.

കവി : ബാലേന്ദു

3.1160 യദി ഹൃത്കമലേ. . . (ഉമേഷ്)[210]

തോടകം

യദി ഹൃത്കമലേ മധുപാനരതോ
വരദോ മുരളീധര ഭൃങ്ഗവരഃ
സുമഗന്ധ സുഭക്തിരസേ സരസഃ
കഃ സഖേ തരുണീ കബരീ വിഹിനം?

കവി : മധുരാജ്

3.1161 സുവിശാലമഗാധം. . . (കർത്താ)

വിയോഗിനി

സുവിശാലമഗാധമുൽബണം
ലഘു സന്തീര്യ കരേണ വാരിധിം
ബത! പാരതടാവലംബന–
ക്ഷണമാത്രേ സ്ഖലിതോ ∫ സ്മി കാ ഗതിഃ.

കവി : എ. ആർ, കൃതി : *ഭങ്ഗവിലാപഃ*

3.1162 ബാല്യം താരുണ്യമായും. . . (ഋഷി)

സ്രുദ്ധര

ബാല്യം താരുണ്യമായും, തരുണിമ ജരയേകുന്ന വാർദ്ധക്യമായും,
കാല്യം മധ്യാഹ്നമായും, കൊടുവെയിലിരുളേകുന്ന സായാഹ്നമായും,
മൂല്യം വിട്ടസ്തമിയ്ക്കുന്നതു,സഹജ; മതിൽ ഖേദിയാ, യീജ്ജഗത്താം
മാല്യം പൊട്ടിച്ചുടയ്ക്കും പ്രകൃതിയുടെ വിലാസങ്ങൾ വിശ്വോത്തരങ്ങൾ!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.1163 മൂന്നാൾ മദ്ധ്യവയസ്കർ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

മൂന്നാൾ മദ്ധ്യവയസ്കർ വണ്ടിയിലരട്ടിക്കറ്റു ചോദിച്ചുപോൽ

[210] [*രാജേഷ്*] ശ്ലോകം **3.1160 :** പരിഭാഷ (രാജേഷ്) :

ശമമാം സുമഗന്ധമതിർന്നിടുമെൻ
ഹൃദയത്തിലെ ഭക്തിരസം നുകരാൻ
സരസൻ ഹരിയാമളിയെത്തിടുകിൽ
തരുണീ കബരീ വനമെന്തിവന്?

ചൊന്നാൻ പോലതിലുള്ളൊരാൾ വിശദമായ് കണ്ടകൂറോടിത്തരം,
"രാമൻ കൂട്ടിയിയാളയാൾക്കരികിലപ്പക്കൂട്ടിയാണുള്ളതും,
കൃഷ്ണൻ കൂട്ടിയഹം, സദാ നിയമമോ കൂട്ടിക്കരച്ചാർജ്ജു താൻ"

കവി : ബാലേന്ദു

3.1164 ൠഷാ വിശിഖമുച്ഛ്രിഖം. . . (മധുരാജ്)

പൃഥ്വി

ൠഷാ വിശിഖമുച്ഛ്രിഖം ജഹതി രാഘവേ ലാഘവാ–
ദജായത ൠജായത ശ്വസിതചക്രനക്രാർണ്ണവം
രസാതലവലത്തിമിസ്ഥിമിതകുംഭികുംഭീനസ–
പ്രവിഷ്ടഗിരികന്ദരം തരളമന്തരം വാരിധേഃ

കവി : ഭോജരാജാവു, കൃതി : *ചമ്പൂരാമായണം*

3.1165 രണ്ടാണെനിക്കു പശുവിന്നതു. . . (ബാലേന്ദു)

വസന്തതിലകം

രണ്ടാണെനിക്കു പശുവിന്നതു നാലുമെന്താ–
ണെന്നുള്ള ടീച്ചറുടെ ചോദ്യമതിന്നൊരുത്തൻ
നെഞ്ചത്തു ദൃഷ്ടിയൊടെ തെല്ലു മടിച്ചുരച്ചാൻ
തോന്നുന്നതുണ്ടു; പറയാനൊരു നാണമാണേ

കവി : ബാലേന്ദു

3.1166 നാളീകാക്ഷന്റെ മാറത്തരുളിന. . . (കർത്താ)

സ്രുദ്ധര

നാളീകാക്ഷന്റെ മാറത്തരുളിന രമ തൻ കയ്യിലാടുന്ന കേളീ–
നാളീകത്തിങ്കലെത്തേൻ ഹരിയുടെ തിരുനാഭിക്കകം വീണിടുമ്പോൾ
നാളീകാവാസനാകും ശിശുവിനിവൾ ദരം കൊണ്ടു പാൽ നൽകിടുന്നെ–
ന്നാളീടുന്നാദരാൽ ദേവകൾ കരുതുമിതേകട്ടെ നമ്മൾക്കു ശുദ്ധം.

കവി : കഞ്ഞിക്കുട്ടൻ തമ്പുരാൻ, . *വിശ്വഗ്രണാദർശ ചമ്പുവിലെ ശ്രീരാജീവാക്ഷ. . .* എന്ന ശ്ലോകത്തിന്റെ പരിഭാശ.

3.1167 നേരമ്പോക്കായി മാത്രം. . . (രാജേഷ്)

സ്രുദ്ധര

നേരമ്പോ ക്കായി മാത്രം രതിയെ, മദിരയെ സ്വച്ഛമാം ***വെള്ള***മായും
നാരിത്വത്തെ***ച്ചരക്കാ***യ്, സഹജ മനുജനെക്കേവലം ***കക്ഷി***യായും
ധർമ്മത്തെബ്ഭിക്ഷയായും കവനമൊരു വെറും ***കൗതുകം*** മാത്രമായും
നേരംപോൽ പാർത്തുകാണാൻ നിപുണത തികയും കൈരളീഭാഷ വെൽക.

കവി : രാജേഷ് വർമ്മ

3.1168 ധനത്തിനുള്ള ചൂഷണം. . . (കർത്താ)

പഞ്ചചാമരം

ധനത്തിനുള്ള ചൂഷണം, ജനത്തിനുള്ള ശോഷണം,
ധനിയ്ക്കു സർവപോഷണം–ധനാധിപത്യലക്ഷണം!
ധനപ്രധാനമാകണം ധനാധിപത്യ, മേതിനും
ധനം ധനം ധനം ധനം ധനം ധനം ധനം!.....

കവി : ഏവൂർ പരമേശ്വരൻ

3.1169 ധാതാവാദൗ ചമച്ചോരുദകം. . . (ഉമേഷ്)[211]

സ്രഗ്ധര

ധാതാവാദൗ ചമച്ചോരുദക, മഥ ഹവിർവാഹിയാം വീതിഹോത്രൻ,
ഹോതാ താനും, ദിനേശൻ, നിശയുടെ പതിയും, നാദലക്ഷ്യം നഭസ്സും,
ഭ്രതാളിക്കാകെയേകപ്രകൃതി പൃഥിവിയും, പ്രാണദൻ മാരുതൻ താ,–
നേതാവദ്വ്യക്തമൂർത്യഷ്ടകനലകുടയോൻ നിങ്ങളെക്കാത്തിടട്ടേ!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശാകുന്തളം തർജ്ജമ (മണിപ്രവാളശാകുന്തളം)*

3.1170 ഭഗവൻ, തവ പുണ്യനാമജാലം. . . (രാജേഷ്)

വസന്തമാലിക

ഭഗവൻ, തവ പുണ്യനാമജാലം
പകലും രാവുമറക്കെ വാഴ്ത്തി മേവും
തവ ഭക്തരിൽ നിന്നുമെന്നെ നിത്യം
ഭവനാധീശ്വര, കാത്തു കൊള്ളണം നീ!

കവി : രാജേഷ് വർമ്മ

3.1171 തണ്ടാർ ചാന്നാരു രണ്ടിങ്കലും. . . (കർത്താ)

സ്രഗ്ധര

തണ്ടാർ ചാന്നാരു രണ്ടിങ്കലുമിവിടൊരുപോലീ പ്രയോഗങ്ങൾ കാണ്മാ–
നുണ്ടല്ലോ ഹേ പണിക്കർക്കിദമസുലഭമായീടുവാനെന്തുബന്ധം?
പണ്ടത്തേപ്പാക്കനാരോടറിക പുലയനാരോടുമീ രേഫമൂന്നി–
ശ്ശുണ്ഠയ്ക്കോരുന്നവോ താൻ ഹൃദയമതിനിടുക്കേറുമെൻ സൂത്രധാരാ.

കവി : **മൂലൂർ**, കൃതി : *('പണിക്കർ' യുദ്ധം)*

3.1172 പോകാനില്ലയെനിക്കു മറ്റൊരിടം. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

പോകാനില്ലയെനിക്കു മറ്റൊരിടമിപ്പാരിങ്കൽ ശ്ലോകങ്ങളെ–
ച്ചൊല്ലാനും ബത കേൾക്കുവാനുമതിലെക്കുറ്റങ്ങൾ തീർക്കാനുമേ
എന്നാലും മുതിരുന്നിതങ്ങു വിടുവാൻ വൃത്തത്തിലൊക്കാത്തതാ–
മെന്നോടിന്നു പൊറുത്തിടട്ടെ ദയവായ് കൂട്ടർക്കിതാ വന്ദനം!

കവി : ദിലീപ്

3.1173 എല്ലാമീശ്വരലീല. . . (ഉമേഷ്)[212]

ശാർദ്ദൂലവിക്രീഡിതം

എല്ലാമീശ്വരലീല, 'വൃത്ത'ഗതനായൊട്ടും വെളിച്ചത്തുടി–

[211] [*ഉമേഷ്*] **ശ്ലോകം 3.1169 :** മൂലശ്ലോകം (**കാളിദാസൻ**) :

യാ സൃഷ്ടിഃ സ്രഷ്ടുരാദ്യാഃ, വഹതി വിധിഹുതം യാ ഹവിർ, യാ ച ഹോത്രീ,
യേ ദ്വേ കാലം വിധത്തഃ, ശ്രുതിവിഷയഗുണാ യാ സ്ഥിതാ വ്യാപ്യവിശ്വം,
യാമാഹുഃ സർവ്വഭൂതപ്രകൃതിരിതി, യയാ പ്രാണിനഃ പ്രാണവന്തഃ
പ്രത്യക്ഷാഭിഃ പ്രപന്നസ്തനുഭിരവതു വസ്താഭിരഷ്ടാഭിരീശഃ

[212] *പോകാനില്ലയെനിക്കു. . .* എന്ന കഴിഞ്ഞ ശ്ലോകത്തിനുണ്ടായിരുന്ന വൃത്തഭംഗങ്ങളും മറ്റു പിശകുകളും ശരിയാക്കാൻ **ബാലേന്ദു** സഹായിച്ചതും, അതിനെ തിരസ്കരിക്കാതെ നന്നാക്കി സ്വീകരിക്കാൻ **കർത്താ** പ്രചോദനം നൽകിയതും അനുസ്മരിച്ച്, ആ ശ്ലോകം ഉൾപ്പെടുത്താൻ വേണ്ടി എഴുതിയ എ-പ ദ്രുതകവനം.

പ്പില്ലാതാർത്തുഴലുമ്പൊഴാർദ്രഹൃദയൻ 'ബാലേന്ദു' വെത്തുന്നതും,
പല്ലാൽ കോർത്തിടുവാനണഞ്ഞ വിധി തൻ 'ശാർദ്ദൂലവിക്രീഡിതം'
നല്ലാഹ്ലാദകമാക്കുവാൻ ഹൃദി ബലം 'കർത്താവു' നൽകുന്നതും!

കവി : ഉമേഷ് നായർ

3.1174 പണ്ടേ പൂവായ് വിരിഞ്ഞീടിന. . . (മധുരാജ്)

സ്രഗ്ധര

പണ്ടേ പൂവായ് വിരിഞ്ഞീടിന നിമിഷമിളംകുമ്പിളിൽ തേൻ തുളുമ്പി–
ക്കൊണ്ടേ നിന്നുമ്പിലെത്താനനുമതി വിധിയേകീലെനിക്കെത്തുകൊണ്ടോ!
വണ്ടിൻ ചാർത്താർത്തണഞ്ഞീടിന ഹൃദയമലർച്ചെണ്ടിതാ വാടുമാറായ്;
കണ്ടേക്കാ, മൊട്ടുശിഷ്ടം മധു; വിതു മധുവൈരിൻ, നിനക്കേകിയാലോ !

കവി : പി.പി.കേ.പൊതുവാൾ, കൃതി : *കിളിയുടെ നാവ്*

3.1175 വീണാപാണിനിയായി വാണി. . . (ജ്യോതി)[213]

ശാർദ്ദൂലവിക്രീഡിതം

വീണാപാണിനിയായി വാണി, മുരളീഗാനത്തിനാലിന്ദ്രനും,
താളം കൊട്ടി വിരിഞ്ചനും, മധുരമാം ഗീതത്തിനാൽ പൂമകൾ,
മന്ദ്രം സാന്ദ്രമൃദങ്ഗമോടു ഹരിയും, ചൂഴുന്ന വാനോർകളും,
സേവിയ്ക്കുന്ന പ്രദോഷവേളയിലിതാ കാർത്യായനീകാന്തനെ.

കവി : രാജേഷ് വർമ്മ

3.1176 മേലത്തുയും പുളകമാർന്നിടും. . . (കർത്താ)

വസന്തതിലകം

മേലത്തുയും പുളകമാർന്നിടുമാ യുവാവെൻ–
ചാരത്തുകൂടെ നടകൊള്ളുകിൽ രണ്ടുപേർക്കും
കാലങ്ങുമിങ്ങുമിടറും, ഹൃദയം തുടിക്കും
ഫാലം വിയർക്കുമൊരു മിന്നലകത്തു പായും.

കവി : ജി. ശങ്കരക്കുറുപ്പ്, കൃതി : *സുഭദ്ര*

3.1177 കരങ്ങളിൽ വിളങ്ങിടും മുരളി. . . (ജ്യോതി)

പൃഥ്വി

കരങ്ങളിൽ വിളങ്ങിടും മുരളി, നിൽപ്പു കാളിന്ദി തൻ–
കരയ്ക്കൊരരയാൽത്തറയ്ക്കുപരി നീലവണ്ടിൻ നിറം
അരയ്ക്കരിയ മഞ്ഞയാം തുകിലുടുപ്പു, മച്ചിത്തമേ
തിരിച്ചറിയുവാൻ പണിപ്പെടുക വേണ്ട ഗോവിന്ദനെ!

കവി : വി.കെ.ജി.

---

[213] [*ഉമേഷ്*] ശ്ലോകം **3.1175 :** മൂലശ്ലോകം :

വാഗ്ദേവീ ധൃതവല്ലകീ, ശതമഖോ വേണും ദധത്, പദ്മജ-
സ്താളോന്നിദ്രകരോ, രമാ ഭഗവതീ ഗേയപ്രയോഗാന്വിതാ,
വിഷ്ണുഃ സാന്ദ്രമൃദങ്ഗവാദനപടുർ, ദേവാഃ സമന്താത് സ്ഥിതാഃ
സേവന്തേ തമനു പ്രദോഷസമയേ ദേവം മൃഡാനീപതിം

3.1178 അളന്നു തെളിയിച്ചിടാം. . . (ഉമേഷ്)[214]

പൃഥ്വി

അളന്നു തെളിയിച്ചിടാം സുഗമ'മസ്തി'യും 'നാസ്തി'യും,
സഹായമിയലാതെ കാട്ടിടുവ'ന്നച്ച'വും 'നീച'വും,
സമർത്ഥനിതിനൊക്കെയെങ്കിലുമെനിക്കു സാധിച്ചതി–
ല്ലഗാധതയളന്നിടാൻ, സുരയെ വിട്ടു മറ്റൊന്നിലും!

കവി : സർദാർ കെ. എം. പണിക്കർ, കൃതി : *രസികരസായനം (ഉമർ ഖയ്യാം)*

3.1179 സൗജന്യാബ്ധേ, ഭവതു. . . (കർത്താ)

മന്ദാക്രാന്ത

സൗജന്യാബ്ധേ, ഭവതു ഭവതേ സ്വാഗതം; വേഗതോ ഗാ–
മാഗാസ്സമ്പ്രത്യമരതരുണീനന്ദനാന്നന്ദനാന്നു,
ഉത്സങ്ഗാത്വാ കരപരിലസദ്വല്ലകീകോണവേല്ല–
ന്നീലക്ഷൗമാഞ്ചലപടലികാമുദ്ഗിതാദദ്രിജായാഃ?

കവി : ലക്ഷ്മീദാസൻ, കൃതി : *ശ്രുകസന്ദേശം*

3.1180 ഉണ്ണീ, കേൾക്കുക നീ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഉണ്ണീ, കേൾക്കുക നീ : കൃഷിപ്പണി പഠിപ്പുള്ളോർക്കു നിന്ദാർഹമെ–
ന്നെണ്ണീടായ്ക, നരർക്കു ജീവനമതിന്നേകാശ്രയം കാർഷികം;
മണ്ണീ മട്ടു തഴച്ചു കാണ്മതു കൃഷിക്കാർ തൻ ശ്രമോദർക്കമായ്
നണ്ണീടാം, ഭുവി സാർവ്വഭൗതികസുഭിക്ഷാകർഷകൻ കർഷകൻ!

കവി : ആർ. രാമചന്ദ്രൻ നായർ

3.1181 മുദാ കരാത്തമോദകം. . . (രാജേഷ്)

പഞ്ചചാമരം

മുദാ കരാത്തമോദകം, സദാ വിമുക്തി സാധകം,
കലാധരാവതംസകം, വിലാസി ലോക രക്ഷകം,
അനായകൈക നായകം, വിനാശിതൈഭദൈത്യകം,
നതാശുഭാശു നാശകം, നമാമി തം വിനായകം

കൃതി : *ഗണേശപഞ്ചരത്നകീർത്തനം*

3.1182 അവിടെശ്ശിവനേ. . . (കർത്താ)

വിയോഗിനി

അവിടെശ്ശിവനേ കഥിക്കുവാൻ
പവിയോ നാവു? നിനയ്ക്കുവാൻ മനം
അവിതർക്കിതമല്ല പാറയോ?
കവിയും ഹന്ത മനുഷ്യനല്ലയോ?

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

---

[214] [*ഉമേഷ്*] ശ്ലോകം **3.1178 :** മൂലപദ്യം (ഉമർ ഖയ്യാം) :

For *Is* and *Is-not* though with Rule and Line
And *Up* and *Down* by Logic I define,
Of all that one should care to fathom, I
was never deep in anything but – Wine.

3.1183 അടിയനിനിയുമുണ്ടാം വേല. . . (ബാലേന്ദു)

മാലിനി

അടിയനിനിയുമുണ്ടാം വേലയെന്നാലതങ്ങാ
ഝടിതി ധനികനാക്കും ഗൾഫിലാകട്ടെ ഷേയ്ക്കേ
അടിമുടി പവനാലേ മൂടണം വീട്ടുകാരേ–
യുടനടിയതു പറ്റില്ലിന്നുമെൻ കീശ കാലി

കവി : ബാലേന്ദു

3.1184 അടിയനിനിയുമുണ്ടാം ജന്മം. . . (ഉമേഷ്)

മാലിനി

അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ–
മടി മുതൽ മുടിയോളം നിന്നിലാകട്ടെ തായേ!
അടിമലരിണ വേണം താങ്ങുവാൻ, മറ്റൊരേട–
ത്തടിയുവതു ഞെരുക്കം മുക്തി സിദ്ധിക്കുവോളം!

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*. കഴിഞ്ഞ ശ്ലോകം ഇതിന്റെ ഹാസ്യാനുകരണമാണ്.

3.1185 അങ്ങോട്ടിങ്ങോട്ടുഴന്നും. . . (കർത്താ)

സ്രുദ്ധര

അങ്ങോട്ടിങ്ങോട്ടുഴന്നും, വിപിനഭുവി തളർന്നും, വിചാരം കലർന്നും,
തുങ്ഗാതങ്കം വളർന്നും, തൃണതതിഷു കിടന്നും, സുരേന്ദ്രാനിരന്നും,
തിങ്ങും ഖേദം മറന്നും, ദിവസമനു നടന്നീടുമന്നൈഷധേന്ദ്രൻ
വൻകാട്ടിൽ കാട്ടുതീ തൻ നടുവിലൊരു ഗിരം കേട്ടു വിസ്പഷ്ടവർന്നാം.

കവി : **ഉണ്ണായി വാര്യർ**, കൃതി : *നളചരിതം ആട്ടക്കഥ*

3.1186 തായാരാകട്ടെ, തൻ നാടുടയ. . . (ഉമേഷ്)

സ്രുദ്ധര

തായാരാകട്ടെ, തൻ നാടുടയ പുകളെഴും തമ്പുരാനാട്ടെ, യാരും
ന്യായാപേതം നടന്നാ, ലവരുടെ തലയിൽക്കണ്ഠകോടാലിയൊപ്പം
പായാറാക്കി, ബ്ഭയത്തെപ്പകലിരവൊരുപോൽ പാപികൾക്കുള്ളിലേകും
മായാവിപ്രേന്ദുവിൽച്ചെന്നടിയുക മനമേ, മറ്റിടം ചുറ്റിടാതെ!

കവി : **ഉള്ളൂർ**

3.1187 പരപുരുഷനിലാശ. . . (മധുരാജ്)

പുഷ്പിതാഗ്ര

പരപുരുഷനിലാശവിട്ടു നിത്യം
പരപുരുഷങ്കൽ നിലീനചിത്തയായി
പരമരുളിന ലക്ഷ്മി ഭർത്തൃസേവാ–
പര, ഹരിപാർശ്വമലംകരിച്ചിരുന്നു

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1188 പാറാൻ പിഞ്ചുകിടാങ്ങളെ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

പാറാൻ പിഞ്ചുകിടാങ്ങളെപ്പരിചയിപ്പിക്കുന്നൊരീ വേല തീ–
രാറായ്, തീരെ മുളച്ചുമില്ല ചിറകെ,ന്മക്കൾക്കൊരാൾക്കെങ്കിലും
പാറാവായിരുൾ പിന്നിൽ വന്നമരുമീയന്തിക്കുമാഹന്ത ചേ–
ക്കേറാൻ ഭാഗ്യമെഴാതെ,യിപ്പറവ തെണ്ടാറായിരക്കീശ്വരാ!

കവി : ടി. എം. വി.

3.1189 പന്തിടഞ്ഞ കുളർകൊങ്ക. . . (കർത്താ)

കുസുമമഞ്ജരി

പന്തിടഞ്ഞ കുളർകൊങ്ക രണ്ടുമിടതിങ്ങി കിഞ്ചന കുലുങ്ങിയും
പന്തടിച്ചു ഗിരിശന്നു നേരെയൊരു മന്ദമാം ഗതിവിലാസവും
ചന്തമാർന്നൊരു ലലാടവും ഭുവനമോഹനം ചില കടാക്ഷവും
ചിന്തചെയ്വതിനു മേ വരം തരിക ശംഭുമോഹിനി! ദിവാനിശം.

കവി : കോട്ടയത്തു തമ്പുരാൻ

3.1190 ചന്തം ചേർന്നെന്റെ മാറത്ത്. . . (ബാലേന്തു)

സ്രുദ്ധര

"ചന്തം ചേർന്നെന്റെ മാറത്തിരുകുരു വളരെ സ്പഷ്ടമായുണ്ടു കാണ്മൂ;
എന്താണീ രോഗമമ്മേ? പ്രതിവിധി പറയൂ, വേദനിക്കുന്നതില്ലാ!"
"ഗ്രന്ഥിദ്വന്ദ്വം മനസ്സിൻ തരുണമദരസത്തിനു, വാർധക്യമത്രേ–
വൈദ്യൻ, നോവാർന്നിടാ നീ, യവശതയവയെക്കാണുവോർക്കാണു മോളേ!"

3.1191 ഗംഗാവീചിപരമ്പരയ്ക്ക. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഗംഗാവീചിപരമ്പരയ്ക്ക മദമമ്പേ പോം പദാഡംബരാ–
സംഗത്തോടു, മകം കുളിർക്കുമൊരു ഭാവാഭാപ്രഭാവത്തൊടും,
സംഗീതത്തൊടു ലേശബന്ധമെഴുമാലാപക്കൊഴപ്പോടുമാ
രംഗസ്ഥർക്കു രസം വളർത്തി വളരു നീയക്ഷരശ്ലോകമേ!

കവി : ടി. എം. വി.

3.1192 സൂര്യപുത്രവിജയത്തിനായ്. . . (ബാലേന്തു)

രഥോദ്ധത

സൂര്യപുത്രവിജയത്തിനായ് ഛലം
സൂര്യവംശജനനത്തിലാർന്നവൻ
സൂതനായ്കപടനാട്യമാടിനാൻ
സൂതപുത്രഹനനത്തിനായഹോ!

കവി : ബാലേന്തു

3.1193 സാരമുള്ള വചനങ്ങൾ. . . (ഉമേഷ്)

രഥോദ്ധത

സാരമുള്ള വചനങ്ങൾ കേൾക്കിലും
നീരസാർത്ഥമറിയുന്ന ദുർജ്ജനം
ക്ഷീരമുള്ളൊരകിടിൻ ചുവട്ടിലും
ചോര തന്നെ കൊതുകിന്നു കൗതുകം!

3.1194 ക്ഷിതിയിലഹഹ. . . (കർത്താ)[215]

അപരവക്ത്രം

ക്ഷിതിയിലഹഹ! മർത്ത്യജീവിതം
പ്രതിജനഭിന്നവിചിത്രമാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ
കൃതികൾ മനുഷ്യകഥാനുഗായികൾ.

കവി : കുമാരനാശാൻ, കൃതി : ലീല

3.1195 പ്രാലേയശൈലരുചിയാം. . . (ഉമേഷ്)

വസന്തതിലകം

പ്രാലേയശൈലരുചിയാം നിജമാളികയ്ക്ക
മേലേറി, മോടി തടവുന്ന വരാന്തയിങ്കൽ,
മാലേന്തി വാടുമുഷ മന്ദിതചേഷ്ടയായി–
ട്ടാലേഖ്യരൂപിണി കണക്കഥ കാണുമാറായ്.

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.1196 മെയ്യിൽ പാർവതി പാതി. . . (ഋഷി)[216]

ശാർദ്ദൂലവിക്രീഡിതം

മെയ്യിൽ പാർവ്വതി പാതി, പാതി ഹരിയും പങ്കിട്ടെടുത്തീടവേ
പോയല്ലോ ഹരനെന്ന ഗംഗയുടനേ ചെന്നങ്ങു ചേർന്നാഴിയിൽ
വാനത്തമ്പിളിലേഖ, പാമ്പു കഴിയിൽ, സർവജ്ഞതാധീശതാ–
സ്ഥാനം രണ്ടു ഭവാങ്ക, ലെങ്കിലുമഹോ ഭിക്ഷാടനം ഭൂപതേ!

കവി : എ. ആർ. രാജരാജവർമ്മ

3.1197 വ്യാളം ബാലമൃണാളതന്തുഭിരസൗ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വ്യാളം ബാലമൃണാളതന്തുഭിരസൗ രോദ്ധും സമുജ്ജൃംഭതേ;
ഭേത്തും വജ്രമണിം ശിരീഷകുസുമപ്രാന്തേന സന്നഹ്യതേ;
മാധുര്യം മധുബിന്ദുനാ രചയിതും ക്ഷാരാംബുധേരീഹതേ;
മൂർഖാൻ യഃ പ്രതിനേതുമിച്ഛതി ബലാത് സൂക്തൈഃ സുധാസ്യന്ദിഭിഃ

കവി : ഭർത്തൃഹരി, കൃതി : *നീതിശതകം*

3.1198 മാന്യത്വം കലരും പ്രിയന്റെ. . . (കർത്താ)[217]

ശാർദ്ദൂലവിക്രീഡിതം

മാന്യത്വം കലരും പ്രിയന്റെ ഗൃഹണീസ്ഥാനം വഹിച്ചായതി–

[215] ബാലേന്തു ചൊല്ലിയ *ക്ഷോണീതലത്തിലൊരു. . .* മുമ്പേ ചൊല്ലിയതാകയാൽ പകരം ചൊല്ലിയ ക്ഷ-പ്ര ശ്ലോകം.

[216] [*ഉമേഷ്*] ശ്ലോകം **3.1196 :** മൂലശ്ലോകം (കാളിദാസൻ) :

അർദ്ധം ദാനവവൈരിണാ, ഗിരിജയാപ്യർദ്ധം ശിവസ്യാഹൃതം
ദേവേത്ഥം ധരണീതലേ സ്മരഹരാഭവേ സമുന്മീലതി
ഗംഗാ സാഗര, മംബരം ശശികലാ, നാഗാധിപഃ ക്ഷ്മാതലം,
സർവജ്ഞത്വമധീശ്വരത്വമഗമത്ത്വാം, മാം ച ഭിക്ഷാടനം!

[217] [*ഉമേഷ്*] ശ്ലോകം **3.1198 :** മൂലശ്ലോകം (കാളിദാസൻ) :

അഭിജനവതോ ഭർത്തുഃ ശ്ലാഘ്യേ സ്ഥിതാ ഗൃഹിണീപദേ

നൗന്നത്യത്തിനു തക്ക ജോലി പലതും ചെയ്യേണ്ട ഭാരത്തൊടേ
ഐന്ദ്രിക്കർക്കനതെന്നപോലെ സുതനും പാരാതെ സംജാതനായ്
നന്ദിക്കുമ്പോൾ നിനയ്ക്കയില്ല, മകളേ, നീയെൻ വിയോഗവ്യഥ.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *ശാകുന്തളം തർജ്ജമ*

3.1199 എന്നോ തായ്നാട്ടിൽനിന്നും. . . (ബാലേന്ദു)

സ്രഗ്ധര

എന്നോ തായ്നാട്ടിൽനിന്നും തിരികെ വരവിലക്കൈരളിത്തയ്യകൊണ്ടേ–
പോന്നെൻ പുത്തൻഗൃഹത്തിന്നരികിലതിനെ വാഴിച്ചു പാലിച്ചു നന്നായ്;
ഇന്നാളക്കൊന്ന പൂത്തു; കനകനിഭമലർത്തോരണം വീശിനിൽപ്പൂ
കുന്നും പൊന്നോളവും കാത്തിടുമൊരു ധരതൻ പൊൻകൊടിക്കൂറപോലെ.

കവി : ബാലേന്ദു

3.1200 ഇര വിഴുങ്ങിയ പാമ്പു. . . (ജ്യോതി)

ദ്രുതവിളംബിതം

ഇര വിഴുങ്ങിയ പാമ്പു മടയ്ക്കകം
വയർ പെരുത്തുഴലുന്നതു പോലെയാം
വിഷയബന്ധിത കർമ്മഫലങ്ങളാൽ
വിവശർ ഭോഗികളീ ഭവകന്ദരേ

കവി : മധുരാജ്

വിഭവഗുരുഭിഃ കൃത്യൈസ്തസ്യ പ്രതിക്ഷണമാകുലാ
തനയമചിരാത് പ്രാചീവാർക്കം പ്രസൂയ ച പാവനം
മമ വിരഹജാം ന ത്വം വത്സേ! ശുചം ന ഗണയിഷ്യസി.

3.1201 വിഷമിറക്കിയ പാമ്പു. . . (ബാലേന്തു)

ദ്രുതവിളംബിതം

വിഷമിറക്കിയ പാമ്പു മടങ്ങവേ
വിഷമമോടെ ഗമിപ്പതുപോലെയാം
ജനമതം കിടയാതെയിലക്ഷനിൽ
വലിയ തോൽവി പിണഞ്ഞൊരു ലീഡറും.

കവി : ബാലേന്തു

3.1202 ജനകനെന്തരുളും. . . (കർത്താ)

ദ്രുതവിളംബിതം

ജനകനെന്തരുളും തെളിവോടു മി–
ജ്ജനമതിൻപടി ചെയ്തിടുമെന്നതും
ജനകനുണ്ടിവനിൽ പ്രിയമെന്നതും
ജനത കണ്ടറിയട്ടെ; ഗമിക്ക നാം.

കവി : കട്ടക്കയം, കൃതി : *ശ്രീയേശു വിജയം*

3.1203 ജീവിക്കാൻ മാറിമാറിക്കഴകം. . . (ബാലേന്തു)

സ്രുദ്ധര

ജീവിക്കാൻ മാറിമാറിക്കഴകമഴിമതിക്കള്ളദൈവങ്ങൾവാഴും
കോവിൽക്കെട്ടിൽക്കടന്നു, പലകുറി വെറുതേയീറനേറ്റേണ്ടി വന്നു,
തേവർക്കായ് വച്ച നേദ്യപ്പടകൾ കവരുമെമ്പ്രാനെയും തൻ വിളക്കാൽ
സേവിക്കാൻ വന്ന യോഗം, തവ നിപുണകവേ, ജാതകം ജാതിതന്നെ!

കവി : എൻ.കെഡേശം , കൃതി : *(എൻ.വി.കൃഷ്ണവാര്യരേപ്പറ്റി)*

3.1204 തദനു മൃദുലഹാസീ. . . (ജ്യോതി)

മാലിനി

തദനു മൃദുലഹാസീ വേണുനാദാപഹാസീ
മധുരതരമഗാസീദ്ധരാധൈർവിലാസീ
പശുപയുവതിജാതൈരീശ സാകം സുജാതൈഃ
പുരുസുകൃതസമേതൈർഭ്ദരിസമ്മോദമേതൈഃ

കവി : മാനവേദരാജാ, കൃതി : *കൃഷ്ണഗീതി*

3.1205 പനിമലമകൾ താനായ്. . . (ബാലേന്തു)

മാലിനി

പനിമലമകൾ താനായ്പ്പാതിദേഹം വരേയ്ക്കും
കനിവിനൊടപരത്തോൽ താനുമായിട്ടിരിക്കും
പനിമതികല ചൂടും സച്ചിദാനന്ദരൂപം
ജനിമൃതിഭവഖേദം തീർത്തു മാം കാത്തിടേണം

3.1206 പല്ലക്കേറി മനോജ്ഞമംഗള. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പല്ലക്കേറി മനോജ്ഞമംഗളവിളക്കേന്തി ശ്മശാനത്തിൽ വ–
ന്നല്ലൽപ്പാടൊടിറങ്ങി നോക്കി നടുവേ നിന്നന്യ കേഴുന്നഹോ!
പുല്ലശ്രീ ഹരികേതു പാറിയ രഥം വിട്ടെത്തി ദൂരത്തുപോയ്
തെല്ലന്തർഗ്ഗതമാർന്ന നിന്ന വിലപിച്ചീടുന്ന മൂന്നാമവൾ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.1207 ഫണശൃംഗസഹസ്ര. . . (ജ്യോതി)[218]

ഫണശൃംഗസഹസ്രവിനിസ്സ്മര–
ജ്വലദഗ്നികണോഗ്രവിഷാംബുധരം
പുരതഃ ഫണിനം സമലോകയഥാ
ബഹുശൃംഗിണമഞ്ജനശൈലമിവ

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം (55)*

3.1208 പാരമുണ്ടു ഗുണമിജ്ജഗത്തിൽ. . . (ബാലേന്ദു)

പാരമുണ്ടു ഗുണമിജ്ജഗത്തിൽ നി–
സ്സാരമെങ്കിലുമെഴും കിറുക്കിനാൽ;
നേരെയല്ലിവിടെയൊന്നുമാകയാൽ
നേർമതിക്കധികമാണു ദുർഘടം!

കവി : ബാലേന്ദു

3.1209 നിനയ്ക്കണം പുത്രരിൽ. . . (ഉമ)

വംശസ്ഥം

നിനയ്ക്കണം പുത്രരിൽ മീതെയായിയും
കനത്ത വാൽസല്യമൊടിക്കുലീനനെ
നിനക്കു ഗർഭപ്രസവാദിപീഡയാൽ
മനം കലങ്ങാതെ ലഭിച്ച കുഞ്ഞിവൻ

കവി : വള്ളത്തോൾ , കൃതി : *ശിഷ്യനും മകനും*

3.1210 നനയ്ക്കണം മറ്റവയോടു. . . (ബാലേന്ദു)

വംശസ്ഥം

നനയ്ക്കണം മറ്റവയോടു ചേർത്തിടാ–
തുണക്കണം; വർണ്ണമെഴുന്നൊരീക്കുണി;
നിനക്കു റോട്ടിന്നരികത്തു പേശലാൽ
പണം കുറച്ചേകി ലഭിച്ചതല്ലയോ?

കവി : ബാലേന്ദു. മുൻശ്ലോകത്തിന്റെ ഹാസ്യാനുകരണം.

3.1211 നമുക്കെന്തു നാമം. . . (കർത്താ)

ഭുജംഗപ്രയാതം

നമുക്കെന്തു നാമം? നമുക്കെന്തു രൂപം?

[218] [*ഉമേഷ്*] ശ്ലോകം **3.1207 :** പരിഭാഷ (സി. വി. വാസുദേവഭട്ടതിരി) :

ഫണശൃംഗസഹസ്രമുതിർത്തൊരു തീ–
പ്പൊരി ചിന്തി വിഷക്കെട്ടുനീർ ചൊരിയും
ഫണി വന്നിതു മിന്നലെഴും മുകിലൊ–
ത്തുരുശൃംഗകമാം കരിമാമല പോൽ.

നമുക്കെന്ന വാക്കും മറക്കേണ–മെന്നാൽ
മിഴിപ്പീലിയിൽത്തങ്ങി നിൽക്കുന്നൊരിറ്റിൽ
മഹാകാലയാത്രയ്ക്കശാന്താഭിലാഷം!

കവി : വി. മധുസൂദനൻ നായർ, കൃതി : *നമുക്കിനി മറക്കാം*

3.1212 മെല്ലേ വെയ്ക്കുമൊരോ പദം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

മെല്ലേ വെയ്ക്കുമൊരോ പദം, ചുഴലവും ശബ്ദങ്ങളെത്തേടിടും,
നല്ലോരർത്ഥഗണം കൊതിച്ചിടു, മലങ്കാരങ്ങൾ കൈക്കൊണ്ടിടും,
ഭാഷയ്ക്കുള്ള സുവർണ്ണമൊക്കെയുമെടുത്തീടും ക്ഷണത്തിൽ, സദാ
ദോഷാന്വേഷണതത്പരൻ കവിവരൻ ചോരന്ന തുല്യൻ ദ്വയം

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.1213 ഭദ്രം പഴുത്ത പരിപാകരസം. . . (കർത്താ)

വസന്തതിലകം

ഭദ്രം പഴുത്ത പരിപാകരസം പകർന്ന
മുദ്രീകതന്മധുരമേ മമ തമ്പുരാനേ!
ഖദ്യോതകാന്തിവടിവേ കതിരേ കലർന്ന
ഹൃദ്ദീപമേ! ഹൃദയമേ! ഹിതമേ തൊഴുന്നേൻ!

കവി : കുമാരനാശാൻ, കൃതി : *ശിവസുരഭി*

3.1214 ഖഡ്ഗം പൊന്മണിവീണയാക്കി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ഖഡ്ഗം പൊന്മണിവീണയാക്കി; യൊഴുകും കാറ്റിന്റെയീണങ്ങളും
സർഗ്ഗോപാസകശക്തിതന്റെ വിജയം വാഴ്ത്തുന്ന സൂക്തങ്ങളും
സ്വർഗ്ഗം തേടിയ ഗാനവും പുഴകൾതൻ വെൺനുപുരക്വാണവും
വർഗ്ഗോൽകർഷചരിത്രവാഗ്മി വയലാർ പാട്ടാക്കി മീട്ടുന്നിതാ.

കവി : ബാലേന്ദു

3.1215 സ്രഷ്ടാവിന്റെ വിശിഷ്ടശിൽപ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സ്രഷ്ടാവിന്റെ വിശിഷ്ടശിൽപരചനാചാതുര്യവായ്പിന്ന നൽ–
ദൃഷ്ടാന്തം, രസികോപമർദ്ദവിധി നിർബ്ബാധസ്രവത്സദ്രസം
മൃഷ്ടാസ്വാദനയോഗ്യ, മിഷ്ടവിഭവാശ്ലിഷ്ടം, സമസ്തേന്ദ്രിയാ–
ഭീഷ്ടാപാദനകർമ്മധർമ്മ, മമലം, സത്കാവ്യമിക്കാമിനി.

കവി : ടി. എം. വി.

3.1216 മുന്നോട്ടു നീങ്ങുന്ന. . . (കർത്താ)[219]

മുന്നോട്ടു നീങ്ങുന്ന ജഡം ശരീരം,

[219] [*ഉമേഷ്*] ശ്ലോകം **3.1216 :** മൂലശ്ലോകം (കാളിദാസൻ) :
ഗച്ഛതി പുരഃ ശരീരം / ധാവതി പശ്ചാദസംസ്തുതം ചേതഃ
ചീനാംശുകമിവ കേതോഃ / പ്രതിവാതം നീയമാനസ്യ.

പിന്നോട്ടു പായുന്ന മനസ്സുനീശം;
ഭിന്നിച്ച കാറ്റത്തു നയിച്ചിടുമ്പോൾ
ചിന്നും കൊടിയ്ക്കള്ളെലാരു കൂറ പോലെ.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *ശാകുന്തളം തർജ്ജമ*

3.1217 ഭോജ്യം സാധു പയഃ. . . (ഉമേഷ്)[220]

ശാർദ്ദൂലവിക്രീഡിതം

ഭോജ്യം സാധു പയഃ സ്ഥിതിർമണിഗണൈരാരഞ്ജിതേ പഞ്ജരേ
ദൂരേ ചിന്തയിതും ച ദംശമശകാഃ പാരേ ഗിരാം ലാളനം
സത്യം സർവ്വമഥാപി കാനനഭുവി സ്വാച്ഛന്ദ്യമവ്യാഹതം
ധ്യായന്തീ വിമനാമനാഗപി ശുകീ നാലംബതേ നിർവൃതിം

കവി : നീലകണ്ഠദീക്ഷിതർ, കൃതി : *അന്യാപദേശശതകം*

3.1218 സരളേ, പരിഭ്രതി. . . (കർത്താ)

വിയോഗിനി

സരളേ, പരിഭ്രതിനിസ്സഹാ
കിമഭിക്രുധ്യസി വേധസം ശഠം
ഫണിനീവ മയൂരശാബകം
ഫണമാണിക്യഹഠാപഹാരിണം.

കവി : എ.ആർ. രാജരാജവർമ്മ, കൃതി : *പിതൃപ്രലാപഃ*

3.1219 ഫലത്തിലില്ലാശ. . . (ജ്യോതി)

ഉപേന്ദ്രവജ്ര

ഫലത്തിലില്ലാശ നിനക്കു തെല്ലും
തഥാപിയേകുന്നു നറും സുമങ്ങൾ
എനിയ്ക്കുമീവിദ്യ പകർന്നു നൽകു
ലതേ! നമിയ്ക്കുന്നിഹ കൂപ്പുകൈ തേ

കവി : ജ്യോതിർമയി

3.1220 എന്നിട്ടെല്ലാവരും പോ, യറയിൽ. . . (ഉമേഷ്)

സ്രുദ്ധര

“എന്നിട്ടെല്ലാവരും പോ, യറയിലിരുവരായ് – ഞാനുമദ്ദേഹവും”, “ചൊ–
ല്ലെന്നി?”, “ട്ടെൻ തോഴിമാരേ, ദയിതനൊടൊരുമിച്ചതു ഞാൻ പോയ്ക്കിടന്നു”,
“എന്നി?”, “ട്ടെന്നിട്ടു തേങ്ങാക്കുല”, “പറയു സഖീ” യെന്നു നിർബ്ബന്ധമായി–
ച്ചൊന്നപ്പോളുൾത്രുപാബന്ധുരമുഖകമലം പൊത്തിയസ്സാധു കേണാൾ!

കവി : വി. കെ. ജി.

3.1221 എണ്ണ തീർന്ന തിരി. . . (ബാലേന്ദു)

രഥോദ്ധത

എണ്ണ തീർന്ന തിരി കത്തിനിന്നിടും
വണ്ണമാണു മനുജന്റെ വാർദ്ധകം
വെട്ടമില്ല, ചെറുചൂടുമില്ലഹോ!
കെട്ടുപോയിടുമനങ്ങിയാലുടൻ.

കവി : വൈരശ്ശേരി കെ.എൻ. നമ്പൂതിരി

3.1222 വെണ്ണ തോൽക്കുമുടലിൽ. . . (ഉമേഷ്)

രഥോദ്ധത

വെണ്ണ തോൽക്കുമുടലിൽ സുഗന്ധിയാ–
മെണ്ണ തേ, ച്ചരയിലൊറ്റമുണ്ടുമായ്,
തിണ്ണ മേലമരുമാ നതാംഗി മു–
ക്കണ്ണനേകി മിഴികൾക്കൊരുത്സവം.

കവി : വള്ളത്തോൾ, കൃതി : *ഗണപതി*

3.1223 തെളിഞ്ഞൂ ദിക്പാളീ. . . (വിശ്വപ്രഭ)

ശിഖരിണി

തെളിഞ്ഞൂ ദിക്പാളീ, സരസികളിലംഭോരുഹകുലം
വിരിഞ്ഞൂ, പൂന്തേനിൻ കൊതിയൊടു വലഞ്ഞൂ മധുകരം,
കുറഞ്ഞൂ മേഘച്ചാർത്തധിഗഗനമേറ്റം തെളിമകൊ–
ണ്ടണിഞ്ഞൂ ചന്ദ്രാർക്കൗ ശിവ ശിവ ശരത്കാലമഹിമാ

കവി : പൂനം നമ്പൂതിരി, കൃതി : *ഭാഷാ രാമായണചമ്പു*

3.1224 കളം കുറുത്ത കൊണ്ടലുണ്ടിരുണ്ട. . . (കർത്താ)

പഞ്ചചാമരം

കളം കുറുത്ത കൊണ്ടലുണ്ടിരുണ്ട കൊണ്ട കണ്ടെഴും–
കളങ്കമുണ്ട കണ്ടനെങ്കിലും കനിഞ്ഞുകൊള്ളുവാൻ
ഇളമ്പിറക്കൊഴുന്നിരുന്ന മിന്നുമുന്നതത്തല–
ക്കുളം കവിഞ്ഞ കോമളക്കുടം ചുമന്ന കുഞ്ജരം.

കവി : ശ്രീനാരായണഗുരു, കൃതി : *സദാശിവദർശനം*

3.1225 ഇരിക്കുവാൻ നിവൃത്തിയില്ല. . . (ബാലേന്ദു)

പഞ്ചചാമരം

ഇരിക്കുവാൻ നിവൃത്തിയില്ല സീറ്റുപോകുമേൽക്കുകിൽ
ശരിക്കനങ്ങുവാനുമില്ലിടം ശ്വസിച്ചിടാനുമേ
അനക്കമറ്റു നാവിറങ്ങിയോരുമട്ടിലായി ഞാൻ
നിനച്ചു മണ്ടനായിതേ; അനർത്ഥമോ സ്വയംകൃതം

കവി : ബാലേന്ദു

---

[220] [*ഉമേഷ്*] ശ്ലോകം **3.1217 :** പരിഭാഷ (കേരളവർമ്മ വലിയ കോയിത്തമ്പുരാൻ) :

ക്ഷീരമുണ്ടു സരസം ഭുജിപ്പതി, നിരിപ്പതിന്നു മണിപഞ്ജരം,
ദൂരവേ മശകചിന്തയൊക്കെയു, മജസ്രമെത്ര പരിലാളനം,
നേരതൊക്കെയുമഥാപി കാനനവിഹാരമോർത്തു വിമനായിതാ
കീരസുന്ദരി കൃതാർത്ഥഭാവമണയുന്നതില്ല ലവലേശവും.

3.1226 അരിക്കകത്തു കൈവിരൽ. . . (ഉമേഷ്)

പഞ്ചചാമരം

അരിക്കകത്തു കൈവിരൽ പിടിച്ചുവച്ചൊരക്ഷരം
വരച്ച നാൾ തുടങ്ങിയെന്റെ മേൽഗതിയ്ക്ക വാഞ്ഛയാ
പരിശ്രമിച്ച പൂജ്യപാദരായൊരെൻ ഗുരുക്കളെ–
പ്പരം വിനീതയായി ഞാൻ നമസ്കരിച്ചിടുന്നിതാ!

കവി : സിസ്റ്റർ മേരി ബെനീഞ്ജ

3.1227 പൂങ്കാവാഴി വിവാഹം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പൂങ്കാ, വാഴി, വിവാഹ, മദ്ദ്രി, നഗരം, ദൗത്യം, കുമാരോദയം,
ശൃംഗാരം, മൃഗയാവിനോദന, മുതുക്കുട്ടം, ജലക്രീഡനം,
ചന്ദ്രാർക്കോദയ,മാഹവം, നിശ, യുഷ, സ്സാമന്ത്രണം, നായകോൽ–
ക്കർഷം തൊട്ട മനോജ്ഞവസ്തുനിവഹം വർണ്ണിക്കിൽ വൻ കാവ്യമാം.

3.1228 ചന്തക്കാർനടിനായകാദി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ചന്തക്കാർനടിനായകാദി, മരണം, ബോംബും കിരാതത്വവും,
സന്താനാദിനിയന്ത്രണം, മതപരം ശണ്ഠാസഹസ്രം തഥാ
മിണ്ടാപ്രാണിവധം, ധനാപഹരണം, സ്ത്രീപീഡനം, മൂഢനാം
മന്ത്രീചേഷ്ടിത – മാദിമാത്രമിതുനാൾ വർണ്ണിക്കിൽ വായിച്ചിടും

കവി : ബാലേന്ദു. മുൻശ്ലോകത്തിന്റെ ഹാസ്യാനുകരണം.

3.1229 മാനം ചേർന്ന ഭടന്റെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മാനം ചേർന്ന ഭടന്റെ മിന്നൽ ചിതറും കൈവാളിളക്കത്തിലും,
മാനഞ്ചും മിഴി തൻ മനോരമണനിൽച്ചായുന്ന കൺകോണിലും,
സാനന്ദം കളിയാടിടുന്ന ശിശുവിൻ ദ്രുവേർപ്പണിപ്പൂങ്കവിൾ–
സ്ഥാനത്തും, നിഴലിച്ചു കാണു കവിതേ, നിൻ മഞ്ജുരൂപത്തെ ഞാൻ.

കവി : വള്ളത്തോൾ, കൃതി : *കവിത*

3.1230 സത്യം തെല്ലുമിയന്നിടാതെ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

സത്യം തെല്ലുമിയന്നിടാതെ പലതും വാഴ്ത്തും പരസ്യത്തിലും
നിത്യം മോഡൽ ചമഞ്ഞിടുന്ന നടിതൻ ശ്രുഷ്കസ്തനാദ്യത്തിലും
സ്വാർത്ഥപ്രേരിതകൃത്സിതാഭയിയലും വാശാനപത്രത്തിലും
തീർത്തും കാണുകയില്ല ധന്യകവിതേ, നിൻ മുഗ്ധഭാവം ദൃഢം.

കവി : ബാലേന്ദു. മുൻശ്ലോകത്തിന്റെ ഹാസ്യാനുകരണം.

3.1231 സാപത്ന്യം പൂണ്ടു കൂട്ടാർക്കുതി. . . (കർത്താ)

സ്രുദ്ധര

സാപത്ന്യം പൂണ്ടു കൂട്ടാർക്കുതി വരുവതിൽ കാന്തമാരേന്തുമത്രേ
ലോപംകൂടാത്ത മോദം ഹൃദി, ഭവതി മറിച്ചാവതെന്തീവിധത്തിൽ?
ചാപം തോൽക്കുന്നതാം നിൻ പുരികമൊഴികെ മറ്റൊന്നിലും തന്നെയീ ഞാൻ
രോപം സന്ധിച്ചനാൾതൊട്ടിതുവരെയടിമപ്പെട്ടതായ് കേട്ടതില്ല

കവി : **ഉള്ളൂർ**, കൃതി : *സൂജാതോദ്വാഹം*

3.1232 ചലാപാംഗം ദൃഷ്ടഃ. . . (ജ്യോതി)[221]

ശിഖരിണി

ചലാപാംഗം ദൃഷ്ടഃ സ്പൃശസി ബഹുശോ വേപഥുമതീം
രഹസ്യാഖ്യായീവ സ്വനസി മൃദുകർണ്ണാന്തികചരഃ
കരൗ വ്യാധുന്വത്യാഃ പിബസി രതിസർവസ്വമധരം
വയം തത്ത്വാന്വേഷാന്മധുകര, ഹതാ, സ്ത്വം ഖലു കൃതീ!

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

3.1233 കടുക്കും കാഠിന്യം തടവിന. . . (ഉമേഷ്)

ശിഖരിണി

കടുക്കും കാഠിന്യം തടവിന തപത്തിൻ കടുത കൻ–
ണ്ടെടുക്കാൻ സ്വം രൂപം ത്വരയൊടുമഥാദ്രീന്ദ്രജയുടെ
പടുത്വം ചേർന്നീടും ചടുമൊഴികൾ കേട്ടിട്ടതിരസാൽ
മടിച്ചും വാണോരത്തിപുരരിപു നൽകട്ടെ കുശലം.

കവി : **എ. ആർ. രാജരാജവർമ്മ**

3.1234 പാടിക്കേട്ടതു പാടുപെട്ടു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പാടിക്കേട്ടതു പാടുപെട്ട പറയാറാകുമ്പൊഴേയ്ക്കും കിളി–
ക്കുടിൻനേർക്കു കുതിച്ചിടുന്ന മരണം കള്ളക്കരിമ്പൂച്ചയായ്
ആട്ടം കൂട്ടിനകത്തിരുന്ന കരുണം കേഴുന്നൊരിപ്പക്ഷിയെ–
ക്കുടെക്കുടെയലട്ടിടും പണി, സഖേ പാടില്ല പാടില്ല മേൽ!

കവി : **വി.കെ.ജി**

3.1235 ആരോ വിട്ടൊരു 'ചൂട്ട' കത്തിതു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

"ആരോ വിട്ടൊരു 'ചൂട്ട' കത്തിതു ദുഢം, ചൂടുള്ളതല്ലെങ്കിൽ നിൻ
താരോടൊത്ത കരദ്വയത്തിനിതെടുക്കുമ്പോൾ വിയർപ്പോലുമോ?"
ആരോമൽക്കണവന്റെ കാമലിഖിതം നോക്കിസ്സുഖിക്കുന്ന പോ–
തോരോന്നീവിധമോതി തോഴി കളിയാക്കുന്നു കയൽക്കണ്ണിയെ.

കവി : **വള്ളത്തോൾ**, കൃതി : *വിലാസലതിക*

3.1236 ആരോടും ദീനദേഹസ്ഥിതിഗതികൾ. . . (ബാലേന്തു)

സ്രുദ്ധര

ആരോടും ദീനദേഹസ്ഥിതിഗതികൾ മൊഴിഞ്ഞീല, തേങ്ങിക്കരഞ്ഞീ–
ലോരോ ജീവാണുവും ദുർമ്മതിയുടെ പിടിയിൽപ്പെട്ടലട്ടുമ്പൊഴും നീ;

---

[221] [*ഉമേഷ്*] ശ്ലോകം **3.1232 :** പരിഭാഷ (**എ. ആർ. രാജരാജവർമ്മ**) :

തൊട്ടീടും മൃദുമെയ്യിൽ നീ, യിവളുടൽ ഞെട്ടിക്കടാക്ഷിച്ചിടും,
മുട്ടിക്കാതിനടുത്തു ചെന്നു മുരളും തൻ കാര്യമോതും വിധം,
വീശിക്കൈ കുടയുമ്പൊഴെത്തി നകരും സത്തായ ബിംബാധരം;
മോശം പറ്റി നമുക്കു തത്ത്വമറിവാൻ പോയിട്ടു, നീ താൻ കൃതി!

നേരോതാം സ്തബ്ധനായേ, നെഴുതി മഷിയുണങ്ങാത്ത പദ്യങ്ങൾ വായി–
ച്ചാ രോഗം കൂടി ഞെട്ടും പടി പല വെടി പൊട്ടിച്ചു പൊട്ടിച്ചിരിക്കേ.

കവി : എൻ.കെ. ദേശം , കൃതി : *(കവി കക്കാടിനെപ്പറ്റി)*

3.1237 നെഞ്ഞിൽക്കാണാവു നാം. . . (ഉമേഷ്)

സ്രുദ്ധര

നെഞ്ഞിൽക്കാണാവു നാ, മക്കതിരൊളി തിരളും ധീരനെ, ബ്ഭസ്മരേഖാ–
മഞ്ജുശ്രീഫാലപാർശ്വേ കലയുടെ കുറി ചൂടുന്നൊരത്തമ്പുരാനെ,
കുഞ്ഞിക്കയ്യാൽ വലിക്കെ, ക്കവിത കസവു നീട്ടുന്ന തോൾമുണ്ടു ചേരും
കുഞ്ഞിക്കുട്ടാഖ്യനെ, സ്സസ്മിതസിതമണിയാം വിസ്മയം തഞ്ചുവോനെ.

3.1238 കാതിൽക്കേൾക്കാവു ഞാൻ. . . (ബാലേന്ദു)

സ്രുദ്ധര

കാതിൽക്കേൾക്കാവു ഞാനെപ്പൊഴുമുരമണിച്ചാർത്തൊലിക്കൊത്തിണങ്ങും
തോതിൽപ്പൊങ്ങും ചിലങ്കച്ചിലുചിലുനിദനം കാൽച്ചിലമ്പൊച്ചയോടും
പ്രീതിക്കെന്തുണ്ടു വേറിട്ടടിയനിതു കണക്കായതൊന്നിങ്കലല്ലാ–
തേതിൽ സ്പന്ദിച്ചിടും പാരിതിനുടെ കളസംഗീത സാരസ്യസാരം!

3.1239 പിച്ചക്കാരൻ കുബേരൻ. . . (ഉമേഷ്)

സ്രുദ്ധര

പിച്ചക്കാരൻ കുബേരൻ, പിതൃപതി സുകൃതാഘ്നാനഭിജ്ഞൻ, വിരൂപൻ
പച്ചക്കാമൻ, പതംഗൻ പകൽമതി, പരവാൻ പദ്മനാഭാഗ്രജാതൻ,
അർച്ചിഷ്മാനപ്രഭാംഗൻ, ധിഷണനധിഷണൻ, നിന്റെ പാദാംബുജത്താ–
രർച്ചിക്കും മർത്ത്യനെക്കണ്ടറിയുമവനുമേ പാപനിഷ്ടൻ വസിഷ്ടൻ!

കവി : ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ

3.1240 ആവതോളമിഹ നിത്യവും. . . (ബാലേന്ദു)

രഥോദ്ധത

ആവതോളമിഹ നിത്യവും ഭജി–
ക്കാവതായ്പ്പല പദാർത്ഥമില്ലയോ?
പാവമീ നിരപരാധി പക്ഷിയെ–
ക്കൊൽവതെന്തിനു മനുഷ്യർ കഷ്ടമേ!

കവി : വള്ളത്തോൾ, കൃതി : *കോഴി (സാഹിത്യമഞ്ജരി)*

3.1241 പാഞ്ചാലിയെക്കീചകൻ. . . (രാജേഷ്)[222]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പാഞ്ചാലിയെക്കീചകനെന്നപോലെ

[222] ഈ ശ്ലോകത്തിനു പല പ്രതികരണങ്ങളും ഉണ്ടായി. ബാലേന്ദുവിന്റെ *പൂനായിലുണ്ടു. . .* (ശ്ലോകം 3.1242), ജ്യോതിയുടെ *പൂന്തേന്മൊഴീ. . .* (ശ്ലോകം 3.1261) എന്നിവ കാണുക. ഉമേഷിന്റെ പ്രതികരണം താഴെച്ചേർക്കുന്നു:

ഒന്നല്ലൊത്തിരിയാളുകൾ വളരെ നാൾ കൈവച്ചതാണെന്നെ, പി–
ന്നെൻ ദേഹം പണയം കൊടുത്തു പലരും ചൂതാടിടുന്നിപ്പൊഴും;
ഇന്നാ ദുഷ്കരങ്ങൾ വസ്തുരിയേ നിശ്ചേഷ്ടയായ് നില്പു, നീ
എന്തും ചെയ്യുകയിക്കഠോരതനുവാമജ്ഞാതവാസസ്ഥയെ!

പുണർന്നിടാനായണയുന്നിതാ ഞാൻ
പൂന്തേൻമൊഴീ, കാവ്യമനോഹരീ, നിൻ
പൂമേനിയെന്തിത്ര കഠോരമാവാൻ?

കവി : രാജേഷ് വർമ്മ

3.1242 പൂനായിലുണ്ടു. . . (ബാലേന്ദു)

വസന്തതിലകം

പൂനായിലുണ്ടു മമ കാമുകനായൊരുത്തൻ
താനാണു ഭീമനിദമോർത്തു വസിച്ചിടുന്നോൻ
താനെന്നെയിങ്ങനെയിടയ്ക്കിടെ പൂണ്മതെങ്ങാ–
നാ നായർ കാൺകിലതു നല്ലതിനല്ല ചൊല്ലാം.

കവി : ബാലേന്ദു. കഴിഞ്ഞ ശ്ലോകത്തിനുള്ള മറുപടി.

3.1243 തയ്യായ നാളിലലിവാർന്നൊരു. . . (ഉമേഷ്)

വസന്തതിലകം

തയ്യായ നാളിലലിവാർന്നൊരു തെല്ലു നീർ തൻ
കയ്യാലണപ്പവനു കാമിതമാക നൽകാൻ
അയ്യായിരം കുല കുലയ്പ്പൊരു തെങ്ങുകൾക്കു–
മിയ്യാളുകൾക്കുമൊരു ഭേദമശേഷമില്ല.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1244 ആകാശത്തുപിറന്നമേയകുതുകം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ആകാശത്തുപിറന്നമേയകുതുകം കൈക്കൊണ്ടിരിക്കും മഹാ–
രാകാശാരദശർവ്വരീശവദനേ വൈഷമ്യമുണ്ടെങ്കിലും
ഏകേണം മധുരാധരാമൃതമെനിക്കല്ലെങ്കിലാളൊന്നുടൻ
പോകേണം പുലയായ വസ്തുത ഗൃഹത്തിങ്കൽ ഗ്രഹിപ്പിക്കുവാൻ.

കവി : ഒറവങ്കര

3.1245 എന്നെപ്പോലുമെനിക്കു നേർവഴി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

എന്നെപ്പോലുമെനിക്കു നേർവഴി നയിക്കാനൊട്ടുമാകാത്ത ഞാ–
നന്യന്മാരെ നയിച്ചു നായകപദപ്രാപ്തിക്കു ദാഹിക്കയോ?
കന്നത്തത്തിനുമുണ്ടു മന്നിലതിരെന്നോർക്കാതെ തുള്ളുന്ന ഞാ–
നെന്നെത്തന്നെ മറന്നു – കല്ലുകളെറിഞ്ഞെൻ കാലൊടിക്കു വിധേ!

കവി : ചങ്ങമ്പുഴ

3.1246 കാടത്തം കവിയായിടുന്ന. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

കാടത്തം കവിയായിടുന്ന പതിവുണ്ടീ നാട്ടിലല്ലെങ്കിലെൻ
മൂഢത്വത്തിനൊർത്ഥമായി വിടരാനീമട്ടു സാധിക്കുമോ?
പാടില്ലെന്നു പറഞ്ഞുകൂട നിയതം നീ നിന്റെ പൊന്മോതിര–
ച്ചോടാൽപ്പൂക്കളമിട്ട നാവിനുലകം സൗന്ദര്യവൃന്ദാവനം.

കവി : യൂസഫലി കേച്ചേരി

3.1247 പട്ടിയ്ക്കാംതൊടിയിട്ട. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പട്ടിയ്ക്കാംതൊടിയിട്ട ചിട്ട, കവളപ്പാറയ്ക്കെഴും പ്രാഭവം
ചുട്ടിക്കെട്ടിൽ, മിനുക്കിലോർക്ക കുടമാളൂരിൻ കടക്കൺകളി,
ഇഷ്ടംപോലെ രസം പകർന്നഭിനയം കുഞ്ചുക്കുറുപ്പിന്റെ,യൊ–
ട്ടൊട്ടല്ലൊക്കെയുമൊത്തുചേർന്ന നടനീത്തൗര്യത്രയീനായകൻ!

കവി : **കുത്തുള്ളി** , കൃതി : *കലാമണ്ഡലം കൃഷ്ണൻ നായർ സ്മരണ*

3.1248 ഇരുവശവുമിരിയ്ക്കുവോർ. . . (ഉമ)

പുഷ്പിതാഗ്ര

ഇരുവശവുമിരിയ്ക്കുവോരെണീറ്റു
തെരുതെരെയദ്ധ്വഗർ മാറിനിന്നു ദൂരാൽ
ഒരു ഭയബഹുമാനഭക്തി തിങ്ങി–
ത്തെരുവതു ഹന്ത നിതാന്തശാന്തമായി

കവി : **വള്ളത്തോൾ**, കൃതി : *ശിഷ്യനും മകനും*

3.1249 ഒരു ദീപവുമിന്ദുവും. . . (ഋഷി)

വിയോഗിനി

ഒരു ദീപവുമിന്ദുവും സ്മരി–
പ്പൊരുനക്ഷത്രവുമൊന്നുമെന്നിയേ
ഇരുൾ മേലിരുളാം സുഷുപ്തിയിൽ
ശരണം ചിന്മയദേവ ദേവ നീ

കവി : **ആശാൻ** , കൃതി : *നിശാപ്രാർത്ഥന*

3.1250 ഇന്നാവാം, നാളെയാവാം,. . . (ഉമേഷ്)

സ്രുദ്ധര

ഇന്നാവാം, നാളെയാവാം, മരണമണവതീ മാത്രയിൽത്തന്നെയാവാം,
എന്നാണെന്നോരുവാനും വിഷമകരമതോർത്താടൽ തേടായ്ക ചിത്തം;
എന്നാളും നാമനംഗാന്തകപദകമലധ്യാനനിർല്ലീനരായ്ത്താൻ
നിന്നാവൂ നിത്യമുക്തിക്കുതകിടുമതിനിന്നില്ല തെല്ലും വിവാദം.

കവി : **കെ. വി. പി. നമ്പൂതിരി**

3.1251 എത്രയുണ്ടു തവ ജീവകാല. . . (ഋഷി)[223]

കുസുമമഞ്ജരി

എത്രയുണ്ടു തവ ജീവകാലമയി ചക്രവാകി, പുനരൽപമേ,
തത്രയൗവന, മിതിങ്കലും പകൃതി രാത്രിയായതിൽ വിയോഗമേ;
അത്ര നിൻജനി നിരർത്ഥമാണറിക ശിഷ്ടമാം സമയമുള്ളത–
ങ്ങത്രയും പ്രണയകോപമായ്ക്കളകിലാരു നിന്റെ ഹിതമോതിടും?

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**, കൃതി : *അന്യാപദേശശതകം തർജ്ജമ*

[223] **[ഉമേഷ്] ശ്ലോകം 3.1251 :** മൂലശ്ലോകം (**നീലകണ്ഠശാസ്ത്രികൾ**) :

ആയുസ്തേ കിയദസ്തി, തത്ര ച കിയത്താരുണ്യ, മത്രോപി വാ–
പ്യർദ്ധം നിർഗ്ഗളിതം നിശാത്മകതയാ യത്രാസ്തി സംഗോസ്തി തേ
ശേഷാ സന്തി കതി ക്ഷണാഃ പ്രണയജസ്തത്രാപി കോപോ യദി
വ്യർത്ഥം നിശ്ചിനു ചക്രവാകി, ജനനം കസ്തേ ഹിതം വക്ഷ്യതി?

3.1252 ആറും നാലും കിടന്നാടിയ. . . (ബാലേന്ദു)

സ്രഗ്ധര

ആറും നാലും കിടന്നാടിയ മഹിതമണിച്ചെപ്പിൽ നിന്നൂറിയൂറി–
ച്ചോരും ചൊൽക്കൊണ്ട നാദാമൃതമൃദുലഹരീസംഗസഞ്ജാതമോദാൽ
ചേരും ചേലൊത്ത പുത്തൻ പുളകമുളകളായ് മാറുമീയൂഴിയിൽക്കെ–
മാറും തോറും തുടിക്കും കവിയുടെ കരളേ വെൽക തുഞ്ചൻപറമ്പേ!

കവി : വൈലോപ്പിള്ളി

3.1253 ചാടായി വന്നൂ. . . (ഉമ)

ഇന്ദ്രവജ്രാ

ചാടായി വന്നൂ ശകടാസുരൻ താൻ
ചാടാനൊരുമ്പെട്ടു മുകുന്ദഗാത്രേ
വാടാതെ പാദേന ഹനിച്ചു ബാലൻ
ചാടായിരം ഖണ്ഡമതായി വീണു

കവി : കുഞ്ചൻ നമ്പ്യാർ , കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.1254 വാരാളും മലയാളഭാഷയിൽ. . . (ഋഷി)

വാരാളും മലയാളഭാഷയിൽ മുറയ്ക്കൊക്കും മഹാകാവ്യമി–
ങ്ങാരാല്വും കൃതമായതില്ലിതുവരെയ്ക്കാ ഹാനി തീർത്തീടുവാൻ
ശ്രീരാമന്റെ ചരിത്രമാകിയ മഹാകാവ്യത്തെയൊന്നാമതാ–
യാരാൽത്തീർത്തതുകൊണ്ടു കേരളധരാവാല്മീകിയായീ ഭവാൻ!

3.1255 ശാസ്ത്രം മന്ദരമാക്കി. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ശാസ്ത്രം മന്ദരമാക്കിയിപ്രകൃതിയാം ക്ഷീരാബ്ധി തന്നെക്കട–
ഞ്ഞത്രേ മാനുഷർ –ദേവദൈത്യർ– അമൃതം നേടുന്നതീ ഭൂമിയിൽ;
സൂത്രം – നൂതനയന്ത്രജാലമലസം തുപ്പുന്ന കാകോളമി–
ങ്ങെത്തുന്നെന്നിനിയേതുതാൻ വടിവിലോ, ശ്രീനീലകണ്ഠേശ്വര!

കവി : ബാലേന്ദു

3.1256 സദ്വർണ്ണാഞ്ചിതശയ്യ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സദ്വർണ്ണാഞ്ചിതശയ്യ ചേർ, ന്നഴകെഴും ഭാവപ്രഭാവത്തൊടും,
മൃദ്വംഗാനുഗ്രഹണപ്രയുക്തവിവിധാലങ്കാരസമ്പത്തൊടും,
വിദ്വല്ലാളിതകാളിദാസകവിതയ്ക്കൊപ്പം വിളങ്ങുന്ന നീ
മദ്വക്ഷോമണിമാലികേ, കിമപി കൈക്കൊൾകാ പ്രസാദത്തെയും!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.1257 വെള്ളം ചേരാത്ത കള്ളീൻ. . . (ബാലേന്ദു)

സ്രഗ്ധര

വെള്ളം ചേരാത്ത കള്ളിൻ ലഹരി നുണയുമന്നേരവും, ദൂരെ മേവും
വെള്ളിത്താരത്തെ നോക്കി പ്രണയവിവശനായ് വേണുവൂതുന്ന പോതും
തള്ളും രോഷത്തിൽ വാഴക്കുലയുടെ ഹരണത്തെപ്പഴിക്കുമ്പൊഴും കേ–
ട്ടുള്ളം തുള്ളുന്ന – കാണാമവികലനടനം കാവ്യകന്യാവിലാസം.

കവി : ബാലേന്ദു

3.1258 തൂവെണ്ണിലാവു വിരവിൽ. . . (ഋഷി)

വസന്തതിലകം

തൂവെണ്ണിലാവു വിരവിൽ തെളിയുന്ന നേരം
പൂവിന്നുളാം പരിമളം ചൊരിയുന്ന നേരം
കാർവർണ്ണനക്കുഴലെടുത്തു വിളിച്ച നേരം
നീൾക്കണ്ണിമാരുഴറിവന്നതു കാണ്മനോ ഞാൻ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.1259 കല്ലേറു, ബസ്സുപകടം,. . . (ഉമേഷ്)

വസന്തതിലകം

കല്ലേറു, ബസ്സുപകടം, വെടിവെപ്പു, കൂട്ട–
ത്ത, ല്ലുക്രമം, കൊല തുടങ്ങിയ മാരണങ്ങൾ
എല്ലാം തിമിർക്കുമിവിടിപ്പൊഴതെപ്പൊഴെന്നു
ചൊല്ലാവതല്ല പുരുഷന്റെ തകർച്ചയാർക്കും.

കവി : ഉമേഷ് നായർ, കൃതി : *(സമസ്യാപൂരണം, ഭാഷാപോഷിണി, 1982)*

3.1260 എന്നാലുമമ്മയുടെ ചാരു. . . (ഋഷി)

വസന്തതിലകം

എന്നാലുമമ്മയുടെ ചാരുകൃപാവിശേഷാൽ
തന്നാലെതന്നെ മലയാളമതും പഠിച്ചു
പിന്നാലെ നല്ലുദയവർമ്മ നൃപാലകന്റെ
പിന്നാലെകൂടിയൊരുമാതിരിയാക്കി വച്ചു.

കവി : കെ. സി. നാരായണൻ നമ്പ്യാർ, കൃതി : *കന്യാകുമാരി പ്രാർത്ഥന*

3.1261 "പൂന്തേന്മൊഴീ"യെന്നു. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

"പൂന്തേന്മൊഴീ"യെന്നു വിളിച്ചു ചുറ്റും
ചാഞ്ചാടിയാടുന്നതു കീചകന്മാർ
തനിയ്ക്കു താനേ തുണയെന്നു കണ്ടാൽ
കരുത്തു കാട്ടേണ, മതാണു ബുദ്ധി.

കവി : ജ്യോതിർമയി. രാജേഷ് വർമ്മയുടെ *പാഞ്ചാലിയെക്കീചകൻ. . .* (ശ്ലോകം 3.1241) എന്ന ശ്ലോകത്തിനുള്ള മറുപടി.

3.1262 തായ് തീർക്കുവാൻ തക്കൊരു. . . (ഉമേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തായ് തീർക്കുവാൻ തക്കൊരു നല്ല കൊമ്പു
യാതൊന്നിൽ നിന്നോ മഴവിന്നു കിട്ടി
അശ്ശാഖിയെത്തന്നെയതാശു വെട്ടി–
വീഴ്ത്തുന്നു കാർത്തജ്ഞവിജൃംഭിതത്താൽ!

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1263 അതേ മഹാൻ ഭാർഗ്ഗവ. . . (ഉമ)

ഇരുവജ്ര/ഉപേരുവജ്ര

അതേ മഹാൻ ഭാർഗ്ഗവരാമനാണി–
സ്സതേജസാ ഭാസുരനാം ദ്വിജേന്ദ്രൻ
ജിതേന്ദ്രിയൻ ധൂർജ്ജടി ദർശനത്തിൽ–
ദ്ധൃതേച്ഛനായ്പ്പോവുകയാണിദാനീം.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1264 ജലഭരങ്ങളൊഴിഞ്ഞതി. . . (ബാലേന്ദു)

ദ്രുതവിളംബിതം

ജലഭരങ്ങളൊഴിഞ്ഞതിവേനലീ
നിലയിലാതപമാർക്കമണയ്കവേ
അലമിതെന്തൊരു ശങ്ക, വരാംഗനാ–
കലമണേ, ലമണേധു കടിക്കെടോ!

കവി : കെ.വി.പി. കൃതി: (സമസ്യാപൂരണം)

3.1265 അവനമാ വനമാലി. . . (ഉമേഷ്)

ദ്രുതവിളംബിതം

അവനമാ വനമാലി നടത്തുമെ–
ന്നിഹ മുദാഹമുദാര നിനച്ചു ഞാൻ
ഭവനപാവന, പാർക്കുവതെന്നതോർ–
ക്കണമിതാണമിതാദരമാശ മേ.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ

3.1266 ഭവനവാസിജനം. . . (ബാലേന്ദു)

ദ്രുതവിളംബിതം

ഭവനവാസിജനം തലയാട്ടിടും
കവനരീതികളുണ്ടു മഹേശ്വരീ
അവനമുണ്ടണവാനടികുമ്പിടാ–
മിവനജേ വനജേക്ഷണവന്ദിതേ.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ

3.1267 അവിരളം മലയാള. . . (ഉമേഷ്)

ദ്രുതവിളംബിതം

അവിരളം മലയാളമഹിക്കു ഹൃ–
ത്തവിയുമാറു മഹമ്മദയോധിനി
ഛവി നിതാന്തമെഴും സികതാടവീ–
സവിധമാവിധമാശു ഗമിച്ചിതേ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1268 ഛായാവിനീതാധ്വ. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഛായാവിനീതാധ്വപരിശ്രമേഷു
ഭ്രയിഷ്ടസംഭാവ്യ ഫലേഷ്വമീഷു
തസ്യാതിഥീനാമധുനാസപര്യാ
സ്ഥിതാസു പുത്രേഷ്വിവ പാദപേഷു.

കവി : കാളിദാസൻ , കൃതി : *രഘുവംശം*

3.1269 തുരഗഖുരഹതസ്ഥാ. . . (ഉമേഷ്)

പുഷ്പിതാഗ്ര

തുരഗഖുരഹതസ്ഥാ ഹി രേണുർ–
വിടപവിഭക്തരഥാർദ്ധവല്ക്കലേഷു
പതതി പരിണതാരുണപ്രകാശഃ
ശലഭസമൂഹ ഇവാശ്രമദ്രുമേഷു.

കവി : കാളിദാസൻ, കൃതി : *ശാകുന്തളം*

3.1270 പോയീ കൈരളി തൻ പ്രശസ്ത. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പോയീ കൈരളി തൻ പ്രശസ്തനയൻ, പോയീ മഹാപണ്ഡിതൻ,
പോയീ ശിഷ്യസുഹൃൽപ്രിയൻ ഭസിതമായമ്മേനി പേരായ് മഹാൻ;
മായീഭ്രതമഹോ ജഗത്സ്ഥിതിയിതാമാദ്യാക്ഷരിൽ ശോകമീ–
സ്ഥായീഭാവമിയന്നു ബാഷ്പനിരയും നിൽക്കാത്ത നീർച്ചാട്ടമായ്.

കവി : ആശാൻ, കൃതി : *പ്രരോദനം*

3.1271 മൂവാറുള്ളപ്പുഴയ്ക്കും. . . (ബാലേന്ദു)

സ്രുദ്ധര

മൂവാറുള്ളപ്പുഴയ്ക്കും ചെറുതിടയകലെത്തെക്കുമാറി ത്രിമൂർത്തീ–
ദേവന്മാർ വാണിടും മുത്തലപുരമതു വൻ കീർത്തിയില്ലാത്ത ഗ്രാമം;
മൂവന്തിക്കാളുകൂട്ടം കവലയിലരുകിൽച്ചേർന്ന നായർക്കുടുംബം
കൂരാപ്പിള്ളിൽപ്പിറന്നേൻ; ബഹുജനനുതനാം ഗാന്ധി പോയോരു വർഷം.

കവി : ബാലേന്ദു

3.1272 മഞ്ജുശ്രീമലർ മാമ്പഴം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മഞ്ജുശ്രീമലർ മാമ്പഴം മധു ഗുളം പാൽ നല്ല പഞ്ചാരയും
രഞ്ജിച്ചീടിന പായസം പനസമങ്ങപ്പം വികൽപം വിനാ
കുഞ്ഞിക്കുമ്പ നിറച്ചിതൊക്കെയമർചെയ്തീശന്റെ നൽസന്തതി–
ക്കുഞ്ഞെന്നും കുതുകത്തൊടെൻ കരൾകളിത്തട്ടിൽ കളിച്ചീടണം

കവി : വെണ്മണി മഹൻ നമ്പൂതിരിപ്പാട്

3.1273 കണ്ടാൽ നീയൊരുടഞ്ഞ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കണ്ടാൽ നീയൊരുടഞ്ഞ ശംഖു, പലരും നിന്ദിച്ചിടാം നിർദയം,
കല്യശ്രീ കലരുന്ന ശംഖനിരയെപ്പേർത്തും പുകഴ്ത്തീടുവോർ
കഷ്ടം നാളെയവറ്റ മൺതരികളാ, ണെന്നും ജയം നേടി നീ
കർമ്മപ്രേരകപാഞ്ചജന്യരവമായെന്നും മുഴങ്ങും ദൃഢം.

3.1274 കാണുന്ന ലോകങ്ങടെ. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കാണുന്ന ലോകങ്ങടെ കണ്ണിലെല്ലാം
കർപ്പൂരനീർ വീഴ്ത്തിയുമാത്തമോദം
പടങ്ങളോരോന്നിവ കണ്ടുകൊണ്ടും
പരൻ പുമാൻ പുക്കു പുരത്തിനുള്ളിൽ

കവി : കെ. സി. കേശവപിള്ള, കൃതി : *കേശവീയം*

3.1275 പഠിപ്പു തീർന്നാൽ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പഠിപ്പു തീർന്നാലുടനങ്ങെനിയ്ക്ക
പണം പെറും നൽപ്പണിയൊന്നു കിട്ടും
അന്നാൾമുതൽക്കമ്മ മദീയനവ്യ–
സമ്പത്സുധാമാധുരിയാസ്വദിയ്ക്കും.

കവി : വി.കെ.ജി

3.1276 അശ്വപ്രവാഹ്വാംബുദ. . . (ഉമേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അശ്വപ്രവാഹ്വാംബുദഗർജ്ജിതം ച
സ്ത്രീണാം ച ചിത്തം പുരുഷസ്യ ഭാഗ്യം
അവർഷണം ചാപ്യതിവർഷണം ച
ദേവോ ന ജാനാതി കുതോ മനുഷ്യഃ?

3.1277 അങ്ങോട്ടു നോക്കുക, ചുവപ്പു. . . (ഋഷി)

വസന്തതിലകം

അങ്ങോട്ടു നോക്കുക, ചുവപ്പു വെളുപ്പു പച്ച–
യെന്നീ നിറങ്ങളിടതിങ്ങിയൊരംബരാന്തം
ചെന്താരുമാമ്പലുമൊരേസമയം വിരിഞ്ഞു–
പൊന്തുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നോ?

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *വിശ്വരൂപം*

3.1278 ചേരും ചിടച്ചകിരി. . . (ഉമേഷ്)

വസന്തതിലകം

ചേരും ചിടച്ചകിരി ചാരുകപാലദിവ്യ–
നീരും മിഴിത്രിതയവും തിരളുന്നതായും
നേർപാതി നാരിപരിപൂരിതമായുമുള്ള
കേരം തരട്ടിഹ നമുക്കഖിലേപ്സിതാർത്ഥം.

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ

3.1279 നിർദ്ദേവത്വത്തിനായിട്ട്. . . (ഹരി)

സ്രഗ്ധര

നിർദ്ദേവത്വത്തിനായിട്ടസുരവരനൊരാൾ വൻതപം ചെയ്തകാല–
ത്തുണ്ടായോരത്തൽ തീർക്കാനമരഖിലരും വാണിയെസ്സേവ ചെയ്യെ
മത്തേറും ദൈത്യനാവിൽക്കപടനടനമൊന്നാടി വാനോർക്കു നിത്യാ–
നന്ദം പാരം പകർന്നീടിന ഭഗവതി, നീ ദീപ്തമാക്കെൻ കവിത്വം!

കവി : ഹരിദാസ്

3.1280 മൂലം നാൾ മുറ്റുമാളും. . . (ഉമേഷ്)

സ്രഗ്ധര

മൂലം നാൾ മുറ്റുമാളും മുഴുസുകൃതഫലം, മുഖ്യവഞ്ചിക്ഷിതിശ്രീ–
മൂലം, മൂർദ്ധാഭിഷിക്തവ്രജമുകുടമിളന്മുഗ്ധമുക്താകലാപം,
പാലംഭോരാശികന്യാപതിഭജനപരാധീന, മന്യൂനകീർത്തിയ്–
ക്കാലംബം, രാമവർമ്മാഭിധ, മവനകലാലാലസം, ലാലസിപ്പൂ!

കവി : ഉള്ളൂർ

3.1281 പണ്ടെങ്ങാണ്ടൊരു ഭ്രസുരന്റെ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

പണ്ടെങ്ങാണ്ടൊരു ഭ്രസുരന്റെ കഥ കേട്ടിട്ടുണ്ടു, കേൾക്കേണമോ?
പാണ്ടിപ്പട്ടരു വംശമായവർകളെക്കാണ്മാതിരിപ്പാനഹോ
വമ്പൻ കൊമ്പനിരണ്ടമിട്ടുകളവാനണ്ഡം തുറക്കും വിധൗ
മണ്ടിച്ചെന്നകരേറി നോക്ക്യസമയേ രണ്ടുണ്ടതിൽപ്പട്ടത്

3.1282 വൃത്തോത്തുംഗകുചങ്ങൾ. . . (ഉമേഷ്)[224]

ശാർദ്ദൂലവിക്രീഡിതം

വൃത്തോത്തുംഗകുചങ്ങ, ളുഗ്രനിതംബം, കാകളീമാധുരീ–
സത്താം ശബ്ദസുഖം, പ്രസാദ, മുചിതാലങ്കാരസമ്പന്നതാ,
ഇത്ഥം കോമളിമാവിണങ്ങുമവളെക്കാണുന്ന വിദ്യാർത്ഥികൾ–
ക്കത്യന്തം കവിതയ്ക്ക ശക്തിയുളവാകാഞ്ഞാലതാണത്ഭുതം!

കവി : വി. കെ. ജി.

3.1283 ഇന്ദ്രപ്രസ്ഥത്തിലിന്ദ്രപ്രിയ. . . (ഹരി)

സ്രഗ്ധര

ഇന്ദ്രപ്രസ്ഥത്തിലിന്ദ്രപ്രിയസുതനെ നിനച്ചുള്ളൊരൗത്സുക്യവേഗാൽ
വന്നിട്ടബ്ഭീമനാലേ മഗധപതിയെയും കൊന്ന നാടും ജയിച്ചാൻ
ധന്യാത്മാ രാജസൂയം നരപതി ബത സാധിച്ചതും ധർമ്മജൻ താ–
നൊന്നായീ ചൈദ്യനപ്പോൾ മധുമഥന! ഭവാനോടതും കൈതൊഴുന്നേൻ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണ കർണാമൃതം*

3.1284 ധീരനായനിശം. . . (ഉമ)

രഥോദ്ധത

ധീരനായനിശമപ്രമത്തനായ്

[224] ഈ ശ്ലോകം ഗ്രൂപ്പിലേക്ക് ആദ്യമായി അയച്ചതു വിശ്വപ്രഭയോണ്.

ദ്വാരപാലനമിഹാചരിയ്ക്ക മേ
സ്വൈരമെന്റെയന്തവാദമാർന്നിടാ–
താരടുക്കിലുമകത്തു കേറ്റൊലാ

കവി : വള്ളത്തോൾ, കൃതി : *ഗണപതി*

3.1285 സൂര്യൻ പൊൻകിരണം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

സൂര്യൻ പൊൻകിരണം പരത്തി വിരവിൽപ്പൊങ്ങിക്കിഴക്കംബരേ
പാരിൽ മോദമതേകി ചിങ്ങമിതുതാൻ വന്നെത്തി വീണ്ടും സഖേ
സന്തോഷപ്രദമായിടാനിനിവരും നാൾ നിങ്ങളേവർക്കുമെ–
ന്നുള്ളോരാശംസയേകാൻ തുനിയുവതടിയന്നിപ്രകാരം സദസ്സിൽ

കവി : ഋഷി

3.1286 സത്രം കാണൊരിടത്തു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

സത്രം കാണൊരിടത്തു ചത്തു കരയും കോലാഹലം കൃത്യ ചിൽ
വിദ്വാന്മാരൊരിടത്തു മദ്യപകുലം തച്ചും കയർത്തും ക്വചിൽ
മുഗ്ധസ്ത്രീയൊരിടത്തു മുത്തികളിരുന്നോങ്ങിക്കുരച്ചന്യതഃ
ശ്രോത്രാദിക്കമൃതോ തളിച്ച വിഷമോ വിശ്വം വിചിത്രം വിഭോ!

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.1287 മെയ്യിൽപ്പാമ്പുണ്ടനേകം. . . (ഋഷി)[225]

സ്രഗ്ധര

മെയ്യിൽപ്പാമ്പുണ്ടനേകം ഗളമതിൽ വിലസും കാളകൂടം കഠോരം,
കയ്യിൽ ശൂലം, കഠാരം, തിരുമിഴിയിതു തീക്കട്ട, വേഷം വിശേഷം,
അയ്യോ! നിൻകാന്തനൊത്തുള്ളൊരുപൊറുതി മഹാദുർഘടം തന്നെ, യോർത്താൽ
വയ്യേ! മറ്റാർക്കുമില്ലിങ്ങനെ ***മലമകളേ! ജാതകം ജാതി തന്നെ!***

കവി : നടുവത്തച്ഛൻ , കൃതി : *(സമസ്യാപൂരണം)*

3.1288 ആകാതാരഭിമാന. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ആകാതാരഭിമാനപൂർണ്ണരകമേ ചിന്തിക്കിലിന്നക്ഷര–
ശ്ലോകത്തിൻ പരിപൂർണ്ണചന്ദ്രികസമം കീർത്തിപ്രദം വൈഭവം;
ഓർത്താലായതിനൊക്കെയേകമഭയം സാരംഗപാണീപദം
പേർത്തും പാർത്തു തുണയ്ക്കുവാൻ കനിയണം ശ്രീരാഗപൂർണ്ണം മനം.

കവി : ബാലേന്ദു. മുദ്രാത്രപേണ ***ആരഭി***, ***പൂർണ്ണചന്ദ്രിക***, ***സാരംഗം***, ***ശ്രീ*** എന്നി രാഗങ്ങളെ സൂചിപ്പിച്ചിരിക്കുന്നു.

3.1289 ഓരോ നാളും പ്രഭാതസ്മിതമൊടു. . . (ജ്യോതി)

സ്രഗ്ധര

ഓരോ നാളും പ്രഭാതസ്മിതമൊടു കുശലാന്വേഷണം ചെയ്യ പൊങ്ങും

[225] [*ഉമേഷ്/ഋഷി*] ശ്ലോകം **3.1287 :** ഈ സമസ്യയുടെ വേറേ രണ്ടു പൂരണങ്ങൾക്ക് *എല്ലായ്പോഴും കളിപ്പാൻ. . .* (ശ്ലോകം 3.1469, പേജ് 305), *മുപ്പാരും കാക്കുവാനില്ലപരൻ. . .* (ശ്ലോകം 3.1924, പേജ് 396) എന്നിവ കാണുക.

നേരം മന്ദം തലോടും മമ തനു ജനലിൽക്കൂടിയാഹ്ലാദഹൃദ്യം
കാരുണ്യം കാട്ടുമീവാസരനിരയിലൊരാളെന്നെയൊറ്റിക്കൊടുക്കും
ചാരൻ; ശ്രദ്ധം ചിരിയ്ക്കും മൃതിയുടെ സവിധത്തിങ്കലെത്തിക്കുമെന്നെ

കവി : വി. കെ. ജി.

3.1290 കിട്ടീലയോ ദക്ഷിണ. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കിട്ടീലയോ ദക്ഷിണ വേണ്ടുവോളം
വിശിഷ്ടനാം ശിഷ്യനിൽ നിന്നിദാനീം;
ദിവ്യായുധം വല്ലതുമുണ്ടു ബാക്കി–
യെന്നാലതും നൽകിയനുഗ്രഹിയ്ക്കാം!

കവി : വള്ളാത്തോൾ , കൃതി : *ശിഷ്യനും മകനും*

3.1291 ദൈവത്തിന്റെ കരത്തിലാണ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

ദൈവത്തിന്റെ കരത്തിലാണ ഭവനം; സർവ്വം നിയന്ത്രിക്കുമാ–
ദേവൻ മന്ത്രവശംഗതൻ; മഹിതമാ മന്ത്രം ദ്വിജാധീനവും;
ഹാ! വൻപെന്തിതിലേറെ വേണമുലകിൽ ബ്രാഹ്മണ്യമാപൂർണ്ണമെ–
ന്നേവം കണ്ണമടച്ചിരുന്ന സസുഖം നമ്പൂരിതൻ പൂർവ്വികർ!

കവി : പ്രേംജി

3.1292 ഹരീശ്വരൻ തൻ. . . (ഋഷി)

ഉപേന്ദ്രവജ്ര

ഹരീശ്വരൻ തൻ പദപംക്തി നന്നായ്
നിരീക്ഷണം ചെയ്യു ചരിച്ചിടുമ്പോൾ
ശരിക്കു കാണായുടനന്തരംഗം
ഹരിച്ചിടും മാമല ഹേമശൃംഗം

കവി : കെ. സി. കേശവപിള്ള, കൃതി : *കേശവീയം*

3.1293 ശ്ലോകം ചൊല്ലി രസിച്ചിടാം. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ശ്ലോകം ചൊല്ലി രസിച്ചിടാം, ചടുലമാം കാവ്യങ്ങൾ ദർശിച്ചിടാം,
ഭാഷാപോഷണമാർന്നിടാ, മഴകെഴും ശ്ലോകങ്ങൾ നിർമ്മിച്ചിടാം,
ചർച്ചാപൂരിതമാക്കിടാ, മെവരുമായ് സല്ലാപമൊട്ടായിടാ; –
മീവേദിക്കു നമിച്ചിടാ, മിതു നയിക്കുന്നോർക്കു കമ്പിട്ടിടാം!

കവി : ഹരിദാസ്

3.1294 ചിൽപ്പുമാദ്ധ്വീകധാരേ. . . (വാസുദേവൻ)

സ്രഗ്ധര

ചിൽപ്പുമാദ്ധ്വീകധാരേ, ചിണിചിണിനിനദം ചിത്തമാറഗ്രഹംസർ–
ക്കുൾപ്പൂമോദം വളർത്തും ഭവതി, ഭവ മുഖാബ്ജത്തിലെബ്ഭൃംഗിയായും
പൊൽപ്പുമാതിൻ മണാളൻ, മലർമക, നിവരാൽ പൂജ്യപാദാബ്ജയായും
നിൽപ്പു മീനാക്ഷി, നിൻ മാനസമഹിമ, വെറും ചണ്ടി ഞാനെന്തറിഞ്ഞു?

3.1295 പ്രബുദ്ധഹൃദയംഗമ. . . (ജ്യോതി)

പൃഥ്വി

പ്രബുദ്ധഹൃദയംഗമസ്മൃതികളായ സാരസ്വത–
പ്രസന്ന നവനീതവും മലരുമില്ല മൽക്കൈകളിൽ
മുരാന്തക! പൊറുക്കുകീക്കരടുചേർന്ന കട്ടച്ചതാ–
മവിൽപ്പൊതി ഭവത്പദത്തളിരിൽവെച്ചു കൂപ്പുന്ന ഞാൻ

കവി : വി. കെ. ജി., കൃതി : *അവിൽപ്പൊതി*

3.1296 മയൂഖനഖരത്നട. . . (ഉമേഷ്)

പൃഥ്വി

മയൂഖനഖരത്നടത്തിമിരകുംഭികുംഭസ്ഥല–
സ്ഖലത്തരളതാരകാവലയകീർണ്ണമുക്താഫലാഃ
പുരന്ദരഹരിദ്ദരീകുഹരഗർഭസുപ്തോദ്ധിത–
സ്തുഷാരകരകേസരീ ഗഗനകാനനം ഗാഹതേ

കവി : കാളിദാസൻ (പൂർവ്വാർദ്ധം), ഭവഭൂതി (ഉത്തരാർദ്ധം)

3.1297 പാദാരവിന്ദത്തിൽ. . . (ദിലീപ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പാദാരവിന്ദത്തിൽ നമസ്കരിച്ചും
മുഖാരവിന്ദത്തിലലിഞ്ഞുചേർന്നും
മനസ്സിൽ നിൻ രൂപമതിൽ നമിച്ചും
കൃഷ്ണാ! ജപിക്കും തവ നാമധേയം.

കവി : ദിലീപ് നമ്പൂതിരിപ്പാട്ട്

3.1298 മഞ്ഞപ്പട്ടരവിട്ടഴിഞ്ഞതു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

മഞ്ഞപ്പട്ടരവിട്ടഴിഞ്ഞതു മലർക്കയ്യിൽപ്പിടിച്ചും കണ–
ന്നജീരധ്വനിയാനയിക്കുമിടയപ്പെണ്ണുങ്ങളായ്ക്കൊഞ്ചിയും
കണ്ണാക്ഷൻ നവനീതയാചന നടത്താനായ് തുടങ്ങുമ്പൊഴ–
ക്കുഞ്ഞിക്കാൽനഖരത്നഭാസ്സു തലയിൽച്ചൂടാൻ കൊതിയ്ക്കുന്ന ഞാൻ!

കവി : വി.കെ.ജി

3.1299 കാറ്റിൽ തീപ്പൊരി പോലെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാറ്റിൽ തീപ്പൊരി പോലെ നിൻ കൃപ പടർന്നീടേണ, മെൻ ഹൃത്തതിൽ
മാറ്റേറിക്കരതീർന്ന ഭക്തി നിറയും പൊൻപാത്രമായീടണം
ന്യൂറ്റൊന്നപ്പമനേകകോടി ഹൃദയാനന്ദാശ്രുവൊത്തിന്നിതാ
പോറ്റീ, ഈശ്വരമംഗലാധിപ, സമർപ്പിക്കുന്നു തൃക്കാൽക്കൽ ഞാൻ!

കവി : ഉമേഷ് നായർ

3.1300 നീലാളിവർണൻ ഭഗവാൻ. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നീലാളിവർണൻ ഭഗവാൻ മുകുന്ദൻ
താലാങ്കനച്ഛസ്പടികപ്രകാശൻ
കാളിന്ദിയും ഗംഗയുമേകഭാഗേ
മേളിച്ച കാന്തി പ്രസരം കലർന്നു

കവി : **കുഞ്ചൻ നമ്പ്യാർ** , കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.1301 കണ്ടേൻ മേചകമേഘകാന്തി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കണ്ടേൻ മേചകമേഘകാന്തികലരും മെയ്യും നറുംതേനണി–
ച്ചെണ്ടേന്തും ചൊടിയും തുടുത്ത കവിളും വില്ലൊത്ത വാർചില്ലിയും
ചുണ്ടേകും മണിചുംബനക്കൊതിയെഴും പൊൻവേണുവും കൗസ്തുഭം
കൊണ്ടേറെപ്പരിശോഭചേർന്ന വിലസും നെഞ്ചും മുടിപ്പീലിയും.

കവി : യൂസഫലി കേച്ചേരി, കൃതി : *അഹൈന്ദവം*

3.1302 ചാരത്തച്ചരമാധിദേവത. . . (ജ്യോതി)

സ്രുദ്ധര

ചാരത്തച്ചരമാധിദേവത ചിരിച്ചുംകൊണ്ടു നിൽക്കുന്നതി–
ങ്ങോരാതേ ബഹുകാലപദ്ധതി രചിയ്ക്കായ്കെൻ മനോരാജ്യമേ!
പോരും നിഷ്ഫലയത്ന, മൽപ്പസമയം കിട്ടുന്നതർപ്പിയ്ക്ക പാൽ–
പ്പാരാവാരതരംഗലാളിതഘനശ്യാമാഭിരാമങ്കൽ നീ!

കവി : വി.കെ.ജി.

3.1303 പ്രവാതനീലോൽപല. . . (ദിലീപ്)[226]

ഉപേന്ദ്രവജ്ര

പ്രവാതനീലോൽപലനിർവിശേഷ–
മധീരവിപ്രേക്ഷിതമായതാക്ഷ്യാ
തയാ ഗൃഹീതം ന മൃഗാങ്ഗനാഭ്യ–
സ്തതോ ഗൃഹീതം ന മൃഗാങ്ഗനാഭിഃ

കവി : കാളിദാസൻ , കൃതി : *കുമാരസംഭവം*

3.1304 തേനഞ്ചീടിന 'ഗാഥ'യാലൊരു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തേനഞ്ചീടിന 'ഗാഥ'യാലൊരു മഹാൻ താരാട്ടി മുമ്പമ്പിയ–
ന്നാനന്ദാശ്രുവിൽ മുക്കി മറ്റൊരു മഹാധന്യൻ 'കിളിക്കൊഞ്ചലാൽ'
ദീനത്വം കലരാതെയന്യസരസൻ 'തുള്ളിച്ചു' തൻ പാട്ടിനാൽ
ന്യനം കൈരളിയമ്മയും ശിശുവുമായ് നിന്നാളവർക്കന്നഹോ!

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.1305 ദ്രാക്ഷാധ്വതോദയ. . . (ജ്യോതി)

വസന്തതിലകം

ദ്രാക്ഷാധ്വതോദയനവാസവദത്തമൈത്രീ–
ദീക്ഷാരസം കവിവചസ്സിലണച്ചു നിത്യം
പദ്മാസനപ്രിയ തുണയ്ക്ക വസന്തകത്രു–
പദ്മാവതീർണ്ണമധുതർപ്പണമാചരിപ്പാൻ

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *സ്വപ്നവാസവദത്തം തർജ്ജമ*

---

[226] [*ഉമേഷ്*] ശ്ലോകം **3.1303 :** പരിഭാഷ (എ. ആർ. രാജരാജവർമ്മ) :

നീർത്തെന്നലേറ്റുലയുമുത്പലനൽപ്രസൂന–
ച്ചാഞ്ചാട്ടമോടു പടവെട്ടുമധീരനോട്ടം
മാൻപേടയോടു മുനികന്യക താൻ ഗ്രഹിച്ചോ,
മാൻപേട തന്നെ മുനികന്യയൊടഭ്യസിച്ചോ?

3.1306 പീലിക്കാർമുടി ചാഞ്ഞതും. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

പീലിക്കാർമുടി ചാഞ്ഞതും തിരുമുഖം മെല്ലേ വിയർക്കുന്നതും
ചാലക്കണ്മിഴികൊണ്ടു കാമിനികളെക്കാമിച്ച നൈപുണ്യവും
നീലക്കാർമുകിൽ വർണവും തിരുവുടൽക്കുള്ളോരു സൗരഭ്യവും
ബാലക്കാമിനിമാർ മയങ്ങിയതുമെൻ കൺകൊണ്ടു കണ്ടാവു ഞാൻ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.1307 നർമ്മോക്തിപ്പതുചെപ്പു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

നർമ്മോക്തിപ്പതുചെപ്പു മാധവ! സുഹൃത്പാളിയ്ക്ക, പാർത്ഥനു നൽ–
ക്കർമ്മോദ്ബുദ്ധത നൽകുവോരുപനിഷത്തേനുറിട്ടും താമര
അമ്മയ്ക്കുള്ളതവിശ്വരൂപ, മമൃതം രാധയ്ക്ക, ഹംകാരമ–
ങ്ങമ്മാമ,നതിമോഹനം പരിലസിച്ചീടുന്നു നിൻവായ്മലർ

കവി : വി.കെ.ജി

3.1308 ആ മന്ദാരമരങ്ങളാണു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആ മന്ദാരമരങ്ങളാണു തനയന്മാരായ നാലഞ്ചു പേർ,
പൂമാതാ മക, ളെന്നുമല്ല ഭുവനത്രാതാവു നാരായണൻ
ജാമാതാവുമെടോ നിനക്കു കടലേ, നീ തന്നെ രത്നാകരം,
ശ്രീമത്വം കുറവി – ല്ലലച്ചിലിനിയും തീർന്നില്ലതാണദ്ഭുതം!

കവി : ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാൻ, കൃതി : *അന്യാപദേശമാല*

3.1309 ജ്യോതിശ്ചക്രം കണക്കെൻ. . . (ഋഷി)

സ്രഗ്ധര

ജ്യോതിശ്ചക്രം കണക്കെൻ മനമിളകിമറിഞ്ഞായുരന്തം വരുംമുൻ–
ബോധക്കേടൊക്കെ നീക്കിത്തരികയമൃതരുൾത്തേൻ തുളുമ്പും പദം തേ
പാതിപ്പെൺമെയ്യകൻ നിൻതിരുവടിയുടെമേലേറിയാടുന്ന നേരം
മോദിച്ചേതും മടിക്കാതവനെയിവിടെ നീ കൊണ്ടുവാ തങ്കമൈലേ!

കവി : ശ്രീ നാരായണഗുരു, കൃതി : *സുബ്രഹ്മണ്യകീർത്തനം*

3.1310 പുല്ലാദിയായുള്ള. . . (ഹരി)

ഇന്ദ്രവജ്ര

പുല്ലാദിയായുള്ള ശരീരമോരോ–
ന്നെല്ലാറ്റിലുംപുക്കു പുറത്തുപോന്നേൻ
നല്ലോരു ജന്മം നരജന്മമിപ്പോൾ
വല്ലാതെയാക്കിടൊല തമ്പുരാനേ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.1311 നെഞ്ഞത്തിന്നലെ രാത്രി. . . (ഉമേഷ്)

സ്രഗ്ധര

'നെഞ്ഞത്തിന്നലെ രാത്രി പൂച്ച കടിക്കൂടിച്ചാടി വീണോ, നിറം–
മാഞ്ഞെന്തീ വട്ടു ചുണ്ടി'ലെന്നു സഖിമാരോതിച്ചിരിക്കും വിധൗ
കുഞ്ഞമ്മിഞ്ഞ കുറച്ചൊളിച്ചൊരു വിധം ചെഞ്ചുണ്ടു പൊത്തി, ഹ്രിയാ
ഞഞ്ഞമ്മിഞ്ഞ പറഞ്ഞിടുന്നൊരചലക്കുഞ്ഞേ, കനിഞ്ഞീടു നീ!

കവി : ശീവൊള്ളി

3.1312 കണ്ണാടിയിൽ കണ്ടു. . . (ഹരി)

ഇന്ദ്രവജ്ര

കണ്ണാടിയിൽ കണ്ടു കളായ രമ്യം
കണ്ണിൽ തെളിഞ്ഞോരു മുഖാരവിന്ദം
ചങ്ങാതിയെന്നിട്ടു ചിരിച്ചു കണ്ണൻ
കണ്ണാടി പൂണ്ടന്നിതു കണ്ടിടാവൂ

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.1313 ചുറ്റും മുണ്ടില്ല, ചീറ്റും. . . (ഋഷി)

സ്രഗ്ധര

ചുറ്റും മുണ്ടില്ല, ചീറ്റും ചില ഫണികളണിക്കോപ്പു, ഭ്രുതങ്ങളാണേ
ചുറ്റും, ചെന്തീയു ചിന്തും മിഴി, ചിത നടുവിൽ കേളി, ഗംഗയ്ക്ക ചിറ്റം,
ചുറ്റും നീയെന്നു താൻ ചൊന്നൊരു വടുവടിവായ്ച്ചൊന്ന വാക്കോടു ചിത്തം
ചെറ്റും ചേരാത്ത ഗൗരീനില കരളലിയെക്കണ്ട കണ്ണേ ജയിക്ക!

കവി : പെട്ടരഴിയം വലിയ രാമനിളയത്

3.1314 ചോദിച്ചാൽ തരുമെന്നും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ചോദിച്ചാൽ തരുമെന്നുമീശ്വര,നുറച്ചാദ്യം ധരിച്ചെങ്കിലും
ചോദിയ്ക്കാനരുതാത്തതുണ്ടു ചിലതും ബോധിച്ചു പിന്നെ ക്രമാൽ
ചോദിപ്പിപ്പതു കൃഷ്ണനെന്നതൊടുവിൽ കണ്ടെത്തവേ, കാരണം
രാധയ്ക്കന്നറിവായ് കുറുപ്പു വരുവാനാധിയ്ക്ക,മാശയ്ക്കുമേ!

കവി : പി.സി.മധുരാജ്

3.1315 ചുറ്റും മുണ്ടിലുമംഗവസ്തുമതിലും. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

ചുറ്റും മുണ്ടിലുമംഗവസ്തുമതിലും നാമങ്ങൾ നെറ്റിത്തടം
മുറ്റും ഭ്രുതി വളർന്ന താടി ജടയും മാലാകലാപങ്ങളും
ചുറ്റും കൂടിന സുന്ദരീമണികൾ തൻ വക്ത്രാരവിന്ദങ്ങളിൽ
ചുറ്റും കണ്ണിണയും തെറിച്ച കപടസ്സന്ന്യാസിയാരാണെടോ?

3.1316 ചന്ദ്രോദ്ഭാസിതശേഖരേ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ചന്ദ്രോദ്ഭാസിതശേഖരേ സ്മരഹരേ ഗംഗാധരേ ശങ്കരേ
സർപ്പൈർഭ്രുഷിതകണ്ഠകർണ്ണവിവരേ നേത്രോത്ഥവൈശ്വാനരേ
ദന്തിത്വക്കൃതസുന്ദരാംബരധരേ ത്രൈലോക്യസാരേ ഹരേ
മോക്ഷാർത്ഥം കുരു ചിത്തവ്രുത്തിമഖിലാ, മന്യൈസ്തു കിം കർമ്മഭിഃ?

കവി : ശങ്കരാചാര്യർ

3.1317 ദേവന്മാരുള്ള നാടും. . . (ഋഷി)

സ്രഗ്ധര

ദേവന്മാരുള്ള നാടും നരകവുമിവിടെത്തന്നെയെന്നാണു വന്നാ–
ലാവട്ടെ, നാം നയിച്ചു പ്രണയമസൃണമീ ജീവിതം സ്വർഗതുല്യം
ജീവൻ മേലിൽ സുശീലേ, ജനനമണയുമെന്നാകിലിന്നാമൊരേമ–
ട്ടേവം താൻ ചേരുമപ്പോളമിതപരചിദാനന്ദകന്ദം ഭജിക്കാം

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.1318 ജഗത്തൊക്കേ നന്നായ്. . . (ഹരി)

ഭുജംഗപ്രയാതം

ജഗത്തൊക്കേ നന്നായ് പരന്നിട്ടു പണ്ടേ–
യിരിപ്പുണ്ടു നേരെന്നു പേരായ വസ്തു
ക്രമത്താലതിപ്പോൾചുരുങ്ങിച്ചുരുങ്ങി–
പ്പണത്തോളമേയുള്ളുവെന്നായിവന്നു

കവി : പട്ടത്തു കുഞ്ഞുണ്ണിനമ്പ്യാർ

3.1319 കാലം വന്നാൽ മരിയ്ക്കും. . . (ജ്യോതി)

സ്രഗ്ധര

കാലം വന്നാൽ മരിയ്ക്കും; ദുരിതമനുഭവിയ്ക്കാം, ഭവിയ്ക്കാതിരിയ്ക്കാം
നീളാം, നീളാതിരിയ്ക്കാം, മരണനിലയിരുന്നോ കിടന്നോ നടന്നോ
ആലോചിയ്ക്കേണ്ട, യാവർത്തനജനിമരണക്ലേശവിഭ്രാന്തിനീങ്ങാൻ
ചേലിൽച്ചിന്തിച്ചുറപ്പിയ്ക്ക രഹസി രമാകാന്തകാന്തസ്വരൂപം!

കവി : വി.കെ.ജി

3.1320 അന്തർഭാഗത്തു ചേർത്ത. . . (ഉമേഷ്)

സ്രഗ്ധര

അന്തർഭാഗത്തു ചേർത്തമ്മുരമഥനനെ, യമ്മട്ടു നാട്ടാർ രസം വ–
ന്നന്തം കൂടാതഞ്ചും, ജനഹിതമതിനായ് വേലയിൽത്താനിരുന്നും,
ചന്തം പൂണ്ടുല്ലസിക്കും മഹിതഗുണ, ഭവാൻ സിന്ധുവിന്നൊപ്പമത്രേ,
കിം തു ശ്രീമൻ! ഭവാനിൽ ക്ഷിതിവര! നിലയില്ലായ്കയെന്നുള്ളതില്ല.

കവി : ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ

3.1321 ചന്തമാർന്ന പനിനീരിൽ. . . (ജ്യോതി)

കുസുമമഞ്ജരി

ചന്തമാർന്ന പനിനീരിലൻപൊടു പറന്നിരുന്ന മധുവുണ്ണുവേ
ചിന്തയില്ല ലവലേശ,മെങ്കിലുമറിഞ്ഞിടുന്നിതപരാധമേ
തന്നതീശ്വരനതിന്നു ശിക്ഷയതുതന്നെ, യെൻചിറകെരിച്ചിതാ
ഹന്ത! നീറി വലയുന്ന ഞാൻ, മനുജനുറ്റിടുന്ന മധുകുംഭവും!

കവി : ജ്യോതിർമയി

3.1322 താമരയ്ക്ക ശശിയോടും. . . (ഉമേഷ്)

കുസുമമഞ്ജരി

താമരയ്ക്ക ശശിയോടുമില്ലിഹ ശശിക്കു താമരയൊടും തഥാ
പ്രേമ, മെന്നതു നിമിത്തമേതുമൊരു ചേതമില്ലതിനു രണ്ടിനും
സാമരസ്യനിലയാണു വേണ്ടതഭിരാമരാമവരു തങ്ങളിൽ
കാമമിന്നതുളവായിടായ്കിലയശസ്സുതീവ നിയതിക്കു താൻ!

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *അന്യാപദേശശതകം തർജ്ജമ*

3.1323 സന്മാർഗ്ഗനിഷ്ഠയകലയ്ക്ക. . . (ഉമ)

വസന്തതിലകം

സന്മാർഗ്ഗനിഷ്ഠയകലേയ്ക്ക വലിച്ചെറിഞ്ഞും
ദുർമ്മാർഗ്ഗവൃത്തി മടിയെന്നിയെയാചരിച്ചും
ആത്മാവിനെത്തിമിരസിന്ധുവിലാഴ്ത്തിനേൻ ഞാൻ
നീ മാത്രമാണിനിയെനിക്കൊരു ബന്ധു കൃഷ്ണാ!

കവി : ഓട്ടൂർ ഉണ്ണീ നമ്പൂതിരിപ്പാട്

3.1324 അതാ വിളങ്ങുന്നു. . . (ഋഷി)

വംശസ്ഥം

അതാ വിളങ്ങുന്നു ഭവദ്ഗണങ്ങളാൽ
സ്വതേ ചുഴന്നിപ്പനിനീർമലർച്ചെടി,
അതിന്നൊടൊക്കില്ലൊരു ചക്രവർത്തി ത–
ന്നതിപ്രകാശം കലരും കിരീടവും

കവി : കുമാരനാശാൻ, കൃതി : *മിന്നാമിനുങ്ങ്*

3.1325 ആൾ തിങ്ങിടും. . . (ഹരി)

വസന്തതിലകം

ആൾ തിങ്ങിടും തെരുവുകൾക്കടിയിൽത്തുരന്ന
മാർഗ്ഗങ്ങളുടെയവിടെപ്പകവണ്ടിജാലം
വീട്ടിന്റെയോവുകളിൽ മൂഷികരെന്നപോലെ
വാട്ടം വെടിഞ്ഞനിശമങ്ങിനെ മണ്ടിടുന്നു

കവി : കെ. സി. കേശവപിള്ള , കൃതി : *ആംഗലസാമ്രാജ്യം തർജ്ജമ*

3.1326 വന്ധ്യം ശമിക്കരിശം. . . (ഉമേഷ്)

വസന്തതിലകം

വന്ധ്യം ശമിക്കരിശമെന്നറിവാർന്നൊടുക്കം
വിന്ധ്യപ്രഭേദി മുനി സഹ്യമിതിൽത്തപിപ്പാൻ
സന്ധ്യർത്ഥി കുന്നുകളൊടെന്ന വിധം കടന്നു
സന്ധ്യയ്ക്ക ചണ്ഡകിരണൻ ചരമാദ്രിയിൽപ്പോൽ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1327 സുരകുമാരികൾ. . . (മധുരാജ്)

ദ്രുതവിളംബിതം

സുരകുമാരികൾ പൂക്കളശേഷവും
സുരഭിലങ്ങൾ പറിച്ചു വഹിച്ചുടൻ
സരഭസം തിരികെഗ്ഗതി ചെയ്യുവാൻ
സരസസാരസസാർത്തകളോർത്തുതേ.

കവി : പന്തളം കേരള വർമ, കൃതി : *ശ്രീമാംഗദചരിതം മഹാകാവ്യം*

3.1328 സകലലോകവിധായകൻ. . . (ജ്യോതി)

ദ്രുതവിളംബിതം

സകലലോകവിധായകനായ പൂ–
മകനു വല്ലഭയാം പരദേവതേ
വികലനാമടിയന്നു തരേണമേ
വികടമൗഢ്യമൊഴിച്ചൊരനുഗ്രഹം

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.1329 വിധി വിധിക്കവെ. . . (ഉമേഷ്)[227]

ദ്രുതവിളംബിതം

വിധി വിധിക്കവെ രേവതഭ്രമിപൻ
തനയ രേവതിയെബ്ബലനേകിനാൻ
പ്രമദമാർന്ന യദുക്കൾ നടത്തിനാർ
സുമഹിതം മഹി തന്നിൽ മഹോത്സവം.

കവി : സി. വി. വാസുദേവഭട്ടതിരി / മേൽപ്പുത്തൂർ, കൃതി : *നാരായണീയം തർജ്ജമ (78:2)*

3.1330 പയ്യെപ്പയ്യെട്ടി തന്നെ. . . (ഹരി)

സ്രുധര

പയ്യെപ്പൈക്കുട്ടി തന്നെപ്പരിചിനൊടു പിടിച്ചുന്തിനീക്കീട്ടു, തള്ള–
പ്പയ്യിൻ കാൽക്കുടണഞ്ഞി, ട്ടകിടവിടവിടെത്താൻ പതുക്കെത്തലോടി,
തയ്യാറായ് മുട്ടുകുത്തി, ത്തദനു മുഖമുയർത്തി, ച്ചുരത്തും നറുംപാ–
ലയ്യാ! മുട്ടിക്കുടിക്കും പശുപശിശുപദം കേവലം മേ∫വലംബം!

കവി : വെണ്മണി മഹൻ

3.1331 തണ്ടാർമാതാം രമയ്ക്കോ. . . (ഉമേഷ്)

സ്രുധര

തണ്ടാർമാതാം രമയ്ക്കോ, തരളമിഴി മലത്തയ്യലാളാമമയ്ക്കോ,
കൊണ്ടാടും മേനകയ്ക്കോ, സരസിജമുഖിയാമുർവ്വശിക്കോ, ശചിക്കോ,
വണ്ടാർപൂവേണിമാർ വന്നടിമലർ പണിയും ഭാരതിക്കോ, രതിക്കോ,
കണ്ടാൽ സൗന്ദര്യമേറുന്നതു മമ പനയഞ്ചേരി നാരായണിക്കോ?

കവി : ചേലപ്പറമ്പു നമ്പൂതിരി

---

[227] [*ഉമേഷ്*] ശ്ലോകം **3.1329 :** മൂലശ്ലോകം (മേൽപ്പുത്തൂർ) :

ദദൃഷി രേവതഭ്രഭൃതി രേവതീം
ഹലഭൃതേ തനയാം വിധിശാസനാത്
മഹിതമുത്സവഘോഷമപൂപുഷഃ
സമുദിതൈർമുദിതൈഃ സഹ യാദവൈഃ

3.1332 വാനത്തെന്തിനു ഹാ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

വാനത്തെന്തിനു ഹാ കപോതഖഗമേ, കേഴും നിനക്കിന്നു നീ
താനത്രേ തുണ, യിപ്പരുന്തിനുടെ വായ് പൂകാതെ രക്ഷപ്പെടാൻ;
നൂനം ഭാരതഭൂവിതിൽ ശിബിയൊരാളുണ്ടിപ്പൊഴും, പക്ഷെയ–
ദ്ദീനസ്നേഹി തപസ്സു ചെയ്തരുൾകയാണേതോ നിഗൂഢാശ്രമേ.

3.1333 നൂനം മനോഹര. . . (ബാലേന്ദു)

വസന്തതിലകം

നൂനം മനോഹരവനങ്ങളിലിച്ചു പോലെ–
യാനന്ദമാർന്നു മരുവും ചരജീവിവൃന്ദം;
ജ്ഞാനം വഹിക്കുകിലവറ്റയിലേകമാവാൻ
ഞാനെപ്പൊഴും മതിയിൽ മോഹമിയന്നിടുന്നു.

കവി : കുമാരനാശാൻ

3.1334 ജ്ഞാനത്തിൻ കനിയുണ്ടു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ജ്ഞാനത്തിൻ കനിയുണ്ടു നിർജ്ജനവനാന്തത്തിൽ തപോനിഷ്ഠയിൽ
ധ്യാനത്തിൽ കഴിയുന്ന മാമുനികളും തേടുന്ന മായാവി നീ
ഞാനോർക്കുമ്പൊഴതൊക്കെയും പിടിതരാൻ ഞാനാരു കണ്ണാ, ഭവാൻ
മാനിയ്ക്കും നവനീതമ, ല്ലൊരിടയപ്പെണ്ണു, ല്ല പാലല്ല ഞാൻ!

കവി : വി.കെ.ജി

3.1335 ഞാനാ ബ്രഹ്മവിചാരധാരയിൽ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ഞാനാ ബ്രഹ്മവിചാരധാരയിലിരുന്നന്തഃസ്ഥസന്താപജ–
ക്ഷീണം നീങ്ങി, വലിഞ്ഞു കേറിയ ഞരമ്പെല്ലാമയഞ്ഞങ്ങനെ
നാനാദുഃഖസുഖാനുഭൂതി മതിതൻ സ്വാസ്ഥ്യം തകർക്കാതെ, നി–
ത്യാനന്ദത്തൊടൊലിച്ചൊലിച്ചു ഭഗവത്പാദത്തിലെത്തേണമേ!

കവി : ടി. എം. വി.

3.1336 നാരായണായെന്നു ജപിക്ക. . . (ഋഷി)

ഇരുവജ്രം

നാരായണായെന്നു ജപിക്ക കാവെ–
ന്നാരോമലായിപ്പറയും യശോദാ
നാണംകുണുങ്ങീട്ടു ചിരിക്കുമപ്പോൾ
നാരായണൻ താനിതി വാസുദേവൻ

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.1337 നാലേ നാഴികയുള്ളൂ രാത്രി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

“നാലേ നാഴികയുള്ളൂ രാത്രി പുലരാൻ, പൂങ്കോഴി തൻ കൂവൽ കേ–
ട്ടീലേ കർണ്ണകഠോര?” – മെന്നിടർപെടും കാന്തന്റെയാ ഭാഷണം
പാലോലും മൊഴിയാളിൽ വാട്ടമൊടുറങ്ങുന്നാ സ്മരസ്വാമിയെ–
ക്കാലേ പള്ളിയുണർത്തുവാനുതകിടും വൈതാളികോദ്ഗീതമായ്!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.1338 പാവം ഞാ, നഴകില്ലെനിയ്ക്ക്. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പാവം ഞാ, നഴകില്ലെനിയ്ക്കാരറിവില്ലെന്നിട്ടുമാശിപ്പു ഞാ–
നാ വിത്തേശനെ, യംഗജോപമനെ, യാ ജ്ഞാനപ്രദീപത്തിനെ
കൈവല്യത്തിനു സാധുമർത്ത്യനഖിലബ്രഹ്മാണ്ഡനാഥന്റെ കാൽ–
പ്പൂവോർക്കുന്നതസാധ്യമായ 'ദുര'യെന്നോതുന്നതുണ്ടോ ജനം?

കവി : വി.കെ.ജി

3.1339 കല്ലാലല്ല, സിമന്റിനാൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കല്ലാലല്ല, സിമന്റിനാലുമയരെപ്പൊങ്ങും ധനപ്രാഭവ–
ത്തള്ളാലല്ല പടുക്കുവാനഭിലഷിച്ചീടുന്നതെൻ മന്ദിരം;
ഉല്ലാസാത്മകമായിടുന്ന കവിതാസങ്കൽപമേ, നിൻ മണി–
ച്ചില്ലാൽ തീർത്തൊരു കൊച്ചുമന്ദിരമെനിക്കാർന്നാൽ കൃതാർത്ഥൻ ഭുലോം!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.1340 ഉണ്ണുമ്പോഴുമുറങ്ങിടുമ്പൊഴും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഉണ്ണുമ്പോഴുമുറങ്ങിടുമ്പൊഴു, മുണർന്നേൽക്കുമ്പൊഴും സംസൃതി–
ക്കണ്ണീരാഴിയലപ്പുരപ്പിലവശം നീന്തിക്കുഴങ്ങുമ്പൊഴും
തിണ്ണം മൃത്യുമുഖത്തിലും മമ മനോമഞ്ചപ്രപഞ്ചം സ്വയം
വെണ്ണക്കൃഷ്ണവിമോഹനാകൃതി വിളങ്ങും പൂവരങ്ങാകണം!

കവി: വി. കെ. ജി.

3.1341 തെണ്ടീട്ടാണശനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തെണ്ടീട്ടാണശനം, തുണിയ്ക്ക പകരം തോലാണുടുത്തീടുവാൻ,
പണ്ടം പന്നഗമാണു, കണ്ട ചുടലക്കാടാണിരുന്നീടുവാൻ,
തണ്ടാർസായകവൈരിയാണു ഭഗവൻ! സർവ്വജ്ഞനാണെങ്കിലും
രണ്ടാളുണ്ടു കളത്രമെന്റെ ശിവനേ! ചിത്രം ചരിത്രം തവ!

3.1342 തുവെണ്ണപ്രിയനാണു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

"തുവെണ്ണപ്രിയനാണു, പാൽക്കൊതിയനാ, ണുത്തുംഗഗോവർദ്ധന–
ക്കുന്നേറ്റുന്നവനാണു പാവമിവ"നെന്നുള്ളോരപഖ്യാതിയെ
രാധേ! ഞാൻ കളയാൻ ശ്രമിച്ച പഴുതേ – നിന്മേനി തുവെണ്ണതാൻ,
ക്ഷീരം പുഞ്ചിരി, നിന്റെ പോർമുലകളോ ഞാനേറ്റിടും കുന്നുകൾ!

കവി : വി.കെ.ജി

3.1343 രാവാകും രമണിക്കപായം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

രാവാകും രമണിക്കപായമതു വന്നപ്പോൾ സഹിക്കാഞ്ഞുടൻ
ചാവാനോ ചരമാബ്ധിയിൽ പുലകുളിപ്പാനോ പുറപ്പെട്ടഹോ
ഈ വിഖ്യാതനതായിടും ഹിമകരൻ കഷ്ടം നിറംകെട്ടതി–
ബ്ഭാവിക്കുന്നുവതെന്നു സംശയമെനിക്കിന്നേരമിന്നേറെയും

കവി : വെണ്മണി മഹൻ നമ്പൂതിരിപ്പാട്

3.1344 ഇന്നാട്ടിൽത്തവ തൃക്കൊടി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇന്നാട്ടിൽത്തവ തൃക്കൊടിത്തുകിൽ പറപ്പിക്കേണമെങ്കിൽ ഭവാൻ
വന്നാലും, മടിയാതെ നൽകുവനതിന്നെൻ പ്രാണവാതത്തെയും;
എന്നാലീ മതമത്തനാം മുകിലനോ, കാൽ കൊണ്ടു മർദ്ദിക്കുവാ–
നെന്നാളും ലഭിയാ പവിത്രതരമാം തെന്നിന്ത്യ തൻ പാംസുവും!

കവി : വള്ളത്തോൾ, കൃതി : *കാട്ടെലിയുടെ കത്ത്*

3.1345 ഏകൈകമത്ര ദിവസേ. . . (ജ്യോതി)[228]

വസന്തതിലകം

ഏകൈകമത്ര ദിവസേ ദിവസേ മദീയം
നാമാക്ഷരം ഗണയ, ഗച്ഛസി യാവദന്തം
താവത് പ്രിയേ മദവരോധഗൃഹപ്രവേശം
നേതാജനസ്യ സമീപമുപൈഷ്യതീതി

കവി : കാളിദാസൻ, കൃതി : *ശാകുന്തളം*

3.1346 തങ്കപ്പച്ചിനകത്തു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തങ്കപ്പച്ചിനകത്തു നേർത്തു മിനുസപ്പെട്ടുള്ള പട്ടിൽ പരം
പങ്കസ്പർശമെഴാതെ പോറ്റുമഴകേറിടുന്ന ഗാത്രങ്ങളും
തങ്കം വെണ്മകളൊക്കെയങ്ങു വെടിയും മണ്ണിന്നടിക്കീ വിധം
ശങ്കിക്കേണ്ടൊരു നാൾ ശയിക്കു, മഖിലം മണ്ണോടു മണ്ണായിട്ടും.

കവി : മേരി ജോൺ തോട്ടം

3.1347 തമംഗരാഗം. . . (ജ്യോതി)

ഉപേന്ദ്രവജ്ര

തമംഗരാഗം ദദതീം ച കുബ്ജാം
അനംഗബാണാഃ ഋജുധുഃ കഥം താം?
കിമംഗ! വാസം ഭവതേ ദദാമി
വിരാഗവർഷം മയി നിക്ഷിപേസ്ത്വം?

കവി : ജ്യോതിർമയി

---

[228] [*ഉമേഷ്*] ശ്ലോകം **3.1345** : പരിഭാഷ (കേരളവർമ്മ വലിയകോയിത്തമ്പുരാൻ) :

ഇതിലെഴുതിയിരിക്കും മാമകേ നാമധേയേ
പ്രതിദിനമൊരു വർണ്ണം വീതമായെണ്ണണം നീ;
അതിനുടയ സമാപ്ത്യാവസ്സുദിയാവരോധം
മതിമുഖി! ദയിതേ! ത്വാം നേതുമാളെത്തുമെന്ന്.

3.1348 കൂനിക്കു, ഗന്ധമിയലും. . . (ഉമേഷ്)

വസന്തതിലകം

കൂനിക്കു, ഗന്ധമിയലും കറി കൂട്ടവേ, നീ
സൂനാസ്ത്രസായകവിമർദ്ദിതമാക്കി ചിത്തം;
ഞാനിന്നു വാസമഖിലം തവ നൽകിയാലും
നീ നൽകിടുന്നതു വിരാഗതയോ മുരാരേ?

കവി : ഉമേഷ് നായർ. കഴിഞ്ഞ ശ്ലോകത്തിന്റെ (*തമംഗരാഗം. . .*) പരിഭാഷ.

3.1349 ജ്ഞാനത്യുത്തതമാം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ജ്ഞാനത്യുത്തതമാം ഭവത്കഥകളെച്ചിത്രീകരിച്ചീടുവാൻ
ധ്യാനിയ്ക്കുമ്പൊഴതാഞ്ഞു കേറുമിടയിൽ പ്രാപഞ്ചികാസക്തികൾ
നൂനം പാവനപാപപങ്കിലകഥാലേഖ്യങ്ങളൊന്നിയ്ക്കയ–
ന്യൂനം മാമകചിത്തഭിത്തി ഉരുവായൂരമ്പലം പോലെയായ്!

കവി : വി.കെ.ജി

3.1350 നന്നോ മെയ്യണിവാനുമേ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

'നന്നോ മെയ്യണിവാനുമേ ഫണി?', 'രമേ, മെത്തയ്ക്ക കൊള്ളാം!'; 'കണ–
ക്കെന്നോ കാളയിതേറുവാനുദിനം?', 'മേച്ചീടുവാനുത്തമം!';
'എന്നാലെന്നുമിരന്നിടുന്നതഴകോ?', 'കക്കുന്നതിൽ ഭേദമാ'–
ണെന്നാക്കുന്നലർമങ്കമാരുടെ കളിച്ചൊല്ലിങ്ങു താങ്ങാകണം!

കവി : കാഞ്ഞുള്ളിൽ അച്യുതമേനോൻ

3.1351 എന്നാൽ പോയിവരാം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

എന്നാൽ പോയിവരാം തിരിച്ചുവരവെ,ന്നെങ്ങേതുരുപത്തിലെ–
ന്നൊന്നും തന്നെയറിഞ്ഞുകൂട – യഭിലാഷത്താലുമെന്തേ ഫലം?
എന്നാലും മനമാഗ്രഹിപ്പു നരനായ്ത്തീരുന്നുവെന്നാകിൽ ഞാൻ
വൃന്ദാരണ്യവിഹാരിതൻ പദയുഗം ധ്യാനിയ്ക്കുമാറാകണം

കവി : വി.കെ.ജി

3.1352 എന്നേ വിസ്മയ, മേതുമില്ല. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

എന്നേ വിസ്മയ, മേതുമില്ല കവിതാസാമർത്ഥ്യമെന്നാൽ ഭവാ–
നിന്നേറെക്കഷണിച്ചിവണ്ണമുളവാക്കീട്ടെന്തു സാധ്യം സഖേ?
മുന്നേ ഗർഭിണിയായ നാൾ മുദിതയായ് മാതാവു നേർന്നിട്ടിതു–
ണ്ടെന്നോ താൻ കവിയായ് ജനങ്ങളെ വലച്ചീടേണമെന്നിങ്ങനേ?

കവി : വെന്മണി മഹൻ നമ്പൂതിരിപ്പാട്

3.1353 മകൻ പരിക്കേറ്റു. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മകൻ പരിക്കേറ്റു കിടക്കിലെന്തു,
മഹാരഥൻ ശിഷ്യനടുക്കലില്ലേ!
'രാമൻ ജഗത്സത്തമനാണു' പോലും!
വിദ്യാർപ്പണം പാത്രമറിഞ്ഞു വേണം!

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1354 രാവേറെച്ചെല്ലുവോളം. . . (ജ്യോതി)

സ്രഗ്ധര

രാവേറെച്ചെല്ലുവോളം പല ശകടഗണത്തിൽ, പദത്താൽ വലം വെ–
ച്ചാവിർമ്മോദം വണങ്ങും ജനതയെ നിതരാം കാത്തു രക്ഷിച്ചുകൊണ്ടും,
കാവിൽ, ചാരത്തുമേവും ദയിതയെ, യരികിൽത്തന്നെ വാഴുന്ന വെണ്ണ–
ക്കണ്ണന്നമ്പാടിയേയും തഴുകിന മിഴിയീ മണ്ണ വിണ്ണാക്കിടട്ടെ!

കവി : പി.സി. രഘുരാജ്

3.1355 കാറ്റേൽക്കുമ്പോൾ തിളങ്ങും. . . (ഉമേഷ്)

സ്രഗ്ധര

കാറ്റേൽക്കുമ്പോൾ തിളങ്ങും തൊട്ടകറി,കറിയിൽച്ചേർത്തുവെച്ചതിയെന്നാൽ
മാറ്റേറും വില്ല, വില്ലിൻ മുകളിലമരുവോർക്കല്ലൽ തീർപ്പോരു ബാണം,
പോറ്റീ! ബാണം കിടക്കും മണിമയസദനം കങ്കണം, കങ്കണത്തി–
ന്നാറ്റം കാ, റ്റെത്ര നന്നിത്തൊഴിലുകൾ, ശിവപേരുരെഴും തിങ്കൾമൗലേ!

3.1356 പോകുന്നിതാ വിരവിൽ. . . (ജ്യോതി)

വസന്തതിലകം

പോകുന്നിതാ വിരവിൽ വണ്ടിവിടം വെടിഞ്ഞു
സാകൂതമാം പടി പറന്നു നഭസ്സ്ഥലത്തിൽ
ശോകാന്ധനായ് കുസുമചേതന പോയമാർഗ്ഗം
ഏകാന്തഗന്ധമിതു പിൻതുടരുന്നതല്ലീ?

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1357 ശ്രീകേറ്റ ലാസ്യപദമായ്. . . (ഉമേഷ്)

വസന്തതിലകം

ശ്രീക്കേറ്റ ലാസ്യപദമായ് ഭുവി സഹ്യമാകു–
മാക്കേലി പൂണ്ട മലയുണ്ടു വിളങ്ങിടുന്നു
ഈക്കേരളാഖ്യവിഷയത്തിനു നേർകിഴക്കാ–
യൂക്കേറിടും പ്രകൃതി കെട്ടിയ കോട്ട പോലെ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1358 ഇക്കൊച്ചു നീർത്തുള്ളി. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഇക്കൊച്ചു നീർത്തുള്ളിയുമീശ്വരന്റെ
കമ്മട്ടമേ നിന്നുടെ നാണ്യമല്ലേ?
അതിന്റെയിങ്ങേവശമാണു ഞങ്ങൾ
വായിച്ചതങ്ങേവശമന്യലേഖം

കവി : **ഉള്ളൂർ**, കൃതി : *ഒരു മഴത്തുള്ളി*

3.1359 അമ്മ സമ്പ്രതി. . . (ഉമ)

രഥോദ്ധത

അമ്മ സമ്പ്രതി കൃളിയ്ക്കയാണു; തൽ–
സമ്മതത്തെ ലഭിയാതൊരിയ്ക്കലും
ഇമ്മണീഗൃഹമണഞ്ഞിടാവത–
ല്ലുമ്മഹേശ്വരനു,മെന്നു നിശ്ചയം

കവി : **വള്ളത്തോൾ** , കൃതി : *ഗണപതി*

3.1360 ഇഥമഭ്യസന. . . (ജ്യോതി)

രഥോദ്ധത

ഇത്ഥമഭ്യസനനിർഭരോല്ലസ–
ത്പ്രത്പരാത്മ സുഖകൽപിതോത്സവാഃ
മുക്തഭക്തകുലമൗലിതാം ഗതാഃ
സഞ്ചരേമ ശുകനാരദാദിവത്

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം (ദശകം 4)*

3.1361 മേരു ചേർന്നു, മരുദാശു. . . (ഉമേഷ്)

രഥോദ്ധത

മേരു ചേർന്നു, മരുദാശുവാഹനൊ–
ത്തോരുമാസ്തനപുരസ്കൃതൻ കൃതി
ചാരുപൊന്തളിരിരിപ്പിൽ വാണു വാ–
മോരുവൊത്തിരവിലാ രതോത്സുകൻ.

കവി : **കുണ്ടൂർ**, കൃതി : *കുമാരസംഭവം തർജ്ജമ (സർഗ്ഗം 8)*

3.1362 ചൊല്ലേണം നാമമെന്നുള്ളതു. . . (ഹരി)

സ്രഗ്ധര

ചൊല്ലേണം നാമമെന്നുള്ളതു പലരുമറിഞ്ഞും പറഞ്ഞും കഴിഞ്ഞാൽ
ചൊല്ലീടുന്നോർ കനക്കെക്കുറയുമതു മഹാപാപമെന്നും പ്രസിദ്ധം
ചൊല്ലീട്ടെന്തെന്നു മറ്റുള്ളവർകൾ പരിഹസിച്ചാൽ നമുക്കല്ല ദുഃഖം
ചൊല്ലേറും വ്യാസനും പാർത്ഥനു രഥതുരഗം മേച്ചുമേവും നിനക്കും!

കവി : **പുന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.1363 ചിത്താന്തേ വൃത്തികേടിൻ. . . (ജ്യോതി)

സ്രഗ്ധര

ചിത്താന്തേ വൃത്തികേടിൻ കുമിളകളുളവാകുന്ന നേരത്തുപോലും
വൃത്തക്കുട്ടിട്ടു തുക്കും വികൃതി, യിതൊഴിയാ ബാല്യദൗർബ്ബല്യശല്യം
അത്യന്തം ശ്രദ്ധയോടെൻ ഹരിയുടെ യപദാനങ്ങളാവിഷ്കരിയ്ക്കേ
സൂത്രത്തിൽ പേന തട്ടിച്ചപലമതി ചിലയ്ക്കട്ടെ കന്ദർപ്പസൂക്തം!

കവി : **വി.കെ.ജി**

3.1364 ആക്കം പൂണ്ടഷ്ടമീരോഹിണി. . . (ഹരി)

സ്രഗ്ധര

ആക്കം പൂണ്ടഷ്ടമീരോഹിണിയൊരുമകലർന്നോരുനാളർദ്ധരാത്രൗ
ചൊൽക്കൊള്ളും ചിങ്ങമാസേ മുഴുമതിയുമുദിക്കുന്ന മുഖ്യേ മുഹൂർത്തേ
തൃക്കയ്യിൽ ശംഖുചക്രാംബുജഗദകൾ ധരിച്ചോരു ബാലസ്വരൂപം
തക്കത്തിൽ ദേവകിക്കും കണവനുമണയെദ്ദർശിതം കൈതൊഴുന്നേൻ!

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.1365 തൂവെള്ളിപ്പർവ്വതത്തിൻ. . . (ഉമേഷ്)

സ്രഗ്ധര

തൂവെള്ളിപ്പർവ്വതത്തിൻ കൊടുമുടിയിലിരിപ്പാ, ണിരപ്പാളിയാ, ണ–
പ്പൂവമ്പദ്വേഷിയാ, ണത്തനു പകുതിയുമപ്പള്ളിതാണുള്ളൊടൊപ്പം,
വേവിക്കും തീയു കണ്ണിൽ, കരുണയുടെ കളിത്തട്ട, മങ്ങെത്തുമേവം
ഭാവിക്കും പോലെയാടും നവനടനകലാദക്ഷ, മാം രക്ഷ രക്ഷ!

കവി : വി. കെ. ജി.

3.1366 വിദ്യാ സമസ്താഃ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വിദ്യാ സമസ്താസ്തവ ദേവി! ഭേദാഃ
സ്ത്രിയഃ സമസ്താസ്സകലാ ഗഗത്സു
ത്വയൈകയാ പൂരിതമംബയൈതത്
കാ തേ സ്തുതിഃ സ്തവ്യപരാ പരോക്തി

കൃതി : *ദേവീമാഹാത്മ്യം*

3.1367 താളത്തിനൊത്തു സരസം. . . (ഋഷി)

വസന്തതിലകം

താളത്തിനൊത്തു സരസം ചിലർ കൈയടിച്ചും
മേളത്തിനൊത്തു പലരും തല മന്ദമാട്ടി
തോളിൽപ്പിടിച്ചു ചിലർ മറ്റവരെക്കുലുക്കി
നാളീകനേത്രയവൾ നോക്കിയതില്ലയൊന്നും

കവി : സിസ്റ്റർ മേരീ ബനീഞ്ഞ, കൃതി : *മാർത്തോമാവിജയം*

3.1368 തണ്ണീർ മുക്കിക്കുടിക്കുമ്പൊഴു. . . (ഹരി)

സ്രഗ്ധര

തണ്ണീർ മുക്കിക്കുടിക്കുമ്പൊഴു കൊടുവിഷം തട്ടിമോഹിച്ചുവീണോ–
രുണ്ണിഗ്ഗോപാലരെക്കണ്ടൊരുദിനമുടനേചെന്നു കാരുണ്യവേഗാൽ
ഉണ്ണിക്കാൽകൊണ്ടു വണ്ണം പെരിയ ഫണിവരൻ തന്നെ മർദ്ദിച്ചു പിന്നേ
ദണ്ഡം കൂടാതയച്ചീടിന പരമവിഭോ, നിന്നെ ഞാൻ കൈതൊഴുന്നേൻ!

കവി : പൂന്താനം , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.1369 ഊക്കേറും പകപോക്കുവാൻ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഊക്കേറും പകപോക്കുവാനവസരം നോക്കിക്കിടക്കട്ടെയ–
പ്പാക്കിസ്താ, നന്യതപ്രചാരകഗുകം തേടട്ടെ നേപ്പാളവും,
നാക്കിൽ സൗഹൃദവാ, ക്കകത്തുനിറയെ സാമ്രാജ്യദാഹം തരം
നോക്കിത്തോക്കുമെടുത്തു ചാടുമിവളെസ്സൂക്ഷിയ്ക്കണം, ചീനയെ!

കവി : വി.കെ.ജി

3.1370 നീറും തീപ്പൊരി കണ്ണിലും. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

നീറും തീപ്പൊരി കണ്ണിലും, നിറമെഴും ചന്ദ്രൻ ശിരസ്സിങ്കലും,
ചീറും പാമ്പു കഴുത്തിലും ചെറുപുലിത്തോൽ നല്ലരക്കെട്ടിലും,
സാരംഗം മഴുവും കരങ്ങളിലുമങ്ങീശന്നു ചേരും പടി–
യ്ക്കാറും പിന്നെയൊരാറുമെന്നിവ ഗണിച്ചീടുമ്പൊളേഴായ് വരും.

3.1371 സൗകര്യാർഥ,മതീവ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

സൗകര്യാർത്ഥ, മതീവശ്രദ്ധിയെഴുമുണ്ടച്ചിഷ്ടമേശപ്പുറ–
ത്താകുന്നു, മലമൂത്രശോധന കുളിച്ചുകും മുറിയ്ക്കുള്ളിലും
ലോകത്താർക്കുമറപ്പുമാത്രമുളവാക്കീടുന്നൊരപ്പന്നിയാ–
ണല്ലോ സൂകരം; ആയതിന്റെ ഗുണമേ 'സൗകര്യം', അന്വർത്ഥമായ്!

കവി : പി.സി.മധുരാജ്

3.1372 ലാവണ്യക്കടലിൽക്കളങ്കം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ലാവണ്യക്കടലിൽക്കളങ്കമിയലാതുണ്ടായ വാർതിങ്കളോ,
പൂവമ്പന്റെ പുകഴ്ച്ച കാട്ടി വിലസും പുത്തൻ കൊടിക്കൂറയോ,
ദൈവത്തിന്റെ വിചിത്രസൃഷ്ടിവിരുതോ, ശൃംഗാരസൂക്തോന്മിഷൽ–
കൈവല്യപ്പൊരുളോ, നമുക്കെതിരിലിക്കാണാകുമേണാക്ഷിയാൾ?

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.1373 ദൈവം പ്രമാണമഖിലത്തിനും. . . (ഋഷി)

വസന്തതിലകം

ദൈവം പ്രമാണമഖിലത്തിനുമെന്നുറച്ചീ–
പ്പാവം കിടന്നു വലയുന്ന കുറച്ചുനാളായ്
ഏവം ഭവാനു തിരുവുൾത്തളിരിൽ ദയാർദ്ര–
ഭാവം ജനിക്കിലിതിനൊക്കെ നിവൃത്തിയായി

കവി : നടുവത്ത് അച്ഛൻ നമ്പൂതിരി

3.1374 ഏകത്ര കൊങ്കകൾ. . . (ഉമേഷ്)

വസന്തതിലകം

ഏകത്ര കൊങ്കകൾ, പരത്ര നിതംബബിംബം,
പാകത്തിലീയവയവങ്ങൾ തടിച്ചിടുമ്പോൾ,
ശോകത്തൊടക്കഥ നിനച്ചു ചടച്ചു മദ്ധ്യം;
ലോകത്തിലേവനുമസൂയ കൃശത്വമേകും.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1375 ശരി,യിവനറിവായി. . . (കർത്താ)

പുഷ്പിതാഗ്ര

ശരി,യിവനറിവായി,ശ്രദ്ധഭക്തി–
ത്തിരിമറവായി; തമസ്സുമൂടിയെങ്ങും
ഭരിതവിഷഹൃദന്തനെങ്ങു കാണാ–
നരിയ ഗുണാപ്തനിലുള്ള നിന്നെ കൃഷ്ണ!

കവി : **യൂസഫലി കേച്ചേരി**, കൃതി : *കൃഷ്ണ, നീയെവിടെ?*

3.1376 ഭംഗ്യാ വാർകൊങ്കയെന്നും. . . (ഉമേഷ്)

സ്രുദ്ധര

ഭംഗ്യാ വാർകൊങ്കയെന്നും, മണികലശയുതം മാരസാമ്രാജ്യലക്ഷ്മീ–
മംഗല്യസ്ഥാനമംസദ്വയമഹിതമണിത്തോരണം മാറിടം തേ
ശൃംഗാരാവാസഭൂമേ, പുനരിരുപുറവും തുക്കുമപ്പുഷ്പമാലാ–
ശങ്കാമങ്കുരയത്യമ്പൊടു കരയുഗളീ തത്ര കൗണോത്തരേ, തേ.

3.1377 ശൈലാനാമവരോഹതീവ. . . (ജ്യോതി)[229]

ശാർദ്ദൂലവിക്രീഡിതം

ശൈലാനാമവരോഹതീവ ശിഖരാദുന്മജ്ജതാം മേദിനീ
പർണ്ണസ്വാസ്തരലീനതാം വിജഹതി സ്കന്ധോദയാത് പാദപാഃ
സന്താനം തനുഭാവനഷ്ടസലിലാ വ്യക്തം വ്രജന്ത്യാപഗാഃ
കേനാപ്യുത്ക്ഷിപതേവ മർത്യഭവനം മത്പാർശ്വമാനീയതേ

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

3.1378 സൽപ്പാത്രത്തിലൊഴിച്ചതില്ലൊരു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

സൽപ്പാത്രത്തിലൊഴിച്ചതില്ലൊരു തവിത്തോയം, ഗുരുശ്രീപദ–
പ്പൊൽപ്പൂവൊന്നു തലോടിയില്ല, സമയേ ചെയ്തീല സന്ധ്യാർച്ചനം,
കെൽപ്പേറും യമരാജകിങ്കരഖരവ്യാപാരഘോരാമയം
നിൽപ്പാനുള്ള മരുന്നു ഞാൻ കരുതിയില്ലമ്മേ ഭയം മേ പരം!

കവി : **ഒരവങ്കര**

3.1379 കാലത്തുമന്തിയ്ക്കും. . . (ജ്യോതി)

ഇന്ദ്രവജ്ര

കാലത്തുമന്തിയ്ക്കുമൊരൽപ്പനേരം
വെണ്മേടയിപ്പൂച്ചെടികൾക്കടുക്കെ
ലാത്തട്ടെ വണ്ടാർകുഴലാളൊരുത്തി
ഞാനെന്തിനാവോ നെടുവീർപ്പിടുന്നു!

---

[229] [*ഉമേഷ്*] ശ്ലോകം **3.1377** : പരിഭാഷ (**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**) :

പൊങ്ങിപ്പോരുന്ന ശൈലങ്ങളുടെ മുകളിൽ നിന്നൂഴി താൻ താണിടുന്നോ?
തിങ്ങിപ്പത്രങ്ങളായ് കണ്ടതു ഝടിതി മരച്ചുട്ടമായ് തീർന്നിടുന്നു
മങ്ങിപ്പാഥസ്സു കാണാഞ്ഞൊരു പുഴകൾ തെളിഞ്ഞുല്ലസിക്കുന്നു, കാഴ്ചയ്-
ക്കിങ്ങിപ്പാരുന്നമിപ്പിച്ചൊരുവനരികിലേയ്ക്കാനയിക്കുന്നതോ മേ?

കവി : വി.കെ.ജി

3.1380 ലോകം ഭാഗികഹൃഷ്ടം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ലോകം ഭാഗികഹൃഷ്ടമാ, ണതിലസംതൃപ്തസ്പൃഹൻ നീ കൃപാ–
സേകം കൊണ്ടു സമസ്തവിശ്വസുഖമേ കാംക്ഷിച്ചുവെന്നാകിലും
നാകം കിട്ടുകിലായതും നരകമാക്കീടും നരൻ ചെയ്വതോ,
ശോകം താനപരന്നണച്ചതിലെഴും സംതൃപ്തിയുൾക്കൊൾകയാം.

കവി : യൂസഫലി കേച്ചേരി, കൃതി : *അഹൈന്ദവം*

3.1381 നാലഞ്ചക്ഷരവും പഠിച്ചു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നാലഞ്ചക്ഷരവും പഠിച്ചു ഗുരുവിൻ പാദം തലോടീ ചിരം
പാലഞ്ചും മൊഴി തന്നപാംഗ വലയിൽപ്പെട്ടേനഴന്നേൻ ചിരം
കോലം കെട്ടുക കോലകങ്ങളിൽ നടക്കെന്നുള്ള വേലയ്ക്കിനി–
ക്കാലം വാർദ്ധകമാകയാലടിയനെച്ചാടിക്കൊലാ ഭൂപതേ!

കവി : കഞ്ചൻ നമ്പ്യാർ

3.1382 കേകയ്ക്കും കാകളിക്കും. . . (കർത്താ)

സ്രഗ്ധര

കേകയ്ക്കും കാകളിക്കും സരളമൊഴിയനുഷ്ടുപ്പിനും നീക്കുപോക്ക–
റ്റാകൽപം സ്രഗ്ധരയ്ക്കും പുതിയതലമുറക്കാരടുത്തുണ് കൊടുക്കേ
ആകമ്രാകാരമോല്യം വിബുധകമനിമാർ, വൃത്തതന്ത്രംഗിമാരീ
ശോകശ്ലോകത്തൊടേ പോയ് ബധിരകവികളെക്കണ്ടു മിണ്ടാതെ നിൽപാം.

കവി : യൂസഫലി കേച്ചേരി, കൃതി : *അടുത്തുണ് (കുങ്കവിതകൾ)*

3.1383 ആലംബം നാലു വേദത്തിനും. . . (ഉമേഷ്)

സ്രഗ്ധര

ആലംബം നാലു വേദത്തിനു, മഖിലജഗത്സാക്ഷി വേദാന്തികൾക്കും,
ലോലംബം യോഗികൾക്കും, ഹൃദയകുവലയത്തിങ്കലാതങ്കഹീനം,
കാലൻ കംസാദികൾക്കും – പലതുമിതുവിധം കേളിയാടും യശോദാ–
ബാലൻ ഗോപാലകൃഷ്ണൻ തിരുവടി കരുണാപാംഗമിങ്ങേകിടട്ടേ!

3.1384 കൊമ്പൊന്നു പോയ് ചോരയിലാണ്ടു. . . (ഉമ)

കൊമ്പൊന്നു പോയ് ചോരയിലാണ്ടു നിൽക്കും
ഗജാസ്യനെക്കണ്ടതി സംഭ്രമത്താൽ
'എന്തെ,ന്തിതെ'ന്നീശ്വര പത്നി പാഞ്ഞു
ചെന്നങ്ങെടുത്തങ്കതലത്തിൽ വെച്ചു

കവി : വള്ളത്തോൾ , കൃതി : *ശിഷ്യനും മകനും*

3.1385 ഏതോടക്കുഴലിൻനിനാദം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഏതോടക്കുഴലിൻനിനാദമധുരസ്രോതസ്സു ഗോപാംഗനാ–
വ്രാതത്തിൻ ഭവബന്ധനങ്ങളവസാനിപ്പിച്ചു മാത്രയ്ക്കകം
ഏതിൻ പൂർണ്ണരസാനുഭൂതി മുനിമാരാലും സമാസാദ്യമ–
ശ്രീതാവും മുകിൽവർണ്ണ മുഗ്ധമുരളീ, നിന്നെബ്ഭജിയ്ക്കുന്ന ഞാൻ!

കവി : വി.കെ.ജി

3.1386 ഏണിക്കുട്ടിവിലോലദൃഷ്ടി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഏണിക്കുട്ടിവിലോലദൃഷ്ടികൾമുടിക്കല്ലായ് വിളങ്ങീടുമീ
നാണിക്കുട്ടിയെ നന്മയോടുമിളയിൽ പെട്ടെന്നു സൃഷ്ടിക്കുവാൻ
വാണിക്കിഷ്ടനഹോ! രമാഗിരിസുതാരംഭോർവ്വശീമേനകേ–
ന്ദ്രാണിക്കുട്ടികളെച്ചമച്ചു സരസം ശീലിച്ചുപോലിച്ചയാ.

കവി : ഒറവങ്കര

3.1387 വഴിക്കുമങ്ങു സീറ്റിലും. . . (ബാലേന്ദു)

പഞ്ചചാമരം

വഴിക്കുമങ്ങു സീറ്റിലും ചരക്കുകെട്ടു വയ്പവർ,
തിരക്കിലൊത്തുകിട്ടുകിൽ കവർച്ച ചെയ്തിടുന്നവർ,
ഇരക്കുവാൻ വരുന്നവർ, തിരക്കുവാൻ വരുന്നവർ,
തിരക്കിലൊന്നുരസ്സിടും രസത്തിനായ് വരുന്നവർ.

കവി : ബാലേന്ദു

3.1388 ഇടത്തുപക്ഷമാകിലും. . . (ഉമേഷ്)

പഞ്ചചാമരം

ഇടത്തുപക്ഷമാകിലും, വലത്തുപക്ഷമാകിലും,
കടുത്ത ഭീതിയേകിടും ജനത്തിനീ നരാധമർ;
മടുത്തു നമ്മളെങ്കിലും പ്രതീക്ഷയോടെയത്തെര–
ഞ്ഞെടുത്തിടും ദിനത്തിൽ വോട്ടു ചെയ്തിടുന്നു പിന്നെയും!

കവി : ഉമേഷ് നായർ

3.1389 മനം മടുത്തു ജീവിതം. . . (ജ്യോതി)

പഞ്ചചാമരം

മനം മടുത്തു ജീവിതം കളഞ്ഞു നീ തുലയ്ക്കാലാ
നിരന്തരം തരപ്പെടുന്ന സേവനങ്ങൾ ചെയ്തിട്ട
അതാണതാണു മംഗളം തരുന്ന വിദ്യയെന്നു നാം
നിനച്ചു; സേവ കിട്ടുവാൻ കൊതിച്ചിരിപ്പു നിർത്തണം.

കവി : ജ്യോതിർമയി

3.1390 അടച്ചുവച്ച പീസി. . . (ബാലേന്ദു)

പഞ്ചചാമരം

അടച്ചുവച്ച പീസി ഞാൻ തുറന്നതിന്നിടയ്ക്കിതാ
പടച്ചുവിട്ടു രണ്ടുപേർ തികഞ്ഞ പഞ്ചചാമരം;
തുടങ്ങുമീവിധം സദസ്യരൊക്കെയെങ്കിലീശ്വരാ
മടുത്തുപോകുകില്ലയോ ഇടയ്ക്കുപെട്ടുപോകുവോർ?

കവി : ബാലേന്ദു

3.1391 തുമ്പിക്കൈ രണ്ടു കൊമ്പെന്നിവ. . . (വാസുദേവൻ)

സ്രുദ്ധര

തുമ്പിക്കൈ രണ്ടു കൊമ്പെന്നിവ തടവരുളിക്കൊണ്ടുനിന്നിട്ടു, മമ്പാൽ–
ക്കുംഭീന്ദ്രാസ്യന്നമമ്മട്ടറുമുഖനമൊരാൾ മുന്നമമ്മിഞ്ഞനൽകി;
പിമ്പിപ്പോളൊറ്റവായും നരവടിവുമെഴും പിള്ളകൾക്കും മുലപ്പാൽ
തുമ്പില്ലാഞ്ഞോ കൊടുക്കാൻ മടി മഹിളകളേ തീരെയമ്പില്ലയാഞ്ഞോ?

കവി : ടി. എം. വി.

3.1392 പാതും ന പ്രഥമം. . . (ഉമേഷ്)[230]

ശാർദ്ദൂലവിക്രീഡിതം

പാതും ന പ്രഥമം വ്യവസ്യതി ജലം യുഷ്മാസ്വപീതേഷു യാ,
നാദത്തേ പ്രിയമണ്ഡനാപി ഭവതാം സ്നേഹേന യാ പല്ലവം,
ആദ്യേ വഃ കുസുമപ്രസൂതിസമയേ യസ്യാഃ ഭവത്യുത്സവഃ
സേയം യാതി ശകുന്തളാ പതിഗൃഹം, സർവൈരനുജ്ഞായതാം.

കവി : കാളിദാസൻ, കൃതി : *ശാകുന്തളം*

3.1393 ആറീ തെക്കുപുറത്തെരിഞ്ഞ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ആറീ തെക്കുപുറത്തെരിഞ്ഞ ചിതയിൽച്ചെന്തീ, യതീ നെഞ്ചിലെ–
ന്നാറാനാണു, വിഷാദചിന്ത വിറകെട്ടീടുമ്പൊളീമട്ടതിൽ;
തോരാതുള്ളൊരു കണ്ണുനീരിതു വിറക്കൊള്ളുന്നൊരീക്കൈകളിൽ
ക്കോരാനും നിജനാഥനുള്ളൊരുദകം നൽകാനുമായെൻ വിധി!

കവി : ടി. എം. വി., കൃതി : *സതീധർമം*

3.1394 തപ്പുന്നു ബാഹു. . . (കർത്താ)

സ്രുദ്ധര

തപ്പുന്നു ബാഹു, താന്താങ്ങളുടെ മടികളും, കീശയും; തീകൊളുത്തി–
ച്ചപ്പുന്നു പിന്നെയോരോ ലഹരികളലസം ചുണ്ടിനാൽ ഗോഷ്ടി കാട്ടി;
'കൈപ്പുണ്യ' ശ്ലോകർ വാഴും പെരിയ നരകമാം ബോഗികൾ മാത്രമല്ലാ
തുപ്പുന്നു വണ്ടിയും നൽപ്പുക; കവിതകൾതൻ പേരിലീ ഞാനുമേവം!

കവി : കരിമ്പുഴ രാമചന്ദ്രൻ, കൃതി : *ഒരു ഉദ്യോഗസ്ഥന്റെ യാത്രാപ്രാരബ്ധങ്ങൾ*

---

[230] [*ഉമേഷ്*] ശ്ലോകം **3.1392 :** പരിഭാഷ (വള്ളത്തോൾ):

വെള്ളം മുമ്പു കുടിപ്പതിന്നു തുനിയാ നിങ്ങൾക്കു നൽകാതെയാർ,
നുള്ളാറില്ലണിവാൻ കൊതിക്കുകിലുമാരൻപാൽ ഭവത്പല്ലവം,
നല്ലോരുത്സവമാർക്കു നിങ്ങടെ കടിഞ്ഞൂൽപ്പൂപ്പിറ, പ്പേകുകി-
ങ്ങെല്ലാരും വിട, യശ്ശകുന്തളയിതാ പോകുന്നു കാന്താലയേ.

3.1395 കൃഷ്ണാ, നിന്നുടെയദ്ഭുതങ്ങൾ. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

കൃഷ്ണാ നിന്നുടെയദ്ഭുതങ്ങൾ നിറയും തന്ത്രങ്ങളാം നിശ്ചയം
ദുഷ്ടന്മാരെ മുടിച്ചു പാണ്ഡവർ ജയം നേടീടുവാൻ കാരണം
ചക്രത്താൽ രവിയേ മറച്ചിരുളിലായ് ദിക്കൊക്കേ മൂടിബ്ഭവാൻ
പാർത്ഥൻ തൻ കുരുസോദരീവരവധപ്പട്ടാങ്ങു പാലിച്ചിതേ

3.1396 ചിത്താബ്ജം തുയിലാർന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ചിത്താബ്ജം തുയിലാർന്നു പോകിലുമതാണദ്ധ്യാത്മവിദ്യാലയം,
തത്ത്വജ്ഞാനനിലീനദർപ്പണദളം തത്രൈവഹ്രസ്വം സദാ
യുക്തിയ്ക്കൊത്ത വിമാനമേറി, യറിവിൻ തത്ത്വാഭ കണ്ടെത്തുവാൻ
മർത്ത്യാ, നീയിവിടെത്രകാലമിനിയും വിദ്യാർത്ഥിയായ് മേവണം?

, കൃതി : *(സമസ്യാപൂരണം)*

3.1397 യാഗത്തിന്നു വധിച്ചിടാം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

യാഗത്തിന്നു വധിച്ചിടാം പശുവിനെ, പ്പുഷ്ടാറ്റുവാൻ കൊൽവതാ–
ണാഗസ്സെന്നു വിധിപ്പതും, ലഹരിപാനീയത്തെ വർജ്ജിക്കുവോർ
ഭോഗത്താൽ ക്രതുവേദിതന്നിലതിനെസ്സാധൂകരിക്കുന്നതും,
യോഗക്ഷേമവിധിജ്ഞരേ! വരമുനിപ്രോക്തങ്ങളെന്നോ മതം?

കവി : യൂസഫലി കേച്ചേരി, കൃതി : *സോമയാഗം*

3.1398 ഭക്തന്മാർ പെരുകുന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഭക്തന്മാർ പെരുകുന്നു, വിപ്ലവമഹാവിക്ഷോഭമുള്ളോർകളും
മുക്തിയ്ക്കായ് കപടം നടിച്ചു നടകൊണ്ടീടുന്ന ദേശാന്തരം,
സത്യം വിറ്റുപെറുക്കി വസ്തുവകയായ് മാറ്റിക്കഴിഞ്ഞുള്ളവർ–
ക്കത്യന്തം ഭയമുണ്ടു, സത്യഭയമേ ഭക്തിക്കെഴും കാരണം!

കവി : ഏവൂർ പരമേശ്വരൻ

3.1399 സുരുചിരമുഖപദ്മം. . . (കർത്താ)

പുഷ്പിതാഗ്ര

സുരുചിരമുഖപദ്മമു; ണ്ടതിങ്കൽ–
ക്കരുണനിറഞ്ഞിരുനീലപദ്മവും തേ!
ഒരു കരമമരുന്ന പദ്മവും, നി–
ന്തിരുപദപദ്മവു–മങ്ങു പദ്മനാഭൻ.

കവി : കരിമ്പുഴ രാമചന്ദ്രൻ, കൃതി : *നവകം*

3.1400 ഒരേ കളിപ്പാട്ടമൊരേ. . . (ജ്യോതി)

ഉപേന്ദ്രവജ്ര

ഒരേ കളിപ്പാട്ടമൊരേകളിക്കു–
ത്തൊരേ കളിക്കൊട്ടിലൊരേ വികാരം
ഒരാൾക്കു മറ്റാൾ തണ, ലീ നിലയ്ക്കാ–
യിരുന്നു ഹാ കൊച്ചുകിടാങ്ങൾ ഞങ്ങൾ

കവി : നാലാപ്പാട്ട്, കൃതി : *കണ്ണനീർത്തുള്ളി*

3.1401 ഒരുട്ടുതത്തുമണമാ. . . (ഉമേഷ്)

ഉപേന്ദ്രവജ്ര

ഒരുട്ടുതത്തുമണമാ സ്ഥലത്തു
പരന്നു പാറീ കുളിർകാറ്റിനൊപ്പം
നിരന്തരം വന്നു പൊഴിഞ്ഞിതേതോ
മരന്ദമൊന്നെന്നുടെ വഞ്ചി തന്നിൽ.

കവി : വള്ളത്തോൾ, കൃതി : *തോണിയാത്ര*

3.1402 നഗ്നം ഹാ മേനി ചാൺ. . . (കർത്താ)

സ്രഗ്ധര

'നഗ്നം ഹാ! മേനി ചാൺ താനുടുതുണി കിഴിയാൻ ബാക്കി, രക്ഷിക്ക'യെന്നു–
ദ്വിഗ്നം സ്ത്രീചിത്തമാർക്കേ, തനുവിൽ പുടവയായാർ സ്വയം ചൂഴ്ന്നിണങ്ങീ,
ഭഗ്നം സാമ്രാജ്യമാരോ കടുകിട കുറയാതാവഹം ചെയ്തുനേടീ,
മഗ്നം മച്ചിത്തമിന്നാ വിസ്മര മഹിമാമുഗ്ധദുഗ്ധാർണ്ണവത്തിൽ!

കവി : യൂസഫലി കേച്ചേരി, കൃതി : *മർത്ത്യഗന്ധപ്രിയൻ*

3.1403 ഭക്ത്യാ സേവിക്ക പൂജ്യാൻ. . . (ഉമേഷ്)[231]

സ്രഗ്ധര

ഭക്ത്യാ സേവിക്ക പൂജ്യാൻ, മരുവുക സഖിയെപ്പോൽ സപത്നീജനത്തിൽ,
ഭർത്താവിൻ വിപ്രിയം ചെയ്യരുതു നികൃതയെന്നാകിലും രോഷമൂലം,
അത്യന്തം ഭൃത്യരിൽ വാഴുക സരളതയാ, ഗർവ്വമുത്സൃജ്യ ഭോഗേ–
ഷ്വിത്ഥം സ്ത്രീകൾ ഭവിക്കുന്നിതു ഗൃഹിണികളാ, യന്യഥാ ഗേഹബാധാഃ

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.1404 അമ്പാടി തന്നിൽ. . . (ഉമ)

അമ്പാടി തന്നിൽ കില ബാലകന്മാ–
രമ്പോടു മന്ദം വളരും ദശായാം
സമ്പന്നമോദം ഭുവനേ ഭവിച്ചു
സമ്പത്തനേകം ഭുവി സംഭരിച്ചു

കവി : കുഞ്ചൻ നമ്പ്യാർ , കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.1405 സ്വാതന്ത്ര്യമെന്നുള്ളൊരനർഘ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സ്വാതന്ത്ര്യമെന്നുള്ളൊരനർഘശബ്ദ–
മാനന്ദമാണായതു നേടുവാനായ്
ഇപ്പാരതന്ത്ര്യക്കടൽ നീന്തി നീന്തി–
ച്ചെല്ലേണമങ്ങേക്കരെ നമ്മളെല്ലാം.

കവി : ചങ്ങമ്പുഴ, കൃതി : *ചിന്താവിഹാരം*

---

[231] [*ഉമേഷ്*] ശ്ലോകം **3.1403 :** മൂലശ്ലോകം (കാളിദാസൻ):

ശ്രുശ്രൂഷസ്വ ഗുരൂൻ, കുരു പ്രിയസഖീവൃത്തിം സപത്നീജനേ
ഭർത്തുർവിപ്രകൃതാപി രോഷണതയാ മാ സ്മ പ്രതീപം ഗമഃ
ഭൂയിഷ്ഠം ഭവ ദക്ഷിണാ പരിജനേ, ഭാഗ്യേഷ്വനുത്സേകിനീ,
യാന്ത്യേവം ഗൃഹിണീപദം യുവതയോ, വാമാ കുലസ്യാധയഃ

3.1406 ഇഴകിപ്പിടിച്ചൊരിരുൾ. . . (ജ്യോതി)

മഞ്ജുഭാഷിണി

ഇഴകിപ്പിടിച്ചൊരിരുളായ മായയെ–
ത്തഴുകിക്കിടന്ന വലയുന്ന ഞാൻപ്രഭോ!
തഴുതൊന്ന നീക്കു, തവ ചിൽപ്രഭാകണം
മിഴിവേകിടട്ടെ മിഴികൾക്കനാരതം

കവി : വി.കെ.ജി.

3.1407 തൃത്താവിൻ പരിശുദ്ധി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തൃത്താവിൻ പരിശുദ്ധി, വിണ്ണു മുകളും മൂർദ്ധാവു, ദിക്കെട്ടിലും
കത്താൻ നീളമെഴുന്ന കമ്പുകളിളയ്ക്കേകം തണൽപ്പാടുകൾ,
ഇത്ഥം സർവ്വമഹത്വവും തികയുമെന്നാലേ, ഭവാനിപ്പന–
പ്പൊത്തിൽകൂടിയ മൂലമെത്ര കൃശനായ്, നിസ്തേജനായ്, നിന്ദ്യനായ്!

കവി : വി. കെ. ജി.

3.1408 ഇട്ടീരിമൂസ്സിനുടെ. . . (കർത്താ)

വസന്തതിലകം

ഇട്ടീരിമൂസ്സിനുടെ കയ്യിലയച്ച പദ്യം
കിട്ടീ വിധങ്ങൾ വിവരിച്ചു മനസ്സിലായി
ഞെട്ടീല തെല്ലുമിതുകൊണ്ടഹമിന്നതല്ല
പൊട്ടീ നമുക്കു പരിചിൽ പരിഹാസഹാസം.

കവി : വെണ്മണി മഹൻ, കൃതി : *കവിപുഷ്പമാല*

3.1409 ഞാനെന്താണപരാധമെന്റെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഞാനെന്താണപരാധമെന്റെ പൊരുളേ, ചെയ്തേൻ? ഭവൽപ്പുത്രനാം
മീനാങ്കന്ന കൊടുത്തതോ മമ മനക്ഷേത്രത്തിലൽപം സ്ഥലം?
ന്യനം ഞാനവനെപ്പിടിച്ചു വെളിയിൽത്തള്ളാം, നിനക്കാവുമോ
ഹേ നാരായണ, ശൂന്യമാകുമവിടെപ്പാർക്കാൻ കളത്രത്തൊടേ?

കവി : മംഗലം പ്രഭാകരൻ നായർ

3.1410 നിനക്കിരിക്കാൻ കരളിൽ. . . (ബാലേന്ദു)

ഉപേന്ദ്രവജ്ര

നിനക്കിരിക്കാൻ കരളിൽ സ്ഥലം ഞാൻ
നിനച്ചു പണ്ടേ വഴിപോലൊരുക്കി;
വലിഞ്ഞു കേറീ മകനായിടത്തിൽ
വലിച്ചിറക്കാൻ തുണ കൃഷ്ണ നീ താൻ.

കവി : ബാലേന്ദു. മുൻ ശ്ലോകത്തിന്റെ പരാവർത്തനം.

3.1411 വിധുരത കലരാതെ. . . (മധുരാജ്)

പുഷ്പിതാഗ്ര

വിധുരത കലരാതെ കീർത്തിയാകും
വിധുകല പൊങ്ങുമൊരപ്പരാർണവത്തിൽ
മധുരിപു മഹനീയയോഗനിദ്രാ–
മധുമൊഴിയോടൊരുമിച്ചു വാണിരുന്നു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1412 മോദാൽ കേട്ടൊരു വാർത്ത. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മോദാൽ കേട്ടൊരു വാർത്തയാണടിയനും ചൊല്ലുന്നു നൂറാമതായ്
ശ്ലോകം മേന്മയെഴും സദസ്സിലതിനായ് ഞാൻ ചെയ്ത പുണ്യം ശതം
വാണീദേവി തുണയ്ക്കണേ ഭഗവതീ കൃപ്പുന്നു നിന്നെസ്സദാ
വീഴുന്നു തവ തൃപ്പദേ വിനയമായ് ചെയ്യുന്നു ശ്ലോകാർച്ചന

കവി : **ഋഷി**. ഋഷിയുടെ നൂറാം ശ്ലോകം.

3.1413 വിത്താർ നട്ടു?. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വിത്താർ നട്ടു? തടം പിടിച്ച കരമേ, താർതാൻ നനച്ച ക്രമാ–
ലിത്തയ്യിത്ര വളർന്നിടുംവരെ വളം വെയ്ക്കാൻ മിനക്കെട്ടതാർ?
നിത്യം തേൻപഴമേകിടുന്നതു ഭുജിച്ചീടുന്നതല്ലാതെ നാ
മിത്രയ്ക്കൊന്നു മറിഞ്ഞിടാൻ തുനിയുമോ? – 'തേന്മാവു സാധാരണം'!

കവി : **വി.കെ.ജി**, കൃതി : *അവിൽപ്പൊതി*

3.1414 നോക്കിക്കാണുകിലെന്തും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നോക്കിക്കാണുകിലെന്തുമെച്ചമറുപത്തഞ്ചാംവയസ്സിൻ പഴം–
ചാക്കിൽ തുക്കിയ ലാഭചേതമിവിടെത്തട്ടിക്കിഴിച്ചീടുകിൽ?
നീക്കിക്കാട്ടുവതിന്നു മേൽഗതി നമുക്കെന്നാളുമേ കൈവശം
ബാക്കി, ബ്ലാങ്കൊരു ബാങ്കുചെക്കു കവിതേ നിന്നക്ഷരശ്ലോകമേ!

കവി : **എൻ. ഡി. കൃഷ്ണനുണ്ണി**, കൃതി : *ശ്ലോകത്തിൽ (നാട്ടുവെളിച്ചം)*

3.1415 നൂറ്റാണ്ടിൽ കഥ പാടിയാടി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

നൂറ്റാണ്ടിൽ കഥ പാടിയാടിവളരും വൃക്ഷങ്ങളില്ലെങ്ങുമേ,
കാറ്റിൻ താളതരംഗലീല തുടരും പക്ഷങ്ങളും ദുർല്ലഭം,
വറ്റിത്തുമണൽ വിറ്റിടുന്ന കടയാ, യാറും കൃഷിപ്പാടമോ
വെട്ടിത്താഴ്ത്തിയ മണ്ണെടുത്ത കുഴിയായ്, മർത്ത്യന്റെ ബോധോദയം!

കവി : **പി. കൃഷ്ണകുമാർ**, കൃതി : *ഗ്രാമദുഃഖം*

3.1416 വാദ്യം ഹൃദ്സ്പന്ദമാകാം. . . (കർത്താ)

സ്രഗ്ധര

വാദ്യം ഹൃദ്സ്പന്ദമാകാം പ്രിയമൊടു വരവേറ്റീടുവാനെൻ പുരാനേ,
പാദ്യം തപ്താശ്രുവാക്കാം തിരുമലരടിയിൽപ്പേർത്തുമിറ്റിറ്റു വീഴ്ത്താൻ
ഖാദ്യം മത്കാവ്യമാക്കാം നരഹൃദയനിണച്ചൂടുലാവുന്നൊരീ നൈ–
വേദ്യം കൈകൊണ്ടു, തള്ളാ, മമൃതവുമകലേ മർത്യഗന്ധപ്രിയൻ നീ!

കവി : യൂസഫലി കേച്ചേരി, കൃതി : *മർത്യഗന്ധപ്രിയൻ*

3.1417 ഖാദ്യം ഭ്രമിയിലുള്ളതെന്തും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഖാദ്യം ഭ്രമിയിലുള്ളതെന്തു, മബലാമദ്യാദിഭോഗങ്ങളാ–
സ്വാദ്യം, സദ്ഗുരുനിന്ദനം മൃത, ലതോടൊത്തിട്ടഹങ്കാരവും,
ചോദ്യം ചെയ്തിടുമെന്തിനേയുമനിശം, മജ്ജീവിതത്തിന്റെ പോ–
ക്കാദ്യം തൊട്ടിതു മട്ടിലാണു, ശരി നീ കാട്ടിത്തരേണം ഹരേ!

കവി : ഉമേഷ് നായർ

3.1418 ചന്ദ്രൻ മനസ്സെന്നു. . . (കർത്താ)

ഇന്ദ്രവജ്ര

ചന്ദ്രൻ മനസ്സെന്നു പറഞ്ഞു ശാസ്ത്രം
മു, മ്പന്ധവിശ്വാസമതെന്നു വച്ചു;
റോക്കറ്റു ചെന്നങ്ങു പതിച്ച പിമ്പോ
പോക്കറ്റപോലായുലകിൻ ഹൃദന്തം.

കവി : എൻ. ഡി. കൃഷ്ണനുണ്ണി, കൃതി : *അന്ധവിശ്വാസം*

3.1419 റോസയ്ക്കിതു കടും ചുവപ്പു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

റോസയ്ക്കിതു കടും ചുവപ്പു മൃതനായ് മണ്ണോടു ചേർന്നോരെതോ
സീസർക്കുള്ള ഹൃദന്തരക്തിമയിൽ നിന്നല്പാതെയുണ്ടായിടാ;
വാസന്തോപവനസ്ഥലത്തു വിരിയും മുല്ലയ്ക്കെഴും സൗരഭം
ശ്രീസദ്മത്വമൊടന്തരിച്ചൊരുവൾ തൻ വാർകുന്തലിൽ നിന്നു താൻ.

കവി : എം. പി. അപ്പൻ, കൃതി : *ജീവിതോത്സവം (ഉമർ ഖയ്യാം തർജ്ജമ)*

3.1420 വാനം പോലതിരറ്റ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വാനം പോലതിരറ്റ വൈദുഷിയിലുടങ്ങീടുന്ന നീത്തുമ്പൊഴും
പേനയ്ക്കുള്ളിലെ നീലരുപവതിമാർക്കായുസ്സു നൽകുമ്പൊഴും
ധ്യാനത്താൽ പരദേവതയ്ക്കു പുളകപ്പൂമാല ചാർത്തുമ്പൊഴും
തേനഞ്ചും മധുരാനുഭൂതി വഴിയും നാദം മുഴങ്ങില്ലിനി!

കവി : യൂസഫലി കേച്ചേരി, കൃതി : *വിത്തിനുള്ളിലൊളിച്ച വൻതരു (കെ. കെ. രാജയെപ്പറ്റി)*

3.1421 ധ്യാനം നിർത്തി, വിശാലനീല. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ധ്യാനം നിർത്തി, വിശാലനീലനയനദ്വന്ദ്വം തുറന്നപ്പൊഴേയ്–
ക്കാനന്ദോൽപുളകാംഗി തന്റെ കടിലിൻ മീതേ നഭോവീഥിയിൽ
ദീനത്രാണപരായണം ത്രിജഗതീനാഥന്റെ തൃക്കയ്യതാ
നൃനം വാരി വിതച്ചിടുന്ന വളരെസ്സൗവർണ്യനാണ്യങ്ങളെ!

കവി : വള്ളത്തോൾ, കൃതി : *ഒരു സന്ധ്യാപ്രണാമം (സാഹിത്യമഞ്ജരി)*

3.1422 ദരിദ്രനെന്നാകിലും. . . (ഉമ)

ഉപേന്ദ്രവജ്ര

ദരിദ്രനെന്നാകിലുമത്രമാത്രം
കരത്തിലില്ലാത്ത ജനം ചുരുക്കം
ധരിയ്ക്ക നീ നാഥ! നമുക്കിദാനീ–
മൊരിയ്ക്കലഷ്ടിയ്ക്കുമുപായമില്ല

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *മണിപ്രവാളം*

3.1423 ധർമ്മാചാരം, ധനിത്വം. . . (ഋഷി)

സ്രഗ്ധര

ധർമ്മാചാരം, ധനിത്വം, ധവളതരയശ,സ്സംഗനാപാംഗമാലാ–
രമ്യാകാരം, രസാലംകൃതകൃതികൾ, മനശ്ശുദ്ധിമത്വം, പ്രൗഢത്വം,
അമ്മേ! നിൻപാദപൂജാകരനുടെ പരികർമ്മിയ്ക്കുമിച്ചൊന്നതെല്ലാം
സമ്മേളിയ്ക്കുന്നു; നിൻപൂജകനുടെ കഥയോ, പിന്നെയെന്തായിരിയ്ക്കും!

കവി : ഒറവങ്കര, കൃതി : *സ്തവങ്ങൾ*

3.1424 അഖണ്ഡവിധുമണ്ഡലമുഖം. . . (ഉമേഷ്)

ശംഭുനടനം

അഖണ്ഡവിധുമണ്ഡലമുഖം, ഡമരുമണ്ഡിതകരം, കനകമണ്ഡപഗൃഹം,
സ്വഗണ്ഡതലമുണ്ഡശശികണ്ഡലിപമണ്ഡനപരം, ജലജഖണ്ഡജടിലം,
മൃകണ്ഡുസുതചണ്ഡകരദണ്ഡധരമുണ്ഡനപദം, ഭുജഗകുണ്ഡലധരം,
ശിഖണ്ഡശശിഖണ്ഡമണിമണ്ഡനപരം, പരചിദംബരനടം, ഹൃദി ഭജേ!

കവി : പതഞ്ജലി, കൃതി : *പതഞ്ജലിനവകം*

3.1425 മുത്തിത്തള്ള, മുറം, ചിരട്ട. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മുത്തിത്തള്ള, മുറം, ചിരട്ട, ചിര, ചൂൽ, ചാണം, കുടം, കൂട, വാ–
ക്കത്തിക്കണ്ട, മുലക്ക, ളുമ്പ, യരിവാ,ലമ്മിക്കൽ, ചെമ്മീൻ കലം
അത്തീച്ചട്ടി, തവിട്ടുവട്ടി, യുരൽ, കോഴിക്കുട, കോടാലി – യെ–
ന്നിത്യാദ്യങ്ങൾ നിറഞ്ഞെറേത്തൊരു മുറിപ്പാ കിട്ടി പാക്കട്ടിലിൽ!

കവി : ശീവൊള്ളി

3.1426 അത്രക്കു നാശമിഹ. . . (ഹരി)

വസന്തതിലകം

അത്രക്കു നാശമിഹയെന്തിനിമാനവർക്കീ
കത്രീനയായ് പ്രകൃതി രൂപമെടുത്തു നൽക്കി
ശാസ്ത്രത്തിനാട്ടെകഴിയുന്നതുമില്ല തെല്ലും
ഛത്രത്തിനൊത്ത ചെറു ക്ഷേമമതേകുവാനും

കവി : ഹരിദാസ്

3.1427 ശൃംഗാരക്കടലും കടന്നു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ശൃംഗാരക്കടലും കടന്നു കവിതാസീതാവിശേഷം ഗ്രഹി–
ച്ചംഗാമാന്തഹാരസാല്വലകിടം മൂന്നും വെളുപ്പിച്ചഹോ!
ഗംഗാവൻകവിയായ വെണ്മണിമഹൻ നമ്പൂരി ഗംഭീരനാം
തുംഗാത്മാ ബഹുശക്തിയോടരുളുമാ ശ്രീമാൻ ഹനുമാൻ ദൃഢം.

കവി : കെ. സി. നാരായണൻ നമ്പ്യാർ

3.1428 ഗദക്ലിഷ്ടം കഷ്ടം. . . (ജ്യോതി)

ശിഖരിണി

ഗദക്ലിഷ്ടം കഷ്ടം തവചരണസേവാരസഭരേ–
പ്യനാസക്തം ചിത്തം ഭവതി ബത വിഷ്ണോ കരു ദയാം
ഭവത്പാദാംഭോജസ്മരണരസികോ നാമനിവഹാ–
നഹം ഗായം ഗായം കുഹചന വിവത്സ്യാമി വിജനേ

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം–ദശകം 3*

3.1429 ഭീഷ്മൻ ഭീഷ്മതമാം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഭീഷ്മൻ ഭീഷ്മതമാം, കൃപൻ കൃപതമാം ദ്രോണൻ തഥാ ദ്രോണരാം,
വൈദ്യൻ വൈദ്യതമാം, വരൻ വരതമാം, ഭോ! വാരിയൻ വാര്യരാം,
ചാന്നാർ, നായർ, പണിക്ക,രയ്യ,രതുപോലാചഷ്ടയരെന്നൊക്കെയും
ചൊന്നീടാ,മതു ഹേ! മഹാരസിക! താനോർക്കാതിരിക്കുന്നുവോ?

കവി : മൂലൂർ, കൃതി : *(പണിക്കർ യുദ്ധം)*

3.1430 ചാകാൻ കാലം കഫവികൃതിയാൽ. . . (ഉമ)

മന്ദാക്രാന്ത

ചാകാൻ കാലം കഫവികൃതിയാൽക്കണ്ണുമെല്ലാമടഞ്ഞ–
ച്ചക്രശ്വാസം വലിമുറുകി ഞാൻ ഖിന്നനായ് കേണിടുമ്പോൾ
ദൂരേ നിന്നും കഴൽ വിളിയുമായ് പുഞ്ചിരിപ്പാല തീർത്തെൻ
ചാരത്തേയ്ക്കായുടനെയെഴുനള്ളിടേണം കൊണ്ടൽ വർണ്ണൻ

കവി : ഓട്ടൂർ ഉണ്ണീ നമ്പൂതിരിപ്പാട്

3.1431 ദ്വിഷതാം ഹൃദി. . . (കർത്താ)

വിയോഗിനി

ദ്വിഷതാം ഹൃദി മോദമീയുഷാ–
മപി ബന്ധുച്ഛലമേത്യ ശോചതാം
അവഹേളവിഷോഷ്മളാ ഗിരോ
വിഷഹേതാം ശ്രവസീ കഥം മമ?

കവി : എ. ആർ, കൃതി : *ഭംഗവിലാപഃ*

3.1432 അഞ്ചാലൊന്നിന്റെ മധ്യേ. . . (ഉമേഷ്)

സ്രഗ്ധര

അഞ്ചാലൊന്നിന്റെ മധ്യേ മരതകമണി പോൽ ഭോഗഭോഗീന്ദ്രതൽപേ
ചഞ്ചൽച്ചില്ലീവിലാസൈസ്ത്രിഭുവനമഖിലം കാത്തുരക്ഷിക്കുമാദ്യൻ
പഞ്ചാനാം പാണ്ഡവാനാം പ്രിയസഖി തിരുവാറന്മുളത്തമ്പുരാനെൻ
നെഞ്ചിൽ കിഞ്ചിൽ പിരിഞ്ഞീടരുതതിനനിശം കാലമേ കൈതൊഴുന്നേൻ!

3.1433 പരസ്പരം കൂട്ടികൾ. . . (ഉമ)

ഉപേന്ദ്രവജ്ര

പരസ്പരം കൂട്ടികൾ കാടുകാട്ടിയാ–
ലൊരമ്മയിത്തുള്ളരിശപ്പെടാവതോ?
ഹരങ്കലര്യേ, ഭൂഭൃസൂനു ശിഷ്യനാ–
യൊരന്നു തൊട്ടുണ്ണികൾ മൂവരായ്ത്തവ!

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1434 ഹീനകർമ്മരതിയേതിനോടും. . . (ഋഷി)

കുസുമമഞ്ജരി

ഹീനകർമ്മരതി, യേതിനോടുമൊരു നീതിവിട്ട നിലപാടു, സു–
സ്ഥാനമാനബിരുദാഭിലാഷ, മതിനിഷ്ഠുരപ്രകൃതി – യിത്തരം
മാനുഷർക്കതിനിഷിദ്ധമായവയിലാശവെച്ചു വളരുന്നൊര–
ജ്ഞാനികൾക്കുറുതിയേകുവാനവതരിക്ക നീ ഭുവനനായക!

കവി : മേവട വി. എൻ. നമ്പൂതിരി, കൃതി : *അവതരിക്കണേ*

3.1435 മാരവൈരിമനമായ. . . (കർത്താ)

കുസുമമഞ്ജരി

മാരവൈരിമനമായ ചൂതമലരിൽത്തെളിഞ്ഞൊരനുരാഗമാം
ചാരുതേനധികമാസ്വദിപ്പൊരു വിദഗ്ധകോകിലവിലാസിനീം
ഏറിനോരു കരുണാംബുധൗ ത്വടിതി ചാടുമീക്ഷണകലാമ്മനം
ചേരുവോരു ചെറുകുന്മർന്ന ഗിരികന്യകാമഹമുപാശ്രയേ.

3.1436 എത്തണം കടൽ നടുക്കു. . . (ഉമേഷ്)

കുസുമമഞ്ജരി

എത്തണം കടൽ നടുക്കു താ, നടൽ വെടിഞ്ഞ പോൽ കരുതിയുപ്പുകാ–
റ്റത്തപിപ്പതു പൊറുത്തിടേണ – മിതി മാഴ്കലാ ജലധിവാണിജ!
പത്തനത്തിൽ മൃദുമെത്ത മേൽ പ്രിയയുമൊത്തുറങ്ങിയുണരും വിധൗ
വിത്തമെത്തിടുമതന്തമായ് കരതലത്തിലെന്നു കരുതുന്നുവോ?

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *അന്യാപദേശശതകം തർജ്ജമ*

3.1437 പണം നിറച്ചു കിട്ടുകിൽ. . . (ജ്യോതി)

പഞ്ചചാമരം

പണം നിറച്ചു കിട്ടുകിൽ പരാതിയില്ല ജീവിതം
സുഖം, നിനച്ച മണ്ടി ഞാൻ ധനാശ തീരുവോളവും
ധനം കനത്തു ഭാരമായ്, വരുന്നിതന്ത്യചിന്തയും
'അലക്കൊഴിഞ്ഞുപോകുവാൻ തരപ്പെടില്ല കാശിയിൽ'!

കവി : ജ്യോതിർമയി

3.1438 ധാമസ്ഥിതം കിമപി. . . (കർത്താ)

വസന്തതിലകം

ധാമസ്ഥിതം കിമപി ധൂതമനോജ്ഞബർഹേ
പുഷ്പേ ഭൃജംഗമളജഃ ശരണം ശ്രിതാനാം
ധ്യായാമി താരകിതനീലനഭോഗതേന
ബിംബേന ബിഭ്രദുപമാം സ്ഫുടമൈന്ദവേന.

കവി : കുമാരനാശാൻ, കൃതി : *ശിഖിവാഹനധ്യാനദശകം*

3.1439 ധീ മങ്ങുമാറുടനുടൻ. . . (ഉമേഷ്)

വസന്തതിലകം

ധീ മങ്ങുമാറുടനുടൻ വിവിധം വികാര–
സ്തോമം കടന്നവളെയിട്ടു ഞെരുക്കിടുമ്പോൾ
പ്രേമപ്രസിക്തമതിയായ് പിതൃതുല്യനാകു–
മാ മന്ത്രിവൃദ്ധനൊടു ബാലികയെന്തു ചൊല്ലും?

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.1440 പോടോ തനിക്കുമൊരു പുത്രി. . . (ബാലേന്ദു)

വസന്തതിലകം

'പോടോ തനിക്കുമൊരു പുത്രി ഗൃഹത്തിലില്ലേ?
പ്രായം നിനക്കിലവളും മമ തുല്യയല്ലേ?
പാടില്ലയിങ്ങനെ നടിപ്പതു പാപമല്ലേ?
ചൂലെന്റെ കയ്യിലമരുന്നതു കാണ്മതില്ലേ?'

കവി : ബാലേന്ദു. കഴിഞ്ഞ ശ്ലോകത്തിലെ ചോദ്യത്തിനു ഹാസ്യരൂപേണയുള്ള മറുപടി.

3.1441 പീലിക്കോലേകിടേണം തിരുമുടി. . . (കർത്താ)

സ്രുദ്ധര

പീലിക്കോലേകിടേണം തിരുമുടിയഴകിൽ കെട്ടിവച്ചങ്ങു ചാർത്താൻ
കാലിക്കോലേകിടേണം പലവഴിചിതറും പൈക്കളെച്ചേർത്തണയ്ക്കാൻ
കോലക്കോലേകിടേണം ചെറുചിരി പൊഴിയും ചുണ്ടണച്ചൂതുവാനായ്
പാലിക്കാനേകിടേണം മമ മനമഖിലംതന്നെയെൻ കണ്ണനായ് ഞാൻ.

കവി : കുഞ്ഞുണ്ണി

3.1442 കൂലാന്ത ഭാഗേ തിര. . . (ഉമ)

ഇന്ദ്രവജ്ര

കൂലാന്തഭാഗേ തിര വന്നടിയ്ക്കും
പാലാഴി തന്നിൽ പരിതോ വിളങ്ങും
ലീലാഗൃഹോദ്യാനസുവർണ്ണസാലാ–
ശാലാളികേളീനിലയങ്ങൾ കണ്ടാർ

കവി : കഞ്ചൻ നമ്പ്യാർ, കൃതി : *മണിപ്രവാളം*

3.1443 ലോകൈകശിൽപി രജനീ. . . (ഋഷി)

വസന്തതിലകം

ലോകൈകശിൽപി രജനീവനിതയ്ക്ക ചാർത്താൻ
നക്ഷത്രമാല പണിചെയ്യുവതിന്നുവേണ്ടി
സൗവർണ്ണപിണ്ഡമതുരുക്കിയെടുത്ത നീരിൽ
മുക്കുന്നിതാ തപനമണ്ഡലകൈതവത്താൽ

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ

3.1444 സത്യം ബ്രവീമി, പരലോകഹിതം. . . (രാജേഷ്)

വസന്തതിലകം

സത്യം ബ്രവീമി, പരലോകഹിതം ബ്രവീമി,
സാരം ബ്രവീ, മ്യുപനിഷദ്ധൃദ്യം ബ്രവീമി,
സംസാരമുൽബണമസാരമവാപ്യ ജന്തോഃ
സാരോ ∫ യമീശ്വര പദാംബുരുഹസ്യ സേവാ

3.1445 സന്ധ്യാതാണ്ഡവശൗണ്ഡ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സന്ധ്യാതാണ്ഡവശൗണ്ഡഖണ്ഡപരശുപ്രേംഖജ്ജടാമണ്ഡലീ–
നിര്യന്നിർഝരിണീഝരീകണഗണാഃ കിം വിപ്രകീർണ്ണാ ദിവി?
ദ്രാഖീയോവിയദധ്വധാവദധികക്ലാന്താർക്കഘോടച്ഛടാ–
വക്ത്രോദ്വാന്തനിതാന്തഫേനനിചയാഃ കിം ഭാന്തി താരോച്ചയാഃ?

കവി : അശ്വതിതിരുനാൾ ഇളയതമ്പുരാൻ, കൃതി : *ശൃംഗാരസുധാകരം ഭാനം*

3.1446 ദ്രുമേഷു സഖ്യാ. . . (ജ്യോതി)

വംശസ്ഥം

ദ്രുമേഷു സഖ്യാ കൃതജന്മസു സ്വയം
ഫലം തപസ്സാക്ഷിഷു ബദ്ധമേഷ്വപി
ന ച പ്രരോഹാഭിമുഖോ ∫ പി ദൃശ്യതേ
മനോരഥോ ∫ സ്യാഃ ശശിമൗലിസംശ്രയഃ

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.1447 നമുക്കെന്തിനന്യോന്യ. . . (കർത്താ)

ഭുജംഗപ്രയാതം

നമുക്കെന്തിനന്യോന്യദൂരം വിതുമ്പും
വികാരം? നിറം പൂത്ത സങ്കൽപകാവ്യം?
നമുക്കെന്തിനാൺപൂവു പെൺപൂവു വേറേ?
നമുക്കെന്തിനീയർത്ഥഹീനം പദങ്ങൾ?

കവി : വി. മധുസൂദനൻ നയർ, കൃതി : *നമുക്കിന്നി മറക്കാം*

3.1448 ന ഭ്രമിർ, ന തോയം. . . (ഉമേഷ്)

ഭുജംഗപ്രയാതം

ന ഭ്രമിർ, ന തോയം, ന തേജോ, ന വായുർ,–
ന ഖം, നേന്ദ്രിയം, വാ ന തേഷാം സമൂഹഃ
അനൈകാന്തികത്വാത് സുഷുപ്തേകസിദ്ധ–
സ്തദേകോ ∫ വശിഷ്ടഃ ശിവഃ കേവലോ ∫ ഹം.

കവി : ശങ്കരാചാര്യർ

3.1449 ആദിത്യന്നമനന്തകാന്തിയരുളും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആദിത്യന്നമനന്തകാന്തിയരുളും ഭവ്യപ്രകാശം ഭവാ–
നാദിശ്രേഷ്ഠമഹ, സ്സനാദിഗുരുവിൻ സന്മന്ദഹാസാങ്കുരം
ഛേദിച്ചീടുക നിത്യനിദ്രയിലമർത്തീടും തമസ്സിൻ കഴ–
ത്തീ ദിവ്യച്ചുവികൊണ്ടുതന്നെയവിടുന്നന്നാൾ കൃതാർത്ഥോസ്മ്യഹം!

കവി : വാരിക്കോലിൽ കേശവനുണ്ണിത്താൻ, കൃതി : *പ്രകാശം*

3.1450 ഛായാഗ്രാഹകപുഷ്പദർശനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഛായാഗ്രാഹകപുഷ്പദർശന, മലർച്ചെണ്ടിന്റെ ചീയും മണം,
തീയൊക്കും വെയിലത്തു മേനികൾ വിയർത്തീടുന്നതിൽ സ്പർശനം,
മായം ചേർത്തൊരു ഭക്ഷണം, ചെകിടടച്ചീടും വിധം ഭാഷണം,
നായന്മാർക്കു വിവാഹഘോഷണ, മഹോ! പഞ്ചേന്ദ്രിയാകർഷണം!

കവി : ഉമേഷ് നായർ

3.1451 മുണ്ടും ചുറ്റിച്ചുരുക്കത്തൊടു. . . (കർത്താ)

സ്രഗ്ധര

മുണ്ടും ചുറ്റിച്ചുരുക്കത്തൊടു കൃതവിനയം, പൊക്കിൾ കാണിച്ചു രണ്ടാം–
മുണ്ടും കക്ഷത്തിൽ വച്ചങ്ങനെ ചെറിയ പൊടിഡ്ഡപ്പി, താക്കോലുമായി
മിണ്ടുമ്പോൾ കൊഞ്ചിയോലും ചില ഫലിതമൊടും ലാക്കൊടും ചേർന്നിടുന്നീ–
മുണ്ടച്ചാരാരിതെത്തുന്നതു സരസമൊരുങ്ങിപ്പുരുങ്ങിപ്പുരുക്കെ.

കവി : വെണ്മണി മഹൻ

3.1452 മുരണ്ടളി മുകർന്നിടും. . . (ജ്യോതി)

പൃഥ്വി

മുരണ്ടളി മുകർന്നിടും തുളസിമാലയിൽ കൃഷ്ണമം
പുരണ്ട പശുപാംഗനാസ്തനമമർന്നതിൻ ചിഹ്നവും
പുരന്ദരധനുഃപ്രഭാനിബിഡമേചകോത്തംസവും
മരന്ദമൃദുഹാസവും മറയൊഴിഞ്ഞു കണ്ടാവു ഞാൻ.

കവി : വി.കെ.ജി, കൃതി : *അവിൽപ്പൊതി*

3.1453 പുളയ്ക്കട്ടേ, നാടൻകല. . . (കർത്താ)

ശിഖരിണി

പുളയ്ക്കട്ടേ, നാടൻകല, ലളിതസംഗീതകവുമായ്
വെളിച്ചത്തിന്നൊപ്പം വെളിയട വലിച്ചിട്ടുവെളിവായ്;
ഒളിച്ചോതേണ്ടാരും, ദ്വന്ദ്വപരികരം വൃത്തചതുരം
കളിച്ചോട്ടേ, ഛന്ദോനിര കവിത തൻ ശ്രേലികയുമായ്!

കവി : എൻ. ഡി കൃഷ്ണനുണ്ണി, കൃതി : *ശ്ലോകത്തിൽ*

3.1454 ഒന്നോർക്കിലിങ്ങിവ വളർന്ന. . . (ജ്യോതി)

വസന്തതിലകം

ഒന്നോർക്കിലിങ്ങിവ വളർന്ന ദ്വന്ദ്വാനുരാഗ–
മന്യോന്യമാർന്നുപയമത്തിന കാത്തിരുന്ന
വന്നീയപായമഥ കണ്ടളി ഭാഗ്യഹീനൻ
ക്രുന്ദിയ്ക്കയാം കഠിന താൻ ഭവിതവ്യതേ നീ.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1455 വേഴാമ്പലേറ്റം. . . (രാജേഷ്)

വസന്തതിലകം

വേഴാമ്പലേറ്റമഴലേന്തിയുഴന്ന വെള്ളം
നാലഞ്ചുതുള്ളി മുകിൽ തന്നൊടിരന്നിടുന്ന
അൻപോടതുഴി മുഴുവൻ മഴയാൽ നനയ്ക്ക–
ന്നമ്പോ വലിപ്പമുടയോന്റെ കൊടുപ്പു കേമം

കവി : കേ. സി. കേശവപിള്ള (വിവർത്തനം), കൃതി : *സുഭാഷിതരത്നാകരം*

3.1456 അത്യന്തബാല, മതസീ. . . (ഉമേഷ്)

വസന്തതിലകം

അത്യന്തബാല, മതസീകുസുമപ്രകാശം,
ദിഗ്വാസസം, കനകഭ്രൂഷണഭ്രൂഷിതാംഗം,
വിസ്രസ്തകേശ, മരുണാധര, മായതാക്ഷം,
കൃഷ്ണം നമാമി മനസാ വസുദേവസൂനും.

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.1457 വേഷത്താലുള്ള പൂകാനൊരു. . . (കർത്താ)

സ്രുദ്ധര

വേഷത്താലുള്ള പൂകാനൊരു തട; വകലത്താകിലും നിന്ന ഞാനു–
ന്മേഷത്താലാർദ്രഹൃത്തായ്തൊഴുമളവി'ലകത്താർ?' 'പുറത്താർ?' സ്മരിക്കേ
ഘോഷത്തോടേ ശ്രുവിച്ചേൻ നിഭൃതമി; 'തകമേ കാളി'യെ; ന്നോതിനേൻ സ–
ന്തോഷത്താൽ 'ദാസനാം ഞാൻ' – കവിതയരുളണേ പാറമേക്കാവിലമ്മേ!'

കവി : കരിമ്പുഴ രാമചന്ദ്രൻ, കൃതി : *കാളിദാസസ്മൃതി (നഗരപ്രദക്ഷിണം)*

3.1458 ഘോരാണാം ദാനവാനാം. . . (ഉമേഷ്)

സ്രഗ്ധര

ഘോരാണാം ദാനവാനാം നിരുപമപൃതനാഭാരഖിന്നാം ധരിത്രീ–
മോരോ ലീലാവതാരൈരഴകിനൊടു സമാശ്വാസയന്തം നിതാന്തം
ക്ഷീരാംബോധൗ ഭുജംഗാധിപശയനതലേ യോഗനിദ്രാമുദാരാം
നേരേ കൈക്കൊണ്ടു ലക്ഷ്മീകുളിർമുല പുണരും പദ്മനാഭം ഭജേഥാഃ

3.1459 കുന്നിൻമോളായ നിന്നെ. . . (കർത്താ)

സ്രഗ്ധര

കുന്നിൻമോളായ നിന്നെക്കുടിലകുളിർമതിക്കീറണിഞ്ഞോരു വെള്ളി–
ക്കുന്നിന്മോളിൽ കിടക്കുന്നൊരു മുതുകിഴവച്ചാരുവേട്ടെന്നുവെച്ച്
എന്നേ കേമമം വലിപ്പം മതി മതി, മതിനേരാനനേ, ദീനനായോ–
രെന്നെത്തെല്ലൊന്നു നോക്കീടുക തരുണകൃപാപൂരമുംഗൈരപാംഗൈഃ

കവി : ശീവൊള്ളി, കൃതി : *ദുസ്സ്പർശാനാടകം*

3.1460 എല്ലാവരും പാർക്കുകിൽ. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

എല്ലാവരും പാർക്കുകിലൊന്നുപോലെ
അല്ലൽപ്പെടാനായിഹ സൃഷ്ടരന്ത്രേ
കൃപാലുവായോനപരാർത്തിയിങ്ക–
ലല്ലാത്തവൻ തൻ വ്യസനത്തിലും, കേൾ!

കവി : കേ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.1461 കാളാംഭോദകമായ കമ്രരുചിയാൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാളാംഭോദകമായ കമ്രരുചിയാൽ, കാളാഞ്ജനക്കല്ലിനെ–
ക്കാളാരമ്യകളേബരേ കഠിനമക്ഷ്വേളാഹി കൊത്തുമ്പൊഴും
കോളായെന്നു നിനച്ചുകൊണ്ടഥ മനം കാളാതെ കാളിന്ദിയിൽ–
ക്കാളാഹീനശയൻ തുടർന്നു മധുരം താളാത്മകം നർത്തനം!

3.1462 കള്ളന്മാർ കരളിൻ കറുപ്പു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കള്ളന്മാർ കരളിൻ കറുപ്പു പുറമേ കാട്ടാതടുക്കും പെരും–
കൊള്ളക്കാർ നയവഞ്ചകപ്പരിഷ തൊട്ടാ നീചദുർബുദ്ധികൾ,
ഉള്ളത്തിൽ ഖലവൃത്തി വിഘ്നരഹിതം കാട്ടാൻ സഹായാർത്ഥമായ്
കള്ളം വിട്ടു ഭജിപ്പു നിന്നെ, യതിനും താങ്ങാണു നീ ദൈവമേ!

കവി : വാരിക്കോലിൽ കേശവനുണ്ണിത്താൻ, കൃതി : *ഒരു പ്രാർത്ഥന*

3.1463 ഉണ്ണിക്കാലും തളക്കോപ്പുകളുമരയിലെ. . . (ഋഷി)

ഉണ്ണിക്കാലും തളക്കോപ്പുകളുമരയിലെപ്പൊന്നരഞ്ഞാൺ കിഴിഞ്ഞി–
ട്ടുണ്ണിക്കൈകൊണ്ടരുണ്ണിപ്പുലകയുടനെടുത്തൊട്ടു വീണം നടന്നും
ഉണ്ണിക്കൃഷ്ണൻ വരുമ്പോൾ തിരുവയർ നിറയെപ്പാലുമുണ്ടോ പ്രസാദം
കണ്ണിൽക്കാണായ്‌വരേണം രഹസി മമ കിനാവെങ്കിലും പങ്കജാക്ഷാ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണ കർണ്ണാമൃതം*

3.1464 ഉച്ചച്ചന്ദ്രന്റെ കോലം. . . (ഉമേഷ്)[232]

സ്രഗ്ധര

ഉച്ചച്ചന്ദ്രന്റെ കോലം മലിന, മുപരതപ്പൗഢയാം വൃദ്ധവേശ്യാ,
സ്വച്ഛാ പാഥോജശൂന്യാ സരസി, മുഖമിഹാനക്ഷരം സുന്ദരാംഗം,
ശ്രീയെത്താൻ കാത്തിരിക്കും പ്രിയ, വൊരു കഴിവില്ലാതെ കേഴുന്ന വിദ്വാൻ,
കോയിയ്ക്കൽ കോയ്മകൊള്ളുന്നൊരു ഖല, നിവയേഴാണ്ട കേൾ ചിത്തശല്യം.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *(പരിഭാഷ)*

3.1465 ശയ്യാലംബിക്കുപോലും ചെറുതൊരു. . . (കർത്താ)

സ്രഗ്ധര

ശയ്യാലംബിക്കുപോലും ചെറുതൊരു സുകൃതം വേണമെന്നുള്ളുരച്ചാൽ
ചെയ്യാമെങ്കിൽ, പ്പരാർത്ഥം നലമലമഗധൻ നൽകുവാനെന്തു വിഘ്നം?
പെയ്യാ ജീമൂതമായ്, നെൽച്ചെടിയിലെ പതിരായ് കെട്ട വിത്തായി, മച്ചി–
പ്പയ്യായും മാറ്റിടായ്കെൻ കവിതയെ മനമേ, വന്ധ്യമാം ചിന്ത മൂലം.

കവി : യൂസഫലി കേച്ചേരി, കൃതി : *മർത്യഗന്ധപ്രിയൻ*

3.1466 പച്ചപ്പട്ടും തൊഴും നിൻ. . . (ഉമേഷ്)

സ്രഗ്ധര

പച്ചപ്പട്ടും തൊഴും നിൻ തരളതനു തലോടുന്നു; തന്നങ്കഭാഗേ
വെച്ചംഭോജാക്ഷി വെള്ളിത്തളികയിലെ നറും പാലെടുത്തേകിടുന്നു;
നൽച്ചന്തം ചേർന്ന നർമ്മോക്തികളിടയിലുരയ്ക്കുന്നു – മുജ്ജന്മമേതോ
മെച്ചം ചേർന്നുള്ള പുണ്യം ശ്രുതരുണ, ഭവാൻ ചെയ്തിരിക്കുന്നു നൂനം!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.1467 നിക്ഷേപിച്ചു നിജ് ഭ്രമങ്ങൾ'. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നിക്ഷേപിച്ചു നിജ് ഭ്രമങ്ങൾ' പലതും പണ്ടുള്ള കാവ്യങ്ങളിൽ
പ്രക്ഷേപം തൊഴിലാക്കിയോർ, അവരിണക്കിച്ചേർത്ത ചൊല്ലുതുയും
ഇക്ഷേത്രപ്പുതകോയ്മമാർ പതിരകറ്റാതന്യ രാജ്യത്തിലും
വിക്ഷേപിച്ചു യഥാർത്ഥ സംസ്കൃതി ഹവിസ്സാക്കിത്തുലയ്ക്കുന്നിതോ?

കവി : യൂസഫലി കേച്ചേരി, കൃതി : *സോമയാഗം*

3.1468 ഇത്രയ്ക്കുണ്ടു ബലം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഇത്രയ്ക്കുണ്ടു ബലം നമുക്കുടയതാം ബന്ധത്തിനെന്നുള്ളതാം
സത്യം ദേവി ശരിയ്ക്കുമിത്രവെളിവായിന്നേ ധരിച്ചുള്ളു ഞാൻ
എത്രത്തോളമകന്നകന്നുടലിനാൽ വേറിട്ടുമാറുന്ന നാ–
മത്രത്തോളമടുത്തടുത്തു മുറുകിച്ചേരുന്നിതിബ്ബന്ധവും

കവി : കെ.എൻ. ഡി. ഭട്ടതിരിപ്പാട്, കൃതി : *ഒരു കത്ത്*

---

[232] **[*ഉമേഷ്*] ശ്ലോകം 3.1464 :** മൂലശ്ലോകം (**ഭർത്തൃഹരി** – *നീതിശതകം*) :

ശശീ ദിവസധൂസരോ, ഗളിതയൗവനാ കാമിനീ,
സരോ വിഗതവാരിജം, മുഖമനക്ഷരം സ്വാകൃതേഃ,
പ്രഭുർദ്ധനപരായണസ്സതതദുർഗ്ഗതിസ്സജ്ജനോ
നൃപാങ്കണഗതഃ ഖലോ – മനസി സപ്തശല്യാനി മേ.

3.1469 എല്ലായ്പോഴും കളിപ്പാൻ . . . (ഉമേഷ്)

സ്രഗ്ധര

എല്ലായ്പോഴും കളിപ്പാൻ ചൂടല, വിഷമഹോ ഭക്ഷണത്തിന്നു, മെന്ന–
ല്ലുല്ലാസത്തോടു മെയ്യാഭരണമരവമാ, യിങ്ങനേ തീർന്ന കാന്തൻ,
ചൊല്ലേറും മക്കളാനത്തലവനൊരു മകൻ, ഷണ്മുഖൻ മറ്റൊരാ, ളി–
ന്നെല്ലാം നോക്കുന്ന നേരം തവ മലമകളേ, ജാതകം ജാതിതന്നെ!

കവി : വെണ്മണി മഹൻ, കൃതി : *(സമസ്യാപൂരണം)*

3.1470 ചാതകസ്തൃചതുരാൻ. . . (രാജേഷ്)

രഥോദ്ധത

ചാതകസ്തൃചതുരാൻ പയഃകണാൻ
യാചതേ ജലമുചം പിപാസയാ
സോ ∫ പി പൂരയതി വിശ്വമംഭസാ
ഹന്ത ഹന്ത മഹതാമുദാരതാ

3.1471 സ്വേദത്തുമാരി കാറിൻ. . . (കർത്താ)

സ്രഗ്ധര

സ്വേദത്തുമാരി കാറിൻ തുണയകലെ വെടിഞ്ഞാശു തുകിക്കനക്കും
സാദം ചേർത്തുള്ള വേനൽക്കുറുതിയഖിലരും കാത്തു കാലം കഴിക്കെ
ഖേദം രുദ്രാജഹംസാവലിയിലധികമായ് ചേർത്തു, വേഴാമ്പലിന്നാ–
മോദം കൂട്ടുന്ന മേഘധ്വനിയൊടു കളിരേകുന്ന വർഷർത്തുവെത്തീ!

കവി : എൻ. ഡി. കൃഷ്ണനുണ്ണി, കൃതി : *വർഷക്കാലം*

3.1472 ഖരസോദരി തന്റെ. . . (രാജേഷ്)

വിയോഗിനി

ഖരസോദരി തന്റെ പൂവുടൽ
വിരയും കൺകളടച്ചു വെയ്ക്കുവാൻ
അരുതാതെ കഴങ്ങിടുന്നൊരാ
ധരണീപാലനെയോർത്തിടുന്നു ഞാൻ

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.1473 അക്കിത്തത്തുമനയ്ക്കലുണ്ണി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അക്കിത്തത്തുമനയ്ക്കലുണ്ണിയുണരും നേരത്തിടശ്ശേരിതൻ
ദുഃഖം പെയ്തധികാരരോഗവഴിയിൽ നിൽക്കുന്ന കണ്ണീർക്കുടം
വക്കൊക്കെപ്പൊടി പറ്റിനിന്ന മലയാളത്തിന്റെയാത്മാവതാ
ചിക്കെന്നാകെയടിഞ്ഞുപൊളിയും ലൊകത്തിനെത്താങ്ങുവാൻ.

കവി : സുധീർ പറൂർ, കൃതി : *ഉപാസന*

3.1474 വാടാമെൻ തനു, മങ്ങിടാം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വാടാമെൻ തനു, മങ്ങിടാം മിഴിക, ളെൻ കൂടപ്പിറപ്പാം ഭയം
കൂടാം, കോടിജനാപഹാസദഹനച്ചൂടാൽ ദഹിയ്ക്കാം മനം,
വീടില്ലെങ്കിലൊരാൽമരത്തണലിൽ ഞാൻ കൂട്ടും, മരിക്കും വരെ–
പ്പാടും നിൻ തിരുനാമമന്ത്രം, മിടയഗ്രാമപ്രഭാപൂജമേ!

കവി : വി. കെ. ജി.

3.1475 വെണ്ടയ്ക്കായുടെ 'പാണ്ടി'യും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വെണ്ടയ്ക്കായുടെ 'പാണ്ടി'യും പടവലം കൊണ്ടുള്ള കൊമ്പൂത്തുമുൾ–
ക്കൊണ്ടല്ലോ, കളർ കായ്കറിത്തൊടി'യില'ത്താളം പിടിക്കുന്നതും
ഉണ്ടല്ലോ കട, വൃത്തകാലടികളും ചേനയ്ക്ക; ചേമ്പിങ്കൽ ഞാൻ
കണ്ടല്ലോ ചെവിയാട്ടവും; കവിതയെത്തോപ്പിൽത്തിരഞ്ഞീടവേ!

കവി : കരിമ്പുഴ രാമചന്ദ്രൻ, കൃതി : *തോട്ടവിളകൾ*

3.1476 ഉന്മേഷത്തൊടുണർന്നെണീക്കിൻ. . . (ഉമേഷ്)[233]

ശാർദ്ദൂലവിക്രീഡിതം

ഉന്മേഷത്തൊടുണർന്നെണീക്കി, നിരവിൻ പോർത്തട്ടിലെമ്പാടുമായ്
സമ്മേളിച്ചൊരു താരസേനയെയെതിർത്തോടിച്ച ബാലാരുണൻ
വിണ്മേൽ നിന്ന തിമിർത്തൊരാ നിശയെയും പായിച്ചു, സുൽത്താനെഴും
പൊന്മേടയ്ക്ക കുറിക്ക കൊൾവൊരു കതിർക്കുരമ്പയയ്ക്കുന്നിതേ.

കവി : എം. പി. അപ്പൻ, കൃതി : *ജീവിതോത്സവം*

3.1477 വില പെരുത്തു കൊടുത്ത്. . . (രാജേഷ്)

ദ്രുതവിളംബിതം

വില പെരുത്തു കൊടുത്തു കിടച്ചിട്ടും
പല നിറങ്ങളിലുള്ളൊരു കോളകൾ
ചിലതിലുണ്ടു വിഷാംശ, മതോർക്കയാൽ
കലമണേ, ലെമണേഡു കുടിച്ചു ഞാൻ.

കവി : രാജേഷ് വർമ്മ, കൃതി: *(സമസ്യാപൂരണം)*

3.1478 ചുവന്ന ചന്ദ്രക്കല പോൽ. . . (ഉമേഷ്)

ഉപേന്ദ്രവജ്ര

ചുവന്ന ചന്ദ്രക്കല പോൽ വളഞ്ഞും
വിളങ്ങി പൂമൊട്ടുടനേ പിലാശിൽ
വനാന്തലക്ഷ്മിയ്ക്ക നഖക്ഷതങ്ങൾ
വസന്തയോഗത്തിലുദിച്ചപോലെ.

കവി : എ. ആർ. / കാളിദാസൻ, കൃതി : *കുമാരസംഭവം തർജ്ജമ*

3.1479 വാനപ്പയ്യിനു നല്ലപോലകിടു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

'വാനപ്പയ്യിനു നല്ലപോലകിടുചോരുന്നുണ്ടു കൊരിക്കുടി–

[233] [*ഉമേഷ്*] ശ്ലോകം **3.1476 :** മൂലപദ്യം (ഉമർ ഖയ്യാം) :

WAKE! For the Sun, who scatter'd into flight
The Stars before him from the Field of Night,
Drives Night along with them from Heav'n, and strikes
The Sultan's Turret with a Shaft of Light.

ക്കാനയ്യോ തരമില്ല' രാധ മൊഴിയേ ചൊല്ലീടിനാൻ കേശവൻ
'ഗാനത്തേൻ നരയുന്ന നിൻ ചൊടിയിലെപ്പാലാഴിയൂറ്റിക്കുടി–
ക്കാനല്ലേ രസ, മീനിലാവൊരു ജഡം, നിന്നാസ്യമസ്വാദകം!'

കവി : യൂസഫലി കേച്ചേരി, കൃതി : *വനമാലി*

3.1480 ഗണയതി ഗണകസ്സുദീർഘം. . . (ഉമേഷ്)

പുഷ്പിതാഗ്ര

ഗണയതി ഗണകസ്സുദീർഘമായുർ–
ഗഗനഗതഗ്രഹഗോളസന്നിവേശൈഃ
വനതൃണരസമേളനൈശ്ച വൈദ്യോ
ഹരതി വിധിർമിഷിതാമഥോഭയേഷാം

കവി : എ. ആർ. രാജരാജവർമ്മ

3.1481 വലിയ ശമ്പളമപ്പടി. . . (രാജേഷ്)

ദ്രുതവിളംബിതം

വലിയ ശമ്പളമപ്പടി നിന്റെ കൈ–
മലരിൽ വെയ്ക്കുവതെൻ പതിവല്ലയോ?
സ്ഖലിതമിന്നു പൊറുക്കണമേ, വധൂ–
കലമണേ, ലെമണേഡു കുടിച്ചു ഞാൻ.

കവി : രാജേഷ് വർമ്മ, കൃതി : *സമസ്യാ പൂരണം*

3.1482 സുരവരന്നടരിൽ. . . (ഉമേഷ്)

ദ്രുതവിളംബിതം

സുരവരന്നടരിൽ തൃണചെയ്തവൻ
ശരനിരക്കളിയാൽ ഭയമാറ്റിയോൻ
സുരനതാംഗികൾ തൽപ്പുകൾ പാടിനാർ
സരസമാരസമാനസുവാണിമാർ

കവി : കുണ്ടൂർ / കാളിദാസൻ, കൃതി : *രഘുവംശം തർജ്ജമ*

3.1483 സാഹിത്യം പണ്ഡിതന്മാർക്ക്. . . (കർത്താ)

സ്രുദ്ധര

സാഹിത്യം പണ്ഡിതന്മാർക്കവികലരസനിഷ്യന്ദിയാം സ്വച്ഛചിന്താ–
മാഹിത്യം; പാമരർക്കോ, പരിമൃദുപദ സംഘാതവീതാർത്ഥഡംഭം;
ദാഹിക്കും ഹൃത്തിനാട്ടേ, തരു സമമടിവേരോട്ടി മണ്ണിന്റെ സത്താ–
വാഹിച്ചാവിഷ്കരിക്കും വ്യഥയുടെ മധുവോലുന്ന സാഫല്യചൈത്രം.

കവി : യൂസഫലി കേച്ചേരി, കൃതി : *നാദബ്രഹ്മം*

3.1484 ദൂനം ദൂരസ്ഥിതദയിതനായ്. . . (ഉമേഷ്)

മന്ദാക്രാന്ത

ദൂനം ദൂരസ്ഥിതദയിതനായേതുമാശ്വാസമില്ലാ–
തേനം ദീനം ജനമനു കനിഞ്ഞാനു ചെയ്താലുമിപ്പോൾ
സ്യാനന്ദൂരം പുരവരമതിൽ ചെന്നു മൽപ്രാണനാഥയ്–
ക്കാനന്ദം നീയരുളുക പറഞ്ഞെന്റെ സന്ദേശവാക്യം.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1485 സുതാപായോത്താപം. . . (കർത്താ)

ശിഖരിണി

സുതാപായോത്താപം, പ്രതിനിമിഷമേറുന്നതു പൊറാ–
ഞ്ഞിതാ! ചാടുന്നു തീക്കഴിയിലവരൊന്നായ നിലയിൽ
'ഇതാഹാ! ചെയ്യായ്കെ'ന്നുപരിവിചലൽബാഹ്യതലനായ്,
ദ്രുതായാസശ്വാസത്തൊടുമരികിലെത്തീ വനഭടൻ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.1486 ഇദം കിലാവ്യാജമനോഹരം. . . (ഉമേഷ്)

വംശസ്ഥം

ഇദം കിലാവ്യാജമനോഹരം വപു–
സ്തപഃക്ഷമം സാധയിതും യ ഇച്ഛതി
ധ്രുവം സ നീലോത്പലപത്രധാരയാ
സമില്ലതാം ഛേത്തുമൃഷിർവ്യവസ്യതി

കവി : കാളിദാസൻ, കൃതി : *ശാകുന്തളം*

3.1487 ധ്രുവേണ ഭർത്രാ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധ്രുവേണ ഭർത്രാ ധ്രുവദർശനായ
പ്രയുജ്യമാനാ പ്രിയദർശനേന
സാ 'ദൃഷ്ട' ഇത്യാനനമുന്നമയ്യ
ഹ്രീസന്നകണ്ഠീ കഥമപ്യുവാച

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.1488 സുഭഗം മൃതി ലോകം. . . (കർത്താ)

വിയോഗിനി

സുഭഗം മൃതി ലോകമെങ്കിലെ–
ന്തഭയം മർത്യനൊടുക്കമേകിലും?
ശുഭകാലസമാഗമാശ നിഷ്–
പ്രഭജന്മത്തെ വലിച്ചു നീട്ടിടാം.

കവി : വാരിക്കോലിൽ കേശവനുണ്ണിത്താൻ, കൃതി : *ഒരു വിലാപം*

3.1489 ശമപ്രധാനേഷു. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ശമപ്രധാനേഷു തപോധനേഷു
ഗൂഢം ഹി ദാഹാത്മകമസ്തി തേജഃ
സ്പർശാനുകൂലാ ഇവ സൂര്യകാന്താ–
സ്തദന്യതേജോ ∫ ഭിഭവാദ്വമന്തി

കവി : കാളിദാസൻ, കൃതി : *ശാകുന്തളം*

3.1490 സരസോജ്വലരാഗം. . . (ഉമേഷ്)

വസന്തമാലിക

സരസോജ്വലരാഗമോമലാളിൻ
ചരണാഗ്രത്തിൽ വരച്ച രേഖ നോക്കൂ,
ഹരവീക്ഷണമേറ്റു നീറി നിൽക്കും
സ്മരവൃക്ഷത്തിൽ മുളച്ച നാമ്പു പോലെ.

കവി : എ. ആർ. / കാളിദാസൻ, കൃതി : *മാളവികാഗ്നിമിത്രം തർജ്ജമ*

3.1491 ഹേ, നാൾ കാർത്തികയാകയാൽ. . . (കർത്താ)

ഹേ, നാൾ കാർത്തികയാകയാൽശ്വനിദശാശാർദ്ദൂലവിക്രീഡിതം
താനാം! പെൻഷനിലായൊരെൻ ഗുരുകവേ! ലൈഫിൻഷ്യറൻസെന്തിനി?
ദൂനാവസ്ഥ വരുമ്പൊഴും ചിരി പൊഴിപ്പോനാണു നൃനം ഭവാൻ;
'ആനാല്യം വരവല്ലവാ'? ശനി വരട്ടുമ്പോഴുമിറ്റും രസം!

കവി : കരിമ്പുഴ രാമചന്ദ്രൻ, കൃതി : *ദേശാറ്റനം*

3.1492 ദീർഘാക്ഷം, ശരദിന്ദുകാന്തിവദനം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ദീർഘാക്ഷം, ശരദിന്ദുകാന്തിവദനം, ബാഹ്വോ നതാവംസയോഃ,
സംക്ഷിപ്തം നിബിഡോന്നതസ്തനമുരഃ, പാർശ്വേ പ്രമൃഷ്ടേ ഇവ,
മധ്യഃ പാണിമിതോ∫മിതം ച ജഘനം, പാദാവരാളാംഗുലീ
ചരന്തോ നർത്തയിതുർയഥൈവ മനസി, ശ്ലിഷ്ടം തഥാസ്യാഃ വപുഃ

കവി : കാളിദാസൻ, കൃതി : *മാളവികാഗ്നിമിത്രം*

3.1493 മാലേയം വെണ്ണിലാവാൽ. . . (കർത്താ)

സ്രുദ്ധര

മാലേയം വെണ്ണിലാവാലടിമുടിയണിയും ശ്യാമഗാത്രീ ദിനാന്ത–
പ്രാലേയം പൂണ്ട ലോലൽച്ചിറകിണ മൃദുവായ് വീശിയെത്തും പതത്രി,
മാലേറും വാസരത്തീക്കനലിനു മറയിട്ടായിരം തുലികപ്പൂ–
വാലേ പുൽകുന്ന കേളീകളമൃദുമൊഴിയാം ധാത്രി നീ മുഗ്ധരാത്രി.

കവി : യൂസഫലി കേച്ചേരി, കൃതി : *ധാത്രി*

3.1494 മാനിച്ചിടട്ടെ. . . (രാജേഷ്)

വസന്തതിലകം

മാനിച്ചിടട്ടെ ബുധരൊത്തു, പഴിച്ചിടട്ടേ,
വന്നോട്ടെ വിത്ത,മതു പോലെയൊഴിഞ്ഞു പോട്ടേ,
ഇന്നോ യുഗാന്തമതിലോ മരണം വരട്ടെ;
യന്യായമാം വഴി ചരിക്കുകയില്ല ധീരൻ.

കവി : രാജേഷ് വർമ്മ / ഭർത്തൃഹരി

3.1495 ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു. . . (ഉമേഷ്)

വസന്തതിലകം

ഇപ്പശ്ചിമാബ്ധിയിലണഞ്ഞൊരു താരമാരാ–
ലുത്പന്നശോഭമുദയാദ്രിയിലെത്തിടും പോൽ
സത്പുഷ്പമേ! യിവിടെ മാഞ്ഞു സുമേരുവിൻ മേൽ
കൽപദ്രുമത്തിനരുടെ കൊമ്പിൽ വിടർന്നിടാം നീ.

കവി : കുമാരനാശാൻ, കൃതി : *വീണ പൂവ്*

3.1496 സുസ്പഷ്ടോച്ചാരണം,ധീനിശിത. . . (കർത്താ)

സ്രുദ്ധര

സുസ്പഷ്ടോച്ചാരണം, ധീനിശിതഗതി വിശേഷിച്ചു കാട്ടുന്ന നേത്രം,
സ്വൽപസ്ഥൗല്യം കലർന്നീടുമൊരുട, ലൊരു പാദത്തിനേതാണ്ടു ദൈർഘ്യം,
കെൽപേറും വാക്പടുത്വം, സ്മൃതിബല, മതിമാത്രോജ്ജ്വലശ്രീകവിത്വം,
കൽപ്പിക്കാമേവമുള്ളരെഴുമരിയമഹാകാവ്യകൃത്തിന്റെ ചിഹ്നം.

കവി : **മൂലൂർ**, കൃതി : *ഛായാപദ്യങ്ങൾ (ഉള്ളൂരിനെപ്പറ്റി)*

3.1497 കോൽത്തേനോലേണമോരോ പദം. . . (ഉമേഷ്)

സ്രുദ്ധര

കോൽത്തേനോലേണമോരോ പദ, മതിനെ നറും പാലിൽ നീരെന്ന പോലേ
ചേർത്തീടേണം, വിശേഷിച്ചതിലൂടനൊരലങ്കാരമുണ്ടായ് വരേണം,
പേർത്തും ചിന്തിക്കിലർത്ഥം നിരുപമരുചി തോന്നേണ, മെന്നിത്ര വന്നേ
തീർത്തീടാവൂ ശിലോകം – ശിവ ശിവ! കവിതാരീതി വൈഷമ്യമത്രേ!

കവി : **കുഞ്ചൻ നമ്പ്യാർ**

3.1498 പീലിക്കണ്മണിയും ശിരസ്സിലണിയും. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പീലിക്കണ്മണിയും ശിരസ്സിലണിയും പൂമാലയും ചേലയും
ഫാലത്തിൽ കുറിയും ഞൊറിഞ്ഞ തുകിലും കാഞ്ചീകലാപങ്ങളും
നീലക്കാറൊളിവർണ്ണൻ തന്റെ നിലയും ബാലത്വവും ശീലവും
കാലത്തുള്ളിൽ നിനച്ചു നിത്യമുളവായ്ക്കാലം കഴിക്കാകണം!

3.1499 നാശം വരാതെ. . . (രാജേഷ്)

വസന്തതിലകം

നാശം വരാതെ ഭുവനം നിലനിൽപതിനും–
ള്ളാശാവശേന ജനനത്തിനു തക്കവണ്ണം
നാശത്തെയും നിയതമങ്ങനെ സർവ്വജന്തു–
രാശിയ്ക്ക ചേർത്തിടുവതാരിഹ ഭേദഹീനം?

കവി : **കേ. സി. കേശവപിള്ള**, കൃതി : *സുഭാഷിതരത്നാകരം*

3.1500 നിത്യം ശ്ലോകസദസ്സിലോർമ്മയെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നിത്യം ശ്ലോകസദസ്സിലോർമ്മയെയരിച്ചത്യന്തഹൃദ്യങ്ങളാം
പദ്യങ്ങൾ പരിചോടെടുത്തരുളിടും സൂത്യർഹരാം പണ്ഡിതർ
മുക്തന്മാർ മുനിമാരുമെന്നുമൊരുമിച്ചുൾത്താരിലാശിച്ച പോ–
ലെത്തുന്നു പരമം പദം സകലദം – സത്യം ശിവം സുന്ദരം!

കവി : ഉമേഷ് നായർ

3.1501 മെല്ലെച്ചന്ദ്രൻ ചലിക്കുന്നൊരു. . . (കർത്താ)

സ്രഗ്ധര

മെല്ലെച്ചന്ദ്രൻ ചലിക്കുന്നൊരു മണിമയമാം കോടിയും മോടി കാളും
കല്ലും കണ്ണാടിയും ചേർന്നിഴുകിയ ചുമരും തന്നിൽ നിന്നംഗമെല്ലാം
കല്യേ! ബിംബിച്ച ബിംബങ്ങളുമജമുഖരാം ഭൃത്യവർഗ്ഗങ്ങളും ചേർ–
ന്നല്ലോ കാണുന്നു നിന്മാളിക ഭുവനമഹാ രാജ്യരാജൈകരാജ്ഞി

കവി : കുമാരനാശൻ , കൃതി : *ആനന്ദലഹരി തർജ്ജമ*

3.1502 ക്ഷമയാണൊരു ഭൂഷണം. . . (ജ്യോതി)

തോടകം

ക്ഷമയാണൊരു ഭൂഷണമെന്നിനി നാം
കരുതേ, ണ്ടതു ചൂഷണമേറ്റധികം
കരയാനിടയാകരുതെന്നു നിന–
ച്ചുശിരോടെ വിവേകികളാകുക നാം!

കവി : ജ്യോതിർമയി

3.1503 കരഭം കരഭം. . . (ഉമേഷ്)

തോടകം

കരഭം കരഭം, കദളീ കദളീ
കരിരാജകരം കരിരാജകരം;
കുടിലാളക തൻ തുടകൾക്കു ദ്വന്ദ്വം
കിടയാ കിട മൂന്നുലകിങ്കലുമേ.

കവി : എ. ആർ.

3.1504 കേട്ടീലയോ കിഞ്ചന. . . (കിച്ചു)

ഇന്ദ്രവജ്ര

കേട്ടീലയോ കിഞ്ചനവർത്തമാനം
നാട്ടിൽ പൊറുപ്പാനെളുതല്ല മേലിൽ
വേട്ടയ്ക്കു പോയാനൊരു യാദവൻ പോൽ
കൂട്ടം പിരിഞ്ഞിട്ടവനേകനായി

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.1505 വീടീകരാഗ്രാ. . . (ഉമേഷ്)

ഇന്ദ്രവജ്ര

വീടീകരാഗ്രാ വിരഹാതുരാ സാ
ചേടീമവാദീദിഹ – ചിത്തജന്മാ
പ്രാണേശ്വരോ ജീവിതമർദ്ധരാത്രം
“ആയാതി നായാതി ന യാതി യാതി”

കവി : കാളിദാസൻ, കൃതി : *(സമസ്യാപൂരണം)*

3.1506 പാൽപ്പാത്രവും കൊണ്ടു. . . (ജ്യോതി)

ഇരുവഞ്ജ/ഉപേരുവഞ്ജ

പാൽപ്പാത്രവും കൊണ്ടു പുറത്തു പറ്റി–
ശ്ശാഠ്യം പിടിയ്ക്കുന്ന കിടാവു തന്നേ
ഇടയ്ക്കു ശാസിച്ചു ഗൃഹേശിയോരോ
പശുക്കളെച്ചേർത്തു കറന്നിടുന്നു

കവി : കുറിപ്പുറത്തു കേശവൻ നായർ, കൃതി : *ഗ്രാമീണകന്യക*

3.1507 ഈ വന്ന ദീനമിനി. . . (ഉമ)

വസന്തതിലകം

ഈ വന്ന ദീനമിനി മാറിടുവാൻ പ്രയാസം
സേവിച്ചു നോക്കി പലമാതിരിയൗഷധങ്ങൾ
ദാമോദരപ്രണതവൽസല വാസുദേവാ
നീ മാത്രമാണിനിയെനിക്കൊരു ബന്ധു കൃഷ്ണാ

കവി : ഓട്ടൂർ ഉണ്ണീ നമ്പൂതിരിപ്പാട്

3.1508 ദൃശാ ദ്രാഘീയസ്യാ. . . (ഉമേഷ്)[234]

ശിഖരിണി

ദൃശാ ദ്രാഘീയസ്യാ ദരദലിതനീലോൽപലരുചാ
ദവീയാംസം ദീനം സ്നപയ കൃപയാ മാമപി ശിവേ!
അനേനായം ധന്യോ ഭവതി ന ച തേ ഹാനിരിയതാ
വനേ വാ ഹർമ്മ്യേ വാ സമകരനിപാതോ ഹിമകരഃ

കവി : ശങ്കരാചാര്യർ, കൃതി : *സൗന്ദര്യലഹരി*

3.1509 അന്നദിനം വിലയേറും. . . (ഹരി)

ദ്രുതവിളംബിതം

അന്നദിനം വിലയേറുമൊരിന്ധന–
ച്ചുഴിയിലാണ്ടുഴലുന്ന മഹാജനം
പെരുകിടുന്നുപയോഗമതിൻ ഫലം
ഭവനവും വനവും സമമായ് വരാം

കവി : ഹരിദാസ്

3.1510 പല വിധത്തിലുമുണ്ടു. . . (ഉമേഷ്)

ദ്രുതവിളംബിതം

പല വിധത്തിലുമുണ്ടു കുടിക്കുവാൻ
വിലയെഴും മധുരം; ബത ദോഹദേ
പുളിയെനിക്കു ഹിതം, രസികോത്തമർ–
ക്കുലമണേ, ലമണേന്ധു കുടിച്ചു ഞാൻ!

കവി : ഉമേഷ് നായർ

---

[234] [*ഉമേഷ്*] ശ്ലോകം **3.1508 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

നീലാബ്ജശ്രീ തഴയ്ക്കും നെടിയ നയനമീയെന്റെ മേൽ ചെറു ചേർക്ക
ലോലാപാംഗി, നിനക്കില്ലൊരു കുറവതിനാൽ ധന്യനാം പാവമീ ഞാൻ
കാലാരിപ്രാണനാഥേ, മുഴുമതികിരണം മേടമേലെന്നവണ്ണം
ചേലോടേ ചേർന്നിടുന്നു ചെറിയ കുടിലിലും കാട്ടിലും ഭേദമെന്യേ.

3.1511 പുലരുവോളമിരുന്നു. . . (ഹരി)

ദ്രുതവിളംബിതം

പുലരുവോളമിരുന്നു ലസിക്കുവാൻ
പലതരം വിഭവം തരമായിടാം
കവനമീവിധമായതിനൊത്തുമ–
റ്റൊരുരസം വിധി തീർത്തതുമില്ലപോൽ

കവി : ഹരിദാസ്

3.1512 കേൾക്കേണ്ടാതോ വിനോദാന്തരം. . . (കർത്താ)

സ്രുദ്ധര

കേൾക്കേണ്ടാതോ വിനോദാന്തര, മൊരു മനുജോ രാവണൻ തൻ ഭഗിന്യാ
മൂക്കും പോർകൊങ്കയും ചൂഴ്ന്നിതു; നിശിചരി വന്നിട്ടു നീളെക്കരഞ്ഞാൾ;
ഊക്കെല്ലും നിൽക്ക; നമ്മോടുടനെളിയവരോടെങ്കിലാമെന്ന മോദം
വാക്കും നാട്ടാർ ചിരിക്കുന്നതു സപദി പൊറായുന്നിതെല്ലായിലും മേ.

കവി : പുനം നമ്പൂതിരി, കൃതി : *രാമായണം ചമ്പു*

3.1513 ഉണരുവി, നണിചിന്നിച്ചംബരം. . . (ഉമേഷ്)[235]

മാലിനി

ഉണരുവി, നണിചിന്നിച്ചംബരം വിട്ട താരാ–
ഗണമൊടിരവിനേയും സത്വരം ദൂരെയാക്കി
അണയുമരുണനെയ്വൂ രമ്യമാം ചെങ്കതിർപ്പൊൻ–
കണ, നരപതി മേവും മേട തൻ മേൽപ്പരപ്പിൽ.

കവി : ജി. ശങ്കരക്കുറുപ്പ്, കൃതി : *ഉമർ ഖയ്യാം തർജ്ജമ*

3.1514 ആമ്നായാഭ്യസനാനരണ്യരുദിതം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ആമ്നായാഭ്യസനാനരണ്യരുദിതം വേദവ്രതാന്യന്വഹം
മേദച്ഛേദഫലാനി പൂർത്തിവിധയസ്സർവ്വേ ഹുതം ഭസ്മനി
തീർത്ഥാനാമവഗാഹനാനി ച ഗജസ്നാനം വിനാ യത്പദ–
ദ്വന്ദ്വാംഭോരുഹസംസ്മൃതിം വിജയതേ ദേവസ്സനാരായണഃ

3.1515 തോൽക്കും വായു പറഞ്ഞു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

തോൽക്കും വായു പറഞ്ഞു നേർക്കുമുടനേ ഭ്രുയോ നിരുത്തും നളൻ,
നോക്കും പുഞ്ചിരിയിട്ടു പുഷ്കര, നിരിക്കുമ്പോൾ രസിക്കും വൃഷം,
വാക്കും ദൈവഗതിക്കു നീക്കുമൊരുനാളുണ്ടോ? ധനം രാജ്യവും
ശീഘ്രം തച്ചു പറിച്ചുകൊണ്ടു നളനോടിത്യൂചിവാൻ പുഷ്കരൻ.

കവി : ഉണ്ണായി വാരിയർ, കൃതി : *നളചരിതം ആട്ടക്കഥ*

---

[235] [*ഉമേഷ്*] ശ്ലോകം **3.1513 :** മൂലപദ്യം (ഉമർ ഖയ്യാം) :

WAKE! For the Sun, who scatter'd into flight
The Stars before him from the Field of Night,
Drives Night along with them from Heav'n, and strikes
The Sultan's Turret with a Shaft of Light.

3.1516 വിദ്യാദാനവിശാരദാ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വിദ്യാദാനവിശാരദാ വിനമതാം ബാലേന്ദുരാജജ്ജടാ–
ജൂടാ ശാരദ നീരദാവലിരുചീനീകാരദാ ശാരദാ
ശബ്ദബ്രഹ്മമയീ വിരിഞ്ചിവദനാംഭോജന്മരംഗസ്ഥലീ–
ശൈലൂഷീ ലഘു മോമുഷീതു ശമലം മേ ശേമുഷീ മേയുഷീഃ

കവി : മാനവേദരാജാ, കൃതി : *പൂർവഭാരതചമ്പു–ഒരു സരസ്വതീവന്ദനശ്ലോകം*

3.1517 ശാന്താകാരം ഭുജഗശയനം. . . (കിച്ചു)

മന്ദാക്രാന്ത

ശാന്താകാരം ഭുജഗശയനം പദ്മനാഭം സുരേശം
വിശ്വാധാരം ഗഗനസദൃശം മേഘവർണം ശുഭാംഗം
ലക്ഷ്മീകാന്തം കമലനയനം യോഗിഭിർധ്യാനഗമ്യം
വന്ദേ വിഷ്ണും ഭവഭയഹരം സർവലോകൈകനാഥം

കൃതി : *വിഷ്ണുസഹസ്രനാമം ധ്യാനശ്ലോകം*

3.1518 ലളിതമാണിതു. . . (ഉമേഷ്)

ദ്രുതവിളംബിതം

ലളിതമാണിതു കൂട്ടുവതിന്നു, മെയ്
തളരുമേവനുമേറ്റവുമാശ്രയം,
വളരെ വൈറ്റമിനു, ണ്ടതിനാൽ ഭിഷക്–
കുലമണേ, ലെമണേഡു കുടിച്ചു ഞാൻ!

കവി : **ഉമേഷ് നായർ**, കൃതി : *(സമസ്യാപൂരണം)*

3.1519 വിശ്വാലങ്കാരഭൂത. . . (വിശ്വപ്രഭ)

സ്രുദ്ധര

വിശ്വാലങ്കാരഭൂത സ്വയമഭിരമസേ നന്വലങ്കാരമാർഗ്ഗേ
നീതൗ കാവ്യപ്രകാശാ പുനരപി ഭജസേ ചാരുകാവ്യപ്രകാശം
തേനൈവം പൗനരുക്ത്യം ഭജസി യദധുനാ രാജരത്നാങ്കരത്വം
തന്മന്യേ സാധു താവന്നുവര യമകതാമാദധാസി പ്രജാനാം.

കവി : **മേൽപ്പുത്തൂർ**, കൃതി : *മാടരാജപ്രശസ്തി*

3.1520 തനീയാംസം പാംസും. . . (ജ്യോതി)[236]

ശിഖരിണി

തനീയാംസം പാംസും തവചരണപങ്കേരുഹഭവം
വിരിഞ്ചിസ്സഞ്ചിന്വൻ വിരചയതി ലോകാനവികലം
വഹത്യേനം ശൗരിഃ കഥമപി സഹസ്രേണ ശിരസാ
ഹരഃ സംക്ഷുദ്യൈനം ഭജതി ഭസിതോദ്ധൂളനവിധിം

കവി : **ശങ്കരാചാര്യർ**, കൃതി : *സൗന്ദര്യലഹരി*

[236] [*ഉമേഷ്*] ശ്ലോകം **3.1520 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

നിൻ കാൽത്തണ്ടാരിലെപ്പൊടിയതൊരു ലവം ചേർത്തു ലോകങ്ങളെല്ലാം
ശങ്കാപേതം ചമപ്പൂ സരസിജഭവനാം ദേവനായാസമെന്യേ;
നിങ്കൽ ഭക്ത്യാ രമേശൻ വിമലമതു ഷിരസ്സായിരം കൊണ്ടുമേത്തും;
പങ്കം പറ്റായ്വതിന്നായ് ഗിരിശനതുടലിൽ ഭസ്മമായ് പൂശിടുന്നു.

3.1521 വെണ്ണക്കാർവർണ്ണനണ്ണിക്കൊരു. . . (വിശ്വപ്രഭ)

സ്രഗ്ധര

വെണ്ണക്കാർവർണ്ണനണ്ണിക്കൊരുദിനമിളയാതെണ്ണ ചാർത്തിക്കുളിപ്പി–
ച്ചെണ്ണം കൂടാതലങ്കാരവുമതിസരസം ചന്ദനച്ചാർത്തുമെല്ലാം
കണ്ണിന്നാനന്ദമേകം തിരുവുടൽവടിവും പുണ്യവാന്മാർക്കു ചിത്തേ
പുണ്യാനന്ദം കൊടുക്കുന്നൊരു തിരുമുഖവും കണ്ണിണക്കുത്സവം മേ!

3.1522 കവണൽകാഞ്ചീദാമാ. . . (ജ്യോതി)[237]

ശിഖരിണി

കവണൽകാഞ്ചീദാമാ കരികളഭകുംഭസ്തനനതാ
പരിക്ഷീണാ മധ്യേ പരിണതശരാച്ചന്ദ്രവദനാ
ധനുർബ്ബാണാൻ പാശം സൃണിമപി ദധാനാ കരതലേ
പുരസ്താദാസ്താം നഃ പുരമഹി തു രാഹോഃ പുരുഷികാ

കവി : ശങ്കരാചാര്യർ, കൃതി : *സൗന്ദര്യലഹരി*

3.1523 ധർമ്മാത് ഖ്യാതതമേ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ധർമ്മാത് ഖ്യാതതമേ ദ്വിജാധിപകുലേ ജാതോഹ, മേഷാ ച മേ
മാതാ, പാവനജന്മതാമഭിവഹൻ നന്വേഷ മേ സോദരഃ
കിഞ്ചാഖണ്ഡലസത്പ്രമോദജനകോ ഭ്രാതാ മമായം പരോ,
നാസത്യോദിതമത്ര വിദ്ധി സഹജദ്വന്ദ്വം മമൈതാവപി.

കവി : **മേൽപ്പത്തൂർ**, കൃതി : *മഹാഭാരതം ചമ്പു*

3.1524 കിം മേ സ്വർഗ്ഗേണ യസ്മാത്. . . (കർത്താ)[238]

സ്രഗ്ധര

കിം മേ സ്വർഗ്ഗേണ യസ്മാത് പതതി ഖലു ജനഃ സ്വസ്വപുണ്യാവസാനേ
കിംവാസത്യാദിലോകൈർ ഭുവനവിലയനേ യേ ∫ പി നാശം വ്രജന്തി
യന്നിത്യം നിസ്തമസ്കം വിലസിതപുനരാവൃത്തിഹീനം പദംതദ്–
ബ്രഹ്മദ്ധ്യാനാവദഗ്ധാഖിലകലുഷചയോ യാമി സർവം വിഹായഃ

---

[237] [*ഉമേഷ്*] ശ്ലോകം **3.1522 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

കൊമ്പൻ തൻ കുംഭമൊക്കും കുചഭര, മനിശം കിങ്കിണീനാദഘോഷം,
സമ്പൂർണ്ണേന്ദുപ്രകാശം തടവിന വദനം, പിന്നെ മെല്ലിച്ച മധ്യം,
അമ്പും വില്ലും കരത്തിൽ ചിതമൊടു കയറും തോട്ടിയും ചേർന്ന മട്ടെൻ
മുമ്പിൽ കാണായ് വരട്ടേ പുരരിപുഭഗവാനള്ളൊരക്ഷീണഗർവ്വം.

[238] [*കർത്താ*] ശ്ലോകം **3.1524 :** പരിഭാഷകൾ:

ശീവൊള്ളി ദാമോദരൻ നമ്പൂതിരി:

എന്തിന്നാവിണ്ണെനിയ്ക്കിന്നമിടിവുവരും സ്വന്തകർമ്മത്തിനോടോ–
ത്തെന്തിന്നാ സത്യലോകാദിയും, ഇവനവയും കല്പകാലേ നശിക്കും,
എന്തോന്നാവൃത്തിയെന്യേ തെളിവൊടു വിലസീടുന്ന പാപങ്ങൾ സച്ചിൽ–
ധ്യാനത്താൽ ചുട്ടെരിച്ചാ സ്ഥിരപദമഖിലം വിട്ടു പൂകുന്നിതാ ഞാൻ.

വെളുത്താട്ട് നാരായണൻ നമ്പൂതിരി:

തൻ തൻ പുണ്യങ്ങൾതീരുമ്പൊഴുവിഴുമൊരസ്വർഗ്ഗമെന്തിന്നെനിയ്ക്ക–
ങ്ങെന്തിന്നസ്സത്യലോകാദികൾ, അഥ വിലയം കല്പനാശത്തിലേപ്പൂ
എന്തോന്നാവൃത്തിയില്ലാ; തിരുളൊഴിയുവതാനിത്യലോകത്തുസച്ചിൽ
ധ്യാനാൽ പാപങ്ങൾ പോക്കിട്ടിവനിഹമുഴുവൻ വിട്ടിതാ പോകയായി!

കവി : **ശീവൊള്ളി**

3.1525 യേഷാമയം ശാശ്വതികോ. . . (വിശ്വപ്രഭ)

ഇരുവജ്ര

യേഷാമയം ശാശ്വതികോ വിരോധഃ
തേഷാമഹോ ദ്വന്ദ്വസമുത്സുകാനാം
ദ്രാഗേകവദ്ഭാവമഹോ വിധാസ്യ–
ന്നന്ധോ നൃപശ്ശാബ്ദികവദ് ബഭാസേ!

കവി : **മേൽപ്പുത്തൂർ**, കൃതി : *മഹാഭാരതം ചമ്പു*

3.1526 ദേവാന്തരാവധരന്തര. . . (ഉമേഷ്)[239]

വസന്തതിലകം

ദേവാന്തരാവധരന്തരദിക്കിലുണ്ടു
മേവുന്ന മാമല ഹിമാലയനാമധേയൻ
ആഴിക്കു രണ്ടിന്നമിടയ്ക്കു കിടക്കയാലീ–
യൂഴിക്കരയ്ക്കളവുചങ്ങലയെന്ന പോലെ.

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *കുമാരസംഭവം തർജ്ജമ (ഒന്നാം ശ്ലോകം)*

3.1527 അനന്തരത്നപ്രഭവസ്യ. . . (വിശ്വപ്രഭ)[240]

ഇരുവജ്ര/ഉപേരുവജ്ര

അനന്തരത്നപ്രഭവസ്യ യസ്യ
ഹിമം ന സൗഭാഗ്യവിലോപി ജാതം
ഏകോ ഹി ദോഷോ ഗുണസന്നിപാതേ
നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ

കവി : **കാളിദാസൻ**, കൃതി : *കുമാരസംഭവം (1:3)*

3.1528 ഏലസ്സുപൊന്മണിചിലമ്പുകൾ. . . (ഹരി)

വസന്തതിലകം

ഏലസ്സുപൊന്മണിചിലമ്പുകൾ പൊന്നരഞ്ഞാൺ
മേളിച്ചകൈവളകൾ മോതിരവും ഗളാന്തേ
മൗലിക്കണിഞ്ഞ മലർമാലകൾ പീലിയും മേ
ബാലത്വവും വദനപങ്കജവും തൊഴുന്നേൻ

കവി : **പൂന്താനം** , കൃതി : *ശ്രീകൃഷ്ണകർണാമൃതം*

---

[239] [*ഉമേഷ്*] ശ്ലോകം **3.1526 :** മൂലശ്ലോകം (**കാളിദാസൻ**) :

അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോനാമ നഗാധിരാജഃ
പൂർവാപരൗ തോയനിധീ വഗാഹ്യ
സ്ഥിതഃ പൃഥിവ്യാ ഇവ മാനദണ്ഡഃ

[240] [*ഉമേഷ്*] ശ്ലോകം **3.1527 :** പരിഭാഷ (**എ. ആർ. രാജരാജവർമ്മ**) :

മഞ്ഞുത്വമാർന്ന മണിരാശി പെറും മലയ്ക്കു
മഞ്ഞിന്റെ ബാധയഴകിന്നൊരു ഹാനിയല്ല
മുങ്ങുന്നപോൽ ഗുണഗണങ്ങളിലൊറ്റ ദോഷ–
മങ്കം ശശാങ്കകിരണങ്ങളിലെന്നപോലെ

3.1529 മന്ദാകിനീസൈകത. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര

മന്ദാകിനീസൈകതവേദികാഭിഃ
സാ കന്ദുകൈഃ കൃത്രിമപുത്രകൈശ്ച
രേമേ മുഹുർ മധ്യഗതാ സഖീനാം
ക്രീഡാരസം നിർവിശതീവ ബാല്യേ

3.1530 രേ രേ കർണ്ണ രണത്തിനായ്. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

രേ രേ കർണ്ണ, രണത്തിനായ് വരിക, നിൻ സാമർത്ഥ്യവും ബന്ധുവാ–
യോരക്കൗരവരാജനിത്തിരിസഹായിക്കുന്നതും കാണണം
മാരാരാതികൃപാവിലാസമിവനുണ്ടെന്നാകിൽ വൈകാതെ നീ
ചേരും കാലനികേതനത്തിലതിനീ ലക്ഷ്മീശനും സാക്ഷിയാം

കവി : നട്ടുവത്തച്ചൻ, കൃതി : *ഭഗവദ്ഭക്തി*

3.1531 മെല്ലെന്നു സൗരഭവുമൊട്ടു. . . (ജ്യോതി)

വസന്തതിലകം

മെല്ലെന്നു സൗരഭവുമൊട്ടു പരന്നു ലോക–
മെല്ലാം മയക്കി മരുവുന്നളവന്നു നിന്നെ
തെല്ലോ കൊതിച്ചനുഭവാർഥികൾ ചിത്തമല്ല–
തില്ലാർക്കുമീഗ്രണവു, മേവമകത്തു തോന്നും.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1532 തൃക്കാൽക്കൽ വീണീടിന. . . (ഉമ)

ഇന്ദ്രവജ്ര

തൃക്കാൽക്കൽ വീണീടിന ശിഷ്യനേയും
കൃത്താംഗനായ്ത്തീർന്ന തനൂജനേയും
കാരുണ്യ വാൽസല്യകഷായമായ
കണ്ണാൽ നിരീക്ഷിച്ചു കലേശചൂഡൻ

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1533 കാർകൊണ്ടുമിണ്ടാത്തൊരു. . . (രാജേഷ്)[241]

ഇന്ദ്രവജ്ര

കാർകൊണ്ടുമിണ്ടാത്തൊരു കൊണ്ടൽ പോലെ
കല്ലോലമില്ലാതെഴുമാഴി പോലെ
കാട്ടിൽപ്പെടാദ്ദീപവുമെന്നപോലെ
നിഷ്പന്ദമായ് പ്രാണനടക്കിവെച്ചും

കവി : എ. ആർ. രാജരാജ വർമ്മ, കൃതി : *ഭാഷാകുമാരസംഭവം*

[241] [*ഉമേഷ്*] ശ്ലോകം **3.1533 :** മൂലശ്ലോകം (കാളിദാസൻ) :

അവൃഷ്ടിസംരംഭമിവാംബുവാഹ,-
മപാമിവാധാരമനന്തരംഗം,
അന്തശ്ചരാണാം മരുതാൻ നിരോധാ-
ന്നിവാതനിഷ്കമ്പമിവ പ്രദീപം.

3.1534 കുംഭികുംഭകുചകുംഭകുംകുമ. . . (കർത്താ)

കുസുമമഞ്ജരി

കുംഭികുംഭകുചകുംഭകുങ്കുമ വിശ്രുംഭിശുംഭ ശുഭസംഭവാ
ജൃംഭിജംഭരിപു ജൃംഭളസ്തനി നിഷേവ്യമാണ ചരണാംബുജാ
ഡിംഭകുംഭിമുഖ ബാഹ്യലേയലസദങ്കകാ വിധുരപങ്കകാ
ഡാംഭികാസുരനിശ്രുംഭശുംഭമഥിനീ തനോതു ശിവമംബികാ.

കവി : ശ്രീനാരായണ ഗുരു, കൃതി : *ദേവീപ്രണാമദേവ്യഷ്ടകം*

3.1535 ഡിംഭ, വീട്ടിൽ വലിഞ്ഞുകേറി. . . (ജ്യോതി)

മല്ലിക

"ഡിംഭ, വീട്ടിൽ വലിഞ്ഞുകേറി വരുന്നതെന്തിനു നീ വൃഥാ
ഇന്നുതന്നെ യിറങ്ങണം പടി, യെന്നു നീ വല വീശിയോ!"
കേട്ടു ഞെട്ടിയുണർന്ന, തെന്നുടെ കൺതുറപ്പവരാരഹോ
എട്ടുകാലികൾ പാറ്റയും മമ വീട്ടിനുള്ളവകാശികൾ

കവി : ജ്യോതിർമയി

3.1536 കുളിരുകോരിടുമപ്പുലർ. . . (ഹരി)

ദ്രുതവിളംബിതം

കുളിരുകോരിടുമപ്പുലർവേളയിൽ
കുളികഴിഞ്ഞു കുളക്കരെ നിന്നവർ
കുളികളാൽ വരവേൽപ്പു, മഹാശയൻ
കുളവകന്ന മഹാബലി മന്നനെ

കവി : ഹരിദാസ്

3.1537 കരങ്ങളിൽ കംബുഗദാരി. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര

കരങ്ങളിൽ കംബുഗദാരിപദ്മം
ധരിച്ചു വാഴും വിബുധൈകവേദ്യൻ
പെരിങ്ങരെത്തേവരെനിക്കു വേണ്ടും
വരങ്ങൾ നൽകാനിത കൈ തൊഴുന്നേൻ!

3.1538 പവനസുതനെയും. . . (കർത്താ)

പുഷ്പിതാഗ്ര

പവനസുതനെയും വണങ്ങിയേറ്റം
നവവിരഹാസഹനായ സവ്യസാചി
ജവമനുജരെയും പുണർന്നുപിന്നെ–
ക്കുവലയനേർമിഴി തന്റെ പാർശ്വമെത്തി.

കവി : പന്തളം കേരളവർമ്മ, കൃതി : *വിജയോദയം*

3.1539 ജടാടവീഗളജ്ജല. . . (വിശ്വപ്രഭ)

പഞ്ചചാമരം

ജടാടവീഗളജ്ജലപ്രവാഹപാവിതസ്ഥലേ
ഗളേ∫വലംബ്യ ലംബിതാം ഭുജംഗതുംഗമാലികാം
ഡമഡ്ഡമഡ്ഡമന്നിനാദവഡ്ഡമഡ്ഡമർവ്വയം
ചകാര ചണ്ഡതാണ്ഡവം തനോതു നഃ ശിവഃ ശിവം.

കവി : രാവണൻ, കൃതി : *ശിവതാണ്ഡവസ്തോത്രം*

3.1540 ഡംഭാലസ്ഥതപൂണ്ട. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ഡംഭാലസ്ഥത പൂണ്ട വൈശ്രവണനങ്ങന്നാൾ ക്ഷണിച്ച പ്രിയം
കുംഭീന്ദ്രാനനനെപ്പരേ രുചിയെഴും പ്രാതൽ ഭുജിച്ചീടുവാൻ
വമ്പൻ പന്തലൊടൊപ്പമങ്ങഖിലവും തീർത്താക്കുബേരന്നെയും
കുമ്പക്കുള്ളിലൊതുക്കുവാനണയുമാ ശംഭ്രസുതൻ രക്ഷ മാം

കവി : ഹരിദാസ്

3.1541 വരജട, വിവിധാക്ഷമാല. . . (ഉമ)

പുഷ്പിതാഗ്ര

വരജട, വിവിധാക്ഷമാല, മാന്തോൽ,
മരവുരി സർവ്വശരീരഭസ്മലേപം
പരമിതുകളിലൊന്നിലും മറഞ്ഞീ–
ലുരപെറുമാ യുവതാപസന്റെ ദർപ്പം

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1542 പരുഷമൊഴിയിവണ്ണം. . . (ഉമേഷ്)

പുഷ്പിതാഗ്ര

പരുഷമൊഴിയിവണ്ണമൂഴിദേവൻ
പറവതു കേട്ടു കുമാരി പിൻതിരിഞ്ഞാൾ;
മുഖമതിലധരം വിറച്ചു, ചില്ലി–
ക്കൊടികൾ ചുളിഞ്ഞു, കലങ്ങി കണ്ണിനറ്റം.

കവി : എ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *കുമാരസംഭവം തർജ്ജമ*

3.1543 മന്നിൽക്കോളാർന്നിരമ്പും. . . (ഹരി)

സ്രുദ്ധര

മന്നിൽക്കോളാർന്നിരമ്പും ജലനിധി, മുകളിൽ ചാരുതാരാ സമൂഹം,
ചിന്നിക്കാണും നഭോമണ്ഡല, മതിനു നടുക്കുജ്ജ്വലിക്കുന്ന ചന്ദ്രൻ,
എന്നിസ്സർവ്വേശസൃഷ്ടിക്രമമഹിമ കുറിക്കുന്ന വസ്തുക്കളെല്ലാ–
മൊന്നിച്ചാഹന്ത കാൺകെക്കരളിടയിലഹംബുദ്ധി നിൽക്കുന്നതാണോ?

കവി : വി.സി ബാലകൃഷ്ണപ്പണിക്കർ , കൃതി : *വിശ്വരൂപം*

3.1544 എന്തിത്ര വെമ്പലിഹ. . . (ഉമ)

വസന്തതിലകം

“എന്തിത്ര വെമ്പലിഹ തെല്ലിട നിൽക്ക; താത–
നന്തഃപുരേ കിമപി വിശ്രമമേൽക്കയത്രേ”
ചന്തത്തിലേവമുരചെയ്യ ഗണേശനപ്പോൾ
തൻ തമ്പിയായ്ക്കരുതുമാ ദ്വിജനെത്തടുത്താൻ

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1545 ചാർത്തീടുംനഗജാലം. . . (ഗോപകുമാർ)

സ്രഗ്ധര

ചാർത്തീടും നാഗജാലം തിരുമുടിയിലിളംതിങ്കളാകാശതോയം
പാർത്താൻ ചിത്രം ചരിത്രം തിരുവുടലൊരു നേർപാതി നാരീവിലാസം
പാർത്തട്ടിൽ കീർത്തിപൊങ്ങും പരമനിലയമായ് കാഞ്ഞിരങ്ങാടു മേവും
മൂർത്തേ, രോഗാർത്തവൈദ്യ, ത്രിപുരഹര, പരബ്രഹ്മമേ കൈതൊഴുന്നേൻ!

3.1546 പ്രവാളപ്രഭാ മഞ്ജു. . . (ജ്യോതി)

ഭുജംഗപ്രയാതം

പ്രവാളപ്രഭാ മഞ്ജുഭ്രഷാന്വിതാംഗീ
രസാസ്വാദതൃഷ്ണാം സമുദ്ദീപയന്തീ
ശരച്ചന്ദ്രികാശീതദാത്രീ ച മേ വാക്
ഭവേത് സർവ്വദാ സർവ്വകാമപ്രദാത്രീ

കവി : ജ്യോതിർമയി

3.1547 ശങ്കാപേതമുദിക്കുമർത്ഥരുചി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ശങ്കാപേതമുദിക്കുമർത്ഥരുചിയെ, ങ്ങെങ്ങാ വെറും ശബ്ദമാ–
മങ്കോലക്കുരുവിന്റെയെണ്ണയിലെഴുന്നജ്ജാലകൗള്ളഹലം?
ഹങ്കാരത്തിലൊളുങ്ങുമോ പരഹണോത്കർഷങ്ങൾ? ഉണ്ടൂഴിയിൽ
പൂങ്കോഴിപ്രകരത്തിനും സ്ഥലമഹോ! പുംസ്കോകിലങ്ങൾക്കുമേ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.1548 ഹാ, പുഷ്പമേ, അധികതുംഗ. . . (ജ്യോതി)

വസന്തതിലകം

ഹാ, പുഷ്പമേ, അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞി കണക്കയേ നീ
ശ്രീ ഭ്രവിലസ്ഥിര–അസംശയ–മിന്നു നിന്റെ–
യാഭ്രതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1549 ശ്രീനാനാരസനൃത്തമാർന്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ശ്രീനാനാരസനൃത്തമാർന്ന ഗുരുവിൻ സാക്ഷാൽ കടാക്ഷങ്ങളാൽ
ശ്രീനാരായണധർമ്മപാലനമഹായോഗം ജയിക്കുന്നിതേ
ഈ നാവായതിനുള്ള സൂക്തിനികരം ശ്ലോകം വിവേകോദയം
ഹാ നാട്ടുനു പദം വയസ്സിൽ വിഭവം താഴാതെയേഴാമതിൽ.

കവി : കുമാരനാശാൻ, കൃതി : *വിവേകോദയത്തിന് ആശംസ*

3.1550 ഇപ്പാരിപ്പാടു കൽപിച്ചതിനുടെ. . . (ഉമേഷ്)

സ്രഗ്ധര

ഇപ്പാരിപ്പാടു കൽപിച്ചതിനുടെ പരിരക്ഷയ്ക്ക കാപ്പിട്ടിരിപ്പോൻ,
പിൽപ്പാടപ്പോടഴിപ്പോ, നസുരകളതു രക്ഷയ്ക്കായരുത്പാദമായോൻ,
പൊൽപ്പൂമാതാവിനുൾപ്പൂവലിയുമമൃതൊടപുഞ്ചിരിപ്പൂനിലാവ–
ത്തിപ്പാവത്തെപ്പുലർത്തീടണമിനി, കനിവുൾക്കൊണ്ടു കാർകൊണ്ടൽവർണ്ണൻ!

3.1551 പൂജിക്കാം ചെമ്പരത്തിപ്പൂതുമലർ. . . (കർത്താ)

സ്രഗ്ധര

പൂജിക്കാം ചെമ്പരത്തിപ്പൂതുമലരതിനുണ്ടേറ്റ മാഹാത്മ്യമൊട്ടും
യോജിക്കാ നിന്റെ പക്ഷം കൂതുകമൊടു കുറുപ്പുത്തു കൊച്ചുണ്ണി മേനോൻ
രാജിക്കാൻ നന്നു കച്ചേരിയിലഥ കവനം പാർക്കുകിൽ കൊങ്ങിണിപ്പൂ–
രാജിക്കാണൊട്ടു ചേരുന്നതു മഹിമയവന്നില്ല പൂവിന്നുമില്ല.

കവി : വെണ്മണി മഹൻ, കൃതി : *കവിപുഷ്പമാല*

3.1552 രമാകാന്തം കാന്തം. . . (ഉമേഷ്)

ശിഖരിണി

രമാകാന്തം കാന്തം ഭവഭവഭയാന്തം ഭവസുഖം
ദുരാശാന്തം ശാന്തം സകലഹൃദി ഭാന്തം ഭുവനപം
വിവാദാന്തം ദാന്തം ദനുജനിചയാന്തം സുചരിതം
സദാ തം ഗോവിന്ദം പരമസുഖകന്ദം ഭജത രേ!

കൃതി : *ഗോവിന്ദാഷ്ടകം*

3.1553 വ്രജയുവതിജനത്തിൻ. . . (വിശ്വപ്രഭ)

മാലിനി

വ്രജയുവതിജനത്തിൻ വീടുതോറും നടന്നും
രജനിപകലശേഷം വെണ്ണപാൽ കട്ടതിന്നും
നിജസഖികളുമായി ക്രീഡ ചെയ്യുന്ന കൃഷ്ണൻ
വ്രജിനമകലെനീക്കിക്കാത്തുകൊൾവാൻ തൊഴുന്നേൻ!

3.1554 നാനാവർണ്ണം കലർന്നാടകലൊടു. . . (കർത്താ)

സ്രഗ്ധര

നാനാവർണ്ണം കലർന്നാടകളൊടു ഭജനയ്ക്കെത്തിയോരൊത്തു നിൽക്കേ
തേനാളീടുന്നിതെന്നിൽ; ക്കനകവസനവും ചാർത്തി മേവുന്ന മൂർത്തേ!
ഞാനാലോചിപ്പിതപ്പോ, ളുടലിതുമുഴുവൻ ദേഹി ഭേസുന്ന വസ്തും
താനാണെ; ന്നെന്റെ ജീർണ്ണപ്രകൃതമുടുതുണിച്ചുറ്റിലേക്കുറ്റുനോക്കി!

കവി : കരിമ്പുഴ രാമചന്ദ്രൻ, കൃതി : *വസ്തുവിചാരം*

3.1555 ഞാനാവലാതി തിരുമുന്നിൽ. . . (ഉമ)

വസന്തതിലകം

ഞാനാവലാതി തിരുമുന്നിലുണർത്തിടുന്നേൻ
ആനന്ദ പൂർണ്ണനതു കേട്ടു ധരിച്ചിടേണം
ജന്മത്തിലാകെയഴലാണടിയന്റെ നേട്ടം
നീ മാത്രമാണിനിയെനിക്കൊരു ബന്ധു കൃഷ്ണാ

കവി : ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്

3.1556 ജൃംഭിച്ച ലോഭമൊടു. . . (ഉമേഷ്)

വസന്തതിലകം

ജൃംഭിച്ച ലോഭമൊടു നൽപ്പൂതുതേൻ കുടിക്കാൻ
ചുംബിച്ച ചൂതകലികാമതികൈതവേന
അംഭോജിനീവസതിമാത്രകൃതാർത്ഥനായി–
ക്കിം ഭോ! മറന്നു കിതവ, ഭ്രമര, ത്വമേനാം?

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശാകുന്തളം തർജ്ജമ*

3.1557 അമരനാഥസുതന്ന്. . . (ഹരി)

ദ്രുതവിളംബിതം

അമരനാഥസുതന്നുളവായൊരാ
കൊടിയ ഗർവമശേഷമടക്കുവാൻ
ത്രിണയനൻ ഭഗവാൻ വനചാരിയായ്
മരുവി,യാ വരവിന്നുനമിപ്പു ഞാൻ

കവി : ഹരിദാസ്

3.1558 തദാ മുകുന്ദന്റെ. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തദാ മുകുന്ദന്റെ ഫണീന്ദ്ര തൽപ്പേ
മുദാ കളിച്ചും പുനരൊട്ടൊളിച്ചും
മിളൽപ്രമോദേന രമാസമീപേ
കളിച്ചു മേവുന്ന കുമാരകന്മാർ

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *മണിപ്രവാളം*

3.1559 മീതേ പോയ്ക്കത്തിമെത്തും. . . (വാസുദേവൻ)

സ്രഗ്ധര

മീതേ പോയ്ക്കത്തിമെത്തും നയനശിഖിശിഖാകാണ്ഡ, മേണാങ്ക ഖണ്ഡ–
സ്വേദാനാദായ വേദാനഴകിലുരുവിടും ചാരു വൈരിഞ്ചമുണ്ഡം.
പാതാളത്തോടലച്ചീടിന മകരമഹാകുണ്ഡലം, കൺകുളിർക്കെ
പ്രൗഢാഭോഗം, ജനൗഘാദദ്ഭുരഭിനവം കംസഹന്താരമാരാൽ.

3.1560 പേടിച്ചോടും പുരടഹരിണ. . . (ഗോപകുമാർ)

മന്ദാക്രാന്ത

പേടിച്ചോടും പുരടഹരിണക്കുട്ടിയെത്തോറ്റ തുന്നം–
പാടിച്ചീടും മിഴിയിലമൃതം പെയ്യ പെൺപൈതൽ നിന്നെ
പാടേ മാനിച്ചരികിൽ വരുമീ വാക്കു കേട്ടാൽ തദാ മേ
പാടെല്ലാം നീ പറയുക മറക്കാതെ മൽക്കാതരാക്ഷ്യെ

കവി : ശീവൊള്ളി , കൃതി : *ദാത്യൂഹസന്ദേശം*

3.1561 പെറ്റമ്മ പോലുമിഹ പുത്രിയെ. . . (ഹരി)

വസന്തതിലകം

പെറ്റമ്മ പോലുമിഹ പുത്രിയെ മറ്റൊരാൾക്കു
വിറ്റിട്ടു വിത്തമനുവാങ്ങി ലസിച്ചിടുന്ന
ഏറ്റുന്നിതാധി, ധനമെന്നൊരുചിന്ത വീശും
കാറ്റത്തുപാറിയകലും ദൃഢമാത്മബന്ധം

കവി : ഹരിദാസ്

3.1562 ഏണിക്കൺകൻ ചില്ലി പുഞ്ചിരി. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

ഏണിക്കൺകൻ ചില്ലി പുഞ്ചിരി കവിൾ ത്തനെറ്റിയും വാണിയും
യോണീഭൂൽപ്രിയപുത്രി നിന്റെ വദനത്തിങ്കൽ തിളങ്ങുന്നിതേ
ബാണം മട്ടു ധനുസ്സു മട്ടു സിതമട്ടാമട്ടു കണ്ണാടിമ–
ട്ടേണാങ്കക്കല മട്ടുമട്ടുമധികം മട്ടുന്ന മട്ടത്തുതം.

കവി : വള്ളത്തോൾ

3.1563 ബാലേന്ദുകലാചൂഡൻ. . . (കർത്താ)

ഗീതി

ബാലേന്ദുകലാചൂഡൻ
ബാലസഖൻ ബാഹുലേയനതിസുമുഖൻ
ഫാലാന്തരപടുനയനൻ
നീലസ്കന്ധൻ വരുന്നതെന്നയ്യോ!

കവി : കുമാരനാശാൻ, കൃതി : *സുബ്രഹ്മണ്യശതകം*

3.1564 ഫലിതമായുലകത്തിനെ. . . (രാജേഷ്)

ദ്രുതവിളംബിതം

ഫലിതമായുലകത്തിനെ നോക്കിനി–
ന്നലിവെഴുന്നൊരു പുഞ്ചിരി തൂകുവാൻ
മലമെഴാത്ത മഹാപുരുഷാകൃതേ,
നലമൊടിന്നടിയന്നു തുണയ്ക്കണേ

കവി : രാജേഷ് ആർ. വർമ്മ

3.1565 മറയുടെപൊരുൾതൊട്ടീമന്നിൽ. . . (ഹരി)

മാലിനി

മറയുടെ പൊരുൾ തൊട്ടീ മന്നിൽ വേണ്ടുന്നതൊട്ടു–
ക്കറിയുമരിയ കേമന്മാരിലൊന്നാമനായി
പെരിയൊരു പുകൾപാരിൽപ്പൊങ്ങിടും പാക്കനാരാം
പറയനെയറിയാത്തോർ പാരിടത്തിൽച്ചുരുങ്ങും

കവി : കുണ്ടൂർ നാരായണമേനോൻ , കൃതി : *പാക്കനാർ*

3.1566 പോവട്ടെ ഞാൻ വിടു. . . (ഉമ)

വസന്തതിലകം

“പോവട്ടെ ഞാൻ വിടു!” “വിടില്ല, കടന്നു കൂടാ!”
“ഛീ, വക്രവൃത്തി തുടരുന്നതു രാമനോടോ?”
ഏവം വഴക്കു മുറുകി, ദ്വിജദേവർ തമ്മിൽ–
ബ്ഭാവം പകർന്നു പിടിയും വലിയും തുടങ്ങി.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1567 എന്നിൽ പ്രിയം ലവവും. . . (ഉമേഷ്)[242]

വസന്തതിലകം

എന്നിൽ പ്രിയം ലവവുമില്ലിവനാഗ്രഹിപ്പോൾ;–
ക്കന്യാനുരക്തയവ; ളന്യയിലിഷ്ടനായാൾ;
ഇന്നെന്നെയോർത്തപര ദുഃഖിത – എത്ര കഷ്ടം!
നിന്ദാർഹരാണവ, ളവൻ, സ്മര, നിന്നിവൾ, ഞാൻ!

കവി : ഉമേഷ് നായർ / ഭർത്തൃഹരി

3.1568 ഇഹരാജകുലത്തിൽ. . . (ഗോപകുമാർ)

വസന്തമാലിക

ഇഹ രാജകുലത്തിൽനിന്നു ചോറെൻ
ഗൃഹജന്മാർ പതിവായ്ബ്ഭുജിച്ചിരുന്നു
മഹനീയ മഹീശജീവനിന്നെൻ
മഹനീജ്ജീവിതനാശമാണയുക്തം

കൃതി : *പാന്നയുടെ ത്യാഗം*

3.1569 മുട്ടുമ്പോളുഴറിക്കിതച്ചു. . . (ദിലീപ്)

ശാർദ്ദൂലവിക്രീഡിതം

മുട്ടുമ്പോളുഴറിക്കിതച്ചു ഭഗവൻ! പാഞ്ഞെത്തി നിൻവാതിലിൽ
തട്ടുന്നു വിമനസ്സെഴാതെ ബിഭ്യതം ചോദിച്ചതേകുന്നു നീ
ഒട്ടുള്ളാറുകിലൊ ഭ്രമത്തിലുഴറും വണ്ണം മനത്തട്ടിതാ
പൊട്ടുന്നു ഭ്രമമാരിയാൽ, കനിയുകെൻ ഗോവർദ്ധനോദ്ധാരകാ.

കവി : യൂസഫ് അലി കേച്ചേരി

3.1570 ഓണമാണതുമെനിയ്ക്കു. . . (ജ്യോതി)

രഥോദ്ധത

ഓണമാണതുമെനിയ്ക്കു പാഠമാ–
യേറ്റി ഭാവ,മൊരു "ദാനശാലി" ഞാൻ
ആട്ടിയെന്നുടെയഹന്ത; ഏകി നീ
ചേണെഴുന്ന വരമന്നു വാമന!

കവി : ജ്യോതിർമയി

3.1571 ആരംഗം, സർവമാച്ഛാതിതമഹഹ. . . (വാസുദേവൻ)

സ്രുദ്ധര

ആരംഗം സർവമാച്ഛാദിതമഹഹ, ചിരാൽ കാലമാം ജാലവിദ്യ–
ക്കാരൻ തൻ പിഞ്ഛരികോച്ചാലന, മുലകിൽ വരുത്തില്ലയെന്തെന്തു മാറ്റം?
നെരമ്പോക്കെത്രകണ്ടു ഭവതിയിഹ പദം തോറു? മെന്തൊക്കെ മേലിൽ
സ്വൈരം കാണും, പുരാണപ്രഥിതനദി നിളാ ദേവി, നിത്യം നമസ്തേ!

കവി : വള്ളത്തോൾ

[242] [*ഉമേഷ്*] ശ്ലോകം **3.1567 :** മൂലശ്ലോകം (ഭർത്തൃഹരി) :
യാം കാമയാമി മയി സാ ന വിനഷ്ടകാമാ,
സാപ്യന്യമിച്ഛതി, സ ചാന്യവധൂപ്രസക്തഃ,
മത്കാരണേന പരിശുഷ്യതി കാദിചിദന്യാ –
ധിക് താം ച തം ച മദനം ച ഇമാം ച മാം ച.

3.1572 നാറ്റം പൊങ്ങി, ത്തിമിരമടിയിൽ. . . (രാജേഷ്)

മന്ദാക്രാന്ത

നാറ്റം പൊങ്ങി, ത്തിമിരമടിയിൽത്തിങ്ങി, വിങ്ങിക്കൊഴുക്കും
ചേറ്റിന്നുള്ളിൽ വരിക കളിയാടീടുവാനെന്റെ നെഞ്ചിൽ
ഊറ്റം മുറ്റും കരിയിരുളിനെക്കൊയ്യു മിന്നുന്ന വെള്ളി–
ത്തേറ്റത്തുമ്പാലുഴുക, ഭഗവൻ, സൂകരാകാരനായ് നീ.

കവി : രാജേഷ്

3.1573 ഉണ്ണീ നിൻ വരവന്നു കണ്ട. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഉണ്ണീ നിൻവരവന്നു കണ്ട നിമിഷം നെഞ്ചം ചുരന്നൂ മന–
സ്സെണ്ണീ വാമന! പൈതലായ്, ഒരുദിനം കിട്ടീലയീക്കൈകളിൽ
കുഞ്ഞായ് പൂതനയായൊരെന്നുലനുണഞ്ഞാനന്ദമേകുന്ന നി–
ന്നമ്മിഞ്ഞക്കൊതിയോ നിറഞ്ഞ കരുണാവായ്പ്പോ വിചിത്രം ഹരേ!

കവി : ജ്യോതിർമയി

3.1574 കണ്ണാലല്ലെങ്കിലും. . . (ദിലീപ്)

സ്രുദ്ധര

കണ്ണാലല്ലെങ്കിലും നിൻ തിരുവുടലഴകാവോളവും കണ്ടു ഞാനെൻ
കണ്ണാ, കാതാലെയല്ലെങ്കിലുമതിരുചിരം നിൻ സ്വരം ഞാൻ ശ്രുവിച്ചു.
മണ്ണായ് തീരുന്നതിനുമ്പര ഞൊടി ജനിതാശ്വാസമായെന്റെ കണ്ണാ,
വിണ്ണാറിൻ ശുദ്ധിതോൽക്കും, തവ തനു തഴുകാനൊക്കുമോ ചിൽക്കുഴമ്പേ!

കവി : യൂസഫ് അലി കേച്ചേരി , കൃതി : *പൈക്കുട്ടി*

3.1575 മണമാദിയായി. . . (കർത്താ)

മഞ്ജുഭാഷിണി

മണമാദിയായി വിലസുന്ന മണ്ണിലും
തുണചിന്തചെയ്യു ഗുണമായ് നിറഞ്ഞുടൻ
ഗുണിയാറുനിന്നു ഗുണവും നിരാശ്രയി–
ച്ചുണയുന്നതായി വിലസുന്ന ദൈവമേ!

കവി : കുമാരനാശാൻ, കൃതി : *ഭക്തവിലാപം*

3.1576 ഗതി പുണ്യതീർത്ഥ. . . (ഉമേഷ്)[243]

മഞ്ജുഭാഷിണി

ഗതി പുണ്യതീർത്ഥഗമനാർത്ഥമാകയാൽ
മതിമൻ! തടസ്സമണയാതെയാക്കണം
കൊതിയില്ല ഭോഗമതി, ലിങ്ങു മാഴ്കിടാ
മതി, വാനിനുള്ള വഴി നീയടയ്ക്കുകിൽ.

കവി : കുണ്ടൂർ / കാളിദാസൻ, കൃതി : *രഘുവംശം തർജ്ജമ (സർഗ്ഗം 11)*

[243] [*ഉമേഷ്*] ശ്ലോകം **3.1576 :** മൂലശ്ലോകം (കാളിദാസൻ) :

തദ്ഗതിം ഗതിമതാം വരേപ്സിതാം
പുണ്യതീർത്ഥഗമനായ രക്ഷ മേ
പീഡയിഷ്യതി ന മാ ഖിലീകൃതാ
സ്വർഗ്ഗപദ്ധതിരഭോഗലോലുഭം.

3.1577 കുറെ നാളുകൾ വിട്ടു. . . (ബാലേന്ദു)

വിയോഗിനി

കുറെ നാളുകൾ വിട്ടുനിന്നതിൽ
ചെറുതായ് തോന്നിയെനിക്കു സങ്കടം;
നിറയെപ്പിഴയിങ്ങു കണ്ടതിൽ–
ക്കുറവായാ വക ഖേദമൊക്കെയും.

കവി : ബാലേന്ദു

3.1578 നന്ദിയ്ക്കെൻ നന്ദി നാഥാ. . . (ഉമേഷ്)

സ്രുദ്ധര

"നന്ദിയ്ക്കെൻ നന്ദി നാഥാ, പഴനിയുടെ സമീപത്തിൽ നാമിത്ര വേഗം
വന്നല്ലോ, ചിത്ര, മുണ്ണിക്കുടയ മയിലതാ പാമ്പിനെത്തിന്നു നിൽപ്പൂ";
"വന്ദ്യം വൃന്ദാവനം താനിതു, കനകലതാകമ്രയാം രാധയെസ്സാ–
നന്ദം പിഞ്ഛാവതംസൻ..." ഗിരിജയുടെ മുഖം നമ്രമായ്, താമ്രമായീ!

കവി : വി. കെ. ജി.

3.1579 വന്ദ്യനായ ഭഗവാൻ. . . (ദിലീപ്)

രഥോദ്ധത

വന്ദ്യനായ ഭഗവാൻ ക്ഷമിക്കണേ
വന്ദ്യഗായകനു ശാന്തിയേകണേ
ഈ വിനീതനിവനിന്നു വന്നു നിൻ
പാദപങ്കജമതിങ്കൽ വീണിടാം.

കവി : ദിലീപ്. രോഗശയ്യയിലായിരുന്ന വെണ്മണി ഹരിദാസിനെപ്പറ്റി.

3.1580 ഇക്കാമ്യവസ്തുനിര. . . (കർത്താ)

വസന്തതിലകം

ഇക്കാമ്യവസ്തുനിര ചെയ്തതു, മിങ്ങതോരാ–
നൽക്കാമ്പുമെന്നുടലുമേകിയതും, സ്വയം ഞാൻ
ധിക്കാരമാർഗ്ഗമണയാതകമേ കടന്നു
ചുക്കാൻ തിരിക്കുവതു, മൊക്കെയൊരേ കരം താൻ.

കവി : കുമാരനാശാൻ, കൃതി : *ഈശ്വരൻ*

3.1581 ധനാഢ്യരേ, ധർമ്മ. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധനാഢ്യരേ, ധർമ്മവഴിയ്ക്കു നിങ്ങൾ
കാണിയ്ക്കവെക്കും നറുമുത്തിനെക്കാൾ
കൂലിപ്പണിക്കാരിവർ തൻ വിയർപ്പു–
നീർത്തുള്ളിയാണീശ്വരനേറെയിഷ്ടം

കവി: വള്ളത്തോൾ.

3.1582 കുംഭം കുടിയ്ക്കുന്നിതു. . . (രാജേഷ്)

ഇന്ദ്രവജ്ര

കുംഭം കുടിയ്ക്കുന്നിതു വെള്ളമൽപം,
കുംഭോദ്ഭവൻ സിന്ധുവിനെക്കുടിച്ചു
നന്നായ് ജനിച്ചുള്ള സുതൻ സ്വവൃത്യാ
തന്നച്ഛനെക്കാൾ കവിയുന്നവല്ലോ.

കവി : കേ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.1583 നഷ്ടം നിശ്ശേഷമായ് പോർമുലയിൽ. . . (ഉമേഷ്)

സ്രഗ്ധര

നഷ്ടം നിശ്ശേഷമായ് പോർമുലയിൽ മലയജം, ചുണ്ടിലെച്ചോപ്പശേഷം
മൃഷ്ടം, ലുപ്താഞ്ജനം കണ്ണിന തവ, കൃശമിക്കോൾമയിർക്കൊണ്ട കോലം,
കഷ്ടം! പൊയ്യോതുവോളേ, സ്വജനരുജ ധരിക്കാത്ത ദൂതീ, കുളിക്കാ–
നിഷ്ടം പോലങ്ങു നീ പോയ് കുളമതിൽ; നഹി തസ്യാധമസ്യാന്തികത്തിൽ.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *(പരിഭാഷ, ഭാഷാഭൂഷണത്തിൽ ഉദ്ധൃതം)*

3.1584 കള്ളൻ കടന്നിതു. . . (ഹരി)

വസന്തതിലകം

കള്ളൻ കടന്നിതുവരമ്പുമുറിഞ്ഞുകോളിൽ
വെള്ളം കടന്നു കുറിവീണിതു കപ്പൽ മുങ്ങി
കൊള്ളാം പൊടുന്നനവെയിങ്ങനെയൊക്കെ വന്നി–
ട്ടുള്ളം കിടന്നുഴലുമേ മുതലുള്ളവർക്ക്

കവി : കുണ്ടൂർ നാരായണമേനോൻ , കൃതി : *പാക്കനാർ*

3.1585 കരുത്തരെന്നാലും. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കരുത്തരെന്നാലുമൃഷീന്ദ്രനോടു
കയർത്തതില്ലീശ്വരപാർഷദന്മാർ
സ്വാമിയ്ക്കു ശിഷ്യപ്രതിപത്തിയെത്ര–
യ്ക്കാണെന്നതിങ്ങാരറിയാതെയുള്ളൂ?

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1586 സമർത്ഥനായ സീസറും. . . (രാജേഷ്)

പഞ്ചചാമരം

സമർത്ഥനായ സീസറും പ്രസിദ്ധനായ ഹോമറും
സമത്വമറ്റ സോളമൻ തുടങ്ങിയുള്ള വിജ്ഞരും
അമർന്നുപോയി കാലചക്ര വിഭ്രമത്തിലെങ്കിലീ
നമുക്കു പിന്നെയെന്തു ശങ്ക? മാറ്റമൊന്നുമില്ലിതിൽ.

കവി : സിസ്റ്റർ മേരി ബനീഞ്ജ

3.1587 അജ്ഞാനവേളയിലുമസ്തി. . . (കർത്താ)

വസന്തതിലകം

അജ്ഞാനവേളയിലുമസ്തി വിഭാതി രണ്ടു–
മജ്ഞാതമല്ല,സുഖവും, വിലസുന്ന മൂന്നും;
രജ്ജൂസ്വരൂപമഹിയോടുമിദന്തയാർന്നു
നിൽക്കുന്നതിന്നിഹ നിദർശനമാമിതോർത്താൽ.

കവി : ശ്രീനാരായണഗുരു, കൃതി : *അദ്വൈതദീപിക*

3.1588 രണ്ടിപ്പൊഴത്പലദലങ്ങൾ. . . (ഉമേഷ്)

വസന്തതിലകം

രണ്ടിപ്പൊഴൽപലദലങ്ങളടിക്കു കാണു–
ന്നുണ്ടിങ്ങു, മുമ്പവയിലേതൊടടുപ്പുതെന്നായ്
രണ്ടിങ്കലും മുകളിൽ നിന്നു പകച്ചു നോക്കും
വണ്ടിൻ കിടയ്ക്കവൾ തൊടും തിലകം വിളങ്ങി.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1589 രാവാകുന്ന കുറുത്ത. . . (ഉമ)

ശാർദ്ദൂലവിക്രീഡിതം

രാവാകുന്ന കുറുത്ത കാടിനെയെരിപ്പാനായ്പ്പടർന്നാളീടും
ദാവാഗ്നിച്ചടയെന്നപോലൊരു പരപ്പേറും തുടപ്പഞ്ജസാ
ദേവാധീശ്വരദിക്കിൽ വന്നുയരവേ നിദ്രാവിമുക്തങ്ങളായ്,–
ബ്ഭീവായ്പ്പാർന്നതുപോലെ, പക്ഷികളിതാ കൂട്ടുന്നു കോലാഹലം.

കവി : **വള്ളത്തോൾ**, കൃതി : *പ്രഭാതകീർത്തനം*

3.1590 ദേവകീതനയ ദേവദേവ. . . (മധുരാജ്)

രഥോദ്ധത

ദേവകീതനയ ദേവദേവ നിൻ
സേവകൊണ്ടു ദിവസങ്ങൾ പോക്കുവാൻ
ആവതും വഴി തരാതിരിക്കുകിൽ
പാവമെൻ കഥ പരുങ്ങലാകുമേ!

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1591 അജ്ഞാത്വാ തേ മഹത്വം. . . (രാജേഷ്)[244]

സ്രഗ്ധര

അജ്ഞാത്വാ തേ മഹത്വം യദിഹ നിഗതിതം വിശ്വനാഥ, ക്ഷമേഥാഃ
സ്തോത്രം ചൈതത് സഹസ്രോത്തരമധികതരം ത്വത്പ്രസാദായ ഭൂയാത്

[244] [*ഉമേഷ്*] ശ്ലോകം **3.1591 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

ഞാനെന്തോ ചൊല്ലിനേൻ നിൻ മഹിമകളറിയാ, തൊക്കെ നീ താൻ പൊറുത്തീ-
ടിസ്സ്തോത്രം നൂറു പത്തുണ്ടധികവു, മിതു നിൻ പ്രീതിയാർജ്ജിച്ചിടേണം;
ഹൃദ്യം *ശ്രീവാസുദേവോദയ*മിതു നിഗമം വാഴ്ത്തിടും സൂത്യഭാവം
ലീലാജന്മാദിയും ചേർന്നനുപമമരുളട്ടായുരാരോഗ്യസൗഖ്യം!

ആയുരാരോഗ്യസൗഖ്യം = 1712210 = നാരായണീയം എഴുതിത്തീർന്ന കലിദിനസംഖ്യ.
ശ്രീവാസുദേവോദയം = 1848742 = നാരായണീയപരിഭാഷ എഴുതിത്തീർന്ന കലിദിനസംഖ്യ.

ദ്വേധാ നാരായണീയം ശ്രുതിഷു ച ജനുഷാ സ്തുത്യതാ വർണ്ണനേന
സ്ഫീതം ലീലാവതാരൈരൈദമിഹ കുരുതാമായുരാരോഗ്യസൗഖ്യം!

കവി : മേൽപുത്തൂർ, കൃതി : *നാരായണീയം*

3.1592 ദുഷ്ടത്തിങ്കൽ പ്രശമധനരാം. . . (കർത്താ)

മന്ദാക്രാന്ത

ദുഷ്ടത്തിങ്കൽ പ്രശമധനരാം താപസന്മാരിലേറ്റം
ശ്ലിഷ്ടം തേജസ്സതിനിടതമായുണ്ടു വർത്തിച്ചിടുന്നു;
കാട്ടും പെട്ടന്നവരതു പരൻ തന്റെ തേജസ്സിനോടായ്
മുട്ടുന്നേരം, കുളിർമകലരും സൂര്യകാന്തം കണക്കേ.

കവി : എ. ആർ, കൃതി : *ശാകുന്തളം തർജ്ജമ*

3.1593 കോപം, വാശി, കുശു, ന്വസൂയ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കോപം, വാശി, കുശു, ന്വസൂയ, ദുര, ദുർമ്മന്ത്രം, മരു, ന്നന്മദാ–
ലാപം, ലോഭ, മല, ട്ടുരുട്ടു, നുണ, സിദ്ധാന്തം, മൊശോടത്തരം,
വ്യാപാദം, ചതി, വാദ, മേഷണി, പണക്കു, ത്തുറ്റ – മെന്നീ വക–
ച്ചാപല്യങ്ങളിലൊന്നു പോലുമറിയെപ്പോറുന്ന പെണ്ണല്ലിവൾ!

കവി : ശീവൊള്ളി

3.1594 വരുതിയിലധിവസിക്കും. . . (കർത്താ)

മാലിനി

വരുതിയധിവസിക്കും പാഴ്ക്കടിൽക്കുള്ളിലൊന്നിൽ
പൊരുതിയിവനു കൽപ്പിച്ചാരൊരാളുന്തി വിട്ടു
കരുണയൊടവിടുത്തൈക്കൈകളത്രേ ഭവാനേ
പുരുധനവിഭവശ്രീ നൽകി രക്ഷിപ്പതെന്നും!

കവി : വാരിക്കൊലിൽ കേശവനുണ്ണിത്താൻ, കൃതി : *സാന്ധ്യദീപം കൊളുത്തി*

3.1595 കണ്ടോരുണ്ടോ? കഴുത്തിൽ. . . (ജ്യോതി)

സ്രുദ്ധര

കണ്ടോരുണ്ടോ? കഴുത്തിൽ പരിമളതുളസീദാമ, മാ നീലവണ്ടിൻ–
തണ്ടാറ്റും മെയ്യു, ചെന്താമരദളനയനം, ഗോപവാടം സ്വഗേഹം
തെണ്ടും വൃന്ദാവനത്തിൽ തപനതനയ തൻ കൂലകുഞ്ജാന്തരത്തിൽ,
കണ്ടെത്താനായ് സഹായിപ്പവനു മമ നമസ്കാരമാജീവനാന്തം!

കവി : വി.കെ.ജി

3.1596 തളിർത്തൊത്തിനൊപ്പം. . . (രാജേഷ്)

ഭുജംഗപ്രയാതം

തളിർത്തൊത്തിനൊപ്പം മിനു, പ്പമ്പിളിയ്ക്കും
കുളിർക്കും തണുപ്പൊത്തുലാവുന്ന നിൻ മെയ്
വിളങ്ങേണമുള്ളിൽ, മൊഴിച്ചേലു നാവിൽ–
ക്കളിക്കേണ,മെത്രയും കൊടുക്കുന്ന തായേ!

കവി : രാജേഷ് ആർ. വർമ്മ/ജ്യോതിർമയി

3.1597 വാച്ചീടും പ്രാണദുർവേദന. . . (കർത്താ)

സ്രഗ്ധര

വാച്ചീടും പ്രാണദുർവേദന ബഹുകഠിനം ചുണ്ടെലി, ക്കങ്ങു കണ്ടൻ–
പൂച്ചയ്ക്കത്സാഹമുൾക്കൊണ്ടിളകിന വിളയാട്ടങ്ങളിന്നെന്നപോലെ
തീർച്ചയ്ക്കിക്കാര്യമോതാമധികതരമെനിയ്ക്കഗ്നിമാന്ദ്യാദി ദീനം
മൂർച്ഛിച്ചയ്യോ! കുഴങ്ങുന്നിതുപൊഴുതു നിനക്കുദ്യമം ഹൃദ്യമത്രേ.

കവി : വെണ്മണി മഹൻ, കൃതി : *കവിപുഷ്പമാല*

3.1598 തരുണശകലമിന്ദോർ. . . (വിശ്വപ്രഭ)

മാലിനി

തരുണശകലമിന്ദോർബ്ബിഭ്രതീ ശുഭ്രകാന്തിഃ
കുചഭരനമിതാംഗീ സന്നിഷണ്ണാ സിതാബ്ജേ
നിജകരകമലോദ്യല്ലേഖനീപുസ്തകാ ശ്രീഃ
സകലവിഭവസിദ്ധ്യൈ പാതു വാഗ്ദേവതാനഃ

കൃതി : *വാഗ്വാദിനീ –(സരസ്വതീ)– ധ്യാനശ്ലോകം*

3.1599 നെടിയ മല കിഴക്കും. . . (ഉമേഷ്)

മാലിനി

നെടിയ മല കിഴക്കും, നേരെഴാത്താഴി മേക്കും,
വടിവിലെലുകയായിത്തഞ്ചിടും വഞ്ചിനാടേ!
അടിയനിതറിയിക്കാ, മണ്ഡികാഞ്ചിക്കു നീയേ
മുടിനടുവിൽ വിളങ്ങും മുഖ്യമാണിക്യരത്നം.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1600 ആനത്തോലുടയാടയാക്കി. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ആനത്തോലുടയാടയാക്കി, തുണിയില്ലാഞ്ഞില്ല തേ മാനവും;
പാനം ചെയ്തു വിഷം, കുടിപ്പതിനുമില്ലാഞ്ഞില്ല ദീനത്വവും;
സ്ഥാനേ നൽതിരുനക്കരേശ, ശിവനേ! നീ താനിരക്കുന്നു പോൽ
താനുണ്ണാത്തൊരു തേവരെങ്ങനെ വരം നൽകുന്നു ജാനേ ന തൽ!

3.1601 സുരനാഥവരൈഃ സുഖേന. . . (കർത്താ)

വസന്തമാലിക

സുരനാഥവരൈഃ സുഖേന ജീവൻ
പരമാനന്ദസുനിർവൃതോ നളോ ∫ യം
ഭവനേ വനതാം വനേ ഗൃഹത്വം
സ പുരാ നിശ്ചിനുതേ വിചാര്യ തത്ത്വം.

കവി : ഉണ്ണായി വാരിയർ, കൃതി : *നളചരിതം*

3.1602 ഭവജലധിമഗാധം. . . (വിശ്വപ്രഭ)

മാലിനി

ഭവജലധിമഗാധം ദുസ്തരം നിസ്തരേയം
കഥമഹമിതിചേതോ മാ സ്മ ഗാഃ കാതരത്വം
സരസിജദൃശി ദേവേ താവകീ ഭക്തിരേകാ
നരകഭിദി നിഷണ്ണാ താരയിഷ്യത്യവശ്യം.

3.1603 സൗകര്യപ്പെടുമെങ്കിലേതു പകലും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

സൗകര്യപ്പെടുമെങ്കിലേതു പകലും രാവും രമിയ്ക്കും,ജനാ–
ലോകത്തിൽ ചൂളിയില്ല നെറ്റി, തിരുമുറ്റത്താകിലും സമ്മതം
പൂകും പൂമണിമച്ചിലും വയലിലും വേണെങ്കിലീയക്ഷര–
ശ്ലോകസ്വൈരിണിയായ് രമിയ്ക്കുക ഭവാൻ സന്യാസിയാണെങ്കിലും!

കവി : വി.കെ.ജി, കൃതി : *ഭദ്രദീപം*

3.1604 പീലിക്കണ്മണി നാലുമൂന്നുപുറമേ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

പീലിക്കണ്മണി നാലുമൂന്നു പുറമേ ചേർത്തുള്ള പൂഞ്ചായലും
ചാലിച്ചുള്ള മനഃശിലാതിലകവും മന്ദസ്മിതാർദ്രാനനം
ബാലപ്പൈമണിമാർ നിറഞ്ഞ തെരുവിൽ സന്ധ്യാഗമേ തേ ഹരേ!
കാലിക്കുട്ടുവുമായ് വരുന്ന വരവും കണ്ടാവു കാർവർണ്ണരേ!

3.1605 ബാലാർക്കായുതതേജസം, ത്രിഭുവന. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ബാലാർക്കായുതതേജസം, ത്രിഭുവനപ്രക്ഷോഭകം, സുന്ദരം,
സുഗ്രീവാദിസമസ്തവാനരഗണൈസ്സംസേവ്യപാദാംബുജം,
നാദേനൈവ സമസ്തരാക്ഷസഗണാൻ സന്ത്രാസയന്തം, പ്രഭും,
ശ്രീമദ്രാമപദാംബുജസ്മൃതിരതം, ധ്യായാമി വാതാത്മജം.

3.1606 നേരാണിങ്ങിതു 'പർപ്പ'വംശ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നേരാണിങ്ങിതു "പർപ്പ"വംശപരദൈവങ്ങൾക്കു മുൻപേ പരം
ഘോരാഡംബരമോടകമ്പടി നടന്നെത്തുന്ന പട്ടാളമാം
ധാരാളദ്യുതിയാർന്നു കാണു, വഴിയേ ഖദ്യോതവൃന്ദങ്ങളിൽ
ധാരാവൃഷ്ടിയിതിൽ കെടാത്തൊരെഴുനെള്ളത്തിൻ വിളക്കെങ്ങുമേ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.1607 ധാമാനി വ്യാഘ്രപുര്യാം. . . (വിശ്വപ്രഭ)

സ്രഗ്ധര

ധാമാനി വ്യാഘ്രപുര്യാം പ്രകടിതനിജഭ്രമാനി നിത്യം പ്രഹൃഷ്യദ്
ഗംഗാസംഗത്വരാണി ക്ഷിതിധരസുതയാ സാധു സംഗത്വരാണി
ഏതാനി സ്ഫീതഫാലേക്ഷണദഹനശിഖാ ഗാഢലീഢ സ്മരാണി
വ്യാമൂഢൈരസ്മരാണി പ്രണതജനതമോഘസ്മരാണി സ്മരാണി.

കവി : മേൽപത്തൂർ

3.1608 എന്തെല്ലാം സ്തുതി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

എന്തെല്ലാം സ്തുതി! നീ ദയാനിധിയഹോ! സർവ്വാർത്ഥസിദ്ധിപ്രദൻ
കുമ്പിട്ടാൽമതി – യപ്പൊഴേക്കു വരമേകീടും കൃപാസാഗരം!
ഉണ്ടർത്ഥത്തിലെനിക്കു ശൈലിയിലലങ്കാരത്തിലാസക്തി; വൈ–
കുണ്ഠപ്പ! സദാപി "ഗോപി" തൊട്ടുവിക്കും ഗോപിയല്ലല്ലി നീ?

കവി : കരിമ്പുഴ രാമചന്ദ്രൻ, കൃതി : *ഇളസീദളങ്ങൾ*

3.1609 ഉണ്മാനില്ലാഞ്ഞൊരുനാളൊരു. . . (വിശ്വപ്രഭ)

സ്രഗ്ധര

ഉണ്മാനില്ലാഞ്ഞൊരുന്നാളൊരു പിടിയവിലും കൊണ്ടുചെന്നാൻ കുചേലൻ
സമ്മാനിച്ചങ്ങിരുത്തീ ത്രിഭുവനപെരുമാളാദരാൽ ചോറു നൽകീ
സമ്മോദം പുണ്ടിരുന്നമ്മുരഹരനവിലും തിന്നുപോരും ദശായാം
ബ്രഹ്മാനന്ദം കുചേലന്നനവധി ധനവും നൽകിനാൻ നന്ദസൂനു!

3.1610 സാമ്മില്ലൊരു സമത്വമില്ല. . . (കർത്താ)

കുസുമമഞ്ജരി

സാമ്മില്ലൊരു സമത്വമില്ല, സുഖഭാവനയ്ക്കൊരതിരില്ല, തൻ–
കാമനയ്ക്ക കൊലചെയ്വതിന്നൊരു കുല്ക്കമില്ല; നരലോകമേ
സീമയറ്റ നരകം; സമഗ്രഗുണപൂർണനെന്നൊരു മതിപ്പെഴും
നീ മനുഷ്യമൃഗമല്ല, ദുഷ്ടമൃഗസഞ്ചയങ്ങളുടെ സഞ്ചയം!

കവി : എൻ. ഡി. കൃഷ്ണനുണ്ണി, കൃതി : *മാബലി*

3.1611 സ്വച്ഛാം സ്വച്ഛവിലേപ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

സ്വച്ഛാം സ്വച്ഛവിലേപമാല്യവസനാം ശീതാംശുഖണ്ഡോജ്ജ്വലാം
വ്യാഖ്യാമക്ഷഗുണം സുധാഢ്യകലശം വിദ്യാം ച ഹസ്താംബുജൈഃ
ബിഭ്രാണാം കമലാസനാം കുചനതാം വാഗ്ദേവതാം സുസ്മിതാം
വന്ദേ വാഗ്വിഭവപ്രദാം ത്രിനയനാം സൗഭാഗ്യസമ്പത്കരീം

കൃതി : *സരസ്വതീ –വാഗ്ദേവതാ– ധ്യാനം*

3.1612 ബ്രഹ്മാണിയ്ക്കും രമയ്ക്കും. . . (കർത്താ)

സ്രഗ്ധര

ബ്രഹ്മാണിയ്ക്കും രമയ്ക്കും വിധിഹരിസമനായ് തന്നെ വാണുല്ലസിയ്ക്കും
രമ്യം സൗഭാഗ്യമാർന്നാ രതിയുടയ സതീനിഷ്ഠയും ദ്രഷ്ടയാക്കും
ചെമ്മേ ജീവിച്ചിരിക്കും ചിരമിഹ പശുപാശങ്ങളെല്ലുമറുക്കും
ബ്രഹ്മാനന്ദാഭിധാനം രസവുമനുഭവിക്കും ഭവദ് ഭക്തനാര്യേ!

കവി : കുമാരനാശാൻ, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

3.1613 ചെന്താർമാനിനി നീ നുറുങ്ങു. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ചെന്താർമാനിനി നീ നുറുങ്ങുവെടികിൽ ചൊൽക്കൊണ്ട പത്മാക്ഷനും
സന്താപക്കടലിൽക്കിടന്നെരിപൊരിക്കൊള്ളും കണക്കെന്നിയേ
സന്തോഷം മനതാരിൽ മാം പ്രതി നിനക്കുണ്ടാകിലിന്നുഴിമേ–
ലിന്ദ്രൻ ഞാൻ മുനിവൃന്ദവന്ദിതമഹാലക്ഷ്മീ വികൽപം വിനാ.

കവി: പൂന്താനം

3.1614 സ്രഷ്ടാ സൃഷ്ടിച്ചിടുന്നു. . . (കർത്താ)

സ്രഗ്ധര

സ്രഷ്ടാ സൃഷ്ടിച്ചിടുന്നു, ഹരിയതു പരിപാലിച്ചിടു, ന്നിന്ദുചൂഡൻ
നഷ്ടം ചെയ്യുന്നു തന്നോടഖിലമഥ മറയ്ക്കുന്നു ലോകം മഹേശൻ
സൃഷ്ടിപ്പാനായ് സദാ പൂർവകനുപരി ശിവൻ സ്വീകരിക്കുന്നതും നിൻ–
കഷ്ടാതീതം ഭ്രമിക്കും ഭ്രുകുടിഘടനതൻ സംജ്ഞയാമാജ്ഞയാലേ.

കവി : കുമാരനാശാൻ, കൃതി : *സൗന്ദര്യലഹരി തർജ്ജമ*

3.1615 സമസ്താം ത്വമേവാഹം. . . (വിശ്വപ്രഭ)

ഭുജംഗപ്രയാതം

സമസ്താം ത്വമേവാഹമസ്മിൻ സമസ്തോ
യദേകസ്ഥിതോഹം ത്വമേവാസി ശംഭോ
കഥം യുഷ്മദസ്മദ് പ്രയോഗം കഥം വാ
രിപൂർമിത്രമന്യോ മഹേശം ഭ്രമോയം

കവി : ശങ്കരാചാര്യർ, കൃതി : *ശിവഭുജംഗം*

3.1616 കഴുത്തിൽ കളങ്കം. . . (ഉമേഷ്)[245]

ഭുജംഗപ്രയാതം

കഴുത്തിൽ കളങ്കം, ഭുജംഗങ്ങൾ മെയ്യിൽ,
കനൽച്ചാർത്തു നെറ്റിക്കു, കയ്യിൽ കപാലം,
ശിരസ്സിൽ ശശാങ്കൻ, മടിത്തട്ടിൽ നല്ലാർ,
ഇതില്ലാത്ത ദൈവത്തെ ഞാനോർക്കുകില്ല.

കവി : സി. വി. വാസുദേവ ഭട്ടതിരി, കൃതി : *ശിവഭുജംഗം തർജ്ജമ*

3.1617 ശീഘ്ര്യാഞ്ജന സ്ഖലന. . . (വിശ്വപ്രഭ)

വസന്തതിലകം

ശീഘ്ര്യാഞ്ജനസ്ഖലനതുംഗരവോർദ്ധ്വകണ്ഠഃ

[245] [*ഉമേഷ്*] ശ്ലോകം **3.1616 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

അകണ്ഠേ കളങ്കാദനംഗേ ഭുജംഗാ–
ദപാണൗ കപാലാദഫാലേ ന ലാക്ഷാത്
അമൗലൗ ശശാങ്കാദവാമേ കളത്രാ–
ദഹം ദേവമന്യം ന മന്യേ ന മന്യേ

സ്ഥലേന്ദുരുദ്രഗണഹാസിതദേവസംഘഃ
ക്ഷ്വർപ്പശ്രുതിശ്ച പൃഥുവർത്തുളതുംഗതുണ്ഡോ
വിഘ്നം മമാപഹര സിദ്ധിവിനായക, ത്വം

3.1618 ശ്രീപൂർണ വേദനിലയേശ്വര. . . (കർത്താ)

വസന്തതിലകം

ശ്രീപൂർണ വേദനിലയേശ്വര, കാളമേഘ–
ശ്രീ പൂർണ കോമള കളേബര താമരാക്ഷ!
ശ്രീ പൂർണമാം തിരുമിഴിക്കട ചായ്ച്ചഭീഷ്ട–
ശ്രീ പൂർണമാകുവതിനെങ്ങളിലൂന്നിയാലും!

കവി : എൻ.ഡി. കൃഷ്ണനുണ്ണി, കൃതി : *ഒരു മുക്തകം*

3.1619 ശശ്വൻനശ്വരമേവ വിശ്വമഖിലം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ശശ്വൻനശ്വരമേവ വിശ്വമഖിലം നിശ്ചിത്യ വാചാ ഗുരോഃ
നിത്യം ബ്രഹ്മനിരന്തരം വിമൃശതാ നിർവ്യാജശാന്താത്മനാ
ഭൂതം ഭാവി ച ദുഷ്കൃതം പ്രദഹതാ സംവിന്മയേ പാവകേ
പ്രാരബ്ധായ സമർപ്പിതം സ്വവപുരിത്യേഷാ മനീഷാ മമ

കവി : ശങ്കരാചാര്യർ, കൃതി : *മനീഷാ പഞ്ചകം (3)*

3.1620 ഭാനം ഭാനം പ്രപഞ്ചപ്രകൃതി. . . (കർത്താ)

സ്രഗ്ധര

ഭാനം ഭാനം പ്രപഞ്ചപ്രകൃതി സകലവും ഭാനമദ്ഭാനവിങ്കൽ
കാനത്ത് "ക്കേണീ" പ്രവാഹം കളവുകളവുതാനെന്ന താനൊന്നറിഞ്ഞാൽ
സ്ഥാനം മറ്റില്ല താനില്ലവിടെയൊരു തടസ്സങ്ങളില്ലെന്നുമല്ലാ–
താനന്ദാകാരമായ് നിന്നരുളുമതിശയം തന്നെയാണെന്റെ ദൈവം.

കവി : കുമാരനാശാൻ, കൃതി : *നിജാനന്ദവിലാസം*

3.1621 സോ ∫ യം വിശ്വവിസർഗ്ഗ. . . (വിശ്വപ്രഭ)[246]

ശാർദ്ദൂലവിക്രീഡിതം

സോ ∫ യം വിശ്വവിസർഗ്ഗദത്തഹൃദയഃ സമ്പശ്യമാനഃ സ്വയം
ബോധം ഖല്വനവാപ്യ വിശ്വവിഷയം ചിന്താകുലസ്തസ്ഥിവാൻ
താവത് ത്വം ജഗതാം പതേ, "തപതപേ"ത്യേവം ഹി വൈഹായസീം
വാണീമേനമശിശ്രവഃ ശ്രുതിസുഖാം കുർവ്വംസ്തപപ്രേരണാം.

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം (7:2)*

3.1622 തുഷ്യാ തുമ്പപ്രസൂനം. . . (കർത്താ)

സ്രഗ്ധര

തുഷ്യാ തുമ്പപ്രസൂനം തുഹിനകരകലാതുംഗമൗലിക്കു ചാർത്താൻ

[246] [*ഉമേഷ്*] ശ്ലോകം **3.1621 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

പാരിൻ സൃഷ്ടി കൊതിച്ചുകൊണ്ടു തനിയേ ചിന്തിച്ചിടും നാന്മുഖൻ
നേരേ സൃഷ്ടിരഹസ്യമൊന്നുമറിയാതപ്പോഴുഴന്നീടിനാൻ;
പ്രേരിപ്പിച്ചു തപസ്സിനായജനെ നീ, കേൾപ്പിച്ചു വാനുള്ള തേൻ
ചോരും വാക്കു – "തപസ്സു ചെയ്യുക വിധേ, നീ"യെന്ന ലോകേശ്വരാ!

പുഷ്യാ പൂമാലയാക്കും ചിലർ, ചിലർ നറുനെയ് തന്നിൽ മൂപ്പിച്ചു കൂട്ടും
ഒട്ടും നിസ്സാരമല്ലീ മലർ കവിശിശ്രൂവാം മാങ്കഴിക്കൊക്കുമോ ഹാ!
കഷ്ടം ചേരുന്നതോതാം വനമതിൽ വളരും കുവതൻ പൂവതത്രേ.

കവി : വെണ്മണി മഹൻ, കൃതി : *കവിപുഷ്പമാല*

3.1623 ഒന്നുപോലഖിലാണ്ഡ. . . (വിശ്വപ്രഭ)

മല്ലിക

ഒന്നുപോലഖിലാണ്ഡകോടിയകത്തടച്ചതിനുള്ളിലും
തന്നകത്തിലുമെങ്ങുമൊക്കെ നിറഞ്ഞു തിങ്ങി വിളങ്ങിടും
നിന്നരുൾക്കൊരിടം കൊടുപ്പതിനൊന്നുമില്ലയിതെപ്പൊഴോ
നിന്നിൽനിന്നുമുരുൾകൊണ്ടു ജാതമിതൊക്കെയും, ഗ്രഹ പാഹിമാം!

കവി : ശ്രീനാരായണഗുരു, കൃതി : *ഷണ്മുഖസ്തോത്രം*

3.1624 നമ്യാരും തോല,നീവീ. . . (രാജേഷ്)

സ്രഗ്ധര

നമ്യാരും തോല,നീവീ, വിജയനൊടു ബഷീർ, വീക്കെയെൻ മുൻപരാകും
വമ്പന്മാരെന്തിൽ നിന്നും വികടതയുടെ പൊൻപാനപാത്രം നിറച്ചോ
വെൺപൂമാതേ, തുളുമ്പും കരുണയുടെയതേ സാഗരത്തിൻ കണം തെ–
ല്ലെൻ പേനത്തുമ്പിലും നീ ചൊരിയണ, മതിനാ, യംബികേ, കുമ്പിടുന്നേൻ!

കവി : രാജേഷ് ആർ. വർമ്മ

3.1625 വാനത്തെഗ്ഗംഗയെത്തൻ. . . (ഉമേഷ്)

സ്രഗ്ധര

വാനത്തെഗ്ഗംഗയെത്തൻ നെറുകയിലണിയുന്നോനു കാമപ്പനിപ്പി–
ച്ചൂനം കൂടാതണയ്ക്കും പണിയുടയ പനിപ്പർവ്വതപ്പൈതലാളേ!
നൂനം സംസാരഘോരപ്പനിയെഴുമിവരെ സ്വാനുകമ്പാരസത്തിൽ
സ്നാനം ചെയ്യിച്ചു സൗഖ്യസ്ഥിതിയരുളിവിടും നിന്റെ വൈദ്യം വിചിത്രം!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.1626 നീലാംഭോജാക്ഷി പുൽകുന്നതിൻ. . . (ഉമ)

സ്രഗ്ധര

നീലാംഭോജാക്ഷി പുൽകുന്നതിനിവനിടയാക്കീടിനാനെന്ന തോഷ–
ത്താലാച്ചോരന്നു കോടീശ്വരനവനുചിത ദ്രവ്യസമ്മാനമേകി;
കൈലാസോദ്ധാരണത്തിൽ പ്രണയകുപിതയാം ഗൗരി പേടിച്ചു പുൽകും
കാലാരിസ്വാമി രാത്രിഞ്ചരവരനു പുരാ ചന്ദ്രഹാസം കണക്കേ.

കവി : വള്ളത്തോൾ, കൃതി : *കള്ളനു സമ്മാനം*

3.1627 കാടാണെന്നന്തരംഗം. . . (ഉമേഷ്)

സ്രഗ്ധര

കാടാണെന്നന്തരംഗം; കറ, ദുര മുതലാം ദുഷ്ടജന്തുക്കളന്തം–
കൂടാതിങ്ങുണ്ടു കൂട്ടം കരുകമൊടു കുളിർത്താർത്തു ക്രത്താടിടുന്നു;
വാടാതിങ്ങോട്ടു വന്നാൽ പകലിരവിവിടെപ്പള്ളിനായാട്ടുമായി–
ക്കുടാമങ്ങെയ്യു, കൂടാദിമശബരശരീരാർദ്ധമാം കുന്നിൽമാതേ!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.1628 വിശ്വസൃഷ്ടിവിധായിനം. . . (മധുരാജ്)

മല്ലിക

വിശ്വസൃഷ്ടിവിധായിനം പുനരെവ പാലനതത്പരം
സംഹരന്തമപി പ്രപഞ്ചമശേഷലോകവിധായിനം
ക്രീഡയന്തമഹർന്നിശം ഗണനാഥയൂഥസമാവൃതം
ചന്ദ്രശേഖരമാശ്രയേ മമ കിം കരിഷ്യതി വൈ യമഃ?

കവി : മാർക്കണ്ഡേയ മഹർഷി, കൃതി : *ചന്ദ്രശേഖരാഷ്ടകം*

3.1629 കാണ്മീലാ കുറി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

"കാണ്മീലാ കുറി,യീറനാണ മുടി; നീ നീരാടിയോ ചോലയിൽ?
ചെമ്മണ്ണിൻ നിറമാണ മഞ്ഞവസനം, പോരാടിയോ? വീണുവോ?"
ഇമ്മട്ടാദ്യവിചാരണയ്ക്ക ഇനിയും നേരം പ്രതിക്ഷട്ടിൽ നി–
ന്നമ്മയ്ക്കേകിയ വിശ്വവശ്യപശുപസ്മേരം തരട്ടേ ശുഭം!

കവി : വി.കെ.ജി

3.1630 ഇല്ലാ വൈദ്യുതി. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇല്ലാ വൈദ്യുതി, യില്ല വെള്ള, മതുപോൽ കൈക്കുലിയില്ലാതെ കു–
ണ്ടില്ലാപ്പീസുക, ളില്ല നല്ല വഴി, കല്ലില്ലാതെയില്ലന്നവും
എല്ലാമേകുകിലോർക്കുകില്ലടിയനത്തുപ്പാദമെന്നോർത്തു താ–
നല്ലേ നിന്നുടെ സ്വന്ത നാട്ടിലിവനെപ്പാർപ്പിച്ചു, സർവേശ്വരാ?

കവി : രാജേഷ് ആർ. വർമ്മ

3.1631 എന്നാലോ, വാസനക്കാർ. . . (കർത്താ)

സ്രുദ്ധര

എന്നാലോ, വാസനക്കാർ കവികളിലൊരുവൻ പോലു, മീപ്രാസസന്ന–
ത്തിന്നാളോളം വെടിഞ്ഞി, ല്ലിതു കരുതികി, ലിപ്പോരിലാർക്കാണ മെച്ചം
എന്നാലോചിച്ചീടാതങ്ങപജയ, ജയകാര്യങ്ങൾ ഖണ്ഡിച്ചുരച്ചാൽ
നന്നാമോ? മാന്യരാകും സഹൃദയരതിനെസ്സമ്മതിക്കുന്നതാണോ?

കവി : ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, കൃതി : *(ദ്വിതീയാക്ഷരപ്രാസവാദം)*

3.1632 ഏണക്കണ്ണികൾ തൻ കനത്ത. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഏണക്കണ്ണികൾ തൻ കനത്ത പുടവക്കുത്തൊട്ടഴിച്ചും, മണി–
ത്തുണമ്പും തുട ഞെക്കിയും, തുരുതുരെസ്സീൽക്കാരമുണ്ടാക്കിയും,
ശോണച്ചുണ്ടു മുറിപ്പെടുത്തിയു, മിളം കാർകുന്തൽ ചിന്നിച്ചു, മ–
ക്ഷീണം ചുറ്റിയടിച്ചിടുന്ന കുളിർകാറ്റമ്പോ! വിടൻ പോലവേ!

കവി : വള്ളത്തോൾ, കൃതി : *ഋതുവിലാസം*

3.1633 ശ്ലോകത്തിൽ ഭ്രമമറ്റു. . . (ഹരി)

ശാർദ്ദൂലവിക്രീഡിതം

ശ്ലോകത്തിൽ ഭ്രമമറ്റു ജീവിതരണക്ലേശം മറക്കാൻ വെറും
ശ്ലോകം വല്ലതുമൊക്കെ വല്ലപൊഴുതും കുത്തിക്കുറിച്ചങ്ങിനെ
ശ്ലോകത്തിൽക്കഴിയാൻ കൊതിച്ചിടുമെനിക്കെന്തുണ്ടു, നല്ലക്ഷര–
ശ്ലോകന്യായപഠീഠമേറി ഞെളിയാനത്രയ്ക്ക മിത്രങ്ങളേ?

കവി : പ്രേംജി , കൃതി : *നാൽക്കാലികൾ*

3.1634 ശോണാകാരം നറും തുച്ചൊടി. . . (ഉമേഷ്)

സ്രുദ്ധര

ശോണാകാരം നറും തുച്ചൊടി; കുചയുഗളം തുംഗഭദ്രാത്മകം; പൂ–
ബാണാരിക്കെപ്പൊഴും നർമ്മദ ളജലത; നിൻ വേണിയോ കൃഷ്ണ തന്നേ;
ചേണാർന്നോരദ്രിജാതേ! പ്രഥിതനദനദീരൂപമായുള്ള നിങ്കൽ–
ത്താണാരാപൂർണ്ണഭക്ത്യാ മുഴുകു, മവനപങ്കാനുവിദ്ധൻ വിദുദ്ധൻ!

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.1635 ചേടി, നീയിവിടെ. . . (ജ്യോതി)

രഥോദ്ധത

ചേടി, നീയിവിടെ വന്നിരിയ്ക്കുമോ
പാടിടാം പുതിയ കാവ്യമൊന്നു ഞാൻ
ഏറ്റുപാടുക, പുലമ്പിടുന്നിതാ
കാവ്യസുന്ദരി മനം മയക്കവേ

കവി : ജ്യോതിർമയി

3.1636 എന്നാലെന്തു നമുക്കു. . . (ഗോപകുമാർ)

ശാർദ്ദൂലവിക്രീഡിതം

എന്നാലെന്തു നമുക്കു, വന്നതു വരട്ടേ, നീ തുടങ്ങീടുകെ–
ന്നെന്നെക്കുത്തിയിളക്കിടുന്ന കവിതക്കമ്പം കണക്കെന്നിയേ;
തന്നത്താനറിയാതെപോകുമതിമോഹം വന്നുകൂടീടുകിൽ–
പ്പിന്നത്തെക്കഥ മോശ,മാ മടയനുണ്ടാമോ വിവേകോദയം?

കവി : ശീവൊള്ളി, കൃതി : *ഒരു കഥ*

3.1637 ത്രാസം നൽകിയുണർന്ന. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ത്രാസം നൽകിയുണർന്ന കാളിയഫണീന്ദ്രൻ തൻ ഫണത്തിങ്കലും,
രാസക്രീഡയിൽ വല്ലവീനടുവിലായ് വൃന്ദാവനത്തിങ്കലും,
ഹാ, സർവ്വോത്തമയാകുമാ മുരളി തൻ പാട്ടേറുപാടീ ധ്രുതോ–
ല്ലാസം, നർത്തനമാടി തത്ക്കവിതയാൾ ഗോവിന്ദനൊന്നിച്ചുതാൻ.

കവി : വള്ളത്തോൾ

3.1638 ഹാ, വന്ദിക്കുക നാം മഹേശനെ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഹാ, വന്ദിക്കുക നാം മഹേശനെ മനോജ്ഞാകാരമാം മൂടൽ മ–
ഞ്ഞീവണ്ണം വിരചിച്ചു ദൃഷ്ടികൾ മറച്ചീടുന്നുവല്ലോ ശിവൻ
ഭ്രുവിൽ തൽകൃപയായ മൂടുപടമാണല്ലോ പരം ലോലമാ–
യേവം നമ്മുടെ ഭാവിമേലവിരതം മൂടിക്കിടക്കുന്നതു്

കവി : കുമാരനാശാൻ, കൃതി : *നമ്മുടെ മൂടുപടം*

3.1639 ഭവഭയഹരി. . . (ബാലേന്തു)

പുഷ്പിതാഗ്ര

ഭവഭയഹരി, ഭക്തരാത്തരാഗം
ഭവദപദാനശതങ്ങൾ പാടിടുമ്പോൾ
ഇവനിനിയതുകേട്ടു മോദബാഷ്പ–
സ്രവമൊടു കോൾമയിർ പൂണ്ടു നിൽപതെന്നോ?

കവി : വള്ളത്തോൾ , കൃതി : *ബധിരവിലാപം*

3.1640 ഇനിയൊരു പരിഹാസമുണ്ടു. . . (ഉമേഷ്)

പുഷ്പിതാഗ്ര

ഇനിയൊരു പരിഹാസമുണ്ടു, ചൊല്ലാം:
ഒരുവിധമൊക്കെ വിവാഹവും കഴിഞ്ഞാൽ
ഉടനൊരു മുതുകാള മേൽക്കരേറും
ഭവതിയെ നോക്കി മഹാജനം ചിരിക്കും.

കവി : എ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *കുമാരസംഭവം തർജ്ജമ*

3.1641 ഉരഗവരനനന്തനും. . . (ബാലേന്തു)

പുഷ്പിതാഗ്ര

ഉരഗവരനനന്തനും ജനിക്കും
മുരരിപുതന്നുടെ പൂർവ്വജത്വമോടേ
അവരുടെ പരിവാരപൗരുഷാർത്ഥം
യദുകുലധാമനി നിങ്ങളും ജനിപ്പിൻ.

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.1642 അവയവനിര കോച്ചിടും. . . (ഉമേഷ്)

പുഷ്പിതാഗ്ര

അവയവനിര കോച്ചിടും തണുപ്പും
ദ്രുവനതലത്തെ മറച്ചിടും തമസ്സും
അവരകതളിരിൽ ഗണിച്ചിടാതാ
നവന്യവരൻ മരുവും തൊഴുത്തിലെത്തി.

കവി : കട്ടക്കയം, കൃതി : *ശ്രീയേശുവിജയം*

3.1643 അവിടവിടെ മിഴിച്ചു. . . (ബാലേന്ദു)

പുഷ്പിതാഗ്ര

അവിടവിടെ മിഴിച്ചുനോക്കിനിന്നൂ
വിവിധവിചേഷ്ടിതർ പൗരരപ്പുമാനെ;
സവിനയർ ചിലർ വായ്മറച്ചകയ്യാൽ–
സ്സവിധഗരോടുരിയാടൽ മെല്ലെയെന്നാർ.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.1644 സമത്വദർശീ ഇ. . . (ജ്യോതി)

ഉപേന്ദ്രവജ്ര

സമത്വദർശീ ഇ ദിവാകരോ ∫ പി
തഥാ ന ഭാതീതി വദന്ത്യുലൂകാഃ
സമാനപാഠേ ∫ പി തഥാ ഗുരുണാം
വിഭേദതാ മീലിതലോചനാനാം

കവി: ജ്യോതി

3.1645 സാനന്ദേന്ദ്രാദിവൃന്ദാരക. . . (ഉമേഷ്)[247]

ശാർദ്ദൂലവിക്രീഡിതം

സാനന്ദേന്ദ്രാദിവൃന്ദാരകഗണമകുടസ്ഥേന്ദ്രനീലോപലത്താ–
ലാനമ്രാപീഡരാകെ, ക്കുവലയകലികാവീഥി മേളിച്ചു മിന്നി,
തേനേറ്റം വാർന്ന നീരം പെരുകിയൊഴുകിടും ഗംഗ പോല്വല്ലസിക്കും
ശ്രീനാഥൻ തൻ പദാബ്ജം കലുഷമകലുവാൻ സാദരം കൂപ്പിടുന്നേൻ!

കവി: ചങ്ങമ്പുഴ, കൃതി: *ദേവഗീത (ഗീതഗോവിന്ദം തർജ്ജമ)*

3.1646 തെക്കുന്നെത്തിയ മന്ദവായുവിനെഴും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

തെക്കുന്നെത്തിയ മന്ദവായുവിനെഴും, സമ്മോഹനസ്പർശമാർ–
ന്നൾക്കാമ്പിങ്കൽ വരുന്നിതോർമ്മകൾ പുടം ഭേദിച്ചെഴും പോലവേ
ദിക്കെങ്ങും ചെറുതോടു, മാർ, മല പൊങ്ങും പൊയ്കയും തിങ്ങിടു–
ന്നൾക്കമ്പം കലരുന്ന വട്ടമിടുമീ വണ്ടാർന്ന തണ്ടാരുകൾ.

കവി : കുമാരനാശാൻ

3.1647 ദ്യോതിയ്ക്കുന്ന ജടാഭരം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ദ്യോതിയ്ക്കുന്ന ജടാഭരം, പുളകിതം ഗംഗാതരംഗാഞ്ചിതം,
പാതിത്തിങ്ക, ളെരിഞ്ഞിടുന്ന നയനം, സർപ്പങ്ങൾ, രുദ്രാക്ഷവും,
ശ്രീ തിങ്ങുന്ന കരങ്ങളിൽ പരശ്വും മാനും ധരിയ്ക്കും ജഗ–
ജ്ജ്യോതിസ്സാം ഭഗവാനെ, യെന്നുടെ വടക്കും നാഥനെ, ക്കൈതൊഴാം!

കവി : നാലാങ്കൽ കൃഷ്ണപിള്ള

---

[247] [*ഉമേഷ്*] ശ്ലോകം **3.1645 :** മൂലശ്ലോകം (ജയദേവൻ) :

സാന്ദ്രാനന്ദപുരന്ദരാദിവിഷദ്വന്ദൈരമന്ദാദരാ–
ദാനമ്രൈർമകുടേന്ദ്രനീലമണിഭിഃ സന്ദർശിതേന്ദീവരം
സച്ചന്ദം മകരന്ദസുന്ദരഗളന്മന്ദാകിനീമേദുരം
ശ്രീഗോവിന്ദപദാരവിന്ദമശ്രുഭാസ്സന്ദായ വന്ദാമഹേ.

3.1648 ശിക്ഷിക്ക, നേർവഴി. . . (കർത്താ)[248]

വസന്തതിലകം

ശിക്ഷിക്ക, നേർവഴി പിഴച്ചിടവേ, മുറയ്ക്ക
രക്ഷിക്ക, ശണ്ഠകളടക്കുക എന്നമട്ടിൽ
ബന്ധുപ്രവൃത്തികൾ നടത്തുകയങ്ങു നീതാൻ;
ബന്ധുക്കളോ വിഭവമങ്ങു ഭുജിച്ചുകൊൾവൂ.

കവി : എ. ആർ, കൃതി: *ശാകുന്തളം തർജ്ജമ*

3.1649 ബീജസ്യാന്തരിവാങ്കുരോ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ബീജസ്യാന്തരിവാങ്കുരോ ജഗദിദം പ്രാങ്നിർവികൽപം പുനർ–
മായാകൽപിത ദേശകാലകലനാവൈചിത്ര്യചിത്രീകൃതം
മായാവീവ വിജൃംഭയത്യപി മഹായോഗീവ യഃ സ്വേച്ഛയാ–
തസ്മൈ ശ്രീ ഗുരുമൂർത്തയേ നമ ഇദം ശ്രീ ദക്ഷിണാമൂർത്തയേ

3.1650 മനോജവം. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മനോജവം മാരുതതുല്യവേഗം
ജിതേന്ദ്രിയം ബുദ്ധിമതാം വരിഷ്ഠം
വാതാത്മജം വാനരയൂഥമുഖ്യം
ശ്രീരാമദൂതം ശിരസാ നമാമി

3.1651 വൃന്ദാവനേ വ്രജവധൂ. . . (ഉമേഷ്)

വസന്തതിലകം

വൃന്ദാവനേ വ്രജവധൂജനപുണ്യപൂരം,
നന്ദാത്മജം, നതജനാഖിലദുഃഖഹാരം,
ഇന്ദീവരേക്ഷണ, മനന്തശയാന, മീശം,
വന്ദേ മുകുന്ദ, വിജയോജ്വലസാരഥേ, ത്വാം.

കവി : ഉമേഷ് നായർ

3.1652 ഇന്ദീവരശ്യാമള. . . (ജ്യോതി)

ഇന്ദ്രവജ്ര

ഇന്ദീവരശ്യാമളകോമളാംഗം
ഇന്ദ്രാദിദേവാർച്ചിതപാദപദ്മം
സന്താനകൽപ്പദ്രുമമാശ്രിതാനാം
ബാലം മുകുന്ദം മനസാ സ്മരാമി

കൃതി : *ബാലമുകുന്ദാഷ്ടകം*

3.1653 സൃഷ്ടിച്ചു മർത്യദേഹം. . . (രാജേഷ്)

സ്രഗ്ധര

സൃഷ്ടിച്ചു മർത്യദേഹം വിധി, വിധുമുഖിമാർക്കിഷ്ടമില്ലാത്ത വേഷം
കെട്ടിച്ചു, വിത്തസമ്പാദനമതിൽ വഴി മുട്ടിച്ചു, മുട്ടിച്ചു ചിത്തം,
പൊട്ടിച്ചു ഗേഹബന്ധം മമ ഭവജലധിക്കക്കരെക്കുള്ള പോതം
വെട്ടിച്ചു ഞാൻ ജയിച്ചു, ജനനി, തവ കടക്കൺ കഴുക്കോൽ കിടച്ചാൽ

3.1654 പൂവാലെയ്തു പുരാ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പൂവാലെയ്തു പുരാ പുരാരിഹൃദയം പോലും ചലിപ്പിച്ച നിൻ
പുത്രൻ മന്മഥനോമനപ്രിയയുമൊത്തെന്നുള്ളിലുണ്ടിപ്പൊഴും
മുഗ്ധൻ ഞാൻ പലവാറകത്തു വരുവാൻ കെഞ്ചുമ്പൊഴെല്ലാമസ–
ന്ദിഗ്ധം നീയൊഴിയുന്നതിന്റെ പൊരുൾ ഞാനോർക്കുന്നതു,ണ്ടെങ്കിലും

കവി : വി.കെ.ജി

3.1655 മുട്ടാതേർപ്പെട്ടു മുവ്വാണ്ടിടയിൽ . . . (വാസുദേവൻ)

സ്രഗ്ധര

മുട്ടാതേർപ്പെട്ടു മുവ്വാണ്ടിടയിൽ മുകരയ്ക്കെത്തിയാദ്ധീര, നാഴി–
ക്കെട്ടാളും കേരളത്തിന്നിനിയൊരുകടലും കൂടി നേടിക്കൊടുത്തു.
കെട്ടാളുണ്ടാപ്പരപ്പിൽ, ദ്രുപദതനയ തൻ വേണി കോപം നരക്കും
മട്ടാം ഭീമാട്ടഹാസം, ഭവഹരഭഗവത് പാഞ്ചജന്യ പ്രണാദം.

3.1656 കാറകന്നു തെളിഞ്ഞൊരംബര. . . (കർത്താ)

മല്ലിക

കാറകന്നു തെളിഞ്ഞൊരംബരവീഥിയിൽക്കുളിർതെന്നൽപോൽ
ചേറകന്നു വിളങ്ങിടും നെടുചോലയിൽത്തെളിനീരുപോൽ
മാറിയിമ്മലരൊക്കെയെന്മനതാരിലാരിലുമൊന്നുപോൽ
ഊറിയൻപു പരക്കുമാറു തുണയ്ക്ക നീ കരുണാനിധേ.

കവി : കുമാരനാശാൻ

3.1657 മരങ്ങൾ താഴ്ന്നു. . . (രാജേഷ്)[249]

വംശസ്ഥം

മരങ്ങൾ താഴ്ന്നു ഫലാഗമത്തിനാൽ
പരം നമിയ്ക്കുന്നു ഘനം നവാംബുവാൽ

[248] [*ഉമേഷ്*] ശ്ലോകം **3.1648 :** മൂലശ്ലോകം (കാളിദാസൻ) :

നിയമയസി വിമാർഗ്ഗപ്രസ്ഥിതാനാത്തദണ്ഡഃ
പ്രശമയസി വിവാദം, കല്പസേ രക്ഷണായ,
അതനുഷു വിഭവേഷു ജ്ൻജാതയഃ സന്തു നാമ;
ത്വയി തു പരിസമാപ്തം ബന്ധുകൃത്യം പ്രജാനാം.

[249] [*ഉമേഷ്*] ശ്ലോകം **3.1657 :** മൂലശ്ലോകം (കാളിദാസൻ / ഭർത്തൃഹരി):

ഭവന്തി നമ്രാസ്തരവഃ ഫലാഗമൈർ–
നവാംബുഭിർദൂരവിലംബിനോ ഘനാഃ
അനുദ്ധതാഃ സത്പുരുഷാഃ സമൃദ്ധിഭിഃ
സ്വഭാവ ഏവൈഷ പരോപകാരിണാം.

സമൃദ്ധിയാൽ സജ്ജനമൂറ്റമാർന്നിടാ
പരോപകാരിയ്ക്കിതു താൻ സ്വഭാവമാം

കവി : ആറ്റൂർ കൃഷ്ണപ്പിഷാരൊടി, കൃതി : *കേരളശാകുന്തളം*

3.1658 സ്ഥിതാഃ ക്ഷണം പക്ഷ്മസു. . . (ഉമേഷ്)[250]

വംശസ്ഥം

സ്ഥിതാഃ ക്ഷണം പക്ഷ്മസു, താഡിതാധരാഃ,
പയോധരോത്സേധനിപാതചൂർണ്ണിതാഃ,
വലീഷു തസ്യാഃ സ്ഖലിതാഃ, പ്രപേദിരേ
ചിരേണ നാഭിം പ്രഥമോദബിന്ദവഃ.

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.1659 വാനത്തിൽ തടവില്ല. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വാനത്തിൽ തടവില്ല, ധർമരഥമിങ്ങോടിച്ചു ദാരാഭനായ്
ന്യനം ഭാസ്കരനെത്തുമന്ധതമസം നിൽക്കില്ലയേ കാലവും
ഊനംവിട്ട ഭയങ്ങൾ തന്റെ നിഴലും പോം ഹന്ത! മിന്നാമിനു–
ങ്ങാനന്ദാലയമാം മഹസ്സിൽ മറയും നക്ഷത്രജാലത്തൊടും.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.1660 ഉടലിൽ പൊടി ചിതറും. . . (ഉമേഷ്)

ശങ്കരചരിതം

ഉടലിൽ പൊടി ചിതറും പടി സിതഭസ്മവുമതുപോൽ
ജട കംഭവു, മഹി പൂച്ചവു – മിഭമൊത്തൊരു ഗിരിശൻ
പിടി തൻ വടിവൊടു നിന്നിടുമഗജാംഗനയുടെ മെ–
യ്യൊടു ക്കടവെയുളവായൊരു ഗണനായക, ശരണം.

കവി : ഉമേഷ് നായർ

3.1661 പരദൂഷണപടുതയ്ക്കൊരു. . . (ജ്യോതി)

ശങ്കരചരിതം

പരദൂഷണപടുതയ്ക്കൊരു കുറവില്ലതു ഗഹനം
മനമേഷണിവിഷമേറ്റൊരു നിലയായതികഠിനം
കരുണാകര! വിഷമേക്ഷണ! തുണയാകണമുടനേ
വിരുതേറുക വിഷമുണ്മതി, നധികം ഹരി! ഹരനോ?

കവി : ജ്യോതിർമയി

3.1662 കരുണാലവമിയലാത്തൊരു. . . (ഉമേഷ്)

ശങ്കരചരിതം

കരുണാലവമിയലാത്തൊരു മനവും, പരമനുജർ–

[250] [*ഉമേഷ്*] ശ്ലോകം **3.1658 :** പരിഭാഷ (എ. ആർ. രാജരാജവർമ്മ) :

ക്ഷണമിമകളിൽ നിന്നു, തല്പി ചുണ്ടിൽ,
കളർമുല മേലഥ വീണടൻ തകർന്നു,
വലികളിലിടറി, ച്ചിരേണ നാഭി–
ച്ചുഴിയിലിറങ്ങി നവീനവർഷബിന്ദു.

ക്കൊരു നന്മയുമരുളാത്തൊരു കരവും സ്വയമുടയോൻ
'ഹര ശങ്കര, ശിവ ശങ്കര, ദുരിതം കള' യിതു പോൽ
കരയുമ്പൊഴതവനിൽ കൃപ ചൊരിയാ മമ ഭഗവാൻ!

കവി : ഉമേഷ് നായർ

3.1663 ഹിതമിങ്ങനെ കവനത്തിനു. . . (കർത്താ)

ശങ്കരചരിതം

ഹിതമിങ്ങനെ കവനത്തിനു തുനിയാനിഹ ഹൃദയേ
അതുമാത്രവുമറിയാത്തതു ദുരിതം മമ, ശിവനേ!
പരമാർഥമിതറിയുന്നവനിവനെങ്കിലുമിനിയും
പരിചോടൊരു കവിതയ്ക്കൊരു മുള പൊട്ടണമുടനേ!

കവി : ശ്രീധരൻ കർത്താ

3.1664 പരിശ്രമം ചെയ്യുകിൽ. . . (ഹരി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പരിശ്രമം ചെയ്യുകിലെന്തിനേയും
വശത്തിലാക്കാൻ കഴിവുള്ളവണ്ണം
ദീർഘങ്ങളാം കൈകളെനൽകിയത്രേ
മനുഷ്യനെപ്പാരിലയച്ചതീശൻ

കവി : കെ. സി. കേശവപിള്ള

3.1665 ദൂതീ, നിൻ നയനോത്പലദ്വയമിതാ. . . (ഉമേഷ്)[251]

ശാർദ്ദൂലവിക്രീഡിതം

ദൂതീ, നിൻ നയനോത്പലദ്വയമിതാ ക്ലമ്പുന്നു, നിൻ നെറ്റിയിൽ
സ്വേദം മുത്തു കണക്കെ വന്നു നിറയു, ന്നേറ്റം കിതയ്ക്കുന്നു നീ,
ഹാ, തൻ മേനി ഗണിച്ചിടാതിരവിൽ നീ ചന്ദ്രന്റെ ച്ചൂടേറ്റ മ–
ന്നാഥൻ തന്നുടെ വീട്ടിലോടി സഖിയെൻ സന്ദേശമേകീടുവാൻ!

കവി : ഉമേഷ് നായർ, കൃതി: *(പരിഭാഷ)*

3.1666 ഹരനും ഹരിയജനാദിയും. . . (ബാലേന്ദു)

ശങ്കരചരിതം

ഹരനും ഹരിയജനാദിയുമമരത്വമതിയല്പം
നരനോ ചെറുവിഷവും പലവിഷമാദികളരുളും
നഗരങ്ങളിലനുവാസരമവനുണ്മയു ഗരളം
ഒരു സംശയമരുതാരിഹ ഗരളാശനവിരുതൻ.

കവി : ബാലേന്ദു

---

[251] **[ഉമേഷ്] ശ്ലോകം 3.1665 :** ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (ദ-ഹ ശ്ലോകം). മൂലശ്ലോകം : കാളിദാസൻ (പുഷ്പബാണവിലാസം)

ദൂതീയം നയനോത്പലദ്വയമഹോ താന്തം നിതാന്തം തവ
സ്വേദാംഭഃ കണികാ ലലാടഫലകേ മുക്താശ്രിയം ബിഭ്രതി
നിശ്വാസാഃ പ്രചുരീഭവന്തി നിതരാം ഹാ ഹന്ത! ചന്ദ്രാതപേ
യാതാ യാതവശാദ് വൃഥാ മമ കൃതേ ശ്രാന്താസി കാന്താകൃതേ!

3.1667 നിടിലാക്ഷിയിലെരിതീയുടെ. . . (ഉമേഷ്)

ശങ്കരചരിതം

നിടിലാക്ഷിയിലെരിതീയുടെ കളി, യമ്പിളി നദിയും
ജടയിൽ തരികിടയെന്നതിചടുലം ദ്രുതചലനം,
കടിലാഹികളതിഭീകരമിളകിഗ്ഗളഗരളേ
കടിളടിന ബഹളങ്ങളു – മിതു ശങ്കരനടനം!

കവി : ഉമേഷ് നായർ

3.1668 കാണിയ്ക്കേണം കിമപി സഹജം. . . (കർത്താ)

മന്ദാക്രാന്ത

കാണിക്കേണം കിമപി സഹജം പാടവം നീ വസിക്കും
തോണിക്കേതെങ്കിലുമപകടം നേരിടുന്നാകിലപ്പോൾ
ത്രാണിക്കാകുംവിധമൊടു വിചിത്രം പതത്രം പരത്തി-
ക്ഷീണിക്കാതക്ഷണമണയണം കായലിന്നക്കരയ്ക്ക്

കവി : വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1669 തണ്ടാർസായക, മദ്ഗളത്തിൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തണ്ടാർസായക, മദ്ഗളത്തിൽ ഗരളശ്രീയല്ല, നീലോത്പല–
ച്ചെണ്ടാ; നബ്ഭൂജഗേശന, ല്ലുദകജത്തണ്ടാണുരസ്സിങ്കൽ മേ;
കണ്ടീടുന്നതു ഭസ്മമല്ലുടലിൽ മേ, മാലേയമാ; ണെന്തിനായ്–
ക്കൊണ്ടെൻ നേർക്കു വരുന്ന നീ? വിരഹി ഞാ, നെയ്യാൻ ഹരഭ്രാന്തിയാൽ?

കവി : ചങ്ങമ്പുഴ / ജയദേവൻ, കൃതി : *ദേവഗീത (ഗീതഗോവിന്ദം തർജ്ജമ)*

3.1670 കാവിച്ചേല, തുടുത്തസാരി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കാവിച്ചേല, തുടുത്തസാരി,രജതപ്പാവാട, നീലാംബരം
പൂവഞ്ചും പുടവത്തരങ്ങൾ പലതും സന്ധ്യയ്ക്കു തുക്കീ ഹരി
ആവിർമ്മോദവിഹംഗനാദമുരളീഗാനം പൊഴിയ്ക്കെ,പ്രിയം
താവും മട്ടു നിരന്നുകൂപ്പിയടിയിൽപ്പൊൽത്താമരക്കയ്യുകൾ

കവി : വി.കെ.ജി

3.1671 ആണ്ടിൽപ്പാതി തപസ്സു ചെയ്തു. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ആണ്ടിൽപ്പാതി തപസ്സു ചെയ്തു ധ്രുവനാം ബാലൻ, പരീക്ഷിത്തു താ–
നേഴേയേഴു ദിനത്തി, ലംഗനയൊരാൾ യാമാർദ്ധമാത്രത്തിനാൽ
നേടീ മോക്ഷമതെങ്കിലെന്തിനു വൃഥാ പാഴാക്കിടുന്നു ഭജി–
ച്ചീ നൽ യൗവന, മാണ്ടു നൂറു തികയുമ്പോഴോർക്ക ദൈവത്തിനെ!

കവി : രാജേഷ് ആർ. വർമ്മ

3.1672 നീലാകാശപ്പരപ്പോ തവ തനു. . . (ഉമേഷ്)

സ്രഗ്ധര

നീലാകാശപ്പരപ്പോ തവ തനു, തിരുനട്ടത്തിലൊന്നായഴിഞ്ഞാ–
ലോലാഭോഗം ഭവപ്പൂങ്കഴലഴകിൽ വിളങ്ങുന്നതോ മേഘജാലം?
കാലാരിപ്പെൺകിടാവേ, വിധുമുഖി, വിളയാട്ടത്തിൽ നിൻ മന്ദഹാസം
പാലാഴിക്കോളിളക്കം പടി വിലസുവതോ വെണ്ണിലാവാരറിഞ്ഞൂ?

3.1673 കൊല്ലം കണ്ടാലൊരുവനവിടെ. . . (കർത്താ)

മന്ദാക്രാന്ത

കൊല്ലം കണ്ടാലൊരുവനവിടെത്തന്നെ പാർക്കാൻ കൊതിച്ചി–
ട്ടില്ലം വേണ്ടെന്നതു കരുതുമെന്നുള്ള ചൊല്ലുള്ളതത്രേ
കൊല്ലംതോറും പലപല പരിഷ്കാരമേറ്റപ്പുരം കേ–
ളുല്ലംഘിക്കുന്നഹഹ! വിഭവം കൊണ്ടു താം രാജധാനീം.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1674 കല്യാവേശാൽ കലുഷമതിയാം. . . (ഉമേഷ്)

മന്ദാക്രാന്ത

കല്യാവേശാൽ കലുഷമതിയാമെന്റെ ചാപല്യമൂലം
കല്യാണാംഗിക്കതികഠിനമാമല്ലലേവം പിണഞ്ഞു
കല്യാ ദൈവാൽ കഥമപി സമുന്മൂലിതസ്വാന്തശല്യാ
കല്യാ, നിന്നാൽ പരമിഹ മമ ക്ഷേമവാർത്താം നിവേദ്യ.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1675 കാകം, പട്ടി, പരുന്തു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കാകം, പട്ടി, പരുന്തു, ഗൃദ്ധ്രമിവയജ്ജീവൻ വെടിഞ്ഞുള്ളതാം
ലോകത്തിൽ തനു കീറിനാലുപുറവും പുണ്ണാക്കിടും പോലവേ
ശോകം, സാദ്ധ്വസ, മീറ, ശങ്കയിവയബ്ഭ്രപന്റെ ധീവിട്ട ഹ–
ത്താകപ്പാടെ മുറിപ്പെടുത്തി ദയ തെല്ലില്ലാതെയെല്ലയ്പ്പൊഴും.

കവി : ഉള്ളൂർ

3.1676 ശ്യാമപ്പൂമെത്ത. . . (ഉമേഷ്)

സ്രഗ്ധര

ശ്യാമപ്പൂമെത്ത, ചഞ്ചൽക്കുളിർവിശറി, മണീകീർണ്ണമാം നീലമേലാ–
പ്പോമൽത്തങ്കഗ്ലളോ, പ്പീ വക വിഭവശതം ചേർന്ന കേളീഗൃഹം മേ
പ്രേമത്താലേ സ്വയം തന്നരുളിയ പരമോദാരശീലന്റെ മുന്നിൽ
കാമത്താൽ കൊച്ചുകൈക്കുമ്പിളിതഹഹ! മലർത്തുന്ന ഞാനെത്ര ഭോഷൻ!

കവി : വള്ളത്തോൾ, കൃതി : *കൈക്കുമ്പിൾ (സാഹിത്യമഞ്ജരി)*

3.1677 പ്രഭ്രതാധിവ്യാധിപ്രസഭ. . . (ജ്യോതി)[252]

ശിഖരിണി

പ്രഭ്രതാധിവ്യാധിപ്രസഭചലിതേ മാമകഹൃദി–

[252] [*ഉമേഷ്*] ശ്ലോകം **3.1677 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :
മഹാരോഗം, ദുഃഖം, പലതിവ കലക്കം കരളിൽ നിൻ

ത്വദീയം തദ്രൂപം പരമരസചിദ്രൂപമുദിയാത്
ഉദഞ്ചദ്രോമാഞ്ചോ ഗളിതബഹുഹർഷാശ്രുനിവഹോ
യഥാ വിസ്മര്യാസം ദുരുപശമപീഡാപരിഭവാൻ

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം (3:8)*

3.1678 ഉരച്ചിട്ടെന്തേറെ?. . . (ഉമേഷ്)

ശിഖരിണി

ഉരച്ചിട്ടെന്തേറെ? ക്കനിവു തവ ചിത്തത്തിലുളവാം
വരേയ്ക്കോരോ മട്ടായ് വരദ, കരുണാലാപമൊടിവൻ
പുരോഭാഗത്തായ് നിൻ കഴലിണയകക്കാമ്പിലനിശം
സ്മരിച്ചും കുമ്പിട്ടും സ്തുതികളുരുവിട്ടും മരുവിടാം.

കവി : സി. വി. വാസുദേവഭട്ടതിരി / മേൽപ്പുത്തൂർ, കൃതി : *നാരായണീയം തർജ്ജമ (3:10)*

3.1679 പാഴില്ലമൊഴിയൽപമാ;ണതിലെഴും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പാഴില്ലാമൊഴിയൽപമാ;ണതിലെഴും സാരം ബൃഹത്തും; ഭവാ–
ന്യഴിക്കേവമണച്ച ദൗത്യമതിവർത്തിപ്പൂ ദിഗന്തങ്ങളെ;
ആഴിക്കപ്പുറവും പ്രവാചകനൊരാൾ കാതേകിപോൽ; ആന്ധ്യമേ
ചൂഴി, ല്ലാത്മദിവസ്പതേ, ദ്യുതി ലവം നീ ചേർക്കുമുൾക്കൺകളിൽ.

കവി : യൂസഫ് അലി കേച്ചേരി

3.1680 ആരമ്യശ്രീലരക്താംബരം. . . (വാസുദേവൻ)

സ്രുദ്ധര

ആരമ്യശ്രീലരക്താംബരമലഘുകിഴിഞ്ഞാനിലത്തോട്ടിഴഞ്ഞും,
നീരസ്സ്രുപ്പു നെടും കാർകുഴലഴകിലഴിഞ്ഞങ്ങു ചിന്നിക്കിടന്നും,
സാരസ്യം ചേർന്ന നാനാകിളിനിനദമണിക്കാൽച്ചിലമ്പൊച്ചപൂണ്ടും,
താരസ്വേദം പൊഴിഞ്ഞും, ഹ ഹ! നടനമിടും ദേവി സന്ധ്യേ നമിക്കാം!

3.1681 സത്യസ്ഥനേകൻ. . . (കർത്താ)

ഇന്ദ്രവംശ

സത്യസ്ഥനേകൻ ചതുരാസ്യനാദരാൽ
ക്ഷിത്യംഗനാപങ്ക്തിയിലദ്വിതീയയായ്
അത്യദ്ഭുതം തീർത്തവളെ ദ്വിതീയയായ്
സത്യസ്ഥനന്യൻ ചതുരാസ്യനാക്കിനാൻ.

കവി : ഉള്ളൂർ

3.1682 ആറും, നിശാഗഗനതുല്യം. . . (ജ്യോതി)

മത്തേഭം

ആറും, നിശാഗഗനതുല്യം ജടാവിപിനമേറും മനോഹരശശി–

മഹദ്രൂപം സച്ചിത്പരസുഖമയം കണ്ടനുദിനം
സഹർഷം കണ്ണീരിൽ കുതിരുമുടലിൽ കോൾമയിരൊടും
ദഹിപ്പിക്കും ദേഹവ്യഥകളിവനോർക്കാതമരണം.

ക്കീറും, പദാശ്രിതരിലാറും രതീശ്വരനിൽ നീറും ത്രിലോചനമൊട്ടും,
ചീറും ഫണീന്ദ്രഗണമേറുന്ന മാറു, വിഷമേറുന്ന കണ്ണുമിവയും
ചേരും മഹേശ, വനമേറുമ്പൊഴെന്റെമനമേറീടണം കരുണയാൽ.

കവി : മധുരാജ്

3.1683 ചേടീഭവന്നിഖില. . . (ഉമേഷ്)

മത്തേഭം

ചേടീഭവന്നിഖിലഖാടീകദംബതരുവാടീഷു നാകിപടലീ–
കോടീരചാരുതരകോടീ മണീകിരണകോടീകരംബിതപദാ
പാടീരഗന്ധികുചശാടീ കവിത്വപരിപാടീമഗാധിപസുതാ
ഘോടീകുലാദധികധാടീമുദാരമുഖവീടീരസേന തനുതാം.

കവി : ശങ്കരാചാര്യർ

3.1684 പാരം കരിമ്പു പനസം. . . (കർത്താ)

വസന്തതിലകം

പാരം കരിമ്പു പനസം മുളകേലമിഞ്ഞി
കേരം കവുങ്ങു തളിർവെറ്റിലയേത്തവാഴ
ഈ രമ്യവസ്തുതതി ചേർന്നു വിളങ്ങുമീ നൽ–
പ്പാരഗ്ര്യകൽപതരുമണ്ഡിതനന്ദനാഭം.

കവി : ഉള്ളൂർ

3.1685 ഇടിവെട്ടു ശിരസ്സിലേറ്റു. . . (ഉമേഷ്)

വസന്തമാലിക

ഇടിവെട്ടു ശിരസ്സിലേറ്റു വൃക്ഷം
പൊടിയിൽച്ചെന്നു പതിച്ചു പർവ്വതാഗ്രാൽ;
ഉടലിൽ ചെറുവല്ലി ചേർന്നുനിന്നു,
പിടിവിട്ടീല – യിതാണു സൗഹൃദം ഹാ!

കവി : ഉമേഷ് നായർ / വാസ്സിലി ഷുഖോവ്സ്കി

3.1686 ഉള്ളംകൈകൾ ചുകന്നു. . . (ഹരി)[253]

ശാർദ്ദൂലവിക്രീഡിതം

ഉള്ളംകൈകൾ ചുകന്നു,തോളുകൾ തളർന്നീടുന്നു കുംഭം വഹി–
ച്ചുള്ളിൽ തിങ്ങിന വീർപ്പിനാൽ കുതിതുടർന്നീടുന്നു വക്ഷസ്സ്ഥലം
കൊള്ളാഞ്ഞാസ്യമതിൽ ശ്രമാംബു വിസരം പൂങ്കർണികാഗ്രങ്ങളിൽ
തള്ളുന്നു ചിതറുന്നു കുന്തലുമൊരേ കൈകൊണ്ടു ബന്ധിക്കയാൽ

കവി : എ. ആർ. രാജരാജ വർമ, കൃതി : *ശാകുന്തളം*

[253] [*ഉമേഷ്*] ശ്ലോകം **3.1686 :** മൂലശ്ലോകം (കാളിദാസൻ) :

സ്രസ്താംസാവതിമാത്രലോഹിതതലൗ ബാഹൂ ഘടോത്ക്ഷേപണാ-
ദദ്യാപി സ്തനവേപഥും ജനയതി ശ്വാസഃ പ്രമാണാധികഃ
ബദ്ധം കർണ്ണശിരീഷരോധി വദനേ ഘർമ്മാംഭസാം ജാലകം
ബന്ധേ സ്രംസിനി കൈകഹസ്തയമിതാഃ പര്യാകുലാഃ മൂർദ്ധജാഃ

3.1687 കേഴും കുട്ടികൾ, വൃത്തികെട്ട. . . (ഉമേഷ്)[254]

ശാർദ്ദൂലവിക്രീഡിതം

കേഴും കുട്ടികൾ, വൃത്തികെട്ട തൊടിയും, ചോരുന്ന മ, ച്ചെപ്പൊഴും
വാഴും മൂട്ടകളുള്ള ശയ്യ, പുക മൂടീടുന്ന വീട്ടിന്നകം,
പോഴത്തം പറയുന്ന ഭാര്യ, കലിയാൽ തുള്ളുന്ന കാന്തൻ, തണു–
പ്പാഴം വെള്ളമഹോ കുളിപ്പതിനു – ഹാ കഷ്ടം ഗൃഹസ്ഥാശ്രമം!

കവി : ഉമേഷ് നായർ, കൃതി: *(പരിഭാഷ)*

3.1688 പ്രമുദിതേന ച തേന. . . (ജ്യോതി)

ദ്രുതവിളംബിതം

പ്രമുദിതേന ച തേന സമം തദാ
രഥഗതോ ലഘു കുണ്ഡിനമേയിവാൻ
ഗുരുമരുത്പുരനായക, മേ ഭവാൻ
വിതനുതാം തനുതാം നിഖിലാപദാം.

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം*

3.1689 ഗജഭുജംഗവിഹംഗമ. . . (ഉമേഷ്)

ദ്രുതവിളംബിതം

ഗജഭുജംഗവിഹംഗമബന്ധനം
ശശിദിവാകരയോർ ഗ്രഹപീഡനം
മതിമതാം ച സമീക്ഷ്യ ദരിദ്രതാം
വിധിരഹോ ബലവാനിതി മേ മതിഃ

കവി : ഭർത്തൃഹരി, കൃതി : *നീതിശതകം*

3.1690 മണികളായിരമുണ്ടു. . . (ജ്യോതി)

ദ്രുതവിളംബിതം

മണികളായിരമുണ്ടു പരന്നഹോ!
പണി,യതൊന്നു പെറുക്കിയടുക്കുവാൻ
നലമൊടായവ ചേർത്തു കൊരുത്തിടാ–
മണിയണം മണിമാല മനോഹരം

കവി : ജ്യോതിർമയി

3.1691 നിടിലലോചന. . . (കർത്താ)

ദ്രുതവിളംബിതം

നിടിലലോചന! നിൻ തിരുമേനി ത–
ന്നടിയൊഴിഞ്ഞവലംബനമില്ല മേ
പിടി പുറപ്പുമരിപ്പുമുത്തു നീ
നടനമാടുക നമ്മിലനാരതം.

കവി : കുമാരനാശാൻ

---

[254] **[ഉമേഷ്] ശ്ലോകം 3.1687 :** ഇ-സദസ്സിനു വേണ്ടിയുള്ള ദ്രുതകവനം (ക). മൂലശ്ലോകം :

ക്രോശന്തഃ ശിശവഃ, സവാരിസദനം, പങ്കാവൃതം ചാങ്കണം,
ശയ്യാ ദംശവതീ ച രുക്ഷമശനം, ധൂമേന പൂർണ്ണം ഗൃഹം,
ഭാര്യാ നിഷ്ഠുരഭാഷിണീ, പ്രഭുരപി ക്രോധേന പൂർണ്ണഃ സദാ
സ്നാനം ശീതളവാരിണാഹി സതതം – ധിഗ് ധിഗ് ഗൃഹസ്ഥാശ്രമം!

3.1692 പ്രബുധിതാനഥ. . . (ജ്യോതി)[255]

ദ്രുതവിളംബിതം

പ്രബുധിതാനഥ 'പാലയ പാലയേ'–
ത്യുദയദാർത്തരവാൻ പശുപാലകാൻ
അവിതുമാശു പപാഥമഹാനലം
കിമിഹ ചിത്രമയം ഖലു തേ മുഖം.

കവി : മേൽപത്തൂർ, കൃതി : *നാരായണീയം*

3.1693 അരിയ ഭക്തി കലർന്നൊരു. . . (കർത്താ)

ദ്രുതവിളംബിതം

അരിയ ഭക്തി കലർന്നൊരു ഭൂപനും
ഹരിദിനം പതിവായ് പ്രയതാശയൻ
ദുരിതനാശകമെന്നഥനോട്ടുതാൻ
ശരിവരേയ്ക്കുഭജിച്ച മുകുന്ദനെ.

കവി : പന്തളം കേരളവർമ്മ

3.1694 ദദുഷി രേവതഭൃത്തി. . . (ഉമേഷ്)[256]

ദ്രുതവിളംബിതം

ദദുഷി രേവതഭൃത്തി രേവതീം
ഹലഭൃതേ തനയാം വിധിശാസനാത്
മഹിതമുത്സവഘോഷമപൂപുഷഃ
സമുദിതൈർമുദിതൈഃ സഹ യാദവൈഃ

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം (78:2)*

3.1695 മദനമോഹിനി പദ്മിനി. . . (കർത്താ)

ദ്രുതവിളംബിതം

മദനമോഹിനി പദ്മിനി തൻ ഗുണം
മദമിയന്ന മഹമ്മദനായകൻ
തദനുതപ്തവണാതിഥിയാക്കിനാ–
നദയമംഗജനും സ്വധനർഗ്ഗനം.

കവി : പന്തളം കേരളവർമ്മ

3.1696 തളിരുതോറ്റ കരം. . . (രാജേഷ്)

ദ്രുതവിളംബിതം

തളിരുതോറ്റ കരം സിഗരറ്റുമായ്

---

[255] [*ഉമേഷ്*] ശ്ലോകം **3.1692 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

അവരുണർന്നു കരഞ്ഞു "ഇണയ്ക്ക"കെ–
ന്നവശരായ്; ഇണ ചെയ്വവതിന്ന നീ
ദവഹതാശനെയന്ന കടിച്ച പോൽ;
തവ മുഖം ശിഖി, വിസ്മയമെന്തിതിൽ?

[256] [*ഉമേഷ്*] ശ്ലോകം **3.1694 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

വിധി വിധിക്കവെ രേവതഭൂമിപൻ
തനയ രേവതിയെച്ചലനേകിനാൻ
പ്രമദമാർന്ന യദുക്കൾ നടത്തിനാർ
സുമഹിതം മഹി തന്നിൽ മഹോത്സവം.

ലളിതമാമധരത്തൊടു ചേർത്തുടൻ
മതി കെടുത്തിന പുഞ്ചിരി ളുകിടും
മദമെഴുന്ന മദാമ്മയെ നോക്കുവിൻ.

കവി : രാജേഷ് ആർ. വർമ്മ

3.1697 മത്തായി മദ്യം. . . (ഹരി)

ഇരുവഞ്ജ

മത്തായി മദ്യം മുറപോൽ കുടിച്ചു
മത്തായി വീട്ടിൽ പുകിലായിനിൽക്കേ
മത്തായി വെച്ചീടിന കോലിനാൽ മർ–
മ്മത്തായി പത്നീം പ്രഹരം ചകാര

കവി : ഹരിദാസ്

3.1698 മദനവേദനയാ ഖലു. . . (ജ്യോതി)

ദ്രുതവിളംബിതം

മദനവേദനയാ ഖലു കാതരാ–
മതിബലാ 'മബലാ 'മിതി ഭാവയൻ
മഥിതമന്മഥമാനസപൂരുഷ–
സ്ത്വകരുണഃ, സഖി! ചിന്തയ ശങ്കരം!

കവി : ജ്യോതിർമയി

3.1699 മദനകാതരയായ്. . . (രാജേഷ്)

ദ്രുതവിളംബിതം

മദനകാതരയായവളെസ്സദാ
മദനമാല്യ പെരുത്തൊരു പൂരുഷൻ
അബലയെന്നു വിളിക്കുവതോർക്കൊലാ
മദനവൈരിയെയോർക്കുകയെപ്പൊഴും

കവി : രാജേഷ് ആർ വർമ്മ. കഴിഞ്ഞ ശ്ലോകത്തിന്റെ പരിഭാഷ.

3.1700 അവധിയറ്റു. . . (കർത്താ)

ദ്രുതവിളംബിതം

അവധിയറ്റു കയർത്തിടുമബ്ധിയിൽ–
ട്ടവനവല്ലഭനും ഭടസംഘവും
ലവണവാരി കുടിച്ചുമറിഞ്ഞഹോ!
വിവശരായി വെടിഞ്ഞിതസുക്കളെ.

കവി : കട്ടക്കയം

3.1701 ലപന്നച്യുതാനന്ദ. . . (ജ്യോതി)

ഭുജംഗപ്രയാതം

ലപ"ന്നച്യുതാനന്ദ ഗോവിന്ദ വിഷ്ണോ
മുരാരേ ഹരേ നാഥ നാരായ"ണേതി
യഥാനസ്മരിഷ്യാമി ഭക്ത്യാ ഭവന്തം
തഥാ മേ ദയാശീല ദേവ പ്രസീദ

കവി : ശങ്കരാചാര്യർ, കൃതി : *വിഷ്ണുഭുജംഗം*

3.1702 യുക്തിയ്ക്കില്ലാമതീതം. . . (ഋഷി)

സ്രഗ്ധര

യുക്തിയ്ക്കില്ലാമതീതം പരമൊരുപൊരുളുണ്ടായതിൻ നാമമത്രേ
ഭക്ത്യുദ്രേകം ഭവാനിൽപ്പരപുരുഷപരബ്രഹ്മസായൂജ്യമെത്താൻ
മർത്ത്യന്നോർത്താലെളുപ്പം, പഥമിതിഹ ലഭിച്ചീടുവാൻ നിൻപദം ഞാൻ
നൃത്യൽപ്പത്മപ്രഭാരഞ്ജിതമനനിമിഷം ഹൃത്തിലോർക്കാവു നിത്യം.

കവി : എം. കേശവൻ എമ്പ്രാന്തിരി, കൃതി : *സമാധാനം*

3.1703 മേഘം മദ്ദളമാക്കിടും. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

മേഘം മദ്ദളമാക്കിടും കഥകളീരംഗത്തു വെൺചേങ്കില–
ത്താളം കേളികൾ കൊട്ടിയെന്നുമണരും സോപാനസംഗീതമായ്
ആകാശത്തു ചുവന്ന സന്ധ്യ തിരപൊക്കുമ്പോൾ കൊളുത്തുന്നിതാ
കാലം കേളിവിള, ക്കൊരുങ്ങി നിശയും വന്നു പുറപ്പാടിനായ്

കവി : ബാലേന്തു, കൃതി : *ഇളം നിലാവ്*

3.1704 അതിമിനുസമിദാനീമൊന്നു. . . (ഋഷി)

മാലിനി

അതിമിനുസമിദാനീമൊന്നു ചൊല്ലേണമെന്നാൽ
മതിമുഖിമണിയാളേ! ഹന്ത! നിന്നോടുവേണം
കഥപറകിലുറങ്ങും നീയഹോ പിന്നെ മൂളു–
ന്നതിനിവിടെ വിളക്കോ, കട്ടിലോ, കട്ടുറുമ്പോ?

കവി : വെണ്മണി മഹൻ നമ്പൂതിരി

3.1705 കാമേനോജ്ജയിനീം ഗതേ മയി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കാമേനോജ്ജയിനീം ഗതേ മയി തദാ കാമപ്യവസ്ഥാം ഗതേ
ദൃഷ്ട്വാ സ്വൈരമവന്തിരാജതനയാം പഞ്ചേഷവഃ പാതിതാഃ
തൈരദ്യാപി സശല്യമേവഹൃദയം ഭൂയശ്ച വിദ്ധാ വയം
പഞ്ചേഷ്വർമദനോ യദാ കഥമയം ഷഷ്ഠഃ ശരഃ പാതിതഃ!

കവി : ഭാസൻ, കൃതി : *സ്വപ്നവാസവദത്തം*

3.1706 തളർന്നു വീഴും കരളിൻ. . . (ഋഷി)

ഉപേന്ദ്രവജ്ര

തളർന്നു വീഴും കരളിന്നിളന്നീ–
രാവട്ടെയിബ്ഭാരതകൽപവൃക്ഷം
വിളക്കുമാടങ്ങളിലേയ്ക്കു വീണ്ടും
നയിച്ചിടട്ടേ കവിതന്നൃഷിത്വം

കവി : രമേശൻ നായർ, കൃതി : *ഋഷിപൂജ*

3.1707 വെയ്‌ലും ൻലാവും വിഴുങ്ങി. . . (കർത്താ)

സ്രുദ്ധര

വെയ്‌ലും ന്‌ലാവും വിഴുങ്ങിക്കനലൊളി നട്ടുവിൽക്കാലുമൂന്നിപ്പിടിച്ച–
മ്മയ്‌ലിന്മേലാടുമുണ്ണീ, മറയരുതു മനോമൗനവീട്ടിൻ വിളക്കേ,
റെയ്‌ലിൻ വേഗം ജയിക്കും ജരനര മുതലാം മൂഢരും ഞാനുമായി–
ജ്ജയ്‌ലിൽ പാർപ്പാൻ ഞെരുക്കം ജവമയി പരമൻ ചിത്സുഖം നൽകിടേണം.

കവി : ശ്രീനാരായണഗുരു

3.1708 റോഡുമാർഗ്ഗമതണഞ്ഞ. . . (ജ്യോതി)

രഥോദ്ധത

റോഡുമാർഗ്ഗമതണഞ്ഞ മാബലി–
യ്ക്കായിരം വചനമുണ്ടു നന്ദിയായ്
ദൂരമൊട്ടു കുറയുന്നു നിത്യവും
കേരളം കുഴികളാലടുത്തുപോയ്!

കവി : ജ്യോതിർമ്മയി

3.1709 ദാരിതാതിഘന ദാരികാദമിത. . . (കർത്താ)

കുസുമമഞ്ജരി

ദാരിതാതിഘന ദാരികാദമിത ദാരുണാഘനികരശ്ചടാ–
മാരമാരണ മരാ മരാള മണിമത്തരാഗ പരമാനിനീ
ശൂരശൂരദനുസൂനുസാരമരതാരകാസുര രിപുപ്രസൂ–
രാജരാജരമണീരപാരപിതരാജിതാമല പദാവതാം.

കവി : ശ്രീനാരായണഗുരു

3.1710 ശരജ്ജ്യോത്സ്നാശുഭ്രാം. . . (ജ്യോതി)

ശിഖരിണി

ശരജ്ജ്യോത്സ്നാശുഭ്രാം ശശിയുതജടാജൂടമകുടാം
വരത്രാസത്രാണസ്ഫടികഘടികാപുസ്തകകരാം
സകൃന്നത്വാ ന ത്വാം കഥമിവ സതാം സന്നിദധതേ
മധുക്ഷീരദ്രാക്ഷാമധുരിമധുരീണാ ഫണിതയഃ

കവി : ശങ്കരാചാര്യർ, കൃതി : *സൗന്ദര്യലഹരി*

3.1711 സൃഷ്ടേഃദം പ്രകൃതേരന്യ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സൃഷ്ടേഃദം പ്രകൃതേരനുപ്രവിശതീയേയം യയാ ധാര്യതേ
പ്രാണീതി പ്രവിവിക്തഭൂഗ് ബഹിരഹം പ്രാജ്ഞസ്സുഷുപ്തൗ യതഃ
യസ്യാമാത്മകലാ സ്ഫുരത്യഹമിതിപ്രത്യന്തരങ്ഗം ജനൈർ
യസ്യൈ സ്വസ്തി സമർത്ഥ്യതേ പ്രതിപദാ പൂർണാ ശൂണ തവം ഹി സാ.

കവി : ശ്രീനാരായണഗുരു

3.1712 യാതൊന്നില്ലെന്നു വന്നാൽ. . . (രാജേഷ്)

സ്രഗ്ധര

യാതൊന്നില്ലെന്നു വന്നാൽ ഭുവനമഖിലമിമ്മട്ടിൽ നിൽക്കില്ലയെന്ന–
ല്ലാതങ്കം, സൗഖ്യമെന്നുള്ളതുമിഹ സമമായ് കാണുവാനും പ്രയാസം
ഭ്രതങ്ങൾക്കൊക്കെയുള്ളിൽ ബഹിരപി വിലസീടുന്നതാ, യിന്നപോലെ–
ന്നോതാവല്ലാത്തൊരശ്ശക്തിയെയഹമനിശം ഭക്തിപൂർവം തൊഴുന്നേൻ!

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.1713 ഭയം ദ്വിതീയാഭി. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഭയം ദ്വിതീയാഭിനിവേശതഃ സ്യാ–
ദീശാദപേതസ്യ വിപര്യയോ ∫ സ്മൃതിഃ
തന്മായയാതോബുധ ആഭജേത്തം
ഭക്ത്യൈകയേശം ഗുരുദേവതാത്മാ

കവി : വ്യാസൻ, കൃതി : *ഭാഗവതം (11)*

3.1714 തോട്ടിൽക്കുടി ത്വരിതതരം. . . (കർത്താ)

മന്ദാക്രാന്ത

തോട്ടിൽക്കുടി ത്വരിതതരമത്തോണി ചൊവ്വായൊഴുക്കിൻ
പാട്ടിൽക്കുടീട്ടഴകൊടൊഴുകിക്കായലിൽ ചെന്നുചേർന്നാൽ
ബോട്ടിൽക്കേറിബ്ബഹുസരസമായ്പ്പാട്ടു പാടിച്ചുപോകും
നാട്ടിൽ കേൾപ്പുള്ളവർ ചിലർ നിനക്കെഷിലക്ഷീഭവിക്കും.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ

3.1715 ബാല്യം നിൻ തോളിലേറി. . . (ജ്യോതി)

സ്രഗ്ധര

ബാല്യം നിൻ തോളിലേറി,പ്പലകളികൾ കളിച്ചു, പഴം തിന്നു മുറ്റും
ചാലേ നിൻകീഴെ നർമ്മോത്സുകസഹജരുമൊത്താസ്വദിച്ചു യുവത്വം
പിന്നെസ്സ്വാർഥം മുഴുത്തെൻ കരമഴ മുറിവേൽപ്പിച്ചു നിൻകൊമ്പിനെത്താ–
നിത്രയ്ക്കായിട്ടു, മിന്നീയവശനു നിവരാനുന്നു നീ നൽകിയില്ലേ!

കവി : ഡോ. പി. സി. രഘുരാജ്

3.1716 പ്രിയം പറഞ്ഞടുത്തു. . . (രാജേഷ്)

പഞ്ചചാമരം

പ്രിയം പറഞ്ഞടുത്തു വന്ന പുൽകിടുന്ന കാന്തനും
പ്രിയങ്ങളൊക്കെയും നടത്തി നീ വളർത്ത മക്കളും
യമൻ വരുന്ന നേരമാരുമെത്തുകില്ല കാക്കുവാൻ
യമാന്തകന്റെ പാദമോർക്ക സർവ്വവും വെടിഞ്ഞു നീ

കവി : രാജേഷ് ആർ. വർമ്മ

3.1717 യാദസ്സോമം തിമിർക്കും. . . (ഉമേഷ്)

സ്രുദ്ധര

യാദസ്സോമം തിമിർക്കും കടൽ മണിയറയാം; യോഗവിദ്യേ, വിഷാഗ്നി–
ക്ഷോദം പാടേ പൊഴിക്കും ഫണി പരിചിയല്യം മെത്തയാ, ണത്രയല്ല,
മോദത്താൽ ദാസിയാം പൂമക, ളധിഗതമാം വിശ്വരക്ഷാധികാരം;
സാദം പറ്റാതെ സർവ്വോത്തരമഹിമ ഭവത്സേവകന്നേവമുണ്ടാം.

കവി : വള്ളത്തോൾ, കൃതി : *ദേവീസ്തവം*

3.1718 മൃദുപദാംബുജ. . . (ഹരി)

ദ്രുതവിളംബിതം

മൃദുപദാംബുജതാഡനമേൽക്കവേ
മദമകന്നടിച്ചപ്പിയ കാളിയൻ
യദുകുലോത്തമ,കേരളമാകവേ
നദികളിൽ കുടിയേറി രസിപ്പതോ?

കവി : ഹരിദാസ്

3.1719 യോഗം കുറഞ്ഞു. . . (കർത്താ)

വസന്തതിലകം

യോഗം കുറഞ്ഞു ബഹുനിസ്വതയാർന്നുപാരം
രോഗംകടന്നുപിടിപെട്ടഴലുന്നവർക്കും
ഭോഗം പെടാത്ത നിജ ജീവനിലേറിടുന്ന
രാഗം ധരാധവനുമുള്ളതിൽ മീതെയത്രേ.

കവി : പന്തളം കേരളവർമ്മ

3.1720 ഭീഷ്മദ്രോണതടാ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഭീഷ്മദ്രോണതടാ ജയദ്രഥജലാ ഗാന്ധാരനീലോപലാ
ശല്യഗ്രാഹവതീ കൃപേണവഹനീ കർണ്ണേന വേലാകുലാ
അശ്വത്ഥാമവികർണ്ണഘോരമകരാ ദുര്യോധനാവർത്തിനീ
സോത്തീർണ്ണാ ഖലു പാണ്ഡവൈഃ രണനദീ കൈവർത്തകഃ കേശവഃ

3.1721 അബ്ദാർദ്ധേന ഹരിം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

അബ്ദാർദ്ധേന ഹരിം പ്രസന്നമകരോദൗത്താനപാദിശ്ശിശു,–
സ്സപ്താഹേന നൃപഃ പരീക്ഷി, ദബലാ യാമാർദ്ധതഃ പിംഗളാ
ഖട്വാംഗോ ഘടികാദ്വയേന – നവതി പ്രായോപി തന്നവ്യഥേ
തം കാരുണ്യനിധിം പ്രപദ്യ ശരണം ശേഷായുഷാ തോഷയേ

കവി : ചേലപ്പറമ്പു നമ്പൂതിരി

3.1722 ഖേദത്തെ നീക്കുമൊരു. . . (കർത്താ)

വസന്തതിലകം

ഖേദത്തെ നീക്കുമൊരു കൗമുദി പോലെഴുന്ന
പാദത്തെയും പരയെയും പരിചിൽക്കടന്ന
ബോധത്തെയും പണയമിട്ടു ബുഭുക്ഷയറ്റു
മോദത്തൊടെന്നമൃതവാരിധി മുങ്ങുമോ ഞാൻ.

കവി : കുമാരനാശാൻ, കൃതി : *ശിവജ്ഞാനപഞ്ചകം*

3.1723 ബർഹോത്തംസവിലാസികുന്തളഭരം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ബർഹോത്തംസവിലാസികുന്തളഭരം, മാധുര്യമുദ്ധാനനം,
പ്രോന്മീലന്നവയൗവനം, പ്രവിലസദ്വേണുപ്രണാദാമൃതം,
ആപീനസ്തനകുഡ്മളാഭിരഭിതോ ഗോപീഭിരാരാധിതം,
ജ്യോതിശ്ചേതസി നശ്ചകാസ്തു ജഗതാമേകാഭിരാമാദ്ഭുതം.

കവി : ലീലാശുകൻ, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.1724 ആവിശ്ചിന്താഭരം. . . (കർത്താ)

മന്ദാക്രാന്ത

ആവിശ്ചിന്താഭരമവനരിപ്പാട്ടു വാണോരുകാലേ
സേവിക്കാനായ് ഗ്രഹനെയൊരുനാളാസ്ഥയാ പോയനേരം
ഭാവിശ്രേയഃപിശുനശകുനം കണ്ടുപോൽ നീലകണ്ഠം
കോവിൽക്കെട്ടിൽ ക്വചന ഭഗവദ്വാഹനം മോഹനാങ്ഗം.

കവി : വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1725 ഭ്രാജൽപിഞ്ഛാവതംസ. . . (ജ്യോതി)

സ്രുദ്ധര

ഭ്രാജൽപിഞ്ഛാവതംസപ്രഭവഭിനയവിജ്ഞാനവാരാശി, ഗോപീ–
രാജീവാക്ഷീജനാലാപന,നടനവിശേഷങ്ങൾ വിശ്വോത്തരങ്ങൾ,
സൗജന്യേന്ദുപ്രഭാമണ്ഡലരജതകലാദീപമല്ലാനശോഭം,
ക്ഷുജത്സംഗീതവൃക്ഷച്ഛദനിബിഡവനം മോഹനം രാസലാസ്യം.

കവി : വി.കെ.ജി, കൃതി : *അവിൽപ്പൊതി*

3.1726 സ്പാനിഷ്ജനങ്ങൾ. . . (കർത്താ)

വസന്തതിലകം

സ്പാനിഷ്ജനങ്ങൾ പവിഴക്കൊടിയെന്ന തെറ്റായ്
ധ്യാനിച്ചുകൊണ്ടു ഹരണത്തിനണഞ്ഞനേരം
ഈ നിർമ്മലക്ഷിതി,യടുപ്പൊരു ശത്രുവിന്റെ
ഹാനിക്കുപറ്റിയ തിമിംഗിലമായിരുന്ന.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1727 ഇന്നേ മുതൽക്കയി. . . (രാജേഷ്)

വസന്തതിലകം

"ഇന്നേ മുതൽക്കയി നിനക്കു തപോധനത്താൽ
സിദ്ധിച്ച ദാസനിവ"നെന്നഥ ചന്ദ്രചൂഡൻ
കൽപ്പിക്കവേ സുമുഖി മാലഖിലം മറന്നാൾ;
ക്ലേശം ഫലിക്കിലതു താൻ പുതുതായ സൗഖ്യം

കവി : എ ആർ രാജരാജ വർമ്മ, കൃതി : *ഭാഷാകുമാരസംഭവം*

3.1728 കണ്ടാലാർക്കും കൃതകപതഗം. . . (കർത്താ)

മന്ദാക്രാന്ത

കണ്ടാലാർക്കും കൃതകപതഗം തന്നെയാണെന്നതല്ലാ–
തുണ്ടാകൊല്ലാ മനമതിൽ മറിച്ചെണ്ണമവ്വണ്ണമായി
മിണ്ടാതേ കണ്ടതിനുമുകളിൽ ചേർന്നു ചേണാർന്ന നിന്നെ–
ക്കൊണ്ടോടും കണ്ടിരുകരയിലും നോക്കിനിൽക്കുന്ന ലോകം.

കവി : വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1729 മാവിൻകൊമ്പിലിരുന്നു. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

മാവിൻകൊമ്പിലിരുന്നു പൂങ്കുയിലിടക്കിന്നും വസന്തങ്ങളിൽ–
ക്കുവും, വണ്ടു മുഴക്കിടും സ്മരധനുർജ്ജ്യാനാദമന്ത്രാക്ഷരം,
തുവും ചുറ്റിനടന്നു വാർമണമിളം താർത്തെന്നൽ – എന്താകിലെ–
ന്താവുന്നില്ല, മനസ്സിനിന്നൊരു മദം കേറ്റാനവയ്ക്കാന്നിനും.

കവി : കെ.എൻ.ഡി

3.1730 താളം തെറ്റിയ്ക്കുമിജ്ജീവിത. . . (ജ്യോതി)

സ്രുദ്ധര

താളം തെറ്റിയ്ക്കുമിജ്ജീവിതസുഖമഖിലം വാർദ്ധകശ്രാന്തിവന്നാൽ
മാലേറ്റീടുന്ന രോഗം പിടിപെടുകിലഹോ പിന്നെയോതേണ്ടതുണ്ടോ?
ശ്രീലേന്ദ്രാഗ്ജാഭിരാമാകൃതിയുടെ സതതദ്ധ്യാനമല്ലാതെ മറ്റെ–
ന്താലംബം ദീർഘകാലാമയദുരിതഭരം ഹന്ത, ദൂരീകരിയ്ക്കാൻ?

കവി : വി.കെ.ജി

3.1731 ശ്രീമത്താകും സലിലമിരവിൽ. . . (കർത്താ)

മന്ദാക്രാന്ത

ശ്രീമത്താകും സലിലമിരവിൽ ചന്ദ്രശാലേന്ദുകാന്ത–
സ്തോമം വർഷിപ്പളവടിയിൽനിന്നായതുണ്ണം ഘനങ്ങൾ
ഭീമഗ്രീഷ്മത്തിലുമുദധിയെത്തള്ളി നീലാശ്മദംഭാ–
ലാ മഞ്ജുശ്രീസദനനിരതൻ ഭിത്തിമേൽപ്പാർത്തിടുന്നു.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1732 ഭയമൊരു ലവലേശം. . . (ജ്യോതി)

മാലിനി

ഭയമൊരു ലവലേശം പോലുമില്ലാതെയാകം
തുണയരുളുവതിന്നായെന്നമെന്നൊപ്പമെങ്കിൽ
ഘനഘനിതതമസ്സിൽപ്പെട്ടു,നട്ടം തിരിഞ്ഞീ
വനമതിലുഴലുമ്പോൾ തോഴനായ് നീ വരില്ലേ?

കവി : ജ്യോതിർമയി

3.1733 ഘൃതമൊഴിച്ചിനി. . . (രാജേഷ്)

ദ്രുതവിളംബിതം

ഘൃതമൊഴിച്ചിനിയെത്തുമശിച്ചിടാ–
മിതി വിധിച്ചിവനോടു ഭിഷഗ്വരൻ.
അതു നിമിത്തമനാകുലമെന്തിലും
ഘൃതമൊഴിച്ചു കുഴച്ചു കഴിപ്പു ഞാൻ.

കവി : രാജേഷ് ആർ. വർമ്മ

3.1734 അങ്കണേ ഘടിതരിംഘണം. . . (ജ്യോതി)

കുസുമമഞ്ജരി

അങ്കണേ ഘടിതരിംഘണം ചലിതകിങ്കിണീകൃതഘണാഘണം
ചഞ്ചലാളകകുലാകുലം തരളലോചനം ദുരിതമോചനം
അങ്കുരദ്വിശദ ദന്തകുഡ്മളവിലോഭനീയ വദനാംബുജം
ശംബരേശമപി ചിന്തയാമി ശിശുമിന്ദ്രനീല മണിമേചകം

3.1735 ആമോദാലമ്പലപ്പൊയ്കയിൽ. . . (കർത്താ)

സ്രുദ്ധര

ആമോദാലമ്പലപ്പൊയ്കയിലിളകുമിളംകാറ്റുമേറ്റിട്ടുപിന്നീ–
ടാമോദത്തോടൊരുന്നാൾ സുമധുരമധുപാനത്തിനായത്യുപായാൽ
ശ്രീമൽസന്ധ്യക്കതിൻ നിർമ്മലവദനവികാസം തുളുമ്പീടുമെന്നോർ–
ത്തോമൽത്തീരപ്രദേശത്തെഴുമൊരു ചെറുകാർവണ്ടിനെക്കണ്ടുവോ നീ.

കവി : വെണ്മണി മഹൻ, കൃതി : *(പരിഭാഷ : പശ്യ ത്വം ഭൃംഗപോതം കമപി കമുദിനീ...)*

3.1736 ശശീ ദിവസധൂസരോ. . . (ഉമേഷ്)

പൃഥ്വി

ശശീ ദിവസധൂസരോ, ഗളിതയൗവനാ കാമിനീ,
സരോ വിഗതവാരിജം, മുഖമനക്ഷരം സ്വാകൃതേഃ,
പ്രഭുർദ്ധനപരായണസ്സതതദുർഗ്ഗതിസ്സജ്ജനോ
നൃപാങ്കണഗതഃ ഖലോ – മനസി സപ്തശല്യാനി മേ.

കവി : ഭർത്തൃഹരി

3.1737 പ്രാണേശിത്രി, പ്രണയമസൃണേ. . . (കർത്താ)

മന്ദാക്രാന്ത

പ്രാണേശിത്രി, പ്രണയമസൃണേ! വല്ലജോലിക്കുമായ് ഞാൻ
വാണേനെന്നൊരു പകലകന്നൽപദൂരേതപ്യഗാരേ
കേണേറ്റം നീ വലയുമതു ഞാൻ കേൾപ്പതുണ്ടന്നതിന്നാ–
ലാണേ ചേതസ്സതിചകിതമാകുന്നതേണേക്ഷണേ! മേ.

കവി : വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1738 കാലിക്കാലിൽത്തടവിന. . . (ഉമേഷ്)

മന്ദാക്രാന്ത

കാലിക്കാലിൽത്തടവിന പൊടിച്ചാർത്തുകൊണ്ടാത്തശോഭം
പീലികണ്ണാൽക്കലിതചികുരം പീതകൗശേയവീതം
കോല്യം കോലക്കുഴലുമിയല്യം ബാലഗോപാലലീലം
കോലം നീലം തവ നിയതവും കോയിൽകൊൾകെങ്ങൾ ചേതഃ

കൃതി : *ഉണ്ണുനീലിസന്ദേശം*

3.1739 കോപമത്സരവശംവദഃ. . . (കർത്താ)

രഥോദ്ധത

കോപമത്സരവശംവദഃ കലിർ–
ദ്വാപരേണ സഹ മേദിനീം ഗതഃ
സ്വാപദേ സ്വയമചോദജ്ജളം
സ്വാപതേയഹരണായ പുഷ്കരം.

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം*

3.1740 സന്തതം മിഹിരനാത്മ. . . (ഉമേഷ്)

രഥോദ്ധത

സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനം
ചന്തമാർന്നരുളി നിൽക്കുമോമലേ,
ഹന്ത! ധന്യമിഹ നിന്റെ ജീവിതം!

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.1741 ചുണ്ടങ്ങാച്ചന്തി. . . (കർത്താ)

സ്രുദ്ധര

ചുണ്ടങ്ങാച്ചന്തി മൂടാത്തൊരു ചെറുവസനം കൊണ്ടഹോ തറ്റുടുത്തും,
കൊണ്ടോത്തിൻ കയ്യുകാട്ടി, ക്കുടവയറു തുളുമ്പിച്ചു പേർത്താർത്തിയോടെ
ക്രൂണ്ടിക്കും നല്ല തൃഷ്ണയ്ക്കുമൊരലർവിശിഖഭ്രാന്തിനും പാത്രമായി–
ട്ടുണ്ടോതിക്കദ്വിജന്മാർ പലരുമവരെയും കണ്ടു ഞാൻ കാഴ്ചരംഗേ.

കവി : വെണ്മണി മഹൻ

3.1742 ശാസ്ത്രവ്യുൽപ്പത്തി,യൽപ്പേതര. . . (വാസുദേവൻ)

സ്രുദ്ധര

ശാസ്ത്രവ്യുൽപ്പത്തി, യൽപ്പേതരപടുത രുജാനിർണ്ണയത്തിങ്ക,ലെന്ന–
ല്ലോർത്തിട്ടോതും ചികിത്സാവിധിയുടെയൊരുലാളിത്യമെന്നേതുകൊണ്ടും
നേർത്തേ പാർത്തട്ടു വിട്ടീടിന വിപുലയശോരാശിവൈദ്യമ്മടച്ചൻ
തീർത്തോതാം വൈദ്യലോകത്തിനു മുഴുവനുമേ മാതൃകായോഗ്യനത്രെ!

കവി : ടി. എം. വി.

3.1743 നേരമ്പോയതറിഞ്ഞിടാതെ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നേരം പോയതറിഞ്ഞിടാതെ പുളകപ്പൂച്ചൂടിനിന്നോൻ; പ്രഭാ–
പൂരം ചിന്തിയ രൂപമോ ജവമകന്നെങ്ങോ മറഞ്ഞീടവേ,
പാരം കാലിടറാൻ തുടങ്ങി; ഹൃദയം താളം മുറുക്കീ; ചിദാ–
കാരം കണ്ടു കുളിർത്തൊരെൻമിഴികളിൽക്കാളിന്ദി മേളിച്ചിതേ!

കവി : യൂസഫലി കേച്ചേരി, കൃതി : *അഹൈന്ദവം*

3.1744 പൂവിൻചുണ്ടു തൊടുന്നതില്ല. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

പൂവിൻ ചുണ്ടു തൊടുന്നതില്ല പുതുതേൻ തെണ്ടും ദ്വിരേഫം; മണം
തുവിത്തുവിയലഞ്ഞലഞ്ഞു തിരിയാൻ വന്നില്ല മന്ദാനിലൻ;
മാവിൻകൊമ്പിലുറക്കമായ്ക്കുയിൽ; വെറും ജീവച്ഛവം മാത്രമി–
ബ്ഭൂവി,ന്നെന്തൊരു കഷ്ടമിങ്ങനെവരാനെന്തേ വസന്തോത്സവം?

കവി : കെ.എൻ.ഡി

3.1745 മേയുന്നൂ ഭയമെന്നി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

മേയുന്നൂ ഭയമെന്നി മാൻകിട മനോവിശ്വാസനിശ്ശങ്കരായ്
പെയ്യുന്നൂ ഫലപുഷ്പമാരി മരമോരോന്നും ദയാരക്ഷിതം
ഏറുന്നൂ ചുമലപ്പുരുക്കൾ കൃഷിയേറ്റീട്ടില്ല പാടങ്ങളിൽ
പേറുന്നൂ പുക ഹവ്യഗന്ധമിവിടം സന്ദേഹമില്ലാശ്രമം

കവി : ഏ ആർ. രാജരാജവർമ്മ/ ഭാസൻ, കൃതി : *സ്വപ്നവാസവദത്തം തർജ്ജമ*

3.1746 എമ്മട്ടോ നീങ്ങിടുന്നൂ. . . (വാസുദേവൻ)

സ്രുദ്ധര

എമ്മട്ടോ നീങ്ങിടുന്നൂ ദിനസരി; പുലരാനുള്ളസമ്പത്തു വായ്ക്കും
വിമ്മിഷ്ടം മാത്രമാണി;ന്നനുഭവമഖിലം നിന്നുപോയൊന്നുമില്ല,
'ജന്മം'തീരാതെ നിൽപ്പുണ്ടിനിയുമൊരു മഹാശാപമായ്; ഹന്ത! മേലിൽ
ധർമ്മം തെണ്ടാനിറങ്ങാം – കവിതയിലുമെനിയ്ക്കോർക്കിലിപ്പോക്കുതന്നെ!

കവി : കെ.എൻ.ഡി

3.1747 ജാതിച്ചുവട്ടിൽ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ജാതിച്ചുവട്ടിൽജ്ജലസേകമേകും
ജനങ്ങളിപ്പൂച്ചെടി കൈയനക്കി
വളർത്തിടുന്നില്ലുപോട്ടെ; ദൂരെ
വലിച്ചുമാറ്റുന്നുമുണ്ടു! കഷ്ടം!

കവി : കവി: ഉള്ളൂർ, കൃതി : *ഉമ്പഹൃവ്*

3.1748 വ്യാകീർണ്ണാളകമമ്പിളിപ്പൊളി. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

വ്യാകീർണ്ണാളകമമ്പിളിപ്പൊളിയൊളിത്തുനെറ്റിമേൽ, ചന്ദന–
ശ്രീകമ്രക്കുറി വേർപ്പിലിത്തിരിയലിഞ്ഞോടിക്കിതച്ചങ്ങിനെ
നീ കേളിക്കിടയിൽക്കടന്നു മടിയിൽക്കേറാൻ കുതിയ്ക്കുന്നതും,
പോകുന്നില്ല മനസ്സിൽനിന്നു, മകളേ, കൊഞ്ചിക്കിണുങ്ങുന്നതും.

കവി : കെ.എൻ.ഡി

3.1749 നിജദോഷനിദർശനാന്ധം. . . (കർത്താ)

വിയോഗിനി

നിജദോഷനിദർശനാന്ധമാർ
സുജനാചാരമവിശ്വസിക്കുവോർ
രുജ തേടി മരിപ്പു കല്മഷ–
വ്രജമാം കാമലബാധയാലിവർ

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.1750 രാവോ ശീതള; മീറനാം. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

രാവോ ശീതള; മീറനാം നറുനിലാ, വെങ്ങും സുധാശീകരം
തൂവുന്നു, കൊടുതാം ഹിമം കഠിനമായ്പ്പെയ്യുന്നുമുണ്ടെങ്കിലും,
ഹാ, വല്ലാത്തൊരു ദാഹ,മെന്റെ കരളിൽ തീയാണു, ദാവാഗ്നിയെ–
ത്തുവെണ്ണുള്ള സമം വിഴുങ്ങിയവനേ, നീയെങ്ങു മായാമയ!

കവി : കെ.എൻ.ഡി , കൃതി : *(വൃന്ദാവനത്തിലെ രാധ)*

3.1751 ഹേ, വഞ്ചിഭ്രപാലകപുത്രി. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഹേ, വഞ്ചിഭ്രപാലകപുത്രി! നിന്നി–
ലേവം തഴയ്ക്കുന്ന മമാനുരാഗം
ദൈവം സഹിച്ചില്ല; ലഭിച്ചിടാത്തൊ–
രാവസ്തുവിൽ കാംക്ഷ വിപിന്നിദാനം.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1752 ദൂരത്തുദ്യോഗമാളുന്നളവ്. . . (വാസുദേവൻ)

സ്രുദ്ധര

ദൂരത്തുദ്യോഗമാളുന്നളവിവനൊരുമട്ടാഴ്ചതീർത്തോടിയെത്തു–
ന്നേരം, കൂട്ടുന്നു ഞാനേ മതി സകലതിനും പിന്നെ വേണ്ടമ്മയെന്നാം;
നാരിപ്പൂൺപോ പിണങ്ങും, പരിഭവമൊഴിയമ്പെയ്യുമെങ്ങൾക്കു നേരെ,
കൂറാക്കുഞ്ഞിന്നു തന്മേലുപരി പതിയൊടായാലുമമ്മയ്ക്കു നോവും.

കവി : ടി. എം. വി.

3.1753 നിദ്രാസൗഖ്യം നിയതി. . . (കർത്താ)

മന്ദാക്രാന്ത

നിദ്രാസൗഖ്യം നിയതി നിരസിച്ചീടവേ നീലവേണീ
മുദ്രാഹീനവ്യഥയൊടു മുഹുർമ്മുഞ്ചതീ മഞ്ചമദ്ധ്യം
ഭദ്രാ സാ മൽപ്രിയതമയെഴുന്നേറ്റു ലാത്തും ഗവാക്ഷ–
ച്ഛിദ്രാഭർണ്ണേ തദനു തരുണാർണ്ണോജകർണേജപാക്ഷീ.

കവി : വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1754 ഭദ്രേ ദേവി സരസ്വതീ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭദ്രേ ദേവി സരസ്വതീ കനിവൊടെൻ നാവിൽ വിളങ്ങീടണം
ഭക്ത്യാ പൂജകൾ ചെയ്തിടുന്നടിയനും കുമ്പിട്ടു കൂപ്പുന്നിതാ
രക്ഷിച്ചീടുക ഞങ്ങൾ തൻ ദുരിതമാമീജീവിതത്തോണിയേ
ഇഷ്ടത്തോടെയനുഗ്രഹിയ്ക്കുക സദാ വാഗ്ദേവി വീണാധരീ

കവി : ഋഷി

3.1755 രേതോരൂപത്തിലച്ഛൻ. . . (കർത്താ)

സ്രുദ്ധര

രേതോരൂപത്തിലച്ഛൻ ജനനിയിലൊഴുകിച്ചേർന്ന ഞാനായതോർത്താ–
ലേതോ മുത്തച്ഛനാദ്യൻ ജനകനി,ലതിനും മുമ്പെനിക്കിപ്പുറത്തും,
ചേതോഹരപ്പൻ നിതാന്തൻ ജഗദധിപതി ജീവോർജ്ജമായുജ്ജ്വലിപ്പൂ
വീതോൽക്കമ്പം, സ്വദിക്കാം ദ്യുതിയതു കരളിൻ കണ്ണിലെപ്പുണ്ണുകന്നാൽ.

കവി : യൂസഫലി കേച്ചേരി, കൃതി : *നാദബ്രഹ്മം*

3.1756 ചഞ്ചൽത്തുമലർമഞ്ജരീ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ചഞ്ചൽത്തുമലർമഞ്ജരീനതലതാഗന്ധത്തിലെങ്ങാൻ രസോ–
ദഞ്ചന്മന്ദസമീരണൻ മൃദുലമായൊന്നുമ്മ വെച്ചാൽ മതി,
തഞ്ചും പേടിയൊടമ്പരന്നുകളയും നീയിതു പാവം! – കിട–
ന്നെൻ ചിത്തം പിടയുന്നു – നിന്റെ കഥയെ, ങ്ങെങ്ങിക്കൊടുംകാടഹോ!

കവി : കെ. എൻ. ഡി., കൃതി : *(വൃന്ദാവനത്തിലെ രാധ)*

3.1757 തള്ളിത്തിങ്ങിക്കലങ്ങി. . . (കർത്താ)

സ്രുദ്ധര

തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെത്തെല്ലൊതുക്കുന്നതിന്നാ–
യുള്ളത്തിൽ തൽക്ഷണം ഞാൻ പലവിധമിഹ ചെയ്യുന്ന യത്നങ്ങളെല്ലാം
വെള്ളത്തിൻ വേഗമേറും ഗതി, മണലണയെത്തട്ടിനീക്കുന്നപോലെ
തള്ളിത്തള്ളിപ്പുരക്കുന്നിതു ബത! വലുതായുള്ള ചേതോവികാരം.

കവി : ചാത്തുക്കുട്ടി മന്നാടിയാർ, കൃതി : *ഉത്തരരാമചരിതം*

3.1758 വസനമൊട്ടു കവർന്നു. . . (ഹരി)

ദ്രുതവിളംബിതം

വസനമൊട്ടു കവർന്നു രസിച്ചവൻ
വസനമായ് ദ്രുപദാത്മജ രക്ഷകൻ
വ്യസനമേ വസനം ചില നാരിമാർ–
ക്കവസരോചിതമായ് വരുമോ ഭവാൻ

കവി : ഹരിദാസ്

3.1759 വാടിവീണൊരിളനീരു. . . (ജ്യോതി)

രഥോദ്ധത

വാടിവീണൊരിളനീരുപോലുമീ–
നാളിലാളു കളയില്ല നിശ്ചയം
കോള കാളിയവിഷാംശമാണു – കാർ–
ക്കോടകന്റെ വിഷമോ – ഗവേഷണം!

കവി : ജ്യോതിർമ്മയി

3.1760 ക്ലേശം ഭക്തിയൊടെന്നുമെൻ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

ക്ലേശം ഭക്തിയൊടെന്നുമെൻ മകൾ ഭജിച്ചോളെ സമീപസ്ഥയാ–
യീശം ശ്രുത്രരംഗയെ, ക്കലിതപുണ്യോത്സംഗയെ, ഗ്ഗംഗയെ;
നാടിൻ വറ്റിയ തൊണ്ടയിൽ സുധയൊഴുക്കീടാൻ, സ്വഭക്തർക്കഴൽ–
പ്പാടും, ചൂടു,മകറ്റുവാ,നവതരിച്ചോളാണു ഭാഗീരഥി!

കവി : കെ. എൻ. ഡി

3.1761 നേന്ത്രപ്പഴം പുതിയ. . . (ഋഷി)

വസന്തതിലകം

നേന്ത്രപ്പഴം പുതിയ ശർക്കര നല്ല തേങ്ങാ
കാന്തൈരമീഭിരിടചേർന്നു കലർന്നു നന്നായ്
സാന്ദ്രീഭവിച്ച മധുരക്കറിയാം തടാകേ
നീന്തിത്തുടിച്ചതു കടിച്ചു മരിപ്പനോ ഞാൻ!

കൃതി : *പുരുഷാർത്ഥക്ഷേത്രം*

3.1762 സരസഭാഷണമാവഹ. . . (ജ്യോതി)

ദ്രുതവിളംബിതം

സരസഭാഷണമാവഹ മന്മുഖേ
സ്വരസസേവനഭാവനയാ മുദാ
ഭവതു മേ രസനാ തവ വേദികാ
നയ സരസ്വതി! വേദവിദാം പഥി

കവി : ജ്യോതിർമയി

3.1763 ഭീവായ്പേറുന്ന യുദ്ധാങ്കണമെവിടെ. . . (വാസുദേവൻ)

സ്രഗ്ധര

ഭീവായ്പേറുന്ന യുദ്ധാങ്കണമെവിടെ? വെറും വേദമന്ത്രങ്ങളോളും
നാവാൽ പൂജാസുമത്താ, ലരിയെയെതിരിടും താങ്കള,ങ്ങല്ലയെങ്കിൽ
ആവാമാവാം കടക്കാല്കൾ ഗദകൾ, നമുക്കൽപ്പമാം ദർഭനാമ്പും
കൈവാൾ, വേണെങ്കിൽ വീറും വിശറി പരിചയും, ഹന്ത! നാമന്തണന്മാർ!

കവി : കെ. എൻ. ഡി

3.1764 അലസാതൊരു സൂചി. . . (ഋഷി)

വസന്തമാലിക

അലസാതൊരു സൂചി ശിൽപദക്ഷൻ
പല വർണ്ണങ്ങളിലുള്ള പട്ടുനൂലാൽ
നലമോടിഹ തയ്ച്ചു തീർത്തതോ നിൻ–
മലർമെയ്യെത്ര മനോഹരം പിറാവേ!

കവി : വള്ളത്തോൾ, കൃതി : *അരിപ്രാവ്*

3.1765 നിവർത്യരാജാ ദയിതാം. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നിവർത്യരാജാ ദയിതാം ദയാലുഃ
താം സൗരഭേയീം സുരഭിർയശോഭിഃ
പയോധരീഭ്രതചതുസ്സമുദ്രാം
ജുഗോപ ഗോരൂപധരാമിവോർവ്വീം

കവി : കാളിദാസൻ, കൃതി : *രഘുവംശം*

3.1766 പിഞ്ഞിപ്പോയൊരു നിക്കറും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പിഞ്ഞിപ്പോയൊരു നിക്കറും മൃദുലമാം കയ്യാലെ താങ്ങി ദ്രുതം
പാഞ്ഞീടുന്ന വരണ്ട തൊണ്ട നനയാൻ പൈപ്പിന്നടുത്തേയ്ക്ക നീ
കുഞ്ഞേ ടാപ്പുതുറക്കിലില്ല കുടിനീർ താഴത്തു നിശ്ശൂന്യമാം
കുഞ്ഞിപ്പാത്രമനേകമുണ്ടു,മിഴിനീരില്ലേ കരഞ്ഞീടുവാൻ!

കവി : വൈരശ്ശേരി നമ്പൂതിരി, കൃതി : *വേനൽക്കെടുതി*

3.1767 കയ്യിൽക്കായ്കനിവെച്ച. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കയ്യിൽക്കായ്കനിവെച്ച പച്ചിലമലർത്താലം, ജരാജീർണ്ണമാം
മെയ്യാകെപ്പുളകം, മനസ്സുനിറയെ ത്വദ്ദർശനൗത്സുക്യവും,
പെയ്യും ബാഷ്പമൊടങ്ങതാ, ശബരിമാർ നിൽക്കുന്ന പമ്പാനദീ–
പര്യന്താദ്രിവനങ്ങളിൽ – ബത, ഭവാനെത്താത്തതെന്തിന്നിയും?

കവി : കെ. എൻ.ഡി, കൃതി : *ആവാഹനം*

3.1768 പ്രദക്ഷിണീകൃത്യ ഹുതം. . . (ജ്യോതി)

വംശസ്ഥം

പ്രദക്ഷിണീകൃത്യ ഹുതം ഹുതാശ-
മനന്തരം ഭർതുരരുന്ധതീം ച
ധേനും സവത്സാം ച നൃപഃ പ്രതസ്ഥേ
സന്മംഗലോദഗ്രതരപ്രഭാവഃ

കവി : കാളിദാസൻ, കൃതി : *രഘുവംശം 2*

3.1769 ധീ മങ്ങീടും ധനാശാലഹരിയിൽ. . . (ഋഷി)

സ്രഗ്ധര

ധീ മങ്ങീടും ധനാശാലഹരിയിലടരാടിക്കുരുക്ഷേത്രമോരോ
ഗ്രാമംതോറും പടുത്തും പടയണികൾ മുഖംമൂടിവെച്ചക്രമങ്ങൾ
കാമംപോൽക്കൈക്കരുത്തോടുറയുമിവിടമിന്നാർക്കു നന്നാക്കിടാം ത-
ന്നാമം വാഴ്ത്തപ്പെടട്ടെ മഹിയിലിരുളകറ്റീടുമാ സുപ്രകാശം.

കവി : കെ. പുരുഷോത്തമൻ നമ്പൂതിരി, കൃതി : *കൂടിയാട്ടം*

3.1770 കുമ്പിട്ടിങ്ങിനെ നിന്ന നീ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

കുമ്പിട്ടിങ്ങിനെ നിന്ന നീ പലതരം പൂജാപ്രസൂനങ്ങൾ കൈ-
ക്കുമ്പിൾച്ചെന്തളിരാലൊരഗ്ര്യശബളശ്രീ ചുറ്റിലും ചിന്തവേ,
അൻപിൽ കീർത്തനചഞ്ചലാധരപുടം, മുല്ലയ്ക്കലെദ്ദേവിതൻ
മുൻപിൽത്തുവിയതെത്തിവീണതു കടന്നെൻ നെഞ്ചിലല്ലോ സഖീ!

കവി : കെ. എൻ.ഡി, കൃതി : *ആവഹനം*

3.1771 അമ്പത്തൊന്നാൽക്കനിഞ്ഞീ. . . (രാജേഷ്)

സ്രഗ്ധര

അമ്പത്തൊന്നാൽക്കനിഞ്ഞീയുലകിനു മുഴുവൻ വിദ്യയാം വിത്തമേകി-
ത്തുമ്പം കൂടാതെ കാക്കും കമലജദയിതേ, കാവ്യഗാനസ്വരൂപേ,
ഇമ്പം ചോരുന്നതെയർത്ഥച്യുതിയതുമിയലാതക്ഷരശ്ലോകമോതാൻ
നിൻപത്തിന്നായ് നമിപ്പേൻ വരമരുളുക മാമക്ഷരാംബേ കഴമ്പേ.

കവി : ബാലേന്ദു

3.1772 ഈ ലോകത്തിൽ സുഖമസുഖവും. . . (കർത്താ)

മന്ദാക്രാന്ത

ഈ ലോകത്തിൽ സുഖമസുഖവും മിശ്രമാസ്ത്താനിരിക്കും
മാലോകർക്കും മതിമുഖി! വരാറില്ലയോ മാലനേകം?
ആലോചിച്ചീവിധമവിധവേ! ചിത്തമാശ്വസ്തമാകി-
ക്കാലോപേതം കദനമതിനിക്കാണി കൂടി ക്ഷമിക്ക.

കവി : വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1773 അപ്പയ്യാഖ്യൻ പടി. . . (ഉമേഷ്)

മന്ദാക്രാന്ത

അപ്പയ്യാഖ്യൻ പടി കവലയാനന്ദമുണ്ടാക്കിടുന്നോ–
രൊപ്പം പറ്റില്ലമരനുമതിൻ മട്ടു കോശം ചമയ്പോർ,
കപ്പം നൽകും കവിമണി ജഗന്നാഥനമ്മട്ടു ശാസ്ത്ര–
വ്യുത്പത്തിശ്രീ വിലസിയവനീകാന്തയെപ്പുൽകിടുന്നോർ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1774 കണ്ണിൽക്കാണുന്നതെല്ലാം. . . (വാസുദേവൻ)

സ്രുദ്ധര

കണ്ണിൽക്കാണുന്നതെല്ലാം, ചെവിയിണയണയും ശബ്ദമെല്ലാം, മനസ്സിൽ
ചിന്നിപ്പൊങ്ങുന്നതെല്ലാം,പറവതറിവതും ചെയ്വതും മറ്റുമെല്ലാം;
ഒന്നായ്, വേറായി,നൂറാ, യരികിലകലെയായ്, സ്ഥൂലമായ്, സൂക്ഷ്മമായി-
പ്പിന്നെസ്സത്താ, യസത്താ, യെതിലുമുപരിയായ് നിത്യനായ് നിൽപ്പതും നീ!

3.1775 ഓമൽപ്പിച്ചിച്ചെടിലത. . . (കർത്താ)

മന്ദാക്രാന്ത

ഓമൽപ്പിച്ചിച്ചെടിലതമരുല്ലോളിതാ വർഷബിന്ദു–
സ്തോമക്ലിന്നാ പുതുമലർ പതുക്കെസ്സുടിപ്പിച്ചിടുമ്പോൾ
പ്രേമക്രോധക്ഷുഭിതഭവതീ ബാഷ്പധാരാവിലാംഗീ
ശ്രീമന്മന്ദസ്മിതസുമുഖിയാകുന്നതോർമ്മിച്ചിടുന്നേൻ.

കവി : **വലിയകോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

3.1776 പള്ളിക്കുടം പലതു. . . (ഉമേഷ്)

മന്ദാക്രാന്ത

പള്ളിക്കുടം പലതു, വല്യതാം പാളയം, പള്ളി, കള്ള–
പ്പുള്ളിക്കാരെത്തടവിലിടുവാനുള്ള ജേ, ലാശുപത്രി
തള്ളിക്കേറി ദ്വിജരണയുമായൂട്ടുമാപ്പട്ടണത്തി–
ന്നുള്ളിൽക്കാണാ, മൊരു കുറി പറന്നൊക്കെ നീ നോക്കിയാലും.

കവി : **കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**, കൃതി : *മയൂരസന്ദേശം*

3.1777 തടിച്ച തിരമാലയാൽ. . . (കർത്താ)

പൃഥ്വി

തടിച്ച തിരമാലയാൽ തടമിടിച്ചുടച്ചുഗ്രമായ്–
പ്പിടിച്ച കടുതെന്നലിൽക്കടൽകിടന്ന കുത്താടവേ
മുടിച്ചഹഹ! പാന്ഥരേ, പുരുഷമായ പാറപ്പുറ–
ത്തടിച്ചു പടുകപ്പലപ്പടിനുറുങ്ങി നൂറായിരം

കവി : **പന്തളം കേരളവർമ്മ**, കൃതി : *വിശാഖൻ*

3.1778 മാണിക്യവീണാം. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മാണിക്യവീണാമുപലാളയന്തീം
മദാലസാം മഞ്ജുളവാഗ്വിലാസാം
മാഹേന്ദ്രനീലദ്യുതികോമളാംഗീം
മാതംഗകന്യാം സതതം സ്മരാമി

കവി: കാളിദാസൻ, കൃതി: *ശ്യാമളാദണ്ഡകം*

3.1779 മുറയ്ക്കനീങ്ങുന്ന കളി. . . (വാസുദേവൻ)

ശിഖരിണി

മുറയ്ക്കനീങ്ങുന്ന കളി, യിടയിലോരോ പുതുമുഖം
വരുന്നു, നേടുന്നു, രസികരുടെ പട്ടം വളകളും
ഇരുന്നേ നീനേരംവരെയു;മിനിയെന്തെൻ ഗതി? ശരി–
ക്കരങ്ങേറുംമുമ്പെൻ കഥയുമിവിടെത്താൻ കഴിയുമോ?

കവി : കെ. എൻ. ഡി.

3.1780 ഈയുള്ളോനൊരു കേവലൻ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഈയുള്ളോനൊരു കേവലൻ,ചെറിയൊരിത്തോണിക്കടത്തുള്ളവൻ
മായാംബോധികടത്തിടുന്ന പണിയിൽത്താനഗ്രഗണ്യൻ ഭവാൻ
വയ്യേ കൂലിയെടുക്കുവാ, നൊരുതൊഴിൽക്കാർതമ്മി – ലെന്നാൻ ഗ്രഹൻ
നീയോ കേട്ടു ചിരിച്ചു, രാമ, തൊഴുവേനപ്പുഞ്ചിരിയ്ക്കുന്നുമേ

കവി : ബാലേന്ദു, കൃതി : *ഇളം നിലാവ്*

3.1781 വെയ്ക്കാറുണ്ടൊരു ചൂരൽ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

വെയ്ക്കാറുണ്ടൊരു ചൂരൽ ഞാനിവിടെയീ മേശയ്ക്കകത്താ,യതിൽ
വെയ്ക്കാറുണ്ടു ചിലപ്പൊളിക്കര,മടങ്ങീടാത്ത കോപത്തൊടെ;
വെയ്ക്കാറുണ്ടു മനസ്സു കൈപ്പിഴ പിണഞ്ഞീടായ്വതിന്നെങ്കിലും
വെയ്ക്കാറുണ്ട്, കിടാങ്ങൾതൻ തളിരിളം കയ്യിന്നുമേറെക്കനം!

കവി : തൃക്കഴിപ്പുറം നമ്പ്യാത്തൻ നമ്പൂതിരി.

3.1782 വെയ്ക്കാ,നന്തിവിളക്കുമായ്. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വെയ്ക്കാ,നന്തിവിളക്കുമായ് വരുവതുണ്ടാരാണു ചെമ്പട്ടു,–
ത്താക്കയ്യിൽ തെളിയും ചിരാതു,മിതുപോൽ കാണുന്നു മാനത്തതാ
നാമം ചൊല്ലിയിരിപ്പു ചുറ്റുമരുമത്താരാഗണങ്ങൾ, നറും
തേനൂറും കഥ ചൊല്ലുമോ നിശയിലായെന്നമ്പിളിമ്മാമനും?

കവി : ജ്യോതിർമയി , കൃതി : *(ഒരു കുഞ്ഞിന്റെ കൗതുകക്കാഴ്ച്ച)*

3.1783 നാകത്തിലാണമൃതം. . . (വാസുദേവൻ)

വസന്തതിലകം

നാകത്തിലാണമൃതമെന്നൊരു കൂട്ടർ, നാരീ–
ലോകത്തിനുള്ളൊരധരങ്ങളിനെന്നിതന്യർ;
പാകത്തിൽ നാലു വിഭവം കലരും മുറുക്കിൻ
യോഗത്തിലെന്നതിനെനിക്കിരുപക്ഷമില്ല.

കവി : ടി. എം. വി.

3.1784 പാ, രോജസ്സു ബലം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പാ, രോജസ്സു ബലം തുടങ്ങിയവതൻ കൈയ്യുള്ളിൽനിൽക്കുന്നതാ–
യോരോ വിഡ്ഢികളോതിടുന്നതു വെറും ലാക്കറ്റ ഭോഷ്കല്ലയോ?
നേരോർത്താൽ സകലേശ്വരൻ വിലസുമീലോകം പതിന്നാലിനും
വേരോടാൻ തറ 'നീതി'യെന്നറിയണം സത്തുക്കൾ നിസ്തർക്കമായ്.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1785 നിൽക്കാതായ് ശ്വസനാനിലൻ. . . (വാസുദേവൻ)

ശാർദ്ദൂലവിക്രീഡിതം

നിൽക്കാതായ് ശ്വസനാനിലൻ സ്വമുരളീനാദം മുഴക്കാ;നെനി–
യ്ക്കാക്കാതാവുകയാണെടുത്തുപെരുമാറീടാനിതെന്തോതുവാൻ!
വെയ്ക്കാനോർക്കുകയാണു ഞാ,നിതു തിരിച്ചൻപാളുമെന്നംബ തൻ
തൃക്കാൽച്ചെന്തളിരിങ്കലി,ന്നുമതെനി,ക്കെൻജീവനാണെങ്കിലും!

കവി : **കെ.എൻ.ഡി**

3.1786 വായിക്കുമ്പോൾ രസിക്കുന്നൊരു. . . (രാജേഷ്)

സ്രഗ്ധര

വായിക്കുമ്പോൾ രസിക്കുന്നൊരു ചടുലമഹാകാവ്യമാണീ പ്രപഞ്ചം
വായിച്ചർത്ഥം ഗ്രഹിക്കുന്നവനു കവിതയാകുന്നു വിശ്വത്തിലെങ്ങും
വായിക്കാൻ മാത്രമെന്താണലസത മലയാളത്തിലെൻ കൂട്ടുകാരേ?
വായിക്ക, സർഗ്ഗശക്തിപ്രസരണമിവിടെക്കാഴ്ചവെക്കാവു നമ്മൾ!

കവി : **എം. എൻ. പാലൂര്**, കൃതി : *കല്യാണക്കാഴ്ച*

3.1787 വാരണ്ടും താരി,ലോമൽ. . . (വാസുദേവൻ)

സ്രഗ്ധര

വാരണ്ടും താരി,ലോമൽക്കുളിരൊളി തിരളും തിങ്കളിൽ, ചിന്നിമിന്നും
താരത്തിൽ, കാന്തികാളും ഖരകരനി,ലിളം തെന്നലിൽ, കന്നിയാറിൽ,
സ്ഫാരശ്രീ മാരിവില്ലിൽ, കളമുരളി, ലെന്തിന്നു സർവത്ര നിത്യോ–
ദാരം സൽക്കാവ്യസാരം വിതറുമൊരു മഹാകാവ്യകാരൻ ജയിപ്പൂ!

കവി : **കെ.എൻ.ഡി**

3.1788 സ്ഥലദ്രാവിഡമട്ടുവിട്ടു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സ്ഥലദ്രാവിഡമട്ടുവിട്ടു നിയമസ്വച്ഛാംഗിയായോമന–
ക്കോലം "സംസ്കൃത"മോടിയാൽ വികൃതമാക്കീടാതെ ചേതോഹരി
ഫാലത്തിങ്കലഴിഞ്ഞ സൂക്ഷ്മ'തിലകം" പൂരിച്ചുസദ്"ഭ്രഷണം"
ലോലശ്രീയൊടു പൂണ്ടു മൂർച്ചയിതിലും ശോഭിച്ചിടുന്നുണ്ടിവൾ.

കവി : **കുമാരനാശാൻ**, കൃതി : *പ്രരോദനം*

3.1789 ഫാലേ വേർപ്പുകൾ വറ്റിയില്ല. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഫാലേ വേർപ്പുകൾ വറ്റിയില്ല മുഴുവൻ, വാർകൂന്തൽ കെട്ടിക്കഴി–
ഞ്ഞീ, ലേറ്റം മുലമൊട്ടുലച്ച നെടുവീർപ്പറ്റീല, യെന്നാകിലും
ചാലേ തൽക്ഷണശോഭയിൽ തരളനാം കാന്തന്റെ നൽച്ചുംബന–
ത്താലേ പേലവഗാത്രിയാൾക്കപരമെന്തോതാ? മതാന്തൻ സ്മരൻ!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.1790 ചിരികളിൽ വെളിവാകും. . . (മധുരാജ്)

മാലിനി

ചിരികളിൽ വെളിവാകും കൊച്ചുപല്ലോടുമെന്തോ
ചിലതു മധുരമായിച്ചൊല്ലിയവ്യക്തവർണ്ണം
മടിയിലുഴറിയെത്തും മക്കൾതൻ മെയ്യിലേന്തും
പൊടിയിൽ മലിനരാകും മർത്യരേ ഭാഗ്യവാന്മാർ.

കവി : ആറ്റൂർ, കൃതി : *ശാകുന്തളം തർജ്ജമ*

3.1791 മിഴിയിണയിതളിന്നും. . . (വാസുദേവൻ)

മാലിനി

മിഴിയിണയിതളിന്നും, കൊങ്കുമൊട്ടിന്നു,മോമ–
ന്മൊഴിമധുവിനു,മീമെയ് മാർദ്ദവത്തിന്നുമൊപ്പം
പൊഴിയുമൊരു സുഗന്ധത്തിന്നുമേ തോൽവി നൽകീ–
ട്ടൊഴികഴിവിനിയെന്തേ, പൂക്കളെക്കെട്ടുവാൻ തേ?

കവി : ടി. എം. വി.

3.1792 പനിമതികല ചൂടി. . . (രാജേഷ്)

മാലിനി

പനിമതികല ചൂടി,പ്പാൽക്കതിർ പെയ്യു, പീന–
സ്തനമൊടു കനിവാർന്നും താമരപ്പൂവിലാണ്ടും
കനിവൊടു കരതാരിൽ പുസ്തകം, പേനയും പൂ–
ണ്ടനവധി വരമേകും വാണി കാക്കട്ടെ നമ്മെ.

കവി : രാജേഷ് ആർ. വർമ്മ (മൊഴിമാറ്റം)

3.1793 കരുണമൊരു രസം താൻ. . . (ഉമേഷ്)

മാലിനി

കരുണമൊരു രസം താൻ വസ്തുഭേദേന നാനാ–
പരിണതിയെ വഹിച്ചീടുന്നിതേ മാറി മാറി
തിര, നര, ചുഴിയെന്നീ രൂപഭേദങ്ങൾ കാണായ്–
വരികിലുമവയല്ലാം വെള്ളമത്രേ നിനച്ചാൽ.

കവി : ചാത്തുക്കുട്ടി മന്നാടിയാർ / ഭവഭൂതി, കൃതി : *ഉത്തരരാമചരിതം തർജ്ജമ*

3.1794 തദനു നിയതി. . . (കർത്താ)

മാലിനി

തദനു നിയതിദേവിക്കുള്ളലിഞ്ഞു സമീരൻ
സദയമുടനൊളുങ്ങീ, കാർകുലം തീരെനീങ്ങീ
അദരരുചി കലർന്നാ വിണ്ണിലും മണ്ണിലും വൻ–
കദനമവനു മാറ്റിസ്സാന്ധ്യദീപാളി മിന്നി!

കവി : വാരിക്കോലിൽ കേശവനുണ്ണിത്താൻ, കൃതി : *സാന്ധ്യദീപം കൊളുത്തി*

3.1795 അരിയ തൃണമിണങ്ങും. . . (ഉമേഷ്)

മാലിനി

അരിയ തൃണമിണങ്ങും നിന്റെ മൈതാനമാകും
ഹരിതപരവതാനിക്കൊക്കുമുത്കൃഷ്ടശിൽപം
പരിചിനൊടു പുകഴ്ത്തിപ്പാട്ടു പാടുന്ന പക്ഷി–
പ്പരിഷയുടെ ജനിക്കേ പാരിതിൽ ചാരിതാർത്ഥ്യം.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1796 പലരുമിളകണക്കപ്പൂജ്യമാകും. . . (കർത്താ)

മാലിനി

പലരുമിളകണക്കപ്പൂജ്യമാകും പദത്തിൻ
വില കരളിലശേഷം ചിന്തചെയ്യാതെ മേന്മേൽ
ഖലരുടെ നില തേടിച്ചെയ്ത നാശം നിമിത്തം
കലഹമതിനരങ്ങായ് തീർന്നിതാ നാടശേഷം.

കവി : കട്ടക്കയം, കൃതി : *ശ്രീയേശു വിജയം*

3.1797 ഖഗപതിയതിവീരൻ. . . (ബാലേന്തു)

മാലിനി

ഖഗപതിയതിവീരൻ യാനമായ് സേവചെയ്വൂ,
കപികുലവരനെന്നും ദാസഭാവത്തിൽ വാഴ്വൂ,
ഗുണനിധിവരനാകും ശേഷനോ ശയ്യ, യെല്ലാ
മഹിമയടിമയെങ്ങാണപ്പദം കുമ്പിടുന്നേൻ.

കവി : ബാലേന്തു

3.1798 ഗിരിവനമതിൽ നീളെ. . . (കർത്താ)

മാലിനി

ഗിരിവനമതിൽ നീളെ,ക്കാളമേഘാഭപൂണ്ടും,
ഹരിതദളഗണത്താലംബരാന്തം മറച്ചും,
പെരിയ മരമസംഖ്യം പ്രൗഢശാഖോപശാഖ–
പ്പരിഷയൊടിടതിങ്ങിപ്പൊങ്ങി നിൽക്കുന്ന ഭംഗ്യാ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.1799 പതിവിനലകു മേലും. . . (ഉമേഷ്)

മാലിനി

പതിവിനലകു മേലും ഹന്ത! പൊയ്ക്കൊണ്ടിരിക്കും,
മതിരവികളുദിക്കും, മാരുതൻ സഞ്ചരിക്കും;
അതിലപരർ സുഖിക്കാം, ശൂന്യനായ് ഞാൻ – എനിക്കീ
ക്ഷിതിയിനി മരു മാത്രം, ജീവിതം ഭാരമാത്രം!

കവി : ഉള്ളൂർ, കൃതി : *(കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മരണത്തിനുള്ള വിലാപകാവ്യം)*

3.1800 അഹഹ, ബഹുലഹിംസാ. . . (ജ്യോതി)

മാലിനി

അഹഹ! ബഹുലഹിംസാസഞ്ചിതാർഥൈഃ കുടുംബം
പ്രതിദിനമനുപുഷ്ണൻ സ്ത്രീജിതോ ബാലലാളീ
വിശതി ഹി ഗൃഹസക്തോ യാതനാം മയ്യഭക്തഃ
കപിലതനുരിതി ത്വം ദേവഹൂതൈന്യഗാദീഃ

കവി : മേൽപത്തൂർ, കൃതി : *നാരായണീയം 15*

3.1801 വിലസതി ചെറിയച്ചീം. . . (കർത്താ)

മാലിനി

വിലസതി ചെറിയച്ചീം കാന്തിരാജ്യാധിപത്യേ
മനസിജനഭിഷേക്തും ന്യനമാഡംബരേണ
ശശിശകലസനാഡേ ശാരദവ്യോമനീല–
തറനടുവിലിടിന്റത്താരകാ മുത്തുപന്തൽ.

3.1802 ശിവശ്ശക്ത്യാ യുക്തോ. . . (ജ്യോതി)

ശിഖരിണി

ശിവശ്ശക്ത്യാ യുക്തോ യദി ഭവതി ശക്തഃ പ്രഭവിതും
ന ചേദേവം ദേവോ ന ഖലു കുശലഃ സ്പന്ദിതുമപി
അതസ്ത്വാമാരാധ്യാം ഹരിഹരവിരിഞ്ചാദിഭിരപിഃ
പ്രണന്തും സ്തോതും വാ കഥമകൃതപുണ്യഃ പ്രഭവതി?

കവി : ശങ്കരാചാര്യർ, കൃതി : *സൗന്ദര്യലഹരി*

3.1803 ആരാണോതുക നിത്യം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആരാണോതുക നിത്യമിപ്പുലരിയെപ്പിന്നിട്ടു ചാടിക്കട–
ന്നാരാലെത്തി മിഴിക്കു തല്ലിയിവനെശ്ശല്യപ്പെടുത്തും ഭവാൻ
വാരാളും വിയദംഗനയ്ക്ക വിമലശ്രീയേറ്റമേകുന്നൊര–
ത്താരാഹാരമിവണ്ണമെന്തിനു കവർന്നിങ്ങോടിയെത്തുന്നു നീ?

കവി : വാരിക്കോലിൽ കേശവനുണ്ണിത്താൻ, കൃതി : *പ്രകാശം*

3.1804 വൃഷമതിൽ നടകൊള്ളും. . . (രാജേഷ്)

മാലിനി

വൃഷമതിൽ നടകൊള്ളും, നൃത്തമാടീടു തുള്ളും,
കഴലിണ പണികൊള്ളും ഭക്തരെക്കാത്തു കൊള്ളും,
യമഭടരൊടു തള്ളും, തല്പമേറുന്നതള്ളും,
മമ ഹൃദി കുടികൊള്ളുന്നീശ്വരൻ തീർത്തുകൊള്ളും

3.1805 യവനമുഗളയുദ്ധോദഗ്ര. . . (കർത്താ)

മാലിനി

യവനമുഗളയുദ്ധോദഗ്രകോലാഹലത്തിൽ
ഭവതിയുണരുമാറായില്ല ഹേ, പുണ്യഭൂമി!
അവസരമിതിലാമോദാർത്ഥപീരങ്കിഭീമാ–
രവഭയപുളകം നീ വീരപത്നീ! വഹിക്ക!

കവി : കുമാരനാശാൻ, കൃതി : *കിരീടധാരണം*

3.1806 അനഘത പെടുമമ്മേ. . . (ഉമേഷ്)

മാലിനി

അനഘത പെടുമമ്മേ, വത്സലത്വത്തിനാൽ നിൻ
സ്തനഗിരികൾ ചുരത്തും നൽപ്പയസ്സൽപമെന്യേ
ദിനമനു പരിപാനം ചെയ്കയാൽ നിന്നിലുണ്ടോ–
മനവധി ചെറുധാന്യം പുഷ്ടി പൂണ്ടുല്ലസിപ്പൂ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1807 ദിനേശനേ നാടു. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ദിനേശനേ നാടു കടത്തുവാനും
അഹസ്സിനെസ്സിന്ധുവിലാഴ്ത്തുവാനും
കൈകേയിതൻ മാളികമച്ചിലെത്തി-
യിരുട്ടുപോൽ മന്ഥരയന്തിനേരം

കവി : പി.കുഞ്ഞിരാമൻ നായർ, കൃതി : *ബാലരാമായണം*

3.1808 കരയരുതഴലിങ്കൽ. . . (കർത്താ)

മാലിനി

കരയരുതഴലിങ്കൽ, ശ്രീയിലിമ്മട്ടഗർവം
കരകവിയരു, തെല്ലാം തുല്യമായ് കല്യർ കാണൂ;
കരളിനകമിളക്കം തട്ടിടാത്തോനു കാമം
കരഗത, മവനെക്കാൾ ധന്യനായന്യനുണ്ടോ?

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1809 കണ്ടോരുണ്ടോ? തുറുകിൽപ്പിറവി. . . (രാജേഷ്)

സ്രുദ്ധര

കണ്ടോരുണ്ടോ? തുറുകിൽപ്പിറവി, തനിനിറം കണ്ടതില്ലാരു, മാടി–
ക്കൊണ്ടൽക്കാന്തിപ്പകിട്ടു, ണ്ടിടയരുടെ നടുക്കാണു കൗമാരകാലം,
തെണ്ടും മാടിന്റെ പിന്നിൽ, പകലിരവു കവർന്നുണ്ണു, മെന്നാലുമുള്ളിൽ–
ക്കണ്ടാലാനന്ദമേകും രസികനെയൊരുനോക്കെങ്കിലും കാട്ടിടാമോ?

കവി : വി. കെ. ജി.

3.1810 തോക്കും താങ്ങിത്തദനുചരരാം. . . (കർത്താ)

മന്ദാക്രാന്ത

തോക്കും താങ്ങിത്തദനുചരരാം ഹൂണരൊന്നിച്ചു നേരം–
പോക്കും തീട്ടിക്കൊരുവകയുമായെന്നു വേട്ടയ്ക്കു തക്കം
നോക്കുന്നേരത്തകലെയുമിരുന്നീടൊലാ നീയകാലേ
ചാക്കുണ്ടാകാമൊരു ശകലവും ലാക്കു തെട്ടില്ലവർക്ക്

കവി : വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1811 നേരു ചൊൽകിലിതു. . . (വാസുദേവൻ)

രഥോദ്ധത

നേരു ചൊൽകിലിതു നാളിലൊന്നുമേ
നേരുകൊണ്ടു കഴിയില്ല നേടുവാൻ
നേരുകാരനിഹ നേടിടുന്ന സൽ–
പ്പേരുകൊണ്ടു പുലരേണ്ടതായ് വരും!

കവി : ടി. എം. വി.

3.1812 നീലക്കണ്ണുകളോ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

നീലക്കണ്ണുകളോ, ദിനാന്തമധുരസ്വപങ്ങൾതൻ ചന്ദന–
ച്ചോലയ്ക്കുള്ളിൽ വിടർന്ന പാതിയടയും നൈവേദ്യപുഷ്പങ്ങളോ,
കാലം കൊത്തിയെടുത്ത ഹംസദമയന്തീശിൽപമിന്നും നള–
ന്നാലങ്കാരിക ഭംഗിയോടെയെഴുതും സന്ദേശകാവ്യങ്ങളോ?

കവി : വയലാർ രാമവർമ്മ

3.1813 കണ്ടോരുണ്ടോ? വ്രജത്തിൻ. . . (ജ്യോതി)

സ്രുദ്ധര

കണ്ടോരുണ്ടോ? വ്രജത്തിൻ വ്രതസുകൃതഫലക്കാമ്പിനെ, പ്പാമ്പിനെ, ക്കാ–
ളിന്ദിത്തണ്ണീരു നഞ്ഞാക്കിയ കടിലനെയോടിച്ചൊരെൻ തമ്പുരാനെ?
കണ്ടോരുണ്ടോ തകർക്കും പെരുമഴ തടയാൻ കുന്നിനെപ്പൊക്കിനിർത്തി–
ത്തണ്ടറ്റുള്ളണ്ടർകോൻ തൻ മിഴികളിൽ മഴപെയ്യിച്ച കാളാംബുദത്തെ?

കവി : വി.കെ.ജി.

3.1814 കോകശ്രേണീവിരഹനിഹിതം. . . (കർത്താ)

മന്ദാക്രാന്ത

കോകശ്രേണീവിരഹനിഹിതം തീ നുറുങ്ങെന്റുപോലേ
തുകിത്തുകിത്തുഹിനകണികാം തുർന്ന പൂങ്കാവിലൂടെ
സ്തോകോന്മീലന്നളിനതെളിതേൻകാളകൂടാംബു കോരി–
ത്തേകിത്തോകപ്പവനനവനെച്ചെന്റു കൊന്റാൻ തദാനീം.

കൃതി : *ഉണ്ണുനീലി സന്ദേശം*

3.1815 സ വിസ്മയോത്ഫുല്ല. . . (ജ്യോതി)

ഇന്ദ്രവംശ/വംശസ്ഥം

സ വിസ്മയോത്ഫുല്ല വിലോചനോ ഹരിം
സുതം വിലോക്യാനകദുന്ദുഭിസ്തദാ
കൃഷ്ണാവതാരോത്സവസംഭ്രമോസ്പശൻ
മുദാ ദ്വിജേഭ്യോ ∫ യുതമാപ്ലുതോ ഗവാം

കവി : വ്യാസൻ, കൃതി : *ഭാഗവതം 10–3–11*

3.1816 കൃത്വാ പരോക്ഷതനുരേവ. . . (കർത്താ)

വസന്തതിലകം

കൃത്വാ പരോക്ഷതനുരേവ മഹോക്ഷമൂർത്തിഃ
സദ്യാപരോ ∫ ക്ഷകലിതസ്ഥിതിരിഷ്ടസിദ്ധിം
ധൃത്വാ സുവർണശകുനത്വമതീവ ദൃഷ്ടോ
ഹൃത്വാംബരം ച ദിവമേത്യ നളം നഗാദീത്

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം*

3.1817 ധൈര്യസ്യാശ്രമസംശ്രിതസ്യ. . . (ജ്യോതി)[257]

ശാർദ്ദൂലവിക്രീഡിതം

ധൈര്യസ്യാശ്രമസംശ്രിതസ്യ വസതസ്തുഷ്ടസ്യ വന്യൈഃ ഫലൈഃ–
മാനാർഹസ്യ ജനസ്യ വൽക്കലവതസ്ത്രാസഃ സമുത്പാദ്യതേ
ഉത്സിക്തോ വിനയാദപേതപുരുഷോ ഭാഗ്യൈശ്ചലൈർവിസ്മിതഃ
കോ ഽയം ഭോ! നിഭൃതം തപോവനമിദം ഗ്രാമീകരോത്യാജ്ഞയാ

കവി : ഭാസൻ, കൃതി : *സ്വപ്നവാസവദത്തം*

3.1818 ഉഷ്ണത്തിന്നുപശാന്തിയായ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഉഷ്ണത്തിന്നുപശാന്തിയായമൃതദാതൃത്വം വരിക്കെ, സ്വയം
കൃഷ്ണത്വം തനുവിന്നിണങ്ങിയ കൃപാകാദംബിനീകന്ദമേ,
തൃഷ്ണയ്ക്കില്ലിളവൊട്ടുമീ പ്രകടനക്കാർക്കെന്നറി,ഞ്ഞുർവി തൻ
തൃഷ്ണയ്ക്കുള്ളിൽ മുളച്ചു ചില്ലത പടർത്തീടാൻ മടിയ്ക്കാക നീ.

കവി : യൂസഫലി കേച്ചേരി, കൃതി : *സോമയാഗം*

3.1819 ധരിയ്ക്ക നീ ദേവകി. . . (ഉമ)

ഉപേന്ദ്രവജ്ര

ധരിയ്ക്ക നീ ദേവകി! നന്ദനന്മാർ
മരിയ്ക്ക കൊണ്ടത്തൽ നിനക്കു വേണ്ടാ
ഒരിയ്ക്കലുണ്ടേവനുമാത്മനാശം
ജരയ്ക്കു മുൻപേ മരണം മനോജ്ഞം

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *മണിപ്രവാളം*

3.1820 ഒന്നാമതെണ്ണ കുറവാണു. . . (ജ്യോതി)

വസന്തതിലകം

ഒന്നാമതെണ്ണ കുറവാണു, വെളിച്ചമില്ല
യെന്നാലുമച്ചെറുവിളക്കുകളേന്തിയേന്തി
അന്നാട്ടുമുക്കുകളിൽനിന്നു പറന്നുവന്നു
മിന്നാമിനുങ്ങുകളുദാരവിചാരപൂർവ്വം

കവി : വി.കെ.ജി

3.1821 അപ്പം പോലെ വിടർന്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

അപ്പം പോലെ വിടർന്ന പൊക്കി,ലുരസിത്തള്ളുന്ന വൻ ചന്തി, മെ–
യ്യൽപ്പം പിൻഞെളി, വാക്കവിൾത്തടമതിൽച്ചേരുന്നതോടൊന്നഹോ!
ശിൽപമ്പൊന്തനടി,സ്വഭാവഗ്രണ,മജ്ജാതിത്തവാക്കേവമായ്
തുപ്പിത്തുപ്പി വരുന്നതുംഗകവിയാമിയ്യാളിതയ്യാ! രസം.

കവി : വെണ്മണി മഹൻ, കൃതി : (ഒറവങ്കരയെപ്പറ്റി)

---

[257] [*ജ്യോതി*] ശ്ലോകം **3.1817 :** പരിഭാഷ (എ. ആർ. രാജരാജവർമ്മ) :
ഉൾഭീതിക്കിടയാക്കി, കായ്കനികളും ഭക്ഷിച്ചു ചീരം ധരി–
ച്ചാർഭാടഭ്രമമെന്നിയാശ്രമപദം കൈക്കൊണ്ട മാന്യർക്കഹോ!
ദുർഭള്ളാണൊരു തണ്ടുതപ്പിയെവനാണുക്കാർന്ന ശാസ്യങ്ങൾ ചെ–
യ്തിബ്ഭാഷയ്ക്കു തപോവനം നിഭൃതമായ് ഗ്രാമീകരിയ്ക്കുന്നതു്?

3.1822 ശ്രീമത് സൂര്യന്ന ശിഷ്യൻ. . . (രാജേഷ്)

സ്രുദ്ധര

ശ്രീമത് സൂര്യന്ന ശിഷ്യൻ, പവനന്ന തനയൻ, സൂര്യപുത്രന്നമാത്യൻ,
രാമസ്വാമിയ്ക്ക ദൂതൻ, ജനകതനുജയാൾക്കാമയം തീർത്ത വൈദ്യൻ,
ഭീമന്നണ്ണൻ, നിശാടർക്കകരുണതരനാം കാല, നാലത്തിയൂരെ-
ഗ്രാമത്തിന്നിഷ്ടദൈവം, ശ്രിതസുരതരുവാ ശ്രീഹനുമാൻ സഹായം!

കവി : വള്ളത്തോൾ

3.1823 ഭരണമേ രണമായതു. . . (ഹരി)

ദ്രുതവിളംബിതം

ഭരണമേ രണമായതു കാരണം
മുടിയണം ജനനായകർ തൻ ഗണം
ശരണമായ് ചരണം തരണം വിഭോ
പതിയണം ജനമോക്ഷദവീക്ഷണം

കവി : ഹരിദാസ്

3.1824 ശ്രിയാശാതകുംഭദ്യുതി. . . (ജ്യോതി)

ഭുജംഗപ്രയാതം

ശ്രിയാശാതകുംഭദ്യുതിസ്നിഗ്ധകാന്ത്യാ
ധരണ്യാ ച ദൂർവ്വാദളശ്യാമളാംഗ്യാ
കളത്രദ്വയേനാമുനാതോഷിതായ
ത്രിലോകീഗൃഹസ്ഥായ വിഷ്ണോ നമസ്തേ

കവി : ശങ്കരാചാര്യർ, കൃതി : *വിഷ്ണുഭുജംഗം*

3.1825 കലാലൻ വിരിഞ്ചൻ. . . (രാജേഷ്)[258]

ഭുജംഗപ്രയാതം

കലാലൻ വിരിഞ്ചൻ, പിറന്നും മരിച്ചും
നിരാലംബനായിട്ടഴന്നു രമേശൻ,
ഇരപ്പാളിയായ് ശംഭു, വർക്കൻ കറങ്ങും
കളിപ്പാട്ടമായ്, ക്കർമ്മമേ, നിന്റെയുക്കാൽ!

കവി : രാജേഷ് ആർ. വർമ്മ

3.1826 ഇവന്നില്ല വർണ്ണാശ്രമാചാര. . . (ഉമേഷ്)

ഭുജംഗപ്രയാതം

ഇവന്നില്ല വർണ്ണാശ്രമാചാരധർമ്മം,
യമം, ധാരണാദ്ധ്യാനയോഗാദിയില്ല,
അനാത്മാശ്രയൻ ജ്ഞാനഹന്താദി വിട്ടാൽ
അകന്നൊക്കെ, ശേഷിച്ച ജ്ഞാനോ ശിവൻ താൻ.

കവി : സി. വി. വാസുദേവഭട്ടതിരി / ശങ്കരാചാര്യർ, കൃതി : *നിർവാണദശകം പരിഭാഷ*

---

[258] [*രാജേഷ്*] ശ്ലോകം **3.1825 :** മൂലശ്ലോകം (ഭർത്തൃഹരി) :

ബ്രഹ്മാ യേന കലാലവന്നിയമിതോ ബ്രഹ്മാണ്ഡ ഭാണ്ഡോദരേ,
വിഷ്ണുർയേന ദശാവതാര ഗഹനേ ക്ഷിപ്തോ മഹാ സങ്കടേ,
രുദ്രോ യേന കപാലപാണിപുടകൈർ ഭിക്ഷാടനം സേവതേ,
സൂര്യോ ഭ്രാമ്യതി നിത്യമേവ ഗഗനേ, തസ്മൈ നമഃ കർമ്മണേ!

3.1827 ആരാമ,മത്സ്യമിതിരൂപം. . . (ഹരി)

വസന്തതിലകം

ആരാമ,മത്സ്യമിതിരൂപമിയന്നിരുന്നൂ
ആരാമലീല,സഖിഗോപികളൊത്തുമാടീ
ആരാമയങ്ങളലിവോടെയകറ്റിടുന്നൂ
ആരാമസോദരപദാംബുജമാശ്രയാമി

കവി: ഹരിദാസ്

3.1828 അവനവന്റെയിടം. . . (രാജേഷ്)

ദ്രുതവിളംബിതം

അവനവന്റെയിടം വെടിയൊ,ല്ലതി–
ങ്ങവമതിയ്ക്കിടയാക്കിടുമാര്യനും
റബറിനിട്ട തടത്തിൽ മുളയ്ക്കിൽ
ചവറുപോൽത്തുളസിച്ചെടി നിർണ്ണയം

കവി: രാജേഷ്

3.1829 റാകിപ്പറക്കുമൊരു. . . (ഹരി)

വസന്തതിലകം

റാകിപ്പറക്കുമൊരു കൊച്ചുപരുന്തിനോടു
റാഞ്ചിപ്പറപ്പതിനൊരുത്തരവിട്ട കേമൻ
പ്രാകിക്കിതച്ചുഗതികെട്ടുനടന്നിടുന്നൂ
പാവം പരുന്തു ബത കണ്ടു രസിപ്പതുണ്ടാം

കവി : ഹരിദാസ്

3.1830 പുറം കഠോരം. . . (രാജേഷ്)

ഇന്ദ്രവജ്രാ/ഉപേന്ദ്രവജ്രാ

പുറം കഠോരം, പരിശ്രമിഷ്ടമൊട്ടു–
ക്കുള്ളോ മൃദുസ്വാദുരസാനുവിദ്ധം
നാടൻ കൃഷിക്കാരൊരു നാളികേര–
പാകത്തിലാണിങ്ങനെ മിക്കപേരും

കവി : കറ്റിപ്പുറത്തു കേശവൻ നായർ, കൃതി : *ഗ്രാമീണകന്യക*

3.1831 നലമൊടു മുല നൽകും. . . (കർത്താ)

മാലിനി

നലമൊടു മുല നൽകും പെണ്ണിനെക്കൊന്നവൻ, മാ–
തുലനുടെ കഥ തീർത്തോൻ, ഗോപിമാർ കെട്ടിയിട്ടോൻ,
കൊലയൊരുപടി ചെയ്തോൻ, താതനെത്താങ്ങുമെന്നോർ–
ത്തലമുറയിടുമെന്നെദ്ധിക്കരിക്കുന്നു ഞാൻ താൻ!

കവി : നടുവത്തു മഹൻ

3.1832 കാകൻ കറുത്തോൻ. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കാകൻ കറുത്തോൻ, കുയില്വും കറുത്തോൻ,
ഭേദം നിനച്ചാലിരുവർക്കുമില്ല
വസന്തകാലം വഴിപോലണഞ്ഞാ–
ലറിഞ്ഞിടാമായവർ തൻ വിശേഷം

കവി : കെ. സി. കേശവപിള്ള (വിവർത്തനം), കൃതി : *സുഭാഷിതരത്നാകരം*

3.1833 വാനത്തു ള്ളവെൺ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വാനത്തു ള്ളവെണ്മുഴുമുത്തുപൊലെ
സചേതനാസേചനകത്വമേന്തി,
ലസിച്ചൊരീയോമനയെച്ചവിട്ടി–
ത്താഴത്തുവീഴ്ത്താൻ കഴലാർക്കുയർന്നു?

കവി : **ഉള്ളൂർ**, കൃതി : *ഒരു മഴത്തുള്ളി*

3.1834 ലോക്കപ്പിലേയ്ക്ക് യമ. . . (ഹരി)

വസന്തതിലകം

ലോക്കപ്പിലേയ്ക്ക് യമദൂതരിറങ്ങിവന്നു
പോലീസുവേഷമതുപൂണ്ടു തിമിർത്തിടുന്നു
ദൈവത്തിനുള്ള നിജ നാടിതു വൈകിടാതെ
കാലന്റെതായിവരുമോ,ശിവ രക്ഷ രക്ഷ

കവി : ഹരിദാസ്

3.1835 ദിഷ്ടം പൂത്തുലയുന്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ദിഷ്ടം പൂത്തുലയുന്ന നന്ദനമിതാ,ണജ്ഞാതമാം താവകോ–
ദ്ദിഷ്ടം പോലെ ചുഴന്നിടും ഭഗണചക്രത്തിന്റെ കേന്ദ്രാക്ഷമായ്,
സ്പഷ്ടം യോഗികൾ വാഴ്ത്തുവോരിടമിതാ, ണിങ്ങാണു വിദ്യത്പരാ–
മൃഷ്ടം ചിന്മയസൗഭഗം പരിലസിച്ചീടുന്ന പുണ്യാലയം!

കവി : **യൂസഫലി കേച്ചേരി**, കൃതി : *അഹൈന്ദവം*

3.1836 സ്വൽപം പരപ്പുള്ളൊരു. . . (രാജേഷ്)

ഇന്ദ്രവജ്ര

സ്വൽപം പരപ്പുള്ളൊരു നാവിളക്കാ–
നുൾപ്പൂവിലേറ്റം മടിയാർന്ന മൂഢൻ
അൽപേതരക്ലേശമൊടംഗമെല്ലാം
കൽപിച്ചിടുന്നു പല വേലകൾക്കായ്.

കവി : കെ. സി. കേശവപിള്ള (തർജ്ജമ), കൃതി : *സുഭാഷിതരത്നാകരം*

3.1837 ആരാ,ധനഞ്ജയനു. . . (ഹരി)

വസന്തതിലകം

ആരാ,ധനഞ്ജയനു സാരഥിയായിരുന്നു
ആ,രാധ,നാഥപദമോടെ രസിച്ചിരുന്നു
ആരാ,ധനാശ വിടുവാനൊരു ഭക്തിയോടെ
ആരാധനയ്ക്കവരുമാപദമേവലംബം

കവി : ഹരിദാസ്

3.1838 ആർത്താതങ്കാപഹേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ആർത്താതങ്കാപഹേ, മാലലരുകളുയിരിൻ ലോലസൂത്രത്തിലെണ്ണി–
ക്കോർത്താരാൽ വെച്ച മാലാവിരസത തെളിവാർന്നൊന്നു നീ നോക്കിടും നാൾ,
നീർത്താർക്കണ്ണിൻ കടയ്ക്കൽ പൊടിയുമൊരലിവിൻ ബിന്ദുവിൽ ത്രുവൽ മുക്കി–
ത്തീർത്താവൂ നിന്റെ ചിത്രം വിസ്മരവിലസദ്ധ്യുന്ദവീചീവിചിത്രം!

കവി : യൂസഫലി കേച്ചേരി, കൃതി : *നാദബ്രഹ്മം*

3.1839 നാദബ്രഹ്മമഹാഗ്നിതന്നിൽ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

നാദബ്രഹ്മമഹാഗ്നിതന്നിലലിവോടാവിശ്വകർമ്മാവെടു–
ത്തുതിക്കാച്ചിയ സ്വർണ്ണമേ, നിഖിലലോകത്തിന്റെ സായുജ്യമേ,
ശ്രോതാക്കൾക്കമരത്വമെന്നുമരുളും പീയൂഷമേ, സാഹിതീ–
ശ്രീതാവും മലയാളഭാഷയുടെ സത്സൗഭാഗ്യമേ, സ്വാഗതം!

കവി : ഉമേഷ് നായർ, കൃതി : *യേശുദാസിനോട്*

3.1840 ശ്രീയാ, ണർവ്വശിയാണു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ശ്രീയാ, ണർവ്വശിയാണു, ശീലവതിയാണെന്നൊക്കെ നാട്ടാർ വെടി–
പ്പായാഹന്ത! പുകഴ്ത്തുമീ മൊഴികളാൽ കർണ്ണം തഴമ്പിച്ച മേ;
പ്രേയാനോടൊരുമിപ്പതിന്നു തടവില്ലാത്തോരു സാധാരണ–
സ്ത്രീയായാൽ മതിയായിരുന്നു – വിധി താനെന്നെച്ചതിച്ചൂ വൃഥാ!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.1841 പോകാറില്ലിവനമ്പലത്തിതുനാൾ. . . (ദേവദാസ്)

ശാർദ്ദൂലവിക്രീഡിതം

പോകാറില്ലിവനമ്പലത്തിലിതുനാൾ, കൈകൂപ്പി യാചിക്കുവാൻ
പോകാറില്ല, കഴിക്കലില്ലൊരു പണപ്പാൽപായസം മാലയും
മൂകം ഭക്തിയൊടെന്നുമെന്റെ കഴിവിന്നാകുന്ന ശ്രുശ്രൂഷ ഞാ–
നേകീടുന്നു പിതാവി, നെന്റെ മിഴിയിൽ കാണുന്ന ദൈവത്തിനായ്

കവി : മായന്നൂർ ചിത്രൻ

3.1842 മായാജാലങ്ങൾ കോലാഹലമൊടു. . . (കർത്താ)

സ്രഗ്ധര

മായാജാലങ്ങൾ കോലാഹലമൊടു തലയിൽക്കാലിലക്കാൽച്ചിലമ്പും
ചാലേ മേലൊക്കെ മാലേയവുമരയിലണിച്ചേലയും ചാർത്തി ഭംഗ്യാ
ചേലോടാലോലനീലോൽപലദളമിഴിയാളൂഴി പാലിച്ച മേച്ചിൽ–
ക്കോലും കൈക്കൊണ്ടു കോലുംകളുകമൊടമരും കോലമാലംബനം മേ.

കവി : ഒടുവിൽ, കൃതി : *സമസ്യാപൂരണം*

3.1843 ചരിയ്ക്കും പഥത്തിന്റെ. . . (രാജേഷ്)

ഭുജംഗപ്രയാതം

ചരിയ്ക്കും പഥത്തിന്റെ നേരല്ല മുഖ്യം,
ജനിയ്ക്കും കുലത്തിൻ വലിപ്പച്ചെറുപ്പം
ബലിയ്ക്കീ നിജത്തെദ്ധരിപ്പിച്ച മോക്ഷം
കൊടുക്കാൻ പിറക്കും ഹരിയ്ക്കായ് നമിയ്ക്കാം

കവി : രാജേഷ് ആർ. വർമ്മ

3.1844 ബന്ധമെന്തിവിടെ മാബലിയ്ക്ക്. . . (കർത്താ)

കുസുമമഞ്ജരി

ബന്ധമെന്തിവിടെ മാബലിയ്ക്ക പഴകിദ്രവിച്ചതു പൊടിഞ്ഞുപോ–
യന്ധനല്ലിവനതിന്നു കണ്ടു, പുലബന്ധമില്ലിനിയുമോണമായ്;
സിന്ധുശായിഭഗവാനൊടന്നു വരബന്ധമൊന്നിതു പുലർത്തുവാൻ
ബന്ധമെ,ന്തതുമഹന്തതന്നെ; യിതതിന്നു ചേർന്ന പരിണാമമോ?

കവി : എൻ. ഡി. കൃഷ്ണനുണ്ണി, കൃതി : *മാബലി*

3.1845 സാധിച്ചു വേഗമഥവാ. . . (ഉമേഷ്)

വസന്തതിലകം

സാധിച്ചു വേഗമഥവാ നിജ ജന്മകൃത്യം
സാധിഷ്ഠർ പോ – ട്ടിഹ സദാ നിശി പാന്ഥപാദം
ബാധിച്ചു തൃക്ഷശില വാഴ്വതിൽ നിന്നു മേഘ–
ജ്യോതിസ്സു തൻ ക്ഷണികജീവിതമല്ലി കാമ്യം.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1846 ബന്ധിച്ചു കർമ്മസങ്ഗം. . . (മധുരാജ്)

സ്രഗ്ധര

ബന്ധിച്ചു കർമ്മസങ്ഗം, ഫലമതനുഭവിച്ചീടുവാനായ്പ്പിറക്കേ
വെണ്ടു വിണ്മൂത്രമധ്യേ ജഠരദഹനനിൽപ്പിന്നെ ഗർഭത്തിൽ വാഴ്കേ
എന്തെല്ലാം സങ്കടം ഞാനവിടെയനുഭവിച്ചെന്നു ചൊല്ലാവതല്ലേ
ക്ഷന്തവ്യോ മേ∫ പരാധഃ ശിവ ശിവ ശിവ ഭോ! ശ്രീമഹാദേവശംഭോ!

കവി : പി. സി. മധുരാജ് / ശങ്കരാചാര്യർ

3.1847 ഏറ്റം ഭംഗ്യാ ചെരിയ്ക്കും. . . (രാജേഷ്)

സ്രഗ്ധര

ഏറ്റം ഭംഗ്യാ ചെരിയ്ക്കും ഗളമൊടുടനുടൻ പിന്നിലെത്തുന്ന തേർമേൽ
നോട്ടം ന, ട്ടേറെയും പിന്നടലിഷുഹതിഭീ കൊണ്ടു മുന്നെയ്തിലാക്കി,
വാട്ടത്താൽ വാ പിളർ, ന്നദ്ധ്വനി പകുതി ചവച്ചുള്ള ദർഭങ്ങൾ ചിന്നി,–
ച്ചാട്ടത്താൽ കാൺക, വാനിൽ പെരുതു, മവനിയിൽ ചെറുമായ് വെച്ചടിപ്പൂ!

കവി : വള്ളത്തോൾ/കാളിദാസൻ, കൃതി : *അഭിജ്ഞാന ശാകുന്തളം*

3.1848 വനമുല്ലയിൽ നിന്നു. . . (കർത്താ)

വിയോഗിനി

വനമുല്ലയിൽ നിന്നു വായുവിൻ
ഗതിയിൽ പാറിവരുന്ന പൂക്കൾ പോൽ
ഘനവേണി വഹിച്ച കുന്തലിൽ
പതിയും തൈജസകീടപംക്തിയെ.

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.1849 ഘനമാമനുകമ്പയിൽ. . . (ബാലേന്ദു)

വിയോഗിനി

ഘനമാമനുകമ്പയിൽത്തട–
ഞ്ഞനതിവ്യാകുലമൊന്നുനിന്നുടൻ
ജനകാത്മജ തന്റെ ചിന്തയാം
വനകല്ലോലിനി പാഞ്ഞുവീണ്ടുമേ.

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.1850 ജീവാത്മാക്കളിലർഭകപ്രണയമായ്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ജീവാത്മാക്കളിലർഭകപ്രണയമായ് മെത്തും മഹാശക്തിതാൻ
മൂവാരം ചെറുമുട്ടകൾക്കടയിരുത്തുന്നു പിടപ്പക്ഷിയെ
ഭ്രവാസത്തിനണഞ്ഞിടാൻ, നിജകുലം സൃഷ്ടിക്കുവാൻ, ചാമ്പലായ്–
പ്പോവാനും വിധി നൂറ്റ പൊന്നിഴയിലെപ്പാവയ്ക്ക പങ്കെടുവാൻ!

കവി : യൂസഫലി കേച്ചേരി, കൃതി : *പാവ (ഒറ്റശ്ലോകം)*

3.1851 ഭക്ത്യാ സേവിച്ചതോറും. . . (ഗോപകുമാർ)

സ്രഗ്ധര

ഭക്ത്യാ സേവിച്ചതോറും പരിചൊടു സുചിരം ഭാവിതം വസ്തുതാനാ–
മിത്ഥം കാണായ പൗരാണിക ദണിതികണക്കല്ല കല്യാണമൂർത്തേ
നിത്യം നിന്മേനി നീലോൽപലനവകരികാകാന്തി ചിന്തിച്ചതോറും
ചിത്തം മേന്മേൽ പെടുക്കിന്റതു മമ നിരതരാം നിർമ്മലം ചെമ്മരേശ!

3.1852 നിവൃത്തതർഷൈരുപ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നിവൃത്തതർഷൈരുപഗീയമാനാത്
ഭവൗഷധാച്ഛ്രോത്ര മനോഭിരാമാത്
ക ഉത്തമശ്ലോകഗുണാനുവാദാത്
പുമാൻ വിരജ്യേത വിനാ പശുഘ്നാത്

കവി : വ്യാസൻ, കൃതി : *ഭാഗവതം 10–4*

3.1853 കോടക്കാറാണ മെയ്യിൽ. . . (കർത്താ)

സ്രഗ്ധര

കോടക്കാറാണ മെയ്യിൽ, കൃതമതി ധവളപ്രൗഢി ചേർപ്പ യശസ്സിൽ;
മാടഞ്ചാറാണ ചുറ്റും, നരതതി നടുവേ വാഴ്വ നിത്യം നിരീഹൻ;
ഓടപ്പുല്ലാണ കയ്യിൽ, യദുപതി മധുതാൻ കോരിവീഴ്ത്തുന്ന മുറ്റും;
വേടക്കമ്പാണ കാലിൽ ജിതമൃതി കവിതാകന്ദവർഷാംബുവാഹം!

കവി : യൂസഫലി കേച്ചേരി, കൃതി : *നാദബ്രഹ്മം*

3.1854 ഒട്ടല്ലെൻ കർമ്മദോഷം. . . (ഗോപകുമാർ)

സ്രഗ്ധര

ഒട്ടല്ലെൻ കർമ്മദോഷം, കഠിനമതു, കടക്കണ്ണിനാൽ തീയിവണ്ണം
വിട്ടല്ലേ പിഷ്ടപേഷം പടി വെറുതെ മയക്കുന്നതെന്തിജ്ജനത്തെ?
മട്ടെല്ലാം മാറി ഞാനോ ബഹുവിവശയതായ്ത്തീർന്നുവെന്നല്ല, നിൻ മെയ്
കിട്ടാനല്ലാതെ മറ്റൊന്നിനുമൊരു സമയം ചിന്തയില്ലെന്തു ചെയ്യാം?

കവി : ശീവൊള്ളി, കൃതി : *ദുസ്സ്പശനാടകം*

3.1855 മേലാ കാണുവതിന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മേലാ കാണുവതിന്നു, കേരളധരാരാഷ്ട്രീയസദ്വേദിയിൽ
ഹാ, ലാംഗ്ലലവിഹീനരായ കപികൾ കാട്ടുന്ന പേക്കൂത്തുകൾ;
ആലോചിക്ക, ജനാധിപത്യഭരണം പോകുന്ന പോക്കെങ്ങു താൻ?
കാലം വൈകിയിരിക്കയാണ പലതും മാറ്റിപ്പണിഞ്ഞീടുവാൻ.

കവി : ഉമേഷ് നായർ, കൃതി : *(സമസ്യാപൂരണം, ഭാഷാപോഷിണി, 1982)*

3.1856 അരുളേ തിരുമേനി. . . (കർത്താ)

തോടകം

അരുളേ തിരുമേനിയണഞ്ഞിടുമീ–
യിരുളേ വെളിയേയിടയേ പൊതുവേ,
കരളേ, കരളിങ്കലിരിക്കുമരും–
പൊരുളേ, പുരി മൂന്നുമെരിച്ചവനേ!

കവി : ശ്രീനാരായണഗുരു

3.1857 കനകരുചിരചേലം. . . (ജ്യോതി)

മാലിനി

കനകരുചിരചേലം കാന്തിപൂരാലവാലം
സകലഭുവനപാലം സജ്ജനേച്ഛാനുകൂലം
ഖഗപരിവൃഢവാഹം ഖണ്ഡിതാശേഷമോഹം
മഥിതരിപുസമൂഹം മാരുതേശം ഭജേ ∫ ഹം

കവി : കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കൃതി : *ശ്രീഗുരുവായൂപുരേശസ്തവം*

3.1858 ഖേദത്തൊടർത്ഥിച്ചിടുവോർക്കു. . . (കർത്താ)

ഇന്ദ്രവംശ

ഖേദത്തൊടർത്ഥിച്ചിടുവോർക്കു നന്മ നിർ–
വാദം കനിഞ്ഞേകിടുമീശ്വരാത്മജൻ
ഭേദം പെടാതക്ഷികൾ തൊട്ടവർക്കു സ–
മ്മോദം ജനിക്കും വിധമേകി കാഴ്ചയെ.

കവി : കട്ടക്കയം, കൃതി : *ശ്രീയേശു വിജയം*

3.1859 ഭണ്ഡദൈത്യ. . . (ജ്യോതി)

സ്വാഗത

ഭണ്ഡദൈത്യദമനീസഹജോ ∫ വ്യാത്
കുണ്ഡലീന്ദ്രശയനഃ പവനേശഃ
ഖാണ്ഡവസ്യ സുഹിതാദ്യദുപേതഃ
പാണ്ഡവോലഭത ഗാണ്ഡീവമഗ്നേഃ

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശ്രീഭരതവായുപുത്രസംഭവം*

3.1860 ഖേദവ്യാകുല, കേരളാവനി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഖേദവ്യാകുല, കേരളാവനി കരഞ്ഞീടുന്നതും, തീവ്രനിർ–
വ്വേദവ്യാഹതചിത്തകൈരളി വിരഞ്ഞിമ്മട്ടു മൂർഛിച്ചതും,
ഹാ! ദർശിച്ചു ഭവദ്ഗുണങ്ങളനുമാനിക്കാം സഖേ! ഭൂവിൽ നിർ–
വ്വാദം വിശ്വഭരം രസത്തിൽ നിലനിർത്തീടുന്ന വാഗ്വേദികൾ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.1861 ഹാസ്യമിത്ര. . . (ജ്യോതി)

രഥോദ്ധത

ഹാസ്യമിത്ര പരിഹാസ്യമാകവേ
ആസ്യമൊട്ടു നനയുന്നിതശ്രുവാൽ
ഉത്സവം പൊടിപൊടിച്ചു കണ്ടിടാം
ദൂരദർശന വിശേഷ വൈഭവം!

കവി : ജ്യോതിർമയി

3.1862 ഉക്തി നല്ലതു സംസ്കൃതം. . . (കർത്താ)

മല്ലിക

ഉക്തി നല്ലതു സംസ്കൃതം പര, മില്ല സംശയമെങ്കിലും
വ്യക്തമായി മനസ്സിലാക്കുവതിന്നു മിക്കതുമാളുകൾ
ശക്തികെട്ടു ചമഞ്ഞിടുന്നതുകൊണ്ടു കേരളഭാഷയായ്
മുക്തിമാർഗ്ഗമതായ സൽക്കഥയൊന്നുടൻ പറയുന്നു ഞാൻ.

കവി : വെണ്മണി മഹൻ, കൃതി : *ഒരു പറയൻ ഗണപതി*

3.1863 ശീലിച്ചു ഗാനമിടചേർന്നു. . . (ജീവി)

വസന്തതിലകം

ശീലിച്ചു ഗാനമിടചേർന്നു ശിരസ്സുമാട്ടി–
ക്കാലത്തെഴും കിളികളോടഥ മൗനമായ് നീ
ഈ ലോകതത്വവുമയേ, തെളിവാർന്ന താരാ–
ജാലത്തൊടുമുഖതയാർന്നു പഠിച്ചു രാവിൽ

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1864 ഇത്തന്വി മന്നവനു. . . (ജ്യോതി)

വസന്തതിലകം

ഇത്തന്വി മന്നവനു വല്ലഭയായ് ഭവിപ്പ–
മൊത്തു വിപത്തിതവർ മുൻപുരചെയ്തവണ്ണം
ഇച്ചെയ്തതിന്നെഴുമുറപ്പതു താൻ വിധിപ്പും
നീക്കാവതല്ല സുപരീക്ഷിത സിദ്ധവാക്യം

കവി : കെ.പി. നാരായണ പിഷാരടി/ ഭാസൻ, കൃതി : *സ്വപ്നവാസവദത്തം*

3.1865 ഇന്നീവിധം ഗതി. . . (ജീവി)

വസന്തതിലകം

ഇന്നീവിധം ഗതി നിനക്കയി പോക! പിന്നൊ–
ന്നൊന്നായ്ത്തുടർന്നു വരുമാ വഴി ഞങ്ങളെല്ലാം
ഒന്നിനുമില്ല നില – ഉന്നതമായ കുന്നു–
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1866 ഒന്നിച്ചുണ്ടായുരുമ്മീട്ട്. . . (കർത്താ)[259]

സ്രുദ്ധര

ഒന്നിച്ചുണ്ടായുരുമ്മീട്ടൊരു തടമതിൽ നൽജ്ജാതിചൂതങ്ങൾ തയ്യായ്
നന്ദിച്ചൊപ്പം തളിർത്തങ്ങുയരുമളവിലന്യൂറ്റനാം കാറ്റിനാലെ
ഭിന്നിച്ചാജ്ജാതിചേർന്നാളൊരു വനതരുവായ്, ക്കാട്ടുതണ്ടൊന്നു ചൂതം
തന്നിൽച്ചെന്നും പിണഞ്ഞാൾ, അതിവിഷമമഹോ ദൈവയോഗപ്രയോഗം.

കവി : വെണ്മണി മഹൻ, കൃതി : *(പരിഭാഷ – മേൽപ്പുത്തൂരിന്റെ 'ഏകസ്മിന്നാല...')*

3.1867 ഭീമം വനം ഭവതി. . . (ജീവി)

വസന്തതിലകം

ഭീമം വനം ഭവതി തസ്യ പുരം പ്രധാനം
സർവോജനഃ സ്വജനതാമുപയാതി തസ്യ
കൃത്സ്നാ ച ഭൂർഭവതി സന്നിധിരത്നപൂർണാ
യസ്യാസ്തി പൂർവസുകൃതം വിപുലം നരസ്യ

കവി : ഭർത്തൃഹരി, കൃതി : *നീതിശതകം*

---

[259] **[കർത്താ] ശ്ലോകം 3.1866 :** മൂലശ്ലോകം (മേൽപ്പുത്തൂർ) :

ഏകസ്മിന്നാലവാലേയുഗപദഭവതാം മാലതീചൂതപോതാ–
വന്യോന്യം സംസ്പൃശന്തൗ തരുണകിസലയൗ വർദ്ധമാനൗ സമാനൗ
ആരൂഢാമാലതീസാകമപി വനതരും ചണ്ഡവാതപ്രണുന്നാ
ഹാ! കഷ്ടം! തം ച ചൂതം സ്പൃശതി വനലതാ, ദുർഘടോ ദൈവയോഗഃ

3.1868 കണ്ടാലെന്താണ,കുന്നിന്മകൾ. . . (ഗോപകുമാർ)

സ്രഗ്ധര

"കണ്ടാലെന്താണ,കുന്നിന്മകളവളെവളാ,ണെന്ത നമ്മോടെടുക്കും,
കണ്ടോട്ടേ കള്ളി, ഞാനിന്നമൃതകരകലാപന്റെ കൂടെക്കിടക്കും;
ഉണ്ടോ ഭേദം നമുക്കെ"ന്നമരനദി ജടാമണ്ഡലത്തിന്നിറങ്ങി–
ക്കണ്ടപ്പോൾ കാളിമാതിൻ കലുഷത കലരും കണ്ണു കാമം തരട്ടേ!

കവി : **ശീവൊള്ളി** , കൃതി : *മംഗളശ്ലോകങ്ങൾ*

3.1869 ഉഴന്ന പാന്ഥപ്പരിഷയ്ക്ക്. . . (ജീവി)

വംശസ്ഥം

ഉഴന്ന പാന്ഥപ്പരിഷയ്ക്കനർത്ഥദൻ;
സദാലസൻ, പാമ്പിനു സദ്യ നൽകുവോൻ;
സുഹൃത്തുമേലം കവരുന്ന തസ്കരൻ;
കവീശ്വരർക്കെങ്ങനെ ചെല്ലുമായി നീ!

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *മലയവിലാസം*

3.1870 സ്വയമേ നിജപുത്രനെ. . . (ഗോപകുമാർ)

വസന്തമാലിക

സ്വയമേ നിജപുത്രനെക്കെടുത്തീ–
ബ്ഭയമേതെങ്കിലുമിന്നു ഞാനൊഴിപ്പാൻ
നയമേറിനരാജപുത്രർ ചത്തും
മയമേറുമ്പടി രാജഭക്തികാട്ടും

കൃതി : *പന്നയുടെ ത്യാഗം*

3.1871 നിന്നെത്താണുതൊഴുന്നവർക്ക്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നിന്നെത്താണുതൊഴുന്നവർക്കവരപേക്ഷിക്കാതെ കണ്ടും കട–
ന്നൊന്നാംക്ലാസു വരം കൊടുത്തു വിടുവാനൊട്ടും പിശുക്കില്ല തേ;
എന്നാല, പ്പണി ഞാനെടുക്കുകിലെനിക്കെന്നും വരം നീ കൊട്ട–
ക്കുന്നീ, ലായതു ഹന്ത! നിന്നുടെ കുമ്പല്ലേ കുരുംബേശ്വരീ.

കവി : **ശീവൊള്ളി**, കൃതി : *മംഗള ശ്ലോകങ്ങൾ*

3.1872 ഏതാനും പിഴ ഞാനറിഞ്ഞും. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഏതാനും പിഴ ഞാനറിഞ്ഞുമറിയാതേകണ്ടു ചെയ്തീടിലും
മാതാവാകിയ നീയൊഴിഞ്ഞതു സഹിപ്പാനില്ല മറ്റാരുമേ
കാതോളം വിലസും കടാക്ഷമതുകൊണ്ടെന്നെ ക്ഷണം നോക്കിയാൽ
ചേതം വന്നിടുമോ നിനക്കു തിരുമാന്ധാംകുന്നിൽ മേവും ശിവേ?

3.1873 കോടക്കാറിടയുർന്നതാണ ഗഗനം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കോടക്കാറിടയുർന്നതാണ ഗഗനം, രാധേ, തമാലാപ്തമി–
ക്കാടൊട്ടുക്കിരുളാർന്നതാണ,നിശയായോർത്താലിവൻ ഭീരുവും;
വീടെത്തിച്ചിടുകാകയാലിവനെ നീതാ,നെന്ന നന്ദോക്തിയാൽ
കൂടിച്ചേർന്ന ഗമിച്ചു മാധവനുമന്നുൾപ്രീതരായ് രാധയും!

കവി : ചങ്ങമ്പുഴ, കൃതി : *ദേവഗീത (ഗീതഗോവിന്ദം പരിഭാഷ)*

3.1874 വാക്കാലാക്കാല സാംസ്കാരിക. . . (ജീവി)

സ്രഗ്ധര

വാക്കാലാക്കാല സാംസ്കാരികവടിവു വരച്ചോരു പൂരപ്രബന്ധം
നോക്കാനോർക്കുമ്പൊളാർക്കാൻ പുളയിളകുകിലാ വെണ്മണിക്കെന്തുദോഷം
നാക്കാലേ സ്വാദുനോക്കാത്തൊരു നവവിഭവം കണ്ടപാടുണ്ടതെല്ലാം
ഓക്കാനിച്ചാലതിന്നിന്നവനുടെ ദഹനക്കേടുതന്നേനിദാനം

3.1875 നായന്മാരാഭിജാത്യപ്പെരുമയിൽ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

നായന്മാരാഭിജാത്യപ്പെരുമയിൽ വിവിധാചാരമര്യാദകൾക്കായ്
പാരം സമ്പത്തൊടുക്കിദ്ദുരിതമയമഹോ ജീവിതം തീർത്തകാലം
മേനോൻ ശ്രീപദ്മനാഭൻ വരകവി കനകത്തസ്തരും വചസ്സിൽ
വാളാലൊട്ടൊന്നൊതുക്കീ ധ്രുവമഹിതകരം വൻ ദുരാചാരഭാരം.

കവി : എം. പി. കേശവപ്പണിക്കർ, കൃതി : *വരകവി (മുക്തകങ്ങൾ)*

3.1876 മുട്ടാതെയെന്നുമൊരു. . . (ജീവി)

മത്തേഭം

മുട്ടാതെയെന്നുമൊരു പട്ടാടതന്നെ തവ കിട്ടാത്തതോ പശുപതേ
കേട്ടാലുമെന്തു ബത കാട്ടാന തന്റെ തുകിൽ കൈട്ടാനരയ്ക്ക കുതുകം
പിട്ടായൊരിക്കലൊരു കാട്ടാളവേഷമതു കൈട്ടാൻ തുനിഞ്ഞതു വശാൽ
മുട്ടായിതെന്നുമയി കിട്ടാനിതെന്തു കൊതി പട്ടാങ്ങതാരുമറിയാ.

കവി : എ.ആർ. രാജരാജവർമ്മ

3.1877 പുത്തന്തേന്മൊഴിമാർകു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പുത്തൻതേന്മൊഴിമാർകുലത്തിനരിയോരുത്തംസമാം ഭൈമിതൻ
ചിത്തം താനഥ പത്തിനഞ്ചുവനറിഞ്ഞിത്ഥം കൃശാങ്ഗ്യാ ഗിരാ
അത്യന്തം ബത മുഗ്ധയോടനുസരിച്ചെല്ലാമറിഞ്ഞീടുവാ–
നുദ്യോഗിച്ചു വിദഗ്ധനാം ഖഗവരൻ വൈദർഭിയോടുക്തവാൻ.

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം*

3.1878 അഞ്ചിതദ്യുതി ചൂതപുഷ്പ. . . (ജീവി)[260]

മല്ലിക

അഞ്ചിതദ്യുതി ചൂതപുഷ്പ! ധനുസ്സെടുത്തൊരു ധീരനാം
പഞ്ചബാണനു നിന്നെ ഞാനിഹ സഞ്ചിതാദരമേകിനേൻ
കുഞ്ചിതാളകമാർ മനസ്സിനു ചഞ്ചലത്വവിധായകം
തഞ്ചമോടു ഭവാധുനാ പുനരഞ്ചിലേറിയ സായകം.

[260] [*ഉമേഷ്*] ശ്ലോകം **3.1878 :** മൂലശ്ലോകം (കാളിദാസൻ) :

ഇം സി മഅ ചൂദങ്കര! / ദിണ്ണോ കാമസ്സ ഗഹീദധണുങ്കസ്സ
പഹിഅജണജുവഇലക്ഖോ /പഞ്ചബ്ഭഹിഓ സരോ ഹോഹി.
(ത്വമസി മയാ ചൂതാങ്കര! / ദത്തഃ കാമാസ്യ ഗൃഹീതധനുശഃ
പഥികജനയുവതിലക്ഷഃ / പഞ്ചാഭ്യധികഃ ശരോ ഭവ.)

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ഭാഷാശാകുന്തളം*

3.1879 കാലന്റെ കിങ്കരസമൂഹം. . . (ബാലേന്ദു)

വസന്തതിലകം

കാലന്റെ കിങ്കരസമൂഹമിവന്റെ കയ്യും
കാലും വരിഞ്ഞ കയറൽപ്പമയച്ചിടാതെ
മേലോട്ടു കത്തിയുയരുന്നൊരു തീയ്ക്കകത്തു
മേലാളിടുന്ന പടിയിട്ടു വറുത്തെടുക്കും

കവി : മായന്നൂർ ചിത്രൻ

3.1880 മുട്ടീ മുട്ടീലുരുക്കിൻ. . . (ജീവി)

സ്രുദ്ധര

മുട്ടീ മുട്ടീലുരുക്കിനുസലമലസമായാഞ്ഞെറിഞ്ഞോരുപാശം
കെട്ടീ കെട്ടീലകണ്ടം പരിസരമുടനേ വിട്ടതെന്തേ കൃതാന്തൻ?
വിട്ടു ശ്വാസപ്രയാസം കുളിരുടലിലിളംചൂടുവീണ്ടും കടന്നു
പെട്ടെന്നദ്ധർമ്മരാജന്നഴലിലുരുകുമെൻ സാധ്വി സാവിത്രിയായോ?

കവി : വി. കെ. ജി., കൃതി : *അവിൽപ്പൊതി*

3.1881 വന്ദേരാജാധിരാജേശ്വര. . . (ഗോപകുമാർ)

വന്ദേ രാജാധിരാജേശ്വരമഖിലശുഭൈകാസ്പദം ശ്രീപുരേശം,
വന്ദേ ഗോവിന്ദമിന്ദീവരദളനയനം ശർമ്മദം ശംബരേശം
വന്ദേ വൈദ്യാധിനാഥം ഗദനികരഹരം ചാരുകാസ്കശം
വന്ദേ ബാലാചലാംബാമനിശമവനതാഭിഷ്ടദാമന്നപൂർണ്ണാം

കവി : അപ്പുക്കുട്ടൻ മൂസത്, കൃതി : *ഹനുമദ്വിജയം ആട്ടക്കഥ (വന്ദന ശ്ലോകം)*

3.1882 വിതിർണേ സർവസ്മേ. . . (ജീവി)

ശിഖരിണി

വിതിർണേ സർവസ്മേ തരുണകരുണാപൂർണഹൃദയാഃ
സ്മരന്തഃ സംസാരേ വിഹ്വലപരിണാമാം വിധിഗതിം
വയം പുണ്യാരണ്യേ പരിണതശരച്ചന്ദ്രകിരണാഃ
ത്രിയാമാ നേഷ്യാമോ ഹരചരണചിന്തൈകശരണാഃ

കവി : ഭർത്തൃഹരി., കൃതി : *വൈരാഗ്യശതകം*

3.1883 വിരമ വിരമ വഹ്നേ. . . (ജ്യോതി)

മാലിനി

വിരമ വിരമ വഹ്നേ! മുഞ്ച ധൂമാനുബന്ധം
പ്രകടയസി കിമുച്ചൈരർച്ചിഷാം ചക്രവാളം
വിരഹഹതഭുജാഹം യോ ന ദഗ്ധഃ പ്രിയായാഃ
പ്രളയദഹനഭാസാ തസ്യ കിം ത്വം കരോഷി?

കവി : ശ്രീഹർഷൻ, കൃതി : *രത്നാവലീ*

3.1884 വിലയെഴുമനുരാഗ. . . (ഗോപകുമാർ)

അപരവക്ത്രം

വിലയെഴുമനുരാഗമത്തലാൽ
തുലയുവതല്ല, മരിച്ചു മേൽക്കുമേൽ
വിലസിടുമടിയേറ്റ വെള്ളിപോ–
ലുലയതിലുതിയ പൊന്നുപോലെയും

കവി : കുമരനാശാൻ

3.1885 വലവുമിടവുമോരോ. . . (ജീവി)

മാലിനി

വലവുമിടവുമോരോ തോടൊടൊന്നിച്ചു കാന്തി–
ക്കലവികൾ കലരും നിങ്കായലിൻ പംക്തികണ്ടാൽ,
നലമൊടു തിരുമെയ്യിൽക്കീർത്തിമുദ്രാനിബദ്ധാ–
മലതരമണിഹാരം പോലെ തോന്നുന്നുതായേ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1886 നറും തേനതാവോളം. . . (ജ്യോതി)

ഭുജംഗപ്രയാതം

നറും തേനതാവോളമേവർക്കുമേകാ–
നിതൾ നീർത്തി വാടാതെ നിൽക്കുന്ന പൂവേ
നിറന്നീ ദളങ്ങൾ സദാ മോദമേകാൻ
തുണയ്ക്കട്ടെയർക്കൻ – അതാണെന്റെ മോഹം!

കവി : ജ്യോതി

3.1887 നടാടെപ്പിറന്നോരു. . . (ജീവി)

ഭുജംഗപ്രയാതം

നടാടെപ്പിറന്നോരു കുഞ്ഞിന്റെ പൂമെയ്
തൊടുമ്പോൾ പിതാക്കൾക്കുദിയ്ക്കും പ്രഹർഷം
ഒടുങ്ങാവതല്ലെന്നു, മെന്നാലുമോതാൻ
തുടങ്ങുന്നു കാലം "മറക്കു മറക്കു"

കവി : ബാലാമണിയമ്മ, കൃതി : *മറക്കു മറക്കു*

3.1888 ഔദാര്യം, ദയ, കാന്തി. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഔദാര്യം, ദയ, കാന്തി, ബുദ്ധി, ധൃതി,തേജസ്സുക്കലാകൗശലം,
സത്യം, ശൗര്യമകൈതവം വിനയമെന്നേവം ഗുണം സർവ്വവും
കിട്ടാതെങ്ങുമൊരാസ്പദം കലിയിലീ മന്നന്നടുത്താശ്രയി–
ച്ചെത്തുന്നു പ്രളയത്തിലച്യുതനെയസ്സൃഷ്ടിപ്രഭേദങ്ങൾ പോൽ

കവി : കെ.പി. നാരായണ പിഷരടി/മഹേന്ദ്രവിക്രമവർമ്മൻ, കൃതി : *മത്തവിലാസം പ്രഹസനം*

3.1889 കീലം പോയതുകൊണ്ടു. . . (ഗോപകുമാർ)

ശാർദ്ദൂലവിക്രീഡിതം

കീലം പോയതുകൊണ്ടു ലാടമിളകിക്കാലൂന്നിവെച്ചീടുവാൻ
മേലാതായ്–ത്തുരഗം നശിച്ചതുവശാൽ തോറ്റു ചമൂനായകൻ;
മേലാവിൻ ക്ഷതി കണ്ടു സേന സമരം വിട്ടോടി, ശത്രുക്കള–
ക്കാലം നാടു പിടിച്ചു – സർവ്വവുമൊരാണിക്കേടുകൊണ്ടാണിതു്.

കവി : ശീവൊള്ളി, കൃതി : *(പരിഭാഷ)*

3.1890 മേൽപ്പത്തൂർ പണ്ഡിതാണ്ഡാലന. . . (ജീവി)

സ്രുദ്ധര

മേൽപ്പത്തൂർ പണ്ഡിതാണ്ഡാലനമൃതവചോരത്നഭണ്ഡാര,മാരും
കൂപ്പും പൂന്താനവിപ്രൻ പവനപുരാധീനചിത്തൻ പവിത്രൻ,
അപ്പോരാളുന്ന ലീലാശ്രുകകവിയരവിന്ദാക്ഷപാദാബ്ജഭൃംഗം
മുപ്പേരും നൽകുകാശിസ്സടിയനുടെ'യവിൽ ക്കുമ്പി'ളാസ്വാദ്യമാവാൻ.

കവി : വി. കെ. ജി., കൃതി : *അവിൽപ്പൊതി*

3.1891 ആസ്ഥായ കോണാനിഹ. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ആസ്ഥായ കോണാനിഹ ഭിക്ഷുപാദ–
പ്രസാരണന്യായമഥാചരന്തഃ
ശനൈശ്ശനൈരാർജ്ജിതഭ്രവിഭാഗാഃ
സമാരുരുക്ഷൻ പരമം പദം തേ

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *ആംഗലസാമ്രാജ്യം*

3.1892 ശഠതകൾ ശരിയല്ല. . . (ജീവി)[261]

പുഷ്പിതാഗ്ര

ശഠതകൾ ശരിയല്ല; കേൾക്ക, വേൾക്കാൻ
മൃദുവൊരു കാപ്പു ധരിച്ച നിൻ കരം താൻ
ഫണിവളയണിവോൻ ശിവന്റെ പാണി–
ഗ്രഹണമതെങ്ങനെയാദ്യമേ സഹിക്കും?

കവി : കാളിദാസൻ/എ.ആർ, കൃതി : *കുമാരസംഭവം പരിഭാഷ*

3.1893 ഫൽഗ്രനപ്രിയമഫൽഗ്രദയാർദ്രം. . . (ജ്യോതി)

സ്വാഗത

ഫൽഗ്രനപ്രിയമഫൽഗ്രദയാർദ്രം
വൽഗ്രഹാസ ലസിതാസ്യമുപാസേ
ഖഡ്ഗകൃത്തദിതിജം കുമതീനാം
ദുർഗ്രഹം ഗുരുമരുദ്ഗൃഹനാഥം

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശ്രീഗുരുവായൂപുരേശസ്തവം*

---

261 [*ഉമേഷ്*] ശ്ലോകം **3.1892 :** മൂലശ്ലോകം (കാളിദാസൻ) :

അവസ്തുനിർബന്ധപരേ, കഥം നു തേ
കരോ $\int$ യമാമുക്തവിവാഹകൗതുകഃ
കരേണ ശംഭോർവലയീകൃതാഹിനാ
സഹിഷ്യതേ തത് പ്രഥമാവലംബനം.

3.1894 ഖ്യാതിപ്പെട്ടു പുരാണരൂപക. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഖ്യാതിപ്പെട്ടു പുരാണരൂപകകവിപ്രൗഢൻ കനിഞ്ഞീ വച–
സ്സോതി സ്വസ്തി പറഞ്ഞു മാറുമുടനങ്ങോരോ കലാവല്ലഭർ
ഹാ, തിക്കുന്ന സമാനകമ്പരരവരിൽ പൗരസ്ത്യപാശ്ചാത്യരാം
ജ്യോതിർവിത്തുകൾ മുഖ്യരാണുപചിതജ്യോതിഷ്പ്രസാദോജ്ജ്വലർ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.1895 ഹർഷമേകുവതിനച്ചനേറെ. . . (മധുരാജ്)

രഥോദ്ധത

ഹർഷമേകുവതിനച്ചനേറെ നിഷ്–
കർഷമാർന്നഥ വളർന്ന ഖിന്നയായ്
കർഷകൻ കിണറിനാൽ നനയ്ക്കിലും
വർഷമറ്റ വരിനെല്ല പോലെ ഞാൻ.

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.1896 കാമം, ഗർവ്വം, വിഷാദം,. . . (ഉമേഷ്)

സ്രഗ്ധര

കാമം, ഗർവ്വം, വിഷാദം, സുഖ – മിവ ചമയും ചീട്ടു പാടേ കശക്കും,
കാതിൽത്തുങ്ങും കുണുക്കായ് പെരുകുമപചയം, മൃത്യുവാകും തുറുപ്പാൽ
കാണാ നേരത്തു വെട്ടും – സരസമിതു വിധം ജീവിതക്കേളിയാടും
കാലത്തെക്കീഴടക്കാൻ കരവിരുതിയലും കാലനും പാശമില്ല.

കൃതി : *(സമസ്യാപൂരണം – ഭാഷാപോഷിണി)*

3.1897 കണ്ണാ, താവകദർശനാർത്ഥം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കണ്ണാ, താവകദർശനാർത്ഥമണയാൻ പാടില്ലെനിക്കെങ്കിലും
കണ്ണാൽ നിന്നെയരക്ഷണം നുകരുവാനെൻ തൃഷ്ണ ജൃംഭിക്കവേ
വിണ്ണാറായൊഴുകുന്ന നിൻ കരുണതൻ ദിവ്യാപദാനങ്ങളാ–
രെണ്ണാൻ?– ആശ്രിതഹൃദ്ഗതജ്ഞനുടനെൻ കണ്മുന്നിലെത്തീ ഭവാൻ!

കവി : യൂസഫലി കേച്ചേരി, കൃതി : *അഹൈന്ദവം*

3.1898 വരിക ഹൃദയനാഥ. . . (ഗോപകുമാർ)

പുഷ്പിതാഗ്ര

വരിക ഹൃദയനാഥ, വൈകി കാണ്മാൺ,
തിരുവടി മൗലിയിൽ വയ്ക്കുവാൻ മഹാത്മൻ,
തരിക ചിരവിയുക്തദർശനം, നീ
കരുണവഹിക്കുക, ദാസി ഞാൻ ദയാലോ.

കവി : കുമാരനാശാൻ, കൃതി : *ലീല*

3.1899 തെറ്റെന്നു ദേഹസുഷമാ. . . (ജീവി)

വസന്തതിലകം

തെറ്റെന്നു ദേഹസുഷമാപ്രസരം മറഞ്ഞു
ചെറ്റല്ലിരുണ്ടു മുഖകാന്തിയുമും കുറഞ്ഞു
മറ്റെന്തുരപ്പു? ജവമീ നവദീപമെണ്ണ
വറ്റിപ്പുകഞ്ഞഹഹ! വാടിയണഞ്ഞുപോയി.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.1900 മൂകത്വേന. . . (ഗോപകുമാർ)

ശാർദ്ദൂലവിക്രീഡിതം

മൂകത്വേന കൃതാന്തകൻ കരമണച്ചീടിൻറതെല്ലാം പൊറു–
ത്തീ കഷ്ടം! ഗതികെട്ട ജന്മമിനിയും തേടിൻറതെന്തിന്നു നാം?
ഏകച്ഛത്രമിദം ജഗത്ത്രയമെടുപ്പിക്കിൻറ ചെല്ലൂർപുരാ–
നേകം മോക്ഷപദം നമുക്കു കനിവോടേകും വണങ്ങീടിനാൽ

3.1901 ഏതാ നിഷിക്തരജത. . . (ജ്യോതി)

വസന്തതിലകം

ഏതാ നിഷിക്തരജതദ്രവസംനികാശാ
ധാരാജവേന പതിതാ ജലദോദരേഭ്യഃ
വിദ്യുത്പ്രദീപശിഖയാ ക്ഷണദൃഷ്ടനഷ്ടാ–
ശ്ചരിന്നാ ഇവാംബരപടസ്യ ദശാഃ പതന്തി

കവി : രുദ്രകൻ, കൃതി : *മൃച്ഛകടികം*

3.1902 വീണീടും ഹരിചന്ദന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വീണീടും ഹരിചന്ദനത്തളിരതിൻ നീരോ കശക്കിപ്പിഴി–
ഞ്ഞോണാങ്കന്റെ കരങ്ങളെ ദ്രുതമൊഴിച്ചീടുന്ന നൽധാരയോ
വേവും ജീവമനസ്സുകൾക്കു പരമാനന്ദത്തെ നൽകി ദ്രുതം
ജീവിപ്പിക്കുമൊരൗഷധീരസമതോ മാറത്തു ചേരുന്ന മേ!

കവി : ചാത്തുക്കുട്ടി മന്നാടിയാർ, കൃതി : *ഉത്തരരാമചരിതം*

3.1903 വാശ്രേവി നീയേ. . . (ജ്യോതി)

ഇന്ദ്രവജ്ര

വാശ്രേവി നീയേ തുണ നാവിലെന്നും
വാക്കിൻ പ്രവാഹം കുളിരുള്ളതാവാൻ
വാഗ്വാദകോലാഹലമേറ്റിടാതെ
വാഗ്വാദിനീ കാക്കുക മേലിലെന്നെ

കവി : ജ്യോതിർമയി

3.1904 വാനിൽച്ചാരുത ചേർന്നിടുന്ന. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

വാനിൽച്ചാരുത ചേർന്നിടുന്ന മുകിലിൻ തുണ്ടായ്, രസം മുറ്റുമി–
പ്പാരിൻ മോഹനവാടികൾക്കകമുലഞ്ഞീടുന്ന നൽപുഷ്പമായ്,
നീരിൽത്താമരയായ്, ദിനാന്തസമയത്താരക്തസൂര്യക്കതിർ–
ത്തേരിൻ ചാരുപതാകയായ് കവിത നീ മിന്നുന്നിതെങ്ങെങ്ങുമേ.

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.1905 നല്ലോരുട്ടുണ്ടമലജലം. . . (കർത്താ)

മന്ദാക്രാന്ത

നല്ലോരുട്ടുണ്ടമലജലമക്കുന്നിൽനിന്നൂറിടുന്നു
കല്ലോലാസ്ഫാലനമുഖരമാമാഴിതൻ തീരമാരാൽ
സല്ലോകർക്കസ്സലിലമധികം നല്ലതാണെന്നു തോന്നീ–
ട്ടല്ലോ പാരം പ്രിയതയതിലിന്നോർക്കിലുണ്ടായിടുന്നു.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1906 സ്വവശസുലഭ. . . (ഗോപകുമാർ)

പുഷ്പിതാഗ്ര

സ്വവശസുലഭശ്ലേഷയാലണഞ്ഞെ–
ന്നവയവപംക്തിയലങ്കരിക്ക തോഴി,
സവിധമതിലണഞ്ഞു കാണണം കേ–
ളവികലശോഭയൊടെന്നെയാത്മനഥൻ

കവി : കുമാരനാശാൻ, കൃതി : *ലീല*

3.1907 സബ്ജക്ടു കണ്ട്രോൾ. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സബ്ജക്ടു കണ്ട്രോൾ, പറയുന്നതോ സ്ത്രീ,
ശബ്ദം സുവീണാക്വണനോപമം താൻ,
വയസ്സു പത്തൊൻപതിനിപ്പുറത്താ–
ണാൾത്തിക്കു കൂടാനിനിയെന്തു വേണം?

3.1908 വെണ്മാടങ്ങൾക്കൊഴുകുമഴകോ. . . (കർത്താ)

മന്ദാക്രാന്ത

വെണ്മാടങ്ങൾക്കൊഴുകുമഴകോ, തത്രവർത്തിക്കുമോമൽ
പ്പെണ്മാങ്കണ്ണാൾമണികൾ തടവും കാന്തിയോ, തൽഗുണത്താൽ
അമ്മാരന്നങ്ങുടയ പുകളോ, ഹന്ത! തദ്വൈരി വാഴും
സമ്മാന്യശ്രീപരിലസിതമാം ക്ഷേത്രമോ വാഴ്ത്തിടേണ്ടൂ?

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1909 ആകാരത്തിൻ സുഷമ. . . (ഉമേഷ്)

മന്ദാക്രാന്ത

ആകാരത്തിൻ സുഷമയിതുപോലേതു പക്ഷിക്കു പാരിൽ?
കേകാരാവം ശ്രവണസുഖദം കേൾക്കിലോ തൃപ്തിയാകാ,
ലോകാനന്ദപ്രദമസദൃശം നൃത്തവും തേ ശകുന്തേ!
ശോകാനാം മേ ശ്രുതഗുണ! ഭവാനീശനാം നാശനായ.

കവി : കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1910 ലാളിത്യം കലരും വികാരമഖിലം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ലാളിത്യം കലരും വികാരമഖിലം ലോകത്തിനാക്ഷേപമാ–
ണാളില്ലാതലയുന്ന പോറ്റിടുവതിന്നാദർശസംഘ്രുദ്ധികൾ!
ആളിക്കത്തി വിഷപ്പുകച്ചുരുൾവമിച്ചുഗ്രസ്ഫുലിംഗോൽക്കരം
നീളെപ്പാകിയെരിഞ്ഞിടുന്നുലകിലാവിദ്വേഷദാവാഗ്നിയും!

കവി : ചങ്ങമ്പുഴ, കൃതി : *സ്പന്ദിക്കുന്ന അസ്ഥിമാടം*

3.1911 അംഗനാകൃതിയെനിയ്ക്ക. . . (രാജേഷ്)

രഥോദ്ധത

അംഗനാകൃതിയെനിയ്ക്ക പൂരുഷ–
ന്നിംഗിതാനുചരിയായിരിയ്ക്കുവാൻ
എങ്കിലോ പരമപൂരുഷാ ചിരം
നിൻകഴൽക്കലടിയാട്ടിയാക്കണേ.

കവി : രാജേഷ് ആർ. വർമ്മ

3.1912 എന്നാൽ പോംവഴി വേറെയെന്തു. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

എന്നാൽ പോംവഴി വേറെയെന്തു? നൃപതേ വേണ്ടാ വിഷാദം, ഭവാൻ
വന്നാലും,പ്രണയാത്മകം മമ മതം കൈക്കൊള്ളുകെന്തും ശുഭം.
ഇന്നോളം പ്രണയം കുടിച്ചു മദമുൾച്ചേർന്നോൻ ഗണിപ്പീല ഞാ–
നിന്നീമേദിനിയേയുമൊട്ടുമവൾ തൻമായാവിലാസത്തെയും!

കവി : ചങ്ങമ്പുഴ, കൃതി : *സ്വരരാഗസുധ*

3.1913 ഈവഞ്ചിക്ഷ്മാഗൃഹവളഭിയിൽ. . . (കർത്താ)

മന്ദാക്രാന്ത

ഈവഞ്ചിക്ഷ്മാഗൃഹവളഭിയിൽത്താമസാക്രാന്തി നീക്കി
ശ്രീവർദ്ധിപ്പിച്ചരുളിയ മഹത്താകുമാ രത്നദീപം
ജീവസ്നേഹസ്ഫുടഗുണദശാശാലിയായിട്ടുമയ്യോ!
ദൈവദ്വേഷോൽക്കടപവനനിൽപ്പെട്ടു പെട്ടെന്നു കെട്ടു.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.1914 ജാതം വംശേ ഭുവനവിദിതേ. . . (ഉമേഷ്)[262]

മന്ദാക്രാന്ത

ജാതം വംശേ ഭുവനവിദിതേ പുഷ്കലാവർത്തകാനാം
ജാനാമി ത്വാം പ്രകൃതിപുരുഷം കാമരൂപം മഘോനഃ
തേനാർത്ഥിത്വം ത്വയി വിധിവശാദ് ദൂരബന്ധുർഗതോ ∫ഹം
യാച്ഞാമോഘാ വരമധിഗുണേ, നാധമേ ലബ്ധകാമാ.

കവി : കാളിദാസൻ, കൃതി : *മേഘദൂതം*

3.1915 തിര്യക്കിന്നും സ്നിഗ്ധമതിന്റെ. . . (കർത്താ)

ഇന്ദ്രവജ്ര

തിര്യക്കിന്നും സ്നിഗ്ധമതിന്റെ ഗോത്രം;
ആനപ്പുറത്തേറുമൊരാനയില്ല;
സ്വാർത്ഥത്തെ വാങ്ങാൻ സ്വകുലത്തെ വിൽക്കും
മാപാപിയേകൻ മതിമാൻ മനുഷ്യൻ.

കവി : ഉള്ളൂർ, കൃതി : *സുഖം സുഖം*

3.1916 സ്ഫുടതാരകൾ. . . (രാജേഷ്)

വിയോഗിനി

സ്ഫുടതാരകൾ ക്രൂരിരുട്ടിലു–

[262] [*ഉമേഷ്*] ശ്ലോകം **3.1914 :** പരിഭാഷ (ജി. ശങ്കരക്കുറുപ്പ്) :

പേരാളും പുഷ്കലാവർത്തകകുലമതിലാണുദ്ഭവം, കാമരൂപൻ
സ്വാരാജാമാത്യനാം നീ; ദയിത വിധിവശാൽ ദൂരെയായ് ദൂനനാം ഞാൻ
ഓരാതല്ലിന്നപേക്ഷിപ്പതു; ഫലമുളവാകായ്കിലും നല്ലതാര്യ–
ന്മാരാണർത്ഥിച്ചുകൊൾവാൻ, ഫലമണയുകിലും നീചരോടാകിൽ നിന്ദ്യം.

ണ്ടിടയിൽ ദ്വീപുകളുണ്ടു സിന്ധുവിൽ
ഇടർ തീർപ്പതിനേക ഹേതു വ–
ന്നിടയാമേതു മഹാവിപത്തിലും

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.1917 ഇതിലീവിധമൊക്കെ. . . (ജീവി)

വിയോഗിനി

ഇതിലീവിധമൊക്കെ വന്നിടാ–
മിതി പാർക്കും, വിപരീതമായ്വരും;
അതിവിസ്മയമെ പ്രപഞ്ചമി–
ന്നതിരറ്റുള്ള മഹാരഹസ്യമാം.

കവി : സി. എസ്. സുബ്രമണ്യൻ പോറ്റി, കൃതി : *ഒരു വിലാപം*

3.1918 ആരും തോഴി, യുലകിൽ. . . (ഗോപകുമാർ)

മന്ദാക്രാന്ത

ആരും തോഴി, യുലകിൽ മറയുന്നില്ല: മാംസം വെടിഞ്ഞാൽ
തീരുന്നില്ലീ പ്രണയജടിലം ദേഹിതൻ ദേഹബന്ധം,
പോരും ഖേദം, പ്രിയസഖി, ചിരം വാഴ്ക മാഴ്കാതെ, വീണ്ടും
ചേരും നാം കേൾ– വിരതഗതിയായില്ല സംസാര ചക്രം

കവി : കുമാരനാശാൻ, കൃതി : *ലീല*

3.1919 പാരം വീർപ്പിട്ടുലയ്ക്കോത്ത്. . . (ജീവി)

സ്രഗ്ധര

പാരം വീർപ്പിട്ടുലയ്ക്കോത്തെരിയുമൊരു മുഖം, മുത്തൊളിബ്ബാഷ്പധാരാ–
സാരം തിങ്ങിക്കലങ്ങീടിനമിഴികൾ, നിറം മങ്ങിവിങ്ങും കപോലം,
ചാരം പോലേ വിളർത്തോരുടലിവയൊടുമപ്പുരുഷൻ ഹന്ത! വിദ്യുത്–
സാരത്തിൻ വിദ്യയാലൊട്ടിളകുമൊരുവെറും പാവയെപ്പോലിരുന്നു.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.1920 ചൊടിച്ചുഗ്രമാം കണ്ണു. . . (ഗോപകുമാർ)

ഭുജംഗപ്രയാതം

ചൊടിച്ചുഗ്രമാം കണ്ണു തിണ്ണെന്നുരുട്ടി
ത്തടിച്ചുള്ള കയ്യിൽ ഗദാ ദണ്ഡു മേന്തി
പിടിച്ചുക്കുളുട്ടുന്നൊരഭ്യാസി, പല്ലും
കടിച്ചശു ഭീമൻ രണാഗ്രത്തിലെത്തി

കവി : പന്തളം കേരളവർമ്മ

3.1921 പനിനീരലരേ പറഞ്ഞുവോ. . . (ജീവി)

വിയോഗിനി

പനിനീരലരേ പറഞ്ഞുവോ
വിവരം നിന്നൊടു സാന്ധ്യമാരുതൻ
തവ സത്സഖി നമ്മെ വിട്ടുപോയ്
ഭവനം പാവനമിന്നപാവനം!

കവി : സഞ്ജയൻ

3.1922 തണ്ടാർത്തണ്ടൊത്ത കൈത്തണ്ട്. . . (ജ്യോതി)

സ്രഗ്ധര

തണ്ടാർത്തണ്ടൊത്ത കൈത്തണ്ടയിലതുലമയഃകൂടമുണ്ടെന്നു കംസൻ–
കണ്ടെത്തുമ്പോൾ നിലിമ്പാരവമുഖരവിഹായസ്സു പൂളുകിടുമ്പോൾ
മിണ്ടാട്ടം വിട്ട പൗരാവലിയുദിതസമാശ്വാസനിശ്വാസപൂരം–
പൂണ്ടപ്പോൾ മുഗ്ധയാം ദേവകിയുടെ മിഴിനീർ തുള്ള കൈ കാത്തിടട്ടേ!

കവി : വി.കെ.ജി, കൃതി : *അവിൽപ്പൊതി*

3.1923 മന്ദാനിലാകൃലിത. . . (ജീവി)

വസന്തതിലകം

മന്ദാനിലാകൃലിതചാരുതരാഗ്രശാസ്യഃ
പുഷ്പോദ്ഗമപ്രചയകോമളപല്ലവാഗ്രഃ
മത്തദ്വിരേഫപരിപീതമധുപ്രസേകശ്
ചിത്തം വിദാരയതി കസ്യ ന കോവിദാരഃ

കവി : കാളിദാസൻ, കൃതി : *ഋതുസംഹാരം*

3.1924 മുപ്പാരും കാക്കുവാനില്ലപരൻ. . . (ജ്യോതി)

സ്രഗ്ധര

മുപ്പാരും കാക്കുവാനില്ലപര,നൊരു മകൻ ഭൃക്തിയിൽ തൃപ്തിയില്ലാ–
തെപ്പോഴും വന്നലട്ടും പരിണയമണയാപ്പെൺകിടാവുണ്ടൊരുത്തി,
വിൽപ്പാനുള്ളോരു പണ്ടം നഹി,പകലുദധൗ സോദരൻ, തെണ്ടി ഭർത്താ–
വിപ്പാടാർക്കുള്ളു വേറേ? തവ *മലമകളേ, ജാതകം ജാതി തന്നെ!*

കവി : ഒറവങ്കര, കൃതി : *സമസ്യാപൂരണം*

3.1925 വേദങ്ങളോ ബഹുവിധ. . . (കർത്താ)

വസന്തതിലകം

വേദങ്ങളോ ബഹുവിധം പറയുന്നു നാനാ–
വാദങ്ങളോ വെളിയിലിട്ടു വിരട്ടിടുന്നു
ഖേദങ്ങളോ കര കടന്നവരുന്നു നിന്റെ
പാദങ്ങളെന്നിയിനി മറ്റവലംബമില്ലേ.

കവി : കുമാരനാശാൻ, കൃതി : *ശിവസുരഭി*

3.1926 ഖർവാടോ ദിവസേശ്വരസ്യ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഖല്വാടോ ദിവസേശ്വരസ്യ കിരണൈഃ സന്താപിതേ മസ്തകേ
വാഞ്ഛൻ ദേശമനാതപം വിധിവശാത് താലസ്യ മൂലം ഗതഃ
തത്രാപ്യസ്യ മഹാഫലേന പതതാ ഭഗ്നം സശബ്ദം ശിരഃ
പ്രായോ ഗച്ഛതി യത്ര ഭാഗ്യരഹിതസ്തത്രൈവ യാന്ത്യാപദഃ

കവി : ഭർത്തൃഹരി, കൃതി : *നീതിശതകം*

3.1927 ത്രിദശവർദ്ധകി. . . (ജ്യോതി)[263]

ദ്രുതവിളംബിതം

ത്രിദശവർദ്ധകിവർദ്ധിതകൗശലം
ത്രിദശദത്തസമസ്തവിഭ്രതിമത്
ജലധിമദ്ധ്യഗതം ത്വമഭ്രഷയോഃ
നവപുരം വപുരഞ്ചിതരോചിഷാ

കവി : മേൽപത്തൂർ, കൃതി : *നാരായണീയം (ദശകിണീസ്വയംവരം)*

3.1928 ജ്ഞാനേന പൂതഃ. . . (കർത്താ)

ഇരുവജ്ര/ഉപേരുവജ്ര

ജ്ഞാനേന പൂതഃ സ്വതപസ്യയാ ച
വിമൽസരൈഃ സാധുവിഭാവ്യതേ യഃ
ഭർഗ്ഗഃ സ്വയം വാ നരലക്ഷണോയം
നാരായണോ വേതി നവാവതാരഃ

കവി : കുമാരനാശാൻ, കൃതി : *രാജയോഗസമർപ്പണം*

3.1929 ഭ്രതം നശ്വരമൊക്കെയും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഭ്രതം നശ്വരമൊക്കെയും; പുരുഷനാം ഞാൻ നിത്യ; നെല്ലാർക്കുമേ
ചേതസ്സിൽ കുടികൊൾവു ഞാൻ; മറകളും വാഴ്ത്തുന്നതീയെന്നെയാം;
വീതപ്രജ്ഞത, യോർമ്മ, പിന്നറിവുമീ ഞാൻ മൂലമാം;സർവ്വഗൻ,
ഭ്രതസ്ഥൻ, പുരുഷോത്തമൻ, ത്രിജഗതീസ്രഷ്ടാവു ഞാനീശ്വരൻ.

കവി : സി. വി. വാസുദേവഭട്ടതിരി, കൃതി : *ഗീതാസാരം (അദ്ധ്യായം 15-ന്റെ സാരം)*

3.1930 വിരോധിസത്ത്വോജ്ജ്ഝിത. . . (ജ്യോതി)

വംശസ്ഥം

വിരോധിസത്ത്വോജ്ജ്ഝിത പൂർവ്വ മത്സരം
ദ്വിഭൈരഭീഷ്ടപ്രസവാർച്ചിതാതിഥിഃ
നവോടജാഭ്യന്തര സംഭ്രതാനലം
തപോവനം തച്ച ബഭ്രവ പാവനം!

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.1931 നിജമുകുളപുടംകൊണ്ടഞ്ജലിം. . . (കർത്താ)

മാലിനി

നിജമുകുളപുടംകൊണ്ടഞ്ജലിം കൽപയിത്വാ
തൊഴുതിഹ ചെറിയച്ചീവക്ത്രചന്ദ്രനു തോട്ട്
കമലമടിമ പൂകക്കണ്ടു വിങ്ങിച്ചിരിച്ച–
ങ്ങളികുലകുളനാദൈരാർത്തിതാമ്പൽപ്രസൂനം.

കൃതി : *ചെറിയച്ചീവർണ്ണനം*

---

263 [*ഉമേഷ്*] ശ്ലോകം **3.1927 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :
അമരശില്പികൃതം കടലിൻ നടു–
ക്കമരർ ഭ്രതികൾ ചേർത്ത നവം പുരം
സ്വതനു ശോഭിതമാക്കി സുവിസ്മയം
സകലരും കലരും പടി നീയുടൻ.

3.1932 കാട്ടിലെക്കടുവ. . . (ജ്യോതി)

രഥോദ്ധത

കാട്ടിലെക്കടുവയോർത്തിരിയ്ക്കുമോ
പേടമാനതിനെ വിട്ടയയ്ക്കുവാൻ
കൊമ്പനെന്നു പിടിയെന്നുമില്ലവ–
യ്ക്കൊട്ടു ഭേദസഹതാപചിന്തകൾ

കവി : ജ്യോതിർമയി

3.1933 കസ്തൂരീയന്തി ഫാലേ. . . (കർത്താ)

സ്രഗ്ധര

കസ്തൂരീയന്തി ഫാലേ, നയനകമലയോഃ കജ്ജളീയന്തി, കണ്ഠ
പ്രാന്തേ നീലോൽപ്പലീയ,ന്ത്യുരസി മരകതാലംകൃതീയന്തി ദേവ്യാഃ
രോമാളീയന്തി നാഭേരുപരി, ഹരിമണീമേഖലായന്തി മധ്യേ
യേ, തേ ശർമ്മ ക്രിയാസുസ്മിപുരവിജയിനഃ കണ്ഠഭാസാം പ്രരോഹാഃ.

കവി : നീലകണ്ഠദീക്ഷിതർ, കൃതി : *വർണനാസാരസംഗമം*

3.1934 രാവാകെത്തിമിരച്ചുടക്കുളിരണി. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

രാവാകെത്തിമിരച്ചുടക്കുളിരണിപ്പൂമച്ചകത്താ രഹ–
സ്യാവശ്യം നിറവേറ്റിയോരു രവിയെക്കാകാരവം കേൾക്കവേ
നീവിപ്പട്ടൊരുമട്ടുടുത്തു പുലരിപ്പെണ്ണാൾ കിഴക്കേപ്പുറ–
ക്കൈവാതിൽപ്പൊളി മാർഗ്ഗമായിത വെളിയ്ക്കാക്കുന്നു നിശ്ശബ്ദമായ്

കവി : വി.കെ.ജി

3.1935 നിന്ദിയ്ക്കുന്നമ്മ. . . (രാജേഷ്)

സ്രഗ്ധര

നിന്ദിയ്ക്കുന്നമ്മ, യൊന്നും സഹജനരുളുകില്ലാ, ധരിയ്ക്കില്ല പുത്രൻ,
നന്ദിയ്ക്കുന്നില്ല താതൻ, പ്രിയതമ വിമുഖീ, ട്ടത്യനും കോപിയത്രേ,
എന്നോടർത്ഥത്തെ യാചിച്ചിടുമിതി നിനവാൽ കാണ്മതേയില്ല മിത്രം,
നന്നായാർജ്ജിയ്ക്ക നിത്യം ധനചയ, മതിനാൽ സർവ്വരും വശ്യരത്രേ!

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.1936 എൺപത്താറായ് വയസ്സെൻ. . . (ഋഷി)

എൺപത്താറായ് വയസ്സെൻ ചെവിയിതുവെടിവെച്ചാലുമേ കേൾപ്പതില്ലി–
ന്നോർമ്മയ്ക്കും മങ്ങൽ തട്ടീ ഗുരുപവനപതേ കണ്ണുകാണാതെയായീ
ആടീ ഞാനെന്റെ വേഷം ചൊടിയൊടിതുവരേയെങ്കിലും മേലിൽ വയ്യാ
ചിത്തം മങ്ങുന്നു, ക്രൂരം സഭയിലിനിയുമീ വേഷമാടേണമെന്നോ?

കവി : സുദർശന രഘുനാഥ്, വനമാലി, കൃതി : *(സമസ്യാപൂരണം)*

3.1937 അപ്പീലിക്കണ്ണു ചൂടും. . . (ജീവി)

സ്രഗ്ധര

അപ്പീലിക്കണ്ണു ചൂടും തിരുമുടി, വലജിദ്രത്നസങ്കാശഫാലം,
മുപ്പാരെല്ലാം മയക്കും പുരികലത, ദയാലോലമാം നീലനേത്രം,
നൽപീതോദ്യദ്ദുകൂലം, മുരളിയുടെ മുഖത്തുമ്മവെയ്ക്കുന്ന വക്ത്രം,
ചിൽപാരമ്യപ്രഭാരഞ്ജിതമൃദുഹസിതം, കണ്ണ, ഞാൻ കാണ്മതെന്നോ!

കവി : വി. കെ. ജി.

3.1938 നിൽക്കക്കള്ളിയെഴാതെ നിന്റെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

നിൽക്കക്കള്ളിയെഴാതെ നിന്റെ കളിയോഗത്തിൽത്തളർന്നാടി ഞാൻ
നിൽപ്പാണിന്നു കൃചേലനായി, ഭഗവൻ! നീയേ നമുക്കാശ്രയം
മുക്കാലും കടമായ ജന്മ, മലറിച്ചീറും തിരച്ചാർത്തില–
ത്തുക്കാലേ തുഴ, യത്തുഴയ്ക്കു പകരം നിൽക്കില്ല വിൽക്കാശുകൾ

കവി : എസ്. രമേശൻ നായർ, കൃതി : *കന്നിമണികൾ*

3.1939 മനുഷ്യനാം ശാഖയിൽ. . . (ജീവി)

വംശസ്ഥം

മനുഷ്യനാം ശാഖയിൽ നിന്നു വന്നുടൻ
മനോജ്ഞമാം തദ്രസനാദളാദ്ധ്യനാ
അനേകമായ് വന്നൊഴുകിക്കളിപ്പതാ–
ണനർഘസാരസ്വതനിർഝരം ഭുവി.

കവി : കട്ടമത്ത്

3.1940 അടിയ്ക്കും തൊഴിയ്ക്കും. . . (ഋഷി)

ഭുജംഗപ്രയാതം

അടിയ്ക്കും തൊഴിയ്ക്കും പലേ ചീത്ത ചൊല്ലീ–
ട്ടടങ്ങാതെ ഭിത്തീലിടിപ്പിച്ചിടുന്നു
മടിയ്ക്കാതെ മൂത്രം കുടിപ്പിച്ചിടുന്നീ–
ക്കൊടും ക്രൂരർ കാട്ടുന്ന കോപ്രായമെത്ര?

കവി : നെടുമ്പിള്ളി നന്ദനൻപിള്ള, മഞ്ഞുമ്മൽ, കൃതി : *ചിതറിയ ചിന്തകൾ – ലോക്കപ്പിൽ*

3.1941 മുജ്ജന്മം ചെയ്ത കർമാവലിയുടെ. . . (ജീവി)

സ്രഗ്ധര

മുജ്ജന്മം ചെയ്ത കർമാവലിയുടെ വലിയാൽ നേർവഴിത്താര മുമ്പിൽ–
ത്തഞ്ചുമ്പോഴും ചലിക്കും നിനവുകൾ ദുരിതക്കുണ്ടിലേക്കാനയിച്ചു!
വഞ്ചിക്കും മായ വീശും വലയിലൊരു പരൽക്കുഞ്ഞിനെപ്പോലെ വീണേൻ;
നിൻ ചെന്താർപ്പാദമൊന്നേ ശരണമിനിയനന്താലയാനന്ദമൂർത്തേ!

കവി : വി. കെ. ജി.

3.1942 വാദിയ്ക്കാനില്ല ഞാനെൻ. . . (ഋഷി)

സ്രഗ്ധര

വാദിയ്ക്കാനില്ല ഞാനെൻ പിഴവുകൾ ശരിയാണെന്നു വാതലയേശാ
പാദം കുമ്പിട്ടു പാപക്കലിതിമിരമൊഴിഞ്ഞീടുമേകാദശിയ്ക്കും
ഖേദിയ്ക്കാനെന്തു വേദപ്പൊരുളിനു പൊരുളാം പൊൻവിളക്കായ്തെളിഞ്ഞാ–
മോദം പെയ്യുന്ന നീലത്തിരുമുകിൽ നിറമേ! നിന്റെ പേരെന്റെ പേരായ്!

കവി : എസ്. രമേശൻ നായർ, കൃതി : *കന്നിമണികൾ*

3.1943 ഖലാലാപാഃ സൗധാഃ. . . (ജീവി)

ശിഖരിണി

ഖലാലാപാഃ സോഢാഃ കഥമപി തദാരാധനപരൈഃ
നിഗൃഹ്യാന്തർബാഷ്പം ഹസിതമപി ശൂന്യേന മനസാ
കൃതോ വിത്തസ്തംഭപ്രതിഹതധിയാമഞ്ജലിരപി
ത്വമാശേ മോഘാശേ കിമപരമതോ നർത്തയസി മാം

കവി : ഭർതൃഹരി., കൃതി : *വൈരാഗ്യശതകം*

3.1944 കാലത്തുണകഴിഞ്ഞു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കാലത്തുണകഴിഞ്ഞു കൗതുകമൊട്ടും ചെമ്മേ മുറുക്കി സ്വയം,
ലോലശ്രീതിലകാഭയുവി, വിതറിപ്പൂങ്കർണ്ണഭ്രഷാരുചി,
പാലഞ്ചും സ്മിതമോടൊരംശുകമുടുത്തെത്തുന്നൊരമ്പാർന്നതി–
ക്കോലം പോയിതു ചിത്തമേയയവിറക്കിക്കൊൾകയക്കാഴ്ച നീ

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.1945 പാടത്തുപോയ്പ്പാംസുല. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പാടത്തുപോയ്പ്പാംസുലപാദചാരി
കൃഷീവലൻ വേല തുടങ്ങി നൂനം
സോത്സാഹമായ് കാലികളെത്തെളിയ്ക്കു
മവന്റെ താരസ്വരമുണ്ടു കേൾപ്പൂ.

കവി : കുറ്റിപ്പുറത്തു കേശവൻ നായർ, കൃതി : *ഗ്രാമീണകന്യക*

3.1946 സ്വാന്തോദ്ഭൂതസനാതനാനലകണം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സ്വാന്തോദ്ഭൂതസനാതനാനലകണം പേർത്തും ജ്വലിപ്പിച്ചതിൽ
ധ്വാന്തോത്സാരണയജ്ഞദീക്ഷിതനിനൻ താൻതന്നെ ഹോമിക്കവേ,
ശാന്തോദാര ധരയ്ക്കുയർന്ന തൊഴുകൈച്ചെലർന്ന പൂമൊട്ടില–
ശ്ശാന്തോപാസന ചെയ്യു സോമരസമോ തേടുന്നു തേനുണ്ണുവോർ?

കവി : യൂസഫലി കേച്ചേരി, കൃതി : *സോമയാഗം*

3.1947 ശ്രീഭാർഗ്ഗവൻ പണ്ടു. . . (ജീവി)

ഇരുവജ്ര

ശ്രീഭാർഗ്ഗവൻ പണ്ടു തപഃപ്രഭാവ–
സ്വാഭാവികപ്രൗഢിമദോർബ്ബലത്താൽ
ക്ഷോഭാകുലാംഭോധിയൊഴിച്ചെടുത്ത
ഭൂഭാഗമാണീ സ്ഥലമെന്നു കേൾപ്പൂ

കവി : കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.1948 ക്ഷണം കാക്ക മുങ്ങുന്നപോലേ. . . (ഋഷി)

ഭുജംഗപ്രയാതം

ക്ഷണം കാക്ക മുങ്ങുന്നപോലേ വെറും മൺ–
കുടം മുക്കിടുംപോലെയിക്കണ്ടവാര്യർ
കുളിച്ചന്നു പൂജയ്ക്കു പൂ ശേഖരിപ്പാ–
നൊരുങ്ങിക്കറങ്ങിത്തിരിച്ചാനവശ്യം.

കവി : എം. ആർ. കൃഷ്ണവാരിയർ, കൃതി : *പൂവൻ*

3.1949 കേശപാശമണിയുന്ന. . . (ജീവി)[264]

കുസുമമഞ്ജരി

കേശപാശമണിയുന്ന പീലികളുലഞ്ഞു കുണ്ഡലമുലഞ്ഞുപൂ–
മാലമുത്തുമണിമാലമാറിലതിരമ്യമായിളകിയാടിയും
മഞ്ഞച്ചുറ്റിമണികാഞ്ചി ചാർത്തി കനകച്ചിലമ്പുകൾ ചിരിച്ചുമേ
മഞ്ജുഹാസമൊടുരാസകേളിയതില്ലുസിച്ചതുമഹോ ഭവാൻ!

കൃതി : *നാരായണീയം പരിഭാഷ (69:1)*

3.1950 മാതർമ്മേ മധുകൈടഭഗ്നിമഹിഷഃ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

മാതർമ്മേ മധുകൈടഭഗ്നിമഹിഷഃ പ്രാണാപഹാരോദ്യമേ
ഹേലാനിർമ്മിത ധൂമ്രലോചനവധേ ഹേ ചണ്ഡമുണ്ഡാർദ്ദിനീ
നിശ്ശേഷീകൃത രക്തബീജദനുജേ നിത്യേ നിസുംഭാപഹേ
സുംഭധ്വംസിനി സംഹരാശു ദുരിതം ദുർഗ്ഗേ നമസ്തേ്വംബികേ!

കൃതി : *ദേവീമാഹാത്മ്യം*

3.1951 നവവിഭവമനിഷ്ടവാരണം. . . (ജീവി)[265]

പുഷ്പിതാഗ്ര

നവവിഭവമനിഷ്ടവാരണം താൻ

[264] [*ഉമേഷ്*] ശ്ലോകം **3.1949 :** മൂലശ്ലോകം (മേൽപ്പത്തൂർ) :

കേശപാശധൃതപിഞ്ഛികാവിതതി സഞ്ചലന്മകരകുണ്ഡലം
ഹാരജാല വനമാലികാലുളിതമംഗരാഗ ഘനസൗരഭം
പീതചേലധൃതകാഞ്ചികാഞ്ചിദമുദഞ്ചദംശു മണിനൂപുരം
രാസകേളി പരിഭ്രഷിതം തവ ഹി രൂപമീശ കലയാമഹേ!

[265] [*ഉമേഷ്*] ശ്ലോകം **3.1951 :** മൂലശ്ലോകം (കാളിദാസൻ) :

വിപത്പ്രതീകാരപരേണ മംഗളം
നിഷേവ്യതേ ഭ്രുതിസമുത്സുകേന വാ
ജഗച്ചരണ്യസ്യ നിരാശിഷഃ സതഃ
കിമാഭിരാശോപഹതാത്മവൃത്തിഭിഃ?

കരുതിടുവോർക്കിഹ മംഗളങ്ങൾ വേണം;
നിഖിലശരണദൻനിരീഹനാകും
പുരുഷനുവേണ്ട ശുഭാശുഭപ്രഭേദം.

കവി : എ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *കുമാരസംഭവം*

3.1952 നൈവ ത്യജേയമഹമേകമപി. . . (ജ്യോതി)

വസന്തതിലകം

നൈവ ത്യജേയമഹമേകമപി സ്വപുത്രം
സത്വേ∫പി പുത്രശതകസ്യ തു വിപ്രവര്യ!
വിജ്ഞായ തസ്യ ബല മദ്യ ഭവ ത്വശങ്കീ
ദുഷ്ടം നിഹന്യ ജനരക്ഷക ഏവ ഭ്രയാത്

കവി : ജ്യോതിർമയി

3.1953 വേദം നാലും നരച്ചു. . . (ജീവി)

സ്രഗ്ധര

വേദം നാലും നരച്ചു, നരനിനിയുമഹോ, കിട്ടിയില്ലഷ്ടി, വേർത്തു
വേദാന്തം വീശി നേരിൽ വിശറി, മണലിലോ കട്ടകെട്ടുന്ന രക്തം;
സ്വാതന്ത്ര്യം, ഹാ, സമത്വം, സഹജ സഹജമാം സൗഹൃദം, ശാന്തി, സർവ്വം
നാദം, നാദം ഭ്രമിയ്ക്കായ്കണിയറയിലോ തോക്കു തീർക്കും തിടുക്കം.

കവി : ചങ്ങമ്പുഴ, കൃതി : *സ്വരരാഗസുധ*

3.1954 സാരമായ്ജ്ജനനി. . . (ഉമ)

രഥോദ്ധത

സാരമായ്ജ്ജനനി ചൊന്നതാനതാ–
കാരനായ് ശിരസി വെച്ച പുത്രനെ
ദ്വാരപാലനവിധിയ്ക്ക നിർത്തിനാൾ
ചൂരലൊന്നഥ കൊടുത്തു പാർവ്വതി

കവി : വള്ളത്തോൾ, കൃതി : *ഗണപതി*

3.1955 ദുഷ്ടന്മാർ മല്ലരേറ്റം. . . (ജ്യോതി)[266]

സ്രഗ്ധര

"ദുഷ്ടന്മാർ മല്ലരേറ്റം കഠിനർ, മൃദുലരീ ബാലരോ കോമളന്മാർ
കഷ്ടം! കാണേണ്ട പോകാ" മിതുവിധമവശം പൗരർ ചൊല്ലുന്ന നേരം
വട്ടംചുറ്റിച്ചു ചാണൂരനെയുടനെ വധിച്ചാഞ്ഞെറിഞ്ഞൂ ഭവാനും
മുഷ്ടിക്കുത്താലരച്ചാൻ മുസലിയപരനെ, പാഞ്ഞുപോയ് ശേഷമുള്ളോർ

കവി : സി വി വാസുദേവഭട്ടതിരി / മേൽപ്പത്തൂർ, കൃതി : *നാരായണീയ പരിഭാഷ*

[266] [*ജ്യോതി*] ശ്ലോകം **3.1955 :** മൂലശ്ലോകം (മേൽപ്പത്തൂർ) :

"ഹാ ധിക് കഷ്ടം കുമാരൗ സുലളിതവപുഷൗ മല്ലവീരൗ കഠോരൗ
ന ദ്രക്ഷ്യാമോ, വ്രജാമസ്ത്വരിത"മിതി ജനേ ഭാഷമാണേ തദാനീം
ചാണൂരം തം കരോദ്ഭ്രാമണവിഗളദസും പോഥയാമാസിതോർവ്യാം,
പിഷ്ടോ∫ ഭ്രമുഷ്ടികോ∫ പി ദ്രുതമഥ ഹലിനാ നഷ്ടശിഷ്ടൈർദധാവേ

3.1956 വീതാശങ്കം വിധുസ്ത്രീവടിവു. . . (കർത്താ)

സ്രഗ്ധര

വീതാശങ്കം വിധുസ്ത്രീവടിവു വിധുധരൻ കണ്ടു കാമിച്ചണഞ്ഞി–
ട്ടേതാണ്ടൊക്കെ പ്രവർത്തിച്ചളവവതരണം ചെയ്ത ചൈതന്യമൂർത്തി,
ഭ്രാതാധീശൻ, പുമാൻ പെട്ടൊരു മഹിമയൊടും ദിവ്യനണ്ണിക്കിടാവുൾ–
ജാതാനന്ദത്തൊടെന്നെസ്സതതമഴകിൽ വീക്ഷിച്ചു രക്ഷിച്ചിടട്ടെ.

കവി : വെന്മണി മഹൻ, കൃതി : *പുരന്ദരാരുണം നാടകം*

3.1957 ഭജത ഭവനിരാസം. . . (രാജേഷ്)

മാലിനി

ഭജത ഭവനിരാസം ഭക്തലോകൈകദാസം
ഭസിതവിശദഭാസം ഭ്രൂരികാരുണ്യവാസം
കൃതവിവിധവിലാസം ക്ലൃപ്തചന്ദ്രാവതംസം
ശ്രുകനിലയനിവാസം ശ്രൂർപ്പകാരിവ്യുദാസം

കവി : പൂന്തോട്ടത്തു മഹൻ നമ്പൂതിരി

3.1958 കള്ളന്മാരില്ല, കാമക്കെടുതി. . . (കർത്താ)

സ്രഗ്ധര

കള്ളന്മാരില്ല, കാമക്കെടുതിയൊടമരും കശ്മലന്മാരുമില്ലാ,
കള്ളക്കച്ചോടമില്ലാ, കരളിലൊരറിവില്ലാതെകണ്ടാരുമില്ല,
കള്ളത്താപ്പില്ല, കള്ളത്തൊഴിലുകൾ തുടരും കശ്മലന്മാരുമില്ലാ
കള്ളസ്സാക്ഷിക്കിറങ്ങുന്നൊരു കുമതിയുമില്ലെന്നുകേളെന്ന കേൾപ്പൂ.

കവി : വെണ്മണി മഹൻ, കൃതി : *ഭ്രുതിഭ്രഷ ചരിതം*

3.1959 കാതിൽക്കത്തുന്ന കാന്തിപ്രചുരിമ. . . (ഉമേഷ്)

സ്രഗ്ധര

കാതിൽക്കത്തുന്ന കാന്തിപ്രചുരിമ തിരളും തോടയോ, മോടിയാടി–
ക്കോതിബ്ബന്ധിച്ച കുന്തൽക്കുലമതിൽ വിലസും മാലതീമാല താനോ,
പാതിത്തിങ്കൾപ്രകാശം തടവുമളികമോ കാന്തിയേത്തുന്നതില്ലി–
പ്പാതിവ്രത്യാഖ്യമാകും സുമഹിതമണി താൻ ഭ്രഷണം യോഷമാരിൽ.

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.1960 പച്ചക്കല്ലൊത്ത പൂമെയ്. . . (വിശ്വപ്രഭ)

സ്രഗ്ധര

പച്ചക്കല്ലൊത്ത പൂമെയ്നിറവുമണികഴൽപ്പല്ലവം മെല്ലെമെല്ലേ
വെച്ചീടുമ്പോൾ വിറച്ചീടിന മധുരിമയും പിച്ചയും വിശ്വമൂർത്തേ!
മച്ചിത്തേ പോന്നുദിച്ചീടണമതിനു വിശേഷിച്ചു വിജ്ഞാപയേഹം
സച്ചിൽക്കല്ലോലമേ! നീ കൃപ തരിക സദാ കൃഷ്ണ! കാരുണ്യസിന്ധോ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.1961 മേഘം, വണ്ടിണ്ട, ചന്ദ്രക്കല,. . . (ഉമേഷ്)

സ്രഗ്ധര

മേഘം, വണ്ടിണ്ട, ചന്ദ്രക്കല, മദനധനുർബ്ബാണ, മെൾപ്പൂവു, പാശം,
ചാദർശം, വീണ, വെണ്മുത്തഴകിയ പവഴം, പങ്കജം, ശംഖു, മാല
പൊൽക്കുംഭം, പാമ്പു, നീരിൻ ചെറുതിര, യരയാൽപ്പത്ര, മാവർത്തചക്രം,
തുമ്പിക്കൈ, കൃപ്പി, കൂർമ്മം, നളിന – മവയവം നാരണീനന്ദനായാഃ

കൃതി : *ലീലാതിലകം*

3.1962 പഴയ കൃതയുഗം. . . (കർത്താ)

മാലിനി

പഴയ കൃതയുഗം തൊട്ടുഴിമേൽ വാഴുമോരോ
കിഴവികൾ നിരൂപിക്കിൽബ്ബാക്കിയാം ഭ്രക്കളെല്ലാം;
ഉഴറിയുദധി രാമന്നേകിയോരോമനേ! നീ–
യഴകൊഴുകിന പുഷ്യദ്യൗവനശ്രീ വഹിപ്പൂ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1963 ഉണ്ണിക്കിടാങ്ങൾ കളിയായൊരു. . . (വിശ്വപ്രഭ)

വസന്തതിലകം

ഉണ്ണിക്കിടാങ്ങൾ കളിയായൊരു കാലുവെച്ചാ–
ലെണ്ണാവതല്ലതിനഹോ കൃതുകം പിതൃണാം
എന്നക്കണക്കെ നടയുള്ളവർകൾക്കിതെല്ലാ–
മെന്നാൽ കൃതം കിമപി കൗതുകമായ്വരേണം.

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.1964 ഏറ്റം വ്യാകുലചിത്തയാമടിയൻ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഏറ്റം വ്യാകുലചിത്തയാമടിയനിൽക്കാരുണ്യമുണ്ടാകണേ
മുറ്റും ഭക്തിയൊടങ്ങയെപ്രതിദിനം പൂജിച്ചു വാഴുന്ന ഞാൻ
ചെറ്റും താമസമെന്യെ ദുഃഖമഖിലം തീർത്തെന്നെ രക്ഷിയ്ക്കണേ
മറ്റാരും തുണയില്ലെനിയ്ക്ക തുരുവായൂരപ്പ! നീയെന്നിയേ

കവി : **ശ്രീദേവി, തൃക്കൊടിത്താനം**, കൃതി : *(സമസ്യാപൂരണം)*

3.1965 ചാരായക്കടയാണു ലോകം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ചാരായക്കടയാണു ലോകമെവിടെക്കോലാഹലം, സൗഹൃദം
ചോരും തേന്മൊഴി, മൈത്രി, യാത്മകഥനം, വേദാന്തമായോധനം
ഓരോദ്ധ്രാം സുഖതൃഷ്ണ,യക്കനിയതാം പൂവൻപഴം മിത്ഥ്യത–
ന്നോരോ നോട്ടുകൾ–എന്തിനെന്നെയിവിടേക്കെത്തിച്ചു ഹാ, നീ വിധേ!

കവി : **ചങ്ങമ്പുഴ**, കൃതി : *സ്വരരാഗസുധ*

3.1966 ഓരോ ദുഃഖം തളർത്തും പൊഴുതു. . . (ഋഷി)

സ്രഗ്ധര

ഓരോ ദുഃഖം തളർത്തും പൊഴുതു മറികടത്തും മുളന്തണ്ടു രുക്കെ–
ത്താരിൽച്ചൂടും പുരാനേ, സുകൃതഹൃദയരാഗം പൊഴിയ്ക്കും മുരാരേ,
തോരാതേ മാരിപെയ്യുമ്പൊഴുതു ഗിരിനിവർത്തും കുടക്കാരനേ, ഞാൻ
ചേരേണം നിന്റെ മാറിൽ, പ്രിയമെഴുമിടയപ്പൈതലേ, കൈതൊഴുന്നേൻ!

കവി : എസ്. രമേശൻ നായർ, കൃതി : *കന്നിമണികൾ*

3.1967 ത്വയ്യായത്തം കൃഷിഫലമിതി. . . (ജീവി)

മന്ദാക്രാന്ത

ത്വയ്യായത്തം കൃഷിഫലമിതി ഭ്രൂവിലാസാനഭിജ്ഞൈഃ
പ്രീതിസ്നിഗ്ധൈർജനപദവധൂലോചനൈഃ പീയമാനഃ
സദ്യഃ സീരോത്കഷണസുരഭി ക്ഷേത്രമാരുഹ്യ മാലം
കിംചിത്പശ്ചാദ് വ്രജലഘുഗതിർഭൂയ ഏവോത്തരേണ.

കവി : കാളിദാസൻ, കൃതി : *മേഘദൂതം*

3.1968 സർക്കാർ വിദ്യാലയത്തിൽ. . . (ഋഷി)

സ്രഗ്ധര

സർക്കാർ വിദ്യാലയത്തിൽ സ്ഥിരനിയമനമായ് ജോലിയിൽച്ചേർന്ന നാളൊ–
ന്നോർത്താലേറും വിഷാദം "സമയമറിയുവാൻ വാച്ചുകെട്ടാത്തതെന്തേ?"
സ്വർണ്ണക്കാപ്പിൽത്തലോടിക്കളമൊഴി കളിവാക്കോതി നിന്നോരുനേരം
വീർപ്പാലുള്ളം മറച്ചിട്ടനുതമരുളിനേൻ "വാച്ചുകെട്ടാൻ മറന്നു!"

കവി : എം. പി. കേശവപ്പണിക്കർ, കൃതി : *വിഷാദം*

3.1969 സ്വാന്തത്തിൽ നാം സഹജരേ. . . (ജീവി)

വസന്തതിലകം

സ്വാന്തത്തിൽ നാം സഹജരേ, സ്വയമൈകമത്യ–
മേന്തി ശ്രമിക്കിലതു സർവദമാമുറപ്പിൻ
കാന്താംഗസങ്കലിതമേനികൃപാലുദേവൻ
താൻ താൻ തുണപ്പവരെയാണു തുണപ്പതോർപ്പിൻ.

കവി : കുമാരനാശാൻ, കൃതി : *തീയ്യക്കുട്ടിയുടെ വിചാരം*

3.1970 കാരുണ്യാപാംഗലീലാ. . . (ഉമേഷ്)

സ്രഗ്ധര

കാരുണ്യാപാംഗലീലാപരിഹൃതവിനതാശേഷസന്താപജാലാ
ലാവണ്യസ്യൈകശാലാ ത്രിഭുവനരചനാരക്ഷണാപായമൂലാ
സംസാരാംഭോധിവേലാ സ്മരമഥനമനോഹാരി ശൃംഗാരഹേലാ
ലോകാംബാ പുണ്യശീലാ ഭവതു മമ സദാ വാഞ്ഛിതാർത്ഥാനുകൂലാ.

കവി : കടത്തനാട്ടു വാസുനമ്പി

3.1971 സരസിജനിലയേ. . . (മധുരാജ്)

പുഷ്പിതാഗ്ര

സരസിജനിലയേ സരോജഹസ്തേ
ധവളതമാംശുകഗന്ധമാല്യശോഭേ
ഭഗവതി ഹരിവല്ലഭേ മനോജ്ഞേ
ത്രിഭുവനഭൂതികരി പ്രസീദ മഹ്യം.

കവി : ശ്രീശങ്കരാചാര്യർ

3.1972 ഭരിക്കുന്ന മന്ത്രിക്കു. . . (ഋഷി)

ഭുജംഗപ്രയാതം

ഭരിക്കുന്ന മന്ത്രിക്കു നെട്ടോട്ടമൊട്ടൊ–
ട്ടിരിക്കുന്ന നേരം കറേക്കഷ്ടിയല്ലോ
തരം പോലെ ഞായങ്ങളോരോന്നുചൊല്ലി–
ച്ചരിക്കാൻ മിടുക്കൻ മഹാതന്ത്രശാലി

കവി : നെടുമ്പിള്ളി നന്ദനൻപിള്ള, മഞ്ഞുമ്മൽ, കൃതി : *ചിതറിയ ചിന്തകൾ (മന്ത്രി)*

3.1973 തമസ്സിൽ പ്രാരബ്ധച്ചുമടു. . . (ജ്യോതി)

ശിഖരിണി

തമസ്സിൽ പ്രാരബ്ധച്ചുമടു ചുമൽ മാറാതെ പതറി–
ച്ചുമക്കേണം ജീവൻ നിയതിയുടെയത്താണി വരെയും
നമിച്ചാലും നാമാവലികളുരുവിട്ടാലുമണുവും–
ശമിച്ചീലെൻ താപം; ശരണമിനിയെന്നുണ്ടു ഭഗവൻ!

കവി : വി.കെ.ജി

3.1974 നിത്യാനന്ദവിമുക്തിദായക. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

നിത്യാനന്ദവിമുക്തിദായകസുധാനിഷ്യന്ദിയാമുത്തമ–
ശ്രീരാമേതി വിശിഷ്ടതാരകമഹാമന്ത്രം സുപുണ്യപ്രദം
ജിഹ്വാഗ്രത്തിലൊതുക്കി തീർഥസദൃശം പാനം സദാ ചെയ്തിടും
ഭക്തൻ തന്നുടെ കൽമഷാദിയഖിലം പൊയ്പോയിടും സത്വരം

കവി : പ്രേമലത എസ്. വാരിയർ, കൃതി : *രാമമന്ത്രമഹിമ*

3.1975 ജടക്കെട്ടാം കട്ടിക്കരിമുകിൽ. . . (ജ്യോതി)

ശിഖരിണി

ജടക്കെട്ടാം കട്ടിക്കരിമുകിൽ നിരയ്ക്കുള്ളിലിഴയും
തടിത്തമ്പും പാമ്പും ശശധരകലാലങ്കരണവും
മുടിയ്ക്കും തീക്കണ്ണും സുരതടിനിയും മൂന്നലകവും
പിടിയ്ക്കും കാൽത്താരും കലരുമലരമ്പാരി ശരണം

കവി : വി.കെ.ജി

3.1976 മൂലത്തിൽത്തൊട്ടുപരി. . . (കർത്താ)

മന്ദാക്രാന്ത

മൂലത്തിൽത്തൊട്ടുപരി വിടപശ്രേണിയോളം ഫലത്തിൻ–
ജാലത്തെക്കൊണ്ടതിനിബിഡമായ് ഭംഗിയോടുല്ലസിക്കും
ബാലത്വം പൂണ്ടൊരു പനസവൃക്ഷൗഘവും കാണുമങ്ങി,–
ക്കാലത്തന്യസ്ഥലമതിലതിന്നൊപ്പമുണ്ടാകയില്ല.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.1977 ബ്രഹ്മാ യേന കുലാലവന്നിയമിതോ. . . (ഉമേഷ്)[267]

ശാർദ്ദൂലവിക്രീഡിതം

ബ്രഹ്മാ യേന കുലാലവന്നിയമിതോ ബ്രഹ്മാണ്ഡഭാണ്ഡോദരേ
വിഷ്ണുര്യേന ദശാവതാരഗഹനേ ക്ഷിപ്തോ മഹാസങ്കടേ
രുദ്രോ യേന കപാലപാണിപുടകേ ഭിക്ഷാടനം സേവതേ
സൂര്യോ ഭ്രാമതി നിത്യമേവ ഗഗനേ തസ്മൈ നമഃ കർമ്മണേ.

കവി : ഭർത്തൃഹരി, കൃതി : *നീതിശതകം*

3.1978 രണ്ടും മൂന്നും തവണ. . . (ജീവി)

മന്ദാക്രാന്ത

രണ്ടും മൂന്നും തവണ കൃഷിയേറ്റുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും കനിവൊടു കളിക്കുന്ന കച്ചങ്ങളേയും
തണ്ടും കെട്ടിത്തരമൊടു ചരിക്കുന്ന വള്ളങ്ങളേയും
കണ്ടുംകൊണ്ടച്ചെറുപുഴകൾ തൻ തീരമാർഗ്ഗേണപോക.

കവി : കേരളവർമ്മ വലിയ കോയിത്തമ്പുരാൻ , കൃതി : *മയൂരസന്ദേശം*

3.1979 തേജോമണ്ഡലമദ്ധ്യഗം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

തേജോമണ്ഡലമദ്ധ്യഗം ത്രിനയനം ദിവ്യാംബരാലംകൃതം
ദേവം പുഷ്പശരേക്ഷുചാപവിലസന്മാണിക്യപാത്രാഭയം
ബിഭ്രാണം കരപങ്കജൈർമ്മദഗജസ്കന്ധാധിരൂഢം വിഭും
ശാസ്താരം ശരണം നമാമി സതതം ത്രൈലോക്യസമ്മോഹനം.

3.1980 ബാലാ നീ മമ ശിഷ്യയെന്നിവ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ബാലാ നീ മമ ശിഷ്യയെന്നിവയിരിക്കട്ടേ മനശ്ശുദ്ധികൊ–
ണ്ടാലോചിക്കലെനിക്കു ഭക്തി വളരെത്തോന്നുന്നു നിങ്കൽ സ്വയം;
ബാലാ നീയൊരു നാരിയെങ്കിലുമഹോ ലോകൈകവന്ദ്യാ; ഗുണം
മൂലം താൻ ഗുണികൾക്കു പൂജ്യത വയോലിംഗങ്ങൾ കൊണ്ടല്ലൊടോ.

കവി : ചാത്തുക്കുട്ടി മന്നാടിയാർ, കൃതി : *ഉത്തര രാമചരിതം*

---

[267] [*രാജേഷ്*] ശ്ലോകം **3.1977 :** പരിഭാഷ (രാജേഷ്) :

കുലാലൻ വിരിഞ്ചൻ, പിറന്നും മരിച്ചും
നിരാലംബനായിട്ടുഴന്നു രമേശൻ,
ഇരപ്പാളിയായ് ശംഭു, വർക്കൻ കറങ്ങും
കളിപ്പാട്ടമായ്, കർമ്മമേ, നിന്റെയുക്കാൽ!

3.1981 ബാലാർക്കായുതതേജസം ധൃതജടാ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ബാലാർക്കായുതതേജസം ധൃതജടാജൂടേന്ദുഖണ്ഡോജ്വലം
നാഗേന്ദ്രൈഃ കൃതഭൂഷണം ജപപടീം ശൂലം കപാലം കരൈഃ
ഖട്വാംഗം ദധതം ത്രിനേത്രവിലസത് പഞ്ചാനനം സുന്ദരം
വ്യാഘ്രത്വക്പരിധാനമബ്ജനിലയം ശ്രീനീലകണ്ഠം ഭജേ.

3.1982 ഖേദിയ്ക്കവേണ്ട മനമേ. . . (ജ്യോതി)

വസന്തതിലകം

ഖേദിയ്ക്കവേണ്ട മനമേ യുടലിൻ ക്ഷയത്തിൽ
മോദാനുകൂലമറിവൊന്നു മനസ്സിലാക്കു
പാദാപഘാതപതനക്ഷയവൃദ്ധിയെല്ലാം
ഭേദങ്ങളീ നിഴലിൽ–എന്തിനു നിൻവിഷാദം!

കവി : ജ്യോതിർമയി

3.1983 പാണിക്വണന്മണിഗണോജ്ജ്വല. . . (വിശ്വപ്രഭ)

വസന്തതിലകം

പാണിക്വണന്മണിഗണോജ്ജ്വലവേണുനാദം
മാണിക്യകുണ്ഡലമനോഹരഗണ്ഡഭാഗം
വൃന്ദാവനാന്തരവിഹാരരതം മുകുന്ദം
വന്ദാമഹേ മദനഗോപവിലാസവേഷം.

3.1984 വീതാശങ്കമഹോ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

വീതാശങ്കമഹോ, വിനാശകരമാസ്സാമ്രാജ്യദുർമ്മോഹമാം
വേതാളത്തിനു രക്തതർപ്പണമനുഷ്ഠിക്കുന്ന രാഷ്ട്രങ്ങളേ,
സ്വാതന്ത്ര്യം ജലരേഖ–മർത്ത്യരെ വെറും ചെന്നായ്കളാക്കാം, കുറെ
പ്രേതങ്ങൾക്കുഴറാം ജഗത്തിലിതിനോ നിങ്ങൾക്കു യുദ്ധഭ്രമം!! ...

കവി : ചങ്ങമ്പുഴ, കൃതി : *സ്പന്ദിക്കുന്ന അസ്ഥിമാടം*

3.1985 സദ്യശ്ഛിന്നശിരഃ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

സദ്യശ്ഛിന്നശിരഃ കൃപാണമഭയം ഹസ്തൈർവ്വരം ബിഭ്രതീം
ഘോരാസ്യാം ശിരസാം സ്രജാ സുരുചിരാമുന്മുക്തകേശാവലീം
സൃക്യാസൃക്പ്രവഹാം ശ്മശാനനിലയാം ശ്രുത്യോഃ ശവാലംകൃതിം
ശ്യാമാംഗീം കൃതമേഖലാം ശവകരൈർദ്ദേവീം ഭജേ കാളികാം.

3.1986 സ്വന്തനിഷ്ഠയതിനായ്. . . (കർത്താ)

രഥോദ്ധത

സ്വന്തനിഷ്ഠയതിനായ് കളിച്ചു നീർ–
ച്ചിത്തമീറനോടു പൊയ്തതൻ തടേ
ബന്ധുരാംഗരുചി ളവിനിന്നുഷ–
സ്സന്ധ്യപോലെയൊരു പാവനാംഗിയാൾ.

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.1987 ബ്രഹ്മാണീ കമലേന്ദുസൗമ്യവദനാ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ബ്രഹ്മാണീ കമലേന്ദുസൗമ്യവദനാ മാഹേശ്വരീ ലീലയാ
കൗമാരീ രിപുദർപ്പനാശനകരീ, ചക്രായുധാ വൈഷ്ണവീ,
വാരാഹീ ഘനഘോരഘർഘരമുഖീ ദംഷ്ട്രീ ച വജ്രായുധാ,
ചാമുണ്ഡാ ഗണനാഥരുദ്രസഹിതാ രക്ഷന്തു മാം മാതരഃ

3.1988 വൻകാറ്റടിച്ചാഴി. . . (ജീവി)

ഇന്ദ്രവജ്ര

വൻകാറ്റടിച്ചാഴിയഴിഞ്ഞകന്നോ
ഹങ്കാരിഭ്രകമ്പമിയന്നയർന്നോ
മുൻകാലമീക്കേരളകൊങ്കണങ്ങൾ
മൺകാഴ്ചയായെന്നു ചിലർക്കു പക്ഷം.

കവി : കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃതി : *കേരളം*

3.1989 മദ്ധ്യാഹ്നാർക്കസമപ്രഭം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

മദ്ധ്യാഹ്നാർക്കസമപ്രഭം ശശിധരം ഭീമാട്ടഹാസോജ്ജ്വലം
ത്ര്യക്ഷം പന്നഗഭൂഷണം ശിഖിശിഖാശ്മശ്രുസ്ഫുരന്മൂർദ്ധജം
ഹസ്താബ്ജൈസ്ത്രിശിഖം സമുദ്ഗരമസിം ശക്തിം ദധാനം വിഭും
ദംഷ്ട്രാഭീമചതുർമ്മുഖം പശുപതിം ദിവ്യാസ്ത്രരൂപം സ്മരേത്.

3.1990 ഹ്രസ്വം സുദീർഘം. . . (ജീവി)

ഇന്ദ്രവംശ/വംശസ്ഥം

ഹ്രസ്വം സുദീർഘം, പദസന്ധി, ബിന്ദുവും,
വിസർഗ്ഗമെന്നീ സ്വരഭിന്നരീതികൾ
മുഖത്തിൽനിന്നും മുഖമാർഗ്ഗമായ് നരൻ
പകർക്കിലേ നൽശരിയായ് വരൂ ദൃഢം.

കവി : കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ് , കൃതി : *കയ്യെഴുത്ത്*

3.1991 മുക്താഗൗരം നവമണിലസദ്. . . (വിശ്വപ്രഭ)

മന്ദാക്രാന്ത

മുക്താഗൗരം നവമണിലസദ്ഭൂഷണം ചന്ദ്രസംസ്ഥം
ത്ര്യംഗാകാരൈരളകനികരൈഃ ശോഭിവക്ത്രാരവിന്ദം
ഹസ്താബ്ജാഭ്യാം കനകചഷകം ശുദ്ധതോയാഭിപൂർണ്ണം
ദദ്ധ്യാന്നാഢ്യം കനകചഷകം ധാരയന്തം ഭജാമഃ.

3.1992 ഹാ, മൽക്കാന്തേ. . . (ഉമേഷ്)[268]

മന്ദാക്രാന്ത

ഹാ, മൽക്കാന്തേ, വിധിയൊടൊരുമിച്ചിന്നു നമ്മൾക്കു ദുഃഖ–

[268] [*ഉമേഷ്*] ശ്ലോകം **3.1992 :** മൂലശ്ലോകം (**Omar Khayyam**):

Ah Love! could you and I with Him conspire
To grasp this sorry Scheme of Things entire,
    Would not we shatter it to bits–and then
Re-mold it nearer to the Heart's Desire!

സ്തോമം തിങ്ങും പ്രകൃതിയെ നിയന്ത്രിക്കുവാനൊക്കുമെങ്കിൽ
കാമം ചീന്തിപ്പല കഷണമാക്കി പ്രപഞ്ചത്തെ, വീണ്ടും
നാമിച്ഛിക്കും വിധമതിനെയുണ്ടാക്കുവാൻ നോക്കുകില്ലേ?

കവി : **ഉമേഷ് നായർ / ഉമർ ഖയ്യാം**, കൃതി : *റുബായിയാത് പരിഭാഷ (1983)*

3.1993 കുംഭീന്ദ്രൻ പോയ് ത്രികൂടാചല. . . (വിശ്വപ്രഭ)

സ്രഗ്ധര

കുംഭീന്ദ്രൻ പോയ് ത്രികൂടാചലസരസി മുദാ പണ്ടഗസ്ത്യസ്യ ശാപാൽ
പിൻകാലിന്മേൽ കടിച്ചൂ മുതല കടിവിടാഞ്ഞായിരത്താണ്ടുഴന്നാൻ
അന്നേരം പോന്നു വന്നു മുരരിപു ഗരുഡാരൂഢനായ് ധ്യാനശക്ത്യാ
നക്രം ചക്രേണ കൊന്നക്കരിവരനഥ സായൂജ്യമേകീ മുകുന്ദൻ.

3.1994 ആമട്ടമാത്യന്യപർ. . . (കർത്താ)

വസന്തതിലകം

ആമട്ടമാത്യന്യപർ വാഴ്ത്തു കണ്ടുകണ്ട–
സ്സാമർത്ഥ്യമേറ്റമിയലും ഖലരെട്ടുവീടർ
ധീമങ്ങി, യേഷണി മുറയ്ക്കു തുടങ്ങി, തോതു–
പോമന്നു മായതുടരുന്നൊരരക്കർ പോലെ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.1995 ധ്യായേയം രത്നപീഠേ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ധ്യായേ∫യം രത്നപീഠേ ശുകകളപഠിതം ശൃണ്വതീം ശ്യാമളാംഗീം
ന്യസ്തൈകാംഘ്രീം സരോജേ ശശിശകലധരാം വല്ലകീം വാദയന്തീം
കല്ഹാരാബദ്ധമാലാം നിയമിതവിലസച്ചൂളികാം രക്തവസ്ത്രാം
മാതംഗീം ശംഖചക്രാം മധുമദവിവശാം ഹിതുകോത്ഭാസിഫാലാം.

3.1996 കേയൂരാംഗദകങ്കണോത്തമ. . . (ഉമേഷ്)[269]

സ്രഗ്ധര

കേയൂരാംഗദകങ്കണോത്തമമഹാരത്നാംഗുലീയാങ്കിത–
ശ്രീമദ്ബാഹുചതുഷ്കസങ്ഗതഗദാശംഖാരിപങ്കേരുഹാം
കാഞ്ചിത് കാഞ്ചനകാഞ്ചിലാഞ്ഛിതലസത്പീതാംബരാലംബിനീ–
മാലംബേ വിമലാംബുജദ്യുതിപദാം മൂർത്തിം തവാർത്തിച്ഛിദം.

കവി: **മേൽപ്പത്തൂർ**, കൃതി: *നാരായണീയം*

3.1997 കായുന്നു കര, ളായിരം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

കായുന്നു കര, ളായിരം ഭയമുയർന്നീടുന്നു മേ;കാലനൂർ–

[269] [*ഉമേഷ്*] **ശ്ലോകം 3.1996 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

പൊന്നിൻ തോൾവള, കങ്കണങ്ങൾ, വിരലിൽ പൊന്മോതിരക്കൂട്ടവും,
മിന്നും കൈകളിലുള്ള തണ്ടലർ, ഗദാശംഖങ്ങൾ, തൃച്ചക്രവും,
മിന്നൽച്ചാർത്തൊടിടഞ്ഞ ചേല തഴകും പൊൻകാഞ്ചി, തണ്ടാർ തൊഴു–
ന്നനൃനം പദയുഗ്മവും ഗദമകന്നീടാൻ നിനയ്ക്കുന്നു ഞാൻ.

ക്കായിപ്പായുകയാണനത്യയരയം കാലാഹ്വയപ്പോർഹയം;
ആയുസ്സിന്നവസാനമാർക്കറിയുമി,ങ്ങാസന്നമാവാം;മുകിൽ–
ഛായാകോമള! നിന്നപാംഗമലിവിൽച്ചായേണമിയ്യേഴയിൽ.

കവി : വി. കെ. ജി., കൃതി : *അവിൽപൊതി*

3.1998 അനിയതരുദിതസ്മിതം. . . (വിശ്വപ്രഭ)

പുഷ്പിതാഗ്ര

അനിയതരുദിതസ്മിതം വിരാജൽ–
കതിപയകോമളദന്തകുഡ്മളാഗ്രം
വദനകമലകം ശിശോഃ സ്മരാമി
സ്ഖലദസമഞ്ജസമുഗ്ദജൽപിതം തേ.

കവി : ഭവഭൂതി , കൃതി : *ഉത്തരരാമചരിതം*

3.1999 വികസദ്ഭവനേ. . . (ജ്യോതി)[270]

വിയോഗിനി

വികസദ്ഭവനേ മുഖോദരേ
നനു ഭ്രയോ∫പി തഥാവിധാനനഃ
അനയാ സ്ഥടമീക്ഷിതോ ഭവാൻ
അനവസ്ഥാം ജഗതാം ബതാതനോത്

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം*

3.2000 അണ്ഡാന്തഃസ്ഥിതമായ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

അണ്ഡാന്തഃസ്ഥിതമായ ജീവകണമായുണ്ടായി, യാണ്ടൊന്നിനെ–
ക്കൊണ്ടന്യൂനമനന്തരൂപമതു കൈക്കൊണ്ടീശപര്യങ്കമായ്,
അണ്ടർക്കും കുതുകം വളർത്തി, വിരവിൽ തണ്ടാർമകൾക്കും കിട–
പ്പുണ്ടാക്കി, ത്തരുമീ സദസ്സു സുകൃതം രണ്ടായിരം നാവിനാൽ!

കവി : ഉമേഷ് നായർ

[270] [*ഉമേഷ്*] ശ്ലോകം **3.1999 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

ഉലകങ്ങൾ തെളിഞ്ഞ വായിൽ നീ
വിലസീ പിന്നതുപോലെ വീണ്ടുമേ;
പല മട്ടു തെളിച്ചു കാട്ടിയി–
ട്ടുലകെല്ലാമുടനേ മറച്ചു നീ.

3.2001 ആരായാലെന്തു? പാരം. . . (ഋഷി)

സ്രഗ്ധര

ആരായാലെന്തു? പാരം മദമിളകിവരും കൊമ്പനാവട്ടെ;യെല്ലാം
വേരോടേ കൊന്നൊടുക്കിജ്ഝടിതി കടപുഴക്കും കൊടുങ്കാറ്റുമാട്ടേ;
നേരില്ലാത്തഗ്നിയാട്ടേ;യലകട കടലെടുത്തോട്ടെ; കാരുണ്യ നീല–
പ്പാരാവാരത്തിടമ്പാം തിരുവടി തുണയുണ്ടെന്തു സംഭ്രാന്തി കൊള്ളാൻ?

കവി : എസ്. രമേശൻ നായർ, കൃതി : *കന്നിമണികൾ*

3.2002 നീലാഞ്ജനാദ്രിനിഭമൂർദ്ധ്വ. . . (വിശ്വപ്രഭ)

വസന്തതിലകം

നീലാഞ്ജനാദ്രിനിഭമൂർദ്ധ്വപിശംഗകേശം
വൃത്തോഗ്രലോചനമുദാരഗദാകപാലം
ആശാംബരം ഭുജഗഭൂഷണമുഗ്രദംഷ്ട്രം
ക്ഷേത്രേശമദ്ഭുതതനും പ്രണമാമി ദേവം.

കൃതി : *(ക്ഷേത്രപാലധ്യാനം)*

3.2003 അവിദ്യാനാമന്തസ്തിമിര. . . (മധുരാജ്)[271]

ശിഖരിണി

അവിദ്യാനാമന്തസ്തിമിരമിഹിരദ്വീപനഗരീ
ജഡാനാം ചൈതന്യസ്തബകമകരന്ദസ്രുതിഝരീ
ദരിദ്രാണാം ചിന്താമണിഗുണനികാ, ജന്മജലധൗ
നിമഗ്നാനാം ദംഷ്ട്രാ, മുരരിപുവരാഹസ്യ ഭവതി

കവി : ശ്രീ ശങ്കരാചാര്യർ, കൃതി : *സൗന്ദര്യലഹരി*

3.2004 ദേവീ പദ്മാസനസ്ഥാ. . . (വിശ്വപ്രഭ)

സ്രഗ്ധര

ദേവീ പദ്മാസനസ്ഥാ വിപുലകടിതടീ പദ്മപത്രായതാക്ഷീ,
ഗംഭീരാവർത്തനാഭിഃ സ്തനഭരനമിതാ ശുഭ്രവസ്ത്രോത്തരീയാ
ലക്ഷ്മീർദ്ദിവ്യൈർഗ്ഗജേന്ദ്രൈർമ്മണിഗണഖചിതൈഃ സ്നാപിതാ ഹേമകുംഭൈർ–
നിത്യം സാ പദ്മഹസ്താ മമ വസതു ഗൃഹേ സർവ്വമംഗല്യയുക്താ.

3.2005 ലക്ഷ്മ്യാ രംഗേ ശരദി. . . (ഉമേഷ്)[272]

മന്ദാക്രാന്ത

ലക്ഷ്മ്യാ രംഗേ ശരദി ശശിനഃ സൗധശൃംഗേ കയോശ്ചിത്

[271] [*ഉമേഷ്*] ശ്ലോകം **3.2003 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

വിദ്യാഹീനന്ന സൂര്യോദയഗിരിപുരമായ് നീയിരുൾച്ചാർത്തകറ്റും;
മന്ദൻ ചൈതന്യമാം പൂങ്കുലയിലെ നറുതേനാറിതെന്നോർത്തിടുന്നു;
ഹൃദ്യം സർവ്വാർത്ഥമേകം വിമലമണിയതേ നീ ദരിദ്രന്ന പാർത്താൽ;
ജന്മാബ്ധിക്കുള്ളിലാഴ്ം മനുജനു ഹരിയാം പന്നി തൻ തേറ്റയാം നീ.

[272] [*ഉമേഷ്*] ശ്ലോകം **3.2005 :** പരിഭാഷ (മഠം പരമേശ്വരൻ നമ്പൂതിരി) :

ശ്രീലം തിങ്കൾക്കതിരൊളി ശരത്തിങ്കലബ്ജങ്കളാവിൻ
മേലെങ്ങേതോ തരുണമിഥുനം മേളമായ്ക്കേളി ചെയ്യേ
കാലക്കേടെങ്ങൊഴിയു? മവളേ വിട്ടവൻ പോയ്ക്കിനാവാർ–
ന്നാലസ്യത്താൽ കിളിയൊടഴകായോതിനാൻ ദൂതിവണ്ണം.

പ്രേമ്ണാ യൂനോസ്സഹ വിരഹതോഃ പേശലാഭിഃ കലാഭിഃ
ദ്വാരാസാദ്യേർ ക്വ നു ഖലവിധേർ? ദൂരനീതഃ സ തസ്യാഃ
സ്വാന്തസ്വപ്നേ ശുകമനു ഗിരാ ഭാവുകം സന്ദിദേശ.

കവി : ലക്ഷ്മീദാസൻ, കൃതി : *ശുകസന്ദേശം*

3.2006 ദൂനം ചിത്തം ദുരിതഹരമാം. . . (കർത്താ)

മന്ദാക്രാന്ത

ദൂനം ചിത്തം ദുരിതഹരമാം നാമപാരായണത്താ–
ലാനന്ദിപ്പിച്ചതിവിദുഷിതാൻ കീർത്തനം തീർത്തനേകം
ഗാനം ചെയ്യുന്നളവിലളവില്ലാത്തൊരാനന്ദപൂരേ
നൃനം മജ്ജിച്ചിടുമയി മയൂരേന്ദ്ര! കർണേന്ദ്രിയം തേ.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.2007 ഗംഗാധരാദ്ഭുത, മസംഗാശയാംബുരുഹ. . . (ഉമേഷ്)

മത്തേഭം

ഗംഗാധരാദ്ഭുത, മസംഗാശയാംബുരുഹഭൃംഗായിതം, ദിതിഭുവാം
ഭംഗാവഹം, വിധ്വതതുംഗാചലം, പൃഥുഭുജംഗാധിരാജശയനം,
അംഗാനുഷംഗിമൃദുപിംഗാംബരം, പരമനംഗാതിസുന്ദരതനും,
ശൃംഗാരമുഖ്യരസരംഗായിതം, ഭജ ത, മംഗാബ്ജനാഭമനിശം.

കവി : സ്വാതിതിരുനാൾ

3.2008 ആസ്രംസത് ക്ഷൗമനീവീം. . . (വിശ്വപ്രഭ)

സ്രഗ്ധര

ആസ്രംസത് ക്ഷൗമനീവീം നിജഭുജലതയാ ധാരയന്തീം ലലാമ–
പ്രോദ്യത്ഫാലാന്തരാളാം വിലുളിതചികുരാം ക്രീഡതീം കന്ദുകേന
ഹേമാംഭോജാഭിരാമാം മദനരിപുമനഃ ക്ഷോഭമാപാദയന്തീ–
മായാന്തീം താമുപാസേ നിജചരണജുഷാമിഷ്ടദാം വിഷ്ണുമായാം.

3.2009 ഹേ, ഹേ, എന്തെന്തു കൃത്താണിതു. . . (കർത്താ)

സ്രഗ്ധര

ഹേ! ഹേ! എന്തെന്തു കൃത്താണിതു? ചെകിടടയും വണ്ണമീവണ്ണമേട്ടം
ഹാഹാരാവം മുഴക്കിപ്പുനരിഹ പൊടി ധൂളിച്ചു മേളിച്ചുകൊണ്ട്!
ഹോ! ഹോ! തിക്കിത്തിരക്കിത്തുരുതുരെ വളരെസ്സ്രീക്കോടാൾക്കൂട്ടമയ്യോ!
ഹുഹുയെന്നാർത്തടുക്കുന്നിതു കുടൽപിടയും മട്ടിലിന്നൊട്ടതല്ലേ.

കവി : വെണ്മണി മഹൻ

3.2010 ഹേമാംഭോജേ നിഷണ്ണം . . . (വിശ്വപ്രഭ)

സ്രഗ്ധര

ഹേമാംഭോജേ നിഷണ്ണം സ്രവദമൃതഘടൗ ചക്രശംഖൗ കരാബ്ജേ–
ഷ്വക്ഷസ്രക്കുണ്ഡികാഖ്യേ ശിരസി ശശികലാം ധാരയന്തം സുഭ്രുഷം
ഹേമാഭം പീതവസ്ത്രം രവിശശിദഹനത്രീക്ഷണം ചിത്സ്വരൂപം
സർവ്വജ്ഞം സർവ്വഗം തം ഹരിഹരവിധിജം വിശ്വരൂപം നമാമി.

3.2011 ഹാ ഹാ, മേ നിശ്ചയിപ്പാൻ. . . (കർത്താ)

സ്രഗ്ധര

ഹാ ഹാ, മേ നിശ്ചയിപ്പാൻ പണിയിതു സുഖമോ ദു:ഖമോ നിദ്ര താനോ
മോഹം താനോ മദം വാ സുമുഖി, വിഷമതിൻ വ്യാപ്തിയോയെന്നുമിപ്പോൾ
ദേഹസ്പർശങ്ങൾ തോറും തരുണി, മമ വികാരത്തിനാലിന്ദ്രിയൗഘം
മോഹിക്കുന്നു മനസ്സിൽ കളമൊഴി, തെളിവും മൂടലും ചേർന്നിടുന്നു.

കവി : ചാത്തുക്കുട്ടി മന്നാടിയാർ, കൃതി : *ഉത്തരരാമചരിതം*

3.2012 ദൃശാബ്ജിദ്വീപവര്യ. . . (വിശ്വപ്രഭ)

സ്രഗ്ധര

ദൃശാബ്ജിദ്വീപവര്യപ്രവിലസിതസുരോദ്യാനകൽപദ്രുമാധോ
ഭദ്രാംഭോജന്മപീഠോപരിഗതവിനതാനന്ദനസ്കന്ധസംസ്ഥഃ
ദോർഭിർബ്ഭിഭ്രദ്ഭഥാംഗം വരദമഥ ഗദാം പങ്കജം സ്വർണ്ണവർണ്ണം
ഭാസ്വന്മൗലിർവ്വിചിത്രാഭരണപരിഗതഃ സ്യാച്ഛ്രയേ വോ മുകുന്ദഃ

3.2013 ദാരിദ്ര്യദുഃഖത്തിൽ. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ദാരിദ്ര്യദുഃഖത്തിലുഴന്നിടുന്നോർ
ധാരാളമുണ്ടീഭുവനത്തിലെങ്ങും
ശരിക്കവർക്കേകിടുമർത്ഥമെല്ലാം
നാരായണന്നർപ്പണമായ് വരട്ടെ

കവി : ടി. ടി. ജി. നായർ, എറണാകുളം, കൃതി : *(സമസ്യാപൂരണം)*

3.2014 ശ്യാമാം വിചിത്രാംശു. . . (വിശ്വപ്രഭ)

ഇന്ദ്രവംശ/വംശസ്ഥം

ശ്യാമാം വിചിത്രാംശുകരത്നഭൂഷണാം
പദ്മാസനാം തുംഗപയോധരാനതാം
ഇന്ദീവരേ ദ്വേ നവശാലിമഞ്ജരീം
ശുകം ദധാനാം വസുധാം ഭജാമഹേ.

3.2015 ഇന്ദ്രൻ, ധാതാ, വുപേന്ദ്രൻ,. . . (ഋഷി)

സ്രഗ്ധര

ഇന്ദ്രൻ, ധാതാ, വുപേന്ദ്രൻ, പിതൃപതി, പവനൻ, പാവകൻ, പാശികാലൻ
ചന്ദ്രൻ, ചണ്ഡാംശു, മുമ്പാം ജഗദധികൃതരിൽപ്പോലുമേകൻ പിഴച്ചാൽ
അന്നാസ്ഥാനം വഹിപ്പാൻ തവപദകമലോപാസകന്മാരിലേകൻ
വന്നീടേണം; പരന്മാരതിനു കുശലര,ല്ലൊക്കെയും ശക്തിസാധ്യം

കവി : ഒരവങ്കര, കൃതി : *ദേവീസ്തവം*

3.2016 അരുണനളിനസംസ്ഥം. . . (വിശ്വപ്രഭ)

മാലിനി

അരുണനളിനസംസ്ഥം കാഞ്ചനോദ്ദീപ്തവർണ്ണം
കരദ്വതദരചക്രം പീതകൗശേയവസ്ത്രം
കനകകലശസംരക്തോൽപലാസക്തപാണിം
ശ്രിയമപരകരാഭ്യാം ബിഭ്രതം നൗമി വിഷ്ണും.

3.2017 കാലം കുറഞ്ഞ ദിനമെങ്കിലും. . . (ജീവി)

വസന്തതിലകം

"കാലം കുറഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം,
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേ കഴിഞ്ഞരിയ യൗവന"മെന്നു നിന്റെ–
യീ ലോലമേനി പറയുന്നനുകമ്പനീയം.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.2018 ചക്രം ശംഖം ച ചാപം. . . (വിശ്വപ്രഭ)

സ്രഗ്ധര

ചക്രം ശംഖം ച ചാപം പരശുമസിമിഷും ശൂലപാശാങ്കുശാഗ്നിം
ബിഭ്രാണം ചർമ്മഖേടം ഹലമുസലഗദാകുന്തമത്യുഗ്രദംഷ്ട്രം
ബാലാകേശം തിനേത്രം കനകമയലസത് ഗാത്രമത്യുഗ്രരൂപം
വന്ദേ ഷഡ്കോണസംസ്ഥം സകലരിപുജനപ്രാണസംഹാരചക്രം.

, കൃതി : *(നിഗ്രഹചക്രം – മഹാസുദർശനം – ധ്യാനം)*

3.2019 ബ്രഹ്മാവർത്തം ജനപദം. . . (ജീവി)[273]

മന്ദാക്രാന്ത

ബ്രഹ്മാവർത്തം ജനപദമധശ്ചരായയാ ഗാഹമാനഃ
ക്ഷേത്രം ക്ഷത്രപ്രധനപിശുനം കൗരവം തദ് ഭജേഥാഃ
രാജന്യാനാം ശിതശരശതൈർയത്ര ഗാണ്ഡീവധന്വാ
ധാരാപാതൈസ്ത്വമിവ കമലാന്യഭ്യവർഷന്മുഖാനി

കവി : കാളിദാസൻ, കൃതി : *മേഘദൂതം*

3.2020 രൗദ്രം രൗദ്രാവതാരം. . . (വിശ്വപ്രഭ)

സ്രഗ്ധര

രൗദ്രം രൗദ്രാവതാരം ഹ്രതവഹനയനം ചോർധ്വകേശം സദംഷ്ട്രം
വ്യോമാംഗം ഭീമരൂപം ഘ്രിണിഘ്രിണിരഭസം ജ്വാലമാലാകലാപം
ഭ്രുതപ്രേതാദിനാഥം കരകലിതമഹാഖഡ്ഗഖേടം ച സൗമ്യം
വന്ദേ ലോകൈകവീരം ത്രിഭുവനനമിതം ശ്യാമളം വീരഭദ്രം.

3.2021 ഭ്രുവിൻ മുകതമസ്സകറ്റി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭ്രുവിൻ മുകതമസ്സകറ്റി, യിരവിൻവല്ലായ്മയെല്ലാമൊഴി–
ച്ചാവിൺഗോപുരമേടവിട്ടുപതിവായ്ക്കാരുണ്യമോടെത്തിടും
ളുവെൺപൂഞ്ചിറകാർന്നിടുന്നൊരുദയശ്രീ നിന്റെയോമൽക്കരം
പൂവിൻപട്ടിതൾ തൊട്ടുണർത്തുമളവിൽ, ഞാൻ നിന്റെ വൈതാളികൻ!

കവി : പ്രമീളാദേവി, കൃതി : *വിഷുക്കണി*

---

[273] [*ഉമേഷ്*] ശ്ലോകം **3.2019 :** പരിഭാഷ (**ജി. ശങ്കരക്കുറുപ്പ്**) :

ഛായാരൂപേണ സാരസ്വതതടമണയൂ; പിന്നെ മാവാരതപ്പോർ
മായാതോർമ്മപ്പെടുത്തുന്നൊരു മഹിതകുരുക്ഷേത്രമാസേവ്യമത്രേ;
നീയാരാൽ താമരത്താർനിര പുതുമഴയാലെന്ന പോൽ ക്ഷീർത്തു മിന്നും
സ്വീയാസ്ത്രത്താലനേകം നൃപമുഖമവിടെപ്പെയ്ത ഗാണ്ഡീവപാണി!

3.2022 താരാദിപഞ്ചമനൃഭിഃ. . . (വിശ്വപ്രഭ)

വസന്തതിലകം

താരാദിപഞ്ചമനൃഭിഃ പരിഗീയമാനം
മാനൈരഗമ്യമനിമിത്തമനന്തമൂലം
സച്ചിത്സമസ്തഗമനശ്വരനച്യുതം ത–
ത്തേജഃ പരം ഭജത സാന്ദ്രസുധാംബുരാശിം.

3.2023 സാ വാ അയം ബ്രഹ്മ. . . (ബാലേന്ദു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

സാ വാ അയം ബ്രഹ്മ മഹദ്വിമൃഗ്യം
കൈവല്യനിർവാണസുഖാനുഭൂതിഃ
പ്രിയഃ സുഹൃദ്വഃ ഖലു മാതുലേയ
ആത്മാർഹണീയോ വിധികൃദ്ഗുരുശ്ച.

കവി : വ്യാസൻ, കൃതി : *ശ്രീമദ്ഭാഗവതം (7.15.76)*

3.2024 പത്തോളം കൊല്ലമായ് നിൻ. . . (ഋഷി)

സ്രഗ്ധര

പത്തോളം കൊല്ലമായ് നിൻ തിരുനടയിൽ ഹരേ, അർച്ചനാപുഷ്പവുംകൊ–
ണ്ടെത്താറുണ്ടെങ്കിലിപ്പൊ,ലവശത പലതുണ്ടറ്റവർക്കും മടുത്തു
നിർത്താറായെന്നു തോന്നുന്നിവനുടെ നടനം ജീവിതത്തിന്നരങ്ങിൽ
ചിത്തം മങ്ങുന്നു, ക്ലമം സഭയിലിനിയുമീ വേഷമാടേണമെന്നോ?

കവി : അച്യുതൻ കുട്ടി, കാടാമ്പുഴ, കൃതി : *(സമസ്യാപൂരണം)*

3.2025 നിരപരാധരാം. . . (ഗോപകുമാർ)

സമ്മത

നിരപരാധരാം ലോകരെബ്ഭവാൻ
നരപതേ വധം ചെയ്കിലീവിധം
നരകമെങ്ങനേ നീയൊഴിച്ചീടും?
നിരവിശേഷമാം നിന്റെ വംശവും

3.2026 “നാരായണാ” യെന്നിവൻ. . . (ഋഷി)

ഇന്ദ്രവജ്ര

“നാരായണാ” യെന്നിവനുച്ചരിച്ചാ–
ലാരാഞ്ഞുവന്നിങ്ങു തുണച്ച കൃഷ്ണാ
തീരാത്ത സന്താപമിയന്ന ജന്മം
നാരായണന്നർപ്പണമായ് വരട്ടേ!

കവി : എം. ജി. വേണുഗോപാലൻ, അമ്പാടി, കൃതി : *(സമസ്യാപൂരണം)*

3.2027 തുല്യം ചൊല്ലിക്കൊടുക്കുന്നിതു. . . (കർത്താ)[274]

സ്രഗ്ധര

തുല്യം ചൊല്ലിക്കൊടുക്കുന്നിതു ഗുരു ജഡനും പ്രാജ്ഞനും വിദ്യയെത്താ–
നില്ലാതാക്കില്ലൊവന്നും ഗ്രഹണപടുതയെത്താൻ കൊടുക്കാറുമില്ല;
തെല്ലും മൺകട്ട ബിംബത്തിനെ വിമലമണിയ്ക്കൊപ്പമായുൾഗ്രഹിക്കു–
ന്നില്ലവ്വണ്ണം ഫലംകൊണ്ടിരുവരുമായേതവും ഭേദമുണ്ടാം.

കവി : ചാത്തുക്കുട്ടി മന്നാടിയാർ, കൃതി : *ഉത്തരരാമചരിതം*

3.2028 തഞ്ചത്തിൽക്കളസൂക്തിയാലെ. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

തഞ്ചത്തിൽക്കളസൂക്തിയാലെ പുളകം ചേർത്തു ചെറുശ്ശേരിയ–
ത്തുഞ്ചൻ തൻകിളി കൊഞ്ചിനാൾ മധുരമായദ്വൈതഗീതാമൃതം;
കുഞ്ചൻ പൂത്തിരിതൻ കളിപ്പൊലിമയിൽ പൊട്ടിച്ചിരിപ്പിച്ചുതൻ
നെഞ്ചം കൈരളിദേവിയാൾക്കു രസലാസ്യോദാരകേദാരമായ്.

3.2029 കണ്ടെത്തീടണമാശയുണ്ടു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കണ്ടെത്തീടണമാശയുണ്ടു, പരമാം തത്ത്വം ഗ്രഹിക്കുന്നമു–
ണ്ടെന്നെത്താൻ പൊടിയാക്കുമാറണവതെമ്പാടും മൃഗീയത്വമാം;
തിങ്കൾക്കീറുയരുന്ന പോതൊഴുകിടും മഞ്ഞെന്ന പോൽ മാനസ–
ത്തിങ്കൽ ഭക്തി ലഭിക്കുവാനിട ലഭിച്ചാകിൽ ജയിച്ചാവു ഞാൻ!

കവി : ഡി. ശ്രീമാൻ നമ്പൂതിരി, കൃതി : *ശ്രീഗുരുവായൂപുരേശ്വരസ്തവം*

3.2030 തിര്യക്കണുവിലോലമൗലി. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

തിര്യക്കണുവിലോലമൗലിതരളോത്തംസസ്യ വംശോച്ചലദ്–
ഗീതിസ്ഥാനകൃതാവധാനലലനാലക്ഷൈർന സംലക്ഷിതാഃ
സമ്മുക്താ മധുസൂദനസ്യ മധുരേ രാധാമുഖേന്ദൗ മുദു–
സ്പന്ദം കന്ദളിതാശ്ചിരം ദദതു വഃ ക്ഷേമം കടാക്ഷോർമയഃ

കവി : ജയദേവൻ, കൃതി : *ഗീതഗോവിന്ദം*

3.2031 സന്തപ്ത്തായസി സംസ്ഥിതസ്യ. . . (ഉമേഷ്)[275]

ശാർദ്ദൂലവിക്രീഡിതം

സന്തപ്ത്തായസി സംസ്ഥിതസ്യ പയസോ നാമാപി ന ശ്രൂയതേ;

[274] [*ഉമേഷ്*] ശ്ലോകം **3.2027 :** മൂലശ്ലോകം (ഭവഭോതി) :

വിതരതി ഗുരുഃ പ്രാജ്ഞേ വിദ്യാം യഥൈവ തഥാ ജഡേ
ന തു ഖലു തയോർ ജ്ഞാനേ ശക്തിം കരോത്യപഹന്തി വാ
ഭവതി ച പുനർഭൂയാൻ ഭേദഃ ഫലം പ്രതി യദ്യഥാ
പ്രഭവതി ശുചിർ ബിംബഗ്രാഹേ മണിർ ന മൃദാം ചയഃ

[275] [*ഉമേഷ്*] ശ്ലോകം **3.2031 :** പരിഭാഷ (ഉമേഷ്) :

ചേണാർന്നാംബുധിശുക്തിയിൽജ്ജലകണം മുത്തായ് പ്രശോഭിക്കുമേ;
വാണാലോ നളിനീദളത്തിലതു നനുത്തൊക്കുമേ ഭംഗിയിൽ;
വീണാൽ ചുട്ടുപഴുത്ത കമ്പിയിലതെന്നോക്കും നശിച്ചീടുമേ;
കാണാ, മുത്തമമദ്ധ്യമാധമതകൾ സംഗത്തിനാലെന്നുമേ.

മുക്താകാരതയാ തദേവ നളിനീപത്രസ്ഥിതം ദൃശ്യതേ;
അന്തസ്സാഗരശുക്തിമധ്യപതിതം തന്മൗക്തികം രാജതേ;
പ്രായേണാധമമധ്യമോത്തമജുഷാമേവം വിധം വൃത്തയഃ

കവി : ഭർത്തൃഹരി, കൃതി : *നീതിശതകം*

3.2032 അർഥം കാമിച്ചു മർത്ത്യൻ. . . (ഋഷി)

സ്രഗ്ധര

അർത്ഥം കാമിച്ചു മർത്ത്യൻ പലപല വിധവേഷങ്ങളും കെട്ടിടുന്നു
വ്യർത്ഥം താൻ ചെയ്വതെല്ലാ, മുലകമിതു മഹാനാടകം തന്നെയല്ലോ!
ഒത്തിട്ടില്ലീയെനിക്കീ നരകസദൃശമാം നാടകം പൂർത്തിയാക്കാൻ
ചിത്തം മങ്ങുന്നു, ക്ലവും സഭയിലിനിയുമീ വേഷമാടേണമെന്നോ?

കവി : യശോദ, നെച്ചൂർ, കൃതി : *(സമസ്യാപൂരണം)*

3.2033 ഓജസ്സാർന്ന മുഖങ്ങൾ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഓജസ്സാർന്ന മുഖങ്ങൾ ചൂഴെയുരുകും ശുവെള്ളിപൊൽ ശുഭ്രമാം
തേജസ്സിൻ പരിവേഷമാർന്ന തെളിവിൽ കാണുന്നിതാ വ്യക്തികൾ;
രാജച്ചന്ദ്രികയൊത്ത രമ്യവസനം പൂണ്ടോരഹോ! സ്ഫാടിക–
ഭ്രാജന്മൂർത്തികൾ വാണിതന്റെ പരിഷൽസാമാജികന്മാരിവർ.

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.2034 രണ്ടായ് നീങ്ങിയകന്നു. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

രണ്ടായ് നീങ്ങിയകന്നു നിന്നിവിടെ നാം വിസ്തീർണ്ണമാർഗ്ഗം ശരി–
ക്കുണ്ടാക്കുന്നു വിദേശജർക്കു വിജയപ്രാസാദമുൾപ്പൂകുവാൻ;
പണ്ടാ പ്രാജ്ഞപിതാക്കൾ ചെയ്ത പടി, നാം തോളോടു തോളായ് നില–
ക്കൊണ്ടാലോ, മതിൽ വേറെ വേണ്ട, ഭരതക്ഷേത്രത്തെ രക്ഷിക്കുവാൻ!

കവി : വള്ളത്തോൾ, കൃതി : *കാട്ടാളിയുടെ കണ്ണു്*

3.2035 പണ്ടത്തെപ്പണ്ഡിതാഖണ്ഡല. . . (ഋഷി)

സ്രഗ്ധര

പണ്ടത്തെപ്പണ്ഡിതാഖണ്ഡലകുലമഖിലം വിൺമൊഴിത്തോഴരാ, ണിം-
ഗ്ലണ്ടിൻ തണ്ടാർന്ന ഹൗണീമണിയിലഥ പരിഷ്കാരികൾക്കേറി കമ്പം
രണ്ടും മാറ്റിത്തമെന്നാക്കവിയവികലഭക്ത്യാദരം ഭാഷയൊക്കെ–
ക്കൊണ്ടിഷ്ടംപൂണ്ടുപൂണ്ടാൻ; അതുപുതുപുളകം കൊണ്ടുകൊണ്ടാടി ലോകം

കവി : എൻ. കെ. ദേശം, കൃതി : *വെണ്മണി സ്മരണ*

3.2036 രാധാമുശമുഖാരവിന്ദ. . . (വിശ്വപ്രഭ)[276]

ശാർദ്ദൂലവിക്രീഡിതം

രാധാമുശ്ചമുഖാരവിന്ദമധുപസ്ത്രൈലോക്യമൗലിസ്ഥലീ–
നേപഥ്യോചിതനീലരത്നമവനീഭാരാവതാരാന്തകഃ
സ്വച്ഛന്ദം വ്രജസുന്ദരീജനമനസ്തോഷപ്രദോഷശ്ചിരം
കംസധ്വംസനധൂമകേതുരവതു ത്വാം ദേവകീനന്ദനഃ

കവി : ജയദേവൻ, കൃതി : *ഗീതഗോവിന്ദം (സാകാംക്ഷപുണ്ഡരീകാക്ഷം)*

3.2037 സർവ്വം നശ്വരമിപ്രപഞ്ചമഖിലം. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

സർവ്വം നശ്വരമിപ്രപഞ്ചമഖിലം മിഥ്യയ്ക്കടിപ്പെട്ടുപോയ്
നിർവീര്യം ജനകോടി, മർത്യനുമഹാദുഃഖങ്ങളേ ശാശ്വതം
നിർവ്യാജം നിലയേവ, മിക്കഥകളെപ്പാടുന്ന ഞാനല്ലയോ
സർവ്വാരാദ്ധ്യനെനിക്കൊരുക്കുക മലർച്ചെണ്ടൊന്നു മാലോകരേ.

കവി : കെ. വി. പി. നമ്പൂതിരി

3.2038 നായാതസ്സഖി. . . (വിശ്വപ്രഭ)[277]

ശാർദ്ദൂലവിക്രീഡിതം

നായാതസ്സഖി! നിർദ്ദയോ യദി ശഠസ്ത്വം ദൂതി! കിം ദൂയസേ?
സ്വച്ഛന്ദം ബഹുവല്ലഭഃ സ രമതേ കിം തത്ര തേ ദൂഷണം?
പശ്യാദ്യപ്രിയസംഗമായ ദയിതസ്യാകൃഷ്യമാണം ഹൃണൈ–
രുൽകണ്ഠാർത്തിഭരാദിവ സ്ഫുടദിദം ചേതസ്സ്വയം യാസ്യതി

കവി : ജയദേവൻ, കൃതി : *ഗീതഗോവിന്ദം (നാഗരികനാരായണം)*

3.2039 പാരാകവെ ചുറ്റിയലഞ്ഞു. . . (ഋഷി)

ഇന്ദ്രവജ്ര

പാരാകവെ ചുറ്റിയലഞ്ഞു നാനാ–
ചാരങ്ങളിൽ വിഭ്രമമാർന്നിടാതെ
നേരായി നാം ചെയ്വതശേഷവും ശ്രീ–
നാരായണന്നർപ്പണമായ് വരട്ടേ!

കവി : മണികണ്ഠൻ, പാഴൂർ, കൃതി : *(സമസ്യാപൂരണം)*

3.2040 നിഖിലഭുവനലക്ഷ്മീ. . . (വിശ്വപ്രഭ)

മാലിനി

നിഖിലഭുവനലക്ഷ്മീനിത്യലീലാസ്പദാഭ്യാം

---

[276] [*ഉമേഷ്*] **ശ്ലോകം 3.2036 :** പരിഭാഷ (ചങ്ങമ്പുഴ) :

ഹാ, രാധാമുഖപങ്കജശ്രീമരമായ്, ത്രൈലോക്യശീർഷോല്ലസദ്–
ഗ്ഗാരുത്മോജ്ജ്വലരത്നമായ്, ഭുവനഭാരാന്തത്തിനാധാരമായ്,
ആരമ്യാംഗികൾ ഗോപികാംഗനകൾ തന്നാനന്ദസങ്കേതമായ്,
ക്രൂരൻ കംസനു കാലനായ ഭഗവാൻ കാത്തീടണം നിങ്ങളെ!

[277] [*ഉമേഷ്*] **ശ്ലോകം 3.2038 :** പരിഭാഷ (ചങ്ങമ്പുഴ) :

നീയെന്തിന്നയി ദൂതി, മത്സഖി, വൃഥാ ദുഃഖിപ്പു? വന്നീലയ–
മ്മായാഗോപകനെങ്കി, ലന്യകളുമൊത്തേവം രമിച്ചീടുകിൽ?
നീയെന്തിന്നു പിഴച്ചു? തദ്ഗ്രഹണഗണത്താലേറുമാകൃഷ്ടമായ്
പ്രേയാനോടു രമിക്കുവാനഴറിടുന്നെന്നെപ്പിരിഞ്ഞെൻ മനം!

കമലവിപിനവീഥീഗർവ്വസർവ്വങ്കഷാഭ്യാം
പ്രണമദഭയദാനപ്രൗഢഗാഢോദ്യതാഭ്യാം
കിമപി വഹതു ചേതഃ കൃഷ്ണപാദാംബുജാഭ്യാം!

കവി : **ലീലാമ്ബകൻ**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം സംസ്കൃതം (1.12)*

3.2041 പാരിൽജ്ജനം സൗഖ്യമിയന്നു. . . (ഋഷി)

ഇന്ദ്രവജ്ര

പാരിൽജ്ജനം സൗഖ്യമിയന്നു വാഴാൻ
പോരിന്റെ ദുർഗന്ധമൊഴിഞ്ഞു പോകാൻ
ഞാൻ ചാർത്തുമീ കീർത്തനസൂനമാല്യം
നാരായണന്നർപ്പണമായ് വരട്ടേ!

കവി : **ശ്യാമ പരമേശ്വരൻ, വളാഞ്ചേരി**, കൃതി : *(സമസ്യാപൂരണം)*

3.2042 ഞാനും വന്നു ജഗത്തിൽ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഞാനും വന്നു ജഗത്തി, ലെന്തിനെവിടുന്നെങ്ങോട്ടു?–കഷ്ടം വൃഥാ
ഞാനും വന്നു ജഗത്തിലെന്നു വരുമോ മജ്ജീവിതം ശൂന്യമോ?
ഗാനാലാപനലോലമാം ഹൃദയമേ, നീ നല്ലപോൽ നോക്കു, നീ
കാണും കാഴ്ച യഥാർത്ഥമോ, കപടമോ, വിഭ്രാന്തിയോ മായയോ?

കവി : **ചങ്ങമ്പുഴ**, കൃതി : *രാക്കിളികൾ*

3.2043 ഗഗനതലമിടിഞ്ഞു. . . (കർത്താ)

പുഷ്പിതാഗ്ര

ഗഗനതലമിടിഞ്ഞു താണതൊക്കും
നഗപതി നീലനിതംബഭ്രവിലേവം
ഭഗിനി! പറകയെന്തിതാർന്നതിങ്ങീ–
യഗണിതദിവ്യവിഭ്രതി മർത്യലോകം.

കവി : **കുമാരനാശാൻ**, കൃതി : *ലീല*

3.2044 ഭാസ്വത്ഭാസ്വത്സഹസ്ര. . . (വിശ്വപ്രഭ)

സ്രഗ്ധര

ഭാസ്വത്ഭാസ്വത്സഹസ്രപ്രഭമരിദരകൗമോദകീപങ്കജാനി
ദ്ഗ്ഘ്രിഷ്ടൈർബ്ബാഹുദണ്ഡൈർദ്ദധതമജിതമാപീതവാസോ വസാനം
ധ്യായേത് സ്ഫായത്കിരീടോജ്ജ്വലമകുടമഹാകുണ്ഡലം വന്യമാലാ–
വത്സശ്രീകൗസ്തുഭാഢ്യം സ്മിതമധുരമുഖം ശ്രീധരാശ്ലിഷ്ടപാർശ്വം.

3.2045 ധീരന്മാരിഹ സത്യവും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ധീരന്മാരിഹ സത്യവും പ്രിയവുമായുള്ളോരു വാക്യത്തിനെ–
പ്പാരിൽ ധേനുവിതെന്നു ചൊല്ലുമിതിനാലുണ്ടാം ശുഭം സർവ്വവും;
ചേരും നല്ലൊരു കീർത്തി, യിഷ്ടമഖിലം സിദ്ധിക്കുമെന്നല്ലുടൻ
ദൂരത്തോടുമമംഗലം ദുരിതവും താനേ നശിക്കും ദ്രുതം.

കവി : **ചാത്തുക്കുട്ടി മന്നടിയാർ / ഭവഭൂതി**, കൃതി : *ഉത്തരരാമചരിതം പരിഭാഷ*

3.2046 ചാലേ തത്ര പുലിക്കുറിച്യഭിധമാം. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ചാലേ തത്ര പുലിക്കുറിച്യഭിധമാം കോട്ടയ്ക്കകം തമ്പിമാർ
താലോലിച്ചഴകപ്പനാം മുതലിയാർ പുക്കാവസിക്കും വിധൗ
പാലാഴിപ്രിയനന്ദനീപതിഹിതൻ ശ്രീവീരമാർത്താണ്ഡഭ്ര–
പാലൻ പാലൊലിയും ഗിരൈവമരുളിച്ചെയ്തീടിനാൻ മന്ത്രിണൗ.

, കൃതി : *ശ്രീവീരമാർത്താണ്ഡവർമ്മചരിതം ആട്ടക്കഥ*

3.2047 പൊള്ളാം പൊള്ളാം മനസ്സേ. . . (കർത്താ)

സ്രുദ്ധര

പൊള്ളാം പൊള്ളാം മനസ്സേ! തവഗതിയിനിയാരുള്ള! നോക്കാതെ തള്ളി–
ക്കൊള്ളാം, കൊള്ളാത്തതല്ലാത്തൊരു കവിതയിനിത്തീർക്കുവാനാരുമില്ല,
തള്ളാം, തള്ളാം തിരക്കിസ്സകവിതയതിനെദ്ദുഷ്കവിത്വത്തിനേറെ–
ത്തുള്ളാം, തുള്ളാൻ വരട്ടെ, കവിസിതമണിയാ വാനിലുണ്ടേ ചൊടിക്കും.

കവി : കഞ്ഞിക്കുട്ടൻ തമ്പുരാൻ , കൃതി : *(വെണ്മണി മഹന്റെ മരണത്തെപ്പറ്റി)*

3.2048 തീണ്ടാനാരി കറപ്പു. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

തീണ്ടാനാരി കറപ്പു ജീരകമരം തണ്ടിഞ്ചിപൂരാടവും
വെൺകൊറ്റക്കുടയും വിയർപ്പുതുണിയും വേഴാമ്പലോടാമ്പല്യം
പഞ്ചാരപ്പൊതിയും ചിരിച്ച ചിരിയും ധാന്യന്തരം പമ്പരം
ഇത്ഥം പേകൾ പറഞ്ഞുകൊണ്ടു വിലസും ഭ്രാന്തായ തുഭ്യം നമഃ

കവി : കൊച്ചുനമ്പൂതിരി

3.2049 പഞ്ചാരപ്പൊടിയോടു പാരമിടയും. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

പഞ്ചാരപ്പൊടിയോടു പാരമിടയും ത്വൽപ്പദ്യമിപ്പോൾ ഭവാൻ
അഞ്ചാറല്ല കൊടുത്തയച്ചതിരുപത്തഞ്ചും സഖേ സാദരം
എൻ ചാരത്തിഹ വന്ന നേരമധുനാ വായിച്ചു വായിച്ചു ഞാൻ
നെഞ്ചാകെത്തെളിവായി മന്ദമെഴുനേറ്റഞ്ചാറു ചാടീടുവേൻ.

കവി : വെണ്മണി മഹൻ

3.2050 എൺപത്തൊന്നതു ദൂരെ വിട്ടു. . . (വിശ്വപ്രഭ)[278]

ശാർദ്ദൂലവിക്രീഡിതം

എൺപത്തൊന്നതു ദൂരെ വിട്ടു പതിനേഴൻപോടു കൈക്കൊണ്ടതാ–
ന്നൻപത്തൊന്നവതാരബാലകനെഴും മുപ്പത്തിമൂന്നെപ്പൊഴും
സമ്പത്തെന്നു ദൃഢീകരിച്ചതെഴുന്നൂറ്റഞ്ചിൽ സ്മരിച്ചീടിലി–
ങ്ങൻപത്തൊന്നതു ദൂരെയാക്കിയറുപത്തഞ്ചിൽ സുഖിക്കാമെടോ!

കവി : കൊച്ചുനമ്പൂതിരി

[278] [*വിശ്വപ്രഭ/ ഉമേഷ്*] ശ്ലോകം **3.2050 :** പരൽപ്പേരുപയോഗിച്ച് അർത്ഥം മനസ്സിലാക്കേണ്ട ശ്ലോകം. വ്യാജ(81)ത്തെ ദൂരെ വിട്ട്, സത്യ(17)ത്തെ കൈക്കൊണ്ട്, കൃഷ്ണാ(51)വതാരമെടുത്ത ബാലകന്റെ ലീല(33) എപ്പോഴും സമ്പത്തെന്നു ദൃഢീകരിച്ച്, അതിനെ മനസ്സിൽ (705) ഓർക്കുകയാണെങ്കിൽ, കാമ(51)ത്തെ ദൂരെയാക്കി മോക്ഷ(65)ത്തിൽ സുഖിക്കാം എന്നർത്ഥം.

3.2051 സിരമുറികളിൽ നിന്നിങ്ങൂറിടുന്നുണ്ടു. . . (ഉമേഷ്)

മാലിനി

സിരമുറികളിൽ നിന്നിങ്ങൂറിടുന്നുണ്ടു രക്തം
വിരവിലിനിയുമറ്റില്ലെന്റെ ദേഹത്തിൽ മാംസം
അരിയ പശി നിനക്കും ശാന്തമായില്ല ന്യനം
ഗരുഡ, പറക, എന്തേ ഭക്ഷണം നീ നിറുത്തി?

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *(പരിഭാഷ)*

3.2052 അക്ഷീണം മദിരാശി തന്നിൽ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

അക്ഷീണം മദിരാശി തന്നിലുളവാം വൃത്താന്തമിന്നൊക്കെയും
ശിക്ഷയ്ക്കിങ്ങരനാഴികയ്ക്കറിയുമാക്കമ്പിത്തപാലും ദ്രുതം
പക്ഷിപ്രൗഢനതെന്നപോലെ ഗമനം ചെയ്യുന്ന തീവണ്ടിയും
രക്ഷിച്ചീടണമാസ്ഥയോടു കയറേൽക്കേറിക്കളിക്കും വിധൗ.

കവി : കൊച്ചുനമ്പൂതിരി

3.2053 പ്രാർത്ഥിച്ചാൽ പദമേകുമെങ്കിലുമഹോ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പ്രാർത്ഥിച്ചാൽ പദമേകുമെങ്കിലുമഹോ! മുന്നോട്ടെടുക്കാ ദ്ധഠം,
ക്രോധിച്ചാൽ വിറയാർന്നിടും പുനരുടൻ വൈവർണ്യവും കാട്ടിടും
കൂട്ടാക്കാതെ പിടിച്ചിഴച്ചിടുകിലോ സ്തംഭം പിടിച്ചീടുമേ
കഷ്ടം! മൂഢന വാണി, യാര്യസഭയിൽ കേഴും നവോഢാസമം.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *ഭാഷാഭ്രഷണം*

3.2054 കൊന്നപ്പൂക്കളിൽ നിന്റെ കിങ്ങിണി. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

കൊന്നപ്പൂക്കളിൽ നിന്റെ കിങ്ങിണി, നറും മന്ദാരപുഷ്പങ്ങളിൽ
നിൻ മന്ദസ്മിതകാന്തി, നിൻ മിഴികളിന്നീ ശംഖുപുഷ്പങ്ങളിൽ,
നിൻ മെയ്ശോഭകളിന്ദ്രനീലമുകിലിൽ, പട്ടാട പൊൻവെയ്ലിലും
കണ്ണാ, വേറൊരു പുണ്യമെന്തു, മിഴികൾക്കെങ്ങും ഭവദ്ദർശനം!

കവി : ഒ. എൻ. വി. കുറുപ്പ്

3.2055 നീരന്ധ്രാളകമിന്ദ്രനീലം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നീരന്ധ്രാളകമിന്ദ്രനീല, മമലം പല്ലൊക്കെ മു, ത്തുസ്മിതം
ഹീരം, മൽപ്രിയ തന്റെ ചുണ്ടു പവിഴം, പൂമേനി ഗോമേദകം,
ആ രത്നങ്ങൾ വശത്തിലുള്ളവനിതാ സ്വൽപം ധനം നേടുവാൻ
ദൂരത്തേയ്ക്കു ഗമിക്കയാണു – മഹിതം നിൻ പ്രാഭവം ലോഭമേ!

കവി : വള്ളത്തോൾ, കൃതി : *വിലാസലതിക*

3.2056 അരുളി തനയനീശൻ. . . (കർത്താ)

മാലിനി

അരുളി തനയനീശൻ – "ജേർശലേം പുത്രിമാരേ!
പെരുകിടുമഴലിപ്പോളെന്നെയോർത്തിട്ടു വേണ്ട;
കരുതുവിനനുതാപം നിങ്ങളെത്താൻ നിനച്ചും;
വിരുതു വിലസുമൊമൽപ്പുത്രരെച്ചിന്ത ചെയ്യൂ."

കവി : കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കൃതി : *ശ്രീയേശുവിജയം*

3.2057 കരവിരലുകൾ കൊണ്ടച്ചുണ്ടു. . . (ഉമേഷ്)[279]

മാലിനി

കരവിരലുകൾ കൊണ്ടച്ചുണ്ടു രണ്ടും മറച്ചി–
"ട്ടരുതരു"തിതി വീണ്ടും വിക്ലബം പൂണ്ടുരച്ചും
തരളമിഴി തിരിച്ചാളാനനം തോളിലേക്കായ്;
ഒരുവിധമതുയർത്തീ – ഹന്ത! ചുംബിച്ചുമില്ല.

കവി : കാലടി രാമൻ നമ്പ്യാർ / കാളിദാസൻ, കൃതി : *ശാകന്തളം പരിഭാഷ (കേളീശാകന്തളം)*

3.2058 തുപ്പൽക്കോളാമ്പിയിപ്പോൾ. . . (ഋഷി)

സ്രുദ്ധര

തുപ്പൽക്കോളാമ്പിയിപ്പോൾ പുതിയ പദവിയിൽപ്പുഷ്പതാലം കണക്കാ–
യെത്തീ, തീൻമേശമേലും, വലിയവർ വിലസും ക്ലബ്ബി, ലാപ്പീസിലും ഹാ!
ചത്തു പൊയ്പോയ കാലപ്പൊലിമ പലതുമീ നവ്യസംസ്കാരഭാവം
കല്പിയ്ക്കും വൈകൃതത്തിൽ വികൃതി സുകൃതികൾക്കാതെയേകുന്നമർഷം!

കവി : എസ്. എൻ. കൈമൾ, കൃതി : *പരിഷ്കാരം മുക്തകം*

3.2059 ചോദിച്ചാരോടുമീ ഞാൻ. . . (കർത്താ)

സ്രുദ്ധര

ചോദിച്ചാരോടുമീ ഞാൻ ജനിയിതു ചുളുവിൽക്കെഞ്ചി വാങ്ങിച്ചതല്ലാ;
വാദിച്ചീ ഭൗമസത്രുക്കെടുനില തുടരാൻ ഹന്ത! ഞാനാളുമല്ലാ;
ഖേദിക്കാനെന്തു പിന്നെ, ത്തടവറ– വെറുമീ മാംസസംഘാതയന്ത്രം–
ഭേദിച്ചന്തസ്സമീരൻ വിട പറയുവതും ഗാനമായ്ത്തീരുമെങ്കിൽ!

കവി : യൂസഫലി കേച്ചേരി, കൃതി : *മർത്ത്യഗന്ധപ്രിയൻ*

3.2060 ഖേദത്തെ നീക്കുവതിനെന്നിലുടൻ. . . (ഋഷി)

വസന്തതിലകം

ഖേദത്തെ നീക്കുവതിനെന്നിലുടൻ കനിഞ്ഞു
മോദത്തൊടിങ്ങിനിയെഴുന്നരുന്നതോർക്കിൽ
നാദത്തിലോ, നലമൊടൊറ്റലയത്തിലോ നീ
വേദത്തിലോ, വലിയവെള്ളെരുതിൻ പുറത്തോ?

കവി : കുമാരനാശാൻ, കൃതി : *സ്തോത്രകൃതികൾ*

---

[279] [*ഉമേഷ്*] ശ്ലോകം **3.2057 :** മൂലശ്ലോകം (കാളിദാസൻ) :

മുഹുരംഗുലിസംവൃതാധരോഷ്ഠം
പ്രതിഷേധാക്ഷരവിക്ലബാഭിരാമം
മുഖമംസവിവർത്തി പക്ഷ്മളാക്ഷ്യാഃ
കഥമപ്യുന്നമിതം, ന ചുംബിതം തു

3.2061 നീരസ്സുനീലമിതു. . . (ജീവി)

വസന്തതിലകം

നീരസ്സുനീലമിതു വിണ്ടലമല്ല സിന്ധു;
താരങ്ങളല്ലിവ നരക്ഷണങ്ങളത്രേ;
അല്ലേ ശശാങ്കനിതു സങ്കുചിതൻ ഫണീന്ദ്രൻ;
അല്ലേ കളങ്കമിതു തല്പഗതൻ മുരാരി.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *(പരിഭാഷ)*

3.2062 ആരാകിലും ജീവിത. . . (ഋഷി)

ഇന്ദ്രവജ്ര

ആരാകിലും ജീവിതരഥ്യയിങ്കൽ
ദാരിദ്ര്യദുഃഖാദികളെത്തുരത്താൻ
നേരായമാർഗ്ഗേണ ചരിയ്ക്കെ നെഞ്ചം
നാരായണന്നർപ്പണമായ് വരട്ടേ!

കവി : മധു കട്ടം പേത്തർ, എറണാകുളം, കൃതി : *(സമസ്യാപൂരണം)*

3.2063 നാട്യപ്രധാനം നഗരം. . . (ഉമേഷ്)

ഇന്ദ്രവജ്ര

നാട്യപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം
കാട്ടിന്നകത്തോ കടലിന്നകത്തോ
കാട്ടിത്തരുന്നു വിധി രത്നമെല്ലാം.

കവി : കറ്റിപ്പുറത്തു കേശവൻ നായർ, കൃതി : *ഗ്രാമീണകന്യക*

3.2064 കന്യാകുമാരിക്ഷിതി. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കന്യാകുമാരിക്ഷിതിയാദിയായ് ഗ്രോ–
കർണ്ണാന്തമായ്ത്തെക്കുവടക്കു നീളേ
അന്യോന്യമംബാശിവർ നീട്ടിവിട്ട
കണ്ണോട്ടമേറ്റുണ്ടൊരു നല്ല രാജ്യം.

കവി : കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃതി : *കേരളപ്രതിഷ്ഠ*

3.2065 അവന്റെ പാട്ടാം മണിയൊച്ച. . . (ഉമേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അവന്റെ പാട്ടാം മണിയൊച്ച രാവിൻ
പ്രശാന്തനിശ്ശബ്ദതയെപ്പ്പ്പിളർക്കെ,
അതാസ്വദിക്കുന്നതിനെന്നവണ്ണം
സ്തംഭിച്ചു നിന്നു ദിവി താരകങ്ങൾ.

കവി : വള്ളത്തോൾ, കൃതി : *ഒരു തോണിയാത്ര*

3.2066 അകന്മഷം സുസ്വരമൊത്ത. . . (ജീവി)

വംശസ്ഥം

അകന്മഷം സുസ്വരമൊത്ത വാണിയേ
മുഖത്തിൽ നിന്നും മുഖമാർഗമായ് നരൻ
സുഖം സ്വനഗ്രാഹകയന്ത്രമെന്നപോൽ
പകർക്കിലേ നൽശരിയായ് വരൂ ദൃഢം.

കവി : കുട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ്, കൃതി : *കയ്യെഴുത്ത്*

3.2067 സർവ്വം മറന്നിന്നൊരു. . . (ഉമേഷ്)

ഇന്ദ്രവജ്ര

സർവ്വം മറന്നിന്നൊരു പാറ്റ പോൽ നിൻ
സംസർഗ്ഗനിർവ്വാണരസത്തിൽ മുങ്ങാൻ
കാംക്ഷിപ്പു ഞാനീശ്വര, കാൽക്ഷണം നീ
കാണിക്കയൻപാർന്ന മുഖാരവിന്ദം!

കവി : കുമാരനാശാൻ, കൃതി : *ആത്മാർപ്പണം–ഒരു പ്രാർത്ഥന*

3.2068 കള്ളന്റെ കണ്ണിന്നമലാ. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കള്ളന്റെ കണ്ണിന്നമലാഞ്ജനത്വം
കൈക്കൊണ്ടു കാണായ തമസ്സൊഴിഞ്ഞു
പ്രകാശമോ വീണ്ടുമനാദികാല–
സാമ്രാജ്യപീഠത്തെയലങ്കരിച്ചു

കവി : കറ്റിപ്പുറം കേശവൻ നായർ, കൃതി : *ഗ്രാമീണകന്യക*

3.2069 പ്രപഞ്ചമേ, നീ പല. . . (ഉമേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പ്രപഞ്ചമേ, നീ പല ദുഃഖജാലം
നിറഞ്ഞതാണെങ്കിലുമിത്രമാത്രം
ചേതോഹരക്കാഴ്ചകൾ നിങ്കലുള്ള
കാലത്തു നിൻ പേരിലെവൻ വെറുക്കും?

കവി : വള്ളത്തോൾ

3.2070 ചിലന്തി വെച്ചുള്ള. . . (ജീവി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചിലന്തി വെച്ചുള്ള വലയ്ക്കകത്തു
ങ്ങച്ചിക്കുടുങ്ങുന്നഥ പൂച്ചി വൃന്ദം
ചതിപ്രവൃത്തിക്കടിപെട്ടുപോയാൽ
ചാകാതെ ചത്തീടുമിവണ്ണമാരും

3.2071 ചന്ദ്രോദയം പാർത്തെഴുമാഴി. . . (ഉമേഷ്)[280]

ഇന്ദ്രവജ്ര

ചന്ദ്രോദയം പാർത്തെഴുമാഴി പോലെ–

[280] [*ഉമേഷ്*] ശ്ലോകം **3.2071 :** മൂലശ്ലോകം (കാളിദാസൻ) :
ഹരസ്യ കിഞ്ചിത് പരിവൃത്തധൈര്യ–

യന്നേരമൊന്നുള്ളമലിഞ്ഞു ദേവൻ
പാരിച്ച ബിംബാധരകാന്തി കോല്യം
ഗൗരീമുഖം കണ്ണുകളാൽ നകർന്നാൻ

കവി : **എ. ആർ. രാജരാജവർമ്മ**, കൃതി : *കുമാരസംഭവം പരിഭാഷ*

3.2072 പുരാ കവീനാം ഗണനാ. . . (ജീവി)[281]

ഉപേന്ദ്രവജ്ര

പുരാ കവീനാം ഗണനാപ്രസംഗേ
കനിഷ്ഠികാധിഷ്ഠിതകാളിദാസഃ
അദ്യാപി തത്തുല്യകവേരഭാവാ–
ദനാമികാ സാർത്ഥമയീ ബഭൂവ

3.2073 അനർത്ഥഗർത്തങ്ങളിലാണ്ടു. . . (ഉമേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അനർത്ഥഗർത്തങ്ങളിലാണ്ടു തന്നേ
കിടക്കണം പോലിവർ കീടതുല്യം!
വേദേതിഹാസാദിവിഭൂതിയെല്ലാം
മേൽജ്ജാതി തൻ പൈതൃകമാണു പോലും!

കവി : **വള്ളത്തോൾ**, കൃതി : *ഒരു തോണിയാത്ര*

3.2074 വാരാശിതന്നാസുര. . . (ഋഷി)

ഇന്ദ്രവജ്ര

വാരാശിതന്നാസുരഭാവമാട്ടേ
വാരുറ്റ സൗഗന്ധികലാസ്യമാട്ടേ
നീരാളിയാം രോഗസമൃദ്ധിയാട്ടേ
നാരായണന്നർപ്പണമായ് വരട്ടേ!

കവി : **എൻ. എൻ. പുരളിപ്പുറം, ആറ്റൂർ**, കൃതി : *(സമസ്യാപൂരണം)*

3.2075 നിനക്കതിഷ്ടമെങ്കിലോ. . . (കർത്താ)

പഞ്ചചാമരം

നിനക്കതിഷ്ടമെങ്കിലോ വരാം വിരോധമില്ല ഞാൻ
നിനച്ചിടുന്നതില്ല നിന്നെയാട്ടി ദൂരെയാക്കുവാൻ
എനിയ്ക്കു നീയുപദ്രവം വരുത്തിടാതെ നോക്കിയാ–
ലനിഷ്ടമിങ്ങൊരിക്കലും ഭവിക്കയില്ല നിശ്ചയം.

കവി : **മേരി ബനീഞ്ച**, കൃതി : *ലോകമേ യാത്ര*

ശ്ചന്ദ്രോദയാരംഭ ഇവാംബുരാശിഃ
ഉമാമുഖേ ബിംബഫലാധരോഷ്ഠേ
വ്യാപാരയാമാസ വിലോചനാനി.

[281] [*ഉമേഷ്*] ശ്ലോകം **3.2072 :** പരിഭാഷ (**ഉമേഷ്**) :

കവികളുടെ കണക്കെടുത്ത നേരം
ചെറുവിരലിൽ സ്ഥിതിയായി കാളിദാസൻ
അവനുടെ സമനാം കവീന്ദ്രനില്ലാ–
ത്തതു ശരിയാക്കിയനാമികയ്ക്കു തൻ പേർ.

3.2076 എനിക്കിതിഷ്ടമെങ്കിലും. . . (ബാലേന്ദു)

പഞ്ചചാമരം

എനിക്കിതിഷ്ടമെങ്കിലും തരാം നിനക്കുടുക്കുവാൻ
നനച്ചതല്ലൊരിക്കലും പറഞ്ഞിടാമിതേ വരെ;
നിനക്കു വല്ലനിഷ്ടവും ഭവിക്കുകിൽ സഹിക്കുവാൻ
മനസ്സുറപ്പു കാട്ടണം നിനയ്ക്കാലാ വഴക്കതിൽ.

കവി : ബാലേന്ദു

3.2077 നേരോതിടാമേറെ നിരാശ്രയൻ. . . (ഋഷി)

ഇന്ദ്രവജ്ര

നേരോതിടാമേറെ നിരാശ്രയൻ ഞാൻ
ഓരോ ദിനം ചെയ്യ വരുന്ന കർമ്മം
പാരാകെ സൃഷ്ടിച്ചു ഭരിച്ചിടും ശ്രീ–
നാരായണന്നർപ്പണമായ് വരട്ടേ!

കവി : വി ജെ. ജാതവേദൻ നമ്പൂതിരി, പാലക്കാട്, കൃതി : *(സമസ്യാപൂരണം)*

3.2078 പിബന്തി പാദൈരിതി. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പിബന്തി പാദൈരിതി കാരണേന
പാനം ഇ നിന്ദ്യം കില പാദപാനാം
പാദാശ്രിതാൻ പാന്തി സദാതപസ്ഥാഃ
പാനേന ന്യനം സ്തുതിമാവഹന്തി!

കവി : ജ്യോതിർമയി

3.2079 പറന്നുവന്നെത്തിയതെങ്ങുന്നിന്ന്. . . (കർത്താ)

വംശസ്ഥം

പറന്നുവന്നെത്തിയതെങ്ങുന്നിന്നൊ, രാ–
ളറിഞ്ഞതില്ല, ങ്ങിനെ രണ്ടു പക്ഷികൾ
ഒരേ തരം കായ്കനി തിന്നു ഞങ്ങളി–
ങ്ങൊരേ മരക്കൊമ്പിലിരുന്നിതൊട്ടുനാൾ.

കവി : കെ. കെ. രാജാ, കൃതി : *ബാഷ്പാഞ്ജലി*

3.2080 ഒക്കുന്നില്ലീ ശിരസ്സിൽ. . . (ഋഷി)

സ്രുദ്ധര

ഒക്കുന്നില്ലീ ശിരസ്സിൽ മണിമകുടമുറപ്പിയ്ക്കുവാൻ, ചുട്ടിയാകെ–
പ്പൊട്ടിപ്പോകുന്നു കണ്ണും കരളുമമിതമാവേഗമാർന്നുച്ചലിപ്പൂ
പറ്റുന്നില്ലീവിധത്തിൽ നടനമിതു തുടർന്നീടുവാനാർത്തിയോലും
ചിത്തം മങ്ങുന്നു, ക്രൂരം സഭയിലിനിയുമീ വേഷമാടേണമെന്നോ?

, കൃതി : *(സമസ്യാപൂരണം)*

3.2081 പൊൽതിങ്കൾക്കല പൊട്ടുതൊട്ട. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

പൊൽത്തിങ്കൾക്കല പൊട്ടുതൊട്ട ഹിമവച്ചൈലാഗ്രശൃംഗങ്ങളിൽ
വെൺകൊറ്റക്കുടപോൽ വിടർന്ന വിമലാകാശാന്തരംഗങ്ങളിൽ
നൃത്യദ്ധൂർജ്ജടിഹസ്തമാർന്ന തുടിതന്നുത്താള ഡുംഡും രവം
തത്ത്വത്തിൻ പൊരുളാലപിപ്പ മധുരം, സത്യം! ശിവം! സുന്ദരം!

കവി : ഒ. എൻ. വി. കുറുപ്പ്

3.2082 നവീനലോകം നെടുശാസ്ത്ര. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നവീനലോകം നെടുശാസ്ത്രനേത്രം
കൊണ്ടശ്ശതാബ്ദങ്ങൾ ചുഴിഞ്ഞു നോക്കി
ഇരുൾപ്പരപ്പിന്നടിയിൽക്കടന്നു
തടഞ്ഞുതപ്പിപ്പൊരുൾ തേടിനോക്കി

കവി : പള്ളത്തു രാമൻ, കൃതി : *വിചാരവിപ്ലവം*

3.2083 ഇനരശ്മി വഹിക്കയാൽ. . . (കർത്താ)

വസന്തമാലിക

ഇനരശ്മി വഹിക്കയാൽ കുത്തീ–
യിനമല്ലാതിരുളിന്റെ മക്കളല്ല
ഘനകോമളനായിടും യശോദാ–
തനയൻ തന്നവതാരമെന്നുമാകാം

കവി : കെ.പി. കുറുപ്പൻ, കൃതി : *പൂലയർ*

3.2084 ഘടയതു കുശലം നഃ. . . (ജ്യോതി)

മാലിനി

ഘടയതു കുശലം നഃ കാളിയവ്യാളമർദ്ദീ
പവനപുരനിവാസീ വാസുദേവഃ സ ദേവഃ
ഖരകിരണതനൂജാലോലകല്ലോല ഡോളാ–
വിഹൃതികുതുകിതാനാം ഗോദുഹാം മോദഹേതുഃ

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ഉരുവായുപുരേശസ്തവം*

3.2085 ഖലസാധുസമാന. . . (കർത്താ)

വിയോഗിനി

ഖലസാധുസമാനഭാവനാ–
നിലയാർന്നെന്നെ വഹിച്ചു നിൽക്കയാൽ
ദലപാണികളാൽ സമീരനേ–
റുലയും വാഴ തൊഴുന്നിതുഴിയെ.

കവി : കെ. കെ. രാജാ, കൃതി : *ബാഷ്പാഞ്ജലി*

3.2086 ദീനപ്പെട്ടു കിടന്നരുണ്ടു. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

ദീനപ്പെട്ടു കിടന്നരുണ്ടു കരയാനല്ലീ നരത്വം, നമു–
ക്കുനം വേണ്ട സുഖാരസാസവപരീസേവാർഥമെന്നോർക്കുവിൻ
നാനാസുന്ദരരൂപശബ്ദസുരഭീസങ്കേതമായീവിധം
ആനന്ദിപ്പതിനല്ലയെങ്കിലുലകം സൃഷ്ടിക്കുമോ ചിന്മയൻ?

, കൃതി : *(സമസ്യാപൂരണം)*

3.2087 നശിക്കയോ ബീജ, മതോ. . . (കർത്താ)

വംശസ്ഥം

നശിക്കയോ ബീജ, മതോ നവാങ്കുരം
ജനിക്കയോ, സത്ത കെടാതെ നിൽക്കയോ?
അറിഞ്ഞിടാതിപ്പരിണാമഗ്രഹ്വി ഞാൻ
ദുരന്തമോഹത്തിൽ മലച്ചുനിൽക്കയാം.

കവി : കെ. കെ. രാജാ, കൃതി : *ബാഷ്പാഞ്ജലി*

3.2088 അരേ, ദുരാചാര. . . (ജ്യോതി)

ഉപേന്ദ്രവജ്ര

അരേ, ദുരാചാര! നൃശംസ! കംസ!
പരാക്രമം സ്ത്രീകളിലല്ല വേണ്ടൂ
തവാന്തകൻ ഭ്രമിതലേ ജനിച്ചൂ
ജവേന സർവത്ര തിരഞ്ഞുകൊൾക

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.2089 താരുണ്യവേഗത്തിൽ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

താരുണ്യവേഗത്തിൽ വധൂജനങ്ങൾ
പിന്നിട്ടിടുന്നൂ പുരുഷവ്രജത്തെ;
മരം തളിർക്കാൻ തുടരുമ്പൊഴേയ്ക്കു–
മൊപ്പം മുളച്ചീടിന വല്ലി പൂത്തു!

കവി : നാലപ്പാട്ടു നാരായണ മേനോൻ, കൃതി : *കണ്ണുനീർത്തുള്ളി*

3.2090 മന്നിന്നെന്തൊരു മാനഹാനി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മന്നിന്നെന്തൊരു മാനഹാനി? മുഴുവൻ മൂല്യങ്ങളും മാഞ്ഞുപോയ്!
ഇന്നാ നന്മകൾ വീണ്ടെടുത്തരുളുവാനാണെന്റെയാത്മാർപ്പണം
പറ്റം തെറ്റിയ പാർത്ഥനായ്, വിവശനായ്, നിൻകാൽക്കലേ നിൽപു ഞാൻ
മറ്റാരും തുണയില്ലെനിയ്ക്കു തരുവായൂരപ്പ നീയെന്നിയേ

കവി : കൃഷ്ണൻ പറപ്പള്ളി, കൃതി : *(സമസ്യാപൂരണം)*

3.2091 പ്രസംഗമേറ്റം ഫലിത. . . (കർത്താ)

വംശസ്ഥം

പ്രസംഗമേറ്റം ഫലിതപ്രധാനമാ–
യസംബ്ലിയിൽ ചെയ്തൊരു വാർത്ത കേട്ടു ഞാൻ
ഭൃശം ഗണിക്കുന്ന പണിക്കരെസ്സുവാക്–
പ്രസംഗവിത്തെന്നുമുദ്ഘ കൗതുകം.

കവി : **മൂലൂർ പദ്മനാഭപ്പണിക്കർ**, കൃതി : *ചരമാനുശയം*

3.2092 ഭ്രത്വാ ചിരായ. . . (ജ്യോതി)[282]

വസന്തതിലകം

ഭ്രത്വാ ചിരായ ചതുരന്തമഹീസപത്നീ
ദൗഷ്ഷന്തിമപ്രതിരഥം തനയം നിവേശ്യ
ഭർത്രാ തദർപ്പിതകുടുംബഭരേണ സാർദ്ധം
ശാന്തേ! കരിഷ്യസി പദം പുനരാശ്രമേ ∫ സ്മിൻ

കവി : **കാളിദാസൻ**, കൃതി : *ശാകുന്തളം*

3.2093 ഭാവനീയഭഗവാൻ. . . (കർത്താ)

രഥോദ്ധത

ഭാവനീയഭഗവാൻ ഭവാംബുധൗ
നാവികൻ നിപുണ "നാണു" നാമകൻ
ഭാവിഭവ്യഭയനാശമൂലമെൻ–
ജീവദേശികനെനിക്കു ദൈവമേ!

കവി : **കുമാരനാശാൻ**, കൃതി : *ശാംകരശതകം*

3.2094 ഭോഗാ ന ഭുക്താ. . . (മധുരാജ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഭോഗാ ന ഭുക്താ വയമേവ ഭുക്താഃ
തപോ ന തപ്തം വയമേവ തപ്താഃ
കാലോ ന യാതോ വയമേവ യാതഃ
തൃഷ്ണാ ന ജീർണാ വയമേവ ജീർണാഃ

കവി : **ഭർത്തൃഹരി**

3.2095 ക്ഷീണിച്ചിട്ടെന്നവണ്ണം നിഴൽ. . . (കർത്താ)[283]

സ്രഗ്ധര

ക്ഷീണിച്ചിട്ടെന്നവണ്ണം നിഴൽ വിടപിതലേ പാന്ഥരൊത്തെത്തിടുന്നു,

[282] [*ഉമേഷ്*] ശ്ലോകം **3.2092 :** പരിഭാഷ (**കേരളവർമ്മ വലിയകോയിത്തമ്പുരാൻ**) :

ചിരായ ചതുരന്തയാം ധരണിയെസ്സപത്നീകരി–
ച്ചരാതികുലമാധിനം തനയമാപ്യ ദുഷ്ഷന്തജം,
ധരാഭരമവൻ വഹിക്കുമളവിൽ പ്രിയോപേതയായ്
വരാമിനി വസിക്കുവാനൊടുവിലെന്മകൾക്കിങ്ങു താൻ.

[283] [*ഉമേഷ്*] ശ്ലോകം **3.2095 :** മൂലശ്ലോകം) :

ഛായാ സംശ്രയതേ തലം വിടപിനാം ശ്രാന്തേവ പാന്ഥൈഃ സമം
മൂലം യാതി സരോജലസ്യ ജഡതാഗ്ലാനേവ മീനൈഃ സഹ
ആചാമത്യഹിമാംശുദീധിതിരപസ്തൈപ്പൈവ ലോകൈഃ സമം
നിദ്രാ ഗർഭഗൃഹം സഹ പ്രവിശതി ക്ലാന്തേവ കാന്താജനൈഃ

കേണെന്നോണം സരസ്സിന്നടിയതിലടിയുന്നങ്ങു മീനൊത്തു ശൈത്യം,
ദാഹത്താലോ കുടിയ്ക്കുന്നുദകമുകിലിനോടൊത്തു സൂര്യാംശുജാലം,
ദേഹത്തിൻ കാന്തിയാലോ മണിയറയണയുന്നാർത്തരോടൊത്തുറക്കം.

കവി : എ. ആർ. രാജരാജവർമ്മാ, കൃതി : *ഭാഷാഭൂഷണം*

3.2096 ദുഷ്ടത്വമേറുന്നൊരു. . . (രാജേഷ്)

ഇന്ദ്രവജ്ര

ദുഷ്ടത്വമേറുന്നൊരു ശ്വശ്രുവെത്താൻ
പെട്ടെന്നൊരമ്മിയ്ക്ക പുറത്തിരുത്തി
ചേരും കരിങ്കൽക്കഷണത്തിനാലേ...
നാരായണന്നർപ്പണമായ് വരട്ടേ!

കവി : രാജേഷ് ആർ. വർമ്മ, കൃതി : *(സമസ്യാപൂരണം)*

3.2097 ചേണോലുന്ന മഹേന്ദ്രനീല. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ചേണോലുന്ന മഹേന്ദ്രനീലമണിയെച്ചാമീകരം പോലെയും,
ഫുല്ലേന്ദീവരരാദിയെക്കളിരെഴും ചന്ദ്രാതപം പോലെയും,
നീലാംഭോധരപാളിയെത്തരളമാം വിദ്യുദ്ഗണം പോലെയും,
സോത്കണ്ഠം കടൽവർണനെത്തിരയുമിത്തന്വംഗിയാരായിടാം?

കവി : ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്, കൃതി : *രാധ*

3.2098 നമോസ്തു തേ വ്യാസ. . . (ജ്യോതി)[284]

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നമോ ऽസ്തു തേ വ്യാസ, വിശാലബുദ്ധേ
ഫുല്ലാരവിന്ദായതപത്രനേത്ര
യേന ത്വയാ ഭാരതതൈലപൂർണ്ണഃ
പ്രജ്ജ്വാലിതോ ജ്ഞാനമയഃ പ്രദീപഃ

3.2099 യാഗാദി കൊണ്ടുമപി യോഗാദി. . . (കർത്താ)

മത്തേഭം

യാഗാദി കൊണ്ടുമപി യോഗാദി കൊണ്ടുമരിയോഗാപനോദമതിലും
വേഗാലഹോ വിഷയഭോഗാശ തന്നുടെ വിയോഗായ യത്നമഫലം
രാഗാദിയാം ഹൃദയരോഗാതിരേകമൊരു ഭാഗായ നീങ്ങുവതിനായ്
നാഗാങ്ക മൂർത്തിയുടെ ഭാഗായ തൽ പളനി പൂഗായ ചെയ്ക നമനം.

കവി : ശ്രീനാരായണ ഗുരു, കൃതി : *ശ്രീ സുബ്രഹ്മണ്യസ്തുതി*

3.2100 രാപായിൽ വീണുഴറുമാപാപമീയരുതി. . . (ഉമേഷ്)

മത്തേഭം

രാപായിൽ വീണുഴറുമാപാപമീയരുതിരാപായി പോലെ മനമേ

[284] [*ഉമേഷ്*] ശ്ലോകം **3.2098 :** പരിഭാഷ (സി. വി. വാസുദേവ ഭട്ടതിരി) :

വിരിഞ്ഞ തണ്ടാരെതിർ നീർമിഴിക്കോ–
ണിയന്നിടും വ്യാസ, വിശാലബുദ്ധേ!
തൊഴാം; ഭവാൻ ഭാരതതൈലപൂർണ്ണം
വിജ്ഞാനദീപം തെളിയിച്ചുവല്ലോ.

നീ പാർവ്വതീതനയമാപാദചൂഡമണിമാപാദനായ നിയതം
പാപാടവീചുടുമിടാപായമീ മരുദിനോപാസനേന ചുഴിയിൽ
തീ പായുമാറു മധു നാപായമുണ്മതിനു നീ പാഹി മാ, മറുമുഖ!

കവി : ശ്രീനാരായണഗുരു, കൃതി : *നവമഞ്ജരി*

3.2101 പറ്റാതേ തരമില്ലൊരുത്തനൊരുനാൾ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പറ്റാതേ തരമില്ലൊരുത്തനൊരുനാൾ തെറ്റൊന്നുരണ്ടെങ്കിലും
തെറ്റാനും തരമില്ല, ജാതകഫലം മാറ്റാനുമാവില്ലഹോ
വറ്റാതേ നിലനിന്നിടേണമവിടന്നെൻഹൃത്തിലെന്നും സദാ
മറ്റാരും തുണയില്ലെനിയ്ക്ക ഗുരുവായൂരപ്പ നീയെന്നിയേ

കവി : അണ്ടലാടി പരമേശ്വരൻ നമ്പൂതിരി, കൃതി : *സമസ്യാപൂരണം*

3.2102 നാദാന്തബ്രഹ്മനിഷ്ഠാവഴിയിൽ. . . (കർത്താ)

സ്രുദ്ധര

നാദാന്തബ്രഹ്മനിഷ്ഠാവഴിയിലകമുറച്ചേവമോർത്താലുമിന്നെൻ
വേദാന്തക്കൺവെളിച്ചം വിരഹമഷിപിടിച്ചോന്നുമങ്ങുന്നുവെങ്കിൽ
വാദാർത്ഥം ദണ്ഡമേന്തും യതികളുടെ വെറും കാവിമുണ്ടുഗ്രസംഗ–
ത്തീദാഹംകൊണ്ടു നീട്ടും രസനകളെ മുറയ്ക്കെത്രനാൾ മൂടിവെയ്ക്കും?

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.2103 വേണം മനസ്സിനൊരു ശാന്തി. . . (ഋഷി)

വസന്തതിലകം

വേണം മനസ്സിനൊരു ശാന്തിയതെന്നുമർത്ഥി–
ച്ചാണെത്തിടുന്ന മുരളീധര! നിന്റെ മുന്നിൽ
കേണീടുമേഴയിവനാവരമേകുകെന്നാൽ
പ്രാണാവസാനസമയത്തണയും വിമുക്തി

കവി : നടുവട്ടം രവീന്ദ്രൻ, കൃതി : *സമസ്യാപൂരണം*

3.2104 കളിച്ചുകൊള്ളട്ടെ യഥേഷ്ടം. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കളിച്ചുകൊള്ളട്ടെ യഥേഷ്ടമെങ്ങോ
മറ്റുള്ള കുട്ടാളികളായിരം പേർ,
ഞങ്ങൾക്കു സർവോത്സവവും വിളഞ്ഞ–
താ ഞങ്ങൾ ചേർന്നൊക്കുമിടത്തിൽ മാത്രം.

കവി : നാലപ്പാട്ട് നാരയണ മേനോൻ, കൃതി : *കണ്ണുനീർത്തുള്ളി*

3.2105 ഞാനെന്ന ഭാവം വളരാതിരിപ്പാൻ. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഞാനെന്ന ഭാവം വളരാതിരിപ്പാൻ
മനുഷ്യജന്മം സഫലീകരിപ്പാൻ
മരിയ്ക്കുവോളം മനമോർപ്പതെല്ലാം
നാരായണന്നർപ്പണമായ് വരട്ടേ

കവി : പി. എം. ഷീജ, വെള്ളൂർ, കൃതി : *(സമസ്യാപൂരണം)*

3.2106 മീനായതും ഭവതി മാനായതും. . . (കർത്താ)

മത്തേഭം

മീനായതും ഭവതി മാനായതും ജനനി നീ നാഗവും നഗഖഗം
താനായതും ധരനദീനാരിയും നരനുമാനാകവും നരകവും
നീ നാമരൂപമതിൽ നാനാവിധപ്രകൃതി മാനായി നിന്നറിയുമീ
ഞാനായതും ഭവതി ഹേ നാദരൂപിണി, യഹോ! നാടകം നിഖിലവും.

കവി : ശ്രീനാരായണ ഗുരു, കൃതി : *ജനനീനവരത്നമഞ്ജരി*

3.2107 നാനാവിചാരങ്ങൾ, ഭയം,. . . (ഋഷി)

ഇരുവഞ്ജി/ഉപേന്ദ്രവജ്ര

നാനാവിചാരങ്ങൾ, ഭയം, വിഷാദം,
കുന്നിയ്ക്കുമെൻ വൃദ്ധമനസ്സുചൊൽവൂ
ഫലേച്ഛതീണ്ടാത്ത മദീയഭാവി
നാരായണന്നർപ്പണമായ് വരട്ടേ!

കവി : എം. വി. സരസ്വതി, രാമനാട്ടുകര, കൃതി : *(സമസ്യാപൂരണം)*

3.2108 ഫേനാംഭോരാശിമദ്ധ്യേ. . . (കർത്താ)

സ്രഗ്ധര

ഫേനാംഭോരാശിമദ്ധ്യേ മരകളതിതരാം പോയ്മറഞ്ഞോരുനേരം
ദീനേ നാഥേ പ്രജാനാം ത്വടിതി ദനുസുതം കൊന്റ പാതാളലോകാൽ
നാനാവേദാൻ വിരിഞ്ചന്നരുളിയതിമുദാ വാരിരാശൗ കളിക്കും
മീനാകാരം വഹിച്ചീടിന ഭവനവിഭം കേശവം കൈതൊഴിന്റേൻ.

കവി : ആദിത്യവർമ്മ മഹാരാജാവ്, കൃതി : *വിഷ്ണുസ്തോത്രം*

3.2109 നിർമ്മായം താൻ കുചേലൻ. . . (ഋഷി)

സ്രഗ്ധര

നിർമ്മായം താൻ കുചേലൻ ദ്വിജവരനവിടം വിട്ടു വേറിട്ടുവേട്ടാ–
നുണ്മാനില്ലാഞ്ഞലഞ്ഞാൻ പുനരൊരു ദിവസം ദ്വാരകാം കണ്ടു ചെന്നാൻ
സമ്മോദം പൂണ്ടിരുന്നാനവിലരി തിരുമുൽക്കാഴ്ച വെച്ചാൻ പ്രഭാതേ
ബ്രഹ്മാനന്ദേന പോന്നാൻ ധനദനെ വിഭവം കൊണ്ടു വെക്കം ജയിച്ചാൻ

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.2110 സുരതടിനിതരംഗമലയും. . . (കർത്താ)

സലിലനിധി

സുരതടിനീതരംഗമലയും തലയോടുമഹീന്ദ്രമാലയും
പുരിചിടയിൽക്കലർന്ന വിലസും ഗുഹിനാംശുകിശോരശേഖരം
ദുരിതഭരോപശാന്തി വരുവാൻ ഭവനാശ്രയമാശ്രയാമി ഞാൻ
പരിചൊടു കൂടൽമേവുമഗജാരമണം കരുണാമൃതാംബുധിം.

3.2111 ദേഹം മനസ്സിന്ദ്രിയവും. . . (ഋഷി)

ഇരുവഞ്ജി/ഉപേന്ദ്രവജ്ര

ദേഹം മനസ്സിന്ദ്രിയവും വചസ്സും
ബുദ്ധ്യാത്മവൃദ്ധിപ്രകൃതിസ്വഭാവം
ചെയ്യുന്നതെന്തും പരിപൂർണ്ണനായ
നാരായണന്നർപ്പണമായ് വരട്ടേ!

കവി : അക്കിത്തം അച്യുതൻ നമ്പൂതിരി, കൃതി : *(സമസ്യാപൂരണം)*

3.2112 ചിദംശം വിഭം നിർമ്മലം. . . (ജ്യോതി)

ഭുജംഗപ്രയാതം

ചിദംശം വിഭം നിർമ്മലം നിർവികൽപ്പം
നിരീഹം നിരാകാരമോങ്കാരഗമ്യം
ഗുണാതീതമവ്യക്ത മേകം തുരീയം
പരം ബ്രഹ്മ യം വേദ തസ്മൈ നമസ്തേ!

കവി : ശങ്കരാചാര്യർ, കൃതി : *വിഷ്ണുഭുജംഗം*

3.2113 ഗാത്രേ ഗാത്രേ തുടർന്നു. . . (കർത്താ)

സ്രഗ്ധര

ഗാത്രേ ഗാത്രേ തുടർന്നു മധുരിമ തിരളും മാർദ്ദവം നേത്രരംഗേ
കൂത്താട്ടത്തിന്നു ലജ്ജായവനികയിൽ മറഞ്ഞംഗജന്മാ വിരേജേ
മുത്തേലും കൊങ്ക പങ്കേരുഹമുകുളസമം ഹന്ത താരുണ്യവായ്പോ–
ടെത്തിക്കൈത്താർ പിടിച്ചു ഝടിതി വടിവെഴും ശൈശവം പേശലാംഗ്യാഃ

കവി : മഴമംഗലം നമ്പൂതിരി, കൃതി : *നൈഷധം ചമ്പു*

3.2114 മറ്റെല്ലാക്കഥയും മറന്നു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മറ്റെല്ലാക്കഥയും മറന്നു ഭഗവൽപ്രേമത്തിലാറാടുവാൻ
മുട്ടാതേ കുളവേണുഗാനമധുരം കോരിക്കുടിച്ചീടുവാൻ
മദ്ദേഹം തരിമണ്ണിലേയ്ക്കു തിരികെത്താനേറ്റുവാങ്ങീടുവാൻ
മറ്റാരും തുണയില്ലെനിയ്ക്കു ഗുരുവായൂരപ്പ നീയെന്നിയേ

കവി : എൻ. എൻ. പുരളിപ്പുറം, കൃതി : *(സമസ്യാപൂരണം)*

3.2115 മലയാളമതിങ്കലുള്ള. . . (ജീവി)

വസന്തമാലിക

മലയാളമതിങ്കലുള്ള ഹിന്തു–
ത്തലയാളി പ്രവരർക്കു പണ്ടുപണ്ടേ
പുലയാളൊരു ജാതിയെന്തുകൊണ്ടോ?
വിലയാളെന്നു പറഞ്ഞുവന്നിടുന്നു.

കവി : പണ്ഡിറ്റ് കെ. പി കറുപ്പൻ, കൃതി : *പുലയർ (കാവ്യപേടകം)*

3.2116 പാലാഴിക്കുള്ള വെള്ളത്തിരനിര. . . (കർത്താ)

സ്രഗ്ധര

പാലാഴിക്കുള്ള വെള്ളത്തിരനിര നിരവേ മേൽക്കുമേൽ കെട്ടിനിൽക്കും–
പോലാകും നാഗനാഥപ്പുതു മൃദുശയനേ പള്ളികൊള്ളുന്ന ദേവൻ
നീലാഭ്രം ചൂഴെ മിന്നൽപ്പിണരൊടു പടയുന്തുമ്പടം ചാർത്തിടുന്നോൻ
മേലാൽ സന്താപമേലായ്വതിനിഹ മഹിത ശ്രീകടാക്ഷം വിടട്ടേ.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.2117 നാരായണായെന്നിഹ ഞാൻ. . . (ഋഷി)

ഇന്ദ്രവജ്ര

നാരായണായെന്നിഹ ഞാൻ ജപിച്ചാൽ
നാരായണൻ നോക്കി നടത്തുമെന്നെ
നാണം വെടിഞ്ഞിന്നു ഭജിച്ചു, ഭാവി
നാരായണന്നർപ്പണമായ് വരട്ടേ!

കവി : ശാന്തകുമാരി, തിരുവനന്തപുരം, കൃതി : *(സമസ്യാപൂരണം)*

3.2118 നിത്യം നൂതനജീവനേകിയവിടുന്ന്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നിത്യം നൂതനജീവനേകിയവിടുന്നെന്നെജ്ജഗത്തിങ്കലെ–
സ്സത്യം കണ്ടുപിടിക്കുവാൻ വിടുകിലും കൃത്യാന്തരാസ്വസ്ഥനായ്
അത്യന്തം കുഴയുന്നു ജീവിതമഹാഗ്രന്ഥത്തിലൊട്ടേറെയ–
പ്രത്യക്ഷീകൃതമായ് മറിച്ചു വെറുതേ മൗഢ്യത്തിനായേടുകൾ.

കവി : വാരിക്കോലിൽ കേശവനുണ്ണിത്താൻ, കൃതി : *രാഗതരംഗം*

3.2119 അഖിലോപരിയെന്റെ. . . (ഋഷി)

വിയോഗിനി

അഖിലോപരിയെന്റെ ബുദ്ധിയിൽ
സുഖദുഃഖങ്ങളിൽ മാറ്റമെന്നിയേ
ജഗദീശ തെളിഞ്ഞു നിൽക്കണം
നിഗമം തേടിന നിൻപദാംബുജം

കവി : കുമാരനാശാൻ, കൃതി : *പ്രഭാതപ്രാർത്ഥന*

3.2120 ജംഭപ്രദ്വേഷിമുമ്പിൽ. . . (കർത്താ)

സ്രഗ്ധര

ജംഭപ്രദ്വേഷിമുമ്പിൽ സുരവരസദസി ത്വദ്ഗുണൗഘങ്ങൾ വീണാ–
ശുംഭത്പാണൗ മുനൗ ഗായതി സുരസുദൃശാം വിഭ്രമം ചൊല്ലുവല്ലോൻ
കുമ്പിട്ടാളൂർവശിപ്പെ, ണ്ണകകമലമലിഞ്ഞൂ, മടിക്കുത്തഴിഞ്ഞൂ
രംഭ, സ്ഖഞ്ചാറുവട്ടം കബരി തിരുകിനാൾ മേനകാ മാനവേദ!

കവി : പുനം നമ്പൂതിരി

3.2121 കസ്തൂരീതിലകം ലലാടഫലകേ. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

കസ്തൂരീതിലകം ലലാടഫലകേ, വക്ഷസ്ഥലേ കൗസ്തുഭം,
നാസാഗ്രേ നവമൗക്തികം, കരതലേ വേണും, കരേ കങ്കണം,
സർവ്വാംഗേ ഹരിചന്ദനം ച കലയൻ കണ്ഠേ ച മുക്താവലീം
ഗോപസ്ത്രീപരിവേഷ്ടിതോ വിജയതേ ഗോപാല ചൂഡാമണി

കവി : ലീലാമ്പകൻ, കൃതി : *ശ്രീകൃഷ്ണ കർണ്ണാമൃതം*

3.2122 സന്ധ്യാരാഗേ നിലാവോ. . . (കർത്താ)

സ്രഗ്ധര

സന്ധ്യാരാഗേ നിലാവോ സരസതുഹിനമോ നല്ലരക്കാമ്പൽതന്മേൽ
മാണിക്കം ചേർന്ന മുത്തോ മധുരമധു പുരണ്ടോമലന്നക്കിടാവോ?
തങ്ങും പാലിൻ നുറുങ്ങോ തരളരുചി കിളിച്ചുണ്ടിലത്യന്തതാമ്രേ
പാറക്കാട്ടുണ്ണിനങ്ങേ! പരിമളപവൾവായൺപൂമിമന്ദഹാസം?

, കൃതി : *ലീലാതിലകം*

3.2123 തെറ്റില്ലാത്ത പദങ്ങളാലൊരുവിധം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തെറ്റില്ലാത്ത പദങ്ങളാലൊരുവിധം പാദങ്ങൾ മൂന്നെണ്ണവും
സൃഷ്ടിച്ചാദ്യസമസ്യയിങ്കലടിയൻ കേറിപ്പയറ്റീടുവാൻ
പറ്റില്ലെന്ന വരുത്തിടായ്ക പറയാം സത്യത്തെയുച്ചൈസ്വരം
മറ്റാരും തുണയില്ലെനിയ്ക്ക് ഗുരുവായൂരപ്പ നീയെന്നിയേ

കവി : എം. ആർ. അരവിന്ദാക്ഷൻ, കൃതി : *(സമസ്യാപൂരണം)*

3.2124 പ്രാസപ്രയോഗനിയമത്തെ. . . (കർത്താ)

വസന്തതിലകം

പ്രാസപ്രയോഗനിയമത്തെയൊഴിച്ചു നവ്യം
കാവ്യം ചമയ്ക്കുവതിനെൻ പ്രിയഭാഗിനേയൻ
ശിഷ്യാഗ്രഗണ്യനരചെയ്തുപോലെ ഞാനി–
ന്നീ"ദൈവയോഗ"കഥയൊന്ന കഥിച്ചിടുന്നേൻ.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ദൈവയോഗം*

3.2125 ശ്രീരാമൻ പോയ് വനത്തിൽ. . . (രാജേഷ്)

സ്രഗ്ധര

ശ്രീരാമൻ പോയ് വനത്തിൽ, ബലി നിയമിതനായ്, പാർത്ഥരും പുക്കരണ്യം,
പോരാടിത്തീർന്ന വൃഷ്ണിവ്രജമഥ, നളനും രാജ്യവിഭ്രഷ്ടനായി,
കാരാഗാരത്തിൽ വാണാൻ ദശമുഖ, നടരിൽച്ചാകയും ചെയ്ത, പാർത്താൽ
പാരാകെക്കാലലീലാവശഗ, മതു മറിച്ചാർക്കുവാനാർക്കു ശക്യം?

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.2126 കൃഷ്ണ കൃഷ്ണ ജനാർദ്ദനാ. . . (ഋഷി)

മല്ലിക

കൃഷ്ണ കൃഷ്ണ ജനാർദ്ദനാ ഹരി മാധവാ, മുരളീധരാ
തൃഷ്ണയൊക്കെയടക്കിയെന്നെ വിമുക്തനാക്കുവതെന്ന നീ?
ഭക്തവൽസല വാസുദേവ മുകുന്ദ ഗോകുലപാലകാ
രക്ഷ രക്ഷ പദാംബുജം മമ കേശവാ മധുസൂദനാ!

കവി : എസ്. രമേശൻ നായർ, കൃതി : *കന്നിമണികൾ*

3.2127 ഭ്രയിഷ്ഠം റാണി പദ്മാവതിയുടെ. . . (കർത്താ)

സ്രഗ്ധര

ഭ്രയിഷ്ഠം റാണി പദ്മാവതിയുടെ വിപുലസ്ഥൈര്യസമ്പത്തു, ലക്ഷ്മീ–
ഭായിക്കുണ്ടായ യുദ്ധപ്രവണത, സരളാദേവിതൻ വാഗ്വിലാസം
നീയിത്ഥം നിർമ്മലസ്ത്രീ ഗുണമഹിമകളാൽ പൂർണ്ണയായ് വാണിരിയ്ക്കാം
വായിപ്പാനാവതാണോ ഹൃദയനില വെറും മാംസദൃഗ്വീക്ഷണത്താൽ?

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.2128 നാരായണാ, നിന്റെ. . . (ഋഷി)

ഇന്ദ്രവജ്ര

നാരായണാ, നിന്റെ സഹസ്രനാമം
നാവിന്റെ തുമ്പിൽ കളിയാടുവാനായ്
അർത്ഥിയ്ക്കുവോനീയടിയന്റെ ജന്മം
നാരായണന്നർപ്പണമായ് വരട്ടെ

കവി : ഗോപി, പാലക്കാട്, കൃതി : *(സമസ്യാപൂരണം)*

3.2129 അനന്തരം നിജകുല. . . (മധുരാജ്)

അതിരുചിര

അനന്തരം നിജകുലകാമധേനുവായ്
മനം തെളിഞ്ഞരുളിന ഭദ്രകാളിയെ
അനന്തഭാസ്സുടയ തദാലയം ഗമി–
ച്ചനന്തതന്നധിപതി കൈവണങ്ങിനാൻ

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2130 അറ്റം കൂടാതെ കൗളഹല. . . (ഋഷി)

സ്രഗ്ധര

അറ്റം കൂടാതെ കൗളഹലപരവശനായ് നന്ദഗോപൻ തദാനീ–
മേറ്റം ദാനങ്ങളും ചെയ്യുടനതിമഹിതം ജാതകർമ്മം കഴിപ്പാൻ
ചുറ്റിക്ഖണ്ഡിച്ച പൊക്കിൾക്കൊടി തിരുവുദരത്താണ്ടു ഭംഗ്യാ കിടന്നോ–
രീറ്റില്ലത്തുണ്ണിയെക്കണ്ടവരവരമൃതാനന്ദമാറാടിനാർപോൽ

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2131 ചട്ടയും ചതുരചൊട്ടയിട്ടകുഴൽ. . . (കർത്താ)

കുസുമമഞ്ജരി

ചട്ടയും ചതുരചൊട്ടയിട്ടകുഴൽ, തോക്കു,തൊപ്പികളുമങ്ങു കാൽ–
ച്ചട്ടയും ചടുലവട്ടദൃഷ്ടികളതിട്ടുരുട്ടുമൊരു ധാർഷ്ട്യവും
എട്ടുദിക്കുമഥ ഞെട്ടുമാറു ചില ശബ്ദമിട്ടണിയതായ്മലാം–
ഗാട്ടുകാർ ചില സിപായിമാരുടയ കൂട്ടവും ബഹുമനോഹരം.

കവി : വെണ്മണി മഹൻ, കൃതി : *പൂരപ്രബന്ധം*

3.2132 ഏതേതാവശ്യമെന്നാൽ. . . (ഋഷി)

സ്രഗ്ധര

ഏതേതാവശ്യമെന്നാൽ തിരുനടയിലണഞ്ഞൊന്നുണർത്തിയ്ക്കിലെല്ലാ–
മേതേതാൾക്കും കരസ്ഥം ദ്വന്ദ്വമുടനടിയെന്നോതിടുന്നുണ്ടു ലോകം
കൈതമ്മിൽക്കൂട്ടിമുട്ടിച്ചടിയനടിവണങ്ങുന്നു, വേണ്ടുന്നതെല്ലാം
നീ തന്നേ ചിന്തചെയ്തിട്ടരുളുകറിയുമങ്ങേയ്ക്ക, കൊല്ലൂർപിരാട്ടീ!

കവി : കുറുവല്ലൂര് മാധവൻ, കൃതി : *മൂകാംബികാസ്തുതി*

3.2133 കുലം വിട്ടു കുതിച്ചിടുന്നു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കുലം വിട്ടു കുതിച്ചിടുന്നു യമുനച്ചിറ്റോളവും, ചന്ദന–
ത്താലം നീട്ടി നടന്നിടുന്നു നിശയും വേണുസ്വരാകൃഷ്ടരായ്!
പാലും വെണ്ണയുമപ്പടിയ്ക്കണയുമീ കണ്ണൻ നിനച്ചാൽ– അവൻ
ശീലിയ്ക്കും ലഘുമോഷണങ്ങൾ വെറുതേ ഭാവിച്ചിടും നാടകം.

കവി : വി.കെ.ജി, കൃതി : *അവിൽപ്പൊതി*

3.2134 പാപങ്ങളാൽ പതിതനായ്. . . (ഋഷി)

വസന്തതിലകം

പാപങ്ങളാൽ പതിതനായൊരജാമിളാഖ്യൻ
നാമം ജപിച്ചു ഭഗവൽപദമാർന്നു മുന്നേ
നാരായണായ ഹരയേ നമയെന്നു ചൊന്നാൽ
പ്രാണാവസാനസമയത്തണയും വിമുക്തി

കവി : കടൽമന കേശവൻ നമ്പൂതിരി, പിലാത്തറ, കൃതി : *(സമസ്യാപൂരണം)*

3.2135 ന ച്ഛത്രം ന തുരങ്ഗമോ. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

ന ച്ഛത്രം ന തുരങ്ഗമോ ന വദതാം വൃന്ദാനി നോ വന്ദിനോ
ന ശ്മശ്രൂണി ന പട്ടബന്ധവസനം നഹ്യംബരാഡംബരഃ
അസ്ത്യസ്മാകമമന്ദമന്ദരഗിരിപ്രോദ്ഭൂതദുഗ്ധോദധി–
പ്രേങ്ഖദ്വീചിപരമ്പരാപരിണതാ വാണീ തു നാണീയസീ

കവി : കാക്കശ്ശേരി ഭട്ടതിരി

3.2136 ആദിയ്ക്കാദിത്യചന്ദ്രപ്രഭൃതികളെ. . . (ഋഷി)

സ്രഗ്ധര

ആദിയ്ക്കാദിത്യചന്ദ്രപ്രഭൃതികളെ രചിച്ചിട്ടിരുട്ടിൻ കടപ്പം
ഛേദിയ്ക്കാനുള്ള ഭാരം മുഴുവനവരിലേൽപിച്ചു നീയെന്തു സാദ്ധ്യം
വേദാന്തർലീനസത്തേ! നരനകമഖിലം മൂടിടും വൻ തമസ്സെ–
ബ്ഭേദിപ്പാനങ്ങുതന്നേ മുതിരണമതിമോദേന കൊല്ലൂർപിരാട്ടീ!

കവി : കുറുവല്ലൂര് മാധവൻ, കൃതി : *മൂകാംബികാസ്തുതി*

3.2137 വല്ലവീലതകൾ ചുറ്റി. . . (ജ്യോതി)

രഥോദ്ധത

വല്ലവീലതകൾ ചുറ്റിനിൽക്കയാ–
ലുല്ലസിച്ച സുരലോകപാദപം
ചില്ലയാത്മകസുഖം നമുക്കു ത–
ന്നല്ലൽ നീക്കി നിജഭക്തിയേകണം

3.2138 ചെനച്ച മാങ്ങാ ചതുരേന. . . (രാജേഷ്)

ഉപേന്ദ്രവജ്ര

ചെനച്ച മാങ്ങാ ചതുരേന ചെത്തി–
പ്പുളിച്ച മോരിൽ കുറുകെക്കലക്കി
അരച്ച തേങ്ങാ, മുള,കുപ്പ ചേർത്ത–
ങ്ങടച്ചു വെന്താലമുതിന്നു തുല്യം

3.2139 അടിപിടി പല മട്ടിൽ. . . (കർത്താ)

മാലിനി

അടിപിടി പല മട്ടിൽക്കുത്തു വെട്ടുന്ന തള്ളി–
പ്പടി പണി പതിനെട്ടും കാട്ടിടും കർഷകന്നും
മടിയൊരു വക നൽകാൻ മറ്റു മന്നിന്നു; നീയോ?
ഝടിതി കതകിൽ മുട്ടും ഡിംഭനും കാമധേനു.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.2140 മുറ്റും ഭക്തിയൊടഞ്ചു . . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

മുറ്റും ഭക്തിയൊടഞ്ചു വേള ഭഗവന്നാരായണീയം ക്രമം–
തെറ്റീടാതെയുപന്യസിച്ചവയിലങ്ങൊന്നമനായ് നാലിലും
ചെറ്റങ്ങാശിഷമേകി ഭക്തനിവനെ പ്രഖ്യാപനം ചെയ്ത ഹാ
മറ്റാരും തുണയില്ലെനിയ്ക്ക ഗുരുവായൂരപ്പ നീയെന്നിയേ

കവി : **കേളമംഗലം എ. വി. നായർ, തകഴി**, കൃതി : *(സമസ്യാപൂരണം)*

3.2141 ചേലിൽക്കാണേണ്ട ചേതോഭവനുടെ. . . (ജ്യോതി)

സ്രഗ്ധര

ചേലിൽക്കാണേണ്ട ചേതോഭവനുടെ ഭവനപ്പൂമുഖത്തേ മറയ്ക്കും
ശീലക്കേടോ, കളിന്ദാത്മജയുടെ കടവിൽച്ചെന്നു നീന്തിക്കളിയ്ക്കേ
പാലും തൈരും മണക്കും പുടവകളിടയപ്പെൺകൾ മുക്കാതെ വെയ്ക്കും
ശീലക്കേടോ, ഭവാൻ മാറ്റിയ, തനിലപുരത്തമ്പുരാനേ ന ജാനേ!

കവി : **വി.കെ.ജി**, കൃതി : *മുത്തുകൾ*

3.2142 പകവിട്ടിവരൊത്തു കേളി. . . (കർത്താ)

വസന്തമാലിക

പകവിട്ടിവരൊത്തു കേളി ചെയ്താ–
ലകലും നിന്റെ കളങ്കമാകമാനം;
ശകലം തുപ വേണ്ട, തിങ്കളേ! വാ;
സകലം സത്സഹവാസസാദ്ധ്യമല്ലോ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.2143 ശ്രീവത്സം, വനമാല. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ശ്രീവത്സം, വനമാല, ദിവ്യ തുളസീദാമം, കരോംഭോരുഹം,
ശ്രീവശ്യം തിരുമാർവിടം, വിമലമാം പീതാംബരം, കൗസ്തുഭം,
ലാവണ്യസ്മിതപൂനിലാവു ചൊരിയും പൂർണ്ണേന്ദുബിംബാനനം,
ദേവശ്രേണി തൊഴും കരത്തളിരൊട്ടും ശ്രീവല്ലഭൻ വെൽവൂതേ

3.2144 ലീലാവേശം കലർന്നുള്ളൊരു. . . (മധുരാജ്)

സ്രുദ്ധര

ലീലാവേശം കലർന്നുള്ളൊരു കമലജതൻ തൃക്കടാക്ഷാവലിശ്രീ–
മാലാട്ടങ്ഗീസഹസ്രത്തിനു മധുനകരാനുള്ള കൃഷ്ണാരവിന്ദം
നീലാംഭസ്സാം വിവസ്വത്തനുജയിലമരും കാളിയൻ തൻ ശിരസ്സിൽ
ചേലാളും മാറു ചാർത്തിച്ചൊരു പുരുസുകൃതള്ളമ്പിനായ് കുമ്പിടുന്നേൻ!

3.2145 നലമരുളിടുവാൻ നരേന്ദ്രർ. . . (കർത്താ)

പുഷ്പിതാഗ്ര

നലമരുളിടുവാൻ നരേന്ദ്രർ മേന്മേൽ–
പ്പലമറുകൈകൾ പഠിച്ചതൊക്കെ നോക്കാം;
ഫലമെവിടെ വരും? ജഗത്തു ഹാലാ–
ഹലകബളീകൃതമായ്കഴിഞ്ഞുവല്ലോ!

കവി : **ഉള്ളൂർ**, കൃതി : *എന്റെ സ്വപ്നം*

3.2146 ഫാലത്തീയിലെരിഞ്ഞ കാമനു. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

ഫാലത്തീയിലെരിഞ്ഞ കാമനു പുനർജ്ജന്മം കൊടുത്തീടുവാൻ,
പാലാഴിത്തിരമാലമേലഹിവിഷം വീഴാതെ കാത്തീടുവാൻ,
കാലം കണ്ടു മൃകണ്ഡുതന്നരുമയെത്തീണ്ടും ഭയം പോക്കുവാൻ
ളൂലം കുത്തിടുമാറൊഴുക്കിയദയാഗങ്ഗാധരൻ കാക്കണം.

3.2147 കണ്ണേ നീ പോയ് വിരുന്നുണ്ണുക. . . (ജ്യോതി)

സ്രുദ്ധര

കണ്ണേ നീ പോയ് വിരുന്നുണ്ണുക, കമലദളക്കണ്ണനപ്പുൽപ്പരപ്പിൽ
തന്നെത്താനേ മറന്നും കവിവരമധുരസ്തോത്രപൂരം നുകർന്നും
നന്നായ് ചമ്രം പടിഞ്ഞും, കരലതകൾ മടിത്തട്ടിൽ വെച്ചും കളിമ്പം
ചിന്നും കൈശോരകാന്തിക്കതിരുകൾ വിതറിക്കാത്തിരിയ്ക്കുന്നു, നോക്കു!

കവി : **വി.കെ.ജി**, കൃതി : *അവിൽപ്പൊതി*

3.2148 നാവാദേശമിതെത്രരമ്യം. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

നാവാദേശമിതെത്രരമ്യ, മിതിനെപ്പുൽകിച്ചിരിപ്പിച്ചുകൊ–
ണ്ടേവർക്കും കുളിരേകി മന്ദമൊഴുകീടുന്നു നിളാമാധുരി!
ദിവ്യശ്രീ നവയോഗിമാരുടെ മുകുന്ദപ്രേമവാരാശിയിൽ–
ത്താവും ദ്വാരക പോലനർഘമഹിമാവേന്തി പ്രശോഭിപ്പു നീ!

കവി : **പി.കെ. കുട്ടിയനിയൻ രാജാ**

3.2149 ദിനമനു ധനനാഥനാലും. . . (കർത്താ)

പുഷ്പിതാഗ്ര

ദിനമനു ധനനാഥനാലുമിപ്പോ–
ളുനശനശാസ്ത്രമധീതമായിരിക്കേ
ജനകൃമി ജനനാൽ ദരിദ്രനയ്യോ!
കനലിതിൽനിന്നു കരയ്ക്കുകേറ്റമുണ്ടോ?

കവി : **ഉള്ളൂർ**, കൃതി : *എന്റെ സ്വപ്നം*

3.2150 ജീർണിക്കുമീ ഗ്രന്ഥമൊരിക്കൽ. . . (ജ്യോതി)

ഇന്ദ്രവജ്ര

ജീർണിക്കുമീ ഗ്രന്ഥമൊരിക്ക,ലെന്നാൽ
ജീവന്റെ ദുഃഖങ്ങൾ കുറിച്ചിടുമ്പോൾ
നാരായമേകുന്നൊരു പോറൽ പോലും
നാരായണന്നർപ്പണമായ് വരട്ടേ

കവി : **ശാന്തിർമയി**

3.2151 നന്ദൻ തൻ വസതിയ്ക്കലങ്കരണമായ്. . . (ബാലേന്ദു)

ശാർദ്ദൂലവിക്രീഡിതം

നന്ദൻ തൻ വസതിയ്ക്കലങ്കരണമായ് ഗോപീജനത്തിന്റെ നൽ–
പ്പുണ്യം കാരൊളി ചേർന്നതായ്, കരുണതൻ കമ്രോജ്ജ്വലദ്വീപമായ്
മന്നിൻ ഭാഗ്യനികേതമായ്, പരമമാം സമ്പത്തി തൻ പൂർത്തിയായ്
മിന്നും ഗോപകുമാര, നിന്നുടേ ദയാദൃഷ്ടിക്കിരക്കുന്നു ഞാൻ.

കവി : **ഡി. ശ്രീമാൻ നമ്പൂതിരി** , കൃതി : *ശ്രീഗുരുവായൂപുരേശ്വരസ്തവം*

3.2152 മൈതാനത്തിങ്കലെങ്ങാൻ ചില. . . (ജ്യോതി)

സ്രുദ്ധര

മൈതാനത്തിങ്കലെങ്ങാൻ ചില ചില പശുപോതങ്ങളെക്കണ്ടുപോയാ–
ലേതാനും വാര ദൂരത്തമൃതമുരളികാപാണിയായ്ച്ചോലുമേന്തി
കായും കണ്ണും മനസ്സും കവരുമൊരു കിശോരന്റെ ശ്യമന്ദഹാസം
വാതാഗാരാധിവാസിൻ, മമഹൃദയതലം കൊണ്ടു ഞാനാസ്വദിപ്പൂ.

കവി : **വി.കെ.ജി**, കൃതി : *അവിൽപ്പൊതി*

3.2153 കാണുന്നതും കേൾപ്പതുമെന്നു. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കാണുന്നതും കേൾപ്പതുമെന്നു വേണ്ട
സർവ്വം മുകുന്ദന്റെ വിലാസമത്രെ
ഉരപ്പതും ചെയ്വതുമൊക്കെയും മേ
നാരായണന്നർപ്പണമായ് വരട്ടേ!

കവി : **എൻ. എം. ദേവകി അന്തർജ്ജനം, പയ്യന്നൂർ**, കൃതി : *സമസ്യാപൂരണം*

3.2154 ഉത്തമേ, വിഗതരാഗം. . . (മധുരാജ്)

രഥോദ്ധത

ഉത്തമേ, വിഗതരാഗമാകുമെ–
ന്നുൾത്തടത്തെയുമുലച്ചു, ശാന്ത നീ
ഇത്തരം ധരയിലെങ്ങു ശ്രുദ്ധമാം
ചിത്തവും മധുരമായ രൂപവും?

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.2155 ഇപ്പാർത്തട്ടാം തളികയിൽ. . . (കർത്താ)

മന്ദാക്രാന്ത

ഇപ്പാർത്തട്ടാം തളികയിൽ നിലാവാന പാൽക്കഞ്ഞി വീഴ്ത്തി–
ച്ചുപ്പപ്പെന്നിന്റിതു മുഹരതിൽ കൂട്ടവേട്ടിച്ചകോരാഃ
ഇത്ഥം മത്വാ ലവണസലിലം വീചിഹസ്തൈരുയാർത്തി
പ്രത്യാസന്നേ ശശിനി ചുഴലപ്പോന്ന പൊങ്ങീ പയോധി.

, കൃതി : *ചക്രവാകസന്ദേശം*

3.2156 ഇച്ഛിയ്ക്കുമൊന്നിഹ ലഭിപ്പതു. . . (രാജേഷ്)

വസന്തതിലകം

ഇച്ഛിയ്ക്കുമൊന്നിഹ ലഭിപ്പതു വേറെയൊന്നാ–
മിച്ഛിപ്പതും പുനരൊരിക്കലഹോ! ലഭിയ്ക്കും.
ഇച്ഛിച്ചിടാത്തതു ലഭിയ്ക്കുമൊരിക്ക,ലെല്ലാ–
മിച്ഛാനുകൂലമഖിലപ്രഭവിന്റെ നൃനം.

കവി : കെ. സി. കേശവപിള്ള, കൃതി : *സുഭാഷിതരത്നാകരം*

3.2157 ഈരാജ്യത്തിൻ നിലയുമിവൾ തൻ. . . (കർത്താ)

മന്ദാക്രാന്ത

ഈരാജ്യത്തിൻ നിലയുമിവൾ തൻ ശക്തിയും മറ്റുമെല്ലാം
ധീരാത്മാവേ! സചിവ! നിതരാം നീയറിഞ്ഞുള്ളതല്ലോ
ധാരാളം ഞാൻ പറക ശരിയ, ല്ലാൾത്തരം നോക്കിടാഞ്ഞാൽ–
പ്പോരാ, കൊല്ലുക്കുടി കയറുകിൽത്തുശി വിൽക്കാൻ ഞൊരുക്കം.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2158 ധാത്രിതന്നുടയ ബന്ധുവാം. . . (മധുരാജ്)[285]

കുസുമമഞ്ജരി

ധാത്രിതന്നുടയ ബന്ധുവാം തവ വലത്തുകണ്ണു പകൽ തീർപ്പതാം
രാത്രിയെപ്പരിചരിപ്പു നിന്നുടെയിടത്തുകണ്ണു ശശിയാകയാൽ;
ധാത്രി, തെല്ലു വിരിവാർന്ന ഹേമനളിനാഭമാമളികദ്വക്കിനാ–
ലാ ത്രിയാമ, പകലെന്നിവക്കിടയിലുള്ള സന്ധ്യയഭിസൃഷ്ടയായ്

, കൃതി : *സൗന്ദര്യലഹരി വിവർത്തനം*

[285] **[ഉമേഷ്] ശ്ലോകം 3.2158 :** മൂലശ്ലോകം (ശങ്കരാചാര്യർ) :

അഹഃ സൂതേസവ്യം തവ നയനമർക്കാത്മകതയാ
ത്രിയാമാം വാമം തേ സൃജതി രജനീനായകതയാ
തൃതീയാ തേ ദൃഷ്ടിർദ്ദരദലിതഹേമാംബുജരുചിഃ
സമാധത്തേ സന്ധ്യാം ദിവസനിശയോരന്തരചരിം.

3.2159 ധരാതലത്തിൽപ്പുനരെങ്ങും. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ധരാതലത്തിൽപ്പുനരെങ്ങുമെന്നും
ജനാധിപത്യം പുലരേണമത്രേ
ഏകാധിപത്യദ്ദുരിതങ്ങൾ തീർക്കാൻ
സർവ്വാധിപമ്മനുഷ്യനു വേവലാതി!

3.2160 എന്നല്ലച്ചടി മെച്ച. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

എന്നല്ലച്ചടി മെച്ചമച്ചതമമായ് നാനാവിചിത്രങ്ങളാ–
യന്നന്നങ്ങിനെ മേലിൽ മേലിലഭിവൃദ്ധിക്കായ് മുതിർന്നീടവേ;
നന്നല്ലെന്നു വരുന്നതല്ല നിയതം കൈയക്ഷരം: നെയ്‌വിള–
ക്കിന്നത്രേ പരിശുദ്ധി, വൈദ്യുതവിളക്കേറെ ജ്വലിച്ചീടിലും.

കവി : കട്ടമത്ത് കണ്ണുകൃഷ്ണക്കുറുപ്പ്, കൃതി : *കൈയെഴുത്ത്*

3.2161 നിളാനദിപ്പൂൺപു നമുക്കു. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നിളാനദിപ്പൂൺപു നമുക്കു പണ്ടു
തുഞ്ചത്തെഴുത്തച്ഛനെയെന്നപോലെ
കാവേരിയാദ്രാവിഡവാണിയാൾക്കു
കമ്പാഖ്യനാകും കവിയെക്കൊടുത്താൾ.

കവി : വി.കെ.ജി

3.2162 കോടക്കാറ്റിലഴിഞ്ഞുലഞ്ഞ ചിടയും. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കോടക്കാറ്റിലഴിഞ്ഞുലഞ്ഞ ചിടയും ചിക്കിക്കിടന്നീടുമാ
ക്കാടങ്ങിങ്ങു ചവച്ചെറിഞ്ഞ തളിരും പൂവും പിടഞ്ഞീടവേ
നാടന്തഃപ്രഹരങ്ങളേറ്റ കിടിലം കൊൾകേ, മുലപ്പാല്യമായ്
പാടം നീന്തിവരുന്ന പൗർണ്ണമി, നിനക്കാവട്ടെ ഗീതാഞ്ജലി.

കവി : വയലാർ, കൃതി : *സർഗ്ഗസംഗീതം*

3.2163 നാദം ശൂന്യതയിങ്കലാദ്യമമൃതം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

നാദം ശൂന്യതയിങ്കലാദ്യമമൃതം വർഷിച്ച നാളിൽ, ഗതോ–
ന്മാദം വിശ്വപദാർത്ഥശാലയൊരിടത്തൊന്നായ് തുടിച്ചീടവേ,
ആ ദാഹിച്ചു വിടർന്ന ജീവകലികാജാലങ്ങളിൽ, കാലമേ,
നീ ദർശിച്ച രസാനുഭൂതി പകരൂ മത് പാനപാത്രങ്ങളിൽ

കവി : വയലാർ, കൃതി : *സർഗ്ഗസംഗീതം*

3.2164 അമ്പാടിത്തമ്പുരാട്ടിത്തിരുവടിയരിശം. . . (ജ്യോതി)

സ്രഗ്ധര

അമ്പാടിത്തമ്പുരാട്ടിത്തിരുവടിയരിശം പൂണ്ടു ബന്ധിച്ച കെട്ടാൽ
വൻപാപക്കെട്ടഴിച്ചദ്ധനദസുതതപസ്സിൽ പ്രസാദിച്ചപോലെ
എമ്പാടും ചേതനാചേതന സമുദയമൈത്രിയ്ക്ക കൈ നീട്ടി നിൽക്കും
സമ്പൂർണ്ണാനന്ദ സച്ചിത്പ്രഭയുടെ കതിരാവട്ടെയെൻ ജീവനാളം!

കവി : വി.കെ.ജി, കൃതി : *അവിൽപ്പൊതി*

3.2165 എല്ലാം പിന്നിട്ടുകൊണ്ടെൻ. . . (കർത്താ)

സ്രഗ്ധര

എല്ലാം പിന്നിട്ടുകൊണ്ടെൻ തരണിയിത ഗമിയ്ക്കുന്ന മുന്നോട്ടു, ഞാനി–
ക്കല്ലോലങ്ങൾക്കുമീതേ കരളിലൊരണുവും ക്ലേസലില്ലാതെ പായും;
കില്ലെന്യേ ചക്രവാളം ത്വരയൊടുമതിലംഘിച്ചു ചുറ്റിത്തിരിഞ്ഞ–
ക്കല്യാണക്കാതലാകും കതിരവനെയുമെൻ കൈകൾ നീട്ടിപ്പിടിക്കും.

കവി : മേരി ബനീഞ്ജ, കൃതി : *ലോകമേ യാത്ര*

3.2166 കളഭം കലക്കിയതിലാടി. . . (രാജേഷ്)

മഞ്ജുഭാഷിണി

"കളഭം കലക്കിയതിലാടി"യെന്നൊരാൾ
"കളവാണു, കാൺക കരി"യെന്നു മറ്റെയാൾ
പൊളിയ,ല്ലെനിക്കു, കവിവര്യരേ, വെറും
ചെളിയിൽക്കുളിച്ചപടി കാണു നിങ്ങളെ.

കവി : രാജേഷ് ആർ. വർമ്മ

3.2167 പ്രായേണ ദ്രാവിഡച്ചൊൽകളിൽ. . . (ഉമേഷ്)

സ്രഗ്ധര

പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും പ്രാസസൗഭാഗ്യമുണ്ടെ–
നായേ ലോകം രസിക്കു കവിതയി, ലതിനാൽ ഭ്രരിപക്ഷത്തെ നോക്കി
ചായേണം നമ്മളങ്ങോ, ട്ടതിനിടയിൽ വെറും വാഗ്വിവാദം തുടങ്ങി–
പ്പോയേച്ചാൽ കാര്യമുണ്ടോ? കവിതകളെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ!

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃതി : *ദ്വിതീയാക്ഷരപ്രാസം*

3.2168 "ചാരായക്കട ലോക"മെന്നു കരുതി. . . (മധുരാജ്)

സ്രഗ്ധര

"ചാരായക്കട ലോക"മെന്നു കരുതിക്കാവ്യം ചമച്ചോരെയും,
പാരാകെപ്പരമേശ്വരപ്രതിഭകണ്ടാരാദ്ധ്യരായോരെയും,
വീരസ്യം മുതലാക്കിയോരിവനെയും, "ചരന്തോനുസാരിത്വ"മാം
"പൗരത്വേ"ന സമേതരാക്കു'മിസ'മേ വെൽ,കക്ഷരശ്ലോകമേ!

കവി : മധുരാജ്

3.2169 വാളല്ലെൻസമരായുധം. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വാളല്ലെൻ സമരായുധം, ഝണത്ഝണദ്ധ്വാനം മുഴക്കീടുവാ–
നാള, ല്ലെൻ കരവാളു വിറ്റൊരു മണിപ്പൊൻവീണ വാങ്ങിച്ചു ഞാൻ;
താളം, രാഗ, ലയ, ശ്രുതി, സ്വരമിവയ്ക്കല്ലാതെയൊന്നിന്നുമി–
ന്നോളക്കുത്തുകൾ തീർക്കുവാൻ കഴിയുകില്ലെൻ പ്രേമതീർത്ഥങ്ങളിൽ.

കവി : വയലാർ, കൃതി : *സർഗ്ഗസംഗീതം*

3.2170 താരാനാഥനുദിപ്പതും. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

താരാനാഥനുദിപ്പതും, നറുമണം ചൊവിച്ചിരിക്കുന്ന നൽ–
ത്താരാഭാമയമായ നർത്തനമിയന്നുല്ലാസമേകുന്നതും,
വാരാർന്നംബുദമാർദ്രശീകരമിയന്നെല്ലാം കുളിർപ്പിപ്പതും,
പാരാനന്ദസമൃദ്ധി ചേർന്നിടുവതും നിൻ ലീല താ, നോർപ്പു ഞാൻ!

കവി : ഡി. ശ്രീമാൻ നമ്പൂതിരി, കൃതി : *ശ്രീഗുരുവായൂപുരേശ്വരസ്തവം*

3.2171 വേണ്ടാ ഖേദമെടോ, സുതേ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

"വേണ്ടാ ഖേദമെടോ, സുതേ! വരിക"യെന്നോതും മുനീന്ദ്രന്റെ കാൽ–
ത്തണ്ടാർ നോക്കിനടന്നധോവദനയായ് ചെന്നസ്സഭാവേദിയിൽ
മിണ്ടാതന്തികമെത്തി, യൊന്നനുശയക്ലാന്താസ്യനാം കാന്തനെ–
ക്കണ്ടാൾ പൗരസമക്ഷ, മന്നിലയിലീ ലോകം വെടിഞ്ഞാൾ സതീ.

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.2172 മങ്കത്തയ്യൊളിമെയ്മിനുപ്പെഴുമിളം . . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മങ്കത്തയ്യൊളിമെയ്മിനുപ്പെഴുമിളം പത്രപ്പടർപ്പാൽ, തനി-
ത്തങ്കത്തുലികകൊണ്ടു താരണിമണം കൂട്ടും നിറക്കൂട്ടിനാൽ,
കൺ കക്കും വിധമാതതഭ്രമറയിൽത്താനിന്ന മായാമയീ-
സങ്കല്പത്തെ വരയ്ക്കുമാദിമകലാകൗശലഹലത്തെത്തൊഴാം!

കവി : നാലാപ്പാട്ടു നാരായണമേനോൻ

3.2173 കാടത്തത്തൊടെതിർത്തു . . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

കാടത്തത്തൊടെതിർത്തു തോറ്റൊരുവനേ ഗീതാർത്ഥസാരം ഗ്രഹി–
ച്ചീടത്തക്കവനാകയുള്ള ദൃഢ, മിത്തത്വം സമസ്താർത്ഥദം
നേടട്ടേ 'നര'നെന്ന പാർത്ഥനൊടടർക്കായിക്കനിഞ്ഞെത്തിയാ
വേടൻ കൂടകിരാതമൂർത്തി തുണ നിൽക്കേണം നമുക്കെപ്പൊഴും!

കവി : നാലാപ്പാട്ടു നാരായണമേനോൻ

3.2174 നക്ഷത്രാണാം നികായം. . . (കർത്താ)

സ്രഗ്ധര

നക്ഷത്രാണാം നികായം ഗഗന മരതകത്തുമലർപ്പാലികായാ–
മൊക്കച്ചിക്കിപ്പരത്തിപ്പരിചൊടിത സമായാതി സന്ധ്യാ ദിനാന്തേ
മയ്യണ്ണാർമൗലിമാലയ്ക്കിഹ മരതകമാലയ്ക്ക മാലയ്ക്ക പൂവും
കൈക്കൊണ്ടെന്തോഴ! ചന്തം തടവിവരുമിളം തോഴിതാനെന്ന പോലെ.

കൃതി: *അർത്ഥാലങ്കാരസംക്ഷേപം*

3.2175 മച്ചിത്തപ്രോല്ലസൽപ്പൊൻനിറപറ. . . (വാസുദേവൻ)

സ്രഗ്ധര

മച്ചിത്തപ്രോല്ലസൽപ്പൊൻനിറപറ, ഭവതിയ്ക്കാട്ടുവാൻ മോടിക്കുട്ടി–
ത്തെച്ചിപ്പൂമാല മേൻമേലിളകിമറിയുമെൻകോലമാമമ്പലത്തിൽ
വെച്ചിട്ടുണ്ടാ,ദ്യമേതാൻ തിറവൊടു നിറവേറാവു നിൻ ദിവ്യനൃത്തം
സച്ചിൽസ്സാകാരലീലാവിലസിതം, അതു ഞാൻ കണ്ടു കൊണ്ടാടിടാവൂ.

3.2176 വക്ത്രാംഭോജന്മ കൈലാസവദ്. . . (ഉമേഷ്)

സ്രഗ്ധര

വക്ത്രാംഭോജന്മ കൈലാസവദലമളകാലങ്കൃതം, കൊങ്കയുഗ്മം
വൃത്താരാതേരുദാരം കുലിശമിവ പരിച്ഛിന്നസാരം ഗിരീണാം,
മദ്ധ്യം മത്തേഭവത് തേ പിടിയിലമരുവോന്റെതുയും ചിത്രമത്രേ,
മുഗ്ധേ, കേളുത്രമാതേ, വപുരുദധിമിവാഭാതി ലാവണ്യപൂർണ്ണം.

3.2177 മുകുളായമാനനയനാംബുജം. . . (മധുരാജ്)

മഞ്ജുഭാഷിണി

മുകുളായമാനനയനാംബുജം വിഭോർ–
മുരളീനിനാദമകരന്ദനിർഭരം
മുകുരായമാനമൃദുഗണ്ഡമണ്ഡലം
മുഖപങ്കജം മനസി മേ വിജൃംഭതാം

കവി : ലീലാമ്പകൻ, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.2178 മുല്ലപ്പൂവിൻ മണം പൂണ്ടിളകി. . . (കർത്താ)

സ്രഗ്ധര

മുല്ലപ്പൂവിൻ മണം പൂണ്ടിളകിവരുമിളം കാറ്റിലൂറ്റം മുഴുത്തോ–
രല്ലൽപ്പാമ്പിൻ പടം താഴ്ത്തിന ശമവിഭവേ! കോമളശ്യാമളാംഗീ!
ചൊല്ലപ്പെട്ടോരു വൃന്ദാവനസുരഭികളിന്ദാത്മജാ സൗഭഗത്തിൻ
ചെല്ലസ്സന്താനമല്ലീ ശുഭവതി, ഭവദാശ്ലേഷമേ മോക്ഷമാർഗ്ഗം.

കവി : പി. ശങ്കരൻ നമ്പ്യാർ, കൃതി : *രജനി*

3.2179 ചഞ്ചൽച്ചില്ലീലതയ്ക്കും. . . (ഉമേഷ്)

സ്രഗ്ധര

ചഞ്ചൽച്ചില്ലീലതയ്ക്കും, പെരിയ മണമെഴും പൂമുടിക്കും തൊഴുന്നേൻ;
അഞ്ചിക്കൊഞ്ചിക്കുഴഞ്ഞിട്ടുമുള പൊഴിയുമപ്പുഞ്ചിരിക്കും തൊഴുന്നേൻ;
അഞ്ചമ്പൻ ചേർന്ന യൗനാം മനസി ഘനമുലയ്ക്കും മുലയ്ക്കും തൊഴുന്നേൻ;
നെഞ്ചിൽ കിഞ്ചിൽക്കിടയ്ക്കും കൊടിയ കുടിലതയ്ക്കൊന്നു വേറേ തൊഴുന്നേൻ!

കവി : ചേലപ്പറമ്പു നമ്പൂതിരി

3.2180 ആശാവേശം നിമിത്തം. . . (കർത്താ)

സ്രഗ്ധര

ആശാവേശം നിമിത്തം ചിലതിവനരചെയ്യുന്നതത്രേ മരിച്ചാ–
ലേശാൻ പോകും യഥാർത്ഥസ്ഥിതികളറിയുവാനാർക്കുമയ്യോ ഞെരുക്കം
ദേശാചാരാനുസാരം സുകൃതഫലമെടുത്തീടുവാൻ തത്ത്വചിന്താ–
ലേശാലോലം മനസ്സിന്നനുമതി കുറയും; തത്ത്വമോ ഭിന്നഭിന്നം.

കവി : വി. സി.ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.2181 ദൂരത്തെങ്ങോ തുടിപ്പും. . . (ജ്യോതി)

സ്രഗ്ധര

ദൂരത്തെങ്ങോ തുടിപ്പും തെളിമയുമലിവും ചേർന്ന വീശുന്ന കാറ്റ–
ണ്ടാരോ തേങ്ങുന്ന വീർപ്പും, പഥികനടെ കിതപ്പും, പദത്തിൽ കഴപ്പും,
നീരാറ്റിൻ നേർത്ത നീലക്കുളിരു, മിളനിലാവിന്റെ മങ്ങും മിനുപ്പും–
ഈ രാവിൻ കുഞ്ഞുകൈത്താർ വിരിയുമളവു പൊങ്ങുന്ന ജന്മാന്തരശ്രീ.

കവി : എൻ.എൻ.കക്കാട്

3.2182 നീ ലാളിക്കേണമേനം. . . (കർത്താ)

സ്രഗ്ധര

നീ ലാളിക്കേണമേനം ഗിരിവരതനയേ ജാഹ്നവീശ്ലഥജാരം
കോളേറെക്കേളിയുള്ളാത്തിരുവുടൽ ഭവതിക്കല്ലയോ പാതിനൽകി?
ത്രൈലോക്യാധീശനല്ലോ തവ പതി കളവൂർത്തമ്പുരാ, നിത്യ നല്ലോ–
രാളുണ്ടാമോ? വധൂനാമയി സുമുഖി! സദാ പിന്തിരിഞ്ഞല്ല വേണ്ടൂ?

കവി : ചേലപ്പറമ്പു നമ്പൂതിരി

3.2183 തെറ്റാതേയടിവച്ചശീതിവരെ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തെറ്റാതേയടിവച്ചശീതിവരെ ഞാനെത്തിച്ചു മജ്ജീവിതം
കുറ്റം കാണ്മവരേറെയെന്നെ വിഷമിപ്പിച്ചെങ്കിലും മൽപ്രഭോ
ഏറ്റില്ലൊന്നുമശേഷമെന്നതു നിനയ്ക്കുമ്പോൾ മനസ്സോതിടും
മറ്റാരും തുണയില്ലെനിയ്ക്കു ഗുരുവായൂരപ്പ നീയെന്നിയേ

കവി: വി. ജെ. ജാതവേദൻ നമ്പൂതിരി, പാലക്കാട്ട്, കൃതി : *സമസ്യാപൂരണം*

3.2184 ഏവം ദുർല്ലഭ്യവസ്തുന്യപി. . . (ജ്യോതി)

സ്രഗ്ധര

ഏവം ദുർല്ലഭ്യവസ്തുന്യപി സുലഭതയാ ഹസ്തലബ്ധേ യദന്യത്
തന്വാ വാചാ ധിയാ വാ ഭജതി ഖലു! ജനഃ ക്ഷുദ്രതൈവ സ്ഫുടേയം
ഏതേതാവദ്വയം തു സ്ഥിരതരമനസാ വിശ്വപീഡാപഹത്യൈ
നിശ്ശേഷാത്മാനമേനം ഗുരുപവനപുരാധീശമേവാശ്രയാമഃ

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം(ദശകം 1)*

3.2185 ഏകസ്മിന്നാലവാലേയുഗപദ. . . (കർത്താ)[286]

സ്രഗ്ധര

ഏകസ്മിന്നാലവാലേയുഗപദഭവതാം മാലതീചൂതപോതാ–
വന്യോന്യം സംസ്പൃശന്തൗ തരുണകിസലയൗ വർദ്ധമാനൗ സമാനൗ
ആരുഢാമാലതീസാകമപി വനതരും ചണ്ഡവാതപ്രണുന്നാ
ഹാ! കഷ്ടം! തം ച ചൂതംസ്പൃശതി വനലതാ, ദുർഘടോ ദൈവയോഗഃ

കവി : മേൽപ്പത്തൂർ, കൃതി : *സുഭഗാസുധാകരം ചമ്പു*

[286] [കർത്താ] ശ്ലോകം **3.2185 :** പരിഭാഷ (കുഞ്ഞിക്കുട്ടൻ തമ്പുരാൻ) :

ഒന്നിച്ചുണ്ടായുരുമ്മീട്ടൊരു തടമതിൽ നൽജ്ജാതിചൂതങ്ങൾ തയ്യായ്
നന്ദിച്ചൊപ്പം തളിർത്തങ്ങുയരുമളവിലന്യൂനാം കാറ്റിനാലെ
ഭിന്നിച്ചാജ്ജാതിചേർന്നാളൊരു വനതരുവായ്, ക്കാട്ടുതണ്ടൊന്നു ചൂതം
തന്നിൽച്ചെന്നും പിണഞ്ഞാൾ, അതിവിഷമമഹോ ദൈവയോഗപ്രയോഗം.

3.2186 അമ്പിൻ തുമ്പിനു വമ്പു തീർത്ത. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

അമ്പിൻ തുമ്പിനു വമ്പു തീർത്ത കലമാൻകൊമ്പിന്റെ തുമ്പാ മിഴി–
ത്തുമ്പിൽ ചേർത്തുരസിക്കളിച്ചിടുമൊരാ മാൻപേട തൻ നിൽപിലും
നിഷ്കമ്പം നിജവല്ലഭൻ കഠിനവാക്കോതി ത്യജിക്കുന്നവാ–
റക്കണ്ണാത്മജ തന്നിലും കവിതയേ കണ്ടാർദ്രനാകുന്ന ഞാൻ

കവി : പി. പി. പട്ടശ്ശേരി, കൃതി : *കാവ്യപൂജ*

3.2187 നാമോരോന്നു നിനച്ചിരിയ്ക്കെ വെറുതേ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

നാമോരോന്നു നിനച്ചിരിയ്ക്കെ വെറുതേ നീങ്ങുന്ന നാളീവിധം
നാൾതോറും വിടരുന്ന മോഹകുസുമം വീണ്ടും നിലാവെന്നപോൽ
നാളേ നമ്മ വിതയ്ക്കുവാൻ സുനിയതം നിങ്ങൾക്കു സാധിയ്ക്കുവാ–
നാമോദം നവവത്സരപ്പുലരിയിൽ നേരുന്നിതാശംസകൾ!!

കവി : പി. സി. സി. രാജ, മാങ്കാവ്

3.2188 നിദാഘസന്ധ്യാർക്ക. . . (രാജേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

നിദാഘസന്ധ്യാർക്കമയൂഖമായ
നീർ മിക്കതും വറ്റിയതോട്ടകൂടി
ആകാശമാം വാപിയിലംബുവാഹ–
മങ്ങിങ്ങു പൊങ്ങീ ചളിയെന്നപോലെ.

കവി : വള്ളത്തോൾ, കൃതി : *കാറു കണ്ട കർഷകൻ (സാഹിത്യമഞ്ജരി)*

3.2189 അന്തർജ്ജനം പോലറയിൽ. . . (മധുരാജ്)

ഇന്ദ്രവജ്ര

അന്തർജ്ജനം പോലറയിൽക്കിടക്കും
വിത്തേ നിനക്കീയിരുൾവിട്ടു നാളെ
അമ്മയ്ക്കുടുക്കാനഴകുറ്റ പച്ച–
പ്പുമ്പട്ടു നെയ്യുന്ന പണിയ്ക്കിറങ്ങാം

കവി : വള്ളത്തോൾ

3.2190 അഥവാ ക്ഷമപോലെ. . . (ജീവി)

വിയോഗിനി

അഥവാ ക്ഷമപോലെ നന്മചെ–
യ്തരുളാൻ നോറ്റൊരു നല്ല ബന്ധുവും
വ്യഥപോലറിവോതിടുന്ന സദ്–
ഗുരുവും മർത്യനു വെറെയില്ലതാൻ.

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.2191 വരാം സഖാവേ. . . (ജ്യോതി)

ഉപേന്ദ്രവജ്ര

വരാം സഖാവേ ഭവദാഗമത്തെ
പാരും ഭൃശം വാനുമുദീക്ഷ ചെയ്‌വൂ
ഭവാദൃശന്മാരുടെ ജീവിതങ്ങൾ
പരോപകാരൈകപരങ്ങളല്ലീ

3.2192 ഭവാൻ ഭവക്ലേശ. . . (മധുരാജ്)

ഉപേന്ദ്രവജ്ര

ഭവാൻ ഭവക്ലേശവിനാശകാരീ;
ഭവാൻ ഭൂജങ്ഗാധിപതൽപശായീ;
ഭവാനശേഷാഗമഗമ്യരൂപൻ;
ഭവാൻ പ്രസാദിച്ചരുളേണമെന്നിൽ.

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.2193 ഭ്രവാമാദിമപത്നി. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ഭ്രവാമാദിമപത്നിയിങ്കലവിടേയ്ക്കുണ്ടായൊരിപ്പുത്രനോ—-
ടേവം നിർമ്മമ ഭാവമെന്തു? മലർമാതാമെൻ ദ്വിതീയാംബയാൽ
ആ വാത്സല്യമൊഴുക്കുവാൻ, സുരുചിയാലുത്താനപാദന്നു പോ—-
ലാവാഞ്ഞോ? ധ്രുവസങ്കടപ്രശമിതാവല്ലേ പിതാവേ, ഭവാൻ!

കവി : ടി. എം. വി.

3.2194 അന്യൂനാനതിരിക്തമായ്. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

അന്യൂനാനതിരിക്തമായ് വിലസണം ശബ്ദങ്ങളർത്ഥങ്ങളും;
പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനായർത്ഥം കളഞ്ഞീടൊലാ;
ദോഷം നീക്കി, വളച്ചുകെട്ടുകളൊഴിച്ചൗചിത്യമോർത്തോതണം
സത്കാവ്യോചിതമായ വസ്തു വിവിധം വ്യംഗ്യം വിളങ്ങും വിധം.

കവി : കെ. സി. കേശവപിള്ള

3.2195 ദൃഷ്ടിത്തെല്ലുങ്കൽ മാനോഭവ. . . (കർത്താ)

സ്രഗ്ധര

ദൃഷ്ടിത്തെല്ലുങ്കൽ മാനോഭവനിഗമരഹസ്യത്തെയും വച്ചുപൂട്ടി–
ക്കെട്ടിത്താക്കോലൊളിക്കും വിനയചതുരമന്ദാക്ഷദീക്ഷാം ഭജന്തീം
ഒട്ടൊട്ടേ സങ്കുണൽകുങ്കണമിനിയ ശചീദേവിതാൻ നിന്നു വീയി–
പ്പുഷ്പശ്രീ ചേർന്ന വെൺചാമരമരുദവധൂതാളകാലോകനീയാം.

കവി : പുനം നമ്പൂതിരി, കൃതി : *പാർവതീസ്വയംവരം ചമ്പു*

3.2196 ഒരുവന്നു നികൃഷ്ടമൊന്നു. . . (ജീവി)

വിയോഗിനി

ഒരുവന്നു നികൃഷ്ടമൊന്നു താൻ
പരമോൽകൃഷ്ടമതന്യനെത്രയും;
ഒരു കണ്ണിനു നല്ലതൊക്കെ മ–
റ്റൊരു കണ്ണിന്നു മഹാ വിലക്ഷണം.

കവി : സി. എസ്. സുബ്രമണ്യൻ പോറ്റി, കൃതി : *ഒരു വിലാപം*

3.2197 ഓരോന്നു പാരിലിതുപോൽ. . . (കർത്താ)

വസന്തതിലകം

ഓരോന്നു പാരിലിതുപോലൊരുപാടു കണ്ടു
പോരുന്നു നാമതുകളോടുകിലറ്റമുണ്ടോ?
ഓരുന്ന നേരമൊരുവൻ കരുതുന്ന മട്ടായ്–
തീരുന്നതല്ല തരമോടിവിടത്തിലൊന്നും.

കവി : കണ്ടൂർ നാരായണമേനോൻ, കൃതി : *പാക്കനാർ*

3.2198 ഓങ്കാരാബ്ജമരന്ദമേ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഓങ്കാരാബ്ജമരന്ദമേ, മുനിമനോഭൃംഗവ്രജങ്ങൾക്കു നൽ–
പൂങ്കാവേ, പുരുഷാശനപ്പരിഷയാം വേനൽക്കു കാളാഭ്രമേ,
തേൻ കാൽ ക്ഷുപ്പിന വാണിമാർക്കൊരു മുടിക്കല്ലായ പൂമകയാൾ
താൻ കാമിച്ചു വളർത്ത പുണ്യതരുവിൻ കായേ, വണങ്ങുന്നു ഞാൻ!

കവി : വള്ളത്തോൾ, കൃതി : *നാരായണാഷ്ടകം*

3.2199 തന്നാൽ കരേറേണ്ടവരെത്ര. . . (സിദ്ധാർത്ഥൻ)

ഇന്ദ്രവജ്ര

തന്നാൽ കരേറേണ്ടവരെത്ര പേരോ
താഴ്ത്തു പാഴ്ച്ചേറിലമർന്നിരിക്കേ
താനൊറ്റയിൽ ബ്രഹ്മപദം കൊതിക്കും
തപോനിധിക്കെന്തൊരു ചാരിതാർത്ഥ്യം?

കവി : ഉള്ളൂർ, കൃതി : *സുഖം സുഖം*

3.2200 തൊട്ടീടും മൃദുമെയ്യിൽ നീ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

തൊട്ടീടും മൃദുമെയ്യിൽ നീ, യിവളുടൽ ഞെട്ടിക്കടാക്ഷിച്ചിടും,
മുട്ടിക്കാതിനടുത്തു ചെന്നു മുരളും തൻ കാര്യമോതും വിധം,
വീശിക്കെ കടയുമ്പൊഴെത്തി നകരും സത്തായ ബിംബാധരം;
മോശം പറ്റി നമുക്കു തത്ത്വമറിവാൻ പോയിട്ടു, നീ താൻ കൃതി!

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *ശാകുന്തളം പരിഭാഷ (മലയാളശാകുന്തളം)*

3.2201 വക്ത്രേണേന്ദോരധരമഹസാ. . . (കർത്താ)

മന്ദാക്രാന്ത

വക്ത്രേണേന്ദോരധരമഹസാ കൗസുഭസ്യാമൃതസ്യ
സ്നിഗ്ധൈർഹാസൈരപി ച വിഭവം മുഷ്ണതീമംബുരാശിഃ
ദൃഷ്ട്വാ കന്യാം കില നിജകുലദ്വേഷിണീം ചൗര്യശീലാം
തുഭ്യം കംസാന്തക, ദധിപയശ്ചോര, ദത്വാ കൃതാർത്ഥഃ

കവി : വാസുദേവൻ നമ്പൂതിരി, കൃതി : *ഭ്രമരസന്ദേശം*

3.2202 ദാമ്പത്യവല്ലി പുതുപൂക്കളണിഞ്ഞു. . . (ജീവി)

വസന്തതിലകം

ദാമ്പത്യവല്ലി പുതുപൂക്കളണിഞ്ഞു; രാഗ–
സമ്പത്തിനാൽ നിലയനം നവനാകമായീ.
തേൻ പൂർണ്ണമായ് മുകുളമേകമിതാ വിരിഞ്ഞു
സമ്പൂർണ്ണശോഭയൊടു മന്നിൽ വിളങ്ങിടുന്നൂ!

കവി : ചങ്ങമ്പുഴ

3.2203 തേഷാം മധ്യേ ത്രിപുരജയിനോ. . . (കർത്താ)

മന്ദാക്രാന്ത

തേഷാം മധ്യേ ത്രിപുരജയിനോ നിത്യസാന്നിധ്യയോഗാൽ
പ്രാപ്യാ പുണ്യാ തവ വൃഷപുരീ പ്രാണനാഥാസ്പദം മേ
യാമുത്സംഗേ കുസുമരജസാ ധൂസരാംഗീം പ്രമോദാൽ
കേളീലോലാമിവ ദുഹിതരം കേരളോർവീ ദധാതി.

കവി : നാരായണൻ നമ്പൂതിരി, കൃതി : *സുഭഗസന്ദേശം*

3.2204 യദാ ദാരുണാ ഭാഷണാ. . . (ജ്യോതി)

ട്ടജംഗപ്രയാതം

യദാ ദാരുണാ ഭാഷണാ ഭീഷണാ മേ
ഭവിഷ്യന്ത്യുപാന്തേ കൃതാന്തസ്യ ദൂതാഃ
തദാ മന്മനസ്ത്വത്പദാംഭോരുഹസ്ഥം
കഥം നിശ്ചലം സ്യാന്നമസ്തേ ശിവായ ശംഭോ!

കവി : ശങ്കരാചാര്യർ, കൃതി : *ശിവഭുജംഗം*

3.2205 തരത്തിലോമൽജ്ജയലക്ഷ്മി. . . (മധുരാജ്)

ഉപേന്ദ്രവജ്ര

തരത്തിലോമൽജ്ജയലക്ഷ്മിയാകും
ധരപ്രമാണസ്തനിയാളൊടൊപ്പം
നരർഷഭൻ തേടിന യാത്ര മന്ദ–
തരത്വമാളുന്നതിലെന്തു ചിത്രം?

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2206 നർമ്മാലാപം ചുരുങ്ങീ. . . (കർത്താ)

സ്രഗ്ധര

നർമ്മാലാപം ചുരുങ്ങീ ജനസദസി മണം ചേർന്ന മന്ദാക്ഷവേഗാൽ
കമ്രം കാർകൂന്തലേന്തും പരിമളലളിതം ചെന്ന കാലോടിടഞ്ഞു
തമ്മിൽത്തിക്കിത്തുടങ്ങീ കളർമുലയുഗളം നന്നനന്നെന്ന വേണ്ടാ
നിർമ്മായം യൗവനശ്രീ സ്വയമലകരോദംഗനാമൗലിമാലാം.

കവി : മഴമംഗലം നമ്പൂതിരി, കൃതി : *നൈഷധം ചമ്പു*

3.2207 തുമ്പീ തുള്ളുക, തുള്ളിയാർക്കുക. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

തുമ്പീ തുള്ളുക, തുള്ളിയാർക്കുക, രസം മുറ്റുന്ന കാറ്റേ, മലർ–
ത്തുമ്പേ, കമ്പിതകമ്രകദ്മളരസാനന്ദമ്മേ, പതിഞ്ഞാടുക;
എൻ പച്ചക്കിളി, യൊന്നു വായ്ക്കരയിടൂ; നിൽക്കുന്നു മുറ്റത്തതാ
മുൻപിൽ സ്വാർജ്ജിതനിർജ്ജരാർജ്ജുനയശോവൃദ്ധൻ, ബലിത്തമ്പുരാൻ!

കവി : കെ. എൻ. ഡി.

3.2208 എത്താനക്കരെയുണ്ടുപോൽ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

എത്താനക്കരെയുണ്ടുപോൽ മഹിതമായീടുന്ന നൽത്താവളം;
ഹൃദ്യാമോദിതമായ പൂവനമതിൽ ചാഞ്ചാടിയാടുന്നു പോൽ;
ഹൃത്താനന്ദിതമായിടുന്നിതവയെപ്പറ്റിപ്പെടും സ്വപ്നമാർ–
ന്നൊക്കാനാകുകിലായി, നാം സുഖമൊരുക്കുന്നു കിനാവിൽ സഖേ!

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.2209 ഹരിമുരളിനിനാദം കോമളം. . . (കർത്താ)

മാലിനി

ഹരിമുരളിനിനാദം കോമളം കേട്ടജസ്രം
മലയുമഖിലപാഷാണംബുജംബാളിതാന്തം
ഉചിതമമൃതമക്ഷണാം ഗോകുലാനന്ദഹംഭോ–
രവമുഖരിതഹർമ്മ്യം ചെമ്മരം ഭാതി യസ്മിൻ.

കൃതി : *ചന്ദ്രോത്സവം*

3.2210 ഉണർന്നിടുക, രാത്രി തൻ. . . (ഉമേഷ്)

പൃഥ്വി

ഉണർന്നിടുക, രാത്രി തൻ വയലിൽ നിന്ന താരാഗണം
തുരത്തി, യവയെത്തുടർന്നിരവുമാട്ടിയോടിച്ചിതാ
പ്രഭാപടലിയായ തൻ വിശിഖമെയ്യു താഡിപ്പതു–
ണ്ടിളാധിപഗൃഹാളി തൻ ശിഖരപംക്തി മേൽ ഭാസ്കരൻ!

കവി : സർദാർ കെ. എം. പണിക്കർ / ഉമർ ഖയ്യാം, കൃതി : *രസികരസായനം* (റുബായിയാത്തിന്റെ പരിഭാഷ)

3.2211 പൊയ്പ്പോയീ പേറ്റുനോവിൻ കഥ. . . (രാജേഷ്)

സ്രഗ്ധര

പൊയ്പ്പോയീ പേറ്റുനോവിൻ കഥ, രുചി കുറവിന്നുണ്ടു നല്ലൗഷധങ്ങൾ
കയ്യൽപ്പം വൃത്തികേടായിടുവതുമൊഴിവായ്, വന്നവല്ലോ ഡയപ്പർ!
ശോഷിയ്ക്കുന്നില്ല ദേഹം, "പുനരൊരു വിഷമം, ഡോക്ടറേ, ഗർഭഭാരം
കൂടിത്തെല്ലൊന്നിളയ്ക്കാൻ തരിക ഗ്ലളിക"യെന്നോതുമമ്മേ തൊഴുന്നേൻ!

കവി : രാജേഷ് ആർ. വർമ്മ

3.2212 ശർമ്മത്തെസ്സൽക്കരിക്കും. . . (ഉമേഷ്)

സ്രഗ്ധര

ശർമ്മത്തെസ്സൽക്കരിക്കും ഗതിയെയനുകരിക്കും കരിക്കും, കരിക്കും
ദുർമ്മത്തിൻ ധൂർത്തുടയ്ക്കും കചഭരമുടയ്ക്കും തുടയ്ക്കും തുടയ്ക്കും,
നിർമ്മായം സങ്കടത്തെക്കളയുക വികടത്തെക്കടത്തെക്കടത്തി—-
ന്നമ്മേ കായങ്കലാശേ കലിതതി സകലാശേ കലാശേ കലാശേ!

3.2213 നീലാഭം കുഞ്ചിതാഗ്രം. . . (ജ്യോതി)

സ്രഗ്ധര

നീലാഭം കുഞ്ചിതാഗ്രം ഘനമമലതരം സംയതം ചാരു ഭംഗ്യാ
രത്നോത്തംസാഭിരാമം വലയിതമുദയച്ചന്ദ്രകൈഃ പിഞ്ഛജാലൈഃ
മന്ദാരസ്രങ്നിവീതം തവ പൃഥുകബരീഭാരമാലോകയേ ∫ ഹം
സ്നിഗ്ധശ്വേതോർദ്ധ്വപുണ്ഡ്രാമപി ച സുലളിതാം ഫാലബാലേന്ദുവീഥീം

കവി : മേൽപത്തൂർ, കൃതി : *നാരായണീയം–ദശകം 100*

3.2214 മച്ചിത്തത്തിലടിച്ചിടും. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

മച്ചിത്തത്തിലടിച്ചിടും നിനവലച്ചാർത്തിങ്കലോരോന്നിലും
ത്വച്ഛ്രീമദ്ധരിനീലകോമളമുഖം ബിംബിച്ചുകണ്ടാവൂ ഞാൻ,
കയ്ച്ചാലും മധുരിക്കിലും മധുരിപോ, നിർബ്ബാധമായ് നിൻപദേ
വെച്ചാവൂ വിധിപോലെ, കൊച്ചുതുളസിപ്പൂപോലെ, മജ്ജീവിതം.

കവി : വി. കെ. ജി

3.2215 കേട്ടാവൂ കാനനച്ചോലകൾ. . . (ജ്യോതി)

സ്രഗ്ധര

കേട്ടാവൂ കാനനച്ചോലകളിടതടവില്ലാതെ വീഴുന്ന പാറ–
ക്കെട്ടിൻതാഴത്തു ദൂർവാദളഹരിതമണീമണ്ഡപത്തിങ്കലേറി
ഹൃഷ്ടാകൃഷ്ടവ്രജപ്പെണ്മണികളുടെ മനം പ്രേമസമ്പൂർണ്ണമാക്കുമി
മട്ടംഭോജാക്ഷനുതം പ്രണവഘനമധുസ്നിഗ്ധവേണുപ്രണാദം!

കവി : വി.കെ.ജി, കൃതി : *അവിൽപ്പൊതി*

3.2216 ഹസ്തം നീട്ടുക നിത്യബാഷ്പസരസീ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ഹസ്തം നീട്ടുക നിത്യബാഷ്പസരസീസഞ്ജാതബന്ധോ, തമോ–
ഗ്രസ്തം ഭ്രവിതിലന്യമാമഖിലസാഹായ്യങ്ങളും നിഷ്ഫലം!
അസ്തം പൂകിയുഷസ്സിൽ വന്നണയുവാൻ നീ വൈകിയാൽ മർത്യവി–
ന്യസ്തം ദീപമഹസ്കരത്വമവകാശപ്പെട്ടുവെന്നും വരാം.

കവി : യൂസഫലി കേച്ചേരി, കൃതി : *സോമയാഗം*

3.2217 അങ്ങെന്നുള്ളിലിരുന്നെനിക്കു. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

അങ്ങെന്നുള്ളിലിരുന്നെനിക്കു വഴി കാണിക്കുന്നതോരാതെ ഞാൻ
മുങ്ങിപ്പോയ് മുഴുമായയാൽ മതിമയക്കീടുന്ന ഭാവങ്ങളിൽ
മങ്ങിച്ചുങ്ങി മനസ്സു മത്സരമദക്രോധങ്ങളും കാമനും
തിങ്ങിക്ലേടുകയാലെനിക്കെനിയുമീയെന്നെത്തിരഞ്ഞീലഹോ!

കവി : വി. കെ. ജി.

3.2218 മധുരിപുചരിതം. . . (മധുരാജ്)

മധുരിപുചരിതം മനോഭിരാമം
മധുരപദാകലിതം മണിപ്രവാളം
മതികമലവികാസഹേതുഭൂതം
കതിപയസർഗ്ഗമിദം കരോമി കാവ്യം

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളാം*

3.2219 മന്ദം നൽക്കാറൊഴിഞ്ഞൂ. . . (കർത്താ)

സ്രുദ്ധര

മന്ദം നൽക്കാറൊഴിഞ്ഞൂ, മണമെഴുമണിതാരങ്ങൾതാഴെക്കൊഴിഞ്ഞൂ,
ചന്ദ്രൻ മുത്തങ്ങണിഞ്ഞൂ, ചെറുതിരരസമോടാടിയാടിക്കുഴഞ്ഞൂ,
ചിന്നിച്ചിന്നിച്ചമഞ്ഞൂ ചിതമൊടളിക, ളിന്ദീവരം തെല്ലുടഞ്ഞൂ,
നന്ദ്യാവാതം കുറഞ്ഞൂ, നളിനമഥനിലാവങ്ങുകോരിച്ചൊരിഞ്ഞൂ.

കവി : ശീവൊള്ളി, കൃതി : *മദനകേതനചരിതം*

3.2220 ചെറുപുല്ലുകൾ പോലുമേതുമേ. . . (ജീവി)

വിയോഗിനി

ചെറുപുല്ലുകൾ പോലുമേതുമേ
വെറുതേയല്ല ജനിപ്പതുഴിയിൽ;
സകലത്തിനുമുള്ള ജോലിതൻ
നികരം ചേർന്നതു താൻ പ്രപഞ്ചവും.

കവി : സി. എസ്. സുബ്രമണ്യൻ പോറ്റി, കൃതി : *ഒരു വിലാപം*

3.2221 സ്വച്ഛന്ദം ഭാഷകൊണ്ടും. . . (കർത്താ)

സ്രുദ്ധര

സ്വച്ഛന്ദം ഭാഷകൊണ്ടും, സുരുചിരതരമാം സംസ്കൃതം കൊണ്ടുമൊപ്പം
മെച്ചം നേടും പ്രകാരം ബഹുവിധകവിതാസൂക്തി വർഷിക്കുമീലം
ഇച്ചൊന്നോരക്കവിപ്രൗഢരിൽ മികവുടയോൻ കോടിലിംഗാധിനാഥൻ
കൊച്ചുണ്ണിക്ഷോണിപാലൻ കൊടിയകവിവരൻ ദിവ്യനാം സവ്യസാചി.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃതി : *കവിഭാരതം*

3.2222 ഇരുളിൻപുതപ്പിനടിയിൽ. . . (ജ്യോതി)

മഞ്ജുഭാഷിണി

ഇരുളിൻപുതപ്പിനടിയിൽച്ചുരുണ്ടതീ–
ക്കുളിരുള്ള രാത്രികളിൽ രക്ഷനേടുവാൻ
പുളയുന്നൊരുള്ളമിരുളിൽ മയങ്ങവേ
പൊരുളിൻ വെളിച്ചമതു കണ്ടതില്ല പോൽ

കവി : ജ്യോതിർമയി

3.2223 പുരുഷൻ, സുഖലോലുപൻ. . . (ജീവി)

വിയോഗിനി

പുരുഷൻ, സുഖലോലുപൻ, വൃഥാ
പറയുന്നു പഴിയേറെ നാരിയെ
ശതവത്സരമെത്ര പോയി, തൽ–
ക്ഷമയിന്നും കുറയാത്തതദ്ഭുതം!

കവി : ചങ്ങമ്പുഴ, കൃതി : *അപരാധികൾ*

3.2224 ശേഷിച്ചുള്ളാസ്സുതനെ. . . (കർത്താ)

മന്ദാക്രാന്ത

ശേഷിച്ചുള്ളാസ്സുതനെ നെടുമങ്ങാട്ടുകൊട്ടാരമെത്തി–
പ്പോഷിപ്പിക്കാനിവൾ തുടരവേ, നമ്മൾതൻ നന്മതത്തെ
ദ്വേഷിച്ചീടും മുകിലനൊരുവൻ ദിഗ്ജയത്തിന്നു കൊട്ടി–
ഗ്ഘോഷിച്ചേറെബ്ബലമിരുതരം പൂണ്ടൊരുമ്പെട്ടണഞ്ഞാൻ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2225 ദീപസ്തംഭമസംഖ്യമുണ്ടിവിടെ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ദീപസ്തംഭമസംഖ്യമുണ്ടിവിടെയി, ന്നെന്നാൽക്കൊളുത്തീടണം
ലോപം വിട്ടു മുഖസ്ഥിതിത്തിരി, തരാമപ്പോൾ പ്രഭാമുദ്രകൾ;
പാപസ്പർശമെഴാതെ ഹന്ത! പരിശോഭിക്കുന്ന കുഞ്ഞന്റെ പൊൻ–
ദീപസ്തംഭ, മിതുൾപ്രകാശമരുളും കൽപാന്ധകാരത്തിലും.

കവി : വി. എ. കേശവൻ നമ്പൂതിരി

3.2226 പൊള്ളിത്തുങ്ങിയ മാങ്ങകൾക്കു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

പൊള്ളിത്തുങ്ങിയ മാങ്ങകൾക്കു കവിൾ മിന്നുന്നു, പിലാവിൽ കരും
മുള്ളിൽ കോൾമയിർ പൂണ്ടു വീർത്തവയറിൽച്ചായുന്ന തൈച്ചക്കകൾ
തുള്ളിക്കൊണ്ടു ചിരിച്ചു വെള്ളിലെ, കടിയ്ക്കുമ്പോൾ തെറിച്ചോരു പാൽ–
ത്തുള്ളിയ്ക്കൊത്തു കരുത്തുകാണു, കുളിരും മുല്ലയ്ക്കിളം കുഡ്മളം

കവി : വൈലോപ്പിള്ളി, കൃതി : *വേനൽക്കൊരു മഴ*

3.2227 തുറക്കുകില്ലെനിക്കുവേണ്ടി. . . (കർത്താ)

പഞ്ചചാമരം

തുറക്കുകില്ലെനിക്കുവേണ്ടി മേലിലിക്കവാട, മീ–
യറയ്ക്കകത്തു ദീപമെന്നെയോർത്തിനിത്തെളിച്ചിടാ
വിരിക്കുകില്ലെനിക്കു മെത്ത, സോദരങ്ങളൊത്തു ഞാ–
നിരിക്കുകില്ലിതിന്നകത്തു ഭക്ഷണത്തിനായിനി

കവി : **മേരി ബനീഞ്ജ**, കൃതി : *ലോകമേ യാത്ര*

3.2228 വരാ വരാഹരൂപിണീ. . . (മധുരാജ്)

പഞ്ചചാമരം

വരാ വരാഹരൂപിണീ ചരാചരാന്തരസ്ഥിതാ
സുരാസുരാദിസേവിതാ ധരാധരാധിദേവതാ
സദാസദാവലിസ്ഥിതാ മുദാമുദാരശേവധിർ–
ഹിതാ ഹി താർക്ഷ്യകേതനാ നതാ ന താപതാം നയേത്

3.2229 സംഗീതത്തിലവൾക്കു വാസന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സംഗീതത്തിലവൾക്കു വാസന വിശേഷിച്ചുണ്ടു, പിന്നെക്കുറ–
ച്ചിംഗ്ലീഷും ചില ത്രശിവേലകളുമു, ണ്ടെന്നല്ല സാഹിത്യവും
ശൃംഗാരപ്പുതുമോടിയിൽ പല പകിട്ടുണ്ടെങ്കിലും പാംസുലാ–
സംഗം പോലുമസഹ്യമാ, ണതിൽ വെറുപ്പേറും ചെറുപ്പം മുതൽ.

കവി : **ശീവൊള്ളി**, കൃതി : *ഒരു കഥ*

3.2230 ശസ്ത്രത്തെശ്ശരനാമെൻ. . . (ഉമേഷ്)

സ്രഗ്ധര

ശസ്ത്രത്തെശ്ശരനാമെൻ ജനകനിനിയെടുക്കില്ല നന്നെന്നുറച്ചി—-
ട്ടസ്ത്രസ്ഥൻ നീയശങ്കം കരമിഹ ഗ്രഹ തൻ മൗലിയിൽ ചേർത്ത നേരം
വിശ്വത്തിൽ പാർത്ഥപാഞ്ചാലകനിഖിലചമൂമർദ്ദിയായ് ചാപഭൃത്താ—-
മശ്വത്ഥാമാവു വാഴുന്നൊരു കഥ വഴിപോലുള്ളിലോർത്തില്ലയോ നീ?

കവി : **പന്തളം കേരളവർമ്മ**, കൃതി : *വേണീസംഹാരം പരിഭാഷ*

3.2231 വേഷം ഭാഷ സമസ്തവും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വേഷം ഭാഷ സമസ്തവും ശിഥിലമായ് ബന്ധങ്ങൾ വേരറ്റതായ്
ദേശം കാലമിവയ്ക്ക ചാർത്തിനമഹൗജസ്സെങ്ങുമില്ലാതെയായ്
ചായം പൂശിയ പൊയ്മുഖങ്ങളിരുളിൽ കൂട്ടാളിമാരൊത്തുഹാ!
കോശംകാപ്പവർമാത്രമായ്, വികൃതമായ്, കാന്താരമായ് കേരളം!

കവി : **പി. കെ. മൂസത്, പെരുവനം**, കൃതി : *നഷ്ടക്കച്ചവടം*

3.2232 ചൊല്ലാവല്ലാത്തതായി. . . (കർത്താ)

സ്രഗ്ധര

ചൊല്ലാവല്ലാത്തതായി, ച്ചെറുതുമിഹപരിച്ഛേദ്യമല്ലാത്തഥയി–
ത്തെല്ലിജ്ജന്മത്തിലിന്നാൾ വരെയുമനുഭവിക്കാത്തതായ് സദ്വിവേകം
എല്ലാം പോയ്, വാച്ച മോഹാൽ ഗഹനതരവുമായുള്ളൊരെന്തോ വികാരം
വല്ലാതെന്മാനസത്തിൽജ്ജഡതയുമതിസന്തോഷവും ചേർത്തിടുന്നു.

കവി : കൊട്ടാരത്തിൽ ശങ്കുണ്ണി, കൃതി : *മാലതീമാധവം തർജ്ജിമ*

3.2233 ഏറേയുണ്ടു പുലർത്തുവാൻ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഏറേയുണ്ടു പുലർത്തുവാൻ ചെലവഹോ! ലക്ഷ്യത്തിലെത്തിക്കിലും
കേറാമൊട്ടിട വർക്കശോപ്പകളകം റിപ്പേറിനോ പേറിനോ,
നേരാം പാത വെടിഞ്ഞു പോം ഗതി നിയന്ത്രിക്കാതിരുന്നാൽ, നൃണാം
കാറും കാന്തയുമൊത്തിടും വിഷയമാം സൗഖ്യത്തിനോ മാലിനോ?

കവി : ടി. എം. വി.

3.2234 നാടെൻനും, നല്ല രത്നപ്രകര. . . (കർത്താ)

സ്രഗ്ധര

നാടെന്നും, നല്ല രത്നപ്രകരലസിതമായ് സർവ്വയാദോഗണത്തിൻ–
വീടെന്നും രണ്ടു മാത്രം പിരിവുകളുലകിന്നുള്ളതായോർത്തിടേണ്ട,
ചൂടെന്നും കീഴണയ്ക്കാത്തൊരു വിപുലതരുവ്രാതകുഞ്ഞുങ്ങൾ തിങ്ങും
കാടെന്നും കൂടി മൂന്നായ് പ്രകൃതിയുടെ വിലാസങ്ങളെണ്ണേണ്ടതത്രേ.

കവി : ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ

3.2235 ചേരുംപോൽച്ചേർന്ന വേഷം. . . (ഋഷി)

സ്രഗ്ധര

ചേരുംപോൽച്ചേർന്ന വേഷം; ചെറുമുരളിക കൈക്കൊണ്ടു നിൽക്കും വിശേഷം;
ചേലൂറും മന്ദഹാസം; ഝില്വചിലെയിളകും തൃത്തളയ്ക്കുള്ള ലാസ്യം;
ചേണാർന്നോരാദിശേഷം ശിരസികടപിടിയ്ക്കുന്ന മായാപ്രകാശം;
ചേരേണം കാലശേഷം തിരുവടിയിലഹം മാറ്റണേ മാ,ലശേഷം!

കവി : എസ്. രമേശൻ നായർ, കൃതി : *കന്നിമണികൾ*

3.2236 ചട്ടക്കാരൻ ഭസ്മമുണ്ടോ. . . (മധുരാജ്)

ശാലിനി

ചട്ടക്കാരൻ ഭസ്മമുണ്ടോ ധരിപ്പൂ?
മൊട്ടശ്ശീർഷം മാലചൂടുന്നതുണ്ടോ?
പൊട്ടന്നുണ്ടോ പാട്ടു കേട്ടാൽ വികാരം?
പൊട്ടച്ചട്ടിക്കാരു പൊൻപൂച്ചിടുന്നു?

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2237 പ്രത്യാദിഷ്ടാം കാമം. . . (ഉമേഷ്)

ശാലിനി

പ്രത്യാദിഷ്ടാം കാമമക്കണ്വപുത്രീം
മത്യാമോർക്കുന്നീല ഞാൻ വേട്ടതായി
അത്യന്താർത്തിഗ്രസ്തമാം കിം തു ചിത്തം
സത്യം താനേ പ്രത്യയിപ്പിച്ചിടുന്നോ?

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *ശാകുന്തളം പരിഭാഷ*

3.2238 അനന്തസമ്പദാശ്രയസ്യ. . . (ജ്യോതി)

പഞ്ചചാമരം

അനന്തസമ്പദാശ്രയസ്യ ശ്രീനിവാസ ശ്രീപതേ
സമർഥയാചനം കൃതം പുനശ്ച ചാരു ചോരണം
നിരഞ്ജനോ നിരാമയോ വദന്തി യോഗിനസ്സദാ
പ്രഭാഞ്ജനസ്യ തേ കഥം ന മായയാ മുഹുർമ്മുഹുഃ?

കവി : ജ്യോതിർമയി

3.2239 നതേതരാതിഭീകരം. . . (ഉമേഷ്)

പഞ്ചചാമരം

നതേതരാതിഭീകരം നവോദിതാർക്കഭാസുരം
നമത്സുരാരിനിർജ്ജരം നതാധികാപദുദ്ധരം
സുരേശ്വരം നിധീശ്വരം ഗജേശ്വരം ഗണേശ്വരം
മഹേശ്വരം തമാശ്രയേ പരാത്പരം നിരന്തരം

കൃതി : *ഗണേശപഞ്ചരത്നസ്തോത്രം*

3.2240 സദാപ്രസാദശോഭിതേ ഹി. . . (ജ്യോതി)

പഞ്ചചാമരം

സദാപ്രസാദശോഭിതേ ഹി ദേഹി മേ വരം കരം
നതേ∫വ ദേവി പാവനം നിധായ ധൈര്യവർഷണം
പദം പ്രതി പ്രദീയതാം പ്രവർദ്ധമാനമദ്യത–
സ്തദാ മുദാ നിരന്തരം ഹസന്മുഖോ ഭവാമ്യഹം!

കവി : ജ്യോതിർമയി

3.2241 പെണ്ണാക്കീ പാർത്ഥനെത്തന്നെയും. . . (കർത്താ)

സ്രുദ്ധര

പെണ്ണാക്കീ പാർത്ഥനെത്തന്നെയുമഥ നിജ ധൈര്യത്തിനാൽ, സ്ത്രീഹൃദന്തം
പുണ്ണാക്കീ പുണ്ഡരീകായുധശരനിരയാൽ, ധർമമാർഗ്ഗം ചരിപ്പാൻ
കണ്ണാക്കീ സർവ്വശാസ്ത്രങ്ങളുമരചവരൻ, തസ്കരന്മാർ തലയ്ക്കും
മണ്ണാക്കീ, മത്സരിച്ചീടിന നൃപതികൾ തൻ വായിലും മായമെന്യേ.

കവി : വെണ്മണി മഹൻ

3.2242 കസ്ത്വം ബാല? ബലാനുജഃ. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

കസ്ത്വം ബാല? ബലാനുജഃ, കിമിഹ തേ? മന്മന്ദിരാശങ്കയാ,
യുക്തം ത,ന്നവനീതഭാണ്ഡവിവരേ ഹസ്തം കിമർഥം ന്യസേഃ?
മാതഃ!കഞ്ചനവത്സകം മൃഗയിതും മാ ഗാ വിഷാദം ക്ഷണാ–
ദിത്യേവം വ്രജവല്ലവീ പ്രതിവചഃ കൃഷ്ണസ്യ പുഷ്ണാതു നഃ

കവി : വില്വമംഗലം

3.2243 മൂലാധാരത്തിൽ മേവും. . . (കർത്താ)

സ്രഗ്ധര

മൂലാധാരത്തിൽ മേവും ഭഗവതി സമയേ കിം നവാത്മാവതല്ലേ
നീ ലാസ്യം ചെയ്തിടുമ്പോൾ നവരസനടമാടുന്ന ദേവൻ നടേശൻ
കാലേ കാരുണ്യമോടൊത്തവിടെയരുളിടും നിങ്ങൾ സൃഷ്ടിക്കയാലി–
ന്നീ ലോകങ്ങൾക്കുശേഷം ജനകജനനിമാരുണ്ടഹോ രണ്ടുപേരും.

കവി : കുമാരനാശാൻ, കൃതി : *സൗന്ദര്യലഹരി തർജ്ജിമ*

3.2244 കഴിഞ്ഞേ പോകുന്നു. . . (മധുരാജ്)

ശിഖരിണി

കഴിഞ്ഞേ പോകുന്നു പകലുമിരവും ജർജ്ജരിതമായ്
കൊഴിഞ്ഞേ വീഴുന്നു നിറമുടയൊരെൻ പീലികൾ വൃഥാ
ഒഴിഞ്ഞേ കാണുന്നു ദിനമനു, നഭസ്സീ, മയിലിനൊ–
ന്നഴിഞ്ഞാടാനെന്താണൊരു വഴി? വരൂ നീലമുകിലേ!

കവി : കെ. എൻ. ഡി.

3.2245 ഓടിക്കളിച്ചൊട്ടു വിശന്നു. . . (സിദ്ധാർത്ഥൻ)

ഇന്ദ്രവജ്ര

ഓടിക്കളിച്ചൊട്ടു വിശന്നു ചെന്നു–
"അമ്മേ, പഴം, പാ, ലവി"ലെന്നു കെഞ്ചി
ചേരാണ്ട ചെന്താരെതിർ പിഞ്ചു കൈയാൽ
ചേലാഞ്ചലത്തിൽ കസവിട്ടിടുമ്പോൾ

3.2246 ചിത്രത്തിലാദ്യമെഴുതീട്ടുയിർ. . . (കർത്താ)

വസന്തതിലകം

ചിത്രത്തിലാദ്യമെഴുതീട്ടുയിർ ചേർത്തതാമോ?
ചിത്തത്തിൽ വെച്ചഴകുചേർത്തു രചിച്ചതാമോ?
ബ്രഹ്മപ്രഭാവവുമവൾക്കെഴുമാവപുസ്സു–
മോർമ്മിക്കിലീയൊരബലാമണി സൃഷ്ടി വേറെ.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *ശാകുന്തളം പരിഭാഷ*

3.2247 ബാല്യം തൊട്ടഭ്യസൂയാവഹ. . . (ജ്യോതി)

സ്രഗ്ധര

ബാല്യം തൊട്ടഭ്യസൂയാവഹകഠിനതപശ്ചര്യയാലാർന്ന ജീയാ–
സ്വർല്ലോകത്തും ലഭിയ്ക്കാത്തൊരു കവനയശഃ കാമധേനുപ്രസാദം
വില്ലാളിപ്രൗഢരാരാൻനിജസുരഭിയിലാസക്തരായ്മല്ലടിച്ചാൽ
തെല്ലും കൂസില്ലയോടക്കുഴലിതു കവിതന്നായുധം ബ്രഹ്മദണ്ഡം.

കവി : വി.കെ.ജി

3.2248 വനപവനകിശോരൻ. . . (ജീവി)

മാലിനി

വനപവനകിശോരൻ വന്നലഞ്ഞോരുനേരം
വനജനിരവിരിഞ്ഞും വഞ്ചുളക്കൊട്ടലഞ്ഞും,
കനകകരമിളക്കിക്കൺകുളിർക്കും കണക്കി–
ദിനമണിയണിയും പൂങ്കാവനേകം ലസിപ്പൂ!

കവി : ചങ്ങമ്പുഴ, കൃതി : *ഗീതാഞ്ജലി*

3.2249 കൃതാഭിമർശാം. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കൃതാഭിമർശാമനന്യമാനഃ
സുതാം ത്വയാ നാമ മുനിർവിമാന്യഃ
ദ്രഷ്ടും പ്രതിഗ്രാഹയതാ സ്വമർഥം
പാത്രീകൃതോ ദസ്യുരിവാസി യേന

കവി : കാളിദാസൻ, കൃതി : *ശാകുന്തളം*

3.2250 ദേഹത്തിനില്ലാ. . . (ഋഷി)

ഇന്ദ്രവജ്ര

ദേഹത്തിനില്ലാ സുഖമുള്ളനേരം
മോഹങ്ങളൊട്ടുക്കു വരണ്ടുപോയി
നാരായണാ! ഞാനിഹചെയ്വതെല്ലാം
നാരായണന്നർപ്പണമായ് വരട്ടേ!

കവി : യമുനാ നാരായണൻ, അരപ്പൻകാവ്, കൃതി : *സമസ്യാപൂരണം*

3.2251 നാനാമോഹഗണം പിരിഞ്ഞ്. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നാനാമോഹഗണം പിരിഞ്ഞഭിമുഖം നിന്നീയകം പൊള്ളയാം
ഞാനാകുന്നൊരു പന്തടിച്ചു തുടരും കേളിക്കൊരന്തം, വിഭോ!
ദീനം ബ്ലാഡർ പൊളിഞ്ഞു കാറ്റു വെളിയിൽപ്പോകും മുഹൂർത്തത്തിലെ–
ന്നാണോ, നിന്നുടെയന്ത്യമാം വിസിൽ മുഴങ്ങട്ടേയതിൻ മുമ്പു താൻ!

കവി : ടി. എം. വി.

3.2252 ദൈവത്തിൻ പാട്ടിലാണീയുലകു. . . (കർത്താ)

സ്രഗ്ധര

ദൈവത്തിൻ പാട്ടിലാണീയുലകു മുഴുവനും നിൽപ്പു, താദ്യൈവമോർത്താൽ
സേവിച്ചീടുന്ന മന്ത്രത്തിനു വശഗതമായിട്ടു വർത്തിച്ചിടുന്നു,
ഭൂവിണ്ണോർക്കാണധീനം പറയുകിലഖിലം മന്ത്രമി, ന്നെന്നമൂലം
ഭാവിശ്രേയസ്സിനായിട്ടഹമനുദിവസം ബ്രാഹ്മണർക്കായ് തൊഴുന്നേൻ.

കവി : നടുവത്തച്ഛൻ

3.2253 ഭവദ്ഗൗരവം മല്ലഘുത്വം. . . (ജ്യോതി)

ഭുജംഗപ്രയാതം

ഭവദ്ഗൗരവം മല്ലഘുത്വം വിദിത്വാ
പ്രഭോ രക്ഷ കാരുണ്യദൃഷ്ട്യാനുഗമ്യ
തവാത്മാനുഭാവസ്യ താവത്ക്ഷമോ ഽഹം
സ്വഭക്ത്യാ കൃതം മേ പരാധം ക്ഷമസ്വ

കവി : ശങ്കരാചാര്യർ, കൃതി : *ശിവഭുജംഗം*

3.2254 തങ്കത്താരണി തോരണസ്ഥല. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

തങ്കത്താരണി തോരണസ്ഥലവിതാനപ്രൗഢിസൽക്കൗതുകം
തങ്കും വൻകുലവാഴയെന്നിവകളായെത്തുന്ന പൃത്ഥീന്ദ്രനെ
തങ്കപ്പൊന്മണിമേടതൻ വളഭിയിൽത്തിക്കിത്തിരക്കിക്കട–
ക്കൺകോണങ്ങുകൊടുത്തു കഞ്ജമിഴിമാർ നോക്കുന്നു ചിക്കെന്നഹോ!

കവി : വെണ്മണി മഹൻ

3.2255 ത്വദ്ഭക്തിസ്തു കഥാരസാമൃത. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

ത്വദ്ഭക്തിസ്തു കഥാരസാമൃതഝരീനിർമജ്ജനേന സ്വയം
സിദ്ധ്യന്തീ വിമലപ്രബോധപദവീമക്ലേശതസ്തന്വതീ
സദ്യസ്സിദ്ധികരീ ജയ,ത്യയി വിഭോ! സൈവാസ്തു മേ ത്വത്പദ–
പ്രേമപ്രൗഢിരസാർദ്രത ദ്രുതതരം വാതാലയാധീശ്വര!

കവി : മേൽപത്തൂർ നാരായണ ഭട്ടതിരി, കൃതി : *നാരായണീയം*

3.2256 സ്വാദ്ധ്യായക്കിണ്ടി, ഭാണ്ഡം,. . . (കർത്താ)

സ്രുദ്ധര

സ്വാദ്ധ്യായക്കിണ്ടി, ഭാണ്ഡം, കുട, കുടവയറും, കൂനമൽപം കഷണ്ടി–
ച്ചുറ്റും ചുറ്റിപ്പിടിക്കും നരയുമൊരുകുറുംകുട്ടിയാം പൂണൂലും
ക്രൂണ്ടിത്തം കൂത്തടിക്കുന്നൊരു മുഖരസവും ബ്രഹ്മതേജസ്സുമോലു–
ന്നച്ഛൻ നമ്പൂരിമാരെപ്പലരെയുമവിടെക്കണ്ടുകൊണ്ടോടിനേൻ ഞാൻ.

കവി : വെള്ളാനശ്ശേരി വാസുണ്ണി മൂസ്സത്, കൃതി : *തിരുമാസം*

3.2257 ശീട്ടാട്ടം, ശിങ്കമാനക്കുഴൽവിളി. . . (ഉമേഷ്)

സ്രുദ്ധര

ശീട്ടാട്ടം, ശിങ്കമാനക്കുഴൽവിളി, ചതുരംഗങ്ങൾ, ചർവ്വാംഗിമാർ തൻ
പാ, ട്ടായം പൂണ്ട തായമ്പക, വകതിരിവുള്ളക്ഷരശ്ലോകപാഠം,
കൂട്ടാളിക്കൂട്ടരൊത്തുള്ളൊരു സരസജനത്തിന്റെ സല്ലാപഘോഷം,
കേട്ടാലാവി, ല്ലിവണ്ണം പലതുമവിടെയാ രാവിലാവിർഭവിച്ചു.

3.2258 കൊക്കില്ലാത്തൊരു പക്ഷിയില്ല. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കൊക്കില്ലാത്തൊരു പക്ഷിയില്ല, കുളവും നോക്കുമ്പൊഴി, ല്ലോർക്കുകിൽ
ചാക്കില്ലാത്ത ജനങ്ങളില്ല, ചപലത്വംവിട്ട പെണ്ണുങ്ങളും
മുക്കില്ലാത്ത ഗൃഹങ്ങളില്ല, മുകിൽ കൂടാതുള്ള വന്മാരിയും
ചുക്കില്ലാത്ത കഷായമില്ലറിക ചൂടില്ലാതെകണ്ടഗ്നിയും.

കവി : നടുവത്തച്ഛൻ, കൃതി : *സമസ്യാപൂരനം*

3.2259 മൗകലിവ്രജമിരുന്നിടുന്നു. . . (ജീവി)

കുസുമമഞ്ജരി

മൗകലിവ്രജമിരുന്നിടുന്നു മുകളിൽ സുഖം, കപികൾ കൊമ്പിലും
പ്ലവകവൃന്ദമതുകോടരത്തിലു, മടിക്കു ദംശമശകങ്ങളും;
ആകെയെത്രയിഹചേതനങ്ങൾ! വിശദംയശോധിഗത, മദ്ധ്യഗം
ലോകമന്തികമണഞ്ഞിടായ്കിലിഹ വൃക്ഷരാജ, തവ കാ ക്ഷതി?

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *അന്യാപദേശശതകം തർജ്ജമ*

3.2260 ആദ്യത്തെസ്സൃഷ്ടി, ഹോതാ, വഥ. . . (കർത്താ)

സ്രഗ്ധര

ആദ്യത്തെസ്സൃഷ്ടി, ഹോതാ, വഥ വിധിഹുതമായുള്ള ഹവ്യം വഹിപ്പോ–
നാ ദ്വന്ദം കാലമാനാസ്പദ,–മുലകുനിറഞ്ഞോരു ശബ്ദാശ്രയം താൻ,
വിത്തെല്ലാത്തിനുമേകപ്രകൃതി, ചരജഗൽപ്രാണനാം തത്വമെന്നീ–
പ്രത്യക്ഷം മൂർത്തിയെട്ടാർന്നൊരു ജഗദധിപൻ നിങ്ങളെക്കാത്തുകൊൾവൂ.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *മലയാളശാകുന്തളം*

3.2261 വൻപോലും കുംഭി. . . (ഉമേഷ്)

സ്രഗ്ധര

വൻപോലും കുംഭി, കൂറ്റൻ പുലി, വലിയ പെരുമ്പാ, മിതെല്ലാമിണങ്ങും
'നമ്പോലക്കോട്ട' വിട്ടീ നലമുടയ നിലമ്പൂരിലെൻ മുമ്പിലെത്തി,
അൻപോലും തൻ കടക്കണുനയുടെ ചലനത്താലെ മാലാറ്റിയെന്നെ–
ക്കൺ പോലേ കാത്ത വേട്ടയ്ക്കൊരു മകനവനാണാശ്രയം മേലിലും മേ.

കവി : ടി. എം. വി.

3.2262 ആലങ്ങാട്ടയിരുർപ്രവൃത്തിയതിൽ. . . (ബാലു)

ശാർദ്ദൂലവിക്രീഡിതം

ആലങ്ങാട്ടയിരുർപ്രവൃത്തിയതിലാണില്ലം ശിവമ്പള്ളിയെ–
ന്നാലംബിക്കുമതിന്നുപേർ ചെലവിനും കഷ്ടിച്ചു പാട്ടം വരും
നാലാളച്ഛനു മക്കളുണ്ടവരിൽ ഞാൻ മൂന്നാമനദ്ദേഹവും
മാലെന്യെ മരുവുന്നു മാതൃജനവും മുത്തൊത്തു മുത്തശ്ശിയും.

കവി : ശീവൊള്ളി

3.2263 നിഃസ്വോ വഷ്ടി ശതം. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

നിഃസ്വോ വഷ്ടി ശതം, ശതീ ദശശതം, ലക്ഷം സഹസ്രാധിപഃ,
ലക്ഷേശഃ ക്ഷിതിപാലതാം, ക്ഷിതിപതിഃ ചക്രേശതാം വാങ്ഛതി,
ചക്രേശഃ പുനരിന്ദ്രതാം, സുരപതിഃ ബ്രാഹ്മം പദം വാങ്ഛതി,
ബ്രഹ്മാ ശൈവപദം, ശിവോ ഹരിപദം – ചാശാവധിം കോ ഗതഃ?

3.2264 ചെമ്പൊൽത്താർബാണഡംഭ. . . (ഉമേഷ്)

സ്രഗ്ധര

ചെമ്പൊൽത്താർബാണഡംഭപ്രശമനസുമനോവൃന്ദസങ്കീർത്തിതശ്രീ–
സമ്പത്തിന്നീശ, തിങ്കൾക്കല തിരുമുടിയിൽച്ചൂടിടും തമ്പുരാനേ!
തൻ പാദം കുമ്പിടുന്നോർക്കഭിമതമരുളും പാർവ്വതീകാന്ത, നീയെൻ
വൻപാപക്കെട്ടെരിച്ചീടുക, നിടിലമിഴിക്കോണിലാളുന്ന തീയിൽ.

3.2265 തണ്ണീരില്ലേ തലയ്ക്കെപ്പൊഴും. . . (കർത്താ)

സ്രഗ്ധര

തണ്ണീരില്ലേ തലയ്ക്കെപ്പൊഴ, മൊരു ജലദോഷം പിടിച്ചീടുകില്ലേ?
വെണ്ണീറല്ലേ ശരീരം മുഴുവനുമണിയാൻ? തേ ചൊറിഞ്ഞീടുകില്ലേ?

കണ്ണല്ലേ തിയ്യ കഷ്ടം! പുരഹര! ഭഗവൻ! ചൂടിനും പേടിയില്ലേ?
പെണ്ണല്ലേ പാതിദേഹം? വിരുതികളിതുപോലോർക്കിൽ മറ്റാർക്കുമില്ലേ?

കവി : നടുവത്തച്ഛൻ, കൃതി : *(സമസ്യാപൂരനം)*

3.2266 കാലക്കേടിന്റെ കയ്യാങ്കളിയിതു. . . (ഉമേഷ്)

സ്രഗ്ധര

കാലക്കേടിന്റെ കയ്യാങ്കളിയിതു കഠിനം കാണുവാൻ മേല, വേഗം
കാലം കൂടിച്ചു കാൽത്താർ തൊഴുമടിയനെഴും കണ്ണുനീർ ദണ്ഡമെന്നാൽ
കാലപ്രദ്വേഷികാന്തേ! കനിവൊടു നടുവത്തച്ഛനെക്കാക്കുകൊന്നി–
ക്കാലം, കാണട്ടെ ഞാൻ നിൻ കരളിതൊരു കരിമ്പാറയോ വേറെയൊന്നോ?

കവി : ഉള്ളൂർ

3.2267 കൊച്ചുന്നാളൊരു പെണ്ണിനെ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

കൊച്ചുന്നാളൊരു പെണ്ണിനെക്കഥകഴിച്ചില്ലേ? മറിച്ചല്ല, നീ
പച്ചപ്പാലൊടു വെണ്ണ കട്ട കബളിച്ചില്ലേ വ്രജസ്ത്രീകളെ!
അച്ചിഭ്രാന്തു മുഴുത്തു ഗോപവനിതാവൃന്ദങ്ങളെച്ചേർത്തു കൈ–
വച്ചില്ലേ? കമലാപതേ കഥ നിനക്കുണ്ടോ കഥിക്കും വിധൗ.

കവി : ശീവൊള്ളി

3.2268 അല്ലയോ പറക കട്ടിലേ. . . (സിദ്ധാർത്ഥൻ)

രഥോദ്ധത

അല്ലയോ പറക കട്ടിലേ നിന–
ക്കില്ലയോ ചെറുതുമല്ലൽ മാനസേ
പല്ലവാംഗിയെ വഹിച്ചിരുന്ന നിൻ
നല്ല കാലമിനി വന്നു കൂടുമോ?

3.2269 പാരിലില്ല ഭയമെന്നു. . . (മധുരാജ്)

രഥോദ്ധത

പാരിലില്ല ഭയമെന്നു, മേറെയു–
ണ്ടാരിലും കരുണയെന്നു, മേതിനും
പോരുമെന്നുമരുളീ പ്രസന്നമായ്
ധീരമായ മുഖകാന്തിയാലവൻ

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.2270 പാരമുള്ളിലഴകായി. . . (ഉമേഷ്)

രഥോദ്ധത

പാരമുള്ളിലഴകായി, ജീവിതം
ഭാരമായി, പറയാതൊഴിക്കുകിൽ
തീരുകില്ല, ധരയിൽ ഭവാനൊഴി–
ഞ്ഞാരുമില്ലതുമിവൾക്കു കേൾക്കുവാൻ

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.2271 തട്ടി തൽപ്രഥഭവാൻ. . . (കർത്താ)

രഥോദ്ധത

തട്ടി തൽപ്രഥഭവാനശേഷമുൾ–
ക്കട്ടി കൊണ്ടു ദൃഢമെന്നു കാൺകയാൽ
ഒട്ടിണങ്ങി നവരക്തപങ്കജ–
ത്വിട്ടിയന്നി, ഹൃദയാചലാനനം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.2272 രാമമന്മഥശരേണ. . . (ഉമേഷ്)

രഥോദ്ധത

രാമമന്മഥശരേണ താഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്ധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ

കവി : **കാളിദാസൻ**, കൃതി : *രഘുവംശം*

3.2273 ഗോമയം ഭവന. . . (കർത്താ)

രഥോദ്ധത

ഗോമയം ഭവനമാകെയാകവേ
കാമമാ നില ഗൃഹോദരത്തിനും
രാമമാരരുളി; യുച്ചയം പെടും
കേമർ പോവതിതരർക്കു പദ്ധതി.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.2274 രങ്ഗമേതു ചുടലപ്പറമ്പും. . . (മധുരാജ്)

രഥോദ്ധത

രങ്ഗമേതു ചുടലപ്പറമ്പുമാ–
മങ്ഗമാകെ ചുടുചാരമായിടം
ഗങ്ഗയാറു ജടയിൽ തുളുമ്പിടാ–
മെങ്കിലും നടനരാട്ടു ശങ്കരൻ !

3.2275 ഗംഗയാറമൃതധാര. . . (ജ്യോതി)

രഥോദ്ധത

ഗംഗയാറമൃതധാരയേൽക്കുവാ–
നെന്നെ"യാറുപടി" കേറ്റുമോ ശിവേ!
ദിവ്യസുന്ദരശിവാനുഭൂതി കൈ–
വന്നുവെങ്കിലതിധന്യയീത്തനു.

3.2276 ദേഹതുച്ഛതയറിഞ്ഞു. . . (കർത്താ)

രഥോദ്ധത

ദേഹതുച്ഛതയറിഞ്ഞു കൊള്ളുവോർ,
മോഹമറ്റു ശമമുറ്റിരിക്കുവോർ,
സോഹമീശനിതി ബോധമാളുവോർ,
ശ്രീഹരിപ്രഥിതഭക്തസത്തമർ.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.2277 സാവധാനമെതിരേറ്റു. . . (മധുരാജ്)

സാവധാനമെതിരേറ്റു ചെല്ലുവാ–
നാ വികസ്വരസരസ്സയച്ചപോൽ
പാവനൻ സുരഭി വായു വന്നക–
ണ്ടാവഴിക്കു പദമൂന്നിനാനവൻ

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.2278 പങ്കം പോക്കുന്ന കാളിന്ദിയിൽ. . . (ബാലു)

പങ്കം പോക്കുന്ന കാളിന്ദിയിൽ മുഴുകി മുദാ പദ്മപത്രേ വിളങ്ങും
ശങ്ഖം തൻ കൈക്കലാക്കുന്നളവിലതുമഹോ കന്യകാരത്നമായീ
ശങ്കിച്ചു ശങ്കരസ്യ പ്രണയിനി മകളായ് വന്ന ഭാഗ്യാലെനിക്കെ–
ന്നങ്കേ ചേർത്തിട്ട പത്യാ പ്രണയപരവശൻ ദക്ഷനിത്ഥം ബഭാഷേ

കവി : ഈരയിമ്മൻ തമ്പി , കൃതി : *ദക്ഷയാഗം ആട്ടക്കഥ*

3.2279 ശ്രീരാജീവാക്ഷവക്ഷസ്ഥല. . . (കർത്താ)

ശ്രീരാജീവാക്ഷവക്ഷസ്ഥലനിലയരമാഹസ്തവാസ്തവ്യലോല–
ല്ലീലാബ്ജാന്നിഷ്പതന്തീമധുരമധുരഝരീ നാഭിപദ്മേ മുരാരേഃ
അസ്തോകം ലോകമാത്രാദ്വിയുഗമുഖശിശോരാനനേഷ്വർപ്യമാണം
ശംഖപ്രാന്തേനദിവ്യമ്പയ ഇതി വിബുധൈശ്ശങ്ക്യ മാനാപുനാതു.

, കൃതി : *വിശ്വഗുണാദർശം ചമ്പു*

3.2280 ആദൗ കർമ്മപ്രസംഗാത്. . . (ജ്യോതി)

സ്വന്തം

ആദൗ കർമ്മപ്രസംഗാത് കലയതി കലുഷം മാതൃകുക്ഷൗ സ്ഥിതം മാം
വിണ്മൂത്രാമേദ്ധ്യമധ്യേ കഥയതി നിതരാം ജാഠരോ ജാതവേദാഃ
യദ്യദ്വൈ തത്ര ദുഃഖം വ്യഥയതി നിതരാം ശക്യതേ കേന വക്തും
ക്ഷന്തവ്യോ മേ∫ പരാധഃ ശിവ ശിവ ശിവ ഭോഃ ശ്രീ മഹാദേവശംഭോ!

കവി : ശങ്കരാചാര്യർ, കൃതി : *ക്ഷമാപരാധസ്തോത്രം*

3.2281 യസ്യാസ്തി വിത്തം സ. . . (ഋഷി)

യസ്യാസ്തി വിത്തം സ നരഃ കുലീനഃ
സ പണ്ഡിതഃ സ ശ്രുതവാൻ ഗുണജ്ഞഃ
സ ഏവ വക്താ സ ച ദർശനീയഃ
സർവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തി

കവി : ഭർത്തൃഹരി, കൃതി : *നീതിശതകം*

3.2282 സ്വപകൃബുദ്ധിക്കനെരുപമായ്. . . (ജീവി)

വംശസ്ഥം

സ്വപകൃബുദ്ധിക്കനെരുപമായ് ചിരാ
ലപത്ഥ്യവും പത്ഥ്യവുമാം നടപ്പുകൾ
പ്രപഞ്ചസത്തയ്ക്കറിവാൻ സരസ്വതീ
വിപഞ്ചി മീട്ടിപ്പറവൂ മനീഷികൾ.

കവി : കട്ടമത്ത് കുഞ്ഞികൃഷ്ണക്കുറുപ്പ്, കൃതി : *കയ്യെഴുത്ത്*

3.2283 പറ്റാമാർക്കുമബദ്ധം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പറ്റാമാർക്കുമബദ്ധ,മായതുപടർന്നീടാൻ തുടർന്നാലുടൻ
തെറ്റാണെന്നതറിഞ്ഞുകൊണ്ടതു തിരുത്താനായ്ക്കരുത്താർന്ന നാം,
മറ്റാർക്കും പിഴ പറ്റിടാത്ത വിധമാസ്സത്യം ഗ്രഹിച്ചാരുമേ
ചുറ്റാനായിടയാക്കിടതെയഖിലം മാറ്റേണ,മൂറ്റം വിനാ

കവി : കെ. പി. സി. അനുജൻ ഭട്ടതിരിപ്പാട്, കൃതി : *ഇന്ത്യയും ഹിന്ദുമതവും*

3.2284 മേലാകവേ ചെള്ളിളകിക്കി. . . (സിദ്ധാർത്ഥൻ)

ഇന്ദ്രവജ്ര

മേലാകവേ ചെള്ളിളകിക്കിതച്ചും
ശൂലാസ്ഥിപാർശ്വങ്ങളുയർന്ന താഴ്ന്നും
കോലായിലേതാണ്ടു നമസ്കരിച്ച
പോലായ്കിടപ്പുണ്ടൊരു സാരമേയം

3.2285 കീഴിലൂഴിവഴിയെപ്പൊഴും. . . (കർത്താ)

കുസുമമഞ്ജരി

കീഴിലൂഴിവഴിയെപ്പൊഴും പുഴകളാഴിയോളമഥ ചാണ്ടിയും
മേലിലങ്ങു മുകിൽ മാലമൂലമുഴലുമ്പൊഴൊക്കെ മഴ ചിന്തിയും,
കാത്തുകൊണ്ടിവിടെ നീയൊരുത്തനിതുമാതിരിയ്ക്ക മരുവായ്കിലോ,
കിട്ടുകില്ല ജലപാനമിക്ഷിതിയിലഷ്ടിപോലുമഥ കഷ്ടിയാം.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *മലയവിലാസം*

3.2286 കളവേണുരവഃ. . . (മധുരാജ്)

വസന്തമാലിക

കളവേണുരവഃ കളായനീലഃ
കമലാചുംബനലമ്പടോതിരമ്യഃ
അളിപോത ഇവാരവിന്ദമദ്യേ
രമതാം മേ ഹൃദി ദേവകീകിശോരഃ

3.2287 അമ്പേ ചിലർക്കുള്ളിലഹന്ത. . . (ഋഷി)

ഇന്ദ്രവജ്ര

അമ്പേ ചിലർക്കുള്ളിലഹന്ത മൂത്താൽ
വമ്പേ കഥിച്ചീടുകയുള്ളു നിത്യം
വമ്പേറുമിക്കുട്ടർ മദം പുലർത്തി–
ത്തൻപേരുയർത്താൻ പടുവേല ചെയ്യും

കവി : പി. എൻ. നീലകണ്ഠൻ നായർ, കൃതി : *പേരുയർത്താൻ – മുക്തകം*

3.2288 വികൽപമില്ലാതെ. . . (കർത്താ)

ഉപേന്ദ്രവജ്ര

വികൽപമില്ലാതെ ഭവാന്റെ തേജോ–
വികർത്തനൻ രാപ്പകൽ മിന്നിടുമ്പോൾ
അകത്തു ദുഷ്ടർക്കു പെടും തമസ്സു–
മകന്നു പെൺപൂങ്കുഴൽ പുക്കൊളിപ്പൂ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2289 അരുമാമറയോതും. . . (സിദ്ധാർത്ഥൻ)

വിയോഗിനി

അരുമാമറയോതുമർഥവും
ഗുരുവോതും മുനിയോതുമർഥവും
ഒരു ജാതിയിലുള്ളതൊന്നു താൻ
പൊരുളോർത്താലഖിലാഗമത്തിലും

3.2290 ഒറ്റച്ചാൺവയറാണരയ്ക്ക. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

ഒറ്റച്ചാൺവയറാണരയ്ക്കു കയറെന്നാദ്യം നിനച്ചു, ക്രമാൽ
കറ്റക്കാർകുഴലാളുമുണ്ണികളുമായ് വർദ്ധിച്ചു കാൽക്കെട്ടുകൾ
അറ്റത്തോളമയഞ്ഞിടാത്ത മമതാബന്ധങ്ങളായ്പിന്നെയൻ
പുറ്റീടും തവ തൃക്കഴൽക്കു പണിയാൻ കണ്ടീല നേരം ഹരേ!

കവി : വി.കെ.ജി, കൃതി : *അവിൽപ്പൊതി*

3.2291 ആടും പാ, മ്പസ്ഥിജാലം. . . (കർത്താ)

സ്രഗ്ധര

ആടും പാ, മ്പസ്ഥിജാലം, ഗിരിസുത,യൊഴുകും വെള്ള, മേറെ പ്രകാശം
തേടും തീക്കട്ട, തിങ്കൾക്കല, കഠിനവിഷം, ളമ്പ, ചാരം, കഠാരം,
ചാടും മാൻകുട്ടി, ശൂലം, മണിജടമുടി, തല, തോലെന്നിതെല്ലാം നിദാനം
കൂടും മോദാൽ ധരിക്കും തിരുവുടലരികിൽക്കാണുമോ കാണിനേരം?

കവി : നടുവത്തച്ഛൻ

3.2292 ചിലർക്കു പറ്റീ. . . (മധുരാജ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചിലർക്കു പറ്റീ ചെറുതായബദ്ധം
ചിലർക്കു കിട്ടീ പുതുകാശുമേറെ
കിട്ടേണ്ടതേ കിട്ടിയതിന്നെനിക്കു
ചൊടിപ്പതെന്തെന്റെ മനസ്സതോർത്തു്?

3.2293 കാണുന്നതെല്ലാം ഹരി തൻ. . . (ഋഷി)

ഇന്ദ്രവജ്ര

കാണുന്നതെല്ലാം ഹരി തൻ ശരീരം
കേൾക്കുന്നതെല്ലാം ഹരി തൻ നിനാദം
ചെയ്യുന്നതെല്ലാം ഹരിപൂജ, യെന്നും
നാരായണന്നർപ്പണമായ് വരട്ടേ!

കവി : ഭാനുമതി, കണ്ണൂർ

3.2294 ചെന്താർച്ചുണ്ടാ മുളംതണ്ടിനു. . . (മധുരാജ്)

സ്രഗ്ധര

ചെന്താർച്ചുണ്ടാ മുളംതണ്ടിനു സുധ വഴിയും ചുംബനം നൽകിയാ,ല–
പ്പൂന്തേനേന്തും സമീരൻ തൊടുമളവു തളിർക്കും കുളിർത്തേതു പുല്ലും;
കന്ദർപ്പാസ്ത്രങ്ങളാകാൻ വിടരുമലരു, പൂക്കുട ഗോപീഹൃദന്തം;
വൃന്ദാരണ്യത്തെ വർഷം മുഴുവനുമണിയിച്ചൂ മുകുന്ദൻ വസന്തം!

കവി: മധുരാജ്

3.2295 കാടെല്ലാം വെട്ടിമാറ്റി. . . (ഋഷി)

സ്രഗ്ധര

കാടെല്ലാം വെട്ടിമാറ്റിത്തടികളഖിലവും വിറ്റു സമ്പന്നരായോർ
കാട്ടിൽപ്പാർക്കുന്ന നേരത്തഖിലമൃഗഗണം നാട്ടിലേയ്ക്കോടിയെത്തി
നാട്ടിൽക്കാണുന്ന ദുഷ്ടപ്പരിഷകൾ മുഴുവൻ കാട്ടുജന്തുക്കളാവാം
വീട്ടിൽജ്ജീവിച്ചിടുന്നോർക്കിവിടെ ദുരിതമല്ലാതെ മറ്റെന്തു നേടാൻ?

കവി : പ്രൊഫ. പി. രഘുരാമൻ നായർ

3.2296 നീങ്ങുന്നീലല്ലി കാൽ. . . (മധുരാജ്)

സ്രഗ്ധര

നീങ്ങുന്നീലല്ലി കാലമ്പലനടവരെയും? നാമസങ്കീർത്തനാർത്ഥം
പൊങ്ങുന്നീലല്ലി ജിഹ്വാഞ്ചലമിടതടവില്ലാത്ത ജോലിത്തിരക്കാൽ?
ചുങ്ങീലല്ലീ മദാഹംകൃതികൾ? ഇനി യമൻ തന്റെ കൈ നിന്റെ നേർക്കാ–
യോങ്ങുമ്പോളോടുമെങ്ങോ, ട്ടുടയവരുതകീടാത്ത നേരം സഭാരം?

കവി : വീ.കേ.ജി, കൃതി : *അവൽപൊതി*

3.2297 ചാരായക്കുടിയാത്മഹത്യ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ചാരായക്കുടിയാത്മഹത്യ സമരം ബന്ദും നിരോധിച്ച കൊ–
ണ്ടാരോഗ്യത്തിനു നല്ല മാർഗ്ഗമരുളീ കാരുണ്യവാന്മാർ ചിലർ
നേരിൻ കോടതികൊണ്ടുവന്ന നിയമം ബീഡിപ്പുകയ്ക്കും വില–
ക്കുരിൽ ഭോഗമിവർക്കു കുറ്റമിനിമേൽ രോധം നിരോധിന്നുമോ!

കവി : മധു ആലപ്പടമ്പ്, കൃതി : *മുക്തകം*

3.2298 നമുക്കെഴുത്തച്ഛനെടുത്ത. . . (കർത്താ)

ഉപേന്ദ്രവജ്ര

നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ–
ക്രമക്കണക്കേ ശരണം, ജനങ്ങൾ
സമസ്തരും സമ്മതിയാതെകണ്ടി–
സ്സമർത്ഥനോതില്ലൊരുവാക്കു പോലും.

കവി: കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.2299 സമ്പത്തേറെയണഞ്ഞിടുന്ന. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

സമ്പത്തേറെയണഞ്ഞിടുന്ന സമയത്തെന്നെപ്പിഴപ്പിയ്ക്കുമാ–
സ്സമ്പാദ്യത്തിനു വേണ്ടിയല്ല ഭഗവൽധ്യാനം നടത്തുന്നു ഞാൻ
സർവ്വാലംകൃതനായ ബാലഹരിയെക്കെട്ടിപ്പിടിച്ചേറ്റവും
സന്തോഷം വഴിയുന്ന ഭക്തലഹരിയ്ക്കൊത്തൊന്നു കൂത്താടുവാൻ

കവി : മൂർക്കന്നൂർ കൃഷ്ണൻ നമ്പൂതിരി

3.2300 സാരം ചേർന്ന സമസ്യയൊന്നു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സാരം ചേർന്ന സമസ്യയൊന്നു സരസം പത്രങ്ങളിൽക്കാണുകിൽ–
ച്ചേരും മാതിരി മൂന്നുപാദമുഴറിക്കഷ്ടിച്ചുപിഷ്ടിച്ചുതാൻ
ഏറെത്തന്നെ മുഷിഞ്ഞൊരാഴ്ചയിടകൊണ്ടൊപ്പിച്ചുമാറീടുവാ–
നാരുള്ള പടുവായിടാതെ? കവിയാകില്ലീ പ്രയോഗത്തിനാൽ.

കവി : മൂലൂർ എസ്. പദ്മനാഭപ്പണിക്കർ

3.2301 എണ്ണിടു,ന്നൊളിവിൽ. . . (മധുരാജ്)

രഥോദ്ധത

എണ്ണിടു,ന്നൊളിവിൽ വന്ന പീഡയാം–
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞുകേഴുമെൻ
കണ്ണനീരു കനിവിൽത്തുടച്ചതും.

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.2302 താപ്പൂട്ടി മേവി തകരച്ചെടി. . . (ഋഷി)

വസന്തതിലകം

താപ്പൂട്ടി മേവി തകരച്ചെടി തൻ ദളങ്ങൾ
കൂടേറി വാണ വിരവോടഥ കാകജാലം
മണ്ടിത്തുടങ്ങി ജനമെത്തുവതിന്നു ഗേഹം
കുമ്പിത്തുടങ്ങി ജലജം വിരഹാർത്തി മൂലം

കവി : മേൽപ്പാഴൂർ വിഷ്ണു നമ്പൂതിരി, കൃതി : *സായാഹ്നം – മുക്തകം*

3.2303 മിത്രം വിത്തേശനാവാം. . . (മധുരാജ്)

സ്രഗ്ധര

മിത്രം വിത്തേശനാവാം, ത്രിപുരസുമശരന്മാരെ ഹോമിച്ചതാവാം
നേത്രം, ഗങ്ഗാജലാസേചിതഖചിതനിശാനാഥമാവാം കപർദ്ദം;
ചിത്രം നൈവേദ്യപൂജാസുമജലനിയമം വിട്ട കണ്ണാടിമണ്ണ–
ക്ഷേത്രത്തിൽപ്പിച്ചതെണ്ടും തവ കടുനിലയേ കാണു കൈലാസനാഥ!

കവി : വി. കെ. ജി, കൃതി : *അവിൽപ്പൊതി*

3.2304 ചിന്തുന്ന ദുഃഖത്തെ. . . (കർത്താ)

ഇന്ദ്രവജ്രാ

ചിന്തുന്ന ദുഃഖത്തെയൊഴിച്ചുടൻ താ–
നെന്നും സുഖം തേടുവതിന്നു മുന്നം
മന്നത്തമേ നിർത്തി നയം നിനച്ചു
കുന്നിൻ കുമാരിക്കിത കൈതൊഴുന്നേൻ.

കവി : കുഞ്ഞിക്കുട്ടൻ തമ്പുരാൻ

3.2305 മികവുടയ കുബേര. . . (മധുരാജ്)

പുഷ്പിതാഗ്ര

മികവുടയ കുബേരപത്തനത്തിൻ
സുകനകമാകിയ താഴികക്കുടങ്ങൾ
പകൽ പകുതി കടന്ന ഭാസ്കരൻ തൻ
പ്രകടമരീചികളാൽത്തിളങ്ങി മിന്നി

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.2306 പാടീലാ സ്വരമൊത്തു, കാലടി. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പാടീലാ സ്വരമൊത്തു, കാലടി പിഴച്ചേ വെച്ചുവെന്നായ് രസ–
ത്തോടേ കൂക്കി വിളിച്ചു ഞാനതു സഹിച്ചൂ പുഞ്ചിരിച്ചതു നാൾ
ഗ്ദ്ധം സ്മേരമുഖത്തൊടെൻ പുറകിൽ വാഴും നാഥഭാവം സ്മരി–
ച്ചീടുമ്പോൾ പരിഹാസബാണമൊരു പൂവർഷം കണക്കായി മേ

കവി : വി. ജെ. ജാതവേദൻ നമ്പൂതിരി, കൃതി : *പരിഹാസം ഒരു പൂവർഷം*

3.2307 ഗർഭം പ്രാചിക്കു പറ്റീ. . . (കർത്താ)

സ്രുദ്ധര

ഗർഭം പ്രാചിക്കു പറ്റീ, ഗതിയതിനതിനാൽ ഭാരമായ്, പൂർണ്ണമായി–
ട്ടപ്പോറ്റിൻ നോവുകൊണ്ടാക്കിളിരവകപടത്താൽക്കരഞ്ഞും പിരിഞ്ഞും
ഇപ്പോൾബ്ബാലാർക്കനെപ്പെറ്റിതു, ചളുവളെയായങ്ങു മുങ്ങുന്നു, കാൺകി–
ന്നബ്ഭാഗത്തുള്ള ചോരപ്രളയമതിലഹോ! തള്ളയും പിള്ളതാനും.

കവി : വെണ്മണി മഹൻ, കൃതി : *കാമതിലകം ഭാണം*

3.2308 ഇക്കറുപ്പരവണക്കു. . . (മധുരാജ്)

രഥോദ്ധത

ഇക്കറുപ്പരവണക്കു വന്നിടാൻ
തക്കകാരണമറിഞ്ഞു ചൊല്ലുവിൻ
ശർക്കരക്കു വളരെപ്പഴക്കമായ്
തർക്കമില്ല രുചിയും കുറഞ്ഞുപോയ്

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2309 ശരീരമെന്നല്ല. . . (ഋഷി)

ഇന്ദ്രവജ്രാ/ഉപേന്ദ്രവജ്രാ

ശരീരമെന്നല്ല മനസ്സുകൊണ്ടും
നിറഞ്ഞുളവുന്നൊരു വാക്കുകൊണ്ടും
ഞാൻ ചെയ്തിടുന്നോരു പ്രവൃത്തിയൊക്കെ
നാരായണന്നർപ്പണമായ് വരട്ടെ

കവി : എടമന വാസുദേവൻ, കൃതി : *(സമസ്യാപൂരണം)*

3.2310 ഞാണേറ്റിയസ്ത്രവുമണച്ചു. . . (കർത്താ)

വസന്തതിലകം

ഞാണേറ്റിയസ്ത്രവുമണച്ചു, തൊടുത്ത ചാപ,–
മേണങ്ങൾ നേർക്കിനി വലിപ്പതെനിക്കശക്യം;
ചേലാർന്ന ദൃഷ്ടി ദയിതയ്ക്കായുമിച്ചു വാണു
ചൊല്ലിക്കൊടുത്തതിവരായ് വരുമെന്നു തോന്നും.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *മലയാള ശാകുന്തളം*

3.2311 ചതുർമുഖകുടുംബിനീ. . . (വിശ്വപ്രഭ)

പൃഥ്വി

ചതുർമുഖകുടുംബിനീകരതല്ലോല്ലസദ്വല്ലകീ–
നിനാദമധുരാസ്സുധാരസധുരീധുരീണസ്വരാഃ
വിരേജുരതിപേശലാ വികചമല്ലികാവല്ലരീ–
മരന്ദരസമാധുരീസരസരീതയോ ഗീതയഃ

കവി : മേൽപത്തൂർ, കൃതി : *അഷ്ടമീപ്രബന്ധം*

3.2312 വസ്ത്രം പത്രികൾ കൊണ്ടുപോയ്. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വസ്ത്രം പത്രികൾ കൊണ്ടുപോയ് ദിവി മറഞ്ഞപ്പോളവസ്ഥാം നിജാ–
മുൾത്താരിങ്കൽ വിചാര്യ ദിഗ്വസനനായ് നിന്ന നളൻ ദീനനായ്;
പത്ന്യാ സാകമിതസ്തതോ ∫ഥ ഗഹനേ ബംഭ്രമ്യമാണശ്ശപാ
നക്തം പോയ് വനമണ്ഡപം കിമപി ചെന്നദ്ധ്യാസ്ത വിഭ്രാന്തധീഃ

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം*

3.2313 പുളച്ചിടുന്നെൻ. . . (ഋഷി)

വംശസ്ഥം

പുളച്ചിടുന്നെൻ മനതാരഹോ വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ച കേളാത്ത വിധം ഗമിക്കിലാ–
മൊളിച്ചിടാൻ കള്ള നിനക്കുവയ്യെടോ

കവി : ആശാൻ, കൃതി : *മിന്നാമിനുങ്ങ്*

3.2314 വെളിച്ചമില്ലാത്തിടമില്ല. . . (ജ്യോതി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

വെളിച്ചമില്ലാത്തിടമില്ല പാരിൽ
വളർന്ന ശാസ്ത്രം ഗഗനത്തിലെത്തി
മിന്നാമിനുങ്ങിന്റെ നുറുങ്ങുവെട്ടം
കണ്ണിൽപ്പിടിയ്ക്കി, ല്ലകമാണിരുട്ടിൽ!

കവി : ജ്യോതിർമയി

3.2315 മിനുങ്ങി നീ ചെന്നിടും. . . (ഋഷി)

വംശസ്ഥം

മിനുങ്ങി നീ ചെന്നിടുമാറണച്ചിടാൻ
കനിഞ്ഞിതാ കൈത്തളിരാർന്ന ഭ്രുഹം
അനങ്ങിടാതങ്ങനെ നിൽപ്പിതാർക്കുമേ
മനം കൊതിയ്ക്കും മൃദുവെത്തൊടാനെടോ!

കവി : ആശാൻ, കൃതി : *മിന്നാമിനുങ്ങ്*

3.2316 അടുത്തതേതെന്നു. . . (സിദ്ധാർത്ഥൻ)

വംശസ്ഥം

അടുത്തതേതെന്നു നിനച്ചിരിക്കവേ
കടുത്ത ശബ്ദം ചെവിയിൽ മുഴങ്ങിയോ
തൊടുത്തു പോകല്ലൊരു ശ്ലോകമിന്നിയും
മടുത്തു ഞാനി,ങ്ങനെ മിന്നിമേവിടാം

കവി : സിദ്ധാർത്ഥൻ

3.2317 തെറ്റാകാ, മറിവറ്റു ചെയ്വു പലതും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

തെറ്റാകാ, മറിവറ്റു ചെയ്വു പലതും സർവജ്ഞ, നീ കല്മഷം
പറ്റാതേകുക മാപ്പു,ദോഷരഹിതം മാർഗം തിരിച്ചോരുവാൻ
ചെറ്റാതങ്കമെഴാതെ ജീവിതജലാധാരം കടന്നീടുവാൻ
മറ്റാരും തുണയില്ലെനിയ്ക്കു ഗുരുവായ്മരപ്പ നീയെന്നിയേ

കവി : പി. ചന്ദ്രശേഖര വാരിയർ, അഷ്ടമിച്ചിറ, കൃതി : *(സമസ്യാപൂരണം)*

3.2318 ചലച്ചിത്രമേതദ്വിശേഷേണ. . . (ജ്യോതി)

ഭുജംഗപ്രയാതം

ചലച്ചിത്രമേതദ്വിശേഷേണ നീതം
പ്രകാശം കൃതം ദേവി മായേ! ത്വയാ ച
ക്വ ഗന്താ മഹാസംവിധാനസ്യ കർത്താ
വിടേഹി പ്രശിക്ഷാം ദയാലോ നടേഭ്യഃ

കവി : ജ്യോതി

3.2319 കളിപ്പഞ്ചിരിക്കൊഞ്ചലും. . . (മധുരാജ്)

ഭുജംഗപ്രയാതം

കളിപ്പഞ്ചിരിക്കൊഞ്ചലും തൂകി മെല്ലെ–
ക്കളിപ്പാൻ വിളിച്ചാനളിച്ചാർത്തുവർണ്ണൻ
വെളിച്ചത്തുനിന്നാശു മണ്ടിത്തിരിച്ചാ–
നൊളിച്ചാനൊരേടത്തൊരുണ്ണിക്കിശോരൻ

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.2320 വാണീവല്ലഭവാസവാദി. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വാണീവല്ലഭവാസവാദിവിബുധശ്രേണിക്കൊരുന്നായ ഗീർ–
വാണീസഞ്ചയലാളിതോല്ലസിതശർവ്വാണിക്കെഴും തുപ്പദം
വാണീടേണമകക്കരുന്നിലുടനക്ഷീണപ്രഭാവത്തൊടെൻ
വാണീവൈഭവമൊന്നെനിക്കുസഭയിൽ കാണിക്ക കാണിയ്ക്കുവാൻ.

കവി : വെണ്മണി മഹൻ

3.2321 വായിൽത്തോന്നുന്നതല്ലോ. . . (മധുരാജ്)

സ്രഗ്ധര

വായിൽത്തോന്നുന്നതല്ലോ വകതിരിവു കുറഞ്ഞോരു കോതക്കു പാട്ടെ–
ന്നായുസ്സിന്നാദ്യകാലം പഴമൊഴികൾ പഠിക്കുന്നകാലത്തറിഞ്ഞൂ
വായിച്ചീടേണ്ടിവന്നൂ പുതുകവിത കലാശാലയിൽ, ഡിഗ്രി കിട്ടാ–
റായപ്പോഴേക്കറിഞ്ഞൂ കവിതയിനി വഴങ്ങില്ലെഴുത്തിന്നുമെന്നായ്!

കവി : മധുരാജ്

3.2322 വമ്പൊത്താശയഭാവദീപ്ത. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വമ്പൊത്താശയഭാവദീപ്തമധുരശ്ലോകങ്ങൾ തന്നൽപമാം
സമ്പത്തൻപൊടു തീർക്കുവാൻ പരിചയം പോരാഞ്ഞൊരെൻ ശീലുകൾ
ഇമ്പം കാതിനിണങ്ങിടും പടി പകർന്നീടുമ്പൊഴെയ്ക്കെൻ സ്വര–
ക്കമ്പത്തിന്റെ കലമ്പലെന്നുമൊഴിയാക്കമ്പം മദാലംബനം

കവി : എം. കെ. സി. മെയ്ക്കാട്, കൃതി : *അക്ഷരശ്ലോകക്കമ്പം*

3.2323 ഇന്നത്തെപ്പുതുകാവ്യശൈലി. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

ഇന്നത്തെപ്പുതുകാവ്യശൈലി വശമായിട്ടില്ല ഞാനിപ്പൊഴും
മുന്നെപ്പോലെ ചരിച്ചിടുന്നിതപഹാസത്തിൻ കളിപ്പന്തലായ്
എന്നെക്കൊണ്ടപമാന, മുൾപ്രിയമെഴും നിങ്ങൾക്കു പാടില്ല മേൽ
എന്നോർത്തോ ഹരി ഹന്ത തന്നു തിമിരം ബാധിച്ച നേത്രേന്ദ്രിയം!

കവി : വീ.കേ.ജി, കൃതി : *അവിൽപ്പൊതി*

3.2324 ഏറെ ക്ഷീണിതിനായ്ത്തളർന്നു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഏറെ ക്ഷീണിതിനായ്ത്തളർന്നു വിറയാർന്നീടുന്ന കൈകാലുകൾ
നോക്കാതായ് സ്വജനങ്ങളൊക്കെയുമുപേക്ഷിച്ച സുഹൃത്തുക്കളും
ജീവിയ്ക്കാനൊരുപായമില്ല കദനം താങ്ങാനുമാവില്ലിനി,
മറ്റാരും തുണയില്ലെനിയ്ക്ക ഉരുവായൂരപ്പ നീയെന്നിയേ

കവി : തലനാട് ചന്ദ്രശേഖരൻ നായർ, കൃതി : *(സമസ്യാപൂരണം)*

3.2325 ജഹൃഷുഃ പശുപാഃ. . . (ജ്യോതി)

തോടകം

ജഹൃഷുഃ പശുപാസ്തുഷുർമ്മുനയോ
വവൃഷുഃ കുസുമാനി സുരേന്ദ്രഗണാഃ
ത്വയി നൃത്യതി മാരുതഗേഹപതേ
പരിപാഹി സ മാം ത്വമദാന്ധഗദാത്

കവി : മേൽപ്പത്തൂർ, കൃതി : *നാരായണീയം (ദശകം 55)*

3.2326 തുടയ്ക്കണം ജന്തുശരീരം. . . (കർത്താ)

വംശസ്ഥം

തുടയ്ക്കണം ജന്തുശരീര, മത്രയ–
ല്ലിടയ്ക്കിടയ്ക്കൊന്നതുടച്ചുവാർക്കണം
ഉടൽക്കതാണാ പ്രകൃതിയ്ക്ക ഭ്രഷണം;
നടത്തണം ദൈവകരത്തിനിത്തൊഴിൽ.

കവി : കെ. കെ. രാജാ, കൃതി : *ബാഷ്പാഞ്ജലി*

3.2327 ഉറ്റോരാകെ 'സുനാമി' തൻ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഉറ്റോരാകെ 'സുനാമി' തൻ തിരയടിക്കോളാൽ മറഞ്ഞീടിലും
ചെറ്റില്ലുള്ളിൽ വിഷാദ,മൊക്കെ ഭഗവാനിച്ഛിച്ചതേ വന്നിടൂ
തെറ്റായുള്ളൊരു കാര്യവും വിവശനാം ഞാൻ ചെയ്തതില്ലോർക്കിലോ
മറ്റാരും തുണയില്ലെനിയ്ക്ക ഹരുവായൂരപ്പ നീയെന്നിയേ

കവി : നടുവട്ടം രവീന്ദ്രൻ, കൃതി : *(സമസ്യാപൂരണം)*

3.2328 താരുണ്യത്തള്ളലാലോ. . . (കർത്താ)

സ്രുദ്ധര

താരുണ്യത്തള്ളലാലോ, തരുണമനമിളക്കുന്ന ഗാനങ്ങളാലോ,
പേരുണ്ടാക്കാൻ തുനിഞ്ഞി, ല്ലിവനിലകമലിഞ്ഞുള്ള നീയെന്ന മൂലം,
ആരും വാഴ്ത്തില്ല, യെന്നാകിലുമൊരു സമയത്തള്ളുത പ്രേമസാരം
ചേരും നിൻ ജീവവൃത്തപ്പുതുമ പുതിയ പാഠത്തിലൊന്നായിരിക്കും.

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *ഒരു വിലാപം*

3.2329 അഖണ്ഡസർവമംഗളാ. . . (ജ്യോതി)

പഞ്ചചാമരം

അഖണ്ഡസർവമംഗളാകളാകദംബമഞ്ജരീ–
രസപ്രവാഹമാധുരീവിജൃംഭണാമധുവ്രതം
സ്മരാന്തകം പുരാന്തകം ഭവാന്തകം മഖാന്തകം
ഗജാന്തകാന്ധകാന്തകം തമന്തകാന്തകം ഭജേ

കവി : രാവണൻ, കൃതി : *ശിവതാണ്ഡവസ്തോത്രം*

3.2330 സ്വാപം ജനം പൂണ്ടു. . . (കർത്താ)

ഇന്ദ്രവംശ

സ്വാപം ജനം പൂണ്ടു നിജോദയത്തിലും;
ലോപം തദർഘ്യത്തിനു പറ്റി മേൽക്കുമേൽ;
ഹാ! പദ്മിനിക്കും തെളിവില്ല; ഭാനുമാൻ
കോപം പരം പൂണ്ടതിലെന്തൊരത്ഭുതം?

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2331 ഹാ, രാഗമാമന്ധ. . . (ഋഷി)

ഇന്ദ്രവജ്ര

ഹാ! രാഗമാമന്ധതമസ്സിലാർന്നു
പാരാതെ ഞാനേറെ വലഞ്ഞിതയ്യോ
ഘോരാമയക്കോളിലമർന്ന ജീവൻ
നാരായണന്നർപ്പണമായ് വരട്ടേ!

കവി : വി. എൻ., പെരുവനം, കൃതി : *(സമസ്യാപൂരണം)*

3.2332 ഘോരം പാരിൽ പരന്നു. . . (കർത്താ)

സ്രുദ്ധര

ഘോരം പാരിൽ പരന്നു പെരുകിയൊരയശ, സ്സഗ്നിസംശ്രുദ്ധിയേറ്റം
ദൂരത്തായുള്ള ലങ്കാപുരമതി, ലതിലിങ്ങാർക്കു വിശ്വാസമുണ്ടാം?
പാരം ദുസ്സാദ്ധ്യമായുള്ളഖിലജനസമാരാധനം തന്നെയല്ലോ
സാരം ശ്രീരാഘവന്മാർക്കൊരു കൃലധനമാക്കുട്ടി മറ്റെന്തു ചെയ്യും?

കവി : ചാത്തുക്കുട്ടി മന്നാടിയാർ, കൃതി : *ഉത്തരരാമചരിതം*

3.2333 പൂന്താനഗീതിയുടെ. . . (ഋഷി)

വസന്തതിലകം

പൂന്താനഗീതിയുടെ പൂന്തുകിലേന്തിയെത്തും
സന്ധ്യയ്ക്ക മഞ്ജരികളായ് പ്രിയ കൃഷ്ണഗാഥ
ചിന്താപഥത്തിലമൃതായൊളിതൂകി നിന്നു
തുഞ്ചന്റെ പൈങ്കിളി കൊളുത്തിയ ഭദ്രദീപം

കവി : വൈക്കം വിശ്വനാഥൻ നായർ, കൃതി : *തറവാട്*

3.2334 ചേറിൽ കൃഷ്ണകുന്നു. . . (ബാലു)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചേറിൽ കൃഷ്ണകുന്നു സിതാംബുജങ്ങൾ
കാറിൽ പറക്കുന്നു പയഃകണങ്ങൾ
മങ്ങിക്കിടക്കുന്നൊരു പുഷ്യ ഭൂമി
മഹാർഹ ചിത്രം വരവാൻ മനോജ്ഞം

കവി : ഉള്ളൂർ, കൃതി : *ഉമ്പപ്പൂവ്*

3.2335 മൽസ്യ കൂർമ വരാഹമായ്. . . (ഋഷി)

മല്ലിക

മത്സ്യ, കൂർമ്മ, വരാഹമായ്, നരസിംഹ, വാമനമൂർത്തിയായ്,
വത്സലപ്രിയരാമനായ്, ഭൂഭ്രരാമനായ്, ബലരാമനായ്
ഉത്സവത്തിനു കൃഷ്ണനായ്, കലിമത്സരത്തിനു കൽക്കിയായ്,
ചിത്സുഖം തരുമെന്റെ കൃഷ്ണ! ഭവാന്റെ ലീലകളുത്തമം!

കവി : എസ്. രമേശൻ നായർ, കൃതി : *കന്നിമണികൾ*

3.2336 ഉല്ലാസത്തോടവിടെ മരുവും. . . (കർത്താ)

മന്ദാക്രാന്ത

ഉല്ലാസത്തോടവിടെ മരുവും പൂർണ്ണചന്ദ്രാസ്യമാരാം
മല്ലാക്ഷീണാം ഗണമുപവനസ്ഥോമമസ്തോകശോഭം
എല്ലാമോർക്കിൽ പ്രതിഫലിതമായ് പശ്ചിമാംബോധിതന്നിൽ
ചൊല്ലാർന്നീടും സുരനഗരിതാൻ കണ്ടിടുന്നെന്ന തോന്നും.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.2337 ഏഹി ശങ്കര. . . (ജ്യോതി)

രഥോദ്ധത

ഏഹി ശങ്കര! ദയാനിധേ! പരീ–
പാഹി കിങ്കരകുലാൻ തവാത്മകാൻ
ഭ്രുതപന്നഗമയൂരമൂഷകാ–
സ്ത്വാവകീനപരിവാരമേവ ഹി

കവി : ജ്യോതിർമയി

3.2338 ഭൂലോക വൈകുണ്ഠ. . . (ഋഷി)

ഇന്ദ്രവജ്രാ/ഉപേന്ദ്രവജ്രാ

ഭൂലോക വൈകുണ്ഠനിവാസിയാമീ
വാതാലയേശന്റെ പദാംബുജത്തിൽ
നമിച്ചു പ്രാർത്ഥിപ്പു മദീയജന്മം
നാരായണന്നർപ്പണമായ് വരട്ടേ!

കവി : സത്യവതി രാജാ, വടക്കാഞ്ചേരി, കൃതി : *(സമസ്യാപൂരണം)*

3.2339 നാഗേന്ദ്രഹാരായ. . . (മധുരാജ്)

ഇന്ദ്രവജ്രാ

നാഗേന്ദ്രഹാരായ ത്രിലോചനായ
ഭസ്മാങ്ഗരാഗായ മഹേശ്വരായ
നിത്യായ ശുദ്ധായ ദിഗംബരായ
തസ്മൈ നകാരായ നമശ്ശിവായ

3.2340 നാളേയ്ക്കുനാളെ. . . (ഋഷി)

വസന്തതിലകം

നാളേയ്ക്കുനാളെ മഥുരാപുരിയിന്ന കാണാം
നാളീകനേത്ര! തവ മാതുലനിഗ്രഹം മേ
കേളെന്ന നാരദമുനി സ്തുതി ചെയ്ത നീ താൻ
പാലിച്ചു കൊൾക പരമേശ്വര പത്മനാഭ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2341 കില്ലില്ലയേ ഭ്രമരവര്യനെ. . . (ജീവി)

വസന്തതിലകം

കില്ലില്ലയേ ഭ്രമരവര്യനെ നീ വരിച്ചു
തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ
അല്ലെങ്കിൽ നിന്നരികിൽ വന്നിഹ വട്ടമിട്ടു
വല്ലാതിവൻ നിലവിളിക്കുകയില്ലിദാനീം.

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.2342 അമ്പത്തിയൊന്നു മധുരാക്ഷരം. . . (കർത്താ)

വസന്തതിലകം

അമ്പത്തിയൊന്നു മധുരാക്ഷരമാർന്ന കാവ്യ–
സമ്പത്തിലുത്സുകതയാർന്ന കിടാങ്ങൾ ഞങ്ങൾ
ഇമ്പം കലർന്ന മൊഴി നാവിലുദിച്ചിടാനായ്
കുമ്പിട്ടിടുന്നു മധുവാണി! തവാംഘ്രിപദ്മം.

കവി : ഏവൂർ പരമേശ്വരൻ

3.2343 ഇഷ്ടപ്രാണേശ്വരിയുടെ. . . (നാരായണൻ)

മന്ദാക്രാന്ത

ഇഷ്ടപ്രാണേശ്വരിയുടെ വിയോഗത്തിനാലും നരേന്ദ്ര–
ദ്വിഷ്ടത്വത്താലൊരുവനുളവാം മാനനഷ്ടത്തിനാലും
കഷ്ടപ്പെട്ടപ്പുരുഷനൊരു നാലഞ്ചു കൊല്ലം കഴിച്ചാൻ
ദിഷ്ടക്കേടാൽ വരുവതു പരീഹരമില്ലാത്തതല്ലോ !

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.2344 കാളിന്ദീ മണിമേടമേലുദിനം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കാളിന്ദീമണിമേടമേലുദിനം ഗോപാലനാമോദമായ്
മേളിച്ചക്കുഴൽ നാദമാധുരി കനിഞ്ഞേകീലയോ 'ജീ' മഹാൻ
വാടിപ്പോയെഴുപത്തിയേഴതികയുന്നായുസ്സിലാ ജീവിതം
പാടിപ്പോയ് സ്വയമന്ത്യയാത്രയിലിതാ 'ഞാനിന്നു നീ നാളെയും'

കവി : ശർമ്മൻ ആലക്കാട്ടൂർ, കൃതി : *ജീ സ്മരണ*

3.2345 വാരഞ്ചിടും കുളിർവരക്കുറി. . . (ജീവി)

വസന്തതിലകം

വാരഞ്ചിടും കുളിർവരക്കുറിയിട്ടണഞ്ഞൊ–
രാ, രമ്യസന്ധ്യയുടെ ഫാലമലങ്കരിക്കും,
താരത്തനിക്കനകചിത്രകമേ, നിനക്കു–
ള്ളോരപ്രഭാവലയമൂഴിയലങ്കരിപ്പൂ!

കവി : ചങ്ങമ്പുഴ, കൃതി : *ഗീതാഞ്ജലി*

3.2346 തളയും വളയും. . . (ഋഷി)

വസന്തമാലിക

തളയും വളയും കിലുങ്ങുമാറ–
ങ്ങിളകീടും പദപാണിതാളമേളം
ലളിതം നടനം മനോഭിരാമം
കളസംഗീതകമംഗളം വിളങ്ങീ

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണ ചരിതം*

3.2347 ലോകം പോകും പഴയപടിയീ. . . (കർത്താ)

മന്ദാക്രാന്ത

ലോകം പോകും പഴയപടിയീ മാറ്റമോ ബാഹ്യമാത്രം;
ശോകം,രോഗം, പകയിവയൊരേ മട്ടുകൈകോർത്തു നിൽക്കും,
സ്നേഹം മാത്രം കുറയു, മധികം നാട്യമായിബ്ഭവിക്കും,
മോഹം കൊണ്ടേ വലയു, മൊടുവിൽ ജീവിതം ശോകപൂർണ്ണം.

കവി : ഏവൂർ പരമേശ്വരൻ

3.2348 സംസാരഭീകരകരീന്ദ്ര. . . (വിശ്വപ്രഭ)

വസന്തതിലകം

സംസാരഭീകരകരീന്ദ്രകരാഭിഘാത–
നിഷ്ചിഷ്ടമർമ്മവപുഷഃ സകലാർത്തിനാശ!
പ്രാണപ്രയാണ ഭവഭീതി സമാകുലസ്യ
ലഷ്മീന്യസിംഹ! മമ ദേഹി കരാവലംബം

3.2349 പാരിൽപ്പാർത്താലിഹ. . . (നാരായണൻ)

മന്ദാക്രാന്ത

പാരിൽപ്പാർത്താലിഹ ഫണികുലം തന്നിൽ നിന്നോടു തുല്യം
വൈരിത്വം പൂണ്ടൊരു പതഗമാം പത്രമേറിച്ചരിക്കും
ശൗരിക്കും ത്വാം പ്രതി മമതയാൽ തന്നെ നിൻ പൃഷ്ഠലഗ്നം
ഭ്രരിശ്രീ ചേർന്നൊരു തനുരുഹം മൂർദ്ധ്നി ചൂടുന്ന ദേവൻ

കവി : കേരള വർമ്മ വലിയകോയിത്തമ്പുരാൻ , കൃതി : *മയൂരസന്ദേശം*

3.2350 സ്വാമിയാം രവിയെ. . . (മധുരാജ്)

രഥോദ്ധത

സ്വാമിയാം രവിയെ നോക്കിനിൽക്കുമെൻ
താമരേ തരളവായുവേറ്റു നീ
ആമയം തടവിടായ്ക തൽക്കര–
സ്തോമമുണ്ടു തിരിയുന്ന ദിക്കിലും

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.2351 ആരോമലാമഴകു. . . (രഘു സി. വി.)

വസന്തതിലകം

ആരോമലാമഴകു, ശ്രദ്ധി, മൃദുത്വ,മാഭ,
സാരള്യമെന്ന സുകുമാര ഗുണത്തിനെല്ലാം
പാരിങ്കലേതുപമ? ആ മൃദുമെയ്യിൽ നവ്യ–
താരുണ്യമേന്തിയൊരു നിൻ നില കാണണം താൻ!

കവി : കുമാരനാശാൻ, കൃതി : *വീണപൂവ്*

3.2352 പേറ്റുനോവവിടെ നിന്നിടട്ടെ. . . (ജ്യോതി)[287]

കുസുമമഞ്ജരി

പേറ്റുനോവവിടെ നിന്നിടട്ടെ, രുചിയറ്റു, ദേഹബലശോഷണം

[287] [*ജ്യോതി*] ശ്ലോകം **3.2352 :** മൂലശ്ലോകം (ശങ്കരാചാര്യർ) :
ആസ്താം താവദിയം പ്രസൂതിസമയേ ദുർവ്വാരശൂലവ്യഥാ

കൂട്ടിടേണ്ട, മലമൂത്രശയ്യയിലൊരാണ്ടു നീക്കുവതുമങ്ങനെ
ഗർഭമാം ചുമടിനുള്ള കൂലിയതുപോലുമേകുവതിനാവുകി–
ല്ലെത്ര യോഗ്യതയെഴുന്ന പുത്രനുമഹോ! മഹാജനനി! കൈ തൊഴാം!

കവി : മധുരാജ്

3.2353 ഗുണമെന്നൊരു വസ്തു. . . (കർത്താ)

വിയോഗിനി

ഗുണമെന്നൊരു വസ്തു മാത്രമ–
ല്ലിണയായ് ദോഷവുമൊന്നു കാണുമേ;
ഗുണദോഷവിവേകമെന്നിയേ
പിണയും തെറ്റുകളറ്റമറ്റതാം.

കവി : സി. എസ്. സുബ്രഹ്മണ്യൻ പോറ്റി, കൃതി : *ഒരു വിലാപം*

3.2354 ഗിരിചരം കരുണാമൃത. . . (മധുരാജ്)

ദ്രുതവിളംബിതം

ഗിരിചരം കരുണാമൃതസാഗരം
പരിചരം പരമം മൃഗയാപരം
സുരുചിരം സുചരാചരഗോചരം
ഹരിഹരാത്മജമീശ്വരമാശ്രയേ

കൃതി : *ഹരിഹരാത്മജസ്തുതി*

3.2355 സന്താപഘ്നം സകലജഗതാം. . . (നാരായണൻ)

മന്ദാക്രാന്ത

സന്താപഘ്നം സകലജഗതാം സ്പന്ദനേ വന്ദനം ചെയ്–
തെന്തായാലും വിഷമമതിനാലൊന്നുമില്ലെന്നുറച്ച്
ചിന്താമഗ്നൻ ചിരമവിടെനിന്നമ്മയൂരത്തൊടേവം
ഹന്താത്യന്തം പരവശതയാലന്തരംഗേണ ചൊന്നാൻ

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.2356 ചീറും പാമ്പും ചെറുത്തിങ്കളും. . . (കർത്താ)

സ്രുദ്ധര

ചീറും പാമ്പും ചെറുത്തിങ്കളുമരിയചുലച്ചെഞ്ചിടാവാറു മാറും
നീറും കണ്ണും, നിശേശാഞ്ചിത തിരുമുഖവും, കാമ്പെഴും ചാമ്പ, ലെല്ലും
ആറും രണ്ടും കരത്തിൽ കയർ, തുടി, മൃഗവും മറുമീവണ്ണമുള്ളിൽ
കൂറോടക്കുന്നിൽമാതാവൊടുമവിടെ വിളങ്ങീടിനാൻ വിശ്വനാഥൻ.

കവി : വെണ്മണി മഹൻ

3.2357 അംഗം ഹരേ. . . (രഘു സി. വി.)

വസന്തതിലകം

അംഗം ഹരേഃ പുളകഭ്രഷണമാശ്രയന്തീ

നൈരുച്യം തനുശോഷണം മലമയീ ശയ്യാ ച സാംവത്സരീ
ഏകസ്യാപി ന ഗർഭഭാരഭരണക്ലേശസ്യ യസ്യാഃ ക്ഷമോ
ദാതും നിഷ്കൃതിമുന്നതോപി തനയ, സ്തസ്യൈ ജനന്യൈ നമഃ

ഭൃംഗാംഗനേവ മുകുളാഭരണം തമാലം
അംഗീകൃതാഖില വിഭൂതിരപാംഗ ലീലാ
മംഗല്യദാസ്തു മമ മംഗലദേവതായാഃ

കവി : ശ്രീ ശങ്കരാചാര്യർ, കൃതി : *കനകധാരാസ്തോത്രം*

3.2358 ആമീലിതാക്ഷമധിഗമ്യ. . . (ജീവി)

വസന്തതിലകം

ആമീലിതാക്ഷമധിഗമ്യ മുദാ മുകുന്ദം
ആനന്ദകന്ദമനിമേഷമനങ്ഗതന്ത്രം
ആകേകരസ്ഥിതകനീനികപക്ഷ്മനേത്രം
ഭൂത്യൈ ഭവേന്മമ ഭുജങ്ഗശയാങ്ഗനായാഃ

കവി : ശ്രീ ശങ്കരാചാര്യർ, കൃതി : *കനകധാരാസ്തോത്രം*

3.2359 അഹോ മറന്നേൻ ബത. . . (നാരായണൻ)

വംശസ്ഥം

അഹോ മറന്നേൻ ബത ദിക്ഭ്രമത്തിനാൽ
മഹാചലേന്ദ്രൻ മലയാദ്രി താനിവൻ
കുലച്ചൊരേലക്കൊടിയിൽ കുളിച്ചിതാ
കുതൂഹലത്തോടണയുന്നു മാരുതൻ

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.2360 കണ്ടോളം കൺകുളിർക്കും. . . (ഋഷി)

സ്രുദ്ധര

കണ്ടോളം കൺകുളിർക്കും മണിഭവനമനോഹാരിണീ രാജ്യലക്ഷ്മീ–
കണ്ഠാശ്ലേഷം കലർന്നുള്ളഖിലവസുമതീപാലമാലാഭിരാമാ
ഭണ്ഡാരംകൊണ്ടു പൂർണ്ണാ ഗജമദസുരഭീഭൃതശൃങ്ഗാടകാ പ–
ണ്ടുണ്ടായീപോലയോദ്ധ്യാനഗരി പരിചിതാ രാജധാനീ രഘൂണാം

കവി : പുനം നമ്പൂതിരി, കൃതി : *രാമായണം ചമ്പു*

3.2361 ഭവദ്ഭക്തിസ്ത്രാവത്. . . (ജ്യോതി)

ശിഖരിണി

ഭവദ്ഭക്തിസ്ത്രാവത് പ്രമുഖമധുരാ ത്വദ്ഗുണരസാത്
കിമപ്യാർദ്രാ ചേദഖിലപരിതാപപ്രശമനീ
പുനശ്ചാന്തേ സ്വാന്തേ വിമലപരിബോധോദയമിള–
ന്മഹാനന്ദാദ്വൈതം ദിശതി കിമതഃ പ്രാർത്ഥ്യമപരം!

കവി : **മേൽപ്പുത്തൂർ**, കൃതി : *നാരായണീയം (ദശകം 3)*

3.2362 പാശ്ചാത്യദേശ വിധിയൊത്ത. . . (ഋഷി)

വസന്തതിലകം

പാശ്ചാത്യദേശവിധിയൊത്ത വിരുന്നു നൽകു–
മാശ്ചര്യമൊന്നുമതിലില്ല നിനച്ചുവെങ്കിൽ
സൗഭാഗ്യമാർന്ന കുലകാംക്ഷികളൊത്തുകൂടി–
സ്സൽഭാവചിന്തയിലൊരുക്കിയ സദ്യയുണ്ണാം

കവി : **ശർമ്മൻ അക്കരച്ചിറ്റൂർ**, കൃതി : *കൈരളി അമേരിക്കയിൽ*

3.2363 സാഹിത്യത്തിൽച്ചിലരു. . . (കർത്താ)

മന്ദാക്രാന്ത

സാഹിത്യത്തിൽച്ചിലരു കവിതക്കാരു, വേറേ ചിലർക്കോ,
സായൂജ്യം താൻ കഥ, യിനിവരും നാടകക്കാർ ചുരുക്കം;
സാമർത്ഥ്യത്താൽ പഠനവഴിയേ പേരെടുത്തോരുമുണ്ടാം,
സേവക്കാരായ്ച്ചിലരു, വെറുതേ പേനയുന്തുന്ന കൂട്ടം.

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കുട്ടിശ്ലോകങ്ങൾ*

3.2364 സാന്ദ്രാനന്ദാവ ബോധാത്മകം. . . (രഘു സി. വി.)

സ്രുദ്ധര

സാന്ദ്രാനന്ദാവബോധാത്മകമനുപമിതം കാലദേശാവധിഭ്യാം
നിർമുക്തം നിത്യമുക്തം നിഗമശതസഹസ്രേണ നിർഭാസ്യമാനം
അസ്പഷ്ടം ദൃഷ്ടമാത്രേ പുനരുരു പുരുഷാർഥാത്മകം ബ്രഹ്മതത്ത്വം
തത്താവത്ഭാതി സക്ഷാദ്ഗുരുപവനപുരേ ഹന്ത ഭാഗ്യം ജനാനാം!

കവി : മേൽപത്തൂർ, കൃതി : *നാരായണീയം*

3.2365 ആനന്ദം ഭക്തലോകത്തിനു. . . (ഋഷി)

സ്രുദ്ധര

ആനന്ദം ഭക്തലോകത്തിനു ശബരിഗിരീശാംഘ്രിയുഗ്മം മുറയ്ക്ക–
ന്യൂനം നൽകുന്ന സർവ്വേച്ഛകൾ വിളയുവതാം ക്ഷേത്രമപ്പാദപദ്മം
ദീനൻ ഞാനെന്നു കേഴേണ്ടൊരുവനുമവിടെച്ചെന്നു കണ്ണീരോടൊപ്പം
ഗാനം ചെയ്വൂ തദീയസ്തുതികൃതികളദീനത്വമെന്നേയ്ക്കുമേലാൻ

കവി : ചെങ്ങമനാട് ദാമോദരൻ നമ്പ്യാർ, കൃതി : *സ്വാമിയേ ശരണം*

3.2366 ദോശയ്ക്കുവേണ്ട ഗുണമൊന്നു. . . (കർത്താ)

വസന്തതിലകം

ദോശയ്ക്കുവേണ്ട ഗുണമൊന്നു മൊരിച്ചിലത്രേ,
ലേശം കനം കുറയണം, മൃദുലസ്വഭാവം;
ചൂടോടെ കിട്ടുക, യകമ്പടിയെന്തുമാകാം,
സാമ്പാറു, ചട്ടിണി, പരം പൊടിയും വിശേഷം.

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കുട്ടിശ്ലോകങ്ങൾ*

3.2367 ചിരിച്ചിടേണ്ട വാസ്തവം. . . (നാരായണൻ)

പഞ്ചചാമരം

ചിരിച്ചിടേണ്ട വാസ്തവം ധരിച്ചിടാതെ ഭോഷിയെ–
ന്നുരച്ചു മാം ഹസിച്ചിടേണ്ട സംശയിച്ചിടേണ്ട നീ
ഒരിക്കലിപ്പറഞ്ഞ സത്യമൊക്കെ നിന്റെ ദൃഷ്ടിയിൽ
ശരിക്കുവന്നുതട്ടുമന്നു വിശ്വസിക്ക പൂർണ്ണമായ്

കവി : സിസ്റ്റർ മേരീ ബനീഞ്ജ, കൃതി : *ലോകമേ യാത്ര*

3.2368 താന്തം പ്രക്ഷാമഗണ്ഡം. . . (ഉമേഷ്)

താന്തം പ്രക്ഷാമഗണ്ഡം വദന, മുരസിജം മുക്തകാഠിന്യ, മേറ്റം
ക്ലാന്തം മദ്ധ്യപ്രദേശം, വിനതമതിതരാം തോൾ, നിറം പാണ്ഡുരാഭം,
ചെന്താർബാണാർത്തയായിട്ടിവളതി ദയനീയാ ച ദൃഷ്ടിപ്രിയാ മേ
കാന്താ നൈതാഹവാതശ്ലപദലകൃലാ മല്ലികാവല്ലികേവ.

കവി: കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി: ഷാകുന്തളം പരിഭാഷ

3.2369 ചെമ്പൊൽത്തളിർക്കംബള. . . (മധുരാജ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചെമ്പൊൽത്തളിർക്കംബളമൊന്നിലന്ന
പൊന്നുണ്ണി മാർത്താണ്ഡനണർന്നിരുന്ന
തിരക്കരംകൊണ്ടു ഞൊടിച്ചിതാഴി;
കൊഞ്ചിച്ചിരിപ്പിച്ചു കിളിക്കിടാങ്ങൾ.

കവി : വീ.കേ.ജീ., കൃതി : *മുക്തകങ്ങൾ*

3.2370 ഒരിക്കലീ ജഗത്തെയും. . . (കർത്താ)

പഞ്ചചാമരം

ഒരിക്കലീ ജഗത്തെയും ജഡത്തെയും പിരിഞ്ഞു നാം
തിരിക്കണം, വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ
തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ
കരത്തിലുള്ളതൊക്കെ നാമതിർത്തിയിൽ ത്യജിക്കണം.

കവി : മേരി ബെനീഞ്ജ, കൃതി : *ലോകമേ യാത്ര*

3.2371 ത്വിട്ടോലുമക്ഷികൾ. . . (രഘു സി. വി.)

വസന്തതിലകം

ത്വിട്ടോലുമക്ഷികൾ, നരച്ചു വളർന്ന മാറിൽ
തൊട്ടോരു താടി, ചുളിവീണ പരന്ന നെറ്റി
മുട്ടോളമെത്തിയ ഭുജാമുസലങ്ങളെന്നീ–
മട്ടോടവൻ വിലസി മേദുര ദീർഘകായൻ

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2372 മേഷശാബമൊരു. . . (ജീവി)

സ്വാഗത

മേഷശാബമൊരു കോകഗണംപോൽ
തോഷസംയുതമരാതികളപ്പോൾ
ഭീഷണപ്രകൃതി പൂണ്ടതിവേലം
ദ്വേഷമാർന്നു മിശിഹായൊടടുത്തു.

കവി : കട്ടക്കയം ചെറിയാൻ മാപ്പിള, കൃതി : *ശ്രീയേശുവിജയം*

3.2373 ഭൂലോക വിശ്രുത വിനോദിനി. . . (ഋഷി)

വസന്തതിലകം

ഭൂലോകവിശ്രുതവിനോദിനി കൈരളീ നി–
ന്നാഗോളയാത്രയൊരാമാനുഷ സാഹസം താൻ
പാതാളദേശകല തന്നതിഥീപദത്തി–
ലാമോദമോടിവിടെ വന്നതു ഭാഗ്യമായി

കവി : ശർമ്മൻ അക്കരച്ചിറ്റൂർ, കൃതി : *കൈരളി അമേരിക്കയിൽ*

3.2374 പരപദമധിരോഢും. . . (കർത്താ)

മാലിനി

പരപദമധിരോഢും പ്രാർത്ഥിതഃ പാദ്മമുഖ്യൈർ–
ദ്ധരണിഭരനിരാസശ്രാന്തിഭാരാദിവൈകഃ
രഹസി നിജരഹസ്യം പ്രോച്യ സഖ്യേ നിവിഷ്ട–
സ്സഹസിതമുഖപദ്മസ്താതയാം നോ മുകുന്ദഃ.

കവി : വടക്കേറ്റത്ത് കൊച്ചുശങ്കരൻ മൂസ്സത് , കൃതി : *സദർത്ഥപ്രകാശിക*

3.2375 രാമേത്യുജ്വലകോടിപുണ്യ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

രാമേത്യുജ്വലകോടിപുണ്യഭരമാമൈശ്വര്യമന്ത്രത്തെയും
സംസാരാർണവതാരണത്തിനുതകും സംയുക്തമാം പോതമായ്
ഭക്തന്നാത്മവിശുദ്ധിയേകുമറിവിൻ ജ്ഞാനൈകഭണ്ഡാരമായ്
മുക്തിയ്ക്കുത്തമമാർഗമായ് കലിയുഗേ കാണുന്നു സർവജ്ഞരും

കവി : പ്രേമലത എസ്. വാരിയർ, കൃതി : *രാമമന്ത്രമഹിമ*

3.2376 ഭോഭോഃ കോദണ്ഡ. . . (കർത്താ)

സ്രുദ്ധര

ഭോഭോഃ കോദണ്ഡ! ചണ്ഡീപരിവൃഢദൃഢദോർദണ്ഡവേഗാവകൃഷ്ടി–
ശ്ലാഘാപാത്രയേ രാമോ രചയതി ഭവതേ സൈഷ വര്യാം സപര്യാം;
ഹൂർവ്വാജ്ഞായന്ത്രിതസ്യ സ്വയമിഹ ഭുവനത്രാണപാരീണമുദ്ധ–
ശ്യാമാലാളിത്യഭാജോരയി മമ ഭുജയോരാനുകൂല്യം ഭജേഥാഃ.

കവി : പുനം നമ്പൂതിരി, കൃതി : *ഭാഷാരാമായണം ചമ്പു*

3.2377 ഗാനത്താലവനീപതേ. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

ഗാനത്താലവനീപതേ, മധുരമാം ചെമ്മുന്തിരിച്ചാറിനാ–
ലാനന്ദക്കതിർ വീശിടുന്ന നിയതം ഹർമ്മ്യാന്തരത്തിൽ ഭവാൻ
ആ നൽച്ചെമ്പനിനീരലർപ്പുതു വികാരത്തിൽപ്പുഴുക്കുത്തിയ–
റ്റാനല്ലാതുതകുന്നതില്ലണുവുമെൻ ദുർവ്വാരഗർവ്വാങ്കുരം!

കവി : ചങ്ങമ്പുഴ, കൃതി : *സ്വരരാഗസുധ*

3.2378 അംബാ കൃപ്യതി താത. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

"അംബാ കൃപ്യതി താത, മൂർദ്ധ്നി വിധ്യതാം ഗംഗേയമുത്സൃജ്യതാം"
"വിദ്വൻ, ഷണ്മുഖ, കാ ഗതിർമ്മയി ചിരാദഭ്യാഗതായാം വദ"
രോഷാവേശവശാദശേഷവദനൈഃ പ്രത്യുത്തരം ദത്തവാൻ
"അംഭോദിർജ്ജലധിഃ പയോധിരുദധിർവ്വാരാന്നിധിർവാരിധിഃ"

3.2379 രാവിതാ, മുഴുമിച്ചു. . . (കർത്താ)

മല്ലിക

രാവിതാ, മുഴുമിച്ചു; രാജകുമാര, വീര, കിടക്കയെ–
ക്കൈവിടാൻ തവ കാലമായിതു കാലവേദിശിഖാമണേ!
ദ്യോവിലെത്തി മുഴങ്ങിടുന്നിതു കോഴി കൂകിടുമാരവം
ശ്രീവിഭാതസമാഗമോത്സവകാഹളധ്വനി പോലവേ.

കവി : വള്ളത്തോൾ, കൃതി : *ചിത്രയോഗം*

3.2380 ദീർഘിച്ചുപോയ വഴിയാത്രയിലേറ്റ. . . (ഋഷി)

വസന്തതിലകം

ദീർഘിച്ചുപോയ വഴിയാത്രയിലേറ്റ ദാഹം
തീർക്കാനുമുണ്ടവിടെ പാനകമോർത്തുകൊൾക
ഗാനങ്ങളായതുകലർത്തി രസിച്ചിരിപ്പാ–
നാനന്ദഭേരി നിറയും സഭയിൽ വരേണം

കവി : ശർമ്മൻ അക്കരച്ചിറ്റൂർ, കൃതി : *കൈരളി അമേരിക്കയിൽ*

3.2381 ഗ്രാവപ്രപാത പരിപിഷ്ട. . . (ജ്യോതി)

വസന്തതിലകം

ഗ്രാവപ്രപാത പരിപിഷ്ട ഗരിഷ്ഠദേഹ–
ഭ്രഷ്ടാസു ദുഷ്ടദനുജോപരി ധൃഷ്ടഹാസം
ആഘ്ലാനമംബുജകരേണ ഭവന്തമേത്യ
ഗോപാ ദധുർ ഗിരിവരാദിവ നീലരത്നം

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം (ദശകം–തൃണാവർത്തവധം)*

3.2382 അശങ്കമാമാനി. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അശങ്കമാമാനി വൃഷാങ്കശിഷ്യ–
ന്നമർഷവേഗത്തിനധീനനായി
അച്ഛൻ കൊടുത്തോരു കൊടും കഠാരം
മകന്റെ നേർക്കക്ഷണമാഞ്ഞുവിട്ടു.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.2383 അമൃതമിവ കിരന്തീം. . . (കർത്താ)

മാലിനി

അമൃതമിവ കിരന്തീമാർത്തിഭാരം ഹരന്തീം
പിതൃഗിരമുദയന്തീം പ്രീതിപൂരം വമന്തീം
സപദി നിശമയന്തീ സാത്ര ഖേദം ത്യജന്തീ
വ്യധിത ച ദമയന്തീ വാസമാശാം വഹന്തീ.

കവി : ഉണ്ണായി വാര്യർ, കൃതി : *നളചരിതം*

3.2384 സകുങ്കുമ വിലേപനാം. . . (നാരായണൻ)

പൃഥ്വി

സകുങ്കുമ വിലേപനാ, മളികചുംബി കസ്തൂരികാം,
സമന്ദ ഹസിതേക്ഷണാം, സശരചാപപാശാങ്കുശാം,
അശേഷ ജനമോഹിനീ, മരുണമാല്യഭൃഷാംബരാം
ജപാ കുസുമഭാസുരാം, ജപവിധൗസ്മരേദംബികാം

കൃതി : *ശ്രീ ലളിതാസഹസ്രനാമം*

3.2385 അഹർന്നിശകളാൽ കളങ്ങളെ. . . (ഉമേഷ്)

പൃഥ്വി

അഹർന്നിശകളാൽ കളങ്ങളെ വരച്ചു ധാതാവു താൻ
പൊരുന്ന ചതുരംഗകം കലിതകൗതുകം നിത്യവും –
കരുക്കൾ നരർ; നീക്കിട്ടു, ന്നരശ്ശ ചൊല്ലിട്ടും, വെട്ടി മാ–
റ്റിട്ടും, കളി കഴിഞ്ഞിട്ടും പൊഴുതു പെട്ടിയിൽ തള്ളിട്ടും.

കവി : സർദാർ കെ. എം. പണിക്കർ, കൃതി : *രസികരസായനം (ഉമർ ഖയ്യാം പരിഭാഷ)*

3.2386 കാളാംബുദാഭാം. . . (വിശ്വപ്രഭ)

പൃഥ്വി

കാളാംബുദാഭാമരിശംഖശൂല–
ഖഡ്ഗാഢ്യഹസ്താം തരുണേന്ദുചൂഡാം
ഭീമാം ത്രിനേത്രാം ജിതശത്രുവർഗ്ഗാം
ദുർഗ്ഗാം സ്മരേത് ദുർഗ്ഗതിഭംഗഹസ്താം

3.2387 ഭദ്രകുക്കുട കുലാസ്ര. . . (രഘു സി. വി.)

രഥോദ്ധത

ഭദ്രകുക്കുട കുലാസ്ര തർപ്പണാൽ
ഭദ്രകാളി ബഹു ദുഷ്ടമർദ്ദിനീ
സദ്രസം കരുണ ചെയ്യുമെന്നൊരീ
ക്ഷുദ്ര മാന്ത്രിക മതം ഭയങ്കരം

കവി : വള്ളത്തോൾ, കൃതി : *കോഴി*

3.2388 സഹസ്രലോചനപ്രഭൃത്യ. . . (മധുരാജ്)

പഞ്ചചാമരം

സഹസ്രലോചനപ്രഭൃത്യശേഷലേഖശേഖര–
പ്രസൂനധൂളിധോരണീ വിധൂസരാങ്ഘ്രിപീഠഭൂഃ
ഭുജങ്ഗരാജമാലയാ നിബദ്ധജാടജൂടക–
ശ്രിയൈ ചിരായ ജായതാം ചകോരബന്ധുശേഖരഃ

കവി : രാവണൻ, കൃതി : *ശിവതാണ്ഡവസ്തോത്രം*

3.2389 ഭക്തന്മാർക്കഭയം കൊടുത്തു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഭക്തന്മാർക്കഭയം കൊടുത്തു, മണമാർന്നീടും കുറിക്കൂട്ടിനാൽ
മിന്നി,ത്തോൾവളമോതിരം വളകളും ചാർത്തി പ്രഭാപൂരമായ്,
പൊന്നിൻതോട്ടി കരിമ്പുവില്ലുകയർ പൂവമ്പും ധരിക്കുന്ന നിൻ
തൃക്കൈ നാലുമെടുത്തനുഗ്രഹമൊടെൻ മൂർദ്ധാവിൽ വയ്ക്ക ശിവേ!

കവി : പി. ചന്ദ്രശേഖര വാരിയർ, അഷ്ടമിച്ചിറ, കൃതി : *കേശാദിപാദസ്തുതി*

3.2390 പാലഞ്ചുമാറിഹ കിരാതികൾ. . . (നാരായണൻ)

വസന്തതിലകം

പാലഞ്ചുമാറിഹ കിരാതികൾ പാട്ടുപാടി
നീലത്തലക്കുഴലഴിച്ചു പകുത്തിടുമ്പോൾ
ചാലത്തണഞ്ഞു പകവിട്ടു ഫണാകലാപ–
ജാലം വിരിച്ചൂരഗകേകികളാടിടുന്നു

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2391 ചേലഞ്ചും ബാലകന്മാരുടെ. . . (രാജേഷ്)

സ്രഗ്ധര

ചേലഞ്ചും ബാലകന്മാരുടെ കരതളിരിൽക്കൊള്ളിവയ്ക്കുന്ന ചൂര–
ക്കോലും കൈക്കൊണ്ടു ഞാനെങ്ങനെ മരുവിടുമീ പാഠശാലാന്തരത്തിൽ?
ലോലം മച്ചിത്തമയ്യോ! കുതുകഭരിതനാം പൈതലെപ്പോലിളം കാ–
റ്റോലും പാടത്തു പച്ചക്കിളിയുടെ പുറകേ പോകുവാൻ മാഴ്കിടുന്നു.

കവി : വൈലോപ്പിള്ളി

3.2392 ലക്ഷ്മീം രാജകുലേ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ലക്ഷ്മീം രാജകുലേ, ജയാം രണമുഖേ, ക്ഷേമം കരീമദ്ധ്വനി
ക്രവ്യാദദ്വിപസർപ്പഭോജി, ശബരീം കാന്താരദുർഗ്ഗേ ഗിരൗ,
ഭ്രുതപ്രേതപിശാചജംഭകഭയേ സ്മൃത്വാ മഹാഭൈരവീം,
വ്യാമോഹേ ത്രിപുരാം, തരന്തി വിപദസ്താരാഞ്ച തോയപ്ലവേ!

കവി : ലഘുഭട്ടാരകൻ, കൃതി : *ത്രിപുരാസ്തോത്രം*

3.2393 ഭൂവി കൊക്കുകൾ കൊണ്ടു. . . (ഋഷി)

വസന്തമാലിക

ഭൂവി കൊക്കുകൾ കൊണ്ടു കൊത്തിയും തൻ
പവിഴച്ചെങ്കഴൽ മെല്ലെ മെല്ലെ വെച്ചും
സവിലാസമിവന്റെ കൺകുളിർപ്പി–
ച്ചിവിടെത്തെല്ലിടകൂടി ലാത്തണേ നീ

കവി : വള്ളത്തോൾ, കൃതി : *ഒരരിപ്രാവ്*

3.2394 സന്മരന്ദരസമാധുരീ. . . (ജ്യോതി)

കുസുമമഞ്ജരി

സന്മരന്ദരസമാധുരീതുലനകർമ്മാക്ഷരസമുന്മിഷാം
നർമ്മപേശലവചോവിലാസപരിഭ്രുതനിർമ്മലസുധാരസാം
കമ്രവക്ത്രുപവനാഗ്രഹപ്രചലദുന്മദഭ്രമരമണ്ഡലീം
കുർമ്മഹേ മനസി ശർമ്മദാം സതതമംബികാം ത്രിപുരസുന്ദരീം

3.2395 കാടൊക്കെത്തെണ്ടിമണ്ടി. . . (കർത്താ)

സ്രുദ്ധര

കാടൊക്കെത്തെണ്ടിമണ്ടിക്കമലനയനനെക്കണ്ടു കിട്ടാഞ്ഞു കൂട്ടം–
കൂടിക്കൊണ്ടങ്ങു ഗോപീജനമഥ പുളിനേ വാണുടൻ കേണിടുമ്പോൾ,
കോടിക്കാമപ്രകാശം തടവിടുമുടലിൻ ധാടിയോടെത്തിയോര–
ക്കോടക്കാർവർണ്ണനെന്നെക്കരുണയൊടു കടാക്ഷിച്ചു രക്ഷിച്ചിടട്ടെ.

കവി : കൊച്ചുണ്ണിത്തമ്പുരാൻ

3.2396 കൊണ്ടൽക്കോളാൽ കലിതകുതുകം. . . (നാരായണൻ)

മന്ദാക്രാന്ത

കൊണ്ടൽക്കോളാൽ കലിതകുതുകം പീലിയെല്ലാം പരത്തി–
ക്കൊണ്ടക്കേകിപ്രവരനഴകോടാട്ടമാടുന്ന ഭംഗീം
കണ്ടക്കാമീ നിജകമനിയാം നീലവേണീം നിനച്ചി–
ട്ടിണ്ടൽക്കേറ്റം വശഗനവിടെത്തന്നെ മിണ്ടാതെ നിന്നാൻ

കവി : കേരള വർമ്മ വലിയകോയിത്തമ്പുരാൻ , കൃതി : *മയൂരസന്ദേശം*

3.2397 കായേ സീദതി കണുരോധിനി. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

കായേ സീദതി കണുരോധിനി കഫേ കുണ്ഠേ ച വാണീപഥേ
ജിഹ്മായാം ദൃശി ജീവിതേ ജിഗമിഷൗ ശ്വാസേ ശനൈഃ ശാമ്യതി
ആഗത്യ സ്വയമേവ നഃ കരുണയാ കാത്യായനീകാമുകഃ
കർണ്ണേ വർണ്ണയതാദ് ഭവാർണ്ണവഭയാദുത്താരകം താരകം!

കവി : ഉക്കണ്ടിയൂർ അച്യുതപ്പിഷാരടി

3.2398 അപ്പമാതിന്നിരിക്കുന്നതിനു. . . (കർത്താ)

സ്രുദ്ധര

അപ്പമാതിന്നിരിക്കുന്നതിനു മുരഹരൻ മാറിടം നൽകി, മാക–
ന്ദപ്പുബാണാരിതൻ പെണ്ണിനു തനു പകുതിച്ചെയ്തൊക്കം കൊടുത്തു;
മുപ്പാരിൻ മൂപ്പരാകും വിധി നിജ മകളെച്ചെന്നു കൈവച്ചു ഹാ! ക–
ന്ദർപ്പക്കോളൊന്നു കൊള്ളുന്നവരഖിലവുമീ മട്ടിലുൾപ്പെട്ടുപോകും.

കവി : ശീവൊള്ളി

3.2399 മർത്യജന്മമിതു ദുർല്ലഭം. . . (രാജേഷ്)

കുസുമമഞ്ജരി

മർത്യജന്മമിതു ദുർല്ലഭം, ക്ഷിതിപജാതിയിൽ, പെരിയ പത്തനം–
തിട്ട ജില്ലയിൽ ജനിക്കലോ വിഷമ, മദ്ഭുതം കവിത തോന്നലും!
ഇത്രയൊക്കെ ബഹുയോഗ്യനായിടുമെനിക്കു നിത്യമരിവെയ്ക്കുവാൻ
എത്ര പുണ്യതതി ചെയ്തു നീ വളരെ ജന്മമായ് നിയതമോമലേ!

കവി : രാജേഷ് ആർ. വർമ്മ

3.2400 ഇഹത്തിലേ ധനം, സുഖം. . . (നാരായണൻ)

പഞ്ചചാമരം

ഇഹത്തിലേ ധനം, സുഖം യശസ്സുമാഭിജാത്യവും
വഹിച്ചുകൊണ്ടു പോകയില്ല മർത്ത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴുക്കുപെട്ടിടാത്ത പുണ്യമൊന്നുതാൻ
മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും

കവി : സിസ്റ്റർ മേരിബനീഞ്ജ, കൃതി : *ലോകമേ യാത്ര*

3.2401 ആസ്താം പീയൂഷലാഭസ്സുമുഖി. . . (വിശ്വപ്രഭ)

സ്രഗ്ധര

ആസ്താം പീയൂഷലാഭസ്സുമുഖി, ഗരജരാമൃത്യുഹാരീ പ്രസിദ്ധ–
സ്തല്ലാഭോപായചിന്താപി ച ഗരളജ്യേഷോ ഹേതുരുല്ലാഘതായാഃ
നോ ചേദാലോലദൃഷ്ടി പ്രതിഭയട്ടജഗീ ദുഷ്ടകർമ്മാ മുഹസ്തേ
യാമേവാലംബ്യ ജീവേ കഥമധരസുധാമാധുരീമപ്യജാനൻ.

കവി : മേൽപ്പുത്തൂർ

3.2402 നരന്റെ കർമ്മത്തിനു. . . (കർത്താ)

വംശസ്ഥം

നരന്റെ കർമ്മത്തിനു വേഗമേറിയാൽ
വരുന്ന നിഷ്പന്ദത മൃത്യുവെന്നുമാം:
തിരിഞ്ഞിടും പമ്പരമണ്ഡകാണ്ഡവും
സ്ഥിരങ്ങളല്ലല്ലി മനുഷ്യദൃഷ്ടിയിൽ?

കവി : കെ. കെ. രാജാ, കൃതി : *ബാഷ്പാഞ്ജലി*

3.2403 തുംഗദ്രുരോമമരുവിക്കര. . . (നാരായണൻ)

വസന്തതിലകം

തുംഗദ്രുരോമമരുവിക്കരയഷ്ടിപാദം
ശൃംഗപ്പെരുന്തല ഗ്രഹാസ്യമിറ്റൊക്കെയേറ്റം
അംഗത്തിലാളുമിവനാദിവിരാൾപ്പുമാൻപോൽ
ഭംഗംവെടിഞ്ഞു മുനിസേവിതനായിടുന്നു

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2404 അത്യുച്ചനാകം ഹിമവാൻ. . . (കർത്താ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

അത്യുച്ചനാകം ഹിമവാൻ കഴിഞ്ഞൊ–
രാഴിക്കുമേൽ ഗംഗയൊഴുക്കിടുന്നു;
അവന്റെ പുത്രന്നുകൊണ്ടു പോരാ–
ഞ്ഞതിന്നകം പാർപ്പതിലാശ തോന്നി.

കവി : ഉള്ളൂർ, കൃതി : *തുമ്പപ്പൂവ്*

3.2405 അനാഥനാമടിയൻ. . . (മധുരാജ്)

അതിരുചിര

അനാഥനാമടിയനനാസ്ഥയെന്നിയേ
വിനാ ഭയം വിമതവിനാശനത്തിനായ്
അനാമയേ തുനിവതനാരതം ഘനാ–
ഘനാഭ നിന്നുടയ ഘനാനുകമ്പതാൻ

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2406 ആലപ്പീ പോയ്, പഴയ. . . (കർത്താ)

മന്ദാക്രാന്ത

ആലപ്പീ പോയ്, പഴയ പുഴയായിന്നു ശാന്തം ഗമിപ്പൂ,
പാവം കയ്‌ലോൺ! വികടനിലപോയ് കൊല്ലമായുല്ലസിപ്പൂ!
സായിപ്പൻമ്മാർ തനതുമുറയായ് തീർത്തതാം ഗോഷ്ടി പോയി–
ക്കാലം പോലേ പഴയനിലയായ് വന്നു, കണ്ണൂരടക്കം.

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കുട്ടിശ്ലോകങ്ങൾ*

3.2407 സംഭരിതഭ്രരികൃപ,മംബ. . . (മധുരാജ്)

ഇന്ദുവദന

സംഭരിതഭ്രരികൃപ,മംബ,ശുഭമങ്ഗം
ശുംഭതു ചിരന്തനമിദം തവ മദന്തഃ
ജംഭരിപു കുംഭിവരകുംഭയുഗഡംഭ–
സ്തംഭികുചകുംഭപരിരംഭപരശംഭുഃ

3.2408 ജനിച്ചനാൾ തൊട്ടു. . . (ഋഷി)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ജനിച്ചനാൾ തൊട്ട മരിക്കുവോളം
ഞാനാചരിയ്ക്കും ബഹുകർമ്മമെല്ലാം
കാരുണ്യവാരാന്നിധിയായ ദേവ–
നാരായണന്നർപ്പണമായ് വരട്ടേ!

കവി : ശ്രീദേവി, തൃക്കൊടിത്താനം, കൃതി : *സമസ്യാപൂരണം*

3.2409 കാലം ദേശമിവയ്ക്കകത്തണു. . . (ജീവി)

ശാർദ്ദൂലവിക്രീഡിതം

കാലം ദേശമിവയ്ക്കകത്തണുവുമിന്നൂനം പെടാതൊക്കെയും
ചേലിൽ ചേർത്തു ഭരിക്കുവാൻ നരപതേ മോഹിച്ചിടുന്നു ഭവാൻ.
ഈലോകത്തൊരുമട്ടു ജീവിതമഹാഭാരം വഹിക്കുന്നതി–
ന്നാലോചിച്ചിടുകെത്രമാത്രമഴലെന്നാലും സഹിച്ചീടണം!

കവി : ചങ്ങമ്പുഴ, കൃതി : *സ്വരരാഗസുധ*

3.2410 ഈരേഴമ്പാടി വാഴും. . . (ഋഷി)

സ്രുദ്ധര

ഈരേഴമ്പാടി വാഴും തിരുവടി മടിയില്ലാതെവന്നെന്റെ കൂടെ–
ച്ചേരേണം, മാരണങ്ങൾക്കുതിയരുളണം, മാറണം ഭീതിയെല്ലാം
ആരാണിക്കാലമെന്നെക്കനിവൊടു പരിപലിയ്ക്കുവാൻ കൈടഭാരേ!
തീരട്ടേയെന്റെ രോഗക്കുടമിതു കടകോലാലുടയ്ക്കട്ടെ രാധ!

കവി : എസ്. രമേശൻ നായർ, കൃതി : *കന്നിമണികൾ*

3.2411 അന്നേരം താമരപ്പൂന്തളികകളിൽ. . . (കർത്താ)

സ്രുദ്ധര

അന്നേരം താമരപ്പൂന്തളികകളിൽ മണിച്ചെപ്പു നൽക്കർണ്ണികാഖ്യം
വിന്യസ്യാലോലഫേനസ്മിതമധുരമുഖീ, ഭൃംഗനേത്രാഭിരാമാ,
ധന്യാ, ശൈവാലമാലാഘനചികുരഭരാ, ചക്രവാകസ്തനാഢ്യാ,
വന്നാൾ മെല്ലെന്നെതിർപ്പാൻ പരിചൊടു സരയൂനിർമ്മലാംഗീ തദഗ്രേ.

കവി : പൂനം നമ്പൂതിരി, കൃതി : *രാമായണം ചമ്പു*

3.2412 ധന്യാത്മാവേ, ഖഗവര. . . (നാരായണൻ)

മന്ദാക്രാന്ത

ധന്യാത്മാവേ, ഖഗവര! ജയിച്ചാലുമെന്നിൽപ്രസാദി–
ച്ചന്യായത്താലഴലിലുഴലുന്നെന്നെ നീതാൻ തൃണയ്ക്ക
വന്യാവാസേ വിഹഗനിവഹേ ബാഹ്ലേയൻ ഗ്രഹിച്ചാ–
നന്യസാധാരണഗുണഗണം കാൺകയാൽത്തന്നെ നിന്നെ

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.2413 വാടിവീണ ചെറുപൂവു കണ്ടു. . . (മധുരാജ്)

കുസുമമഞ്ജരി

വാടിവീണ ചെറുപൂവു കണ്ടു, പുഴയിൽക്കുളിപ്പതിനു പോകവേ
വേടനെയ്ത കണയേറ്റുവീണ കിളിയെക്കുറിച്ചകമലിഞ്ഞുമേ
പാടിനീട്ടിയതു കാവ്യമല്ല, തൊഴിലാളിതൻ കദനജീവിത–
പ്പാട്ടു പാടുവതു കാവ്യമെന്നതുരുവിട്ടു ഞാൻ ബിരുദധാരിയായ്!

കവി : മധുരാജ്

3.2414 പാണിന്യുക്തം പ്രമാണം. . . (കർത്താ)

സ്രുധര

പാണിന്യുക്തം പ്രമാണം ന തു പുനരപരം ചന്ദ്രഭോജാദിശാസ്ത്രം
കേപ്യാഹ്രസ്തല്ലഘിഷ്ടം, ന ഖലു ബഹ്വിദാമസ്തി നിർമ്മൂലവാക്യം,
ബഹ്വാംഗീകാരഭേദോ ഭവതി ഗുണവശാത്; പാണിനേഃ പ്രാക് കഥം വാ
പൂർവോക്തം പണ്ിനിശ്ചാപ്യനുവദതി; വിരോധേപി കല്യോ വികൽപഃ.

കവി : മേൽപ്പുത്തൂർ, കൃതി : *അപാണിനീയപ്രാമാണ്യം.*

3.2415 ബിംബാരാധന ഹീനമെന്നരുളിയാ. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

ബിംബാരാധന ഹീനമെന്നരുളിയാ ബുദ്ധൻ, തിരിഞ്ഞി, ല്ലതിൻ–
മുൻപേ ശിഷ്യരൊരായിരം പ്രതിമയാൽ സ്ഥാപിച്ചു ബൗദ്ധം മതം;
സമ്പത്പ്രത്യയശാസ്ത്രമമ്പലവിരോധം പാടി,യുണ്ടായതോ
ചെമ്പട്ടിൻ കൊടിപാറുമമ്പലശതം, നമ്പൂതിരിപ്പാടിനും!

കവി : മധുരാജ്

3.2416 സ്വർഗ്ഗംഗാദേവിയില്ലേ?. . . (കർത്താ)

സ്രുധര

സ്വർഗ്ഗംഗാദേവിയില്ലേ? ശിവനവളെ രഹസ്യം പിടിക്കാറുമില്ലേ?
സ്വർഗ്ഗത്തിൽക്കട്ടുറുമ്പായിവളിവിടെയിരുന്നിട്ടവർക്കെന്തു കാര്യം?
ഭർഗ്ഗിക്കുന്നില്ല, ഞാനായിനി ബഹുസുഖമായെന്റെപാടായിയെന്നും
ഭർഗ്ഗൻ തന്നോടനേകം പരിഭവമരുളും പാർവ്വതിക്കാത്തൊഴുന്നേൻ.

കവി : ശീവൊള്ളി

3.2417 ഭ്രരിജന്ത്രുഗമനങ്ങൾ. . . (മധുരാജ്)

രഥോദ്ധത

ഭ്രരിജന്ത്രുഗമനങ്ങൾ പൂത്തെഴും
ഭ്രരുഹങ്ങൾ നിറയുന്ന കാടുകൾ
ദൂരദർശനകൃശങ്ങൾ കണ്ടുതേ
ചാരുചിത്രപടഭങ്ഗിപോലവൻ

കവി : കുമാരനാശാൻ, കൃതി : *നളിനി*

3.2418 ദാനത്തിനത്രേ. . . (കർത്താ)

ഇന്ദ്രവജ്ര

ദാനത്തിനത്രേ വിഭവം നമുക്കു;
സന്താനലാഭത്തിനു ധർമ്മപത്നി;
തത്ത്വാവബോധത്തിനു ബുദ്ധിശക്തി;
ലോകോപകാരത്തിനു മർത്ത്യജന്മം.

കവി : ഉള്ളൂർ, കൃതി : *സുഖം സുഖം*

3.2419 താരമന്തരനുചിന്ത്യ. . . (മധുരാജ്)

രഥോദ്ധത

താരമന്തരനുചിന്ത്യ സന്തതം
പ്രാണവായുമഭിയമ്യ നിർമലാഃ
ഇന്ദ്രിയാണി വിഷയാദഥാപഹ–
ത്യാസ്മഹേ ഭവദുപാസനോന്മുഖാഃ

കവി : മേൽപത്തൂർ, കൃതി : *നാരായണീയം (നാലാം ദശകം)*

3.2420 ഇങ്കിരീസു വളരെ. . . (കർത്താ)

രഥോദ്ധത

ഇങ്കിരീസു വളരെപ്പഠിച്ചു കൈ–
ങ്കര്യമോ, ഭവതി കൈരളിക്കുമേൽ;
ശങ്കയറ്റെഴുതി വിട്ടിടുന്നതിൽ
മങ്കു പോലെ മലയാളവാക്കുകൾ.

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കട്ടിശ്ലോകങ്ങൾ*

3.2421 ശംകരേണ വിജയസ്യ. . . (മധുരാജ്)

സ്വാഗത

ശംകരേണ വിജയസ്യ തപോഭി–
സ്തോഷിതേന വരദേന വനാന്തേ
യാ കിരാതവപുഷാ സഹ ഗൗരീ
‘സ്വാഗതാ’ ജയതു സാ ത്വരിതാഖ്യാ

കവി : ഈശാനശിവഗുരുദേവൻ, കൃതി : *തന്ത്രസാരം അതവാ ഈശാനശിവഗുരുദേവ പദ്ധതി*

3.2422 യദ് ഗോത്രസ്യ പ്രഥമപുരുഷ. . . (കർത്താ)

മന്ദാക്രാന്ത

യദ് ഗോത്രസ്യ പ്രഥമപുരുഷസ്തേജസാമ്മീശ്വരേ∫ യം
യേഷാം ധർമ്മപ്രവചനഗുരുർബ്രഹ്മവാദീ വസിഷ്ഠഃ
യേ വർത്തന്തേ തവ ച ഹൃദയേ സുഷ്ഠുസംബന്ധയോഗ്യാ–
സ്തേ രാജാനോ മമ പുനരയം ദാരുണഃ ശൂല്കസേതുഃ.

കവി : പുനം നമ്പൂതിരി, കൃതി : *ഭാഷാരാമായണം ചമ്പു*

3.2423 യാചിച്ചവർക്കവരവർക്കു. . . (ഋഷി)

വസന്തതിലകം

യാചിച്ചവർക്കവരവർക്കു സമസ്ത പാപം
മോചിച്ചു തൽക്ഷണമതേ പറയേണ്ടതുള്ളൂ
പൂജിച്ചുവെച്ച കുലവില്ലുമൊടിച്ചു മെല്ലെ
മോദിച്ചുപോന്ന മരുവീടിനതും തൊഴുന്നേൻ

കവി : പുന്താനം, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.2424 പോവട്ടെയച്ഛനരിശപ്പെട്ടും. . . (രഘു സി. വി.)

വസന്തതിലകം

പോവട്ടെയച്ഛനരിശപ്പെടുമെന്ന കാര്യം
സ്ത്രീകൾക്കു ഭർത്തൃസഹചര്യ വെടിഞ്ഞിടാമോ
ഹാ, കഷ്ടമെൻ ദുരിതമെന്നെ വെറുത്തുവല്ലോ
ലോകത്തിലെൻ പരമദൈവതമാം ഭവാനും

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2425 ഹൃത്തിൽ സത്യസ്വരൂപൻ. . . (ഋഷി)

സ്രഗ്ധര

ഹൃത്തിൽ സത്യസ്വരൂപൻ കുളിർ മഴപൊഴിവൂ നിത്യമാക്കാരണത്താൽ
നിർഭീകാനന്ദയാമാ ദ്രുപദതനയതൻ മെയ്യിലെസ്സാരി നോക്കൂ
നീളം വയ്ക്കുന്നതാനേ, കലുഷഹൃദയരാം നൂറ്റവർക്കാകമാനം
ചിത്തം മങ്ങുന്നു, കൂവും സഭയിലിനിയുമീ വേഷമാടേണമെന്നോ?

കവി : ചിന്മയനിലയം വി. സി. പദ്മനാഭൻ നായർ, നീലേശ്വരം, കൃതി : *സമസ്യാപൂരണം*

3.2426 നായ്ക്കുട്ടങ്ങൾ, നനഞ്ഞുലഞ്ഞ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നായ്ക്കുട്ടങ്ങൾ, നനഞ്ഞുലഞ്ഞ ചകലാസും നൽത്തലേക്കെട്ടുമായ്–
ത്തുക്കിക്കൊണ്ടു കുണുക്കുമിട്ടു വളരെപ്പേച്ചും പറഞ്ഞങ്ങനെ,
നായ്ക്കൻമ്മാരഥ ക്ഷമയും വടിയുമായ് നായ്ക്കത്തിമാരൊത്തഹോ!
കൂക്കിക്കൊണ്ടു വരുന്നു പൂരമതിനായ് പൂരിച്ച മോദാന്വിതം.

കവി : വെണ്മണി മഹൻ, കൃതി : *പൂരപ്രബന്ധം*

3.2427 നാരായണായനമയെന്ന സദാ. . . (രഘു സി. വി.)

വസന്തതിലകം

നാരായണായനമയെന്ന സദാ ജപിച്ചാൽ
പാപം കെടും,പശി കെടും,വ്യസനങ്ങൾ തീരും
നാവിന്നണർച്ച വരുമേറ്റവുമന്ത്യകാലേ
ഗോവിന്ദപാദകമലങ്ങൾ തെളിഞ്ഞു കാണാം

3.2428 നീരസ്സ്രുനീലജലദ. . . (മധുരാജ്)

വസന്തതിലകം

നീരസ്സ്രുനീലജലദപ്പലകപ്പുറത്തു
വാരഞ്ചിടുന്ന വളർവില്ലുവരച്ചുമായ്ച്ചും
നേരറ്റ കൈവളകളാൽ ചില മിന്നൽ ചേർത്തും
പാരം ലസിക്കുമമലപ്രകൃതിക്കു കൂപ്പാം

കവി : ജി. ശംകരക്കുറുപ്പ്, കൃതി : *ഓടക്കുഴൽ*

3.2429 നിമേഷമഞ്ചാറിനിടയ്ക്ക്. . . (രഘു സി. വി.)

വംശസ്ഥം

നിമേഷമഞ്ചാറിനിടയ്ക്കമംഗള–
പ്രമേയമാ രംഗമതാ മറഞ്ഞുപോയ്.
ക്രമേണ സംഗീതമരന്ദസാന്ദ്രമാ–
യുമേശ ശൈലോപരി വായുമണ്ഡലം.

3.2430 കാണാമുത്തുംഗ ദുർഗ്ഗം. . . (ഋഷി)

സ്രുധര

കാണാമുത്തുംഗ ദുർഗ്ഗം പടുതയിൽ വിടരും പദ്യമാം ഗോപുരങ്ങൾ
കാണാമുള്ളിൽ പ്രതിഷ്ഠാ പ്രസരിത ചരിതം വൃത്തപദ്യാഭിരാമം
വാണീ വിദ്യാവിലാസം ഗമചതുരകലാ കേളിതൻ വാദ്യഘോഷം
നീണാൾ കേൾക്കേണമെന്നാൽ അനുപമ കവിതൻ മന്ദിരം കാത്തിടേണം

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.2431 വട്ടച്ചുട്ടും കുനുട്ടും. . . (രാജേഷ്)

സ്രുധര

വട്ടച്ചുട്ടും കുനുട്ടും വലിയ തലയെടുപ്പും നടപ്പും വെടിപ്പും
പൊട്ടിച്ചുള്ളഞ്ജനക്കല്ലൊളിയൊടു കിടയാം വൻകുറുപ്പും നിരപ്പും
പൊട്ടിച്ചോരുന്ന ഗർവ്വും ശിവശിവശിവനേ പൈക്കളെച്ചെന്ന കുത്തി–
ക്കുട്ടിച്ചോരം വരുത്തുന്നിവനുടെ തടിയും താടയും പേടിയാകും.

കവി : വെണ്മണി മഹൻ നമ്പൂതിരി

3.2432 പങ്കജേക്ഷണനു ലക്ഷ്മിതാ. . . (കർത്താ)

കുസുമമഞ്ജരി

പങ്കജേക്ഷണനു ലക്ഷ്മി താ,നചലമങ്ക ശങ്കരനു, മാരന–
മ്മംഗലാംഗി രതിദേവി, സുന്ദരി പുരന്ദരന്നൊരു പുലോമജാ,
ശങ്കരായ നമ, ദുർല്ലഭം പെരികെ നല്ല യോഗമിതു മൈഥിലി–
പ്പെൺകിടാവിവളെനിക്കുമെന്നു വരുമാകിലെന്തു പറയാവതോ.

കവി : പുനം നമ്പൂതിരി, കൃതി : *ഭാഷാരാമായണം ചമ്പു*

3.2433 ശിഷ്യൻ പ്രവർത്തിച്ചതു. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ശിഷ്യൻ പ്രവർത്തിച്ചതു വീരധർമ്മം
സുതാംഗവൈകല്യമൊരുഗ്ര ശല്യം
സർവജ്ഞനെന്നാലുമിതിങ്കൽ ഞായം
തോന്നാഞ്ഞു ചിന്താവശനായ് മഹേശൻ.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.2434 സാദം ചേർന്ന മയങ്ങിടുന്ന. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

സാദം ചേർന്ന മയങ്ങിടുന്ന നരരെമ്പാടും വൃഥാ ഭൗതികോ–
ന്മാദം തിങ്ങി നശിച്ചിടുന്ന പകയാണെങ്ങും കൊടും ദ്വേഷവും
ലേശം ഹൃത്തിലെഴുന്നതില്ല വിനയം പാരിൽപ്പരക്കും തമഃ–
പാശം നീക്കുവതിന്ന താവകകൃപാപൂരം കൊതിക്കുന്ന ഞാൻ.

കവി : ദി. ശ്രീമാൻ നമ്പൂതിരി, കൃതി : *മുക്തകങ്ങൾ*

3.2435 ലോകത്തിന്നു രസിക്കുവാൻ. . . (ശ്രീകാന്ത്)

ശാർദ്ദൂലവിക്രീഡിതം

ലോകത്തിന്നു രസിക്കുവാൻ സിനിമയിന്നാവശ്യമാ,ണക്ഷര–
ശ്ലോകം മാനവഭാവനാന്തരചലച്ചിത്രപ്രകാരാന്തരം!
പാകത്തെറ്റു വരാതെ, വൃത്ത നിയമം താലം പിടിച്ചീടവേ,
നാകത്തുമണമാർന്ന സുസ്വരമൊടാ മേളം മനോമോഹനം!

കവി : കെ. കെ. രാജാ

3.2436 പൂന്തോട്ടക്കാരനാകാൻ കൊതി. . . (കർത്താ)

സ്രഗ്ധര

പൂന്തോട്ടക്കാരനാകാൻ കൊതി, ഭവതിയെനിക്കേകണം ജോലി, തെല്ലും
താന്തോന്നിത്തത്തിനല്ലെൻ കൊതി, വനികയിലെക്കർമ്മസാരഥ്യമല്ലോ
ഞാൻ തോളത്താർന്ന പാഥോഭരിതജലവുമായ് സേവനവ്യഗ്രനാകും
സ്വാന്തോന്മാദം മദീയം തവചരണയുഗം കൃപ്പുകെന്നുള്ളതല്ലോ?

കവി : ഡി. ശ്രീമാൻ നമ്പൂതിരി, കൃതി : *മുക്തകങ്ങൾ*

3.2437 ഞൊടിച്ചാൽ മടിയ്ക്കാത്. . . (ഋഷി)

ട്ടജംഗപ്രയാതം

ഞൊടിച്ചാൽ മടിയ്ക്കാതടുത്തേയ്ക്കടുക്കും
പിടിച്ചാൽ മെരുക്കത്തൊടേ പുച്ഛമാട്ടും
കടിയ്ക്കില്ലൊരാളേയുമീനായയെന്നാൽ
കിടുങ്ങീടുമാരും കരയ്ക്കന്നകേട്ടാൽ

കവി : വി. കെ. വി. മേനോൻ, കൃതി : 'ഞ'കാര നാൽക്കാലികൾ

3.2438 കിഞ്ചനോന്നമിതമാം. . . (രഘു സി. വി.)

രഥോദ്ധത

കിഞ്ചനോന്നമിതമാം കഴുത്തൊടും
ചഞ്ചലാക്ഷി പുട വീക്ഷണത്തൊടും
തഞ്ചമായ് കൃശ പദങ്ങൾ വച്ചിതാ
സഞ്ചരിപ്പിതൊരു കോഴി മെല്ലവേ

കവി : വള്ളത്തോൾ, കൃതി : *കോഴി*

3.2439 തടി ചിലരുമുറിക്കാൻ. . . (കർത്താ)

മാലിനി

തടി ചിലരുമുറിക്കാനുദ്യമിക്കുന്ന കാട്ടിൽ,
തടി ചിലരു കുറക്കാനാഗ്രഹിക്കുന്ന നാട്ടിൽ;
തടിയുടെ വില കൂട്ടും കാല, മീ നാരിമാരി–
ത്തരമൊരു നയമെന്തേ കൊൾവതാശ്ചര്യമല്ലോ!

കവി : ഏവൂർ പരമേശ്വരൻ, കൃതി : *തടിവില (കൂട്ടിശ്ലോകങ്ങൾ)*

3.2440 താരമ്പനൻപൊടു. . . (ശ്രീകാന്ത്)

വസന്തതിലകം

താരമ്പനൻപൊടു തുരുമ്പിയലാത്ത വമ്പൻ–
ക്രൂരമ്പയച്ചളവു സമ്പ്രതി ചമ്പകാംഗി,
നേരം പുലർന്നസമയം വിടരാൻ വിതുമ്പും–
താരിന്റെ സംഭ്രമ പരമ്പര പിമ്പിലാക്കി.

3.2441 നാരങ്ങ, മാങ്ങ,. . . (രഘു സി. വി.)

വസന്തതിലകം

നാരങ്ങ, മാങ്ങ, പുളിയിഞ്ചിയിവറ്റിൽ വച്ചു
നാരങ്ങയോടെതിരഹോ പുനരൊന്നുമില്ലാ.
നെല്ലിയ്ക്ക നല്ല കറിവച്ചു തരുന്നതാകിൽ
ചൊല്ലാർന്നൊരത്തരുണിയാൾക്കൊരു പുത്രനുണ്ടാം.

3.2442 നീഹാരശീതള. . . (മധുരാജ്)

വസന്തതിലകം

നീഹാരശീതളവിഭാവരിയിൽ പ്രസന്ന–
താരാവലീസഹിതനായി വിനിദ്രനായി
ഇന്ദോ, ഭവാനുലകുചുറ്റുകില്യം, ചിരാഭി–
സംപീഡയാൽ ക്ഷയമനുക്രമമായ്പ്പെരുക്കും!

കവി : വി. കെ. ജി.

3.2443 ഇഷ്ടാത്മജാം രഹസി. . . (ഉമേഷ്)

വസന്തതിലകം

ഇഷ്ടാത്മജാം രഹസി വേട്ടതു സമ്മതിച്ച
ശിഷ്ടാഗ്ര്യനാം മുനി നിനക്കവമാന്യനത്രേ –
മുഷ്ടം ധനം തിരികെ മോഷകനേ വിളിച്ച–
ദുഷ്ടന്നു നൽകുവതു പോലിതു ചെയ്ക മൂലം.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ / കാളിദാസൻ, കൃതി : *ശാകുന്തളം പരിഭാഷ*

3.2444 മോഡേൺ കവിക്കു. . . (കർത്താ)

വസന്തതിലകം

മോഡേൺ കവിക്കു സുഖമാ, ണറിയേണ്ട വൃത്തം
തേടേണ്ട വാക്കിനുടെയർത്ഥ, മനർത്ഥമിഷ്ടം;
ജാടത്തരങ്ങളധികം, കടലും കടന്നു
പോകുന്നു, മോഡലു തിരക്കി മഹാനുഭാവൻ.

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കുട്ടിശ്ലോകങ്ങൾ*

3.2445 ജഗദാദിമനാദിമജം. . . (അനീഷ്)

തോടകം

ജഗദാദിമനാദിമജം പുരുജം
ശരദംബര തുല്യതനും വിതനും
ധൃതകഞ്ജരധാംഗഗതം വിയതം
പ്രണമാമി രമാധിപതിം തമഹം

3.2446 ധരാസ്വർഗ്ഗപാതാളം. . . (രാജേഷ്)

ഭുജംഗപ്രയാതം

ധരാസ്വർഗ്ഗപാതാളമൊന്നിച്ചുരുട്ടീ–
ട്ടിനിയ്ക്കാനതിൽത്തെല്ലു നർമ്മം കലർത്തി
ജവാൽത്തന്റെ കീശയ്ക്കകത്തുന്ന നമ്മൾ–
ക്കതേകീട്ടുപോയോരു 'മാസ്റ്റർ'ക്കു കൃപ്പാം.

കവി : രാജേഷ് ആർ. വർമ്മ. കഞ്ഞുണ്ണിമാഷിനെപ്പതി.

3.2447 ജായാവശൻ നൃപതി. . . (ശ്രീകാന്ത്)

വസന്തതിലകം

ജായാവശൻ നൃപതി മായയിൽ മാഴ്കിടുമ്പോൾ
ആയം പെരുത്തപഴിയാൽ കരൾ വിണ്ട ബാലൻ
തായയ്ക്കടുത്തുടനണഞ്ഞിതു,കർമ്മ ബന്ധം–
മായാൻ ഭവച്ചരണമോർപ്പതിനമ്മയോതി.

3.2448 തുമ്പിക്കരത്തിനിഹ. . . (ഉമേഷ്)

വസന്തതിലകം

തുമ്പിക്കരത്തിനിഹ തോലിനു കട്ടി കൊണ്ടും
രംഭാദ്രുമത്തിനൊഴിയാത്ത തണുപ്പിനാലും
ആകാരമൊത്തളവിലും ലഭിയാതെ പോയീ
തന്വംഗി തന്റെ തുടകൾക്കുപമാനഭാവം.

കവി : ഏ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *കുമാരസംഭവം പരിഭാഷ*

3.2449 അന്തിപ്പൂന്തിങ്കളുന്തി. . . (വിശ്വപ്രഭ)

സ്രുദ്ധര

അന്തിപ്പൂന്തിങ്കളുന്തിത്തിരുമുടിതിരുകിച്ചൂടിയാടും ഫണത്തിൻ–
ചന്തം ചിന്തും നിലാവിന്നൊളിവെളിയിൽ വിയദ്ഗംഗ പൊങ്ങിക്കവിഞ്ഞും
ചന്തച്ചെന്തീമിഴിച്ചെങ്കതിർനിര ചൊരിയിച്ചന്തകാരാനകറ്റി–
ച്ചിന്താസന്താനമേ, നിന്തിരുവടിയടിയൻ സങ്കടം പോക്കിടേണം

കവി : ശ്രീനാരായണഗുരു , കൃതി : *സുബ്രഹ്മണ്യകീർത്തനം*

3.2450 ചെറുശ്ശേരിയായാൽ. . . (കർത്താ)

ഭുജംഗപ്രയാതം

ചെറുശ്ശേരിയായാൽ ചെറുശ്ശേരിയാട്ടെ,
എഴുത്തച്ഛനായാലെഴുത്തച്ഛനാട്ടെ,
എനിയ്ക്കേവരും പഥ്യ, മീ നാട്ടുമണ്ണിൻ
മണംചേർന്നതാകട്ടെ, യെൻ കാവ്യശിൽപം!

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കുട്ടിശ്ലോകങ്ങൾ*

3.2451 എന്നോമലേ മനുജജീവിതം. . . (ഋഷി)

വസന്തതിലകം

എന്നോമലേ മനുജജീവിതമൊന്നുമാത്ര–
മെന്നോ മറിഞ്ഞു തകരുന്നൊരു പാനപാത്രം
മിന്നൽക്കൊടിയ്ക്കു സമമായ് നിമിഷങ്ങൾകൊണ്ടു
മന്നിൽസ്വകീയസുഖനാകതലം രചിയ്ക്കാം.

കവി : ഡോ. വി. എസ്. വാരിയർ, കൃതി : *സ്വയം കൃതാനർഥം*

3.2452 മുഗ്ധാനുരാഗമൊഴുകുന്നൊരു. . . (ജ്യോതി)

വസന്തതിലകം

മുഗ്ധാനുരാഗമൊഴുകുന്നൊരു ഗാനമായി
മോഹിപ്പതാമഴകെഴുന്നലപോലെയായി
അൻപോലുമീശനറിവിൻകടൽ താൻ കടഞ്ഞു
ചെമ്മേ പകർന്ന സുധ താവക മേധയിങ്കൽ!

കവി : പ്രൊഫ. പി. എം.ജി. നമ്പീശൻ, കൊൽക്കത്ത, കൃതി : *യൂസഫലികേച്ചേരിയ്ക്ക് ആദരപൂർവ്വം*

3.2453 ആമേഖലം സഞ്ചരതാം. . . (രഘു സി. വി.)

ഇന്ദ്രവജ്ര

ആമേഖലം സഞ്ചരതാം ഘനാനാം
ഛായാമധഃ സാനു ഗതാ നിഷേവ്യ
ഉദ്വേജിതാ വൃഷ്ടിഭിരാശ്രയന്തേ
ശൃംഗാണി യസ്യാതപവന്തി സിദ്ധാഃ

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.2454 ഉല്ലംഘ്യ സിന്ധോസ്സലിലം. . . (വിശ്വപ്രഭ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഉല്ലംഘ്യ സിന്ധോസ്സലിലം സലീലം
യഃ ശോകവഹ്നിം ജനകാത്മജായാഃ
ആദായ തേനൈവ ദദാഹ ലങ്കാം
നമാമി തം പ്രാഞ്ജലിരാഞ്ജനേയം

3.2455 അരിമമകനുറങ്ങ്. . . (കർത്താ)

പുഷ്പിതാഗ്ര

അരിമമകനുറങ്ങ്–ഉറക്കമെന്നോ
ഹരി! ഹരി! ഞാനൊരു വാക്കുരച്ചുപോയി!
ദുരിതമെഴുമെനിക്കടുത്തതല്ല–
പ്പെരിയവർതന്മൊഴി–നീ മയങ്ങു കുഞ്ഞേ!

കവി : **ഉള്ളൂർ**, കൃതി : *എന്റെ സ്വപ്നം*

3.2456 ദാരങ്ങൾ തൻ പരമദീനത. . . (രഘു സി. വി.)

വസന്തതിലകം

ദാരങ്ങൾ തൻ പരമദീനത കാൺകയാല–
ദ്ധീരന്നഭ്രത ചര ധൈര്യലയം പിണഞ്ഞു.
പാരം പതച്ചു കരൾ, മേനി വിയർത്തു, നാസാ–
ദ്വാരം വിടർന്നു, മിഴിയിൽ ചൂടുനീരുയർന്നു.

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2457 പാവനം ഭവ. . . (കർത്താ)

രഥോദ്ധത

പാവനം ഭവഭയങ്കരാടവീ–
ദാവപാവകവിപാകമാസ്ഥലം
ദേവരാജനയനേർഷ്യ വായ്ക്കുമാ–
ബ്ഭ്രവലാന്തകനു നൽകി സമ്മദം.

കവി : **ഉള്ളൂർ**, കൃതി : *ഉമാകേരളം*

3.2458 ദളങ്ങലിൽ തങ്ങിന. . . (ബാലു)

വംശസ്ഥം

ദളങ്ങളിൽ തങ്ങിന വാരിധാരയാ–
ലലുക്കു ലുക്കീടിന മോടി പൂണ്ടതാം
വിടർന്ന തണ്ടാർക്കുട ചാർത്തിനാളവൾ–
ക്കുയർന്ന തണ്ടാമൊരു ദണ്ഡൊടേ രമാ

കവി : **ഏ. ആർ. രാജരാജവർമ്മ**, കൃതി : *ഭാഷാകുമാരസംഭവം*

3.2459 വണ്ടാറണിക്കുഴലഴിഞ്ഞു. . . (ഉമ)

വസന്തതിലകം

വണ്ടാറണിക്കുഴലഴിഞ്ഞു പുറത്തു ചിന്നി–
ക്കൊണ്ടാത്മവല്ലഭ വരും വരവന്നകാണ്ഡേ
കണ്ടാർന്നകല്ലറയിലെച്ചെറുതാം വെളിച്ചം
കൊണ്ടാ യുവാവലഘുനെഞ്ചിടി പൂണ്ടു കണ്ടു

കവി : **വള്ളത്തോൾ**, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2460 കരാരവിന്ദേന. . . (അനീഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കരാരവിന്ദേന പദാരവിന്ദം
മുഖാരവിന്ദേ വിനിവേശയന്തം
വടസ്യ പത്രസ്യ പുടേ ശയാനം
ബാലം മുകുന്ദം മനസാ സ്മരാമി

3.2461 വന്ദേഥാസ്ഥാം ഭ്രമര. . . (ജ്യോതി)

മന്ദാക്രാന്ത

വന്ദേഥാസ്ഥാം ഭ്രമര പുരതഃ കഞ്ചിദാശ്ചര്യബാലം
ഘോഷാദ്യോഷാമന ഇവ മുഹുർഗോരസം ചോരയന്തം
അസ്യ ബ്രൂമഃ കഥമിവ പയോലുബ്ധതാം യോ വിശ്രുധാം
മുക്തിം ദത്വാ വിഷകടു പയഃ പീതവാൻ പൂതനായാഃ

കവി : വാസുദേവകവി, കൃതി : *ഭൃംഗസന്ദേശം*

3.2462 ആദിത്യോജ്ജ്വലഭദ്രദീപ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ആദിത്യോജ്ജ്വലഭദ്രദീപവഴിപാടെന്നും മുടങ്ങാതെ നിൻ
പ്രീതിക്കാദിമസന്ധ്യ ചെയ്യ ചരണാംഭോജം പണിഞ്ഞംബികേ,
വാദിച്ചോണമനേകതാരകകളാൽ വെയ്ക്കുന്ന ചുറ്റും വിള–
ക്കാ ദിഗ്ഭിത്തി വരെയ്ക്കെഴുന്ന തിരുമുറ്റത്താകെ മൂവന്തിയും

കവി : ടി. എം. വി.

3.2463 വീടാണെങ്കിൽ വിളക്കു വേണം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

വീടാണെങ്കിൽ വിളക്കു വേണ, മതുകത്തിക്കാൻ വധൂരത്ന, മുൾ–
ള്ളടാൻ നന്മ കലർന്ന തോഴ, രറിവെത്തിക്കാൻ മഹദ്ഗ്രന്ഥവും
ചൂടാൻ പൂവുകൾ, മുശ്ചഭാഷണമുതിർത്തുല്ലാസമെങ്ങും വിത–
ച്ചീടാൻ കൊച്ചുകിടാങ്ങളും; സുഖമിതിൻ മീതെന്തു കൈ വന്നിടാൻ?

കവി : ഡി. ശ്രീമാൻ നമ്പൂതിരി, കൃതി : *മുക്തകങ്ങൾ*

3.2464 ചെങ്കോലില്ല, കിരീടമില്ല,. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ചെങ്കോലില്ല, കിരീടമില്ല, കുടയി, ല്ലശ്വങ്ങളി, ല്ലാനയി,–
ല്ലങ്കപ്പോരിനു ഹുങ്കുമില്ല, സഭയി, ല്ലംഗത്വമില്ലൊന്നിലും;
ശങ്കിക്കേണ്ടുടവാളുമില്ല, തഴുകാൻ വെൺചാമരക്കാറ്റുമി,–
ല്ലെങ്കിൽപ്പോലുമെനിക്കുമുണ്ടു തനതാം രാജ്യം മനോരാജ്യമായ്.

കവി : എസ്. രമേശൻ നായർ

3.2465 ശ്രീരാമൻ തീർത്ഥയാത്രാ. . . (വിശ്വപ്രഭ)

സ്രുദ്ധര

ശ്രീരാമൻ തീർത്ഥയാത്രാവിധിയിലസുരനെക്കൊന്നു പുണ്യപ്രദേശാൻ
ശ്രീകാശീ കാഞ്ചി കാവേരികൾ മധുരമഹേന്ദ്രാദി കന്യാകുമാരീ
ശ്രീരാമൻ സേതു ബന്ധിച്ചവിടമൊരു ധനുഷ്കോടിയെന്നിങ്ങനേ താ–
നോരോന്നേ സേവ ചെയ്തങ്ങമലമതി മുദാ വന്നതും കൈതൊഴുന്നേൻ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2466 ശീതേ∫ധികോഷ്ണ. . . (ഉമേഷ്)

വസന്തതിലകം

ശീതേ∫ധികോഷ്ണ, മതിശീതളമുഷ്ണകാലേ,
സംസ്പഷ്ടരുത്പുളകദം, ബഹുതാപഹാരീ,
അംഭോജകോശസുഭഗം, കളഹംസഗത്യാ,
കിഞ്ചിച്ചലജ്ജലമഹോ, തരുണീകുചാഭം!

3.2467 അമ്മയ്ക്ക വേണോ പുതുമോടി. . . (ജ്യോതി)

ഇന്ദ്രവജ്ര

അമ്മയ്ക്ക വേണോ പുതുമോടി, ഭാവം?
ഇമ്മാതിരിപ്പട്ടൊരു പാഴ്പ്പഴഞ്ചൻ
നെയ്യേണ്ട, കൊയ്യേണ്ട,പണം കൊടുത്താ–
ലയ്യാ! വരുത്താമയലത്തുനിന്നും.

കവി : ജ്യോതി

3.2468 നാമം ചൊല്ലിടുവാൻ,. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നാമം ചൊല്ലിടുവാൻ, പരാപരപദം ധ്യാനിക്കുവാൻ, കന്മഷ–
സ്തോമം ദൂരെയകറ്റുവാൻ, പടരുമീയാപത്തൊഴിച്ചീടുവാൻ
വേണം കൗതുകമെങ്കിലെന്തിനു വൃഥാ മൈക്കും ഘടിപ്പിച്ചതിൻ
ധ്യാനം കൊണ്ടു ദിഗന്തരങ്ങളെ ഞെരുക്കീടുന്ന കോലാഹലം?

കവി : ഡി. ശ്രീമാൻ നമ്പൂതിരി, കൃതി : *നാമം ജപവും മൈക്കും*

3.2469 വനേചരാണാം. . . (രഘു സി. വി.)

ഉപേന്ദ്രവജ്ര

വനേചരാണാം വനിതാസഖാനാം
ദരീഗൃഹോത്സംഗനിഷക്തഭാസഃ
ഭവന്തി യത്രൗഷധയോ രജന്യാ–
മതെയിലപൂരാഃ സുരതപ്രദീപഃ

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.2470 ഭാവിയിരുളെന്നു കരുതുന്നവരു. . . (കർത്താ)

ഇന്ദുവദന

ഭാവിയിരുളെന്നു കരുതുന്നവരു പാരം
ജോലി ലഭിയാത്തയുവലോകമതസംഖ്യം;
ഭാവിവരനാരു, പണമെങ്ങു, തൊഴിലെങ്ങി–
ബ്ഭാവനയിലാഴുമബലാജന കദംബം.

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കട്ടിശ്ലോകങ്ങൾ*

3.2471 ഭിക്ഷോ, മാംസനിഷേവണം. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

"ഭിക്ഷോ, മാംസനിഷേവണം കിമുചിതം?", "കിം തേന മദ്യം വിനാ?";
"മദ്യംചാപി തവപ്രിയം?", "പ്രിയമഹോ വാരാംഗനാഭിസ്സമം.";
"വാരസ്ത്രീ രതയേ കൃതസ്തവധനം?", "ദ്യൂതേന ചൗര്യേണ വാ.";
"ചൗര്യദ്യൂതപരിശ്രമോ∫സ്തി ഭവതഃ?", ***"ഭ്രഷ്ടസ്യ കാന്യാ ഗതി?"***

കവി : കാളിദാസൻ

3.2472 വാവിൽ ജൈവാതൃകനു. . . (കർത്താ)

മന്ദാക്രാന്ത

വാവിൽ ജൈവാതൃകനു വഴി കാണിക്കുവാൻ കൈവിളക്കോ
രാവിൽപ്പൊട്ടച്ചിറകൊടു പറക്കുന്ന മിന്നാമിനുങ്ങോ
ഭാവിക്കുമ്പോൾപ്പരിചൊടയി! നിൻ പാത ചൊല്ലിത്തരാം ഞാൻ
ഹേ വിദ്വൻ! നീ കൃപയൊട്ടു പൊറുത്തീടുകെൻ ചാപലത്തെ.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2473 ഭുവനത്രയശിൽപി. . . (ഉമ)

വസന്തമാലിക

ഭുവനത്രയശിൽപി ചിത്രരത്ന–
പ്രവരശ്രേണി പതിച്ചതിൻപ്രകാശം
തവ മെയ്യിലിതാ, പതിന്മടങ്ങായ്
നവസൂര്യക്കതിരേറ്റു മിന്നിടുന്നു

കവി : വള്ളത്തോൾ, കൃതി : *ഒരരിപ്പിറാവ്*

3.2474 തടയുവതിലൊരർത്ഥം. . . (കർത്താ)

പുഷ്പിതാഗ്ര

തടയുവതിലൊരർത്ഥമി,ല്ലൊഴുക്കാ–
ക്കടയൊടെടുത്തു മറിച്ചുകൊണ്ടുപോകും;
വിടപികഥയിതാണു, പിന്നെ വാഴ–
ത്തടയുടെയോ?–വിജയിപ്പു, ഹാ, വിധേ, നീ!

കവി : ചങ്ങമ്പുഴ, കൃതി : *സൗഹൃദമുദ്ര (സ്പന്ദിക്കുന്ന അസ്ഥിമാടം)*

3.2475 വന്ദാരുലോകവര. . . (വിശ്വപ്രഭ)

മത്തേഭം

വന്ദാരുലോകവരസന്ദായിനീ വിമലകുന്ദാവദാതരദനാ
വൃന്ദാരവൃന്ദമണിവൃന്ദാരവിന്ദമകരന്ദാഭിഷിക്ത ചരണാ
മന്ദാനിലാകലിത മന്ദാരദാമഭിരമന്ദാഭിരാമ മകുടാ
മന്ദാകിനീ ജവന ഭിന്ദാനവാചമരവിന്ദാസനാദിശതുമേ

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2476 മുല്ലായുധത്തഴ കണക്കു. . . (രഘു സി. വി.)

വസന്തതിലകം

മുല്ലായുധത്തഴ കണക്കു തഴച്ച കുന്ത–
ലെല്ലാമഴിഞ്ഞഴകിലീ മണിവേദി തന്മേൽ
മല്ലാക്ഷി തൻ പിറകിലായ് ചിതറിക്കിടപ്പൂ
നല്ലാശ്ശരന്നഭസി കാർമുകിൽ മാല പോലേ.

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2477 മഹാകർമ്മവിജ്ഞാനമൂട്ടി. . . (ജീവി)

ഭുജംഗപ്രയാതം

മഹാകർമ്മവിജ്ഞാനമൂട്ടി ക്രമത്താൽ
മനഃപോഷണം ചെയ്ത വിദ്യാലയങ്ങൾ,
അഹോ നിത്യരമ്യങ്ങ, ളെന്നാലെതിർപ്പൂ
ഗ്രഹാകർഷണം "നീ മറക്കു, മറക്കു"

കവി : ബാലാമണിയമ്മ, കൃതി : *മറക്കു മറക്കു*

3.2478 അനാദ്യന്തമാദ്യം. . . (മധുരാജ്)

ഭുജംഗപ്രയാതം

അനാദ്യന്തമാദ്യം പരം തത്വമർത്ഥം
ചിദാകാരമേകം തുരീയം ത്വമേയം
ഹരിബ്രഹ്മമൃഗ്യം പരബ്രഹ്മരൂപം
മനോവാഗതീതം മഹാശൈവമീഡേ

കവി : ശങ്കരാചാര്യർ, കൃതി : *ശിവഭുജംഗം*

3.2479 ഹരം സർപ്പഹാരം. . . (ഉമേഷ്)

ഭുജംഗപ്രയാതം

ഹരം സർപ്പഹാരം ചിതാഭ്രവിഹാരം
ഭവം വേദസാരം സദാ നിർവികാരം
ശ്മശാനേ വസന്തം മനോജം ദഹന്തം
ശിവം ശങ്കരം ശർവ്വമീശാനമീഡേ.

കവി : ശങ്കരാചാര്യർ, കൃതി : *ശിവാഷ്ടകം*

3.2480 ശ്ലോകങ്ങളിന്നു കുറയുന്നു. . . (കർത്താ)

വസന്തതിലകം

ശ്ലോകങ്ങളിന്നു കുറയുന്നു ബഡായി കാട്ടാ–
നാകാത്ത രംഗമിതു, ശിൽപഭ്രണപ്രധാനം;
ഏകാഗ്രതയ്ക്കടവു തട്ടുകവയ്യ, വാക്കി–
ലൂറും രസം, പദസുഖം കുറയാതെ വേണം.

കവി : ഏവൂർ പരമേശ്വരൻ, കൃതി : *ശ്ലോകദാരിദ്ര്യം (കട്ടിശ്ലോകങ്ങൾ)*

3.2481 എടുത്തിട്ടുക്കേറും. . . (രാജേഷ്)

ശിഖരിണി

എടുത്തിട്ടുക്കേറും കരമിരുപതാൽ തൻ നിലയനം
കിളർത്തിപ്പന്താടും ദശവദനനിൽ പ്രീതി പെരുകി
കരുത്തേറും വാളും വരവുമരുളിപ്പോന്ന ചുടല–
ക്കളത്തെപ്പുക്കോരാപ്പുരരിപു തരേണം രിപുജയം.

കവി : രാജേഷ് ആർ. വർമ്മ

3.2482 കതിരകളെയൊരിക്കൽത്തന്നെ. . . (കർത്താ)

മാലിനി

കതിരകളെയൊരിക്കൽത്തന്നെ ചേർത്താൻ രഥത്തിൽ
കതിരവൻ; അനിലന്നോ യാത്ര താൻ സർവ്വകാലം,
പൃഥിവിയെയൊഴിവില്ലാതേറ്റി വാഴുന്ന ശേഷൻ;
പതിവു നികൃതി വാങ്ങുന്നോർക്കുമോർത്താലിതല്ലോ.

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *മലയാള ശാകുന്തളം*

3.2483 പ്രശീതമാം പല്വലനീരിൽ. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പ്രശീതമാം പല്വലനീരിൽ നീണ്ട
കൊക്കൊന്നു മുക്കാനരുതായ്കമൂലം
പ്രാതൽക്കു മീൻ കുഞ്ഞിനെ നേടിടാഞ്ഞി–
ച്ചിത്രാംഗമാം പൊന്മയുഴന്നിടുന്നു

കവി : വള്ളത്തോൾ, കൃതി : *ഉൾനാട്ടിലെ ഒരു മഞ്ഞുകാലം*

3.2484 പാറക്കല്ലലിയുന്ന വേണ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പാറക്കല്ലലിയുന്ന വേണുരവവും കേകിവ്രജം തുള്ളിടും
കാറൊക്കും കമനീയവിഗ്രഹവുമായെത്തുന്ന ഗോവിന്ദനെ
ഊറും കൂറൊടു നോക്കിനിന്നിടയിടെച്ചേലാഞ്ചലംകൊണ്ടു ത–
ന്നീറൻ കണ്ണു തുടച്ചിടുന്നൊരിടയപ്പെൺകുട്ടിയെക്കപ്പിടാം.

കവി : ഓട്ടൂർ ഉണ്ണിനമ്പൂതിരിപ്പാട്, കൃതി : *രാധ*

3.2485 ഉൽപലം പണിയും. . . (ജീവി)

സ്വാഗത

ഉൽപലം പണിയുമോരഴകോല്യം
പൊൽപദം ലവമിളക്കിടുവാനും
കെൽപകന്നു തളരും മിശിഹായോ–
ടൽപമെന്നിയെ കയർത്തു രിപുക്കൾ.

കവി : കട്ടക്കയം ചെറിയാൻ മാപ്പിള, കൃതി : *ശ്രീയേശുവിജയം*

3.2486 കപോല ഭിത്തിക്ഷത. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

കപോല ഭിത്തിക്ഷത ശോണിതത്താൽ
കാശ്മീരകം ചാർത്തിയ കുഞ്ജരാസ്യൻ
അന്തിച്ചുകപ്പേന്തിയ ശാരദാഭ്രം
പോലേ വിളങ്ങി സ്ഫടികാവദാതൻ.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.2487 അയി, സബല, മുരാരേ. . . (ജ്യോതി)

മാലിനി

അയി, സബല, മുരാരേ! പാണിജാനുപ്രചാരൈഃ
കിമപി ഭവനഭാഗാൻ ഭ്രഷയന്തൗ ഭവന്തൗ
ചലിത ചരണകഞ്ജൗ മഞ്ജു മഞ്ജീരശിഞ്ജാ–
ശ്രവണകുതുകഭാജൗ ചേരതുശ്ചാരുവേഗാത്

കവി : മേൽപ്പുത്തൂർ, കൃതി : *നാരായണീയം ദശകം 45)*

3.2488 ചെറുത വികലബുദ്ധി. . . (ഹരി സി. വി.)

അപരവക്ത്രം

ചെറുത വികലബുദ്ധിപോലവൻ
തിരിയുവതന്നു സഖാക്കൾ കണ്ടുപോൽ
ഒരു കഥയുമതിന്നുശേഷമി–
ങ്ങറിവതുമില്ലൊരു തുമ്പുമില്ല പോൽ

കവി : കുമാരനാശാൻ, കൃതി : *ലീല*

3.2489 ഓടിച്ചാടിത്തൊഴുത്തിൽ. . . (ഋഷി)

സ്രുദ്ധര

ഓടിച്ചാടിത്തൊഴുത്തിൽ ധൃതഗതിയിലണഞ്ഞാർത്തിയോടൊട്ടകിട്ടിൽ–
ച്ചാടിത്തുള്ളിക്കളിക്കുന്നൊരു ചെറിയ പശുക്കുട്ടിയെക്കെത്തലത്താൽ
മാടിപ്പിന്നോക്കമൊക്കിപ്പശുവിനുടെ നറും പാലു പാരം ചെലുത്താ–
നോടിക്കുമ്പിട്ടകിട്ടിൽ തലയിടുമിടയക്കുട്ടിയെക്കൈതൊഴുന്നേൻ!

കവി : വെണ്മണി മഹൻ

3.2490 മന്ദാക്രാന്തേ, വിരഹവിധുരൻ. . . (കർത്താ)

മന്ദാക്രാന്ത

മന്ദാക്രാന്തേ, വിരഹവിധുരൻ പൂർവ്വസന്ദേശകാരൻ
നിന്നോടേറെ പ്രണയമകമേ ചേരുവോനായ് ഭവിച്ചു;
നന്നാരംഭം! വരകവി മഹാകാളിദാസന്റെ മേഘം
നിന്നെത്തേടീ, സകലരുമതേ മാർഗ്ഗമേ പിന്തുടർന്നൂ!

കവി : ഏവൂർ പരമേശ്വരൻ, കൃതി : *മന്ദാക്രാന്ത (കുട്ടിശ്ലോകങ്ങൾ)*

3.2491 നാടാകെത്തന്നെ. . . (ഋഷി)

സ്രുദ്ധര

നാടാകെത്തന്നെ, നാനാവിധമിഹ നരകപ്പേപ്പിശാച്ചുല്ലസിയ്ക്കും
കാടായിത്തീർന്നു, കോടാലികളഹഹ വനം കൊള്ളചെയ്യുന്നു, കൊള്ളാം!
ഓടാനെങ്ങോട്ടു നാമൊക്കെയുമഭയതമം ധാമമയ്യപ്പനാമം
പാടാം, പാടൊക്കെ മാറാനൊരു വഴിയതുതാനെന്നുമെൻ നാട്ടുകാരേ

കവി : ചെങ്ങമനാട് ദാമോദരൻ നമ്പ്യാർ, കൃതി : *സ്വാമിയേ ശരണം*

3.2492 ഒളിക്കലും കാണലുമായി. . . (മധുരാജ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഒളിക്കലും കാണലുമായി നിത്യം
കളിച്ചിടും രണ്ടു കുമാരരെപ്പോൽ
ചുറ്റിദ്ദിതം രാപ്പകൽ പോക്കിടുന്നു–
ണ്ടിവന്റെ സാനുക്കളിലിന്ദുസൂര്യർ

കവി : സേതു തമ്പുരാട്ടി, കൃതി : *ഭാഷാ കൃഷ്ണവിലാസം*

3.2493 ചിത്തം നന്മനിറഞ്ഞതാകണം. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

ചിത്തം നന്മനിറഞ്ഞതാകണ, മുണർവ്വുണ്ടാകണം, ജീവിതം
ശുദ്ധം സാത്വികമാത്മബോധപരമായ് തീർന്നീടുമാറാകണം,
യത്നം താവക കീർത്തനങ്ങളിലൊതുങ്ങീടാൻ കഴിഞ്ഞീടണം,
നിത്യം വാതപുരാധിനായക! ഭവത്സാമീപ്യമുണ്ടാകണം.

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.2494 യദുകുലഹരമാകും. . . (ഋഷി)

മാലിനി

യദുകുലഹരമാകും കൃഷ്ണലീലാവിലാസം
മൃദുതരകരമേന്തും വേണുനാദം പ്രസിദ്ധം
അഗതികൾ ദിനരാത്രം കേണു നാമം ജപിയ്ക്കും
യുഗയുഗമവതാരം ചെയ്തിടും ഭിന്നരൂപം

കവി : ശർമ്മൻ അക്കരച്ചിറ്റൂർ, കൃതി : *കൊച്ചുഗ്രന്ഥവായൂർ സ്തോത്രം.*

3.2495 അവനിപതി ശലോമോൻ. . . (കർത്താ)

മാലിനി

അവനിപതി ശലോമോൻ പണ്ടു തീർപ്പിച്ചതാകും
ഭുവനവിദിതമീശസ്ഥാനമീക്ഷിച്ച വൃദ്ധർ
യുവജനനിര തേടും വിസ്മയം കണ്ടനേരം
വിവശത ഹൃദയത്തിൽ പൂണ്ടു കണ്ണീർ ചൊരിഞ്ഞു.

കവി : കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള, കൃതി : *ശ്രീയേശുവിജയം*

3.2496 യഃ പൂരയൻ. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

യഃ പൂരയൻ കീചകരന്ധ്രഭാഗാൻ
ദരീമുഖോത്ഥേന സമീരണേന
ഉദ്ഗാസ്യതാമിച്ഛതി കിന്നരാണാം
താനപ്രദായിത്വമുവോപഗന്തും.

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.2497 ഉണർന്നാരിരിയ്ക്കുന്നു. . . (ജ്യോതി)

ഭുജംഗപ്രയാതം

ഉണർന്നാരിരിയ്ക്കുന്നു നക്ഷത്രലക്ഷം
തിളങ്ങിത്തുടിയ്ക്കും നിശാകാശഹൃത്തിൽ?
മമാത്മാവിനുള്ളിൽത്തിളച്ചാർത്തു തുള്ളി–
ത്തുളുമ്പും വ്യഥാസാഗരത്തിൻ ഹൃദത്തിൽ?

കവി : എൻ.കെ. ദേശം/ടാഗോർ, കൃതി : *'ആരാണ്?'/'സന്തരണം'*

3.2498 മുമ്പേ താൻ ഗുരുദക്ഷിണയ്ക്കു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മുമ്പേ താൻ ഗുരുദക്ഷിണയ്ക്കു ഗുരുവോടന്വേഷണം ചെയ്തപോ
തംഭോധൗ സഹസാ മരിച്ച മകനെക്കാണ്മാൻ കൊതിച്ചീടിനാൻ,
ഗാംഭീര്യത്തൊടു പാഞ്ചജന്യനിനദം കേട്ടന്തകൻ സംഭ്രമി–
ച്ചമ്പോടേകിന ബാലനെഗ്ഗുരുവിനായ്ക്കാണിച്ച നീ പാഹി മാം.

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2499 ഗോപസ്ത്രീകൾ മറഞ്ഞുപോയ. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

ഗോപസ്ത്രീകൾ മറഞ്ഞുപോയ തിരുമെയ് കണ്ടിട്ടു കൗതൂഹലാൽ
മാറത്തും മുലമേലുമാസ്യകമലം തന്മേലുമാശ്ലേഷിതം
ശ്രീമൽച്ചേവടി മൂവടിക്കു ഭുവനം വെന്നീടുമോജസ്സൊടെ
ചേതസ്സിങ്കലുദിപ്പതിന്നു സുകൃതം പോരാഞ്ഞിരന്നീടിനേൻ!

3.2500 ശ്യാമാപാംഗ, നിനക്കു പണ്ടു. . . (രാജേഷ്)

ശാർദ്ദൂലവിക്രീഡിതം

ശ്യാമാപാംഗ, നിനക്കു പണ്ടു കവിതാസമ്പന്നരിക്കോവിലിൽ
പ്രേമത്തോടെ കൊളുത്തി പദ്യനിരയാൽ വാടാത്ത ദീപാവലി
പാമോയിൽത്തിരിയാണു,കാന്തികുറവാ,ണീടില്ലയെന്നാകിലും
കേമത്തം കലരാത്ത ഞാനുമിവിടെച്ചെയ്തോട്ടെ ദീപാഞ്ജലി!

കവി: രാജേഷ് ആർ. വർമ്മ.

3.2501 പൂവിൻ നിർമ്മലകാന്തി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

പൂവിൻ നിർമ്മലകാന്തി ചേർ, ന്നതിടിവെട്ടേകുന്ന ഗാംഭീര്യമാർ,–
ന്നാവേശം, ദയ, ഭക്തി, ദുഃഖമിവയെച്ചാലിച്ച മാധുര്യമായ്,
ഭാവം ഭൂമിയിലുള്ളതൊക്കെയൊരുമിച്ചാത്മാംശമാക്കുന്നൊരാ
നാവിന്നായി, സരസ്വതീവിലസിതാരാമത്തിനായ് സ്വാഗതം!

കവി : ഉമേഷ് നായർ, കൃതി : *യേശുദാസിനോട്*

3.2502 ഭ്രഷാവർണാദിയാലീ. . . (കർത്താ)

സ്രുദ്ധര

ഭ്രഷാവർണാദിയാലീ ഭുവനമഖിലവും ഹന്ത! മോഹിച്ചു രാഗ–
ദ്വേഷാപൂർണം വിഘൂർണം ശിവ ശിവ! പറയാവല്ല മായാവിലാസം
ഭാഷാകർണാമൃതം മേ സുകൃതമിതു സദാ നാവുകൊണ്ടാസ്വദിച്ചാൽ
നൃഴാ കർമ്മാവലീവല്ലികളിലുടനവൻ പിന്നെ മുന്നേതുപോലെ.

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണാമൃതം*

3.2503 ഭോഷ്കം പറഞ്ഞു. . . (വിശ്വപ്രഭ)

വസന്തതിലകം

ഭോഷ്കം പറഞ്ഞു ഭവനങ്ങളിലംഗനാനാം
പോയ്ക്കുടുമപ്പരിചു രാപ്പകലുള്ളതെല്ലാം
നീർപ്പോള പോലെ മരുവുന്ന കളേബരാന്തേ
വീർപ്പുണ്ടതും നിയമമല്ല നിനയ്ക്കേടോ നീ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2504 നീഹാരാഭം നിരുപമരസം. . . (കർത്താ)

മന്ദാക്രാന്ത

നീഹാരാഭം നിരുപമരസം നീരമാസ്വാദ്യ നൽപ്പു–
ല്ലാഹാരം ചെയ്തഹരഹരപക്ലേശമായ് കേശവന്റെ
ഗേഹാസന്നസ്ഥലിയതിലതിസ്വൈരമായ് സഞ്ചരിക്കും
മാഹാസംഘം മനസി നിതരാമേകുമാനന്ദമാർക്കും.

കവി : കേരളവർമ്മ വലിയകോയിത്തമ്പുരാൻ, കൃതി : *മയൂരസന്ദേശം*

3.2505 ഗംഗാദേവി പിറന്ന. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഗംഗാദേവി പിറന്ന മഞ്ഞണിവെളുപ്പാളുന്ന ശൈലത്തില–
ക്കസ്തൂരീമൃഗവാസവാസനയെഴും വൻപാറയൊത്തുള്ളതാം
ശൃംഗത്തിൻ ശ്രമമാറുവാൻ കയറി വാണീടുന്ന നീ ശംഭു തൻ
കൂറ്റൻ കുത്തിയ കൊമ്പിലാർന്ന ചളിപോൽ ശോഭിച്ചിടും നിശ്ചയം

കവി : കെ. എസ്. നീലകണ്ഠൻനമ്പ്യി, കൃതി : *മേഘസന്ദേശം പരിഭാഷ*

3.2506 ശ്രാവം ശ്രാവം തദാനീം. . . (കർത്താ)

സ്രഗ്ധര

ശ്രാവം ശ്രാവം തദാനീം പ്രിയനിധനമഥക്രോധസംഘൂർണ്ണിതാഭ്യാം
ചക്ഷുർഭ്യാമുദ്വമന്തീ സ്മരഹരനിടിലോദ്ഭ്രാന്തബർഹിശ്ശിഖാഭാം
ഭ്രാമ്യജ്ജ്യോതിഷ്കണാളീം ഘടനതഡടഡടാദംഷ്ടികാ സിംഹികേതി
പ്രഖ്യാതാസഹ്യരുക്ഷാക്ഷരകഥനപരാ രാക്ഷസീ പ്രോത്ഥിതാഭ്രൽ.

കവി : കോട്ടയത്ത് തമ്പുരാൻ, കൃതി : *കിർമ്മീരവധം*

3.2507 ഭാവബന്ധമൊടു. . . (ഋഷി)

രഥോദ്ധത

ഭാവബന്ധമൊടു സത്യരൂപനാം
ദേവ, നിന്മഹിമയാർന്ന കോവിലിൽ
പാവനപ്രഭയെഴും വിളക്കിതാ
സാവധാനമടിയൻ കൊളുത്തിനേൻ

കവി : ആശാൻ, കൃതി : *ദീപാർപ്പണം*

3.2508 പള്ളിക്കുറപ്പു മരമെന്ന. . . (കർത്താ)

വസന്തതിലകം

പള്ളിക്കുറപ്പു മരമെന്ന കണക്കെ നിന്മെയ്–
പിള്ളയ്ക്കുറപ്പു ജനനീവ സമാശ്രയം മേ
ഉള്ളിൽ കറപ്പു കളവാൻ തിരുവുള്ളമോടേ
പള്ളിക്കുറുപ്പുണരവേണമനന്തശായിൻ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2509 ഉണ്ണിക്കാൽ കൊണ്ടു നൃത്തങ്ങളും. . . (വിശ്വപ്രഭ)

സ്രഗ്ധര

ഉണ്ണിക്കാൽ കൊണ്ടു നൃത്തങ്ങളുമരനിറയെക്കിങ്ങിണിപ്പൊന്നരഞ്ഞാ–
ണുണ്ണിക്കൈകൊണ്ടു താളങ്ങളുമണിമുടിയിൽ പിഞ്ചവും കൊഞ്ചൽവായ്പും
ഉണ്ണിക്കണ്ണന്റെ പൂമെയ് കുഴൽവിളിയുമടുത്തുള്ള ചിൽപ്പിള്ളരും മേ
കണ്ണിൽ കാണുന്ന പോലേ മനതളിരിലുദിക്കേണമോർക്കുമ്പൊഴെല്ലാം

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2510 ഉടൻ മഹാദേവി. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഉടൻ മഹാദേവിയിടത്തു കയ്യാ–
ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി,
ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി–
പ്പാർശ്വസ്ഥനാകും പതിയോടുരച്ചു.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.2511 ജനിച്ചന്നതന്നേ. . . (ഋഷി)

ഭുജംഗപ്രയാതം

ജനിച്ചന്നതന്നേ മരിയ്ക്കും ദിനത്തെ–
ഗ്ഗണിയ്ക്കുന്നജൻ തന്റെ ചാരത്തുനിന്നും
തനിച്ചിങ്ങു വന്നെത്തി വേഷങ്ങളാടി–
ത്തിരിയ്ക്കും നരാ, നിന്റെ നാട്യം നിരർത്ഥം!

കവി : പി. കെ. മൂസത്, പെരുവനം, കൃതി : *മുക്തകങ്ങൾ*

3.2512 തമ്പോറടിക്ക കുഴലൂതുക . . . (ശ്രീജിത്ത്)

വസന്തതിലകം

തമ്പോറടിക്ക കുഴലൂതുക കാശിരാജ്യം
വൻപോരടിച്ചിഹ പിടിക്കണമിന്നു പോണം
മുൻപോട്ടു വെയ്ക്കുമടി പിൻപു വലിച്ചിടാത്ത
വൻപോലുമെൻ വിപുല സേന പുറപ്പെടട്ടേ

കവി : ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, കൃതി : *വിനോദിനി*

3.2513 മഞ്ചാടിക്കുരു കുന്നിമാലകൽ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

മഞ്ചാടിക്കുരു കുന്നിമാലകൾ മുരുക്കിൻപൂക്കളിത്യാദിയും
ചെഞ്ചോരിക്കു വിരോധിയാമധരവും തുക്കൈകൾ തുക്കാൽകളും
ചാഞ്ചാടിക്കളിയും ചമഞ്ഞ വടിവും പൂഞ്ചായലിൽ പൂഴിയും
ചെഞ്ചോടേ തിരുമേനി രണ്ടുമണയത്തമ്മാറു കണ്ടാവു ഞാൻ.

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2514 ചെമ്പിച്ചതാം വൻ ചിറകും. . . (ഉമ)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ചെമ്പിച്ചതാം വൻ ചിറകും, വെളുത്ത
കഴുത്തുമുള്ളോരു പരുന്തിദാനീം
മത്സ്യത്തെ റാഞ്ചുന്നതിനായ്ക്കുളത്തിൻ
മേലേ വലം വെച്ചു പറന്നിടുന്നു

കവി : വള്ളത്തോൾ, കൃതി : *ഉൾനാട്ടിലെ ഒരു മഞ്ഞുകാലം*

3.2515 മനുഷ്യനിന്നും. . . (മധുരാജ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മനുഷ്യനിന്നും ശിശുവാണവന്റെ
മനസ്സിനാൽ മർക്കടനിർവിശേഷൻ
ലക്ഷോപലക്ഷം ശതകം കഴിഞ്ഞേ
ലക്ഷ്യത്തെ നോക്കാനവനക്ഷി നേടൂ

കവി : ഉള്ളൂർ

3.2516 ലാംഗ്ലവിക്ഷേപ. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ലാംഗ്ലവിക്ഷേപ വിസർപ്പിശോഭൈ–
രിതസ്തതശ്ചന്ദ്ര മരീചി ഗൗരൈഃ
യസ്യാർത്ഥയുക്തം ഗിരിരാജശബ്ദം
കുർവന്തി വാലവ്യജനശ്ചമര്യൈഃ

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.2517 യുദ്ധായ ചെന്നു. . . (ശ്രീജിത്ത്)

വസന്തതിലകം

യുദ്ധായ ചെന്നു കടുകോപവശേന ബാണൻ
ബദ്ധാവലേപമനിരുദ്ധനുമങ്ങടുത്താൻ
യുദ്ധേ ജവേന ഭുജഗാസ്ത്രബലേന ബാലം
ബദ്ധ്വാ നിശേഷമസുരേന്ദ്രനിമം ചകാര

കൃതി : *അരമനയിലെ അനിരുദ്ധൻ*

3.2518 യോഗിക്കിപ്പോൾ ചെറിയ . . . (കർത്താ)

മന്ദാക്രാന്ത

യോഗിക്കിപ്പോൾ ചെറിയ ബിസിനസ്സുണ്ടു, തോക്കിന്റെ മേക്കാ–
ണോർക്കുന്തോറും ചിരിവരു, മപർണാശ്രമക്കാരനല്ലോ!
ലാക്കോടെത്തും ചിലതു തിരയാനങ്ങു കസ്റ്റംസുകാരും;
നോക്കു, കാലക്കെടുതി, മഹിതേ! യോഗവിദ്യേ! നമസ്തേ!

കവി : ഏവൂർ പരമേശ്വരൻ, കൃതി : *കട്ടിശ്ലോകങ്ങൾ*

3.2519 ലോകാനന്ദമദയൻ, ശ്രുതിർമുഖരയൻ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ലോകാനന്ദമദയൻ, ശ്രുതിർമുഖരയൻ, ശ്രോണീരുഹാൻ ഹർഷയൻ,
ശൈലാൻ വിക്രവയൻ, മൃഗാൻ വിവശയൻ, ഗോവൃന്ദമാനന്ദയൻ,
ഗോപാൻ സംഭ്രമയൻ, മുനീൻ മുകുളയൻ, സപ്തസ്വരാൻ ജൃംഭയ,–
ന്നോങ്കാരാർത്ഥമുദീരയൻ വിജയതേ വംശീനിനാദഃ ശിശോഃ

കവി : ലീലാമൃകൻ, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2520 ഗുണം പെടും കേരളസേന. . . (മധുരാജ്)

ഉപേന്ദ്രവജ്ര

ഗുണം പെടും കേരളസേന നാരാ–
യണൻ ശയിക്കുന്നൊരനന്തപുരിൽ
പിണങ്ങിമണ്ടി പ്രിയശത്രു വീണ്ടു–
മണഞ്ഞിടും താർമകൾപോൽ വരുന്നു

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2521 പാലോടു തുല്യരുചി,. . . (ഉമേഷ്)

വസന്തതിലകം

പാലോടു തുല്യരുചി, മൗലിയിലുല്ലസിക്കും
ബാലേന്ദുമന്ദമൃദുലസ്മിതവെണ്ണിലാവ്
കോലിന്റ പൂർണ്ണകരുണാകലുഷ്ടി വാചാ–
മൂലം തെളിഞ്ഞു മമ ചേതസി തോന്റവേണ്ടും.

കൃതി : *ലീലാതിലകം*

3.2522 കാളക്കു കാണുമൊരു. . . (ശ്രീജിത്ത്)

വസന്തതിലകം

കാളയ്ക്കു കാണുമൊരു തോളു, കരിമ്പനയ്ക്കു
കാളും കുറമ്പു കളയുന്നുടൽ, മാർ വിരിഞ്ഞ്
നീളത്തിലൂക്കുടയകൈകളുമായ് പടയ്ക്കു
കേളിപ്പെട്ടും പടി വിളഞ്ഞുവിളങ്ങി കോമൻ

കവി : **കണ്ടൂർ നാരായണ മേനോൻ**, കൃതി : *നാല്പ ഭാഷാ കാവ്യങ്ങൾ*

3.2523 നോക്കിൽ ധന്യർ കവീന്ദ്രർ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

നോക്കിൽ ധന്യർ കവീന്ദ്രർ – ഭാരതി പദം പെട്ടെന്നു മുന്നോട്ടു വെ–
ച്ചീക്കിൽ ശ്രുക്ഷപഥത്തിലെന്നതു കണക്കോടുന്ന നാക്കുള്ളവർ;
വാക്കിൻ ദേവി കനിഞ്ഞു മന്ദഗതിയായിട്ടെൻ രസം വാച്ചിടും
നാക്കിൽ പീനകുചങ്ങളുള്ള യുവതിക്കൊപ്പം നടക്കുന്നിതേ

കവി : **ഉമേഷ് നായർ**, കൃതി: (പരിഭാഷ)

3.2524 വെണ്മുത്തിനും മരതകത്തിനും. . . (വിശ്വപ്രഭ)

വസന്തതിലകം

വെണ്മുത്തിനും മരതകത്തിനുമാർത്തി നൽകും
പൊൻമേനി രണ്ടുമൊരുമിച്ചു ചമഞ്ഞു നന്നായ്
നിർമായമേവ ഹൃദയത്തിലുദിപ്പതിന്നും
ജന്മാന്തരേ സുകൃതമുള്ളൊരു ജീവനോവാൻ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2525 നാവില്ലാതെ ജനിക്കയോ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നാവില്ലാതെ ജനിക്കയോ നടനടേയുള്ളോരിളയ്ക്കാകയോ
നാമത്തെപ്പാഠിയായ്കയോ നരകമെന്നോർത്താൽ കരൾപ്പാകയോ
നാവിൽ ദുർഘടമാകയോ നരകുലത്തിൽ ജന്മമല്ലാകയോ
നാമോച്ചാരണമെന്തു ബന്ധമറിവുള്ളോരും ത്യജിച്ചീടുവാൻ!

കവി : **പൂന്താനം**, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2526 ന ശക്നോമി കർത്തും. . . (വിശ്വപ്രഭ)

ഭുജംഗപ്രയാതം

ന ശക്നോമി കർത്തും പരദ്രോഹലേശം
കഥം പ്രീയസേ ത്വം ന ജാനേ ഗിരീശ!
തഥാ ഹി പ്രസന്നോസി കസ്യാപി കാന്താ
സുതദ്രോഹിണോ വാ പിതൃദ്രോഹിണോ വാ!

കവി : ശങ്കരാചാര്യർ, കൃതി : *ശിവഭുജംഗം*

3.2527 തണ്ണീർദ്ദാഹം മുഴുത്തു. . . (കർത്താ)

സ്രുദ്ധര

തണ്ണീർദ്ദാഹം മുഴുത്തു തടിയനരികെ വന്നന്തകൻ താന്തരത്തും
കണ്ണീർക്കാരായടുത്തുള്ളവർ തൊഴിയുമൊഴിയ്ക്കാതെയൊന്നിച്ചു പാർത്തും
തന്നെത്താനേ മറന്നിട്ടതിവിവശത പൂണ്ടാർത്തനായ് വീർത്തുമക്കോ–
പ്പെന്നെക്കൊണ്ടാക്കിവച്ചീടൊല വരദവിഭോ! വാമഗേഹാധിവാസിൻ.

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2528 തന്നെ സ്നേഹമിയന്നവർക്കു. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

തന്നെ സ്നേഹമിയന്നവർക്കു നിമിഷം ദ്വേഷിച്ചവർക്കും ബലാൽ
തന്നെപ്പോലെ ചമഞ്ഞവർക്കുമരുളീ കൈവല്യമല്ലേ വിഭോ!
തന്നെത്താനറിയാഞ്ഞു ഖിന്നമതിയായ് നിന്നോടിരന്നീടിനോ–
രെന്നെക്കാണവശം കൃപാലയ! ജയ! ശ്രീവാമഗേഹാലയ!

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2529 തിന്നാനെന്തിതിറച്ചിയോ. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

"തിന്നാനെന്തിതിറച്ചിയോ വരുമനേ?" – "കള്ളില്ലയെന്നാലതി–
ന്നെന്തി?"; "ന്നെന്തു കടിക്കുമോ?" – "കടി ഹരം താനാണു, പെണ്ണുങ്ങളും";
"പെണ്ണുങ്ങൾക്കു കൊടുപ്പതിന്നു പണമോ?" – "ചൂതാട്ടവും കക്കലും";
"നിന്നെക്കൊണ്ടിവ പറ്റുമോ?" – ***"മുറ മുടിഞ്ഞോനെന്തു വേറേ ഗതി?"***

കവി : ഉമേഷ് നായർ / കാളിദാസൻ

3.2530 പീലിപ്പൂമുടിയും കരേ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പീലിപ്പൂമുടിയും കരേ മുരളിയും വാമേതരേ വെണ്ണയും
പാലഞ്ചും മൃദുമന്ദഹാസരുചിയും നൽപീതവസ്ത്രങ്ങളും
ചൂടിക്കൊണ്ടു ധരിത്രി തൻ വ്യസനമൊന്നാകെശ്ശമിപ്പിച്ച നി–
ന്നാടിക്കാർമുകിൽമേനികണ്ടുണരുകിൽ ധന്യം പരം ജീവിതം

കവി : പ്രൊഫ. പി. എം. ജി. നമ്പീശൻ, കൃതി : *കൃഷ്ണസ്തുതി*

3.2531 ചിന്താശതക്ഷുഭിതയാം. . . (രഘു സി. വി.)

വസന്തതിലകം

ചിന്താശതക്ഷുഭിതയാം ബലിസൂനു ഭാഗ്യ–
സന്താനവല്ലി സചിവോത്തമനോടിദാനീം
എന്താണെടുത്തു പറവാൻ തുടരുന്നതെന്നു
ഹന്താളിമാരലമുഴറ്റൊടു നോക്കിനിൽപ്പായ്

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2532 എന്നെക്കെട്ടിയ സംസൃതിക്കയർ. . . (മധുരാജ്)

ശാർദ്ദൂലവിക്രീഡിതം

എന്നെക്കെട്ടിയ സംസൃതിക്കയററുത്തീടാൻ ശ്രമിക്കായ്കയ–
ല്ലന്നന്നല്പവിരാഗദുർബ്ബലചലച്ചിത്തക്കറിക്കത്തിയാൽ
നന്നത്യാഗ്രഹ, മഷ്ടയോഗനിയമദ്ധ്യാനത്തിലൂട്ടിത്തപഃ–
ഖിന്നോദാരകൃപാണമൊന്നു പണിയാറാക്കേണമേ ദൈവമേ!

കവി : വി.കെ.ജി., കൃതി : *അവിൽപ്പൊതി*

3.2533 നീരാടിക്കാലവർഷാംബുവിൽ. . . (ശ്രീജിത്ത്)

സ്രഗ്ധര

നീരാടിക്കാലവർഷാംബുവിലമലകലാനാഥസമ്പൂർണബിംബ–
സ്മേരാസ്യം പൂണ്ടു നീലാംബരരുചിതടവിത്താരകാഹാരമേന്തി
പേരാളും കേരളത്തിൽ പ്രകൃതിസുഭഗമീ ചിങ്ങമാസത്തിലോണ–
ത്താരാർമാതുല്ലസിപ്പൂ ജനഗണഹൃദയോത്താളതാളാനുകൂലം

3.2534 പ്രാണാധീശാന്തികത്തേയ്ക്ക്. . . (ഉമേഷ്)

സ്രഗ്ധര

പ്രാണാധീശാന്തികത്തേയ്ക്കതിധൃതിയിൽ നടന്നീടവേ പോർമുലപ്പൊൻ–
പൂണാരം പൊട്ടിവീണും, കുനുകുഴലിലെഴും കൽപകപ്പൂ കൊഴിഞ്ഞും,
ചേണാളും കാതിലെപ്പൊന്നലർ, തളിരിവയോടൊത്തു വെണുത്തുതിർന്നും
കാണാം കാലത്തു രാവിൽക്കമനികളവിടെസ്സഞ്ചരിക്കുന്ന മാർഗ്ഗം.

കവി : ജി. ശങ്കരക്കുറുപ്പ്/കാളിദാസൻ, കൃതി : *മേഘദൂതം പരിഭാഷ*

3.2535 ചാലെക്കാണായ നീലക്കുതിര. . . (കർത്താ)

സ്രഗ്ധര

ചാലെക്കാണായ നീലക്കുതിര വിരുതനാം കേശി നാശം വരുത്താൻ
നീലക്കാർവർണ! നിന്നോടരിശമൊടുമുതിർന്നൊന്നു നേരിട്ടു പാഞ്ഞാൻ
ബാലക്കൈ വായിലാക്കീട്ടരിമരനിമിഷം കൊണ്ടു കൊന്നാൻ, ത്രിലോകേ
മാലാകെത്തീർത്തു മായാവിയെ മയസുതനെക്കൊന്നതും കൈതൊഴുന്നേൻ.

കവി : പൂന്താനം, കൃതി : *ശ്രീകൃഷ്ണകർണ്ണാമൃതം*

3.2536 ബാലന്മാർക്കു വിനോദമായ്. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ബാലന്മാർക്കു വിനോദമായ്, യുവജനശ്രേണിയ്ക്കൊരുത്സാഹമായ്
ചാലേ പ്രൗഢതയില്ല വാശിയധികം തങ്കുന്ന നർമ്മാങ്കമായ്
കാലത്തിൽ ചുളിവാർന്ന വൃദ്ധവദനം ശ്രീയാളിടും മേളമായ്,
വേലാതീത വിലാസിനീ, ജയതു നീ ശ്രീയക്ഷരശ്ലോകമേ!

കവി : എം. എസ്. കുമാരൻ നായർ, കൃതി : *കൈരളിയുടെ ഓടക്കുഴൽ*

3.2537 കൈലാസ ശൈലേ. . . (രഘു സി. വി.)

ഇന്ദ്രവജ്ര

കൈലാസ ശൈലേ കനകാഭിഷേകം
കഴിച്ചു നിന്നീടിന കർമ്മസാക്ഷി
കാണാവതല്ലിത്തൊഴിലെന്നകാണ്ഡേ
കാർകൊണ്ടലിൻ മൂടലിലായ് മുഹൂർത്തം.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.2538 കന്നാലിക്കലുവാസമം. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

കന്നാലിക്കലുവാസമം, മടൽ ശരിപ്പൂട്ടാണുകുഞ്ഞാകെ,യ–
ന്നൊന്നൊം ക്ലാസ് ബിരിയാണിയാണു ചകിണിക്കുട്ടം, പഴത്തീടുകിൽ
നന്നാണാച്ചുളതിന്നുവാൻ, കുരുകറിയ്ക്കാകാം, മുളഞ്ഞോപശ,–
യ്ക്കാനും കൊള്ളരുതാത്തതില്ല, രസികൻ, ചക്കേ, വരിക്കേ സലാം!

കവി : ഡി. വി. മണയത്താറ്റ്, രാമമംഗലം, കൃതി : *ചക്കേ സലാം*

3.2539 നാട്ടാരെല്ലാം വിഷൂചീ. . . (ശ്രീജിത്ത്)

സ്രഗ്ധര

നാട്ടാരെല്ലാം വിഷൂചീലഹളയിലുതിരും കാല, മദ്ദീനമായ്ത്തൻ
കൂട്ടാളയ്യോ കഴിഞ്ഞീടിന കഥ, വലുതായുള്ള വർഷാനിശീഥം,
കേട്ടാലാരും ഭയംകൊണ്ടിളകിമറിയുമീ വേളയിൽക്കഷ്ടമായാൾ
നീട്ടാനുംകൂടിവയ്യാതെരിയുമൊരു വിളക്കിന്റെ നേരിട്ടിരുന്നു

കവി : വി. സി. ബാലകൃഷ്ണപണിക്കർ, കൃതി : *ഒരു വിലാപം*

3.2540 കൊട്ടത്തേങ്ങാഭിരപ്പൈഃ. . . (കർത്താ)

സ്രഗ്ധര

കൊട്ടത്തേങ്ങാഭിരപ്പൈരവിൽ വിതറിയതൈഃ നന്മലർഭിഃ പഴാഢ്യൈ-
രെട്ടൊംപ്പൈഃ പക്വചക്കാമുറിഭിരപി പെരുമ്പ്രീതനായ് പ്രാതലുണ്ട്വാ
കൂട്ടിക്കുമ്പാം തുളുമ്പ്യൻ തെളിവിനൊടു യദാ വിഘ്നമുണ്ടാവ്യതേക–
ണ്ണിടാപ്പോൾക്കാക്കയിത്വാതരതു മമ മഹാമാനമൊ, ന്നാനമോന്തഃ

കവി : ശീവൊള്ളി, കൃതി : *ദുസ്സൂർശാനാടകം*

3.2541 കരാളദോർദ്ധൃത. . . (മധുരാജ്)

അതിരുചിര

കരാളദോർദ്ധൃതകരവാളകേ, മനോ–
ഹരാളകേ, മമ നൃപവംശപാലകേ,
ഒരാളുമില്ലൊരുതുണ ഹേ കൃപാസരോ–
മരാളികേ കനിയുക ഭദ്രകാളികേ!

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2542 ഒറ്റക്കാൽ പിറകുന്നി. . . (ശ്രീജിത്ത്)

ശാർദ്ദൂലവിക്രീഡിതം

ഒറ്റക്കാൽ പിറകുന്നി, യൂർമ്മികകളാൽ മിന്നും വലംകയ്യതിൽ–
ച്ചെറ്റമ്മൃത്യുകയേന്തി വാക്യമെഴുതിക്കാണിച്ചുനിൽക്കുന്നതും,
അറ്റം തെല്ല ചുരുട്ടിയായിടതുകൈ പിൻ ചേർത്തു വിശ്രാന്തനായ്
കറ്റക്കാർശിഖ പിൻപൊതുക്കി മറുകൈത്താർ വീശി ലാത്തുന്നതും

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.2543 അക്കൊമ്പു ചെമ്മണ്ണടിയിൽ. . . (രഘു സി. വി.)

ഇന്ദ്രവജ്ര

അക്കൊമ്പു ചെമ്മണ്ണടിയിൽ കിളിർന്ന
കൈലാസശൃംഗങ്ങളിലൊന്നിനൊപ്പം
കടയ്ക്ക രക്താംഗിതമായി വീഴ്കെ
ബ്രഹ്മാണ്ഡമൊട്ടുക്കൊരു ഞെട്ടൽ ഞെട്ടി.

കവി : വള്ളത്തോൾ, കൃതി : *ശിഷ്യനും മകനും*

3.2544 കരയാ, തൊരു നാളിനിയും. . . (സിദ്ധാർത്ഥൻ)

തോടകം

കരയാ, തൊരു നാളിനിയും വരുമീ
നിരയാർന്നൊരു വേദനകൾക്കൊടുവിൽ
വിരഹാതുരയാം സഖി! നിൻ നിലയാ
കരുണാമയനെക്കരയിച്ചിടുമേ

കവി : സിദ്ധാർത്ഥൻ

3.2545 വാളേ തെളിഞ്ഞിടുക. . . (രവി)

വസന്തതിലകം

വാളേ തെളിഞ്ഞിടുക നിൻപണി തീർന്നതില്ല
നാളേക്കു നീട്ടിടുക നിന്റെയുറക്കമെല്ലാം
ആളെറെയുണ്ടിത പടക്കുവരുന്നു, തേൻചൊ–
ല്ലാളേ നിനക്കിനിയുമിന്നൊരു കാഴ്ച കാണാം.

കവി : കുണ്ടൂർ നാരായണ മേനോൻ

3.2546 ആലക്ഷ്യ ദന്തമുകുളാൻ. . . (ഉമേഷ്)

വസന്തതിലകം

ആലക്ഷ്യ ദന്തമുകുളാനനിമിത്തഹാസൈ–
രവ്യക്തവർണ്ണരമണീയവചഃപ്രവൃത്തീൻ
അങ്കാശ്രയപ്രണയിനസ്തനയാൻ വഹന്തേ
ധന്യാസ്തദംഗരജസാ മലിനീഭവന്തി

കവി : കാളിദാസൻ, കൃതി : *ശാകുന്തളം*

3.2547 അതുലദ്യുതി നിൻ. . . (ഉമ)

വസന്തമാലിക

അതുലദ്യുതി നിൻ മണൽപ്പുറം ഹാ–
ചതുരം ശാരഭവാനിനോടെതിർപ്പാൻ
ഇതു കൺകുളിരെത്ര നൽകിടുന്നൂ
പുതു കർപ്പൂര സമുച്ചയം കണക്കേ

കവി : വള്ളത്തോൾ, കൃതി : *ഭാരതപുഷ്പ*

3.2548 ഇന്നെന്തോ കവിതാംഗനയ്ക്കൊരു. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഇന്നെന്തോ കവിതാംഗനയ്ക്കൊരുതരം ശാഠ്യം പലേമട്ടിലായ്,
പ്രീണിപ്പിക്കിലുമെന്നൊടൊത്തവൾ രമിച്ചീടാൻ മടിച്ചീടവേ,
നിന്നോൻ ഞാനുമകന്നു തെല്ല ചെറുതാം കോപം നടിച്ചും, മുഖം
വീർപ്പിച്ചും, സ്ഥിതിമാറിയില്ല, സുഖമല്ലല്ലോ ബലാൽക്കാരവും

കവി : കെ. പി. പ്രഭാകരമേനോൻ, തിരുവനന്തപുരം, കൃതി : *പിണക്കം*

3.2549 നാഭീബിലാന്തര. . . (ഉമേഷ്)

വസന്തതിലകം

നാഭീബിലാന്തരവിനിർഗ്ഗിതപന്നഗീയം
സമ്പ്രസ്ഥിതാ നയനഖഞ്ജനഭക്ഷണായ
നാസാമുദീക്ഷ്യ ഗരുഡഭ്രമമുദ്വഹന്തീ
ഗ്രഷ്ടേവ പീനകുചപർവ്വതയോരധസ്താത്

3.2550 നേന്ത്രപ്പഴക്കുലകൾ. . . (ഋഷി)

വസന്തതിലകം

നേന്ത്രപ്പഴക്കുലകൾ മാമ്പഴമെന്നുവേണ്ട
പൂന്തിണ്ണതന്നിലണയാത്ത പഴങ്ങളില്ലാ
ഉണ്ടായിരുന്നു മയിലും കുയിലും പിറാവു–
മുണ്ടായിരുന്നു മലപോലൊരു സഹ്യപുത്രൻ

കവി : വൈക്കം വിശ്വനാഥൻ നായർ, കൃതി : *തറവാട്*

3.2551 ഉരഗശയനനായ്. . . (മധുരാജ്)

പുഷ്പിതാഗ്ര

ഉരഗശയനനായ് ജഗന്മലത്തെ–
പ്പരമൊഴിവാക്കിടുമങ്ങതിന്നുതന്നെ
ഉരഗയുതമലച്ചുവട്ടിലാശാ–
ഭരമലമാർന്നൊരു ക്രൂർമ്മമായതില്ലേ?

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2552 ഉണ്ടായീ കേരളത്തിൽ. . . (കർത്താ)

സ്രുദ്ധര

ഉണ്ടായീ കേരളത്തിൽപ്പുകൾപെരിയ ചെറുപ്പുള്ളശേരിപ്രദേശേ
തണ്ടാർബാണന്നു വേണ്ടും തരുണജനജയത്തിന്നൊരമ്പെന്നപോലെ
വണ്ടാർപൂഞ്ചായലാളാം വരതനു രുചിരാപാംഗി പാട്ടണ്ണിനാമ്നാ
രണ്ടാംതണ്ടാരിൽ മാതെന്നൊരു നിനവുളവാം കാണുകിൽക്കാമുകാനാം.

കൃതി : *പാട്ടണ്ണി ചരിതം*

3.2553 വാത്സല്യം കളിയാടിടും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

വാത്സല്യം കളിയാടിടും ഭവതി തൻ വക്ത്രാരവിന്ദത്തിലോ
വാണീ കന്നിനിലാവുതന്നഴകെഴും നിൻ മന്ദഹാസത്തിലോ
പാപം നീക്കിയനുഗ്രഹങ്ങളരുളും ഹസ്തത്തിലോ ചെന്തളിർ–
പ്പാദം കൂപ്പിടുമെൻ തമസ്സിനെയകേറ്റെടുന്ന വിദ്യാധനം?

കവി : പ്രൊഫ. പി. എം. ജി. നമ്പീശൻ, കൊൽക്കത്ത, കൃതി : *സരസ്വതീ വന്ദനം (മുക്തകം)*

3.2554 പ്രീതം ഗാഢനിവീതപീത. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പ്രീതം ഗാഢനിവീതപീതവസനവ്യാസംഗികാഞ്ചീകലാ–
പാദീപ്രാപ്രപദീനനീവിനിഭൃതാപീനോരുമാരാധ്യമഃ
ആസീദൽസനകാദ്യതം പദയുഗോപാസീനധാത്രീരമാ–
ദാസീചാരിതചാമരം വയമിമേ ത്വാം സംഗമാധീശ്വര!

കവി : ഉണ്ണായി വാര്യർ, കൃതി : *രാമപഞ്ചശതി*

3.2555 അധികേരളമഗ്ര്യഗിരഃ. . . (ഉമേഷ്)

തോടകം

അധികേരളമഗ്ര്യഗിരഃ കവയഃ
കവയന്തു വയം തു ന താൻ വിനുമഃ
പുളകോദ്ഗമകാരി വചഃപ്രസരം
പുനമേവ പുനഃ പുനരാസ്മമഹേ

കവി : ഉദ്ദണ്ഡശാസ്ത്രികൾ

3.2556 പരിണതരുചി പൂണ്ട. . . (മധുരാജ്)

പുഷ്പിതാഗ്ര

പരിണതരുചി പൂണ്ടനന്തതൽപോ–
പരി വിധു ശാരദപർവരാത്രിയിൽപ്പോൽ
പരിചൊടു ഫണരത്നതാരജാലം
പരിസരമാർന്ന പരം ലസിച്ചിരുന്ന

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2557 പുല്ലാണെനിക്കു പടയാളികൾ. . . (ശ്രീജിത്ത്)

വസന്തതിലകം

പുല്ലാണെനിക്കു പടയാളികൾ, നിൻ കടക്കൺ–
തല്ലാണു തേന്മൊഴി തടുത്തിടുവാൻ ഞെരുക്കം
തെല്ലാകയാൽ തെളിവിയന്നു തുണയ്ക്കണം നീ;
അല്ലായ്കിലാങ്ങളകൾ തൻ പണി പെങ്ങൾ ചെയ്യും

കവി : കുണ്ടൂർ നാരയണ മേനോൻ , കൃതി : *കോമപ്പൻ*

3.2558 തസ്മിൻ മഘോനസ്ത്രിദശാൻ. . . (ഉമേഷ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

തസ്മിൻ മഘോനസ്ത്രിദശാൻ വിഹായ
സഹസ്രമക്ഷ്ണാം യുഗപത് പപാത
പ്രയോജനാപേക്ഷിതയാ പ്രഭുണാം
പ്രായശ്ചലം ഗൗരവമാശ്രിതേഷു

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.2559 പീലിക്കണ്ണിമയിൽ സ്ഫുരിപ്പതു. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

പീലിക്കണ്ണിമയിൽ സ്ഫുരിപ്പതു സുഖക്കാർ വില്ലണിഞ്ഞുമയ,–
ല്ലാധിക്കുരിരുൾ കട്ടചേർത്ത കരിമേഘത്തിൻ മഴക്കോളുതാൻ;
ഭാസിക്കുന്നതു ചുണ്ടിൽ മോദമയമായീടും പ്രസൂനങ്ങള–
ല്ലാകെക്കുർത്തുപരുത്ത മുള്ളുകൾ; നിനക്കെന്തീ വിഷാദം പ്രിയേ?

കവി : ഡി. ശ്രീമാൻ നമ്പൂതിരി

3.2560 ഭാഷാവാദം, മതപ്പോർവിനകൾ,. . . (ഋഷി)

സ്രുദ്ധര

ഭാഷാവാദം, മതപ്പോർവിനകൾ, ജനമനസ്സെന്നുമസ്വസ്ഥ,മേറ്റം
ദ്വേഷാഖേടങ്ങൾ, നാടൊക്കെയുമടവു പയറ്റുന്ന രാഷ്ട്രീയയുദ്ധം,
പോഷാഹാരങ്ങളാണീ വകകളിവിടെയിന്നാത്മശാന്ത്യൗഷധം, സ–
ന്തോഷാർത്ഥം സജ്ജനൈക്യപ്പിറവിയരുളുമൊന്നായതയ്യപ്പനാമം

കവി : ചെങ്ങമനാട് ദാമോദരൻ നമ്പ്യാർ, കൃതി : *സ്വാമിയേ ശരണം*

3.2561 പ്രസന്നദിക് പാംസു. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

പ്രസന്നദിക് പാംസുവിമുക്തവാതം
ശംഖസ്വനാനന്തരപുഷ്പവൃഷ്ടി
ശരീരിണാം സ്ഥാവരജംഗമാനാം
സുഖായ തജ്ജന്മദിനം ബഭൂവ

കവി : കാളിദാസൻ, കൃതി : *കുമാരസംഭവം*

3.2562 ശ്രേയഃ സ്രുതിം ഭക്തിം. . . (ജ്യോതി)

ഇന്ദ്രവംശ

ശ്രേയഃ സ്രുതിം ഭക്തിമുദസ്യ തേ വിഭോ!
ക്ലിശ്യന്തി യേ കേവലബോധലബ്ധയേ
തേഷാമസൗ ക്ലേശല ഏവ ശിഷ്യതേ
നാന്യദ്യഥാ സ്ഥൂലതുഷാവഘാതിനാം

കവി : വ്യാസൻ, കൃതി : *ഭാഗവതം*

3.2563 തസ്മിന്നദ്രൗ കതിചിദബലാ. . . (ഉമാ ശാന്ത)

മന്ദാക്രാന്ത

തസ്മിന്നദ്രൗ കതിചിദബലാവിപ്രയുക്തഃ സ കാമീ
നീത്വാ മാസാൻ കനകവലയഭ്രംശരിക്തപ്രകോഷ്ഠഃ
ആഷാഢസ്യ പ്രഥമദിവസേ മേഘമാശ്ലിഷ്ടസാനും
വപ്രക്രീഡാപരിണതഗജപ്രേക്ഷണീയം ദദർശ

കവി : കാളിദാസൻ, കൃതി : *മേഘസന്ദേശം*

3.2564 ആരോമൽച്ചണ്ഡി, നിൻ മെയ്. . . (ശ്രീകാന്ത്)

സ്രുദ്ധര

ആരോമൽച്ചണ്ഡി, നിൻ മെയ് ചില ലതികകളിൽ, ഭ്രൂവിലാസങ്ങളാറ്റിൻ–
നീരോളത്തിന്നനക്കങ്ങളിൽ, നിറ മയിലിൻ പീലിയിൽ കേശപാശം,
വാരോലും നിൻ കടാക്ഷം ചകിത ഹരിണിയിൽ, തിങ്കളിൽ ഗണ്ഡ, മീ മ–
ട്ടോരൊന്നുണ്ടെങ്ങുമിങ്ങും, ബത സകലമിണങ്ങുന്നതൊന്നില്ല കാണ്മാൻ

കവി : ജി. ശങ്കരക്കുറുപ്പ് / കാളിദാസൻ, കൃതി : *മേഘസന്ദേശം പരിഭാഷ*

3.2565 വാളായ് ത്തുലികയേന്തിവന്നു. . . (ജ്യോതി)

ശാർദ്ദൂലവിക്രീഡിതം

വാളായ് ത്തുലികയേന്തിവന്നു വയലാർ ഗർജ്ജിച്ചിടുമ്പോൾ, വച–
സ്സോളം തള്ളിവരുന്ന ഗാനമുണരും പൊൻവീണ മീട്ടുമ്പൊഴും,
ഓമൽപ്പിഞ്ഛികനീർത്തി നർത്തനമുതിർത്തീടും മയൂരോപമം
നീ മന്ദസ്മിതലാസ്യയായി നടനം ചെയ്യുന്നിതെന്നുള്ളിലും

കവി : പി. പി. പട്ടശ്ശേരി, കൃതി : *കാവ്യപൂജ*

3.2566 ഓരോ ജീവകണത്തിനുള്ളിലും. . . (ശ്രീജിത്ത്)

ശാർദ്ദൂലവിക്രീഡിതം

ഓരോ ജീവകണത്തിനുള്ളിലുമുണർന്നുദ്ദീപ്തമായ്, ധർമ്മസം–
സ്കാരോപാസനശക്തിയായ്, ചിരതപസ്സങ്കൽപ്പസങ്കേതമായ്,
ഓരോ മാസ്മരലോകമുണ്ടതിലെനിക്കെന്നന്തരാത്മാവിനെ–
ത്തേരോടിക്കണമെന്റെകാവ്യകലയെക്കൊണ്ടാകുവോളം വരെ!

കവി : വയലാർ രാമവർമ്മ, കൃതി : *സർഗ്ഗസംഗീതം*

3.2567 ഓരാത്തപേക്ഷയിതു. . . (രഘു സി. വി.)

വസന്തതിലകം

ഓരാത്തപേക്ഷയിതുകേട്ടളവുൾത്തടത്തി–
ലാ രാജകീയപുരുഷന്നൊരു മിന്നൽ പാഞ്ഞു.
ചേരാത്തൊഴിൽക്കു നൃപദണ്ഡിതനാം യുവാവായ്–
ച്ചേരാൻ സ്വയം വിടുകയോ നൃപപുത്രിയാളെ?

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2568 ചെമ്പിച്ചഗ്രം ചുവന്നുള്ളൊരു. . . (ശ്രീജിത്ത്)

സ്രുദ്ധര

ചെമ്പിച്ചഗ്രം ചുവന്നുള്ളൊരു കചഭരവും, ചെമ്പരത്തിപ്രസൂനം
കുമ്പിട്ടീടുന്ന കണ്ണും, കലുഷത കലരും കയ്യിലക്കാലദണ്ഡും,
വമ്പിച്ചീടുന്ന നാസാപുടവു, മുടലു, മദംഷ്ടയെന്നല്ല, മീശ–
ക്കൊമ്പും, ഗംഭീരസിംഹധ്വനിയൊടുമധികം വങ്കരാം കിങ്കരന്മാർ

കവി : വെണ്മണി

3.2569 വീരാഗ്ര്യനും ഭൂവി. . . (രഘു സി. വി.)

വസന്തതിലകം

വീരാഗ്ര്യനും ഭൂവി കുലീനനുമാണു താനെ–
ന്നാ രാജമാന്യചരിതൻ തെളിയിച്ചുവല്ലോ.
നാരായണാത്മജസുതന്നൊരു ദാസിയായി–
ത്തീരാനുമേതു നൃപകന്യ കൊതിയ്ക്കയില്ല?

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2570 നില്ലാഞ്ഞ കോപഭരം. . . (ശ്രീജിത്ത്)

വസന്തതിലകം

നില്ലാഞ്ഞ കോപഭരമൊന്നൊഴിയട്ടെയച്ചെ–
ന്നെല്ലാം യഥേഷ്ടമറിയിച്ചു ശരിപ്പെടുത്താം
തെല്ലാശ്വസിക്ക തവസത്സഖിചിത്രലേഖേ,
വല്ലായ്മ കൂടിടരുതെന്നെഴുന്നേറ്റു വൃദ്ധൻ

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2571 തരുണിയുടെ ബലം. . . (ഹരി സി. വി.)

അപരവക്ത്രം

തരുണിയുടെ ബലം വിശ്രുതി, വേ–
റൊരു പൊരുളല്ലബലയ്ക്കതേ ബലം,
പരമതിനിഹ ഭംഗമേകുവാൻ
കരുതിയൊരെൻ വിധിയെത്ര ഘോരനാം !

കവി : കുമാരനാശാൻ, കൃതി : *ലീല*

3.2572 പ്രിയ രാഘവ. . . (ജീവി)

വിയോഗിനി

പ്രിയ രാഘവ! വന്ദനം ഭവാ–
നയരുന്നു ഭൂജശാഖ വിട്ടു ഞാൻ
ഭയമറ്റു പറന്നുപോയിടാം
സ്വയമിദ്യോവിലൊരാശ്രയം വിനാ.

കവി : കുമാരനാശാൻ, കൃതി : *ചിന്താവിഷ്ടയായ സീത*

3.2573 ഭോഗീന്ദ്രഭോഗശയനം. . . (സുരേശൻ)

വസന്തതിലകം

ഭോഗീന്ദ്രഭോഗശയനം ഭുവനൈകനാഥം
യോഗീന്ദ്രമാനസസരോജവിഹാരിഹംസം
വാഗീശമുഖ്യവിബുധേന്ദ്രനതാംഘ്രിപദ്മം
വന്ദേ മഹാപുരുഷമംബുജനാഭമീശം.

3.2574 വാടിത്തളർന്ന പകലിൻ. . . (ജീവി)

വസന്തതിലകം

വാടിത്തളർന്ന പകലിൻ വളർമേനി താങ്ങാ–
നോടിക്കിതച്ച രജനീമണിയെത്തിടുമ്പോൾ,
മോടിക്കുചേർന്നപടി നീ മൃദുഹാസലേശ–
മോടിക്ഷമാംബികയെ നോക്കിരസിച്ചിടുന്നു!

കവി : ചങ്ങമ്പുഴ, കൃതി : *പ്രഥമതാരം (ഗീതാഞ്ജലി)*

3.2575 മുഷിഞ്ഞ വസ്ത്രാൽ. . . (മധുരാജ്)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

മുഷിഞ്ഞ വസ്ത്രാൽ പൃഥുകം പിടിച്ച–
ങ്ങഴിച്ചു ഭക്ഷിച്ചിതു വാസുദേവൻ
രണ്ടാമതും മുഷ്ടി പിടിച്ച നേരം
തണ്ടാരിൽമാതാശു കരം പിടിച്ചാൾ

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.2576 രവി പോയി മറഞ്ഞതും. . . (സീമ)

വിയോഗിനി

രവി പോയി മറഞ്ഞതും സ്വയം
ഭുവനം ചന്ദ്രികയാൽ നിറഞ്ഞതും
അവനീശ്വരിയോർത്തതില്ല പോ–
ന്നവിടെത്താൻ തനിയേയിരിപ്പതും.

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.2577 അവികലവിമലാനുഭൂതി. . . (ജീവി)

പുഷ്പിതാഗ്ര

അവികലവിമലാനുഭൂതിയുൾക്കൊ–
ണ്ടവിരളകോമളഗാനധാരളുകി,
ഛവിയിളകുമസീമകാവ്യപുഷ്പാ–
ടവിയി, ലയേ, കളകണ്ഠ, നീ ലസിപ്പൂ!

കവി : ചങ്ങമ്പുഴ, കൃതി : *സ്പന്ദിക്കുന്ന അസ്ഥിമാടം*

3.2578 ഛിദ്രംവിട്ടു ഗ്രഹങ്ങൾ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ഛിദ്രംവിട്ടു ഗ്രഹങ്ങൾ തിങ്ങിവിലസും ശ്രീമൂലഭൂപാലകോ–
ന്നിദ്രശ്രീയുതഭാഗ്യവാൻ കടലിനെപ്പൊക്കാൻ ചൊരിയ്ക്കും സദാ
സദ്രക്ഷാനിപുണങ്ങളാം മൃദുകടാക്ഷത്തിൻ തരംഗങ്ങളാൽ
ഭദ്രം പാൽക്കടൽമേൽശയിച്ചുപരിശോഭിയ്ക്കും കൃപത്തേൻകടൽ

കവി : **ആശാൻ**, കൃതി : *മംഗളാശംസ*

3.2579 സ്പഷ്ടം ന്ലാവങ്ങു. . . (ജീവി)

സ്രഗ്ധര

സ്പഷ്ടം ന്ലാവങ്ങു നീങ്ങീ ദിനകരനുദയം ചെയ്യു ചന്ദ്രൻ മറഞ്ഞൂ
തട്ടിത്തട്ടിപ്പെരുക്കിപ്പെരുവെളിയതിലാക്കീടുവാൻ പിന്നെയാട്ടേ,
കഷ്ടം ദീനം പിടിച്ചോ മദിരയതുകുടിച്ചോ കിടക്കുന്ന ലോകർ–
ക്കുത്തിഷ്ഠോത്തിഷ്ഠ ശീഘ്രം, നദിയിൽ മുഴുകുവാൻ കാലമായ് വന്നിതിപ്പോൾ

കവി : **ശ്രീനാരായണ ഗുരു**, കൃതി : *സുബ്രഹ്മണ്യ കീർത്തനം*

3.2580 ക്ലട്ടാം ബസ്ച്ചാർജ്ജു, പക്ഷേ,. . . (ഋഷി)

സ്രഗ്ധര

ക്ലട്ടാം ബസ്ച്ചാർജ്ജു, പക്ഷേ, യിളവുകൾ നിലനിർത്തീടണം, നിർത്തിടേണം
ചട്ടം ലംഘിച്ചു കുത്തിത്തിരുകിയമിതവേഗത്തിലിന്നുള്ളൊരോട്ടം;
ഓട്ടോറിക്ഷേല്യ മൂന്നിൽക്കവിയരുതിതികൽപിച്ചിട്ടും ചട്ടമേ, യീ
നാട്ടിൽബ്ബസ്സിന്നുമാത്രം പെരിയൊരിളവു നൽകുന്നതേറ്റം വിചിത്രം!

കവി : **രാജൻ മുള്ളൂർക്കര**, കൃതി : *ബസ് ചാർജ് വർദ്ധന*

3.2581 ഒരാളെയായ് തൻ മടിയിൽ. . . (ഹരി സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ഒരാളെയായ് തൻ മടിയിൽ കരേറ്റാൻ
കൈനീട്ടിയീ ഞങ്ങളെ മാറിമാറി
ശാഠ്യം പിടിപ്പിക്കുകയാണു തായ–
മാർക്കന്നു വാത്സല്യപരം വിനോദം

3.2582 ശരീരം കളത്രം സുതം. . . (മധുരാജ്)

ഭുജംഗപ്രയാതം

ശരീരം കളത്രം സുതം ബന്ധുവർഗ്ഗം
വയസ്യം ധനം സദ്മ ഭൃത്യം ധനം ച
സമസ്തം പരിത്യജ്യ ഹാ കഷ്ടമേകോ
ഗമിഷ്യാമി ദുഃഖേന ദൂരം കിലാഹം

കവി : **ശ്രീ ശങ്കരാചാര്യർ**, കൃതി : *വിഷ്ണുഭുജംഗാസ്തോത്രം*

3.2583 സത്യം ലംഘിച്ചു സത്യാധിപതി. . . (സീമ)

സ്രഗ്ധര

സത്യം ലംഘിച്ചു സത്യാധിപതി, യൊരു ശിരസ്സപ്പൊഴേ നഷ്ടമായ്, ത്തൻ–
കൃത്യം പാലിച്ച മൃത്യുഞ്ജയനതുമുതലേ ബ്രഹ്മഹന്താവുമായി,
പ്രത്യക്ഷം തന്റെ കൃത്യപ്പിഴ മുരമഥനൻ മാറിലേ പേറിടുന്നു
നിത്യം, ലോകാധിപത്യം വിധിഹരഹരിമാർക്കല്ല, കർമ്മത്തിനത്രേ!

3.2584 പളുങ്കിൻ കുടം. . . (ജീവി)

ഭുജംഗപ്രയാതം

പളുങ്കിൻ കുടം പോലതീതാനുഭൂതി
പ്രപഞ്ചം തകർന്നാം മിനുങ്ങുന്നു; പക്ഷെ

പ്രലുബ്ധാന്തരംഗത്തെയുന്തുന്നു വീണ്ടും
പ്രവൃത്തിപ്രവാഹം "മറക്കു മറക്കു"

കവി : ബാലാമണിയമ്മ, കൃതി : *മറക്കു മറക്കു*

3.2585 പിറന്നോരു നെരം പിതാക്കൾക്കു. . . (സീമ)

ഭുജംഗപ്രയാതം

പിറന്നോരു നെരം പിതാക്കൾക്കു നേത്രം
തുറപ്പിച്ചടപ്പിച്ച വിശ്വേശരൂപം
ഉറങ്ങും മിഴിക്കൺ തുറന്നൊന്നു കൻടാൽ
മറക്കാ മറക്കാതലിൻ ദിവ്യരൂപം.

3.2586 ഉത്തുംഗ കാന്തി കലരും. . . (ശ്രീകാന്ത്)

വസന്തതിലകം

ഉത്തുംഗ കാന്തി കലരും ശരറാന്തലൊന്നു
കത്തുന്നു നിന്നു കതിരോന്റെ പകർപ്പു പോലെ,
മെത്തുന്ന താപവുമമർഷവുമുൾത്തടത്തെ–
ക്കൊത്തുന്നു രണ്ടു പകയേറിന പാമ്പു പോലെ.

3.2587 മെയ് കാന്തിയാൽമിഴിതെളിഞ്ഞു. . . (ശ്രീജിത്ത്)

വസന്തതിലകം

മെയ് കാന്തിയാൽ മിഴിതെളിഞ്ഞു കുമാരിമാരെ–
യേകാൻ തുടങ്ങുകിലൊടുക്കമെബദ്ധമാകും
ഭ്രകാന്തരിൽ ഭൂജപരാക്രമമാണുമുഖ്യം
ഹേ കാന്തവിഗ്രഹ, ഭവാനതറിഞ്ഞുകൂടേ?

കവി : ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, കൃതി : *വിനോദിനി*

3.2588 ഭക്തന്മാരേ, ഭവാന്മാർ. . . (ഋഷി)

സ്രുദ്ധര

ഭക്തന്മാരേ, ഭവാന്മാർ പലവിധമുലകിൽച്ചെയ്തിട്ടും ദുഷ്കൃതത്താൽ
രക്തം ചിന്തുന്ന യുദ്ധക്കളമിഹയുയരാൻ പോരു,മെന്നാലുമാകാ
മുക്തിയ്ക്കായിപ്പൊഴോരോ തിരുനടകയറിച്ചെന്നു പാപങ്ങൾ പോക്കാൻ
ശക്തിയ്ക്കൊക്കും വിധം പിന്നതിനുമുപരിയായ് ചെയ്യുമർത്ഥാർപ്പണങ്ങൾ!

കവി : സി. ഉണ്ണികൃഷ്ണൻ, ഡൊംബിവിലി, കൃതി : *കപടഭക്തർക്ക് (മുക്തകം)*

3.2589 മാലോകർക്കുമതിപ്രമോദമരുളും. . . (സീമ)

ശാർദ്ദൂലവിക്രീഡിതം

മാലോകർക്കുമതിപ്രമോദമരുളും ശ്രീമൻ മഹാഭാരതം,
ചേലോലും തദുപജ്ഞ്യമായി വിലസും ശാകുന്തളം നാടകം
ഈ ലോകോത്തരസൃഷ്ടി രണ്ടുമതുലം ചേലൊത്തവാലത്തിത–
ന്നാലോലാമലനീലനീരദമിഴിത്തുമ്പിന്റെ വൻപല്ലയോ!

3.2590 ഇക്കല്യഭർത്തുമൊഴി. . . (രഘു സി. വി.)

വസന്തതിലകം

ഇക്കല്യഭർത്തുമൊഴി കേട്ടെഴുനേറ്റുനിന്നു
നൽക്കഞ്ജമൊട്ടിനെതിരാം തൊഴുകയ്യുമായി
ഉൽക്കമ്പമാർന്നു കരളാവതുപോലുറപ്പി–
ച്ചക്രമ്പ്രഭാഷിണി കനിഞ്ഞറിയിച്ചിതേവം.

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2591 ഊക്കീടെഴും നൃപ. . . (ശ്രീജിത്ത്)

വസന്തതിലകം

ഊക്കീടെഴും നൃപനെ നാമിഹ ബന്ധനസ്ഥ–
നാക്കീ പരന്ന നിജസൈന്യമിതാ പറന്നു
നോക്കീടുമീ വിജയലക്ഷ്മിയെയാദരിപ്പിൻ
താക്കീടുവിൻ പടഹമിപ്പട നമ്മൾ നേടീ

കവി : ഒടുവിൽ കൃഞ്ഞികൃഷ്ണ മേനോൻ, കൃതി : *വിനോദിനി*

3.2592 നീലാകാശത്തിലേറും. . . (സീമ)

സ്രഗ്ധര

നീലാകാശത്തിലേറും പറവകളമലം, മാരിവില്ലപ്രമേയം,
ബാലാദിത്യപ്രകാശം പ്രതിനവസുഖദം, വർഷമാകർഷണീയം,
ജാലം ലോലംബജാലം, മലരൊളിമധുരം, മാതൃസംശ്രദ്ധശിക്ഷാ–
ലോലം, ഹാ ബാല്യകാലം! മതിവരെ നുകരാൻ കാത്തുനിന്നീല കാലം!

കവി : ശ്രീ കൈയ്യക്കിൽ ജാതവേദൻ

3.2593 ജലേശ്വരൻ തന്നുടെ. . . (ഹരി സി. വി.)

വംശസ്ഥം

ജലേശ്വരൻ തന്നുടെ രാജധാനിയിൽ–
ബലത്തിനായ് തീർത്തൊരു കോട്ടതാനിതോ
അതിങ്കലീസന്ധ്യയുമർക്കമൂർത്തിയാൽ
പതിച്ചിടുന്നോ പുതുതാഴികക്കുടം

കവി : എ. ആർ. രാജരാജവർമ്മ, കൃതി : *മലയവിലാസം*

3.2594 ആകാശത്തിലെയഭ്രപാളികളിൽ. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

ആകാശത്തിലെയഭ്രപാളികളിലൂടാമന്ദസഞ്ചാരിയായ്
പോകാനുത്സുകനാം ദിവാകരവിഭോ കാണുന്നതില്ലാ ഭവാൻ
ഏകാന്തത്തിൽ വിരിഞ്ഞു ലോകജനതയ്ക്കേറെസ്സുഗന്ധം കൊടു–
ത്താഘാതത്തിലടിഞ്ഞു മണ്ണിലലിയാൻ പോകുന്നിരിപ്പൂവിനെ

കവി : പ്രൊഫ. പി. എം. ജി. നമ്പീശൻ, കൊൽക്കത്ത, കൃതി : *സൂര്യനോട് (മുക്തകം)*

3.2595 ഏകാർദ്ധം വിശ്വദാഹദ്യുതിയെയും. . . (സീമ)

സ്രഗ്ധര

ഏകാർദ്ധം വിശ്വദാഹദ്യുതിയെയു, മപരാർദ്ധം കൃപാശ്രുക്കളെയും
ളുകെ, ത്തമ്മിൽക്കലർന്നിട്ടവ ചിലുചിലനെച്ചീറിടും ഫാലനേത്രം.
ഏകാന്തൈകസ്ഥനശ്രീപൃഥുമകുടമതിക്കീറഹിപ്പൂണ്നൂലി–
ന്യാകാരം പൂണ്ട ദേവൻ തരിക ശുഭമിവർക്കർദ്ധനാരീസ്വരൂപൻ!

3.2596 ഏകാന്തശുദ്ധമിഹ. . . (രഘു സി. വി.)

വസന്തതിലകം

ഏകാന്തശുദ്ധമിഹ നിന്നനഘാനുരാഗം
സ്വീകാര്യകോടിയിലിരിപ്പതു തന്നെ, പക്ഷെ
ഹേ, കാര്യവേദിനി, യശോധനനാം നൃപന്നു
ലോകാപവാദമഖിലോപരി ഗണ്യമല്ലീ?

കവി : വള്ളത്തോൾ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2597 ഹർത്താലെന്നും നടത്താം. . . (ഋഷി)

സ്രഗ്ധര

ഹർത്താലെന്നും നടത്താം, സുഖമൊടു വഴിയോരത്തു കുന്തിച്ചിരിയ്ക്കാം
നിർത്താതന്യന്റെ ദോഷം പലവിധമുരചെയ്തങ്ങു പൊട്ടിച്ചിരിയ്ക്കാം
ഗാത്രം നന്നായ് വിയർക്കും പണികളൊരുവനും ചെയ്തിടേണ്ടന്യ നാട്ടിൽ–
പാർത്തീടുന്നോരയ്ക്കും പണമനവധിയണെന്റെ നാടെത്ര കേമം!

കവി : വൈരശ്ശേരി കെ. എം. നമ്പൂതിരി, കൃതി : *കേരളം ഇന്ന്*

3.2598 ഗരുഡരഥഗളത്തിൽ. . . (മധുരാജ്)

പൃഷ്പിതാഗ്ര

ഗരുഡരഥഗളത്തിലുല്ലസിക്കു–
ന്നൊരുളുളസീദളമാലയോടുരുമ്മി
പൊരുളുടയൊരു പേരിയന്നു മോദം
പെരുകിന ഗന്ധവഹൻ കളിച്ചിരുന്നു.

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2599 പൊട്ടശ്ലോകങ്ങൾ കെട്ടും. . . (ഋഷി)

സ്രഗ്ധര

പൊട്ടശ്ലോകങ്ങൾ കെട്ടും കവികൾ തുലയുവാൻ തേങ്ങ ഭ്രതേശനെന്നും
പൊട്ടിച്ചിട്ടെത്രകാര്യം? പെരുകി വളരെയിക്കുട്ടരീ നാട്ടിലിപ്പോൾ;
ദുഷ്ടത്വം വാച്ചനേർച്ചക്കവികരിനിടിലം തച്ചുടയ്ക്കാൻ ഭവാനി–
ന്നൊട്ടും ക്ലേശാതിരേങ്ങീടുക പൃഥുകവിതക്കാട്ടിൽ ഹര്യക്ഷവര്യ!

കവി : എൻ. കെ. ദേശം, കൃതി : *വെണ്മണിസ്മരണ*

3.2600 ദിവാപി നിഷ്യൂത. . . (രഘു സി. വി.)

ഇന്ദ്രവജ്ര/ഉപേന്ദ്രവജ്ര

ദിവാപി നിഷ്യൂതമരീചിഭാജാ
ബാലാദനാവിഷ്കൃത ലാഞ്ഛനേന
ചന്ദ്രേന നിത്യം പ്രതിഭിന്നമൗലേ–
ശ്ചൂഡാമണേ കിം ഗ്രഹണം ഹരസ്യ.

3.2601 ചാരത്തു ചന്ദ്രനണവാൻ. . . (ഋഷി)

വസന്തതിലകം

ചാരത്തു ചന്ദ്രനണവാൻ പതിവിൽക്കുറച്ചു–
നേരം കവിഞ്ഞതു നിനച്ചു കയർത്തു പാരം
ദാരങ്ങളാം രജനിയാശ്രു വലിച്ചെറിഞ്ഞ
ഹാരം തകർന്ന ചിതറുന്ന നഭസ്ഥലത്തിൽ

കവി : ജി., കൃതി : *സാഹിത്യകൗതുകം*

3.2602 ദിവ്യസ്തോത്രഗണം രചിച്ചു. . . (ശ്രീജിത്ത്)

ശാർദ്ദൂലവിക്രീഡിതം

ദിവ്യസ്തോത്രഗണം രചിച്ചു ദിവിഷൽ ശ്രോത്രോൽസവം ചേർത്തു നൽ–
ഭവ്യശ്രീകലരും നവീനമുനിയാമിക്ഷത്രിയശ്രോത്രിയൻ
സുവ്യക്തം തനദംഗമിന്ന ബലിയായ് നൽകുന്നതിമ്മട്ടെഴും
ഹവ്യം ഭ്രമിയിലില്ലഹോ, ഹതവഹസ്വാമിൻ പ്രസാദിക്ക നീ!

കവി : കുമാരനാശാൻ, കൃതി : *പ്രരോദനം*

3.2603 സത്യസന്ധത വെടിഞ്ഞു. . . (ഋഷി)

രഥോദ്ധത

സത്യസന്ധത വെടിഞ്ഞു നീചമാം
കൃത്യമേതുമിഹചെയ്യുവാൻ പരം
നിത്യവും വഴികളോർത്തു പാർത്തിടും
മർത്ത്യരുണ്ടുലകിൽ വേണ്ടുവോളവും

കവി : കെ. എസ്. നായർ, വെളപ്പായ

3.2604 നീലമേഘനിറമാണ്ടവൻ. . . (സീമ)

കുസുമമഞ്ജരി

നീലമേഘനിറമാണ്ടവൻ, രുചിരപീലിയാർന്നമുടിയാണ്ടവൻ,
കാലിമേപ്പതിനു ലീലയാ കുറിയ കോലിയന്ന കരമാണ്ടവൻ,
കാളിയന്റെ ഗരളം കവർന്ന ഫണമേറിയാരചിത താണ്ഡവൻ
മാലകറ്റുക നിരന്തരം കരുണ പൂണ്ടവൻ നമിതപാണ്ഡവൻ.

3.2605 കാരുണ്യം കാളകണ്ഠപ്പകുതി. . . (കർത്താ)

സ്രുദ്ധര

കാരുണ്യം കാളകണ്ഠപ്പകുതി! തവ കടക്കണ്ണു കൈകാര്യമേറി–
ത്തീരെദ്ദീവാളിവച്ചോ തിരുമിഴിയിലതോ ചണ്ഡി! ചെങ്കണ്ണു വന്നോ?
നേരേ നോക്കാത്തതെന്താ, ണടിയനടിയിണത്താമരത്താർ വണങ്ങി–
പ്പോരുന്നോനാണതോർത്താലതിനിവനു മുറയ്ക്കുണ്ടു മുഖ്യാവകാശം.

കവി : ശീവൊള്ളി

3.2606 നാരായണനു സഖിയാകിയ. . . (രവി)

വസന്തതിലകം

നാരായണനു സഖിയാകിയ പാണ്ഡവനു
പാരിച്ച ദുർമദമടക്കി വരം കൊടുപ്പാൻ
കൈരാത വേഷധരനാകിയ ചന്ദ്രചൂഡൻ
കാരുണ്യമെങ്കലരുളീടുക സർവ്വകാലം

കവി : ഇരട്ടക്കുളങ്ങര രാമവാര്യർ, കൃതി : *കിരാതം ആട്ടക്കഥ*

3.2607 കാലൻ വരുന്ന സമയം. . . (സീമ)

വസന്തതിലകം

കാലൻ വരുന്ന സമയം ഭയമോടുടൻ ശ്രീ–
കോലിൽക്കടന്ന ശിശു വീണു നമിച്ച മൂലം
ശൂലേന കാലനുടെ കാലമഹോ കഴിച്ച
കാലന്റെ കാലനുടെ കാലിണ കൈതൊഴുന്നേൻ.

3.2608 ശരി നയനപഥത്തിൽ. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

ശരി നയനപഥത്തിൽ നിന്നിടുന്നു–
ണ്ടൊരു നിമിഷം പിരിയാതെയെൻ പ്രിയൻ നീ
പരമതു നിഴൽ പോലെയിന്ദ്രി യങ്ങൾ–
ക്കരുതിദദർശനമായി– ഞാൻ വലഞ്ഞു

കവി : കുമാരനാശാൻ, കൃതി : *ലീല*

3.2609 പരിചൊടു ചരണാബ്ജം. . . (ഋഷി)

മാലിനി

പരിചൊടു ചരണാബ്ജം സംശ്രയിപ്പോർക്കു നിത്യം
പെരുകിന പരിതാപം തീർത്തുകാത്തീടുവോളേ
സുരർ സപദി നമിയ്ക്കും കാൽക്കൽ ഞാൻ കുമ്പിടുന്നേൻ
തരണമൊരഭയം മേ, ലോകനാർക്കാവിലമ്മേ

കവി : കടത്തനാട്ട് കെ. പദ്മനാഭ വാരിയർ, കൃതി : *ലോകനാർക്കാവിലമ്മ*

3.2610 സുരുചിരത കലർന്ന. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

സുരുചിരത കലർന്ന വില്ലുമമ്പും
കരയുഗസന്നിധിയിൽ പതിച്ചിരുന്നു
കസവൊളിതിരളുന്ന തൊപ്പിയൂരി–
ത്തലയോടു ചേർന്നരികിൽക്കിടന്നിരുന്നു

കവി: കെ. സി. കേശവപിള്ള, കൃതി: *കേശവീയം*

3.2611 കന്നിയ്ക്കുപിന്നെ മകരത്തിനു. . . (ഋഷി)

വസന്തതിലകം

കന്നിയ്ക്കുപിന്നെ മകരത്തിനു കൊയ്യു കൂട്ടും
പൊന്നെല്ലുകൊണ്ടറനിറഞ്ഞു കവിഞ്ഞിടുമ്പോൾ
തോന്നയ്ക്കൽ നിന്നു കൊടിപാറിയ കോടി ലിംഗ–
ത്തുന്നും കടന്നു വരവായ് കറവപ്പശുക്കൾ

കവി : വൈക്കം വിശ്വനാഥൻ നായർ, കൃതി : *തറവാട്*

3.2612 തരുമന്നമതി താതൻ. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

തരുമന്നമതി താത,നിങ്ങു കാലം
വരുമതിനെന്നിവൾ നാഥ,കാത്തിരുന്നേൻ,
ഉരുജനഭയപഞ്ജരസ്ഥ കഷ്ടം!
പരനഥ പൈങ്കിളിപോലെ,ദത്തയായേൻ

3.2613 ഗാത്രം ചുക്കിച്ചുളിഞ്ഞും. . . (ഋഷി)

സ്രുദ്ധര

ഗാത്രം ചുക്കിച്ചുളിഞ്ഞും, ഗമനമിടറിയും, ദന്തമെല്ലാം കൊഴിഞ്ഞും,
വക്ത്രം ലാലാക്തമായും, ബധിരത വല്തായ്, കാഴ്ചയറ്റും, പറഞ്ഞാൽ
ഉറ്റോർ കേൾക്കതെയായും, പരിചരണമഹോ ഭാര്യ ചെയ്താതെയായും,
കഷ്ടം! വാർദ്ധക്യ,മോർത്താലൊരുവനു മകനും ശത്രുവായ്ത്തീർന്നിടുന്നു!

കവി : ഗോവിന്ദൻ മാസ്റ്റർ, പയ്യന്നൂർ (വിവ:), കൃതി : *സുഭാഷിതങ്ങൾ*

3.2614 ഉടുക്കും പുലിത്തോൽ. . . (സീമ)

ട്ടജംഗപ്രയാതം

ഉടുക്കും പുലിത്തോലുടുക്കൊട്ടടിക്കും
കടിക്കും ഫണിച്ചാർത്തിടയ്ക്കും തലയ്ക്കും
കുടിക്കുന്നതയ്യോ കടുക്കും വിഷം നീ–
നടിക്കുന്ന കണ്ടാൽ നടുക്കം പുരാനേ!

3.2615 കടുനിണമൊഴുകിപ്പടർന്നു. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

കടുനിണമൊഴുകിപ്പടർന്നു ചുറ്റും
കഠിനതപ്പുണ്ടു കുത്തു നിന്നിരുന്നു
സ്ഫുടരുചിതടവും വിശാലവക്ഷ–
സ്തടമവഗാഢതരം പിളർന്നിരുന്നു

3.2616 സ്ഫുരിയ്ക്കുമീ നിന്നുടലിൻ. . . (ഋഷി)

വംശസ്ഥം

സ്ഫുരിയ്ക്കുമീ നിന്നുടലിൻ പദാർത്ഥമെ–
ത്തുരയ്ക്ക മിന്നൽപിണരിൻ സ്ഫുലിംഗമോ?
വിരിഞ്ഞുപോം താരഗണങ്ങൾ തമ്മിലാ–
ഞ്ഞുരഞ്ഞു പാറും പൊടിയോ, നിലാവതോ?

കവി : ആശാൻ, കൃതി : *മിന്നാമിനുങ്ങ്*

3.2617 വാനോർവാരാശി,വാസ്തോഷ്പതി. . . (സീമ)

സ്രുദ്ധര

വാനോർവാരാശി,വാസ്തോഷ്പതി,ദനുജകുലം,മന്ദരം,വാസുകിപ്പാ–
മ്പാനന്ദാലിപ്പറഞ്ഞുള്ളവർ തവ തനു കണ്ടെങ്കിലും കണ്ടതില്ല
താനാരാണെന്നു ചിന്തിച്ചതിനുടെ പരമാർത്ഥംവരെക്കണ്ട വിദ്വാൻ–
താനാകുന്നു ജഗത്തിൽ ജനനി, ഭവതിയെക്കണ്ടവൻ കർമ്മവേധി.

3.2618 താരങ്ങൾ നിൻ പതനമോർത്തു. . . (രവി)

വസന്തതിലകം

താരങ്ങൾ നിൻ പതനമോർത്തു തപിച്ചഹോ ക–
ണ്ണീരായിതാ ഹിമകണങ്ങൾ പൊഴിഞ്ഞിടുന്നു;
നേരായി നീഡതരുവിട്ടു നിലത്തു നിന്റെ
ചാരത്തു വീണു ചടകങ്ങൾ പുലമ്പിടുന്നു

കവി : എൻ. കുമാരനാശൻ, കൃതി : *വീണപൂവ്*

3.2619 നാനാതരം കല്മഷ. . . (ഋഷി)

ഇന്ദ്രവജ്ര

നാനാതരം കല്മഷമേറിജന്മ–
നാശം വരുത്തും കലിബാധ നീങ്ങാൻ
നാമിന്നു ചെയ്യും ജപയജ്ഞമെല്ലാം
നാരായണന്നർപ്പണമായ് വരട്ടേ!

കവി : കെ. ആർ. തങ്കമണി, പെരുംഉരുത്ത, കൃതി : *(സമസ്യാപൂരണം)*

3.2620 നേരാമിതെല്ലാ,മിതി. . . (സിദ്ധാർത്ഥൻ)

ഇന്ദ്രവജ്ര

നേരാമിതെല്ലാ,മിതി തേറിടുന്നോ
രാരോഗമാർന്നുള്ളൊരു ചിന്തയെല്ലാം
നേരല്ല,തെന്നോതി ഗുണം വരുത്തും
നാരായണന്നർപ്പണമായ് വരട്ടേ!

കവി : സിദ്ധാർത്ഥൻ, കൃതി : *(സമസ്യാപൂരണം)*

3.2621 നെന്മേനിവാകമലർമേനി. . . (ശ്രീജിത്ത്)

വസന്തതിലകം

നെന്മേനിവാകമലർമേനി വെടിഞ്ഞുവാഴ് ത്തും
തന്മേനി കണ്ടു മലർവില്ലനെ വെന്ന വമ്പൻ
തന്മേനി നേർപകുതി താനെഴുമൂരകത്തു–
ള്ളമ്മേ! നിനക്കുടയ കാലിണ കൈതൊഴുന്നേൻ

കവി : കണ്ടൂർ നാരയണമേനോൻ, കൃതി : *കോമപ്പൻ*

3.2622 തങ്കൽത്തിളങ്ങുമൊളികൊണ്ടു. . . (സീമ)

വസന്തതിലകം

തങ്കൽത്തിളങ്ങുമൊളികൊണ്ടുതനിത്തകിട്ടു
തങ്കത്തിനുള്ള തല താഴ്ത്തിയ തമ്പുരാട്ടി
വങ്കത്തമേറുമടിയന്നകതാരിൽ വാഴ്ക്കും
വൻ കത്തലാറ്റിടുക വല്ല കണക്കിലും നീ.

3.2623 വിവാഹമീരെട്ടു. . . (ഹരി സി. വി.)

ഉപേന്ദ്രവജ്ര

വിവാഹമീരെട്ടു സഹസ്രമെട്ടും
വിധിച്ചു ചേരും പടി ചെയ്തവൻ പോൽ
അവർക്ക് വേണ്ടുന്ന വിഭ്രതിയെല്ലാം
അവൻ കൊടുക്കുന്നു നിരന്തരം പോൽ

3.2624 ആരാണ പോകുവതടുത്ത. . . (ശ്രീജിത്ത്)

വസന്തതിലകം

ആരാണ പോകുവതടുത്ത പറമ്പിലൂടെ–
യാരാമസീമ്നി വനദേവതയെന്നപോലെ
ആ രാമയാളൊരരിവട്ടിയിടത്തുകയ്യി–
ന്നാരാൽ മലർന്ന കരതാരിൽ വഹിച്ചിരുന്ന

കവി : വള്ളത്തോൾ നാരായണമേനോൻ, കൃതി : *സാഹിത്യമഞ്ജരി*

3.2625 അടിക്കടിക്കടിയനിലാധി. . . (മധുരാജ്)

അതിരുചിര

അടിക്കടിക്കടിയനിലാധിവീചി വ–
ന്നടിക്കുമാറുളുമജന്റെ ശാസനം
അടിക്കു തൊട്ടൊഴിയണമായതിന്ന നി–
ന്നടിക്കു താണയി, ജഗദംബ കൂപ്പുവൻ

കവി : ഉള്ളൂർ, കൃതി : *ഉമാകേരളം*

3.2626 ആലസ്യമാണ്ട മുഖമൊട്ടു. . . (വാസുദേവൻ)

വസന്തതിലകം

ആലസ്യമാണ്ട മുഖമൊട്ടു കുനിച്ചു, വേർത്ത–
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടുതാങ്ങി
ചേലഞ്ചി മിന്നുമൊരു വെൺകുളിർകൽത്തറയ്ക്ക–
മേലങ്ങു ചാരുമുഖി ചാരിയിരുന്നിടുന്ന

കവി : വള്ളത്തോൾ നാരായണമേനോൻ, കൃതി : *ബന്ധനസ്ഥനായ അനിരുദ്ധൻ*

3.2627 ചിത്രാംശുവെന്ന പുകളേറിയ. . . (സീമ)

വസന്തതിലകം

ചിത്രാംശുവെന്ന പുകളേറിയ ചിത്രകാരൻ
മുൻപെക്കുറിച്ച ഘനചിത്രപടത്തെയെല്ലാം
ആകാശഭിത്തിയിലെടുത്തു നിവർത്തി നേരേ–
ചായം കൊടുത്തു മിഴിവേകി മിനുക്കിടുന്നോ!

കവി : വി. സി. ബാലകൃഷ്ണപ്പണിക്കർ, കൃതി : *വിശ്വരൂപം*

3.2628 ആഹാ, രചിച്ചു ചെറു. . . (രവി)

വസന്തതിലകം

ആഹാ, രചിച്ചു ചെറുലൂതകളാശു നിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞു നിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം

കവി : കുമാരനാശൻ, കൃതി : *വീണപൂവ്*

3.2629 സേനാധിപന്റെ തല. . . (ശ്രീജിത്ത്)

വസന്തതിലകം

സേനാധിപന്റെ തല കൊയ്യുവതിന്ന കാശീ–
ഭ്രനാഥനോങ്ങിയൊരു വജ്രസമാനഖഡ്ഗം
സേനാനിയൊത്തൊരു മനോഹരനാഞ്ഞു തട്ടി
വാനാണ്ട വാളിനു സമാനമദൃശ്യമാക്കി

കവി : ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, കൃതി : *വിനോദിനി*

3.2630 സത്യം കൊണ്ടിന്നിമേലിൽ. . . (ഋഷി)

സ്രുദ്ധര

സത്യം കൊണ്ടിന്നിമേലിൽ ധരണിയിലധികം കാലാമാവില്ല വാഴാൻ
പാർത്തട്ടാഴുന്ന മദ്യക്കടലിൽ വെളിവശേഷം നശിയ്ക്കുന്ന കഷ്ടം
പേർത്തും ചീറ്റുന്ന കൊല്ലും കൊലയുമനുദിനം കേളികൊട്ടുന്നിതെങ്ങും
ചിത്തം മങ്ങുന്നു, ക്ലവും സഭയിലിനിയുമീ വേഷമാടേണമെന്നോ?

കവി : പ്രദ്യുമ്നൻ നായർ, കറിച്ചിത്താനം, കൃതി : *(സമസ്യാപൂരണം)*

3.2631 പൊന്നാനിയിൽ ചെന്നു. . . (ഹരി സി. വി.)

ഇന്ദ്രവജ്ര

പൊന്നാനിയിൽ ചെന്ന നദീവതംസ–
പ്പൊന്നായ സാക്ഷാൽ നിളയൊടിണങ്ങീ
ഈയുപ്പുവെള്ളപ്പുഴ വിശ്രമാർത്ഥം
പൂകുന്ന പൂർവേതരസാഗരത്തിൽ

3.2632 ഈറ്റക്കാടിന്നകത്തായ്. . . (ഋഷി)

സ്രുദ്ധര

ഈറ്റക്കാടിന്നകത്തായ് വലിയ ബഹളമാണൊന്നു ഞാനെത്തിനോക്കീ
മാറ്റിത്തം കണ്ണുപൊത്തീ ഹരനുമുമയുമുണ്ടാനയായിക്കളിപ്പൂ
ഈറ്റത്തിൽ കണ്ടു പിന്നീടവരുടെ മടിയിൽ കേറി വാഴുന്ന സാക്ഷാൽ
തീറ്റക്കാരൻ മഹാപണ്ഡിതനവനുടെ സാമർത്ഥ്യമേ വെൽവുതാക!

കവി : പാലൂർ, കൃതി : *അർദ്ധനാരീശ്വരൻ*

3.2633 ഉണ്ടായിത്താമ്രകാരാദ്. . . (ഉമേഷ്)

സ്രുദ്ധര

ഉണ്ടായിത്താമ്രകാരാദ്, രജകനെയുമണ, ഞ്ഞാർന്ന പൗരാണികൗഘം
കൊണ്ടാടി, ക്കണ്ടു കായസ്ഥരെ, നുണയരെയെല്ലാം പുണർ, ന്നക്കവീന്ദ്രാൻ
വേണ്ടും വണ്ണം വണങ്ങി, ഗ്ഗണികകളൊടു നന്നായിണങ്ങീട്ടു വാസം
പൂണ്ടേറ്റം വാണിജന്മാരൊടു കളവു സുഖിക്കുന്ന തട്ടാന്റെ വീട്ടിൽ.

കവി : കേ. സി. കേശവപിള്ള

3.2634 വാണീദേവീകടാക്ഷാഞ്ചല. . . (സീമ)

സ്രുദ്ധര

വാണീദേവീകടാക്ഷാഞ്ചലമധുപകുലാരാമമായ് സർവ്വശാസ്ത്ര–
ശ്രേണീസങ്കേതമായും സകലബുധജനാരാദ്ധ്യസൽക്ഷേത്രമായും,
നാണീയസ്സാം യശസ്സാർന്നൊരു സകലകലാശാലയാം കോടിലിംഗ–
ക്ഷോണീനാഥാലയം ഹാ മധുപനിലയമായ്! കാൺകെടോ കാലഭേദം!

3.2635 നടിച്ചിടാം സീരിയൽ. . . (ഋഷി)

ഉപേന്ദ്രവജ്ര

നടിച്ചിടാം സീരിയൽ തന്നിലെന്ന
കടുത്തമോഹത്തോടു പെൺകിടാങ്ങൾ
മടിച്ചിടാതങ്ങു കടന്നുചെന്നി–
ട്ടൊടുക്കമോ വൻചതിയിൽപ്പതിപ്പൂ

കവി : കെ. എസ്. നായർ, വെളപ്പായ, കൃതി : *മുക്തകങ്ങൾ*

3.2636 മൂതിവശഗതനായ്. . . (ഹരി സി. വി.)

പുഷ്പിതാഗ്ര

മൂതിവശഗതനായ് പ്രസേനവീരൻ
കുതിരയോടൊത്തവിടെക്കിടന്നിരുന്നു
വിധിമഹിമയലംഘനീയമാണെ–
ന്നതിദയനീയമുരച്ചിടുന്ന വണ്ണം

കവി : കെ. സി. കേശവപിള്ള, കൃതി : *കേശവീയം*

3.2637 'വർക്കി'യ്ക്കുണ്ടു 'ടൊയോട്ട'. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

'വർക്കി'യ്ക്കുണ്ടു 'ടൊയോട്ട', 'യുമ്മനു' പലേ തോട്ടങ്ങ, ബംഗ്ലാവു, മ–
'മ്മർക്കോച്ച'ന്നു സുരാജിതം പലതരം 'ഹോട്ടേലു' കച്ചോടവും;
കാൽക്കാശും കരതാരിലില്ല, ബിരുദം നേടീ പലേതെങ്കിലും;
വിൽക്കാശിന്നു ഭരിച്ചിടുന്നു, ബിരുദം ഹാ! പിച്ചതെണ്ടീടവേ!

കവി : നാലാങ്കൽ കൃഷ്ണപ്പിള്ള, കൃതി : *ലാഭനഷ്ടങ്ങൾ*

3.2638 കാർ കുന്നിക്കുകയാൽ കറുത്ത. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

കാർ കുന്നിക്കുകയാൽ കറുത്ത നിശയിൽ കാന്തന്റെ വീട്ടിൽ സ്വയം
പോകും പെൺകൊടിമാർക്കകമ്പടിയതായ് ചെല്ലുന്ന മുല്ലായുധൻ
ആകും വണ്ണമിടയ്ക്കു മിന്നി വെളിവായ് കാട്ടുന്ന ചൂട്ടാണിതെ—-
ന്നേകും സംശയമേവനും വിലസുമിള്ളുമിന്നലിന്നോമലേ!

കവി: വള്ളത്തോൾ, കൃതി: *ഋതുവിലാസം*

3.2639 അരിവമ്പടയും. . . (സീമ)

ഗീതി

അരിവമ്പടയും പടയും
പരിചിനൊടിടിനാദമൊക്കെ വെടിയും വെടിയും
മുകിൽ നടുകൊടിയും കൊടിയും
പരിപശ്യ സുരേന്ദ്രദൃഷ്ടി പൊടിയും പൊടിയും.

3.2640 മേയുന്ന പുല്ലും. . . (ഹരി സി. വി.)

ഇന്ദ്രവജ്ര

മേയുന്ന പുല്ലും മറിമാൻ മറന്നു
ചെയ്യുന്ന നൃത്തം മയിലും നിറുത്തി
പായുന്ന കണ്ണീർക്കണമെന്ന പോലെ
പെയ്യുന്നിതേ വെള്ളില വള്ളിതോറും

കവി : എ. ആർ. രാജരാജവർമ്മ / കാളിദാസൻ, കൃതി : *ശാകുന്തളം പരിഭാഷ*

3.2641 പൂന്തേനാം പല കാവ്യവും. . . (ഋഷി)

ശാർദ്ദൂലവിക്രീഡിതം

പൂന്തേനാം പല കാവ്യവും ഗുരുപുരാധീശന്റെ നേദിച്ചൊര–
പ്പൂന്താനത്തിനു മുന്നിൽ വന്നു മുകുളം തീർക്കുന്നു നീ കൈകളാൽ
കണ്ണൻ തൻ കഥ ഗാഥയായതിരസാൽ ചൊല്ലും ചെറുശ്ശേരി ത–
ന്നുള്ളിൽ ഭക്തിരസം നുകർന്നു പുളകപ്പൂചൂടി നിൽക്കുന്നു നീ

കവി : പി. പി. പട്ടശ്ശേരി, കൃതി : *കാവ്യപൂജ*

3.2642 കാളീകായകളായ. . . (സീമ)

ശാർദ്ദൂലവിക്രീഡിതം

കാളീകായകളായകാളിയകളിന്ദാപത്യ കസ്തൂരികാ–
കാന്താകുന്തളകാളികാകരിഖടാ കാലാരികണ്ഠോപമൈഃ
സാന്ദ്രൈഃ സന്തമസൈഃ സമം സമുദിതാഃ സന്ധ്യാവസാനേതത–
സ്താരാശ്ചാപിസമന്തതഃ സ്ഫുടതരം ബഭ്രാജിരേഭ്രാജിരേ

3.2643 സുചേഷ്ടിതം കൊണ്ടു . . . (ഹരി സി. വി.)

ഉപേന്ദ്രവജ്ര

സുചേഷ്ടിതം കൊണ്ടു ജഗത്പ്രസിദ്ധൻ
കുചേലനെന്നുള്ളൊരു ഭൂമിദേവൻ
വശിത്വമുൾക്കൊണ്ടു മഹാദരിദ്രൻ
വസിച്ചു സാന്ദീപനിവാസദേശേ

കവി : കുഞ്ചൻ നമ്പ്യാർ, കൃതി : *ശ്രീകൃഷ്ണചരിതം മണിപ്രവാളം*

3.2644 വണ്ടാറണിക്കുഴലിമാരൊരു. . . (ശ്രീജിത്ത്)

വസന്തതിലകം

വണ്ടാറണിക്കുഴലിമാരൊരു കണ്ണു നോക്കി–
ക്കണ്ടാൽ മയങ്ങുമഴകാണവനെന്നുമല്ല
തിണ്ടാടി നേർക്കുമെതിരാളികളെത്ര കൂടി–
ക്കൊണ്ടാലുമാ മിടുമിടുക്കനു പുല്ലു പോലെ

കവി : കുണ്ടൂർ നാരായണ മേനോൻ, കൃതി : *കോമപ്പൻ*

3.2645 താരുണ്യാഭോഗഭാരത്തൊടു. . . (ഉമേഷ്)

സ്രഗ്ധര

താരുണ്യാഭോഗഭാരത്തൊടു, മതിപൃഥുകാദിത്യബിംബത്തിനേക്കാ–
ളാരുണ്യം തേടുമംഗത്തൊടു, മുലകലിയും മന്ദഹാസങ്ങളോടും,
കാരുണ്യക്ഷുത്തരങ്ങാകിയ കടമിഴിയാൽ കോഴവിട്ടേഴുമേഴും
പാരെണ്ണികാത്തുപോരും പശുപതിപകുതിദ്ദേഹമേ, ദേഹി സൗഖ്യം!

3.2646 കള്ളിന്നോടു വിരക്തി. . . (സന്തോഷ്)

ശാർദ്ദൂലവിക്രീഡിതം

കള്ളിന്നോടു വിരക്തി, യെന്നുമിരുളും മുമ്പേ ഗൃഹം പൂകിടും,
തള്ളീടും വയറില്ല, നല്ല സരസൻ, തല്ലില്ല, യെന്തേകിലും

കൊള്ളാമെന്നരുളും, പിശുക്കു മിതമായ് മാത്രം, സ്വയം പൊക്കലി,
ല്ലെള്ളോളം പൊളിയില്ല, യോർക്കിലിതു നൽ ഭർത്താവുതൻ ലക്ഷണം!

കവി : സന്തോഷ്

4 അക്ഷരശ്ലോകസദസ്സ് - വിട്ടുപോയ ശ്ലോകങ്ങൾ

ഇ-സദസ്സിൽ ചൊല്ലപ്പെട്ടുവെങ്കിലും എന്തെങ്കിലും കാരണം (മറ്റൊരാൾ ചൊല്ലി, തെറ്റായ അക്ഷരം തുടങ്ങി) കൊണ്ടു സദസ്സിൽ ഉൾക്കൊള്ളിക്കാൻ കഴിയാഞ്ഞ ശ്ലോകങ്ങൾ ചുവടെചേർക്കുന്നു. സദസ്സിൽ ഇതിലേതെങ്കിലും അക്ഷരം വന്നാൽ ഈ ശ്ലോകങ്ങളിൽ ഒന്ന് അവിടെ ചേർക്കുന്നതാണ്. സൂചികയിൽ ഈ ശ്ലോകങ്ങൾ (p) എന്നു ചേർത്തും പേജ് നമ്പർ **കട്ടിയുള്ള അക്ഷരത്തിൽ** കാണിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.

4.1 ഇന്നോളം മമ ദേഹസംഗമം. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

ഇന്നോളം മമ ദേഹസംഗമമിയന്നാനന്ദമേകുന്ന പോൽ
തന്നോരെന്നുപധാനമേ, ശയനമേ, സന്മഞ്ചമേ, കിം ച മേ
വന്നോല്വും വ്യഥ തീർത്തിടും വ്യജനമേ, ഭംഗം വിനാ നിങ്ങളോ–
ടിന്നോളുന്നവസാനയാത്ര, യിനി നാം ചേർന്നീടുകില്ലെന്നുമേ.

കവി : കെ. സി. കേശവപിള്ള, കൃതി : *ആസന്നമരണചിന്താശതകം*

4.2 താനുമാത്മസഖനായ. . . (ഹരി)

കുസുമമഞ്ജരി

താനുമാത്മസഖനായ പാമ്പുമൊരുമിച്ചുരാത്രിവഴിപോക്കനെ
കാലനുർക്കുടനയച്ചവീരകഥ കൂട്ടരോടുവിവരിക്കവെ
മണ്ണിരാമുഖമതിൽത്തെളിഞുദിതമായധൈര്യമിവനത്രയും
കൻടു,ലീഡറിലു,മിന്നു,ലേഖകരൊടൊത്തുഭാവി പ്രവചിക്കവേ.

കവി: ഹരിദാസ്

4.3 നമ്മാലാവില്ല വാഴ്ത്താൻ. . . (ഗോപകുമാർ)

സ്രുദ്ധര

നമ്മാലാവില്ല വാഴ്ത്താൻ ഫണികൾ തലയിലും, കാതിലും, കണ്ഠദേശേ
തമ്മിൽ തമ്മിൽ പിണങ്ങട്ടെഴകിൽ നിറമെഴും മാറുന്നുറല്ലുപോർർടി
നിന്മെയ് കാമിച്ചു നിത്യം ബത തടമൂലയിൽ പേർത്തുപൂണ്മാൻ വരിൻരോ
രമ്മ്ക്കേറ്റം തൊഴുന്നേൻ ശ്രീവ ശ്രീവ ശ്രീവനേ പോറ്റി ചെല്ലൂർ പിരാനെ !

4.4 നാമം ജപിക്കാം. . . (ബാലേന്തു)

ഇന്ദ്രവജ്ര

നാമം ജപിക്കാം വ്രതമാചരിക്കാം
ക്ഷേമപ്രദം ദർശനസൗഖ്യമാകാം
മോദാന്വിതം കോവിൽ വലത്തുവെയ്ക്കാം
ഖേദം കുറച്ചല്ല നമസ്കരിക്കാൻ.

കവി : വി.ബാലകൃഷ്ണൻ നായർ

4.5 നീളത്തിൽപ്പല കന്നു പൂട്ടിയ. . . (കർത്താ)

ശാർദ്ദൂലവിക്രീഡിതം

നീളത്തിൽപ്പല കന്നു പൂട്ടിയ നിലം ഭേദിക്കയാം ട്രാക്ടറ–
ക്കാളത്തേക്കു നടന്നിടത്തു തെളിനീർ തുള്ളുന്നു യന്ത്രങ്ങളാൽ;
മേളത്തിൽച്ചെറുവീടുതോറുമുയരും ട്രാൻസിസ്റ്ററിൻ പാട്ടു ഹൃ–
ന്നാളത്തെത്തഴുകുന്നു, ഹന്ത! കുയിലേ നിർത്താമിനിപ്പഞ്ചമം!

കവി: വൈലോപ്പിള്ളി

4.6 പോവാമിനിത്തിരിയെ. . . (ഗോപകുമാർ)

വസന്തതിലകം

പോവാമിനിത്തിരിയെ, നീയവിടത്തിലെത്തി–
ത്തേവാരമുള്ളതഖിലം വഴിപോലെ ചെയ്യു
നാവിന്നു നാമജപമോരു വേല നൽകി–
ജ്ജീവിച്ചിരിക്കുക സുഖിച്ചൊരു നൂറുകൊല്ലം

കവി: ശീവൊള്ളി, കൃതി : *ഒരു കഥ*

5 അക്ഷരശ്ലോകസദസ്സ് - മറ്റു ശ്ലോകങ്ങൾ

അക്ഷരശ്ലോകസദസ്സിലല്ലാതെ ആളുകൾ ഗ്രൂപ്പിലേക്ക് അയച്ച ശ്ലോകങ്ങളും കവിതകളുമാണ് ഈ ഭാഗത്തിലുള്ളത്. സൂചികയിൽ ഈ ശ്ലോകങ്ങൾ (o) എന്നു ചേർത്തും പേജ് നമ്പർ **കട്ടിയുള്ള അക്ഷരത്തിൽ** കാണിച്ചും രേഖപ്പെടുത്തിയിരിക്കുന്നു.

5.1 കാതം പഞ്ചകമാക കൊണ്ടു. . . (വിശ്വപ്രഭ)

ശാർദ്ദൂലവിക്രീഡിതം

കാതം പഞ്ചകമാക കൊണ്ടു വഴിയേ ശ്ലോകങ്ങളെത്തായ്കയോ?
ഭ്രുതങ്ങൾക്കവ കിട്ടിയെങ്കിലുമുടൻ വന്നങ്ങുണർത്തായ്കയോ?
ചേതം കാലമിതാക കൊണ്ടു ജനതയ്ക്കുണ്ടെന്നു വെച്ചോ? മഴ-
യ്ക്കേതും താനൊരു ഭേദമെന്നിയെ ചൊരിഞ്ഞീടുന്നു? ഭ്രുതേശ്വരാ!

കവി : കൊല്ലൂർ നമ്പൂതിരി

5.2 അവനീശത വേണമാഢ്യനു്. . . (ഉമേഷ്)

വസന്തമാലിക

അവനീശത വേണമാഢ്യ, നർവ്വീ–
ധവനാശിപ്പതു ചക്രവർത്തിയാവാൻ,
അവനോ, ഭുവനാധിപത്യലുബ്ധൻ,
ശിവനേ, മർത്ത്യനു തൃഷ്ണ തീരലുണ്ടോ?

കവി : **വള്ളത്തോൾ**

5.3 വെങ്ങാളിപ്പോ ഹരിഹയ. . . (കർത്താ)

മന്ദാക്രാന്ത

വെങ്ങാളിപ്പോ ഹരിഹയഹരിച്ചക്രമെന്റല്ല മേന്മേൽ
തിങ്ങിച്ചേരും തിമിരപടലം പങ്ങിയോടത്തുടങ്ങി
നുങ്ങേ താരാനികരമണി വെൺതിങ്കളസ്താദ്രിശൃംഗേ
തങ്ങിത്തങ്ങിക്കടലിലത പോയ് നാൽവിരൽപ്പാടു താണു.

കൃതി : *ചക്രവാകസന്ദേശം*

5.4 മന്നിൽ ഘോരസുനാമി. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മന്നിൽ ഘോരസുനാമി, നാടു മുഴുവൻ പെൺവാണിഭം, മാനസം
തന്നിൽ ഭീതി – യൊരാണ്ടു നീണ്ട ദുരിതം പിന്നിൽക്കളഞ്ഞിന്നിതാ
വന്നല്ലോ പുതുവത്സരം! കരുതുവിൻ : "നന്നാക്കിടും ദൈവമി–
സ്സ്വന്തം നാടിനെ" - യെങ്കു വാണിടിലുമിന്നൊന്നാക, നന്നാക നാം!

കവി: ഉമേഷ്. 2005-ലെ നവവത്സരാശംസ.

5.5 മേഴത്തോളഗ്നിഹോത്രീ. . . (കർത്താ)

സ്രുദ്ധര

മേഴത്തോളഗ്നിഹോത്രീ, രജക,നുളിയന്നൂർത്തച്ചനും പിന്നെ വള്ളോൻ,
വായില്ലാക്കുന്നിലപ്പൻ, വടുതല മരുവും നായർ, കാരയ്ക്കൽ മാതാ,
ചെമ്മേ കേളപ്പുകുട്ടൻ, പെരിയ തിരുവരങ്കത്തെഴും പാണനാരും,
നേരേ നാരായണഭ്രാന്തനു, മുടനകവൂർച്ചാത്തനും പാക്കനാരും.

പറയി പെറ്റ പന്തിരുകുലം.

5.6 മാർത്താണ്ഡാലയ, രാമനാമഠ,. . . (ഉമേഷ്)

ശാർദ്ദൂലവിക്രീഡിതം

മാർത്താണ്ഡാലയ, രാമനാമഠ, കുളത്തുള്ളും, കഴക്കൂട്ടവും
വെങ്ങാന്നൂരഥ, ചെമ്പഴന്തി, കടമൺ, പള്ളിച്ചലെന്നിങ്ങനെ
ചൊൽപ്പൊങ്ങീടിന ദിക്കിലെട്ടു ഭവനം തത്രത്യരാം പിള്ളമാ–
രൊപ്പം വിക്രമവാരിരാശികളഹോ! ചെമ്മേ വളർന്നീടിനാർ

എട്ടുവീട്ടിൽ പിള്ളമാർ.

5.7 ഝലംഝലിതകങ്കണം. . . (കർത്താ)

പൃഥ്വി

ഝലംഝലിതകങ്കണം, തകതാംഘ്രിസന്താഡിതം,
ക്വണൽക്വണിതനൂപുരം, ഹരഹരേതി ശബ്ദോജ്ജ്വലം,
ധിമിന്ധിമിതദുന്ദുഭിധ്വനിഘനാകുലം മദ്ദളൈർ–
ഘണംഘണഘണധ്വനം ജയതി താണ്ഡവം ശാംഭവം.

കവി: കാർത്തിക തിരുനാൾ, കൃതി: *ബാലരാമഭരതം – ശിവ താണ്ഡവം*

5.8 ഝലംഝലിതനൂപുരം. . . (കർത്താ)

പൃഥ്വി

ഝലംഝലിതനൂപുരം ചലിതകിങ്കിണീകങ്കണ–
ച്ഛടാകളകലോന്മിളന്മുരളികാരവാഘോഷിതം
അരാളഘനകന്തളീശിഥിലകേകിപിഞ്ഛാഞ്ചലം
വ്യരാജദഹിമസ്തകേ മുരജിതശ്ശിശോസ്താണ്ഡവം.

കവി: കുഞ്ചൻ നമ്പ്യാർ, കൃതി: *ഭാഗവതം ചമ്പു*

6 വൃത്തങ്ങൾ (വൃത്തമഞ്ജരി)

അപരവക്ത്രം (അക്ഷരങ്ങൾ : 11, 12): *നനരലഗ*മതൊറ്റയിൽ, സമേ നമപരവക്ത്രമതാം **ജജം** രവും.

ഇന്ദുവദന (അക്ഷരങ്ങൾ : 14): ഇന്ദുവദനയ്ക്ക് *ഭജസം ന* ഗുരു രണ്ടും.

ഇന്ദ്രവജ്ര (അക്ഷരങ്ങൾ : 11): കേൾ ഇന്ദ്രവജ്രയ്ക്ക് *തതം ജ ഗം ഗം*.

ഉപജാതി (അക്ഷരങ്ങൾ : 11): അത്രേന്ദ്രവജ്രാംഘ്രിയുപേന്ദ്രവജ്രാ കലർന്നുവന്നാലുപജാതിയാകും.

ഉപേന്ദ്രവജ്ര (അക്ഷരങ്ങൾ : 11): ഉപേന്ദ്രവജ്രയ്ക്ക് *ജതം ജ ഗം ഗം*.

കുസുമമഞ്ജരി (അക്ഷരങ്ങൾ : 21): *രം നരം നരനരം* നിരന്നവരുമെങ്കിലോ കുസുമമഞ്ജരീ.

ഡമരുകരവം (അക്ഷരങ്ങൾ : 26): ചേർന്നീടിൽ *മന നനനന നസമിരു ഗുരു*വൊട്ടു ഡമരുകര വമാം വൃത്തം.[288]

തോടകം (അക്ഷരങ്ങൾ : 12): *സ*ഗണം കില നാലിഹ തോടകമാം.

ദ്രുതവിളംബിതം (അക്ഷരങ്ങൾ : 12): ദ്രുതവിളംബിതമാം *നഭ*വും *ഭര*ം.

നർക്കുടകം (അക്ഷരങ്ങൾ : 17): *നജഭജ*മേഴിനാൽ യതി *ജലം ഗുരു* നർക്കുടകം.

പഞ്ചചാമരം (അക്ഷരങ്ങൾ : 16): *ജരം ജരം ജഗം* നിരന്ന പഞ്ചചാമരം വരും.

പുഷ്പിതാഗ്ര (അക്ഷരങ്ങൾ : 12, 13): *നനരയ* വിഷമത്തിലും സമത്തിൽ പുനരിഹ *നം ജജരംഗ* പുഷ്പിതാഗ്ര.

പൃഥ്വി (അക്ഷരങ്ങൾ : 17): *ജസം ജസയല*ങ്ങളും *ഗുരു*വുമെട്ടിനാൽ പൃഥ്വിയാം.

പ്രമിതാക്ഷര (അക്ഷരങ്ങൾ : 12): പ്രമിതാക്ഷരയ്ക്ക് *സജ* ചേർന്ന *സസാ*.

പ്രഹർഷിണി (അക്ഷരങ്ങൾ : 13): ത്രിച്ഛിന്നം *മനജരഗം* പ്രഹർഷിണിക്ക്.

ഭുജംഗപ്രയാതം (അക്ഷരങ്ങൾ : 12): *യ*കാരങ്ങൾ നാലോ ഭുജംഗപ്രയാതം.

മഞ്ജുഭാഷിണി (അക്ഷരങ്ങൾ : 13): *സജസം* കഴിഞ്ഞു *ജ ഗ* മഞ്ജുഭാഷിണി.

മത്തേഭം (അക്ഷരങ്ങൾ : 22): മത്തേഭസംജ്ഞമിഹ വൃത്തം ധരിക്ക *തഭയ*ത്തോടു *ജം സരന ഗം*.

മദനാർത്ത (അക്ഷരങ്ങൾ : 14): ചേർന്നാൽ *തയസം ഭം ഗഗ* വൃത്തം മദനാർത്താ.

മന്ദാക്രാന്ത (അക്ഷരങ്ങൾ : 17): മന്ദാക്രാന്താ *മഭനതതഗം* നാലുമാറേഴുമായ് *ഗം*.

മല്ലിക (അക്ഷരങ്ങൾ : 18): *രം സജം ജഭ രേഫ*മിഗ്ഗണയോഗമത്ര ഹി മല്ലികാ.

മാലിനി (അക്ഷരങ്ങൾ : 15): *നനമയയുഗ*മെട്ടിൽത്തട്ടണം മാലിനിക്ക്.

രഥോദ്ധത (അക്ഷരങ്ങൾ : 11): *രം നരം ലഗുരു*വും രഥോദ്ധതാ.

[288] ഈ വൃത്തം *വൃത്തമഞ്ജരി*യിലില്ല.

വംശസ്ഥം (അക്ഷരങ്ങൾ : 12): *ജത*ങ്ങൾ വംശസ്ഥമതാം *ജര*ങ്ങളും.

വസന്തതിലകം (അക്ഷരങ്ങൾ : 14): ചൊല്ലാം വസന്തതിലകം *തഭജം ജഗംഗം*.

വസന്തമാലിക (അക്ഷരങ്ങൾ : 11, 12): വിഷമേ *സസജം ഗഗം* സമത്തിൽ *സഭരേഫം യ* വസന്തമാലികയ്ക്ക്.

വിയോഗിനി (അക്ഷരങ്ങൾ : 10, 11): വിഷമേ *സസജം ഗ*വും സമേ *സഭരം ലം ഗ*വും വിയോഗിനി.

ശങ്കരചരിതം (അക്ഷരങ്ങൾ : 18): *സനജം നഭസഗണ*ങ്ങളൊടിഹ ശങ്കരചരിതം.

ശംഭുനടനം (അക്ഷരങ്ങൾ : 26): *ജകാരസനഭത്തൊട്ടു ജകാരസനഭം ലഘുഗുരുക്ക*ളിഹ ശംഭുനടനം.

ശാലിനി (അക്ഷരങ്ങൾ : 11): നാലേഴായ് *മം* ശാലിനീ *തം ത ഗം ഗം*.

ശാർദ്ദൂലവിക്രീഡിതം (അക്ഷരങ്ങൾ : 19): പന്ത്രണ്ടാൽ *മസജം സതംത ഗു*വും ശാർദ്ദൂലവിക്രീഡിതം.

ശിഖരിണി (അക്ഷരങ്ങൾ : 17): യതിയ്ക്കാറിൽത്തട്ടും *യമനസഭലം ഗം* ശിഖരിണീ.

സമ്മത (അക്ഷരങ്ങൾ : 11): *നരലം ഗവും* സമ്മതാഭിധം.

സലിലനിധി (അക്ഷരങ്ങൾ : 21): സലിലനിധിക്കു വേണമിഹ കേൾ *നജഭം ജജജങ്ങൾ രേ ഫവും*.

സ്രഗ്ധര (അക്ഷരങ്ങൾ : 21): ഏഴേഴായ് മൂന്നു ഖണ്ഡം *മരഭനയയയം* സ്രഗ്ധരാവൃത്തമാകും.

സ്വാഗത (അക്ഷരങ്ങൾ : 11): സ്വാഗതയ്ക്ക് *രനഭം ഗു* രണ്ടും.

ഹരിണി (അക്ഷരങ്ങൾ : 16): *നസമ* ഹരിണിയ്ക്കാറും പത്തും മുറിഞ്ഞു *രസം ലഗം*.

7 Statistics

മൊത്തം ചൊല്ലിയ ശ്ലോകങ്ങൾ = 2646

7.1 ഭാഷ

ഭാഷ	എണ്ണം	
മലയാളം	2246	(84.9%)
സംസ്കൃതം	400	(15.1%)

7.2 ശ്ലോകി

ശ്ലോകി	മല.	സം.	മൊത്തം	
ശ്രീധരൻ കർത്താ	507	83	**590**	(22.3%)
ഉമേഷ് നായർ	391	69	**460**	(17.4%)
ജ്യോതിർമയി	171	91	**262**	(9.9%)
ഋഷി കപ്ലിങ്ങാട്ട്	229	8	**237**	(9.0%)
ബാലേന്ദു	195	6	**201**	(7.6%)
ജീവി	154	20	**174**	(6.6%)
ഹരിദാസ്	140	15	**155**	(5.9%)
രാജേഷ് വർമ്മ	118	16	**134**	(5.1%)
വിശ്വപ്രഭ	50	51	**101**	(3.8%)
മധുരാജ്	67	19	**86**	(3.3%)
